കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2024 ഒക്ടോബർ 15, ചൊവ്വ

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 195 –നമ്പർ 8

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2024 ഒക്ടോബർ 15, ചൊവ്വ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. കെ. ബി. ഗണേഷ് കുമാർ
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി	: ശ്രീ. ഒ. ആർ. കേളു
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	: ശ്രീ. എം. ബി. രാജേഷ്
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി	: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്

ഉള്ളടക്കം **പേജ്**

I ചോദ്യോത്തരങ്ങൾ

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)

II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

III ക്രമപ്രശ്നം

ക്രമപ്രകാരമല്ലാതെ സബ്മിഷൻ അനുവദിച്ചത് സംബന്ധിച്ച്

-പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)

IV ശ്രദ്ധക്ഷണിക്കൽ

(1) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

-ശ്രീ. ഐ. ബി. സതീഷ്

(2) റോഡുകളുടെ ശോച്യാവസ്ഥ

-ശ്രീ. മോൻസ് ജോസഫ്

V സബ്മിഷൻ

(1) സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ പുന:സംഘടന

- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)

(2) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ഓൺലൈൻ ബുക്കിംഗ്

– ശ്രീ. വി ജോയി

(3) എ.ഡി.ജി.പി.-യുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട്

- ശ്രീ. ടി. പി. രാമകൃഷ്ണൻ

(4) നഗര പുനരുജ്ജീവനവും സംയോജിത ജലഗതാഗതവും പദ്ധതി പൂർത്തീകരണം

- ശ്രീ. ടി. ജെ. വിനോദ്

(5) പ്രവാസി കേരളീയ ക്ഷേമ പെൻഷൻ

- ശ്രീ. നജീബ് കാന്തപുരം

(6) കരിഞ്ചാപ്പാടിയിലെ യുവാക്കളുടെ അറസ്റ്റ്

- ശ്രീ. മഞ്ഞളാംകുഴി അലി

(7) മണക്കാട്-വലിയതുറ, വലിയതുറ-ബീമാപള്ളി, വലിയതുറ-എയർപോർട്ട് റോഡുകളുടെ പുനരുദ്ധാരണം

- ശ്രീ. ആന്റണി രാജു

(8) അഭിഭാഷക ക്ലാർക്ക് ക്ഷേമനിധി ബോർഡ്

- ശ്രീമതി ശാന്തകുമാരി കെ.

(9) ചെങ്കൽ പണ നേരിടുന്ന പ്രതിസന്ധി

- ശ്രീ. എൻ. എ. നെല്ലിക്കുന്ന്

(10) വിഴിഞ്ഞം തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനം

- ശ്രീ. എം. വിൻസെന്റ്

(11) വക്കം-കായിക്കരക്കടവ് പാലം നിർമ്മാണം

- ശ്രീമതി ഒ. എസ്. അംബിക

(12) വിലങ്ങാട് ദുരിതബാധിതർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ

- ശ്രീ. ഇ. കെ. വിജയൻ

(13) കുറിഞ്ഞിമല സാങ്ച്വറി രൂപീകരണം

- ശ്രീ. എ. രാജ

(14) കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കൽ

- ശ്രീ. സി. കെ. ഹരീന്ദ്രൻ

(15) ഭൂപതിവ് ചട്ടപ്രകാരം ഭൂമി പതിച്ചു നൽകുന്നതിനുള്ള വരുമാനപരിധി

- ശ്രീ. ആന്റണി ജോൺ

(16) ഡാമുകളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യൽ

- ശ്രീ. എം. എം. മണി

(17) കുറ്റ്യാടി ജൽജീവൻ മിഷൻ പദ്ധതി

-ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

(18) പട്ടാമ്പിയിലെ ഇറിഗേഷൻ പദ്ധതികൾ

- ശ്രീ. മുഹമ്മദ് മുഹസിൻ

(19) പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ്

- ശ്രീ. ടി. സിദ്ദിഖ്

(20) ചിറ്റാർ-സീതത്തോട് ജനവാസ മേഖലയിലെ കാട്ടാന സാന്നിധ്യം

- ശ്രീ. കെ. യു. ജനീഷ് കുമാർ

(21) കേരഫെഡ് തൊഴിലാളികളുടെ പ്രശ്നങ്ങൾ

- ശ്രീ. സി. ആർ. മഹേഷ്

(22) ഓട്ടോ കൺസൾട്ടന്റുമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ

- ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(23) കെ.എസ്.ആർ.ടി.സി. അപകടങ്ങൾ ഒഴിവാക്കൽ

- ശ്രീ. ലിന്റോ ജോസഫ്

(24) മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവർത്തനം

- ശ്രീ. എ. കെ. എം. അഷ്റഫ്

(25) മോട്ടോർ തൊഴിലാളി ക്ഷേമനിധി ആനുകൂല്യം

- ശ്രീ. കെ. ബാബു (നെന്മാറ)

(26) ചവറയിലെയും പന്മനയിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്ലേ ഗ്രൗണ്ട് വ്യത്തിയാക്കൽ

- ഡോ. സുജിത് വിജയൻപിള്ള

(27) കാളംതിരുത്തി എം.ജി.എൽ.സി. സ്കൂൾ തുറന്ന് പ്രവർത്തിപ്പിക്കൽ

- ശ്രീ. കെ. പി. എ. മജീദ്

(28) പ്രീ-പ്രൈമറി അധ്യാപകരുടെയും ആയമാരുടെയും സേവന വേതന വ്യവസ്ഥ

- ശ്രീ. പി. സി. വിഷ്ണുനാഥ്

(29) ബാലരാമപുരം-വഴിമുക്ക്-കളിയിക്കാവിള പാത നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കൽ

- ശ്രീ. കെ. ആൻസലൻ

(30) കോഴിക്കോട്-പാലക്കാട് ഗ്രീൻ ഫീൽഡ് ഹൈവേ നിർമ്മാണം

- ശ്രീ. ടി.വി. ഇബ്രാഹിം

(31) വള്ളിക്കുന്നംചിറ ടൂറിസം പദ്ധതി

- ശ്രീ. എം. എസ്. അരുൺ കുമാർ

(32) പേരാവൂരിലെ പൊതുമരാമത്ത് റോഡുകളുടെ നവീകരണം

- ശ്രീ. സണ്ണി ജോസഫ്

(33) പനാത്ത്താഴം-ചേവരമ്പലം ജംഗ്ഷനിൽ മേൽപ്പാലം/അടിപ്പാലം നിർമ്മാണം

- ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

(34) പെരിങ്ങമ്മല-തെന്നൂർ മലയോര ഹൈവേ നിർമ്മാണം

- ശ്രീ. ഡി. കെ. മുരളി

(35) വഴിയോര ഭക്ഷണ വിതരണ കേന്ദ്രങ്ങളിലെ ശുചിത്വം

- ശ്രീ. അഹമ്മദ് ദേവർകോവിൽ

(36)കോഴിക്കോട് മെഡിക്കൽ കോളേജിൽ രാത്രികാല പോസ്റ്റ്മോർട്ടം

- ശ്രീ. കെ. എം. സച്ചിൻദേവ്

(37) നെല്ല് വില വർധിപ്പിക്കൽ

- ശ്രീ. കെ. ഡി. പ്രസേനൻ

(38) റേഷൻ കട നടത്തുന്ന ലൈസൻസികളുടെ പ്രശ്നങ്ങൾ

- ശ്രീ. ജി. സ്റ്റീഫൻ

(39) മദ്രസ ബോർഡ് നിർത്തലാക്കണമെന്ന ദേശീയ ബാലാവകാശ കമ്മീഷൻ ശിപാർശ

- ശ്രീ. പി. ഉബൈദുള്ള

VI മേശപ്പുറത്തുവച്ച കടലാസുകൾ

VII നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

ധനപ്രതിസന്ധി

- ഡോ. മാത്യു കുഴൽനാടൻ

VIII നിയമനിർമ്മാണ കാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും:

(i) 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

(ii) 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

(iii) 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ

IX കാര്യോപദേശക സമിതി റിപ്പോർട്ടിലെ ശിപാർശകൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്

- ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ)

X ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

- ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ)

നിയമനിർമ്മാണ കാര്യം – തുടർച്ച

2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ

XI റൂളിംഗ്

ക്രമപ്രകാരമല്ലാതെ സബ്മിഷൻ അനുവദിച്ചത് സംബന്ധിച്ച്

XII അവകാശലംഘന പ്രശ്നങ്ങൾ

XIII ഉപക്ഷേപം

സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നത് സംബന്ധിച്ച്

- മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ)

XIV അവലോകനം

അനുബന്ധം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2024 ഒക്ടോബർ 15, ചൊവ്വ

വാല്യം 195} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 8

നിയമസഭ 2024 ഒക്ടോബർ മാസം 15-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*181)

കോസ്റ്റൽ ക്രൂയിസ് ഷിപ്പിംഗ് പദ്ധതി

1 (*181) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. കെ. ബഷീർ ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തുറമുഖങ്ങളെ ബന്ധിപ്പിച്ച് കോസ്റ്റൽ ക്രൂയിസ് ഷിപ്പിംഗ് പദ്ധതി നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ഇതിനായി മാരിടൈം ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) കേരളത്തിൽനിന്നും ഗൾഫ് മേഖലകളിലേക്ക് യാത്രാക്കപ്പൽ സർവീസ് നടത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, (എ&ബി) സംസ്ഥാനത്തെ വിവിധ തുറമുഖങ്ങളെ ബന്ധിപ്പിച്ച് കോസ്റ്റൽ ക്രൂയിസ് ഷിപ്പിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് താൽപര്യമുള്ള

ഏജൻസികളിൽനിന്നും താൽപര്യപത്രം ക്ഷണിച്ചുകൊണ്ട് 21-06-2024-ൽ വിവിധ പത്രങ്ങളിൽ പരസ്യം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേരളത്തിൽനിന്ന് ഗൾഫ് മേഖലകളിലേക്ക് യാത്രാക്കപ്പൽ സർവീസ് നടത്താൻ നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി 07-03-2024-ൽ താൽപര്യപത്രം ക്ഷണിക്കുകയും താൽപര്യം അറിയിച്ച് പ്രൊപ്പോസൽ സമർപ്പിച്ച നാല് കമ്പനികളിന്മേൽ വിശദമായ പരിശോധനയ്ക്കും ചർച്ചയ്ക്കുംശേഷം രണ്ട് കമ്പനികളോട് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദേശിച്ചിട്ടുണ്ട്. വൈറ്റ് സി ഷിപ്പിംഗ് ലൈൻസ് പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ, ജബൽ വെഞ്ച്വഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് എന്നീ കമ്പനികളാണ് ചർച്ചയ്ക്ക് മുന്നോട്ടുവന്നത്. ഇതുസംബന്ധിച്ച് ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ പ്രതിനിധികളുമായി ചർച്ച നടത്തുകയും അവരുടെ നിർദേശപ്രകാരം ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് മുമ്പാകെ സർവീസ് നടത്താൻ ഉദ്ദേശിക്കുന്ന കപ്പലിന്റെ വിശദാംശങ്ങളടക്കം അനുമതിക്കായി അയയ്ക്കാൻ

ഷിപ്പിംഗ് കമ്പനികളോട് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി കൂടുതൽ സമയം വേണമെന്ന് വൈറ്റ് സി ഷിപ്പിംഗ് പ്രൈവറ്റ് ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. എ. മജീദ്: സർ, ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രിയുടെ മറുപടിയിൽ ഗൾഫ് മേഖലയിലേക്കുള്ള യാത്രയെ സംബന്ധിച്ച് വിശദീകരിക്കുകയുണ്ടായി. ഗൾഫിൽ പൊതുവെ വളരെ പ്രയാസം അനുഭവിക്കുന്ന ധാരാളം പ്രവാസികളുണ്ട്. വിമാന ടിക്കറ്റ് ചാർജ്ജും ബാഗേജ് നിരക്കും അനിയന്ത്രിതമായി വർധിപ്പിക്കുന്നതും വസ്തുക്കളുൾപ്പെടെയുള്ള ബാഗേജുകൾ പിടിച്ചുവയ്ക്കുന്നതും ഇവരെ എപ്പോഴും പ്രയാസത്തിലാക്കുന്നുണ്ടെന്നതിനാലാണ് യാത്രാക്കപ്പലിനെക്കുറിച്ചുള്ള ആലോചനയുണ്ടായത്. ഇതുസംബന്ധിച്ച് കുറേയേറെ നടപടിക്രമങ്ങൾ സ്വീകരിച്ചുകഴിഞ്ഞുവെന്ന് പറയുന്നുണ്ടെങ്കിലും ഇവയെല്ലാം പൂർത്തീകരിച്ച് യാത്രാക്കപ്പൽ സർവീസ് എപ്പോൾ യാഥാർഥ്യമാക്കാൻ കഴിയുമെന്ന് സഭയെ അറിയിക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതുസംബന്ധിച്ച് താൽപര്യപത്രം ക്ഷണിക്കുകയും നാല് കമ്പനികൾ തുക ക്വാട്ട് ചെയ്തുകൊണ്ട് മുന്നോട്ടുവരികയും അതിൽ രണ്ട് കമ്പനികളുമായി ചർച്ച നടത്തുകയും ചെയ്തു. ഇതുസംബന്ധിച്ച് കേന്ദ്ര ഷിപ്പിംഗ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തി അംഗീകാരം വാങ്ങേണ്ടതുണ്ട്. കൂടാതെ മറ്റ് വിശദാംശങ്ങൾ കൂടുതലായി പഠിച്ച് പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നീക്കം ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. കഴിയുന്നത്രവേഗം പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. കെ. പി. എ. മജീദ്: സർ, തിരുവനന്തപുരം-കൊച്ചി- കോഴിക്കോട് തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ക്രൂയിസ് ഷിപ്പിംഗ് ആരംഭിക്കുന്നതിനായി ഏതെങ്കിലും കമ്പനികൾ താൽപര്യമറിയിച്ചുകൊണ്ട് മുന്നോട്ടുവന്നിട്ടുണ്ടോ; അവരുമായി ചർച്ച നടത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി യാഥാർഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതുസംബന്ധിച്ച് താൽപര്യപത്രം ക്ഷണിക്കുകയും നിരവധി കമ്പനികൾ താൽപര്യമറിയിച്ച് മുന്നോട്ടുവരികയും അതിൽത്തന്നെ ഏതാനും കമ്പനികളുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കാനുള്ള ശ്രമം നടന്നുവരുന്നുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, 2025 ജനുവരിയിൽ കൊച്ചി-ദുബായ് പാസഞ്ചർ കപ്പൽ ആരംഭിക്കാൻ കഴിയുമെന്നാണ് നേരത്തെ പ്രഖ്യാപിച്ചിരുന്നത്, അതുസംബന്ധിച്ച് അങ്ങയുടെ ഭാഗത്തുനിന്ന് ഇപ്പോൾ വിശദീകരണവുമുണ്ടായി. ചില സീസണുകളിൽ ടിക്കറ്റ് ചാർജ് വർധിപ്പിച്ചുകൊണ്ട് പ്രവാസികളെ ബുദ്ധിമുട്ടിക്കുന്ന ചില വിമാന കമ്പനികളുടെ ക്രൂരതയാണ് യാത്രാക്കപ്പൽ എന്നൊരു ചിന്തയ്ക്ക് പ്രേരണയായത്. എന്നാൽ വൺവേ ടിക്കറ്റിന് മാത്രം പതിനായിരം രൂപ വരുമെന്നാണ് പറയുന്നത്. അങ്ങനെയാണെങ്കിൽ ഗൾഫിലേക്കുള്ള ടിക്കറ്റിന് ഇരുപതിനായിരം രൂപ ആവശ്യമായിവരും. ഇത്തരത്തിലുള്ള ഉയർന്ന ചാർജ് പ്രവാസികൾക്ക് ഭാരമാകുമോയെന്നതിനെക്കുറിച്ച് സർക്കാർ ചിന്തിച്ചിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതുസംബന്ധിച്ച് പഠനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. വിമാനയാത്രയ്ക്ക് മൂന്നര മണിക്കൂർ മതിയെങ്കിൽ കപ്പൽയാത്രയ്ക്ക് മൂന്നുദിവസമെടുക്കുമെന്നതിനാൽ ആനന്ദോപാധികൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്തുകൊണ്ട് വ്യക്തമായ ധാരണയോടും ഭാവനയോടുംകൂടിയായിരിക്കണം കൊച്ചി-ദുബായ് പാസഞ്ചർ കപ്പൽ യാത്ര സംഘടിപ്പിക്കേണ്ടത്. ഇതുസംബന്ധിച്ച് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും നടത്തുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഏറ്റവും കൂടുതൽ കപ്പൽ ജീവനക്കാരും ഇതുമായി ബന്ധപ്പെട്ട ഉന്നതമേഖലകളിൽ പ്രവർത്തിക്കുന്നവരും ഉൾപ്പെടുന്ന ഒരു പ്രദേശമാണ് എന്റെ നിയോജകമണ്ഡലം. ഏറ്റവുമധികം പ്രവാസികളുള്ള നമ്മുടെ സംസ്ഥാനത്ത് വിദേശയാത്രാ ടിക്കറ്റ് നിരക്കുകൾ വളരെയധികം വർധിക്കുന്ന സാഹചര്യത്തിൽ വിമാനയാത്രയ്ക്ക് പകരമായി കപ്പൽയാത്ര സുഗമമായാൽ വലിയ രീതിയിൽ ഗുണം ചെയ്യുമെന്നുള്ള ചർച്ച നമ്മൾ

നടത്തിക്കൊണ്ടിരിക്കുകയാണ്. വിമാന ടിക്കറ്റ് നിരക്ക് വർധിക്കുന്നുണ്ടെങ്കിലും ഗൾഫിലേക്ക് മൂന്നുനാലു മണിക്കൂർകൊണ്ട് എത്താൻ കഴിയുമെന്നും കപ്പൽ മാർഗ്ഗമാണെങ്കിൽ മൂന്നരദിവസത്തെ യാത്ര ആവശ്യമായി വരില്ലേയെന്നുമുള്ള പ്രശ്നം ഒരു ചോദ്യമായി ഈയവസരത്തിൽ ഉന്നയിക്കപ്പെടുന്നുണ്ട്. കൊച്ചിയിലേക്ക് 'കോർഡീലിയ ക്രൂയിസ്' പോലുള്ള ഏറ്റവും മികച്ച ആഡംബര കപ്പലുകൾ നിരന്തരമായി വന്നുപൊയ്ക്കൊണ്ടിരിക്കുന്നുണ്ട്; മികച്ച രീതിയിൽ വരുമാനമുണ്ടാക്കുന്ന ഒരു ലോകോത്തര കമ്പനിയുടെ കപ്പലാണിത്. സ്വിമ്മിംഗ് പൂൾ, ഗെയിംസ് & സ്പോർട്സ് സംവിധാനങ്ങൾ, സ്പാ അടക്കമുള്ള ആയുർവേദ സേവനങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഒരു സെമി ആഡംബര കപ്പൽ സംവിധാനം ഏർപ്പെടുത്തിയാൽ, നമ്മുടെ സംസ്ഥാനത്തുനിന്നും കുടുംബസമേതം ഗൾഫിലേക്ക് പോകുന്നവർ വലിയ രീതിയിൽ ഉപയോഗപ്പെടുത്തുകയും സംസ്ഥാനത്തിന് വരുമാനം ലഭ്യമാകുകയും ചെയ്യും. അതിനാൽ ഗൾഫ് രാജ്യങ്ങളിലേയ്ക്ക് ആഡംബര സെമി കപ്പൽ സർവീസ് ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കോർഡീലിയ ക്രൂയിസിലുള്ളതുപോലുള്ള സർവീസ് നടത്തിയാൽ മാത്രമേ വിജയിക്കുകയുള്ളൂ എന്നതിനാൽ അന്താരാഷ്ട്ര ക്രൂയിസ് കപ്പൽ സർവീസ് നടത്തുന്ന അത്യാഡംബര കപ്പലുകളെ എത്തിക്കുന്നതിനെക്കുറിച്ചാണ് ആലോചിക്കുന്നത്.

ശ്രീ. നജീബ് കാന്തപുരം: സർ, പ്രവാസികളെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ബുദ്ധിമുട്ട് അവരുടെ യാത്രാദുരിതമാണ്. അമിത ചാർജ് നൽകി വിമാനയാത്ര ചെയ്യേണ്ടിവരുന്നത് ബുദ്ധിമുട്ടായി മാറുന്ന സാഹചര്യം പലപ്പോഴും ഉണ്ടാകാറുണ്ട്. അതിനെക്കുടി മറികടക്കാൻവേണ്ടിയാണ് കപ്പൽയാത്രയെക്കുറിച്ച് ആലോചിക്കുന്നത്. ഭീമമായ വിമാനയാത്രാ നിരക്ക് താങ്ങാൻ കഴിയാത്ത ഏറ്റവും സാധാരണക്കാർക്കുള്ള ഒരു യാത്രാ മാർഗ്ഗമായി കപ്പൽയാത്ര മാറുന്ന വിധത്തിൽ സാധ്യമായ ഏറ്റവും കുറഞ്ഞ നിരക്കിലേക്ക് യാത്രാ ടിക്കറ്റ് തുക കുറയ്ക്കുന്നതിന് ഏതെങ്കിലും തരത്തിൽ ഇടപെടൽ നടത്തിയിട്ടുണ്ടോ; കപ്പൽ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച ചർച്ചയിൽ എത്ര കമ്പനികൾ പങ്കെടുത്തിട്ടുണ്ട്; സന്നദ്ധത അറിയിച്ചവർ

എത്ര; ഗവൺമെന്റിന് ഏതെങ്കിലും തരത്തിൽ സബ്സിഡികളോ മറ്റ് ഇളവുകളോ നൽകി യാത്രാനിരക്ക് കുറച്ചുകൊണ്ടുവരാൻ സാധിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതുവരെ പദ്ധതിയുമായി സഹകരിക്കാൻ നാല് കമ്പനികൾ മുന്നോട്ടുവന്നതിൽ രണ്ട് എണ്ണം ക്വാളിഫൈ ചെയ്യുകയും അവരുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. അടുത്തഘട്ടമെന്നെ നിലയിൽ കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയാണ്. കഴിയുന്നത്ര ചെലവ് കുറഞ്ഞ രീതിയിൽ നടപ്പാക്കാനാണ് ശ്രമിക്കുന്നത്. ഗവൺമെന്റ് സബ്സിഡി നൽകുന്നത് സംബന്ധിച്ച് ഇതുവരെ ആലോചിച്ചിട്ടില്ല; ഭാവിയിൽ അത്തരം കാര്യങ്ങൾകൂടി ആലോചിക്കാവുന്നതാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, വിഴിഞ്ഞം തുറമുഖം ഡിസംബർ മാസത്തോടുകൂടി പൂർണ്ണമായും പ്രവർത്തനസജ്ജമാകുകയും കൂടുതൽ ചരക്ക് കപ്പലുകൾ എത്തുകയും ചെയ്യുമ്പോൾ മാരിടൈം ബോർഡിന് കീഴിലുള്ള മറ്റ് നോൺ മേജർ തുറമുഖങ്ങളിലേക്കുകൂടി ചരക്ക് ഗതാഗതം വർധിക്കുമെന്ന് കരുതുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, നോൺ മേജർ തുറമുഖങ്ങളുമായി ബന്ധിപ്പിച്ചുള്ള ചരക്കുകപ്പലിനെക്കുറിച്ച് ഇതിനോടകംതന്നെ മാരിടൈം ബോർഡ് ആലോചിക്കുകയും ആവശ്യമായ തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്, അവ നടപ്പിലാക്കുന്നതാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കണ്ണൂർ അഴീക്കലിൽ പുതിയതായി തുടങ്ങാൻ തീരുമാനിച്ച മലബാർ ഇന്റർനാഷണൽ ഗ്രീൻ ഫീൽഡ് തുറമുഖത്തിന്റെ കരടുപദ്ധതി അംഗീകരിച്ചതായ വാർത്തകൾ പുറത്തുവരികയുണ്ടായി. പദ്ധതി ചെയർമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. മലബാർ ഇന്റർനാഷണൽ ഗ്രീൻ ഫീൽഡ് തുറമുഖത്തിന്റെ പ്രവൃത്തി വൈകാതെ ആരംഭിക്കാൻ കഴിയുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, പ്രസ്തുത പദ്ധതി കഴിയുന്നത്ര വേഗത്തിൽ ആരംഭിക്കുന്നതിനായി സ്ഥലം സന്ദർശിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയിരുന്നു. മാരിടൈം ബോർഡ് പ്രസ്തുത വിഷയം ഗൗരവമായെടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ഉൾപ്പെടെ

പങ്കെടുത്തുകൊണ്ടുള്ള യോഗം നടന്നുകഴിഞ്ഞു. കഴിയുന്നത്ര വേഗത്തിൽ പദ്ധതി മുന്നോട്ടുകൊണ്ടുപോകും.

ശ്രീ. യു. എ. ലത്തീഫ്: സർ, ഉത്സവകാലത്തും അല്ലാതെയും വിമാന കമ്പനികൾ വിദേശത്തേയ്ക്കുള്ള യാത്രാനിരക്ക് ഭീമമായി വർദ്ധിപ്പിക്കുന്നത് ഒരുപരിധിവരെ തടയുന്നതിനായി കേരളത്തിൽനിന്നും വിദേശ രാജ്യങ്ങളിലേക്ക്, പ്രത്യേകിച്ച് ഗൾഫ് നാടുകളിലേക്ക് ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസം യാത്രാക്കപ്പൽ സർവീസ് ആരംഭിക്കുന്നതിന് സാങ്കേതിക തടസ്സമുണ്ടോ; സർവീസ് തുടങ്ങുന്നതിനായി ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതുസംബന്ധിച്ച എല്ലാ കാര്യങ്ങളും പരിശോധിച്ചുവരികയാണ്.

ശ്രീമതി ദെലീമ: സർ, വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യഘട്ടം ഡിസംബർ മാസത്തോടെ പൂർണ്ണസജ്ജമാകുമ്പോൾ അതോടൊപ്പം തുറമുഖ വികസനം, ക്രൂയിസ്-ചരക്ക്-യാത്രാ ഗതാഗതം തുടങ്ങിയവ പരിപോഷിപ്പിക്കുവാൻ കേരള മാരിടൈം ബോർഡ് നടപടി

സ്വീകരിക്കുന്നുണ്ട്. അന്താരാഷ്ട്ര തലത്തിലുള്ള കൂടുതൽ നിക്ഷേപകരെ ഇതിലേക്ക് ആകർഷിക്കുന്നതിനായി ഒരു അന്താരാഷ്ട്ര കേരള മാരിടൈം സമ്മിറ്റ് നടത്തുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, സമ്മിറ്റുകളുടെ കാര്യം പരിഗണനയിലുണ്ട്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, സംസ്ഥാനത്തെ മാരിടൈം മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും അതുവഴി കൂടുതൽ വരുമാനം സംസ്ഥാനത്തിന് ലഭ്യമാക്കുവാനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതിനോടകംതന്നെ പത്രപരസ്യങ്ങൾ നൽകിയും സമ്മിറ്റുകൾ സംഘടിപ്പിക്കാനാവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കിയും കൂടുതൽ വരുമാനം ലഭ്യമാക്കാൻ കഴിയുന്ന സാഹചര്യങ്ങൾ സംജാതമാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, വിഴിഞ്ഞം തുറമുഖം യാഥാർഥ്യമായിരിക്കുകയാണ്. അവിടെയുള്ള തൊഴിലവസരങ്ങളിൽ

അൻപത് ശതമാനവും പ്രദേശവാസികൾക്കാണെന്നായിരുന്നു തുറമുഖ നിർമ്മാണം സംബന്ധിച്ച ആദ്യ ചർച്ചകളിൽ സർക്കാരും തുറമുഖ കമ്പനിയുമെല്ലാം ഉറപ്പ് നൽകിയിരുന്നത്. ഇന്നുവരെ അവിടെ നടന്നിട്ടുള്ള നിയമനങ്ങളിൽ ഈ അനുപാതം കൃത്യമായി പാലിച്ചിട്ടുണ്ടോ; ഇക്കാര്യം കൃത്യമായി നടപ്പാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ശ്രീ. വി. എൻ. വാസവൻ: സർ, അൻപത് ശതമാനം തൊഴിലവസരങ്ങളും പ്രദേശവാസികൾക്ക് നൽകണമെന്ന ആശയം നടപ്പാക്കാനുള്ള ശ്രമം ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. ലഭ്യമായ കണക്കനുസരിച്ച് അനുപാതം 56 ശതമാനത്തോളം എത്തിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്, ബന്ധപ്പെട്ടവരുടെകൂടി സാന്നിധ്യത്തിൽ ചർച്ചചെയ്ത് ലഭ്യമായ വിവരങ്ങൾ ശരിയാണോയെന്ന് പരിശോധിക്കുന്നതാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, തുറമുഖ മന്ത്രാലയത്തിന്റെ കീഴിലുള്ള ഇന്ത്യൻ മാരിടൈം സർവകലാശാലയുടെ എത്ര കേന്ദ്രങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്; എവിടെയെല്ലാമാണ് അത് സ്ഥിതി ചെയ്യുന്നത്?

നേരത്തെ ഉദുമയിലുണ്ടായിരുന്ന കേന്ദ്രത്തിൽനിന്നും 4 ബാച്ചുകൾ കോഴ്സ് പൂർത്തിയാക്കി പോയിട്ടുണ്ട്. ഇപ്പോൾ ആ കേന്ദ്രം പ്രവർത്തിക്കുന്നില്ല. അത് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നീണ്ടകരയിലും കൊടുങ്ങല്ലൂരിലുമായി നിലവിൽ രണ്ട് കേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നത്. ഉദുമയിലെ കാര്യങ്ങൾ ഭാവിയിൽ പരിശോധിക്കാവുന്നതാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, വിഴിഞ്ഞം തുറമുഖത്തിന്റെ ട്രയൽ റൺ ആരംഭിച്ചശേഷം നാളിതുവരെ എത്ര കപ്പലുകളാണ് എത്തിയതെന്നും ഇതുവഴി സംസ്ഥാന സർക്കാരിന് നികുതിയിനത്തിൽ എത്ര തുക സമാഹരിക്കാൻ സാധിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ 29 കപ്പലുകൾ വന്നുപോയിട്ടുണ്ട്. കഴിഞ്ഞ സെപ്റ്റംബർ 30 വരെയുള്ള കണക്കനുസരിച്ച് ഇതിലൂടെ സംസ്ഥാന ഗവൺമെന്റിന് നികുതിയിനത്തിൽ 4.7 കോടി രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് യാഥാർഥ്യമായതോടുകൂടി സംസ്ഥാനത്ത് ലോജിസ്റ്റിക് മേഖലയ്ക്ക് വലിയ സാധ്യതയാണുള്ളത്. ഇത് പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യത്തിൽ വ്യവസായ വകുപ്പുമായി ചേർന്നുകൊണ്ട് വിപുലമായ പദ്ധതികളാവിഷ്കരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, പ്രാചീന കേരളത്തിലെ ഏറ്റവും പഴക്കംചെന്ന മുസിരിസ് തുറമുഖവുമായി ബന്ധപ്പെട്ട് വിപുലമായ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ വിനോദസഞ്ചാരത്തിനുവേണ്ടി കോസ്റ്റൽ ക്രൂയിസ് ഷിപ്പിംഗ് പദ്ധതിക്കായി തുറമുഖ വകുപ്പും മാരിടൈം ബോർഡും പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതാണ്. ഇതിന്റെ പുരോഗതി വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, മാരിടൈം ബോർഡ് അതുസംബന്ധിച്ച് പഠനം നടത്തി കഴിഞ്ഞ യോഗത്തിൽ അതുസംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ട്. ഭാവി പ്രവർത്തനങ്ങൾക്ക് തുടർന്ന് രൂപം നൽകുന്നതാണ്.

ശ്രീ. ജി. സ്റ്റീഫൻ: സർ, കേരളത്തിൽ ജലഗതാഗതത്തിന് വളരെയേറെ സാധ്യതയുണ്ട്. കേരളത്തിലെ ചെറുകിട തുറമുഖങ്ങളുമായി ബന്ധപ്പെടുത്തിയുള്ള വിനോദസഞ്ചാര സാധ്യതകൾ വളരെ വലുതാണ്. ഇത്തരത്തിൽ ആഡംബര സർവീസുകൾ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; ഇതിനായി ഏതെങ്കിലും കമ്പനികൾ നിലവിൽ സംസ്ഥാന ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതുസംബന്ധിച്ച് താൽപര്യപത്രം ക്ഷണിച്ചിരുന്നു. പന്ത്രണ്ടോളം കമ്പനികൾ വന്നിരുന്നു. അതിൽ ചിലരുമായി ചർച്ച നടത്തി അത് നടപ്പാക്കാൻവേണ്ടി ശ്രമിക്കുകയാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, വാണിജ്യാവശ്യങ്ങളും കുറഞ്ഞ നിരക്കിലുള്ള വിദേശയാത്രകളും മുൻനിർത്തി കേരളത്തിലെ ഷിപ്പിംഗ് കോർപ്പറേഷന്റെയും ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന്റെയും

പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി കൂടുതൽ കാർഗോ സൗകര്യങ്ങളുണ്ടാക്കാനും അതുവഴി അധിക വരുമാനം നേടിയെടുക്കാനും പദ്ധതികളുണ്ടോ; വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതുസംബന്ധിച്ച ആലോചനകൾ നടത്തുകയും ഭാവി പരിപാടികളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ബഹുമാനപ്പെട്ട മന്ത്രിയും ശ്രീ. എ. കെ. എം. അഷ്റഫും സൂചിപ്പിച്ചതുപോലെ ആഡംബര കപ്പൽ സർവീസ് ടൂറിസം വകുപ്പുമായി കണക്ട് ചെയ്യുകയാണെങ്കിൽ കേരളത്തിന് ധാരാളം വരുമാനം ലഭിക്കും. കോർഡീലിയ എന്ന ആഡംബര കപ്പലിൽ യാത്ര ചെയ്യാൻ സാധിച്ച ഒരു വ്യക്തിയാണ് ഞാൻ. മികച്ച രീതിയിൽ വരുമാനമുണ്ടാക്കുന്ന ഒരു കപ്പലാണിത്. 25 വർഷങ്ങൾക്കുമുമ്പ് പൊളിക്കാൻവേണ്ടി അമേരിക്കക്കാർ മാറ്റിവച്ച കപ്പൽ ഇന്ത്യാക്കാർ വാങ്ങി അതിലൂടെ വലിയൊരു വരുമാന സ്രോതസ്സുണ്ടാക്കുകയാണ് ചെയ്തത്. തുറമുഖ വകുപ്പും ടൂറിസം വകുപ്പുമായി കണക്ട് ചെയ്ത് കോർഡീലിയ പോലുള്ള

ആഡംബര കപ്പൽ സർവീസ് ടൂറിസം മേഖലയിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പാക്കാനാവശ്യമായ നടപടിയുണ്ടാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങയുടെ നിർദ്ദേശം സ്വാഗതാർഹമാണ്. ഇതുസംബന്ധിച്ച് ഒരു ഘട്ടത്തിൽ ടൂറിസം വകുപ്പുമായി പ്രാഥമിക ചർച്ചകൾ നടത്തിയിരുന്നു. അത് നടപ്പാക്കുന്നതിനുവേണ്ടി പരിശ്രമിക്കും.

ശ്രീ. ജോബ് മൈക്കിൾ: സർ, ചരക്കുഗതാഗതം വളരെയധികം പ്രാധാന്യത്തോടുകൂടി കണ്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. കോട്ടയം തുറമുഖം ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. അവിടെ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുമോ; ചരക്കുഗതാഗതത്തിനുവേണ്ടി കോട്ടയം, ചങ്ങനാശ്ശേരി, ആലപ്പുഴ, കൊല്ലം ബോട്ട് റൂട്ടിനാവശ്യമായ സൗകര്യങ്ങളും അതിനുവേണ്ട അനുബന്ധ ക്രമീകരണങ്ങളും ഏർപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കോട്ടയം തുറമുഖം ഉൾനാടൻ ജലഗതാഗതത്തെ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ളതാണ്. അത് നേരത്തെ

വ്യവസായ വകുപ്പിന്റെ കിൻഫ്രയുടെ കീഴിലായിരുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് അതിനെ തുറമുഖ വകുപ്പിന് കീഴിൽ കൊണ്ടുവരുന്നതിന് നടപടിയാരംഭിച്ചിട്ടുണ്ട്. തുടർന്ന് ചരക്ക് ഗതാഗതവുമായും വിഴിഞ്ഞം തുറമുഖവുമായും ബന്ധപ്പെടുത്താനുള്ള പ്രക്രിയകളും ആലോചിച്ചിട്ടുണ്ട്. അക്കുട്ടത്തിൽ ചങ്ങനാശ്ശേരിയെ ബന്ധപ്പെടുത്താനും ആലോചിക്കാവുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കോട്ടയം ഡ്രൈ പോർട്ടിന് നല്ല സാധ്യതയുണ്ടെന്നാണ് പൊതുവായിട്ടുള്ള വിലയിരുത്തൽ. പക്ഷേ പൂർണ്ണ രൂപത്തിൽ അതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ല. അതിന്റെ അപാകതകൾ പരിഹരിച്ച് ഡ്രൈ പോർട്ടിന്റെ ഗുണം എല്ലാവർക്കും ലഭിക്കത്തക്കവിധം വിപുലീകരിക്കുന്നതിനുവേണ്ടി നടപടിയെടുക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നിശ്ചയമായും നടപടി സ്വീകരിക്കുന്നതാണ്. കോട്ടയം തുറമുഖത്തിന്റെ 49 ശതമാനം ഓഹരികൾ കിൻഫ്രയുടേതായിരുന്നു. അതിൽനിന്നും മാറ്റി ബഹുമാനപ്പെട്ട വ്യവസായ

വകുപ്പുമന്ത്രിയുടെ അനുമതി വാങ്ങി ഇപ്പോൾ ഇറമുഖ വകുപ്പിന്റെ കീഴിൽകൊണ്ടുവരുന്നതിനും കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന്റെ അനുമതി വാങ്ങി ബാർജുകളിലേയ്ക്കുകൂടി ചരക്കുഗതാഗതം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനും വേണ്ടി നടപടി സ്വീകരിച്ചുവരികയാണ്.

ലോജിസ്റ്റിക്സ് പാർക്കുകൾ

2 (*182) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോജിസ്റ്റിക്സ് പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇവ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലവിസ്തൃതി എത്രയാണ്; വ്യക്തമാക്കുമോ;

(ബി) ലോജിസ്റ്റിക്സ് പാർക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച നയത്തിന് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ&ബി) ഉണ്ട്. ലോജിസ്റ്റിക് ശൃംഖലയിൽ വ്യാവസായിക ഉൽപാദന

കേന്ദ്രങ്ങളെയും ഉപഭോഗ കേന്ദ്രങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന സുപ്രധാന കണ്ണികളാണ് ലോജിസ്റ്റിക് പാർക്കുകൾ. കസ്റ്റംസ് ക്ലിയറൻസ്, കണ്ടെയ്നർ ഗതാഗതം, വെയർഹൗസിംഗ്, സ്റ്റോറേജ്, പാർക്കിംഗ്, ലേബലിംഗ് മുതലായ ഒട്ടനവധി സേവനങ്ങൾ ലോജിസ്റ്റിക് പാർക്കുകളിലൂടെ ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

വ്യാവസായിക വികസനത്തിന് ഇത്തരത്തിൽ കാര്യക്ഷമമായ ലോജിസ്റ്റിക് പാർക്കുകളുടെ ഒരു ശൃംഖല അത്യാവശ്യമാണെന്ന ഉത്തമബോധ്യത്തോടെയാണ് ലോജിസ്റ്റിക് മേഖലയെ ഒരു മുൻഗണനാ മേഖലയായി 2023-ലെ സംസ്ഥാന വ്യവസായ നയത്തിലൂടെ പ്രഖ്യാപിച്ചത്. സംസ്ഥാനത്തെ വിപുലമായ റോഡ് ശൃംഖലയും റെയിൽ, പോർട്ട്, ജലഗതാഗതം എന്നിവയുടെ ആനുകൂല്യങ്ങളും വിഴിഞ്ഞം, കൊച്ചി ഉൾപ്പെടെയുള്ള വൻകിട പോർട്ടുകളുടെ സാന്നിധ്യവും ലോജിസ്റ്റിക് മേഖലയ്ക്ക് അനുകൂല ഘടകങ്ങളാണ്. സർക്കാർ പുറപ്പെടുവിച്ച വ്യവസായ പാർക്കുകളുമായി ബന്ധപ്പെട്ട ലാൻഡ് പോളിസിയിലും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.),

കിൻഫ്ര ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങൾ സംരംഭകർക്ക് നൽകുന്ന അടിസ്ഥാന സൗകര്യങ്ങളിലും ലോജിസ്റ്റിക് മേഖലയ്ക്ക് പ്രത്യേക പരിഗണനയും സവിശേഷ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. മേൽപ്രകാരം ലോജിസ്റ്റിക് മേഖലയുടെ വിപുലമായ വികസനത്തിനും ഈ മേഖലയിലെ സംരംഭങ്ങൾക്ക് ഉത്തേജനം നൽകികൊണ്ട് നിക്ഷേപസാധ്യതകളും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഒരു ഉപനയമായി 'കേരള ലോജിസ്റ്റിക് പാർക്ക് പോളിസി' തയ്യാറാക്കിയിട്ടുണ്ട്. ഇതുപ്രകാരം കുറഞ്ഞത് പത്ത് ഏക്കർ ഭൂമിയിൽ ലോജിസ്റ്റിക്സ് പാർക്കുകളും അഞ്ച് മുതൽ പത്തുവരെ ഏക്കർ ഭൂമിയിൽ മിനി-ലോജിസ്റ്റിക്സ് പാർക്കുകളും നിർമ്മിക്കാൻ സർക്കാർ പ്രോത്സാഹനം നല്കുന്നതാണ്. പൂർണ്ണമായും സ്വകാര്യ മേഖലയിലോ അല്ലെങ്കിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയോ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

ലോജിസ്റ്റിക്സ് പാർക്കുകളുടെ പ്രധാന ഘടകങ്ങൾ (കോർ കമ്പോണന്റ്സ്) വികസിപ്പിക്കുന്നതിനും ഭൂമിയും ഭൂവികസനവും ഒഴികെയുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നിക്ഷേപ

സബ്സിഡിയും പ്രസ്തുത നയം വിഭാവനം ചെയ്യുന്നു. കൂടാതെ ലോജിസ്റ്റിക്സ് പാർക്കോ മിനി-ലോജിസ്റ്റിക്സ് പാർക്കോ സ്ഥാപിക്കുന്നതിന് വില കൊടുത്ത് വാങ്ങുകയോ ദീർഘകാലത്തേയ്ക്ക് പാട്ടത്തിലെടുക്കുകയോ ചെയ്യുന്ന ഭൂമിക്ക് 2023-ലെ വ്യവസായ നയത്തിൽ പ്രഖ്യാപിച്ച ഇളവുകളായ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ചാർജ്ജുകളും ഒഴിവാക്കുന്ന കാര്യവും ലോജിസ്റ്റിക്സ് പാർക്ക് നയത്തിൽ വിഭാവനം ചെയ്യുന്നു.

തൊഴിൽ നിയമങ്ങളുമായി ബന്ധപ്പെട്ട് 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ടിലെ വ്യവസ്ഥകൾ ലോജിസ്റ്റിക്സ് പാർക്കിനും ബാധകമായിരിക്കുന്നതാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ലോകത്ത് ഇന്ന് ഏറ്റവും ശ്രദ്ധേയമായ സംരംഭങ്ങളിലൊന്നായി ലോജിസ്റ്റിക്സ് മേഖല മാറുകയാണ്. പ്രത്യേകിച്ചും മലയാളി സംരംഭകർ ഇതിന്റെ തലപ്പത്ത് പ്രവർത്തിക്കുന്നതായി നമുക്ക് കാണാൻ കഴിയും. കേരളത്തെ സംബന്ധിച്ചിടത്തോളം വിഴിഞ്ഞം പോർട്ട് യാഥാർഥ്യമാകുന്നതോടെ ലോജിസ്റ്റിക്സ് പാർക്കുകളുടെ സാധ്യത വർദ്ധിച്ചുവരികയാണ്. ഈ സാധ്യത ഉപയോഗപ്പെടുത്താൻ എന്തെല്ലാം

നടപടികളാണ് സ്വീകരിക്കുന്നത്; ലോജിസ്റ്റിക്സ് പാർക്കുകൾക്കുവേണ്ട സ്ഥലം കണ്ടെത്തിയിട്ടുണ്ടോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ലോജിസ്റ്റിക്സ് പാർക്കിന്റെ സാധ്യതകൾ കേരളത്തിൽ വളരെ ശക്തമാണെന്ന് ബഹുമാന്യനായ അംഗം പറഞ്ഞത് ശ്രദ്ധേയമാണ്. ഇവിടെ വിഴിഞ്ഞം, കൊച്ചി എന്നീ വൻകിട പോർട്ടുകളും 17 മിനി പോർട്ടുകളും 4 അന്താരാഷ്ട്ര വിമാനത്താവളങ്ങളുമുള്ളതുകൊണ്ട് ലോജിസ്റ്റിക്സ് പാർക്കുകൾക്ക് വളരെയധികം സാധ്യതകളുണ്ട്. അതിന്റെ ഭാഗമായിട്ടാണ് പുതിയ ലോജിസ്റ്റിക് പോളിസി സർക്കാർ അംഗീകരിച്ചിട്ടുള്ളത്. 10 ഏക്കറിൽ കൂടുതലുള്ള ഭൂമിയിൽ സ്വകാര്യ ലോജിസ്റ്റിക്സ് പാർക്കിന് സർക്കാർ അംഗീകാരം നൽകുന്നുണ്ട്. 7 കോടി രൂപവരെ ക്യാപിറ്റൽ ഇൻസെന്റീവായി ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിന് ഗവൺമെന്റ് നൽകുന്ന പോളിസിയാണ് അംഗീകരിച്ചിട്ടുള്ളത്. 5 ഏക്കറിനും 10 ഏക്കറിനും ഇടയിലാണെങ്കിൽ മിനി ലോജിസ്റ്റിക് പാർക്കെന്ന രൂപത്തിൽ സ്വകാര്യ പാർക്കുകൾക്കുള്ള അംഗീകാരം നൽകുന്നുണ്ട്. അവർക്കും സാമ്പത്തിക പിന്തുണ ഉറപ്പുവരുത്തുന്നുണ്ട്. വിഴിഞ്ഞം, കൊച്ചി

തുടങ്ങിയ വലിയ തുറമുഖങ്ങളുടെ സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് ലോജിസ്റ്റിക്സ് പാർക്കുകൾക്ക് ഭൂമി ലഭ്യമാകാൻ ലാൻഡ് പൂളിംഗിന്റെ ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പാർക്ക് സ്ഥാപിക്കേണ്ട മേഖലയിലെ പൂൾ ചെയ്യാനുദ്ദേശിക്കുന്ന ഭൂമി നോട്ടിഫൈ ചെയ്യുമ്പോൾ 75 ശതമാനം ഭൂഉടമസ്ഥരും അതിനോട് അനുകൂലമാണെങ്കിൽ ആ ലാൻഡ് പൂൾ ചെയ്യുകയും അത് ഡെവലപ് ചെയ്തെടുത്ത് ഒരു ഭാഗം ഉടമസ്ഥർക്ക് തിരിച്ചുകൊടുക്കുകയും ബാക്കി ഭാഗങ്ങൾ വ്യവസായ ആവശ്യങ്ങൾക്കും പൊതുആവശ്യങ്ങൾക്കുംവേണ്ടി വിനിയോഗിക്കുകയും ചെയ്യുക എന്നതാണ് ലാൻഡ് പൂളിംഗ് റൂൾസിന്റെ പ്രധാനപ്പെട്ട ഭാഗം. അതനുസരിച്ച് വിഴിഞ്ഞം തുറമുഖത്തിന്റെ 20 കിലോമീറ്ററിനുള്ളിലെങ്കിലും ഒരു ലോജിസ്റ്റിക് പാർക്ക് സ്ഥാപിക്കുകയെന്ന കാഴ്ചപ്പാടാണുള്ളത്. അന്താരാഷ്ട്ര കമ്പനികളെല്ലാംതന്നെ ഇതുമായി ബന്ധപ്പെട്ട് താൽപര്യം പ്രകടപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് എല്ലാ നിലപാടുകളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അതിനനുസൃതമായ പോളിസിയും ഇപ്പോൾ രൂപപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, സർക്കാരിന്റെ ലോജിസ്റ്റിക്സ് നയത്തിലൂടെ ഈ മേഖലയിലെ സ്വകാര്യ നിക്ഷേപങ്ങളെ എങ്ങനെയാണ് പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത നയം നടപ്പാക്കുന്നതിൽ സർക്കാർ നിശ്ചിത സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ? ലോജിസ്റ്റിക്സ് മേഖലയിലുള്ള പല വ്യക്തികളും ഇതര സംസ്ഥാനങ്ങളിലേക്കും വിദേശ രാജ്യങ്ങളിലേക്കും പോകുകയാണ്. അവരെ നമ്മുടെ സംസ്ഥാനത്തുതന്നെ നിലനിർത്താനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, സ്വകാര്യ ലോജിസ്റ്റിക്സ് പാർക്കുകൾക്ക് നൽകുന്ന സാമ്പത്തിക പിന്തുണ സംബന്ധിച്ച് ഞാൻ മറുപടിയുടെ ആദ്യഭാഗത്ത് സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ നാട്ടിലെ സംരംഭകർ വിദേശത്തേക്ക് പോകുന്നുവെന്ന് പറയുമ്പോൾത്തന്നെ, പല അന്താരാഷ്ട്ര സ്ഥാപനങ്ങളും കേരളത്തിലേക്ക് വരികയും ചെയ്യുന്നുണ്ട്. റാങ്കിംഗിൽ ലോകത്തിലെതന്നെ ഒന്നാമതായ പനറ്റോണി, കൊച്ചിയിൽ നേരത്തെ ബിനാനി സിങ്ക് ലിമിറ്റഡിന്റെ ഭൂമിയായിരുന്ന 108 ഏക്കറിൽ ലോജിസ്റ്റിക്സ്-

കം-ഇൻഡസ്ട്രിയൽ ഹബ് ആരംഭിക്കുന്നതിനുള്ള നടപടികളിലേക്ക് കടന്നിരിക്കുകയാണ്. 2500 കോടി രൂപയുടെ നിക്ഷേപമാണ് അവിടെ പ്രതീക്ഷിക്കുന്നത്. അതുസംബന്ധിച്ച് നവംബറിൽ അന്തിമ തീരുമാനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇന്ത്യയിലെതന്നെ പ്രധാന ലോജിസ്റ്റിക്സ് കമ്പനിയായ അവിഗ്ന, അങ്കമാലി നിയോജകമണ്ഡലത്തിലെ പാറക്കടവിൽ അഞ്ചര ലക്ഷം സ്ക്വയർ ഫീറ്റിൽ ലോകോത്തര നിലവാരമുള്ള വെയർഹൗസ് നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. അതിൽ ഒരു ലക്ഷം സ്ക്വയർ ഫീറ്റിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ബാക്കിയുള്ളവ നടന്നുകൊണ്ടിരിക്കുകയുമാണ്. ലോകോത്തര സംവിധാനമായ ഫ്ലിപ്കാർട്ടിന്റെ രണ്ടര ലക്ഷം സ്ക്വയർ ഫീറ്റിന്റെ ലോജിസ്റ്റിക്സ് പാർക്കിന്റെ നിർമ്മാണം ആലുവയിൽ പൂർത്തിയായിവരുന്നു. കളമശ്ശേരിയിൽ അദാനി ഗ്രൂപ്പിന്റെയും ഫ്ലിപ്കാർട്ടിന്റെയും ഉൾപ്പെടെ വലിയ ലോജിസ്റ്റിക്സ് പാർക്കിന്റെ നിർമ്മാണത്തിനാവശ്യമായ നടപടി അവസാന ഘട്ടത്തിലേയ്ക്കെത്തിയിട്ടുണ്ട്. ഫ്ലിപ്കാർട്ടിന്റെ അഞ്ച് ലക്ഷം സ്ക്വയർ ഫീറ്റിന്റെ വെയർഹൗസ് നിർമ്മാണം

ഏകദേശം പൂർത്തീകരിച്ച് കഴിഞ്ഞു. ഞാൻ വിഴിഞ്ഞം സന്ദർശിച്ചതിന്റെയും തുറമുഖ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയുടെയും അടിസ്ഥാനത്തിൽ, അവിടെ അദാനി ഗ്രൂപ്പിന്റെ ലോജിസ്റ്റിക്സ് സാധ്യതകളും മറ്റ് സ്വകാര്യ കമ്പനികളെ കൊണ്ടുവരുന്നതിനാവശ്യമായ സംവിധാനങ്ങളും ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. ഇന്ത്യയിലെതന്നെ പ്രമുഖ ലോജിസ്റ്റിക്സ് ഗ്രൂപ്പായ ഹിന്ദ് ടെർമിനൽസ് പ്രൈവറ്റ് ലിമിറ്റഡ് കേരളത്തിൽ പ്രവർത്തനമാരംഭിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അതിനാവശ്യമായ ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു. ഡി. പി. വേൾഡ് എന്ന ലോജിസ്റ്റിക്സ് കമ്പനി ഇപ്പോൾത്തന്നെ കൊച്ചിയിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ദേശീയ, അന്തർദേശീയ കമ്പനികളെ കൂടാതെ കേരളത്തിലെ സംരംഭകരും ഈ മേഖലയിൽ കേന്ദ്രീകരിക്കുന്നുണ്ട്.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, കാലത്തിന്റെ മാറ്റത്തിനനുസരിച്ച് ലോജിസ്റ്റിക്സ് പാർക്കുകൾക്ക് കേരളത്തിൽ പ്രത്യേക പ്രാധാന്യമുണ്ട്. ഇത്തരം പാർക്കുകൾ സ്ഥാപിക്കാനാവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, സ്വകാര്യ ലോജിസ്റ്റിക്സ് പാർക്കുകളുടെ മാനദണ്ഡം ഉത്തരത്തിൽ പരാമർശിച്ചിട്ടുണ്ട്. പത്ത് ഏക്കറിന് മുകളിലുള്ള ഭൂമിയിൽ ലോജിസ്റ്റിക്സ് പാർക്കുകളും അഞ്ച് മുതൽ പത്തുവരെ ഏക്കർ ഭൂമിയിൽ മിനി ലോജിസ്റ്റിക്സ് പാർക്കുകളും നിർമ്മിക്കാൻ സർക്കാർ പ്രോത്സാഹനം നല്കുന്നതാണ്. വിലകൊടുത്തു വാങ്ങുകയോ മുപ്പത് വർഷത്തിനുമേൽ പാട്ടത്തിനെടുക്കുകയോ ചെയ്യുന്ന ഭൂമിയിലും ലോജിസ്റ്റിക്സ് പാർക്ക് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകുന്നുണ്ട്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ലോജിസ്റ്റിക്സ് പാർക്കുകൾ കൊച്ചിയിലും തിരുവനന്തപുരത്തുംമാത്രം കേന്ദ്രീകൃതമായിരിക്കുമോ; സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തേയ്ക്കും വ്യാപിപ്പിക്കുന്ന സാഹചര്യമുണ്ടാകുമോ; ഇവിടെ തൊഴിൽ സാധ്യതകൾ എങ്ങനെയാണ്; ഇവിടങ്ങളിൽ സർക്കാർ തസ്തികകളുണ്ടാകുമോ?

ശ്രീ. പി. രാജീവ്: സർ, കേരളം മൊത്തത്തിൽ ഒരു നഗരമാണെന്നുള്ളതാണ് കേരളത്തിന്റെ പ്രത്യേകത. ഇവിടെ നഗര-ഗ്രാമ വ്യത്യാസം വളരെ കുറവാണ്. ജനസംഖ്യയിലും സ്ഥലലഭ്യതയിലും

പിന്നിലാണെങ്കിലും ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഉപഭോഗം നടക്കുന്ന സംസ്ഥാനം കേരളമാണ് എന്നുള്ളതാണ് മറ്റൊരു സവിശേഷത. രാജ്യത്തെ ഏകദേശം ഇരുപത് ശതമാനം സാധനങ്ങളും വാങ്ങുന്നത് കേരളംതന്നെയാണ്. അതുകൊണ്ട് ഇവിടെ ലോജിസ്റ്റിക്സ് പാർക്കുകൾക്ക് വലിയ സാധ്യതയാണുള്ളത്. പാലക്കാട് മാനുഫാക്ചറിംഗ് ക്ലസ്റ്റർ വരുമ്പോൾ അതിന് ചുറ്റുമുള്ള ജില്ലകളിലും വടക്കൻ ജില്ലകളിലും അവസരമുണ്ടാകും. എല്ലാ ജില്ലകളിലും ലോജിസ്റ്റിക്സ് പാർക്കുകൾ വേണമെന്നതന്നെയാണ് സർക്കാരിന്റെ കാഴ്ചപ്പാട്. എന്നാൽ സ്വകാര്യ ലോജിസ്റ്റിക്സ് പാർക്കുകളിൽ സർക്കാർ തസ്തികയെന്ന കാഴ്ചപ്പാട് പ്രായോഗികമല്ല. അതത് മേഖലകളിൽ വൈദഗ്ധ്യമുള്ള തൊഴിലവസരങ്ങളാണ് അവിടങ്ങളിൽ സൃഷ്ടിക്കപ്പെടുന്നത്. ലോജിസ്റ്റിക്സ് പാർക്കിനൊപ്പംതന്നെ ഇൻഡസ്ട്രിയൽ ഹബ് എന്നൊരു പുതിയ കൺസെപ്റ്റും വരുന്നുണ്ട്. നേരത്തെ ഐ.ടി. മേഖലയിലുണ്ടായിരുന്ന പ്ലഗ് ആൻഡ് പ്ലേ എന്ന കാഴ്ചപ്പാട് ഇപ്പോൾ മാനുഫാക്ചറിംഗ് രംഗത്തും വരികയാണ്. ലോജിസ്റ്റിക്സ് പാർക്കിനകത്തുള്ള സൗകര്യങ്ങളോടൊപ്പം

ചേർന്ന് മാനുഫാക്ചറിംഗ് സ്ഥാപനങ്ങളും പ്രവർത്തനമാരംഭിക്കാൻ കഴിയുന്ന രൂപത്തിൽ ബിൽഡ് ചെയ്യുന്ന രീതിയാണ് ഇത്തരം പാർക്കുകൾ സ്വീകരിക്കുന്നത്. ഇക്കാര്യങ്ങളെല്ലാം അതിന്റെ ഭാഗമായിത്തന്നെ ആലോചിക്കുന്നതാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, എല്ലാ ജില്ലകളും ലോജിസ്റ്റിക്സ് പാർക്കുകൾക്ക് അനുയോജ്യമായതാണെന്ന് അങ്ങ് പറയുകയുണ്ടായി. ബേപ്പൂർ തുറമുഖം, കാലിക്കറ്റ് ഇന്റർനാഷണൽ എയർപോർട്ട്, നിർമ്മാണം പുരോഗമിച്ചുവരുന്ന ദേശീയപാത എന്നീ സാധ്യതകൾ ഉൾപ്പെടുത്തിക്കൊണ്ട് മലപ്പുറം, കോഴിക്കോട് ജില്ലകളിലെ അതിർത്തി പ്രദേശങ്ങളിൽ ലോജിസ്റ്റിക്സ് പാർക്കുകൾ സ്ഥാപിക്കാൻ സാധ്യതാപഠനം നടത്തിയിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, കേരളത്തിൽ മൊത്തത്തിലുള്ള സാധ്യതകളാണ് സർക്കാർ പരിഗണിക്കുന്നത്. കോഴിക്കോട് ജില്ലയിൽ ബേപ്പൂർ സാധ്യതയുള്ള സ്ഥലമാണ്. പാലക്കാട് ഇൻഡസ്ട്രിയൽ സ്മാർട്ട് സിറ്റി വരുമ്പോൾ അതിന്റെ സാധ്യതയും കോഴിക്കോടിന് ലഭിക്കും.

ബഹുമാന്യനായ അംഗത്തിന്റെ മണ്ഡലം ഉൾപ്പെടുന്ന മലപ്പുറം ജില്ലയിൽ വലിയ സാധ്യതകളാണുള്ളത്. മുൻ വ്യവസായ വകുപ്പുമന്ത്രിയുടെ സ്ഥലംകൂടിയായ മലപ്പുറത്ത് ധാരാളം എൻ.ആർ.ഐ. വിഭാഗക്കാരുമുണ്ട്. എന്നാൽ അതിനനുസരിച്ച് അവിടെ വേണ്ടത്ര സ്വകാര്യ പാർക്കുകൾ വന്നിട്ടില്ല. എല്ലാവരും മുൻകൈയെടുത്ത് സ്വകാര്യ സംരംഭകരെ കൊണ്ടുവന്നാൽ കോഴിക്കോടും മലപ്പുറത്തും ലോജിസ്റ്റിക്സ് പാർക്കുകൾക്ക് അനുമതി നൽകാൻ കഴിയും.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, തിരുവനന്തപുരവും എറണാകുളവും പോലെതന്നെ മലബാറിന്റെ നഗരകേന്ദ്രമാണ് കോഴിക്കോട്. അവിടെ ലോജിസ്റ്റിക്സ് പാർക്ക് ആരംഭിക്കുന്നതിന് എത്രയുംവേഗം നടപടി സ്വീകരിക്കുമോ? അത് മലബാറിലെ വ്യവസായ രംഗത്തെ വികസനത്തിന് വലിയ ഗുണകരമായി മാറുമെന്നാണ് കരുതുന്നത്.

ശ്രീ. പി. രാജീവ്: സർ, സ്വകാര്യ മേഖലയിലുള്ള ലോജിസ്റ്റിക്സ് പാർക്കുകളാണുള്ളത്. അവർതന്നെയാണ് വെയർഹൗസിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് സൗകര്യമൊരുക്കുന്നത്. ഇക്കാര്യങ്ങളിൽ സർക്കാർ

തലത്തിൽ മുന്നോട്ടുപോയാൽ, സ്ഥലമേറ്റെടുക്കലുൾപ്പെടെ ദൈർഘ്യമേറിയ പ്രക്രിയയായി മാറും. എവിടെയെങ്കിലും റവന്യൂ ഭൂമിയോ, സർക്കാരിന് ഉപയോഗിക്കാൻ കഴിയുന്ന ഭൂമിയോ ഉണ്ടോയെന്നുള്ളത് മാപ് ചെയ്തിട്ടുണ്ട്. മലബാർ മേഖലയിൽ കോഴിക്കോട് രാമനാട്ടുകരയിലെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയിലെ ഏകദേശം സ്ഥലവും സംരംഭകർക്ക് കൊടുത്തുകഴിഞ്ഞു. ബാക്കി സ്ഥലത്തിനായി അലോട്ട്മെന്റ് നൽകിക്കൊണ്ടിരിക്കുകയാണ്. കുറേക്കാലമായി ഉപയോഗിക്കാതെ കിടന്നിരുന്ന കുറ്റ്യാടി ഇൻഡസ്ട്രിയൽ പാർക്കിന്റെ ഒരു ഭാഗത്തിന്റെ വികസനപ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അധികം വൈകാതെതന്നെ ഉദ്ഘാടനം നടത്താൻ കഴിയുമെന്നാണ് കണക്കാക്കുന്നത്. റവന്യൂ വകുപ്പിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും കൈവശമുള്ളതും ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളും ഖാദി ബോർഡും ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും വ്യവസായാവശ്യങ്ങൾക്കായി ഏറ്റെടുത്തിട്ട് ഉപയോഗിക്കാതെ കിടക്കുന്നതുമായ സ്ഥലങ്ങളെക്കുറിച്ച് മാപ്പിംഗ് നടത്തിയിട്ടുണ്ട്. അതുകൂടി ഉപയോഗപ്പെടുത്തി ഏതെല്ലാം

ജില്ലകളിൽ സാധ്യതയുണ്ടെന്ന് പരിശോധിച്ച്, ലോജിസ്റ്റിക്സ് പാർക്കുകൾ ആരംഭിക്കുന്നതിന് ഗവൺമെന്റിന് കഴിയാവുന്നത് ഗവൺമെന്റും മറ്റ് രീതിയിൽ സ്വകാര്യ പാർക്കുകൾക്കും മാനദണ്ഡങ്ങളനുസരിച്ച് അതിവേഗത്തിൽതന്നെ അനുമതി നൽകുന്നതായിരിക്കും.

ശ്രീ. വാഴൂർ സോമൻ: സർ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ വെയർഹൗസിംഗ് കോർപ്പറേഷന് സംസ്ഥാനത്തുടനീളം അൻപത്തിയെട്ടോളം ഗോഡൗണുകളുണ്ട്. കൂടാതെ പത്ത് പുതിയ സ്ഥലങ്ങളും അതിനായി നിർണ്ണയിച്ചിട്ടുണ്ട്. അവിടെ നമ്മുടെ ഈ സംരംഭം എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയുമെന്നത് സംബന്ധിച്ച് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, നേരിട്ട് വിലയ്ക്ക് വാങ്ങാതെ, പൊതുമേഖലാ സ്ഥാപനങ്ങളോ സർക്കാരോ നൽകുന്ന സ്ഥലത്തിനാണ് വെയർഹൗസിംഗ് കോർപ്പറേഷൻ മുൻഗണന നൽകുന്നത്. സാധ്യമാകുന്നിടങ്ങളിലെല്ലാം അവർ പറയുന്ന സ്ഥലങ്ങളിൽ പൊതുമേഖലാ സ്ഥാപനങ്ങളുടേതുൾപ്പെടെയുള്ള സ്ഥലങ്ങൾ നൽകാൻ സർക്കാർ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. അതുമായി

ബന്ധപ്പെട്ട മറ്റ് കാര്യങ്ങളെല്ലാം നിയന്ത്രിക്കുന്നതും വെയർഹൗസിംഗ് കോർപ്പറേഷനാണ്. അത്തരം സംരംഭങ്ങൾ വരുമ്പോൾ അതിന്റെ തുടർച്ചയായി ചെറിയ സംവിധാനങ്ങളുണ്ടാകുന്നതും നല്ലതാണ്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, സ്മാർട്ട് സിറ്റി പദ്ധതിയിലുൾപ്പെടുത്തി ടിഡയുടെ ഉടമസ്ഥതയിൽ തിരുവനന്തപുരത്തെ എരുമക്കുഴിയിൽ ഒരു വെയർഹൗസിന് പ്ലാൻ ചെയ്തിരുന്നു. വിഴിഞ്ഞം തുറമുഖം പ്രവർത്തനമാരംഭിച്ച പശ്ചാത്തലത്തിൽ ഈ സ്ഥലം പ്രയോജനപ്പെടുത്തി ലോജിസ്റ്റിക്സ് പാർക്ക് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. പി. രാജീവ്: സർ, അക്കാര്യം പ്രത്യേകം പരിശോധിക്കേണ്ടതാണ്. ടിഡ, ക്യാപ്പിറ്റൽ ഡെവലപ്മെന്റ് അതോറിറ്റി, ജി.സി.ഡി.എ. (ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി) തുടങ്ങിയ സ്ഥാപനങ്ങൾക്കോ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ ആണ് ലാൻഡ് പൂളിംഗിനുള്ള അധികാരമുള്ളത്; വ്യവസായ വകുപ്പിന് അതിനുള്ള അധികാരമില്ല. ലാൻഡ് പൂളിംഗ് നടത്തിക്കൊണ്ട് ഈ സ്ഥാപനങ്ങളെല്ലാം ആ മേഖലയിലേക്ക്

തിരിയുമെന്നാണ് കണക്കാക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പും അതിനാവശ്യമായ മുൻകൈയെടുക്കുന്നുണ്ട്.

ശ്രീമതി ഒ. എസ്. അംബിക: സർ, വൻകിട നിക്ഷേപങ്ങൾ ആകർഷിക്കാൻ സംസ്ഥാന സർക്കാരുകൾ നടത്താറുള്ള ആഗോള നിക്ഷേപക സംഗമം സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അതിന്റെ മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് നല്ല രീതിയിൽ മുന്നോട്ടുപോകുകയാണ്. പല കാര്യങ്ങളിലും നമുക്ക് കേന്ദ്രത്തോട് യോജിപ്പില്ലെങ്കിലും, കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി "Kerala was capable of spearheading Industrial Revolution 4.0" എന്നാണ് ഇന്നലെ കൊച്ചിയിൽ പറഞ്ഞത്. നാലാം വ്യവസായ വിപ്ലവത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ കഴിയുന്ന ഇന്ത്യയിലെ ഒന്നാമത്തെ സ്ഥലമാണ് കേരളമെന്ന തിരിച്ചറിവോടുകൂടി, കൊച്ചിയിൽ 2025 ഫെബ്രുവരി 21, 22 തീയതികളിൽ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് സംഘടിപ്പിക്കുന്നുണ്ട്. അതിന് മുന്നോടിയായി റൗണ്ട് ടേബിൾ

കോൺഫറൻസുകൾ നടക്കുന്നുണ്ട്. ജനറേറ്റീവ് എ.ഐ.-യുടെയും റോബോട്ടിക്സിന്റെയും ഫുഡ് പ്രോസസിംഗ് മേഖലയുടെയും മാരിടൈം ലോജിസ്റ്റിക്സിന്റെയും തിരുവനന്തപുരത്തെ ലൈഫ് സയൻസ് പാർക്കിന്റെ ബയോ കണക്ടിന്റെയും റൗണ്ട് ടേബിൾ കോൺക്ലേവുകൾ കഴിഞ്ഞിട്ടുണ്ട്. ചെന്നൈ, ബംഗളൂരു റോഡ് ഷോ ഇതിന് മുന്നോടിയായി പൂർത്തീകരിച്ചു. മുംബൈയിലും ഡൽഹിയിലും ഇന്ത്യയ്ക്ക് പുറത്തും റോഡ് ഷോ സംഘടിപ്പിക്കുന്നുണ്ട്. ആയിരം കോടി രൂപയ്ക്ക് മുകളിൽ ടേൺ ഓവറുള്ള കേളത്തിലെ നാൽപ്പത്തിയെട്ട് സംരംഭകരെയും കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിദേശ സംരംഭകരെയും സമ്മിറ്റിലേയ്ക്ക് പ്രത്യേകമായി ക്ഷണിക്കുന്നുണ്ട്. അവർക്ക് കൂടുതൽ ഇൻവെസ്റ്റ്മെന്റ് നടത്താൻ കഴിയും. ഇന്ത്യയിലെ പ്രധാനപ്പെട്ട കോൺസുലേറ്റുകളുമായും എംബസികളുമായും ചർച്ചകൾ നടത്തിയിട്ടുണ്ട്. നമുക്കെല്ലാവർക്കും ചേർന്ന് നല്ല രീതിയിൽ 2025 ഫെബ്രുവരി 21, 22 തീയതികളിലെ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് വിജയിപ്പിക്കാൻ ശ്രമിക്കാമെന്നാണ് സൂചിപ്പിക്കാനുള്ളത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ എന്ന കൺസെപ്റ്റിന് കുറച്ചുകൂടി പ്രചാരണം നൽകുകയാണെങ്കിൽ ലോജിസ്റ്റിക്സ് പാർക്ക് ഉൾപ്പെടെയുള്ളവ ആരംഭിക്കുമ്പോൾ കൂടുതൽ ഇൻവെസ്റ്റേഴ്സ് വരാനുള്ള സാധ്യതയും കൂടും.

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് പറഞ്ഞ ഒരു ഭാഗം വളരെ പ്രസക്തമാണ്. നാം നടത്തിക്കൊണ്ടിരിക്കുന്ന ഈ മാറ്റങ്ങൾ ലോകത്തിന് മുന്നിൽ വേണ്ട രീതിയിൽ എത്തുന്നില്ല. ഞങ്ങൾ മറ്റ് റോഡ് ഷോകളിൽ പങ്കെടുക്കുമ്പോൾ, കേരളം വളരെ മാറിയിരിക്കുന്നുവെന്ന് അവിടെയുള്ളവർ പറയാറുണ്ട്. റാങ്കിംഗിൽ നാം ഒന്നാമതെത്തിയിരിക്കുന്നുവെന്നത് അംഗീകരിക്കപ്പെട്ട നേട്ടമാണ്. പക്ഷേ അതിന് വേണ്ടത്ര പ്രചാരണം നൽകുന്നില്ല. പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്കുമായി ബന്ധപ്പെട്ട് ചർച്ച ചെയ്ത് നടപ്പിലാക്കിയ നയമനുസരിച്ച്, ഒരു വർഷത്തിനുള്ളിൽ മുപ്പത് സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകാൻ കഴിയും. ഇന്ന് ചർച്ച ചെയ്യാൻ പോകുന്ന ബില്ലിലെ ഒരു വ്യവസ്ഥതന്നെ ഓരോ പാർക്കിനും സിംഗിൾ വിൻഡോ ക്ലിയറൻസ്

ബോർഡ് രൂപീകരിക്കുകയെന്നുള്ളതാണ്. നിലവിലുള്ള നിയമ പ്രകാരം ബോർഡ് രൂപീകരിക്കുമ്പോൾ എസ്റ്റേറ്റ് ആരംഭിക്കുന്നവർക്ക് അതിൽ അഭിപ്രായം പറയാൻ അവസരം ലഭിക്കാറില്ല. അതുകൊണ്ട് അതിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെക്കൂടി ബോർഡിലെ പെർമനന്റ് ഇൻവൈറ്റിയാക്കുന്ന ഭേദഗതിയാണ് ഇപ്പോൾ കൊണ്ടുവരുന്നത്. അതോടൊപ്പംതന്നെ, ഉദ്ഘാടനത്തിന് മുമ്പുതന്നെ (പാലക്കാടാണ് ആദ്യം ഉദ്ഘാടനം ചെയ്തത്) ആ മേഖല ഇൻഡസ്ട്രിയൽ ഏരിയയായി ഡിക്ലയർ ചെയ്യുന്ന നോട്ടിഫിക്കേഷനും പാർക്കിനുവേണ്ടി രൂപീകരിക്കുന്ന സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ നോട്ടിഫിക്കേഷനും അവിടെവച്ചുതന്നെ കൈമാറുന്ന സംവിധാനമാണ് കൊണ്ടുവരുന്നത്. നാമെല്ലാം അവരവരുടെ നിയോജകമണ്ഡലങ്ങളിൽ ഒരു പാർക്കെങ്കിലും വേണമെന്ന് തീരുമാനിച്ച് അതിനുവേണ്ടി മുൻകൈയെടുത്ത് പത്തിനും പതിനഞ്ചിനും ഏക്കറിനിടയിൽ സ്ഥലം കണ്ടെത്തി അവിടത്തെ സംരംഭകരെ കൂട്ടി യോജിപ്പിക്കണം. കിൻഫ്ര, കെ.എസ്.ഐ.ഡി.സി., ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവയ്ക്ക് നൽകുന്ന എല്ലാ സൗകര്യങ്ങളും ഇളവുകളും ഈ പാർക്കിനും ലഭിക്കും. എല്ലാ

നിയോജകമണ്ഡലങ്ങളിലും ജനപ്രതിനിധികൾ മുൻകൈയെടുത്ത് സ്ഥലം കണ്ടെത്തിയാൽ വ്യവസായം കൊണ്ടുവരാൻ കഴിയും. അവിടത്തെ സംരംഭകർക്കുതന്നെ മുൻഗണന നൽകാം. ഇക്കാര്യത്തിൽ നല്ല മാറ്റമുണ്ടാക്കാൻ എല്ലാവരുടെയും പിന്തുണയുണ്ടാകേണ്ടതുണ്ട്.

ഡോ. സുജിത് വിജയൻപിള്ള: സർ, ഒരു ലോജിസ്റ്റിക്സ് പാർക്ക് തുടങ്ങാൻ ഉതകുന്ന രീതിയിലുള്ള റെയിൽ, റോഡ് കണക്റ്റിവിറ്റി, ദേശീയ ജലപാതയുടെ സാമീപ്യം എന്നിവയുള്ളതാണ് കെ.എം.എം.എൽ.(കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്)-ന് ചുറ്റുമുള്ള പ്രദേശം. അയൺ ഓക്സൈഡിന്റെ സാന്നിധ്യംകൊണ്ട് മലിനീകരിക്കപ്പെട്ട പ്രദേശവുംകൂടിയാണത്. ടി സ്ഥലം ഏറ്റെടുക്കണമെന്നുള്ള ആവശ്യം വർഷങ്ങളായുള്ളതാണ്. അതിനാൽ ഗവൺമെന്റുതന്നെ മുൻകൈയെടുത്ത് കെ.എം.എം.എൽ.-മായി സംയോജിതമായി ഒരു ലോജിസ്റ്റിക്സ് പാർക്ക് സ്ഥാപിക്കാനുള്ള അവസരമുണ്ടാകുമോ?

ശ്രീ. പി. രാജീവ്: സർ, കെ.എം.എം.എൽ.-ന്റെ ഒരു വലിയ സാധ്യത ടൈറ്റാനിയത്തിലേക്കുള്ള വാല്യൂ അഡിഷനാണ്. പൊതുവെയുള്ള ജിയോ

പൊളിറ്റിക്കൽ കണ്ടീഷൻ വച്ച് ടൈറ്റാനിയത്തിന്റെ ഡിപ്പൻഡൻസിയും എക്സ്പോർട്ടും കുറയ്ക്കാനുള്ള സമീപനം യൂണിയൻ ഗവൺമെന്റ് സ്വീകരിക്കുന്നതിന്റെ ഭാഗമായി IREL (Indian Rare Earths Limited) ഇപ്പോൾ കെ.എം.എം.എൽ.-മായി ഒരു ജോയിന്റ് വെൻച്വറിന് മുൻകൈയെടുത്തിട്ടുണ്ട്. കെ.എം.എം.എൽ.-ഉം ഐ.ആർ.ഇ.എൽ.-ഉം ചേർന്നുകൊണ്ട് ടൈറ്റാനിയം ഉൽപാദനത്തിലേക്ക് വരാനുള്ള സാധ്യതയുണ്ടെങ്കിൽ അതിന് ഈ സ്ഥലമെല്ലാം വിനിയോഗിക്കാമെന്നാണ് കണക്കാക്കുന്നത്.

ശ്രീമതി കാനത്തിൽ ജമീല: സർ, കൊയിലാണ്ടി മുചുകുന്നിലുള്ള കെൽട്രോണിന്റെ 60 ഏക്കറോളം വരുന്ന സ്ഥലത്ത് ഇപ്പോൾ കെൽട്രോണിന്റെ ഒരു സ്ഥാപനം മാത്രമേയുള്ളൂ, ബാക്കിയുള്ള സ്ഥലം ഒഴിഞ്ഞുകിടക്കുകയാണ്. അവിടെ ഗവൺമെന്റിന്റെ പരിധിയിൽ ലോജിസ്റ്റിക്സ് പാർക്ക് സ്ഥാപിക്കാനാകുമോ; അല്ലെങ്കിൽ കെൽട്രോണുമായി ബന്ധപ്പെട്ടുകൊണ്ട് മറ്റേതെങ്കിലും രീതിയിലുള്ള സംരംഭം തുടങ്ങാൻ സാധിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്, നമ്മൾ കണ്ടെത്തിയതിൽ പ്രസ്തുത സ്ഥലവും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ആ പ്രദേശത്ത് ചില പരിമിതികളുണ്ട്; വെള്ളത്തിന്റെ പ്രശ്നമുണ്ട്; എങ്കിൽപ്പോലും അതിന് മറ്റ് മാർഗങ്ങൾ കണ്ടെത്തി ആ സ്ഥലവും ഉപയോഗിക്കുന്നതാണ്. അവിടെ ലോജിസ്റ്റിക്സ് പാർക്ക് സ്ഥാപിക്കുന്നതിനെക്കുറിച്ച് ഇപ്പോൾ തീരുമാനിക്കുന്നില്ല, വ്യവസായ ആവശ്യങ്ങൾക്കുവേണ്ടിതന്നെ അത് ഉപയോഗിക്കണമെന്നാണ് സർക്കാർ കണക്കാക്കുന്നത്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ലോജിസ്റ്റിക്സ് മേഖലയ്ക്ക് വലിയ സാധ്യതയുള്ളതിനാൽ ഈ മേഖലയ്ക്ക് സംസ്ഥാന വ്യവസായ നയത്തിൽ പ്രത്യേകമായ ഊന്നൽ നൽകി കൂടുതൽ ഇളവുകൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, കേരളത്തിന്റെ സാധ്യത, പരിമിതി തുടങ്ങിയവയെല്ലാം തിരിച്ചറിഞ്ഞുകൊണ്ട് ആവിഷ്കരിച്ചിട്ടുള്ളതാണ് നമ്മുടെ വ്യവസായ നയം. അതിൽ ഉൾപ്പെടുത്തിയിട്ടുള്ള 22 പ്രയോരിറ്റി സെക്ടറുകളിൽ ലോജിസ്റ്റിക്സും ഉൾപ്പെടുന്നുണ്ട്. എന്നാൽ ഗ്ലോബൽ

ഇൻവെസ്റ്റേഴ്സിനെ വിളിക്കുന്ന ഘട്ടത്തിൽ 22 പ്രയോരിറ്റി സെക്ടറുകളിൽ ക്ലബ് ചെയ്യാവുന്നവ ക്ലബ് ചെയ്ത് മൂന്നോ നാലോ ഏരിയകളിൽ മാത്രം കേന്ദ്രീകരിക്കാനാണുദ്ദേശിക്കുന്നത്. അതല്ലാതെ ഒരുപാട് ഇൻവെസ്റ്റേഴ്സിനെ ക്ഷണിക്കുകയും എല്ലാവരും വന്ന് ഒന്നരണ്ട് ലക്ഷം കോടി രൂപയുടെ പ്രഖ്യാപനങ്ങൾ നടത്തിയിട്ട് പോകുകയും ചെയ്യുന്ന രീതി മാറി പ്രവർത്തനങ്ങളുടെ തുടർച്ചയായി മൂന്നോ നാലോ ഏരിയകൾ കേന്ദ്രീകരിച്ച് ആ മേഖലയ്ക്കത്തുള്ള നിക്ഷേപകരെതന്നെ കൊണ്ടുവരാനാണുദ്ദേശിക്കുന്നത്. ഇന്ത്യയിൽ നടക്കുന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിലെ പ്രഖ്യാപനത്തിന്റെ പത്തോ പതിനഞ്ചോ ശതമാനം മാത്രമാണ് യാഥാർഥ്യമാകുന്നത്. എന്നാൽ നമുക്കത് ഒരു അമ്പത് ശതമാനത്തിന് മുകളിലെങ്കിലും കൊണ്ടുവരണമെന്ന കാഴ്ചപ്പാടോടുകൂടിയാണ് പ്രവർത്തിക്കുന്നത്. ആ പ്രയോരിറ്റി ഏരിയകളിൽ ലോജിസ്റ്റിക്സ് വരുന്നുണ്ട്. അതുകൊണ്ട് അതെല്ലാം നിക്ഷേപത്തിലേക്ക് ആകർഷിക്കാൻ ശ്രമിക്കാവുന്നതാണ്.

ആംനസ്റ്റി പദ്ധതി

3(*183) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>:

<u>ശ്രീ. എം. നൗഷാദ്</u>:

<u>ശ്രീ. പി. മമ്മിക്കുട്ടി</u>:

ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പ് ആംനസ്റ്റി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വ്യാപാരികൾക്ക് ഏതെല്ലാം തരത്തിലുള്ള ഇളവുകളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) മുൻ വർഷങ്ങളിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) നികുതി കുടിശ്ശികയുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് കോടതികളിൽ നിലവിലുള്ളത്; വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ) 2024-ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് ജി.എസ്.ടി.-ക്ക് മുമ്പുള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേക്കായി ആംനസ്റ്റി പദ്ധതി 2024 ആഗസ്റ്റ് 1 മുതൽ നടപ്പാക്കിയിട്ടുണ്ട്. കേരള മൂല്യവർധിത നികുതി നിയമം, കേരള

പൊതുവില്പന നികുതി നിയമം, കേരള നികുതിയിന്മേലുള്ള സർചാർജ് നിയമം, കേരള കാർഷിക ആദായ നികുതി നിയമം, കേരള ആഡംബര നികുതി നിയമം, കേന്ദ്ര വില്പന നികുതി നിയമം എന്നിവ പ്രകാരം 2017-18 സാമ്പത്തിക വർഷം വരെയുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനുള്ള അവസരം നൽകിയിട്ടുണ്ട്. കേരള പൊതു വില്പന നികുതി നിയമം, 1963-ന്റെ വകുപ്പ് 5 പ്രകാരം മദ്യവില്പനയുമായി ബന്ധപ്പെട്ട് നിർണ്ണയിക്കപ്പെട്ട നികുതി, ടേൺഓവർ ടാക്സ് എന്നിവയുടെ കുടിശ്ശിക തീർപ്പാക്കുന്നതിനോ വകുപ്പ് 7 പ്രകാരം മദ്യവില്പനയുമായി ബന്ധപ്പെട്ട് നിർണ്ണയിക്കപ്പെട്ടിട്ടുള്ള കോംപൗണ്ടിങ് നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനോ ഈ പദ്ധതി ബാധകമായിരിക്കില്ല. കുടിശ്ശിക തീർപ്പാക്കുന്നതിന് ആംനസ്റ്റി പദ്ധതി പ്രകാരം അടയ്ക്കേണ്ട തുക മുൻകൂറായി അടച്ചതിനുശേഷമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. പദ്ധതിയിൽ ചേരുന്നതിനുള്ള അവസാന തീയതി 2024 ഡിസംബർ 31 ആണ്.

(ബി) 2024-ലെ ആംനസ്റ്റി പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ പൂർണ്ണമായും വ്യാപാരികൾക്ക് ലഭിക്കുന്നതിന് പദ്ധതി ആരംഭിച്ച് 60

ദിവസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ഇതുപ്രകാരം കുടിശ്ശികകളെ നികുതി തുകയുടെ അടിസ്ഥാനത്തിൽ നാല് സ്ലാബുകളായി തിരിച്ചിട്ടുണ്ട്. ഓരോ സ്ലാബിലും താഴെപ്പറയുന്ന വിധത്തിൽ നികുതി അടച്ചുതീർക്കുന്നവർക്ക് കുടിശ്ശികകളുടെ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കും.

ഒന്നാമത്തെ സ്ലാബായ അമ്പതിനായിരം രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകളെ അവയുടെ പിഴയും പലിശയുമടക്കം പൂർണ്ണമായും ഒഴിവാക്കി. ഇരുപതിനായിരത്തിലധികം ആളുകൾക്ക് ഇതിന്റെ ഗുണം ലഭിക്കും.

രണ്ടാമത്തെ സ്ലാബായ അമ്പതിനായിരം രൂപ മുതൽ പത്തു ലക്ഷം രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകൾക്ക് നികുതി തുകയുടെ 30% അടച്ചാൽ മതിയാകും. പിഴയും പിഴപ്പലിശയുമൊന്നും ആവശ്യമില്ല.

മൂന്നാമത്തെ സ്ലാബായ പത്തുലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകൾക്ക് രണ്ടുതരം പദ്ധതികളാണുള്ളത്. ഈ സ്ലാബിൽ, അപ്പീലിലുള്ള (നിയമ വ്യവഹാരത്തിലുള്ള) കുടിശ്ശികകൾക്ക് നികുതി തുകയുടെ 40% ഒടുക്കിയാൽ മതിയാകും. ഈ സ്ലാബിലുള്ള അപ്പീലിൽ

ഇല്ലാത്ത (നിയമ വ്യവഹാരമില്ലാത്ത) കുടിശ്ശികകൾ തീർപ്പാക്കുന്നതിന് നികുതി തുകയുടെ 50% ഒടുക്കിയാൽ മതിയാകും. കോടതിയിൽ കൊടുത്തിരിക്കുന്ന ഫീസ് ഉൾപ്പെടെ ചേർത്തതിനാലാണ് 40%, 50% എന്നിങ്ങനെ വ്യത്യാസം വരുന്നത്.

നാലാമത്തെ സ്ലാബായ ഒരു കോടി രൂപയിൽ അധികം നികുതി തുകയുള്ള കുടിശ്ശികകൾക്ക് രണ്ട് തരം പദ്ധതികളാണുള്ളത്. ഈ സ്ലാബിൽ, അപ്പീലിലുള്ള (നിയമ വ്യവഹാരത്തിലുള്ള) കുടിശ്ശികകൾക്ക് നികുതി തുകയുടെ 70% ഒടുക്കിയാൽ മതിയാകും. ഈ സ്ലാബിൽ ഉള്ള അപ്പീലിൽ ഇല്ലാത്ത (നിയമ വ്യവഹാരമില്ലാത്ത) കുടിശ്ശികകൾ തീർപ്പാക്കുന്നതിന് നികുതി തുകയുടെ 80% അടച്ചാൽ മതിയാകും.

ഈ പൂർണ്ണമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ട സമയപരിധി 2024 സെപ്റ്റംബർ 29-ന് അവസാനിച്ചു. ഓരോ ഘട്ടവും കഴിഞ്ഞതിനുശേഷം ഇതിൽ ചേർന്ന ആളുകൾക്ക് ഇളവിൽ ചെറിയ ശതമാനം വ്യത്യാസം വരും. അവർക്ക് പൂർണ്ണമായ ഇളവ് ലഭിക്കില്ല, രണ്ട് ശതമാനം വീതം വർധിക്കും. ആംനസ്റ്റി പദ്ധതി പ്രകാരം 2024

സെപ്റ്റംബർ 30 മുതൽ ലഭ്യമാകുന്ന പുതുക്കിയ ആനുകൂല്യങ്ങൾ 28-09-2024-ലെ സർക്കാർ വിജ്ഞാപനം എസ്.ആർ.ഒ. നമ്പർ 873/2024 പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. അതിൻപ്രകാരം, അമ്പതിനായിരം രൂപവരെയുള്ള നികുതി കുടിശ്ശികകളെ അവയുടെ പിഴയും പലിശയുമടക്കം പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

2024 സെപ്റ്റംബർ 30 മുതൽ 2024 ഒക്ടോബർ 31 വരെ ആംനസ്റ്റി പദ്ധതി പ്രകാരം പുതിയ അപേക്ഷ സമർപ്പിക്കുന്നവർക്ക് അമ്പതിനായിരം രൂപയ്ക്ക് മുകളിൽ പത്തു ലക്ഷം രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകൾക്ക് നികുതി തുകയുടെ 32 ശതമാനം ഒടുക്കി തീർപ്പാക്കാവുന്നതാണ്. പത്തുലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകൾ താഴെപ്പറയുന്ന രണ്ട് വിധങ്ങളിൽ തീർപ്പാക്കാവുന്നതാണ്. അപ്പീലിലുള്ള (നിയമ വ്യവഹാരത്തിലുള്ള) കുടിശ്ശികകൾക്ക് നികുതി തുകയുടെ 42 ശതമാനവും അപ്പീലിൽ ഇല്ലാത്ത (നിയമ വ്യവഹാരമില്ലാത്ത) കുടിശ്ശികകൾക്ക് നികുതി തുകയുടെ 52 ശതമാനവും. ഒരു കോടി രൂപയിൽ

അധികം നികുതി തുകയുള്ള കുടിശ്ശികകൾ താഴെപ്പറയുന്ന രണ്ട് വിധത്തിൽ തീർപ്പാക്കാവുന്നതാണ്.

അപ്പീലിലുള്ള കുടിശ്ശികകൾക്ക് (നിയമ വ്യവഹാരത്തിലുള്ള) നികുതി തുകയുടെ 72 ശതമാനവും അപ്പീലിൽ ഇല്ലാത്ത (നിയമ വ്യവഹാരമില്ലാത്ത) കുടിശ്ശികകൾക്ക് നികുതി തുകയുടെ 82 ശതമാനവും. ഫിനാൻസ് ആക്ടിലെ വകുപ്പ് 9(3) അനുസരിച്ചുള്ള അപേക്ഷയിന്മേൽ മോഡിഫൈഡ് ഉത്തരവുകൾ പുറപ്പെടുവിച്ച് 60 മുതൽ 120 ദിവസത്തിനകം പേമെന്റ് നടത്തുന്നവർക്കും വകുപ്പ് 10(2) അനുസരിച്ച് ഷോർട്ട് നോട്ടീസ് ലഭിച്ച് 60 മുതൽ 120 ദിവസത്തിനകം പേമെന്റ് നടത്തുന്നവർക്കും മേൽ നിരക്കുകൾ ബാധകമാണ്. 2024 നവംബർ 1 മുതൽ 30 വരെ ആംനസ്റ്റി പദ്ധതി പ്രകാരം പുതിയ അപേക്ഷ സമർപ്പിക്കുന്നവർക്കും ഷോർട്ട് നോട്ടീസ് ലഭിച്ച് 120 മുതൽ 180 ദിവസത്തിനകം പേമെന്റ് നടത്തുന്നവർക്കും മേൽപറഞ്ഞ നിരക്കുകളിൽ നിന്നും 2 ശതമാനം വർധന ഉണ്ടാകുന്നതാണ്. കൂടാതെ, 2024 ഡിസംബർ 1 മുതൽ 31 വരെ ആംനസ്റ്റി പദ്ധതി പ്രകാരം പുതിയ അപേക്ഷ സമർപ്പിക്കുന്നവർക്കും ഷോർട്ട് നോട്ടീസ് ലഭിച്ച് 180 ദിവസത്തിനുശേഷം

പേമെന്റ് നടത്തുന്നവർക്കും മേൽപറഞ്ഞ നിരക്കുകളിൽ വീണ്ടും 2 ശതമാനം വർധന ഉണ്ടാകുന്നതാണ്.

(സി) ആംനസ്റ്റി പദ്ധതി മുൻ വർഷങ്ങളിലും നടപ്പാക്കിയിട്ടുണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021-22 സാമ്പത്തിക വർഷത്തിലും 2022-23 സാമ്പത്തിക വർഷത്തിലും ആംനസ്റ്റി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ മുമ്പ് പ്രഖ്യാപിച്ചിട്ടുള്ള ആംനസ്റ്റി പദ്ധതികളിൽനിന്നും വ്യത്യസ്തമായി കൂടുതൽ ആനുകൂല്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ആംനസ്റ്റി പദ്ധതിയാണ് ഇത്തവണ നടപ്പാക്കിയിട്ടുള്ളത്.

അമ്പതിനായിരം രൂപയിൽ താഴെയുള്ള കുടിശ്ശികകളെ പൂർണ്ണമായും ഒഴിവാക്കുന്ന രീതി ഇത്തവണത്തെ ആംനസ്റ്റിയിലുണ്ട്. പഴക്കമേറിയ കുടിശ്ശികകൾ തീർപ്പാക്കുന്നതിന്, പ്രത്യേകിച്ച് ചെറുകിട വ്യാപാരികൾക്ക് ഇത് ഏറെ സഹായകരമാകുമെന്ന് കണക്കാക്കുന്നു.

(ഡി) ജി.എസ്.ടി.-ക്ക് മുമ്പുള്ള നികുതി നിയമങ്ങൾ പ്രകാരമുള്ള കുടിശ്ശികകളുമായി ബന്ധപ്പെട്ട് 1081 കേസുകളും ജി.എസ്.ടി.-യിൽ 735 കേസുകളും കോടതികളിൽ നിലവിലുണ്ട്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, 2019-ലെ ബജറ്റ് മുതൽ ജി.എസ്.ടി. വരുന്നതിന് മുമ്പുവരെയുള്ള പഴയ നികുതി കുടിശ്ശികകൾക്ക് ആനംസ്റ്റി പ്രഖ്യാപിക്കുന്നത് ഏറെ സഹായകരമാണ്. ഇത്തരം ആംനസ്റ്റി പദ്ധതികളിലൂടെ കുടിശ്ശികകൾ കുറയ്ക്കാൻ സാധിച്ചിട്ടുണ്ടോ; പഴയ കുടിശ്ശികകൾക്ക് ഈ വർഷം ആംനസ്റ്റി പ്രഖ്യാപിച്ചതുകൊണ്ടുള്ള നേട്ടമെന്താണെന്ന് വിശദമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പഴയ കുടിശ്ശികകളിൽ നല്ലതുപോലെ കുറവ് വന്നിട്ടുണ്ട്. ഇതിൽ ആകെ കേസുകളുടെ പകുതിയോളവും ചെറുകിട കച്ചവടക്കാരുമായി ബന്ധപ്പെട്ടുള്ളതാണ്. അറുപതുകൾ മുതൽ ജി.എസ്.ടി. വരുന്നതുവരെയുള്ള അമ്പതിനായിരം രൂപയിൽതാഴെ കുടിശ്ശികയുള്ളവരിൽ പലരുടെയും കൈവശം രേഖകൾ ഇല്ല. അതിൽ പലരും ജീവിച്ചിരിക്കുകപോലുമുണ്ടാകില്ല. അങ്ങനെയുള്ളവർ

ആനുകൂല്യത്തിനായി അപേക്ഷ കൊടുക്കേണ്ട ആവശ്യമില്ല. അമ്പതിനായിരം രൂപ വരെയുള്ള പ്രിൻസിപ്പൽ തുക പലപ്പോഴും പെരുകിപ്പെരുകി പലിശയും പിഴപ്പലിശയുമായി അഞ്ചോ പത്തോ ലക്ഷം രൂപയായി മാറിയിരിക്കും. അത്തരത്തിൽ 2017 വരെയുള്ള അമ്പതിനായിരം രൂപയിൽ താഴെയുള്ള കുടിശ്ശിക ഒഴിവാക്കിയിട്ടുണ്ട്. ഇതിലൂടെ നമ്മുടെ കൈവശമുള്ള ഫയലുകളിൽ പകുതിയും തീർപ്പാക്കാൻ സാധിക്കും. അതുപോലെ മറ്റ് മേഖലകളിലും ആംനസ്റ്റി പദ്ധതി നടപ്പാക്കാൻ സാധിക്കും. ഇതുവഴി വൻതോതിൽ കെട്ടിക്കിടന്നിരുന്ന കേസുകളും തർക്കങ്ങളും പരിഹരിച്ച് വ്യാപാരികൾക്ക് ഗുണകരമായി വരുമെന്നതന്നെയാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, അമ്പതിനായിരം രൂപയ്ക്ക് താഴെ നികുതി കുടിശ്ശികയുള്ള ഇരുപതിനായിരത്തോളം കേസ്സുകളുണ്ട്. ഇതിൽ കൂടുതലും ചെറുകിട വ്യാപാരികളാണ്. ഇവർക്ക് പ്രത്യേകിച്ച് കുടിശ്ശിക രേഖകളോ വകുപ്പിനെ സമീപിക്കാൻ കഴിയുന്ന അറിവോ ഉണ്ടായിരിക്കില്ല. അവർക്കുവേണ്ടി സർക്കാരിന് ചെയ്യാൻ സാധിക്കുന്നതെന്താണ്? രണ്ടാം സ്ലാബിൽ ഏതാണ്ട് മുപ്പത് ശതമാനം തുകയാണ് അടയ്ക്കേണ്ടത്. എന്നാൽ

പല വ്യാപാരികളും അപ്പീൽ ഫയൽ ചെയ്യാൻ ഇരുപത് ശതമാനം തുക കെട്ടിവച്ചിട്ടുണ്ടാകും. ഈ ഇരുപത് ശതമാനം തുകയുടെ ആനുകൂല്യം ആംനസ്റ്റി പദ്ധതിയിൽ നൽകുമോ എന്നുകൂടി വിശദമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അമ്പതിനായിരം രൂപയ്ക്ക് താഴെ നികുതി കുടിശ്ശികയുള്ള ചെറുകിട വ്യാപാരികളുടെ കൈവശം രേഖകളൊന്നുമില്ലാത്തതിനാൽ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടുണ്ടാകും. കുടിശ്ശിക തുക വളരെ ചെറുതായിരിക്കുമെങ്കിലും രേഖകളില്ലാത്തതിനാൽ അവർക്ക് വകുപ്പിനെ സമീപിക്കാൻ കഴിയില്ല. അവർക്ക് ടാക്സ് പ്രാക്ടീഷണേഴ്സിനെ വയ്ക്കാനുള്ള സാമ്പത്തികസ്ഥിതിയുമുണ്ടാകില്ല. അതുകൊണ്ട് അമ്പതിനായിരം രൂപയിൽ താഴെയുള്ള കുടിശ്ശിക മുഴുവൻ എഴുതിത്തള്ളി ഉദ്യോഗസ്ഥർ ഫയലുകൾ തീർപ്പാക്കുന്നതാണ്. മാത്രമല്ല ആംനസ്റ്റി നടപ്പാക്കിയെന്നുള്ള സർട്ടിഫിക്കറ്റ് അവർക്ക് നൽകുകയും ചെയ്യുന്നതാണ്. മറ്റൊരു രേഖയും അതിനായി ഹാജരാക്കേണ്ടതില്ല എന്നുള്ളത് ഇതുവരെ കേരളത്തിലുണ്ടായ ആംനസ്റ്റിയുടെ ചരിത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ഏടാണ്. അത്രയേറെ

ആളുകൾക്കാണ് അത് സഹായകരമാകുന്നത്. അടുത്തതായി ബഹുമാനപ്പെട്ട അംഗം ചോദിച്ച വിഷയത്തിൽ, മുപ്പത് ശതമാനം അടയ്ക്കേണ്ട ഒരാൾ ഇരുപത് ശതമാനം കോടതി വ്യവഹാരത്തിനായി അടച്ചിട്ടുണ്ടെങ്കിൽ ആ ഇരുപത് ശതമാനം ഒഴിവാക്കി ബാക്കി പത്ത് ശതമാനം അടച്ചാൽ മതിയാകും. എന്നാൽ കോടതിയിൽ കേസ് കൊടുക്കാത്തവർ ആകെയുള്ള മുപ്പത് ശതമാനം പണവും അടയ്ക്കണം. എന്നാൽ പലിശയും പിഴപ്പലിശയുമുൾപ്പെടെ വലിയ തുകവരുമെങ്കിലും അതൊക്കെ ഒഴിവാക്കുമ്പോൾ ചെറിയൊരു തുക നികുതിയായി അടച്ചാൽ മതിയാകുന്നതാണ്.

ശ്രീ. എം. നൗഷാദ്: സർ, പുതിയ ആംനസ്റ്റി സ്കീമിൽ നാളിതുവരെ എത്ര വ്യാപാരികളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്; അതുവഴി എത്ര രൂപയാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത്? അതോടൊപ്പം കാലാവധി സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതിൽ ആഗസ്റ്റ് 1 മുതൽ 60 ദിവസം എന്നും 2024 ഡിസംബർ 31 വരെ എന്നുമുണ്ട്. അത് ഏകീകരിച്ച് എല്ലാവർക്കും ഡിസംബർ 31 വരെ കാലാവധി നീട്ടിനൽകാൻ കഴിയുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ആംനസ്റ്റിയുടെ ഭാഗമായി ഇതുവരെ ബെനിഫിറ്റ് ലഭിച്ച ഒന്നാമത്തെ വിഭാഗമായ 50,000 രൂപയ്ക്ക് താഴെ നികുതി കുടിശ്ശികയുള്ളവർ 22969 പേരുണ്ട്. അവർക്ക് ഈ ഡിസംബർ മാസമാകുമ്പോൾ സർട്ടിഫിക്കറ്റ് കിട്ടും. അത് ആകെയുള്ള കേസ്സുകളിൽ പകുതിയിലധികമുണ്ട്. അപേക്ഷ സ്വീകരിച്ചുതുടങ്ങിയപ്പോൾ 3605 പേരാണ് അതിന് മുകളിലുള്ള കാറ്റഗറിയിൽ ഉൾപ്പെട്ടിരുന്നത്. അവർക്ക് ഡിസംബർ 31 വരെ അപേക്ഷ സമർപ്പിക്കാം. എല്ലാവർക്കും ഈ സമയം വരെ അപേക്ഷിക്കാം. പക്ഷേ ആദ്യഘട്ടം അപേക്ഷ സമർപ്പിച്ചവർക്ക് നികുതി തുകയുടെ 30 ശതമാനമാണ് അടയ്ക്കേണ്ടതെങ്കിൽ ഒരുഘട്ടം കഴിയുമ്പോൾ അത് 32 ശതമാനമാകും. അങ്ങനെ താമസിച്ച് അടയ്ക്കുന്നവർക്ക് ചെറിയ വർദ്ധനവ് വരും. എല്ലാവർക്കും മേല്പറഞ്ഞ തീയതി വരെ അടയ്ക്കാൻ കഴിയും. ഇപ്പോഴത്തെ പ്രവണതയനുസരിച്ച് ആളുകൾ കുടിശ്ശിക തുക അടച്ചുതീർക്കാൻ ശ്രമിക്കുന്നുണ്ട്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഭക്ഷ്യവസ്തുക്കളുടെ നികുതി നിരക്ക് പുന:ക്രമീകരിക്കണമെന്ന കേരളത്തിന്റെ ആവശ്യം ബഹുമാന്യനായ

ധനകാര്യ വകുപ്പുമന്ത്രി ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചതായി അറിയാൻ കഴിഞ്ഞു. അതിന്റെയടിസ്ഥാനത്തിൽ നമ്മുടെ നിർദ്ദേശം പരിഗണിക്കപ്പെട്ടിട്ടുണ്ടോ; ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കേരളത്തിലുള്ളവർ വിവിധ സംസ്ഥാനങ്ങളിൽനിന്നും ഗ്രാനൈറ്റ്, ഇലക്ട്രിക് ഗ്രഡ്സ് തുടങ്ങിയവ വാങ്ങുന്നതുമായി ബന്ധപ്പെട്ട് വരുന്ന ജി.എസ്.ടി.-യിൽ കേരളത്തിന് അർഹതപ്പെട്ട വിഹിതം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം ആംനസ്റ്റി പദ്ധതിയുമായി ബന്ധപ്പെട്ടതല്ലെങ്കിലും പൊതുതാൽപര്യമുള്ള വിഷയമായതുകൊണ്ട് മറുപടി പറയാം. ഭക്ഷ്യവസ്തുക്കളുടെ നികുതി സംബന്ധിച്ച് അന്തിമ തീരുമാനം വന്നിട്ടില്ല. അതിന്റെ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. അവശ്യവസ്തുക്കളുടെ നികുതി വർദ്ധിപ്പിക്കരുതെന്ന നിലപാടാണ് നമുക്കുള്ളത്. ആ സമീപനത്തിൽ തന്നെയാണ് നമ്മൾ ഉറച്ചുനിൽക്കുന്നത്. ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധിപ്പിക്കുന്ന തരത്തിലേക്ക് കാര്യങ്ങൾ പോകരുത്. ഇന്നത്തെ

പ്രധാന റിപ്പോർട്ടുതന്നെ ഇന്ത്യയിലാകെ വിലക്കയറ്റം; ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധിക്കുന്നുവെന്നതാണ്. അത് വർദ്ധിപ്പിക്കാൻ പാടില്ലെന്നതുതന്നെയാണ് നമ്മുടെയും നിലപാട്. രണ്ടാമത്തെ കാര്യം, അന്യസംസ്ഥാനങ്ങളിൽനിന്ന് വാങ്ങുന്ന വിലയേറിയ സാധനങ്ങൾക്ക് പലപ്പോഴും നികുതി കൃത്യമായി അടയ്ക്കുന്നില്ലെന്നൊരു പ്രശ്നമുണ്ട്. അത് പരിഹരിക്കാൻ പലതരത്തിൽ നമ്മൾ ഇടപെടുന്നുണ്ട്. ഇ-വേ ബിൽ കർശനമാക്കുകയും ഐ.ജി.എസ്.ടി. സുതാര്യമാക്കുകയും ചെയ്യണമെന്ന് കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിലും വളരെ ശക്തമായി ഉന്നയിച്ചിട്ടുണ്ട്. ഐ.ജി.എസ്.ടി. കണക്കുകളുടെ കാര്യത്തിൽ പോരായ്മയുണ്ടെന്ന് കേരളം പറഞ്ഞത് കേന്ദ്ര ജി.എസ്.ടി. കൗൺസിലും കേന്ദ്ര ധനകാര്യ മന്ത്രാലയവും മനസ്സിലാക്കിയിട്ടുണ്ടെന്നുള്ളതാണ് വസ്തുത. ജി.എസ്.ടി. പൂൾ അക്കൗണ്ടിൽ വരുന്ന പണം സംസ്ഥാനങ്ങൾക്ക് അർഹമായ തരത്തിൽ കിട്ടുന്നില്ലെന്നുള്ളതിന്റെ കണക്കുകൾ ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ട്. അത് പൊതുവിൽ പരിശോധിച്ചുകൊണ്ടിരിക്കുന്നുണ്ട്. ആ പ്രശ്നം പൂർണ്ണമായും

പരിഹരിക്കാൻ സാധിച്ചിട്ടില്ല. നമ്മുടെ ആവശ്യം നിരന്തരമായി ഉന്നയിക്കുന്നുണ്ട് ; അതിന്റെ പഠനങ്ങൾ നടക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കുടിശ്ശിക നിവാരണ പദ്ധതിയായ ആംനസ്റ്റി പദ്ധതി വലിയ നിലയിൽ വരുമാനവർദ്ധനവിനും പ്രയാസങ്ങൾ പരിഹരിക്കുന്നതിനും വഴിയൊരുക്കുന്നുണ്ടെന്നതാണ് അനുഭവം. ഞാൻ ചോദിക്കുന്നത്, ജപ്തി നടപടികൾ നേരിടുന്ന വ്യാപാരികളെയും സ്ഥലം bought-in-land ആയി ഏറ്റെടുക്കപ്പെട്ട വ്യാപാരികളെയുംകൂടി ആംനസ്റ്റിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതോടൊപ്പം ബാറുകാരുൾപ്പെടെയുള്ള കെ.ജി.എസ്.ടി. ഡീലർമാർക്ക് ആംനസ്റ്റി കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വ്യാപാരികൾക്ക് ആംനസ്റ്റിവഴി പരമാവധി സഹായം ലഭിക്കുന്നതാണ്. മാത്രമല്ല അനാവശ്യമായി കേസിലും മറ്റു വിവാദത്തിലും ഉൾപ്പെട്ട ഇരുപത്തിരണ്ടായിരത്തോളം പേർക്കാണ് ഈ പദ്ധതി പ്രകാരം സഹായം ലഭിച്ചത്. അതിൽ ചില കേസ്സുകളിൽ

അറ്റാച്ച്മെന്റ് വരെ പോകുന്ന സ്ഥിതി നേരത്തെ വന്നിട്ടുണ്ട്. അതൊക്കെ വളരെ പഴക്കമുള്ള കേസാണ്. പൊതുവിൽ ബാർ മേഖലകളെ ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്ത് ആംനസ്റ്റി ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും നൽകുമ്പോഴും നികുതി വെട്ടിപ്പ് നടത്തുന്ന വളരെ പ്രധാനപ്പെട്ട ഒരു മേഖലയാണ് ഇന്ധനക്കടത്ത്. മാഹി, കർണ്ണാടക എന്നിവിടങ്ങളിൽനിന്നും വ്യാപകമായ തോതിൽ ഇന്ധനം കടത്തുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് തടയുന്നതിനാവശ്യമായ നിലപാട് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വളരെ ഗൗരവമായി കേരളത്തെ ബാധിക്കുന്ന ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ഇന്ധനം ബൾക്കായി വാങ്ങുമ്പോൾ ടാക്സ് കുറച്ചുകിട്ടുന്നു. ക്യാപ്റ്റീവായി യൂസ് ചെയ്യുന്നവർക്കുള്ള പ്രത്യേക പ്രൊവിഷൻ ഉപയോഗിച്ചുകൊണ്ട് നമ്മുടെ അയൽ സംസ്ഥാനങ്ങളിൽനിന്ന് പ്രത്യേകിച്ച് കർണ്ണാടക ബോർഡർ, മാഹി എന്നീ ടാക്സ് കുറഞ്ഞ സ്ഥലങ്ങളിൽനിന്ന് ഇന്ധനം വാങ്ങി കടൽ/കര മാർഗം

കേരളത്തിലേക്ക് കൊണ്ടുവന്ന് ചില്ലറ വില്പന നടത്തുന്നുണ്ട്. ക്യാപ്റ്റീവ് യൂസേജിന് ടാക്സിന്റെ കാര്യത്തിൽ വ്യത്യാസമുണ്ട്. കർണ്ണാടകത്തിലും അടുത്തകാലത്തായി നികുതി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും വലിയ വ്യത്യാസമില്ല. ഇങ്ങനെ വരുമ്പോൾ സംസ്ഥാനത്തിന് വലിയതോതിൽ വരുമാന ചോർച്ചയുണ്ടാകുന്നുണ്ട്. സമീപകാലത്ത് എറണാകുളത്തും ആലപ്പുഴയിലും നിരവധി കേസുകൾ പിടിച്ചിരുന്നു. എല്ലാ ജില്ലകളിലും ഇത്തരം കേസുകൾ പിടിച്ചിട്ടുണ്ട്. ഇപ്പോൾ വീണ്ടും അതിന് ശ്രമിക്കുന്നുണ്ടെന്ന വിവരങ്ങളുണ്ട്. അതിനെതതിരെ കർശന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ക്യാപ്റ്റീവ് യൂസിനുള്ള ഇന്ധനം ഇവിടെക്കൊണ്ടുവന്ന് ചില്ലറ വിൽപ്പന നടത്തുന്നതിന് ഫൈനും പെനാൽറ്റിയും വലിയതോതിൽ അടയ്ക്കേണ്ടിവരും. സംസ്ഥാന വിരുദ്ധമായ കൊള്ളയാണ് ഇത്തരക്കാർ നടത്തുന്നതെന്ന് ഈ വേദിയിൽ പറയാൻ ആഗ്രഹിക്കുകയാണ്. ഇങ്ങനെ സംസ്ഥാനത്തെ തുരങ്കംവച്ച് കൊള്ളയടിക്കുന്നവർ നികുതി നിഷേധവും വെട്ടിപ്പും മാത്രമല്ല നടത്തുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക താൽപര്യത്തെക്കൂടി

ബാധിക്കുന്ന നിലപാടാണെടുത്തുകൊണ്ടിരിക്കുന്നത്. അതിനെതിരെ ശക്തമായ നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ്

4(*184) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. എച്ച്. സലാം ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ കാലയളവിൽ സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് വിഹിതം എത്ര ശതമാനമായിരുന്നു; നിലവിൽ എത്രയാണ്; അറിയിക്കുമോ;

(ബി) ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതത്തിൽ വരുത്തിയിട്ടുള്ള കുറവ് സംബന്ധിച്ച് ഏതെങ്കിലും ഏജൻസികൾ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിവരങ്ങൾ നൽകുമോ;

(സി) ഗ്രാന്റ് വിഹിതം അനുവദിക്കുന്നതിനായി കേന്ദ്രം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; സംസ്ഥാനത്തിന്

വിഹിതം കുറവ് വരുത്തുന്നതിനുണ്ടായ കാരണങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ഡി) പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ കാലയളവിൽനിന്നും വ്യത്യസ്തമായി പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ വർധിച്ച തോതിൽ ഗ്രാന്റ് വിഹിതം ലഭ്യമായ സംസ്ഥാനങ്ങൾ ഏതൊക്കെയാണ്; വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ കാലയളവിൽ സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് വിഹിതം 4.54 ശതമാനമായിരുന്നു. 2021-26 സാമ്പത്തിക വർഷത്തേക്കുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ ഇത് 2.68 ശതമാനമായി കുറഞ്ഞിട്ടുണ്ട്.

(ബി) ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതത്തിൽ വരുത്തിയിട്ടുള്ള കുറവ് സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഏജൻസികളെയൊന്നും സർക്കാർ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ അതുസംബന്ധിച്ച വിവിധ ലേഖന പരമ്പരകളും പുസ്തകങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ആയതിൽ സർക്കാർ

ധനസഹായത്തോടെ പ്രവർത്തിക്കുന്ന Gulati Institute of Finance and Taxation (GIFT)-ന്റെ ത്രൈമാസ പ്രസിദ്ധീകരണമായ Kerala Economy-യുടെ 2024 ജൂലൈ-സെപ്റ്റംബർ പതിപ്പിൽ ധനകാര്യ കമ്മീഷൻ മുഖേനയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാന്റ് വിഹിതത്തിൽ വന്നിട്ടുള്ള കുറവ് സംബന്ധിച്ച് പ്രസിദ്ധീകരിച്ച പഠന റിപ്പോർട്ട് ശ്രദ്ധേയമായ ഒന്നാണ്. ഇത് GIFT-ന്റെ ഔദ്യോഗിക വൈബ്സൈറ്റിൽ ലഭ്യമാണ്. (https://www.gift.res.in/kerala-economy-journal-issues/).

(സി) തദ്ദേശ സർക്കാരുകൾക്കുള്ള ഗ്രാന്റുകൾ നിശ്ചയിക്കുന്നതിന് പതിനാലും പതിനഞ്ചും ധനകാര്യ കമ്മീഷനുകൾ പരിഗണിച്ചത് ജനസംഖ്യ (2011-ലെ സെൻസസ്), ഭൂമിശാസ്ത്ര വിസ്തീർണ്ണം എന്നിവ അടങ്ങിയിട്ടുള്ള രണ്ട് മാനദണ്ഡങ്ങളായിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രകാരം സംസ്ഥാനത്തിന്റെ ഷെയർ 2.68 ശതമാനമാണ്. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ ജനസംഖ്യ (1971-ലെ സെൻസസ്), ഭൂമിശാസ്ത്ര വിസ്തീർണ്ണം, ഏറ്റവും ഉയർന്ന പ്രതിശീർഷ വരുമാനത്തിൽ നിന്നുള്ള ദൂരം, ഇൻഡെക്സ് ഓഫ് ഡിപ്രിവേഷൻ, റവന്യൂ പ്രയത്നം എന്നീ അഞ്ച് മാനദണ്ഡങ്ങൾ

അടിസ്ഥാനമാക്കിയാണ് വിഹിതം നിശ്ചയിച്ചത്. ആയതുപ്രകാരം കേരളത്തിന്റെ വിഹിതം 4.54 ശതമാനമായിരുന്നു. ഇത്തരത്തിൽ മാനദണ്ഡങ്ങളിലുണ്ടായ മാറ്റമാണ് ഷെയർ കുറഞ്ഞതിനുള്ള കാരണം.

(ഡി) പന്ത്രണ്ടാം ധനകാര്യ കമ്മീഷനുമായി താരതമ്യം ചെയ്യുമ്പോൾ പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ തദ്ദേശ ഗ്രാന്റിനത്തിലുള്ള വിഹിതത്തിൽ ഏറ്റവും കൂടുതൽ നഷ്ടം സംഭവിച്ചത് കേരളത്തിനായിരുന്നു. ഉത്തർപ്രദേശ്, ബീഹാർ, പശ്ചിമ ബംഗാൾ, രാജസ്ഥാൻ തുടങ്ങി ഇരുപതോളം സംസ്ഥാനങ്ങൾക്ക് വിഹിതത്തിൽ വർധനവാണുണ്ടായിട്ടുള്ളത്.

(ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം ഉന്നയിച്ചില്ല)

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, പതിമൂന്ന്, പതിനാല്, പതിനഞ്ച് ധനകാര്യ കമ്മീഷനുകളിൽനിന്നും സംസ്ഥാനത്തെ ലോക്കൽ ബോഡികൾക്ക് ലഭിച്ച ഗ്രാന്റ് വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഗ്രാന്റ് വിഹിതവുമായി ബന്ധപ്പെട്ട് നാല് കമ്മീഷനുകളുടെയും കണക്കുണ്ട്. സംസ്ഥാനത്തിന് രണ്ട് തരത്തിലുള്ള

ഗ്രാന്റ് നൽകുന്നുണ്ടെന്നത് സഭയിലെ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങൾക്കും അറിയാവുന്നതാണ്. സംസ്ഥാനത്തിന് ഡിവിസിബിൾ പൂളിൽനിന്നും ലഭിക്കുന്ന തുകയാണ് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലത്ത് 1.92 ശതമാനമായി കുറഞ്ഞത്. ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന തുകയുണ്ട്. അതിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്നതിൽ വന്ന കുറവിനെ സംബന്ധിച്ചായിരുന്നു ചോദ്യവും ഉപചോദ്യവും. പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ സമയത്ത് 4.54 ശതമാനമായിരുന്നു സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്നത്. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ സമയമായപ്പോൾ അത് 3.11 ശതമാനമായി. പതിനാലാം ധനകാര്യ കമ്മീഷന്റെ സമയത്ത് 2.67 ശതമാനവും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ വിഹിതം 2.68 ശതമാനമായും കുറഞ്ഞിട്ടുണ്ട്.

ശ്രീ. പി. നന്ദകുമാർ: സർ, കേന്ദ്രസർക്കാർ കേരളത്തോട് കാണിക്കുന്ന അതിശക്തമായ കടന്നാക്രമണത്തിനെതിരെ ഗവൺമെന്റിന്റെ നേതൃത്വത്തിൽതന്നെ പല പ്രക്ഷോഭങ്ങളും നടന്നതായി നമുക്കറിയാം. സംസ്ഥാനത്തിന്റെ വരുമാനം വർധിപ്പിക്കുന്നതിന് സംസ്ഥാന

ഗവൺമെന്റെടുക്കുന്ന നടപടിയെ അഭിനന്ദിക്കുന്നു. ഗ്രാന്റ് വിഹിതം അനുവദിക്കുന്നതിൽ കേന്ദ്രം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളെയും സംസ്ഥാന വിഹിതത്തിൽ കുറവുവരുത്തുന്നതിനുള്ള കാരണങ്ങളെയുംകുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. അതിന് സംസ്ഥാന സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; അതിനുവേണ്ടിയിട്ടുള്ള വിപുലമായ പരിപാടി വകുപ്പ് തയ്യാറാക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. യഥാർഥത്തിൽ കേരളം മികവ് കാണിച്ചതിന്റെ പേരിൽ ശിക്ഷിക്കപ്പെടുകയാണ്. നല്ലതുപോലെ പഠിക്കുന്ന കുട്ടികൾക്ക് മാർക്കും ജോലിയും നൽകില്ലെന്ന് പറഞ്ഞാൽ നമ്മുടെ നാട്ടിൽ അതിനെ അങ്ങേയറ്റം തെറ്റായി വിവക്ഷിക്കപ്പെടും. അതുപോലെയാണ് പൊതുവിലുള്ള കേന്ദ്രമാനദണ്ഡങ്ങളെ സംബന്ധിച്ച വിലയിരുത്തൽ. നല്ലതുപോലെ പഠിച്ചതിന്റെ പേരിൽ അതിന് കൂടുതൽ പരിഗണന നൽകുകയാണ് വേണ്ടത്. സാമൂഹ്യക്ഷേമം, അടിസ്ഥാന സൗകര്യവികസനം തുടങ്ങി വികസനത്തിന്റെ എല്ലാ ഇൻഡക്സിലും കേരളം മറ്റ് സംസ്ഥാനങ്ങളെക്കാൾ വളരെ മുന്നിലാണെന്ന് പറഞ്ഞാണ് കേന്ദ്രസർക്കാർ

ഫണ്ട് വെട്ടിക്കുറച്ചിരിക്കുന്നത്. പിന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങൾക്ക് കൂടുതൽ പരിഗണന നൽകുന്നവിധത്തിലുള്ളതാണ് കേന്ദ്രമാനദണ്ഡം. അതുകൊണ്ടാണ് നമുക്ക് ജനറൽ ഡിവിസിബിൾ പൂളിൽനിന്നും മൂന്നേമുക്കാൽ ശതമാനമുണ്ടായിരുന്ന വിഹിതം ഇപ്പോൾ 1.92 ശതമാനമായി കുറഞ്ഞത്. അതുപോലെ നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റിൽ വന്നിട്ടുള്ള കുറവും വളരെ വ്യക്തമാണ്. 4.54 ശതമാനം ലഭിക്കുന്നതിൽനിന്നുമാണ് 2.68 ശതമാനത്തിലേക്ക് വന്നത്. ഈ പ്രശ്നം ഒറ്റയ്ക്ക് സംസ്ഥാനത്തിന് പരിഹരിക്കാൻ സാധിക്കുന്നതല്ല. ജനങ്ങളെല്ലാവരുംകൂടി നിന്നാൽപോലും കേന്ദ്രത്തിന്റെ നയമാണ് പ്രശ്നം. ഇതുസംബന്ധിച്ച് വളരെയേറെ കാര്യങ്ങൾ സർക്കാർ ചെയ്യുന്നുണ്ട്. ഈ നിയമസഭതന്നെ അതുസംബന്ധിച്ച പ്രമേയം പാസാക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തുനിന്നും എം.എൽ.എ.-മാരും മന്ത്രിമാരും ഡൽഹിയിൽ പോയി സമരം ചെയ്തപ്പോൾ ഇന്ത്യയിലെ പ്രമുഖ രാഷ്ട്രീയ നേതാക്കളുൾപ്പെടെ അതിൽ പങ്കെടുത്തു. ഒരുമാസം മുമ്പ് ഇന്ത്യയിലെ അഞ്ച് സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാർ പങ്കെടുക്കുന്ന ഒരു

കോൺക്ലേവ് സംസ്ഥാനത്ത് സംഘടിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ആ പരിപാടിയിൽ പങ്കെടുത്തുവെന്നത് സന്തോഷത്തോടെ അറിയിക്കുകയാണ്. കേരളത്തോടും ഇന്ത്യൻ ഫെഡറൽ വ്യവസ്ഥയോടുമുള്ള ഈ സമീപനത്തിനും രാജ്യത്തെ ഒറ്റക്കെട്ടായി നിർത്തുന്നതിനുള്ള താൽപര്യമില്ലായ്മ കാണിക്കുന്ന കേന്ദ്രനിലപാടിനുമെതിരെ ശക്തമായ ക്യാമ്പയിൻ നടക്കുന്നുണ്ട്. എന്നാലത് വേണ്ടത്ര ആയിട്ടില്ല. കാരണം പലപ്പോഴും നമ്മൾ രാഷ്ട്രീയാടിസ്ഥാനത്തിൽ വസ്തുതകളെ കാണാതെ, കാട് കാണാതെ മരം കാണുന്നുവെന്ന നിലയിലേയ്ക്ക് പ്രശ്നങ്ങളെടുക്കുന്നുണ്ട്. അതുകൊണ്ട് രാജ്യത്തിന്റെ താൽപര്യം ഉയർത്തിപ്പിടിക്കുന്നതിനുള്ള പ്രവർത്തനം കുറച്ചുകൂടി നടത്തേണ്ടതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, സാമ്പത്തിക വളർച്ച വർധിപ്പിക്കുന്നതിനും വരുമാന വിടവ് നികത്തുന്നതിനുമാണ് വായ്പയെടുക്കുന്നതെന്നാണ് കേന്ദ്രം എപ്പോഴും പറയുന്നത്. ഈ വാദത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് വായ്പയെടുക്കാൻ അവകാശമുണ്ടോ; അതോടൊപ്പം ലോട്ടറി വില്പനയിലൂടെ

ലഭിക്കുന്ന എല്ലാ ലാഭവും സംസ്ഥാന സർക്കാരിനുമാത്രമാണോ ഇന്ന് ലഭിക്കുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സംസ്ഥാനം ആഭ്യന്തരമായെടുക്കുന്ന ചെറിയ വായ്പകൾപോലും കേന്ദ്രത്തിന്റെ പൊതുമാനദണ്ഡത്തിലും കണക്കിലും ഉൾപ്പെടണം. ജി.എസ്.ഡി.പി.-യുടെ മൂന്ന് ശതമാനം വായ്പയെടുക്കാനാണ് സംസ്ഥാനത്തിന് അനുവാദമുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തെ സാമ്പത്തികമായി വളരെ ഞെരുക്കുന്നുണ്ട്. എന്നുമാത്രമല്ല, നേരത്തെയെടുത്ത കടംപോലും മുൻകാല പ്രാബല്യത്തോടെ ഈ വർഷം ലഭിക്കുന്നതിൽനിന്നും വെട്ടിക്കുറയ്ക്കുകയാണ് ചെയ്യുന്നത്. മൂന്ന് ശതമാനമാണ് കേന്ദ്രത്തിന്റെ വായ്പാപരിധിയെങ്കിലും അവർ ആറ് ശതമാനത്തോളം എടുക്കുന്നുണ്ടെന്നതാണ് ഇതിലെ വിരോധാഭാസം. ആശാന് തെറ്റുപറ്റാം, ശിഷ്യർക്ക് തെറ്റുപറ്റാൻ പാടില്ല, ആശാന് സംഭവിക്കുന്ന തെറ്റൊന്നും തെറ്റല്ലെന്ന് പറയുന്ന തരത്തിലൊരു കേന്ദ്ര നയം അതിലുണ്ട്. ഇതൊരു പൊതുസമീപനമാണ്. സംസ്ഥാനത്തിന് എന്തെങ്കിലുമൊരു കടം എടുക്കണമെങ്കിൽ കേന്ദ്രത്തിന്റെ അനുവാദം വേണം. ലോട്ടറിയിൽനിന്നും സംസ്ഥാന ഗവൺമെന്റിന് ലഭിക്കുന്ന ലാഭം ശരാശരി മൂന്ന്

ശതമാനത്തിന് താഴെ മാത്രമാണ്. ഈ വർഷത്തെ ഓണം ബമ്പർ നറുക്കെടുപ്പിൽ ഒന്നാം സമ്മാനം ലഭിച്ചത് വയനാട് ജില്ലയ്ക്കാണെന്നറിഞ്ഞപ്പോൾ ദുരന്തബാധിത പ്രദേശത്താണല്ലോ ലഭിച്ചതെന്നാണ് വിചാരിച്ചത്. പക്ഷേ, വയനാട് ജില്ലയിൽ സ്ഥിരമായി വരുന്ന കർണ്ണാടക സ്വദേശിക്കാണ് അത് ലഭിച്ചത്. ഒരു ലക്ഷത്തോളം ആളുകൾക്ക് തൊഴിൽ നൽകുന്ന ഏജന്റുമാരെ സംരക്ഷിക്കുന്നതാണ് ലോട്ടറി പദ്ധതി. ഇതിലൂടെ ലഭിക്കുന്ന തുകയുടെ മൂന്ന് ശതമാനത്തിൽ താഴെ മാത്രമാണ് സംസ്ഥാന സർക്കാരിന് ലഭിക്കുന്നത്. നല്ലൊരു ഭാഗം തുകയും സമ്മാനമായാണ് പോകുന്നത്. എന്നാൽ നികുതി ഇനത്തിൽ തുക ലഭിക്കുന്നുണ്ട്. കേരളത്തിലെ ഏറ്റവും വലിയ നികുതിദായകരിൽ ഒന്ന് കേരള സംസ്ഥാന ലോട്ടറിയാണ്. പക്ഷേ സംസ്ഥാന ലോട്ടറിയിൽനിന്ന് ലഭിക്കുന്ന നികുതി വരുമാനത്തിന്റെ പകുതിയോളം തുക കേന്ദ്ര സർക്കാരിലേയ്ക്കാണ് പോകുന്നത്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, കേന്ദ്രത്തിന്റെ സാമ്പത്തിക വിവേചനത്തിനെതിരെ അടുത്തകാലത്ത് കേരളം ഐതിഹാസികമായൊരു സമരം നടത്തിയിരുന്നത് ദേശീയ ശ്രദ്ധയാകർഷിച്ചിരുന്നു. പതിനാറാം ധനകാര്യ കമ്മീഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രാജ്യത്ത് ആലോചനകൾ

നടക്കുകയാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ നിരവധി വിവാദങ്ങളുണ്ടായിരുന്നുവെന്ന് അങ്ങയുടെ ഉത്തരത്തിൽത്തന്നെ സൂചിപ്പിച്ചിരുന്നു. 1971-ലെ ജനസംഖ്യാ കണക്കാണ് പരിഗണിക്കേണ്ടിയിരുന്നതെന്നതാണ് അതിലേറ്റവും പ്രധാനപ്പെട്ടത്. പതിനാറാം ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ വലിയ മാറ്റങ്ങളുണ്ടോ; സെൻസസ് അടക്കം പഴയ രൂപത്തിൽത്തന്നെയാണോ എടുക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പതിനാറാം ധനകാര്യ കമ്മീഷൻ കേരളം സന്ദർശിക്കുന്നതിന്റെ തീയതിയാകുന്നതെയുള്ളൂ; മറ്റുപല സംസ്ഥാനങ്ങളും സന്ദർശിച്ച് കഴിഞ്ഞു. മാനദണ്ഡങ്ങളെ സംബന്ധിച്ചും പല സംസ്ഥാനങ്ങളും നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും ധനകാര്യ വകുപ്പുമന്ത്രിമാരുടെ കോൺക്ലേവിൽ ചർച്ച ചെയ്തിട്ടുണ്ട്. കേന്ദ്ര മാനദണ്ഡങ്ങൾ പഴയതുപോലെ മുന്നോട്ടുകൊണ്ടുപോകാൻ പാടില്ല. ഓരോ സംസ്ഥാനത്തിന്റെയും പ്രത്യേകതയുൾപ്പെടെ ചേർത്ത് മാനദണ്ഡങ്ങൾ രൂപീകരിക്കണമെന്നതാണ് സർക്കാർ സമീപനം. അങ്ങനെ മാനദണ്ഡം നിശ്ചയിച്ചില്ലെങ്കിൽ വലിയ

പ്രശ്നമാകും. പ്രത്യേകിച്ച് ജനസംഖ്യയുടെ കാര്യത്തിൽ 1971-ലെ സെൻസസ് ആയിരുന്നു മുമ്പ് കണക്കാക്കിയിരുന്നത്. ഇന്ദിരാഗാന്ധി ഗവൺമെന്റിന്റെ കാലത്ത് അല്ലെങ്കിൽ പഴയകാലത്ത് മാനദണ്ഡങ്ങളെക്കുറിച്ചുള്ള ചർച്ച നടക്കുമ്പോൾ ജനസംഖ്യയുടെ കാര്യത്തിൽ 1971 തന്നെ അടിസ്ഥാനമാക്കണമെന്നും മുന്നോട്ടുവരുന്ന മാറ്റങ്ങൾ സംസ്ഥാനത്തിന്റെ വികസനത്തെ ബാധിക്കരുതെന്ന ആശയവും കാഴ്ചപ്പാടും തീരുമാനവും ധാരണയുമുണ്ടായിരുന്നു. എന്നാൽ കേന്ദ്രം ഏകപക്ഷീയമായി 2011-ലെ സെൻസസ് അടിസ്ഥാനമായിയെടുത്തതോടെ സംസ്ഥാന വിഹിതത്തിൽ വൻതോതിൽ വെട്ടിക്കുറവുവന്നു. അതിന്റെകൂടെ മറ്റൊരു അപകടംകൂടിയുണ്ട്. പാർലമെന്റ് സീറ്റുകളും മറ്റും ഈ അടിസ്ഥാനത്തിൽ വിഭജിക്കുകയാണെങ്കിൽ ധനപരമായ പ്രശ്നം മാത്രമല്ല, പൊളിറ്റിക്കലായ വേർതിരിവുകൂടിവരുമെന്നതാണ് ഇന്ത്യ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. അത് വളരെ സജീവമായി വരികയാണ്. അങ്ങനെയാണെങ്കിൽ ജനസംഖ്യാ നിയന്ത്രണം വന്നതുകൊണ്ട് കേരളത്തെപോലുള്ള സംസ്ഥാനങ്ങളിൽനിന്നുള്ള എം.പി.-മാരുടെ എണ്ണം കുറയുകയും ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള സംസ്ഥാനങ്ങളിൽ എം.പി.-മാരുടെ

എണ്ണം കൂടുകയും ചെയ്യും. ഉദാഹരണമായി ഇന്ത്യൻ പാർലമെന്റിൽ ഉത്തർപ്രദേശിന് 120 എം.പി.-മാരുണ്ടാകുമ്പോൾ കേരളത്തിന് 12 എം.പി.മാരാകുന്ന തരത്തിലേയ്ക്ക് കണക്കുകൾ വരുമെന്ന് മാധ്യമങ്ങളിൽ വാർത്ത വരികയാണ്. ഇന്ത്യൻ ഡെമോക്രസിയെയും രാഷ്ട്രീയത്തെയും ബാധിക്കുന്ന തരത്തിലേയ്ക്കുള്ള ഏകപക്ഷീയമായ തീരുമാനങ്ങൾ ഇത്തരം നിലപാട് മൂലമെന വന്നിട്ടുണ്ട്. സാമ്പത്തിക പ്രശ്നം മാത്രമല്ല, രാഷ്ട്രീയ ഫെഡറലിസത്തിന്റെ എല്ലാ അംശങ്ങളെയും ബാധിക്കുന്ന പ്രശ്നങ്ങൾ അതിലുണ്ട്.

ശ്രീ. ലിന്റോ ജോസഫ്: സർ, സംസ്ഥാന ഗവൺമെന്റിനോട് കേന്ദ്ര ഗവൺമെന്റിന്റെ വലിയ രൂപത്തിലുള്ള സാമ്പത്തിക വിവേചനം തുടർന്നുവരികയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിനെ സംബന്ധിച്ച് വിശദീകരിച്ചു. മുണ്ടക്കൈയിലും ചൂരൽമലയിലും ഉണ്ടായിട്ടുള്ള പ്രശ്നംപോലും അതിന്റെ അവസാനത്തെ ഉദാഹരണമാണ്. പന്ത്രണ്ടാം ധനകാര്യ കമ്മീഷനിൽനിന്നും പതിനഞ്ചാം ധനകാര്യ കമ്മീഷനിലേയ്ക്കെത്തുമ്പോൾ ഏറ്റവും കൂടുതൽ നഷ്ടം സംഭവിച്ച സംസ്ഥാനമാണ് കേരളം. പതിനാറാം ധനകാര്യ കമ്മീഷനിലേയ്ക്ക് കടക്കുമ്പോൾ ഈ നയംതന്നെയായിരിക്കുമോ കേന്ദ്ര

ഗവൺമെന്റ് സ്വീകരിക്കുന്നതെന്നാണ് കേരളം പ്രതീക്ഷിക്കുന്നത്. അങ്ങനെയാണെങ്കിൽ അതിനെ മറികടക്കാൻ നാം ഏതെല്ലാം തരത്തിലുള്ള പരിശ്രമങ്ങൾക്കാണ് മുൻകൈയെടുക്കുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പതിനാറാം ധനകാര്യ കമ്മീഷൻ വരുമ്പോൾ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ സമയത്ത് സംസ്ഥാനത്തോടുണ്ടായിരുന്ന കടുത്ത വിവേചനം ഒഴിവാക്കണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. നിലവിലെ സർക്കാരിന്റെ കാലാവധി കഴിഞ്ഞിട്ടായിരിക്കും പതിനാറാം ധനകാര്യ കമ്മീഷന്റെ അവാർഡിന്റെ എഫക്ട് തുടങ്ങുന്നത്. സംസ്ഥാന സർക്കാരിന്റെ പ്രവർത്തനം ഏറ്റവും സജീവമായി അക്കാര്യത്തിൽ നടക്കുന്നതിന്റെ ഭാഗമായി അക്കാദമിക് ഗ്രൂപ്പുകളുൾപ്പെടെ വിവിധ ഗ്രൂപ്പുകൾ ഇതുസംബന്ധിച്ച് ചർച്ച നടത്തുന്നുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, സമാന പ്രശ്നങ്ങൾ നേരിടുന്ന സംസ്ഥാനങ്ങളുടെ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടിയാണ് ധനകാര്യ വകുപ്പുമന്ത്രിമാരുടെ കോൺക്ലേവ് സംഘടിപ്പിച്ചത്. അന്നുതന്നെ കർണ്ണാടകയിലെ മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അവിടെ

നടത്തുന്ന കോൺക്ലേവിലേയ്ക്ക് ക്ഷണിച്ചു. കൂടാതെ ആന്ധ്രാപ്രദേശ് ഇത്തരം കാര്യങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. പഞ്ചാബിൽനിന്നും തമിഴ്നാട്ടിൽനിന്നുമുള്ള അംഗങ്ങൾ കോൺക്ലേവിൽ പങ്കെടുത്തിരുന്നു. മറ്റു പല സംസ്ഥാനങ്ങളും ഇതേ പ്രശ്നം ചർച്ച ചെയ്യുന്നുണ്ട്. സംസ്ഥാനങ്ങളോട് കാണിക്കുന്ന വിവേചനവും ഒരു ഫെഡറൽ രാജ്യത്തിനകത്ത് ന്യായമായി ലഭിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചും കളക്ടീവായി ചർച്ചകൾ നടത്തുകയാണ്. ഏകപക്ഷീയമായി കാര്യങ്ങൾ കൊണ്ടുപോകുന്നത് ഇന്ത്യയെപോലുള്ള രാജ്യത്തെ സഹായിക്കില്ലെന്ന ബോധമാണ് പൊതുവിലുള്ളത്. കഴിഞ്ഞ ധനകാര്യ കമ്മീഷന്റെ അവാർഡ് വന്നപ്പോൾ വിഹിതം ഏറ്റവും കൂടുതൽ വെട്ടിക്കുറയ്ക്കപ്പെട്ട ഒരു സംസ്ഥാനം കേരളമാണ്. ആ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയാണ് സർക്കാർ ശ്രമിക്കുന്നത്.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

ഇന്നത്തെ ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി മറുപടി നൽകേണ്ട ചോദ്യവുമായി ബന്ധപ്പെട്ട്

പത്തൊമ്പത് അംഗങ്ങൾക്ക് സഭയിൽ ചോദ്യം ചോദിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. ഇത് ബഹുമാനപ്പെട്ട മന്ത്രിമാർക്ക് അനുകരണീയ മാതൃകയാക്കാൻ സാധിക്കുമെന്നാണ് ചെയറിന്റെ അഭിപ്രായം.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു)

10.00 a.m]

II. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: സംസ്ഥാന സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിലെ പരാജയംമൂലം ഉണ്ടായിരിക്കുന്ന ധനപ്രതിസന്ധി കാരണം ട്രഷറി നിയന്ത്രണം ഏർപ്പെടുത്തുകയും പദ്ധതി പ്രവർത്തനങ്ങളടക്കം പ്രതിസന്ധിയിലാവുകയും ചെയ്ത ഗുരുതരസാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ, സർവശ്രീ കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

+ അനുബന്ധമായി ചേർത്തിട്ടുണ്ട്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കേരളത്തെ സംബന്ധിച്ച് ധനകാര്യമേഖലയെക്കുറിച്ചുള്ള ചർച്ച വളരെ ഗൗരവകരമായ കാര്യമാണ്. ഇത് തൊട്ടുമുമ്പുള്ള ചോദ്യത്തിലും വന്ന കാര്യങ്ങളാണ്. അതുകൊണ്ട് പ്രസ്തുത വിഷയം സംബന്ധിച്ച് ചർച്ച ചെയ്യാവുന്നതാണ്.

മി. സ്പീക്കർ: ഇന്നത്തെ റൂൾ 50 നോട്ടീസിൽ പരാമർശിക്കുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യാമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച ചർച്ച ഉച്ചയ്ക്ക് 12.00 മണിക്ക് ആരംഭിക്കുന്നതാണ്. രണ്ടുമണിക്കൂർ സമയമാണ് ചർച്ചയ്ക്കായി നീക്കിവയ്ക്കുന്നത്. ഇന്ന് മൂന്ന് ബില്ലുകളും നാൽപ്പതോളം സബ്മിഷനുകളും ശ്രദ്ധക്ഷണിക്കലുമുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങളും മന്ത്രിമാരും കാര്യങ്ങൾ പരമാവധി ചുരുക്കി അവതരിപ്പിക്കാൻ ശ്രമിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. സബ്മിഷനുകൾക്ക് മന്ത്രിമാർ പരമാവധി ചുരുക്കി

മറുപടി പറയണം. ഉത്തരം മേശപ്പുറത്തുവയ്ക്കുകയാണെങ്കിൽ അത്രയും നല്ലതായിരിക്കും.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

10.03 a.m]

III ക്രമപ്രശ്നം

ക്രമപ്രകാരമല്ലാതെ സബ്മിഷൻ അനുവദിച്ചത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ഓൺലൈൻ ബുക്കിംഗിനെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ഞാൻ അവതരിപ്പിച്ച സബ്മിഷന് ബഹുമാനപ്പെട്ട ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി മറുപടി പറയുകയുണ്ടായി. നാലുദിവസം കഴിഞ്ഞപ്പോൾ വീണ്ടും അതേ വിഷയത്തിൽ ബഹുമാനപ്പെട്ട വർക്കല അംഗം ശ്രീ. വി. ജോയി സബ്മിഷൻ കൊടുത്തിരിക്കുകയാണ്. ഒരാഴ്ചതന്നെ ഒരേ വിഷയത്തിൽ രണ്ട് സബ്മിഷൻ അനുവദിക്കുമോ? മാത്രമല്ല, ബഹുമാനപ്പെട്ട കോവളം അംഗം ശ്രീ. എം. വിൻസെന്റ്, കഴിഞ്ഞ ദിവസം വിഴിഞ്ഞം ഉറമുഖവുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങളെക്കുറിച്ച്

സബ്മിഷന് നോട്ടീസ് കൊടുത്തിരുന്നു. അദ്ദേഹത്തിന് ഇന്നാണ് സബ്മിഷൻ അനുവദിച്ചത്. ഇന്നുതന്നെ ഭരണകക്ഷിയിലെ മറ്റൊരു അംഗത്തിന് അതേ വിഷയം ശ്രദ്ധക്ഷണിക്കലിന് അനുവദിച്ചിരിക്കുന്നു. ഇതെല്ലാം ഓർഡറിലാണോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഒരു വിഷയത്തെക്കുറിച്ച് സബ്മിഷൻ അവതരിപ്പിച്ച് കഴിഞ്ഞാൽ അതുമായി ബന്ധപ്പെട്ട വിഷയത്തിൽ അതേ സഭാസമ്മേളനത്തിൽ പിന്നീട് സബ്മിഷൻ അനുവദിക്കാൻ പാടില്ലെന്ന് നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടത്തിലെ സെക്ഷൻ 304(2) (ii)-ൽ വ്യക്തമായി പറയുന്നുണ്ട്.

മി. സ്പീക്കർ: ഇന്നത്തെ രണ്ടാമത്തെ സബ്മിഷൻ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ഓൺലൈൻ ബുക്കിംഗ് സംബന്ധിച്ചാണ്. ഇതേ വിഷയം 09-10-2024-ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സബ്മിഷനായി സഭയിൽ ഉന്നയിച്ചപ്പോൾ, ബഹുമാനപ്പെട്ട ഇറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി മറുപടി പറഞ്ഞതുമാണ്. ഈ വിഷയം

കേരളത്തിൽ വളരെ വിവാദമായ പശ്ചാത്തലത്തിൽ ഗവൺമെന്റിന്റെ നിലപാട് അറിയാനാണ് ശ്രീ. വി. ജോയി ഇത് സഭയിൽ കൊണ്ടുവന്നത്. ഇതാണ് ചെയറിന് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. 09-10-2024-നുശേഷമുണ്ടായ കാര്യങ്ങൾ അറിയാനാണ് സബ്മിഷൻ കൊണ്ടുവന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, സർക്കാരിന്, പ്രത്യേകിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഏത് സമയത്തും ഏത് വിഷയത്തിൽ വേണമെങ്കിലും സഭയിൽ ഒരു പ്രസ്താവന നടത്താവുന്നതാണ്. മുഖ്യമന്ത്രി സഭാ നേതാവാണ്. ഏത് സമയത്തും ഭരണപരമായ വിഷയത്തിൽ റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് സഭയിൽ വയ്ക്കുന്നതിൽ പ്രതിപക്ഷത്തുള്ളവരാരും എതിർക്കില്ല. അത് മുഖ്യമന്ത്രിക്കുള്ള അധികാരമാണ്. പക്ഷേ റൂൾസ് ഓഫ് പ്രൊസീഡ്യുവറിനെ വയലേറ്റ് ചെയ്തുകൊണ്ട്, ഒരംഗം എന്നുള്ള നിലയിൽ ഞാൻ അവതരിപ്പിച്ച അതേ വിഷയം നാല് ദിവസം കഴിഞ്ഞ് വേറൊരംഗം അവതരിപ്പിക്കുന്നത് ഓർഡറിലല്ല. ചെയറിന്റെ റൂളിംഗ് വന്നു. പക്ഷേ It is a

clear violation of the Rules of Procedure. അങ്ങ് ഇത് അനുവദിച്ചാൽ പ്രതിപക്ഷവും നാളെ ഇതുപോലെയുള്ള വിഷയങ്ങൾ സഭയിൽ കൊണ്ടുവരും.

മി. സ്പീക്കർ: അനിതരസാധാരണമായ സാഹചര്യം കേരളത്തിൽ സൃഷ്ടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കേരളം മതനിരപേക്ഷതയ്ക്ക് പേരുള്ള സംസ്ഥാനമാണ്. ഇത്തരം ഘട്ടത്തിൽ ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കാനാണ് പ്രസ്തുത വിഷയം ബഹുമാനപ്പെട്ട അംഗം സഭയിൽ കൊണ്ടുവന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, That is why I said the Chief Minister can make a statement at any time. മുഖ്യമന്ത്രിക്ക് അതറിയാമല്ലോ. ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റും സ്പീക്കറും ഇത്തരം വയലേഷന് കൂട്ടുനിൽക്കുന്നത് ശരിയല്ല.

10.06 a.m]

IV ശ്രദ്ധക്ഷണിക്കൽ

(1) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

ശ്രീ. ഐ. ബി. സതീഷ്: സർ, വിഴിഞ്ഞം തുറമുഖത്ത് ആദ്യമായി ഒരു മദർഷിപ്പ് നങ്കൂരമിട്ടിട്ട് ഒരു വർഷം തികയുന്ന ദിവസമാണിന്ന്. ഇതിനോടകം 68,000 കണ്ടെയ്നറുകൾ കൈകാര്യം ചെയ്യപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

അസാധ്യമായതിനെ സാധ്യമാക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ഇച്ഛാശക്തിയുടെ സ്വയം സംസാരിക്കുന്ന മാതൃകയാണ് വിഴിഞ്ഞം തുറമുഖം. ഉയർന്നുവന്ന പ്രതിസന്ധികളെയും മന:പൂർവം ഉയർത്തിയ പ്രതിബന്ധങ്ങളെയും അവധാനതയോടെ അതിജീവിച്ചാണ് ചരിത്രത്തിലെ അവിസ്മരണീയ നിമിഷം മലയാളികൾക്ക് ഈ ഗവൺമെന്റ് സമ്മാനിച്ചത്. ഇന്റർനാഷണൽ ഷിപ്പ് ആൻഡ് പോർട്ട് ഫെസിലിറ്റി സെക്യൂരിറ്റി കോഡ് അംഗീകാരം നേടിയ വിഴിഞ്ഞം തുറമുഖത്തെ ലോകത്തെതന്നെ ഏറ്റവും പ്രധാന തുറമുഖമാക്കി മാറ്റിത്തീർക്കുന്നതിനും ആവശ്യമായ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും സർക്കാർ എടുത്തിട്ടുള്ള തീരുമാനങ്ങൾ വിശദീകരിക്കുമോ?

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാംഘട്ട കമ്മീഷനിംഗ് 2024 ഡിസംബർ മാസത്തിൽ നടത്തുന്നതിനുള്ള നടപടി ത്വരിതഗതിയിൽ നടന്നുവരികയാണ്. തുറമുഖത്തിന്റ ട്രയൽറൺ 2024 ജൂലൈ 11-ന് ആരംഭിച്ചു. ഇതിനുശേഷം 29 കപ്പലുകൾ

തുറമുഖത്തെത്തിയിട്ടുണ്ട്. 68000-ത്തിലധികം കണ്ടെയ്നറുകളാണ് ഇതുവരെ കൈകാര്യം ചെയ്തത്. ട്രയൽറൺ വിജയകരമായി പുരോഗമിക്കുകയാണ്. സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള ഇടപെടലുകളിലൂടെയാണ് പ്രതിസന്ധികളെല്ലാം തരണം ചെയ്ത് വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാകുന്നത്. കൺസഷൻ കരാറിലെ വ്യവസ്ഥപ്രകാരം ആദ്യഘട്ട നിർമ്മാണം പൂർത്തിയാകേണ്ടിയിരുന്നത് 2019-ലായിരുന്നു. ഓഖി, പ്രളയം, കോവിഡ് തുടങ്ങിയ കാരണങ്ങളാൽ പദ്ധതി നിശ്ചിത സമയത്ത് പൂർത്തിയാക്കാൻ കഴിയാതെ വരികയും ആർബിട്രേഷൻ നടപടിയിലേയ്ക്ക് പോവുകയും ചെയ്തു. കരാർ പ്രകാരം പദ്ധതിയുടെ രണ്ടും മൂന്നും ഘട്ടം 2045-ലാണ് പൂർത്തിയാക്കേണ്ടിയിരുന്നത്. എന്നാൽ ആർബിട്രേഷൻ നടപടി അവസാനിപ്പിച്ചതിന്റെ ഭാഗമായുള്ള വ്യവസ്ഥപ്രകാരം 2028 ഡിസംബർ മാസത്തിനുമുമ്പ് തുറമുഖത്തിന്റെ വിവിധ ഘട്ടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. നേരത്തെ നിശ്ചയിച്ചതിനെക്കാൾ പതിനേഴ് വർഷം മുമ്പ് പദ്ധതിയുടെ തുടർഘട്ടങ്ങൾ പൂർത്തിയാക്കുന്നതിലൂടെ ചുരുങ്ങിയ കാലയളവിൽ

വൻതോതിലുള്ള നിക്ഷേപം ഉറപ്പുവരുത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ചുരുങ്ങിയ കാലയളവിൽ തുറമുഖ വികസനത്തിനായി പതിനായിരം കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. ചരക്കുസേവന നികുതി ഉൾപ്പെടെ നികുതിയിനത്തിലും തൊഴിൽ സാധ്യതയിലും വലിയ വർധനയുണ്ടാക്കുന്നതിന് ഇത് സഹായകമാകും. റവന്യൂ ഷെയറിംഗ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള 2034-നുമുമ്പ് എല്ലാഘട്ടങ്ങളും പൂർത്തിയാക്കാൻ കഴിയുന്നതിലൂടെ കൂടുതൽ വരുമാന വിഹിതം സംസ്ഥാനത്തിന് ലഭിക്കും. അടുത്ത ഘട്ടങ്ങളുടെ ഭാഗമായുള്ള പാരിസ്ഥിതികാഘാത പഠനത്തിന്റെ കരട് റിപ്പോർട്ടിന്മേൽ ഇതിനകം പബ്ലിക് ഹിയറിംഗ് നടത്തിയിട്ടുണ്ട്. തുടർനടപടി ത്വരിതഗതിയിൽ പൂർത്തിയാക്കാൻ സർക്കാരിന്റെ ഇടപെടലുണ്ടാകും. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി സംസ്ഥാനത്ത് അവസരങ്ങളുടെ വാതായനങ്ങൾ തുറക്കും. സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കും. തുറമുഖ വികസനവും തുറമുഖാധിഷ്ഠിത വ്യവസായ-വാണിജ്യ സംരംഭങ്ങളും കേരളത്തിന്റെ

സാമ്പത്തിക മുന്നേറ്റത്തിലും അതുവഴി നേരിട്ടും അല്ലാതെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കും. സാധ്യമായ വ്യാവസായിക വാണിജ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കി, തുറമുഖത്തിന്റെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ, ഔട്ടർ റിംഗ് റോഡ് എന്നിവയ്ക്കുള്ള പ്രാഥമിക അനുമതികൾ നൽകിക്കഴിഞ്ഞു. വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയാണ് ഔട്ടർ റിംഗ് റോഡ് വിഭാവനം ചെയ്തിരിക്കുന്നത്. ഇരുവശത്തായി രണ്ടര കിലോമീറ്റർ പ്രദേശത്ത് വിവിധ വ്യവസായ-വാണിജ്യശാലകൾ സ്ഥാപിക്കുകയാണ് ലക്ഷ്യം. റിന്യൂവബിൾ എനർജി പാർക്ക്, ഗ്രീൻ ഹൈഡ്രജൻ ഹബ്ബ്, സീ ഫുഡ് പാർക്ക്, അഗ്രിക്കൾച്ചറൽ പാർക്ക്, ലോജിസ്റ്റിക്സ് ആൻഡ് വെയർഹൗസിംഗ്, തുറമുഖാധിഷ്ഠിത വ്യാവസായിക ഇടനാഴി എന്നിവയുടെ സാധ്യത പരിശോധിക്കാൻ കൺസൾട്ടന്റിനെ കണ്ടെത്തുന്നതിനുള്ള ടെൻഡർ നടപടി പുരോഗമിക്കുന്നു. തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന അപ്രോച്ച് റോഡിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. അന്താരാഷ്ട്ര-

ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന 10.7 കിലോമീറ്റർ ദൈർഘ്യമുള്ള റെയിൽപ്പാതയുടെ നിർമ്മാണത്തിന് ദക്ഷിണ റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ശ്രീ. ഐ. ബി. സതീഷ്: സർ, വിഴിഞ്ഞം തുറമുഖത്തിന്റെ പശ്ചാത്തല വികസനത്തിന് ഏറെ പ്രാധാന്യമുള്ളതാണ് ഔട്ടർ റിംഗ് റോഡ്. വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള ഔട്ടർ റിംഗ് റോഡ് ദേശീയപാതയുടെ ഭാഗമാണ്. ദേശീയപാതയ്ക്ക് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം എല്ലാ കാലത്തും ലഭ്യമായിട്ടുണ്ട്. എന്നാൽ ഔട്ടർ റിംഗ് റോഡിന് കേന്ദ്ര സർക്കാർ സഹായം നൽകാത്തതുകാരണം ഭൂമി വിട്ട് നൽകാൻ തയ്യാറായവർ ആശങ്കയിലാണ്. അവരുടെ ആശങ്ക പരിഹരിക്കാനും എത്രയും വേഗം ഔട്ടർ റിംഗ് റോഡ് യാഥാർഥ്യമാക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം ഇതിനോടകംതന്നെ നേരത്തെ ക്യാബിനറ്റ് തീരുമാനിച്ച് പ്രഖ്യാപിച്ചു. കേന്ദ്ര സഹായത്തിനുവേണ്ടി ശ്രമിക്കുന്നുണ്ട്. ഇക്കാര്യം അടിയന്തരമായി പരിഹരിക്കാൻ ശ്രമിക്കും.

(2) റോഡുകളുടെ ശോച്യാവസ്ഥ

ശ്രീ. മോൻസ് ജോസഫ്: സർ, സംസ്ഥാനത്തൊട്ടാകെ റോഡുകൾ തകർന്നതുമൂലമുണ്ടായിരിക്കുന്ന ഗുരുതര പ്രശ്നം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമായി സഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യേണ്ടതാണ്. ദിവസത്തിന്റെ പരിമിതി കാരണം അതിലേക്ക് കടക്കാൻ കഴിയാതെ ശ്രദ്ധക്ഷണിക്കലിലേക്ക് വരികയാണ്. ശബരിമല സീസൺ ആരംഭിക്കാൻ പോകുന്നതിനുമുമ്പായി സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ മുഴുവൻ സഞ്ചാരയോഗ്യമാക്കി മാറ്റുന്ന പ്രവൃത്തി എല്ലാ വർഷവും കൃത്യമായി ചെയ്യുന്നതാണ്. ഇപ്രാവശ്യം റോഡുകളുടെ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ടാണ് ബഹുമാനപ്പെട്ട കോടതിയുടെ വിമർശനമുണ്ടായത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ഗ്രാമീണ റോഡുകൾ തകർന്നതുമൂലം കേരളമൊട്ടാകെ ഉണ്ടായിരിക്കുന്ന ഗുരുതര പ്രതിസന്ധിയെക്കുറിച്ച് കഴിഞ്ഞ ദിവസം മാതൃഭൂമി ഉൾപ്പെടെയുള്ള പത്രങ്ങളിൽ വാർത്ത വന്നിരുന്നു. അതുപോലെ വാട്ടർ അതോറിറ്റിയും പി.ഡബ്ല്യു.ഡി.-യും തമ്മിലുള്ള തർക്കത്തെ തുടർന്ന്

സംസ്ഥാനത്തെ നിരവധി റോഡുകൾ സഞ്ചാരയോഗ്യമാക്കാൻ കഴിയാത്ത വിധത്തിലാണ്. രണ്ട് വകുപ്പുകളുടെയും ഏകോപനം ഫലപ്രദമായി നടത്താൻ കഴിയാത്ത വിഷയം സർക്കാർ തലത്തിൽ നിൽക്കുകയാണ്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി വെട്ടിപ്പൊളിച്ച റോഡുകളുടെ റെസ്റ്റോറേഷന് ആവശ്യമായ തുക വാട്ടർ അതോറിറ്റി മാറ്റിവയ്ക്കാത്തതിനാൽ പ്രവൃത്തി ചെയ്യാൻ കഴിയാത്ത അവസ്ഥയാണ്. ഇതുമൂലം ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നു. വാട്ടർ അതോറിറ്റി ഫണ്ട് നൽകിയാലും പി.ഡബ്ല്യു.ഡി.-യുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ ടെൻഡർ ചെയ്യാൻ കഴിയൂ. പി.ഡബ്ല്യു.ഡി. അനുമതി നൽകുന്നതിലുള്ള കാലതാമസം വലിയ പ്രശ്നമായി വരികയാണ്. ഇത്തരത്തിലുള്ള വിഷയങ്ങൾമൂലം നിരവധി റോഡുകളുടെ പ്രവൃത്തി മുടങ്ങിയിരിക്കുകയാണ്. കടുത്തുരുത്തി - പിറവം മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പെരുവ-പിറവം-പെരുവാമൂഴി റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് ബഹുമാനപ്പെട്ട മന്ത്രി ഉദ്ഘാടനം ചെയ്ത് തുടക്കം കുറിച്ചെങ്കിലും ഗവൺമെന്റ് യഥാസമയം ഫണ്ട് നൽകാത്തതുകൊണ്ട് മുടങ്ങിയിരിക്കുകയാണ്. കടുത്തുരുത്തി-വൈക്കം മണ്ഡലങ്ങളെ

ബന്ധിപ്പിക്കുന്ന മുട്ടുചിറ-ആയാംകുടി-എഴുമാന്തുരുത്ത്-വടയാർ-മുളക്കുളം റോഡിന്റെയും നിർമ്മാണം മുടങ്ങിയിരിക്കുകയാണ്. നിരവധി റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിയതുകൊണ്ട് ജനങ്ങൾ വലിയ പ്രതിഷേധത്തിലും സമരത്തിലുമാണ്. സംസ്ഥാനത്തൊട്ടാകെ ഈ വിഷയങ്ങളുണ്ട്. ജസ്റ്റീസ് ദേവൻ രാമചന്ദ്രൻ സഞ്ചരിച്ച വാഹനം കഴിഞ്ഞ ദിവസം പി.ഡബ്ല്യു.ഡി. റോഡിലെ കുഴിയിൽ വീണ വാർത്ത മാധ്യമങ്ങളിലെല്ലാം വരികയുണ്ടായി. മണ്ഡലകാലം ആരംഭിക്കുന്നതിനുമുമ്പ് റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കാത്തതുമൂലം ജനങ്ങൾ ബുദ്ധിമുട്ടിലാണ്. ഭരണ/പ്രതിപക്ഷ ഭേദമെന്യേ എല്ലാ നിയോജകമണ്ഡലങ്ങളിലും ഇത് വലിയ പ്രശ്നമായി വരികയാണ്. പ്രസ്തുത വിഷയത്തിൽ ഗവൺമെന്റ് കുറച്ചുകൂടി ജാഗ്രത കാണിക്കണം. ബി.എം.&ബി.സി. നിലവാരത്തിലുള്ള റോഡുകളാണ് നമുക്ക് ആവശ്യം. അതുകൊണ്ട് അത്തരത്തിലുള്ള റോഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് നയപരമായി തീരുമാനിക്കണമെന്ന് അഭ്യർഥിക്കുകയാണ്. നിലവിലുള്ള ബി.എം.&ബി.സി. റോഡുകൾ ഓവർ

ലെയർ/റീ-ടാറിംഗ് നടത്തേണ്ട സമയമാണ്. കോട്ടയം ജില്ലയിലെ ബി.എം.&ബി.സി. റോഡുകൾ പത്തുംപന്ത്രണ്ടും വർഷങ്ങളായി ഓവർ ലെയർ ചെയ്യാത്തതുകൊണ്ട് നശിക്കുകയാണ്. പ്രവൃത്തികൾ സമയബന്ധിതമായി ചെയ്യണമെങ്കിൽ ധനകാര്യ വകുപ്പ് കനിയണം.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ അവസാനിപ്പിക്കാം. കഴിഞ്ഞ ബജറ്റിൽ ആയിരം കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചു. ഇതുവരെ അതിന്റെ നടപടികളിലേക്ക് കടന്നിട്ടില്ല. തീർച്ചയായും അതിന്റെ നടപടിയിലേക്ക് കടക്കണം. ഭരണമുന്നണിയിൽ മാത്രമായി അത് ഒതുക്കരുത്. കേരളത്തിലെ റോഡുകളെല്ലാം ഒരുപോലെയാണ്. ഈ ആയിരം കോടി രൂപയിൽനിന്നും പൊതുമരാമത്ത് വകുപ്പിന് കുറച്ച് ഫണ്ടെങ്കിലും നൽകാൻ തയ്യാറാകണം. അതിൽ പ്രതിപക്ഷ മണ്ഡലങ്ങളെക്കൂടി പരിഗണിക്കണമെന്ന് പ്രത്യേകം അഭ്യർഥിക്കുന്നു. പൊതുമരാമത്ത്/തദ്ദേശസ്വയംഭരണ വകുപ്പുകളുടെ റോഡുകൾ

സഞ്ചാരയോഗ്യമാക്കാൻ നടപടിയുണ്ടാകണം. ഇവിടെ ഉന്നയിക്കുന്നത് പി.ഡബ്ല്യു.ഡി. റോഡുമായി ബന്ധപ്പെട്ട വിഷയമാണ്. അക്കാര്യത്തിൽ ഏറ്റവും കൂടുതൽ പ്രതിസന്ധി നേരിടുന്ന സാഹചര്യം കണക്കിലെടുത്ത് റോഡുകൾ നവീകരിക്കുന്ന നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. മോൻസ് ജോസഫ് പഴയ പൊതുമരാമത്ത് വകുപ്പുമന്ത്രി കൂടിയാണ്. ഈ വിഷയം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമായി കൊണ്ടുവരേണ്ടതായിരുന്നുവെന്ന് അദ്ദേഹം സൂചിപ്പിച്ചു. യഥാർഥത്തിൽ അത് കൊണ്ടുവരണമായിരുന്നുവെന്നാണ് എന്റെയും അഭിപ്രായം. കാരണം ഓരോ അംഗത്തിനും ചർച്ച ചെയ്യാനുള്ള അവസരംകൂടി ലഭിക്കുമായിരുന്നു. ധനകാര്യ വകുപ്പിന്റെ പാളിച്ച കാരണമുള്ള ഒരു വിഷയവും സംസ്ഥാനത്തില്ല. പക്ഷേ അദ്ദേഹം ഇതുപറയുമ്പോൾ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് കാണിക്കുന്ന സമീപനം പരാമർശിക്കാതെ പോയത് ഒരു ഡീലിന്റെ ഭാഗമാണെന്ന് സ്വാഭാവികമായി എനിക്ക് തോന്നുകയാണ്. ഇത്തരം

കാര്യങ്ങൾ ചോദിക്കുമ്പോൾ എന്തുകൊണ്ട് ഇങ്ങനെയൊക്കെ പറയുന്നുവെന്നാകും വിചാരിക്കുന്നത്. ചോദ്യത്തിനല്ലേ ഉത്തരം നൽകേണ്ടത്. ഇങ്ങോട്ട് എങ്ങനെയാണോ അതുപോലെ തിരിച്ചും പറയും, അതിലൊരു സംശയവുമില്ല. സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് റോഡുകളുടേയും ദേശീയപാതകളുടേയും പരിപാലനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം സഭയിൽ ചില കാര്യങ്ങൾ വ്യക്തമാക്കിയിരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 29573 കി.മീ. റോഡുകളിൽ 17000 കി.മീ. റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ബി.എം.&ബി.സി. റോഡുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് പറഞ്ഞു. 2021-ലെ എൽ.ഡി.എഫ്. പ്രകടനപത്രികയിൽ കേരളത്തിലെ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ 50 ശതമാനം ബി.എം.&ബി.സി. നിലവാരത്തിലാക്കുമെന്ന് പറഞ്ഞത് മൂന്നര വർഷത്തിനുള്ളിൽത്തന്നെ പൂർത്തീകരിക്കാൻ ഈ സർക്കാരിന് സാധിച്ചുവെന്നത് സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു. ബാക്കിയുള്ളതിൽ നമുക്ക് ഇടപെടാം. കേന്ദ്ര സർക്കാർ ഫണ്ട് നൽകാത്തതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമുണ്ട്. ദീർഘകാലം

നിലനിൽക്കാനാകുന്ന ഡിസൈൻഡ് റോഡുകളുടെ പ്രവൃത്തിയും ഇതിന്റെ ഭാഗമായി മുന്നോട്ടുവരുന്നുണ്ട്. അക്കാര്യം വിശദമായി നേരത്തെ സൂചിപ്പിച്ചിരുന്നു. ശാസ്ത്രീയമായ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നതിന് പി.ഡബ്ല്യു.ഡി. എല്ലാ നിലയിലും ഇടപെടുന്നുണ്ട്. സുതാര്യത ഉറപ്പുവരുത്തുകയെന്നത് വലിയ പ്രശ്നമായിരുന്നു. 2016-ന് മുമ്പുണ്ടായിരുന്ന പ്രശ്നം സുതാര്യത ഉറപ്പ് വരുത്താനും ജനങ്ങളെ കാര്യങ്ങൾ ബോധ്യപ്പെടുത്താനും എന്തുചെയ്യണമെന്നുള്ളതായിരുന്നു. എന്നാൽ റോഡുകളുടെ പരിപാലന കാലാവധി, റണ്ണിംഗ് കോൺട്രാക്ട് തുടങ്ങിയവയെല്ലാം ജനങ്ങൾക്ക് മനസ്സിലാകുന്ന നിലയിൽ പരസ്യപ്പെടുത്തിക്കൊണ്ടാണ് സർക്കാർ ഇപ്പോൾ മുന്നോട്ടുപോകുന്നത്. അത് തുടർന്നും കൊണ്ടുപോകാൻ സാധിക്കുന്നതാണ്. ഓരോ റോഡിന്റെയും പരിപാലന ചുമതല അതിന്റെ കരാറുകാരനാണെന്ന നിലയിൽ കേരളത്തിലെ 90 ശതമാനം റോഡുകളും മാറിയെന്നുള്ളത് എടുത്ത് പറയേണ്ടതാണ്. വാട്ടർ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പും തമ്മിൽ ഏകോപനമില്ലെന്ന് പറയുന്നത് ശരിയല്ല, അതിൽ നല്ല നിലയിലുള്ള

ഏകോപനമുണ്ട്. മന്ത്രി തലത്തിൽ കാര്യങ്ങൾ ചർച്ച ചെയ്താണ് മുന്നോട്ടുപോകുന്നത്. ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ ഇടപെടുന്നുണ്ട്; പ്രശ്നങ്ങൾ പരിഹരിക്കാനുള്ള എല്ലാ ഇടപെടലുകളും നടത്തുമെന്ന് സഭയെ അറിയിക്കുകയാണ്. പ്രകൃതി ദുരന്തത്തിൽ റോഡുകൾ തകർന്നതുമൂലം പൊതുമരാമത്ത് വകുപ്പിന് 852 കോടി 78 ലക്ഷം രൂപയുടെ നഷ്ടമുണ്ടായി. അക്കാര്യം ധനകാര്യ വകുപ്പുമായി ചർച്ച ചെയ്തിട്ടുണ്ട്. നവീകരണത്തിനാവശ്യമായ കാര്യങ്ങൾ വിലയിരുത്തി മുന്നോട്ട് പോകുന്നുണ്ട്. കാലാവസ്ഥാവ്യതിയാനമെന്ന് പറഞ്ഞ് നിലവിളിച്ച് കരയാനല്ല തയ്യാറായിട്ടുള്ളത്. അതിനു പരിഹാരം കാണാനായി കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എച്ച്.ആർ.ഐ.) ഉൾപ്പെടെയുള്ള ഗവേഷണ കേന്ദ്രങ്ങളുമായി ഇടപെടലുകൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്തിന് സി.ആർ.ഐ.എഫ്. (സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട്) ഉൾപ്പെടെയുള്ളവ ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും അത്തരമൊരു സമീപനമുണ്ട്. ചില റോഡുകൾക്ക് പ്രശ്നങ്ങളുണ്ട്, എന്നാൽ ഭൂരിഭാഗം റോഡുകളും നല്ല

നിലവാരമുള്ളവയാണ്. അക്കാര്യങ്ങൾ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യണമെന്നില്ല. കേരളത്തിലെ റോഡുകളിലെവിടെയെങ്കിലും കുഴിയോ മറ്റോ ഉണ്ടെങ്കിൽ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യും. അതിന് അവർ പ്രത്യേക പരമ്പര നടത്തും. എന്നാൽ കേരളത്തിലെ മികച്ച റോഡുകളെക്കുറിച്ച് ദൃശ്യ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യാൻ തയ്യാറായാൽ അവരുടെ ഒരു മാസത്തെ പരിപാടികൾ മുഴുവൻ മാറ്റി വയ്ക്കേണ്ടി വരും. മികവുറ്റ റോഡുകളാണ് കേരളത്തിലുള്ളത്. മറ്റ് തെറ്റായ പ്രവണതകൾ ഇന്നില്ലെന്നുള്ളതാണ് അതിൽ ഏറ്റവും പ്രധാനം. തെറ്റായ നിലപാട് സ്വീകരിക്കുന്ന കരാറുകാർക്കെതിരെ കർശന നടപടി സ്വീകരിക്കും. സാധ്യമാകുന്ന എല്ലാ കാര്യങ്ങളും ചെയ്തുകൊണ്ടാണ് വകുപ്പ് മുന്നോട്ടുപോകുന്നത്. തുടർന്നും ആ നിലപാട് സ്വീകരിക്കുന്നതാണ്. മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ജൽജീവൻ മിഷൻ ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്. ഗ്രാമീണ റോഡുമായി ബന്ധപ്പെട്ട് ധനകാര്യ, തദ്ദേശസ്വയംഭരണ വകുപ്പുകൾ നിലപാട് സ്വീകരിച്ചിട്ടുണ്ട്. അത് ഉടൻ തന്നെ പരിഹരിച്ച് മുന്നോട്ടുപോകാനാകും.

ശ്രീ. മോൻസ് ജോസഫ്: സർ, ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുമെന്ന് പറയുമ്പോൾത്തന്നെ ഒരുകാര്യം പറയാനാഗ്രഹിക്കുകയാണ്. കടുത്തുരുത്തി ടൗണിനോട് ചേർന്ന്, കടുത്തുരുത്തി-പിറവം റോഡിൽ പൈപ്പ് സ്ഥാപിച്ച് മൂന്ന് വർഷമായിട്ടും പരാതി പരിഹരിക്കപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിനും ഈ റോഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ അറിയാവുന്നതാണ്. ഇക്കാര്യത്തിൽ രണ്ട് വകുപ്പുകളും സംയുക്തമായി പരാതിയുള്ള എം.എൽ.എ.-മാരുമായി ഒരു ചർച്ചയ്ക്ക് തയ്യാറാകുന്നത് ഏറ്റവും ഉചിതമായിരിക്കും. ഡീലിനെക്കുറിച്ച് അങ്ങ് പറഞ്ഞു. പ്രതിപക്ഷത്തുനിന്നാരും ഒരു ഡീലിനും പോകുന്നില്ല. ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. മന്ത്രിയുൾപ്പെടെയാണ് കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് വിവിധ ഡീലുകൾ നടത്തികൊണ്ടിരിക്കുന്നത്. (.....ബഹളം.....) ഇത് അങ്ങ് എന്നെക്കൊണ്ട് പറയിപ്പിച്ചതാണ്.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട യോഗം നമുക്ക് നടത്താം. കഴിഞ്ഞ ലോകസഭ തിരഞ്ഞെടുപ്പിൽ

തൃശ്ശൂരിൽ കോൺഗ്രസ് വോട്ട് ചോർന്നതിൽനിന്നുതന്നെ ഡീലിന്റെ കഥ വ്യക്തമാണ്. തൃശ്ശൂർ ഡി.സി.സി. ഓഫീസിലെ ഗ്രൂപ്പി മത്സരവും ഡി.സി.സി. പ്രസിഡന്റിനെയും യു.ഡി.എഫ്. ചെയർമാനെയും മാറ്റിയതും എന്തിന്റെ ഭാഗമായിട്ടാണ്? അതിന്റെ അന്വേഷണ റിപ്പോർട്ടുപോലും പുറത്തുകൊണ്ടുവരാതെ ഡീലിനെക്കുറിച്ച് പറയാൻ ഇവർക്ക് നാണമുണ്ടോ? ജെ.ജെ.എം.-മായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തീർച്ചയായും ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കുന്നതാണ്.

10.21 a.m]
V സബ്മിഷൻ

മി. സ്പീക്കർ: ഇന്ന് നാല്പത് സബ്മിഷനുകളാണുള്ളത്. അതുകൊണ്ട് പരമാവധി ചുരുക്കി അവതരിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട അംഗങ്ങളോട് അഭ്യർഥിക്കുകയാണ്.

(1) സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ പുന:സംഘടന

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരള പോലീസ് ആക്ട് പ്രകാരം സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് അഭ്യർഥിക്കാനുള്ളത്. 13 വർഷങ്ങൾക്കുമുമ്പ്,

2010-11-ലാണ് പോലീസ് ആക്ട്ട് രൂപീകരിച്ചത്. അതിലെ സെക്ഷൻ 24-ൽ "The Government shall, by notification in the official Gazette, constitute a State Security Commission for discharging such functions and duties assigned under this Act" എന്നാണ് പറയുന്നത്. ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മന്ത്രി ചെയർമാനും നിയമ വകുപ്പുമന്ത്രി, പ്രതിപക്ഷ നേതാവ്, ഹൈക്കോടതി ചീഫ് ജസ്റ്റിസ് നോമിനേറ്റ് ചെയ്യുന്ന റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി, ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ് സെക്രട്ടറി, ഡി.ജി.പി., ഗവർണർ നോമിനേറ്റ് ചെയ്യുന്ന മൂന്ന് അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്നതാണ് സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ. പോലീസിലെ ക്രിമിനൽവത്കരണവും അതിക്രമങ്ങളും വർഗ്ഗീയശക്തികളുടെ സ്വാധീനവും ഉൾപ്പെടെ സംസ്ഥാനത്തെ പോലീസ് സംവിധാനത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് ഗുരുതര ആശങ്കകളുണ്ടായിരിക്കുന്ന നിലവിലെ സാഹചര്യത്തിൽ പോലീസിന്റെ പ്രവർത്തനത്തെ ഫലപ്രദമായി വിലയിരുത്താനും തിരുത്താനും കഴിയുന്ന സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ

യാഥാർഥ്യമാക്കണമെന്ന് അഭ്യർഥിക്കുന്നു. സേറ്റ് സെക്യൂരിറ്റി കമ്മീഷൻ രൂപീകരിച്ച് പ്രവർത്തിക്കണമെന്നും വാർഷിക പ്രവർത്തന റിപ്പോർട്ട് ഗവൺമെന്റിന്റെ അംഗീകാരത്തോടെ നിയമസഭയുടെ മേശപ്പുറത്ത് സമർപ്പിക്കണമെന്നും ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുകൊണ്ട് പോലീസ് ആക്ടിലെ സെക്ഷൻ 24 അനുസരിച്ച് സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ രൂപീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരള പോലീസ് ആക്ടിലെ സെക്ഷൻ 24 പ്രകാരം രൂപീകരിക്കുന്ന സംസ്ഥാന സുരക്ഷാ കമ്മീഷന്റെ കാലാവധി 5 വർഷമാണ്. കമ്മീഷന്റെ കാലാവധി അവസാനിച്ചിരിക്കുന്ന സാഹചര്യത്തിൽ കമ്മീഷൻ പുനഃസംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

(2) ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട ഓൺലൈൻ ബുക്കിംഗ്

ശ്രീ. വി. ജോയി: സർ, ശബരിമല വിഷയം ഒരു ക്രമസമാധാന പ്രശ്നമായും വർഗീയധ്രുവീകരണം നടക്കുന്ന സാഹചര്യത്തിലുമാണ് ഈ സബ്മിഷൻ അവതരിപ്പിക്കാൻ ഞാൻ തയ്യാറായത്. ശബരിമലയിൽ എത്തുന്ന

അയ്യപ്പഭക്തർക്ക് സുഗമമായി മലകയറുന്നതിനും ദർശനം നടത്തുന്നതിനുംവേണ്ട ക്രമീകരണങ്ങൾ ഗവൺമെന്റും ദേവസ്വം ബോർഡും നടത്തുകയാണ്. ശബരിമലയിൽ എത്തുന്ന ഭക്തജനങ്ങൾക്ക് വിരിവയ്ക്കാനും പ്രാഥമിക കൃത്യങ്ങൾ നിർവഹിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കാനും ഭക്ഷണക്രമീകരണങ്ങൾ ഏർപ്പെടുത്താനും വേണ്ടിയാണ് ദേവസ്വം ബോർഡ് ഒരു ദിവസം പരമാവധി 80000 പേർക്ക് ഓൺലൈൻ ബുക്കിംഗിലൂടെ ദർശനസൗകര്യമൊരുക്കാൻ തീരുമാനിച്ചതെന്നാണ് മനസ്സിലാക്കുന്നത്. എന്നാൽ, ഇതിനെ അട്ടിമറിക്കാനുള്ള ശ്രമം ആരംഭിച്ചിരിക്കുകയാണ്. ഓൺലൈൻ ബുക്ക് ചെയ്യാതെ വരുന്ന അയ്യപ്പ ഭക്തരെ ദേവസ്വം ബോർഡ് കയറ്റില്ലെന്ന പ്രചാരണം തകൃതിയായി നടത്തുകയാണ്. ഒരു സ്ഥലത്ത് പരമാവധി ഉൾക്കൊള്ളാൻ കഴിയുന്നവർ എത്രയെന്ന് മനസ്സിലാക്കിയാണ് ഈ തീരുമാനം എടുത്തിട്ടുള്ളതെന്ന് ഞാൻ കരുതുകയാണ്. അടുത്ത കാലത്ത് ഉത്തർപ്രദേശിലുണ്ടായ ഒരു സംഭവം നമുക്കെല്ലാവർക്കും മാതൃകയാണ്. റിപ്പോർട്ടർ ചാനലിലെ ശ്രീ. അരുൺ കുമാർ ഇന്നലെ ഈ വിവരം വളരെ കൃത്യമായും സത്യസന്ധമായും രേഖപ്പെടുത്തിയിരുന്നു. എന്നാൽ ചില രാഷ്ട്രീയ പാർട്ടികളും

ഹൈന്ദവസംഘടനകളും ഇതിനെതിരെ യുദ്ധം പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ വിഷയം വർഗ്ഗീയമായി പ്രചരിപ്പിക്കുക, ക്രമസമാധാന പ്രശ്നമുണ്ടാക്കുക എന്ന നിലയിലേക്ക് വന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു സ്പഷ്ടീകരണം നൽകണമെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ശബരിമല മണ്ഡല-മകരവിളക്ക് തീർഥാടനവുമായി ബന്ധപ്പെട്ട് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെയും തീർഥാടനം സുഗമമാക്കുന്നതിനുള്ള നടപടികളുടെയും ഭാഗമായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലും ദേവസ്വം വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിലും തിരുവിതാംകൂർ ദേവസ്വം ബോർഡ്, പോലീസ്, ജില്ലാഭരണകൂടം എന്നിവരുമായി യോഗങ്ങൾ ചേർന്ന് വിശദമായ ആസൂത്രണം നടത്തിയിരുന്നു. തീർഥാടനത്തിന് എത്തുന്ന എല്ലാവർക്കും സന്നിധാനത്തും പമ്പയിലും ഇടത്താവളങ്ങളിലും മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ്, പോലീസ്, വനം, ആരോഗ്യം, പൊതുമരാമത്ത്, ഫയർ ആൻഡ് റസ്ക്യൂ, ലീഗൽ

മെട്രോളജി, ദുരന്തനിവാരണം, ഭക്ഷ്യ-പൊതുവിതരണം, ഇറിഗേഷൻ, കെ.എസ്.ഇ.ബി.എൽ., കെ.എസ്.ആർ.ടി.സി., ബി.എസ്.എൻ.എൽ., വാട്ടർ അതോറിറ്റി, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകളും സ്ഥാപനങ്ങളും തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്താനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിൽ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനും 12 എമർജൻസി മെഡിക്കൽ സെന്ററുകൾ ആരംഭിക്കുന്നതിനും കരിമല റൂട്ടിൽ വനം വകുപ്പുമായി സഹകരിച്ച് മെഡിക്കൽ സെന്ററുകൾ ആരംഭിക്കുന്നതിനും കാർഡിയോളജിസ്റ്റുകളുടെ സേവനം ഉറപ്പുവരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റോഡുകളുടെ അറ്റകുറ്റപ്പണിക്കും കാനന പാതകളിൽ ഭക്തർക്ക് സൗകര്യങ്ങളും സംരക്ഷണവും ഒരുക്കുന്നതിനും അന്യസംസ്ഥാനത്തുനിന്ന് എത്തുന്ന തീർഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശബരിമലയിൽ എത്തുന്ന തീർഥാടകരുടെ സുഗമമായ ദർശനവും സുരക്ഷയും ഉറപ്പാക്കുന്നതിന് സ്പോട്ട് ബുക്കിംഗ് അനുവദിക്കുന്ന വിഷയം 5-10-2024-ന് ചേർന്ന അവലോകന യോഗത്തിൽ

ചർച്ച ചെയ്യുകയും തീർഥാടകർക്ക് സൗകര്യപ്രദവും സുരക്ഷിതവുമായ രീതിയിൽ ദർശനം ഉറപ്പാക്കണമെന്ന് വിലയിരുത്തുകയുമുണ്ടായി. തിരക്ക് നിയന്ത്രിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി സ്വീകരിക്കുന്നതിനായി തീർഥാടകർ ഏത് പാതയാണ് തീർഥാടനത്തിന് തിരഞ്ഞെടുക്കുന്നതെന്ന വിവരം വെർച്വൽ ക്യൂവിൽ ഉൾപ്പെടുത്തുന്നതിനും ഭക്തർക്ക് തിരക്ക് കുറഞ്ഞ ദിവസം യഥേഷ്ടം തിരഞ്ഞെടുക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ സോഫ്റ്റ്വെയറിൽ കൊണ്ടുവന്ന് ഓരോ ദിവസവും ബുക്ക് ചെയ്യുന്നവരുടെ എണ്ണം ജില്ലാ ഭരണകൂടത്തിനും പോലീസിനും മറ്റ് വകുപ്പുകൾക്കും മുൻകൂട്ടിനൽകുന്നതിനും യോഗത്തിൽ തീരുമാനിച്ചിരുന്നു. ശബരിമലയിൽ എത്തുന്ന എല്ലാ തീർഥാടകർക്കും ദർശനം നടത്താനുള്ള സൗകര്യം ഒരുക്കണമെന്നും യോഗം തീരുമാനിച്ചിരുന്നു. വെർച്വൽ ക്യൂ രജിസ്ട്രേഷനിലൂടെ തീർഥാടകരുടെ വിശദാംശങ്ങൾ ഡിജിറ്റൽ രേഖയായി ലഭ്യമാകും. ഇത് ശബരിമലയിലെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും അപകടങ്ങളും കൂട്ടംതെറ്റലുകളുമുണ്ടായാൽ ആളുകളെ കണ്ടത്തുന്നതിനും സഹായകരമാണ്. കഴിഞ്ഞ വർഷത്തേക്കാൾ

മെച്ചപ്പെട്ട തീർഥാടന സൗകര്യങ്ങളും സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ട്. തിരുപ്പതി ഉൾപ്പെടെയുള്ള പ്രമുഖ തീർഥാടന കേന്ദ്രങ്ങളിൽ കുറ്റമറ്റരീതിയിൽ വെർച്വൽ ക്യൂ സമ്പ്രദായം നടന്നുവരുന്നു. ഇതേ മാതൃകയിലാണ് 2011 മുതൽ ശബരിമലയിലും വെർച്വൽ ക്യൂ സംവിധാനം ഏർപ്പെടുത്തിയത്. വെർച്വൽ ക്യൂ കുറ്റമറ്റരീതിയിൽ ശക്തിപ്പെടുത്താൻതന്നെയാണ് ഉദ്ദേശിക്കുന്നത്. എന്നിരുന്നാലും ഓൺലൈൻ രജിസ്ട്രേഷൻ നടത്താതെയും ഈ സമ്പ്രദായത്തെക്കുറിച്ച് അറിയാതെയും എത്തുന്ന ഭക്തർക്കും കഴിഞ്ഞ വർഷങ്ങളിൽ ദർശനം ഉറപ്പുവരുത്തിയിരുന്നു. 2024-25-ലെ മണ്ഡല-മകരവിളക്ക് കാലത്തും വെർച്വൽ ക്യൂവിൽ രജിസ്റ്റർ ചെയ്യുന്നവർക്കും രജിസ്ട്രേഷൻ നടത്താതെവരുന്ന തീർഥാടകർക്കും സുഗമമായ ദർശനത്തിനുള്ള സൗകര്യം സർക്കാർ ഉറപ്പുവരുത്തുന്നതാണ്.

(3) എ.ഡി.ജി.പി.-യുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട്

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ക്രമസമാധാന ചുമതലയുണ്ടായിരുന്ന എ.ഡി.ജി.പി.-ക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെക്കുറിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ഇതിനകം നടത്തിയ

അന്വേഷണത്തിന്റെ റിപ്പോർട്ടുകളെ മുൻനിർത്തി പൊതുസമൂഹത്തിൽ പരക്കുന്ന തെറ്റിധാരണകൾ മാറ്റാനും വസ്തുത എന്താണെന്ന് സഭയ്ക്കും പൊതുസമൂഹത്തിനും അറിയാനും സർക്കാർ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ക്രമസമാധാന ചുമതലയുണ്ടായിരുന്ന എ.ഡി.ജി.പി.-ക്കെതിരെ വിവിധ ആരോപണങ്ങൾ ഉന്നയിച്ച് ലഭിച്ച പരാതിയിലും ആർ.എസ്.എസ്. നേതാക്കളുമായി കൂടിക്കാഴ്ച നടത്തിയെന്ന പരാതിയിലും വിശദമായ അന്വേഷണം നടത്താൻ സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ശ്രീ. ജി. സ്പർജൻ കുമാർ ഐ.പി.എസ്., ശ്രീ. തോംസൺ ജോസ് ഐ.പി.എസ്., ശ്രീ. എ. ഷാനവാസ് ഐ.പി.എസ്., എസ്.പി. ശ്രീ. എസ്. മധുസൂദനൻ എന്നിവരുൾപ്പെട്ട ഉന്നതതല സംഘത്തെ ചുമതലപ്പെടുത്തിയിരുന്നു. ഇതുസംബന്ധിച്ച രണ്ട് റിപ്പോർട്ടുകളും സംസ്ഥാന പോലീസ് മേധാവി 05-10-2024-ന് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടുകളെ സംബന്ധിച്ച് വസ്തുതാപരമല്ലാത്ത ചില വാർത്തകളും ഊഹാപോഹങ്ങളും പ്രചരിക്കുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന് യാതൊന്നും മറച്ചുവയ്ക്കാനില്ല. ഇതിന്റെ വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ടുകളുടെ പകർപ്പ് ഇതിനോടൊപ്പം സമർപ്പിക്കുന്നു.+ ഇവയിലെ കണ്ടെത്തലുകളെക്കുറിച്ച് സർക്കാർ പരിശോധിച്ചുവരുന്നു.

(4) നഗര പുനരുജ്ജീവനവും സംയോജിത ജലഗതാഗതവും പദ്ധതി പൂർത്തീകരണം

ശ്രീ. ടി. ജെ. വിനോദ്: സർ, കൊച്ചി നഗരത്തിലെ പ്രധാന കനാലുകളുടെ പുനരുജ്ജീവനത്തിനും വെള്ളക്കെട്ടിനും ശാശ്വതപരിഹാരം കാണാനും മലിനജല സംസ്കരണത്തിനും കനാലുകളിൽ നിലനിന്നിരുന്ന ജലഗതാഗതം പുന:സ്ഥാപിക്കുന്നതിനുമായി സംസ്ഥാന സർക്കാർ കിഫ്ബിയിലൂടെ വിഭാവനം ചെയ്ത പദ്ധതിയാണ് Integrated Urban Regeneration and Water Transport System. ഈ പദ്ധതിയുടെ ഭാഗമായി ഇടപ്പള്ളി, ചിലവന്നൂർ, തേവര, പേരണ്ടൂർ, മാർക്കറ്റ്, കോന്തുരുത്തി, മംഗളവനം എന്നീ 7 കനാലുകളാണ് ഏറ്റെടുത്തിട്ടുള്ളത്. 12-02-2021-ൽ 1528 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായ പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL) ആണ്. മേൽപറഞ്ഞ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കനാലുകളുടെ ഏറ്റവും ചുരുങ്ങിയ വീതി 16.50 മീറ്ററാക്കിയും കനാലുകളുടെ കൈയേറ്റങ്ങൾ ഒഴിവാക്കിയും ഭൂമിയേറ്റെടുക്കേണ്ടതുണ്ടെങ്കിൽ ആയത് ചെയ്യും ഡീ-സിൽറ്റ് ചെയ്ത് റീട്ടെയ്നിംഗ് വാൾ കെട്ടി നീരൊഴുക്ക് സുഗമമാക്കുന്നതിനുമുള്ള പദ്ധതിയാണിത്. സ്വീവേജ് മാലിന്യം പുഴയിലേയ്ക്കൊഴുക്കി വെള്ളം മലീമസമാക്കാതിരിക്കാൻ വേണ്ടിയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുൾപ്പെടെ 1528 കോടി രൂപയുടെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ലഭിച്ചിട്ടുള്ളതാണ്. കിഫ്ബി മുഖാന്തരം നടപ്പാക്കുന്ന ടി പദ്ധതി വിവിധ തടസ്സങ്ങളുന്നയിച്ച് എങ്ങുമെത്താത്ത അവസ്ഥയിലായതിനാൽ അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ ഇടപെടൽ സർക്കാർ നടത്തണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊച്ചി നഗരത്തിലെ പ്രധാന കനാലുകളെ പുനരുജ്ജീവിപ്പിക്കാനും വെള്ളക്കെട്ടിന് ശാശ്വതപരിഹാരം കാണാനും മലിനജല സംസ്കരണത്തിനും കനാലുകളിലൂടെയുള്ള ജലഗതാഗതം പുനഃസ്ഥാപിക്കാനുമായി വിഭാവനം

ചെയ്ത പദ്ധതിയാണ് Integrated Urban Regeneration and Water Transport System (IURWTS). കിഫ്ബിയുടെ ധനസഹായത്തോടെ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡാണ് ഇതിന്റെ നിർവഹണ ഏജൻസിയായി പ്രവർത്തിക്കുന്നത്. ഇടപ്പള്ളി, ചിലവന്നൂർ, തേവര, പേരണ്ടൂർ, മാർക്കറ്റ്, കോന്തുരുത്തി, മംഗളവനം എന്നീ ഏഴ് കനാലുകളെയാണ് ഈ പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. ടി പദ്ധതി നടപ്പാക്കുന്നതോടെ മേൽപറഞ്ഞ എല്ലാ കനാലുകളുടെയും ഏറ്റവും ചുരുങ്ങിയ വീതി 16.50 മീറ്ററാകും. ഇതിനുപുറമെ, ഭാവിയിൽ കൈയേറ്റങ്ങളുണ്ടാകാതിരിക്കാനും സ്വീവേജ് പ്ലാന്റുകളിലേയ്ക്കുള്ള പൈപ്പുകൾ സ്ഥാപിക്കാനും കെ.എസ്.ഇ.ബി.എൽ. പോലുള്ള സേവനങ്ങൾക്കുവേണ്ടിയുള്ള ഇടനാഴി സ്ഥാപിക്കാനുമായി കനാലുകളുടെ ഇരുകരകളിലും ചുരുങ്ങിയത് രണ്ടുമീറ്റർ വീതിയിൽ ഭൂമിയേറ്റെടുത്ത് നടപ്പാത നിർമ്മിക്കാനും വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ ഇടപ്പള്ളി, ചിലവന്നൂർ, തേവര, പേരണ്ടൂർ എന്നീ കനാലുകളുടെ വികസനത്തിനായി 42 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടിവരും. അതിനായുള്ള സ്ഥലമെടുപ്പും പുറമ്പോക്ക് നിർണ്ണയിക്കുന്നതിനുള്ള

ജോലികളും പുരോഗമിച്ചുവരികയാണ്. മലിനജല സംസ്കരണത്തിനായി കൊച്ചി നഗരത്തിന്റെ 70 ശതമാനം പ്രദേശമുൾക്കൊള്ളുന്ന ഒരു ബൃഹത് പദ്ധതി കിഫ്ബിയും കേരള വാട്ടർ അതോറിറ്റിയും ചേർന്ന് വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി എളംകുളം, വെണ്ണല, മുട്ടാർ, പേരണ്ടൂർ എന്നിവിടങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കാനായി കിഫ്ബിയിൽനിന്നും 1325 കോടി രൂപ അനുവദിക്കുകയും ടെൻഡർ നടപടികൾ പുരോഗമിച്ചുവരികയുമാണ്. സ്ഥലമേറ്റെടുക്കൽ ആവശ്യമില്ലാത്ത മാർക്കറ്റ് കനാലിന്റെ സൗന്ദര്യവത്കരണവും ചിലവന്നൂർ ടാങ്ക് ബണ്ട് റോഡ് പാലത്തിന്റെ നിർമ്മാണപ്രവൃത്തികളും ദ്രുതഗതിയിൽ നടന്നുവരുന്നു. ഈ പദ്ധതി കൊച്ചി നഗരത്തിന്റെ അടിസ്ഥാനസൗകര്യ വികസനമേഖലയിലെ പുതിയ ചുവടുവയ്പ്പാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

(5) പ്രവാസി കേരളീയ ക്ഷേമ പെൻഷൻ

ശ്രീ. നജീബ് കാന്തപുരം: സർ, പ്രവാസി ക്ഷേമനിധിയുമായി ബന്ധപ്പെട്ട് വ്യാപകമായ ആക്ഷേപങ്ങൾ നിലനിൽക്കുകയാണ്. പ്രവാസി

ക്ഷേമനിധിയിൽ 5 വർഷമോ അതിലധികമോ അംശദായമടച്ചശേഷം പല കാരണങ്ങളാൽ മുടങ്ങിപ്പോയ പ്രവാസികൾക്ക് ഒരു രൂപ പോലും പെൻഷൻ കൊടുക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. 60 വയസ്സുകഴിഞ്ഞ പ്രവാസികൾക്ക് ക്ഷേമനിധിയിൽനിന്നും ലഭിക്കുന്ന മിനിമം പെൻഷനായ 3500 രൂപപോലും തടഞ്ഞുവയ്ക്കുന്ന സാഹചര്യമുണ്ട്. വിദേശരാജ്യങ്ങളിൽ ജീവിക്കുന്ന പ്രവാസികളിൽ മഹാഭ്രരിപക്ഷവും സാമ്പത്തികമായി വളരെയധികം പ്രയാസമനുഭവിക്കുന്നവരായതിനാൽ പല സാഹചര്യങ്ങളിലും ഇവർക്ക് ക്ഷേമനിധി വിഹിതം അടയ്ക്കാൻ സാധിക്കാതെ വരുന്നുണ്ട്. ചുരുങ്ങിയത് 5 വർഷമെങ്കിലും അംശദായമടച്ച അംഗങ്ങൾക്ക് കൃത്യമായി പെൻഷൻ നൽകാനുള്ള സാഹചര്യം ഇപ്പോഴുമില്ല. മാത്രമല്ല, കുടിശ്ശികയായ അംശദായത്തുകയിന്മേൽ 14 ശതമാനം പലിശയും ഒരു ശതമാനം പിഴപ്പലിശയും ചുമത്തുന്നതും പാവപ്പെട്ട പ്രവാസികൾക്ക് താങ്ങാവുന്നതിനുമപ്പുറമാണ്. അതുകൊണ്ട് 5 വർഷമെങ്കിലും അംശദായമടച്ചവർക്ക് മിനിമം പെൻഷൻ നൽകാനും അംശദായ കുടിശ്ശികയിന്മേൽ ഈടാക്കുന്ന പലിശയും പിഴപ്പലിശയും ഒഴിവാക്കാനും

സർക്കാർ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെയും 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിയിലെയും വ്യവസ്ഥകൾ പ്രകാരമാണ് കേരളാ പ്രവാസി കേരളീയ ക്ഷേമ ബോർഡ് പ്രവർത്തിച്ചുവരുന്നത്. പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നവർ തുടർച്ചയായി ഒരു വർഷമോ അതിലധികമോ അംശദായമടയ്ക്കാൻ വീഴ്ചവരുത്തി അംഗത്വം നഷ്ടപ്പെടുമ്പോഴാണ് അത് പുനഃസ്ഥാപിക്കാൻ പലിശയും പിഴപ്പലിശയും നൽകേണ്ടിവരുന്നത്. അംശദായ അടവിൽ കൃത്യത പാലിക്കാനാണ് ഈ വ്യവസ്ഥ ഏർപ്പെടുത്തിയിരിക്കുന്നത്. 25-09-2024-ന് ചേർന്ന പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ യോഗ തീരുമാനപ്രകാരം അംശദായ അടവിൽ ആകെ കുടിശ്ശിക തുകയുടെ 14% പലിശയും പ്രസ്തുത തുകയുടെ 1% പിഴയും ഈടാക്കി അംഗത്വം പുനഃസ്ഥാപിച്ചു നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളതിനാൽ കുടിശ്ശികത്തുകയ്ക്ക് ആനുപാതികമായി പലിശവർദ്ധനവ് വരുന്ന രീതി

ഇതിലൂടെ ഒഴിവാകുന്നതാണ്. സോഫ്റ്റ്വെയറിൽ പുതിയ ക്രമീകരണങ്ങൾ വരുന്നതോടെ അംഗത്വം റദ്ദായവർക്ക് ഈ അവസരം പ്രയോജനപ്പെടുത്താൻ സാധിക്കുന്നതാണ്. അംഗത്വമെടുക്കുന്നതിനും അംശദായമടയ്ക്കുന്നതിനും അപേക്ഷ സമർപ്പിക്കുന്നതിനും വിവരങ്ങൾ പരിശോധിക്കുന്നതിനും നിലവിൽ ഓൺലൈൻ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

(6) കരിഞ്ചാപ്പാടിയിലെ യുവാക്കളുടെ അറസ്റ്റ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എന്റെ നിയോജകമണ്ഡലത്തിലെ കരിഞ്ചാപ്പാടി പ്രദേശത്തെ ഷഫീഖ്, മുബഷീർ, നിഷാദ്, ഉബൈദ് എന്നീ നാല് സുഹൃത്തുക്കളുടെ പേരിൽ മേലാറ്റൂർ പോലീസ് 580/2022 നമ്പരായി എൻ.ഡി.പി.എസ്. ആക്ട് പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് റിമാൻഡ് ചെയ്തിരുന്നു. മേലാറ്റൂർ ഭാഗത്തുള്ള സ്വന്തം റെസ്റ്റോറന്റിലേയ്ക്ക് പോകുകയായിരുന്ന ഇവരുടെ കാർ പോലീസ് തടഞ്ഞുനിർത്തുകയും കാറിലുണ്ടായിരുന്ന സുഗന്ധദ്രവ്യം പിടിച്ചെടുത്ത് മയക്കുമരുന്ന് ഇനത്തിൽപ്പെട്ട എം.ഡി.എം.എ. ആണെന്ന പേരിൽ കേസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായി. ഇത് കാറിൽവയ്ക്കുന്ന എയർ ഫ്രഷ്നറാണെന്ന്

പറഞ്ഞെങ്കിലും അതൊന്നും മുഖവിലയ്ക്കെടുക്കാതെ നിരപരാധികളായ ഈ ചെറുപ്പക്കാരെ 88 ദിവസത്തോളം റിമാൻഡ് ചെയ്യുകയുണ്ടായി. മലപ്പുറം മുൻ എസ്.പി. സുജിത് ദാസിന്റെ കീഴിൽ മേലാറ്റൂർ സ്റ്റേഷനിൽ ജോലിചെയ്തിരുന്ന സബ് ഇൻസ്പെക്ടറായ സനീഷ്, സർക്കിൾ ഇൻസ്പെക്ടറായ ഷരോൺ എന്നിവർ ചേർന്നാണ് ഇത്തരത്തിൽ വിചിത്രമായൊരു കേസെടുത്തത്. പോലീസ് കസ്റ്റഡിയിൽ വച്ച് കണ്ണിലും ജനനേന്ദ്രിയങ്ങളിലും മുളകുപൊടി തേയ്ക്കുക, കൈവിരലുകൾ വാതിലിനിടയിൽവച്ച് അടയ്ക്കുക തുടങ്ങിയ പീഡനങ്ങൾ അവർക്ക് അനുഭവിക്കേണ്ടിവന്നുവെന്നാണ് പരാതിപ്പെടുന്നത്. 88 ദിവസങ്ങൾക്കുശേഷം 16-10-2023-ന് കോഴിക്കോട് കെമിക്കൽ എക്സാമിനേഷൻ ലാബിൽനിന്നും പരിശോധനാ റിപ്പോർട്ട് വന്നപ്പോൾ അത് എം.ഡി.എം.എ. ആയിരുന്നില്ലെന്നും വുഡ്റോസിൻ എന്നൊരു വസ്തു മാത്രമാണെന്ന് തെളിയുകയും തുടർന്ന് അവർ ജയിൽ മോചിതരാവുകയും ചെയ്തു. ഇതേത്തുടർന്ന് ടി നാല് കുടുംബങ്ങൾക്കും വൻതോതിലുള്ള സാമ്പത്തികനഷ്ടവും സമൂഹമാധ്യമങ്ങളിലൂടെ മാനഹാനിയും ഉണ്ടായതിനെത്തുടർന്ന് ജനങ്ങളെ അഭിമുഖീകരിക്കാൻപോലും ബുദ്ധിമുട്ട്

നേരിടുകയുണ്ടായി. ഈ നാലു ചെറുപ്പക്കാരിലൊരാളും 38 വയസ്സുകാരനുമായ ഷെഫീഖ് കേസിലകപ്പെട്ടതിന്റെ മാനസികപ്രയാസത്താൽ 07-10-2024-ൽ ഹൃദയാഘാതംമൂലം മരണപ്പെടുകയുണ്ടായി. ആ കുടുംബത്തിന്റെ ഏക ആശ്രയമായിരുന്ന മരണപ്പെട്ട ഷെഫീഖ്. മാനഹാനി ഭയന്ന് ആദ്യമൊന്നും ഇക്കാര്യങ്ങൾ പുറത്തുപറയാൻ മടിച്ചിരുന്ന ഇവർ ഷെഫീക്കിന്റെ മരണശേഷമാണ് അനുഭവിക്കേണ്ടിവന്ന പീഡനങ്ങളെക്കുറിച്ചുള്ള വസ്തുതകൾ പുറത്തുവിട്ടത്. ഇതിൽ രണ്ടുപേർക്ക് വിദേശത്തെ ജോലി നഷ്ടപ്പെടുകയും ഒരാളുടെ കുടുംബജീവിതം തകരുന്ന സ്ഥിതിയുമുണ്ടായി. നിരപരാധികളായ ചെറുപ്പക്കാരുടെ പേരിൽ കൃത്രിമമായി കേസുണ്ടാക്കിയ പോലീസ് ഉദ്യോഗസ്ഥരായ സർക്കിൾ ഇൻസ്പെക്ടർ ഷാരോൺ, സബ് ഇൻസ്പെക്ടർ സനീഷ് എന്നിവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും ടി നാല് യുവാക്കൾക്കും കുടുംബത്തിനും നീതി ലഭിക്കണമെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മലപ്പുറം മേലാറ്റൂർ പോലീസ് സ്റ്റേഷനിൽ ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ 25-10-2022-ന് പുലർച്ചെ വറ്റല്ലൂർ സ്വദേശികളായ നാലുപേർ സഞ്ചരിച്ച കാർ പരിശോധിക്കുകയും 32.72 ഗ്രാം മയക്കുമരുന്ന് ഇനത്തിൽപ്പെട്ട എം.ഡി.എം.എ. എന്ന് സംശയിക്കുന്ന വസ്തു കണ്ടെടുക്കുകയും ചെയ്തിരുന്നു. തുടർന്ന് എൻ.ഡി.പി.എസ്. നിയമത്തിലെ വിവിധ വകുപ്പുകൾപ്രകാരം ഇവർക്കെതിരെ ക്രൈം നമ്പർ 580/2022 ആയി കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് പ്രതികളെ അന്നുതന്നെ പെരിന്തൽമണ്ണ ജൂഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതി റിമാൻഡ് ചെയ്യുകയുമുണ്ടായി. ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ച എം.ഡി.എം.എ.-യുടെ സാമ്പിളുകൾ രാസപരിശോധനയ്ക്കയയ്ക്കുകയും പരിശോധനയിൽ മയക്കുമരുന്നിന്റെ സാന്നിദ്ധ്യം കണ്ടെത്താനാകാത്തതിനാൽ നാലുപ്രതികൾക്കും ബഹുമാനപ്പെട്ട മഞ്ചേരി എൻ.ഡി.പി.എസ്. കോടതി 21-01-2023-ന് ജാമ്യം അനുവദിക്കുകയും ചെയ്തു. കേസിന്റെ അന്വേഷണം നടന്നുവരികയാണ്.

ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച രീതിയിലുള്ള പ്രശ്നങ്ങൾ ഒരു പരാതിയായി നൽകിയാൽ ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

(7) മണക്കാട്-വലിയതുറ, വലിയതുറ-ബീമാപള്ളി, വലിയതുറ-എയർപോർട്ട് റോഡുകളുടെ പുനരുദ്ധാരണം

ശ്രീ. ആന്റണി രാജു: സർ, തിരുവനന്തപുരം നഗരത്തിലെ സുപ്രധാന റോഡുകളായ മണക്കാട്-വള്ളക്കടവ്-വലിയതുറ, ബീമാപള്ളി-വലിയതുറ-എയർപോർട്ട് എന്നിവ തകർന്നിട്ട് വർഷങ്ങളായി. സുലൈമാൻ തെരുവിലും കൊച്ചുതോപ്പിലും ഗർത്തങ്ങൾ രൂപപ്പെട്ടതിന്റെ ഫലമായി അപകടങ്ങൾ പതിവായിരിക്കുകയാണ്. 2022-ൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി 7.65 കോടി രൂപയ്ക്ക് അഡ്മിനിസ്ട്രേറ്റീവ് സാംങ്ഷൻ ലഭിച്ച ടി വർക്ക് 5 പ്രാവശ്യം ടെൻഡർ ചെയ്തു. അതിപ്പോൾ പ്രത്യേകാനുമതിക്കായി മന്ത്രിസഭയുടെ പരിഗണനയിലാണ്. പദ്ധതി വിഹിതത്തിന്റെ 80% നബാർഡ് വഹിക്കുന്ന പ്രസ്തുത പദ്ധതി ഇപ്പോൾ പി.വൈ.ജി.-യിൽ ഉൾപ്പെടുത്തി ലിസ്റ്റ് ചെയ്തതിനാൽ നഷ്ടമാകുമോയെന്നുള്ള ആശങ്കയുണ്ട്. അതുകൊണ്ട് 80% തുക നബാർഡ് വഹിക്കുന്ന പ്രത്യേക പദ്ധതിയെന്ന നിലയ്ക്ക് എയർപോർട്ടിലേയ്ക്കും ശംഖുമുഖം-വേളി എന്നിവിടങ്ങളിലേയ്ക്കുമുള്ള പ്രധാന റോഡാണെന്ന വസ്തുത

പരിഗണിച്ചും ഇതിന് അനുമതി നൽകണമെന്നും ഈ പദ്ധതി നഷ്ടമാകാതിരിക്കാൻ അടിയന്തരമായി ഇടപെടണമെന്നും അഭ്യർഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 28-ൽ നബാർഡിൽനിന്നും പൊതുമാരമത്ത് വകുപ്പിന് അംഗീകാരം ലഭിച്ച മണക്കാട്-വലിയതുറ, വലിയതുറ-ബീമാപള്ളി, വലിയതുറ-എയർപോർട്ട് എന്നീ റോഡുകളുടെ പ്രവൃത്തി പുരോഗമിക്കുന്നു. പദ്ധതിയുടെ ആകെ മൂലധനം 765.98 ലക്ഷം രൂപയും നബാർഡ് വിഹിതം 612.78 ലക്ഷം രൂപയും സർക്കാർ വിഹിതം 153.2 ലക്ഷം രൂപയുമാണ്. ഈ പദ്ധതിക്കുവേണ്ടി മൊബിലൈസേഷൻ അഡ്വാൻസായി 122.56 ലക്ഷം രൂപ നബാർഡ് റിലീസ് ചെയ്തിട്ടുണ്ട്. എന്നാൽ അനുമതി ലഭിച്ച് 21 മാസം കഴിഞ്ഞിട്ടും പൊതുമരാമത്ത് വകുപ്പ് നാളിതുവരെ ടി തുക പദ്ധതി പ്രവർത്തനങ്ങൾക്കായി പിൻവലിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവുപ്രകാരം ടി പദ്ധതിക്ക് 765.98 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിക്കായി നാലുതവണ ടെൻഡർ ക്ഷണിച്ചെങ്കിലും വിവിധ കാരണങ്ങളാൽ ടെൻഡർ നടപടികൾ

പൂർത്തിയാക്കാൻ സാധിച്ചില്ല. പ്രസ്തുത പ്രവൃത്തി അഞ്ചാമതും ടെൻഡർ ചെയ്തപ്പോൾ മെ. ശ്രീധന്യാ കൺസ്ട്രക്ഷൻ കമ്പനി ക്വാട്ട് ചെയ്ത 8,30,41,042.53/- രൂപയുടെ എസ്റ്റിമേറ്റ് പദ്ധതിയുടെ യഥാർഥ എസ്റ്റിമേറ്റിനേക്കാൾ 28.11 ശതമാനം അധികമായതിനാൽ ബന്ധപ്പെട്ട ഫയൽ പൊതുമരാമത്ത് വകുപ്പ്, ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. ടെൻഡർ എക്സസ്സുള്ളതുകൊണ്ട് അധികമായി വരുന്ന തുക സംസ്ഥാന സർക്കാർ വഹിക്കേണ്ടതുണ്ട്. ആയതിനാൽ ഇതുസംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിന്റെ സജീവ പരിഗണനയിലാണ്. ടി റോഡിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സർക്കാർ അനുകൂല സമീപനം സ്വീകരിക്കുന്നതാണ്.

(8) അഭിഭാഷക ക്ലാർക്ക് ക്ഷേമനിധി ബോർഡ്

ശ്രീമതി ശാന്തകുമാരി കെ.: സർ, നീതിന്യായ വ്യവസ്ഥ സംവിധാനത്തിലെ അവിഭാജ്യഘടകമായ കേരള അഭിഭാഷക ക്ലാർക്കുമാരുടെ ക്ഷേമനിധിയുമായി ബന്ധപ്പെട്ട വിഷയമാണ് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. പതിനഞ്ച് വർഷത്തോളം

വക്കീലായി പ്രാക്ടീസ് ചെയ്തതുകൊണ്ട് ക്ലാർക്കുമാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് അറിയാവുന്നതാണ്. അഭിഭാഷക ക്ലാർക്കുമാരുടെ ക്ഷേമത്തിനുവേണ്ടി 2004-ൽ നിലവിൽവന്ന ക്ഷേമനിധി ബോർഡിന്റെ ആകെ വരുമാനം അംഗങ്ങൾ വർഷന്തോറും നൽകുന്ന 1,200 രൂപയുടെ വരിസംഖ്യയും വക്കാലത്തിൽ ഒട്ടിക്കുന്ന വെൽഫെയർ സ്റ്റാമ്പിൽനിന്നും ലഭിക്കുന്ന നാമമാത്രമായ വിഹിതവുമാണ്. എന്നാൽ, ക്ഷേമനിധി ബോർഡിന്റെ നിലവിലെ ബജറ്റുപ്രകാരം വരവിനേക്കാൾ കൂടുതൽ ചെലവ് വരുന്നതിനാൽ 2021-ൽ ബോർഡുതന്നെ അംഗങ്ങളുടെ വാർഷിക വരിസംഖ്യ 1,200-ൽ നിന്ന് 2,000 രൂപയാക്കാനും വെൽഫെയർ സ്റ്റാമ്പിന്റെ മൂല്യം 12 രൂപയിൽനിന്നും 20 രൂപയാക്കി വർധിപ്പിക്കാനും തീരുമാനിക്കുകയും അഭിഭാഷക ക്ലാർക്കുമാർ ഇത് പൂർണ്ണമനസ്സോടെ സമ്മതിക്കുകയും ചെയ്തതാണ്. ഈ വർധനവിലൂടെ സർക്കാരിനോ കക്ഷികൾക്കോ മറ്റാർക്കെങ്കിലുമോ യാതൊരു തരത്തിലുമുള്ള അധികബാധ്യതയും ഉണ്ടാകുന്നില്ല. അതുകൊണ്ട് പ്രസ്തുത വർധനവ് വരുത്തുന്നതിനായി

അടിയന്തരമായി കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി നിയമം ഭേദഗതി ചെയ്യണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ അഭിഭാഷക ക്ലാർക്കുമാരുടെ പെൻഷനിലും മറ്റാനുകൂല്യങ്ങളിലും വർധനവ് വരുത്തിയിട്ടുണ്ട്. ബഹുമാന്യനായ അംഗം ഇപ്പോൾ ആവശ്യപ്പെട്ടത് ക്ഷേമനിധിയിലേയ്ക്കുള്ള വരുമാനം ആനുപാതികമായി വർധിപ്പിക്കാൻ സ്റ്റാമ്പിൽ നിന്നുള്ള മൂല്യവും വരിസംഖ്യയും വർധിപ്പിക്കാൻ സർക്കാർ നയപരമായി അംഗീകാരം നൽകണമെന്നാണ്. ക്ഷേമനിധി ബോർഡിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ക്ഷേമനിധിയിലേയ്ക്കുള്ള വരുമാനത്തിന്റെ മുഖ്യസ്രോതസ്സായ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പിന്റെ മൂല്യം വർധിപ്പിക്കുന്നതിനും ക്ഷേമനിധി അംഗങ്ങളുടെ വാർഷിക വരിസംഖ്യ വർധനവ് നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

+ അനുബന്ധമായി ചേർക്കുന്നു.

(9) ചെങ്കൽ പണ നേരിടുന്ന പ്രതിസന്ധി

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡ് ജില്ലയിലെ ചെങ്കൽ ഉല്പാദകരും തൊഴിലാളികളും കുടുംബങ്ങളും മുഴുപട്ടിണിയിലും ദുരിതക്കയത്തിലുമാണ്. ചെങ്കൽ പണകളിൽനിന്നും ചെങ്കൽ എടുക്കുകയോ മറ്റ് സ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോകുകയോ ചെയ്താൽ റവന്യൂ ഉദ്യോഗസ്ഥരും പോലീസുകാരും അവരെ പിടികൂടുന്ന സാഹചര്യമാണുള്ളത്. നിയമലംഘനം നടത്തിയാൽ ശിക്ഷ നൽകണം. പക്ഷേ, അത് ആളുകളുടെ ജീവനെടുക്കുന്ന രീതിയിലാകരുതെന്നാണ് എന്റെ അഭ്യർഥന. വാഹനങ്ങൾ പിടികൂടുമ്പോൾ ജിയോളജി വകുപ്പാണ് പിഴ ചുമത്തേണ്ടതെങ്കിലും കാസർഗോഡ് ജില്ലയിൽ കളക്ടറുടെ നിർദേശമില്ലാതെ യാതൊരു നടപടിയും സ്വീകരിക്കാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. അതുമൂലം താലൂക്ക് ഓഫീസിന്റെയും പോലീസ് സ്റ്റേഷന്റെയും മുന്നിൽ മാസങ്ങളോളം വാഹനങ്ങൾ കെട്ടിക്കിടക്കുകയാണ്. അങ്ങനെ കെട്ടിക്കിടന്നാൽ വാഹനമുടമകളുടെയും തൊഴിലാളികളുടെയും അവസ്ഥ എന്താകുമെന്ന് പ്രത്യേകം വിവരിക്കേണ്ട ആവശ്യമില്ല. കുറച്ച് ദിവസങ്ങൾക്കുമുമ്പ് ചെങ്കൽ ക്വാറി അസോസിയേഷൻ

നടത്തിയ റിലേ നിരാഹാര പന്തലിൽ ജില്ലയിലെ എല്ലാ എം.എൽ.എ.-മാരും സന്ദർശിച്ചിരുന്നു. ആ പന്തലിൽ നിരാഹാരം കിടന്നൊരു സഹോദരൻ അവിടെവച്ച് ആത്മഹത്യ ചെയ്യാനുള്ള ശ്രമംപോലും നടത്തി. കാസർഗോഡ് ജില്ലയിലെ പട്ടയഭൂമികളിൽനിന്നും ചെങ്കല്ലെടുക്കാൻ സാധിക്കുന്നില്ല. പിടിക്കൂടിയ വാഹനങ്ങളെങ്കിലും പെട്ടെന്ന് വിട്ടുകൊടുക്കാനുള്ള സംവിധാനമുണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർഥിക്കുകയാണ്. മാത്രമല്ല, ഇങ്ങനെ പിടിച്ചിട്ട വാഹനങ്ങൾ കാലപ്പഴക്കം ചെല്ലുമ്പോൾ തുരുമ്പെടുക്കുന്നൊരു അവസ്ഥയുണ്ടാകാൻ പാടില്ലെന്നുകൂടി ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, അനധികൃത ചെങ്കൽ ഖനനത്തിന് നിയമാനുസൃത പിഴ ചുമത്തുകയും നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട അംഗം ജില്ലാ കളക്ടറെ സംബന്ധിച്ച് പരാമർശിക്കുകയുണ്ടായി. അക്കാര്യത്തെക്കുറിച്ച് പ്രത്യേകമായി പരിശോധിക്കാം. ചെങ്കൽ മേഖലയിലെ തൊഴിലാളികളും സംരംഭകരും നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ടെന്നത് അവിടെ

നിന്നുള്ള അംഗങ്ങൾ പലഘട്ടങ്ങളിലും സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കുന്നതിനായി ചെങ്കൽ ഉൽപാദക മേഖലയിൽനിന്നും ആറ് അംഗങ്ങളെയും മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽനിന്നും അഞ്ച് അംഗങ്ങളെയുമുൾപ്പെടുത്തി ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്കുശേഷം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുമാണ്. ടി റിപ്പോർട്ട് വിശദമായി പരിശോധിച്ച് ആവശ്യമായ തീരുമാനങ്ങൾ സർക്കാർ സ്വീകരിക്കുന്നതാണ്.

(10) <u>വിഴിഞ്ഞം തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനം</u>

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം യാഥാർഥ്യമാകുമ്പോഴുണ്ടാകുന്ന പ്രത്യേക സാഹചര്യം കൈകാര്യം ചെയ്യാൻ വിഴിഞ്ഞം പ്രദേശം പ്രാപ്തമല്ലാത്തതിനാൽ പ്രത്യേക ഏജൻസിയെ നിയോഗിച്ച് പഠനം നടത്തി അവിടത്തെ അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി ഒരു പാക്കേജ് പ്രഖ്യാപിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. വിഴിഞ്ഞം ആശ്രുപത്രിയെ

കാഷ്വാലിറ്റി, ട്രോമാ കെയർ എന്നീ സൗകര്യങ്ങളോടുകൂടിയ ജില്ലാ ആശുപത്രിയുടെ നിലവാരത്തിലേയ്ക്ക് ഉയർത്താനും തിരുവനന്തപുരത്തേയ്ക്കും വിഴിഞ്ഞത്തേയ്ക്കും മെട്രോ സർവീസ് ആരംഭിക്കാനും വിഴിഞ്ഞം തുറമുഖത്തിലേക്കെത്തുന്ന റോഡുകളെല്ലാം ഉയർന്ന നിലവാരമുള്ളതാക്കാനും വിഴിഞ്ഞം പ്രദേശത്തിന് മാത്രമായി പ്രത്യേകം കുടിവെള്ള പദ്ധതി കൊണ്ടുവരാനും നടപടി സ്വീകരിക്കണം. ഇതിനുപുറമെ, രാജ്യത്തിനകത്തും പുറത്തുംനിന്ന് അവിടെയെത്തുന്ന ടൂറിസ്റ്റുകൾക്ക് അടിസ്ഥാന സൗകര്യമൊരുക്കാനും വിഴിഞ്ഞം പോലീസ് സ്റ്റേഷൻ അസിസ്റ്റന്റ് കമ്മീഷണർ ഓഫീസായി ഉയർത്താനും വിഴിഞ്ഞം-ബാലരാമപുരം-കോവളം-കാഞ്ഞിരംകുളം-പൂവാർ എന്നീ സ്റ്റേഷനുകളിലെ ക്രൈം കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഒരു പ്രത്യേക കോടതിയും ഒരു അസിസ്റ്റന്റ് ലേബർ ഓഫീസും സ്ഥാപിക്കാനും അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയം നിർമ്മിക്കാനും കെ.എസ്.ആർ.ടി.സി. ഡിപ്പോ അന്താരാഷ്ട്ര നിലവാരമുള്ള ബസ് ടെർമിനലാക്കി ഉയർത്താനുമാവശ്യമായ ഒരു സമഗ്ര പാക്കേജ് നടപ്പാക്കണം. കാരണം, ഭാവിയിൽ ദിനംപ്രതി അവിടേയ്ക്കെത്തുന്ന

പതിനായിരക്കണക്കിനാളുകൾക്ക് അടിസ്ഥാനസൗകര്യങ്ങളൊരുക്കാൻ ഇന്നത്തെ സംവിധാനങ്ങൾ പ്രാപ്തമല്ല. അതുകൊണ്ട് ഒരു ഏജൻസിയെ നിയോഗിച്ച് പഠനം നടത്തി പശ്ചാത്തല വികസന സൗകര്യങ്ങളേർപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, വിഴിഞ്ഞത്ത് നിരവധി അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ സർക്കാർ നടപ്പാക്കിവരുന്നുണ്ട്. ഫിഷറീസ്, വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി.എൽ, പൊതുമരാമത്ത് മുതലായ വകുപ്പുകൾ ഇതിനായി വിവിധ പദ്ധതികളാവിഷ്കരിച്ച് പ്രാവർത്തികമാക്കിവരുന്നു. തുറമുഖത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന വിവിധ വികസന സാധ്യതകൾ പരിശോധിക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതിലേക്കായി അന്താരാഷ്ട്ര നിലവാരമുള്ള ഒരു കൺസൾട്ടന്റിനെ ട്രാൻസാക്ഷൻ അഡ്വൈസറായി കണ്ടെത്തണമെന്നും തീരുമാനിച്ചിട്ടുണ്ട്. ഇതുപ്രകാരം കൺസൾട്ടന്റിനെ കണ്ടെത്തുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുകയാണ്. ടി വികസന പദ്ധതി നടപ്പാക്കുന്നതോടൊപ്പം

വിഴിഞ്ഞത്തെയും സമീപപ്രദേശങ്ങളിലെയും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താനും സാധിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

(11) വക്കം-കായിക്കരക്കടവ് പാലം നിർമ്മാണം

ശ്രീമതി ഒ. എസ്. അംബിക: സർ, ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ തീരദേശഗ്രാമമായ വക്കം മൂന്നുഭാഗവും കായലുകളാൽ ചുറ്റപ്പെട്ട പ്രദേശമാണ്. വക്കത്തുനിന്നും തീരദേശ ഹൈവേ കടന്നുപോകുന്ന കായിക്കരയിലേയ്ക്കെത്താൻ സഹായിക്കുന്ന വക്കം-കായിക്കരക്കടവ് പാലം നിർമ്മിക്കാനും സ്ഥലമേറ്റെടുക്കാനും തുക അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിക്കാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടി പുരോഗമിച്ചുവരുന്നു. ഇത് പൂർത്തിയായാൽ മാത്രമെ പാലം നിർമ്മാണമാരംഭിക്കാൻ സാധിക്കുകയുള്ളൂ. അടിയന്തര പ്രാധാന്യത്തോടെ സ്ഥലമേറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

+ അനുബന്ധമായി ചേർക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. കായിക്കരക്കടവ് പാലം നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് 44 ഭൂവുടമകളാണുള്ളത്. അതിൽ വക്കം വില്ലേജിൽ ബ്ലോക്ക് നമ്പർ 9-ൽപെട്ട 7 ഭൂവുടമകളിൽനിന്നും അഞ്ചുതെങ്ങ് വില്ലേജിലെ ബ്ലോക്ക് നമ്പർ 8-ൽപെട്ട 15 ഭൂവുടമകളിൽനിന്നും ഇതിനോടകം സ്ഥലമേറ്റെടുത്തിട്ടുണ്ട്. സ്ഥലമേറ്റെടുക്കാൻ 6,88,45,531 രൂപ ലഭ്യമായിട്ടുണ്ട്. അതിൽ 3,52,99,682 രൂപ ഭൂവുടമകൾക്ക് ഇതിനകം അനുവദിച്ചുകഴിഞ്ഞു. ബാക്കി ഭൂവുടമകൾക്ക് നൽകാൻ 3,35,45,849 രൂപ മാത്രമേ കൈവശമുള്ളൂ. സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിക്കുന്നതിന് 1,28,56,770 രൂപകൂടി ആവശ്യമുള്ളതും ആയത് ലഭ്യമാക്കാൻ അർഥനാധികാരിയായ കേരള റോഡ് ഫണ്ട് ബോർഡിന് നിർദേശം നൽകിയിട്ടുള്ളതുമാണ്. അർഥനാധികാരി നഷ്ടപരിഹാരത്തുക അനുവദിക്കുന്നമുറയ്ക്ക് ഭൂമിയേറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തീകരിക്കും. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട

അംഗത്തെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു യോഗം അടിയന്തരമായി വിളിച്ചുചേർക്കുന്നതാണ്.

(12) വിലങ്ങാട് ദുരിതബാധിതർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ

ശ്രീ. ഇ. കെ. വിജയൻ: സർ, 2024 ജൂലൈ 30-ന് വയനാട് ജില്ലയിലെ മേപ്പാടിയിൽ ഉരുൾപൊട്ടലുണ്ടായ അതേസമയത്താണ് കോഴിക്കോട് ജില്ലയിലെ വിലങ്ങാടുള്ള വാണിമേൽ പഞ്ചായത്തിലെ മൂന്ന് വാർഡുകളിലും നരിപ്പറ്റ പഞ്ചായത്തിലെ ഒരു വാർഡിലും ഉരുൾപൊട്ടൽ ഭീഷണിയുണ്ടായത്. വെള്ളത്തിന്റെ ഒഴുക്കിൽപ്പെട്ട് വീടുകൾ തകരുകയും മൂന്ന് പേർ മരണപ്പെടുകയും ചെയ്തു. ബഹുമാനപ്പെട്ട മന്ത്രിമാർ, നേതാക്കൾ, മത മേലദ്ധ്യക്ഷന്മാർ, സാമൂഹിക സന്നദ്ധ സംഘടന പ്രവർത്തകർ എന്നിവരൊക്കെ അവിടെ എത്തിച്ചേർന്നിരുന്നു. ഉരുൾപൊട്ടലിനെത്തുടർന്ന് 33 കുടുംബങ്ങളെ വാടക വീടുകളിലേയ്ക്ക് മാറ്റി താമസിപ്പിച്ചുവെങ്കിലും അതിനുശേഷം ശക്തമായ മഴയുണ്ടായതിനാൽ അവിടെ താമസിക്കാൻ സാധിക്കില്ലെന്ന കാഴ്ചപ്പാടിൽ കൂടുതൽപേരെ വാടക വീടുകളിലേയ്ക്ക്

മാറ്റിതാമസിപ്പിക്കേണ്ടിയും വന്നിരിക്കുകയാണ്. പുഴയിൽ വ്യാപകമായി മരവും മണ്ണും കല്ലും അടിഞ്ഞുകൂടുകയും വൻതോതിൽ കൃഷിനാശമുണ്ടാകുകയും ചെയ്തു. കടകൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയ ഒട്ടനവധി കെട്ടിടങ്ങൾക്കും നാശനഷ്ടമുണ്ടായി. ഇതിന്റെയൊക്കെ വിശദമായ കണക്കുകൾ സർക്കാരിന് നൽകിയിട്ടുണ്ട്. മേപ്പാടിയോടൊപ്പംതന്നെ വിലങ്ങാടിന്റെയും പ്രശ്നം പരിഹരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിമാരും സൂചിപ്പിക്കുകയുണ്ടായി. അതോടൊപ്പം ഇവരിൽ പലർക്കും വലിയ തോതിലുള്ള ബാങ്ക് ലോൺ തിരിച്ചടയ്ക്കാൻ സാധിക്കാത്ത സാഹചര്യമുണ്ട്. ഇന്നലെ അക്കാര്യങ്ങളൊക്കെ ചർച്ച ചെയ്തതാണ്. അതുകൂടി പരിഹരിക്കാനുള്ള സംവിധാനമുണ്ടാകണം. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട മറ്റ് മന്ത്രിമാരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് അടിയന്തമായി ഒരു യോഗം ചേർന്ന് പുനർനിർമ്മാണപ്രക്രിയയ്ക്ക് ശാശ്വത പരിഹാരം കാണാനുള്ള തീരുമാനംകൂടിയുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുകയാണ്.+ ചൂരൽമലയ്ക്ക് തുല്യമായ വളരെ ഗുരുതരമായ അപകടമാണ് വിലങ്ങാടുണ്ടായത്. വാണിമേൽ ഗ്രാമപഞ്ചായത്തിലെ 9, 10, 11 വാർഡുകളും നരിപ്പറ്റ ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡുമാണ് ദുരന്തബാധിത മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളത്. 451 കുടുംബങ്ങൾക്ക് 10,000 രൂപ വീതമുള്ള അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ജീവനോപധി നഷ്ടപ്പെട്ട കുടുംബങ്ങളെയും ദീർഘനാൾ ചികിത്സയിൽ കഴിയുന്നവരെയും സഹായിക്കുന്നതിനായി 300 രൂപ വീതം 30 ദിവസത്തേയ്ക്ക് ഒരു കുടുംബത്തിലെ രണ്ട് വ്യക്തികൾക്ക് വീതം വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 6,000 രൂപ വീതം വാടകയും മരണപ്പെട്ടവരുടെ ആശ്രിതർക്ക് 6 ലക്ഷം രൂപയും 591 കുടുംബങ്ങൾക്ക് സൗജന്യ റേഷനും അനുവദിച്ചിട്ടുണ്ട്. ചൂരൽമല ദുരന്തബാധിതർക്ക് നൽകുന്ന എല്ലാ സഹായങ്ങളും വിലങ്ങാട് ദുരന്തബാധിതർക്കും നൽകാനുള്ള സമീപനം സ്വീകരിച്ചിട്ടുണ്ട്. ജില്ല ജിയോളജിസ്റ്റ്, ജില്ല മണ്ണ് സംരക്ഷണ ഓഫീസർ, ജില്ല ഹൈഡ്രോളജിസ്റ്റ്, ഹസാർഡ് അനലിസ്റ്റ്, അസിസ്റ്റന്റ്

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

എഞ്ചിനീയർ (പൊതുമരാമത്ത് കെട്ടിട വിഭാഗം), അസിസ്റ്റന്റ് എഞ്ചിനീയർ (വാണിമേൽ ഗ്രാമപഞ്ചായത്ത്) എന്നിവരുൾപ്പെട്ട വിദഗ്ധസംഘം 02-08-2024-ന് സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. 13-08-2024-ന് റാപ്പിഡ് വിഷ്വൽ സ്ക്രീനിംഗ് ടീമിനെ അവിടേയ്ക്ക് അയച്ചിട്ടുണ്ട്. കൂടാതെ, ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥസംഘവും സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. കോഴിക്കോട് ജില്ലയുടെ ചുമതലക്കാരൻകൂടിയായ പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെയും വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെയും സാന്നിദ്ധ്യത്തിൽ കോഴിക്കോട് വച്ച് അടിയന്തരമായി ഉദ്യോഗസ്ഥരുടെ പ്രത്യേക യോഗം ചേരുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ട എല്ലാ കാര്യങ്ങളും ചെയ്യുന്നതാണ്.

(13) കുറിഞ്ഞിമല സാങ്ച്വറി രൂപീകരണം

ശ്രീ. എ. രാജ: സർ, ദേവികുളം താലൂക്കിൽ വട്ടവട, കൊട്ടക്കൊമ്പൂർ വില്ലേജുകളിലെ കുറിഞ്ഞിമല സാങ്ച്വറി പ്രശ്നം പരിഹരിക്കണമെന്ന് ആവശ്യപ്പെടുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

2006-ൽ സർക്കാർ ഉത്തരവുപ്രകാരം വട്ടവട, കൊട്ടക്കൊമ്പൂർ വില്ലേജുകളിൽ ഏകദേശം 3200 ഹെക്ടർ സ്ഥലത്ത് കുറിഞ്ഞിമല സാങ്ച്വറി രൂപീകരണവുമായി ബന്ധപ്പെട്ട് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ 17 വർഷം കഴിഞ്ഞിട്ടും ഈ സാങ്ച്വറിയുടെ സർവേ നടപടികളാരംഭിക്കുകയോ അതിരുകൾ നിർണ്ണയിക്കുകയോ സർക്കാർ ഏറ്റെടുക്കുന്ന ഭൂമിയിലെ കർഷകരുടെ പ്രശ്നങ്ങളിൽ തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിമാർ സംയുക്തമായി അവിടം സന്ദർശിച്ച് ചില തീരുമാനങ്ങളെടുത്തിരുന്നുവെങ്കിലും യാതൊന്നും നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. ഇതിനുവേണ്ടി ഐ.എ.എസ്. റാങ്കിലുള്ള ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുന്നുണ്ട്. ഉദ്യോഗസ്ഥർ മാറി വരുന്നതല്ലാതെ തുടർ നടപടികൾ പുരോഗമിക്കുന്നില്ല. പട്ടയം കൈവശമുള്ളവർക്ക് കരമടയ്ക്കാനോ പോക്കുവരവ് നടത്താനോ നട്ടുവളർത്തിയ മരങ്ങൾ മുറിക്കാനോ സാധിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. സർവേ നടപടികൾ പൂർത്തീകരിക്കുന്നതുവരെയെങ്കിലും പട്ടയമുള്ള ആളുകൾക്ക് അവർ

നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള ഇടപെടലുണ്ടാകണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

വനം-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ദേവികുളം താലൂക്കിലെ വട്ടവട വില്ലേജിലെ ബ്ലോക്ക് നമ്പർ 62, കൊട്ടക്കൊമ്പൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 58 എന്നിവയിൽപെട്ട പട്ടയ ഭൂമി ഒഴിവാക്കിയുള്ള ഏകദേശം 3200 ഹെക്ടർ ഭൂമിയാണ് കുറിഞ്ഞിമല ഉദ്യാനം രൂപീകരിക്കുന്നതിനായി 1972-ലെ വനം വന്യജീവി സംരക്ഷണ നിയമപ്രകാരം 2006-ൽ വനം വകുപ്പ് ഉദ്ദേശവിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസറായി ദേവികുളം ആർ.ഡി.ഒ.-യെ 2015-ൽ നിയമിച്ചുത്തരവായിരുന്നു. ഉദ്ദേശവിജ്ഞാപനം പുറപ്പെടുവിച്ച പ്രദേശത്തെ ജനങ്ങളുടെ ഭൂമിയിന്മേലുള്ള അവകാശം പരിശോധിക്കാനും കൈയേറ്റങ്ങൾ ഒഴിപ്പിക്കാനും ഓരോ തണ്ടപ്പേർ കക്ഷിയെയും നേരിൽ കേട്ട് രേഖകൾ പരിശോധിച്ച് കൈവശക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാനുമുള്ള ചുമതല സെറ്റിൽമെന്റ് ഓഫീസർക്ക് നൽകിയിരുന്നു. വനം വകുപ്പിന്റെ ഉദ്ദേശവിജ്ഞാപനത്തിലുൾപ്പെട്ട

മേൽപറഞ്ഞ വില്ലേജുകളിലെ പട്ടയ ഭൂമി ഒഴിവാക്കിയുള്ള ഭൂമിയുടെ അതിരുകൾ പുനർനിർണ്ണയം ചെയ്ത് കുറിഞ്ഞിമല സങ്കേതത്തിന്റെ അതിരുകൾ നിശ്ചയിക്കാൻ 2018-ലും 2020-ലും റവന്യൂ വകുപ്പ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. വന നിയമപ്രകാരവും ഭൂപതിവ് നിയമപ്രകാരവുമുള്ള കളക്ടറുടെ അധികാരം നൽകി സ്പെഷ്യൽ ഓഫീസർമാരായി നിയമിക്കുന്നത് സബ് കളക്ടർമാരെയാണ്. എന്നാൽ ഒരു മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥനെ ഇക്കാര്യത്തിൽ നിയമിക്കണമെന്ന ഉദ്ദേശത്തോടുകൂടി കുറിഞ്ഞിമല സങ്കേതത്തിന്റെ കാര്യനിർവഹണത്തിനായി ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറായിരുന്ന ഡോ. എ. കൗശികനെ സ്പെഷ്യൽ ഓഫീസറായി 2020-ൽ നിയമിച്ചിരുന്നു. എന്നാൽ, റവന്യൂ ഹെഡ് ഓഫീസിൽ പ്രധാന ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന് ഇടുക്കി ജില്ലയിലുള്ള ഈ ചുമതല കാര്യക്ഷമമായി നിർവഹിക്കാൻ സാധിക്കില്ലെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽനിന്നുതന്നെയുള്ള ദേവികുളം സബ് കളക്ടർക്ക് കുറിഞ്ഞിമല സങ്കേതത്തിന്റെ അധിക ചുമതല നൽകി 2022-ൽ ഉത്തരവായി. ഉദ്യാനപ്രദേശത്തെ പട്ടയഭൂമിയുടെ തണ്ടപ്പേർ

പരിശോധന നടത്തേണ്ടത് സെറ്റിൽമെന്റ് ഓഫീസറാണ്. ദേവികുളം സബ് കളക്ടർ നിലവിൽ ഇടുക്കി ഡെവലപ്മെന്റ് കമ്മീഷണർ, ഇടുക്കി പാക്കേജിന്റെ സ്പെഷ്യൽ ഓഫീസർ, മാങ്കുളം, ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലെ റിസർവ് ഫോറസ്റ്റുകളുടെയും നാഷണൽ പാർക്കുകളുടെയും സെറ്റിൽമെന്റ് ഓഫീസർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നതിനാൽ കുറിഞ്ഞി സങ്കേതത്തിന്റെ സെറ്റിൽമെന്റ് നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഉദ്ദേശവിജ്ഞാപനത്തിൽപ്പെട്ട ഭൂമിയിൽ താമസിച്ച് കൃഷി ചെയ്യുന്നവരെ ഒഴിപ്പിക്കാതെ അവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക, നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ അതിരുകൾ നിർണ്ണയിക്കുക, ഭൂമി പ്രശ്നം പരിഹരിക്കുക, സർവേ നടത്തുക, പട്ടയങ്ങളുടെ ആധികാരികത പരിശോധിക്കുക എന്നിവയാണ് പരിഹരിക്കപ്പെടേണ്ട വളരെ പ്രധാനപ്പെട്ട പ്രശ്നങ്ങൾ. ഇതിനായി ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് വനഭൂമിയും പട്ടയഭൂമിയും തിട്ടപ്പെടുത്തേണ്ടതുമുണ്ട്. ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിന് കുറിഞ്ഞിമല ഉദ്യാനത്തിന്റെ സെറ്റിൽമെന്റ് ഓഫീസറായി പ്രത്യേക ചുമതല നൽകി ഒരു ഉദ്യോഗസ്ഥനെ

നിയമിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇതാടൊപ്പം വിജ്ഞാപനവുമായി ബന്ധപ്പെട്ട ചില നിയമപ്രശ്നങ്ങളിന്മേൽ സ്പെഷ്യൽ ഓഫീസർ അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം തേടിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ അഡ്വക്കേറ്റ് ജനറൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ചേർന്നെങ്കിലും നാളിതുവരെ നിയമോപദേശം ലഭ്യമാക്കിയിട്ടില്ല. നിയമോപദേശം ലഭ്യമാക്കുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കാൻ സ്പെഷ്യൽ ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്. കുറിഞ്ഞിമല സങ്കേതത്തിന്റെ അതിരുകൾ തിട്ടപ്പെടുത്തുന്നതിന് പ്രസ്തുത വില്ലേജുകളിൽ ഡിജിറ്റൽ സർവേ നടത്തുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്. കുറിഞ്ഞിമല സങ്കേതവുമായി ബന്ധപ്പെട്ട മേൽപറഞ്ഞ വിഷയങ്ങൾ പരിശോധിക്കാൻ റവന്യൂ, ഫോറസ്റ്റ്, സർവേ ഉദ്യോഗസ്ഥരുടെ ഒരു അടിയന്തരയോഗം വിളിച്ചുചേർക്കുന്നതാണെന്നും ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

(14) കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ മൂന്ന് വില്ലേജുകളിലായി താമസിക്കുന്ന ആയിരത്തിനാന്നൂറോളം കുടിയേറ്റക്കാർക്ക് പട്ടയം ലഭിക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്കും ഇക്കാര്യങ്ങൾ അറിയാം. അവരുടെയെല്ലാം ഇടപെടലോടുകൂടി പുതിയ സർവെ നടത്തി കൈവശക്കാരുടെ ഭൂമിയളന്ന് സ്കെച്ചും പ്ലാനും തയ്യാറാക്കിയിട്ടുണ്ട്. തൊള്ളായിരത്തി ഇരുപത്തിയെട്ടോളം കൈയേറ്റക്കാർക്ക് അവകാശം ലഭിക്കുന്നതിനുള്ള അപേക്ഷയാണ് വാഴിച്ചൽ വില്ലേജിലുള്ളത്. പല കാരണങ്ങളാൽ ഇത് മുടങ്ങി സമയം നീണ്ടുപോകുകയാണ്. ഇക്കാര്യത്തിൽ വരുന്നൊരു പ്രതിസന്ധി വനഭൂമിയുടെ പട്ടയം നൽകുന്നത് സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങളാണ്. സ്ഥലം എം.എൽ.എ. എന്ന നിലയിൽ ഇതുസംബന്ധിച്ച് നടത്തിയ പഠനത്തിൽനിന്നും യഥാർഥത്തിൽ കേന്ദ്ര സർക്കാർ ഇക്കാര്യത്തിലിടപെടേണ്ടതില്ലെന്നാണ് മനസ്സിലാകുന്നത്.

നെയ്യാറ്റിൻകര താലൂക്കിന്റെ ഭാഗമായിരുന്ന കുന്നത്തുകാൽ, ഒറ്റശേഖരമംഗലം എന്നീ രണ്ട് പഞ്ചായത്തുകളിലായാണ് പ്രസ്തുത ഭൂമിയുള്ളത്. താലൂക്ക് വിഭജനം നടന്നപ്പോൾ കാട്ടാക്കട താലൂക്കിലേയ്ക്ക് ഈ മൂന്ന് വില്ലേജുകളും മാറി. അതിന്റെ ഭാഗമായി മൂന്ന് വില്ലേജുകൾ വിഭജിച്ചെടുക്കുമ്പോൾ ക്ലാമല റിസർവ് എന്ന് ഒന്നാമതായി അടയാളപ്പെടുത്തിയിരിക്കുന്ന സ്ഥലം വനമേഖലയാണ്. അഞ്ച് ശതമാനം ഭൂമി മാത്രമെ വാസയോഗ്യമായിട്ടുള്ളൂ. വാഴിച്ചൽ വില്ലേജ് പൂർണ്ണമായി ജനവാസമേഖലയാണ്. എന്നാൽ അതിനെ ക്ലാമല സെക്കന്റ് എന്ന് ബി.ടി.ആർ.-ൽ രേഖപ്പെടുത്തിയതിനാൽ അവിടെ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കാത്ത സാഹചര്യമാണുള്ളത്. 1950-51-ൽ ഡിസൈൻ ചെയ്ത നെയ്യാർ ഡാം 1959-ൽ പൂർത്തിയാക്കുന്നതിനിടയിൽ അവിടെ താമസിച്ചിരുന്ന 376 പേരെ മാറ്റിപ്പാർപ്പിച്ചു. ഇങ്ങനെ മാറ്റിപ്പാർപ്പിച്ചവർക്ക് പുതിയൊരു ഇക്വേഷൻ കൊണ്ടുവന്നു. അതായത്, മാക്സിമം ഫ്ലഡ് ലെവലിൽനിന്നും ഒരു മീറ്റർ വെർട്ടിക്കലായും പത്ത് മീറ്റർ ഹൊറിസോണ്ടലായും അടയാളപ്പെടുത്തി ഡാം റിസർവോയറിനുചുറ്റും താമസിച്ചിരുന്ന ഒട്ടനവധി ആളുകളെ ഒഴിപ്പിച്ചു. ഈ രണ്ട് വിഭാഗക്കാർക്കും

പട്ടയം നൽകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്ക് ഇക്കാര്യങ്ങൾ അറിയാവുന്നതാണ്. ആയതിനാൽ റവന്യൂ, ഇറിഗേഷൻ വകുപ്പുകൾ സംയുക്തമായി അടിയന്തരമായി ഇവർക്ക് പട്ടയം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. പട്ടയം ലഭിക്കാത്തതിനാൽ ലൈഫ് ഭവന പദ്ധതിയിൽ അപേക്ഷിക്കാനോ കുട്ടികളുടെ പഠനാവശ്യത്തിന് ലോണെടുക്കുന്നതിനോ സാധിക്കുന്നില്ല. അടിസ്ഥാനപരമായ ഒട്ടേറെ കാര്യങ്ങൾക്ക് തടസ്സമായി നിൽക്കുന്ന പട്ടയ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

11.00 a.m]

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, നെയ്യാറ്റിൻകര താലൂക്കിലെ അഞ്ചുചങ്ങല പ്രദേശത്തെ മുഴുവൻ ആളുകൾക്കും പട്ടയം നൽകുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലുള്ളതാണ്. പാറശ്ശാല നിയോജകമണ്ഡലത്തിലെ കള്ളിക്കാട്, വാഴിച്ചൽ, അമ്പൂരി വില്ലേജ് പരിധിയിൽ ഉൾപ്പെടുന്ന അഞ്ചുചങ്ങല പ്രദേശത്ത്, വർഷങ്ങളായി ഭൂമി കൈവശം വച്ച് വീട് നിർമ്മിച്ച് താമസിച്ചുവരുന്ന 476 കുടുംബങ്ങൾക്ക്

1964-ലെ ഭൂപതിവ് ചട്ടപ്രകാരം പട്ടയം നൽകുന്നതിനായി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് റവന്യൂ വകുപ്പിൽ നിന്ന് 16-02-2016-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിൽ കള്ളിക്കാട് വില്ലേജിലെ 84.3 ഏക്കർ കണ്ടുകൃഷി ഭൂമി കൈവശം വച്ചിരുന്നവരും ഉൾപ്പെട്ടിരുന്നു. അഞ്ചുചങ്ങല പ്രദേശത്ത് ഇറിഗേഷൻ വകുപ്പിന്റെ കൈവശ ഭൂമിയിൽ താമസിക്കുന്നവർക്ക് നാളിതുവരെ പട്ടയം നൽകാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ നിരവധി സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. MFL+1+10m എന്ന ലൈൻ മാർക്ക് അളവനുസരിച്ച് തയ്യാറാക്കിയ സ്കെച്ചും നിലവിലെ സ്കെച്ചും തമ്മിൽ വ്യത്യാസമുള്ളതായി ഇറിഗേഷൻ വകുപ്പ് അറിയിച്ചിരുന്നു. അതിനാൽ MFL+1+10m അനുസരിച്ചുള്ള അകലവും ഉയരവും പാലിക്കാത്ത കെട്ടിടങ്ങൾ ഒഴിവാക്കി പുതുക്കിയ സ്കെച്ച് നൽകണമെന്നുകാണിച്ച് ഇറിഗേഷൻ വകുപ്പ് തഹസിൽദാർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, ജില്ലാ സർവെ സൂപ്രണ്ട്, സർവെയർമാർ, ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.), കാട്ടാക്കട തഹസിൽദാർ ഉൾപ്പെടെയുള്ള റവന്യൂ അധികാരികൾ സ്ഥലപരിശോധന നടത്തുകയും അടിയന്തരമായി

സർവെ നടത്തി പുതുക്കിയ സ്കെച്ച് തയ്യാറാക്കി സർവെ വകുപ്പും ഡാം സേഫ്റ്റി അതോറിറ്റിയും സംയുക്തമായി ഒപ്പ് രേഖപ്പെടുത്തി നൽകാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടയ സ്കെച്ച് അംഗീകാരത്തിനായി ഇറിഗേഷൻ വകുപ്പിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയും ഇറിഗേഷൻ വകുപ്പിൽനിന്ന് അംഗീകാരം ലഭിച്ചിട്ടില്ല. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുമായി ആലോചിച്ച് വിഷയത്തിന്മേൽ ഒരു തുടർയോഗം ചേരാമെന്ന് നിശ്ചയിച്ചിട്ടുണ്ട്. ഇതേസമയം പ്രസ്തുത സ്ഥലം ക്ലാമല റിസർവ് ഫോറസ്റ്റിൽ ഉൾപ്പെട്ടതാണെന്ന് വനം വകുപ്പ് അവകാശവാദം ഉന്നയിച്ചു. ഇതിനെത്തുടർന്ന് 27-01-2024-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കാട്ടാക്കട താലൂക്കിലെ വാഴിച്ചൽ, അമ്പൂരി, കള്ളിക്കാട് വില്ലേജിൽ ഉൾപ്പെട്ട അഞ്ചുചങ്ങല പ്രദേശത്തെ വില്ലേജ് റെക്കോർഡ് പ്രകാരം ക്ലാമല ഫോറസ്റ്റ് റിസർവ് എന്ന് രേഖപ്പെടുത്തിയ പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനായി കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാക്കാൻ പരിവേഷ് പോർട്ടലിൽ

അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും തീരുമാനമെടുത്തിരുന്നു. എന്നാൽ പ്രസ്തുത പ്രദേശം ക്ലാമല ഫോറസ്റ്റ് പരിധിയിൽ ഉൾപ്പെടുന്നതല്ലെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. അറിയിച്ചതിനെത്തുടർന്ന്, പ്രസ്തുത പ്രദേശം വനഭൂമിയിൽ ഉൾപ്പെട്ടുവരുന്നതാണോയെന്ന് കണ്ടെത്തുന്നതിനായി ടി വില്ലേജുകളെ ഡിജിറ്റൽ സർവെ പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ആദ്യഘട്ടമായി, ഏറ്റവും കൂടുതൽ ഭൂമി ഉൾപ്പെടുന്ന വാഴിച്ചൽ വില്ലേജിനെ ഡിജിറ്റൽ സർവെയുടെ മൂന്നാംഘട്ടത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രദേശം വനാതിർത്തിക്കുള്ളിലാണ് കാണപ്പെടുന്നതെങ്കിൽ 1993-ലെ കേരള ഭൂപതിവ് ചട്ടപ്രകാരം കേന്ദ്രസർക്കാരിന്റെ അനുമതിയോടെയും റവന്യൂ ഭൂമിയാണെന്ന് കണ്ടെത്തിയാൽ ജലസേചന വകുപ്പിന്റെ അനുമതിയോടെ 1964-ലെ ഭൂപതിവ് ചട്ടപ്രകാരവും പതിച്ച് നൽകാൻ കഴിയും. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തെക്കൂടി പങ്കാളിയാക്കിക്കൊണ്ട് വനം-ഇറിഗേഷൻ വകുപ്പുമന്ത്രിമാരുടെ ഒരു യോഗം

അടിയന്തരമായി ചേരുന്നതാണെന്ന് അറിയിക്കുന്നു. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

(15) ഭൂപതിവ് ചട്ടപ്രകാരം ഭൂമി പതിച്ചു നൽകുന്നതിനുള്ള വരുമാനപരിധി

ശ്രീ. ആന്റണി ജോൺ: സർ, കേരളത്തിലെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സർക്കാരും റവന്യൂ വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥരും നൽകുന്ന പ്രത്യേക ശ്രദ്ധയെ അഭിനന്ദിക്കുന്നു. കേരളത്തിലെ സങ്കീർണ്ണമായ പട്ടയപ്രശ്നങ്ങളിൽ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്തും രണ്ടാം പിണറായി വിജയൻ സർക്കാർ മൂന്ന് വർഷം പിന്നിടുമ്പോഴും വലിയ മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളത്. മൂന്ന് വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ ഏതാണ് 188887 പട്ടയങ്ങൾ എന്ന ചരിത്രനേട്ടത്തിന്റെ നിറവിലാണ് റവന്യൂ വകുപ്പ് എത്തിച്ചേരുന്നത്. എന്റെ നിയോജകമണ്ഡലമായ കോതമംഗലത്തും പട്ടയപ്രശ്നം വളരെ സങ്കീർണ്ണമായിരുന്നു. എന്നാൽ കഴിഞ്ഞ ഏഴെട്ട് വർഷക്കാലത്തെ അനുഭവം പരിശോധിച്ചാൽ ആയിരക്കണക്കിന് കൈവശക്കാർക്ക് അവിടെ പട്ടയം കൊടുക്കാൻ കഴിഞ്ഞിട്ടുള്ളതായി മനസ്സിലാകും. അതിന്റെ തുടർച്ചയിൽ,

+ അനുബന്ധമായി ചേർക്കുന്നു.

അവിടെ സ്പെഷ്യൽ ലാൻഡ് അക്വിസിഷൻ ഓഫീസ് അനുവദിച്ചിട്ടുണ്ട്. നിലവിൽ അയ്യായിരത്തിലേറെ കൈവശക്കാർക്ക് പട്ടയം കൊടുക്കാൻ കഴിയുന്ന സാഹചര്യമാണുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്കിടയിലും കോതമംഗലത്ത് സ്പെഷ്യൽ എൽ.എ. ഓഫീസ് അനുവദിച്ചതിലൂടെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടുപോകുന്ന സാഹചര്യമാണുള്ളത്. കേവലം കൈവശഭൂമിക്ക് മാത്രമല്ല എല്ലാ ഭൂരഹിതരേയും കണ്ടെത്തി ഭൂമിയുടെ ഉടമകളാക്കി, ഭൂരഹിതരില്ലാത്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിലേയ്ക്ക് സർക്കാർ മുന്നോട്ടുപോകുകയാണ്. പട്ടയമിഷനും പട്ടയ അസംബ്ലിയും സംഘടിപ്പിക്കുന്നതിലൂടെ ഓരോ നിയോജകമണ്ഡലത്തിലെയും അർഹരായ ഭൂരഹിതരെ കണ്ടെത്തുകയും അവരുടെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൃത്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു. ഇത് എന്റെ നിയോജകമണ്ഡലത്തിലെ മാത്രം വിഷയമല്ല. കേരളത്തിന്റെ പൊതുവായ ഒരു വിഷയമാണ്. 1964-ലെ ഭൂപതിവ് ചട്ടപ്രകാരം ഭൂമി പതിച്ചുനൽകുമ്പോൾ 01-08-1971-നുശേഷം ടി ഭൂമി കൈമാറ്റം ചെയ്ത് ലഭിച്ചവർക്ക് മുൻഗണനാക്രമമനുസരിച്ച്, കുടുംബ വാർഷിക

വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണമെന്ന് നിശ്ചയിച്ചിട്ടുള്ളതുകൊണ്ടുതന്നെ പല അപേക്ഷകളിലും തീരുമാനമെടുക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രിക്കും അത് അറിയാവുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. ആന്റണി ജോൺ: സർ, അത്തരം കാര്യങ്ങൾ പരിഹരിക്കാൻ ശ്രമിക്കുമെന്നുള്ള ഉറപ്പ് പല സമയത്തും ഈ സഭയ്ക്കകം അദ്ദേഹം നൽകിയിട്ടുള്ളതാണ്. ടി ഭൂമിയിൽ വീടുവച്ച് താമസിക്കുന്നവരിൽ പ്രൈവറ്റ് ജോലി ചെയ്യുന്ന ഒരാൾ ഒരു കുടുംബത്തിലുണ്ടെങ്കിൽ അവരുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്നതിനാൽ പട്ടയം നൽകാൻ കഴിയാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് കുടുംബവാർഷിക വരുമാന പരിധിയിൽ കാലാനുസൃതമായ വർധനവ് വരുത്തണമെന്ന് അഭ്യർഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കോതമംഗലത്തെ ഭൂമി പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് വലിയ സഹായമാണ് ജനങ്ങൾക്കുവേണ്ടി

സർക്കാർ ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ ധനകാര്യ പ്രതിസന്ധിക്കിടയിലും പട്ടയവിതരണത്തിനുവേണ്ടി പ്രത്യേക ഓഫീസ് അനുവദിച്ച സ്ഥലങ്ങളിലൊന്നാണ് കോതമംഗലം. അവിടത്തെ പ്രശ്നങ്ങൾ പ്രത്യേകമായി കൈകാര്യം ചെയ്യുന്നുണ്ടെന്നതിൽ സംശയമില്ല. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം കേരളത്തെയാകെ ബാധിക്കുന്നതാണ്. 1964-ലെ ഭൂപതിവ് ചട്ടപ്രകാരം 01-08-1971-നുമുമ്പ് ഭൂമി കൈവശം വച്ചവർക്ക് പട്ടയം നൽകുന്നതിന് വരുമാനപരിധി ബാധകമല്ല. എന്നാൽ 01-08-1971-നുശേഷമാണെങ്കിൽ വരുമാനപരിധി കേവലം ഒരു ലക്ഷം രൂപ മാത്രമാണ്. ഇത് ദീർഘകാലമായി നിലനിൽക്കുന്ന ഒരു വരുമാനപരിധിയാണ്. അങ്ങ് ഉൾപ്പെടെ പലരും ശ്രദ്ധയിൽപ്പെടുത്തിയുണ്ട്. 1971-നുശേഷം ഭൂമി കൈവശം വച്ച് താമസിക്കുന്നവർക്ക് വരുമാനപരിധി ഒരു ലക്ഷം രൂപ എന്ന മാനദണ്ഡം വരുമ്പോൾ സാധാരണക്കാരായ കൂലിപ്പണിക്കാരനുപോലും പട്ടയം കിട്ടാൻ പ്രയാസമുണ്ടാകും. ഈ പ്രശ്നം റവന്യൂ സെക്രട്ടേറിയറ്റ് ഗൗരവമായി ചർച്ച ചെയ്യുകയും വരുമാനപരിധി വർധിപ്പിക്കുന്നത് സംബന്ധിച്ച് ശിപാർശ നൽകാൻ ലാൻഡ് റവന്യൂ

കമ്മീഷണറോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. സഭ പിരിഞ്ഞ് ഏറെ താമസിയാതെ വരുമാനപരിധി വർധിപ്പിക്കുന്ന കാര്യം റവന്യൂ വകുപ്പും സർക്കാരും ഗൗരവമായി പരിശോധിക്കുന്നതാണെന്ന് സഭയെ അറിയിക്കുന്നു.

(16) ഡാമുകളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യൽ

ശ്രീ. എം. എം. മണി: സർ, കേരളത്തിലെ ഡാമുകളിൽ വൻതോതിൽ മണൽ അടിഞ്ഞുകൂടിയതുമൂലം ജലസംഭരണശേഷി കുറഞ്ഞിട്ടുണ്ട്. ജനങ്ങളുടെ വിവിധ ആവശ്യങ്ങൾക്കും വൈദ്യുതി ഉൽപാദനത്തിനും ഡാമുകളിലെ ജലം ഉപയോഗിക്കുന്നുണ്ട്. ഡാമുകളിൽ അടിഞ്ഞുകൂടുന്ന മണൽ നീക്കം ചെയ്താൽ, ആയിരക്കണക്കിന് കോടി രൂപയുടെ മണൽ ലഭ്യമാകുകയും ഡാമുകളുടെ സംഭരണശേഷി വർധിപ്പിക്കുകയും ചെയ്യാം. അതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഡാമുകളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും ചെളിയും ജലസംഭരണശേഷിയെ

കാര്യമായി ബാധിച്ചിട്ടുണ്ട്. മാത്രമല്ല, സമീപകാലത്തുണ്ടായ ഉരുൾപൊട്ടലും മണ്ണിടിച്ചിലും മറ്റ് പ്രകൃതി പ്രതിഭാസങ്ങളും കാരണം അത് കൂടുതലായിട്ടുണ്ടെന്നാണ് അറിയാൻ കഴിയുന്നത്. വിവിധ ഡാമുകളിൽ അടിഞ്ഞുകൂടിയ എക്കലിനെ സംബന്ധിച്ച് തൃശ്ശൂർ ജില്ലയിലെ പീച്ചിയിൽ സ്ഥിതിചെയ്യുന്ന കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പഠനം നടത്തിയതിൽനിന്നും ഡാമുകളിലെ ജലസംഭരണശേഷി കുറഞ്ഞതായിട്ടാണ് കാണാൻ കഴിയുന്നത്. അതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ചുള്ളിയാർ, മീങ്കര, വാളയാർ ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മലമ്പുഴ, മലങ്കര, കാരാപ്പുഴ, പഴശ്ശി, മണിയാർ, കുറ്റ്യാടി, നെയ്യാർ, തെന്മല ഡാമുകളിൽ ഡീസിൽറ്റേഷൻ പ്രവൃത്തിക്കായുള്ള പ്രാരംഭ പഠനം നടത്തി അതുമായ ബന്ധപ്പെട്ട പ്രവൃത്തികൾ അനസ്യൂതം തുടർന്നുകൊണ്ടിരിക്കുകയാണ്. അതോടൊപ്പംതന്നെ മംഗലം ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി റീ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട

പ്രവർത്തനങ്ങൾ അത്യാവശ്യമായി ചെയ്യേണ്ടതാണെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ നടപടി സ്വീകരിച്ചുവരുന്നത്.

(17) കുറ്റ്യാടി ജൽജീവൻ മിഷൻ പദ്ധതി

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കുറ്റ്യാടി നിയോജകമണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലെ 58751 വീടുകളിലേയ്ക്ക് ശുദ്ധജലമെത്തിക്കുന്നതിനാണ് നിലവിൽ ജൽജീവൻ മിഷൻ പദ്ധതി വിഭാവനം ചെയ്യുന്നത്. 522 കോടി രൂപയാണ് ഇതിനുവേണ്ടി അനുവദിച്ചിട്ടുള്ളത്. കുന്നുമ്മൽ ഗ്രാമപഞ്ചായത്തിൽ നൂറ് ശതമാനം വീടുകളിലും കുറ്റ്യാടി ഗ്രാമപഞ്ചായത്തിൽ തൊണ്ണൂറ് ശതമാനം വീടുകളിലും കണക്ഷൻ നൽകിക്കഴിഞ്ഞു. ശേഷിക്കുന്ന ആറ് പഞ്ചായത്തുകളിലായി 41346 വീടുകളിലേയ്ക്ക് കണക്ഷൻ നൽകേണ്ടതുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഗ്രാമീണ റോഡുകൾ പൊളിച്ചത് പൂർവസ്ഥിതിയിലാക്കാത്തതുമൂലം യാത്ര ദുരിതപൂർണ്ണമായി മാറിയിരിക്കുന്നതുസംബന്ധിച്ച് ജനങ്ങളിൽനിന്നും നിരന്തരം പരാതികൾ ലഭിക്കുന്നുണ്ട്. കുറ്റ്യാടി മണ്ഡലത്തിൽ മാത്രമല്ല വടകര താലൂക്കിൽ മുഴുവനും

ഈ അവസ്ഥ നിലനിൽക്കുന്നുണ്ട്. അതിനാൽ സമയബന്ധിതമായി മുഴുവൻ വീടുകളിലേയ്ക്കും കണക്ഷൻ നൽകുന്നതിനും തകർന്ന റോഡുകൾ പൂർവസ്ഥിതിയിലാക്കുന്നതിനും യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്ന് വിനയപൂർവം അഭ്യർഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കുറ്റ്യാടി നിയോജകമണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലായി 48821 കണക്ഷനുകൾ നൽകുന്നതിന് 521.97 കോടി രൂപയുടെ ഭരണാനുമതിയാണ് ജൽജീവൻ മിഷൻ പദ്ധതിയിൽ അനുവദിച്ചത്. നിലവിൽ 6807 കണക്ഷനുകൾ നൽകിയിട്ടുണ്ട്. കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ഏറാമല പഞ്ചായത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രധാനപ്പെട്ട പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 22 MLD ശേഷിയുള്ള തിരുവള്ളൂർ, ആയഞ്ചേരി, മണിയൂർ ശുദ്ധജല വിതരണ പദ്ധതിയിലൂടെ മണ്ഡലത്തിലെ ആയഞ്ചേരി, മണിയൂർ, തിരുവള്ളൂർ പഞ്ചായത്തുകളിൽ ജലവിതരണം നടത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. മേൽ

പഞ്ചായത്തുകളിൽ വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. നിരവധിതവണ ടെൻഡർ ചെയ്തെങ്കിലും കരാറുകാർ പ്രവൃത്തികൾ ഏറ്റെടുത്തിട്ടില്ല. പ്രവൃത്തി അടിയന്തരമായി റീ-ടെൻഡർ ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. 27 MLD ശേഷിയുള്ള കുന്നമ്മലും സമീപ വില്ലേജുകൾക്കുമുള്ള ശുദ്ധജല വിതരണ പദ്ധതിയിൽനിന്നുമാണ് ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണ ശൃംഖലയും കൂടിവെള്ള കണക്ഷനുകളും നൽകുന്ന പ്രവൃത്തി വിഭാവനം ചെയ്തിട്ടുള്ളത്. കുന്നമ്മൽ പഞ്ചായത്തിലെ ജെ.ജെ.എം. പ്രവൃത്തികൾ പൂർത്തീകരിച്ചു. കുറ്റ്യാടി പഞ്ചായത്തിലെ പ്രവൃത്തികൾ 75 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. കുറ്റ്യാടി മണ്ഡലത്തിലെ ആകെയുള്ള 58751 വീടുകളിൽ 48821 വീടുകളിലാണ് ഇനിയും കണക്ഷൻ നൽകാനുള്ളത്. നിലവിൽ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ വീടുകളിലും കണക്ഷൻ നൽകാൻ സാധിക്കുന്നതാണ്. കുറ്റ്യാടി മണ്ഡലത്തിൽ പൈപ്പ്ലൈൻ സ്ഥാപിച്ച പൊതുമരാമത്ത് റോഡുകളിൽ 38 കിലോമീറ്ററും പഞ്ചായത്ത് റോഡുകളിൽ

625.50 കിലോമീറ്ററും പുനരുദ്ധാരണം നടത്തേണ്ടതുണ്ട്. 2024 ഡിസംബർ മാസത്തോടുകൂടി ഇതുവരെ പ്രവൃത്തി നടത്തിയ റോഡുകളുടെ താൽക്കാലിക അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതാണ്. പ്രവൃത്തി നടക്കുന്ന റോഡുകളിലെ പെർമനന്റ് റെസ്റ്റോറേഷൻ പ്രവൃത്തികൾ 2025 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. കുന്നമ്മൽ പഞ്ചായത്തിലെ റോഡ് പുനരുദ്ധാരണവും കണക്ഷൻ നൽകുന്ന പ്രവൃത്തികളും പൂർത്തീകരിച്ച് ഹർ ഘർ ജൽ ആയി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്.

(18) പട്ടാമ്പിയിലെ ഇറിഗേഷൻ പദ്ധതികൾ

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, കനത്ത മഴയിൽ തകർന്ന പട്ടാമ്പി മണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതികളായ തുടിക്കൽ, കണ്ണമ്പറ, ചെങ്ങണാംകുന്ന് തുടങ്ങിയവ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നതോടൊപ്പം വളരെ ഗുരുതരമായ മറ്റൊരു വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മന്ത്രി വളരെ ആത്മാർഥമായി പ്രവർത്തിക്കുമ്പോൾത്തന്നെ ഇറിഗേഷൻ വകുപ്പിലും വാട്ടർ അതോറിറ്റിയിലുമുള്ള പല ഉദ്യോഗസ്ഥരും ഈ സർക്കാരിനെതിരെ

ബോധപൂർവം പ്രവർത്തിക്കുന്നുണ്ടോയെന്നുള്ള സംശയം എനിക്കുണ്ട്. അതിനൊരു കാരണം ജൽജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് റോഡുകൾ പൊളിച്ചുവെങ്കിലും പദ്ധതി പൂർത്തീകരിക്കാത്തതുകൊണ്ട് ജനങ്ങൾക്ക് കുടിവെള്ളം കിട്ടുന്നുമില്ല, റോഡ് തകർന്ന് കിടക്കുന്ന സാഹചര്യവുമാണ്. പട്ടാമ്പി മണ്ഡലത്തിൽത്തന്നെ റെയിൽവേയുടെ അണ്ടർ പാസ്സേജിനുവേണ്ടിയുള്ള പെർമിഷൻ ലഭിച്ചെങ്കിലും അക്കാര്യത്തിൽ തീരുമാനമെടുക്കാതെ ഒരു വർഷമായി ഫയൽ സി.ഇ.-യുടെ മേശപ്പുറത്തിരിക്കുകയാണ്. ഇതുപോലെ ഉന്നത ഉദ്യോഗസ്ഥർ ഫയലുകളിൽ ഉചിത തീരുമാനമെടുക്കാതെ ഓങ്ങല്ലൂർ-വല്ലപ്പുഴ കുടിവെള്ള പദ്ധതി പൂർത്തീകരിക്കാത്തതിനാലും ജനങ്ങൾ ബുദ്ധിമുട്ടിലാണ്. അമൃത് പദ്ധതിയിലൂടെ പട്ടാമ്പി മുനിസിപ്പാലിറ്റിയിൽ ഏഴുകോടി രൂപ അനുവദിച്ചു. അടുത്ത മാർച്ചിൽ അതിന്റെ കാലാവധി അവസാനിക്കുകയാണ്. അതുമായി ബന്ധപ്പെട്ട ഫയലിന്മേലും മാസങ്ങളോളം സി.ഇ.-യുടെ ഓഫീസിൽനിന്നും തീരുമാനമാകാതെ ഇപ്പോഴാണ് നടപടി സ്വീകരിക്കാൻ ആരംഭിച്ചത്. ഇങ്ങനെ പ്രധാനപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് ഉദ്യോഗസ്ഥർ

ബോധപൂർവം കാലതാമസമുണ്ടാക്കുകയാണ്. പട്ടാമ്പിയിൽ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ ഒരു പാർക്ക് നിർമ്മിക്കാനായി എം.എൽ.എ. ഫണ്ട് കൊടുത്തു. എന്നാൽ ഞാൻ ഇടപെട്ടിട്ടുപോലും ആ പാർക്കിന്റെ ടെൻഡർ എക്സിക്യൂട്ടീവ് എഞ്ചിനീയർ ബോധപൂർവം വൈകിപ്പിച്ചു. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടാൽപോലും പല ഉന്നത ഉദ്യോഗസ്ഥരും പലപ്പോഴും ഫയലുകൾ ബോധപൂർവം വൈകിപ്പിക്കുന്നുണ്ട്. അതുപോലെ റോഡ് പണികൾ നടക്കുമ്പോൾ തീരുമാനങ്ങളെല്ലാം നേരത്തെ എടുത്താൽപോലും പലയിടത്തും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. ഇത്തരത്തിലുള്ള ഗുരുതര വീഴ്ചകൾ പരിശോധിച്ച് കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം. അതോടൊപ്പം കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാനും നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, പാലക്കാട് ജില്ലയിലെ പട്ടാമ്പി നിയോജകമണ്ഡലത്തിലെ തുടിക്കൽ പദ്ധതിയുടെ ട്രാൻസ്ഫോർമർ തകരാർ പരിഹരിക്കുന്നതിന് തയ്യാറാക്കിയ 15 ലക്ഷം

രൂപയുടെ എസ്റ്റിമേറ്റ് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചത് പരിശോധിച്ചുവരുന്നു. കൊണ്ടൂർക്കര എന്ന പേരിൽ അറിയപ്പെടുന്ന പാടശേഖരത്തിലേയ്ക്ക് ജലവിതരണം നടത്തുന്നത് പള്ളിപ്പുറം ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ നിന്നാണ്. ഈ പമ്പ് ഹൗസിലുണ്ടായിരുന്ന ചില തടസ്സങ്ങൾ പരിഹരിച്ച് കനാലിലേയ്ക്ക് ജലവിതരണം നടത്തിത്തുടങ്ങി. കഴിഞ്ഞ വർഷങ്ങളിലെ ശക്തമായ മഴയിൽ കണ്ണമ്പറ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ കനാലിൽ നിറഞ്ഞ ചെളി നീക്കം ചെയ്യുന്നതിനായി 5 ലക്ഷം രൂപയ്ക്കുള്ള സാങ്കേതികാനുമതി നൽകിയ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. ജൽജീവൻ മിഷന്റെ ഭാഗമായുള്ള പദ്ധതികൾ പഞ്ചായത്തുകളിൽ വിവിധ തലങ്ങളിലായി പുരോഗമിക്കുന്നുവെന്നാണ് കാണാൻ സാധിക്കുന്നത്. അതിൽ ഓങ്ങല്ലൂർ-വല്ലപ്പുഴ സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി മൂന്ന് സ്ഥലങ്ങളിലാണ് റെയിൽവേ ക്രോസിങ് വേണ്ടിവരുന്നത്. ഈ ക്രോസിങ്ങുകളിൽ ചില സാങ്കേതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വാട്ടർ അതോറിറ്റിയുടെ ഉത്തരമേഖലാ ചീഫ് എഞ്ചിനീയർ സ്ഥലപരിശോധന

നടത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൊപ്പം കുടിവെള്ള പദ്ധതിക്കായി ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കൊപ്പം പഞ്ചായത്തിൽ 139 കിലോമീറ്റർ നീളത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും 6898 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുമായി 1894 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് ഹർ ഘർ ജൽ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വിളയൂർ പഞ്ചായത്തിൽ 103 കിലോമീറ്റർ നീളത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും 3866 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുമായി 1731 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 102 കിലോമീറ്റർ നീളത്തിൽ വിതരണശൃംഖല സ്ഥാപിക്കുകയും 3876 കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്ത് ഈ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കൊപ്പം, വിളയൂർ പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ പദ്ധതിയിൽ ലഭ്യമായിട്ടുള്ള ഭരണാനുമതിയിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചതാണ്. പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം

ആവശ്യമായതിനാൽ ആയത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത പഞ്ചായത്തുകളിലെ നിലവിലെ സ്ഥിതിയനുസരിച്ചുള്ള അധിക പ്രവൃത്തികൾ നിർവഹിക്കാൻ സാധിക്കുകയുള്ളൂ. അതായിരിക്കും തടസ്സമായി നിൽക്കുന്നത്. അതല്ലാതെ ഏതെങ്കിലുമുണ്ടെങ്കിൽ ബഹുമാനപ്പെട്ട അംഗം സഭയിൽ പറഞ്ഞ വിഷയമെന്ന നിലയിൽ അക്കാര്യം പൂർണ്ണമായും പരിശോധിക്കാം. സ്വാഭാവികമായും കേരളത്തിൽ ഇന്ന് നടക്കുന്ന പ്രവൃത്തികളിൽ ഉദ്യോഗസ്ഥർ നല്ല നിലയിൽ പ്രവർത്തിക്കുന്നുവെന്നാണ് പൊതുവിലയിരുത്തൽ. ഏതെങ്കിലും കാര്യങ്ങളിൽ എവിടെയെങ്കിലും അത്തരം പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ പ്രത്യേകമായി പരിശോധിക്കാം. ഇന്ന് നിയമസഭയിൽ സബ്മിഷൻ ഉന്നയിച്ച സാഹചര്യത്തിൽ നിയോജകമണ്ഡലത്തിലെ കാര്യം റിവ്യൂ ചെയ്ത് വിവരം ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നതായിരിക്കും.

(19) പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ്

ശ്രീ. ടി. സിദ്ദിഖ്: സർ, വയനാടിന്റെ ഗതാഗത പ്രശ്നം ഏറ്റവും കൂടുതൽ അറിയാവുന്ന വ്യക്തിയാണ് ജില്ലയുടെ ചുമതലയുള്ള ബഹുമാനപ്പെട്ട വനം-

വന്യജീവി വകുപ്പുമന്ത്രി. പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ് ഒരു ബദൽ റോഡിന്റെ പ്രൊപ്പോസലാണ്. 1994-ൽ ലീഡർ കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന സമയത്ത് തറക്കല്ലിട്ട പദ്ധതിയാണിത്. ആ പദ്ധതിക്ക് വേണ്ടതായ സ്ഥലത്തിന്റെ വനംവരെയുള്ള ഭാഗത്ത് റോഡ് നിലവിലുണ്ട്. കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഭാഗത്തും വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഭാഗത്തും റോഡുണ്ട്. വനത്തിനകത്തുകൂടെ കൂപ്പ് റോഡും നിലവിലുണ്ട്. ഈ പദ്ധതി നടപ്പാക്കിക്കിട്ടാൻ നിരന്തര പ്രവർത്തനവുമായി അവിടെയുള്ള ജനങ്ങൾ എല്ലാ സർക്കാരിന്റെ മുമ്പിലും അഭ്യർഥനയും പ്രക്ഷോഭപരിപാടികളുമായി മുന്നോട്ടുപോകുകയാണ്. ഏറ്റവും അവസാനം ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുവേണ്ടി സർക്കാർ തീരുമാനമെടുത്ത് 1.5 കോടി രൂപ മാറ്റിവച്ചു. അതിനുള്ള അനുവാദം ചോദിച്ചുകൊണ്ട് ഡി.എഫ്.ഒ.-യ്ക്ക് പൊതുമരാമത്ത് (നിരത്ത് വിഭാഗം) വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് കൊടുത്തു. ഇക്കാര്യത്തിൽ എപ്പോഴും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ചെയ്യുന്നതെന്താണെന്നുള്ളത് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിക്ക് അറിയാം. അങ്ങ് ഇതുമായി ബന്ധപ്പെട്ട് വയനാട് കളക്ടറേറ്റിൽ ഒരു യോഗം വിളിച്ചുകൂട്ടി

ഉദ്യോഗസ്ഥർക്ക് കർശന നിർദേശം കൊടുത്തിട്ടുള്ളതാണ്. വീണ്ടും അവർ 1994-ലെയും 1995-ലെയും ഓർഡറും ആക്ടുമൊക്കെ പറഞ്ഞ് തടസ്സം നിൽക്കുകയാണ്. തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സിൽ അപേക്ഷ കൊടുക്കാനാണ് ഇപ്പോൾ പറയുന്നത്. ഈ റോഡുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധന നടത്തിയതിൽ എല്ലാ ഡിപ്പാർട്ടുമെന്റുകളും പോസിറ്റീവ് റിപ്പോർട്ട് നൽകിയപ്പോൾ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് മാത്രം എതിരായ റിപ്പോർട്ട് സമർപ്പിച്ചു. ജനവിരുദ്ധമായ, കുതന്ത്രം മാത്രം കാട്ടി ഈ പദ്ധതിയെ തകർക്കുന്ന നിലപാടാണ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് സ്വീകരിക്കുന്നത്. ഇതിന്റെ ഗൗരവമെന്താണെന്ന് അങ്ങേയ്ക്കറിയാമെന്നതിനാൽ ഈ വിഷയത്തിൽ ഇടപെട്ട് പരിഹാരമുണ്ടാക്കണം. ഇതിൽ ഇൻവെസ്റ്റിഗേഷൻ നടത്താനുള്ള അനുവാദം അടിയന്തരമായി വാങ്ങിക്കൊടുത്ത് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയും ശ്രീ. ടി. പി. രാമകൃഷ്ണൻ എം.എൽ.എ.യും ഉൾപ്പെടുന്നവരുടെ ഒരു സംയുക്ത മീറ്റിംഗ് വിളിച്ചുകൂട്ടി പദ്ധതി പൂർത്തിയാക്കാൻ അടിയന്തര ഇടപെടലുകൾ നടത്താൻ അങ്ങയോട് അഭ്യർഥിക്കുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട കൽപ്പറ്റ അംഗം കോഴിക്കോട്, വയനാട് ജില്ലകളിലെ ജനങ്ങളുടെ ചിരകാല ആഗ്രഹവും അതുമായി ബന്ധപ്പെട്ട ശ്രമവുമാണ് വികാരപരമായിട്ടാണെങ്കിലും ഇവിടെ അവതരിപ്പിച്ചത്. അങ്ങ് പറഞ്ഞതുപോലെ 1994-ൽ ഈ റോഡിനുള്ള അനുമതിക്കുവേണ്ടി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ സമീപിച്ചിരുന്നുവെങ്കിലും ദൗർഭാഗ്യവശാൽ പാരിസ്ഥിതിക പ്രശ്നമുന്നയിച്ചുകൊണ്ട് നിരസിക്കുകയാണ് ചെയ്തത്. പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡിന്റെ സോയിൽ എസ്കവേഷനടക്കമുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് പൊതുമരാമത്ത് വകുപ്പ് ഒന്നരക്കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 23.50 ഹെക്ടർ വനഭൂമി ആവശ്യമായി വരുന്നതുകൊണ്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് പ്രൊപ്പോസൽ അയയ്ക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത നടപടികളിൽ കാലതാമസമുണ്ടെന്നാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. കാലതാമസം ഒഴിവാക്കാനുള്ള ശ്രമം നടത്തുന്നതിന് ഗവൺമെന്റിന് സന്തോഷം മാത്രമേയുള്ളൂ. കേന്ദ്ര വനം-

പരിസ്ഥിതി മന്ത്രാലയത്തിന്റെ നിലപാടുകൾ അവഗണിച്ചുകൊണ്ട് കേരളത്തിലെ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ഇവിടെയുള്ള പ്രശ്നങ്ങൾ അംഗം ഉന്നയിച്ചതുപോലെ പരിഹരിക്കാം. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയും ബന്ധപ്പെട്ട എം.എൽ.എ.-മാരുമായി ചേർന്ന് പ്രത്യേകിച്ച് പേരാമ്പ്ര എം.എൽ.എ. ശ്രീ. ടി. പി. രാമകൃഷ്ണന്റെയും സാന്നിധ്യത്തിൽ ഇക്കാര്യം ചർച്ച ചെയ്യുന്നതിൽ സന്തോഷം മാത്രമേയുള്ളൂ. പക്ഷേ എല്ലാ കാര്യത്തിനും കണ്ണടച്ച് കേരള വനം വകുപ്പിനെ പ്രതിക്കൂട്ടിൽ കയറ്റരുത്. കേന്ദ്രം മുഖ്യപ്രതിയും സംസ്ഥാനം രണ്ടാം പ്രതിയുമാണെന്ന കാര്യംകൂടി ഈ ഘട്ടത്തിൽ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു.

(20) ചിറ്റാർ-സീതത്തോട് ജനവാസ മേഖലയിലെ കാട്ടാന സാന്നിധ്യം

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കോന്നി നിയോജകമണ്ഡലത്തിലെ ചിറ്റാർ, സീതത്തോട്, മലയാലപ്പുഴ, അരുവാപ്പുലം, കലഞ്ഞൂർ, തണ്ണിത്തോട് പഞ്ചായത്തുകളിൽ ആന, കടുവ, പുലി, മയിൽ, കുരങ്ങ് തുടങ്ങിയ വന്യമൃഗങ്ങൾ മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയായി

നിലനിൽക്കുകയാണ്. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി കാട്ടാനകൾ കൂട്ടത്തോടെ ജനവാസ മേഖലകളിലേക്ക് ഇറങ്ങുകയാണ്. ആയിരക്കണക്കിനാളുകൾ ദിവസേന യാത്ര ചെയ്യുന്ന ചിറ്റാർ-സീതത്തോട് റോഡിൽ രണ്ട് കാട്ടാനകൾ സ്ഥിരമായി ഇറങ്ങിയിരിക്കുകയാണ്. വനം വകുപ്പ് ഉദ്യോഗസ്ഥർ പ്രാദേശികമായി ചെയ്യാവുന്ന എല്ലാ കാര്യങ്ങളും പ്രതിരോധത്തിനുവേണ്ടി സംഘടിപ്പിക്കുന്നുണ്ട്. ഈ പ്രത്യേക സാഹചര്യത്തിൽ വനം വകുപ്പിലെ ഉന്നതോദ്യോഗസ്ഥരെ ആ സ്ഥലത്തേയ്ക്ക് അയച്ച് ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ വനം വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കോന്നി നിയോജകമണ്ഡലത്തിലെ ചില പ്രദേശങ്ങളിൽ കഴിഞ്ഞ നാലഞ്ച് മാസക്കാലങ്ങളായി അനുഭവിച്ചുകൊണ്ടിരിക്കുന്ന ആനകളുടെ സാന്നിധ്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് പൂർണ്ണമായും വസ്തുതാപരമാണ്. ജനവാസമേഖലയ്ക്ക് സമീപം ആനകൾ വന്നുചേരുന്നത്

തടയാൻ അടിയന്തര പ്രാധാന്യം നൽകിക്കൊണ്ട് ചില കർമ്മപരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. കുമരംകുന്ന് ഭാഗംവരെയുള്ള ഉദ്ദേശം മൂന്ന് കിലോമീറ്റർ ദൂരത്ത് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള ശ്രമമാണ് വകുപ്പ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. റാന്നി ആർ.ആർ.ടി.-യും ചിറ്റാർ, തണ്ണിത്തോട്, രാജമ്പാറ ഫോറസ്റ്റ് സ്റ്റേഷനുകളിലെ ജീവനക്കാരും ഉൾപ്പെടെയുള്ള സംയുക്ത സംഘത്തെ മുഴുവൻസമയ നിരീക്ഷണത്തിന് നിയോഗിക്കുകയും ആനകൾ ഇറങ്ങിയാൽ അവയെ കാട്ടിലേയ്ക്ക് തിരിച്ചയയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആനകളുടെ സാന്നിധ്യം കണ്ടെത്തിയ പ്രദേശങ്ങളിലെ റോഡുകൾക്ക് ഇരുവശമുള്ള അടിക്കാടുകൾ വെട്ടിമാറ്റി ആനയുടെ സാന്നിധ്യം സുരക്ഷിത ദൂരത്തിൽ മുൻകൂട്ടി കാണാനുള്ള നടപടി സ്വീകരിക്കുകയും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ജനവാസമേഖലയോട് ചേർന്നുള്ള പ്രദേശങ്ങളിൽ സോളാർ വേലി സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പഞ്ചായത്ത് പ്രസിഡന്റ്, പ്രദേശവാസികൾ, വനപാലകർ എന്നിവർ ഉൾപ്പെടുന്ന വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച്

ആനകളുടെ സാന്നിധ്യം യഥാസമയം ജനങ്ങളെ അറിയിച്ച് ആവശ്യമായ മുൻകരുതലുകളെടുക്കുന്നുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട കോന്നി എം.എൽ.എ., പഞ്ചായത്ത് പ്രതിനിധികൾ, കർഷക പ്രതിനിധികൾ, പ്രദേശവാസികൾ എന്നിവർ ഉൾപ്പെടുന്ന യോഗങ്ങളും ജാഗ്രതാ സമിതി യോഗങ്ങളും നടത്തി ദിവസേന കാര്യങ്ങൾ വിലയിരുത്തി മുന്നോട്ടുപോകുന്ന സംവിധാനമാണ് അവിടെയുള്ളത്. ഉന്നത ശ്രേണിയിലുള്ള ഉദ്യോഗസ്ഥരുടെ സാന്നിധ്യം അവിടെ അനിവാര്യമാണെന്ന് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചിരുന്നു. നിലവിൽ അത് നടപ്പാക്കുന്നതിന് യാതൊരു തടസ്സവുമില്ല.

(21) കേരഫെഡ് തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. സി. ആർ. മഹേഷ്: സർ, വർഷങ്ങളായി കരുനാഗപ്പള്ളിയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരഫെഡിലെ തൊഴിലാളികളുടെ പ്രശ്നങ്ങളാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. പതിനൊന്നാം ശമ്പള പരിഷ്കരണം സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും നടപ്പാക്കിയപ്പോൾ കേരഫെഡിലെ

ജീവനക്കാർക്ക് മാത്രം നടപ്പാക്കിയില്ല. കേരഫെഡിലെ ജീവനക്കാർ ഇക്കാരണത്താൽ 2022-ൽ ഒന്നര മാസം പണിമുടക്ക് നടത്തിയതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ നടന്ന ചർച്ചയിൽ ആറ് മാസത്തിനകം ശമ്പള പരിഷ്കരണം നടപ്പാക്കാമെന്ന് ഉറപ്പുനൽകിയിരുന്നു. എന്നാൽ നാളിതുവരെ ഇത് നടപ്പാക്കിയിട്ടില്ല. 2008-ൽ കാബിനറ്റ് കൂടി സ്ഥിരപ്പെടുത്തിയ തൊഴിലാളികൾക്ക് മറ്റ് ജീവനക്കാർക്ക് ലഭിക്കുന്ന അവധിയോ മറ്റ് ആനുകൂല്യങ്ങളോ നൽകുന്നില്ല. ഫീഡർ കാറ്റഗറി വരുന്നതിനുമുമ്പ് എട്ടുംപത്തും വർഷമായി കരാർ അടിസ്ഥാനത്തിലും ദിവസ വേതനത്തിനും ജോലി ചെയ്യുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൂടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ബഹുമാനപ്പെട്ട കരുനാഗപ്പള്ളി എം.എൽ.എ., ശ്രീ. സി. ആർ. മഹേഷ് മൂന്ന് കാര്യങ്ങളാണ് ഉന്നയിച്ചത്. 2008-ൽ സ്ഥിരപ്പെടുത്തിയ ജീവനക്കാർക്ക് അവധിയോ മറ്റാനുകൂല്യങ്ങളോ നൽകുന്നില്ലെന്നതാണ് ഒന്നാമത്തെ കാര്യം. ഫാക്ടറീസ്

ആൻഡ് ബോയിലേഴ്സ് ആക്ട് പ്രകാരമുള്ള അവധിയും മറ്റാനുകൂല്യങ്ങളുമാണ് നിലവിൽ കേരഫെഡിലെ സ്ഥിരം ജീവനക്കാർക്ക് അനുവദിച്ചുവരുന്നത്. പ്രസ്തുത അവധി ആനുകൂല്യം 2008-ൽ സ്ഥിരപ്പെടുത്തിയ 143 തൊഴിലാളികളുൾപ്പെടെയുള്ള എല്ലാവർക്കും നൽകിവരുന്നുണ്ട്. എന്നാൽ കേരള സർവീസ് റൂൾസ് പ്രകാരമുള്ള ലീവുകൂടി പ്രസ്തുത ജീവനക്കാർക്ക് ലഭ്യമാക്കണമെന്ന ആവശ്യം ജീവനക്കാർ ഉന്നയിക്കുകയുണ്ടായി. ഇത് ലഭ്യമാക്കിയാൽ ഒരേ സമയം ഇരട്ട ആനുകൂല്യം ലഭിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കും, ഇത് നിയമപരമായി അനുവദനീയമല്ലാത്തതുകൊണ്ടാണ് നിരസിച്ചത്. കേരഫെഡിൽ പതിനൊന്നാം ശമ്പളപരിഷ്കരണം നടപ്പാക്കാത്തതിനെക്കുറിച്ച് പറഞ്ഞു. 24-07-2003-ലെ സർക്കാർ ഉത്തരവ് നം. 67/2023/കൃഷി പ്രകാരം കേരഫെഡിലെ ജീവനക്കാർക്ക് 11-ാം ശമ്പളപരിഷ്കരണം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവ് കേരഫെഡിലെ 25 തസ്തികകൾക്ക് മാത്രമാണ് ബാധകമാകുന്നത്. 25-01-2020-ലെ സ.ഉ.(കൈ) നം. 14/2020/കൃഷി പ്രകാരം അംഗീകാരം നൽകിയ കേരഫെഡിലെ സ്റ്റാഫ്

പാറ്റേൺ ഉത്തരവിലും 10-ാം ശമ്പള പരിഷ്കരണം സാധൂകരിച്ച് നൽകിയ ഉത്തരവിലും കേരഫെഡിന്റെ കരട് നിയമന ചട്ടത്തിലും ഉൾപ്പെടാത്ത നിരവധി തസ്തികകൾ കേരഫെഡിൽ നിലവിലുണ്ട്. സർക്കാരിന്റെ അനുമതിയോടുകൂടി തസ്തിക സൃഷ്ടിച്ചാൽ മാത്രമേ ഈ തസ്തികകൾ സ്റ്റാഫ് പാറ്റേൺ ഉത്തരവിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. കേരഫെഡ് സർക്കാർ അനുമതിയില്ലാതെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകൾക്ക് അംഗീകാരം നൽകുന്നതുസംബന്ധിച്ച വിഷയങ്ങൾ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. മുഴുവൻ തസ്തികകളിലും ശമ്പളപരിഷ്കരണം ലഭ്യമായതിനുശേഷം ശമ്പളപരിഷ്കരണം നടപ്പാക്കാമെന്നാണ് പതിനൊന്നാം ശമ്പളപരിഷ്കരണം നടപ്പാക്കാത്തതുസംബന്ധിച്ച് കേര ഫെഡ് അറിയിച്ചിട്ടുള്ളത്. ഇത് വേഗത്തിൽ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതായിരിക്കും. പത്ത് വർഷത്തിൽലധികമായി കരാർ/ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. കേരഫെഡിന്റെ റിക്രൂട്ട്മെന്റ് റൂൾ അംഗീകരിച്ച് 29-09-2022-ൽ

സർക്കാർ ഉത്തരവ് നിലവിൽ വന്നിട്ടുള്ളതിനാൽ പി.എസ്.എസി. മുഖേനയാണ് നിയമനം നടത്തേണ്ടത്. അതിൻപ്രകാരം 47 തസ്തികകൾ നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരും പത്ത് വർഷം സർവീസ് പൂർത്തീകരിച്ചവരുമായ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യം നിയമപരമായി പരിശോധിക്കുന്നതാണ്.

(22) ഓട്ടോ കൺസൾട്ടന്റുമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്ന ഓട്ടോ കൺസൾട്ടന്റുമാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. ഓൺലൈൻ മുഖാന്തരം അപേക്ഷ സമർപ്പിക്കുക, ഓൺലൈൻ വഴി ലഭ്യമല്ലാത്ത ഫീസുകളുടെ നമ്പരുകൾ, ഐ.ഡി. എന്നിവ നൽകുക തുടങ്ങിയ നിരവധി സർവീസുകൾ ലഭ്യമാക്കിയിരുന്നത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഉച്ചയ്ക്ക് ഒരു മണിവരെ പ്രവർത്തിച്ചിരുന്ന കൗണ്ടറുകൾ വഴിയായിരുന്നു. ഇപ്പോൾ ഇവ

നിർത്തലാക്കുകയും പി.ആർ.ഒ. വഴി മാത്രമാക്കുകയും ചെയ്തിരിക്കുകയാണ്. കൗണ്ടർ ക്ലോസ് ചെയ്തത് കാരണം ഓഫീസിൽ വരുന്ന പൊതുജനങ്ങൾക്ക് സംശയങ്ങൾ ചോദിക്കുന്നതിനും അപേക്ഷകൾ സമർപ്പിക്കുന്നതിനും സാധിക്കുന്നില്ല. അപേക്ഷ നൽകാൻ വരുന്നവർ മണിക്കൂറുകളോളം ക്യൂവിൽ നിൽക്കേണ്ടിവരുന്നതുകൊണ്ട് ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. ഇത് അടിയന്തരമായി പുനഃപരിശോധിക്കുകയും ഉച്ചയ്ക്ക് ഒരു മണിവരെ കൗണ്ടർ അനുവദിക്കുകയും ചെയ്ത് പരിഹാരമുണ്ടാക്കണമെന്നാണ് എന്റെ അഭ്യർഥന. ഫൈനുകൾ അടയ്ക്കുന്നതിന് എർപ്പെടുത്തിയ ഒ.ടി.പി. സംവിധാനംമൂലം ലക്ഷക്കണക്കിന് രൂപയാണ് സർക്കാരിലേയ്ക്ക് എത്തുന്നതിന് തടസ്സമാകുന്നത്. ഓരോ ഫൈൻ അടയ്ക്കുന്നതിനും ഒ.ടി.പി. വേണമെന്നതിനാൽ മണിക്കൂറുകളോളമാണ് ഓൺലൈൻ സെന്ററുകളിൽ കാത്തുനിൽക്കേണ്ടിവരുന്നത്. കൃത്യമായി വൈബ്സൈറ്റ് പ്രവർത്തിക്കാത്തതും വാഹന ഉടമകൾ വിദേശത്തായിരിക്കുന്നതും ഒ.ടി.പി. ലഭിക്കാൻ സാധിക്കാത്തതും വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇതുമൂലം വാഹന സംബന്ധമായ മറ്റ് സേവനങ്ങൾ ലഭ്യമാകാൻ സാധിക്കാതെ

നിരവധി ഉടമകൾ ബുദ്ധിമുട്ടുകയാണ്. ആവശ്യമായ ഭേദഗതി വരുത്തിയാൽ പ്രസ്തുത ഇനത്തിൽ ലഭ്യമാകേണ്ട നികുതി കാലതാമസം കൂടാതെ അടയ്ക്കാൻ സാധിക്കും. ഓട്ടോ കൺസൾട്ടന്റിനെ തൊഴിലാളികളായി അംഗീകരിക്കുകയും സംഘടിതമായി പ്രവർത്തിക്കുന്നവർക്ക് ലൈസൻസ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്താൽ മാന്യമായും കൃത്യമായും ജോലി ചെയ്യുന്നതിനും അനധികൃതമായി ഈ മേഖലയിൽ വരുന്നവരെ അകറ്റിനിർത്താനും തട്ടിപ്പുകൾ തടയാനും സാധിക്കുന്നതാണ്. ഫിറ്റ്നസ് ടെസ്റ്റിന് ഏർപ്പെടുത്തിയ സ്ലോട്ട് സംവിധാനം ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ലഭിക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. സ്വകാര്യ വാഹനങ്ങളുടെ റീ-ടെസ്റ്റ് ഫീസടച്ച് ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഏർപ്പെടുത്തിയ സ്ലോട്ട്, ഓൺലൈൻ സെന്ററുകൾ സ്വകാര്യ വാഹനങ്ങൾക്ക് ബുക്ക് ചെയ്യുനൽകുന്നുണ്ട്. അതിനാൽ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ദിവസങ്ങളോളം കഴിഞ്ഞാണ് സ്ലോട്ട് ബുക്ക് ചെയ്യാൻ സാധിക്കുന്നത്. ഇത്തരം വിഷയങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാകാൻ ഇക്കാര്യത്തിൽ അങ്ങ് ഇടപെടണമെന്ന് വിനയപൂർവം അഭ്യർഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ യാഥാർഥ്യമാണ്. പലപ്പോഴും വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ ഓട്ടോ കൺസൾട്ടന്റിന്റെ ഫോൺ നമ്പരായിരിക്കും കൊടുക്കുന്നത്. എന്നാൽ പലപ്പോഴും ഒ.ടി.പി. വരുമ്പോൾ അവർ പറയാത്തതുകാരണം ഫൈനുകളുടെയോ മറ്റുള്ള ഡോക്യുമെന്റുകളുടെയോ വിവരങ്ങളൊന്നും അറിയാൻ സാധിക്കില്ല. ഫൈൻ അടയ്ക്കാൻ വേണ്ടി ഒ.ടി.പി. ആവശ്യമായിവരുന്ന വിഷയം പരിഹരിക്കുന്നതിനായി ഒ.ടി.പി. സ്വയം ജനറേറ്റ് ചെയ്ത് അതുപയോഗിച്ച് പാസ്‌വേർഡും ഒ.ടി.പി.യും നൽകി ഓപ്പൺ ചെയ്ത് ഫൈൻ അടയ്ക്കാവുന്നതാണ്. ബസുകൾ തമിഴ്നാടുൾപ്പെടെയുള്ള അന്യസംസ്ഥാനങ്ങളിലേയ്ക്ക് പോകുമ്പോൾ ഫൈൻ അടയ്ക്കേണ്ടി വരുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഇത്തരത്തിൽ ചെയ്യാൻ നിർദേശം നൽകിയിട്ടുണ്ട്. ഫിറ്റ്നസിന്റെ കാര്യം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചിരുന്നു. അതും പരിഹരിക്കുന്നതിനുള്ള നടപടി ഉടൻതന്നെ സ്വീകരിക്കുന്നതാണ്. ഡ്രൈവിംഗ് ടെസ്റ്റ് കൂടിയതുകൊണ്ടാണ് ഫിറ്റ്നസ്

ടെസ്റ്റ് ഇപ്പോൾ കുറഞ്ഞിരിക്കുന്നത്. ഉടമസ്ഥൻ വന്നുകഴിഞ്ഞാൽ ഉടൻതന്നെ ഫിറ്റ്നസ് ടെസ്റ്റ് ചെയ്തുകൊടുക്കുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്. ഫിറ്റ്നസ് ടെസ്റ്റ് സ്ലോട്ട് സംവിധാനത്തിലൂടെയല്ലാതെയും പ്രയോറിറ്റിയിൽ കൊടുക്കാൻ കഴിയും. ഉടമസ്ഥൻ അസൗകര്യം രേഖപ്പെടുത്തി നേരിട്ടുവന്നാൽ മാറ്റിക്കൊടുക്കുന്നതിനുള്ള സൗകര്യമുണ്ട്. ഓട്ടോ കൺസൾട്ടന്റുമാർക്ക് ലൈസൻസ് നൽകുന്നത് നിയമപരമായി അംഗീകരിക്കാൻ സാധിക്കുന്നതല്ല. അവർ ജോലി ചെയ്യുന്നുണ്ടെങ്കിലും ഇപ്പോൾ പല സ്ഥലത്തും കൗണ്ടറിൽ പി.ആർ.ഒ.-യെ ആണ് നിയമിച്ചിരിക്കുന്നത്. കൗണ്ടറിൽ തിരക്കുവന്നാൽ അഡീഷണലായി ഒന്നോരണ്ടോ ക്ലാർക്കിനെ നിയമിക്കുന്നതിനുള്ള നിർദേശം കൊടുത്തിട്ടുണ്ട്, അത് നടപ്പിൽ വരുത്താം. ചില കൺസൾട്ടന്റുമാരും ഉദ്യോഗസ്ഥരും തമ്മിൽ അവിശുദ്ധ കൂട്ടുകെട്ടുണ്ട്. ഗവൺമെന്റ് ഓഫീസുകളിലെ കമ്പ്യൂട്ടറിന്റെ പാസ്വേർഡും യൂസർനെയിംവരെ ഇത്തരം കൺസൾട്ടന്റുമാർക്ക് ഉദ്യോഗസ്ഥർ കൈമാറുകയും അവർ ഓഫീസിനകത്ത് കയറി കമ്പ്യൂട്ടറുകൾ കൈകാര്യം ചെയ്യുന്നൊരു ദുരവസ്ഥയുമുണ്ടായിരുന്നു. അതുകൊണ്ടാണ്

കൗണ്ടറിനകത്തേയ്ക്ക് കൺസൾട്ടന്റുമാരാരും കയറരുതെന്ന് നിർദേശിച്ചിരിക്കുന്നത്. ആ നടപടി സ്വീകരിച്ചതിനാൽ ഇപ്പോൾ ആരുംതന്നെ കൗണ്ടറിലേയ്ക്ക് കയറുന്നില്ല. ഉദ്യോഗസ്ഥരും കൺസൾട്ടന്റുമാരെ മിസ്യൂസ് ചെയ്യുകയാണ്. ഒരു ആർ.ടി.ഒ. ഉദ്യോഗസ്ഥനെ ഇടുക്കി ജില്ലയിൽനിന്ന് സ്ഥലം മാറ്റുകയുണ്ടായി. എന്നാൽ ആ ഉദ്യോഗസ്ഥൻ പോയ സ്ഥലത്തേയ്ക്ക് തന്റെ പ്രിയപ്പെട്ട കൺസൾട്ടന്റിനെയും കൊണ്ടുപോയി, ഇടപാടുകളെല്ലാം തുടർന്നും നടത്തുകയാണ്. ഇതെല്ലാം കണ്ടെത്തി അതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതൊരു തൊഴിലായി സ്വീകരിച്ചിരിക്കുന്നവർക്ക് സർക്കാർ നടപടിമൂലം അസൗകര്യമൊന്നും ഉണ്ടാകില്ല. പക്ഷേ ദുരുപയോഗം ചെയ്യുന്നവർക്ക് ചില അസൗകര്യങ്ങളുണ്ടാകുമെന്നതൊഴിച്ചാൽ ഓട്ടോ കൺസൾട്ടന്റുമാരെ ഉപദ്രവിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ലെന്നാണ് പറയാനുള്ളത്.

(23) കെ.എസ്.ആർ.ടി.സി. അപകടങ്ങൾ ഒഴിവാക്കൽ

ശ്രീ. ലിന്റോ ജോസഫ്: സർ, കഴിഞ്ഞയാഴ്ചയാണ് എന്റെ നിയോജകമണ്ഡലത്തിലെ തിരുവമ്പാടി-പുല്ലരാംപാറ റൂട്ടിൽ കാളിയാമ്പുഴ

എന്ന പ്രദേശത്ത് കെ.എസ്.ആർ.ടി.സി. ബസ് അപകടത്തിൽ കമല, ത്രേസ്യ എന്നീ രണ്ടുപേർ മരണമടയുകയും നിരവധിയാളുകൾക്ക് പരിക്കേൽക്കുകയും ചെയ്തത്. പ്രസ്തുത വിഷയം ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾതന്നെ അദ്ദേഹം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് പത്ത് ലക്ഷം രൂപവീതം ധനസഹായം നൽകുമെന്നും ചികിത്സയിൽ കഴിയുന്ന മുഴുവനാളുകളുടെയും ചികിത്സാ ചെലവ് കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കുമെന്നും പ്രഖ്യാപിച്ചു. അദ്ദേഹത്തോടുള്ള പ്രത്യേക നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുകയാണ്. തിരുവമ്പാടി നിയോജകമണ്ഡലത്തിലെ മലയോര മേഖലയിൽ കെ.എസ്.ആർ.ടി.സി. ബസ് മാത്രമാണ് സർവീസ് നടത്തുന്നത്. ചിപ്പിലിത്തോട്, തുഷാരഗിരി, ചെമ്പുകടവ്, ആനക്കാംപൊയിൽ, മുത്തപ്പൻപുഴ, കരിമ്പ്, വടക്കാട്ടുപാറ, കക്കാടംപൊയിൽ, പീടികപ്പാറ, നായാടംപൊയിൽ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം കെ.എസ്.ആർ.ടി.സി. ബസിനെ മാത്രം ആശ്രയിച്ചാണ് ജനങ്ങൾ യാത്ര ചെയ്യുന്നത്. എന്നാൽ ഇത്തരം സ്ഥലങ്ങളിൽ കയറ്റിറക്കങ്ങൾ കൂടുതലുള്ളതിനാൽ പലപ്പോഴും

അപകടങ്ങൾ സംഭവിക്കാറുണ്ട്. കഴിഞ്ഞ മാസത്തിൽ കക്കാടംപൊയിൽനിന്ന് യാത്രക്കാരുമായി ഇറക്കമിറങ്ങി വന്നൊരു ബസ് ബ്രേക്ക് നഷ്ടപ്പെട്ട് ഒരു മതിലിൽ ഇടിച്ച് നിർത്തുന്നൊരു സാഹചര്യമുണ്ടായി. പൂവാറൻതോട് എന്ന സ്ഥലത്ത് സർവീസ് പകുതിയാകുമ്പോൾ ബസ് കേടായി ആളുകളെ ഇറക്കിവിടുന്ന സാഹചര്യം നിരവധി തവണയുണ്ടായി. പ്രത്യേകിച്ച് ഈ അപകടം കൂടിയുണ്ടായ സാഹചര്യത്തിൽ ജനങ്ങൾ വളരെ ആശങ്കാകുലരാണ്. ബസിന്റെ കാലപ്പഴക്കവും കൃത്യമായ മെയിന്റനൻസ് നടത്താത്തതും ഓവർലോഡ് ആകുന്നതുമാണ് ഇത്തരം അപകടങ്ങൾക്ക് കാരണമാകുന്നതെന്നാണ് അവർ ചൂണ്ടിക്കാട്ടുന്നത്. ഇത്തരം അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി യാത്രക്കാർ ധാരാളമുള്ള സ്ഥലങ്ങളിൽ കൂടുതൽ ബസ് സർവീസുകൾ അനുവദിക്കുകയും പുതിയ ബസുകൾ അനുവദിക്കാനും ആവശ്യമായ നടപടിയുണ്ടാകുമോയെന്നും നേരത്തെയുണ്ടായ അപകടത്തെ തുടർന്ന് അങ്ങ് പ്രഖ്യാപിച്ചിട്ടുള്ള ധനസഹായം എത്രയും പെട്ടെന്ന് വിതരണം ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്നുമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം നേരത്തെതന്നെ അദ്ദേഹം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഈ അപകടം സംഭവിച്ചപ്പോൾ തന്നെ അപകടത്തിൽപ്പെട്ടവരുടെ എല്ലാ ചെലവുകളും കെ.എസ്.ആർ.ടി.സി. ഏറ്റെടുത്തിരുന്നു. ഇൻഷുറൻസ് കമ്പനിയാണ് മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത്. അതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. റിസർവ്ഡ് ആയിട്ടുള്ള യാത്രക്കാർക്ക് പത്ത് ലക്ഷം രൂപയും അൺറിസർവ്ഡ് ആയിട്ടുള്ള യാത്രക്കാർക്ക് അഞ്ച് ലക്ഷം രൂപയുമെന്നാണ് അവരുടെ ചട്ടത്തിൽ പറഞ്ഞിരിക്കുന്നത്. അക്കാര്യത്തിൽ ഇടപെട്ട് സംസാരിക്കുന്നതാണ്. തീർച്ചയായും ഇവർക്ക് നഷ്ടപരിഹാരം നൽകുന്നതാണ്. വാഹനങ്ങൾ ബ്രേക്ക് ഡൗൺ ആകുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. പഴയ വാഹനങ്ങൾ മാറ്റുകയും പണി പൂർത്തിയായ നല്ല രീതിയിലുള്ളവ നൽകുകയും ചെയ്യാം. കെ.എസ്.ആർ.ടി.സി.-യെ മാത്രം ആശ്രയിക്കുന്നൊരു മേഖലയിൽനിന്നും കെ.എസ്.ആർ.ടി.സി. ഒഴിഞ്ഞുപോകില്ല. പ്രൈവറ്റ് ബസുമായി

മത്സരിക്കുന്നതിലുപരി കെ.എസ്.ആർ.ടി.സി. സർവീസ് മാത്രമുള്ള കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും പ്രസ്തുത സർവീസുകൾ ശക്തിപ്പെടുത്തുന്നതായിരിക്കും. അതോടൊപ്പം പുതിയ വാഹനങ്ങൾ വന്നുതുടങ്ങിയാൽ ഉടൻതന്നെ ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം പരിഗണിക്കുന്നതാണ്.

(24) മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവർത്തനം

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കുമ്പള, മംഗൽപ്പാടി പഞ്ചായത്തുകളിലെ തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ ഏറെക്കാലത്തെ ആവശ്യപ്രകാരം 26-02-2021-ലെ സർക്കാർ ഉത്തരവുപ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ ഷിറിയ റിവർ ടെയിനിംഗ് അഥവാ പുലിമുട്ട് നിർമ്മാണം ടെൻഡർ നടപടികൾ പൂർത്തീകരിച്ച പ്രവൃത്തിയാണ്. എന്നാൽ CRZ ക്ലിയറൻസ് ലഭിക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നിലവിൽ റദ്ദ്

ചെയ്തിരിക്കുകയാണ്. പുലിമുട്ട് നിർമ്മാണം യാഥാർഥ്യമാകുമെന്ന പ്രതീക്ഷയോടെ കാത്തിരുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ ഇതുകാരണം വളരെ നിരാശയിലാണ്. മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യബന്ധന യാനങ്ങൾ സുഗമമായി വരുന്നതിനും പോകുന്നതിനും സാധിക്കുന്ന പദ്ധതി കൂടിയാണിത്. റിവർ ട്രെയിനിംഗ് പ്രവൃത്തി, തീര സംരക്ഷണ പ്രവൃത്തി, ചാനൽ ആഴം കൂട്ടൽ എന്നിവ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നു. പദ്ധതി പൂർത്തിയാകുന്നതോടെ സ്ഥിരമായി ചാനൽ ഉണ്ടാകുകയും വെള്ളപ്പൊക്ക ഭീഷണി ഒഴിവാകുകയും ചെയ്യും. ആയതിനാൽ സാങ്കേതികത്വം നീക്കി ഈ പുലിമുട്ട് പദ്ധതി തുടങ്ങേണ്ടത് വളരെ അത്യാവശ്യമാണ്. കൂടാതെ കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം മത്സ്യത്തൊഴിലാളികൾക്ക് പൂർണ്ണതോതിൽ ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. വാർഫിന്റെ ഉയരം കൂടുതലായതിനാൽ ചെറുവള്ളങ്ങൾ അടുപ്പിച്ച് മത്സ്യം ഇറക്കുന്നതിന് പ്രയാസം നേരിടുന്നു. ഇവിടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തുറമുഖത്തിന്റെ ഇരുവശത്തായി 50 മീറ്റർ നീളത്തിൽ

ലോ ലെവൽ ജെട്ടി അല്ലെങ്കിൽ ഫ്ലോട്ടിംഗ് ജെട്ടി നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഹാർബറിന്റെ വടക്ക് ഭാഗത്ത് പാർക്കിംഗ് ഏരിയ, ഓക്ഷൻ ഹാൾ, റെസ്റ്റ് ഷെഡ്, കിണർ, വാട്ടർ ടാങ്ക് എന്നീ അടിസ്ഥാന സൗകര്യങ്ങളും ആവശ്യമാണ്. ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ബ്രേക്ക് വാട്ടർ, മത്സ്യബന്ധന തുറമുഖത്തിന്റെ ബേസിൻ ഡ്രെഡ്ജിംഗ് എന്നിവയും നടപ്പാക്കേണ്ടതായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വിശദമായ എസ്റ്റിമേറ്റ് ഡി.പി.ആർ. സഹിതം ലഭ്യമാക്കിയിട്ടും യാതൊരുവിധ നടപടിയുമുണ്ടായിട്ടില്ല. ആയതിനാൽ മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിനാവശ്യമായ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ പൂർണ്ണതോതിൽ സജ്ജമാക്കേണ്ടതുണ്ടെന്നാണ് ഈ സബ്മിഷനിലൂടെ ചൂണ്ടിക്കാണിക്കുന്നത്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട ശ്രീ. എ. കെ. എം. അഷ്റഫ് വസ്തുതാപരമായ കാര്യങ്ങളാണ് പറഞ്ഞത്. മഞ്ചേശ്വരം ഷിറിയ റിവർ

ട്രെയിനിംഗ് പ്രോജക്ടിന് 24.30 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയതിനെ തുടർന്ന് ടെൻഡർ നടപടി പൂർത്തീകരിക്കുകയും കരാർ ഒപ്പിടുകയും ചെയ്തു. ഇതിന്റെ CRZ ക്ലിയറൻസ് ലഭിക്കാനുള്ള അപേക്ഷ 09-02-2022-ൽ KCZMA (Kerala Coastal Zone Management Authority)-ക്ക് സമർപ്പിച്ചപ്പോൾ ഇതിന്റെ മാതൃകാപഠന റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ടതിൻപ്രകാരം ഐ.ഐ.ടി. മദ്രാസിനെ ചുമതലപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പക്ഷേ, ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA No. 4/2013 നമ്പർ കേസിലെ ഉത്തരവിൽ തീരപ്രദേശത്ത് ഹാർഡ് സ്ട്രക്ച്ചേഴ്സ് നിർമ്മിക്കുമ്പോഴുണ്ടാകുന്ന കോസ്റ്റൽ ഇറോഷൻ തടയുന്നതിനായി എല്ലാ തീരദേശ സംസ്ഥാനങ്ങളും കോമ്പ്രിഹെൻസീവ് ഷോർലൈൻ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. അതിനാൽ കോമ്പ്രിഹെൻസീവ് ഷോർലൈൻ മാനേജ്മെന്റ് പ്ലാനിന് അംഗീകാരം ലഭിച്ചതിനുശേഷം മാത്രമെ ഷിറിയ റിവർ പരിപാലന പദ്ധതിയുടെ പ്രൊപ്പോസൽ പരിഗണിക്കാൻ കഴിയുകയുള്ളൂ. പക്ഷേ ഈ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് CRZ ക്ലിയറൻസ്

ലഭിച്ചുകഴിഞ്ഞാൽ പരിഗണിക്കാവുന്നതാണ്. ഇപ്പോൾ താത്കാലികമായി റീബിൽഡ് കേരള ഈ പണം മുടക്കണ്ടെന്നുപറയുന്നത് CRZ ക്ലിയറൻസ് ലഭിക്കാത്തതുകൊണ്ടാണ്. അത് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന് 4880 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തുകയും ചെയ്തു. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ അവിടെ വലിയ യാനങ്ങൾക്ക് ഉപകരിക്കുന്ന രീതിയിൽ നിർമ്മിച്ചിരിക്കുന്ന ഭാഗങ്ങളൊഴികെ ബാക്കിയുള്ളയിടങ്ങളിൽ ചെറുവള്ളങ്ങൾ കരയ്ക്കടുപ്പിക്കാനുള്ള സാഹചര്യം കുറവാണ്. അതിനായി ഇപ്പോൾ 615 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അത് നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിലോ മറ്റ് പദ്ധതിയിലോ മാത്രമെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധികാരണം പ്ലാനിൽ ഉൾപ്പെടുത്താൻ സാധിക്കില്ല. അത് തീർച്ചയായും പരിഗണനയിലുള്ള വിഷയമാണ്; അടുത്ത ആർ.ഐ.ഡി.എഫ്.-ൽ പരിഗണിക്കാവുന്നതാണ്.

(25) മോട്ടോർ തൊഴിലാളി ക്ഷേമനിധി ആനുകൂല്യം

ശ്രീ. കെ. ബാബു (നെന്മാറ): സർ, കേരളത്തിലെ മോട്ടോർ മേഖലയിലെ പതിനഞ്ച് ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്ക് ജീവനും ജീവിതവും നിലനിർത്താനായി രൂപീകരിക്കപ്പെട്ട മോട്ടോർ തൊഴിലാളി ക്ഷേമനിധിയുടെ സെർവർ തകരാറായതിനാൽ പരിവാഹൻ ലിങ്ക് വിച്ഛേദിക്കപ്പെട്ടു. 22 മാസമായി പ്രസ്തുത ലിങ്ക് വഴി സൈറ്റ് ഓപ്പൺ ചെയ്യാൻ കഴിയാത്ത അവസ്ഥയാണ്. ഇതുമൂലം കേരളത്തിലെ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് ഒരു വർഷം ലഭിക്കുന്ന 180 കോടി രൂപയുടെ വരുമാനം ലഭിക്കുന്നില്ല. മാത്രമല്ല, അത് നിക്ഷേപിക്കുന്നതിലൂടെ പലിശയിനത്തിൽ ലഭിക്കുന്ന വരുമാനവുമില്ല. പരിവാഹൻ ലിങ്ക് പുനഃസ്ഥാപിക്കാത്തതിന്റെ ഭാഗമായി ഉടമസ്ഥവിഹിതം അടയ്ക്കാതെ 90 ശതമാനം വാഹന ഉടമസ്ഥരും ഒഴിഞ്ഞുപോകുകയാണ്. ഉടമസ്ഥവിഹിതം അടയ്ക്കാത്തതുകൊണ്ട് തൊഴിലാളികൾക്ക് അവരുടെ വിഹിതവും അടയ്ക്കാൻ കഴിയുന്നില്ല. വിഹിതം അടച്ചാൽപോലും ഏകദേശം 85 കോടി രൂപയുടെ ചെലവാണ് ഒരു വർഷത്തിൽ വരുന്നത്. പരിവാഹൻ ലിങ്ക്

പുനഃസ്ഥാപിക്കാത്തതിന്റെ പേരിൽ മോട്ടോർ തൊഴിലാളികൾക്ക് റീഫണ്ട്, പെൻഷൻ, വിവാഹ, മരണാനന്തര, ചികിത്സാ ധനസഹായം എന്നിവയ്ക്ക് അപേക്ഷ നൽകിയിട്ടുപോലും ധനസഹായം ലഭിക്കുന്നില്ല. പ്രസ്തുത ലിങ്ക് അടിയന്തരമായി പുനഃസ്ഥാപിച്ച് കേരളത്തിലെ മോട്ടോർ തൊഴിലാളികളെ സംരക്ഷിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, മോട്ടോർ തൊഴിലാളി ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം വളരെ ഗൗരവമേറിയതാണ്. അത് അടിയന്തരമായി പരിശോധിക്കാം. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്കും ഉടമകൾക്കും ക്ഷേമനിധി ബോർഡിന്റെ വെബ്സൈറ്റിലെ ഓൺലൈൻ പേമെന്റ് ലിങ്ക് വഴിയും പേമെന്റ് ഗേറ്റ്വേ മുഖേനയും കേരളത്തിലെ എല്ലാ അക്ഷയ, ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലൂടെയും ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖാന്തരവും സൗത്ത് ഇന്ത്യൻ ബാങ്ക് കൗണ്ടർ മുഖേന നേരിട്ടും ഇ-പേമെന്റ് വഴിയും മൊബൈൽ ആപ്പ് ഉപയോഗിച്ചും ക്ഷേമനിധി വിഹിതം

ഒടുക്കുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. കൂടാതെ ജില്ലാ ആഫീസുകളിൽ സ്വൈപ്പിങ് മെഷീനുകൾ വഴിയും തുക ഒടുക്കാവുന്നതാണ്. സെർവർ തകരാറിലായിരുന്ന 2023 ജനുവരി മുതൽ ഏപ്രിൽ വരെയുള്ള ചെറിയ കാലയളവിൽ മാത്രമാണ് ഉടമ-തൊഴിലാളി വിഹിതമൊടുക്കുന്നതിന് തടസ്സം നേരിട്ടിട്ടുള്ളത്. പ്രസ്തുത വിഷയത്തിൽ ഉടനടി പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

(26) <u>ചവറയിലെയും പന്മനയിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്ലേ ഗ്രൗണ്ട് വൃത്തിയാക്കൽ</u>

<u>ഡോ. സുജിത് വിജയൻപിള്ള</u>: സർ, ചവറ നിയോജകമണ്ഡലത്തിലെ പന്മനമനയിൽ എസ്.ബി.വി.എസ്. ജി.എച്ച്.എസ്.എസ്., ചവറ ബോയ്സ് ഹൈസ്കൂൾ, ചവറ ഗവൺമെന്റ് കോളേജ്, അയ്യൻകോയിക്കൽ ഗവൺമെന്റ് എച്ച്.എസ്.എസ്. തുടങ്ങി നിരവധി സ്കൂളുകളിലെ പ്ലേ ഗ്രൗണ്ടുകൾ കുഴികളും തടവുമായി ശോചനീയാവസ്ഥയിലാണ്. മഴക്കാലത്ത് ഇവിടങ്ങളിൽ വെള്ളക്കെട്ടാണ്. മറ്റ് സമയങ്ങളിലും കുട്ടികൾക്ക് ഇവിടെ കളിക്കാൻ കഴിയാറില്ല. ഏകദേശം 200 ലോഡ് മണ്ണിട്ട് 15 സെ.മീ. ഉയർത്തിയാൽ മാത്രമേ പ്ലേ ഗ്രൗണ്ട് ഉപയോഗയോഗ്യമാവുകയുള്ളൂ എന്നാണ്

പരിശോധയിൽ മനസ്സിലായത്. ഇതിനായി പശ്ചിമഘട്ടത്തിലെ കുന്നുകളിടിച്ച് മണ്ണെടുക്കുന്നത് പരിസ്ഥിതിക്ക് വലിയ രീതിയിൽ ദോഷം ചെയ്യും. എന്നാൽ അഷ്ടമുടിക്കായൽ ചെളിയും മണ്ണും നിറഞ്ഞ് നശിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ആവാസവ്യവസ്ഥ തന്നെ മോശമായിവരികയാണ്. കായലിന്റെ അടിയിലുള്ള ചാലുകളെല്ലാം മണ്ണിട്ട് മൂടിയതിനാൽ മത്സ്യങ്ങളുടെ പ്രജനനവും നടക്കുന്നില്ല. ഇതിന് പരിഹാരമായി ഡ്രെഡ്ജിംഗ് നടത്തേണ്ടിവരും. ഈ മണ്ണ് നമുക്ക് ലഭിച്ചാൽ സ്കൂളുകളുടെ പ്ലേ ഗ്രൗണ്ട് വൃത്തിയാക്കാൻ സാധിക്കും. നിലവിൽ എൻ.എച്ച്. 66-ന്റെ പ്രവൃത്തിക്കായി അഷ്ടമുടിക്കായലിൽനിന്ന് മണ്ണെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സമാനമായ ഒരു ഉത്തരവുണ്ടെങ്കിൽ സ്കൂൾ ഗ്രൗണ്ട് വൃത്തിയാക്കാനും അഷ്ടമുടിക്കായലിൽനിന്ന് മണ്ണെടുക്കാനും കഴിയും. അതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സ്കൂൾ ഗ്രൗണ്ട് വൃത്തിയാക്കുന്നതിനുള്ള ഒരു പ്രോജക്ട് തയ്യാറാക്കി പൊതുവിദ്യാഭ്യാസ വകുപ്പിന് സമർപ്പിക്കണം. ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയാണ് അതിന് അനുവാദം നൽകേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബന്ധപ്പെട്ട വകുപ്പിന്റെയും സഹായത്തോടുകൂടി പ്രസ്തുത വിഷയത്തിന് പരിഹാരം കാണുന്നത് സംബന്ധിച്ച് ആലോചിക്കാം.

(27) കാളംതിരുത്തി എം.ജി.എൽ.സി. സ്കൂൾ തുറന്ന് പ്രവർത്തിപ്പിക്കൽ

ശ്രീ. കെ. പി. എ. മജീദ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിൽ, സ്വന്തമായി സ്ഥലവും കെട്ടിടവും ധാരാളം കുട്ടികൾ പഠിച്ചുകൊണ്ടിരുന്നതുമായ കാളംതിരുത്തി എം.ജി.എൽ.സി. സ്കൂൾ ഒരു തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയിരിക്കുകയാണ്. രണ്ടു പ്രാവശ്യം ഇതുസംബന്ധിച്ച് ഞാൻ സഭയിൽ സബ്മിഷൻ ഉന്നയിച്ചപ്പോഴും ബഹുമാനപ്പെട്ട മന്ത്രി അനുകൂല മറുപടിയാണ് നൽകിയത്. അദ്ദേഹം രണ്ടുതവണയും ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുവെങ്കിലും ഫയൽ നടപടികൾ പൂർത്തിയായിട്ടില്ല. മലപ്പുറം ജില്ലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന എം.എൽ.എ.-മാരുടെ യോഗത്തിൽ ഈ പ്രശ്നം ക്യാബിനറ്റ് യോഗത്തിൽ ചർച്ച ചെയ്യണമെന്ന് അഭിപ്രായപ്പെട്ടപ്പോൾ ഫയൽ വന്നാലുടൻ അപ്രൂവ് ചെയ്യാമെന്നാണ്

പറഞ്ഞത്. എന്നാൽ അക്കാര്യത്തിലും തീരുമാനമായിട്ടില്ല. ദ്വീപിൽനിന്ന് പ്രൈമറി വിദ്യാലയത്തിലേക്ക് എട്ട് കിലോമീറ്റർ ദൂരമുണ്ട്. പൊതുഗതാഗത സൗകര്യങ്ങളൊന്നും ഇവിടെയില്ല. നിലവിൽ അവിടത്തെ അധ്യാപകർക്ക് ശമ്പളം കൊടുക്കുന്നതുപോലും നാട്ടുകാരിൽനിന്ന് പണം പിരിച്ചാണ്. ഇത്തരമൊരു വിഷയത്തിൽ അടിയന്തരനടപടി സ്വീകരിച്ചില്ലെങ്കിൽ ഞങ്ങൾക്ക് മണ്ഡലങ്ങളിലേക്ക് പോകാൻ സാധിക്കില്ല. പ്രസ്തുത വിഷയത്തിൽ അടിയന്തരമായി പരിഹാരം കാണണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം പ്രസ്തുത വിഷയത്തിൽ ഇത്രയധികം വിഷമിക്കേണ്ടതില്ല. മാത്രമല്ല, നിർബന്ധമായും അങ്ങയുടെ മണ്ഡലത്തിൽ പോകുകയും വേണം. ഡി.പി.ഇ.പി. (District Primary Education Programme)-യുടെ കീഴിലാണ് എം.ജി.എൽ.സി. (മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റർ) പ്രോജക്ട് വരുന്നത്. കാലം മാറിയതനുസരിച്ച് വിദ്യാഭ്യാസ രംഗത്തും ധാരാളം മാറ്റങ്ങൾ വന്നു. ഒറ്റപ്പെട്ടു കഴിയുന്ന കുട്ടികൾ നാട്ടിൽ

നടക്കുന്ന പുത്തൻ രീതികൾ പഠിച്ചുവരേണ്ടതുണ്ട്. കാളംതിരുത്തി എം.ജി.എൽ.സി. സ്കൂളിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ യാത്രാസൗകര്യത്തിന്റെ പ്രശ്നങ്ങളുണ്ട്. രണ്ട് യോഗങ്ങൾ ഇതിനകം ചേർന്നിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ പരിഹാരം കാണുന്നതിനായി ക്യാബിനറ്റ് യോഗം ചേർന്ന് തീരുമാനമെടുക്കാം.

(28) പ്രീ-പ്രൈമറി അധ്യാപകരുടെയും ആയമാരുടെയും സേവന വേതന വ്യവസ്ഥ

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, മൂന്ന് മുതൽ അഞ്ച് വയസ് വരെ പ്രായമുള്ള കുട്ടികളുടെ വിദ്യാഭ്യാസം വളരെ പ്രധാനപ്പെട്ടതാണ്. സ്കൂളുകളോട് ചേർന്ന് 1988-ൽ സംസ്ഥാന സർക്കാർ ആരംഭിച്ച പ്രീ-പ്രൈമറി ക്ലാസുകൾ സ്കൂളുകളിലേക്ക് കുട്ടികളെ എത്തിക്കുന്നതിനുള്ള ഒരു കവാടം കൂടിയാണ്. മുൻകാലങ്ങളിൽ കുട്ടികളിൽനിന്ന് പിരിച്ചെടുക്കുന്ന പണവും പി.ടി.എ. ഫണ്ടുമുപയോഗിച്ചാണ് അധ്യാപകരുടെയും ആയമാരുടെയും വേതനം നൽകിയിരുന്നത്. 2011-ൽ അധ്യാപകരുടെയും ആയമാരുടെയും വേതനം യഥാക്രമം 300-ഉം 200-ഉം രൂപയായിരുന്നു. നിലവിൽ അധ്യാപകർക്കും ആയമാർക്കും യഥാക്രമം 12,500, 7,500 എന്നിങ്ങനെ ഉച്ചമായ വേതനമാണ്

ലഭിക്കുന്നത്. 2012-നുമുൻപ് ആരംഭിച്ച പ്രീ-പ്രൈമറി സ്കൂളിലെ അധ്യാപകർക്കും ആയമാർക്കും മാത്രമാണ് പ്രസ്തുത ശമ്പളം ലഭിക്കുന്നത്. സ്കൂളുകളിൽ കൂടുതൽ കുട്ടികൾ ചേരുന്നതിനായി പ്രീ-പ്രൈമറി ക്ലാസുകൾ ആരംഭിക്കും. പക്ഷേ 2012-നുശേഷം ആരംഭിച്ച സ്കൂളുകളിലെ അധ്യാപകർക്കും ആയമാർക്കും വേതനം ലഭിക്കാത്ത സാഹചര്യമാണ്. 36 വർഷത്തോളമായി ജോലി ചെയ്യുന്നവർക്ക് നിലവിൽ തുച്ഛമായ വേതനമാണ് ലഭിക്കുന്നത്. 2012-നുശേഷം പ്രവർത്തനമാരംഭിച്ച പ്രീ-പ്രൈമറി സ്കൂളുകളിലെ അധ്യാപകർക്കും ആയമാർക്കും സർക്കാരിന്റെ ഓണറേറിയം ലഭിക്കുന്നുമില്ല. ആയതിനാൽ പ്രീ-പ്രൈമറി അധ്യാപകരുടെയും ആയമാരുടെയും സേവന വേതന വ്യവസ്ഥയിൽ അനുകൂല നിലപാടുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയത്തിൽ ചില സാങ്കേതിക പ്രശ്നങ്ങളുണ്ട്. കേരളത്തിൽ പി.ടി.എ.-യുടെ നിയന്ത്രണത്തിൽ 2686 പ്രീ-പ്രൈമറി സ്കൂളുകൾ അംഗീകാരത്തോടെ പ്രവർത്തിക്കുന്നുണ്ട്.

03-02-2021-ലെ സർക്കാർ ഉത്തരവുപ്രകാരം അംഗീകൃത പ്രീ-പ്രൈമറി വിഭാഗത്തിൽ ജോലി ചെയ്യുന്ന പത്ത് വർഷത്തിന് മുകളിൽ സേവന കാലയളവുള്ള അധ്യാപകർക്ക് 12,500 രൂപയും ആയമാർക്ക് 7,500 രൂപയുമാണ് വേതനമായി നൽകുന്നത്. പ്രസ്തുത വിഷയത്തിൽ പരിഹാരം കാണുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(29) ബാലരാമപുരം-വഴിമുക്ക്-കളിയിക്കാവിള പാത നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കൽ

ശ്രീ. കെ. ആൻസലൻ: സർ, തലസ്ഥാന ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു റോഡാണ് കരമന-കളിയിക്കാവിള പാത. ഈ സഭയുടെ ഒന്നാം സമ്മേളനത്തിൽ ബഹുമാനപ്പെട്ട മന്ത്രി വളരെ പ്രതീക്ഷയോടുകൂടിയാണ് തിരുവനന്തപുരം ജില്ലയുടെ വികസനവുമായി ബന്ധപ്പെട്ട് പ്രസ്തുത വിഷയം സൂചിപ്പിച്ചത്. എന്നാൽ അതിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. ഭൂമി ഏറ്റെടുക്കൽ നടപടി സ്വീകരിക്കാത്തതിനാൽ ആയിരക്കണക്കിന് വരുന്ന ഭൂവുടമകൾ

നിസ്സഹായരാണ്. പ്രസ്തുത വിഷയം വളരെ ഗൗരവകരമായി കണ്ട് ഭൂമി ഏറ്റെടുക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം കിഫ്ബി പദ്ധതിയുടെ കീഴിൽവരുന്നതാണ്. സർക്കാർതലത്തിൽ തീരുമാനമെടുക്കാനാണ് കിഫ്ബി നിർദേശിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായി ജനപ്രതിനിധികളുടെ ഒരു പ്രത്യേക യോഗം വിളിച്ചുചേർക്കാൻ വകുപ്പ് സെക്രട്ടറിക്ക് നിർദേശം നൽകിയിട്ടുണ്ട്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

(30) കോഴിക്കോട്-പാലക്കാട് ഗ്രീൻ ഫീൽഡ് ഹൈവേ നിർമ്മാണം

ശ്രീ. ടി. വി. ഇബ്രാഹിം: സർ, എൻ.എച്ച്.-966 കോഴിക്കോട്-പാലക്കാട് ഗ്രീൻ ഫീൽഡ് ഹൈവേയുടെ നിർമ്മാണം പുരോഗമിക്കുകയാണ്. അതിന്റെ ഡി.പി.ആർ.-ഉം ഡിസൈനും തയ്യാറാക്കിയപ്പോൾ മലപ്പുറം ജില്ലയിൽ 53 കിലോമീറ്ററിനുള്ളിൽ 11 കിലോമീറ്ററിൽ സർവീസ് റോഡില്ല. എൻ.എച്ച്.66-ൽനിന്ന് വ്യത്യസ്തമായി എൻ.എച്ച്. 966-ൽ ആക്സസ്

+ അനുബന്ധമായി ചേർക്കുന്നു.

പോയിന്റുകൾ കുറവാണ്. സർവീസ് റോഡ് ഇല്ലാത്ത 11 കിലോമീറ്ററിൽ അഞ്ചര കിലോമീറ്റർ എന്റെ നിയോജകമണ്ഡലത്തിലെ വാഴക്കാട് പഞ്ചായത്തിലാണ്. തൊട്ടടുത്ത ചീക്കോട്, വാഴയൂർ പഞ്ചായത്തിൽ മാത്രമാണ് ആക്സസ് പോയിന്റുള്ളത്. 19 ബ്ലെക്കിംഗുള്ള റോഡിൽ മൂന്നിടങ്ങളിലെ ബ്ലെക്കിംഗ് വാഴക്കാട് പഞ്ചായത്തിലാണ്. സർവീസ് റോഡും ആക്സസുമില്ലെങ്കിൽ യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുമെന്നതിനാൽ, വാഴക്കാട് പഞ്ചായത്തിലെ സർവീസ് റോഡ് പൂർത്തിയാക്കുകയും അനുയോജ്യമായ സ്ഥലത്ത് ആക്സസ് ലഭിക്കുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പ്രസ്തുത വിഷയം കേന്ദ്ര സർക്കാരിന്റെ പരിഗണനയിൽ വരുന്നതാണ്. ആക്സസ് പോയിന്റുകളുടെ എണ്ണം വർധിപ്പിക്കുന്നത് സാങ്കേതികമായി സാധ്യമല്ലെന്നാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചത്. പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ആക്സസ് പോയിന്റുകൾ നൽകാനാകുമോയെന്ന് പരിശോധിക്കാൻ അതോറിറ്റിയോട് പ്രത്യേകം

ആവശ്യപ്പെടാം. വാഴക്കാട് പഞ്ചായത്തിന്റെ വിഷയം പ്രത്യേകമായി പരിഗണിക്കുന്നതാണ്.

(31) വള്ളിക്കുന്നംചിറ ടൂറിസം പദ്ധതി

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, മാവേലിക്കര നിയോജകമണ്ഡലത്തിലെ വള്ളിക്കുന്നംചിറ ടൂറിസം പദ്ധതിക്കായി ബജറ്റിൽ തുക അനുവദിച്ച് മൂന്ന് വർഷം കഴിഞ്ഞിട്ടും ഇതുവരെ പദ്ധതി ആരംഭിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇതുമായി ബന്ധപ്പെട്ട് നിരവധി തവണ ഉദ്യോഗസ്ഥരെ സമീപിച്ചപ്പോൾ സാങ്കേതികപ്രശ്നങ്ങൾ പറഞ്ഞ് ഒഴിവാക്കുന്ന സമീപനമാണുണ്ടായത്. ഈ പദ്ധതി നടപ്പിലാക്കേണ്ട എന്ന രീതിയിലാണോ ഇടപെടലുകളുണ്ടാകുന്നതെന്നാണ് എന്റെ ബലമായ സംശയം. ഇതിനുമുമ്പ് വയ്യാങ്കരച്ചിറ ടൂറിസം പദ്ധതി ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകമായി ഇടപെട്ടാണ് യാഥാർഥ്യമാക്കിയത്. ഈ പദ്ധതിയും അതേനിലയിൽ പ്രത്യേക താൽപര്യമെടുത്ത് പൂർത്തിയാക്കിത്തരണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗത്തിന്റേത് ദുർബലമായ സംശയമാണ്.

ഈ പദ്ധതിയുടെ ഡി.പി.ആർ. കഴിഞ്ഞ ദിവസം ചേർന്ന ടൂറിസം വർക്കിംഗ് ഗ്രൂപ്പിന്റെ യോഗത്തിൽ പരിഗണിച്ചിട്ടുണ്ട്. പ്രസ്തുത ഗ്രൂപ്പിന്റെ നിർദേശങ്ങൾക്കനുസൃതമായി തുടർനടപടി സ്വീകരിക്കുന്നതാണ്.

(32) പേരാവൂരിലെ പൊതുമരാമത്ത് റോഡുകളുടെ നവീകരണം

ശ്രീ. സണ്ണി ജോസഫ്: സർ, റോഡുകൾക്ക് ദൈർഘ്യം കൂടുതലുള്ള നിയോജകമണ്ഡലമായ പേരാവൂരിലെ പൊതുമരാമത്ത് റോഡുകൾ പലതും ഗതാഗതയോഗ്യമല്ല. ഇരിട്ടി താലൂക്ക് ആസ്ഥാനത്തേക്കുള്ള റോഡുകൾപോലും പൊട്ടിപ്പൊളിഞ്ഞ് കിടക്കുകയാണ്. വയനാട് ജില്ലയിലേക്കുള്ള പ്രധാന റോഡായ നിടുംപൊയിൽ റോഡ് അറുപത് ദിവസത്തോളമായി ഗതാഗതയോഗ്യമല്ലാതായിരിക്കുകയാണെന്ന് കഴിഞ്ഞ ദിവസം സൂചിപ്പിക്കുകയുണ്ടായി. അതിന് സമാന്തരമായി വയനാട്, കണ്ണൂർ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന അമ്പായത്തോട് 44-ാം മൈൽ ചുരംരഹിത പാതയ്ക്കുവേണ്ടി അപേക്ഷ സമർപ്പിച്ച് വർഷങ്ങളായെങ്കിലും ഇതുവരെ ഗവൺമെന്റ് അതിനായി ഒരു യൂസർ ഏജൻസിയെപോലും നിയോഗിച്ചിട്ടില്ല. മുമ്പ് ഇവിടെ പഞ്ചായത്ത് റോഡാണുണ്ടായിരുന്നത്. ഈ

റോഡിന്റെ കുറച്ചുദൂരം വന്യജീവി സങ്കേതത്തിലൂടെ കടന്നുപോകേണ്ടതിനാൽ വനം വകുപ്പിന്റെ ക്ലിയറൻസും ലഭിക്കണം. ബഹുമാനപ്പെട്ട മാനന്തവാടി അംഗവും പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രിയുമായ ശ്രീ. ഒ. ആർ. കേളുവിനും അറിയാവുന്ന കാര്യമാണ്, ഇതിനായി മുഖ്യമന്ത്രിക്കും അപേക്ഷ നൽകിയിട്ടുണ്ട്. അതുകൊണ്ട് അമ്പായത്തോട് 44-ാം മൈൽ ചുരംരഹിത പാതയ്ക്കായി യൂസർ ഏജൻസിയെ പി.ഡബ്ല്യു.ഡി. നിയോഗിച്ച് പ്രസ്തുത റോഡ് നിർമ്മാണം വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇതിൽ രണ്ട് വിഷയമുണ്ട്. ജൽജീവൻ മിഷൻ പ്രവൃത്തി പൂർത്തിയാക്കാത്തതുമൂലം റോഡ് പണികൾ ആരംഭിക്കാൻ സാധിക്കാത്ത വിഷയം ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ പ്രത്യേക ഇടപെടൽ

നടത്തുന്നതിനുവേണ്ടി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

(33) പനാത്ത്താഴം-ചേവരമ്പലം ജംഗ്ഷനിൽ മേൽപ്പാലം/അടിപ്പാലം നിർമ്മാണം

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഗാന്ധി റോഡ് മുതൽ സി.ഡബ്ല്യു.ആർ.ഡി.എം. (Centre for Water Resources Development and Management) വരെയുള്ള പ്രധാനപ്പെട്ട ഒരു റോഡാണ് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിലുൾപ്പെടുത്തി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിർമ്മിച്ചിട്ടുള്ള പനാത്ത്താഴം റോഡ്. പനാത്ത്താഴം-സരോവരം റോഡിൽ ഒരു ഫ്ലൈ ഓവർ വരാൻ പോകുകയാണ്. നിരവധി വാഹനങ്ങൾ കടന്നുപോകുന്നതും ഏറ്റവും പ്രധാനമായി മെഡിക്കൽ കോളേജിലേക്കും പുതുതായി ആരംഭിക്കുന്ന അവയവമാറ്റ ശസ്ത്രക്രിയകൾക്കായുള്ള ആശുപത്രിയിലേക്കും കടന്നുപോകേണ്ട പ്രധാനപ്പെട്ട ഈ റോഡ് കുന്നമംഗലം വരെയെത്തുന്നതാണ്. ടി റോഡിന്റെ കുറുകെയാണ് പുതുതായി ദേശീയപാത-66 വരുന്നത്. അവിടെയൊരു മേൽപ്പാലമില്ലാത്തത് ധാരാളം പ്രശ്നങ്ങൾ

+ അനുബന്ധമായി ചേർക്കുന്നു.

സൃഷ്ടിക്കും. നിരവധി തവണ ഇതിനായി ബന്ധപ്പെട്ട് നിവേദനങ്ങൾ നൽകിയിട്ടുണ്ട്. മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, നിരവധി തവണ ഈ വിഷയം ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും വേണ്ടത്ര ഉൾക്കൊണ്ടിട്ടില്ല. എന്നാൽ ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ദേശീയപാത അതോറിറ്റിയുമായി ഒരിക്കൽക്കൂടി സംസാരിക്കാം. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

(34) പെരിങ്ങമ്മല-തെന്നൂർ മലയോര ഹൈവേ നിർമാണം

ശ്രീ. ഡി. കെ. മുരളി: സർ, എന്റെ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന മലയോര ഹൈവേയിൽ മൂന്നാമത്തെ റീച്ച് നിർമ്മാണത്തിൽ കാരാറുകാർ അലംഭാവം വരുത്തുകയാണ്. പലപ്രാവശ്യം മീറ്റിംഗ് വിളിച്ചുചേർത്തെങ്കിലും അവർ നിർമ്മാണം തുടരാൻ വിമുഖത

+ അനുബന്ധമായി ചേർക്കുന്നു.

കാണിക്കുകയാണ്. ഇതിന്റെ ഭാഗമായ തെന്നൂർ പാലത്തിന്റെ പുനർനിർമ്മാണം ഇനിയും ആരംഭിച്ചിട്ടില്ല. ഈ രണ്ട് കാര്യങ്ങളിലും ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് വേഗതയിലാക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

(35) വഴിയോര ഭക്ഷണ വിതരണ കേന്ദ്രങ്ങളിലെ ശുചിത്വം

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിശിഷ്യാ നഗരപ്രദേശങ്ങളിൽ മഞ്ഞപ്പിത്തം, ഛർദ്ദി മുതലായ പകർച്ചവ്യാധികൾ വ്യാപകമാകുന്ന സാഹചര്യത്തിൽ തട്ടുകടകളിലും വഴിയോര ഭക്ഷണ വിതരണകേന്ദ്രങ്ങളിലും ഭക്ഷണം പാകം ചെയ്യുന്നത് വൃത്തിയോടുകൂടിയ സാഹചര്യത്തിലാണെന്ന് ഉറപ്പുവരുത്തുന്നതും ഇത്തരം കച്ചവടക്കാർക്ക് ഇ-ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്നതും സംബന്ധിച്ചുള്ള സബ്മിഷനാണ് അവതരിപ്പിക്കുന്നത്. ഹോട്ടലുകൾക്കും റസ്റ്റോറന്റുകൾക്കും ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് ആക്ട്

+ അനുബന്ധമായി ചേർക്കുന്നു.

ബാധകമാണ്. എന്നാൽ ബീച്ചുകളിലും മറ്റ് ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സമീപത്തും പ്രവർത്തിക്കുന്ന പല തട്ടുകടകളിലും രാത്രി മാത്രം പ്രത്യക്ഷപ്പെടുന്ന ചെറിയ ചായക്കടകളിലും ഭക്ഷണം പാകം ചെയ്യുന്നതും വിതരണം ചെയ്യുന്നതും വൃത്തിഹീനമായ സാഹചര്യങ്ങളിലാണെന്നാണ് മനസ്സിലാക്കുന്നത്. പലതരം പകർച്ചവ്യാധികളും ഭക്ഷ്യവിഷബാധയും റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഇവർക്കും ലൈസൻസ് ഏർപ്പെടുത്തണം. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പരിധികളിൽ കച്ചവടം ചെയ്യുന്ന ഇത്തരം അനധികൃത കച്ചവടക്കാരിൽ പലരും ഹെൽത്ത് ഓഫീസറല്ലാത്ത മറ്റേതെങ്കിലും ഉദ്യോഗസ്ഥരിൽനിന്നോ ഡോക്ടർമാരിൽനിന്നോ തൊഴിലാളികളുടെ പേരിൽ വാങ്ങുന്ന ഹെൽത്ത് സർട്ടിഫിക്കറ്റ് ഉപയോഗിച്ചാണ് കച്ചവടം നടത്തുന്നത്. പലപ്പോഴും ഒരേ വ്യക്തിയുടെ ഹെൽത്ത് സർട്ടിഫിക്കറ്റ് ഉപയോഗിച്ച് പല സ്ഥലങ്ങളിൽ കച്ചവടം നടത്തുന്നത് പരിശോധനയ്ക്കെത്തുന്ന ഉദ്യോഗസ്ഥർക്കുപോലും തിരിച്ചറിയാൻ സാധിക്കുന്നില്ല. അത് പരിഹരിക്കുന്നതിനായി സ്ഥാപനത്തിലെ

തൊഴിലാളികൾക്കായി ഹെൽത്ത് ഓഫീസർ നൽകുന്ന ഹെൽത്ത് ഫിറ്റ്നസ് കാർഡ് നിർബന്ധമാക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സംസ്ഥാനത്ത് ജലം, ഭക്ഷണം എന്നിവയിലൂടെയുള്ള പകർച്ചവ്യാധികൾ വർധിക്കുന്നത് ആരോഗ്യ വകുപ്പ് നേരത്തെതന്നെ കണ്ടെത്തുകയും അതിനെതിരെ പൊതുവായ ജാഗ്രതയുണ്ടാകണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്തിരുന്നു. ഏറ്റവും കൂടുതൽ പരിശോധനകൾ നടക്കുന്ന ഒരു കാലയളവുകൂടിയാണിത്. നൈറ്റ് സ്ക്വാഡ് രൂപീകരിച്ചുകൊണ്ടാണ് തട്ടുകടകളും വഴിയോര കച്ചവട കേന്ദ്രങ്ങളുമുൾപ്പെടെയുള്ള എല്ലാ ഭക്ഷണശാലകളിലും പരിശോധന നടത്തുന്നത്. ഹെൽത്ത് കാർഡ് സംബന്ധിച്ച് 2011-ൽ ആക്ട് നിലവിൽ വന്നെങ്കിലും രണ്ടുവർഷം മുമ്പുമാത്രമാണ് അത് നിർബന്ധമായി രാജ്യത്തുതന്നെ ആദ്യമായി കേരളത്തിൽ നടപ്പിലാക്കുന്നത്. ഏതെങ്കിലും തരത്തിൽ വ്യാജ കാർഡുകൾ നൽകുന്ന മെഡിക്കൽ പ്രാക്ടീഷണർമാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. ഇതുസംബന്ധിച്ച്

പരിശോധനകൾ നടത്തുന്നതും ഏതെങ്കിലും തരത്തിൽ പരാതിയുണ്ടെങ്കിൽ അതിൽ ഇടപെട്ട് മുന്നോട്ടുപോകുന്നതുമാണ്.

(36) കോഴിക്കോട് മെഡിക്കൽ കോളേജിൽ രാത്രികാല പോസ്റ്റ്മോർട്ടം

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, കോഴിക്കോട് മെഡിക്കൽ കോളേജിൽ രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സബ്മിഷനാണ്. അസ്വാഭാവിക മരണങ്ങളൊഴികെയുള്ള മരണങ്ങൾ സംഭവിക്കുമ്പോൾ രാത്രികാല പോസ്റ്റ്മോർട്ടം കൂടി നടപ്പിലാക്കിയാൽ കുടുംബാംഗങ്ങളും സാമൂഹിക പ്രവർത്തകരും ഇപ്പോൾ നേരിടുന്ന നിരവധി പ്രതിസന്ധികൾ മറികടക്കാൻ സാധിക്കും. അതുകൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജിൽ രാത്രികാല പോസ്റ്റ്മോർട്ടം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ രാത്രികാല പോസ്റ്റ്മോർട്ടം വേണമെന്നുള്ളത് പതിമൂന്ന് വർഷത്തെ നീണ്ട

ആവശ്യമാണ്. ഈ കാലഘട്ടത്തിൽ അത് യാഥാർഥ്യമാക്കുന്നതിനായി മഞ്ചേരി മെഡിക്കൽ കോളേജിൽ രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിച്ചു. കാസർഗോഡ് ജനറൽ ആശുപത്രിയിലും രാത്രികാല പോസ്റ്റ്മോർട്ടം നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട കാസർഗോഡ് എം.എൽ.എ. അതിനായി കേസ് നടത്തിയ വ്യക്തികൂടിയാണ്. കോഴിക്കോട് മെഡിക്കൽ കോളേജിലുൾപ്പെടെ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്. ഓരോ മെഡിക്കൽ കോളേജിലും നടത്തുന്ന പോസ്റ്റ്മോർട്ടത്തിന്റെ കണക്കുകൾകൂടി സർക്കാർ പരിശോധിക്കുന്നുണ്ട്.

(37) നെല്ല് വില വർധിപ്പിക്കൽ

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കേരളത്തിലെ നെൽകർഷകർ ഓരോ സീസണിലും വലിയ ആശങ്കയിലാണ്. നെല്ല് സംഭരണവുമയി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ തുടർച്ചയായി നിരവധി സർക്കുലറുകൾ പുറപ്പെടുവിക്കുകയും പുതിയ മാനദണ്ഡങ്ങൾ പ്രഖ്യാപിക്കുകയും ചെയ്യുന്നത് ബുദ്ധിമുട്ടുണ്ടാക്കുകയാണ്. പുതിയ ലോഡിംഗ് പോയിന്റ് ഏർപ്പെടുത്തുക, ചാക്കിൽ 50 കിലോയിൽ കൂടുതൽ നെല്ല് നിറയ്ക്കാൻ പാടില്ല എന്നിങ്ങനെ

നിർദേശിച്ചുകൊണ്ട് വിവിധ സർക്കുലറുകൾ ഓരോ ഘട്ടത്തിലും വരികയാണ്, ഇതിനൊരു ഏകീകരണമുണ്ടാകണം. സമയബന്ധിതമായി നെല്ല് സംഭരിച്ചില്ലെങ്കിൽ കർഷകർക്ക് വൻനഷ്ടമാണ് സംഭവിക്കുന്നത്. അതുകൊണ്ട് അടിയന്തരമായി നെല്ല് സംഭരിക്കാനും കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് ചെറിയ വിലവർധനവ് ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, സർ, വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

(38) റേഷൻ കട നടത്തുന്ന ലൈസൻസികളുടെ പ്രശ്നങ്ങൾ

ശ്രീ. ജി. സ്റ്റീഫൻ: സർ, 14300 റേഷൻ കടകളെയും 92 ലക്ഷം കാർഡുടമകളെയും ബാധിക്കുന്ന വിഷയമാണ് സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. റേഷൻ വ്യാപാരികളുടെ ആഗസ്റ്റ് മാസത്തെ വേതനം ഇതുവരെ നൽകിയിട്ടില്ല. 2018-ൽ നടപ്പിലാക്കിയ വേതന പാക്കേജ് പുതുക്കണം. ക്ഷേമനിധിയിൽ സർക്കാർ വിഹിതമില്ലാത്ത ഏക ക്ഷേമനിധിയാണ് റേഷൻ വ്യാപാരികളുടേത്. കെ.റ്റി.പി.ഡി.എസ്. (കേരള

+ അനുബന്ധമായി ചേർക്കുന്നു.

ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം) ഓർഡറിലെ ലൈസൻസികൾക്കെതിരെയുള്ള അപാകതകൾ തിരുത്തണം. വിതരണമില്ലാത്ത മണ്ണെണ്ണയ്ക്ക് ലൈസൻസ് വേണമെന്നുള്ള നിബന്ധന മാറ്റണം. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിപ്രകാരമുള്ള കിറ്റ് കമ്മീഷൻ എല്ലാ റേഷൻ വ്യാപാരികൾക്കും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, റേഷൻ വ്യാപാരികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ മുന്തിയ പരിഗണനയാണ് നൽകുന്നത്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

12.00 noon]

(39) മദ്രസ ബോർഡ് നിർത്തലാക്കണമെന്ന ദേശീയ ബാലാവകാശ കമ്മീഷൻ ശിപാർശ

ശ്രീ. പി. ഉബൈദുള്ള: സർ, നമ്മുടെ രാജ്യത്തെ മദ്രസ സംവിധാനങ്ങൾക്കെതിരെ കേന്ദ്ര സർക്കാർ വീണ്ടും രംഗത്തെത്തിയിരിക്കുകയാണ്. മദ്രസകൾ അടച്ചുപൂട്ടാനും സർക്കാർ

+ അനുബന്ധമായി ചേർക്കുന്നു.

സഹായങ്ങൾ അവസാനിപ്പിക്കാനും നിർദേശിച്ച് ദേശീയ ബാലാവകാശ കമ്മീഷൻ എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണപ്രദേശങ്ങളിലെയും ചീഫ് സെക്രട്ടറിമാർക്ക് കത്ത് നൽകിയിരിക്കുകയാണ്. ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ ശ്രീ. പ്രിയങ്ക് കനൂംഗോ ഒക്ടോബർ 11-ന് അയച്ച കത്തിലാണ് ഇക്കാര്യം സൂചിപ്പിക്കുന്നത്. മദ്രസ ബോർഡുകൾ നിർത്തലാക്കാനും മദ്രസകൾക്കും മദ്രസ ബോർഡുകൾക്കും സർക്കാർ ധനസഹായം നൽകുന്നത് അവസാനിപ്പിക്കണമെന്നും മദ്രസയിൽ പഠിക്കുന്ന കുട്ടികളെ ഔപചാരിക വിദ്യാലയങ്ങളിലേക്ക് മാറ്റണമെന്നുമാണ് കമ്മീഷന്റെ ശിപാർശ. കേരളം പോലുള്ള സംസ്ഥാനങ്ങളിൽ യാതൊരു സാമ്പത്തിക സഹായവും മദ്രസകൾക്ക് നൽകുന്നില്ലെന്നുള്ളത് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. സാധാരണക്കാരായ പൊതുജനങ്ങളിൽനിന്ന് സഹായം സ്വീകരിച്ചാണ് മദ്രസകൾ പ്രവർത്തിക്കുന്നത്. വിദ്യാഭ്യാസ അവകാശം ഉറപ്പാക്കുന്ന 2009-ലെ നിയമം അനുശാസിക്കുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം മദ്രസയിൽ പഠിക്കുന്ന കുട്ടികൾക്ക് ലഭിക്കുന്നില്ലെന്നാണ് കമ്മീഷന്റെ കണ്ടെത്തൽ.

തീർത്തും ഭരണഘടനാ വിരുദ്ധമായ തീരുമാനത്തിനുപിന്നിലുള്ള ഈ ദുഷ്ടലാക്കിന് രാജ്യത്തെ പ്രതിപക്ഷകക്ഷികൾ മാത്രമല്ല, ബി.ജെ.പി.-യുടെ ഘടകകക്ഷികൾതന്നെ വിമർശന വിധേയമായി കഴിഞ്ഞിരിക്കുന്നുവെന്നുള്ളതാണ് യാഥാർഥ്യം. മദ്രസയിൽ പഠിക്കുന്ന അമുസ്ലീം വിദ്യാർഥികളെ മറ്റ് ഏതെങ്കിലും സ്കൂളുകളിലേക്ക് മാറ്റണമെന്നും അംഗീകാരമുള്ളതും അല്ലാത്തതുമായ മദ്രസകളിൽ പഠിക്കുന്ന മുസ്ലീം വിദ്യാർഥികളെ മറ്റ് ഏതെങ്കിലും സ്കൂളുകളിൽക്കൂടി ചേർക്കണമെന്നും കത്തിൽ പരാമർശിക്കുന്നുണ്ട്. അമുസ്ലീം വിദ്യാർഥികൾക്കൂടി മദ്രസകളിൽ പഠിക്കുന്നുവെന്നാണ് പ്രസ്തുത റിപ്പോർട്ടിലൂടെ വ്യക്തമാക്കുന്നത്. മതപഠനത്തോടൊപ്പം മതം അനുശാസിക്കുന്ന മനുഷ്യത്വവും ധർമ്മബോധവും പകർന്നുനൽകുന്ന വിദ്യാലയങ്ങളാണ് മദ്രസകൾ. അതുകൊണ്ടാണ് രാജ്യത്തെ വിവിധ മദ്രസകളിൽ എല്ലാ മതവിഭാഗത്തിലുംപെട്ട കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്നത്. ബാലാവകാശ കമ്മീഷൻ ഉത്തരവിന്റെയും റിപ്പോർട്ടിന്റെയും നൈതികതയും ഉദ്ദേശ്യവും ഇവിടെ ചോദ്യം ചെയ്യപ്പെടുകയാണ്. മദ്രസകൾ അടച്ചുപൂട്ടണമെന്ന നിർദേശം മതം

പഠിപ്പിക്കാനുള്ള ഭരണഘടനാപരമായ അവകാശത്തിന്റെ ലംഘനമാണ്. ബാലാവകാശ കമ്മീഷന് ഇത്തരത്തിൽ നിർദേശം പുറപ്പെടുവിക്കാനുള്ള അധികാരമുണ്ടോ?

മി. സ്പീക്കർ: അങ്ങയ്ക്ക് അവസരം നൽകിയതിന് ഇങ്ങനെ ചെയ്യരുത്. ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി പറയട്ടെ.

ശ്രീ. പി. ഉബൈദുള്ള: സർ, ഭരണഘടനപരമായ അവകാശം എടുത്തുമാറ്റാൻ ബാലാവകാശ കമ്മീഷൻപോലുള്ള ഒരു ഏജൻസിക്ക് കഴിയില്ല. (.....മൈക്ക് ഓഫ്...)

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട വിഷയമാണ് അവതരിപ്പിച്ചത്. ദേശീയ ബാലാവകാശ കമ്മീഷൻ കേരളത്തെ വളരെ മോശമായി ചിത്രീകരിച്ചൊരു സംഭവമാണിത്. ദേശീയ ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ സംസ്ഥാനത്തെ ചീഫ് സെക്രട്ടറിമാർക്ക് 11-10-2024-ന് അയച്ച കത്തിൽ 2009-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ

നിയമത്തിൽ വിദ്യാഭ്യാസത്തിനുള്ള അവകാശം മൗലികാവകാശമാക്കിയിട്ടുള്ളതും എന്നാൽ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസം നൽകിവരുന്ന മതസ്ഥാപനങ്ങൾക്ക്/മദ്രസകൾക്ക് പ്രസ്തുത നിയമത്തിൽ ഇളവ് നൽകിയിട്ടുള്ളത് ദുരുപയോഗം ചെയ്തതായി കണ്ടെത്തിയിട്ടുണ്ടെന്നും അപ്രകാരം കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരണം ഉറപ്പാക്കുന്നത് ലംഘിക്കപ്പെടുകയാണെന്നും ഇത്തരത്തിൽ മദ്രസകളിലെ വിദ്യാഭ്യാസ രീതി കുട്ടികളുടെ ഭരണഘടനാ അവകാശങ്ങൾ ലംഘിക്കുന്നതാണെന്നുമാണ് ഉന്നയിച്ചിരിക്കുന്നത്. 'വിശ്വാസത്തിന്റെ സംരക്ഷകരോ അതോ അവകാശങ്ങളെ അടിച്ചമർത്തുന്നവരോ: കുട്ടികളുടെ ഭരണഘടനപരമായ അവകാശങ്ങളും മദ്രസയും' എന്ന തലക്കെട്ടിൽ 11 അധ്യായങ്ങളുള്ള ഒരു റിപ്പോർട്ട് കമ്മീഷൻ തയ്യാറാക്കിയിരിക്കുകയാണ്. ഇതിന്റെ പശ്ചാത്തലത്തിൽ അയച്ച കത്തിലാണ് മദ്രസകൾക്കും മദ്രസ ബോർഡുകൾക്കും സംസ്ഥാന സർക്കാർ നൽകി വരുന്ന ധനസഹായം നിർത്തലാക്കണമെന്നും മദ്രസ ബോർഡുകൾ അടച്ചുപൂട്ടണമെന്നും

ആവശ്യപ്പെട്ടിരിക്കുന്നത്. മദ്രസകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ അവകാശം ഉറപ്പാക്കുന്ന 2009-ലെ നിയമം അനുശാസിക്കുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭിക്കുന്നില്ലെന്നും പാഠ്യപദ്ധതി, യൂണിഫോം, അടിസ്ഥാന സൗകര്യങ്ങൾ, പഠനാന്തരീക്ഷം, ഉച്ചഭക്ഷണ പദ്ധതി എന്നിവ ഏർപ്പെടുത്തുന്നില്ലെന്നും മതപഠനം മാത്രമാണ് നൽകുന്നതെന്നും മദ്രസകളിൽ കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ടെന്നും കമ്മീഷൻ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ട്. കൂടാതെ, മുസ്ലീം ഇതര വിഭാഗങ്ങളിലെ കുട്ടികളെ മദ്രസകളിൽനിന്നും സർക്കാർ സ്കൂളുകളിലേക്ക് മാറ്റണമെന്നും 1.2 കോടി മുസ്ലീം കുട്ടികൾക്ക് അടിസ്ഥാന വിദ്യാഭ്യാസം നിഷേധിക്കപ്പെടുകയാണെന്നും കമ്മീഷൻ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. വിവിധ ഇസ്ലാമിക മതവിദ്യാഭ്യാസ ബോർഡുകളുടെ കീഴിലാണ് കേരളത്തിൽ മദ്രസകൾ പ്രവർത്തിക്കുന്നത്. മദ്രസകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതും അധ്യാപകരെ നിയമിക്കുന്നതും മദ്രസകളുടെ ദൈനംദിന പ്രവർത്തനങ്ങളുടെ ചെലവും കണ്ടെത്തുന്നത് ബന്ധപ്പെട്ട മാനേജ്മെന്റുകളും കമ്മിറ്റികളുമാണ്. മദ്രസകളിലെ

പാഠഭാഗങ്ങൾ തയ്യാറാക്കുന്നതും പരീക്ഷകൾ നടത്തുന്നതും ഫലം പ്രഖ്യാപിക്കുന്നതും ബന്ധപ്പെട്ട വിദ്യാഭ്യാസ ബോർഡുകളാണ്. മതവിദ്യാഭ്യാസ ബോർഡുകൾക്കോ മദ്രസകൾക്കോ സർക്കാർ ഫണ്ടുകൾ ഒന്നുംതന്നെ നൽകുന്നില്ല. കേരളത്തിൽ മദ്രസകൾ ഇസ്ലാമിക മതപഠനം മാത്രമാണ് നടത്തിവരുന്നത്. പൊതുവിദ്യാഭ്യാസം സർക്കാർ/കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേനയാണ് നടക്കുന്നത്. മുസ്ലീം വിദ്യാർഥികൾ ഉൾപ്പെടെയുള്ള എല്ലാ മതവിഭാഗങ്ങളിൽപ്പെട്ടവർക്കും ഏകീകൃതമായിത്തന്നെ വിദ്യാഭ്യാസ സംരക്ഷണം ഉറപ്പാക്കുംവിധം അടിസ്ഥാനവിദ്യാഭ്യാസം സ്കൂളുകളിൽ നൽകിവരുന്നുണ്ട്. എല്ലാവർക്കും വിദ്യാഭ്യാസത്തിനുള്ള സൗകര്യം ലഭ്യമാകുംവിധത്തിൽ സാർവത്രിക വിദ്യാഭ്യാസ സംവിധാനമാണ് ഇവിടെയുള്ളത്. ഒരു കുട്ടിപോലും അടിസ്ഥാന വിദ്യാഭ്യാസത്തിന് സ്കൂളുകളിൽ പോകാതിരിക്കുന്ന സാഹചര്യം കേരളത്തിലില്ല. മദ്രസകളിൽ നിർബന്ധിത വിദ്യാഭ്യാസ രീതിയോ അടിസ്ഥാന വിദ്യാഭ്യാസം ലംഘിക്കുന്ന തരത്തിൽ സ്കൂളുകളിൽ പോകുന്നതിന് വിലക്കുകളോ ഏർപ്പെടുത്തുന്നില്ല.

സംസ്ഥാനത്തെ കാൽ ലക്ഷത്തിലധികം വരുന്ന മദ്രസകളിലെ അധ്യാപകർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് മദ്രസ അധ്യാപക ക്ഷേമനിധി ബോർഡ് നിലവിലുണ്ട്. അധ്യാപകരും മാനേജ്മെന്റ് കമ്മിറ്റിയും 50 രൂപ വീതം മാസവിഹിതമായി നൽകുന്നുണ്ട്. ഈ ഫണ്ട് ഉപയോഗിച്ചാണ് അർഹരായ അധ്യാപകർക്ക് പ്രതിമാസം 1600 രൂപ പെൻഷൻ നൽകുന്നത്. ക്ഷേമനിധിയിൽ അംഗത്വമെടുത്ത ക്ഷേമനിധി സ്കീം പ്രകാരമുള്ള വിഹിതം കൃത്യമായി അടയ്ക്കുന്നവർക്കുമാത്രമേ പെൻഷൻ ലഭിക്കുകയുള്ളൂ. പാലോളി കമ്മീഷൻ ശിപാർശ അനുസരിച്ചുള്ള കേരള മദ്രസ അധ്യാപക ക്ഷേമനിധി ബോർഡാണ് നിലവിലുള്ളത്. ദേശീയ ബാലാവകാശ കമ്മീഷന്റെ നിർദേശങ്ങൾക്ക് കേരളത്തിൽ പ്രസക്തിയില്ലെങ്കിലും മദ്രസകൾ നിർത്തലാക്കാനുള്ള ബാലാവകാശ കമ്മീഷന്റെ നിർദേശം ഭരണഘടനാ വിരുദ്ധവും മതധ്രുവീകരണത്തിന് ഇടയാക്കുന്നതുമാണ്. ക്രൈസ്തവ മതവിഭാഗങ്ങൾ ബൈബിൾ പഠന കേന്ദ്രങ്ങളും ഹൈന്ദവ മതവിശ്വാസികൾ വേദപഠന കേന്ദ്രങ്ങളും നടത്തുന്നുണ്ട്. ഏത് മതത്തിന്റേതായാലും ഭരണഘടനാനുസൃതമായിട്ടുള്ള

മതപഠനത്തിൽ സർക്കാർ ഇടപെടാൻ ഉദ്ദേശിക്കുന്നില്ല. കേരളത്തിലെ മദ്രസയിലെ കുട്ടികൾ ചൂഷണത്തിന് വിധേയരാകുന്നുവെന്ന ദേശീയ ബാലാവകാശ കമ്മീഷന്റെ റിപ്പോർട്ടും മദ്രസകൾക്ക് പണം നൽകുന്നില്ലെന്ന് കേരളം കള്ളം പറയുകയാണെന്ന കമ്മീഷന്റെ അഭിപ്രായവും വസ്തുതാ വിരുദ്ധവും പ്രതിഷേധാർഹവുമാണ്.

12.08 p.m]

VI മേശപ്പുറത്തുവച്ച കടലാസുകൾ

(1) ലിസ്റ്റ് 1 പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

ക്രമ നമ്പർ	എസ്. ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	763/2024	നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് കേസുകളുടെ വിചാരണയ്ക്കായി തൃശ്ശൂർ ജില്ലയിൽ സ്പെഷ്യൽ പബ്ലിക്	ജി.ഒ. (ആർ.ടി.) നം . 2529/2024/ ഹോം	30-08-2024	അല്ല

ക്രമ നമ്പർ	എസ്. ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
		പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം			
2	800/2024	പിഐ.റ്റി. എൻ.ഡി.പി.എസ്. ആക്ട് പ്രകാരമുള്ള ഉപദേശകസമിതിയിൽ ചെയർമാനെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട വിജ്ഞാപനം	ഹോം-എസ്. എസ്.സി. 2/157/2024-ഹോം	06-09-2024	അല്ല
3	845/2024	കൽപകഞ്ചേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നം.162/2016 കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ. (ആർ.ടി.) നം. 2783/2024/ ഹോം	24-09-2024	അല്ല
4	847/2024	പയ്യന്നൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നം.717/2017 കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ. (ആർ.ടി.) നം. 2798/2024/ ഹോം	25-09-2024	അല്ല
5	854/2024	ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നം.867/2023 കേസിൽ സ്പെഷ്യൽ	ജി.ഒ. (ആർ.ടി.) നം. 2806/2024/	26-09-2024	അല്ല

ക്രമ നമ്പർ	എസ്. ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
		പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ഹോം		
6	855/2024	കുത്തുപറമ്പ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നം. 915/2016 കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ. (ആർ.ടി.) നം. 2782/2024/ ഹോം	24-09-2024	അല്ല
7	885/2024	വരാപ്പുഴ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നം.549/2011 കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ. (ആർ.ടി.) നം. 2883/2024/ ഹോം	06-10-2024	അല്ല
8	889/2024	തിരുരങ്ങാടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 722/2016 നമ്പർ കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ. (ആർ.ടി.) നം. 2893/2024/ ഹോം	07-10-2024	അല്ല
9	894/2024	കേരള സംസ്ഥാനത്തിന്റെ കോംപീറ്റന്റ്	സ.ഉ. (അച്ചടി) നം. 72/2024/	06-10-2024	അല്ല

ക്രമ നമ്പർ	എസ്. ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
		അതോറിറ്റി നിയമനം സംബന്ധിച്ച വിജ്ഞാപനം	ആഭ്യന്തരം		
10	905/2024	തിരുവനന്തപുരം ജില്ലയിലെ പൊന്മുടി വയർലെസ് റിപ്പീറ്റർ സ്റ്റേഷൻ 'പ്രത്യേക സുരക്ഷാ മേഖലയായി' പ്രഖ്യാപിക്കുന്ന വിജ്ഞാപനം	ജി.ഒ. (പി) നം. 73/2024/ ഹോം	09-10-2024	അല്ല

(ll) ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

ക്രമ നമ്പർ	എസ്.ആർ.ഒ നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമ സപത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	986/2021	2021-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതി	സ.ഉ. (അച്ചടി) നം. 167/2021/ധനം	08-12-2021	അതെ
2	862/2024	ഏകീകൃത സ്റ്റാമ്പ് ഡ്യൂട്ടി -എൽ.ഐ.സി. (പി&ജി.എസ്.) തൃശ്ശൂർ	ജി.ഒ. (പി) നം. 119/2024/ ടാക്സസ്	25-09-2024	അല്ല

ക്രമ നമ്പർ	എസ്.ആർ.ഒ നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസപത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
3	895/2024	ഏകീകൃത സ്റ്റാമ്പ് ഡ്യൂട്ടി- യുണൈറ്റഡ് ഇന്ത്യ- കോഴിക്കോട് മേഖല	ജി.ഒ.(പി) നം. 132/2024/ ടാക്സസ്	07-10-2024	അല്ല

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	റിപ്പോർട്ടിന്റെ		കാലതാമസപത്രിക സഹിതമാണോയെന്ന്
		വർഷം	സ്വഭാവം	
1	കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ	2022-2023	2023 മാർച്ചിൽ അവസാനിച്ച വർഷത്തെ സംസ്ഥാന സമ്പദ്വ്യവസ്ഥയെക്കുറിച്ചുള്ള സി.&എ.ജി.യുടെ ആഡിറ്റ് റിപ്പോർട്ട്	അല്ല

(lll) റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

ക്രമ നമ്പർ	എസ്. ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസപത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	825/2024	കർഷക കടാശ്വാസ കമ്മീഷൻ പുനഃസംഘടിപ്പിച്ചു കൊണ്ടുള്ള വിജ്ഞാപനം	ജി.ഒ. (പി) നം. 212/2024/ ആർ.ഡി.	13-09-2024	അല്ല

(IV) വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി); സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

ക്രമ നമ്പർ	എസ്. ആർ.ഒ നമ്പർ	എസ്.ആർ.ഒ നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	--	കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (ന്യായവിധി നടപടിക്രമം) റെഗുലേഷൻസ് 2024	3102/സി. ഒ.എൻ.ഇ.എൻ.ജി. ജി /2023/കെ. എസ്.ഇ.ആർ.സി.	13-08-2024	അല്ല

(V) വനം-വന്യജീവി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ക്രമ നമ്പർ	എസ്.ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	884/2024	സംസ്ഥാന ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ നിയമനം	ജി.ഒ. (പി) നം. 18/2024/എഫ്.&ഡബ്ല്യു.	04-10-2024	അല്ല

ക്രമ നമ്പർ	എസ്.ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
		സംബന്ധിച്ച വിജ്ഞാപനം	എൽ.ഡി.		

(VI) തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

ക്രമ നമ്പർ	എസ്. ആർ. ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	30/2020	2020-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) രണ്ടാം ഭേദഗതി ചട്ടങ്ങൾ	സ.ഉ.(അ) നം. 3/2020/ തസ്വഭവ	10-01-2020	അതെ
2	297/2021	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാനെ നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനം	സ.ഉ.(പി) നം. 16/2021/ത സ്വഭവ	26-02-2021	അതെ
3	846/2024	ആലപ്പുഴ റെയിഞ്ചിലെ തുമ്പോളി കിഴക്ക് കള്ളുഷാപ്പിന്റെ എല്ലുക പുനർ നിർണ്ണയിക്കുന്നതിനുള്ള	ജി.ഒ.(പി) നം. 116/2024/ ടാക്സസ്	19-09-2024	അല്ല

ക്രമ നമ്പർ	എസ്. ആർ. ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
		കരട് വിജ്ഞാപനം			

(VII) രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

ക്രമ നമ്പർ	എസ്. ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	695/2024	2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് പുനഃസംഘടിപിച്ചുകൊണ്ടുള്ള ഭേദഗതി വിജ്ഞാപനം	ജി.ഒ.(പി) നമ്പർ 106/2024/ നികുതി	08-08-2024	അല്ല
2	840/2024	കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് പുനഃസംഘടിപിച്ച് കൊണ്ട് പുറപ്പെടുവിച്ച	ജി.ഒ.(പി) നമ്പർ 115 2024/ നികുതി	18-09-2024	അല്ല

ക്രമ നമ്പർ	എസ്. ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
		വിജ്ഞാപനത്തിന്റെ ഭേദഗതി വിജ്ഞാപനം			

(VIII) ദുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

ക്രമ നമ്പർ	എസ്. ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	831/2024	ശാസ്താംകോട്ട നാളികേര സംസ്കരണ വിപണന സഹകരണ സംഘത്തിന്റെ അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം	ജി.ഒ. (പി) നം. 172/2024 /കോ-ഓപ്പ്	03-09-2024	അല്ല
2	833/2024	1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലെ സെക്ഷൻ 56 എ-	ജി.ഒ. (പി) നം. 173/2024	03-09-2024	അല്ല

ക്രമ നമ്പർ	എസ്. ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
		യിലെ വ്യവസ്ഥകളിൽ നിന്ന് കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഫാർമേഴ്സ് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിനെ ഒഴിവാക്കിക്കൊണ്ടുള്ള വിജ്ഞാപനം	/കോ-ഓപ്പ്		
3	849/2024	1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ചട്ടങ്ങളിലെ റൂൾ 183-ലെ സബ് റൂൾ (1)-ലെ വ്യവസ്ഥകളിൽ നിന്ന് കോട്ടായി സർവീസ് സഹകരണ ബാങ്കിനെ ഒഴിവാക്കിക്കൊണ്ടുള്ള വിജ്ഞാപനം	ജി.ഒ.(പി) നം. 187/2024 /കോ-ഓപ്പ്	24-09-2024	അല്ല
4	879/2024	1969 ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് റൂൾസിലെ റൂൾ 185 ലെ സബ് റൂൾ (10) ന്റെ വ്യവസ്ഥകളിൽ നിന്ന് എയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഒഴിവാക്കിക്കൊണ്ടുള്ള വിജ്ഞാപനം	ജി.ഒ.(പി) നം. 192/2024 /കോ-ഓപ്പ്	03-10-2024	അല്ല
5	881/2024	മലപ്പുറം ജില്ലാ ചെറുകിട വ്യാപാരി വ്യവസായ സഹകരണ സംഘത്തിന്റെ അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം	ജി.ഒ.(പി) നം. 191/2024 /കോ-ഓപ്പ്	03-10-2024	അല്ല
6	897/2024	ജനറൽ ബോഡി യോഗം ചേരുന്നതിന് സൊസൈറ്റികൾക്ക് ഇളവ്	ജി.ഒ. (പി) നം. 197/2024	08-10-2024	അല്ല

ക്രമ നമ്പർ	എസ്. ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
		അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം	/കോ-ഓപ്പ്		

(IX) മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	റിപ്പോർട്ടിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
		വർഷം	സ്വഭാവം	
1	കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്	2008-09	വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും	അതെ
2	കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്	2009-10	ഓഡിറ്റ് റിപ്പോർട്ട്	അതെ
3	കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്	2010-11	ഓഡിറ്റ് റിപ്പോർട്ട്	അതെ
4	കേരള	2011-12	വാർഷിക റിപ്പോർട്ടും	അതെ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	റിപ്പോർട്ടിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
		വർഷം	സ്വഭാവം	
	മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്		ഓഡിറ്റ് റിപ്പോർട്ടും	
5	കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്	2013-14	വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും	അതെ
6	കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്	2014-15	വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും	അതെ
7	കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്	2015-16	വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും	അതെ
8	കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്	2016-17	വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും	അതെ
9	കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്	2018-19	ഓഡിറ്റ് റിപ്പോർട്ട്	അതെ

(X) പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

ക്രമ നം.	എസ്.ആർ. ഒ.നമ്പർ	എസ്.ആർ.ഒ നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	828/2024	സ്വകാര്യ ആശുപത്രി മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതന പരിഷ്കരണം സംബന്ധിച്ച് രൂപീകരിച്ച കമ്മിറ്റിക്ക് ശീർഷകം അനുവദിക്കുന്നതും, അംഗങ്ങളുടെ യാത്രാപ്പടി ബില്ലുകൾ മേലൊപ്പ് വയ്ക്കുന്നതും സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം. 66/2024/ എൽ.ആർ.ബി.	13-09-2024	അല്ല
2	829/2024	ഇഷ്ടിക നിർമ്മാണ വ്യവസായ മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.67/2024/ എൽ.ആർ.ബി.	13-09-2024	അല്ല

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	റിപ്പോർട്ടിന്റെ		കാലതാമസപത്രിക സഹിതമാണോയെന്ന്
		വർഷം	സ്വഭാവം	
1	കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്	2022-23	ഓഡിറ്റ് റിപ്പോർട്ട്	അതെ

(XI) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

ക്രമ നം.	എസ്. ആർ.ഒ. നമ്പർ	എസ്. ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	1013/2022	കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ അംഗമായ ഡോ.എ. വി.ജോർജ്ജിന്റെ കാലാവധി ദീർഘിപ്പിച്ചു നല്കിയ വിജ്ഞാപനം	ജി.ഒ.(പി) നം.4/2022/ ബി. സി.ഡി.ഡി.	31-05-2022	അതെ

(XII) മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

ക്രമ നം.	എസ്. ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസപത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	865/2024	കാസർഗോഡ് ജില്ലയിൽ പുതിയ ക്ഷീര വികസന സംഘം	ജി.ഒ.(പി) നം. 13/2024/ ഡി.ഡി.	27-09-2024	അല്ല

ക്രമ നം.	എസ്. ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസപത്രിക സഹിതമാണോ യെന്ന്
			നമ്പർ	തീയതി	
		ശ്രുപീകരിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം			

(XIII) ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

ക്രമ നം.	എസ്. ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസപത്രിക സഹിതമാണോ യെന്ന്
			നമ്പർ	തീയതി	
1	125/2020	കൗൺസിൽ ഓഫ് ഹോമിയോപ്പതിക് മെഡിസിൻ പുനഃസ്ഥാപിച്ചു കൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനം	ജി.ഒ.(പി) നം. 2/2020/ ആയുഷ്	09-01-2020	അതെ
2	824/2024	കേരള സ്റ്റേറ്റ് അലൈഡ് ഹെൽത്ത് കെയർ കൗൺസിലിന്റെ ശ്രുപീകരണവുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ വിജ്ഞാപനം	ജി.ഒ.(പി) നം. 82/2024/ എച്ച്&എഫ്. ഡബ്ല്യു.ഡി.	09-09-2024	അല്ല

(XIV) ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	റിപ്പോർട്ടിന്റെ		കാലതാമസപത്രിക സഹിതമാണോയെന്ന്
		വർഷം	പേര്	
1	കേരള മദ്രസ്സാധ്യാപക ക്ഷേമനിധി ബോർഡ്	2023-2024	വാർഷിക റിപ്പോർട്ട്	അല്ല

(2) ലിസ്റ്റ് 2 പ്രകാരം (ചട്ടം 47 (2) അനുസരിച്ചുള്ളത്)

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

നിയമസഭ	സമ്മേളനം	ചോദ്യ നമ്പർ
15	11	55, 65, 88, 100, 2020

2. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

നിയമസഭ	സമ്മേളനം	ചോദ്യ നമ്പർ
14	22	1333

12.10 p.m]

VII നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

ധനപ്രതിസന്ധി

ഡോ. മാത്യു കുഴൽനാടൻ: സർ, "നടപടികൾ ഇപ്പോൾ നിർത്തിവയ്ക്കുന്നു" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഇതുമായി ബന്ധപ്പെട്ട് ഡോ. മാത്യു കുഴൽനാടന് പതിനഞ്ച് മിനിട്ട് സംസാരിക്കാവുന്നതാണ്. ഇന്ന് മൂന്ന് ബില്ലുകൾ പരിഗണനയ്ക്കെടുക്കേണ്ടതുണ്ട്. അതിനാൽ ബഹുമാനപ്പെട്ട അംഗങ്ങൾ ചെയറുമായി സഹകരിച്ച്, സമയകൃത്യത പാലിക്കണമെന്ന് അഭ്യർഥിക്കുന്നു.

ഡോ. മാത്യൂ കുഴൽനാടൻ: സർ, സംസ്ഥാനം കടുത്ത ധനപ്രതിസന്ധി നേരിടുന്ന പശ്ചാത്തലത്തിലാണ് ഈ ഉപക്ഷേപം ഞങ്ങൾ കൊണ്ടുവന്നിട്ടുള്ളത്. ധനപ്രതിസന്ധിമൂലം അഞ്ച് ലക്ഷം രൂപയിൽ കൂടുതലുള്ള ബില്ലുകളിൽ ട്രഷറി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുകയാണ്. ക്ഷേമപ്രവർത്തനങ്ങളും പദ്ധതി പ്രവർത്തനങ്ങളും പ്രതിസന്ധിയിലാണ്. ഭരണാനുമതി നൽകിയ പദ്ധതി പ്രവർത്തനങ്ങൾക്കുപോലും 50 ശതമാനം വെട്ടിക്കുറവാണ് സംസ്ഥാന സർക്കാർ വരുത്തിയിരിക്കുന്നത്. ഇതുകൂടാതെ ഓരോ വകുപ്പിനോടും തങ്ങളുടേതായ മാർഗ്ഗത്തിൽ നികുതിയേതര വരുമാനം ഉയർത്താൻ നിർദ്ദേശവും നൽകിയിരിക്കുന്നു. വിവിധ വകുപ്പുകൾ ഇതിനോടകം നിരക്കുകളിൽ വർധന വരുത്തിയിട്ടുണ്ട്. ഐ.ജി.എസ്.ടി. (Integrated Goods and Services Tax) പിരിച്ചെടുക്കുന്നതിലെ പരാജയവും സ്വർണ്ണം, ബാർ എന്നിവയിൽ നിന്നുള്ള നികുതി ചോർച്ചയും ധനപ്രതിസന്ധിക്ക് ആക്കം കൂട്ടിയിട്ടുണ്ട്. സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിലെ പരാജയംമൂലമുണ്ടായിരിക്കുന്ന ഈ ധനകാര്യ പ്രതിസന്ധി കാരണം ട്രഷറി

നിയന്ത്രണം ഏർപ്പെടുത്തുകയും പദ്ധതി പ്രവർത്തനമടക്കം പ്രതിസന്ധിയിലാകുകയും ചെയ്ത ഗുരുതര സാഹചര്യത്തിന്റെ പശ്ചാത്തലത്തിലാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നത്. ധനകാര്യ വകുപ്പ് 31-08-2024-ൽ പുറപ്പെടുവിച്ച ഉത്തരവിൽ "2024-25 സാമ്പത്തിക വർഷം 10 കോടി രൂപയ്ക്ക് മേൽ അടങ്കലുള്ള തുടർ പ്രോജക്ടുകൾ/പദ്ധതികൾ ഉൾപ്പെടെ ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് ചീഫ് സെക്രട്ടറി, ധനകാര്യ/ആസൂത്രണ വകുപ്പ് സെക്രട്ടറിമാർ, ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി എന്നിവരുടെ സമിതി പരിശോധിച്ച് പദ്ധതി മാറ്റിവയ്ക്കുകയോ അനിവാര്യത കണക്കിലെടുത്ത് വകുപ്പിന് ഭരണാനുമതി നൽകി ആകെ തുകയുടെ 50 ശതമാനമായി നിജപ്പെടുത്തുകയോ ചെയ്യേണ്ടതാണ്" എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. സമാനമായ രീതിയിൽ 10 കോടി രൂപയ്ക്ക് താഴെയുള്ള പദ്ധതികൾ സംബന്ധിച്ചും മാർഗനിർദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ ഓരോ വകുപ്പിനും അനുവദിച്ച് കൊടുത്തിരുന്ന പദ്ധതികളിൽ നിരവധി എണ്ണം മരവിപ്പിച്ചിരിക്കുകയുമാണ്. വളരെ വേഗത്തിൽ വികസനം

നടക്കുന്നുവെന്ന് സംസ്ഥാന ഭരണം അവകാശപ്പെടുമ്പോഴും നിരവധി പദ്ധതികൾ മരവിപ്പിച്ച് മുന്നോട്ട് പോകുന്ന സ്ഥിതിയാണ്. ഇതുകൂടാതെ 18-09-2024-ൽ ട്രഷറി റഗുലേഷൻസ് 2024-25 എന്ന വിഷയത്തിൽ ഒരു ഉത്തരവ് കൂടി ഇറക്കിയിട്ടുണ്ട്. അതിൽ "The government have decided to modify extant regulations on treasury payments to the following extent with immediate effect. The existing ways and means limit of 25 lakh is reduced to 5 lakh, including LSGI payments. BDS limit, including LSGI contractors and suppliers payment is also reduced to 5 lakh." എന്നാണ് പറഞ്ഞിരിക്കുന്നത്. 25 ലക്ഷം രൂപ വരെയുള്ള ട്രഷറി ബില്ലുകൾ മാറുന്നതിനുണ്ടായിരുന്ന നിയന്ത്രണം അഞ്ച് ലക്ഷം രൂപ വരെയാക്കി കുറച്ചതുകാരണം സംസ്ഥാനത്ത് വികസന പ്രക്രിയയിൽ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. കേരളത്തിന്റെ കഴിഞ്ഞ കാലങ്ങളിലെ ധനകാര്യ മാനേജ്മെന്റിന്റെയും സാമ്പത്തിക നയരൂപീകരണത്തിന്റെയും പരാജയത്തിന്റെ ഭാഗമായിട്ടാണ് നാം ഇതിലേയ്ക്ക് എത്തിയത്. ഇതിന്റെ ഭാഗമായി കാർഷിക, വ്യാവസായിക, വിദ്യാഭ്യാസ, ആരോഗ്യ

മേഖലകളെല്ലാം മന്ദീഭവിക്കുന്ന സ്ഥിതിവിശേഷമാണ് കേരളത്തിലുണ്ടായിട്ടുള്ളത്. സാധാരണ ജനങ്ങൾക്കാണ് അതിന്റെ പ്രയാസം അനുഭവിക്കേണ്ടി വരുന്നത്. കേരള സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ പെൻഷനോ ക്ഷേമ പെൻഷനോ അർഹതപ്പെട്ട ചികിത്സാ സഹായമോ ലഭിക്കാതെ എല്ലാ നിലയിലും സാധാരണക്കാർ കഷ്ടപ്പെടുന്ന പശ്ചാത്തലത്തിലാണ് സഭയിൽ ഈ ഉപക്ഷേപം കൊണ്ടുവന്നത്. സാമ്പത്തിക നയരൂപീകരണത്തിലും ധനകാര്യ മാനേജ്മെന്റിലുമുണ്ടായ പരാജയംമൂലമാണ് സംസ്ഥാനത്ത് ധനപ്രതിസന്ധിയുണ്ടായതെന്ന് പറയാൻ കാരണമെന്താണ്? 1991-ൽ രാജ്യത്ത് നടപ്പാക്കിയ പുതിയ സാമ്പത്തിക നയങ്ങളുടെ ഏറ്റവും വലിയ നേട്ടം യഥാർഥത്തിൽ ലഭിച്ചത് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കായിരുന്നു. ആ നയങ്ങൾ നടപ്പാക്കിയപ്പോൾ കോൺഗ്രസ്സിനെ നിങ്ങൾ എല്ലാവരും ചേർന്ന് അതിരൂക്ഷമായി വിമർശിച്ചിരുന്നു. കോൺഗ്രസ്സിന്റെ നയങ്ങൾ തെറ്റാണെന്നും ഉദാരവൽക്കരണ, ആഗോളവൽക്കരണ, സ്വകാര്യവൽക്കരണ നയങ്ങൾ ഈ രാജ്യത്തെ തകർക്കുമെന്നെല്ലാം പറഞ്ഞിരുന്നു. കഴിഞ്ഞ ദിവസം രത്തൻ

ടാറ്റയുടെ നിര്യാണവുമായി ബന്ധപ്പെട്ട് സഭയിൽ അനുശോചനം രേഖപ്പെടുത്തിയപ്പോൾ ഇന്ത്യയിലെ വ്യവസായ ലോകത്തെ മാറ്റിമറിച്ച വിപ്ലവകാരിയായിരുന്ന അദ്ദേഹമെന്ന രീതിയിലാണ് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത്. 1996 ആഗസ്റ്റ് 27-ന് മുൻപ്രധാനമന്ത്രി പി. വി. നരസിംഹ റാവുവിന് രത്തൻ ടാറ്റ സ്വന്തം കൈപ്പടയിൽ എഴുതിയ ഒരു കത്തിലെ ഏതാനും വരികൾ ഞാൻ വായിക്കാം: “Dear Mr. Narasimha Rao,

As I read the recent spate of unkind references to you, I felt compelled to write you to tell you that while others’ memories may be short, I will always recognize and respect your outstanding achievement in heralding much needed economic reforms in India.” ഞാൻ എല്ലാം വായിക്കുന്നില്ല. അതിനകത്ത് ഒരു വരികൂടി വായിക്കാനാഗ്രഹിക്കുകയാണ്: “Every Indian should owe you a debt of gratitude for the courageous and farsighted opening up of India. I feel personally that your achievements are momentous and outstanding and they should never be forgotten." അതായത്, കോൺഗ്രസ്സ് നടപ്പാക്കിയ നയങ്ങളിൽ ഈ രാജ്യത്ത് എല്ലാ

പൗരന്മാരും അങ്ങയോട് കടപ്പെട്ടിരിക്കുന്നുവെന്നും അങ്ങയുടെ ധീരമായ നടപടികൾ ഈ രാജ്യത്തിന്റെ മുഖച്ഛായ മാറ്റാൻ പോകുന്നുവെന്നും അത് ചരിത്രത്തിൽ ഒരിക്കലും ആർക്കും മായ്ക്കാൻ കഴിയില്ലെന്നും പറഞ്ഞത് രത്തൻ ടാറ്റയാണ്. ആ നയങ്ങളുടെ ഭാഗമായി ഇക്കഴിഞ്ഞ കാലങ്ങളിൽ പൊതുവിലയിരുത്തൽ നടത്തിയപ്പോൾ ഏറ്റവും കൂടുതൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞത് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കാണെന്ന് വ്യക്തമാകുകയാണ്. ആ സമയത്ത് അടിസ്ഥാന സൗകര്യ വികസനത്തിലും മറ്റ് മേഖലകളിലുമെല്ലാം രാജ്യത്ത് മുന്നിൽനിന്നിരുന്നത് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായിരുന്നു. ആ സംസ്ഥാനങ്ങളിൽതന്നെ, നിങ്ങൾ എപ്പോഴും ആവർത്തിച്ച് പറയുന്ന നമ്പർ വൺ പൊസിഷൻ ഉണ്ടായിരുന്നത് കേരളത്തിനായിരുന്നു. വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യം, മാനവവിഭവശേഷി തുടങ്ങി എല്ലാ മേഖലകളിലും കേരളം മുന്നിലായിരുന്നു. ഇക്കണോമിക് പോളിസിയുടെ ഏറ്റവും വലിയ ഗുണഭോക്താവും ഏറ്റവും വലിയ വളർച്ചയ്ക്ക് സാധ്യതയുണ്ടായിരുന്നതും കേരളത്തിലായിരുന്നു. അടുത്തകാലത്തായി വന്ന ആർ.ബി.ഐ.-യുടെ ഒരു പഠന റിപ്പോർട്ടിലെ ഒരു

വരികൂടി ഞാൻ വായിക്കാനാഗ്രഹിക്കുകയാണ്: "Kerala is the lone Southern State with a 'losing share' in India's GDP. Others like Karnataka and Telangana have emerged economic powerhouses following economic liberalisation. Kerala's GDP share rose from 3.4% in 1960-61 to a peak of 4.1% in 2000-01, but has since drifted down to 3.8% in 2023-24. " അതായത്, കേരളം രാജ്യത്തിന് നൽകിയിരുന്ന ജി.ഡി.പി.-യിലെ മൊത്തം ഷെയർ 1960 മുതൽ 1961 വരെ 3.4-ൽ നിന്ന് 4.1 വരെ പരമാവധിയായി 2000-2001 കാലഘട്ടത്തിലും ഉണ്ടായിരുന്നു. അതിനുശേഷം നമ്മുടെ ജി.ഡി.പി.-യുടെ ഷെയർ കുറഞ്ഞുവരികയാണുണ്ടായത്. അത് കാണിക്കുന്നത് നമ്മുടെ ഇക്കണോമിക് ആക്റ്റിവിറ്റിയും ഇക്കണോമിക് ജനറേഷനും ജി.ഡി.പി.-യുടെ വളർച്ചയും വളരെ താഴെയാണെന്നാണ്. നമ്മുടെ അയൽസംസ്ഥാനമായ കർണ്ണാടകയുടെ കാര്യം പരിശോധിക്കാം: Karnataka’s share in India’s GDP was 5.4% in 1960-61, and it remained almost the same until 1990-91. Post liberalisation, the State saw rapid growth, with its GDP share rising to 6.2% by 2000-01 and reaching 8.2% by

2023-24. അതാണ് ഞാൻ ഇവിടെ നേരത്തെ സൂചിപ്പിക്കാൻ ശ്രമിച്ചത്. അതായത്, കർണ്ണാടക വലിയ സംസ്ഥാനമാണെങ്കിൽകൂടിയും 1960-61-ൽ രാജ്യത്തിന്റെ മൊത്തം ജി.ഡി.പി.-യുടെ 5.4 ശതമാനം ഷെയർ ആയിരുന്ന ഉണ്ടായിരുന്നത്. അത് ഏകദേശം 1991 വരെ അതേ രീതിയിൽ നിലകൊള്ളുകയും 1991-ലെ പുതിയ സാമ്പത്തിക നയങ്ങൾക്കുശേഷം അത് 6.2 ശതമാനമാകുകയും നിലവിൽ 8.2 ശതമാനമാകുകയും ചെയ്തു. ഏറ്റവും വലിയ വളർച്ച നേടാൻ അവർക്ക് കഴിഞ്ഞു. ഞാൻ നേരത്തെ ഇക്കാര്യം സൂചിപ്പിച്ചതാണ്. ഇന്ന് ഇന്ത്യ കൈവരിച്ച ഐ.ടി. മേഖലയിലെ വികസനത്തിന്റെ ഏറ്റവും വലിയ പങ്ക് അവർക്ക് കൊണ്ടുപോകാൻ കഴിഞ്ഞു. നിങ്ങൾ സമരം ചെയ്ത് സ്മാർട്ട്സിറ്റി അടക്കമുള്ള കാര്യങ്ങളെ തടഞ്ഞുനിർത്തി അവസരം നഷ്ടപ്പെടുത്തിയതിനാൽ കേരളത്തിൽ സാമ്പത്തിക വളർച്ചയുണ്ടായില്ല. വിദ്യാർഥികളും യുവാക്കളുമുൾപ്പെടെയുള്ള ഇന്നത്തെ തലമുറ നാടുവിട്ട് വിദേശത്തേക്ക് പോകാനുള്ള പ്രധാന കാരണം നമ്മുടെ ഇക്കണോമിക് പോളിസിയുടെയും സാമ്പത്തിക വളർച്ചയുടെയും പരാജയമാണ്. ആ പരാജയത്തിന് ഇവിടത്തെ നയപരമായ

കാഴ്ചപ്പാടുകൾക്ക് വലിയ പങ്കുണ്ടെന്ന് പരിശോധിച്ചാൽ മനസ്സിലാകും. നമ്മുടെ കാർഷിക മേഖലയിൽ പോളിസി റിഫോംസിന്റെ കുറവുണ്ട്. അതായത്, രാജ്യത്തെ നൂറുകണക്കിന് ഏക്കർ റബ്ബർത്തോട്ടങ്ങളാണ് ടാപ്പിങ് നടത്താതെ വെറുതെ കിടക്കുന്നത്. കാരണം റബ്ബർ കൃഷിയുടെ കാലാവധി കഴിഞ്ഞു. അതൊരു ആകർഷകമായ വിള അല്ലാതായിമാറി. എന്നാൽ അത് മാറ്റി ഫ്രൂട്ട് ക്രോപ്പിലേയ്ക്ക് പോകണമെന്നുപറഞ്ഞാൽ നിങ്ങളുടെ പോളിസി അതിനനുവദിക്കുകയുമില്ല. ആ സ്ഥലത്തെ കാർഷിക ഭൂമിയായി നിലനിർത്തി കർഷകനെക്കൊണ്ടുതന്നെ കൃഷി ചെയ്യിപ്പിക്കാൻ ശ്രമിച്ചാലും നിങ്ങളുടെ നയങ്ങളും പിടിവാശിയും അതിന് അനുവദിക്കില്ല. അങ്ങനെ പോളിസി റിഫോംസില്ലാത്തതുകൊണ്ട് കാർഷിക മേഖല ഊർധശ്വാസം വലിക്കുകയാണ്. കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്നവർക്ക് അത് മുന്നോട്ടുകൊണ്ടുപോകാൻ കഴിയാതിരിക്കുന്ന സാഹചര്യത്തിലാണ് 'എല്ലാവരും കൃഷിയിലേയ്ക്ക്' എന്ന പുതിയൊരു മുദ്രാവാക്യവുമായി കൃഷി വകുപ്പ് വരുന്നത്. ആരാണ് ഇവിടെ കൃഷി ചെയ്യുന്നത്; നയാപൈസയ്ക്ക് മാർഗമുള്ളവർ ആരെങ്കിലും കൃഷി ചെയ്യാൻ പോകുമോ? എല്ലാവരെക്കൊണ്ടും

കൃഷി ചെയ്യിക്കുകയല്ല, മറിച്ച് കൃഷി ചെയ്യുന്ന കർഷകനെ നിലനിർത്തുന്നതിനാണ് കൃഷി വകുപ്പ് ശ്രമിക്കേണ്ടത്. അതുപോലെ വിദ്യാഭ്യാസ മേഖലയിലും വർഷങ്ങളായി നിങ്ങളുടെ കടുംപിടുത്തമാണ് നടക്കുന്നത്. ഒരു കാലത്ത് ഇവിടെ എഞ്ചിനീയറിങ് സീറ്റുകൾക്ക് ധാരാളം ആവശ്യക്കാരുണ്ടായിരുന്നു. ആ സമയത്ത് ഇവിടെ കോളേജ് ആരംഭിക്കാൻ അനുമതി നൽകാത്തതിനാൽ പതിനായിരക്കണക്കിന് വിദ്യാർഥികൾ കർണ്ണാടകയിൽ പോയി വിദ്യാഭ്യാസം നേടി. പൈസയെല്ലാം കർണ്ണാടകയ്ക്ക് ലഭിച്ചു. ആ കാലഘട്ടം കഴിഞ്ഞപ്പോൾ കേരളത്തിൽ പതിനായിരക്കണക്കിന് സീറ്റുകൾ സൃഷ്ടിച്ചു. എന്നാൽ അവയെല്ലാം ഇപ്പോൾ ഒഴിഞ്ഞുകിടക്കുകയാണ്. ഇപ്പോൾ കേരളത്തിൽനിന്നും പണം എവിടേയ്ക്കാണ് പോകുന്നതെന്ന് അറിയാമോ? കേരളത്തിൽ ഇത്തവണ നഴ്സിങിനായി അപേക്ഷിച്ചത് 66354 കുട്ടികളാണ്. കേരളത്തിൽ ഇതിനായി അനുവദിച്ചിട്ടുള്ള മൊത്തം സീറ്റുകളുടെ എണ്ണം 9160 ആണ്. കേരളത്തിന്റെ പേരും പെരുമയും ഡെസ്റ്റിനിയും മാറ്റിയവരാണ് നഴ്സുമാർ. ആ മേഖലയിലേക്ക് നമ്മുടെ കുട്ടികൾ പ്രവേശിച്ച് പഠനം നടത്തി ജോലി വാങ്ങാൻ ശ്രമിക്കുമ്പോൾ ഒരു സീറ്റിന്റെ

എണ്ണംപോലും വർധിപ്പിക്കാൻ നിങ്ങൾ അനുവദിക്കില്ല. ദേശീയ നഴ്സിങ് കൗൺസിലിന്റെ പാരാമീറ്റേഴ്സ് മീറ്റ് ചെയ്താലും നിങ്ങൾ ഇവിടെ സീറ്റുകളുടെ എണ്ണം വർധിപ്പിക്കില്ല. അതുകൊണ്ട് ഇവിടെനിന്നും പതിനായിരക്കണക്കിന് കുട്ടികൾ നഴ്സിംഗ് പഠനത്തിനായി കർണ്ണാടകയിലേയ്ക്ക് പോകുകയാണ്. കഴിഞ്ഞ വർഷം പൊതുമേഖലാ ബാങ്കുകളിൽനിന്നും വിദ്യാഭ്യാസ വായ്പയായി എടുത്തിട്ടുള്ളത് 4,500 കോടി രൂപയാണ്. അതിൽ 4,000 കോടി രൂപയിലധികവും കേരളത്തിന് പുറത്തേയ്ക്ക് പോയിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. ഒരു കാലത്ത് കേരളത്തിന് പുറത്തുനിന്നുള്ള റെമിറ്റൻസ് നമുക്ക് വലിയൊരു സാധ്യതയായിരുന്നുവെങ്കിൽ ഇന്ന് അതിനുള്ള സാധ്യത കുറഞ്ഞുവരികയും കേരളത്തിന് പുറത്തേയ്ക്ക് പണം വ്യാപകമായി ഒഴുകുകയുമാണ് ചെയ്യുന്നത്. ഈ സാഹചര്യത്തിലാണ് നികുതി വകുപ്പിന്റെ പരാജയമുണ്ടാകുന്നത്. ജി.എസ്.ടി. വന്നതിനുശേഷം നിങ്ങൾ എപ്പോഴും പറയുന്ന കാര്യമെന്താണ്? ഞാൻ ബി.ജെ.പി.-ക്കുവേണ്ടി പറയുന്നതല്ല. ഒരു വാചകം ഇവിടെ സംസാരിച്ചാൽ അതുസംബന്ധിച്ചായിരിക്കും അടുത്ത പ്രചരണം. ഇതെല്ലാം നിങ്ങളെ തോൽപ്പിക്കാൻവേണ്ടി വെറുതെ

പറയുന്നതല്ല, നിങ്ങൾ കണക്കുകൾ മനസ്സിലാക്കണം. ഇവിടെ കമ്പയറബിൾ സ്റ്റേറ്റുകളുണ്ട്. ഏകദേശം കേരളത്തിന്റെ അത്രയും വലിപ്പവും ജനസംഖ്യയുമെല്ലാമുള്ള സംസ്ഥാനങ്ങളെയാണ് അങ്ങനെ പറയുന്നത്. ആ സംസ്ഥാനങ്ങൾക്ക് ലഭിച്ച ജി.എസ്.ടി. നഷ്ടപരിഹാരം പരിശോധിച്ചാൽ, ഒരുപക്ഷേ ഗുജറാത്ത് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പണം ലഭിച്ചത് കേരളത്തിനാണെന്ന് പറഞ്ഞാൽ ധനകാര്യ വകുപ്പുമന്ത്രിക്ക് നിഷേധിക്കാൻ കഴിയുമോ? ആ കണക്കുകൾ ഞാൻ ഇവിടെ വ്യക്തമാക്കാം. ബീഹാറിന് 15,441 കോടി രൂപ, മധ്യപ്രദേശിന് 21,416 കോടി രൂപ, രാജസ്ഥാന് 19,556 കോടി രൂപ, തെലങ്കാനയ്ക്ക് 7,837 കോടി രൂപ, പശ്ചിമ ബംഗാളിന് 24,842 കോടി രൂപ എന്ന തരത്തിലാണ് ലഭിച്ചത്. എന്നാൽ ജി.എസ്.ടി. കോമ്പൻസേഷനായി കേരളത്തിന് ലഭിച്ചത് 26,501 കോടി രൂപയാണ്. ഈ തുക കിട്ടിയില്ലെന്ന് പറയാൻ കഴിയില്ല. ജി.എസ്.ടി. പ്രകാരമുള്ള തുക ലഭിച്ചു. ബാക്കി പണം കടമെടുത്ത് നിങ്ങൾക്ക് കാര്യങ്ങൾ ചെയ്യാമായിരുന്നു. എന്നാൽ സ്വർണ്ണത്തിന്റെയും മദ്യത്തിന്റെയും നികുതി പിരിച്ചെടുക്കാതെ ജി.എസ്.ടി. വകുപ്പിലെ ഉദ്യോഗസ്ഥരും തലപ്പത്തുള്ളവരും തമ്മിലടിച്ച്

രണ്ടായിപ്പിരിഞ്ഞുനിന്നത് ഇവിടത്തെ ജി.എസ്.ടി. വകുപ്പിന്റെ വൻ പരാജയത്തിന് കാരണമായി. കേരളത്തിലെ ഇക്കണോമിക് ആക്ടിവിറ്റിയുടെ അവസ്ഥ എവിടെയാണെന്ന് നിങ്ങൾ മനസ്സിലാക്കണം. മൂവാറ്റുപുഴ ടൗണിൽ റോഡ് വർക്ക് നടന്ന സമയത്ത് ഞാൻ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിച്ചപ്പോൾ ആ വർക്കിന് ഉപയോഗിക്കുന്ന ക്വാറി മെറ്റൽ വരുന്നത് തമിഴ്നാട്ടിൽനിന്നാണെന്ന് അറിയാൻ കഴിഞ്ഞു. നമ്മൾ ഉപയോഗിക്കുന്ന പാൽ, പച്ചക്കറി തുടങ്ങിയ എല്ലാ സാധനങ്ങളും വരുന്നത് തമിഴ്നാട്, കർണ്ണാടക ജില്ലകളിൽനിന്നാണ്. വേറൊരു ഉദാഹരണം പറയാം. കേരള സർക്കാർ പെട്രോളിന് രണ്ടുരൂപയുടെ സെസ്സ് വർധിപ്പിച്ചു. അതിന്റെപേരിൽ മാത്രം ഒരു ലിറ്ററിന് 38 രൂപയോളം വച്ച് ലഭിക്കുമായിരുന്ന പതിനായിരക്കണക്കിന് ലിറ്റർ പെട്രോളിന്റെ വിൽപ്പനയാണ് കേരളത്തിന് പുറത്തേയ്ക്കുപോയത്. അതുപോലെ നിങ്ങൾ മദ്യത്തിന് വില വർധിപ്പിച്ചുകൊണ്ടിരുന്നു. ഇതുകാരണം കേരളത്തിലുള്ളവർ മദ്യം വാങ്ങുന്നതിനായി മാഹിയിലേയ്ക്കും അയൽസംസ്ഥാനങ്ങളിലേയ്ക്കും പോയതിനാൽ എത്ര രൂപയുടെ നഷ്ടമാണ് കേരളത്തിനുണ്ടായത്?

അതുകൊണ്ട് നിങ്ങളുടെ കാഴ്ചപ്പാട് തെറ്റാണെന്നാണ് പറയാനുള്ളത്. നിങ്ങൾ ഇക്കണോമിക് ആക്റ്റിവിറ്റിയെ ഫോക്കസ് ചെയ്യണം. അതുപോലെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ തകർച്ചയിലാണ്. നിങ്ങളുടെ നയങ്ങൾ പൊതുമേഖലയെ നഷ്ടത്തിലാക്കുകയാണ്. ഇപ്പോൾ ഏറ്റവും പ്രയാസകരമായ കാര്യം, സാധാരണക്കാരന് നിങ്ങൾ നൽകിയിരുന്ന കാസ്പ് (കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി) കാർഡുമായി ആർ.സി.സി.-യിലോ മറ്റ് ആശുപത്രികളിലോ പോകുമ്പോൾ ആ കാർഡ് എടുക്കില്ലെന്ന് പറഞ്ഞ് ചികിത്സാ സഹായം നൽകാതെ അവരെ മടക്കി അയയ്ക്കുകയാണ്. അതുകാരണം അവരുടെ ചികിത്സ മുടങ്ങുകയാണ്. എന്റെ കൈയിൽ സഭയിൽനിന്നും ലഭ്യമായ മറുപടിയുണ്ട്. കാസ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 350 കോടി രൂപ ആശുപത്രികൾക്ക് കൊടുക്കാനുള്ളതുകൊണ്ട് ക്യാൻസർ പോലുള്ള മാരകരോഗങ്ങൾ ബാധിച്ച സാധാരണക്കാരായ പാവപ്പെട്ടവർ ഈ കാർഡുമായി ആശുപത്രികളിൽ ചെല്ലുമ്പോൾ അവരെ മടക്കി അയയ്ക്കുകയാണ്. ആ പണംപോലും സർക്കാരിന് കൊടുക്കാൻ കഴിയുന്നില്ല. എന്നാൽ, ഈ സാഹചര്യത്തിൽ റബ്കോയ്ക്കുവേണ്ടി സർക്കാർ 282 കോടി

ശ്രപ നൽകിയെന്നാണ് ശ്രീ. സി. ആർ. മഹേഷിന്റെ ചോദ്യത്തിന് മറുപടി നൽകിയത്.

മി. സ്പീക്കർ: പ്ലീസ്.... അങ്ങ് കൺക്ലൂഡ് ചെയ്യണം. അങ്ങയുടെ സമയം കഴിഞ്ഞു.

ഡോ. മാത്യൂ കുഴൽനാടൻ: സർ, ഒരു പോയിന്റുകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഞാനൊരു ഉപക്ഷേപാവതാരകനല്ലേ. എന്നെ കൺക്ലൂഡ് ചെയ്യാൻ അനുവദിക്കണം.

മി. സ്പീക്കർ: അത് ശരിയാണ്. സമയകൃത്യത പാലിച്ച് സംസാരിക്കണം. അങ്ങ് പതിനഞ്ച് മിനിട്ടെടുത്തു.

ഡോ. മാത്യൂ കുഴൽനാടൻ: സർ, നിങ്ങളുടെ പ്രയോറിറ്റീസ് മാറ്റിവച്ച് സാധാരണക്കാരനും പാവപ്പെട്ടവനും അവകാശപ്പെട്ടത് നൽകാനുള്ള നടപടി സ്വീകരിച്ച് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ഉറപ്പാക്കുന്ന നയങ്ങളും പരിപാടികളുമായി മുന്നോട്ടുപോകണം. നികുതി പിരിവ് ഊർജിതമാക്കി സാമ്പത്തിക പ്രതിസന്ധി മറികടക്കണമെന്ന ആവശ്യമുന്നയിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഒരു കേസും വിശ്വസിച്ചേൽപ്പിക്കാൻ കഴിയാത്ത വക്കീലന്മാരുടെ വാദങ്ങളാണ് യു.ഡി.എഫ്.-നുവേണ്ടി സഭയിൽ കേട്ടുകൊണ്ടിരിക്കുന്നത്. കേരളം നേരിടുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് മാധ്യമങ്ങളിൽ വന്ന വാർത്ത യു.ഡി.എഫ്.-ന്റെ പ്രതിനിധികൾ കണ്ടിട്ടുണ്ടോ? 'കേന്ദ്ര പൊതുകടം വർധനാനിരക്ക് കേരളത്തിന്റെ ഇരട്ടി', ഇതിൽ യു.ഡി.എഫ്. പ്രതിനിധികൾക്ക് എന്തെങ്കിലും അഭിപ്രായമുണ്ടോ? 'കേരളത്തിന് കേന്ദ്ര പ്രഹരം, തദ്ദേശ ഗ്രാന്റ് വെട്ടിക്കുറച്ചു', 'ഗ്രാന്റുകളെല്ലാം വെട്ടി കെണിയിലാക്കാൻ കേന്ദ്രം', 'വരുമാനമുയർത്തി കേരളം'. ഇതിലും നിങ്ങൾക്ക് എന്തെങ്കിലും അഭിപ്രായമുണ്ടോ? ഇതിനെക്കുറിച്ച് പറയാൻ കേരളത്തിലെ മാധ്യമങ്ങൾക്ക് നാവ് ഇല്ല. മലയാള മനോരമയുടെ ഓൺലൈൻ പ്രസിദ്ധീകരണത്തിൽ ഹിമാചൽപ്രദേശിലെ ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ ചിത്രത്തോടൊപ്പം വന്ന വാർത്തയുണ്ട്: 'കടം കയറി സംസ്ഥാനം മുടിഞ്ഞു, ശമ്പളം കിട്ടാതെ ഉദ്യോഗസ്ഥർ, രക്ഷാമാർഗ്ഗം കാട്ടിലെ തടിയും കഞ്ചാവും'. എന്നാൽ കേരളത്തിൽ ഏതെങ്കിലും ഒരു ജീവനക്കാരന് കൃത്യമായി ശമ്പളം ലഭിക്കാത്ത അവസ്ഥയുണ്ടായിട്ടുണ്ടെന്ന് പറയാൻ

സാധിക്കുമോ? ശമ്പളം ലഭിക്കാതെ, കാട്ടിൽ പോയി തടി വെട്ടുകയും കഞ്ഞാവ് കച്ചവടം നടത്തേണ്ടിവരികയും ചെയ്യുന്ന അവസ്ഥ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനത്തുണ്ടെങ്കിൽ, കഴിഞ്ഞ എട്ടുവർഷം എല്ലാ വെല്ലുവിളികളെയും അതിജീവിച്ച് തലയുയർത്തി മുന്നോട്ടുപോകുകയാണെന്ന് വ്യക്തമാക്കുന്നതാണ് കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെന്ന് അഭിമാനത്തോടുകൂടി നമുക്ക് പറയാനാകും. കേരളം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. അത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ മാത്രം ബുദ്ധിമുട്ടാകരുത്. അത് കേരളത്തിലെ മൊത്തം ജനങ്ങളുടെ പ്രയാസമായി മാറിത്തീരണമെന്ന കാഴ്ചപ്പാട് യു.ഡി.എഫ്.-നുണ്ടോയെന്നാണ് അറിയേണ്ടത്. നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം ഇവിടെ കൊണ്ടുവരുമ്പോൾ ഞങ്ങൾക്ക് വലിയ സന്തോഷമാണ്, കാരണം ഈ വിഷയം ഉറന്ന ചർച്ചയ്ക്ക് വിധേയമാക്കാൻ സാധിക്കും. ജനങ്ങൾ കാര്യങ്ങൾ അറിയുകയും യു.ഡി.എഫ്.-ന്റെ നിലപാട് മനസ്സിലാക്കുകയും ചെയ്യും. കേരളത്തിന്റെ ധനപ്രതിസന്ധിക്ക് കാരണം കേന്ദ്രത്തിന്റെ ഉപരോധ സമാനമായ നയങ്ങളാണെന്നതിൽ യു.ഡി.എഫ്.-ന്റെ നിലപാടെന്താണ്?

ജി.എസ്.ടി. ഏർപ്പെടുത്തിയപ്പോൾ നികുതി പിരിക്കുന്നതിൽ സംസ്ഥാനത്തിന് വലിയ അധികാരനഷ്ടമുണ്ടായി. കാരണം മുമ്പ് നമുക്ക് സ്വന്തമായി നികുതി പിരിക്കുന്നതിനുള്ള സംവിധാനമുണ്ടായിരുന്നു. ഇപ്പോൾ ഏകീകൃത നികുതി സംവിധാനമാണുള്ളത്. മാത്രമല്ല, നമുക്ക് അർഹതപ്പെട്ട വായ്പയും വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്നു. കേന്ദ്ര ഗവൺമെന്റ് സമീപകാലത്ത് സ്വീകരിച്ച നടപടികളുടെ ഭാഗമായി വായ്പാനുമതിയിൽ 19,000 കോടി രൂപയുടെ കുറവാണുണ്ടായിട്ടുള്ളത്. റവന്യൂ കമ്മി ഗ്രാന്റിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 8400 കോടി രൂപ കുറഞ്ഞു. നികുതി പിരിവിലെല്ലാം വളരെ മോശമാണെന്ന് ഇവിടെ പറഞ്ഞല്ലോ; വൻതോതിൽ ജി.എസ്.ടി. ലഭിച്ചുവെന്നാണ് ഡോ. മാത്യു കുഴൽനാടൻ സൂചിപ്പിച്ചത്. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നേരത്തെ പറഞ്ഞത് നികുതി പിരിക്കുന്നതിൽ കേരളം പിറകോട്ട് പോകുന്നുവെന്നാണ്. വൈരുധ്യം എങ്ങനെയൊക്കെയാണ് നിൽക്കുന്നതെന്ന് നമ്മൾ കാണുകയല്ലേ; പരാജയപ്പെട്ട വക്കീലാണെന്ന് ഞങ്ങൾ പറയുന്നത് വെറുതെയല്ല. ജി.എസ്.ടി. നഷ്ടപരിഹാരമായി കേന്ദ്ര സർക്കാർ നൽകേണ്ട 12,000

കോടിയോളം രൂപ ഇത്തവണ നൽകാതെ അതും വെട്ടിക്കുറച്ചിരിക്കുകയാണ്. കിഫ്ബി, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി എന്നിവയെല്ലാം ബജറ്റിന് പുറത്ത് ധനം സമാഹരിച്ച് കേരളത്തിന്റെ അടിസ്ഥാനവികസനം ഉറപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടപ്പിലാക്കിയ സംവിധാനമാണ്. എന്നാൽ ഇതിന്മേൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടെന്താണ്? നമ്മൾ കിഫ്ബിക്കുവേണ്ടി നടത്തിയ ധനസമാഹരണത്തെയും സാധാരണക്കാരന് പെൻഷൻ ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ രൂപീകരിച്ച കമ്പനിയുടെ ബാധ്യതയുമെല്ലാം നമ്മുടെ വായ്പാപരിധി വെട്ടിക്കുറയ്ക്കുന്നതിന് ഉപയോഗപ്പെടുത്തുന്ന രീതിയിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടുകൾ നമുക്ക് കാണാതിരിക്കാൻ സാധിക്കുമോ; ഇക്കാര്യത്തിൽ യു.ഡി.എഫ്.-ന് നിലപാടുണ്ടോ? സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും വികസനങ്ങൾ നടന്നിട്ടില്ലേ; ശ്രീ. പി. കെ. ബഷീർ എം.എൽ.എ. ഇവിടെയുണ്ടോയെന്ന് എനിക്കറിയില്ല. ശ്രീ. ടി. വി. ഇബ്രാഹിം എം.എൽ.എ. ഇവിടെയുണ്ട്. "എന്റെ മണ്ഡലത്തിലെ 38 കോടി രൂപയുടെ കെട്ടിടം, എന്റെ മണ്ഡലത്തിലെ സ്കൂളുകളുടെ കെട്ടിടം,

എന്റെ മണ്ഡലത്തിലെ റോഡിന്റെയും പാലത്തിന്റെയും ചിത്രം" എന്നിങ്ങനെ ഇവരെല്ലാവരും ചാനലുകളിൽ ലൈവായി വാർത്ത കൊടുക്കുന്നുണ്ട്. അതെല്ലാം കിഫ്ബി വഴി വന്നതല്ലേ. കിഫ്ബി വഴിയുണ്ടായിട്ടുള്ള വികസനങ്ങൾ വരിഞ്ഞുകെട്ടുന്നതിനായി കേരളത്തിന്റെ വരുമാന സ്രോതസ്സ് വെട്ടിക്കുറയ്ക്കുന്ന കേന്ദ്ര നിലപാടിനെതിരെ ഇതിന്റെ ഗുണഭോക്താക്കളായ നമ്മൾ പ്രതികരിക്കേണ്ടതല്ലേ എന്നുള്ളത് സാമാന്യം എല്ലാവരും അംഗീകരിക്കേണ്ടൊരു ചോദ്യമാണ്; ഇക്കാര്യത്തിൽ യു.ഡി.എഫ്.-ന്റെ നിലപാടെന്താണ്? നികുതി വിഹിതം 3.58 ശതമാനത്തിൽനിന്നും 1.9 ശതമാനമായി കുറച്ചതിലൂടെ പതിനെണ്ണായിരത്തോളം കോടി രൂപയാണ് നമുക്ക് നഷ്ടം വരുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിന്റെ ഭാഗമായി 57,400 കോടി രൂപയുടെ ധനനഷ്ടം കേരളം നേരത്തെതന്നെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ ധനനഷ്ടം പരിഹരിക്കുന്നതിന് പല മാർഗങ്ങളും സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രനിലപാടിനെതിരെ സംസ്ഥാന ഗവൺമെന്റ് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്

പറഞ്ഞത്, 'ഇതാ കേരളം തോറ്റ് തൊപ്പിയിട്ട് വരാൻ പോകുന്നു' എന്നാണ്. എന്നാൽ കേരളത്തിന്റെ ഈ പ്രശ്നങ്ങൾ ഭരണഘടനാപരമായി നിൽക്കുന്നതാണെന്നല്ലേ ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞത്. അപ്പോൾ കേരളം ഉയർത്തിപ്പിടിക്കുന്ന കാര്യങ്ങൾ ശരിയല്ലേ? ഇന്ത്യയിലെ പ്രധാന പാർട്ടിനേതൃത്വങ്ങളെ അണിനിരത്തിക്കൊണ്ട് ഇന്ത്യയുടെ സമീപകാല ചരിത്രത്തിൽ ആദ്യമായി കേന്ദ്രം സ്വീകരിക്കുന്ന അവഗണനാപരമായ നിലപാടിനെതിരെ നമ്മുടെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ സമരം ചെയ്തു. ബി.ജെ.പി.-യുമായി ഞങ്ങൾക്ക് ഡീലുണ്ടെന്ന് നിങ്ങൾ പറയുന്നുണ്ടല്ലോ. നിങ്ങളുടെ ഡീലിനെയും ഞങ്ങളുടെ നിലപാടിനെയും തമ്മിൽ താരതമ്യം ചെയ്ത് മറ്റ് അംഗങ്ങൾ അവരുടെ പ്രസംഗത്തിൽ പറയുമെന്നതിനാൽ ഞാൻ വിശദീകരിക്കുന്നില്ല. കേരളത്തിന്റെ പ്രശ്നങ്ങളോട് അനുകൂല നിലപാട് കേന്ദ്രം സ്വീകരിക്കാതിരിക്കുമ്പോൾ അവർക്ക് അനുകൂലമായി നിങ്ങൾ ഡീൽ ആയി ബന്ധം വയ്ക്കുന്നുണ്ട്. ഞങ്ങൾ അതിനോട് പൊരുതിനിൽക്കുകയാണ്. ഒരു വിട്ടുവീഴ്ചയുമില്ലാതെ കേന്ദ്രത്തിന് മുന്നിൽ വിരൽ ചൂണ്ടിയിട്ട് കേരളത്തിന്റെ

അവകാശങ്ങൾ ചോദിക്കുന്നതിന് കേരളം നടത്തിയ സമരമുണ്ട്. നിങ്ങൾക്കത് ചുരുക്കി കാണിക്കാൻ സാധിക്കുമോ? യു.ജി.സി.-യുടെ ശമ്പളപരിഷ്കരണ കുടിശ്ശികയായി 750 കോടി രൂപയും നഗര വികസന ഗ്രാന്റ് ഇനത്തിൽ 143 കോടി രൂപയും നെല്ല് സംഭരിച്ച വകയിൽ 842 കോടി രൂപയും നമുക്ക് കേന്ദ്രത്തിൽനിന്നും കിട്ടാനുണ്ട്. അതുപോലെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് സ്പെഷ്യൽ അസിസ്റ്റൻസ് ഇനത്തിൽ 3000 കോടി രൂപ നൽകിയിട്ടില്ല. കേന്ദ്ര ഗവൺമെന്റ് കേരളത്തോട് അവഗണനാപരമായ നിലപാടാണ് സ്വീകരിക്കുന്നത്. ഈ വർഷം കിട്ടേണ്ട 1500 കോടി രൂപയുടെ പ്രൊപ്പോസൽ നൽകിയെങ്കിലും ഒരു പരിഗണനയും കേന്ദ്ര ഗവൺമെന്റ് നൽകുന്നില്ല. ആരോഗ്യരംഗത്ത് ഗുണപരമായ മാറ്റമുണ്ടാക്കുന്നതിന് പണം അനിവാര്യമാണ്. എന്നാൽ നാഷണൽ ഹെൽത്ത് മിഷൻ വഴി 650 കോടി രൂപയും ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ 411.36 കോടി രൂപയും കേന്ദ്രം നൽകാനുണ്ട്. ആർ.ബി.ഐ. 2023-ൽ പുറത്തിറക്കിയിട്ടുള്ള 'State Finances: A Study of Budget' എന്ന റിപ്പോർട്ടിൽ വിശദമായി കാര്യങ്ങൾ പറയുന്നുണ്ട്. സംസ്ഥാനങ്ങൾക്ക് കേന്ദ്രം നൽകിയ നികുതി വിഹിതത്തിന്റെയും മറ്റ്

തുകകളുടെയും കണക്കുകളുണ്ട്. അതിൽ ഏറ്റവും വലിയ കുറവ് നേരിട്ടിട്ടുള്ളത് കേരളത്തിനാണ്. സമാനമായ കുറവ് കർണ്ണാടകത്തിനും നേരിട്ടിട്ടുണ്ട്. അർഹതപ്പെട്ട തുക കർണ്ണാടകത്തിനും കേന്ദ്രം കൊടുക്കുന്നില്ല. കേരളം, കർണ്ണാടകം തുടങ്ങിയ സംസ്ഥാനങ്ങളോട് ഏറ്റവും അവഗണനാപരമായി, സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്ര നയങ്ങളോട് നിങ്ങളുടെ സമീപനമെന്താണെന്ന് പറയണം.

കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമന് നൽകിയ നിവേദനത്തിൽ പറഞ്ഞത് കേന്ദ്ര ഗവൺമെന്റ് ഞങ്ങളെ സാമ്പത്തികമായി ശ്വാസംമുട്ടിക്കുകയും ജനാധിപത്യപരമായി കിട്ടേണ്ട അവകാശങ്ങൾ നിഷേധിക്കുന്ന നിലപാട് സ്വീകരിക്കുകയും ചെയ്യുന്നുവെന്നാണ്. പക്ഷേ, ഞങ്ങൾ നന്നായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഞങ്ങളുടെ നികുതി വരുമാനം 47,660 കോടി രൂപയിൽനിന്നും 74,250 കോടി രൂപയായി വർധിച്ചിട്ടുണ്ട്. 2020-21-ലെ സ്ഥിതിയിൽനിന്ന് 2023-24-ൽ എത്തുമ്പോൾ 55.8 ശതമാനത്തിന്റെ വളർച്ചാനിരക്ക് നികുതി വരുമാനത്തിൽ കേരളത്തിന്

ആർജിക്കാൻ കഴിഞ്ഞിട്ടുണ്ട്. വികസനപ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി കേരളം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ടഷറിയിൽ വലിയ അപകടം സംഭവിച്ചിരിക്കുന്നുവെന്നും 5 ലക്ഷത്തിന് മുകളിലുള്ള ബില്ലുകൾ മാറ്റിയെടുക്കാൻ സാധിക്കുന്നില്ലെന്നും അതിന് മുകളിലുള്ള പദ്ധതികളൊന്നും നടക്കുന്നില്ലെന്നുമാണ് നിങ്ങൾ പറയുന്നത്. യു.ഡി.എഫ്. ഭരിച്ചിരുന്ന കാലത്ത് ടഷറിയുടെ സ്ഥിതി എന്തായിരുന്നു; അത് മര്യാദയ്ക്ക് പ്രവർത്തിക്കുന്ന അവസ്ഥയുണ്ടായിരുന്നോ? അമ്പതിനായിരവും ഒരു ലക്ഷവും രൂപയ്ക്കുവേണ്ടി എത്രപ്രാവശ്യം ടഷറിയുടെ പടിവരെ ആളുകൾക്ക് പോകേണ്ടി വന്നിട്ടുണ്ട്. ടഷറിയിൽ ഒരു നിയന്ത്രണമുണ്ടാക്കി, സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും കാര്യങ്ങൾ ബുദ്ധിമുട്ടില്ലാതെ പോകുന്നതിന് ചില ക്രമീകരണങ്ങൾ ഗവൺമെന്റ് ഏർപ്പെടുത്തുകയാണ് ചെയ്തത്. അതിനെ തെറ്റായ രീതിയിൽ വ്യാഖ്യാനിച്ച് കേരളത്തിലെ ജനങ്ങളെ ആശങ്കയിലാഴ്ത്തുന്ന നടപടികൾ നിങ്ങൾ സ്വീകരിക്കുന്നതിനെയൊന്നും ജനങ്ങൾ അംഗീകരിക്കാൻ പോകുന്നില്ല. നിങ്ങൾ പല രീതിയിലും

പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. കർണ്ണാടക, തമിഴ്നാട്, തെലങ്കാന, പഞ്ചാബ് എന്നീ 4 സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാർ സംസ്ഥാനങ്ങൾ നേരിടുന്ന ധനകാര്യ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി ഒരു കോൺക്ലേവിൽ പങ്കെടുക്കാൻ കേരളത്തിൽ വന്നു. കർണ്ണാടകയും തെലങ്കാനയും ഭരിക്കുന്നത് കോൺഗ്രസാണ്. കേരളമടക്കം ഇന്ത്യയിലെ 5 സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാർ ചർച്ച ചെയ്ത് അതിശക്തമായ നിലപാട് സ്വീകരിച്ചു. കേരളം സ്വീകരിക്കുന്നതിന് സമാനമായ നിലപാട് സ്വീകരിച്ച് ഞങ്ങൾ മുന്നോട്ടുപോകുമെന്ന് പറഞ്ഞത് കർണ്ണാടകയിലെ ധനകാര്യ വകുപ്പുമന്ത്രിയാണ്. എന്താണ് യു.ഡി.എഫ്.-ന്റെ അഭിപ്രായമെന്ന് നിങ്ങൾ ആലോചിക്കണം. കേന്ദ്രത്തിന്റെ കേരള വിരുദ്ധ പോരാട്ടത്തിന്റെ നായകനായി നിൽക്കുന്നത് കേരളത്തിന്റെ മുഖ്യമന്ത്രിയാണ്, കേരളത്തിലെ സർക്കാരാണ്. ധനകാര്യ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള കേരളത്തിലെ മന്ത്രിസഭാംഗങ്ങൾ, കേരളത്തിലെ നിയമസഭയാകെ ഈ തെറ്റായ നിലയിലുള്ള അവഗണനയ്ക്കെതിരായ സമരവുമായി മുന്നോട്ടുപോകുകയാണ്. ഈ പോരാട്ടം കൂടുതൽ ശക്തിപ്പെടുത്തി പോകേണ്ടൊരു കാലത്ത് ഈ

ഉപക്ഷേപത്തിന്റെ ചർച്ച ഗുണകരമാണ്. കേരളത്തിന്റെ യഥാർഥ സ്ഥിതി ജനങ്ങൾക്ക് മനസ്സിലാക്കാനും കേന്ദ്രം കേരളത്തെ അവഗണിക്കുന്ന നിലപാടിനെതിരായി ജനങ്ങൾക്ക് കൂടുതൽ കൂടുതൽ സംഘടിതമായി മുന്നോട്ടുപോകാനും അത് വഴിയൊരുക്കും എന്നുതന്നെയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നതെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കേരളത്തിന് ചെറിയ തോതിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും ഇവിടത്തെ വികസന-ക്ഷേമ പ്രവർത്തനങ്ങളെയും ജനജീവിതത്തെയും അത് ബാധിച്ചിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. ആ ധനകാര്യ മാനേജ്മെന്റ് എങ്ങനെയാണെന്നും സാമ്പത്തിക പ്രതിസന്ധി എന്നുപറയുന്നത് എന്താണെന്നുമാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത്. നമുക്ക് നികുതി വിഹിതം, ഗ്രാന്റ്, സെൻട്രൽ അസിസ്റ്റൻസ് തുടങ്ങിയവയൊക്കെ കുറവാണെന്നാണ് അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത്. എന്നാൽ സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും

ജനജീവിതത്തെ ബാധിച്ചിട്ടില്ലെന്നാണ് പറയുന്നത്; അതെന്ത് മാജിക്കാണ്? ഏത് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളവും ഡെവലപ്മെന്റിന് ആവശ്യമായ തുക കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ അത് ജനജീവിതത്തെ ബാധിക്കുമെന്ന് അറിയാത്തവരാണോ നമ്മളൊക്കെ. അങ്ങയുടെ മാജിക്ക് എന്താണെന്ന് ഞങ്ങൾക്കറിയാം. അതാണ് ഞങ്ങൾ നോട്ടീസിൽ പറഞ്ഞിട്ടുള്ളത്. 50% പദ്ധതികളും വെട്ടിക്കുറച്ചിരിക്കുകയാണ്. മന്ത്രിമാർക്കത് ബാധകമായിരിക്കില്ല. പക്ഷേ ഈ ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റിന്റെ പരാജയംമൂലം കേരളത്തിലെ സാധാരണക്കാരുടെ ജീവിതം വഴിമുട്ടി നിൽക്കുകയാണ്. അങ്ങത് മനസ്സിലാക്കണം. കേരളത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ജനസമൂഹമാണ് എസ്.സി./എസ്.ടി. വിഭാഗങ്ങൾ. സമയപരിമിതികൊണ്ട് അവരുടെ കാര്യം മാത്രം സൂചിപ്പിക്കാം. ഇന്നലെ ഞാൻ ഇതുസംബന്ധിച്ച് സബ്മിഷൻ കൊണ്ടുവന്നിരുന്നു. ഇ-ഗ്രാന്റ്സ് വകയിൽ 104 കോടി രൂപയാണ് കുടിശ്ശികയുള്ളത്. ഇ-ഗ്രാന്റ്സ് പദ്ധതിയിൽ എസ്.സി., എസ്.ടി., ഒ.ഇ.സി., പിന്നാക്ക വിഭാഗങ്ങൾ തുടങ്ങിയവരുടെ ആനുകൂല്യങ്ങൾ കുടിശ്ശികയാണ്.

പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് 295 കോടി രൂപയുടെ കുടിശ്ശികയാണുള്ളത്. ഒ.ബി.സി., ഒ.ബി.എച്ച്., ഒ.ഇ.സി. വിദ്യാർഥികൾക്ക് 410 കോടി രൂപയുടെ ആനുകൂല്യങ്ങൾ ഈ ഗവൺമെന്റ് നൽകാനുണ്ട്. പിന്നാക്ക വിഭാഗ നിയമ വിദ്യാർഥികൾക്ക് എൻറോൾ ചെയ്തതിനുശേഷം 3 വർഷത്തേയ്ക്ക് 12000/- രൂപ വീതം നൽകുന്നൊരു സ്കീം ഉണ്ട്. ആ സ്കീം പോലും ഇന്ന് എവിടെയാണെന്ന് അറിയാത്ത സാഹചര്യമാണ്. കേരളത്തിലെ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും ആനുകൂല്യങ്ങളൊന്നുംതന്നെ ഈ ഗവൺമെന്റ് നൽകുന്നില്ല എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ യാതൊരു പ്രയാസവുമില്ലെന്ന് എനിക്കുമുമ്പ് സംസാരിച്ച അംഗം പറഞ്ഞു. നമ്മളൊക്കെ എം.എൽ.എ.-മാർ അല്ലേ; 5 ലക്ഷം, 10 ലക്ഷം രൂപ എം.എൽ.എ. ഫണ്ട് അനുവദിച്ച വർക്കുകൾപോലും കോൺട്രാക്ടർമാർക്ക് പണം കിട്ടാത്ത സാഹചര്യത്തിൽ മുടങ്ങിയിരിക്കുകയാണ്. ഇന്ന് കോൺട്രാക്ടർമാർ വർക്ക് ഏറ്റെടുക്കാൻ വരാത്ത സാഹചര്യമാണ്. എവിടേയ്ക്കാണ് നമ്മുടെ സംസ്ഥാനം പോകുന്നത്? എന്നിട്ടും ഇവിടെ യാതൊരു പ്രതിസന്ധിയുമില്ലെന്നാണ് പറയുന്നത്.

യു.ഡി.എഫ്. സർക്കാരിന്റെ മിസ് മാനേജ്മെന്റും ടാക്സ് പിരിക്കുന്നതിലുള്ള പരാജയവുമാണ് ധനപ്രതിസന്ധിയുടെ യഥാർഥ കാരണമെന്നും ടാക്സ് പിരിവിന്റെ രംഗത്ത് എൽ.ഡി.എഫ്. ഗവൺമെന്റ് അത്ഭുതം സൃഷ്ടിക്കുമെന്നും ഡോ. ടി. എം. തോമസ് ഐസക് മുമ്പ് സൂചിപ്പിച്ചിരുന്നു. എട്ടുവർഷം കഴിഞ്ഞിട്ടും നികുതി പിരിവിന്റെ കാര്യത്തിൽ നിങ്ങൾ സമ്പൂർണ്ണ പരാജയമായി മാറിയിരിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒറ്റത്തവണയാണ് വെള്ളക്കരം കൂട്ടിയത്. അന്ന് സി.പി.ഐ.(എം.) നേതാവും എം.എൽ.എ.-യുമായിരുന്ന ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത്, ഞങ്ങൾ നികുതി ബഹിഷ്കരിക്കാൻ പോകുകയാണെന്നാണ്. നികുതി ബഹിഷ്കരണം എന്ന് പ്രഖ്യാപിച്ചവരാണ് നിങ്ങൾ. എന്നാൽ നിങ്ങൾ അധികാരത്തിൽ വന്നശേഷം വെള്ളക്കരം, വൈദ്യുതി ചാർജ്, ഭൂനികുതി, കെട്ടിട നികുതി, രജിസ്ട്രേഷൻ ഫീസ് എന്നിവയെല്ലാം വർധിപ്പിച്ചു. ജനങ്ങളിൽനിന്നും ഏതെല്ലാം രീതിയിൽ പണം പിഴിഞ്ഞെടുക്കാൻ കഴിയുമോ അതെല്ലാം നിങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ആ പണം നിങ്ങൾ എന്താണ് ചെയ്യുന്നത്? ഈ നാട്ടിലെ വികസന

പ്രവർത്തനങ്ങൾക്കുവേണ്ടി പണം ചെലവഴിക്കുന്ന കാര്യത്തിൽ നിങ്ങൾ സമ്പൂർണ്ണ പരാജയമായി മാറിക്കഴിഞ്ഞു. ഇന്ന് പി.ഡബ്ല്യു.ഡി ഓഫീസിലെ സ്ഥിതി എന്താണ്? കഴിഞ്ഞ കാലങ്ങളിൽ പി.ഡബ്ല്യു.ഡി. ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഓവർസീയർ തുടങ്ങിയ ഉദ്യോഗസ്ഥർക്ക് ജോലിത്തിരക്കുകാരണം നിന്നുതിരിയാൻ കഴിയുമായിരുന്നില്ല. ഇന്ന് പി.ഡബ്ല്യു.ഡി.-ക്ക് നിങ്ങളുടെ അലോക്കേഷൻ എത്ര രൂപയാണ്? ഇപ്പോൾ നാമമാത്രമായ വർക്കുകളല്ലേ നടക്കുന്നത്. എസ്.സി/എസ്.ടി. വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ, സമൂഹത്തിലെ പിന്നാക്ക ജനവിഭാഗങ്ങൾ എന്നിവർക്കുള്ള ആനുകൂല്യങ്ങളെല്ലാം കുടിശ്ശികയാണ്. ഏറ്റവും പാവപ്പെട്ടവർക്ക് നൽകുന്ന ചികിത്സാ ധനസഹായ ഇനത്തിൽ കോടിക്കണക്കിന് രൂപയാണ് കുടിശ്ശികയുള്ളത്. നിങ്ങളുടെ പ്രയോറിറ്റി എന്താണെന്നത് സംബന്ധിച്ച് കൂടുതൽ പറയുന്നില്ല. എന്റെ നിയോജകമണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് മുഖേന ഞാൻ അഞ്ച് ബസ്സുകൾ നൽകി. 7 മാസമായിട്ടും പണം ലഭിച്ചിട്ടില്ലാത്തതിനാൽ ബസുകൾ

തിരിച്ചുകൊണ്ടുപോകുകയാണെന്നാണ് ഇപ്പോൾ കമ്പനിക്കാർ പറയുന്നത്. അവർക്ക് കൊടുക്കാനുള്ളത് 92 ലക്ഷം രൂപയാണ്. ഹെലികോപ്റ്റർ വാങ്ങുന്നത് നമ്മുടെ നാടിന് ആവശ്യമാണ്. ഏഴുമാസംകൊണ്ട് ഒമ്പത് കോടി രൂപ ഹെലികോപ്റ്ററിന് വാടക കൊടുക്കുമ്പോഴാണ് അഞ്ച് ബസ് വാങ്ങിയതിന്റെ 92 ലക്ഷം രൂപ കൊടുക്കാൻ കഴിയാതിരിക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെയും ഉദ്യോഗസ്ഥരെയും വിളിച്ച് നിരന്തരം ഇക്കാര്യം സംസാരിച്ചിരുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് കത്തും നൽകിയിട്ടുണ്ട്. പാവപ്പെട്ടവർ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. നാട്ടിൽ കൺസ്ട്രക്ഷൻ വർക്കുകൾ നടക്കാതിരുന്നാൽ സാധാരണക്കാരന് ജോലിയുണ്ടാകില്ല. അതുമൂലം നാടിന്റെ സാമ്പത്തിക സ്ഥിതി പൂർണ്ണമായും തകരും. ഇന്ന് കേരളത്തിലെ മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും നൂറുകണക്കിന് കടകൾ ഓരോ ദിവസവും പൂട്ടിക്കൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണ്? മണി ഫ്ലോ ഇല്ലാത്തതുകാരണം കേരളത്തിലെ ജനങ്ങളുടെ പർച്ചേസിംഗ് കപ്പാസിറ്റി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. സാധാരണക്കാരന് പണം കിട്ടാനുള്ള മാർഗങ്ങളില്ലാത്തതുകൊണ്ട് അവർക്ക്

കടയിൽ ചെന്ന് സാധനങ്ങൾ വാങ്ങാൻ കഴിയുന്നില്ല. അത്തരമൊരു അവസ്ഥ വന്നാൽ സാധാരണക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് വലുതാണ്. ഇതെല്ലാമുണ്ടായിട്ടും അങ്ങ് പറയുന്നത്, ഇവിടെ യാതൊരു പ്രയാസവുമില്ലെന്നാണ്. അങ്ങ് കേരളത്തിലെ ജനങ്ങളെ വഞ്ചിക്കുകയാണ്. എല്ലാരംഗത്തും സമ്പൂർണ്ണ പരാജയമായി അങ്ങും അങ്ങയുടെ ഗവൺമെന്റും മാറിക്കഴിഞ്ഞു. ധനകാര്യ മാനേജ്മെന്റിൽ ഇതുപോലെ പിടിപ്പുകേടുണ്ടായ ഒരു സാഹചര്യം കേരളത്തിന്റെ ചരിത്രത്തിലുണ്ടായിട്ടില്ല. അതുകൊണ്ട് എല്ലാ അർഥത്തിലും സമ്പൂർണ്ണ പരാജയമായി മാറിയ ഈ ഗവൺമെന്റിന് ഒരിഞ്ചുപോലും മുന്നോട്ടുപോകാനുള്ള ധാർമ്മികാവകാശമില്ലെന്ന് പറയാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീ. ഇ. കെ. വിജയൻ)

ശ്രീ. ജി. എസ്. ജയലാൽ: സർ, ഈ ഗവൺമെന്റ് സാധാരണക്കാരെയും പാവപ്പെട്ടവരെയും സംരക്ഷിക്കുന്ന നയങ്ങളുമായി മുന്നോട്ടുപോകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഉപക്ഷേപാവതാരകൻ പ്രസംഗം അവസാനിപ്പിച്ചത്. ഇത് ഭരണപക്ഷവും പ്രതിപക്ഷവും തമ്മിലുള്ള

തർക്കത്തിന്റെ വേദിയാക്കി മാറ്റേണ്ടതില്ല. എൽ.ഡി.എഫ്. നയം അതിന് അനുകൂലമാണോയെന്ന് ആദ്യം പരിശോധിക്കണം. ആർ.ബി.ഐ.-യുടെ ഹാൻഡ്ബുക്കിൽ മാനവവിഭവശേഷിയെക്കുറിച്ച് സൂചിപ്പിച്ചിട്ടുള്ളതിൽ കേരളം ഒന്നാം സ്ഥാനത്താണ്. ഈ സർക്കാരിന് പാവപ്പെട്ടവനെ സംരക്ഷിക്കുന്ന നയമില്ലെങ്കിൽ മാനവ വിഭവശേഷി വർധിക്കുന്നത് എങ്ങനെയാണ്? കേന്ദ്ര ഏജൻസികളുടെയും അന്തർദേശീയ ഏജൻസികളുടെയുമെല്ലാം റിപ്പോർട്ടിൽ കേരളം ഒന്നാമതാണ്. അത് ഇടതുപക്ഷ നയത്തിന്റെ ഭാഗമാണെന്ന് അംഗീകരിക്കാൻ നിങ്ങൾക്ക് ബുദ്ധിമുട്ടാണ്. സംസ്ഥാനം ധാരാളം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെങ്കിലും ഈ നാട്ടിലെ പാവപ്പെട്ടവരുടെ ജീവിതം സംരക്ഷിക്കാൻ ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ നമ്മൾ അനുഭവിക്കുന്നതല്ലേ? ഇവിടെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പദ്ധതികളിലൊന്നാണ് ലൈഫ് മിഷൻ. ഈ പദ്ധതിപ്രകാരം സംസ്ഥാനത്തെ പാവപ്പെട്ടവരായ 517199 പേർക്ക് വീടുകൾ അനുവദിച്ചതിൽ 416648 എണ്ണം പൂർത്തിയായി. അതിൽ പി.എം.എ.വൈ (പ്രധാൻമന്ത്രി

ആവാസ് യോജന) പദ്ധതിപ്രകാരമുള്ളത് 117000 വീടുകൾ മാത്രമാണ്. ഒരു ഗ്രാമപ്രദേശത്ത് വീടുവയ്ക്കാൻ കേന്ദ്രം നൽകുന്ന വിഹിതം 72,000/- രൂപയാണ്. സംസ്ഥാന സർക്കാർ 4 ലക്ഷം രൂപയാണ് നൽകുന്നത്. അർബൻ മേഖലയിൽ കേന്ദ്രം നൽകുന്നത് ഒന്നര ലക്ഷം രൂപയും സംസ്ഥാനം നൽകുന്നത് നാല് ലക്ഷം രൂപയുമാണ്. പാവപ്പെട്ടവരെ സഹായിക്കാനല്ലേ അത് ചെയ്യുന്നത്. 18,000 കോടി രൂപ സംസ്ഥാന ഗവൺമെന്റ് ചെലവാക്കിയപ്പോൾ കേന്ദ്രവിഹിതം 2071 കോടി രൂപ മാത്രമാണ്. ബാക്കി 16,000 കോടി രൂപയും സംസ്ഥാന ഗവൺമെന്റ് പാവപ്പെട്ടവർക്കായി ലൈഫ് മിഷൻ പദ്ധതിയിൽ ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. എം. വിൻസെന്റ്: (മൈക്ക് ഓഫ്)

ശ്രീ. ജി. എസ്. ജയലാൽ: സർ, വഴങ്ങാൻ സമയമില്ല. സ്റ്റേറ്റ് ഗവൺമെന്റ് കൊടുക്കുന്ന ഫണ്ടുതന്നെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായി വരുന്നത്. അത് അങ്ങേയ്ക്ക് അറിയില്ലേ? പെൻഷനുമായി ബന്ധപ്പെട്ട് പരിശോധിച്ചാൽ, ഈ നാട്ടിലെ പാവപ്പെട്ട 62 ലക്ഷം പേർക്ക് പെൻഷൻ കൊടുക്കുന്ന ഗവൺമെന്റാണിത്. പ്രതിമാസം 850

കോടി രൂപ ഗവൺമെന്റ് പെൻഷൻ കൊടുക്കുമ്പോൾ കേന്ദ്രം നൽകുന്നത് 22 കോടി രൂപ മാത്രമാണ്. ജനങ്ങളുടെ ജീവിതശേഷി വർധിപ്പിക്കാൻ ഗവൺമെന്റ് ശ്രമിക്കുമ്പോൾ റവന്യൂ ചെലവ് കൂടും. ഞാൻ അതിന്റെ വിശദാംശങ്ങൾ പറയുന്നില്ല. അതുപോലെ കേരളത്തിലെ 42 ലക്ഷം കുടുംബങ്ങൾക്ക് ചികിത്സാ സഹായം നൽകുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ടി 1300 മുതൽ 1500 കോടി രൂപവരെ സംസ്ഥാന ഗവൺമെന്റ് ചെലവഴിക്കുമ്പോൾ, കേന്ദ്രം നൽകുന്നത് 151 കോടി രൂപ മാത്രമാണ്. കേന്ദ്ര പദ്ധതിയായ ജൽജീവൻ മിഷന്റെ മാനദണ്ഡം എന്താണ്? 25 ശതമാനം സംസ്ഥാന സർക്കാരും 15 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 10 ശതമാനം ഗുണഭോക്താവും നൽകുമ്പോൾ ബാക്കി 50 ശതമാനം മാത്രമാണ് കേന്ദ്ര സർക്കാർ നൽകുന്നത്. കേരളത്തിൽ അങ്ങനെയാണ് പദ്ധതി നടപ്പാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതവും ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെയുള്ള 50 ശതമാനവും സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ട് ഏതാണ്ട് 4475 കോടി രൂപയുടെ പ്രോജക്ടാണ് ഇന്ന് കേരളത്തിൽ

നടക്കുന്നത്. കേന്ദ്ര വിഹിതം കുറയ്ക്കുമ്പോൾ അത്തരം ബാധ്യതകളെല്ലാം ഈ ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ട് മുന്നോട്ടുപോകുന്നതിന്റെ ഭാഗമായി കുറച്ച് സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ടാകും. വിദ്യാഭ്യാസ മേഖലയിൽ വന്ന മാറ്റമെന്താണ്? പാവപ്പെട്ട ലക്ഷക്കണക്കിന് ആളുകളല്ലേ മക്കളെ പഠിപ്പിക്കുന്ന കടബാധ്യതയിൽനിന്നും രക്ഷപ്പെട്ടത്. അങ്ങനെയാണ് സാമൂഹ്യ മാനവശേഷി വികസനത്തിൽ കേരളം മുന്നോട്ടുവരുന്നത്. അതുപോലെ അതിദരിദ്രരുടെ എണ്ണം കേരളത്തിൽ അര ശതമാനത്തിൽ താഴെയാണ്. അതായത് 0.44 ശതമാനം മാത്രമായത് ഇടതുപക്ഷ നയത്തിന്റെ ഭാഗമാണ്. ഉത്തർപ്രദേശിൽ 22.93 ശതമാനവും മധ്യപ്രദേശിൽ 20.63 ശതമാനവുമാണ്. അതാണ് കേരളത്തിന്റെ പ്രത്യേകത. ധനപ്രതിസന്ധി മറികടക്കാൻവേണ്ടി യോജിച്ചുള്ള പോരാട്ടം നടത്തുന്നതിനുപകരം പരസ്പരം മാറിനിന്ന്, ഗവൺമെന്റിനെ പ്രതിസ്ഥാനത്തുനിർത്തി വിചാരണ ചെയ്യുകയാണോ വേണ്ടത്? ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റിനെക്കുറിച്ച് പറഞ്ഞു. യു.ഡി.എഫ്.-ന്റെ കാലത്തെ ഒരു കണക്ക് എന്റെ കൈയിലുണ്ട്. 2011-ൽ

യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുന്ന സമയത്ത് കേരളത്തിന്റെ നികുതി വരുമാനത്തിന്റെ വളർച്ചാ നിരക്ക് 23.24 ശതമാനമായിരുന്നു. 2011-ൽ ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിൽവന്നുകഴിഞ്ഞപ്പോൾ നികുതി വരുമാനത്തിന്റെ തോത് 10.8 ശതമാനമായി കുറയുകയും അവർ അധികാരമൊഴിയുമ്പോൾ 5.6 ശതമാനമായി അധഃപതിക്കുകയും ചെയ്തു. എന്നാൽ കേരളത്തിന്റെ തനത് നികുതി വരുമാനത്തിൽ 2021-22-ൽ 22.41 ശതമാനവും 2022-23-ൽ 23.36 ശതമാനവും വർധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2021-22 മുതൽ 2022-23 വരെ സംസ്ഥാനങ്ങളുടെ തനത് നികുതി വരുമാനവും ആകെ നികുതി വരുമാനവും തമ്മിലുള്ള അനുപാതം ദേശീയതലത്തിൽ 65.4 ശതമാനമായിരിക്കുമ്പോൾ കേരളത്തിന്റേത് 78.7 ശതമാനമാണ്. സംസ്ഥാനത്തിന്റെ ആകെയുള്ള വരുമാനത്തിന്റെ 79 ശതമാനം തനത് നികുതി വരുമാനമാണ്. 21 ശതമാനം മാത്രമാണ് കേന്ദ്ര വിഹിതമായി കിട്ടുന്നത്. മികച്ച ധനകാര്യ മാനേജ്മെന്റാണ് കേരളം നിർവഹിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ ധനദൃഢീകരണം സുസ്ഥിരമാണ്. ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്ന ധനക്കമ്മിയും

ജി.എസ്.ഡി.പി.യും തമ്മിലുള്ള അനുപാതം 3.5 ശതമാനമാണ്. പക്ഷേ കേരളത്തിന്റേത് 2.81 ശതമാനം മാത്രമാണ്. അതുപോലെ കടബാധ്യതയും ജി.എസ്.ഡി.പി.-യും തമ്മിലുള്ള അനുപാതം 33.7 ശതമാനമാണ്. എന്നാൽ കേരളത്തിൽ അത് 33.09 ശതമാനമാണ്. അതിന് കാരണം സംസ്ഥാനത്തിന്റെ മികച്ച ധനകാര്യ മാനേജ്മെന്റാണ്. സംസ്ഥാനം കടത്തിലാണെന്നും നികുതി പിരിക്കുന്നില്ലെന്നുമൊക്കെ പറഞ്ഞ് ജനങ്ങളിൽ തെറ്റിദ്ധാരണയുണ്ടാക്കുകയാണ് യു.ഡി.എഫ്. ചെയ്യുന്നത്. കേന്ദ്ര നയത്തിന്റെ ഭാഗമായുണ്ടാകുന്ന സാമ്പത്തിക ദുരിതങ്ങൾ നമ്മൾ ചർച്ച ചെയ്യണം. കേരളത്തിന് കേന്ദ്ര സർക്കാരിൽനിന്നും വിവിധ ഇനങ്ങളിലായി 2021-22-ൽ ലഭിച്ചത് 47,837 കോടി രൂപയാണ്. എന്നാൽ 2022-23-ൽ അത് 45,639 കോടി രൂപയായും കഴിഞ്ഞവർഷം അത് 33,811 കോടി രൂപയായും കുറഞ്ഞു. 2021-22-നെ അപേക്ഷിച്ച് 26 ശതമാനം അതായത് 14,026 കോടി രൂപയുടെ കുറവാണുണ്ടായിരിക്കുന്നത്. 2021-22-ൽ സംസ്ഥാന ജി.എസ്.ഡി.പി.-യുടെ 5.12 ശതമാനമായിരുന്ന കേന്ദ്ര സഹായം 2023-24 വർഷമെത്തുമ്പോൾ 2.88 ശതമാനമായി കുറഞ്ഞു. വിവിധ കാരണങ്ങൾ

പറഞ്ഞ് കടമെടുപ്പ് പരിധി കുറച്ചതിനാൽ 6 വർഷംകൊണ്ട് ഒരു ലക്ഷം കോടി രൂപയിലധികം വരുമാനനഷ്ടമുണ്ടായിയെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ വിഷയത്തിൽ കേന്ദ്രത്തിന്റെ നയം എന്താണ്? സംസ്ഥാനം കടമെടുക്കാൻ പാടില്ല, എന്നാൽ കേന്ദ്രത്തിന്റെ പൊതുകടം വർധിക്കുകയുമാണ്. മുൻവർഷമുണ്ടായിരുന്ന 141 ലക്ഷം കോടി രൂപയിൽനിന്നും 176 ലക്ഷം കോടി രൂപയായി കേന്ദ്രത്തിന്റെ പൊതുകടം വർധിച്ചു, വർധന നിരക്ക് 25 ശതമാനം. എന്നാൽ കേരളത്തിന്റെ പൊതുകടം 2023-24-ലെ 4.02 ലക്ഷം കോടി രൂപ എന്നത് നിലവിൽ 4.48 ലക്ഷം കോടി രൂപയായി മാറി, കേന്ദ്രത്തിന്റെ പൊതുകടം 25 ശതമാനം വർധിച്ചപ്പോൾ മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ കേരളം അത് 11.23 ശതമാനമായി നിജപ്പെടുത്തി. വായ്പാ തിരിച്ചടവിന് റവന്യൂ വരുമാനത്തിന്റെ മൂന്നിൽ ഒരുഭാഗം കേന്ദ്രം ചെലവഴിക്കുമ്പോൾ കേരളം അഞ്ചിൽ ഒരുഭാഗം മാത്രമാണ് ചെലവഴിക്കുന്നത്. കേരളത്തിന്റേത് മികച്ച ധനകാര്യ മാനേജ്മെന്റാണ്. സാമ്പത്തിക ഫെഡറൽ സംവിധാനത്തിലെ അസമത്വമാണ് ഇവിടെ ചർച്ച ചെയ്യേണ്ടത്. രാജ്യത്തിന്റെ

പൊതുചെലവുകളുടെ 65 ശതമാനവും നിർവഹിക്കുന്നത് സംസ്ഥാന സർക്കാരുകളാണെന്നാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിരീക്ഷിക്കുന്നത്. എന്നാൽ ആകെ വരുമാനത്തിന്റെ 37 ശതമാനം മാത്രമാണ് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നത്. ഡിവിസിബിൾ പൂളിൽനിന്നും 41 ശതമാനം വിഹിതം സംസ്ഥാനങ്ങൾക്ക് അവകാശപ്പെട്ടതാണെങ്കിലും യഥാർഥത്തിൽ ലഭിക്കുന്നത് 30 ശതമാനം മാത്രമാണ്. കേന്ദ്രത്തിന്റെ റവന്യൂ നികുതിയുടെ 28 ശതമാനവും സർചാർജ്ജും സെസ്സുകളുമായി മാറുകയാണ്. ഇതിനെതിരായാണ് ജനാധിപത്യ ബോധമുള്ള പൗരന്മാർ ഒന്നിക്കേണ്ടത്. ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷമായി ഭിന്നിച്ചുനിന്നതുകൊണ്ട് കാര്യമില്ല. തദ്ദേശസ്വയംഭരണ ഗ്രാന്റുകളും മൂഗീയമായി വെട്ടിക്കുറച്ചിരിക്കുകയാണ്. അതിനെതിരെ പ്രതികരിക്കേണ്ടത് ആരാണ്? പഞ്ചായത്തുകളിൽ എൽ.ഡി.എഫ്./യു.ഡി.എഫ്. എന്നുണ്ടോ; അവിടെ നടക്കുന്നത് പ്രാദേശിക വികസനമല്ലേ? 12-ാം ധനകാര്യ കമ്മീഷന്റെ കാലത്ത് 4.54 ശതമാനം വിഹിതം ലഭിച്ചിരുന്നത് 14-ാം ധനകാര്യ കമ്മീഷന്റെ കാലത്ത് 2.67 ശതമാനവും 15-ാം ധനകാര്യ കമ്മീഷന്റെ കാലത്ത് 2.68 ശതമാനവുമായി

മാറി. എന്നാൽ ഉത്തർപ്രദേശ് (16.05%), മഹാരാഷ്ട്ര (9.59%), രാജസ്ഥാൻ (6.36%), ബീഹാർ (8.26%) എന്നീ സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന വിഹിതം പരിശോധിച്ചാൽ കേരളത്തോടുള്ള വിവേചനം മനസ്സിലാകും. അതുകൊണ്ട് കേന്ദ്ര മാനദണ്ഡങ്ങൾക്കെതിരെയുള്ള പോരാട്ടമാണ് സംഘടിപ്പിക്കേണ്ടത്. ഈ നാടിനെ സംരക്ഷിക്കാനായി ഒരുമിച്ചുനിന്ന് ഇത്തരം നയങ്ങൾക്കെതിരെ പോരാടുന്നതിനുപകരം ഭരണപക്ഷ-പ്രതിപക്ഷ ഭാഗങ്ങളായി നിന്ന് കേരളത്തെ പിന്നോട്ടടിക്കുകയല്ല ചെയ്യേണ്ടത്, എന്നാൽ നിങ്ങൾ അതാണ് ഇപ്പോൾ ചെയ്യുന്നത്. ഇത്തരത്തിൽ സാധാരണക്കാർക്കും സമൂഹത്തിലെ ദുർബലവിഭാഗങ്ങൾക്കും അർഹമായ സംരക്ഷണം ഉറപ്പുവരുത്താനായി നവകേരളം സൃഷ്ടിക്കുന്ന നയങ്ങളുമായി എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുമെന്നതിൽ യാതൊരു സംശയവുമില്ല, അതിന് ഈ നാടിന്റെ പിന്തുണയുമുണ്ടെന്ന് അറിയിക്കുകയാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ബഹുമാനപ്പെട്ട ജി. എസ്. ജയലാൽ അദ്ദേഹത്തിന്റെ പ്രസംഗത്തിലൂടനീളം പറഞ്ഞത്, കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങൾമൂലം കേരളത്തിൽ കാര്യങ്ങൾ നടക്കുന്നില്ല എന്നാണ്.

ഇക്കാര്യത്തിൽ യോജിച്ചുനിന്ന് പ്രക്ഷോഭം നടത്തുന്നതിനെക്കുറിച്ച് പ്രതിപക്ഷനേതാവടക്കം കേരളത്തിലെ യു.ഡി.എഫ്. നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്രസർക്കാർ കേരളത്തോട് കാണിക്കുന്ന സാമ്പത്തിക വിവേചനം അവസാനിപ്പിക്കണമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല, ഞങ്ങൾ അക്കാര്യത്തിൽ ഒറ്റക്കെട്ടായി കൂടെയുണ്ട്. ഇക്കാര്യത്തിൽ നിങ്ങളേക്കാൾ കൂടുതൽ സമരം ചെയ്യുന്നത് ഞങ്ങളാണ്. ഈ വിഷയങ്ങൾ നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നു എന്നല്ലാതെ കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ യഥാർത്ഥത്തിൽ ചെയ്യുന്നുണ്ടോ എന്നതാണ് ഞങ്ങൾ ഉന്നയിക്കുന്ന പ്രശ്നം, നിങ്ങൾ യാതൊന്നും ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം ചെയറിനെ അഭിസംബോധന ചെയ്ത് സംസാരിക്കണം.

ശ്രീ. മോൻസ് ജോസഫ്: സർ, ഇവിടെ ധാരാളം കാര്യങ്ങൾ ശ്രീ. ജി. എസ്. ജയലാൽ പറഞ്ഞു. കേരളത്തിന്റെ വാർഷിക പദ്ധതി 50 ശതമാനം വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചത് മന്ത്രിസഭാ യോഗമാണ്. ബജറ്റിലൂടെ

പ്രഖ്യാപിച്ച വികസന പദ്ധതികളിൽ പകുതിയും കേരളത്തിൽ നടപ്പാക്കുന്നില്ല, പകുതി പദ്ധതിയും ഉപേക്ഷിച്ചുവെന്നാണ് മനസ്സിലാകുന്നത്. എം.എൽ.എ. ഫണ്ടിന്റെ കാര്യംമാത്രം പരിശോധിക്കാം. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നൽകുന്ന ഈ ഫണ്ടിൽനിന്നുള്ള വർക്ക് ഏറ്റെടുത്ത് നടത്തിക്കഴിഞ്ഞാൽ അതിന്റെ പണം നൽകുന്നതിന് ഈ സർക്കാരിന് കഴിയുന്നില്ല. സംസ്ഥാനത്ത് നിർമ്മാണമേഖല പരിപൂർണ്ണമായും സ്തംഭനാവസ്ഥയിലേയ്ക്ക് വന്നിരിക്കുകയാണ്. കാർഷിക മേഖലയുടെ അവസ്ഥ എന്താണ്? വിവിധ വകുപ്പുകളിലായി കേന്ദ്രം നൽകാനുള്ള പണം വാങ്ങിച്ചെടുക്കാൻ കഴിയാത്ത പ്രശ്നം ഗൗരവമായി കാണേണ്ടതല്ലേ? സംസ്ഥാന ഗവൺമെന്റ് മാച്ചിംഗ് ഗ്രാന്റ് നൽകാത്തതുകൊണ്ട്, ധനകാര്യ വകുപ്പ് പണം വിട്ടുനൽകാത്തതുകൊണ്ട് കേന്ദ്രത്തിൽനിന്നും അനുവദിച്ച പണം വാങ്ങിക്കാൻ കഴിയാതെ കേരളത്തിലെ എത്ര വകുപ്പുകളിലാണ് പദ്ധതി പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുന്നത്. സമയപരിമിതിമൂലം എല്ലാംപറയാൻ കഴിയാതെ എനിക്ക് നിർത്തേണ്ടി വരികയാണ്. ഇത്തരം വിഷയങ്ങൾ ഗവൺമെന്റ് ഗൗരവമായി കാണണം. ലൈഫ് മിഷൻ

പദ്ധതിയുൾപ്പെടെയുള്ളവയിൽ പാവങ്ങളോടും കൃഷിക്കാരോടും നീതിപുലർത്താൻ കഴിയാതെ പ്രതിസന്ധിയിലാകുന്ന സാഹചര്യങ്ങൾ കേരളത്തിൽ സൃഷ്ടിച്ചത് ധനകാര്യ മാനേജ്മെന്റിന്റെ പരാജയംതന്നെയാണ്. അതുകൊണ്ട് ഗവൺമെന്റ് തെറ്റായ സമീപനം തിരുത്താൻ തയ്യാറാകണം. ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നിർദേശം മുന്നോട്ടുവച്ചാൽ പ്രതിപക്ഷം അതിനോട് സഹകരിക്കാൻ തയ്യാറായിരിക്കും. അല്ലെങ്കിൽ അതിശക്തമായി കേന്ദ്രത്തെ എതിർക്കുന്നതുപോലെ എൽ.ഡി.എഫ്.-ന്റെ നയങ്ങളെയും എതിർത്തുകൊണ്ട് ഞങ്ങൾ മുന്നോട്ടുപോകുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഡോ. മാത്യു കുഴൽനാടന്റെ ഉപക്ഷേപം സംഘ്പരിവാറിനെ സുഖിപ്പിക്കാനുള്ളതായിരുന്നു, അല്ലെങ്കിൽ ബി.ജെ.പി. ഗവൺമെന്റിനെ തലോടാനുള്ളതായിരുന്നു, അതിൽ ഒരു വരിയെങ്കിലും, സത്യത്തിന്റെ ഒരു കണികയെങ്കിലും കേന്ദ്ര അവഗണനയുമായി ബന്ധപ്പെട്ട് പറയാൻ തയ്യാറായോ? കേന്ദ്ര

നയത്തിനെതിരെ സമരം ചെയ്യാമെന്ന് ശ്രീ. മോൻസ് ജോസഫ് പറഞ്ഞു, കേരള കോൺഗ്രസ് സ്ഥിരമായി അങ്ങനെ പറയുന്നവരാണ്, അത് നല്ലകാര്യംതന്നെയാണ്. കേരളത്തെ ശ്വാസംമുട്ടിച്ച് തകർക്കാൻ കേന്ദ്ര സർക്കാർ ശ്രമിച്ച ഓരോ ഘട്ടത്തിലും പ്രതിപക്ഷം ആരോടൊപ്പമാണ് നിന്നത്? കേന്ദ്രം, കേരളത്തോട് കാണിച്ചുകൊണ്ടിരിക്കുന്നത് ഉപരോധ സമാനമായ സാമ്പത്തിക വിവേചനമാണ്. നരേന്ദ്ര മോദി സർക്കാരിന്റെ പകപോക്കൽ നയങ്ങളാണ് കേരളത്തെ സാമ്പത്തിക ബുദ്ധിമുട്ടുകളിലേയ്ക്ക് എത്തിക്കുന്നത്. എന്നാൽ കേന്ദ്ര അവഗണനകൊണ്ടൊന്നുമല്ല, പകരം ക്ലിഫ് ഹൗസിന്റെ ചുറ്റും മതിൽ നിർമ്മിച്ചതിന് 20 ലക്ഷം രൂപ ചെലവഴിച്ചതുകൊണ്ടാണ് കേരളത്തിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടാകുന്നതെന്ന തരത്തിലുള്ള പ്രചാരവേലയല്ലേ പ്രതിപക്ഷം, പ്രത്യേകിച്ച് കോൺഗ്രസ് പാർട്ടി നടത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. യഥാർഥത്തിൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയായ ശ്രീമതി നിർമ്മല സീതാരാമന്റെ വക്കാലത്ത് ഏറ്റെടുത്തിട്ടുള്ളത് ആരാണെന്ന് കാണുകയാണ്. പണ്ട് ഡോ. മാത്യു കുഴൽനാടൻ കിഫ്ബിക്കെതിരായി സംഘ്പരിവാർ

സംഘടനകൾ നൽകിയ കേസിന്റെ വക്കാലത്ത് ഏറ്റെടുത്തത് ഓർമ്മയുണ്ടല്ലോ. അന്ന് കിഫ്ബിക്കെതിരായി കോടതിയിൽ വീറോടെ വാദിച്ച ഡോ. മാത്യു കുഴൽനാടൻ പിറ്റേദിവസം യാതൊരു ഉളുപ്പുമില്ലാതെ കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട് തന്റെ മണ്ഡലമായ മൂവാറ്റുപുഴയിലെ വികസനത്തെ സംബന്ധിച്ച വലിയ ഫ്ലക്സ് ബോർഡുകൾ പ്രദർശിപ്പിച്ചത് ഇപ്പോഴും നമുക്ക് അദ്ദേഹത്തിന്റെ ഫേസ്ബുക്ക് പരിശോധിച്ചാൽ കാണാൻ കഴിയും.

1.00 p.m]

കേരളത്തിലെ പ്രതിസന്ധിയുടെ പൂർണ്ണ ഉത്തരവാദി ബി.ജെ.പി.യാണ്; കേന്ദ്രനയത്തിന്റെ ഫലമായിട്ടാണ് സംസ്ഥാനത്ത് പ്രതിസന്ധിയുണ്ടായതെന്ന കാര്യം മറച്ചുവയ്ക്കാൻ ബഹു. പ്രതിപക്ഷനേതാവ് ശ്രമിക്കുകയാണ്. അതിന് ഞാൻ അദ്ദേഹത്തെ കുറ്റം പറയില്ല. കാരണം, പറവൂരിലെ മനക്കപ്പടി സ്കൂളിലെ സംഘ്പരിവാർ വേദിയിൽ പോയി വി. ഡി. സവർക്കറുടെ ഫോട്ടോയ്ക്കുമുന്നിൽ അദ്ദേഹം ദീപം തെളിയിച്ചത് ഓർമ്മയുണ്ടല്ലോ. അതുകൊണ്ടുതന്നെ ശ്രീ. വി. ഡി. സതീശനെ

സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാരിനെ വെള്ളപൂശുകയെന്നത് അദ്ദേഹത്തിന്റെ ഉത്തരവാദിത്വമാണെന്ന് ഞങ്ങൾക്ക് നന്നായറിയാം. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക ഉപരോധങ്ങൾക്കെതിരെ ചരിത്രപ്രസിദ്ധമായൊരു സമരമാണ് ഡൽഹിയിൽ നടന്നത്. ആ സമരത്തെക്കുറിച്ച് ചർച്ച ചെയ്തപ്പോൾ പ്രതിപക്ഷനേതാവ് നിഷേധാത്മക നിലപാടാണ് സ്വീകരിച്ചത്. കേരളത്തിന്റെ പൊതുആവശ്യങ്ങളോട് മുഖം തിരിഞ്ഞുനിൽക്കുകയാണോ ഒരു പ്രതിപക്ഷനേതാവ് ചെയ്യേണ്ടത്? കേരളത്തിന്റെ ധനഞെരുക്കത്തിന് കാരണം കേന്ദ്രസർക്കാരല്ലെന്ന് നാഴികയ്ക്ക് നാൽപത് വട്ടം അദ്ദേഹം പറയുന്നത് ആരെ സംരക്ഷിക്കാനാണ്? കേരളത്തിലെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയും എം.എൽ.എ.മാരും കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരെ ഡൽഹിയിൽ സമരം നടത്തിയ കഥ ഈ നാടാകെ ആവേശത്തോടെ ഏറ്റെടുത്തതല്ലേ. അന്ന് ആ സമരത്തെ പരിഹസിക്കാനല്ലേ പ്രതിപക്ഷനേതാവ് തയ്യാറായത്. ഇത് സമരമല്ല പ്രഹസനമാണെന്നുപറഞ്ഞ് വല്ലാത്ത ആവേശത്തോടെയല്ലേ അദ്ദേഹം അന്ന് വാർത്താസമ്മേളനം നടത്തിയത്. എന്തൊരു

ആക്രമണമാണ് ഞങ്ങൾക്കെതിരായി അന്ന് അഴിച്ചുവിട്ടത്. ഐ.ജി.എസ്.ടി. പിരിച്ചെടുക്കാത്തതുകൊണ്ടാണ് കേരളത്തിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടാതെന്നാണ് അദ്ദേഹം പറഞ്ഞത്. മറ്റാരും പറയാത്ത വിചിത്ര വാദമാണ് അദ്ദേഹം ഉന്നയിച്ചത്. സാമ്പത്തിക ശാസ്ത്രത്തിന്റെ ബാലപാഠം പോലുമറിയുന്നവർ യഥാർഥത്തിൽ പുച്ഛിച്ചുതള്ളുന്ന നിലയിലേയ്ക്കുള്ള സംരക്ഷണകവചമാണ് അദ്ദേഹം ബി.ജെ.പി.-ക്കുവേണ്ടി സൃഷ്ടിക്കാൻ ശ്രമിച്ചത്. യഥാർഥത്തിൽ കേരളത്തിലെ പ്രതിപക്ഷത്തിന്റെ മുഖത്തടിച്ച സമരമാണ് കർണ്ണാടകയിലെ കോൺഗ്രസ്സുകാർ നടത്തിയത്. ശ്രീ. കെ. സിദ്ധരാമയ്യ ചതിച്ചെന്നല്ലേ കേരളത്തിലെ യൂത്ത് കോൺഗ്രസ്സുകാർക്കടക്കം പറയേണ്ടി വന്നത്. കേരളം സമരം ചെയ്യാൻ തീരുമാനിച്ചതിന് തലേദിവസംതന്നെ കർണ്ണാടക സമരം ചെയ്തില്ലേ? 45000 കോടി രൂപ സംസ്ഥാനത്തിന് നഷ്ടപ്പെട്ടെന്നാണ് ശ്രീ. കെ. സിദ്ധരാമയ്യയും ശ്രീ. ഡി. കെ. ശിവകുമാറും പറയുന്നത്. അതിന്റെ ഭാഗമായി അവർ ഡൽഹിയിൽ സമരം നടത്തി. ആ സമരത്തിന്റെ തലേ ദിവസം പ്രതിപക്ഷനേതാവ് ഡൽഹിയിൽ പോകാൻ നിശ്ചയിച്ചിരുന്നുവെങ്കിലും

അദ്ദേഹം യാത്ര റദ്ദുചെയ്തു. കാരണം അവിടെയെത്തിയാൽ സർക്കാർ നടത്തുന്ന സമരത്തിൽ പങ്കെടുക്കേണ്ടിവന്നാലോ; അങ്ങനെ സമരത്തിന് പോകേണ്ടി വന്നാൽ ബി.ജെ.പി.-ക്കും സംഘ്പരിവാറിനും ഇഷ്ടപ്പെടില്ല. അതുകൊണ്ട് അദ്ദേഹം ഡൽഹിയിൽ പോയില്ല. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെതിരായും കേന്ദ്ര ഗവൺമെന്റിനെ ന്യായീകരിച്ചും സംസാരിക്കുമ്പോൾ ഞാൻ ഒരുകാര്യം ചോദിക്കട്ടെ, കേന്ദ്രത്തിലെ കോൺഗ്രസ്സിന്റെ നയമെന്താണ്? സാമ്പത്തിക ഉപരോധമടക്കം ഏർപ്പെടുത്തി ധനപ്രതിസന്ധിയിലാക്കി പ്രതിപക്ഷ ഗവൺമെന്റുകളെ സാമ്പത്തികമായി ഞെരുക്കുകയാണെന്ന് കർണ്ണാടക മുഖ്യമന്ത്രിയായ ശ്രീ. കെ. സിദ്ധരാമയ്യ മാത്രമല്ല പറയുന്നത്. കോൺഗ്രസ്സ് അധ്യക്ഷനായ മല്ലികാർജ്ജുൻ ഖാർഗെയുടെ നിലപാടും അതുതന്നെയാണ്. പാർലമെന്റ് തിരഞ്ഞെടുപ്പിനുമുമ്പ് ബി.ജെ.പി. ഒരു വൈറ്റ് പേപ്പർ അവതരിപ്പിച്ചപ്പോൾ അതിന് ബദലായി കോൺഗ്രസ്സ് കൊണ്ടുവന്ന ബ്ലാക്ക് പേപ്പറിൽ കേരളമടക്കമുള്ള സംസ്ഥാനങ്ങളോട് ബി.ജെ.പി. ഗവൺമെന്റ് സ്വീകരിക്കുന്ന സാമ്പത്തിക ഉപരോധമടക്കം പറഞ്ഞിട്ടില്ലേ? അതല്ലേ

സത്യം. കർണ്ണാടകത്തിന്റെ സമരം അവസാനിപ്പിക്കാനും അവർ ഡൽഹിയിൽ സമരത്തിന് പോകാതിരിക്കാനും പലരും ശ്രമിച്ചു. അതിനുവേണ്ടി എ.ഐ.സി.സി. ജനറൽ സെക്രട്ടറി ശ്രീ. കെ. സി. വേണുഗോപാലിനെ ഇടനിലക്കാരനായി ഉപയോഗിച്ചുവെന്നാണ് പിന്നീട് പുറത്തുവന്ന വാർത്തകളിലൂടെ വ്യക്തമാകുന്നത്. അദ്ദേഹത്തെക്കൊണ്ട് പറയിപ്പിച്ച് കർണ്ണാടകക്കാർ സമരത്തിന് പോകാതിരിക്കണം. പക്ഷേ, ശ്രീ. കെ. സി. വേണുഗോപാൽ അതിന് വഴങ്ങിയില്ല. കാരണം, ശ്രീ. സുനിൽ കനുഗോലുവിന് പണം കൊടുക്കണമല്ലോ. അത് കർണ്ണാടകത്തിൽനിന്നും കിട്ടിയില്ലെങ്കിൽ പിന്നെ എങ്ങനെയാണ് കൊടുക്കാൻ സാധിക്കുന്നത്. അദ്ദേഹത്തിന് പണം കൊടുക്കേണ്ടത് കോൺഗ്രസ്സിന്റെ ആവശ്യമായതുകൊണ്ടുതന്നെ ആ സമരം ഒഴിവായില്ലെന്ന് മാത്രമല്ല, ശ്രീ. കെ. സി. വേണുഗോപാൽ അതിനെ എതിർത്തതുമില്ല. കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന തെറ്റായ നിലപാടുകൾക്കെതിരെ പ്രതികരിക്കാൻ കോൺഗ്രസ് തയ്യാറാകാത്തത് എന്തുകൊണ്ടാണ്? ഇന്നലെ വയനാടുമായി ബന്ധപ്പെട്ട വിഷയത്തിന്മേലുള്ള ചർച്ചയിൽ നമുക്കൊരുമിച്ച്

നിൽക്കാമെന്ന് പ്രതിപക്ഷം പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു. എന്നാൽ കേരളത്തിനെതിരെ തുടർച്ചയായി സാമ്പത്തിക ഉപരോധം സൃഷ്ടിക്കുന്ന കേന്ദ്ര നയങ്ങൾക്കെതിരായും നമ്മൾ ശബ്ദിക്കണം. 'ഭാരതമെന്നു കേട്ടാൽ അഭിമാനപൂരിതമാവണം അന്തരംഗം; കേരളമെന്ന് കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ' എന്നാണ് മഹാകവി വള്ളത്തോൾ നാരായണമേനോൻ പാടിയിട്ടുള്ളത്. എന്നാൽ, ഇപ്പോൾ കേരളമെന്ന് കേട്ടാൽ ഇവിടെ ആർക്കാണ് അഭിമാനം തോന്നുന്നത്. ഇവിടെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ചപ്പോൾ സംഘ്പരിവാറിനെക്കുറിച്ചോ ബി.ജെ.പി.-യെക്കുറിച്ചോ അവരുടെ നയങ്ങളെക്കുറിച്ചോ ഒരു വാക്കെങ്കിലും പറയാൻ പ്രതിപക്ഷാംഗങ്ങൾ തയ്യാറായോ? ഇക്കാര്യത്തിൽ കേരളത്തിലെ കോൺഗ്രസ്സിന്റെ നിലപാട് എന്താണെന്നത് ഓരോ ദിവസവും നാം കണ്ടുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം അവരുടെ സങ്കുചിത രാഷ്ട്രീയതാല്പര്യത്തിനും സംഘ്പരിവാറിനെ സംരക്ഷിക്കാനും വേണ്ടിയാണ്. ഇതിനെല്ലാം ഇവിടെ ഇടനിലക്കാരുമുണ്ട്. കൊല്ലത്തുനിന്നുള്ള യു.ഡി.എഫ്. എം.പി.യായ ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ

ശ്രീ. നരേന്ദ്ര മോദിയുമായി ഉച്ചയൂണ് കഴിക്കാൻ പോയതും പത്തുവർഷങ്ങൾക്കുമുമ്പ് ഉമ്മൻ ചാണ്ടി ഗവൺമെന്റിലെ മന്ത്രിയായിരുന്ന ശ്രീ. ഷിബു ബേബി ജോൺ ശ്രീ. നരേന്ദ്ര മോദിയെ കാണാൻ ഗുജറാത്തിൽ പോയതുമെല്ലാം ചേർത്ത് വായിക്കുമ്പോൾ ഒരു കാര്യം വളരെ വ്യക്തമാണ്. യു.ഡി.എഫ്.-ആർ.എസ്.എസ്. ബന്ധത്തിന് ഇടനിലക്കാരായി ശ്രീ. എൻ. കെ. പ്രേമചന്ദ്രനെപ്പോലുള്ള നേതാക്കൾ പ്രവർത്തിക്കുന്നുണ്ടെന്നതിൽ ഞങ്ങൾക്ക് യാതൊരു തർക്കവുമില്ല. പക്ഷേ, കേരളത്തെ സംബന്ധിച്ചിടത്തോളം ഇതൊക്കെ ഇവിടത്തെ ജനങ്ങൾ തിരിച്ചറിയും. ഈ നാടിനെ ഒറ്റികൊടുക്കുന്ന നിലപാട് തിരിച്ചറിയും. അതുകൊണ്ടുതന്നെയാണ് കേരളത്തിലെ ഗവൺമെന്റ് തനതുവരുമാനം വർധിപ്പിച്ചുകൊണ്ട് കേന്ദ്രത്തിന്റെ ഈ ഉപരോധത്തെയെല്ലാം അവഗണിച്ചുകൊണ്ട് മുന്നോട്ടുപോകാൻ തയ്യാറായിട്ടുള്ളത്.

<u>ചെയർപേഴ്സൺ</u>: അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഓണക്കാലത്ത് ഇവിടത്തെ പ്രതിപക്ഷാംഗങ്ങൾ

ആഗ്രഹിച്ചതെന്താണ്? കേരളത്തിൽ ഓണത്തോടനുബന്ധിച്ച് യാതൊന്നും നടക്കില്ലെന്നാണ് ഇവർ കരുതിയത്. ഇവിടത്തെ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് എല്ലാ ആനുകൂല്യങ്ങളും സഹായങ്ങളും ഈ ഓണക്കാലത്തും കൃത്യമായി കൊടുക്കാൻ കേരളത്തിലെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് തയ്യാറായി. 2024-ൽ കേരളത്തിൽ ഓണമില്ലെന്നല്ലേ ഈ സഭയിൽ ഇവർ പറഞ്ഞത്. എന്നാൽ സംതൃപ്തിയോടുകൂടി കേരളത്തിലെ ജനങ്ങൾക്ക് ഓണം ആഘോഷിക്കാനുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തിയ ഗവൺമെന്റാണിത്. കേരളത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ മികച്ച നിലയിൽ മുന്നോട്ടുകൊണ്ടുപോയി ഈ ഗവൺമെന്റിനെ സംരക്ഷിക്കുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെയും പ്രത്യേകം അഭിനന്ദിക്കാൻ ഈ അവസരം ഉപയോഗിക്കുകയാണ്. അതുകൊണ്ട് നടപടികൾ നിർത്തിവയ്ക്കാനുള്ള ഈ ഉപക്ഷേപത്തെ എതിർക്കുകയാണ്.

ശ്രീ. മാണി സി. കാപ്പൻ: സർ, സംസ്ഥാനത്തിന്റെയും കർഷകരുടെയും സാമ്പത്തിക പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ

സാധിക്കുന്ന ഒന്നുരണ്ട് നിർദേശങ്ങൾ സഭയുടെ മുമ്പാകെ സമർപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഓരോ നിയോജകമണ്ഡലത്തിലും 10000 ടൺ കാർഷികോല്പന്നങ്ങൾ സൂക്ഷിച്ചുവയ്ക്കാനുള്ള ഒരു കോൾഡ് സ്റ്റോറേജും ഫുഡ് പാർക്കും സ്ഥാപിച്ചാൽ പെട്ടെന്ന് നശിച്ചുപോകാവുന്ന കാർഷികവിളകൾ കേടുകൂടാതെ സൂക്ഷിക്കാൻ സാധിക്കും. 10000 ടണ്ണിന്റെ കോൾഡ് സ്റ്റോറേജിന് 10 കോടി രൂപ ചെലവ് വരുമെങ്കിലും അതിന്റെ 50 ശതമാനം തുകയ്ക്ക് കേന്ദ്രസർക്കാരിൽനിന്നും സബ്സിഡി ലഭിക്കുന്നതാണ്. പെട്ടെന്ന് നശിച്ചുപോകാവുന്ന കാർഷികവിളകൾ ഇത്തരം കോൾഡ് സ്റ്റോറേജുകളിൽ സൂക്ഷിക്കാൻ സാധിച്ചാൽ വാല്യൂ ആഡഡ് പ്രോഡക്ടുകളുണ്ടാക്കാനുള്ള അസംസ്കൃതവസ്തുക്കൾ യഥാസമയം ലഭ്യമാവുകയും അതിലൂടെ കൃഷിക്കാരുടെ വരുമാനം വർധിക്കുകയും ചെയ്യും. ഉദാഹരണത്തിന്, ഒരു കിലോ ഏത്തക്കായ്ക്ക് ചില സന്ദർഭങ്ങളിൽ 25 രൂപയായും മറ്റ് ചിലപ്പോൾ 90 രൂപയായും വില വർധിക്കാറുണ്ട്. എന്നാൽ, ഇത്തരം കാർഷിക വിളകൾ കോൾഡ് സ്റ്റോറേജുകളിൽ സൂക്ഷിക്കാൻ സാധിച്ചാൽ കർഷകന് ഒരു കിലോ ഏത്തക്കായ്ക്ക് ആവറേജ് 60 രൂപ വരെ വില ലഭിക്കുമെന്ന് മാത്രമല്ല,

ഉപഭോക്താവിന് അത് ഗുണകരമാവുകയും ചെയ്യും. ഏത്തക്കായുടെ ചുണ്ടും പയറും വാഴപ്പിണ്ടിയും പാചകം ചെയ്ത് ടെട്രാപാക്കിലാക്കി കയറ്റി അയയ്ക്കുന്നതിലൂടെയും കർഷകന് അധിക വരുമാനം ലഭിക്കും. ഏത്തക്കായ ഓർഗാനിക്കായി കൃഷി ചെയ്ത് ഹൈജീനിക്കായി പ്രോസസ്സ് ചെയ്ത് പൊടിയാക്കിയാൽ ഒരു കിലോയ്ക്ക് 1200 രൂപ വരെ ലഭിക്കും. വയർ സംബന്ധമായ അസുഖങ്ങൾ മാറുമെന്നതിനാൽ ഒരു വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ബേബി ഫുഡായി ആരോറൂട്ട് പൗഡർ, ഏത്തക്കായ പൊടി എന്നിവയിൽ ഏതെങ്കിലുമൊന്ന് നിർബന്ധമായി ഉപയോഗിക്കണമെന്ന് യു.എസ്., യൂറോപ്പ്, കാനഡ എന്നീ മൂന്ന് രാജ്യങ്ങളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപോലെ നമ്മുടെ സംസ്ഥാനത്ത് ലക്ഷക്കണക്കിന് ഏക്കർ സ്ഥലം ഉപയോഗശൂന്യമായി കിടക്കുകയാണ്. ഇപ്പോൾ റബർ കൃഷിയും ലാഭകരമല്ല. അതുകൊണ്ട് 100 ഏക്കർ സ്ഥലം വീതമുള്ള കർഷകരെ സംഘടിപ്പിച്ച് അവിടെനിന്നും സോളാർ പവർ ഉല്പാദിപ്പിക്കാനായി ഗ്രിഡ്ും മറ്റ് സംവിധാനവും സർക്കാർ ഒരുക്കിക്കൊടുത്താൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി യൂണിറ്റിന് 8 രൂപ നിരക്കിൽ പീക്ക് ടൈമിൽ കൊടുക്കാൻ

സാധിക്കും. അതിന്റെ ജി.എസ്.ടി. ഗവൺമെന്റിന് ലഭിക്കുകയും ചെയ്യും. ഇത്തരം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാൻ സർക്കാർ തയ്യാറാണെങ്കിൽ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുന്നതോടൊപ്പം സംസ്ഥാനത്തിന് സാമ്പത്തിക നേട്ടമുണ്ടാവുകയും ചെയ്യും.

ശ്രീ. ജോബ് മൈക്കിൾ: സർ, ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച ഉപക്ഷേപം സഭയിൽ ചർച്ചയ്ക്കെടുത്തു. എന്നാൽ, അദ്ദേഹം ഉപക്ഷേപം അവതരിപ്പിച്ച് സംസാരിക്കുന്നത് കേട്ടപ്പോൾ കുരുടൻ ആനയെ കണ്ടതുപോലെയാണ് എനിക്ക് തോന്നിയത്. ആ ഉപക്ഷേപത്തിൽ പ്രത്യേകമായി ഒന്നുംതന്നെ കാണാൻ സാധിച്ചില്ല. കേന്ദ്രസർക്കാർ കഴിഞ്ഞ എട്ട് വർഷമായി കേരളത്തിലെ ഗവൺമെന്റിനെ സാമ്പത്തികമായി ഞെരുക്കിക്കൊണ്ടിരിക്കുകയാണ്. നാം പല അടിയന്തരാവസ്ഥകളും കണ്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ സാമ്പത്തിക അടിയന്തരാവസ്ഥ എന്നൊരു പുതിയ അവസ്ഥ വന്നിരിക്കുകയാണ്. സാമ്പത്തിക അടിയന്തരാവസ്ഥ ഏർപ്പെടുത്തി ഒരു സംസ്ഥാന സർക്കാരിനെ എങ്ങനെ മോശമാക്കാൻ

കഴിയുമെന്നതിനെക്കുറിച്ചാണ് കേന്ദ്ര ഗവൺമെന്റ് ഗവേഷണം നടത്തുന്നത്. ജി.എസ്.ടി. വിഹിതം ലഭിച്ചുവെന്ന് ഡോ. മാത്യു കുഴൽനാടൻ പറയുകയുണ്ടായി. പ്രളയബാധിത സംസ്ഥാനങ്ങൾക്ക് സഹായധനം അനുവദിച്ചത് സംബന്ധിച്ച് 02-10-2024-ലെ മാതൃഭൂമി ദിനപത്രത്തിൽ പറയുന്നുണ്ട്. മഹാപ്രളയത്തെത്തുടർന്ന് സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരമായി 145.60 കോടി രൂപ മാത്രമാണ് അനുവദിച്ചത്. അതേസമയം മഹാരാഷ്ട്രയ്ക്ക് 1492 കോടി രൂപയും ആന്ധ്രാപ്രദേശിന് 1036 കോടി രൂപയും ആസ്സാമിന് 716 കോടി രൂപയും ബീഹാറിന് 655.6 കോടി രൂപയും തെലങ്കാനയ്ക്ക് 416.8 കോടി രൂപയും ബംഗാളിന് 468 കോടി രൂപയും അനുവദിച്ചു. സംസ്ഥാനത്ത് അഞ്ഞൂറോളം ആളുകൾ മരണപ്പെട്ട മഹാപ്രളയമുണ്ടായിട്ടും അഞ്ചു പൈസപോലും അനുവദിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായില്ല. ഡോ. മാത്യു കുഴൽനാടൻ ഇക്കാര്യം കാണാതെ പോകാൻ പാടില്ലായിരുന്നുവെന്ന് മാത്രമല്ല, അദ്ദേഹത്തിന്റെ ഉപക്ഷേപത്തിൽ ഇതിനെക്കുറിച്ച് എന്തെങ്കിലും പറയേണ്ടതുമായിരുന്നു. കഴിഞ്ഞ നിയമസഭാ സമ്മേളനവേളകളിലൊക്കെ

ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഈ സർക്കാരിന്റെ പ്രയോറിറ്റി എന്താണെന്ന് നിരന്തരം ചോദിക്കുമായിരുന്നു. നിങ്ങൾ നടപടികൾ നിർത്തിവയ്ക്കാനുള്ള എത്ര ഉപക്ഷേപങ്ങൾ സഭയിൽ കൊണ്ടുവന്നു? പാവപ്പെട്ടവർക്ക് പെൻഷൻ കൊടുക്കണം; പെൻഷൻ കൊടുക്കാതെ നിങ്ങളിവിടെ സുഖിച്ച് കഴിയാൻ പാടില്ലെന്നൊക്കെ പറഞ്ഞു. ഇത്തവണത്തെ നിയമസഭാ സമ്മേളനത്തിൽ ഇതുസംബന്ധിച്ച് പ്രതിപക്ഷാംഗങ്ങൾ ആരുംതന്നെ ഒരു വാക്കുപോലും പറഞ്ഞില്ല. സംസ്ഥാനത്ത് 62 ലക്ഷം കുടുംബങ്ങൾക്ക് കുടുംബക്ഷേമ പെൻഷൻ കൃത്യമായി കൊടുക്കുന്നുവെന്ന കാര്യം പറയാൻ നിങ്ങൾ മറന്നുപോയി. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രയോറിറ്റി പാവപ്പെട്ടവർക്ക് ആഹാരമെത്തിക്കുക, അവർക്ക് അർഹതപ്പെട്ട ക്ഷേമപെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുക എന്നിവയാണ്. അക്കാര്യത്തിൽ ശ്രീ. കെ. എൻ. ബാലഗോപാലിനെ ഞാൻ അഭിനന്ദിക്കുകയാണ്.

എന്റെ നിയോജകമണ്ഡലമായ ചങ്ങനാശ്ശേരിയിൽ കെ.സി. ബ്രിഡ്ജിനുവേണ്ടി 43 കോടി രൂപയും ആശുപത്രി നിർമ്മാണത്തിന് കിഫ്ബി മുഖാന്തരം 80 കോടി രൂപയും ഫ്ലൈ ഓവർ നിർമ്മിക്കാൻ 96 കോടി രൂപയും വിവിധ സ്കൂളുകളുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ടും ലഭിച്ചു. മാത്രമല്ല, അവിടെ ബി.എം.&ബി.സി. നിലവാരത്തിലുള്ള ഒട്ടേറെ റോഡ് നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയുമാണ്. ഇതെല്ലാം കണ്ടിട്ടും കേരളത്തിൽ വികസന മുരടിപ്പാണെന്ന് പ്രതിപക്ഷം പറയുമ്പോൾ, ഇവിടെ നടക്കുന്ന വികസന പ്രവർത്തനങ്ങളൊന്നും അവർ അംഗീകരിക്കുന്നില്ലെന്നാണ് മനസ്സിലാക്കേണ്ടത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ റബ്ബറിന്റെ വിലയെക്കുറിച്ച് പലരും പറഞ്ഞല്ലോ; റബ്ബറിന്റെ ഇപ്പോഴത്തെ വിലയെത്രയാണ്? ഇന്ന് റബ്ബറിന്റെ വില 200 രൂപ മുതൽ 273 രൂപ വരെ എത്തിനിൽക്കുകയാണ്. അതുസംബന്ധിച്ച് പറയാൻ ഈ നിയമസഭയിൽ ഒരാൾപോലുമില്ല. ഈ ഗവൺമെന്റ് കൃഷിക്കാരേയും സാധാരണക്കാരേയും സമൂഹത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്നവരേയും സഹായിക്കുന്നതിനായി കൃത്യമായ ഇടപെടലുകൾ നടത്തുമ്പോൾ, അതിനെ

അഭിനന്ദിക്കാതെ കേന്ദ്ര ഗവൺമെന്റിന്റെ വെറും വാലാട്ടികളായി, കേന്ദ്ര ഗവൺമെന്റിനെ സപ്പോർട്ട് ചെയ്യുന്നവരായി, അവരെ എല്ലാ രീതിയിലും രാഷ്ട്രീയപരമായി നിലനിർത്താൻ ആഗ്രഹിക്കുന്ന നിങ്ങൾ സ്വന്തം ശവക്കുഴിതന്നെയാണ് തോണ്ടുന്നത്. ഒരുകാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു, ആങ്ങള ചത്താലും നാത്തൂന്റെ കണ്ണുനീർ കണ്ടാൽ മതിയെന്നുള്ള നിങ്ങളുടെ ആഗ്രഹം കേരളത്തിലെ ജനങ്ങൾ വച്ചുപൊറുപ്പിക്കില്ല, അവരത് അംഗീകരിക്കില്ലെന്ന് പറഞ്ഞുകൊണ്ട് ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുകയാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ച ബഹുമാനപ്പെട്ട മൂവാറ്റുപുഴ അംഗമോ പ്രതിപക്ഷനിരയിൽനിന്ന് സംസാരിച്ച ബഹുമാനപ്പെട്ട വണ്ടൂർ അംഗമോ കേന്ദ്രം/കേന്ദ്ര ഗവൺമെന്റ് എന്നൊരു വാക്ക് ഉച്ചരിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചുവെന്നത് നാം കണ്ടതാണ്. കേന്ദ്രം ഇന്ന് ഭരിക്കുന്നത് ബി.ജെ.പി.-യാണ്. ഫെഡറലിസത്തിൽ യാതൊരു വിശ്വാസവുമില്ലാത്ത രാഷ്ട്രീയ ശക്തികളാണ് ഇന്ന് കേന്ദ്രം ഭരിച്ചുകൊണ്ടിരിക്കുന്നത്.

അതുകൊണ്ടുതന്നെ ഫെഡറൽ വ്യവസ്ഥയുടെ അടിസ്ഥാനവും നട്ടെല്ലുമായ ധനകാര്യ ഫെഡറലിസത്തിലും അവർക്ക് യാതൊരു വിശ്വാസവുമില്ല. ദേശീയതലത്തിൽ മുഖ്യപ്രതിപക്ഷമെന്ന് അവകാശപ്പെടുന്ന കോൺഗ്രസ് എതിർക്കുന്നുവെന്ന് വീമ്പിളക്കുന്ന കേന്ദ്രസർക്കാരിന്റെ വികൃതമായ നയങ്ങളുടെയും നിലപാടുകളുടെയും ദോഷഫലങ്ങളെ ആഘോഷിക്കുകയും ആസ്വദിക്കുകയും ചെയ്യുന്ന മാനസികാവസ്ഥയിലാണെന്നാണ് ഇന്നത്തെ ചർച്ചകളിൽനിന്ന് കാണുന്നത്. വില്ലനെ എതിർക്കാതിരിക്കുകയും ഇരയെ ആക്രമിക്കുകയും ചെയ്യുന്ന സൂപ്പർ വില്ലന്മാരുടെ റോളിലാണ് കേരളത്തിലെ കോൺഗ്രസെന്ന് പറയാതിരിക്കാൻ നിർവാഹമില്ല. ഇവിടെ യഥാർഥ പ്രശ്നമെന്താണ്? കേന്ദ്ര ഗവൺമെന്റ് നയങ്ങളിൽ വരുത്തിയിരിക്കുന്ന വ്യതിയാനം ഏതെല്ലാം തരത്തിൽ സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്നുവെന്ന് വിലയിരുത്താതെ ഈ ചർച്ച പൂർണ്ണമാകില്ലെന്നാണ് എന്റെ വിശ്വാസം. കേന്ദ്ര നികുതി വിഹിതത്തിലും ഗ്രാന്റുകളിലും വന്നിരിക്കുന്ന കുറവ് സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചതിനാൽ അത്തരം കണക്കുകളൊന്നും ആവർത്തിക്കുന്നില്ല. കേന്ദ്രത്തിൽനിന്നും 2021-22-ൽ

56,318 കോടി രൂപ ലഭിച്ചിരുന്നുവെങ്കിൽ 2023-24 ആയപ്പോൾ 38,204 കോടി രൂപയായി കുറഞ്ഞു. ഇവിടെ 18,114 കോടി രൂപയുടെ കുറവ് വന്നിരിക്കുകയാണ്. സംസ്ഥാനങ്ങൾക്ക് റവന്യൂ കമ്മി ഗ്രാന്റ് നൽകുന്നത് കേന്ദ്ര ഗവൺമെന്റിന്റെ ഔദാര്യമൊന്നുമല്ല. കേന്ദ്ര ഗവൺമെന്റിന്റെ ധനനയങ്ങളിലെ വ്യതിയാനംമൂലം നമ്മുടെ നികുതി സമ്പ്രദായത്തിൽ വന്ന മാറ്റം, നികുതി പിരിവ് അധികാരത്തിൽ വന്ന മാറ്റം എന്നിവയ്ക്ക് റവന്യൂ കമ്മി ഗ്രാന്റായി 53000 കോടി രൂപയാണ് നൽകിയത്. യഥാർഥത്തിൽ അത് സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക നഷ്ടത്തിന്റെ പകുതി മാത്രമേയുള്ളൂ. ആകെ 95,900 കോടി രൂപയുടെ സാമ്പത്തിക നഷ്ടമുണ്ടായപ്പോൾ അതിന്റെ പകുതി മാത്രമാണ് കേന്ദ്രത്തിൽനിന്നും ലഭിച്ചത്. അടുത്ത സാമ്പത്തികവർഷം മുതൽ ഈ റവന്യൂ കമ്മി ഗ്രാന്റ് ലഭിക്കില്ല. വിവിധ കേന്ദ്ര പദ്ധതികളിന്മേൽ തടഞ്ഞുവച്ചിരിക്കുന്ന തുക, യു.ജി.സി. ശമ്പള പരിഷ്കരണ കുടിശ്ശിക, നഗര വികസന ഗ്രാന്റ്, ഗ്രാമവികസന ഗ്രാന്റ്, നെല്ല് സംഭരണം, ദുരിതാശ്വാസ ഗ്രാന്റ്, സ്റ്റേറ്റ് ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ട്, ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് സ്പെഷ്യൽ അസിസ്റ്റൻസ്, ജി.എസ്.ടി. നഷ്ടപരിഹാരം

എന്നിവയടക്കം 5,800-ഓളം കോടി രൂപ തടഞ്ഞുവച്ചിരിക്കുകയാണ്. ഡിവിസിബിൾ പൂളിൽനിന്നും പത്താം ധനകാര്യ കമ്മീഷൻ 3.875 ശതമാനം വിഹിതമാണ് കേരളത്തിന് നൽകിയതെങ്കിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ 1.925 ശതമാനം മാത്രമാണ് നൽകിയത്. ഇവിടെ സാമ്പത്തിക പ്രതിസന്ധി ഇല്ലെന്നൊന്നും പറയുന്നില്ല. എന്നാൽ, അത്തരം സാമ്പത്തിക പ്രയാസങ്ങളെ അതിജീവിക്കാൻ ധീരമായ നടപടികളാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുമെന്ന് പ്രതീക്ഷിച്ച് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇത്തരത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെയൊന്നും കാണാതെ മറ്റ് കാര്യങ്ങളിലേയ്ക്ക് മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും കേന്ദ്ര ഗവൺമെന്റ് കേരളത്തോട് സ്വീകരിക്കുന്ന ദുഷ്ടലാക്കോടെയുള്ള സമീപനത്തെ ആയുധമാക്കിയെടുക്കാനുമുള്ള പ്രതിപക്ഷത്തിന്റെ ശ്രമം നല്ലതല്ല എന്നുമാത്രമാണ് ഞാൻ സൂചിപ്പിക്കുന്നത്. എയിംസിന്റെ കാര്യത്തിൽ കേരളത്തോട് വിവേചനം കാണിച്ചു. എയിംസിനായി കോഴിക്കോട് കിനാലൂരിൽ കെ.എസ്.ഐ.ഡി.സി.-യുടെ

ഇരുന്നൂറ് ഏക്കർ സ്ഥലം നൽകാമെന്ന് പറഞ്ഞു. എല്ലാ യോഗ്യതകളുമുണ്ടായിട്ടും ആവശ്യമായ രേഖകളെല്ലാം കൈമാറിയിട്ടും കേരളത്തെ തഴഞ്ഞ് തെലങ്കാനയിലും ജമ്മുകാശ്മീരിലും തമിഴ്നാട്ടിലും എയിംസ് അനുവദിക്കുകയുണ്ടായി. ദേശീയപാത വികസനത്തിന്റെ കാര്യത്തിലും കേന്ദ്രം കേരളത്തോട് സ്വീകരിച്ച സമീപനമെന്താണ്? കീഴാറ്റൂരിൽ ഹൈവേയ്ക്കായി ഭൂമിയേറ്റെടുക്കുന്നത് തടയാൻ ബി.ജെ.പി.-യുടെ കേന്ദ്ര നേതാക്കൾ വരെ മുന്നിലുണ്ടായിരുന്നു. കീഴാറ്റൂർ ഒരു നന്ദിഗ്രാം ആകുമെന്ന് ബി.ജെ.പി.-യുടെ ദേശീയ ജനറൽ സെക്രട്ടറി ശ്രീ. രാഹുൽ സിൻഹ പ്രഖ്യാപിക്കുകയുണ്ടായി. രാജ്യത്താദ്യമായി ദേശീയപാത വികസനത്തിന് ഇരുപത്തിയഞ്ച് ശതമാനം വിഹിതം നൽകേണ്ടിവന്ന സംസ്ഥാനം കേരളമാണ്. ആറായിരം കോടി രൂപയാണ് ഇക്കാര്യത്തിൽ ചെലവാക്കിയത്. അങ്ങനെയല്ലെന്ന് വരുത്തിത്തീർക്കാനാണ് കേന്ദ്രമന്ത്രിയുൾപ്പെടെയുള്ള ബി.ജെ.പി. നേതാക്കൾ ശ്രമിക്കുന്നത്. വിമാനത്താവളങ്ങളുടെ സ്വകാര്യവൽകരണത്തിലും കേന്ദ്ര അവഗണന നേരിട്ടുകൊണ്ടിരിക്കുകയാണ്. ദേശീയതലത്തിൽ എയർപോർട്ടുകൾ

ലേലത്തിൽ വച്ചപ്പോൾ, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ് സംസ്ഥാനത്തിന് കൈമാറണമെന്ന് നമ്മൾ കേന്ദ്രത്തോട് ആവശ്യപ്പെടുകയും ലേലത്തിൽ ക്വാട്ട് ചെയ്ത ഉയർന്ന തുക സംസ്ഥാന സർക്കാർ നൽകാമെന്ന് അറിയിക്കുകയും ചെയ്തു. എന്നാൽ ഇതെല്ലാം അവഗണിച്ചുകൊണ്ട്, വിമാനത്താവള നടത്തിപ്പ് ചുമതല സ്വകാര്യ മേഖലയ്ക്ക് തീറെഴുതി നൽകാനാണ് കേന്ദ്ര സർക്കാർ തയ്യാറായത്. ശബരിമല വിമാനത്താവളത്തിന് സുരക്ഷാ ക്ലിയറൻസ് നൽകുന്നതിലും കോഴിക്കോട് വിമാനത്താവളത്തിന് ഭൂമിയേറ്റെടുത്തിട്ടും നിർമ്മാണത്തിനാവശ്യമായ ടെൻഡർ വിളിക്കുന്നതിലുമുണ്ടാകുന്ന കാലതാമസമെല്ലാം കേന്ദ്ര അവഗണനയുടെ ഉദാഹരണങ്ങളാണ്. റെയിൽവേ വികസനത്തിന്റെ കാര്യത്തിലും ഇതൊക്കെ തന്നെയാണ് നടക്കുന്നത്. പുതിയ ട്രെയിനുകൾ, പുതിയ പാതകൾ, പാത ഇരട്ടിപ്പിക്കൽ, നിലവിലെ പാതകളുടെ നവീകരണം, റെയിൽവേ സ്റ്റേഷനുകളുടെ ആധുനികവൽകരണം തുടങ്ങി റെയിൽവേ വികസനത്തിന്റെ സമസ്ത മേഖലകളിലും കേരളത്തെ അവഗണിക്കുന്ന നിലപാട് കേന്ദ്രം തുടരുകയാണ്. രണ്ട് പതിറ്റാണ്ടായിട്ടും

തിരുവനന്തപുരം-മംഗലാപുരം പാതയിരട്ടിപ്പ് ലക്ഷ്യത്തിലെത്തിക്കാൻ കേന്ദ്രത്തിന് കഴിഞ്ഞിട്ടില്ല. ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട കേന്ദ്ര സഹായത്തിനായി ആരോഗ്യ കേന്ദ്രങ്ങളുടെ പേര് മാറ്റണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. 'ആയുഷ്മാൻ ആരോഗ്യ മന്ദിർ' എന്നാക്കി മാറ്റിയില്ലെങ്കിൽ കേന്ദ്ര സഹായം നിഷേധിക്കുമെന്നാണ് കേന്ദ്ര സർക്കാരിന്റെ പുതിയ തീട്ടൂരം. കേരളത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം, താലൂക്കാശുപത്രി, ജില്ലാശുപത്രി എന്നിവയുടെ പേരുകളാണ് മാറ്റാനാവശ്യപ്പെട്ടിരിക്കുന്നത്. ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുകയും ഡോക്ടർമാരെയും നഴ്സുമാരെയും നിയോഗിച്ച് രാവിലെയും വൈകുന്നേരവും ഒ.പി. ഫലപ്രദമായി പ്രവർത്തിക്കുകയുമാണ്. കാരുണ്യ ഇൻഷ്വറൻസിൽനിന്നും 'കാരുണ്യ' എന്ന പേര് മാറ്റണമെന്നാവശ്യപ്പെട്ടിരിക്കുകയാണ്. അതുപോലെ ലൈഫ് പദ്ധതിയുടെ പേരും മാറ്റണമെന്ന് ആവശ്യപ്പെടുന്നു. ക്ഷേമപെൻഷനുകൾ കേന്ദ്ര സർക്കാരാണ് നൽകുന്നതെന്ന വ്യാജ പ്രചാരണം നടന്നുകൊണ്ടിരിക്കുന്നു.

അങ്കണവാടികളുടെ കാര്യത്തിൽ വിവേചനമുണ്ടാകുന്നു. 2021-22-ൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ പത്തര കോടി പ്രവൃത്തിദിനങ്ങളാണ് കേരളത്തിൽ ലേബർ ബജറ്റായി കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിരുന്നതെങ്കിൽ 2022-23-ൽ 9.61 കോടിയും 2023-24-ൽ 6 കോടിയുമായി പ്രവൃത്തിദിനങ്ങൾ വെട്ടിക്കുറച്ചിരിക്കുകയാണ്. മുൻകാലങ്ങളിൽ ഏതാണ്ട് 90,000 കോടി രൂപ തൊഴിലുറപ്പിനായി ചെലവഴിച്ച സ്ഥാനത്ത് നടപ്പുവർഷം 60,000 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. പൊതുമേഖല സ്വകാര്യവൽക്കരണം, തദ്ദേശസ്ഥാപനങ്ങളുടെ ഗ്രാന്റിലെ വെട്ടിക്കുറവ് ഉൾപ്പെടെ എല്ലാ തരത്തിലും ഈ സംസ്ഥാനത്തെ വീർപ്പുമുട്ടിക്കാൻവേണ്ടി കേന്ദ്ര ഗവൺമെന്റ് പല രൂപത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ അതിനെതിരെ ശബ്ദിക്കാനോ കൂട്ടായ സമരം നടത്താനോ പ്രതിപക്ഷം മുന്നോട്ടുവന്നില്ല. എന്നാൽ ഇവിടെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ച് അതിന്മേൽ ചർച്ച നടക്കുമ്പോൾ ഈ പ്രയാസങ്ങൾ കേരളത്തിലുണ്ടാക്കിയത് കേന്ദ്രത്തിന്റെ വികലവും വികൃതവുമായ നയങ്ങളാണെന്ന്

ചൂണ്ടിക്കാണിക്കാതെ ഇരയെ വേട്ടയാടാൻ വേണ്ടിയുള്ള പരിശ്രമം പ്രതിപക്ഷം ഉപേക്ഷിക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത്: സർ, സംസ്ഥാനത്തിന്റെ ധനപ്രതിസന്ധിയെ സംബന്ധിച്ചാണ് യു.ഡി.എഫ്. അംഗം ഉപക്ഷേപം അവതരിപ്പിച്ചത്. എന്നാൽ, ഉപക്ഷേപം അവതരിപ്പിച്ച യു.ഡി.എഫ്. ഇപ്പോൾ കാറ്റുപോയ ബലൂൺ പോലെയാണ്. ഇങ്ങനെയൊരു ചർച്ചയ്ക്കുപോലും താൽപര്യമില്ലെന്ന് പ്രതിപക്ഷ നിരകളിലേക്ക് നോക്കിയാൽ മനസ്സിലാകും. സഭയുടെ സമയം വ്യർഥമാക്കാൻ വേണ്ടിയുള്ള പാഴ്ശ്രമമാണ് അവർ നടത്തിയതെന്ന് നമുക്ക് തോന്നുന്ന നിലയിലാണ് അവരുടെ ഇടപെടൽ. ഞാൻ പറഞ്ഞത് അന്വർഥമാണെന്ന് ഡോ. മാത്യു കുഴൽനാടന്റെ ശരീരഭാഷ കണ്ടാൽ വ്യക്തമാകുന്നതാണ്. കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണക്കാർ കേന്ദ്ര സർക്കാരാണെന്ന് പറയാൻ മടിക്കുന്നത് എന്തിനാണ്? സംസ്ഥാനത്തിന് ലഭിക്കേണ്ട ന്യായമായ വിഹിതം സമയബന്ധിതമായി വാങ്ങിയെടുക്കാൻ നാം ഒരുമിച്ചുനിന്ന് പോരാടേണ്ടതല്ലേ?

ധനപ്രതിസന്ധിയെ സംബന്ധിച്ച് ഈ ഗവൺമെന്റ് സംഘടിപ്പിച്ച കോൺക്ലേവിൽ കോൺഗ്രസ് ഭരിക്കുന്നതുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ പങ്കെടുത്തു. അവരെല്ലാം ഒരേ സ്വരത്തിൽ പറയുന്ന കാര്യങ്ങൾ ഈ സഭയിൽ പറയാൻ പ്രതിപക്ഷത്തിന് മടിയെന്താണെന്ന് ഞങ്ങൾ ആലോചിക്കുകയാണ്. കഴിഞ്ഞ ദിവസം കർണ്ണാടക ഉപമുഖ്യമന്ത്രി ശ്രീ. ഡി. കെ. ശിവകുമാർ പത്രസമ്മേളനം വിളിച്ച് കേന്ദ്ര സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങൾക്കെതിരെ ആഞ്ഞടിച്ചത് നമ്മളെല്ലാം കണ്ടതാണ്. അദ്ദേഹം പറഞ്ഞ കാര്യങ്ങൾപോലും ആവർത്തിക്കാൻ ഇവർ തയ്യാറാകുന്നില്ല. ധൂർത്ത് എന്നുപറഞ്ഞ് ഗവൺമെന്റിനെ ആക്ഷേപിക്കുകയാണ്. എന്താണ് ധൂർത്ത്? ശ്രീ. മാത്യു ടി. തോമസ് സൂചിപ്പിച്ചതുപോലെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് ഏകദേശം 6000 കോടി രൂപ നമ്മുടെ സംസ്ഥാനം നൽകുകയാണ്. ഇന്ത്യയിൽതന്നെ ആദ്യമായാണ് ഒരു സംസ്ഥാനം നാഷണൽ ഹൈവേ വികസനത്തിന് അങ്ങോട്ട് പണം കൊടുക്കേണ്ടി വന്നത്. ഇതിൽ പ്രതിഷേധിക്കേണ്ട ഉത്തരവാദിത്വം കോൺഗ്രസ്സിനില്ലേ? അതുപോലെ

മൂവായിരത്തിലധികം കോടി രൂപയുടെ സ്കൂൾ കെട്ടിടങ്ങളാണ് 140 നിയോജകമണ്ഡലങ്ങളിലുമായി നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത്. ഇതൊക്കെ ധൂർത്താണോ; ആധുനിക സൗകര്യങ്ങളുള്ള ആശുപത്രികൾ കേരളത്തിൽ നിർമ്മിച്ചത് ധൂർത്താണോ? ഇത്തരത്തിൽ നിരവധി വികസന പരിപാടികൾ കേരളത്തിലെ 140 എം.എൽ.എ.മാരുടെയും നിയോജകമണ്ഡലങ്ങളിൽ നടന്നുകൊണ്ടിരിക്കുകയാണെന്ന് വളരെ അഭിമാനപുരസ്സരം പറയാനാഗ്രഹിക്കുകയാണ്. എൽ.ഡി.എഫ്.-ന്റെ മാത്രമല്ല, യു.ഡി.എഫ്. അംഗങ്ങളുടെ മണ്ഡലങ്ങളിലും ഇത്തരം വികസനങ്ങൾ നടക്കുന്നുണ്ടെന്ന് കാണണം. ഡോ. മാത്യു കുഴൽനാടൻ, പി. വി. നരസിംഹ റാവുവിനെക്കുറിച്ച് പറയുന്നതുകേട്ടു. അദ്ദേഹം വലിയ ആളാണെന്നും മഹാനാണെന്നുമൊക്കെയാണ് പറഞ്ഞത്. എന്നാൽ അദ്ദേഹത്തിന്റെ മൃതശരീരം എ.ഐ.സി.സി. ആസ്ഥാനത്ത് വയ്ക്കാൻപോലും തയ്യാറാകാത്ത പാർട്ടിയല്ലേ കോൺഗ്രസ്സ്?

ശ്രീ. എം. വിൻസെന്റ്: സർ, കോടിയേരി ബാലകൃഷ്ണന്റെ ഭൗതികശരീരം എ.കെ.ജി. സെന്ററിൽ വച്ചോ?

ശ്രീ. വി. കെ. പ്രശാന്ത്: സർ, അക്കാര്യം നിങ്ങൾ പ്രസംഗിക്കുമ്പോൾ പറഞ്ഞോളൂ; ഇപ്പോൾ ഞാൻ പറയുന്നതിന് നിങ്ങൾ മറുപടി പറയൂ. സഖാവ് കോടിയേരി ബാലകൃഷ്ണന് അന്തസ്സായിട്ടുള്ള വിടവാങ്ങലാണ് സംസ്ഥാനവും പാർട്ടിയും നൽകിയതെന്ന് അഭിമാനപൂരസ്സരം ഞങ്ങൾക്ക് പറയാൻ കഴിയും. നിങ്ങൾക്ക് അങ്ങനെ പറയാൻ കഴിയുമോ? ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന പി. വി. നരസിംഹ റാവുവിന്റെ മൃതശരീരം എ.ഐ.സി.സി. ആസ്ഥാനത്ത് പൊതുദർശനത്തിന് വയ്ക്കാൻപോലും തയ്യാറാകാത്ത സ്ഥിതിയുണ്ടായില്ലേ? അന്ന് വൈ.എസ്. രാജശേഖര റെഡ്ഡി ഇടപെട്ടാണ് അക്കാര്യം നടന്നതെന്നുകൂടി ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. മുൻ പ്രധാനമന്ത്രി പി. വി. നരസിംഹ റാവുവിന്റെ സാമ്പത്തിക നയങ്ങളെ പ്രതിപക്ഷം ഇപ്പോഴും പിന്തുണയ്ക്കാൻ തയ്യാറാണോ? ആ സാമ്പത്തിക നയങ്ങളാണ് ഇന്ന് ഇന്ത്യാ രാജ്യത്തെയാകമാനം സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിട്ടത്. കേരളത്തിന്റെ കടം കൂടിപ്പോയി എന്നാണ് പറയുന്നത്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും കടമില്ലേ? ഇന്ത്യയിലെ നിയമവ്യവസ്ഥയ്ക്കനുസരിച്ച് ജി.ഡി.പി.യുടെ മൂന്ന്

ശതമാനം വരെ കടമെടുക്കാൻ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും അധികാരമുണ്ട്. പഞ്ചാബ് - 55.3%, രാജസ്ഥാൻ - 39.8%, ബീഹാർ - 38.7%, പശ്ചിമബംഗാൾ - 34.2% എന്നിങ്ങനെയാണ് സംസ്ഥാനങ്ങളുടെ കടത്തിന്റെ കണക്ക്. കേരളത്തിനും ഏതാണ്ട് 37% കടമുണ്ട്. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയാണ് കടമെടുക്കുന്നത്. സ്കൂളുകൾ, ആശുപത്രികൾ, റോഡുകൾ തുടങ്ങിയ പശ്ചാത്തലസൗകര്യങ്ങളുടെ നിർമ്മാണത്തിന് ആ പണം വിനിയോഗിക്കുകയാണ്. അതിന്റെ ഭാഗമായാണ് മുൻകാലങ്ങളിലില്ലാത്ത നിലയിൽ 60,000 കോടി രൂപയുടെ പശ്ചാത്തല സൗകര്യ വികസനം കേരളത്തിലുണ്ടായത്. കേരളത്തിന്റെ ഐ.ടി. വികസനത്തെപ്പറ്റി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്ത്യയിലാദ്യമായി ഐ.റ്റി. പാർക്ക് സ്ഥാപിതമായത് കേരളത്തിലാണ്. അതാണ് കഴക്കൂട്ടത്തെ ടെക്നോപാർക്ക്. അവിടെ ഇപ്പോൾ മൂന്നാം ഫേസും നാലാം ഫേസുമൊക്കെ വന്നുകൊണ്ടിരിക്കുകയാണ്. തൊട്ടപ്പുറത്ത് പള്ളിപ്പുറത്ത് സ്മാർട്ട് സിറ്റിയുടെ പ്രവർത്തനങ്ങൾ നടക്കുകയാണ്. ഇത്തരത്തിലുള്ള നിരവധി പ്രവർത്തനങ്ങൾ കേരളത്തിൽ നടക്കുന്നുണ്ടെന്നത്

യു.ഡി.എഫ്. അംഗങ്ങൾ കാണണമെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും കാരുണ്യ ഫണ്ടിൽനിന്നുള്ള പണം കൊടുക്കാൻ തയ്യാറായ ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. കിഫ്ബി കടമെടുക്കുന്നതിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. കിഫ്ബിയിലൂടെ കേരളത്തിൽ നിരവധി വികസനങ്ങൾ സാധ്യമാക്കിയിരിക്കുകയാണ്. കിഫ്ബിയെ മോഡലാക്കി കേന്ദ്ര ഗവൺമെന്റ് ഒരു ഇൻവെസ്റ്റുമെന്റ് ബോർഡ് ഉണ്ടാക്കി അതിലൂടെ അവർ കടമെടുക്കുകയാണ്. കേന്ദ്ര ഗവൺമെന്റിനുതന്നെ ഏകദേശം 167 ലക്ഷം കോടി രൂപയുടെ കടമുണ്ട്. അക്കാര്യങ്ങൾ മനസ്സിലാക്കാൻ പ്രതിപക്ഷം തയ്യാറാകണമെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കേന്ദ്രാവിഷ്കൃത പദ്ധതികളൊക്കെ 75:25 അനുപാതത്തിലായിരുന്നു നടപ്പിലാക്കിയിരുന്നത്. എന്നാൽ ഇപ്പോൾ അതൊക്കെ 60:40 അനുപാതത്തിലേയ്ക്ക് മാറ്റപ്പെട്ടു. അതിന്റെ ഫലമായി സംസ്ഥാനത്തിനുണ്ടാകുന്ന അധിക

ബാധ്യത എത്രമാത്രമാണെന്നതിനെക്കുറിച്ച് പ്രതിപക്ഷം മനസ്സിലാക്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് സൂചന നൽകാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. ഇപ്പോൾ സംസ്ഥാനങ്ങളുടെ പദ്ധതി ചെലവിനത്തിൽ കേന്ദ്രം നൽകുന്ന ഫണ്ടിന്റെ വിഹിതം ശരാശരി 43 ശതമാനം മാത്രമാണ്. അതിനാൽ സംസ്ഥാനങ്ങൾ ഇപ്പോൾ 57 ശതമാനം വരെ മുടക്കേണ്ട സ്ഥിതിയിലേക്ക് വന്നിരിക്കുകയാണ്. നികുതി പിരിവിൽ ഏതാണ്ട് 73 ശതമാനം വരെ സംസ്ഥാന ഗവൺമെന്റ് മുടക്കുകയാണ്. 27 ശതമാനം മാത്രമാണ് കേന്ദ്രം തരുന്നത് എന്നുകൂടി അദ്ദേഹം പറഞ്ഞതുമായി ബന്ധപ്പെട്ട് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. വിഭവങ്ങളുടെ കൈമാറ്റം സംസ്ഥാനങ്ങളുടെയും അവകാശമാണ്. കേന്ദ്രസർക്കാർ സംസ്ഥാനത്തുനിന്നും പിരിച്ചെടുക്കുന്ന നികുതി വിഭജിച്ച് നൽകുന്നത് സംബന്ധിച്ച ധനകാര്യ കമ്മീഷൻ മാനദണ്ഡങ്ങൾ പരിഷ്കരിക്കണമെന്ന് കേരളം ശക്തമായി ആവശ്യപ്പെടുകയാണ്. ജനസംഖ്യാനുപാതത്തിലാണ് ധനകാര്യ കമ്മീഷൻ

വിഹിതം നിശ്ചയിക്കുന്നത്. കുടുംബാസൂത്രണ പദ്ധതി മികച്ച രീതിയിൽ നടപ്പാക്കി വിജയിച്ചൊരു സംസ്ഥാനമാണ് കേരളം. എന്നാൽ ജനസംഖ്യ കുറഞ്ഞതിന്റെ ഭാഗമായി നമുക്ക് അർഹമായ ഫണ്ട് വെട്ടിക്കുറച്ചിരിക്കുകയാണ്. കേന്ദ്രത്തിന്റെ ഒരു നയം നടപ്പാക്കിയതിന് കേരളത്തെ ശിക്ഷിക്കുന്ന രീതിയാണ് ഇപ്പോൾ വന്നിരിക്കുന്നത്. അക്കാര്യത്തോട് യു.ഡി.എഫ്. അനുകൂലിക്കുന്നുണ്ടോ? ബഹുമാനപ്പെട്ട പ്രധാനമന്ത്രി നരേന്ദ്ര മോദി നേരത്തെ ഗുജറാത്തിന്റെ മുഖ്യമന്ത്രിയായിരുന്ന സമയത്ത് കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങൾക്ക് നൽകുന്ന വിഹിതം കൂട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള ആളാണ്. എന്നാൽ, അദ്ദേഹം ഇപ്പോൾ പ്രധാനമന്ത്രിയായപ്പോൾ സംസ്ഥാനങ്ങൾക്കുള്ള വിഹിതം വെട്ടിക്കുറയ്ക്കണമെന്ന് നീതി ആയോഗിന് നിർദ്ദേശം നൽകുകയാണ്. നീതി ആയോഗ് സി.ഇ.ഒ., ശ്രീ. ബി. വി. ആർ. സുബ്രഹ്മണ്യം പത്രസമ്മേളനത്തിൽ പറഞ്ഞത് നമ്മളെല്ലാവരും കണ്ടതാണ്. അങ്ങനെ സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം വെട്ടിക്കുറയ്ക്കാൻ കേന്ദ്രം ഭരിക്കുന്ന ഗവൺമെന്റ് ബോധപൂർവം ഇടപെടുന്നതിന്റെ ഒരു പ്രത്യക്ഷ ഉദാഹരണമാണ് നീതി

ആയോഗ് സി.ഇ.ഒ. യുടെ വെളിപ്പെടുത്തലെന്നുകൂടി കാണേണ്ടതുണ്ട്. കേന്ദ്ര ഗവൺമെന്റ് സെസ്സ്, സർചാർജ് ഉൾപ്പെടെയുള്ള തുകകൾ ഡിവിസിബിൾ പൂളിലേക്ക് മാറ്റാത്തതിനാൽ സംസ്ഥാനങ്ങളുടെ വിഹിതത്തിൽ കുറവുവന്നിരിക്കുകയാണ്. ബജറ്റ് കണക്കുകൾപ്രകാരം സെസ്സ്, സർചാർജ് ഇനത്തിൽ ഏതാണ്ട് 1,80,000 കോടി രൂപ വരും. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഡിവിസിബിൾ പൂളിൽനിന്നുള്ള കേരളത്തിന്റെ വിഹിതം 1.92 ശതമാനമാക്കി വെട്ടിക്കുറച്ചു. അതിന്റെ അടിസ്ഥാനത്തിലാണെങ്കിൽപോലും സെസ്സിൽനിന്നും സർചാർജിൽനിന്നും കേരളത്തിന് ലഭിക്കേണ്ട നികുതി വിഹിതം ഏതാണ്ട് 3500 കോടി രൂപയാണ്. അത് ഇല്ലാതാക്കിയില്ലേ? ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ഇടപെടൽ അടക്കമുള്ള കാര്യങ്ങൾ വന്നപ്പോഴാണ് ഇത്രയും തുക കേരളത്തിനും അതുപോലെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്കും നഷ്ടമായത്. ഞാൻ നേരത്തെ ജനസംഖ്യയുടെ കാര്യം പറഞ്ഞു, 1971-ൽ ദേശീയ ജനസംഖ്യയുടെ 3.9 ശതമാനമായിരുന്ന കേരളത്തിലെ ജനസംഖ്യ. എന്നാൽ 2011 ആയപ്പോൾ അത് 2.8 ശതമാനമായി കുറഞ്ഞു. ഇതിന്റെയൊക്കെ ഭാഗമായാണ് സംസ്ഥാനത്തിന്റെ

നികുതി വിഹിതം കുറഞ്ഞതെന്ന വസ്തുത മനസ്സിലാക്കിക്കൊണ്ട് ഇത് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ ഒറ്റക്കെട്ടായി ഇടപെടണമെന്നാണ് ഈ അവസരത്തിൽ അഭ്യർഥിക്കാനുള്ളത്. കേരളം മറ്റുപല പ്രശ്നങ്ങളും നേരിടുകയാണ്. നമ്മുടെ ആയുർദൈർഘ്യം 75 വയസ്സിന് മുകളിലാണ്; പ്രായമായവരുടെ എണ്ണം കേരളത്തിൽ കൂടുതലാണ്. അതുപോലെ വനം-വന്യജീവി സംഘർഷവും കൂടിവരികയാണ്. ഉന്നതവിദ്യാഭ്യാസം നേടിയ കുട്ടികളും പ്രശ്നങ്ങൾ നേരിടുകയാണ്. അതുകൊണ്ട് വനമേഖലയുടെ പരിപാലനം ഉൾപ്പെടെയുള്ള ഇത്തരം പ്രശ്നങ്ങൾ അഭിസംബോധന ചെയ്യാനാവശ്യമായ മാനദണ്ഡങ്ങൾ കേന്ദ്ര ഗവൺമെന്റ് ഉൾപ്പെടുത്തണമെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ഇരട്ട എഞ്ചിൻ എന്ന രീതിയിലാണ് കേന്ദ്ര ഗവൺമെന്റ് പല കാര്യങ്ങളും ചെയ്യുന്നത്. എന്നുവച്ചാൽ ഇരട്ട എഞ്ചിനല്ലാത്ത ബി.ജെ.പി. ഇതര സംസ്ഥാനങ്ങൾക്ക് പണം തരില്ലെന്ന നിലപാടാണ് കേന്ദ്രം സ്വീകരിക്കുന്നത്.

<u>ചെയർപേഴ്സൺ</u>: പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ ദീർഘമായ കാര്യങ്ങളിലേക്ക് പോകുന്നില്ല. കൃത്യമായി നികുതി പിരിച്ചും തനത് വരുമാനം വർധിപ്പിച്ചുമാണ് കേരളം മുന്നോട്ടുപോകുന്നത്. അതിന് മുൻകൈയെടുക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ധനകാര്യ വകുപ്പുമന്ത്രിയെയും അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾക്ക് കാശില്ലാത്തതുകൊണ്ട് പ്രവർത്തനരഹിതമായ വകുപ്പുകളും പ്രവർത്തനരഹിതരായ മന്ത്രിമാരും അസംതൃപ്തരായ എം.എൽ.എ.-മാരും കൂടിയിരുന്ന് ഒന്നുമില്ലെന്ന് അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞ് സമാധാനിച്ചിട്ട് എന്തെങ്കിലും കാര്യമുണ്ടോ; കാശില്ല എന്നതാണ് വസ്തുത. പ്രതിപക്ഷം കേന്ദ്രത്തിനെ ശക്തമായി കുറ്റം പറയുന്നില്ലെന്നൊരു പോയിന്റ് മാത്രമാണ് ഭരണപക്ഷം പറഞ്ഞുകൊണ്ടിരിക്കുന്നത്. കേന്ദ്രത്തിനെ എതിർക്കുന്നതിൽ ഞങ്ങൾ പൂർണ്ണമായും സഹകരിച്ചാലും കേന്ദ്രത്തിൽനിന്ന് സഹായം വാങ്ങിയെടുക്കാൻ ഈ ഗവൺമെന്റിന് ത്രാണിയില്ലെന്നതിന് ഏറ്റവും വലിയ തെളിവാണ് വയനാട് ദുരന്തം. അന്ന് കേന്ദ്രസഹായം

കിട്ടുമെന്ന് വിചാരിച്ചതാണ്. പക്ഷേ കിട്ടിയില്ല. എന്നിട്ടും നിങ്ങളെന്തുകൊണ്ടാണ് ഇങ്ങനെ നിഷ്ക്രിയരായിട്ടിരിക്കുന്നത്?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കേന്ദ്രസർക്കാർ വയനാട് ദുരന്തത്തിന് സഹായം നൽകാത്തതും കേരളത്തിന്റെ കുറ്റമാണെന്നാണോ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറയുന്നത്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അതെ. കേരളത്തിന്റെ കുറ്റമാണെന്നാണ് എന്റെ പോയിന്റ്. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സമയത്ത് ഇവിടെനിന്നും മന്ത്രിമാരുൾപ്പെടെ കേന്ദ്രത്തിൽപോയി നാലോ അഞ്ചോ ദിവസം അവിടെ താമസിച്ച് ഫോളോ അപ്പ് ചെയ്ത്, വാങ്ങേണ്ടത് വാങ്ങിയെടുത്ത ചരിത്രം ഞങ്ങൾക്കുള്ളതുകൊണ്ടാണ് അങ്ങനെ പറയുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, അന്ന് കേന്ദ്രം ഭരിച്ചിരുന്നത് ആരായിരുന്നു?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ആ ചോദ്യം വരുമെന്ന് എനിക്കറിയാവുന്നതുകൊണ്ട് ഉത്തരവും ഞാൻ കണ്ടുവച്ചിട്ടുണ്ട്.

ഉമ്മൻ ചാണ്ടിയുടെ കാര്യം വിട്ടുകളയാം. ശ്രീ. എ. കെ. ആന്റണി മന്ത്രിസഭയിൽ ഞാനുമുണ്ടായിരുന്നു. ആ സമയത്ത് പ്രധാനമന്ത്രിയായിരുന്ന അടൽ ബിഹാരി വാജ്പേയിയോടൊപ്പം എൽ. കെ. അദ്വാനിയും കൂടിയായിരുന്നു കേന്ദ്രം ഭരിച്ചിരുന്നത്. അന്ന് ഇതേരീതിയിലുള്ള അവഗണന കേരളത്തോട് കാണിക്കാൻ കേന്ദ്രത്തിന് ധൈര്യം വന്നിട്ടില്ല. ഇന്ന് കാണിക്കുന്നത് പച്ചയായ അവഗണനയാണ്. പ്രതിപക്ഷം സഹകരണം നൽകിയതുകൊണ്ടുമാത്രം യാതൊരു കാര്യവുമില്ല. കാരണം, നിങ്ങൾക്ക് കേന്ദ്രസഹായം നേടിയെടുക്കാനുള്ള ത്രാണിയില്ലെന്നതാണ് വസ്തുത. നിങ്ങൾ നിഷ്ക്രിയരായിരിക്കുകയാണ്; ഇത് സംസ്ഥാനത്തെ എവിടെയെത്തിക്കും? സഹായം നൽകുന്നതിൽ കേന്ദ്രം കേരളത്തെ അവഗണിക്കുകയാണെന്നതിൽ സംശയമില്ല. നിങ്ങളെടുക്കുന്ന നിലപാട് ന്യായമാണെങ്കിൽ പ്രളയം മാത്രമല്ല, ഏത് കാര്യത്തിലും സഹായം നേടിയെടുക്കാൻ ഞങ്ങൾ പിന്തുണ തരാം. പക്ഷേ ഇതിൽ നിങ്ങളുടെ inefficiency ഇല്ലേയെന്ന് ആലോചിച്ചുനോക്കണം. കേന്ദ്ര സഹായം ഉറപ്പായും കിട്ടുന്ന ധാരാളം പദ്ധതികളുണ്ട്. കേന്ദ്ര കുടിവെള്ള പദ്ധതിയായ ജൽജീവൻ മിഷന് ധാരാളം ഫണ്ട് അനുവദിച്ചിട്ടുണ്ട്. കാശിന്

ബുദ്ധിമുട്ട് വരില്ലെന്നുപറഞ്ഞ് വലിയ പ്രതീക്ഷയിൽ എം.എൽ.എ.-മാരും പഞ്ചായത്ത് പ്രസിഡന്റുമാരും യോഗം വിളിക്കലുമൊക്കെയുണ്ടായി. എന്നാൽ ഇപ്പോൾ പ്രസ്തുത പദ്ധതി പൂർണ്ണമായി നിശ്ചലമായിരിക്കുകയാണ്. അതിന് കാരണമെന്താണ്? കേന്ദ്രത്തിന്റെ ഫണ്ടുണ്ട്, പക്ഷേ സംസ്ഥാനം മാച്ചിംഗ് ഗ്രാന്റ് കൊടുക്കാത്തതുകൊണ്ടാണ് പദ്ധതി നിശ്ചലമായിരിക്കുന്നത്. എന്തൊരു കഷ്ടമാണിത്? റോഡ്, ആരോഗ്യം തുടങ്ങിയവയുമായി ബന്ധപ്പെട്ട പദ്ധതികളൊക്കെ സംസ്ഥാനം മാച്ചിംഗ് ഗ്രാന്റ് കൊടുക്കാത്തതുകൊണ്ടാണ് തടസ്സപ്പെടുന്നത്. അങ്ങനെ നോക്കിയാൽ നടപ്പാക്കാൻ കഴിയുന്ന പദ്ധതിയേതാണുള്ളത്? ബജറ്റിൽ 20 ശതമാനം തുക അനുവദിച്ച റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി എ.എസ്.-നായി നൽകിയാൽ ധനകാര്യ വകുപ്പിന്റെ കീഴിലുള്ള സി.റ്റി.ഇ. (ചീഫ് ടെക്നിക്കൽ എക്സാമിനർ)-യുടെ ഓഫീസിലേക്ക് അയയ്ക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. അവിടേക്ക് അയച്ച ഒരു ഫയലും തിരിച്ചുവരില്ല. തിരിച്ച് വരരുതെന്നുള്ളതാണ് നിങ്ങളുടെ ഉദ്ദേശ്യം. ഈ സാഹചര്യത്തിൽ റോഡ് പ്രവൃത്തി നടക്കുന്നതെങ്ങനെയാണ്?

ഒരു നിശ്ചിത സംഖ്യയുടെ മുകളിലുള്ള പ്രവൃത്തികൾക്കൊന്നും പല തട്ടിലായി സ്ക്രീൻ ചെയ്യാതെ എ.എസ്. കൊടുക്കരുതെന്നാണ് പറയുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഈ ഗവൺമെന്റ് നവകേരള സദസ്സ് നടത്തി. നിങ്ങളെല്ലാവരും ഒരുമിച്ച് നാട്ടുകാരിൽനിന്നും പെറ്റീഷനുകൾ വാങ്ങി സ്ക്രീൻ ചെയ്ത് പ്രയോറിറ്റി നിശ്ചയിച്ച് എം.എൽ.എ.-മാരുടെ യോഗം വിളിച്ച്, ഒന്നോരണ്ടോ പെറ്റീഷനുകൾ പരിഗണിച്ചു. അതും ഇതേരീതിയിൽ അയയ്ക്കുകയാണ് ചെയ്തത്. നാട്ടിലെ റോഡുകളുടെയും കുടിവെള്ള പദ്ധതിയുടെയും സ്ഥിതിയെന്താണ്? ഇതിന് ബഹു. ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയേണ്ടതാണ്. പദ്ധതി പ്രവർത്തനങ്ങൾപോലും 50 ശതമാനം വെട്ടിക്കുറച്ചെന്നാണ് പറയുന്നത്. യഥാർഥത്തിൽ പ്ലാൻ കട്ട് പാടില്ലാത്തതാണ്. 5 ലക്ഷം രൂപയിൽ കൂടുതലുള്ള ബില്ലുകൾക്ക് ട്രഷറിയിൽനിന്ന് പണം കിട്ടില്ലെന്നുമാത്രമല്ല എല്ലാ ബില്ലുകളും ക്യൂവിലാണ്. എന്നാൽ ക്യൂവിലുള്ള ബില്ലുകൾക്ക് ഊഴം വരുമ്പോൾ പണം കിട്ടണമെന്നുമില്ല. ഒരു മാസം കഴിഞ്ഞാൽ ക്യൂ അവസാനിക്കുകയും വീണ്ടും

രണ്ടാമത് നൽകുകയും ചെയ്യണം. ഇതുപോലെ ഒരു കാര്യവും നടക്കാത്ത അവസ്ഥയിൽ നമ്മൾ വരുമാനം വർധിപ്പിക്കാനുള്ള വഴി കണ്ടുപിടിക്കണം. അതുസംബന്ധിച്ച് ഈ ഗവൺമെന്റ് ആലോചിച്ചതായി എന്റെ ശ്രദ്ധയിലില്ല. എന്നാൽ സാധാരണപോലെ ചെലവുകൾ കൂടി വരികയുമാണ്. മിഷൻ മോഡ് സംബന്ധിച്ച് പറയുകയാണെങ്കിൽ ഞങ്ങളുടെ സമയത്ത് ഒന്നോരണ്ടോ മിഷനുകളേയുണ്ടായിരുന്നുള്ളൂ. അതിന് ഒരു ഉദാഹരണമാണ് ഐ.ടി. മിഷൻ; പുതിയതായി വന്ന ടെക്നോളജിയായതിനാൽ അവിടെ ധാരാളം തൊഴിലവസരങ്ങളും ഇൻവെസ്റ്റ്മെന്റും ലഭിക്കുമായിരുന്നു. അതൊരു മിഷൻ മോഡ് ആക്റ്റിവിറ്റിയാണ്. ഒരു ലക്ഷ്യം നിശ്ചിത സമയത്തിനുള്ളിൽ നടപ്പാക്കുന്ന പരിപാടിയാണ് മിഷൻ മോഡ്. ഇപ്പോൾ തൊട്ടതിനൊക്കെ മിഷൻ മോഡാണ്. നവകേരള മിഷൻ, ഹരിത മിഷൻ, ലൈഫ് മിഷൻ, ആർദ്രം മിഷൻ, വിദ്യാകിരണം തുടങ്ങിയവ. മിഷൻ മോഡിന് നൽകാൻ പണമുണ്ടോ? പണമില്ലാതെ മിഷൻ മോഡുകൾ ആരംഭിച്ചിട്ടെന്തെങ്കിലും ഫലമുണ്ടോ? അതുപോലെ ഈ ഗവൺമെന്റ് പൊതുമേഖല സ്ഥാപനങ്ങളിലെ നിയമനത്തിനായി റിക്രൂട്ട്മെന്റ് ബോർഡുകൾ രൂപീകരിച്ചു.

പൊതുമേഖലയിൽ തൊഴിലാളികൾ കുറഞ്ഞുവരികയാണ്. കെ.എസ്.ആർ.ടി.സി.-യിൽ തൊഴിലവസരം കുറഞ്ഞത് കഴിഞ്ഞ ദിവസം നമ്മൾ ചർച്ച ചെയ്തു. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും തൊഴിലാളികൾ പിരിഞ്ഞുപോകുകയാണ്. വോളന്ററി റിട്ടയർമെന്റിന് അവസരം കിട്ടിയാൽ തൊഴിലാളികൾ പോകുന്ന സ്ഥിതിയാണുള്ളത്. ഈ സാഹചര്യത്തിൽ ഇങ്ങനെയൊരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കേണ്ട ആവശ്യമുണ്ടോ? നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊടുക്കുന്നതും അല്ലെങ്കിൽ അതത് പൊതുമേഖലാ സ്ഥാപനങ്ങൾതന്നെ റിക്രൂട്ട് ചെയ്യുന്നതും മനസ്സിലാക്കാം. പക്ഷേ അതിനുപകരം പ്രത്യേകമായൊരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കേണ്ടതുണ്ടോ? അതുപോലെയാണ് കെ-ഫോൺ പദ്ധതി. നിലവിൽ ടെലിഫോൺ കമ്പനികൾ കുറഞ്ഞ നിരക്കിൽ കണക്ഷൻ കൊടുക്കാൻ മത്സരിക്കുകയാണ്. ടെലിഫോൺ കണക്ടിവിറ്റിക്കും മൊബൈലിനുമൊക്കെ വില കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് സർക്കാർ 1500 കോടി രൂപയോളം ചെലവാക്കി കണക്ഷൻ നൽകുന്നത്. ഇത്രയും പണം ചെലവഴിക്കേണ്ട കാര്യമുണ്ടോ? ഇത്തരത്തിൽ bad

management-ന്റെ നൂറ് ഉദാഹരണങ്ങൾ പറയാനുണ്ട്. ഇപ്പോൾ ധാരാളം ഈവന്റുകൾ നടത്തുകയാണ്. എന്നാൽ അതിൽ തീരുമാനിക്കുന്ന ഏതെങ്കിലും പദ്ധതി നടപ്പാക്കുന്നതിനുള്ള തുക കൈവശമുണ്ടോയെന്ന് നോക്കാതെ ഈവന്റ് നടത്തിയിട്ട് കാര്യമുണ്ടോ? മിസ്മാനേജ്മെന്റ് കൊണ്ട് ഇവിടെ ഇപ്പോൾ സംഭവിച്ചിരിക്കുന്നത് എന്താണ്? ശമ്പളം മുടങ്ങാത്ത സംസ്ഥാനമാണ് കേരളമെന്ന് നേരത്തെ ഭരണപക്ഷത്തുനിന്നും ആരോ പറയുന്നത് കേട്ടു. പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും ശമ്പളം മുടങ്ങുമ്പോൾ ധനവിനിയോഗം സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലെങ്കിൽ ഒരു കാലത്ത് കേരളത്തിലും ഈ അവസ്ഥ വരാനുള്ള സാധ്യതയുണ്ടെന്ന് മുമ്പ് പറഞ്ഞിരുന്നു. കേരളത്തിൽ ഇതുവരെ ശമ്പളം മുടങ്ങാത്തതുതന്നെ വലിയ ഭാഗ്യമാണ്. എന്നാലിപ്പോൾ പെൻഷനും ശമ്പളവും മുടങ്ങാൻ സാധ്യതയുള്ള സ്ഥിതിയിലെത്തി. സർക്കാർ വാഹനങ്ങൾക്ക് പെട്രോൾ കൊടുക്കുന്നതിൽ ചില പെട്രോൾ പമ്പുകാർ മടികാണിക്കുന്നുണ്ട്. ഗവൺമെന്റിന്റെ ചികിത്സാ സഹായ പദ്ധതി സ്വീകരിക്കില്ലെന്ന് ചില ആശുപത്രികൾ ബോർഡ് വയ്ക്കുന്ന സ്ഥിതിയാണ്. ഇത്തരമൊരു ഘട്ടത്തിൽ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന

ശ്രീ. ബോറിസ് ജോൺസൺ, പെട്രോളടിക്കാനും മറ്റും പണത്തിന് ബുദ്ധിമുട്ടിയപ്പോൾ രാജിവച്ച് പ്രതീകാത്മകമായി സൈക്കിളിൽ പോയതുപോലെ, സൈക്കിളിൽ വീട്ടിൽ പോകുന്ന അവസ്ഥയുണ്ടാക്കരുത്. ആര് ഭരിച്ചാലും രക്ഷയില്ലാത്ത സ്ഥിതി കേരളത്തിന് വരരുതെന്നാണ് പറയാനുള്ളത്.

സംസ്ഥാനത്തിന് സാമ്പത്തികമായി വലിയ പരാധീനതയാണ്. ഇതിലേറെ ഒരു ദുരവസ്ഥ നമുക്ക് വന്നുചേരാനില്ല. ഒരു വികസന പ്രവർത്തനവും നടക്കുന്നില്ല. ക്ഷേമനിധി ആനുകൂല്യമായി വലിയ തുക നൽകുന്ന സംസ്ഥാനമായിരുന്ന കേരളം. ഇപ്പോൾ പ്രസ്തുത പദ്ധതികളും നിശ്ചലമായിരിക്കുകയാണ്. ജി.എസ്.ടി. പരിഷ്കാരമൊന്നും ഇനി നടക്കണമെന്നില്ല. കേരളത്തിൽ വരുമാനം കൂട്ടാനും ദുർവ്യയം ഒഴിവാക്കി വികസനപ്രവർത്തനങ്ങൾ നടത്താനും സർക്കാർ മാർഗം കണ്ടില്ലെങ്കിൽ ജനങ്ങൾ കുത്തുപാളയെടുക്കും, പട്ടിണിയിലേക്ക് പോകും. വിദേശത്തുനിന്നും ആളുകൾ തിരിച്ചുവരുന്ന സാഹചര്യത്തിൽ കേരളത്തിൽ വല്ലാത്തൊരു

അവസ്ഥ വരുമെന്ന് ഞങ്ങൾ മുന്നറിയിപ്പ് നൽകുകയാണ്. അത് ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുന്നതിനാണ് ഈ ഉപക്ഷേപം കൊണ്ടുവന്നത്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം യു.ഡി.എഫ്. ഈ സഭയിൽ കൊണ്ടുവന്നത് ആർക്കുവേണ്ടിയാണെന്ന് വ്യക്തമാക്കിയില്ല. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ രണ്ടാമതും കേരളത്തിൽ അധികാരത്തിൽ വന്നപ്പോൾ സാമ്പത്തികമായി കേരളത്തെ ഞെരുക്കിക്കൊല്ലുകയെന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. സാമ്പത്തികമായി ഞെരുക്കുന്നതിനൊപ്പം നിൽക്കുകയാണോ നിങ്ങൾ; കോൺഗ്രസ്സും യു.ഡി.എഫ്.-ഉം ബി.ജെ.പി.-ക്കൊപ്പം നിൽക്കുകയാണോ? ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ്, ഞങ്ങൾക്ക് 'ത്രാണിയില്ല' എന്ന് രണ്ടുപ്രാവശ്യം ആവർത്തിച്ചു. അങ്ങ് പാർലമെന്റിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട ഒരു വ്യക്തിയായിരുന്നല്ലോ? വാജ്പേയിയുടെ കൂട്ടുമുന്നണി സർക്കാർ മാറി ബി.ജെ.പി. ഒറ്റയ്ക്ക് അധികാരത്തിൽ വന്നപ്പോൾ തന്റേടത്തോടും ത്രാണിയോടുംകൂടി അവിടെ സംസാരിക്കാനോ ബി.ജെ.പി.-യെ എതിർക്കാനോ

കഴിയാത്തതുകൊണ്ടാണോ അങ്ങ് വീണ്ടും കേരളത്തിലേയ്ക്ക് വന്നത്? സംസ്ഥാനത്തെ ധനകാര്യ മാനേജ്മെന്റ് പൂർണ്ണപരാജയമെന്നാണ് ഇവിടെ പറഞ്ഞത്. 2015-ലെ സി.&എ.ജി. റിപ്പോർട്ടിൽ അന്നത്തെ ഗവൺമെന്റിന്റെ കാലത്ത് 1771 കോടി രൂപയുടെ നികുതി നഷ്ടമുണ്ടായതായി പറയുന്നുണ്ട്. 'സാമ്പത്തിക സ്ഥിതി ഗുരുതരാവസ്ഥയിൽ', 'കടക്കെണിയിൽ കേരളം', 'നികുതി വരുമാനം കുത്തനെയിടിയുന്നു' എന്നിങ്ങനെ അന്ന് പത്രമാധ്യമത്തിൽ വാർത്ത വന്നിരുന്നു. അന്ന് യു.ഡി.എഫ്. ഗവൺമെന്റ് അല്ലേ കേരളം ഭരിച്ചിരുന്നത്? കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ കണക്കുകൾ മാത്രം പരിശോധിച്ചാൽ കേരളത്തിന് അവകാശപ്പെട്ട നികുതി വിഹിതത്തിലും ധനകാര്യ കമ്മീഷന്റെ ഗ്രാന്റ്-ഇൻ-എയ്ഡിലും മറ്റിതരമേഖലകളിലുമായി 57,400 കോടി രൂപയുടെ കുറവുണ്ടായതായി മനസ്സിലാകും. എന്നാൽ സംസ്ഥാനത്തെ ജനങ്ങൾക്ക് നാളിതുവരെ നൽകിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും ആനുകൂല്യത്തിൽ ഈ സർക്കാർ വെട്ടിക്കുറവ് വരുത്തിയോയെന്ന് പരിശോധിക്കണം. വികസനത്തിന്റെ കാര്യം പരിശോധിക്കാം. സംസ്ഥാനത്ത് യു.ഡി.എഫ്.-ഉം കേന്ദ്രത്തിൽ കോൺഗ്രസ്സും ഒരുമിച്ചുനിന്നാൽ മാത്രമേ കേരളത്തിൽ വികസനക്കുതിപ്പുണ്ടാക്കാൻ

സാധിക്കുകയുള്ളൂ. എന്റെ നാട്ടിലെ കഞ്ചിക്കോട് കോച്ച് ഫാക്ടറിക്ക് തറക്കല്ലിട്ടത് പാലക്കാട് ടൗണിലാണ്. ഭൂമി ഏറ്റെടുത്തുകൊടുത്തിട്ട് ആ വ്യവസായം കൊണ്ടുവരാൻ മുൻ യു.ഡി.എഫ്. സർക്കാരിന് സാധിച്ചില്ല. എന്നാൽ കഴിഞ്ഞ എട്ടുവർഷത്തിനിടയിൽ ഈ സർക്കാർ നടത്തിയ വികസനപ്രവർത്തനങ്ങൾ പരിശോധിക്കൂ. കാർഷിക മേഖല തകർന്നുവെന്ന് ഡോ. മാത്യു കുഴൽനാടൻ പറഞ്ഞു. ഇന്ന് ഇന്ത്യയിൽ കാർഷിക പ്രതിസന്ധികളെ മറികടന്നുകൊണ്ട് കേരളം മുന്നോട്ടുപോകുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. വ്യാവസായിക മേഖലയിൽ വലിയ കുതിപ്പാണുണ്ടാകുന്നത്. ഇന്ന് ഏഷ്യയിൽത്തന്നെ ഏറ്റവും കൂടുതൽ വ്യവസായ മേഖലയുള്ള സംസ്ഥാനമായി കേരളം മാറി. സ്റ്റാർട്ടപ്പുകളുടെ കാര്യത്തിൽ, ലോകനിലവാരത്തിൽ നാലാം സ്ഥാനത്താണ് കേരളം. എവിടെയാണ് തകർച്ച ഉണ്ടായത്? വിദ്യാർഥികൾ പഠനത്തിനായി വിദേശത്തേക്ക് പോകുന്നതിനെക്കുറിച്ച് പറഞ്ഞു. എല്ലാ വരുമാനവും നഷ്ടമാകാതിരിക്കാൻ കേരളത്തിൽ പ്രതിപക്ഷം കൊണ്ടുവന്ന സ്വാശ്രയ കോളേജുകളിലെ വിദ്യാഭ്യാസ നിലവാരം എന്താണ്; ഓരോ റിസൽട്ട് എടുക്കുമ്പോഴും നിങ്ങൾ നോക്കണം. കൂടുതൽ വിജ്ഞാനാധിഷ്ഠിതമായ

സാമ്പത്തികക്രമത്തെ പടുത്തുയർത്താനാണ് കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ മാറ്റം കൊണ്ടുവരാൻ ഈ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ആരോഗ്യ രംഗം പരിശോധിച്ചാൽ, കോവിഡ് കാലഘട്ടത്തിലും അതിനുശേഷവും ആരോഗ്യ രംഗത്തുള്ള പ്രവർത്തനങ്ങളിൽ ഏറ്റവും മികവാർന്ന പ്രവർത്തനം കാഴ്ചവച്ച സംസ്ഥാനം കേരളമാണ്. ഇന്ത്യയിൽ ഇന്ന് ആരോഗ്യ രംഗത്ത് ഏറ്റവും കൂടുതൽ അവാർഡുകൾ വാങ്ങിക്കൂട്ടുന്നതും കേരളമാണ്. കേന്ദ്രം സംസ്ഥാനത്തോട് കാണിക്കുന്ന സാമ്പത്തിക വിവേചനത്തിനെതിരെ ഒരുമിച്ച് പോരാടാൻ നിങ്ങൾ തയ്യാറാണോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഫെബ്രുവരി 8-ന് ബി.ജെ.പി. ഭരണാധികാരികൾക്കുമുന്നിൽ കേരളത്തിലെ ജനപ്രതിനിധികൾ പ്രതിഷേധിക്കാൻ പോയി, മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികളും പങ്കെടുത്തു. നിങ്ങൾക്കൊന്ന് തിരിഞ്ഞുനോക്കാമായിരുന്നില്ലേ; കേരളത്തിനുവേണ്ടിയാണ് ഞങ്ങൾ വാദിക്കാൻ പോയത്. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക വിരുദ്ധ നയങ്ങൾക്കെതിരെ കോടതിയിൽ നേർക്കുനേർ ആരാണ് പോരാടുന്നത്? സുപ്രീംകോടതിയിലൊക്കെ വാദിക്കാൻ പോകുന്ന ആളാണ് ഡോ. മാത്യു കുഴൽനാടൻ; ആ കോടതിയിൽ കേരളത്തിനുവേണ്ടി ഒരു സഹായമെങ്കിലും

കൊടുക്കാൻ പോയോ? ബി.ജെ.പി.-ക്കൊപ്പമല്ലേ നിങ്ങൾ നിൽക്കുന്നത്? 2018-19 കാലത്തുണ്ടായ പ്രളയത്തിൽ 20,000 കോടി രൂപ ആവശ്യപ്പെട്ടപ്പോൾ 2,000 കോടി രൂപയാണ് അനുവദിച്ചത്. വയനാട് ദുരന്തമുണ്ടായപ്പോൾ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുൾപ്പെടെയുള്ളവർ അവിടം സന്ദർശിച്ചു. ഇതുസംബന്ധിച്ച് കഴിഞ്ഞ ദിവസം സഭയിൽ റൂൾ 50 പ്രകാരം ചർച്ച നടത്തിയപ്പോൾ ഒരുമിച്ചുനിന്നതിൽ സന്തോഷമുണ്ട്. പക്ഷേ ഒരു നയാപൈസ കേന്ദ്രം നൽകിയില്ല. ചർച്ച ചെയ്യുന്നതിനിടയിൽ നിങ്ങളിലാരും അതുസംബന്ധിച്ച് സൂചിപ്പിച്ചില്ല. സാമ്പത്തികമായി കേരളത്തിലെ ഗവൺമെന്റിനെ തകർക്കുകയാണ് അവർ ചെയ്യുന്നത്. നികുതി പിരിവിൽ ആരുടെ കാലത്താണ് കുറവുണ്ടായത്? 2011-ൽ 23.24 ശതമാനമുണ്ടായിരുന്ന നികുതി വരുമാനം 2015-16-ൽ 10.8 ശതമാനമായി കുറഞ്ഞു. അന്ന് യു.ഡി.എഫ്. ആണ് സംസ്ഥാനം ഭരിച്ചിരുന്നത്. നികുതി വളർച്ചാ നിരക്ക് 5.6% കുറഞ്ഞു. 2018-19, 2019-20 കാലഘട്ടത്തിൽ കോവിഡും പ്രളയവും ഉണ്ടായിട്ടും 2022-23-ൽ 23.6 ശതമാനമായി നികുതി വരുമാനം വർധിച്ചു. തനതു വരുമാനത്തിൽ 71 ശതമാനമാണ് വളർച്ചയുണ്ടായത്. കേരളത്തിന്റെ സാമ്പത്തികനില 47,666 കോടി രൂപയിൽനിന്നും 71,600 കോടി രൂപയായി

വർധിച്ചു. 1991-ലെ ഉദാരവത്കരണനയത്തെ ഇപ്പോഴും നിങ്ങൾ അംഗീകരിക്കുകയാണ്. ടാറ്റയുടെ വളർച്ചയെപ്പറ്റിയാണ് നിങ്ങൾ പറയുന്നത്. അത് ശരിയാണ്. ഇന്ത്യയിലെ കോർപ്പറേറ്റുകൾ വളർന്നു. എന്നാൽ സാധാരണക്കാർക്ക് വളർച്ചയുണ്ടായില്ല. അന്ന് നിങ്ങൾ തുടങ്ങിവച്ച സാമ്പത്തിക നയത്തിന്റെ ഫലമായിട്ടാണ് വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിലും ദാരിദ്ര്യ നിർമ്മാർജ്ജനത്തിലും ഇന്ത്യാ രാജ്യം ലോകത്തിന്റെ നെറുകയിൽ നാണംകെടുന്ന അവസ്ഥയിലേയ്ക്ക് എത്തിയത്. അതുകൊണ്ട് സാമ്പത്തിക നയത്തിന്റെ കാര്യത്തിൽ കോൺഗ്രസ്സും ബി.ജെ.പി.-യും ഒരമ്മ പെറ്റ മക്കളെപ്പോലെയാണ്.

അഴിമതിയുടെ കാര്യത്തിലും നിങ്ങൾ മോശമല്ല. ഇലക്ടറൽ ബോണ്ടുവഴി കോടിക്കണക്കിന് രൂപ ബി.ജെ.പി.-ക്ക് ലഭിച്ചപ്പോൾ അതിലൊരു പങ്ക് കോൺഗ്രസ്സിനും ലഭിച്ചു. അഴിമതിയുടെ കാര്യത്തിൽ നിങ്ങൾ ഒരേ തൂവൽപക്ഷികളാണ്. ഈ സഭയിൽ ശബരിമലയുമായി ബന്ധപ്പെട്ട ഒരു വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമായി മറുപടി പറഞ്ഞിട്ടും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അതിൽ ക്ലാരിറ്റി ഇല്ലാതെപോയി. എന്ത് ക്ലാരിറ്റിയാണ് ലഭിക്കാത്തത്? വരാൻ പോകുന്ന ഉപതിരഞ്ഞെടുപ്പിൽ വീണ്ടും

ശബരിമല വിഷയമുയർത്തി ബി.ജെ.പി.-ക്കൊപ്പം നിൽക്കുകയെന്നതല്ലേ നിങ്ങളുടെ മനസ്സിലിരുപ്പ്? വർഗ്ഗീയതയ്ക്കെതിരെ ബി.ജെ.പി.-യെ ചെറുക്കാൻ അഖിലേന്ത്യാതലത്തിൽ കോൺഗ്രസ് ഒന്നിച്ചുനിൽക്കുമ്പോൾ, ഇവിടെ അതിനെതിരെ ശക്തമായ നിലപാടെടുക്കുന്ന ഇടതുപക്ഷത്തെ ഇകഴ്ത്തിക്കാണിച്ച്, മുഖ്യമന്ത്രിയുടെ വാക്ക് കടമെടുത്താൽ 'ഒക്കച്ചങ്ങാതികളായി' നിങ്ങൾ മാറുകയാണ്. അത് വലിയ അപകടം വിളിച്ചുവരുത്തുമെന്ന് നിങ്ങൾ മനസ്സിലാക്കണം. വികസന കാര്യമെടുത്താൽ, തീരദേശ ഹൈവേ, മലയോര ഹൈവേ, നാഷണൽ ഹൈവേ എന്നിവ യാഥാർഥ്യമാകുന്നു. ദേശീയപാതാ വികസനത്തിനുവേണ്ടി വിഹിതമായി കേരളം 6000 കോടി രൂപയാണ് നൽകിയത്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനവും ഇങ്ങനെ നൽകുന്നില്ല, പക്ഷേ നമ്മൾ അധിക ചെലവ് നൽകേണ്ടിവരുന്നു. യു.ഡി.എഫ്. അധികാരത്തിലിരുന്നപ്പോൾ സാമൂഹ്യ ക്ഷേമപെൻഷൻകാർ 32 ലക്ഷമായിരുന്നെങ്കിൽ ഇപ്പോൾ 62 ലക്ഷം പേരാണുള്ളത്. യു.ഡി.എഫ്. ഭരണകാലത്ത് 600/- രൂപയാണ് പെൻഷൻ നൽകിയിരുന്നത്. എന്നാൽ ഞങ്ങൾ 1600/- രൂപയാണ് നൽകുന്നത്. സാമ്പത്തിക പ്രതിസന്ധിയാണെന്ന്

പറഞ്ഞ് ആർക്കെങ്കിലും അത് നിഷേധിച്ചോയെന്ന് നിങ്ങൾ പറയൂ; 2018, 2019-ലെ മഹാപ്രളയത്തിനും അതിനുശേഷം കോവിഡ് മഹാമാരിയുമുണ്ടായിട്ടുപോലും കേരളത്തിൽ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി 2021-ൽ ശമ്പളം വർധിപ്പിച്ചുകൊടുക്കുന്ന രീതിയാണുണ്ടായത്. ഈ ഓണക്കാലത്ത് ആർക്കെങ്കിലും ഏതെങ്കിലും തരത്തിലുള്ള ആക്ഷേപമുണ്ടായോ? 21000-ത്തോളം കോടി രൂപയാണ് ലഭിച്ചത്. അതുകൊണ്ടാണ് വിലക്കയറ്റം പിടിച്ചുനിർത്താനും തൊഴിലില്ലാതെ അടച്ചുപൂട്ടപ്പെട്ട ഫാക്ടറികളിലെ തൊഴിലാളികൾക്ക് ആനുകൂല്യം നൽകാനും രണ്ട് മാസത്തെ ക്ഷേമപെൻഷൻ കുടിശ്ശിക നൽകാനും സാധിച്ചത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ എങ്ങനെയാണ് അത് ചെയ്യുന്നതെന്ന് നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? സാമ്പത്തികമായി കേന്ദ്ര ഗവൺമെന്റ് ഞെരുക്കുമ്പോഴും ജനങ്ങൾ ഒരു പ്രയാസവും അനുഭവിക്കാത്ത തരത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തികക്രമത്തെ മെച്ചപ്പെടുത്തിക്കൊണ്ട് പോകാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ഈ ഗവൺമെന്റും നടത്തുന്ന പ്രവർത്തനത്തെ ഒരു വാക്കുകൊണ്ടെങ്കിലും നിങ്ങൾ

അഭിനന്ദിച്ചോ? ബി.ജെ.പി.-ക്കൊപ്പംനിന്ന് ഈ ഗവൺമെന്റിനെ താഴെയിറക്കാമെന്നൊന്നും നിങ്ങൾ ആലോചിക്കേണ്ട.

മി. സ്പീക്കർ: പ്ലീസ്..... കൺക്ലൂഡ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഒരു കാര്യം പറഞ്ഞ് അവസാനിപ്പിക്കാം. കഴിഞ്ഞ സഭയിൽ നിങ്ങൾ പ്രസംഗിക്കുമ്പോൾ ശ്രീലങ്കയാകും കേരളം എന്നാണ് പറഞ്ഞത്. എത്ര തവണ നിങ്ങൾ പറഞ്ഞു? തകർന്നടിയുന്ന സാമ്പത്തികക്രമത്തിൽ പൊറുതിമുട്ടുന്ന ജനതയുടെ പ്രതീക്ഷയെന്നുപറയുന്നത് ചെങ്കൊടിയും ഇടതുപക്ഷ പ്രസ്ഥാനവുമാണെന്ന് നിങ്ങൾ ആലോചിക്കണം. ഇത്രയും സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ ഗൗരവത്തോടെയാണ് ഈ വിഷയം സഭ ചർച്ച ചെയ്യേണ്ടത്. കേരള ചരിത്രത്തിലെ ഏറ്റവും വലിയ ധന പ്രതിസന്ധിയിലൂടെയാണ് നാം കടന്നുപോകുന്നത്. അത് മറച്ചുവച്ച് സംസാരിച്ചാൽ സംസ്ഥാനത്തിന്റെ ധനപ്രതിസന്ധി പരിഹരിക്കാൻ സാധിക്കില്ല. ആര് എതിർത്തുപറഞ്ഞാലും

നിങ്ങളുടെ എല്ലാവരുടെയും മനസ്സിൽ ഇതുസംബന്ധിച്ച യാഥാർഥ്യബോധമുണ്ട്, പ്രത്യേകിച്ച് മന്ത്രിമാർക്ക്. അവരവരുടെ വകുപ്പുകൾ ഏറ്റവും ഭംഗിയാക്കി മുന്നോട്ടുകൊണ്ടുപോകണമെന്ന് ആഗ്രഹിക്കാത്ത ഏത് മന്ത്രിമാരാണുള്ളത്? പക്ഷേ അവരെക്കൊണ്ട് അതിന് സാധിക്കുന്നില്ല; അവരുടെ കൈകാലുകൾ കെട്ടപ്പെട്ടിരിക്കുന്നു; അവർക്കൊന്നും ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണ് സംജാതമായിരിക്കുന്നത്. ട്രഷറി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുകയാണ്. ട്രഷറിയിൽ എപ്പോഴാണ് നിയന്ത്രണമില്ലാത്തത്? അഞ്ചുലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന ബില്ലുകൾ ട്രഷറിയിൽ പാസ്സാക്കുന്നില്ല. എന്നാൽ, അഞ്ചുലക്ഷം രൂപയ്ക്കുതാഴെയുള്ള ബില്ലുകൾ ഉടൻതന്നെ പാസ്സാകുമെന്ന് എല്ലാവരും കരുതും. എന്നാൽ ആ ബിൽ വാങ്ങിവയ്ക്കുകയാണ് ചെയ്യുന്നത്, കൊടുക്കുകയില്ല. അതിന്റെ കാരണം ലളിതമാണ്. അതായത്, ട്രഷറിയിൽ പണമില്ലാത്തതിനാൽ പ്രവർത്തിക്കുന്നില്ല. What is the prime duty of a State? The prime duty of a State is to collect the tax. Then only the Government will be able to spend money for developmental activities, infrastructure and welfare measures.

പണമില്ലാതെ എന്ത് വികസനമാണ് നടത്തുന്നത്? ട്രഷറിയിൽ നിന്നും ബിൽ പാസ്സാക്കി നൽകാത്തതിനാൽ സംസ്ഥാനത്തെ കരാറുകാർ തൊണ്ണൂറ് ശതമാനവും സാമ്പത്തികമായി തകർന്നിരിക്കുകയാണ്. വലിയ പ്രമാണിമാരായിരുന്ന പലർക്കും കൃത്യമായി പണം ലഭിക്കുന്നില്ല. പലിശയ്ക്കെടുത്ത പണം തിരിച്ചടയ്ക്കാൻ സാധിക്കുന്നില്ല. പതിനായിരക്കണക്കിന് കോടി രൂപയുടെ ബാധ്യതകൾ സർക്കാരിനുമേൽ ഓരോ ദിവസം കഴിയുന്തോറും കുമിഞ്ഞുകൂടുകയാണ്. ഒരു ലക്ഷം രൂപയുടെ ബില്ലുപോലും പാസ്സാക്കാൻ സാധിക്കാത്ത തരത്തിലേയ്ക്കാണ് ട്രഷറി പോകുന്നത്. പത്തുകോടി രൂപയ്ക്ക് മുകളിൽ അടങ്കലുള്ള തുടർ പ്രോജക്ടുകൾ/പദ്ധതികൾ ഉൾപ്പെടെ ഭരണാനുമതി നൽകിയവയുടെ അനിവാര്യത ഒരു കമ്മിറ്റി പരിശോധിച്ച് ഒന്നുകിൽ പദ്ധതി മാറ്റിവയ്ക്കുകയോ അല്ലെങ്കിൽ വകുപ്പിന് ഭരണാനുമതി നൽകിയ ആകെ തുകയുടെ അമ്പതുശതമാനമായി നിജപ്പെടുത്തുകയോ ചെയ്യേണ്ടതാണെന്നാണ് 17-07-2024-ന് ഇറങ്ങിയ ഉത്തരവിൽ പറയുന്നത്. ഇങ്ങനെ ചെയ്യുന്നതിലൂടെ ആ പ്രോജക്ട് നഷ്ടപ്പെടുകയാണ്. എന്നാൽ പത്തുകോടി രൂപയ്ക്കുതാഴെയുള്ള

പ്രോജക്ടുകളെല്ലാം നടപ്പാക്കുമെന്ന് നിങ്ങൾ വിചാരിക്കും. പക്ഷേ, പത്തുകോടി രൂപയ്ക്ക് താഴെയുള്ള ഇടർ പ്രോജക്ടുകൾ/പദ്ധതികൾ ഉൾപ്പെടെ ഭരണാനുമതി നൽകിയവ ഇതുപോലെ പരിശോധിച്ച് ആകെ തുകയുടെ അമ്പതുശതമാനമായി നിജപ്പെടുത്തണമെന്നാണ് ഉത്തരവിലെ അടുത്ത ഭാഗത്ത് പറയുന്നത്. അപ്പോൾ പത്തുകോടി രൂപയ്ക്ക് മുകളിലും താഴെയും വരുന്ന പ്രോജക്ടുകളുടെ കാര്യം വ്യക്തമായി. എ.എസ്. കമ്മിറ്റി മേയ് മാസത്തിൽ കൂടിയശേഷം അനുമതി നൽകിയ പദ്ധതികളെക്കുറിച്ചാണ് സൂചിപ്പിച്ചത്. ധനകാര്യ വകുപ്പിന് ഇങ്ങനെയൊരു ഉത്തരവ് ഇറക്കാതിരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് ഞാൻ കുറ്റപ്പെടുത്തുന്നില്ല. മേൽ ഉത്തരവ് പ്രകാരം പദ്ധതികളുടെ അനിവാര്യത പരിശോധിക്കാൻ ചീഫ് എഞ്ചിനീയർ എല്ലാവർക്കും നിർദേശം നൽകി. താഴെത്തട്ടിൽനിന്നും ഒരു എഞ്ചിനീയറും ഇതുവരെ പ്രതികരണമൊന്നും നൽകിയിട്ടില്ല. അതുകൊണ്ട് എന്താണ് സംഭവിച്ചത്? ആഗസ്റ്റ് മാസത്തിൽ നൽകേണ്ട എ.എസ്. ഇപ്പോഴും കൊടുത്തിട്ടില്ല. എ.എസ്. കമ്മിറ്റി കൂടിയതിനുശേഷം അതെല്ലാം മാറ്റിവയ്ക്കുകയാണ് ചെയ്തത്. എ.എസ്. ലഭിക്കാതെ നിരവധി പദ്ധതികൾ

പെന്റിംഗിലാണ്. ഒരു പ്രോജക്ടും നടപ്പാക്കാൻ സാധിക്കാത്ത സ്ഥിതിയിലേയ്ക്ക് പോകുകയാണ്. അതുപോലെ പ്ലാൻ ഫണ്ടിന്റെ നിലവിലെ സ്ഥിതിയെന്താണ്? പ്ലാനിന്റെ അഗ്രിഗേറ്റ് ഫിനാൻഷ്യൽ പ്രോഗ്രസ് 26.94 ശതമാനമാണ്. ഇത് ഒക്ടോബർ മാസമാണ്. ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ ആദ്യത്തെ ക്വാർട്ടറും ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ രണ്ടാമത്തെ ക്വാർട്ടറും അവസാനിക്കുകയും ഒക്ടോബർ മാസത്തിൽ മൂന്നാമത്തെ ക്വാർട്ടർ ആരംഭിക്കുകയും ചെയ്തു. ഒരു സാമ്പത്തിക വർഷത്തിന്റെ മൂന്നാമത്തെ ക്വാർട്ടർ തുടങ്ങിയപ്പോൾ 26.9 ശതമാനമാണ് പ്രോഗ്രസ്. എൽ.എസ്.ജി.ഡി.-യിൽ 23.8 ശതമാനമാണ്. പല വകുപ്പുകളിലും ഇതിനേക്കാൾ വളരെ കുറവാണ്. ഞാൻ എല്ലാ വകുപ്പുകളുടെയും കണക്ക് പറയുന്നില്ല. ഓരോ വകുപ്പിന്റെയും ടോട്ടൽ ഔട്ട്‌ലേയും ഇതുവരെയുള്ള ഫിനാൻഷ്യൽ പ്രോഗ്രസും നോക്കിയാൽ 0.06%, 5.0%, 12.63%, 16.42% എന്നിങ്ങനെയാണ്. ശരാശരി 27 ശതമാനമാണ്. പല വകുപ്പുകളിലെയും പ്ലാനിൽ പത്തുശതമാനം പോലും പ്രോഗ്രസ്സില്ല. സാധാരണഗതിയിൽ എല്ലാ സംസ്ഥാനങ്ങളുടെയും ഇക്കോണമി

വലുതാകുന്നതനുസരിച്ച് പ്ലാൻ സൈസ് വലുതാകും. എന്നാൽ ബോൺസായി ചെടി പോലെയാണ് ഇവിടത്തെ പ്ലാൻ സൈസ്; മുരടിച്ചുപോവുകയാണ്. സാധാരണ ചെടികൾ മുകളിലേയ്ക്കാണ് വളരുന്നത്. കേരളത്തിലെ പ്ലാൻ ബോൺസായി ചെടി പോലെയാണ്, കേരളത്തിന്റെ ഇക്കോണമി വളരുന്നില്ല, ഇടയ്ക്ക് പ്ലാൻ സൈസ് കുറയുകയും ചെയ്യും. സാധാരണയായി പ്ലാൻ സൈസിൽ നാച്വറൽ ഗ്രോത്തുണ്ടാകും. അതനുസരിച്ച് 10 ശതമാനം ഗ്രോത്ത് തീർച്ചയായും ഉണ്ടാകും. എന്നാൽ ഇവിടെ പലപ്പോഴും പത്ത് ശതമാനം കുറയുകയാണ്, കൂടുന്നില്ല. കഴിഞ്ഞ ആറേഴുവർഷക്കാലത്തെ പ്ലാൻ സൈസും പ്ലാൻ പ്രോഗ്രസും മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്താൽ തലയിൽ കൈവയ്ക്കേണ്ട സ്ഥിതിയാണുള്ളത്. ഇങ്ങനെ സംഭവിക്കുന്നതിന്റെ കാരണം പരിശോധിക്കണമെന്നാണ് ഞങ്ങൾ നിരന്തരം ആവശ്യപ്പെടുന്നത്. ഇന്ത്യയിൽ ടാക്സ് അഡ്മിനിസ്ട്രേഷൻ വളരെ മോശമായ സംസ്ഥാനം കേരളമാണെന്ന് ഞാൻ ആവർത്തിക്കുകയാണ്. വാറ്റ് സിസ്റ്റത്തിൽനിന്ന് ജി.എസ്.ടി.-യിലേയ്ക്ക് മാറി. ഫസ്റ്റ് പോയിന്റിൽ ടാക്സ് വാങ്ങിക്കുന്ന സിസ്റ്റമാണ് വാറ്റ്. കൺസ്യൂമർ പോയിന്റിൽ ടാക്സ്

വാങ്ങിക്കുന്നതാണ് ജി.എസ്.ടി. കേരളം പോലുള്ള ഒരു കൺസ്യൂമർ സ്റ്റേറ്റിൽ ജി.എസ്.ടി.-യിൽ മുപ്പതുശതമാനമെങ്കിലും നാച്വറൽ ഗ്രോത്തുണ്ടാകണം. കാരണം വാറ്റ് സിസ്റ്റത്തിൽ അഡ്വാന്റേജ് മുഴുവൻ മാനുഫാക്ചറിംഗ് സ്റ്റേറ്റുകൾക്കായിരുന്നു. ജി.എസ്.ടി.-യിലെ അഡ്വാന്റേജ് കൺസ്യൂമർ പോയിന്റിലുള്ളതാണ്. നിങ്ങളിപ്പോൾ ജി.എസ്.ടി.-യെ വിമർശിക്കുകയാണ്. മുൻ ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗത്തിന്റെ റെക്കോർഡ് പരിശോധിച്ചാൽ അദ്ദേഹം ജി.എസ്.ടി.-യെക്കുറിച്ച് എന്താണ് പറഞ്ഞതെന്ന് മനസ്സിലാകും. ജി.എസ്.ടി. കേരളത്തിന് ഗുണകരമാകുമെന്നാണ് അദ്ദേഹം പറഞ്ഞത്. ജി.എസ്.ടി. നല്ല ആശയമാണെങ്കിലും ഇന്ത്യയിൽ ജി.എസ്.ടി. നടപ്പാക്കാനാവശ്യമായ സന്നാഹങ്ങൾ ഒരുക്കിയിട്ടില്ലെന്നും ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റം ശരിയായി വരുന്നതേയുള്ളൂവെന്നും ഞങ്ങൾ പറഞ്ഞപ്പോൾ, ഡോ. ടി. എം. തോമസ് ഐസക് ഉൾപ്പെടെയുള്ളവർ സൂചിപ്പിച്ചത്, "ഒരു കുഴപ്പവുമില്ല, ഞാൻ ശ്രീ. അരുൺ ജെയ്റ്റിലിയുമായി സംസാരിച്ചു, നിങ്ങൾ നോക്കിക്കോളൂ, മുപ്പത് ശതമാനത്തിന്റെ ഗ്രോത്ത് എല്ലാവർഷവും കേരളത്തിലുണ്ടാവും. ദേ, നമ്മൾ

തകർക്കാൻ പോവുകയാണ്, കേരളത്തിൽ മാറ്റമുണ്ടാകാൻ പോവുകയാണ്. അഞ്ചുകൊല്ലം കഴിയുമ്പോൾ നമ്മുടെ ടാക്സ് ഗ്രോത്ത് എന്തായിരിക്കും" എന്നാണ്. ഇത് രേഖയിലുള്ളതാണ്. എന്നാൽ ഈ സർക്കാർ ജി.എസ്.ടി.-യെ കുറ്റപ്പെടുത്തുകയാണ്. ജി.എസ്.ടി. എന്താണ് ചെയ്തത്, കേന്ദ്രം എന്താണ് ചെയ്തത് എന്നെല്ലാമാണ് ഇവർ ഞങ്ങളോട് ചോദിക്കുന്നത്.

2.00 p.m]

ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റത്തിന്റെ സ്ട്രക്ചർ മാറ്റണമെന്ന് ഞങ്ങൾ അഞ്ച് വർഷക്കാലം നിരന്തരം ആവശ്യപ്പെട്ടു. അവസാനം ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റം മാറി. ഇന്ത്യയിൽ ഏറ്റവും അവസാനം ടാക്സ് സ്ട്രക്ചർ മാറ്റിയത് കേരളമാണ്. എന്നാൽ ഫലപ്രദമായി മാറ്റിയോ; ഇപ്പോൾ മാറ്റിയതുകൊണ്ട് ഗുണമുണ്ടായോ? ഇവിടെ ഭയങ്കര ഓഡിറ്റ് നടത്തുകയാണെന്ന് കഴിഞ്ഞ ദിവസം പറയുന്നതുകേട്ടു. എവിടെയാണ് ഓഡിറ്റ് നടക്കുന്നത്? ഇന്ത്യയിൽ ആദ്യമായി ഈ സംസ്ഥാനത്ത് ഓഡിറ്റ് തുടങ്ങിയെന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പറഞ്ഞു. 2019 മുതൽ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും

ഓഡിറ്റ് തുടങ്ങി. മഹാരാഷ്ട്ര, ഗുജറാത്ത്, ഛത്തീസ്ഗഡ്, നോർത്ത് ഈസ്റ്റേൺ സ്റ്റേറ്റ്സ് തുടങ്ങിയ സംസ്ഥാനങ്ങൾ നേരത്തെ ഓഡിറ്റ് ആരംഭിച്ചു. പ്രസ്തുത സ്റ്റേറ്റുകളിലെ ഓഡിറ്റ് മൊഡ്യൂൾ പ്രകാരമാണ് കേരളത്തിലും ഓഡിറ്റ് നടത്തുന്നത്. ഇപ്പോഴും കേന്ദ്ര ഓഡിറ്റ് മാന്വലാണ് നമ്മൾ പിൻതുടരുന്നത്. സ്റ്റേറ്റിന് പ്രത്യേകമായി ഒരു ഓഡിറ്റ് മാന്വൽ രൂപീകരിച്ചിട്ടില്ല. കേന്ദ്ര ഓഡിറ്റ് മാന്വൽ വലിയ മാന്വഫാക്ചറിംഗ് ഇൻഡസ്ട്രിക്കുവേണ്ടി രൂപീകരിച്ചിരിക്കുന്നതാണ്. നമ്മുടെ മോഡൽ അല്ല, നമുക്ക് വേറെ മോഡൽ വേണം. അതുപോലെ ഞാൻ ഇതിനുമുമ്പ് സൂചിപ്പിച്ചതാണ്, ഒരു വർഷം 700 ജീവനക്കാരെ വെറുതെ ഇരുത്തിയിട്ടാണ് 2024 ജനുവരിയിൽ ഓഡിറ്റ് തുടങ്ങിയത്. സെക്ഷൻ 73 അനുസരിച്ചുള്ള ടാക്സ് അസസ്മെന്റിന്റെ 2017-18, 2018-19, 2019-20 വർഷങ്ങളിലെ സമയപരിധി അവസാനിച്ചു. അഞ്ച് വർഷത്തിനിടയിൽ സംസ്ഥാന ഇന്റലിജൻസ് നടത്തിയ പരിശോധനകളിൽ തൊണ്ണൂറ് ശതമാനം കേസ്സുകളിലും പരിശോധന സമയത്ത് അടപ്പിക്കുന്ന താക്കുകളല്ലാതെ യാതൊരുവിധ തുടർ നടപടികളും സ്വീകരിക്കുന്നില്ല. കോടിക്കണക്കിന് രൂപയാണ് ഇതുമൂലം

സർക്കാരിന് നഷ്ടപ്പെടുന്നത്. ഇന്റലിജൻസ് സംവിധാനത്തിൽ അഴിമതി നടക്കുന്നുണ്ട്. അതിന് അനുയോജ്യമായവരെയാണ് ടാക്സസ് (ഇന്റലിജൻസ്) വകുപ്പിൽ നിയോഗിച്ചിരിക്കുന്നത്. ശേഷം ഈ വിഷയം ഒത്തുതീർപ്പിൽ എത്തിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് സംശയമുണ്ടെങ്കിൽ ഒത്തുതീർപ്പാക്കിയ കേസ്സുകൾ ഞാൻ നൽകാം. ധാരാളം ഉദാഹരണങ്ങളുണ്ട്. ഈ ഇന്റലിജൻസ് സംവിധാനത്തെക്കുറിച്ച് പഠിക്കാനാണോ അന്യസംസ്ഥാനങ്ങളിൽനിന്ന് ഉദ്യോഗസ്ഥർ വരുന്നത്? അതിൽ systemic failure ഉണ്ട്, അങ്ങനെ വരുമ്പോൾ ടാക്സ് വരില്ല. അതുപോലെ ഐ.ജി.എസ്.ടി. ഇനത്തിൽ ഒരു വർഷം 5,000 കോടി രൂപ വച്ച് ആറ് വർഷം കൊണ്ട് മിനിമം 30,000 കോടി രൂപ സ്റ്റേറ്റ് നഷ്ടപ്പെടുത്തുന്നു എന്ന് ഞങ്ങൾ പറഞ്ഞപ്പോൾ നിങ്ങൾ വളരെയധികം പരിഹസിച്ചിരുന്നു. എന്നാൽ അതിനുശേഷം മൂന്നുമാസത്തിനുള്ളിൽ പുറത്തുവന്ന ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (GIFT)-ന്റെ റിപ്പോർട്ടിലും നിങ്ങൾ പൂഴ്ത്തിവച്ച സ്റ്റേറ്റ് എക്സ്പെൻഡിച്ചർ കമ്മിറ്റിയുടെ റിപ്പോർട്ടിലും രണ്ടു നഷ്ടപ്പെടുത്തിയെന്ന് തന്നെയാണ്

പ്രതിപാദിച്ചിരിക്കുന്നത്. എന്നിട്ട് കഴിഞ്ഞ രണ്ട് വർഷമായി നിങ്ങൾ ഐ.ജി.എസ്.ടി. ഈടാക്കുകയാണ്. അതിന് കാരണമായി പറഞ്ഞത് കേന്ദ്ര ഗവൺമെന്റിന്റെയും സി.ജി.എസ്.ടി.-യുടെയും പ്രശ്നമാണെന്നാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുടെ ഐ.ജി.എസ്.ടി. വിഹിതത്തിന്റെ റേറ്റ് എത്രയാണ്? ഉത്തർപ്രദേശിന് 20,000 കോടി രൂപയും ബീഹാറിന് 8,000 കോടി രൂപയുമാണ് ലഭിച്ചത്. അവർക്കൊന്നും നമ്മുടെ അത്രയും inter-state business ഇല്ല. കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. ഉത്തർപ്രദേശും ബീഹാറും വെസ്റ്റ് ബംഗാളുമൊന്നും കൺസ്യൂമർ സ്റ്റേറ്റ് അല്ല. മാനുഫാക്ചറിംഗ് സ്റ്റേറ്റുകൾ ധാരാളം പണമുണ്ടാക്കുകയാണ്. ഗുജറാത്തിന് 10,000 കോടിയിലധികം രൂപയും മഹാരാഷ്ട്രയ്ക്ക് 22,000 കോടി രൂപയും കർണ്ണാടകയ്ക്ക് 14,000 കോടി രൂപയും ലഭിച്ചു. ഓരോ സംസ്ഥാനത്തും 10%, 15%, 20% എന്നിങ്ങനെയാണ് ഐ.ജി.എസ്.ടി. വരുമാനത്തിന്റെ ഗ്രോത്ത് റേറ്റ്. കേരളത്തിന്റേത് ഒരു ശതമാനം മാത്രമാണ്. You have not taken any actions to settle the IGST. അതിന്റെ റിട്ടേൺ പ്രോപ്പറായി സബ്മിറ്റ് ചെയ്യാതെ നമുക്ക് ലഭിക്കേണ്ട തുക നഷ്ടപ്പെടുത്തിയിരിക്കുകയാണ്. It is

deposited in the central pool. നമ്മൾ റൈറ്റ് ക്ലെയിം ചെയ്തില്ലെങ്കിൽ സെൻട്രൽ പൂളിൽനിന്നും ബാക്കിയുള്ള സ്റ്റേറ്റുകൾക്ക് വിതരണം ചെയ്ത് കൊടുക്കും. അങ്ങനെയാണ് മുപ്പതിനായിരം കോടി രൂപ കഴിഞ്ഞ ആറ് വർഷമായി നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ഇതുകൂടാതെ എവിടെയാണ് സംസ്ഥാനത്തിന് നഷ്ടം സംഭവിച്ചിരിക്കുന്നത്? സംസ്ഥാനത്ത് പാരലൽ ഇക്കോണമി വളർന്നുവരികയാണ്. നികുതി വെട്ടിപ്പുകാരുടെ പറുദീസയാണ് കേരളമെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചു. But now they have created a parallel economy. നികുതി വെട്ടിപ്പുകാരാണ് ഇത് കേരളത്തിൽ സൃഷ്ടിച്ചത്. കേരളത്തിൽ B to B business, B to C business-കളിൽ നികുതി വെട്ടിപ്പ് നടക്കുകയാണ്, വൻതോതിൽ കള്ളക്കച്ചവടം നടക്കുകയാണ്. അതിന്റെ outcome രണ്ട് തരത്തിലാണ്. ഒന്ന്, സ്റ്റേറ്റിന്റെ വരുമാനം നഷ്ടപ്പെടുന്നു, അതായത് സ്റ്റേറ്റിന് ടാക്സ് കിട്ടുന്നില്ല. രണ്ട്, ജീവനക്കാരെ നിയമിച്ച്, വാടകയും ഇലക്ട്രിസിറ്റി ചാർജും വാട്ടർ ചാർജും കൊടുത്ത് ബിസിനസ് നടത്തുന്ന genuine tax payers ഉണ്ട്. He has to be protected. കാരണം അയാൾ നിലനിന്നാലെ സംസ്ഥാനത്തിന് വരുമാനം ലഭിക്കുകയുള്ളൂ.

എന്നാൽ കള്ളക്കച്ചവടം നടക്കുന്നതിനാൽ നിയമനാസൃതം പ്രവർത്തിക്കുന്ന കടകൾ ഓരോന്നായി പൂട്ടിപ്പോകുകയാണ്. കഴിഞ്ഞ അഞ്ച് വർഷ കാലാവധിക്കുള്ളിൽ കേരളത്തിൽ പൂട്ടിപ്പോയ ബിസിനസ് സംരംഭങ്ങൾ എത്രയുണ്ടെന്നതിനെക്കുറിച്ച് ധനകാര്യ വകുപ്പ് പരിശോധിക്കണം. പാരലൽ ഇക്കോണമി പ്രവർത്തിക്കുന്നതുകൊണ്ട് ജനങ്ങൾക്ക് ടാക്സില്ലാതെ സാധനം ലഭിക്കുകയാണ്. സർക്കാർ പാരലൽ ഇക്കോണമിയുടെ വളർച്ച തടയാൻ ശ്രമിക്കുന്നില്ല. ഞാൻ സ്വർണ്ണ മേഖലയെക്കുറിച്ച് കൂടുതലൊന്നും പറയുന്നില്ല. പറഞ്ഞുപറഞ്ഞ് മടുത്തു. അവിടെ എന്ത് മാറ്റമാണ് നിങ്ങൾ കൊണ്ടുവന്നത്? സ്വർണ്ണത്തിൽനിന്നും നികുതിയിനത്തിൽ നഷ്ടപ്പെടുത്തുന്നത് പതിനായിരക്കണക്കിന് കോടി രൂപയാണെന്ന് ഞാൻ അടിവരയിട്ട് പറയുന്നു. എന്നാൽ നിങ്ങൾ പറയുന്നത് സ്വർണ്ണത്തിന് 5 ശതമാനമായിരുന്ന ടാക്സ് ഇപ്പോൾ 3 ശതമാനമാക്കിയെന്നാണ്. 5% വാല്യു ആഡഡ് ടാക്സ് (വാറ്റ്) ഉള്ളപ്പോഴും കോമ്പൗണ്ടിംഗ് സിസ്റ്റമായിരുന്ന കേരളത്തിലുണ്ടായിരുന്നത്. 90% ജ്വലറികളും ഈ സിസ്റ്റമനുസരിച്ച് 1.25% നികുതിയാണ് നൽകിയിരുന്നത്. ഇപ്പോൾ 3 ശതമാനമാക്കിയപ്പോൾ 1.50 ശതമാനമല്ലേ

നമുക്ക് ലഭിക്കുന്നുള്ളൂ; പകുതിയല്ലേ നമുക്കുള്ളത്. മാത്രമല്ല, സ്വർണ്ണത്തിന്റെ വിലയും വർദ്ധിച്ചു. ഒരു പവൻ സ്വർണ്ണത്തിന് 4,000 രൂപയായിരുന്നത് 57,000 രൂപ വരെയായി. സ്വർണ്ണത്തിന്റെ വിൽപനയും വർദ്ധിച്ചുവെന്ന് വേൾഡ് ഗോൾഡ് കൗൺസിലിന്റെ കണക്കെടുത്താൽ അറിയാം. ധനകാര്യ വകുപ്പിൽ ഒരു കണക്കുമില്ല, ഡാറ്റയുമില്ല. ഇത് ഡാറ്റായുടെ കാലമാണ്. ഡാറ്റ അനാലിസിസ് നടത്തിയാണ് എവിടെയാണ് നികുതിയുടെ കുറവ് സംഭവിച്ചിരിക്കുന്നതെന്ന് കണ്ടുപിടിക്കുന്നത്. കേരളത്തിൽ എത്ര സ്വർണ്ണം വിൽക്കപ്പെടുന്നുണ്ട് എന്നതുസംബന്ധിച്ച് ധനകാര്യ വകുപ്പിന് ഡാറ്റയില്ല. നിങ്ങൾ ഏത് കാലത്താണ് ജീവിക്കുന്നത്? നിങ്ങൾ ഔട്ട്ഡേറ്റഡാണ്. Sorry to say that. ഡാറ്റ അനാലിസിസ് നടത്തി ഏതെല്ലാം സ്ഥലങ്ങളിലാണ് ടാക്സ് ലഭിക്കാത്തതെന്ന് കണ്ടെത്തണം. ഏറ്റവും കൂടുതൽ ടാക്സ് ലഭിക്കുന്ന ജില്ലകളാണ് എറണാകുളം, തൃശ്ശൂർ തുടങ്ങിയവ. അങ്ങനെയുള്ള സ്ഥലങ്ങളിൽ നമ്മൾ സാധാരണ ഒരു അസൈൻമെന്റ് കൊടുക്കും. കഴിഞ്ഞ ക്വാർട്ടറിൽ ലഭിച്ച ടാക്സ് ഈ വർഷം ലഭിച്ചില്ലെങ്കിലോ അത് ഇംപ്രൂവ് ചെയ്യണമെങ്കിലോ അസൈൻമെന്റ്സ് കൊടുക്കും; അത് വർദ്ധിപ്പിക്കുന്നതിനുള്ള

പ്രൊപ്പോസൽസ് കൊടുക്കും. പക്ഷേ ഈ സർക്കാർ അങ്ങനെയൊന്നും ചെയ്യുന്നില്ല. Inefficient to the core, ചില വാക്കുകൾ പറയുന്നതിന് മനസ്സിലൊരു പ്രയാസമുണ്ട്. പക്ഷേ, പറയാതിരിക്കാൻ കഴിയില്ല. കാരണം ഇത് ആരുടേയും സ്വകാര്യ വിഷയമല്ല. ഈ സംസ്ഥാനത്തെ ബാധിക്കുന്നതാണ്. സർക്കാർ ഒന്നും ചെയ്യാതെ എങ്ങനെയാണ് നികുതി ലഭിക്കുന്നത്? സർക്കാരിന് എന്തെല്ലാം ഇടപെടൽ നടത്താൻ സാധിക്കും. ജി.എസ്.ടി.-യിൽ ഇടയ്ക്കിടയ്ക്ക് അമെന്റ്മെന്റുകൾ വരികയും കാലാനുസൃതമായ മാറ്റങ്ങളുണ്ടാകുകയും ചെയ്യുന്നതിനനുസരിച്ച് നമ്മുടെ സിസ്റ്റം ചെയ്ഞ്ച് ചെയ്യുകയും അപ്ഡേറ്റഡാകുകയും വേണം. ആധുനിക സാങ്കേതികവിദ്യ ലഭ്യമായൊരു കാലത്ത് സ്വർണ്ണ വ്യാപാര മേഖലയിൽ നടക്കുന്ന കച്ചവടം സംബന്ധിച്ച ചോദ്യത്തിന് മറുപടി നൽകാൻ ധനകാര്യ വകുപ്പിന് സാധിക്കുന്നില്ല. കേരളത്തിൽ ഏറ്റവും വലിയ നികുതി വെട്ടിപ്പ് നടക്കുന്നത് സ്വർണ്ണ വ്യാപാര മേഖലയിലാണ്. അതുപോലെ കേരളത്തിൽ 800-ലധികം ബാറുകളുണ്ട്. അവിടെ ധാരാളം കൺസംപ്ഷൻ നടക്കുന്നുണ്ടെങ്കിലും അതനുസരിച്ചുള്ള ടേൺ ഓവർ ടാക്സ് ലഭിക്കുന്നില്ല. ബിവറേജസ്

കോർപ്പറേഷനിൽനിന്നും മദ്യം വാങ്ങുകയും ഒരു പെഗ്ഗിന് 200 രൂപയ്ക്ക് വിൽക്കുകയും ചെയ്തശേഷം അവർ നിങ്ങൾക്ക് നൽകുന്ന കണക്കിൽ ഒരു പെഗ്ഗിന് 40 രൂപയെന്നാണ് കാണിക്കുന്നത്. നാല് ലക്ഷം രൂപ ദിവസേന കളക്ഷനുള്ള ഒരു ബാർ ടേൺ ഓവർ മറച്ചുവയ്ക്കാനായി 75,000 രൂപയുടെ മദ്യം വിറ്റുവെന്നാണ് നിങ്ങൾക്ക് നൽകുന്ന കണക്കിൽ കാണിക്കുന്നത്. ബാക്കി മൂന്നേകാൽ ലക്ഷം രൂപയുടെ ടേൺ ഓവർ ടാക്സ് നഷ്ടപ്പെടുകയാണ്. ഈ രീതിയിൽ ഒരു ബാറിൽനിന്ന് നിങ്ങൾക്ക് ഒരു മാസം/വർഷം എത്ര രൂപ നഷ്ടപ്പെടുന്നു? ഒരു വർഷം 800 ബാറുകളിൽനിന്നും നഷ്ടപ്പെടുന്നത് ലക്ഷക്കണക്കിന് രൂപയാണ്. ശരിയായ സംവിധാനങ്ങളും കൃത്യമായ പരിശോധനകളുമില്ലാത്തതുമൂലം ടാക്സ് വെട്ടിപ്പ് നടക്കുകയാണ്. ഇതുസംബന്ധിച്ച കണക്കുകൾ നമുക്കറിയാം. ബിവറേജസ് കോർപ്പറേഷനിൽനിന്ന് മദ്യം വാങ്ങി ബാറിലൂടെ വിൽക്കുമ്പോൾ എത്രയാണ് വിറ്റതെന്നതിന്റെ കണക്ക് കൃത്യമായി ലഭിക്കും. എന്നാൽ അതറിയാൻ കൃത്യമായ പരിശോധനകളോ സംവിധാനങ്ങളോ ഇവിടെയില്ല. എന്റെയൊരു സുഹൃത്ത് വീട് വയ്ക്കാൻ പോയപ്പോൾ ടാക്സ് ഒന്നുമില്ലാതെ 5000

സ്ക്വയർ ഫീറ്റ് വീടിനാവശ്യമായ ടൈൽസ് കർണ്ണാടകയിൽനിന്ന് എത്തിച്ചുതരാമെന്നും ഇവിടത്തെ കടകളിലുള്ളതിനേക്കാൾ നല്ല ക്വാളിറ്റിയുള്ള സാധനമാണെന്നും പറഞ്ഞ് ഒരു ഏജന്റ് അദ്ദേഹത്തെ സമീപിച്ചു. ഇത് കേരളത്തിൽ നടക്കുന്നതാണ്. അതാണ് ബിസിനസ് ടു കൺസ്യൂമർ (B to C) എന്നുപറഞ്ഞത്. ഇവിടെ അക്ഷരാർത്ഥത്തിൽ systemic failure ആണ് നടക്കുന്നത്. പാരലൽ ഇക്കോണമി പ്രവർത്തിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ, ട്രാൻസ്പോർട്ട് കോർപ്പറേഷൻ, ഇലക്ട്രിസിറ്റി ബോർഡ്, സപ്ലൈകോ തുടങ്ങിയ എല്ലാ മേഖലകളിലേയ്ക്കും ഈ പ്രതിസന്ധി വ്യാപിക്കുകയാണ്. സപ്ലൈകോയ്ക്ക് പണം കൊടുക്കുന്നുണ്ടോ? നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ എല്ലാ സംസ്ഥാനങ്ങളും റേറ്റ് വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തു. എന്നാൽ കേരളത്തിൽ റേറ്റ് കൂട്ടുമെന്ന തീരുമാനമെടുത്തോ? കേരളത്തിന് തീരുമാനമെടുക്കാൻ കഴിയുന്നില്ല. സപ്ലൈകോ പ്രതിക്കൂട്ടിൽ നിൽക്കുകയാണ്. സിവിൽ സപ്ലൈസുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി നൽകണം. പക്ഷേ അദ്ദേഹം നിസ്സഹായനാണ്. കരാറുകാർക്ക് പൈസ

കൊടുക്കുന്നതിനും നിത്യോപയോഗ സാധനങ്ങൾ എത്തിക്കുന്നതിനും അവശ്യ സാധനങ്ങൾ സബ്സിഡി റേറ്റിൽ കൊടുക്കുന്നതിനും തീരുമാനമെടുക്കണ്ടേ? ഒന്നും നടക്കുന്നില്ലെങ്കിലും സർക്കാർ പൈസ ലഭിക്കാൻ കണ്ടുപിടിക്കുന്ന വഴികളെക്കുറിച്ച് ആലോചിക്കുമ്പോഴാണ് ചിരി വരുന്നത്. വിവിധയിനം ഫീസുകളും ചാർജ്ജുകളും റോയൽറ്റിയും വർധിപ്പിച്ച് റിപ്പോർട്ട് ചെയ്യണമെന്നാവശ്യപ്പെട്ട് എല്ലാ വകുപ്പുകളിലേക്കും കത്തയച്ചിരിക്കുകയാണ്. അതായത് നാട്ടുകാരുടെ മെക്കിട്ട് കയറുന്ന രീതിയാണ്. എല്ലാ വകുപ്പുകളിലും റേറ്റ് നിശ്ചയിച്ചിട്ടുണ്ടെങ്കിലും റോയൽറ്റിയുൾപ്പെടെ വർധിപ്പിക്കുന്നതിനായി ഉത്തരവ് കൊടുത്തിരിക്കുകയാണ്. ഗവൺമെന്റിന് പ്രതിസന്ധി വരുമ്പോൾ നാട്ടുകാരുടെ പോക്കറ്റിൽ കൈയിട്ടിട്ടാണോ കാശ് എടുക്കുന്നത്. ജനങ്ങൾ വലിയ പ്രതിസന്ധിയിലാണ്. സ്റ്റേറ്റിനുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി സാധാരണക്കാരന്റെ ജീവിതത്തിൽ പ്രതിഫലിക്കും. സർക്കാർ ജീവനക്കാർക്ക് 6 ഡി.എ. കുടിശ്ശിക നൽകാനുണ്ട്. അവരുടെ ലീവ് സറണ്ടർ പുനഃസ്ഥാപിച്ച് കൊടുത്തിട്ടില്ല. കൂടാതെ അവരുടെ ഇൻഷ്വറൻസ്

പദ്ധതിയായ മെഡിസെപ്പ് അപകടത്തിലാണ്. പലർക്കും പ്രതിമാസം ലഭിക്കേണ്ട ഇരുപതിനായിരം രൂപ മുതൽ മുപ്പതിനായിരം രൂപ വരെയുള്ള തുക കിട്ടുന്നില്ല. എല്ലാ കുടുംബത്തിന്റെയും ചെലവ് വർധിച്ചു. ജീവനക്കാർ സമ്മർദ്ദത്തിലാണ്. ഇന്നലെ കണ്ണൂർ ജില്ലയിലുണ്ടായ സംഭവമെന്താണ്? അഴിമതിക്കാരനല്ലാത്ത ഒരു എ.ഡി.എം.-ന്റെ യാത്രയയപ്പ് സമ്മേളനം നടക്കുന്ന ചടങ്ങിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ക്ഷണിക്കാതെ പങ്കെടുക്കുകയും അദ്ദേഹത്തിനെ അപമാനിക്കുകയും ചെയ്തു. റിട്ടയർമെന്റായി യാത്ര അയക്കുന്നതല്ല, അങ്ങനെയാണെങ്കിൽ നമ്മളൊക്കെ പോകും. സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് കളക്ടറേറ്റിൽ ബഹുമാനപ്പെട്ട ജില്ലാകളക്ടറുടെ അധ്യക്ഷതയിൽ നടക്കുന്ന യാത്രയയപ്പ് ചടങ്ങിൽ ക്ഷണിക്കപ്പെടാതെ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് പങ്കെടുക്കുകയും അദ്ദേഹത്തെക്കുറിച്ച് മോശം വർത്തമാനം പറയുകയും കളക്ടറുടെ അനുമതിയില്ലാതെ അഴിമതിക്കാരനെന്ന് പറഞ്ഞ് അപമാനിക്കുകയും ചെയ്തു. അഭിമാനത്തിലേറ്റ ക്ഷതംമൂലം അദ്ദേഹം ആത്മഹത്യ ചെയ്തു. അദ്ദേഹം സി.പി.ഐ.(എം) കുടുംബത്തിൽപ്പെട്ട ആളാണ്. പത്തനംതിട്ട ജില്ലക്കാരനാണ്. അദ്ദേഹത്തിന്റെ അമ്മ

പഞ്ചായത്ത് മെമ്പറായിരുന്നു. അദ്ദേഹവും ഭാര്യയും നിങ്ങളുടെ സംഘടനയിൽപ്പെട്ടവരാണ്. പത്തനംതിട്ട ജില്ലയിലേക്ക് ട്രാൻസ്ഫർ ലഭിച്ച അദ്ദേഹം ഇന്ന് രാവിലെ ട്രെയിനിൽ വരുമെന്നുപറഞ്ഞതിനാൽ ഭാര്യയും കുട്ടികളും ചെങ്ങന്നൂരിൽ കാത്തുനിന്നു. എന്നാൽ വന്നത് എന്താണ്? മേലുദ്യോഗസ്ഥന്റെയും സഹപ്രവർത്തകരുടെയും കീഴുദ്യോഗസ്ഥരുടെയും മുമ്പിൽവച്ച് ഒരു ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അപമാനിച്ചതാണ് അദ്ദേഹത്തിന്റെ മരണത്തിന് കാരണമായത്. അവർ ആരാണ്; ഈ സംസ്ഥാനത്ത് എന്ത് ധിക്കാരമാണ് നടക്കുന്നത്; അഹങ്കാരം തലയ്ക്കുപിടിച്ചതാണോ; അവർക്കെതിരായി കേസെടുത്ത് അറസ്റ്റ് ചെയ്യണം. അവരെ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തുനിന്നും നീക്കം ചെയ്യണം. പാർട്ടിയിൽനിന്നും പുറത്താക്കണമോയെന്ന് നിങ്ങൾ തീരുമാനിച്ചാൽ മതി. നിങ്ങളുടെ പാർട്ടിയിൽ ഇതുപോലുള്ള കുറെയെണ്ണമുണ്ടല്ലോ; ഇതൊക്കെ കേരളത്തെ ഞെട്ടിച്ച കാര്യങ്ങളാണ്.

യൂറോപ്പിനോട് കിടപിടിക്കാൻ കഴിയുന്ന പബ്ലിക് ഹെൽത്ത് സിസ്റ്റവും വിദ്യാഭ്യാസ സംവിധാനവും കുറഞ്ഞ ശിശുമരണ നിരക്കും നമ്മുടെ

സംസ്ഥാനത്തുണ്ടെന്ന് മുമ്പ് പറയുമായിരുന്നു. പക്ഷേ വളരെ മുന്നേറ്റമുണ്ടായിരുന്ന മേഖലകൾ വരെ ധനപ്രതിസന്ധികാരണം തകർന്ന് തരിപ്പണമായി. ഈ വിഷയം ചർച്ച ചെയ്തതിൽ ഗവൺമെന്റിനോട് നന്ദി പറയുകയാണ്. ഈ വിഷയം ചർച്ച ചെയ്തത് കേരളമറിയണം. കേന്ദ്ര സർക്കാർ പണം നൽകിയില്ലെന്ന് പറഞ്ഞു. സംസ്ഥാന ഗവൺമെന്റ് വിളിച്ചുകൂട്ടിയ ധനകാര്യ വകുപ്പുമന്ത്രിമാരുടെ മീറ്റിംഗിൽ ഞങ്ങളും പങ്കെടുത്തു. കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാർ ഞങ്ങളുടെ അനുവാദമില്ലാതെ ഈ മീറ്റിംഗിൽ പങ്കെടുക്കുമോ? ഞങ്ങൾക്ക് നേരത്തെ നിലപാടുകളുണ്ട്. സംസ്ഥാനങ്ങൾക്കുള്ള നികുതി വിഭജിച്ച് നൽകുന്നതിനുള്ള ഫിനാൻസ് കമ്മീഷൻ മാനദണ്ഡങ്ങൾക്കെതിരെയും സംസ്ഥാനത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ കേന്ദ്രം നൽകാത്തത് സംബന്ധിച്ചും ഈ സഭയിൽതന്നെ ഞങ്ങൾ പ്രതിഷേധം ഉയർത്തിയിട്ടുണ്ട്. വയനാട്ടിലെ കാര്യം ആദ്യം ഉന്നയിച്ചത് ഞങ്ങളല്ലേ? കേന്ദ്രഗവൺമെന്റിനെതിരെയുള്ള പ്രതിഷേധത്തിൽ ഞങ്ങൾ മുന്നിലുണ്ടാകുമെന്നതിൽ ഒരു സംശയവും വേണ്ട. കേന്ദ്രം ജി.എസ്.ടി.

കോമ്പൻസേഷൻ നൽകിയില്ലെന്ന് പറഞ്ഞു. അഞ്ച് വർഷം മാത്രമേ കോമ്പൻസേഷൻ നൽകുകയുള്ളുവെന്ന് ജി.എസ്.ടി. ആക്ടിൽ ഉണ്ടെങ്കിലും ആറാമത്തെ വർഷം കോമ്പൻസേഷൻ നൽകിയില്ലെന്ന് പരാതി പറയുകയാണ്. നിങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് കൊടുത്തപ്പോൾ ഇതിനെക്കുറിച്ചൊന്നും സൂചിപ്പിച്ചിട്ടില്ലല്ലോ, അതിൽ വേറെ കാര്യങ്ങളാണ് എഴുതിയിട്ടുള്ളത്. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി 55,000 കോടി രൂപ ലഭിച്ചു. ഇവിടെ പറയുന്ന കാര്യങ്ങളൊന്നും സുപ്രീംകോടതിയിൽ കേസ് നൽകിയപ്പോൾ സൂചിപ്പിച്ചിട്ടില്ല.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ആർട്ടിക്കിൾ 131 പ്രകാരം ഭരണഘടനാപരമായ പ്രശ്നമാണ് നമ്മൾ ചോദ്യം ചെയ്തത്. ഭരണഘടനാപരമായി വായ്പയെടുക്കാനുള്ള പരിധി നിശ്ചയിക്കാനുള്ള അധികാരം സംസ്ഥാന നിയമസഭയ്ക്കുള്ളതാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ഇതുസംബന്ധിച്ച ആദ്യത്തെ നിയമം പാസ്സാക്കുന്നത്. യൂണിയൻ ഗവൺമെന്റിന്റെ കടപരിധി സംബന്ധിച്ച വിഷയം വരുന്നത്

യൂണിയൻ ലിസ്റ്റിലാണ്. നമ്മൾ പാസ്സാക്കിയ നിയമ പ്രകാരം ഭരണഘടനാപരമായ നിയമനിർമ്മാണാധികാരം സംബന്ധിച്ച പ്രശ്നങ്ങൾ മാത്രമേ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ചോദ്യം ചെയ്യാൻ കഴിയുകയുള്ളൂ എന്നത് അങ്ങേയ്ക്ക് അറിയാവുന്നതാണ്. മറ്റ് പ്രശ്നങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മുമ്പിൽവയ്ക്കാൻ പറ്റുന്നതല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ എഫ്.ആർ.ബി.എം. ആക്ടിന് കറസ്പോണ്ടിംഗായാണ് 2003-ൽ സംസ്ഥാനം നിയമം പാസ്സാക്കിയത്. ഞാൻ ആ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തിട്ടുണ്ട്. ഞാൻ അവതരിപ്പിച്ച ധാരാളം ഭേദഗതികൾ അന്ന് അംഗീകരിക്കപ്പെട്ടതാണ്. ഭരണഘടനാപരമായി കടമെടുക്കാനുള്ള അനുവാദത്തിനായി കോടതിയിൽ പോയതാണെന്നല്ല നിങ്ങൾ പൊതുജനങ്ങളോട് പറയുന്നത്. നിങ്ങൾക്ക് ലഭിക്കാൻ അർഹതയില്ലാത്ത വലിയ തുകയെക്കുറിച്ചാണ് പറയുന്നത്. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ്, ജി.എസ്.ടി. കോമ്പൻസേഷൻ എന്നിവയൊന്നും നിങ്ങൾക്ക് ലഭിക്കാനുള്ളതല്ല. അതെല്ലാം ലഭിച്ചുകഴിഞ്ഞു. സംസ്ഥാനത്തിന് ലഭിക്കാനുള്ള അവകാശങ്ങളെയും നികുതി വിഭജനത്തിന്റെ മാനദണ്ഡം

മാറ്റുന്നതിനെയുംകുറിച്ച് ധനകാര്യ വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിൽ ഞാനുൾപ്പെടെയുള്ളവർ ശക്തമായി പറഞ്ഞതാണ്. അതുകൊണ്ട് നിങ്ങളുടെ തെറ്റുകളും കുറവുകളും സാമ്പത്തിക മാനേജ്മെന്റിൽ ദയനീയമായി പരാജയപ്പെട്ടതും മറച്ചുവയ്ക്കാൻവേണ്ടി ഇത് ആയുധമാക്കരുത്. അടിയന്തര നടപടികൾ സ്വീകരിച്ചില്ലെങ്കിൽ കേരളം തകർന്നുപോകുമെന്ന് ഞങ്ങൾ മുന്നറിയിപ്പ് നൽകുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിന് ആധാരമായി ഉന്നയിച്ച വിഷയത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നത് നന്നായിരിക്കുമെന്ന് ഭരണകക്ഷിയിൽനിന്നും ട്രഷറി ബഞ്ചിൽനിന്നും പറയാൻ കാരണം കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഇന്ത്യൻ പാർലമെന്റിനകത്തും പുറത്തുംനിന്നും കേരളത്തെ സംബന്ധിച്ച് പൊതുസമൂഹത്തിൽ വലിയ ആശങ്കയുണ്ടാക്കുന്ന തരത്തിൽ നിരന്തര പ്രചാരണം ഉണ്ടാകുന്നതിനാലാണ്. ഇന്നലെ കേരളം സന്ദർശിച്ച കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയും കേരളത്തിലെ യു.ഡി.എഫ്. നേതൃത്വവും ഇതുതന്നെയാണ് ആവർത്തിച്ചുകൊണ്ടിരിക്കുന്നത്.

പൊതുവിൽ നമ്മുടെ സംസ്ഥാനത്തെ മൂന്നരക്കോടി ജനങ്ങളുടെ ജീവിതത്തെ അടിസ്ഥാനമാക്കിയാണ് ഇവിടത്തെ ഭരണപരവും ധനപരവുമായ അവസ്ഥ വിലയിരുത്തുന്നത്. കേരളമാകെ തകർന്നുപോകുന്നുവെന്ന് തെറ്റായി സ്ഥിരമായി പ്രചരിപ്പിച്ചാൽ അതിന്റെ നഷ്ടവും നാശവും ഉണ്ടാകുന്നത് കേരളത്തിലെ ഓരോ പൗരനുമാണ്. അതുകൊണ്ട് ഈ വിഷയം കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഇത്തരമൊരു സഭയിൽ ചർച്ച ചെയ്യുന്നത് നല്ലതാണ്. മാത്രമല്ല ഈ ചർച്ചയിലൂടെ ജനങ്ങൾക്ക് ആത്മവിശ്വാസം പകരാനും കേരളത്തെ നിരന്തരമായി ആക്രമിക്കുന്ന കേന്ദ്ര നിലപാടുകൾ മനസ്സിലാക്കുന്നതിനും ചില കണക്കുകളെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ ധാരണ സൃഷ്ടിക്കുന്നതിനും സഹായിക്കുമെന്നതുകൊണ്ടാണ് ഈ ഉപക്ഷേപം ചർച്ച ചെയ്യാൻ തീരുമാനിച്ചത്. അതുപ്രകാരം വളരെ വിശദമായ ചർച്ച നടന്നു. ദൗർഭാഗ്യകരമെന്നുപറയട്ടെ, കോൺഗ്രസ് ഇന്ത്യയിലാകെ എടുക്കുന്ന ഒരു സമീപനമല്ല, കേരളത്തിലെ പ്രതിപക്ഷം ഇവിടെ സ്വീകരിക്കുന്നത്. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.-ക്കെതിരായി അതിശക്തമായ നിലപാടുകളെടുക്കുന്നതിനായി ഇന്ത്യാമുന്നണി

ഒരുമിച്ചുനിൽക്കുകയാണ്. ദീർഘവീക്ഷണമില്ലാത്തതും രാജ്യത്തെ പൊതുവായി കാണാത്തതും സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാത്തതുമായ നിങ്ങളുടെ രാഷ്ട്രീയം കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കേരളത്തെക്കുറിച്ച് പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനമെന്താണ്? കേരളത്തിന്റെ വികസനസൂചികകളെ സംബന്ധിച്ച് ഞങ്ങൾ പറയാൻ സാധ്യതയുള്ളതിനാൽ അതിനെക്കുറിച്ച് പരാമർശിച്ചിട്ടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചർച്ച അവസാനിപ്പിച്ചത്. സംസ്ഥാനത്ത് കഴിഞ്ഞ നാളുകളിൽ വരുമാനം വർധിച്ചിട്ടുണ്ടോ, ചെലവ് വെട്ടിക്കുറച്ചോ, ചെലവ് നടക്കാതിരുന്നോ തുടങ്ങിയവയെ അടിസ്ഥാനമാക്കിയാണ് ഒരു ഗവൺമെന്റിനെയും നാടിനെയും ഭരണത്തെയും സംബന്ധിച്ച് സാധാരണ വിലയിരുത്തുന്നത്. സംസ്ഥാനത്തിന്റെ വരുമാനത്തെയും ചെലവിനെയും കുറിച്ച് പരിശോധിക്കാം. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പണം ചെലവഴിച്ചത് തൊട്ടുമുമ്പുള്ള ഗവൺമെന്റാണ്. ഒന്നാം പിണറായി വിജയൻ ഗവൺമെന്റ് ഒരു വർഷം 1,00,000 കോടി രൂപയിൽ താഴെനിന്നും തുടങ്ങി

1,38,000 കോടി രൂപയാണ് ചെലവാക്കിയത്. അതായത് ആ സർക്കാരിന്റെ ഓരോ വർഷത്തെയും ശരാശരി ചെലവ് 1,13,000 കോടി രൂപയാണ്. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവുൾപ്പെടെ മന്ത്രിമാരായിരുന്ന ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്തെ ശരാശരി ചെലവ് ഏകദേശം 70,000 കോടി രൂപ മാത്രമാണ്. എന്നാൽ ഇന്നത്തെ ചർച്ച കേട്ടാൽ തോന്നുന്നത് 1,13,000 കോടി രൂപ ഒരുവർഷം ചെലവാക്കിക്കൊണ്ടിരുന്ന സ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പണമില്ലാത്തതിനാൽ അതിനെക്കാളും ചെലവ് ചുരുക്കിയെന്നാണ്. പക്ഷേ ഈ കഴിഞ്ഞ മൂന്നുവർഷത്തിൽ, ഒരു വർഷത്തെ ശരാശരി ചെലവ് 1,60,000 കോടി രൂപയാണ്. 47,000 കോടി രൂപ വർധിച്ചു. അങ്ങേയ്ക്ക് അക്കാര്യത്തിൽ പുച്ഛസ്വരത്തിൽ ചിരിക്കുകയോ കൈകാണിക്കുകയോ ചെയ്യാം; പക്ഷേ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുന്നതിനാൽ കണക്കുകളെ അടിസ്ഥാനപ്പെടുത്തിയാണ് ഞാൻ പറയുന്നത്. 1,60,000 കോടി രൂപ പോര; കേരളത്തിന് അർഹമായ വിഹിതം കിട്ടണമെന്നതിൽ യാതൊരു തർക്കവുമില്ല. കഴിഞ്ഞവർഷത്തെ കണക്കാണ് ഞാൻ സൂചിപ്പിച്ചത്; ഈ

വർഷത്തെ കണക്ക് നോക്കാം. ഈ വർഷം സെപ്തംബർ മാസം വരെ 94,882 കോടി രൂപ ട്രഷറിയിൽനിന്നും ക്യാഷ് ഫ്ലോ ആയിട്ടുണ്ട്. ട്രഷറിയിൽനിന്നും ചെലവായി പുറത്തേയ്ക്കുപോകുന്ന പണമാണ് ക്യാഷ് ഫ്ലോ. കഴിഞ്ഞവർഷം ഇതേ സമയം 85,700 കോടി രൂപയാണ് ചെലവായത്. അതായത് കഴിഞ്ഞ വർഷം ഈ സമയംവരെ ചെലവായതിനേക്കാൾ 9,000 കോടി രൂപ ഇതുവരെ ചെലവാക്കിക്കഴിഞ്ഞു. കണക്കുകളും ശാസ്ത്രവും അക്കൗണ്ടിംഗും അനുസരിച്ച് ഇതിനെ ഗ്രോത്ത് എന്നാണ് പറയുന്നത്. പക്ഷേ ഈ തുക തികയില്ലെന്നുള്ളത് വസ്തുതയായതിനാൽ സംസ്ഥാനത്തിന് ലഭിക്കാനുള്ളത് നഷ്ടപ്പെടുത്താൻ കഴിയില്ല. സംസ്ഥാന ഗവൺമെന്റിന് ഏറ്റവും കൂടുതൽ വെട്ടിക്കുറവ് വന്ന ഒരു ഘട്ടമാണിത്. 2020-21 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ കണക്കുനോക്കിയാൽ സംസ്ഥാനത്തിന്റെ തനതു വരുമാനത്തിൽ (State's Own Tax Revenue - SOTR) 64.10% വർധനവ് വരുത്താൻ കഴിഞ്ഞിട്ടുണ്ട്. 2020-21-ൽ കോവിഡായതിനാൽ വർധനവുണ്ടാകേണ്ട സമയമായിരുന്നില്ലെങ്കിലും, മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന് നല്ല വർധനവുണ്ടായിട്ടുണ്ട്. 2020-21-ൽ

47,660 കോടി രൂപയായിരുന്ന നികുതി വരുമാനം 2023-24-ൽ 74,329 കോടി രൂപയായി വർധിച്ചു. നികുതിയേതര വരുമാനത്തിലും 100 ശതമാനത്തിലധികം വർധനയുണ്ടായി. 2020-21-ൽ 7,327 കോടി രൂപയായിരുന്ന നികുതിയേതര വരുമാനം 2023-24-ൽ 16,346 കോടി രൂപയായി വർധിച്ചു. കേരളത്തിനുപുറത്തുള്ള പ്രവാസികളുൾപ്പെടെ പണം നിക്ഷേപിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുമ്പോൾ കേരളം തകരാൻ പോകുകയാണെന്നും ഇവിടെയാകെ പ്രശ്നമാണെന്നും നിങ്ങൾ പ്രചരിപ്പിച്ചാലുണ്ടാകുന്ന ഫലമെന്താണ്? 20,063 കോടി രൂപയായിരുന്ന റവന്യൂക്കമ്മി കഴിഞ്ഞവർഷം 18,140 കോടി രൂപയായും ധനക്കമ്മി 35,203 കോടി രൂപയിൽനിന്നും 34,257 കോടി രൂപയായും കുറഞ്ഞിട്ടുണ്ട്. 2020-21-ൽ കോവിഡിന്റെ പശ്ചാത്തലത്തിൽ 4.56 ശതമാനമായിരുന്ന ധനക്കമ്മി കഴിഞ്ഞവർഷം 2.9 ശതമാനമായും റവന്യൂക്കമ്മി 2.6 ശതമാനത്തിൽനിന്നും 1.5 ശതമാനമായും താഴ്ത്തിട്ടുണ്ട്. ഇത്തരം നിരക്കുകളുടെ അടിസ്ഥാനത്തിലാണ് സാധാരണയായി ഓരോ മേഖലയുടെയും

സാമ്പത്തിക സ്ഥിതി പരിശോധിക്കുന്നത്. സംസ്ഥാനത്തിന്റെ ആകെ കടത്തിന്റെ കാര്യമെടുത്താൽ, ജി.എസ്.ഡി.പി.-യുമായുള്ള കടത്തിന്റെ അനുപാതം 2020-21-ൽ 38.41 ശതമാനമായിരുന്നത് കഴിഞ്ഞവർഷം 33.4 ശതമാനമായി കുറയ്ക്കാനായി. അത് കുറയുന്ന ട്രെൻഡിലാണ്. കേരളം ധനദൃഢീകരണത്തിന്റെ പാതയിലാണെന്നാണ് അക്കൗണ്ടന്റ് ജനറൽ പറഞ്ഞത്. കേന്ദ്രസർക്കാർ കേരളത്തോട് കാണിക്കുന്ന കൊടിയ അവഗണനമൂലമാണ് ഈ സാമ്പത്തികഞെരുക്കം ഉണ്ടാകുന്നതെന്ന് സഭയിലിരിക്കുന്ന എല്ലാവർക്കുമറിയാം. ആ അവഗണനയെ സംബന്ധിച്ച് വേണ്ടത്ര ചർച്ച ഇവിടെ നടന്നിട്ടില്ല. കേന്ദ്രസർക്കാരിനെതിരെ പറയാതിരുന്നാൽ പരാതി പറയുമെങ്കിലോ എന്നുകരുതി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസംഗം അവസാനിപ്പിക്കുന്നതിനുമുമ്പ് രണ്ടുവാക്ക് സൂചിപ്പിച്ചു. അങ്ങനെ പറഞ്ഞിട്ടെന്താണ് കാര്യം; കേന്ദ്ര നിലപാടിനെക്കുറിച്ച് ആത്മാർഥമായി പറയണ്ടേ? കേന്ദ്രം കേരളത്തോട് കാണിക്കുന്ന സാമ്പത്തിക അവഗണനയ്ക്കെതിരെ എത്രയോ പ്രാവശ്യം ഈ സഭയിൽ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ

അതിനെതിരെ സമരം ചെയ്യുകയും ഏറ്റവുമൊടുവിൽ ഇന്ത്യയിലെ 5 സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാർ പങ്കെടുത്തുകൊണ്ടുള്ള കോൺക്ലേവ് നടത്തുകയും ചെയ്തു. കോൺഗ്രസിലെ യു.ഡി.എഫ്.-ന്റെ നേതൃത്വവും പ്രതിപക്ഷനേതാവുമുൾപ്പെടെ ആ കോൺക്ലേവിൽ പങ്കെടുത്തത് സന്തോഷകരമാണ്. അതിൽ സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ ഉന്നയിക്കാൻ നമുക്ക് കഴിഞ്ഞു. കേന്ദ്രഗവൺമെന്റിന്റെ നിലപാടിനെക്കുറിച്ച് വെറുതെ പറയുന്നതല്ല. കേന്ദ്രത്തിൽനിന്നും 2021-22-ൽ വിവിധയിനങ്ങളിലായി കേരളത്തിന് ലഭിച്ച 47,837 കോടി രൂപ 2022-23-ൽ 45,639 കോടി രൂപയായും 2023-24-ൽ അക്കൗണ്ടന്റ് ജനറലിന്റെ കണക്കനുസരിച്ച് 33,811 കോടി രൂപയായും കുറഞ്ഞു. രണ്ടുമൂന്ന് വർഷംകൊണ്ട് 26%, അതായത് 14,026 കോടി രൂപയുടെ കുറവാണുണ്ടായത്. സാധാരണയായി ഇങ്ങനെ കുറയാറുള്ളതല്ല. 2021-22-ൽ കേന്ദ്ര സർക്കാരിൽനിന്നും ഗ്രാന്റ്-ഇൻ-എയ്ഡായി കേരളത്തിന് ലഭിച്ചത് 30,017 കോടി രൂപയായിരുന്നത് കഴിഞ്ഞവർഷം 12,068 കോടി രൂപയായി കുറഞ്ഞു. ഇത് കുറവാണെന്ന് ഭരണകക്ഷി ബഞ്ച് മാത്രമല്ല പ്രതിപക്ഷ ബഞ്ചും അംഗീകരിക്കുമെന്ന് ഞാൻ

കരുതുന്നു. 2021-22-ൽ മുൻവർഷത്തെ അപേക്ഷിച്ച് കേന്ദ്ര ഗ്രാന്റുകളിൽ 3.38% കുറവുണ്ടായി. കഴിഞ്ഞവർഷം സംസ്ഥാനത്തിന് ലഭിക്കേണ്ട ഗ്രാന്റുകളിൽ 56 ശതമാനമാണ് വെട്ടിക്കുറച്ചത്. 2021-22-ൽ സംസ്ഥാനത്തെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ (ജി.എസ്.ഡി.പി.) 5.12% കേന്ദ്രത്തിൽനിന്നുള്ള ധനകൈമാറ്റങ്ങളായിരുന്നു. എന്നാൽ 2023-24-ൽ അത് 2.88 ശതമാനമായി ചുരുങ്ങി. 2.88% എന്നുപറഞ്ഞാൽ പതിനായിരക്കണക്കിന് കോടി രൂപയാണ്. കിഫ്ബിപോലുള്ള ഏജൻസികളോടുള്ള കേന്ദ്രസമീപനം അങ്ങേയ്ക്കറിയാവുന്നതാണ്. കേരളത്തിന്റെ പൊതു സാമ്പത്തികസ്ഥിതിയെ സംബന്ധിച്ച കണക്കുകളാണ് ഞാനിവിടെ പറഞ്ഞത്. ദുർബലമായ ഒരു കേസ് വാദിക്കാൻ പോകുന്ന ആത്മവിശ്വാസമില്ലാത്ത ഒരു വക്കീലിന്റെ സമീപനമാണ് ഉപക്ഷേപാവതാരകനുള്ളതെന്ന് ചില അംഗങ്ങൾ സൂചിപ്പിച്ചു. സാധാരണ അദ്ദേഹം കുറച്ചുകൂടി അഗ്രസ്സീവായി പറയുന്നതാണ്. തന്റെ വാദം ജയിക്കാൻ എന്തും പറയാൻ മടിയില്ലാത്ത ഒരാളെന്ന നിലയിൽ അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും കുറച്ചുകൂടി അഗ്രസ്സീവായി കാര്യങ്ങൾ പറയുമെന്ന് കരുതി. ഏതായാലും ഈ വിഷയത്തിൽ പരിമിതിയുള്ളതിനാൽ

അധികം കാര്യങ്ങൾ അദ്ദേഹത്തിന് പറയാനില്ല; അത് അദ്ദേഹത്തിന്റെ കുഴപ്പമല്ല, അത്രയേ പറയാനുള്ളൂ. സംസ്ഥാന സർക്കാർ പണമെല്ലാം പിടിച്ചുവച്ചിരിക്കുകയാണെന്നും അതുസംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഇവിടെ പറയുകയുണ്ടായി. പദ്ധതികളിലും പണം ചെലവാക്കുന്നതിലും വെട്ടിക്കുറവ് വരുത്തുന്ന സമീപനം സംസ്ഥാന ഗവൺമെന്റിനില്ല. പക്ഷേ പദ്ധതി ക്രമീകരിക്കുന്നത് സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പത്ത് കോടി രൂപയ്ക്ക് മുകളിലും താഴെയുമുള്ള പദ്ധതികൾക്ക് താൽക്കാലിക ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക സ്ഥിതി കുറച്ചുകൂടി മെച്ചപ്പെടുമ്പോൾ അതിന്റെ ലിമിറ്റ് വർധിപ്പിക്കും. ആരോഗ്യം, തുറമുഖം, പൊതുമരാമത്ത്, ജലവിഭവം എന്നിവയെല്ലാം ചില പ്രധാനപ്പെട്ട വകുപ്പുകളാണ്. ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് പ്ലാൻ ഫണ്ടിൽ അനുവദിച്ച തുകയുടെ 56.80% ഇപ്പോൾതന്നെ ചെലവഴിച്ചിട്ടുണ്ട്. തുറമുഖ വകുപ്പ് 64.43 ശതമാനവും പൊതുമരാമത്ത് വകുപ്പ് 52.55 ശതമാനവും ജലവിഭവ വകുപ്പ് 55.83 ശതമാനവും പ്ലാനിംഗ് ആൻഡ് ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ടുമെന്റ് 55.51 ശതമാനവും

ചെലവഴിച്ചിട്ടുണ്ട്. നിയമസഭയ്ക്ക് പ്രത്യേക ഹെഡ്ഡാണുള്ളത്. അത് ഇതിനകത്ത് വരുന്നതല്ലെങ്കിലും 265.93 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്. എല്ലായിടത്തും അത്തരത്തിൽ എക്സ്പെൻഡിച്ചർ ഉണ്ടാകുന്നുണ്ട്. പദ്ധതികൾ കട്ട് ചെയ്യുകയെന്ന നിലയിലല്ല കാര്യങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. ഇതുവരെയുള്ള ക്യാഷ് ഫ്ലോ സംബന്ധിച്ച് ഞാൻ പറഞ്ഞു. കഴിഞ്ഞവർഷം ചെലവായതിനെക്കാളും ഒൻപതിനായിരം കോടി രൂപയുടെ കാഷ് ഔട്ട് ഫ്ലോ വന്നുകഴിഞ്ഞു. സാധാരണഗതിയിൽ കഴിഞ്ഞ വർഷത്തെക്കാളും ചെലവുകുറയ്ക്കാതെ അധികം ചെലവാക്കിതന്നെ ഈ വർഷം പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്രത്തിൽനിന്നുള്ള തുക ലഭിക്കാത്തതുകൊണ്ട് ഫിസ്കൽ മാനേജ്മെന്റിന്റെ പ്രശ്നമുണ്ടെന്നല്ലാതെ പദ്ധതികളാകെ കട്ട് ചെയ്യുന്ന തരത്തിലുള്ള നടപടികളിലേക്ക് സർക്കാർ നീങ്ങിയിട്ടില്ല. ധന മാനേജ്മെന്റിന്റെ പ്രശ്നത്തെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. തിരഞ്ഞെടുപ്പ് കഴിഞ്ഞ് ഇവിടെ നടന്ന ചർച്ചയിൽ കുറെകാര്യങ്ങൾ പറഞ്ഞു, അതിനുശേഷം കാര്യങ്ങൾ കൈകാര്യം ചെയ്യാൻ പോകുന്നത് എങ്ങനെയാണെന്നതുസംബന്ധിച്ച്

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പ്രസ്താവന സഭയിൽ നടത്തുകയുണ്ടായി. ഓണക്കാലത്ത് കേരളത്തിലെ ഒരുസ്ഥലത്തും നിത്യോപയോഗ സാധനങ്ങൾക്ക് വിലകൂടിയില്ലെന്ന് മാത്രമല്ല ദൗർലഭ്യവുമുണ്ടായില്ല. വിലക്കയറ്റം വലിയ പ്രശ്നമാണെന്നുള്ള റിസർവ് ബാങ്കിന്റെ കണക്കുകൾ ഇന്ന് പുറത്തുവന്നിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റിന് വിലക്കയറ്റം നിയന്ത്രിക്കാൻ സാധിക്കുന്നില്ല. പക്ഷേ നമ്മുടെ സംസ്ഥാനത്ത് വിലക്കയറ്റം പിടിച്ചുനിർത്താൻ സാധിച്ചുവെന്ന് മാത്രമല്ല, ആവശ്യംപോലെ സാധനങ്ങൾ എല്ലായിടത്തും ഉണ്ടെന്നുള്ളതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതൊരു സമീപനത്തിന്റെ പ്രശ്നം തന്നെയാണ്. ചില കാര്യങ്ങൾ വെറുതെ പറയുന്നതല്ല. 2024-ലെ സാമ്പത്തികശാസ്ത്രത്തിനുള്ള നോബൽ സമ്മാനം ഇന്നലെയാണ് പ്രഖ്യാപിച്ചത്. ടർക്കിഷ് അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞനായ പ്രൊഫ. ഡാരോൺ അസെമോഗ്ലു, ബ്രിട്ടീഷ് വംശജനായ പ്രൊഫ. സൈമൺ ജോൺസൺ, അമേരിക്കക്കാരനായ പ്രൊഫ. ജെയിംസ് എ. റോബിൻസൺ എന്നിവരാണ് ഈ വർഷത്തെ നോബൽ സമ്മാനത്തിന് അർഹരായത്. അവരുടെ വിഷയംതന്നെ വ്യത്യസ്തമാണ്, “How institutions

are formed and affect prosperity" എന്നതായിരുന്നു വിഷയം. "Reducing the vast differences of income between countries is one of our time's greatest challenges" എന്നൊരു പ്രബന്ധമാണ് അവർ തയ്യാറാക്കിയത്. അതിനകത്ത് അവർ "there are political, economic and administrative reasons behind this phenomenon" എന്നാണ് പറഞ്ഞിരിക്കുന്നത്. ശ്രീ. അമർത്യ സെൻ പറഞ്ഞത്, എത്ര വലിയ മുതലാളിത്ത വികസന സാമ്രാജ്യത്വ നയങ്ങളുള്ള രാജ്യങ്ങളായാലും ആ രാജ്യങ്ങളുടെ നയങ്ങളുടെ കാര്യത്തിൽ രാഷ്ട്രീയമായും ഭരണപരമായുമെടുക്കുന്ന സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് രാജ്യങ്ങൾക്ക് അവരുടെ ദാരിദ്ര്യവും അതുപോലെ വ്യത്യാസവും തുടച്ചുമാറ്റാൻ കഴിയുന്നത് എന്നാണ്. 1990-കളിൽ കേന്ദ്രത്തിലെ കോൺഗ്രസ് ഗവൺമെന്റ് കൊണ്ടുവന്ന ഗ്ലോബലൈസേഷൻ സൃഷ്ടിച്ചേക്കാവുന്ന പ്രശ്നങ്ങളെക്കുറിച്ച് ഇടതുപക്ഷം അന്ന് സംസാരിച്ചതെല്ലാം തെറ്റായിപ്പോയെന്നും അതുമൂലമുണ്ടായ പ്രോസ്പിരിറ്റി കണ്ടില്ലേയെന്നുമാണ് ഡോ. മാത്യു കുഴൽനാടൻ ചോദിച്ചത്. എന്നാൽ അന്ന് കെ.പി.സി.സി. പ്രസിഡന്റായിരുന്ന ശ്രീ. വി. എം. സുധീരൻ, ശ്രീമതി സോണിയ ഗാന്ധിക്ക്

എഴുതിയ കത്തിന്റെ രണ്ട് വാചകങ്ങൾ ഞാൻ ഇവിടെ ഉദ്ധരിക്കാം. ആ കത്തിന്റെ രണ്ടാമത്തെ പാരഗ്രാഫിൽ പറയുന്നത് ഇപ്രകാരമാണ്: "Experiences so far has proved that the liberalised economic policies which was adopted since Narasimha Rao's regime has benefited only the rich and the corporates. The unfortunate outcome of this is that the poor, the middle class and the marginalised sections of our society distance away from Congress Party." ശ്രീ. വി. എം. സുധീരൻ പറഞ്ഞതുപോലെ കോൺഗ്രസ് പാർട്ടിയിൽനിന്നും അവർ ഒഴിവായി ദൂരത്തേയ്ക്ക് പോയെന്ന് മാത്രമല്ല, എത്ര ലക്ഷം കർഷകരാണ് ഇതിന്റെ ഫലമായി ആത്മഹത്യ ചെയ്തതെന്നാണ് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ചോദിക്കുന്നത്. കർഷകരുടെ ആത്മഹത്യയും അന്നത്തെ സാമ്പത്തിക നയവുമല്ലേ ബി.ജെ.പി.-യെ അധികാരത്തിൽ കൊണ്ടുവരാൻ സഹായിച്ചത്. ആ സാമ്പത്തികനയം ഇപ്പോഴും നല്ലതാണെന്ന് പറയുന്ന നിങ്ങളുടെ നയം കൊള്ളാം.

ജി.എസ്.ടി.-യെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. ജി.എസ്.ടി. കൊണ്ടുവന്നതാരാണ്? സംസ്ഥാനങ്ങളുടെ അവകാശങ്ങൾ കട്ട് ചെയ്യാൻ പ്രണബ് മുഖർജിയുടെ കാലത്ത് തുടങ്ങി ശ്രീ. പി. ചിദംബരത്തിന്റെ കാലത്ത് ഫൈനലൈസ് ചെയ്ത് അരുൺ ജെയ്റ്റ്ലി നടപ്പാക്കിയതാണത്. നിങ്ങളാണ് ജി.എസ്.ടി. കൊണ്ടുവന്നത്. ഞാനും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും പാർലമെന്ററികാര്യ വകുപ്പുമന്ത്രിയും അടക്കമുള്ളവർ അന്ന് പാർലമെന്റിൽ ഉണ്ടായിരുന്നു. ആ സമയത്ത് ഇതുസംബന്ധിച്ച് ചർച്ചവരികയും ഞങ്ങൾ കൃത്യമായ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു. അത് നല്ലതാണെന്ന ധാരണയാണ് ഞങ്ങൾക്ക് ആദ്യമുണ്ടായിരുന്നത്. എന്നാൽ അതിനെക്കുറിച്ച് പഠിച്ചശേഷം അവിടെ ഡിസെന്റ് നോട്ട് കൊടുത്തു. എന്റെയും സി.പി.ഐ.-യുടെ ജനറൽ സെക്രട്ടറിയായ സഖാവ് ഡി. രാജയുടെയും ഡിസെന്റ് നോട്ട് പാർലമെന്റിലെ രേഖകളിലുണ്ട്. സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാർ പിച്ചചട്ടിയുമായി കേന്ദ്രത്തിലേയ്ക്ക് വരേണ്ടിവരുമെന്നാണ്, The Finance Ministers will be compelled to come to the Centre with begging bowls. So this is affecting

the Federalism എന്ന് പറയുന്നതാണ് ആ ഡിസെന്റ് നോട്ട്, അതിനകത്ത് മറ്റ് കാര്യങ്ങളും പരാമർശിക്കുന്നുണ്ട്. അതെടുത്ത് പരിശോധിക്കാവുന്നതാണ്. ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഇതായിരിക്കും സംഭവിക്കുന്നതെന്ന് അഭിപ്രായം പറഞ്ഞവരാണ് ഞങ്ങൾ. ജി.എസ്.ടി. സംസ്ഥാനങ്ങളുടെ എല്ലാ അവകാശങ്ങളെയും കടന്നാക്രമിക്കും. ഇക്കാര്യങ്ങൾ മനസ്സിലായതിനാലാണ് സംസ്ഥാനങ്ങളുടെ അവകാശം സംരക്ഷിക്കാനും ഇന്ത്യയെ സംരക്ഷിക്കാനുമായി ഇവിടെ നടന്ന കോൺക്ലേവിൽ തെലങ്കാനയിലെ ഉപമുഖ്യമന്ത്രിയും കർണ്ണാടകത്തിലെ റവന്യൂ വകുപ്പുമന്ത്രിയും തമിഴ്നാട്ടിലെയും പഞ്ചാബിലെയും മന്ത്രിമാരും അടക്കമുള്ളവർ പങ്കെടുത്തത്. ഇത് ചെറിയൊരു കാലയളവിലേക്ക് മാത്രമുള്ള വിഷയമല്ല. ഇന്ത്യാ രാജ്യം ഇങ്ങനെ മുന്നോട്ടുപോകണമോയെന്നുള്ള പ്രശ്നം ഫെഡറലിസവുമായി ബന്ധപ്പെട്ടതാണ്. 1990-കളിലെ കാര്യം ഇവിടെ പറഞ്ഞു, അതിൽ സംഭവിച്ച തെറ്റുകൊണ്ടാണ് ബി.ജെ.പി. ഇവിടെ വരെ എത്തിയത്. ഞങ്ങൾ അധികാരത്തിൽവന്ന് ആദ്യത്തെ വർഷം കേരളം ശ്രീലങ്കപോലെ ആകുമെന്നായിരുന്നു നിങ്ങളുടെ പ്രചാരണമെന്നത് സംബന്ധിച്ച് ശ്രീ. കെ.

ബാബു (നെന്മാറ) ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളം, ശ്രീലങ്ക ആയില്ലെന്ന് മാത്രമല്ല, ശ്രീലങ്ക കേരളത്തിന്റെ വഴിയെ വരുന്നുവെന്നുള്ളത് ചെറിയൊരു കാര്യവുമല്ല. അവിടെ പ്രസിഡന്റിന്റെ വീട് ഉൾപ്പെടെ പിടിച്ചെടുത്ത സാഹചര്യത്തിൽ, അവിടത്തെ ഇപ്പോഴത്തെ പ്രസിഡന്റും പാർട്ടിയുമാണ് ജനങ്ങൾക്കൊപ്പംനിന്ന് അവർക്കുവേണ്ടി സ്ഥിരമായി സമരം ചെയ്തത്. അത് അവിടെ മാത്രം നിൽക്കുന്ന വിഷയമല്ല. ലോകത്താകെ വരുന്ന പ്രശ്നങ്ങൾ അതുതന്നെയാണ് കാണിക്കുന്നത്. ഏറ്റവുമൊടുവിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പേമെന്റ് പോലും കേന്ദ്രത്തിന് കൊടുക്കണമെന്നും അവിടെനിന്നും സംസ്ഥാനത്തിന് നൽകുമെന്നുമാണ് കേന്ദ്രത്തിൽനിന്നും ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. ജലം സംസ്ഥാനത്തിന്റെ പരിധിയിൽ വരുന്ന വിഷയമാണ്. എല്ലാ കാര്യങ്ങളും കേന്ദ്ര ഗവൺമെന്റ് പിടിച്ചെടുക്കുന്ന തരത്തിലുള്ള സമീപനം വന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് അക്കാര്യങ്ങൾക്കെതിരെ നിലപാട് സ്വീകരിക്കാൻ നമുക്കൊരുമിച്ച് നിൽക്കണം. ഉദാരവൽക്കരണ നയത്തിനെയും മറ്റ് കാര്യങ്ങളെയും സംബന്ധിച്ച് പറയേണ്ടല്ലോ.

കേരളത്തിന്റെ ജി.ഡി.പി.-യുടെ വളർച്ചയെക്കുറിച്ച് പറഞ്ഞു. കേരളത്തിന്റെ ജി.ഡി.പി. മൂന്ന് ശതമാനത്തിൽനിന്നും വളർന്ന് ഒരു ഘട്ടത്തിൽമാത്രം 4.1 ശതമാനത്തിലേക്ക് വരികയും വീണ്ടും 3.8 ശതമാനത്തിലെത്തി നിൽക്കുകയുമാണ്. ജി.ഡി.പി. നിരക്ക് ഇത്രയും എത്തിനിൽക്കുന്ന കേരളത്തിന് ലഭിക്കേണ്ട അർഹമായ വിഹിതം കേന്ദ്രത്തിൽനിന്നും ലഭിക്കുന്നില്ല. ഉപക്ഷേപാവതാരകൻ കമ്പയറബിൾ സ്റ്റേറ്റ്സിനെക്കുറിച്ച് പറഞ്ഞു. Yes, we have to compare the comparables. When we are discussing about the divisible pool of the central government, we have to compare the comparables. കേരളത്തിന്റെ തത്തുല്യമായ ജനസംഖ്യപോലുമില്ലാത്ത ആസാമിനും ഛത്തീസ്ഗഡിനും ഒഡീഷയ്ക്കും ജാർഖണ്ഡിനും നാല് ശതമാനത്തിനടുത്ത് വിഹിതം ലഭിക്കുമ്പോൾ നമുക്ക് 1.9 ശതമാനം മാത്രമെ ലഭിക്കുന്നുള്ളൂ. അതുമാത്രമല്ല, ഇന്ത്യയിൽ ഈ സംസ്ഥാനങ്ങളുടെ ജി.എസ്.ഡി.പി.-യുടെ കണക്കെടുക്കുമ്പോൾ, ഇന്ത്യയുടെ ആകെയുള്ള ജി.ഡി.പി.-യിൽ കേരളത്തിന്റേത് 3.8 ശതമാനമാണ്. ഞാൻ ഒരു സംസ്ഥാനത്തെയും താരതമ്യം ചെയ്ത് ആ സംസ്ഥാനത്തിന്

നൽകരുതെന്ന് പറയുന്ന അഭിപ്രായക്കാരനല്ല. പക്ഷേ പശ്ചിമ ബംഗാളിന് 5.6 ശതമാനവും ഉത്തർപ്രദേശിന് 8.4 ശതമാനവും കർണ്ണാടകത്തിന് 8.2 ശതമാനവുമാണ് ഇപ്പോൾ നൽകുന്നത്. ഇന്ത്യയിലെ ആകെ ജി.ഡി.പി.-യുടെ 3.8 ശതമാനം കേരളത്തിന്റേതാണ്. ഇന്ത്യയുടെ 100 രൂപ വരുമാനത്തിൽ 3.8 രൂപ നൽകുന്ന കേരളത്തിന് സംസ്ഥാന വിഹിതമായി ലഭിക്കുന്നത് 1.90 രൂപ മാത്രമാണ്. അതേസമയം 9.5 ശതമാനം വരുമാനം കൊടുക്കുന്ന ഉത്തർപ്രദേശ് പോലുള്ള മറ്റുസംസ്ഥാന സർക്കാരുകൾക്ക് സംസ്ഥാന വിഹിതമായി കേന്ദ്രത്തിൽനിന്നും ലഭിക്കുന്നത് 18 ശതമാനമാണ്. ഞാൻ അത് കൊടുക്കണ്ടെന്നല്ല പറഞ്ഞത്. അവരുടെ വരുമാനത്തിന്റെ ഇരട്ടിയാണ് സംസ്ഥാന വിഹിതമായി നൽകുന്നത്. സംസ്ഥാനത്തിന്റെ പോരായ്മകൾ ചർച്ച ചെയ്ത് പരിഹരിക്കണം. പക്ഷേ നമ്മുടെ നേട്ടങ്ങളെ അവഗണിക്കാൻ പാടില്ല. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന മേഖലയിലെ ഏത് കണക്ക് പരിശോധിച്ചാലും കേരളം മുന്നിലാണ്. സംസ്ഥാനത്തിന്റെ പെർഫോമൻസ് മോശമാണ്, സാമ്പത്തിക അടിത്തറ തകർന്നുപോയിയെന്ന് പറഞ്ഞാൽ, പിന്നെ എങ്ങനെയാണ് കേന്ദ്ര സർക്കാരും ദേശീയ

അന്തർദേശീയ ഏജൻസികളും പുറത്തുവിടുന്ന എല്ലാ റിപ്പോർട്ടുകളിലും കേരളം ഒന്നാമതായി വരുന്നത്? മാനവ വിഭവശേഷിയുടെ എല്ലാ ഘടകങ്ങളിലും കേരളം മുമ്പിലാണ്. നീതി ആയോഗ്, ആർ.ബി.ഐ., ദേശീയ കുടുംബാരോഗ്യ സർവെ, യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം, ഇന്ത്യ സ്കിൽസ് റിപ്പോർട്ട് എന്നിവ അടുത്തകാലത്ത് പുറത്തുവിട്ട എല്ലാ റിപ്പോർട്ടുകളിലും കേരളത്തിന് മുന്നേറ്റമുള്ളതായാണ് പറയുന്നത്. നീതി ആയോഗിന്റെ മൾട്ടിഡൈമെൻഷണൽ പോവർട്ടി ഇൻഡക്സിൽ രാജ്യത്തെ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനം കേരളമാണ്. കേരളത്തിലെ ദരിദ്രരുടെ എണ്ണം 0.002 ശതമാനമാണ്. ഇന്ത്യയിൽ ദരിദ്രരുടെ എണ്ണം അത്രയും കുറവുള്ള വേറെ ഏതെങ്കിലും സംസ്ഥാനമുണ്ടോ? തുടർച്ചയായി രണ്ടാം തവണയാണ് കേരളത്തിന് ഈ നേട്ടം കൈവരിക്കാനാകുന്നത്. കേരളത്തിൽ അതിദരിദ്രരുടെ എണ്ണം 0.44 ശതമാനമാണ്. അതിദാരിദ്ര്യം തുടച്ചുനീക്കുന്ന തരത്തിലുള്ള ഒരു പ്രത്യേക പദ്ധതിക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ രൂപം നൽകുന്നുണ്ട്. കേരളം ഈ വർഷം മുഴുവൻ ആളുകളെയും

അതിദാരിദ്ര്യത്തിൽനിന്ന് മോചിപ്പിക്കുന്ന തരത്തിൽ എത്തുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തിലെ ശിശുമരണനിരക്ക് ആയിരത്തിൽ ആറ് പേർ എന്നാകുമ്പോൾ അഖിലേന്ത്യാ അനുപാതത്തിൽ അത് 28 ആണ്. നിയമസഭയിൽ ഓരോ കാര്യവും നെഗറ്റീവായി പറയുകയും അത് അപ്പോൾത്തന്നെ സോഷ്യൽ മീഡിയയിൽ പോകുകയും ചെയ്യുന്ന രീതിയാണ് ഇപ്പോഴുള്ളത്, അതിനാലാണ് ഇക്കാര്യങ്ങൾ വീണ്ടും പറയുന്നത്. യു.ഡി.എഫ്. നേതാക്കൾ ഈ കണക്കുകൾ ഒന്നുകൂടി ഓർക്കുന്നത് നല്ലതാണ്. ഏറ്റവും കുറവ് മാതൃമരണ നിരക്കുള്ളത് കേരളത്തിലാണ്; 19 ആണ് കേരളത്തിലെ മാതൃമരണ നിരക്ക്. എന്നാൽ ദേശീയതലത്തിൽ അത് 97 ആണ്. കേരളത്തിന്റെ ശരാശരി ആയുർദൈർഘ്യം 75 വയസ്സാകുമ്പോൾ ഇന്ത്യയിലെ ശരാശരി 70 വയസ്സാണ്. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം, മറ്റ് സുസ്ഥിര വികസന സൂചികകൾ, മാനവ വികസന സൂചിക, നീതി ആയോഗിന്റെ സ്റ്റേറ്റ് ഹെൽത്ത് ഇൻഡക്സ് എന്നിവയിലെല്ലാം കേരളം മുന്നിലാണ്. ആർ.ബി.ഐ.-യുടെ ഹാൻഡ് ബുക്കിലെ മനുഷ്യ വിഭവ വികസന സൂചികയിൽ കേരളം ഒന്നാമതാണ്. കേരളത്തിലെ

അതിദരിദ്രരുടെ എണ്ണം 0.44 ശതമാനമാണെങ്കിൽ ഉത്തർപ്രദേശിൽ അത് 22.93 ശതമാനവും മധ്യപ്രദേശിൽ 20.63 ശതമാനവുമാണ്. ജീവിത ദൈർഘ്യത്തിന്റെ സൂചിക, പോഷകാഹാരക്കുറവുള്ള കുട്ടികളുടെ എണ്ണത്തിലെ കുറവ് എന്നിവയിലെല്ലാം നമ്മുടെ സംസ്ഥാനം മുന്നിലാണ്. കേരളത്തിലെ 98.7 ശതമാനം വീടുകളിലും ശൗചാലയമുണ്ടെന്നാണ് കണക്ക്. ഇക്കാര്യത്തിലും കേരളം ഒന്നാമതാണ്. രണ്ടാം സ്ഥാനത്തുനിൽക്കുന്ന പഞ്ചാബിൽ ഇത് 86.6 ശതമാനമാണ്. പെൺകുട്ടികളുടെ സ്കൂൾ പ്രവേശനത്തിന്റെ നിരക്ക് പരിശോധിക്കുകയാണെങ്കിൽ 95.5 ശതമാനം കുട്ടികളും സ്കൂളിൽ ചേരുന്നുണ്ട്. കുട്ടികൾ കൊഴിഞ്ഞുപോകുന്നത് തടയുന്നതിലും ദരിദ്രരും സാധാരണക്കാരും തമ്മിലുള്ള അന്തരത്തിലും മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളം മെച്ചപ്പെട്ട നിലവാരം പുലർത്തുന്നു. തൊഴിൽ ചെയ്യാൻ നമ്മുടെ ചെറുപ്പക്കാർ നാട്ടിൽ നിൽക്കുന്നില്ലെന്ന് പറഞ്ഞു. 2024-ലെ ഇന്ത്യ സ്കിൽസ് റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ യുവജനങ്ങൾ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന തൊഴിലിടം കേരളമാണ്. 18 മുതൽ 21 വരെ പ്രായമുള്ളവർക്ക് മികച്ച തൊഴിൽ സാധ്യത

ഉറപ്പാക്കുന്നതിൽ കേരളം രണ്ടാമതാണ്. 18 മുതൽ 21 വരെ പ്രായമുള്ളവർ തൊഴിൽ ചെയ്യാൻ ഇഷ്ടപ്പെടുന്ന ഒരു നഗരം തിരുവനന്തപുരമാണെന്നാണ് സ്റ്റഡി റിപ്പോർട്ടിൽ വന്നിട്ടുള്ളത്. ഇന്ത്യയിൽ പ്രായവ്യത്യാസമില്ലാതെ സ്ത്രീകളും പുരുഷന്മാരും ഒരുപോലെ ജോലി ചെയ്യാൻ ഇഷ്ടപ്പെടുന്ന നഗരങ്ങളിൽ കൊച്ചിയും തിരുവനന്തപുരവും മുൻനിരയിലാണെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. ഇന്ത്യയിൽ വനിതകൾ ജോലി ചെയ്യാൻ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന ഒരു നഗരം കൊച്ചിയാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, ഇന്ന് രാവിലെ കേരളം കേട്ടത് വളരെ ഞെട്ടിക്കുന്ന ഒരു വാർത്തയാണ്. അതിനെക്കുറിച്ച് പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ചു.

മി. സ്പീക്കർ: അതുപറഞ്ഞുകഴിഞ്ഞതല്ലേ, ... യെസ് ബഹുമാനപ്പെട്ട മിനിസ്റ്റർ ..... പ്ലീസ് ..... പ്ലീസ് ..... മിനിസ്റ്റർ സംസാരിച്ചോളൂ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അത് വേറൊരു വിഷയമാണ്. ചെയർ അനുവദിക്കുകയാണെങ്കിൽ അതിനെക്കുറിച്ച് പറയാം. എന്റെ പ്രസംഗം തുടർന്നോട്ടെ (.... ബഹളം .....)

മി. സ്പീക്കർ: ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി സീറ്റിലിരിക്കൂ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേരളത്തിന്റെ നേട്ടങ്ങൾ പറയാൻ സമ്മതിക്കാതിരുന്നിട്ട് കാര്യമില്ല. കമ്പ്യൂട്ടർ സ്കില്ലിൽ ഇന്ത്യയിലെ ഒന്നാമത്തെ നഗരം തിരുവനന്തപുരവും മൂന്നാം സ്ഥാനത്തുള്ള സംസ്ഥാനമായി കേരളവും വന്നുകഴിഞ്ഞു. (.... ബഹളം .....)

മി. സ്പീക്കർ: യെസ് .... യെസ് ..... ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി സീറ്റിലിരിക്കൂ.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളം വലിയ ഷോക്കിലാണ്. കേരളത്തിലെ ജനങ്ങളും മാധ്യമങ്ങളും ഗൗരവമായി ചർച്ച ചെയ്യുന്ന ഒരു വിഷയത്തെക്കുറിച്ച് എന്റെ പ്രസംഗത്തിൽ പരാമർശിക്കുകയുണ്ടായി. അതുസംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായമെന്താണെന്ന് ചോദിക്കുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒഴിഞ്ഞുമാറുകയാണ്. അതിന് മറുപടി പറഞ്ഞേ മതിയാകൂ; വളരെ ഗൗരവമുള്ള വിഷയമാണ്.

മി. സ്പീക്കർ: അങ്ങ് അക്കാര്യം പറഞ്ഞുകഴിഞ്ഞല്ലോ, അദ്ദേഹം അതിന് മറുപടി പറയുമോയെന്ന് നോക്കാം. യെസ് ... യെസ്..... മിനിസ്റ്റർ ....

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യം ഞാൻ നോട്ട് ചെയ്തിട്ടുണ്ട്. ഞാൻ സംസാരിക്കുമ്പോൾ അതിനെക്കുറിച്ച് പറയും. (.... ബഹളം .....)

മി. സ്പീക്കർ: അങ്ങ് സംസാരിച്ചോളൂ.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പ്രതിപക്ഷം കൊണ്ടുവന്ന നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേലാണ് ചർച്ച നടക്കുന്നത്. അതിൽ ഉന്നയിച്ച വിഷയത്തെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചു. ഈ പറയുന്ന പ്രശ്നങ്ങളെല്ലാം നിലനിൽക്കുമ്പോൾ പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവും സംസാരിച്ചിട്ടുണ്ട്. ഇത് അതിനുശേഷം നടന്ന സംഭവമല്ല. അവർ ഉന്നയിച്ച കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പരാമർശിക്കുകയും ചെയ്യും. നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് മന്ത്രി മറുപടി പറയുമ്പോൾ,

അതിന്റെ പൊള്ളത്തരം തുറന്നുകാണിക്കുന്ന സാഹചര്യത്തിൽ പ്രതിപക്ഷം സ്വീകരിക്കുന്ന ഇത്തരം രീതി അങ്ങേയറ്റം തെറ്റായിട്ടുള്ളതാണ്.

(.... ബഹളം....)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വിഷയം പരാമർശിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അങ്ങ് പ്രസംഗം തുടർന്നോളൂ.

(പ്രതിപക്ഷാംഗങ്ങൾ ഡയസിനുമുന്നിൽ വന്നുനിന്ന് ബഹളം വയ്ക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തുകൊണ്ടിരുന്നു.)

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച വിഷയം രേഖയിലുണ്ടല്ലോ? ഞാൻ ഇവിടെ ടഷറി ബഞ്ചിനുവേണ്ടി സംസാരിക്കുമ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച വിഷയത്തിനുള്ള മറുപടി പറയും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, അങ്ങ് പ്രതിപക്ഷാംഗങ്ങളെ തിരിച്ചുവിളിക്കൂ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സർക്കാരിനുവേണ്ടി ഈ വിഷയത്തിന് മറുപടി പറയുമോയെന്ന് നോക്കാം.

(....ബഹളം.....) പ്ലീസ്... പ്ലീസ് ..... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ഫ്ലോർ ഓർഡറിലാക്കിയാൽ മൈക്ക് തരാം. പ്രതിപക്ഷനേതാവ് പറഞ്ഞ എല്ലാ കാര്യത്തിനും മറുപടി പറയാമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. പിന്നെയെന്തിനാണ് സഭയിൽ ബഹളം വയ്ക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങൾ സഭാനടപടികൾ ബഹിഷ്കരിക്കുന്നു.

(കണ്ണൂർ എ.ഡി.എം.-ന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട വിഷയത്തിൽ മറുപടി പറയാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

മി. സ്പീക്കർ: പ്ലീസ്...പ്ലീസ് ..... മിനിസ്റ്റർ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേരളത്തിൽ ഒരിക്കലും പ്രതിപക്ഷം പറയുന്നതിനെയൊന്നും ഞങ്ങൾ ആക്രമിക്കാറില്ല. അവർ ഉന്നയിച്ച കാര്യത്തിൽ ഉൾക്കാമ്പില്ലാത്തതുകൊണ്ടാണ് സഭാനടപടികൾ ബഹിഷ്കരിച്ചത്. സംസ്ഥാനത്ത് ധനപ്രതിസന്ധിയില്ല, ധനകാര്യ വിഷയത്തിൽ പുറകോട്ട് പോകുന്നില്ലെന്ന് മാത്രമല്ല ശ്രീ. പി. കെ.

കുഞ്ഞാലിക്കുട്ടി പറഞ്ഞതാണ് കാര്യം. പ്രതിപക്ഷം ഭരണപക്ഷത്തെ പിന്തുണച്ചിട്ട് കാര്യമില്ല. കേന്ദ്ര സർക്കാർ, വയനാട് ദുരന്തത്തിന്റെ കാര്യത്തിൽ സ്വീകരിച്ച നടപടി ശരിയാണെന്ന് പറയുന്ന സമീപനമാണ് അവർക്കുള്ളത്. അദ്ദേഹം ഇവിടെ ഉന്നയിച്ച കാര്യങ്ങൾക്ക് ഞാൻ മറുപടി പറയാമെന്ന് പറഞ്ഞതാണ്; അത് കേൾക്കാൻ തയ്യാറല്ല. പ്രതിപക്ഷനേതാവ് ഇക്കാര്യം പറഞ്ഞപ്പോൾ ഞാൻ അത് സൂചിപ്പിച്ചതാണ്. ഇതൊരു ദൗർഭാഗ്യകരമായ സംഭവമാണെന്ന കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു തർക്കവുമില്ല. അതുസംബന്ധിച്ച് അന്വേഷിക്കാൻ ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിച്ച് അതിനെക്കുറിച്ച് അന്വേഷിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. അക്കാര്യങ്ങൾ ശക്തമായി അന്വേഷിച്ച് നടപടി സ്വീകരിക്കുമെന്നതന്നെയാണ് സർക്കാരിന്റെ നിലപാട്. അത് പറയുന്നത് കേൾക്കാൻ താൽപര്യമില്ലാത്തതുകൊണ്ടാണ് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചത്. ഇന്ന് സഭ നിർത്തിവയ്ക്കുന്നതിനുള്ള

ഉപക്ഷേപത്തിന്മേൽ ചർച്ച നടത്തുമെന്ന് അവർ പ്രതീക്ഷിച്ചില്ല. പ്രതിപക്ഷം ഇങ്ങനെ ഇറങ്ങിപ്പോകാൻ പാടില്ലാത്തതാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, നമ്മുടെ പാർലമെന്ററി സംവിധാനം വളരെ തെറ്റായ ഒരു കീഴ്വഴക്കം സൃഷ്ടിക്കുകയാണ്. ജനാധിപത്യ സംവിധാനത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നത് പ്രതിപക്ഷത്തിനുള്ള അവകാശമായി പരിഗണിക്കുന്നതാണ്. നമ്മുടെ സഭയുടെ ചരിത്രം പരിശോധിച്ചാൽ, ഉപക്ഷേപം സംബന്ധിച്ച നോട്ടീസ് അവതരണത്തോടുകൂടി ടി നടപടിക്രമം അവസാനിക്കുന്നതാണ്. എന്നാൽ പ്രതിപക്ഷത്തിന്റെ ഈ ഉപക്ഷേപങ്ങളിൽ പകുതിയിലധികവും കഴിഞ്ഞ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ ചർച്ച ചെയ്തിട്ടുണ്ട്. ഇതിലൂടെ നമ്മുടെ സഭ ഒരു പുതിയ ചരിത്രം സൃഷ്ടിച്ചെന്ന കാര്യവും അങ്ങേയ്ക്കറിയാം. ഈ സെഷനിൽ അവർ കൊണ്ടുവന്ന ഉപക്ഷേപങ്ങളിൽ ഒരു വിഷയമൊഴികെ ബാക്കിയെല്ലാം ചർച്ചചെയ്യാൻ സർക്കാർ തയ്യാറായി. അതിലൂടെ നിയമസഭ ഒരു പുതിയ ചരിത്രം സൃഷ്ടിച്ചു.

നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് രേഖപ്പെടുത്തി അവതരിപ്പിക്കുന്ന വിഷയങ്ങൾ ചർച്ചചെയ്യുന്നത് നിയമസഭയിലൂടെ സമൂഹത്തിന്റെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ അത് കൊണ്ടുവരാനും പരിഹാരം കാണാനുമാണ്. ആ സമയത്ത് ഭരണപക്ഷമെന്ന നിലയിൽ ഞങ്ങളും നിലപാടുകൾ വ്യക്തമാക്കും. 'കേരളമാകെ തകരുന്നു' എന്ന വാചകത്തോടെയാണ് ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ചത്. ഗൗരവത്തോടെ പ്രസംഗം അവസാനിപ്പിച്ച അദ്ദേഹം, വളരെ അടിയന്തര പ്രാധാന്യമുണ്ടെന്ന് സൂചിപ്പിച്ച് അവർ അവതരിപ്പിച്ച ഉപക്ഷേപത്തിന്മേലുള്ള ചർച്ച പൂർത്തീകരിക്കാൻ കൂട്ടാക്കിയില്ല. അതുസംബന്ധിച്ച വോട്ടെടുപ്പുപോലും ആവശ്യപ്പെടാതെ ഇറങ്ങിപ്പോയത് അങ്ങേയറ്റം തെറ്റായ ഒരു ചരിത്രവും കീഴ്വഴക്കവുമാണ് സൃഷ്ടിച്ചത്. സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ചതിനുശേഷം പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവും ഭരണകക്ഷി അംഗങ്ങളും സംസാരിച്ചു. ഇപ്പോൾ അവർ ഇവിടെ പ്രതിപാദിച്ച വിഷയം അതിനുമുമ്പ് നടന്നതാണ്. ചർച്ച ചെയ്യുന്ന അവസരത്തിൽ അത്രയും

ഗൗരവമാണെന്ന് കണ്ടാൽ അപ്പോൾ പ്രതിഷേധിക്കാം. പക്ഷേ അത് ചെയ്തില്ല. അവർ കുറെ കാര്യങ്ങൾ പരാമർശിച്ചു. പരാമർശിച്ച കാര്യങ്ങൾക്കെല്ലാം കൃത്യമായ മറുപടി നൽകാമെന്ന് ധനകാര്യ വകുപ്പുമന്ത്രി സഭയിൽ ഉറപ്പുനൽകി. എന്നിട്ടുപോലും അവർ ഇറങ്ങിപ്പോകുകയാണുണ്ടായത്. അവതരിപ്പിച്ച ഉപക്ഷേപത്തിൽനിന്ന് ഒളിച്ചോടിയ രണ്ടാമത്തെ ചരിത്രത്തിനാണ് ഇപ്പോൾ പ്രതിപക്ഷം ഇവിടെ നേതൃത്വം നൽകിയത്. ഇത് തെറ്റായൊരു കീഴ്വഴക്കമാണ്. സഭാനാഥനെന്ന നിലയിൽ ഇക്കാര്യം പ്രത്യേകം അങ്ങയുടെ ശ്രദ്ധയിലുണ്ടാകണം. സഭയിലെ ഒരു നടപടിക്രമം ദുരുപയോഗപ്പെടുത്തുന്ന പുതിയ കീഴ്വഴക്കം ഒരു കാരണവശാലും അംഗീകരിക്കാൻ പാടില്ല.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. രാജീവ് സൂചിപ്പിച്ചതിൽ കുറച്ച് കാര്യങ്ങൾ കൂട്ടിച്ചേർക്കാനുണ്ട്. വളരെ പ്രാധാന്യം അർഹിക്കുന്ന പ്രശ്നമെന്ന നിലയിലാണ് സാധാരണ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം സഭയിൽ ഉന്നയിക്കുന്നത്. വിഷയത്തിന്റെ

പ്രാധാന്യം കണക്കിലെടുത്താണ് സർക്കാർ അത് ചർച്ചചെയ്യുന്നത്. വിഷയം ചർച്ച ചെയ്തുകൊണ്ടിരിക്കെ, ടെയിനിന്റെ സമയം കണക്കാക്കി സഭാ ബഹിഷ്കരണം നടത്തുന്നത് തെറ്റായ രീതിയാണ്. ആർക്കാണിത്ര തിടുക്കമെന്ന് ചോദിച്ചവരാണ് വേഗത്തിൽ ഓടുന്ന തീവണ്ടി പിടിക്കാൻ തിടുക്കത്തിൽ ഇപ്പോൾ പോകുന്നത്. ഇതെല്ലാം സഭയെ ദുരുപയോഗപ്പെടുത്തലാണ്. സഭാനടപടികളിൽ പ്രതിപക്ഷത്തിന്റെ റൂൾ 50 എന്ന അവകാശത്തെ ദുരുപയോഗപ്പെടുത്തുകയാണുണ്ടായത്. മാത്രമല്ല, അവരുടെ സ്വാർഥലക്ഷ്യത്തിനും താൽപര്യത്തിനും വേണ്ടി പ്രതിപക്ഷത്തിന്റെ പ്രതിഷേധിക്കാനുള്ള അവകാശത്തെയും ദുരുപയോഗിക്കുകയാണ്. ഇതുതടയാൻ ബഹുമാനപ്പെട്ട ചെയറിന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടാകണം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇവിടെ പ്രതിപക്ഷം ചെയ്തത് അങ്ങേയറ്റം ദൗർഭാഗ്യകരമായ പ്രവൃത്തിയാണ്. ഇത്തരത്തിലൊരു സമീപനം അവരുടെ ഭാഗത്തുനിന്നുണ്ടാകാൻ പാടില്ലായിരുന്നു. വളരെ ഗൗരവത്തോടെ ചർച്ച ചെയ്യേണ്ട വിഷയമെന്ന നിലയിൽ ഇവിടെ അവരും

ഉണ്ടാകേണ്ടതായിരുന്നു. പറഞ്ഞുവന്ന കാര്യങ്ങൾ കേൾക്കാനുള്ള ബുദ്ധിമുട്ട് കൊണ്ടായിരിക്കും ഇങ്ങനെ ചെയ്തത്. സാധാരണഗതിയിൽ സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിൽ ചെലവാക്കാൻ കഴിയാത്ത ഒരു അവസ്ഥയുണ്ടാകും. എന്നാൽ ഇപ്പോൾ കേരളത്തിന്റെ അവസ്ഥ അങ്ങനെയല്ല. കൂടുതൽ ചെലവാക്കുന്നുണ്ട്. എല്ലാ മേഖലകളിലും ചെലവ് വർധിച്ചിട്ടുണ്ട്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് ഏപ്രിൽ ഒന്നിനാണ് ശമ്പള പരിഷ്കരണം പ്രഖ്യാപിച്ചത്. അത് കൊടുത്തുതുടങ്ങിയത് നിലവിലെ സർക്കാരാണ്. സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും സാമൂഹികക്ഷേമ പെൻഷൻ ഉൾപ്പെടെ മറ്റുപല മേഖലകളിലെയും പെൻഷൻ തുകയിൽ വർധന നടപ്പാക്കിത്തുടങ്ങിയ സർക്കാരാണിത്. കിഫ്ബിയുടെയും പെൻഷൻ കമ്പനിയുടെയും പേരിൽ കേന്ദ്രം വലിയതരത്തിലുള്ള വെട്ടിക്കുറവ് വരുത്തുകയുണ്ടായി. ഒരു വർഷം കിഫ്ബിയുടെയും പെൻഷൻ കമ്പനിയുടെയും ഇനങ്ങളിൽ ഏകദേശം പന്ത്രണ്ടായിരം കോടി രൂപ ചെലവാകുന്നുണ്ടായിരുന്നു. ടി വിഹിതവും വെട്ടിക്കുറയ്ക്കുന്ന സാഹചര്യമാണ്. മുൻവർഷങ്ങളിൽ എടുത്ത കിഫ്ബിയുടെ

കടത്തിന്റെ പേരിൽ സംസ്ഥാനത്തിന് ലഭ്യമാകേണ്ട വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തുന്നു. കേന്ദ്രത്തിന്റെ ഭാഗത്തുനിന്നും ഇത്തരത്തിലുള്ള നടപടികളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതൊക്കെയാണെങ്കിലും യു.ഡി.എഫ്.-ന്റെ ഭരണകാലം പോലെയല്ല ഇപ്പോഴുള്ളത്. അതുകൊണ്ടാണ് അവർക്ക് വിഷമം വരുന്നത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 600 രൂപയായിരുന്ന ക്ഷേമപെൻഷൻ. 18 മാസത്തെ തുക കുടിശ്ശികയാക്കിയിട്ടാണ് അവർ ഭരണത്തിൽനിന്നും പോയത്. ശമ്പളത്തിന്റെ വിഷയവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. ജീവനക്കാർ സമരം ചെയ്തു, പെൻഷൻകാർ ആത്മഹത്യ ചെയ്തു. ഇക്കാര്യങ്ങളിന്മേൽ അവരുടെ ഭാഗത്തുനിന്ന് എന്തെങ്കിലും നടപടിയുണ്ടായോ? നിലവിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളവും പെൻഷനും സർക്കാർ കൃത്യമായി നൽകുന്നുണ്ട്. ഇതിനായി പ്രതിമാസം 50 കോടിയോളം രൂപ നൽകുന്നുണ്ടെന്ന വ്യക്തമായ കണക്കുണ്ട്. കെ.എസ്.ആർ.ടി.സി.-ക്കുവേണ്ടി ഏറ്റവും കൂടുതൽ തുക അനുവദിച്ചത് ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്താണ്. ഏകദേശം 4918 കോടി

രൂപയാണ് നൽകിയത്. രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ മൂന്നര വർഷത്തെ കണക്ക് പരിശോധിക്കുമ്പോൾ നാളിതുവരെ 6200 കോടി രൂപ അനുവദിച്ചതായി മനസ്സിലാക്കാൻ കഴിയും. ഇക്കാര്യങ്ങളെല്ലാം കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും നാട്ടിലെ തൊഴിലാളി സംഘടനകൾക്കും അറിവുള്ളതാണ്. രാജ്യമാകെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റുതുലയ്ക്കുന്ന സാഹചര്യത്തിലാണ് കേരളത്തിൽ ഇക്കാര്യങ്ങളെല്ലാം നടപ്പാക്കുന്നതെന്ന് മനസ്സിലാക്കണം. ഇടതുപക്ഷം അധികാരത്തിലില്ലെങ്കിൽ പബ്ലിക് സർവീസ് കമ്മീഷൻ വഴിയുള്ള നിയമനത്തിൽ എന്താണ് സംഭവിക്കുന്നതെന്ന് കേരളത്തിലെ യു.ഡി.എഫ്. പ്രവർത്തകരും ജീവനക്കാരുമുൾപ്പെടെയുള്ളവർ ചിന്തിക്കുന്നത് നന്നായിരിക്കും. ഇന്ത്യയിലാകെ പി.എസ്.സി. വഴിയുള്ള നിയമനത്തിന്റെ 65 ശതമാനവും കേരളത്തിലാണ് നടക്കുന്നത്. ഇന്ത്യൻ ജനസംഖ്യയുടെ മൂന്ന് ശതമാനം ജനങ്ങളുള്ള കേരളത്തിൽ ഇത്രയും നിയമനം നടക്കുന്നുവെങ്കിൽ മറ്റു സംസ്ഥാനങ്ങളിൽ കാര്യമായ നിയമനം നടക്കുന്നില്ലെന്നതാണ് യാഥാർഥ്യം. നിയമനം നടത്തുന്നില്ലെന്ന് മാത്രമല്ല, ജനങ്ങൾക്ക്

ആനുകൂല്യങ്ങൾപോലും നൽകാത്ത സാഹചര്യമാണ് അവിടെയുള്ളത്. പി.എസ്.സി. വഴി റിക്രൂട്ട്മെന്റ് നടത്തുന്നില്ലെന്ന് ചില സംസ്ഥാനങ്ങളും വ്യക്തമാക്കിക്കഴിഞ്ഞു. നമ്മുടെ നാട്ടിലെ യു.ഡി.എഫ്. അനുഭാവികളായ സർവീസ് സംഘടനകൾ ഉൾപ്പെടെയുള്ളവർ ഇത് മനസ്സിലാക്കണം. കേരളത്തിലെ സർക്കാർ ജീവനക്കാർക്ക് ഡി.എ. കുടിശ്ശികയുണ്ട്. അത് നൽകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം വ്യക്തമാക്കിയിട്ടുണ്ട്. മതിയായ വരുമാനമില്ലാത്തതുകൊണ്ട് കേരളത്തിലെ സർക്കാർ ജീവനക്കാർ കൂലിപ്പണിക്ക് പോകുകയാണെന്നാണ് കഴിഞ്ഞ ദിവസം ബി.ജെ.പി.-യുടെ ഒരു സംഘടനാ നേതാവ് പറഞ്ഞത്. ഇന്ത്യയിൽ ആകെയുള്ള അവസ്ഥ എന്താണ്? കേന്ദ്ര സർക്കാരിൽ മാത്രം പത്ത് ലക്ഷം ഒഴിവുകൾ നികത്തുകയോ, വർഷങ്ങളായി ശമ്പളപരിഷ്കരണം ഉൾപ്പെടെ ഏർപ്പെടുത്തുകയോ ചെയ്യാതിരിക്കുകയാണ്. ഇതിന്റെയെല്ലാം ഉത്തരവാദിത്വവുമുള്ള ഒരു സർക്കാരിന്റെ പ്രതിനിധി പറഞ്ഞ കാര്യമാണ് ഞാനിവിടെ സൂചിപ്പിച്ചത്. നമ്മുടെ സംസ്ഥാനത്ത് ഇടതുപക്ഷം സ്വീകരിക്കുന്ന നിലപാടുകളുടെ ഭാഗമായി ഓരോ മേഖലയിലും പ്രകടമായ

വ്യത്യാസങ്ങളുണ്ട്. അടച്ചുപൂട്ടാൻ തീരുമാനിച്ച പല സ്കൂളുകളും അത്യാധുനിക സംവിധാനങ്ങളോടെ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യരംഗത്ത് വലിയ തോതിലാണ് പണം ചെലവാക്കുന്നത്. വികസിത മധ്യയൂറോപ്യൻ രാജ്യങ്ങളുടെ നിലവാരത്തിലേക്ക് നമ്മുടെ നാട് എത്തിയിരിക്കുന്നു. കേരളത്തിലെ റോഡുകളാകെ മോശമായി കിടക്കുന്നെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എല്ലാ അംഗങ്ങളും അവരുടെ നാട്ടിലെ വികസനത്തെക്കുറിച്ച് പറഞ്ഞിട്ടില്ല. ഇക്കഴിഞ്ഞ മൂന്നുവർഷംകൊണ്ട്, പാലങ്ങളുടെയും റോഡുകളുടെയും ഉൾപ്പെടെയുള്ള മറ്റ് വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ബജറ്റ് വിഹിതം ചെലവാക്കുന്നതുകൂടാതെ 19,000 കോടിയിലധികം രൂപയുടെ കിഫ്ബി പ്രോജക്ടുകളും നമ്മൾ ഏറ്റെടുത്തിട്ടുണ്ട്. നിലവിലും ഇത്തരം പ്രോജക്ടുകൾ ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ ഓരോ മേഖലയിലും വികസന പ്രവർത്തനങ്ങൾക്കാവശ്യമായ പണം ചെലവാക്കിക്കൊണ്ടിരിക്കുകയാണ്. കേരളം ദാരിദ്ര്യത്തിലാണെന്ന് പറഞ്ഞവരാണ് വിഴിഞ്ഞം തുറമുഖത്തിന്റെ ഉദ്ഘാടനവേളയിൽ അഭിമാനത്തോടെ അവിടെ നിന്നത്. വിഴിഞ്ഞം തുറമുഖത്തെക്കുറിച്ച് ഇന്ന്

രാവിലെ ഇവിടെ ചോദ്യം ഉന്നയിക്കുകയുണ്ടായി. ചുരുങ്ങിയ സമയത്തിനകം അവിടെ വന്ന കണ്ടെയ്നറുകളുടെ എണ്ണം സംബന്ധിച്ചും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സൂചിപ്പിച്ചു. സംസ്ഥാന സർക്കാർ അയ്യായിരത്തിലധികം കോടി രൂപ നിക്ഷേപിക്കുന്ന ഒരു വലിയ വികസന പദ്ധതിയാണ് വിഴിഞ്ഞം. നിലവിൽ 4000 കോടി രൂപയുടെ പ്രോജക്ട് എഗ്രിമെന്റ് നൽകിക്കഴിഞ്ഞു. പോർട്ടിന് അനുവദിച്ച തുകകൂടാതെ റെയിൽവെ ലൈനുമായി ബന്ധപ്പെട്ട് 1500 കോടി രൂപയുടെ അനുമതിയും നൽകിട്ടുണ്ട്. റോഡ്, നാഷണൽ ഹൈവേ, റെയിൽവേ തുടങ്ങിയ മേഖലകളിലായി 20,000 കോടിയിലധികം രൂപ ചെലവഴിച്ചിട്ടുണ്ട്. 13000 കോടിയിലധികം രൂപ വ്യവസായ മേഖലയ്ക്കുവേണ്ടി ചെലവഴിച്ചു. പ്രതിപക്ഷത്തോട് രാഷ്ട്രീയ വിവേചനം കാണിക്കരുതെന്ന് നേരത്തെ ഒരംഗം സൂചിപ്പിക്കുകയുണ്ടായി. യു.ഡി.എഫ്. എം.എൽ.എ.-മാരുടെ നിയോജകമണ്ഡലങ്ങളിലും റോഡുകൾ അനുവദിക്കണമെന്നാണ് അവരുടെ ആവശ്യം. റോഡിന്റെ കാര്യത്തിൽ എൽ.ഡി.എഫ്., യു.ഡി.എഫ്. എന്ന വ്യത്യാസമുണ്ടോ? കണക്കുകൾ പരിശോധിച്ചാൽ ചിലപ്പോൾ പ്രതിപക്ഷ എം.എൽ.എ.-മാരുടെ

നിയോജകമണ്ഡലങ്ങളിലായിരിക്കും കൂടുതൽ തുക അനുവദിച്ചിരിക്കുന്നതെന്ന് മനസ്സിലാകും. പാലക്കാട് മുതൽ എറണാകുളം വരെയും കണ്ണൂരിലേക്കുള്ള വ്യവസായ ഇടനാഴികൾക്കുംവേണ്ടി 13000 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇത്തരത്തിൽ ഓരോ മേഖലയിലും ആവശ്യമായ തുക അനുവദിക്കുകയും അത് വേണ്ട വിധത്തിൽ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. വ്യത്യസ്ത പദ്ധതികളുടെ ഭാഗമായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തരത്തിലേയ്ക്കും കാര്യങ്ങൾ എത്തിയിട്ടുണ്ട്. ക്ഷേമപെൻഷനും മറ്റാനുകൂല്യങ്ങളും ഉൾപ്പെടെ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ അനുവദിക്കുന്നതിൽ നടപടി സ്വീകരിക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. ഇക്കഴിഞ്ഞ ഓണം ഇത്രയും സന്തോഷകരമാകുമെന്ന് യു.ഡി.എഫ്.-കാർ പ്രതീക്ഷിച്ചില്ല. അതാണ് അവരുടെ വിഷമം. ക്ഷേമപെൻഷനും മറ്റാനുകൂല്യങ്ങളും ഓണത്തിനുമുമ്പ് കൊടുത്തുതീർക്കുകയുണ്ടായി. കേന്ദ്രസർക്കാർ നമ്മുടെ സംസ്ഥാനത്തോട് സ്വീകരിക്കുന്ന സമീപനം വളരെ വിഷമിപ്പിക്കുന്നതാണ്. തമിഴ്നാട് ഉൾപ്പെടെയുള്ള മറ്റുപല സംസ്ഥാനങ്ങളിലും സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നിയമനം

നടത്തുന്നതുകൊണ്ടാണ് പി.എസ്.സി. വഴി നിയമനം നടത്താത്തതെന്നാണ് കുണ്ടറ നിയോജകമണ്ഡലം എം.എൽ.എ. കഴിഞ്ഞ ദിവസം സഭയിൽ അഭിപ്രായപ്പെട്ടത്. യഥാർഥത്തിൽ കണക്കുകൾ പരിശോധിച്ചാൽ ഇവിടെ സൂചിപ്പിച്ച രീതിയിലുള്ള നിയമനങ്ങളൊന്നും നടന്നിട്ടില്ലെന്ന് വ്യക്തമാകും. മറ്റുസംസ്ഥാനങ്ങളിൽ മുഴുവൻ നിയമനങ്ങളും പ്രത്യേക രീതിയിലല്ലെന്ന കാര്യവും ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. കേന്ദ്രസർക്കാർ ചെയ്യുന്ന കാര്യങ്ങൾക്കെതിരെ ഒരക്ഷരംപോലും പ്രതികരിക്കാതെ പ്രതിപക്ഷം മുന്നോട്ടുപോകുകയാണ്. ടാക്സ് അഡ്മിനിസ്ട്രേഷനിലെ പ്രശ്നം നികുതി പിരിവിലെ കെടുകാര്യസ്ഥതയെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആരോപിച്ചത്. ടാക്സുമായി ബന്ധപ്പെട്ട വിഷയത്തിൽ അന്നുദിനം ഇംപ്രൂവ് ചെയ്യാനാവശ്യമായ കാര്യങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ചെയ്യുന്നുണ്ട്. അക്കാര്യങ്ങളൊന്നും പ്രത്യേകം പരാമർശിക്കുന്നില്ല. 2011-ൽ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിഞ്ഞ സമയത്ത് നികുതിയുടെ വളർച്ചാനിരക്ക് 23.24 ശതമാനമായിരുന്നു. 2011-ൽ അധികാരത്തിലെത്തിയ യു.ഡി.എഫ്.

സർക്കാരിന്റെ കെടുകാര്യസ്ഥതമൂലം 2015-16 കാലഘട്ടത്തിൽ നികുതി വരുമാന വളർച്ചാ നിരക്ക് 10.8 ശതമാനമായി കുറഞ്ഞു. അവരുടെ ഭരണം അവസാനിക്കുമ്പോൾ 5.6 ശതമാനമായി വീണ്ടും കുറയുകയാണുണ്ടായത്. ഇക്കാരണത്താൽ അന്ന് സാമ്പത്തിക ബുദ്ധിമുട്ടുണ്ടായി.

3.00 p.m]

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

2016-21 കാലഘട്ടത്തിലെ, കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ആദ്യ വർഷങ്ങളിൽ സംസ്ഥാനത്തെ നികുതി വരുമാനത്തിൽ വർധനയും അവസാന വർഷങ്ങളിൽ കോവിഡും പ്രളയവും വന്നതുകൊണ്ട് കുറച്ച് നിശ്ചലാവസ്ഥയുമുണ്ടായി. 2021-ൽ എൽ.ഡി.എഫ്. സർക്കാർ വീണ്ടും അധികാരത്തിൽ വന്നു. 2021-22-ൽ നികുതി വരുമാനം 22.41 ശതമാനമായിരുന്നത് 2022-23-ൽ 23.36 ശതമാനമായി വർധിച്ചു. ഇങ്ങനെ വർധിച്ചതുകൊണ്ടാണ്, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നികുതി വരുമാനം 47,000 കോടി രൂപയിൽനിന്നും 74,000 കോടി രൂപയിലേക്കെത്താൻ സാധിച്ചത്. പക്ഷേ, കേരളത്തിന് ഇനിയും നികുതി വരുമാനം വർധിക്കാനുണ്ടെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

ഐ.ജി.എസ്.ടി. സമ്പ്രദായം കൃത്യമായി നടപ്പാക്കുന്നില്ലെന്ന് ജി.എസ്.ടി. കൗൺസിലിൽ ഞങ്ങൾ നിരന്തരം ഉന്നയിക്കുന്നതാണ്. ഇതിൽ കേന്ദ്ര ഗവൺമെന്റ് നിലപാടെടുക്കണമെന്ന് ഞങ്ങൾ ആവർത്തിച്ച് ആവശ്യപ്പെടുന്നുണ്ട്. അതിനകത്ത് ഇവിടെ പറഞ്ഞ കണക്കും നഷ്ടവുമൊന്നും വന്നിട്ടില്ല. ജി.എസ്.ടി. കോമ്പൻസേഷൻ ഉണ്ടായിരുന്ന സമയമായിരുന്നതുകൊണ്ട് നഷ്ടം വരില്ല. ആദ്യത്തെ അഞ്ച് വർഷക്കാലം ജി.എസ്.ടി. കോമ്പൻസേഷൻ ഉണ്ടായിരുന്നു. പ്രസ്തുത കാലാവധി കഴിഞ്ഞതിനുശേഷം നൽകുന്ന നികുതി വിഹിതത്തിൽ ഇനിയും വർധനവ് വരാനുണ്ടെന്നാണ് ഞങ്ങൾ പറയുന്നത്. ജി.എസ്.ടി. കോമ്പൻസേഷൻ ഏറ്റവും കൂടുതൽ (26501 കോടി രൂപ) ലഭിച്ചത് കേരളത്തിനാണെന്നും മറ്റ് സംസ്ഥാനങ്ങൾക്കെല്ലാം കുറവാണെന്നും ഉപക്ഷേപാവതാരകൻ ഇവിടെ സൂചിപ്പിച്ചു. രേഖയിൽ വന്നിട്ടുള്ള കാര്യമായതുകൊണ്ട് അതുസംബന്ധിച്ച മറുപടിയും രേഖയിൽ വരണമെന്നതിനാലാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്. ഇന്ത്യയിൽ ജി.എസ്.ടി. കോമ്പൻസേഷൻ ഏറ്റവും കൂടുതൽ ലഭിച്ച സംസ്ഥാനം കേരളമല്ല. തെറ്റായ ഒരു വാദഗതി നിയമസഭ പോലുള്ള

വേദിയിൽ പറയാമോ? ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജി.എസ്.ടി. കോമ്പൻസേഷൻ വാങ്ങിയത് മഹാരാഷ്ട്രയാണ്; 74239 കോടി രൂപ. നിയമം അനുസരിച്ച് അവർക്ക് കിട്ടേണ്ട കോമ്പൻസേഷനാണത്. രണ്ടാം സ്ഥാനം (62,896 കോടി രൂപ) കർണ്ണാടകയ്ക്കാണ്. അങ്ങനെ കണക്കെടുക്കുമ്പോൾ കേരളം എട്ടാം സ്ഥാനത്താണ്. നിയമമനുസരിച്ച് അർഹമായ തുകയാണ് ലഭിച്ചത്. ജി.എസ്.ടി. കോമ്പൻസേഷൻ നൽകിയാൽ പ്രതിവർഷം നികുതി വരുമാനത്തിൽ 14 ശതമാനം വീതം വർധനവുണ്ടാകണമെന്നുള്ള കണ്ടീഷൻ ജി.എസ്.ടി. നിലവിൽവന്നതിനുശേഷം പോയിയെന്നുമാത്രമല്ല, നികുതി നിരക്കിൽ വൻകിട ലക്ഷ്വറി ഐറ്റങ്ങൾക്ക് ഇളവ് കൊടുത്തിന്റെ ഭാഗമായി ജി.എസ്.ടി. പൊതുവിൽ ഇന്ത്യയെ ബാധിക്കുകയും ചെയ്തിരിക്കുകയാണ്. ജി.എസ്.ടി.-യുടെ Group of Ministers-ന്റെ യോഗം ഇതുസംബന്ധിച്ച് റിവ്യൂ നടത്തുമ്പോഴും കാണുന്നത് അതാണ്. പ്രതിപക്ഷനേതാവ് സുപ്രീംകോടതി കേസിനെക്കുറിച്ച് സൂചിപ്പിച്ചപ്പോൾ നിയമ വകുപ്പുമന്ത്രിയടക്കം ഇടപെട്ടുകൊണ്ട് ചില കാര്യങ്ങൾ പറയുകയുണ്ടായി. സുപ്രീംകോടതി കേസിൽ വടി കൊടുത്ത് അടി വാങ്ങിയെന്ന തരത്തിലാണ് അദ്ദേഹം

പ്രസംഗിച്ചത്. സുപ്രീംകോടതിയിലെ കേസ് ജി.എസ്.ടി. കോമ്പൻസേഷനെക്കുറിച്ചുള്ളതല്ല. ഏതെങ്കിലും സ്വതന്ത്ര കമ്പനിയോ കോർപ്പറേഷനോ വായ്പയെടുക്കുന്ന പണത്തിന് സംസ്ഥാന ഗവൺമെന്റ് ഗ്യാരന്റി നൽകിയാൽ, that guarantee given by the government to a particular public sector undertaking or an entity; whether that will come under the purview of Government, whether it will come under the three percent norms എന്നുള്ളതാണ് അവിടത്തെ വിഷയം. ഇങ്ങനെയൊരു സമീപനം അവർ എടുത്തതുകാരണമാണ് കഴിഞ്ഞ ഏഴ് വർഷമായി സംസ്ഥാന ഗവൺമെന്റിന് ഒരു ലക്ഷത്തിലധികം കോടി രൂപയുടെ വായ്പ എടുക്കാൻ സാധിക്കാതിരുന്നത്. ഈ പ്രശ്നമാണ് സുപ്രീംകോടതിയിൽ ഉന്നയിച്ചത്. ഇത് വളരെ പ്രധാനപ്പെട്ട ഭരണഘടനാപ്രശ്നമാണെന്ന് പറഞ്ഞുകൊണ്ട് സുപ്രീംകോടതി ആ കേസ് ഭരണഘടനാ ബഞ്ചിന് വിട്ടിരിക്കുകയാണ്. പ്രതിപക്ഷനേതാവിനും പ്രതിപക്ഷത്തിനും ഭരണപക്ഷത്തോട് എതിർപ്പും ദേഷ്യവുമുണ്ടാകാം. പക്ഷേ കേരളത്തോട് ദേഷ്യമുണ്ടാകാൻ പാടില്ല. കേരളത്തെ വെള്ളത്തിൽ മുക്കരുത്,

ഇല്ലാതാക്കരുത്. ഭരണപക്ഷത്തിന് പ്രതിപക്ഷം പിന്തുണ നൽകിയിട്ട് യാതൊരു കാര്യവുമില്ലെന്നാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും പറഞ്ഞത്. വയനാടിനുവേണ്ടി കേന്ദ്രത്തിൽനിന്നും പണം വാങ്ങിയെടുക്കാൻ സാധിച്ചോ എന്ന് ചോദിക്കുകയുമുണ്ടായി. കഴിഞ്ഞ ദിവസം ഇതുസംബന്ധിച്ച ഉപക്ഷേപം ചർച്ച ചെയ്തതാണ്. വയനാടിന് പണം ലഭിക്കേണ്ടയെന്നാണോ പ്രതിപക്ഷം ഉദ്ദേശിക്കുന്നത്? വയനാട് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് പണം ലഭിക്കാൻവേണ്ടി ഡൽഹിയിൽ പോകാൻ പ്രതിപക്ഷം തയ്യാറാണെങ്കിൽ നമുക്ക് പോകാം. വയനാട്ടിലെ പുനരധിവാസവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് ഉച്ചയ്ക്കും കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്തുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇവിടെ പ്രതിപക്ഷം ഭരണപക്ഷത്തെ പിന്തുണച്ചാലും കാര്യമില്ലെന്ന സമീപനമാണ് കണ്ടത്. അതുകൊണ്ടാണ് കേരളത്തോട് ദ്വേഷ്യമുണ്ടാകാൻ പാടില്ലെന്ന് ഞാൻ പറഞ്ഞത്. യു.ഡി.എഫ്. കേരളത്തെ പരാജയപ്പെടുത്താൻ നിൽക്കരുത്. നിങ്ങൾ ഭരണകക്ഷിയെ പരാജയപ്പെടുത്താൻ നിന്നോളൂ, അത് നിങ്ങളുടെ രാഷ്ട്രീയമാണ്. ഈ സഭയിൽ പറയുന്ന കാര്യങ്ങൾ കേൾക്കാൻ

തയ്യാറാകാത്തതുകൊണ്ടാണ് പ്രതിപക്ഷം ഇറങ്ങിപ്പോയത്. ഇവിടെ പറയുന്നത് കേൾക്കാൻ അവർക്ക് ബുദ്ധിമുട്ടാണ്. അവർക്ക് തിരിച്ച് പറയാനൊന്നുമില്ല. Off-budget borrowing സംബന്ധിച്ച കേസ് കേരളത്തിന്റെ പൊതുതാൽപര്യമാണ്. ഫിസ്കൽ ഫെഡറലിസത്തെ ബാധിക്കുന്ന കാര്യമാണ്. ഓഡിറ്റിന്റെ കാര്യം പറഞ്ഞു, മറ്റ് സംസ്ഥാനങ്ങളിലും ഓഡിറ്റ് നടക്കുന്നുണ്ട്. പക്ഷേ ഫലപ്രദമായ ഓഡിറ്റിംഗ് കേരളത്തിന്റെതാണെന്നാണ് ജി.എസ്.ടി. കൗൺസിലിന്റെ അഭിപ്രായം. മറ്റ് സംസ്ഥാനങ്ങളിൽ മെച്ചപ്പെട്ട കാര്യങ്ങൾ നടക്കുന്നുണ്ടെങ്കിൽ കേരളം അതുകണ്ട് പഠിക്കും. അല്ലാതെ കേരളമാണ് ഏറ്റവും നല്ലതെന്നുപറഞ്ഞ് ഇരിക്കില്ല. ഇന്ത്യയിലാദ്യമായി കേരളം വളരെ നന്നായി ഓഡിറ്റ് സമ്പ്രദായം ആരംഭിച്ചു. കേരളം ഇനിയും പല കാര്യങ്ങളും ഉന്നയിക്കുന്നുണ്ട്. ഉദാഹരണത്തിന്, ഏറ്റവും കൂടുതൽ ഓൺലൈൻ ട്രേഡിംഗ് നടത്തുന്ന സ്ഥാപനങ്ങളായ ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ വൻകിടകമ്പനികളുടെ ഇ-വേ ബിൽ സർക്കാരിന് കൃത്യമായി കിട്ടുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ആമസോൺ പോലുള്ള കമ്പനികളെ വിളിച്ചുവെങ്കിലും അവർക്ക്

ആദ്യമൊക്കെ സഹകരിക്കാൻ ബുദ്ധിമുട്ടായിരുന്നു. ഇ-വേ ബില്ലിന്റെ കാര്യം ജി.എസ്.ടി. കൗൺസിലിലും ഉന്നയിച്ചു. ഞങ്ങൾ ചില ബില്ലുകൾ പരിശോധിച്ചു. ഞാൻ വാങ്ങിയ സാധനങ്ങളുടെ ബിൽ കൊടുത്തിട്ട് ജി.എസ്.ടി.-യിൽ വന്നിട്ടുണ്ടോയെന്ന് പരിശോധിക്കാൻ പറഞ്ഞു. അപ്പോഴാണ് ജി.എസ്.ടി.-യിൽ വരേണ്ട തുക പലതും ലഭിക്കുന്നില്ലെന്ന് അറിഞ്ഞത്. ഈ വിഷയത്തിൽ അഞ്ഞൂറോളം ബില്ലുകളെടുത്ത് അവർ റിസർച്ച് നടത്തുകയും അതിന്റെയടിസ്ഥാനത്തിൽ കേന്ദ്രത്തിൽ ചർച്ച നടത്തുകയും ചെയ്തു. ഇപ്പോൾ ഓൺലൈൻ ട്രേഡിംഗിന് ഇ-വേ ബിൽ വേണമെന്ന നിലയിലേക്ക് കാര്യങ്ങൾ വന്നിരിക്കുകയാണ്. ഇതൊരു സിസ്റ്റമെന്ന നിലയിൽ ജി.എസ്.ടി. സമ്പ്രദായം മെച്ചപ്പെടുത്താനുള്ള ശ്രമം നടത്തുന്നുണ്ട്. സ്വർണ്ണത്തിന്റെയും മറ്റ് കാര്യങ്ങളിലുമൊക്കെ എന്തൊക്കെയോ രഹസ്യങ്ങൾ അറിയാമെന്നും അഴിമതി നടന്നിട്ടുണ്ടെന്നും പ്രതിപക്ഷനേതാവ് പറഞ്ഞു. അതെന്താണെന്ന് അറിയിക്കണം. അതിന്റെ പേരിൽ നടപടിയെടുക്കുന്നതിന് യാതൊരു മടിയുമില്ല. പ്രതിപക്ഷനേതാവ് അക്കാര്യം അറിയിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അദ്ദേഹം

ഇപ്പോൾ സഭയിൽ ഇല്ലെങ്കിലും ഈ ഡാറ്റാസ് അദ്ദേഹം പരിശോധിക്കും. പല മേഖലകളും ഏറ്റവും നന്നായി പ്രവർത്തിക്കുന്നുണ്ട്. ഏറ്റവും നന്നായി എന്നുപറഞ്ഞാൽ നൂറ് ശതമാനം മെച്ചപ്പെട്ടുയെന്നല്ല, കൂടുതൽ മെച്ചപ്പെടുത്താനായി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി ഏറെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട് എന്നാണ്. പ്രതിപക്ഷം ഇപ്പോൾ ഇവിടെയില്ലെങ്കിലും അവരോടുൾപ്പെടെ എനിക്ക് അഭ്യർഥിക്കാനുള്ളത്, കേരളം സാധാരണക്കാർക്ക് ജീവിക്കാൻ കഴിയുന്ന നല്ല സ്ഥലമാണെന്ന് ലോകമെമ്പാടുമുള്ളവർ അംഗീകരിക്കുന്നുണ്ട്. കുട്ടികൾക്ക് പഠിക്കാനും ജോലി ചെയ്യാനും സാധിക്കുന്നതും പൊതുജനാരോഗ്യമേഖല ഏറ്റവും മെച്ചപ്പെട്ടതുമായ സംസ്ഥാനമാണ് കേരളം. ഈ ഗവൺമെന്റ് വന്നതിനുശേഷം കാരുണ്യ പദ്ധതിവഴി ഏകദേശം 5,000 കോടി രൂപ ചെലവാക്കിയിട്ടുണ്ടെന്ന് കഴിഞ്ഞ ദിവസം ആരോഗ്യ വകുപ്പുമന്ത്രി പറയുകയുണ്ടായി. ആശുപത്രികളുടെയും സ്കൂളുകളുടെയും പാലങ്ങളുടെയും റോഡുകളുടെയും അവസ്ഥയെല്ലാം മാറി. ഇനിയും ധാരാളം പുരോഗതി കൈവരിക്കാനുണ്ട്. അതിനുള്ള പ്രവർത്തനമാണ് നടക്കുന്നത്.

ലോകത്താകെയുള്ള മലയാളികളിൽ പലരും തിരിച്ച് കേരളത്തിൽ വന്ന് ജോലി ചെയ്യുന്നുണ്ട്. കഴിഞ്ഞ ദിവസം വ്യവസായവുമായി ബന്ധപ്പെട്ട അവരുടെ അനുഭവം പറയുകയുണ്ടായി. കേരളത്തിനുപുറത്ത് ജോലി ചെയ്തിരുന്ന പലരും തിരിച്ച് നാട്ടിലേയ്ക്ക് വരികയാണ്. വർക്ക് നിയർ ഹോം സംവിധാനത്തിലൂടെ കേരളത്തിന്റെ വിവിധ മേഖലകളിൽ ചെറുപ്പക്കാർ സംരംഭങ്ങൾ ആരംഭിക്കുന്നുണ്ട്. അമേരിക്കയിലും യൂറോപ്പിലും സ്ഥാപനങ്ങൾ നടത്തിയിരുന്നവർ നാട്ടിൽവന്ന് സ്ഥാപനങ്ങൾ തുടങ്ങുകയാണ്. ഇങ്ങനെ വലിയൊരു മാറ്റം കേരളത്തിലെ വികസന രംഗത്തുണ്ടാകുന്നുണ്ട്. കേരളത്തെക്കുറിച്ച് താൽപര്യം വരുന്നുണ്ട്. അന്തരീക്ഷ മലിനീകരണം ഏറ്റവും കുറവുള്ള നാടാണ് കേരളം. വഴിയിൽനിന്ന് ഏത് ഭക്ഷണവും വാങ്ങിക്കഴിച്ച് ഇറങ്ങിനടക്കാൻ കഴിയുന്ന സ്ഥലമായി കേരളം മാറിയിട്ടുണ്ട്. ഈ സമയത്താണ് ഹരിയാനയിൽ ബീഫ് കഴിച്ചുവെന്ന കാരണത്താൽ മനുഷ്യരെ കൊല്ലുന്നത്. കേരളത്തിൽ അങ്ങനെ ചിന്തിക്കാൻ കഴിയുമോ? ഇഷ്ടമുള്ള ഏത് ഭക്ഷണവും കഴിക്കാവുന്ന നാടാണ് കേരളം. അങ്ങനെയെല്ലാമുള്ള ഈ നാട്ടിൽ കൂടുതൽ തൊഴിലവസരങ്ങൾ

വരാൻവേണ്ടിയുള്ള അവസരമുണ്ടാക്കണം. കേരളം നശിക്കുന്നുവെന്ന നിലയിൽ നിരന്തരം പറയുന്നത് ശരിയല്ല. ജൽജീവൻ മിഷൻ അടക്കമുള്ള കാര്യങ്ങളാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സൂചിപ്പിച്ചത്. ട്രഷറിയിലൊന്നും വളരെയേറെ ബില്ലുകൾ കുടിശ്ശികയില്ല. ഇടയ്ക്കിടയ്ക്ക് നിയന്ത്രണങ്ങൾ വരാറുണ്ട്, അത് ഇല്ലെന്ന് പറയുന്നില്ല, ഇപ്പോൾ നിയന്ത്രണമുണ്ട്. ഓണം വരെ നിയന്ത്രണമില്ലായിരുന്നു. ഓണം കഴിഞ്ഞപ്പോൾ 20,000 കോടി രൂപയിലധികമാണ് പേമെന്റ് വന്നത്. അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾക്ക് നിയന്ത്രണമുണ്ട്. അത് രഹസ്യമായ കാര്യമല്ല. അതുപോലെ കോൺട്രാക്ടർമാർക്ക് ബിൽ ഡിസ്കൗണ്ടിങ് സിസ്റ്റം (BDS) നടപ്പിലാക്കിയ ഗവൺമെന്റാണിത്. ബിൽ ഡിസ്കൗണ്ടിങ് സിസ്റ്റം എന്നുപറഞ്ഞാൽ പകുതി പണം, പകുതി പലിശ എന്നാണ്. ബിൽ ഡിസ്കൗണ്ടിന്റെ തുക ഗവൺമെന്റാണ് കൊടുക്കുന്നത്. അവർക്ക് ബിൽ ഡിസ്കൗണ്ടിങ് സിസ്റ്റം ഓപ്റ്റ് ചെയ്യാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാന്റ് 4.50 ശതമാനമായിരുന്നത് കേന്ദ്ര ഗവൺമെന്റ് 2.50 ശതമാനമാക്കി. സംസ്ഥാന ഗവൺമെന്റിന് ലഭിച്ചുകൊണ്ടിരുന്ന ഗ്രാന്റ് 3.8

ശതമാനമായിരുന്നത് 1.9 ശതമാനമാക്കി. അതിലൊന്നും പ്രതിപക്ഷത്തിന് വിഷമമില്ല. പ്രസ്തുത ഗ്രാന്റുകൾ വെട്ടിക്കുറച്ചിരുന്നില്ലെങ്കിൽ 24,000 കോടി രൂപ ഈ വർഷം അധികം ലഭിക്കുമായിരുന്നു. കിഫ്ബിയുടെ ബാധ്യതയും നാഷണൽ ഹൈവേയ്ക്ക് അടക്കം കൊടുത്ത പണവും കേരളത്തിന്റെ കടപരിധിയിൽ ഉൾപ്പെടുത്താതെ വായ്പയെടുക്കാൻ അനുവാദം നൽകിയിരുന്നെങ്കിൽ നമുക്ക് ഈ ബുദ്ധിമുട്ട് വരില്ലായിരുന്നു. ദീർഘകാലമായി എം.എൽ.എ.-മാരായിരിക്കുന്നവർ ഈ സഭയിലുണ്ട്. അവരുടെ ജീവിതാനുഭവത്തിൽ കഴിഞ്ഞ ഏഴെട്ട് വർഷക്കാലത്തുണ്ടായതുപോലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മുമ്പ് നടന്നതായി കണ്ടിട്ടുണ്ടോ? ഒരു മണ്ഡലത്തിലെ ചെറിയൊരു കനാലിനുകുറുകെ 48 കോടി രൂപയുടെ പാലം നിർമ്മിക്കാൻ കഴിയുമോ? ഒരു പാലത്തിന് 48 കോടി രൂപ ലഭിച്ചെന്ന് ചങ്ങനാശ്ശേരി എം.എൽ.എ. ഇവിടെ പറഞ്ഞു. പക്ഷേ അതിന് അത്രയും കോടി രൂപയുടെ ആവശ്യമില്ല. കാരണം, ചെറിയൊരു കനാലാണ്. അതുകൊണ്ടാണ് ചീഫ് എഞ്ചിനീയർ ഉൾപ്പെടെയുള്ളവർ പരിശോധിച്ച് അത് ഇരുപത്തിനാലോ

ഇരുപത്തിയഞ്ചോ കോടി രൂപയാക്കിയത്. അദ്ദേഹത്തിന്റെ കുഴപ്പമല്ല; നമ്മുടെ കൺസ്ട്രക്ഷന്റെ മോഡലിൽ അത്രയും വലിയ പാലം വേണ്ടാത്തതിനാലാണ്. ഓരോ മണ്ഡലത്തിലും ധാരാളം വികസനപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. എന്നിട്ടും ഈ സംസ്ഥാനം കൊള്ളുകയില്ലെന്ന് പറയുന്നത് ശരിയല്ല. ഫെഡറലിസത്തെ തകർക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയത്തിനെതിരെ ഒരുമിച്ചുനിന്ന് പ്രവർത്തിക്കേണ്ട ഘട്ടമാണിത്. അതുകൊണ്ടാണ് ഇക്കാര്യങ്ങൾ ചർച്ച ചെയ്യാനായി ഈ വേദി ഉപയോഗിച്ചത്. ഇത്രയും കാര്യങ്ങളാണ് എനിക്ക് പൊതുവിൽ പറയാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇന്ന് വളരെ ദൗർഭാഗ്യകരമായ സംഭവമാണ് കേരളത്തിലുണ്ടായത്. കണ്ണൂർ എ.ഡി.എം. ആത്മഹത്യ ചെയ്ത വിഷയം പ്രതിപക്ഷം സഭയിൽ ഉന്നയിച്ചപ്പോൾ കൃത്യമായ ധാരണയോടുകൂടി അക്കാര്യം ഞങ്ങൾ പുറത്ത് പറയുകയും ചെയ്തിട്ടുണ്ട്. വളരെ വിശ്വസ്തനായ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥനാണ് നമ്മളിൽനിന്ന് വിട്ടുപിരിഞ്ഞത്.

ഇക്കാര്യത്തിൽ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് കണ്ണൂർ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സമഗ്ര അന്വേഷണം നടത്തുമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഒരാളെയും ന്യായീകരിക്കാൻ സർക്കാർ ലക്ഷ്യമിടുന്നില്ല. ആ പ്രശ്നത്തെക്കുറിച്ച് വളരെ ഗൗരവമായാണ് ഗവൺമെന്റ് ആലോചിച്ചിട്ടുള്ളത്. ഇക്കാര്യം പറയുന്നത് കേൾക്കാതെയാണ് പ്രതിപക്ഷം സഭ വിട്ടിറങ്ങിയത്. സർക്കാർ കൃത്യതയോടെ അക്കാര്യം അന്വേഷിച്ച് മുന്നോട്ടുപോകും.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ, അങ്ങ് അവതരിപ്പിച്ച ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ല)

ഉപക്ഷേപം സഭ നിരാകരിച്ചിരിക്കുന്നു.

(ക്രമപ്രശ്നത്തിന് നോട്ടീസ് നൽകിയ ശ്രീ. എ. പി. അനിൽ കുമാർ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിച്ചില്ല.)

3.12 p.m]

VIII നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും:

(i) 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ബില്ലിന് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല)

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

124. പ്രധാന ആക്ടിലെ 2-ാം വകുപ്പിലെ ഖണ്ഡം (കെ) താഴെപ്പറയുംപ്രകാരം മാറ്റുക.
"(കെ) "രജിസ്റ്റർ" എന്നാൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്ലിനിക്കൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയതും ഈ ആക്ടിന്റെ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കൗൺസിൽ വച്ചുപോരുന്നതും പ്രസിദ്ധപ്പെടുത്തിയതുമായ സംസ്ഥാന രജിസ്റ്റർ എന്നർത്ഥമാകുന്നു;"

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

130. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 2(കെ)-ൽ "വച്ചുപോരുന്നതും" എന്ന് വരുന്നിടത്തെല്ലാം പകരം "കൈകാര്യം ചെയ്തുവരുന്നതും" എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

134. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 2(കെ)-ൽ "വച്ചുപോരുന്നതും" എന്ന് വരുന്നിടത്തെല്ലാം പകരം "സൂക്ഷിക്കുന്നതും" എന്ന് ചേർക്കുക.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

138. ഖണ്ഡം 2-ൽ "എന്നീ" എന്നതിന് പകരം "എന്നിങ്ങനെയുള്ള" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 131 മുതൽ 133 വരെ 130-ാം നമ്പർ ഭേദഗതിക്കും 135-ാം നമ്പർ ഭേദഗതി 134-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 124-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

140. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3(2)(എച്ച്)-ൽ "തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ്" എന്നതിന് പകരം "തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷനേഴ്സ്" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 141-ാം നമ്പർ ഭേദഗതി 140-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ശ്രീ. എം. എം. മണി അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 140-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

148. ഖണ്ഡം 4-ൽ "പകരം" എന്നതിന് പകരം "പകരമായി" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

150. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1)(ഡി)-ൽ "മെഡിക്കൽ ഓഫീസർ" എന്നതിന് ശേഷം ", എക്സ്-ഒഫിഷ്യോ" എന്ന ചിഹ്നവും വാക്കും ചേർക്കുക.

152. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1)(ഇ)-ൽ "മെഡിക്കൽ ഓഫീസർ" എന്നതിന് ശേഷം ", എക്സ്-ഒഫിഷ്യോ" എന്ന ചിഹ്നവും വാക്കും ചേർക്കുക.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

153. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1)(ഇഎ) ഒഴിവാക്കുക.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

163. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1) (ഇഎ)-ൽ "ഒരു ഡെന്റൽ സർജൻ" എന്നതിന് പകരം "സർക്കാർ മെഡിക്കൽ കോളേജുകളിലെ ഒരു അസിസ്റ്റന്റ് പ്രൊഫസർ" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 154-ാം നമ്പർ ഭേദഗതി 153-ാം നമ്പർ ഭേദഗതിക്കും 164-ാം നമ്പർ ഭേദഗതി 163-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 150, 152 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 150, 152 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(ഇ)-ൽ "നിശ്ചയിച്ചുകൊണ്ടുള്ള" എന്ന വാക്കിനുപകരം

"നിശ്ചയിച്ചുകൊണ്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

166. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(ഇ)-ൽ "നിലവാരം പുലർത്തുന്ന" എന്നത് ഒഴിവാക്കുക.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

174. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(ഇ)-ൽ "നിലവാരം പുലർത്തുന്ന" എന്നതിന് പകരം "ശുചിത്വം," എന്ന വാക്കും ചിഹ്നവും ചേർക്കുക.

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

177. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(ഇ)-ൽ "നിലവാരം നിശ്ചയിച്ചുകൊണ്ടുള്ള മാർഗ്ഗരേഖകൾ" എന്നതിന് പകരം "നിർണ്ണയിക്കപ്പെടാവുന്ന നിലവാരം" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

179. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(ഇ)-ൽ "നിശ്ചയിച്ചുകൊണ്ടുള്ള" എന്നതിന് പകരം "നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം ചെയ്ത പ്രകാരമുള്ള" എന്ന് ചേർക്കുക.

192. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(ഇ)-ൽ "പാലിക്കുമെന്ന്" എന്നതിന് ശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 167-ാം നമ്പർ ഭേദഗതി 166-ാം നമ്പർ ഭേദഗതിക്കും 175-ാം നമ്പർ ഭേദഗതി 174-ാം നമ്പർ ഭേദഗതിക്കും 178-ാം നമ്പർ ഭേദഗതി 177-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച 166-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 179, 192 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

205. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 20-ൽ "അഞ്ച്" എന്നതിന് പകരം "നാല് " എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 206-ാം നമ്പർ ഭേദഗതി 205-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 205-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

210. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 49(1)-ൽ "അയാൾ,-" എന്ന വാക്കിനും ചിഹ്നങ്ങൾക്കും പകരം "അയാൾ:- " എന്ന വാക്കും ചിഹ്നങ്ങളും ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

111. പീഠികയിൽ “കാണുന്ന” എന്നതിന് പകരം "കാണപ്പെടുന്ന" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീമതി വീണാ ജോർജ്: സർ, ഈ സർക്കാരിന്റെ കാലയളവിൽ ആരോഗ്യ വകുപ്പ് സഭയിൽ അവതരിപ്പിക്കുന്ന എട്ടാമത്തെ ബില്ലും ക്ലിനിക്കൽ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട മൂന്നാമത്തെ ഭേദഗതി ബില്ലും കൂടിയാണിത്. കേരള നിയമസഭ പാസ്സാക്കിയ കേരള ക്ലിനിക്കൽ

സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പൂർണ്ണമായ അർഥത്തിൽ നടപ്പിലാക്കുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇന്ന് സഭയിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി തേടിക്കൊണ്ട് ബഹുമാന്യനായ പ്രതിപക്ഷാംഗം സംസാരിച്ചപ്പോൾ ആരോഗ്യ വകുപ്പിനെ സംബന്ധിച്ച് ചില കാര്യങ്ങൾ പറയുകയുണ്ടായി. അതുസംബന്ധിച്ച് പ്രത്യേകമായി പറയണമെന്ന് ആഗ്രഹിക്കുകയാണ്. നവകേരള കർമ്മ പദ്ധതി 2-ന്റെ ഭാഗമായി ആർദ്രം മിഷനിലൂടെ ജീവിതശൈലീ രോഗങ്ങളുടെ പ്രതിരോധം, ക്യാൻസർ രോഗ നിയന്ത്രണം, ക്വാളിറ്റി ഇംപ്രൂവ്മെന്റ്, അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യ കേന്ദ്രങ്ങളുടെ പരിവർത്തനപ്പെടുത്തൽ എന്നിങ്ങനെയുള്ള കാര്യങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയാണ്. നാല് പ്രധാനപ്പെട്ട കാര്യങ്ങൾക്കാണ് ഈ കാലഘട്ടത്തിൽ സർക്കാർ ഊന്നൽ നൽകുന്നത്. ഒന്ന്, അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ടതാണ്. അതിന്റെ ഭാഗമായാണ് സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിയതും ഈ സർക്കാരിന്റെ കാലത്ത് തുടരുന്നതുമായ ആർദ്രം മിഷനിലൂടെ ആരോഗ്യ

കേന്ദ്രങ്ങളെ പരിവർത്തനപ്പെടുത്തുന്നത്. മെഡിക്കൽ കോളേജുകളിലെ ഒ.പി. പരിവർത്തനം നൂറ് ശതമാനവും ജില്ലാ ആശുപത്രികളിലേത് 82 ശതമാനവും താലൂക്കാശുപത്രികളിലേത് 35 ശതമാനവും ഈ സർക്കാരിന്റെ കാലഘട്ടത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന പദ്ധതി 47 ശതമാനം പൂർത്തിയാക്കി. അത് തുടങ്ങിയിട്ട് അധിക നാളുകളായിട്ടില്ല. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി 78 ശതമാനം പൂർത്തിയായിട്ടുണ്ട്. അടുത്ത ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാന്യനായ വൈദ്യുതി വകുപ്പുമന്ത്രിയുടെ മണ്ഡലമായ ചിറ്റൂരിൽ മനോഹരമായി പൂർത്തീകരിച്ച താലൂക്കാശുപത്രിയുടെ ഉദ്ഘാടനം നിർവഹിക്കാൻ പോകുകയാണ്. ആലപ്പുഴയിൽ കിഫ്ബിയിലൂടെ പൂർത്തീകരിച്ച കെട്ടിടത്തിന്റെയും സംസ്ഥാനത്ത് കിഫ്ബിയിലൂടെ നിർമ്മാണം പൂർത്തീകരിച്ച പത്തോളം ആശുപത്രികളുടെയും ഉദ്ഘാടനം നിർവഹിക്കാൻ പോകുകയാണ്. കേരള സി.ഡി.സി., വൺ ഹെൽത്ത് സെന്റർ, കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് തുടങ്ങി

വിവിധ സ്ഥാപനങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. ആയുർവേദ രംഗത്ത് കണ്ണൂരിലെ ഇന്റർനാഷണൽ റിസർച്ച് ഓൺ ആയുർവേദ എന്ന സ്ഥാപനത്തിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. രണ്ടാമത്തെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്, പൊതുജനാരോഗ്യ പ്രവർത്തനങ്ങളെ കാലഘട്ടത്തിനനുസൃതമായി പുനഃക്രമീകരിക്കുകയും ശാക്തീകരിക്കുകയും ചെയ്യുക എന്നതാണ്. അതിന്റെ ഭാഗമായി ഒട്ടേറെ കാര്യങ്ങൾ ചെയ്തു. ഈ സഭ പാസാക്കിയ ആരോഗ്യ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട നിയമമായ 2023-ലെ കേരള പൊതുജനാരോഗ്യ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ പ്രവർത്തനങ്ങൾ നടക്കുന്നത്. അടിസ്ഥാനപരമായ പ്രവർത്തനങ്ങൾ ഏകാരോഗ്യത്തിലധിഷ്ഠിതമായി നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചു. ക്യാൻസർ രോഗനിയന്ത്രണവുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ക്യാൻസർ രോഗനിയന്ത്രണ പരിപാടി ആരംഭിച്ചു. വളരെ സൂക്ഷ്മമായ തലത്തിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കുന്നതിന് സംസ്ഥാനത്തുടനീളം ജനകീയാരോഗ്യ കേന്ദ്രങ്ങൾ ആരംഭിച്ചു. പഞ്ചായത്ത്

തലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളും താലൂക്കാശുപത്രികളും താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളും ജില്ലാ ആശുപത്രികളും ജനറൽ ആശുപത്രികളും അതിനുമുകളിൽ മെഡിക്കൽ കോളേജുകളും ആരംഭിച്ചു. ഈ സിസ്റ്റത്തിന് താഴെയായി, രണ്ടോ മൂന്നോ വാർഡുകൾ ചേരുന്നിടത്ത് പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ജനകീയാരോഗ്യ കേന്ദ്രങ്ങൾ ഈ കാലഘട്ടത്തിൽ ആരംഭിച്ചു. ഈ സഭ പാസാക്കിയ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് ഉൾപ്പെടെയുള്ളവ ഈ പ്രവർത്തനങ്ങളെ ശാക്തീകരിച്ചിട്ടുണ്ട്. അതോടൊപ്പം രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളമാണ്. 1600 കോടി രൂപയാണ് ഇതിനായി കേരളം ചെലവഴിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2019-ലാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ആരംഭിച്ചത്. 2021-ൽ രണ്ടര ലക്ഷം രോഗികൾക്കാണ് സൗജന്യ ചികിത്സ നൽകിയിരുന്നതെങ്കിൽ നിലവിൽ അത് ആറര ലക്ഷമായി വർധിച്ചു. അതുപോലെ ലക്ഷക്കണക്കിന് രൂപ സ്വകാര്യ മേഖലയിൽ ആവശ്യമായിവരുന്ന വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള

സർജറികൾ സർക്കാർ മേഖലയിൽ സൗജന്യമായി ചെയ്യുന്നതിന് തുടക്കം കുറിച്ചു. അത് വലിയൊരു ഇടപെടലാണ്. ഒരു vial മെഡിസിന് ലക്ഷക്കണക്കിന് രൂപയാകുന്ന അപൂർവ രോഗങ്ങൾക്ക് സൗജന്യ ചികിത്സ നൽകുന്ന 'കെയർ' പദ്ധതി ആദ്യമായി സംസ്ഥാനത്ത് ആരംഭിച്ചത് ദേശീയതലത്തിൽതന്നെ ശ്രദ്ധിക്കപ്പെട്ടു. കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് അത് ഉദ്ഘാടനം ചെയ്തത്. അതുപോലെ ഹീമോഫീലിയ രോഗികൾക്കുവേണ്ടിയുള്ള പ്രതിരോധ മരുന്ന് രാജ്യത്ത് ആദ്യമായി നൽകുന്ന സംസ്ഥാനം കേരളമാണ്. പല സംസ്ഥാനങ്ങളിലും ഹീമോഫീലിയ രോഗികളുടെ സംഘടനകൾ “Kerala can, why this State can't” എന്നെഴുതിയ ബോർഡുകളുമായി അവരുടെ പ്രതിഷേധം അറിയിക്കുന്നത് കണ്ടിട്ടുണ്ട്. ആ സംസ്ഥാനങ്ങളുടെ പേര് ഞാൻ പറയുന്നില്ല. കേരളത്തിന്റെ ഈ ഇടപെടലിന്റെ ഭാഗമായി ഓരോ സംസ്ഥാനത്തും അത്തരത്തിലുള്ള മൂവ്മെന്റുണ്ടായി. ജനക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ വലിയ പരിശ്രമം നടത്തുന്നുണ്ട്. 1600 കോടി രൂപ സംസ്ഥാന സർക്കാർ കൊടുക്കുമ്പോൾ 138 കോടി രൂപ മാത്രമാണ് കേന്ദ്ര സർക്കാർ

നമുക്ക് നൽകുന്നതെന്നുകൂടി കാണേണ്ടതുണ്ട്. മെഡിക്കൽ വിദ്യാഭ്യാസത്തിന് ഈ സർക്കാരിന്റെ കാലഘട്ടത്തിൽ വലിയ പ്രാധാന്യമാണ് നൽകുന്നത്. നമ്മുടെ സംസ്ഥാനത്തെ കുഞ്ഞുങ്ങൾ മറ്റ് രാജ്യങ്ങളിൽ പോയി പഠിക്കുന്നത് ഒഴിവാക്കി കേരളത്തിൽത്തന്നെ അവസരം നൽകുന്നതിനുവേണ്ടിയാണ് സർക്കാർ നയം ആവിഷ്കരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം രാവിലെ പറഞ്ഞ വിഷയം അതാണ്. അദ്ദേഹം പറഞ്ഞത് വസ്തുതാപരമല്ല. കാരണം, ഇപ്പോൾ 9343 നഴ്സിംഗ് സീറ്റുകൾ കേരളത്തിലുള്ളതിൽ 2687 സീറ്റും ഈ സർക്കാരിന്റെ കാലഘട്ടത്തിൽ അനുവദിച്ചതാണ്. കൂടുതൽ നഴ്സിംഗ് സീറ്റ് ആവശ്യപ്പെട്ടുവന്നാൽ കൊടുക്കില്ലെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയല്ല. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപേക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് വിവിധ തലങ്ങളിലുള്ള നിയമപ്രകാരമുള്ള പരിശോധനകളുടെ അടിസ്ഥാനത്തിൽ അനുവദിക്കണമെന്നതാണ് സർക്കാരിന്റെ നിലപാട്. സർക്കാർ മെഡിക്കൽ സീറ്റുകളുടെ എണ്ണം ഇരുന്നൂറിലധികം ഈ കാലഘട്ടത്തിൽ വർധിപ്പിച്ചു. സർക്കാർ മേഖലയിൽ നേരത്തെ 491 നഴ്സിംഗ് സീറ്റുകളാണുണ്ടായിരുന്നത്. 612 സീറ്റുകൾ ഈ മൂന്ന് വർഷക്കാലയളവിൽ

കൂടിയിട്ടുണ്ട്. അതോടൊപ്പം GNM (General Nursing and Midwifery)-ലും തത്തുല്യമായ വർധനയുണ്ടായിട്ടുണ്ട്. എം.എസ്സി. നഴ്സിംഗിൽ സ്പെഷ്യാലിറ്റി കോഴ്സുകൾ കൂടുതലായി കൊണ്ടുവരാൻ ഈ കാലഘട്ടത്തിൽ സാധിച്ചു. ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് നഴ്സിംഗ് മേഖലയിൽ സംവരണം അനുവദിച്ചതുൾപ്പെടെ നിരവധി കാര്യങ്ങൾ ഈ കാലഘട്ടത്തിൽ ചെയ്യാൻ സാധിച്ചു.

ശ്രീ. പി. എസ്. സുപാൽ: സർ, വിദേശത്ത് ഏറ്റവും കൂടുതൽ മലയാളി നഴ്സുമാരെ ആവശ്യമുണ്ട്. അത്തരമൊരു സാഹചര്യം പരിഗണിച്ചുകൊണ്ട് സംസ്ഥാനത്ത് കൂടുതൽ നഴ്സിംഗ് കോളേജുകൾ ആരംഭിക്കണം. ഇപ്പോൾ 400 ബെഡുകളുള്ള താലൂക്കാശുപത്രികളിൽപോലും ഒരു നഴ്സിംഗ് കോളേജിനാണ് അനുവാദം കൊടുക്കുന്നത്. പല സംസ്ഥാനങ്ങളിലും നൂറ് ബെഡുകളുള്ള ആശുപത്രിക്ക് ഒന്നിലധികം നഴ്സിംഗ് കോളേജിന് അനുവാദം കൊടുക്കുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അക്കാര്യം സംസ്ഥാനം തീരുമാനിച്ചാൽ മതിയാകും. അത്തരത്തിൽ കേരളത്തിലും കൂടുതൽ നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ സാധിക്കില്ലേ?

ശ്രീമതി വീണാ ജോർജ്: സർ, നാഷണൽ കൗൺസിലും കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് (KUHS)-ഉം കൂടിയാണ് മാനദണ്ഡം തീരുമാനിക്കുന്നത്. സംസ്ഥാനം പ്രത്യേകമായൊരു മാനദണ്ഡം നിശ്ചയിക്കുകയല്ല ചെയ്യുന്നത്. നിയമപരമായി ഈ രണ്ട് തലത്തിലും നിർണ്ണയിക്കപ്പെടുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നഴ്സിംഗ് കോളേജുകൾ അനുവദിക്കുന്നത്. കേരളത്തിന്റെ മെഡിക്കൽ വിദ്യാഭ്യാസ ചരിത്രം പരിശോധിച്ചാൽ എം.ബി.ബി.എസ്./നഴ്സിംഗ്/പാരാമെഡിക്കൽ മേഖലകളിൽ ഇത്രയുമധികം സീറ്റുകൾ വർധിച്ചിട്ടുള്ള കാലഘട്ടമുണ്ടായിട്ടില്ലെന്നുതന്നെ കാണാൻ സാധിക്കും. മെഡിക്കൽ പി.ജി. കോഴ്സുകളിലും തത്തുല്യമായി സീറ്റുകൾ വർധിപ്പിച്ചിട്ടുണ്ട്. സർക്കാരിന്റെ നയത്തിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ വർധനയുണ്ടാക്കാൻ സാധിച്ചത്. സൗകര്യങ്ങളുള്ളയിടത്ത് മാനദണ്ഡങ്ങളിൽ വിട്ടുവീഴ്ച വരുത്താതെ ആവശ്യമായ കാര്യങ്ങൾ തുടർന്നും ചെയ്യുന്നതാണ്. ഈ കാലഘട്ടത്തിൽ ആരോഗ്യ വകുപ്പ് ഏറ്റെടുത്തിട്ടുള്ള ഒരു കാര്യം മോഡണൈസേഷനാണ്. ഏതാനും ദിവസങ്ങൾക്കകം കേരളത്തിലെ മുഴുവൻ ആശുപത്രികളിലും

ഓൺലൈൻ അപ്പോയിന്റ്മെന്റ് സാധ്യമാകും. നേരത്തെ ചുരുക്കം ചില ആശുപത്രികളിൽ മാത്രമെ ഇത് സാധ്യമാകുമായിരുന്നുള്ളൂ. രോഗികൾ രാവിലെ 5 മണി മുതൽ ക്യൂ നിൽക്കുന്നതും 10 മണിയായിട്ടും ഒ.പി. ടിക്കറ്റ് കിട്ടാതെ കുഴഞ്ഞുവീഴുന്നതുമൊക്കെ നാം വാർത്തകളിൽ കണ്ടിട്ടുണ്ട്. ഇതിന് പരിഹാരമായി എല്ലാ ആശുപത്രികളിലും ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തുകയാണ്. ഇൻഷ്വറൻസ് പരിരക്ഷയുള്ളവർക്ക് ആ നിലയിൽ സൗജന്യമായാണ് ചികിത്സ നൽകുന്നത്. സ്വകാര്യ മേഖലയേക്കാൾ വളരെ കുറഞ്ഞ നിരക്കുകളാണ് സർക്കാർ ആശുപത്രികളിലുള്ളത്. ഇത്തരം പേമെന്റുകൾ നടത്തുന്നതിനായി ഓൺലൈൻ സംവിധാനം കൂടി സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കിയിട്ടുണ്ട്. അതിന്റെ ആദ്യഘട്ടം പൂർത്തിയാകുകയും രണ്ടാംഘട്ടം നടന്നുകൊണ്ടിരിക്കുകയുമാണ്. അതുകൂടി പൂർത്തിയായതിനുശേഷം സംസ്ഥാനമൊട്ടാകെ ആരംഭിച്ച് മുന്നോട്ട് പോകുന്നതിനെപ്പറ്റിയാണ് ആലോചിക്കുന്നത്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, വളരെ ഗൗരവമുള്ള വിഷയമാണിത്. ഞാൻ പട്ടാമ്പിയിലൊരു യൂത്ത് സമ്മിറ്റ് നടത്തി. അതിൽ യുവജനങ്ങളുടെ ആവശ്യങ്ങളെക്കുറിച്ച് അന്വേഷിച്ചപ്പോൾ മെന്റൽ ഹെൽത്ത് ഇഷ്യൂസിനെ കുറിച്ചാണ് അവർ പ്രധാനമായി പറഞ്ഞത്. പ്രത്യേകിച്ച് പെൺകുട്ടികളിലും സ്ത്രീകളിലും വളരെയേറെ പ്രശ്നങ്ങൾ ഇതുമായി ബന്ധപ്പെട്ട് വരുന്നുണ്ട്. ലോൺലിനെസ് എപ്പിഡെമിക് എന്നൊരു സാഹചര്യമുണ്ടാകാനിരിക്കുന്നുവെന്ന് പഠനങ്ങളൊക്കെ വരുന്നുണ്ട്. മെന്റൽ ഹെൽത്തുമായി ബന്ധപ്പെട്ട് സൈക്കാട്രിസ്റ്റിന്റെയും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും ട്രീറ്റ്മെന്റിന്റെയും ചെലവ് എല്ലാവർക്കും താങ്ങാൻ സാധിക്കില്ലെന്ന പ്രശ്നമുണ്ട്. ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ് പറഞ്ഞത്. മെന്റൽ ഹെൽത്തുമായി ബന്ധപ്പെട്ട ചികിത്സകൾക്കുള്ള മരുന്നുകൾക്ക് പൊതുവിൽ വില കൂടുതലാണെന്ന് പറയുന്നതിൽ വാസ്തവമുണ്ട്. അത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അക്കാര്യത്തിൽ സ്വീകരിക്കാൻ സാധിക്കുന്ന നടപടികളെക്കുറിച്ച് സർക്കാർ

പരിശോധിക്കുന്നുണ്ട്. കാൻസർ രോഗത്തിനുള്ള മരുന്നുകൾക്കും പൊതുവിൽ വില കൂടുതലാണ്. കേന്ദ്ര സർക്കാരിന്റെ പേറ്റന്റ് നിയമം നിലവിലുള്ളതുകൊണ്ടാണ് മരുന്നുകൾക്ക് വലിയ വില കൊടുക്കേണ്ടിവരുന്നത്. ഉദാഹരണത്തിന് 1,20,000/- രൂപ വിലയുള്ള മരുന്നിന് യഥാർഥത്തിൽ 5000, 6000 രൂപ മാത്രമേ ഉണ്ടാവുകയുള്ളൂ. കേന്ദ്ര സർക്കാർ നിയമങ്ങളിൽ മാറ്റമുണ്ടായാൽ മാത്രമേ സംസ്ഥാന സർക്കാരിനും കൂടുതൽ കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയൂ. നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി കാൻസർ മരുന്നുകളുമായി ബന്ധപ്പെട്ട് 'കാരുണ്യ സ്പർശം' പദ്ധതി സർക്കാർ ആരംഭിച്ചിട്ടുണ്ട്. 14 ജില്ലകളിലും 14 കാരുണ്യ ഫാർമസികൾ ആരംഭിച്ച് ആദ്യഘട്ടത്തിൽ സീറോ പ്രോഫിറ്റിൽ അതായത്, കെ.എം.എസ്.സി.എൽ., (കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്) മരുന്ന കമ്പനികളിൽനിന്ന് വാങ്ങുന്ന അതേ വിലയിൽ കാൻസർ മരുന്നുകൾ നൽകുകയാണ്. ടി പദ്ധതി നടപ്പിലാക്കിയിട്ട് ഒരു മാസവും രണ്ടാഴ്ചയും മാത്രമേ ആയിട്ടുള്ളൂവെങ്കിലും ഇതിലൂടെ ജനങ്ങൾക്ക് 10 ലക്ഷത്തിലധികം രൂപയുടെ ലാഭമുണ്ടായിട്ടുണ്ട്. നിലവിൽ എല്ലാ കാരുണ്യ

ഫാർമസികളിലും ഈ പദ്ധതി നടപ്പാക്കാനുള്ള ശ്രമത്തിലാണ്. മെന്റൽ ഹെൽത്ത് സംബന്ധമായ മരുന്നുകളും ഇപ്രകാരം നൽകുന്നതുസംബന്ധിച്ച് പരിഗണിക്കാം. അവയവമാറ്റിവയ്ക്കൽ ശസ്ത്രക്രിയ കഴിഞ്ഞവർക്കുള്ള മരുന്നുകളും ഈ രീതിയിൽ കൊടുക്കാനുദ്ദേശിക്കുന്നുണ്ട്. ആധുനികവത്കരണത്തിന്റെ ഭാഗമായി ഈ കാലഘട്ടത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. അപകടത്തെ തുടർന്നോ മറ്റേതെങ്കിലും കാരണത്താലോ പൂർണ്ണമായും കിടപ്പിലായവർക്ക്, അതായത് ഒരു കൈവിരൽപോലും ചലിപ്പിക്കാൻ കഴിയാത്തവരെ എഴുന്നേൽപ്പിക്കാനും ഫിസിയോതെറാപ്പി ചെയ്യുന്നതിനുമായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചുള്ള ജീ-ഗെയിറ്റർ (G-Gaiter) സംവിധാനം നിലവിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, രക്തദാതാവിന്റെ വെയിനിൽനിന്നും സ്വീകർത്താവിന്റെ വെയിനിൽ എത്തുന്നതുവരെയുള്ള എല്ലാ കാര്യങ്ങളും നിരീക്ഷിക്കാൻ കഴിയുന്ന അത്യാധുനിക സംവിധാനമായ ബ്ലഡ് ബാഗ് ട്രേസബിലിറ്റിയും ആവിഷ്കരിച്ചിട്ടുണ്ട്. വെയിൻ ടു വെയിൻ

ട്രേസബിലിറ്റി സാങ്കേതികവിദ്യയാണ് ഇതിനായി ഉപയോഗിക്കുന്നത്. സാധാരണയായി രക്തദാനത്തിലൂടെ ശേഖരിക്കുന്ന ബ്ലഡ് കമ്പോണന്റ്സ് ഒരു നിശ്ചിത താപനിലയിലാണ് സൂക്ഷിക്കേണ്ടത്. അതിൽ മാറ്റം വന്നാൽ രോഗിയെ ഗുരുതരമായി ബാധിക്കും. എന്നാൽ, പ്രസ്തുത സാങ്കേതികവിദ്യയിലൂടെ താപനില നിരീക്ഷിക്കാൻ കഴിയുന്നുവെന്നതും ഒരു പ്രത്യേകതയാണ്. ഈ ബില്ലിൽ സാങ്കേതികമായ കാര്യങ്ങളാണ് കൂടുതലുള്ളത്. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കാനുള്ള കാലാവധി മൂന്ന് വർഷത്തിൽനിന്നും അഞ്ച് വർഷമാക്കി ഉയർത്തിയിട്ടുണ്ട്. കേന്ദ്ര നിയമത്തിൽ ടി കാലാവധി അഞ്ചുവർഷമായിരുന്നപ്പോഴും സംസ്ഥാന നിയമത്തിൽ മൂന്നുവർഷമെന്നായിരുന്നു നിഷ്കർഷിച്ചിരുന്നത്. അതുകൊണ്ടാണ് കേന്ദ്ര നിയമത്തിനനുസൃതമായി ഇവിടെയും ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുന്നത്. മറ്റൊന്ന്, എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ പോലുള്ള പ്രോഗ്രാമിൽ അക്രഡിറ്റേഷൻ കാലയളവ് അഞ്ച് വർഷമാണ്. അതായത്, ഒരിക്കൽ അക്രഡിറ്റഡായാൽ അഞ്ച് വർഷം കഴിഞ്ഞ് പുതുക്കിയാൽ മതിയാകും. ഇത്

സ്റ്റാൻഡേർഡൈസ് ചെയ്യുന്നതിന്റെ ഭാഗമായാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. നിലവിൽ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ അതോറിറ്റിയിൽ ഡെന്റൽ സർജൻ, ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിനിലെ ജില്ലാ മെഡിക്കൽ ഓഫീസർ, ഹോമിയോപ്പതിക് സിസ്റ്റം ഓഫ് മെഡിസിനിലെ ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവരെ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ, ടി ഭേദഗതിയിലൂടെ ഡിസ്ട്രിക്ട് കമ്മിറ്റിയിൽ അവരെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യാജ ഡോക്ടർമാരുടെ വാർത്തകൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ അതിന് പരിഹാരം കാണാൻ നിലവിൽ യാതൊരു സംവിധാനവുമില്ല. അതുകൊണ്ടുതന്നെ എച്ച്.ആർ. ഉൾപ്പെടെ പരിഗണിച്ചുകൊണ്ട് സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യുന്നതിലൂടെ നിയമപരമായി സർക്കാരിന് ഇക്കാര്യങ്ങളിൽ ഇടപെടാനും ബില്ലിലൂടെ സാധിക്കുന്നതാണ്. അതുകൊണ്ട് ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതികൾ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പാസ്സായിരിക്കുന്നു.

(ii) 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

(iii) 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ

(ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ബില്ലുകൾക്ക് വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.)

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു; ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(ii) 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

ശ്രീമതി കാനത്തിൽ ജമീല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

140. ഖണ്ഡം 2(i) ഒഴിവാക്കുക.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

149. ഖണ്ഡം 2(i)-ൽ, “അതിനുപകരം” എന്നതിന് പകരം "അതിനു പകരമായി” എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 141-ാം നമ്പർ ഭേദഗതി 140-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഡോ. എം. കെ. മുനീറിന്റെ 143-ാം നമ്പർ ഭേദഗതിയും ശ്രീ. പി.

ഉബൈദുള്ളയുടെ 155-ാം നമ്പർ ഭേദഗതിയും ഭേദഗതിയോടുകൂടി ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

143. ഖണ്ഡം 2(i)-ൽ "ഉപനിയമം" എന്ന പദം എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം "ബൈലോ" എന്ന പദം തദനുസൃതമായി അതിനുപകരം ചേർക്കേണ്ടതാണ്.

155. ഖണ്ഡം 2(ii)-ൽ "വ്യവസായ സംരംഭം" എന്ന പദങ്ങൾ എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം " വ്യവസായസ്ഥാപനം" എന്ന പദം തദനുസൃതമായി അതിനുപകരം ചേർക്കേണ്ടതാണ്.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

169. ഖണ്ഡം 3 താഴെപ്പറയും പ്രകാരം മാറ്റുക.

"3. 2-ാം വകുപ്പിന്റെ ഭേദഗതി— പ്രധാന ആക്ടിലെ 2-ാം വകുപ്പിൽ, (എം) ഖണ്ഡം വിട്ടുകളയുക."

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

171. ഖണ്ഡം 3 താഴെപ്പറയും പ്രകാരം മാറ്റുക.

"3. 2-ാം വകുപ്പിന്റെ ഭേദഗതി. — പ്രധാന ആക്ടിലെ 2-ാം വകുപ്പിൽ (എ) ഖണ്ഡത്തിൽ "വ്യവസായ സ്ഥാപനങ്ങൾ" എന്നീ വാക്കുകൾക്ക് പകരം "വ്യവസായ സ്ഥാപനം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്."

മി. ഡെപ്യൂട്ടി സ്പീക്കർ: 170-ാം നമ്പർ ഭേദഗതി 169-ാം നമ്പർ ഭേദഗതിക്കും 172-ാം നമ്പർ ഭേദഗതി 171-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. എം. എം. മണി അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടുകൂടി സ്വീകരിക്കുന്നു.

171. ഖണ്ഡം 3 താഴെപ്പറയും പ്രകാരം മാറ്റുക.

"3. 2-ാം വകുപ്പിന്റെ ഭേദഗതി. — പ്രധാന ആക്ടിലെ 2-ാം വകുപ്പിൽ (എ) ഖണ്ഡത്തിൽ "വ്യവസായസ്ഥാപനങ്ങൾ" എന്ന വാക്കിനുപകരം "വ്യവസായസ്ഥാപനം" എന്ന വാക്ക് ചേർക്കേണ്ടതാണ്."

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 171-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

180. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "പതിനഞ്ച് " എന്നതിന് പകരം "അഞ്ച്" എന്ന് ചേർക്കുക.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

182. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "പതിനഞ്ച്" എന്നതിന് പകരം "ആറ്" എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

184. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "പതിനഞ്ച്" എന്നതിന് പകരം "ഏഴ്" എന്ന് ചേർക്കുക.

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

188. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "പതിനഞ്ച് " എന്നതിന് പകരം "ഒൻപത്" എന്ന് ചേർക്കുക.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

192. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "പതിനഞ്ച്" എന്നതിന് പകരം "പന്ത്രണ്ട്" എന്ന് ചേർക്കുക.

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

204. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ “പ്രവർത്തിപ്പിക്കുന്നതിനും” എന്നത് ഒഴിവാക്കുക.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

206. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "പ്രവർത്തിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും" എന്നത് ഒഴിവാക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

208. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "വൈവിദ്ധ്യവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും" എന്നത് ഒഴിവാക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

213. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ, “ആധുനികവൽക്കരിക്കുന്നതിനും” എന്നതിന് ശേഷം "കൈമാറ്റം ചെയ്യുന്നതിനും” എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 181-ാം നമ്പർ ഭേദഗതി 180-ാം നമ്പർ ഭേദഗതിക്കും 183-ാം നമ്പർ ഭേദഗതി 182-ാം നമ്പർ ഭേദഗതിക്കും 185-ാം

നമ്പർ ഭേദഗതി 184-ാം നമ്പർ ഭേദഗതിക്കും 189-ാം നമ്പർ ഭേദഗതി 188-ാം നമ്പർ ഭേദഗതിക്കും 193-ാം നമ്പർ ഭേദഗതി 192-ാം നമ്പർ ഭേദഗതിക്കും 205-ാം നമ്പർ ഭേദഗതി 204-ാം നമ്പർ ഭേദഗതിക്കും 207-ാം നമ്പർ ഭേദഗതി 206-ാം നമ്പർ ഭേദഗതിക്കും 209-ാം നമ്പർ ഭേദഗതി 208-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 192-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 208-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭ പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

225. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 5(l)-ൽ “ആധുനികവൽക്കരിക്കുന്നതിനും” എന്നതിന് ശേഷം "കൈമാറ്റം ചെയ്യുന്നതിനും " എന്ന് ചേർക്കുക.

235. ഖണ്ഡം 5(iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(6)-ന്റെ ക്ലിപ്ത നിബന്ധനയിൽ “ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഒരു" എന്നതിന് പകരം "ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും വ്യവസായ പ്രദേശ ബോർഡ് യോഗത്തിൽ" എന്ന് ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

226. ഖണ്ഡം 5(ii) ഒഴിവാക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 227-ാം നമ്പർ ഭേദഗതി 226-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 225, 235 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേഭഗതി അവതരിപ്പിക്കുന്നു.

240. ഖണ്ഡം 6(i) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 7(1)-ൽ “ആധുനികവത്കരിക്കുന്നതിനോ” എന്നതിന് ശേഷം "കൈമാറ്റം ചെയ്യുന്നതിനോ" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 240-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേഭഗതി അവതരിപ്പിക്കുന്നു.

259. ഖണ്ഡം 7(i)(എ) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(1)-ൽ, "പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ" എന്നതിന് പകരം "വിപുലീകരിക്കുന്നതിനോ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേഭഗതികൾ അവതരിപ്പിക്കുന്നു.

262. ഖണ്ഡം 7(i)(എ) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(1)-ൽ "ആധുനികവത്കരിക്കുന്നതിനോ" എന്നതിന് ശേഷം "കൈമാറ്റം ചെയ്യുന്നതിനോ" എന്ന് ചേർക്കുക.

277. ഖണ്ഡം 7(ii) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ൽ "ആധുനികവത്കരിക്കുന്നതിനോ" എന്നതിന് ശേഷം "കൈമാറ്റം ചെയ്യുന്നതിനോ" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേഭഗതി അവതരിപ്പിക്കുന്നു:

263. ഖണ്ഡം 7(i)(ബി) ഒഴിവാക്കുക.

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേഭഗതി അവതരിപ്പിക്കുന്നു.

274. ഖണ്ഡം 7(ii) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ൽ "പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ" എന്നതിന് പകരം "വിപുലീകരിക്കുന്നതിനോ" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 260-ാം നമ്പർ ഭേദഗതി 259-ാം നമ്പർ ഭേദഗതിക്കും 264-ാം നമ്പർ ഭേദഗതി 263-ാം നമ്പർ ഭേദഗതിക്കും 275-ാം നമ്പർ ഭേദഗതി 274-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 259-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 262, 277 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 263-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 274-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേഭഗതി അവതരിപ്പിക്കുന്നു:

286. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(1)-ൽ "ആധുനികവത്കരിക്കുന്നതിനോ" എന്നതിന് ശേഷം "കൈമാറ്റം ചെയ്യുന്നതിനോ" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 286-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേഭഗതികൾ അവതരിപ്പിക്കുന്നു:

288. ഖണ്ഡം 9(i) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 11-ൽ "അപ്രകാരം നിരസിച്ചുകൊണ്ടുള്ള" എന്നതിന് പകരം "അപ്രകാരം അപേക്ഷ നിരസിച്ചുകൊണ്ടുള്ള" എന്ന് ചേർക്കുക.

295. ഖണ്ഡം 9(i) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 11-ൽ "അപ്രകാരം ഉപാധികളോടെ" എന്നതിന് പകരം "അല്ലെങ്കിൽ ഉപാധികളോടെ" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 288, 295 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേഭഗതികൾ അവതരിപ്പിക്കുന്നു.

132. ഖണ്ഡം 1(1)-ൽ, "എന്ന്" എന്നതിന് പകരം "എന്ന" എന്ന് ചേർക്കുക.

134. ഖണ്ഡം 1(2)-ൽ "ഇത്" എന്നതിന് പകരം "ഈ ആക്ട്" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 132, 134 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. പി. രാജീവ്: സർ, വ്യവസായ സൗഹൃദാന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്താൻ സഹായകരമായുള്ള ഭേദഗതികളാണ് കൊണ്ടുവന്നിട്ടുള്ളത്. അതോടൊപ്പം ഈ സർക്കാർ പ്രഖ്യാപിച്ച സ്വകാര്യ വ്യവസായ പാർക്കുകൾ

എന്ന പുതിയ നയമനുസരിച്ച് ഒരു വർഷത്തിനുള്ളിൽ 30 വ്യവസായ പാർക്കുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. അത്തരം സംരംഭകരുടെ പ്രശ്നങ്ങൾ പ്രായോഗികമായി പരിഹരിക്കുന്നതിനുള്ള ഭേദഗതിയും കൊണ്ടുവന്നിട്ടുണ്ട്. പ്രധാന ആക്ടിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്തിരുന്നുവെങ്കിൽ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയിലൂടെ വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകുന്ന രൂപത്തിൽ വ്യവസായ പ്രദേശ ബോർഡുകളുടെ നിർവചനം വിപുലപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യ പാർക്കുകളെ വ്യവസായ പ്രദേശമായി പ്രഖ്യാപിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പാർക്കിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ വ്യവസായ പ്രദേശ ബോർഡുകളിൽ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾകൂടി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത്, സ്വകാര്യ ഇൻഡസ്ട്രിയൽ പാർക്കുകൾക്കായി ബോർഡ് രൂപീകരിക്കുമ്പോൾ

സംസ്ഥാന സർക്കാർ പ്രതിനിധികളും മറ്റ് വകുപ്പുകളുടെ പ്രതിനിധികളുമുണ്ടാകും. എന്നാൽ വ്യവസായ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് അവരുടെ സ്ഥാപനത്തെപ്പറ്റി അഭിപ്രായം പറയാൻ അവസരം ലഭിക്കാറില്ല. അതുകൊണ്ടാണ് ടി ബോർഡിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ മെമ്പർമാരായല്ലെങ്കിലും പ്രത്യേക ക്ഷണിതാവെന്ന രീതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത്. രണ്ട് ലക്ഷം രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങൾക്കായി ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡുകൾ രൂപീകരിക്കണമെന്നായിരുന്ന മൂലനിയമത്തിൽ സൂചിപ്പിച്ചിരുന്നതെങ്കിൽ 15 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളെന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. നിലവിലുള്ള വ്യവസ്ഥകൾ കൂടുതൽ സുഗമമാക്കുന്നതിന് ഈ ഭേദഗതികൾ സഹായകരമായിരിക്കുമെന്നാണ് കണക്കാക്കുന്നത്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പാസ്സായിരിക്കുന്നു.

(iii) 2024-ലെ കേരള സൂക്ഷ്മ- ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേഭഗതി അവതരിപ്പിക്കുന്നു.

146. ഖണ്ഡം 2-ൽ "തത്വത്തിലുള്ള" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേഭഗതി അവതരിപ്പിക്കുന്നു.

148. ഖണ്ഡം 2-ൽ "തത്വത്തിലുള്ള അംഗീകാര" എന്നതിന് പകരം "അനുമതി" എന്ന് ചേർക്കുക.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേഭഗതി അവതരിപ്പിക്കുന്നു.

158. ഖണ്ഡം 2-ൽ, “തദനുസൃതമായി” എന്നതിന് പകരം "അനുസൃതമായി” എന്ന് ചേർക്കുക.

മി. സ്പീക്കർ: 144, 145 എന്നീ നമ്പർ ഭേദഗതികൾ മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ല. 147-ാം നമ്പർ ഭേദഗതി 146-ാം നമ്പർ ഭേദഗതിക്കും 149-ാം നമ്പർ ഭേദഗതി 148-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

(ii)-ഇനം പ്രകാരം പ്രധാന ആക്ടിലെ 6-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പിന് പകരം ചേർക്കാനുദ്ദേശിക്കുന്ന ഉപവകുപ്പിൽ "ആവശ്യമായ അംഗീകാരങ്ങൾ" എന്ന വാക്കുകൾക്കുശേഷം "ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേഭഗതി അവതരിപ്പിക്കുന്നു.

159. ഖണ്ഡം 3(i)-ൽ, “പകരം” എന്നതിന് പകരം "പകരമായി” എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേഭഗതി അവതരിപ്പിക്കുന്നു.

161. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6-ന്റെ മാർജിനൽ ശീർഷകത്തിൽ “തത്വത്തിലുള്ള” എന്നതിന് പകരം "പ്രാഥമിക” എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേഭഗതികൾ അവതരിപ്പിക്കുന്നു.

179. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ “നൽകിയ” എന്നതിന് ശേഷം വരുന്ന “ഒരു” എന്നത് ഒഴിവാക്കുക.

201. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ "ആറുമാസവുമായ” എന്നതിന് ശേഷം വരുന്ന "ഒരു" എന്നത് ഒഴിവാക്കുക.

205. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ "പ്രകാരമുള്ള ഒരു അംഗീകാരം" എന്നതിന് പകരം "പ്രകാരമുള്ള അംഗീകാരം" എന്ന് ചേർക്കുക.

240. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ, “സംരംക്ഷണ” എന്നതിന് പകരം “സംരക്ഷണ” എന്ന് ചേർക്കുക.

241. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ “വിരുദ്ധമായും” എന്നതിന് പകരം “വിരുദ്ധമായോ” എന്ന് ചേർക്കുക.

244. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ

“വ്യതിചലിച്ചുകൊണ്ടും” എന്നതിന് പകരം “വ്യതിചലിച്ചുകൊണ്ടോ” എന്ന് ചേർക്കുക.

247. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ “ഒരു” എന്നത് ഒഴിവാക്കുക.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

215. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ “പ്രസ്തുത കാലയളവിനുള്ളിൽ” എന്നതിന് ശേഷം വരുന്ന "," എന്ന ചിഹ്നം ഒഴിവാക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

264. ഖണ്ഡം 3(iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(2)-ൽ "മൂന്ന് വർഷവും ആറു മാസവുമായ കാലയളവിൽ" എന്നതിന് പകരം "മൂന്ന് വർഷക്കാലയളവിൽ" എന്ന് ചേർക്കുക.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

266. ഖണ്ഡം 3(iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(2)-ൽ "മൂന്ന് വർഷവും ആറു മാസവുമായ കാലയളവിൽ" എന്നതിന് പകരം "നാലു വർഷക്കാലയളവിൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 162-ാം നമ്പർ ഭേദഗതി 161-ാം നമ്പർ ഭേദഗതിക്കും 180, 181 എന്നീ നമ്പർ ഭേദഗതികൾ 179-ാം നമ്പർ ഭേദഗതിക്കും 216-ാം നമ്പർ ഭേദഗതി 215-ാം നമ്പർ ഭേദഗതിക്കും 242-ാം നമ്പർ ഭേദഗതി 241-ാം നമ്പർ ഭേദഗതിക്കും 245-ാം നമ്പർ ഭേദഗതി 244-ാം നമ്പർ ഭേദഗതിക്കും 265-ാം നമ്പർ ഭേദഗതി 264-ാം നമ്പർ ഭേദഗതിക്കും 267-ാം നമ്പർ ഭേദഗതി 266-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ 175-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

175. ഖണ്ഡം 3 (ii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ, "5-ാം വകുപ്പ് പ്രകാരം" എന്നതിന് പകരം "5-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 179, 201, 240, 241, 244 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച 179, 201, 240, 241, 244 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 205, 247 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 215-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 264-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 266-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേഭഗതി അവതരിപ്പിക്കുന്നു.

275. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 7-ൽ “മൂന്ന് വർഷക്കാലയളവിലേയ്ക്ക്” എന്നതിന് പകരം “മൂന്നു വർഷം വരെയുള്ള കാലയളവിൽ” എന്ന് ചേർക്കുക.

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

277. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ദേഭഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 7-ൽ "മൂന്നു വർഷവും ആറ് മാസവുമായ കാലയളവിലേയ്ക്ക്”

എന്നതിന് പകരം "മൂന്ന വർഷം മുതൽ നാല് വർഷത്തിനുമുള്ളിൽ" എന്ന് ചേർക്കുക.

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേഭഗതി അവതരിപ്പിക്കുന്നു.

283. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ദേഭഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 7-ൽ "മൂന്ന് വർഷവും ആറ് മാസവുമായ കാലയളവിലേയ്ക്ക്" എന്നതിന് പകരം "പരമാവധി മൂന്ന വർഷവും ആറു മാസവുമായ കാലയളവിലേയ്ക്ക്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 276-ാം നമ്പർ ഭേദഗതി 275-ാം നമ്പർ ഭേദഗതിക്കും 278-ാം നമ്പർ ഭേദഗതി 277-ാം നമ്പർ ഭേദഗതിക്കും 284-ാം നമ്പർ ഭേദഗതി 283-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 275-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 277-ാം നമ്പർ ഭേദഗതി സഭ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 283-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേഭഗതികൾ അവതരിപ്പിക്കുന്നു:

115. പീഠികയിൽ “കാണുന്ന” എന്നതിന് പകരം “കാണപ്പെടുന്ന” എന്ന് ചേർക്കുക.

139. ഖണ്ഡം 1(1)-ൽ, "എന്ന്" എന്നതിന് പകരം "എന്ന” എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. മഞ്ഞളാംകുഴി അലിയുടെ 109-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

109. പീഠികയിൽ “ഇതിനു ശേഷം” എന്നതിന് പകരം "ഇതിനുശേഷം" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 115, 139 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. പി. രാജീവ്: സർ, നേരത്തെ സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ മൂന്നുവർഷം വരെ ലൈസൻസുകളില്ലാതെ പ്രവർത്തിക്കാമെന്നും മൂന്ന് വർഷം കഴിഞ്ഞ് ആറ് മാസത്തിനുള്ളിൽ ആവശ്യമായ ലൈസൻസുകൾ നേടണമെന്നുമായിരുന്നു വ്യവസ്ഥ ചെയ്തിരുന്നത്. ടി വ്യവസ്ഥയ്ക്ക് ഒരുപരിധിവരെ സൗകര്യമെന്നപോലെ തന്നെ ചില പരിമിതികളുമുണ്ടായിരുന്നു. കാരണം, മൂന്നുവർഷം കഴിഞ്ഞാൽ മാത്രമെ ലൈസൻസിന് അപേക്ഷിക്കാൻ സാധിക്കുകയുള്ളുവെന്നതിനാൽ അതിന്റേതായ പരിമിതികളും ചില പ്രശ്നങ്ങളും സംരംഭകർ നേരിടുകയുണ്ടായി. അതുകൊണ്ട് പ്രസ്തുത വ്യവസ്ഥ മാറ്റി മൂന്ന് വർഷത്തിനും ആറ് മാസത്തിനുമുള്ളിൽ ആവശ്യമായ ലൈസൻസുകൾ നേടാമെന്നുള്ള ഭേദഗതിയാണ് വരുത്തിയിട്ടുള്ളത്. അപ്പോൾ സംരംഭകർക്ക് ലൈസൻസ് നേടുന്നതിന് മൂന്ന് വർഷവും ആറ് മാസം വരെ സമയം ലഭിക്കുകയും ടി കാലയളവിനുള്ളിൽ എപ്പോൾ

വേണമെങ്കിലും ലൈസൻസുകൾക്ക് അപേക്ഷിക്കുകയും ചെയ്യാം. 2018-ൽ പാസ്സാക്കിയ നിയമത്തിന്റെ ഭാഗമായി കൈപ്പറ്റ് സാക്ഷ്യപത്രം ലഭിക്കുന്ന സ്ഥാപനത്തിൽ മൂന്ന് വർഷക്കാലയളവിൽ യാതൊരുവിധ പരിശോധനകളും നടത്താൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ മൂന്ന് വർഷത്തിനും ആറ് മാസത്തിനുമുള്ളിൽ ലൈസൻസ് നേടുന്നതിന് നിലവിലുള്ള കേന്ദ്ര-സംസ്ഥാന നിയമങ്ങളോ ചട്ടങ്ങളോ റെഗുലേഷനുകളോ പ്രകാരം ചില പരിശോധനകൾ സ്ഥാപനത്തിൽ നടത്തേണ്ടിവരും. അത് നിയമപ്രകാരമാക്കുന്നതിനാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പാസ്സായിരിക്കുന്നു.

3.53 p.m]

IX കാര്യോപദേശക സമിതി റിപ്പോർട്ടിലെ ശിപാർശകൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ ഇന്ന് പരിഗണിക്കുന്നതിലേയ്ക്കായി 2024 ഒക്ടോബർ 7-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട് ഭാഗികമായി ഭേദഗതി ചെയ്യണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

X ചട്ടം സസ്പെൻഡ് ചെയ്യണമെന്ന ഉപക്ഷേപം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, "ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2024-ലെ കേരള നികുതി ചുമത്തൽ

നിയമങ്ങൾ (ഭേദഗതി) ബിൽ അവതരണത്തിനുശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69(5), 76(1) എന്നിവയിലെ വ്യവസ്ഥകൾ താൽകാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

നിയമനിർമ്മാണകാര്യം (തുടർച്ച)

2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര

നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ചട്ടം 75 (1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കേന്ദ്ര ജി.എസ്.ടി. കൗൺസിൽ പൊതുവിൽ അംഗീകരിച്ച ഭേദഗതികൾ സംസ്ഥാന സർക്കാർ ബില്ലാക്കി പാസ്സാക്കുകയാണ് ചെയ്യുന്നത്. സഭാ സമ്മേളന ദിവസങ്ങളിൽ ചില പ്രശ്നമുള്ളതുകൊണ്ട് നിയമസഭ ചേരുന്നതിന് തൊട്ടുമുമ്പത്തെ ദിവസങ്ങളിൽ ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടിവന്നു. കാരണം, ഒക്ടോബർ 1 മുതലാണ് ഈ നിയമം കേന്ദ്ര സർക്കാർ അനുവദിച്ച് നോട്ടിഫൈ ചെയ്തത്. ഒക്ടോബർ ഒന്ന് മുതൽ സഭ ചേരുന്ന ദിവസം

വരെയുള്ള ദിവസങ്ങളിലെ നടപടിക്രമങ്ങൾക്ക് സാധുത ലഭിക്കണമെങ്കിൽ ഓർഡിനൻസ് പുറപ്പെടുവിക്കണമെന്നതിനാൽ ഓർഡിനൻസ് പുറപ്പെടുവിക്കുകയും തുടർന്നുള്ള ദിവസങ്ങളിൽ നിയമസഭാ സമ്മേളിക്കുന്നതിനാൽ ടി ഓർഡിനൻസ് ബില്ലാക്കി പാസ്സാക്കുകയും വേണം. ജി.എസ്.ടി. കൗൺസിൽ ഇന്ത്യയിലാകെയുള്ള നിയമം എന്നനിലയിൽ യാതൊരു വ്യത്യാസവും വരാറില്ല. എന്നാൽ അതിനായി സംസ്ഥാനത്ത് ടി ബിൽ പാസ്സാക്കേണ്ടതുണ്ട്. അതിൽ മറ്റ് ഭേദഗതിയൊന്നും വരാറില്ല. പൊതുവിൽ ഈ ബില്ലിലെ പുതിയ വ്യവസ്ഥകൾ കച്ചവടക്കാർക്കും ജി.എസ്.ടി. രംഗത്തുള്ളവർക്കും സഹായകരമാകുന്നതാണ്. പ്രധാനമായും ഇതൊരു ടെക്നിക്കൽ വിഷയമായതുകൊണ്ട് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: 2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ട് മുതൽ അഞ്ച് വരെയുള്ള വകുപ്പുകൾ

(ഭേദഗതിയില്ല)

രണ്ട് മുതൽ അഞ്ച് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ട് മുതൽ അഞ്ച് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ട് മുതൽ അഞ്ച് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പാസ്സായിരിക്കുന്നു.

3.57 p.m]

XI റൂളിംഗ്

ക്രമപ്രകാരമല്ലാതെ സബ്മിഷൻ അനുവദിച്ചത് സംബന്ധിച്ച്

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സാന്നിധ്യത്തിൽ റൂളിംഗ് നൽകണമെന്നാണ് ആഗ്രഹിച്ചത്. പക്ഷേ, സഭയിൽനിന്ന് പ്രതിപക്ഷാംഗങ്ങൾ ഇറങ്ങിപോയിരിക്കുകയാണ്.

ഇന്ന് ചട്ടം 304 പ്രകാരം ശ്രീ. വി. ജോയി സബ്മിഷൻ അവതരിപ്പിച്ചിരുന്നു. ഇതേ വിഷയം സംബന്ധിച്ച് 09-10-2024-ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും സബ്മിഷൻ അവതരിപ്പിച്ചിരുന്നു. അതുസംബന്ധിച്ച ക്രമപ്രശ്നമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയിൽ ചൂണ്ടിക്കാണിച്ചത്. പൊതുസമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമെന്ന നിലയിൽ സദുദ്ദേശ്യത്തോടെയാണ് അത്തരമൊരു ഘട്ടത്തിൽ ചെയർ പ്രസ്തുത സബ്മിഷന് അനുമതി നൽകിയത്. നേരത്തെയും ഇത്തരം സമീപനമാണ് ചെയർ സ്വീകരിച്ചത്. സബ്മിഷന്റെ കാര്യത്തിൽ വളരെ ഉദാരമായ സമീപനമാണ് ഓരോ ഘട്ടത്തിലും ചെയർ സ്വീകരിച്ചിട്ടുള്ളത്. പക്ഷേ, നിയമസഭാ സെക്രട്ടേറിയറ്റിനെതിരെയും ചെയറിനെതിരെയും അനുചിതമായ പ്രസ്താവനയാണ് പ്രതിപക്ഷനേതാവ് സഭയിൽ നടത്തിയത്. അത്തരം ആക്ഷേപങ്ങൾ സഭയ്ക്കകത്ത് നടത്തിയെന്നുമാത്രമല്ല, സഭയ്ക്ക് പുറത്തും ഇത്തരം പരാമർശങ്ങൾ അദ്ദേഹം ആവർത്തിക്കുകയുണ്ടായി. ഇത്തരം രീതി അനുചിതമാണ്. ഭാവിയിൽ ചെയറിനെതിരെ പത്രക്കാരോട്

ഇത്തരം പരാമർശങ്ങൾ നടത്തുന്നരീതി ശരിയല്ലെന്ന കാര്യം ഈ ഘട്ടത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

3.58 p.m]

XII അവകാശലംഘന പ്രശ്നങ്ങൾ

1. പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിശോധനയ്ക്കായി റഫർ ചെയ്തിട്ടുള്ളവ

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സഭയിലെ അംഗങ്ങളുടെ ഇരിപ്പിടം സംബന്ധിച്ച തീരുമാനം സ്പീക്കറിൽ നിക്ഷിപ്തമാണെന്നിരിക്കെ, തന്റെ ഇരിപ്പിടമാറ്റം സംബന്ധിച്ച് സഭാധ്യക്ഷനെടുത്ത തീരുമാനത്തെ പരസ്യമായി മുഖ്യധാരാ മാധ്യമങ്ങളിലൂടെ വിമർശിക്കുകയും അധിക്ഷേപിക്കുകയും ചെയ്ത ശ്രീ. പി. വി. അൻവർ, എം.എൽ.എ.-യുടെ പ്രവൃത്തി സഭയുടെയും സഭാധ്യക്ഷന്റെയും അവകാശങ്ങളുടെ ലംഘനമാകയാൽ ശ്രീ. പി. വി. അൻവർ, എം.എൽ.എ.-യ്ക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. എം. സച്ചിൻദേവ്, എം.എൽ.എ. 11-10-2024-ന് സമർപ്പിച്ച

നോട്ടീസിന്മേൽ കൂടുതൽ പരിശോധനയും അന്വേഷണവും ആവശ്യമാകയാൽ ചെയർ ഈ വിഷയം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് പരിശോധനയ്ക്കും അന്വേഷണത്തിനും റിപ്പോർട്ടിനുമായി പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് 14-10-2024-ന് റഫർ ചെയ്തിരിക്കുന്നു.

2. അനുമതി നിഷേധിച്ചവ

2023 ഡിസംബർ 23-ന് കെ.പി.സി.സി. സംഘടിപ്പിച്ച ഡി.ജി.പി. ഓഫീസ് മാർച്ചിൽ പങ്കെടുത്ത ബഹുമാനപ്പെട്ട പ്രതിപക്ഷ കക്ഷികളിൽപ്പെട്ട ജനപ്രതിനിധികൾക്കെതിരെ പോലീസ് നടത്തിയ അതിക്രമം സഭയോടും സഭാംഗങ്ങളോടുമുള്ള അവഹേളനമാകയാൽ ആയതിന് ഉത്തരവാദികളായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സംസ്ഥാന പോലീസ് മേധാവി എന്നിവർക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ. നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. നോട്ടീസിലെ വിഷയങ്ങളും ഇതുസംബന്ധിച്ച് ആഭ്യന്തര വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടിയും ചെയർ പരിശോധിച്ചു. വേദിയിലുണ്ടായിരുന്ന ജനപ്രതിനിധികൾക്കെതിരെ യാതൊരുവിധ നടപടിയും പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ലെന്നും ബാരിക്കേഡുകൾ തല്ലിത്തകർക്കാനായി നിയമവിരുദ്ധ സംഘം നടത്തിയ ആക്രമണവും കല്ലേറും തടയുന്നതിനുള്ള അവസാന ശ്രമമെന്ന രീതിയിലാണ് ജലപീരങ്കി പ്രയോഗവും കണ്ണീർ വാതക ഷെല്ലുകളുടെ പ്രയോഗവും നടത്തിയതെന്നും പോലീസ് സമയോചിത നടപടി സ്വീകരിച്ചിരുന്നില്ലെങ്കിൽ ജനക്കൂട്ടം ബാരിക്കേഡ് തകർത്ത് കൂടുതൽ അക്രമം അഴിച്ചു വിടുമായിരുന്നുവെന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നു. ആഭ്യന്തര വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടിയിൽനിന്ന് അവകാശലംഘനത്തിന് ഹേതുവാകുന്ന യാതൊരു നടപടിയും പോലീസിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവകാശലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുന്നു.

3. ചെയറിന്റെ പരിഗണനയിലുള്ളവ

വൈക്കത്ത് വഴിയോരക്കച്ചവടക്കാരെ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷത്തിൽ അറസ്റ്റിലായ തൊഴിലാളികളെയും നേതാക്കളെയും ജാമ്യത്തിലെടുക്കുന്നതിനായി വൈക്കം പോലീസ് സ്റ്റേഷനിലെത്തിയ തന്നോട് നിയമസഭാംഗമെന്ന പരിഗണനപോലും നൽകാതെ അപമര്യാദയായി പെരുമാറിയ വൈക്കം എസ്.എച്ച്.ഒ.-ക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സി.കെ.ആശ, എം.എൽ.എ. 21-08-2024-ന് സമർപ്പിച്ച നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

4.00 p.m]

XIII ഉപക്ഷേപം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നതുസംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 'സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ

അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

XIV അവലോകനം

മി. സ്പീക്കർ: പ്രധാനമായും നിയമനിർമ്മാണത്തിനായി ചേർന്ന പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം നടപടികൾ പൂർത്തീകരിച്ച് ഇന്ന് അവസാനിക്കുകയാണ്. 2024 ഒക്ടോബർ 4 മുതൽ 15 വരെയുള്ള കാലയളവിലായി ആകെ 8 ദിനങ്ങളാണ് സഭ ചേർന്നത്.

വയനാട്ടിലും കോഴിക്കോടുമുണ്ടായ ഉരുൾപൊട്ടലിൽ മരണപ്പെട്ടവരെ സംബന്ധിച്ച റഫറൻസോടെ ഈ സമ്മേളനത്തിന്റെ ആദ്യ ദിനം പിരിയുകയുണ്ടായി. തുടർന്ന് വ്യത്യസ്ത ദിനങ്ങളിലായി മുൻ മന്ത്രി കെ. കുട്ടി അഹമ്മദ്കുട്ടി, മുൻ പാർലമെന്റ് അംഗം എം.എം. ലോറൻസ്, മുൻ നിയമസഭാംഗം കെ. പി. കുഞ്ഞിക്കണ്ണൻ, സി.പി.ഐ.(എം.) ദേശീയ

ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി, വ്യവസായ പ്രമുഖൻ രത്തൻ ടാറ്റ എന്നിവരുടെ നിര്യാണം സംബന്ധിച്ച റഫറൻസ് ഈ സമ്മേളനത്തിൽ സഭ നടത്തുകയുണ്ടായി.

ഈ സമ്മേളനത്തിൽ സഭ പരിഗണിച്ച 9 ബില്ലുകൾക്കുമായി ജനറൽ അമെന്റ്മെന്റ് ഉൾപ്പെടെ ആകെ 2846 ഭേദഗതി നോട്ടീസുകളാണ് ലഭ്യമായത്. അവയിൽ 2111 നോട്ടീസുകൾ അംഗങ്ങൾ ബില്ലിന്റെ വകുപ്പുകൾക്ക് നൽകിയ ഭേദഗതി നോട്ടീസുകളായിരുന്നു. അതിൽ 32 ഭേദഗതികൾ ബന്ധപ്പെട്ട മന്ത്രിമാർ അതത് ബില്ലിന്റെ പരിഗണനാവേളയിൽ സ്വീകരിക്കുകയുണ്ടായി.

2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ, 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ, 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ, 2024-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (ചില

കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ, 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ, 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ തുടങ്ങിയ സുപ്രധാന ബില്ലുകൾ സഭ പാസ്സാക്കുകയുണ്ടായി.

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ നിയമം, 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) നിയമം എന്നീ മൂലനിയമങ്ങളിൽ കാലാനുസൃതമായ മാറ്റംവരുത്തുന്നതിനായി ഈ സഭയിൽ ഭേദഗതി ബില്ലുകൾ അവതരിപ്പിക്കുകയും അവ പാസ്സാക്കുകയും ചെയ്തത് കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണെന്ന് അതത് ഭേദഗതി ബില്ലുകളുടെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ ഉൾപ്പെടുത്തിയിരുന്നു. കേരള നിയമസഭയിലെ വിവിധ സമിതികൾ എത്രമാത്രം ജാഗ്രതയോടെയാണ് അവരവരുടെ പ്രവർത്തന മേഖലയിൽ വ്യാപരിക്കുന്നത് എന്നതിന്റെ ഒരു ഉത്തമ ഉദാഹരണമായി ഇതിനെ കാണാവുന്നതാണ്. ഇത്തരത്തിൽ കാര്യമാത്രപ്രസക്തമായ രീതിയിൽ പ്രവർത്തനം നടത്തിവരുന്ന നിയമസഭാ

സമിതികളെ പൊതുവെയും സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയെ പ്രത്യേകമായും അഭിനന്ദിക്കാൻ ചെയറിന് അതിയായ സന്തോഷമുണ്ട്.

സമ്മേളന കാലയളവിൽ ചട്ടം 50 പ്രകാരമുള്ള 6 നോട്ടീസുകൾ സഭ പരിഗണിച്ചതിൽ 5 നോട്ടീസുകളിന്മേലും ചർച്ച ചെയ്യാൻ സർക്കാർ സന്നദ്ധമാകുകയുണ്ടായി. അതിൽ എ.ഡി.ജി.പി.-ആർ.എസ്.എസ്. കൂടിക്കാഴ്ച, തൃശ്ശൂർ പൂരം അലങ്കോലപ്പെട്ട സംഭവം, വയനാട് ദുരന്തം, സാമ്പത്തിക പ്രതിസന്ധി എന്നീ വിഷയങ്ങളിന്മേലുള്ള നാല് നോട്ടീസുകൾ പ്രകാരം നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേൽ രണ്ട് മണിക്കൂറിലധികം സമയം വീതം ചർച്ച നടത്തുകയും ചെയ്തു. ഒരു സമ്മേളന കാലയളവിൽ തുടർച്ചയായി മൂന്ന് ദിവസം നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേൽ ചർച്ച ചെയ്യാൻ സർക്കാർ സന്നദ്ധത അറിയിക്കുന്നത് നടാടെയാണ്. വയനാട് ദുരന്തവുമായി ബന്ധപ്പെട്ട ചട്ടം 50 പ്രകാരമുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്കുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി. പതിനഞ്ചാം കേരള നിയമസഭയുടെ നാളിതുവരെയുള്ള

കാലയളവിൽ ചട്ടം 50 പ്രകാരമുള്ള 11 നോട്ടീസുകളാണ് സഭ നിർത്തിവച്ച് ചർച്ച ചെയ്തത്. ഒന്നാം കേരള നിയമസഭ മുതൽ നാളിതുവരെയുള്ള 67 വർഷക്കാലയളവിൽ ചട്ടം 50 പ്രകാരമുള്ള ഉപക്ഷേപത്തിന്മേൽ 41 തവണ ചർച്ച ചെയ്തതിൽ നാലിലൊന്നും പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നര വർഷ കാലയളവിലാണെന്നത് ശ്രദ്ധേയമാണ്. ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച മാതൃകാപരമായ നിലപാടിനെ ചെയർ അഭിനന്ദിക്കുന്നു.

ഈ സമ്മേളനത്തിൽ സഭ സമ്മേളിച്ച ആകെ സമയമായ 44 മണിക്കൂർ 36 മിനിറ്റിൽ 9 മണിക്കൂർ 19 മിനിറ്റാണ് നിയമ നിർമ്മാണത്തിനായി വിനിയോഗിക്കപ്പെട്ടത്. റൂൾ 50 പ്രകാരമുള്ള നടപടികളിന്മേൽ 13 മണിക്കൂർ 48 മിനിറ്റും വിനിയോഗിക്കുകയുണ്ടായി എന്നത് എടുത്തുപറയേണ്ടതാണ്.

'ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്' എന്ന ആശയം നടപ്പാക്കുന്നതിൽനിന്നും പിന്തിരിയണമെന്ന് ആവശ്യപ്പെടുന്നതും 2024-ലെ വഖഫ് (ഭേദഗതി) ബിൽ പിൻവലിക്കണമെന്ന് ആവശ്യപ്പെടുന്നതുമായ ചട്ടം

118 പ്രകാരമുള്ള രണ്ട് ഗവൺമെന്റ് പ്രമേയങ്ങൾ ഈ സമ്മേളനക്കാലയളവിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി.

വയനാട് ജില്ലയിലെ മേപ്പാടിയിലുണ്ടായ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ചട്ടം 300 പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി പ്രസ്താവന നടത്തുകയുണ്ടായി.

സമ്മേളന കാലയളവിൽ 13 ശ്രദ്ധക്ഷണിക്കലുകളും 103 സബ്മിഷനുകളും സഭ മുമ്പാകെ അവതരിപ്പിക്കുകയും ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയുകയും ചെയ്തു. സമ്മേളനത്തിലാകെ 458 രേഖകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുകയും നിരവധി നിയമസഭാ കമ്മിറ്റികളുടേതായ 26 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായി നീക്കിവച്ച വെള്ളിയാഴ്ച ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചുവെന്നത് സന്തോഷകരമാണ്. അന്നേ ദിവസം 5 പുതിയ ബില്ലുകൾ ഉൾപ്പെടെ ആകെ 7 പ്രൈവറ്റ് മെമ്പർ ബില്ലുകൾ സഭ പരിഗണിക്കുകയും തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തു.

ഈ സമ്മേളന കാലത്ത് 7 ചോദ്യ ദിവസങ്ങളിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്രചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതുമായ ആകെ 2819 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭ്യമായത്. ഇതിൽ 11 എണ്ണം വിവിധ കാരണങ്ങളാൽ നിരസിക്കുകയും 9 എണ്ണം പിൻവലിക്കുകയും ചെയ്തു. ശേഷിച്ചവയിൽ 210 എണ്ണം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 2589 എണ്ണം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 2799 ചോദ്യങ്ങൾ അച്ചടിച്ചു. ഇതിൽ നക്ഷത്രചിഹ്നമിട്ട 210 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2244 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഈ സമ്മേളനകാലത്തുതന്നെ ഉത്തരം ലഭ്യമാക്കിയിട്ടുണ്ട്. 555 ചോദ്യങ്ങൾക്കുള്ള മറുപടി ഇനിയും ലഭിക്കേണ്ടതുണ്ട്.

ചോദ്യോത്തരവേളകളിൽ 27 ചോദ്യങ്ങൾ വാക്കാൽ മറുപടി നൽകുന്നതിനായി പരിഗണിച്ചിട്ടുണ്ട്. 185 അവസരങ്ങളിലായി 211 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടു.

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ഒരു ചോദ്യത്തിന്റെ ഉത്തരത്തിലെ തെറ്റ്

തിരുത്തിക്കൊണ്ടുള്ള പ്രസ്താവന ഈ സമ്മേളനത്തിൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. ഈ സമ്മേളനത്തിലെ ചോദ്യങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരിപക്ഷം ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കാൻ ബന്ധപ്പെട്ട മന്ത്രിമാർ ശ്രദ്ധിച്ചിട്ടുണ്ടെങ്കിലും ഇനിയും ഏതാനും മറുപടികൾകൂടി ലഭ്യമാക്കാനുണ്ടെന്നാണ് കാണുന്നത്.

ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ഭക്ഷ്യ-

പൊതുവിതരണ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി എന്നിവർ ഈ സമ്മേളനത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഇതിനകം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ മറ്റ് മന്ത്രിമാർക്കും ഈ മാതൃക സ്വീകരിക്കാവുന്നതാണ്. ഇനിയും മറുപടി നൽകാനുള്ള ചോദ്യങ്ങൾക്ക് പൂർണ്ണമായും ചട്ടം അനുശാസിക്കുംവിധം മറുപടി ലഭ്യമാക്കാൻ ശ്രദ്ധിക്കണമെന്ന് ചെയർ വീണ്ടും ഓർമ്മിപ്പിക്കുന്നു.

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പ് 2025 ജനുവരി ആദ്യവാരം സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. വൈവിധ്യമാർന്ന പരിപാടികളും വമ്പിച്ച പൊതുജന പങ്കാളിത്തവും കൊണ്ട് അന്താരാഷ്ട്ര ശ്രദ്ധ നേടിയ പുസ്തകോത്സവം മുൻ പതിപ്പുകളേക്കാൾ മികച്ച രീതിയിൽ കുറ്റമറ്റതരത്തിൽ സംഘടിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. സാമാജികരെക്കൂടി ഉൾപ്പെടുത്തി വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അന്താരാഷ്ട്ര

പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പും വൻ വിജയമാക്കിത്തീർക്കുന്നതിന് മുൻ പതിപ്പുകളിൽ ഉണ്ടായിരുന്നതുപോലെ ഏവരുടെയും സഹായവും സഹകരണവും അഭ്യർഥിക്കുന്നു.

സഭയുടെ പന്ത്രണ്ടാം സമ്മേളന നടപടികൾ വിജയിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, പ്രതിപക്ഷ ഉപനേതാവ്, വിവിധ കക്ഷി നേതാക്കൾ, മറ്റ് സഭാംഗങ്ങൾ എന്നിവർ കാണിച്ച സഹകരണം അങ്ങേയറ്റം മാതൃകാപരമായിരുന്നു. അതിന്റെ പേരിൽ എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. അതുപോലെ സമ്മേളനം വിജയിപ്പിക്കാൻ ആവശ്യമായ സഹായ സഹകരണം നൽകിയ നിയമസഭാ സെക്രട്ടേറിയറ്റിലെയും വിവിധ വകുപ്പുതലങ്ങളിലെയും ഉദ്യോഗസ്ഥർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ, പത്ര-ദൃശ്യ മാധ്യമ പ്രവർത്തകർ, വിവിധ സേനാ ഉദ്യോഗസ്ഥർ എന്നിവർക്കും ചെയർ നന്ദി അറിയിക്കുന്നു.

എല്ലാവർക്കും ഹൃദ്യമായ ക്രിസ്തുമസ്-പുതുവത്സരാശംസകൾ നേരുന്നു.

ഓർഡർ ..... ഓർഡർ ..... സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം 2024 ഒക്ടോബർ മാസം 15-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 4.10-ന് ദേശീയഗാനാലാപനത്തോടെ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.)

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No.16063/Table-1/2024/Leg. Thiruvananthapuram, 21st October 2024

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Twelfth Session of the Fifteenth Kerala Legislative Assembly with effect from October 15, 2024 at the conclusion of its sitting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം 2024 ഒക്ടോബർ 15-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചത് മുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor

Dr. N. Krishna Kumar
Secretary,
Legislative Assembly

അനുബന്ധം I

രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ആസ്തി വികസന ഫണ്ട് സംബന്ധിച്ച മാനദണ്ഡങ്ങൾ

5(*185) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് സംബന്ധിച്ച മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കുമോ?

20-09-2023-ന് നിയമസഭാ സെക്രട്ടേറിയറ്റ് സംഘടിപ്പിച്ച ബഹു. എം.എൽ.എ.-മാർക്കുള്ള പരിശീലന പരിപാടിയുടെ തുടർച്ചയായി, പ്രത്യേക വികസന നിധിയുടെയും ആസ്തി വികസന പദ്ധതിയുടെയും വിനിയോഗം സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ എന്തെങ്കിലും നൽകാൻ ബഹു.

എം.എൽ.എ.-മാർ താല്പര്യപ്പെടുന്നുവെങ്കിൽ, ആയത് ശേഖരിച്ച് ധനകാര്യ വകുപ്പിന് ലഭ്യമാക്കാൻ നിയമസഭാ സെക്രട്ടേറിയറ്റിനോട് അഭ്യർഥിച്ചിരുന്നു. എന്നാൽ ഏതാനും എം.എൽ.എ.-മാർ മാത്രമാണ് നിർദേശങ്ങൾ സമർപ്പിച്ചിരുന്നത്. നിർദേശങ്ങൾ സമർപ്പിച്ചിട്ടില്ലാത്ത സാമാജികർ താത്പര്യപ്പെടുന്നെങ്കിൽ അവരുടെകൂടി നിർദേശങ്ങൾ ലഭ്യമാക്കുവാൻ നിയമസഭാ സെക്രട്ടേറിയറ്റിനോട് ഒരിക്കൽകൂടി അഭ്യർഥിച്ചിരുന്നു. അപ്രകാരം ലഭ്യമാക്കിയ നിർദേശങ്ങൾകൂടി പരിശോധിച്ച് പൊതുജനോപകാരപ്രദവും മൂലധനസ്വഭാവമുള്ളതുമായ കൂടുതൽ പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കുന്ന തരത്തിൽ പ്രത്യേക വികസന നിധിയുടെയും ആസ്തി വികസന പദ്ധതിയുടെയും മാർഗനിർദേശങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കാനുള്ള നടപടി പുരോഗതിയിലാണ്.

(ബി) നിലവിലെ മാനദണ്ഡങ്ങളിൽപ്പെടാത്ത ജനോപകാരപ്രദമായ പദ്ധതികൾകൂടി ഉൾപ്പെടുത്തി മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന നടപടികൾ എത്രയുംവേഗം പൂർത്തിയാക്കുമോ; വിശദമാക്കുമോ?

ബഹു. നിയമസഭാ സാമാജികർ പ്രത്യേക വികസന നിധിയുടെയും ആസ്തി വികസന പദ്ധതിയുടെയും മാർഗനിർദേശങ്ങൾ സംബന്ധിച്ച് ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയ നിർദേശങ്ങൾ ക്രോഡീകരിച്ച് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

വ്യവസായ സംരംഭങ്ങളെ സ്കെയിൽഅപ് ചെയ്യുന്നതിന് പദ്ധതി

6(*186) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന വ്യവസായ സംരംഭങ്ങളെ സ്കെയിൽഅപ് ചെയ്യുന്നതിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന വ്യവസായ സംരംഭങ്ങളെ സ്കെയിൽഅപ് ചെയ്യുന്നതിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

കേരളത്തിലെ എം.എസ്.എം.ഇ.-കളിൽനിന്നും തിരഞ്ഞെടുത്ത 1000 എം.എസ്.എം.ഇ.-കളെ നാല് വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷം കോടി രൂപ വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുകയെന്ന ലക്ഷ്യത്തോടെ കേരള സർക്കാർ സ്കെയിൽഅപ് മിഷൻ പദ്ധതി, മിഷൻ 1000 വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. വസ്തുനിഷ്ഠവും സുതാര്യവുമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെയാണ് എം.എസ്.എം.ഇ.-കളെ സ്കെയിൽഅപ് സ്കീമിനായി തിരഞ്ഞെടുക്കുന്നത്. എം.എസ്.എം.ഇ.-കളുടെ സ്കെയിലിംഗ് അപ് സഹായ പദ്ധതിക്കുള്ള ഭരണാനുമതി 20-05-2023-ലെ ജി.ഒ.(ആർ.റ്റി.)നം.439/2023/ഐ.ഡി. നമ്പർ സർക്കാർ ഉത്തരവ് വഴി ലഭിച്ചു. തുടർന്ന് സ്കീം മാർഗനിർദേശങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് 18-09-2023-ലെ ജി.ഒ.(ആർ.റ്റി.)നം.955/2023/ഐ.ഡി. നമ്പർ സർക്കാർ ഉത്തരവ് വഴി ലഭിച്ചു. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന വ്യവസായ സംരംഭങ്ങളെ സ്കെയിൽഅപ് ചെയ്യുന്നതിനുള്ള സഹായം നൽകുന്നതിന് "നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം

സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിന് സഹായം നൽകുന്ന പദ്ധതി" വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്നു. 20-05-2023-ലെ ജി.ഒ.(ആർ.റ്റി.)നം.439/2023/ഐ.ഡി. സർക്കാർ ഉത്തരവ് പ്രകാരം പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനായി സംരംഭങ്ങൾക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

പദ്ധതിയിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾ പാലിച്ചുകൊണ്ട്, പദ്ധതിയിൽ അപേക്ഷിക്കുന്ന ആദ്യത്തെ 1000 എം.എസ്.എം.ഇ.-കളെയാണ് മിഷൻ 1000 പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾക്കായി പരിഗണിക്കുന്നത്.

സ്കെയിൽഅപ് മിഷനിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് എം.എസ്.എം.ഇ.-കൾക്കാവശ്യമായ മുൻകൂർ യോഗ്യതകൾ:

- UDYAM രജിസ്ട്രേഷനോടുകൂടി കേരളത്തിൽ രജിസ്റ്റർ ചെയ്തവ ആയിരിക്കണം;

- 31-03-2024 വരെ കുറഞ്ഞത് മൂന്ന് വർഷമെങ്കിലും പ്രവർത്തനം പൂർത്തീകരിച്ചിരിക്കണം;
- ഉത്പാദന മേഖലയിലോ, സേവനമേഖലയിലോ ഉള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവ ആയിരിക്കണം.

(സി) ഈ പദ്ധതിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന സംരംഭകർക്ക് ലഭിക്കുന്ന പ്രോത്സാഹനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ?

തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റുകളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിന് ചുവടെപ്പറയുന്ന വിവിധ ആനുകൂല്യങ്ങൾ നൽകുന്നതാണ്:

- മൂലധന നിക്ഷേപ സബ്സിഡി 40% (പരമാവധി 2 കോടി രൂപ);
- പ്രവർത്തന മൂലധന വായ്പകൾക്ക് നാല് വർഷത്തേക്ക് പലിശ നിരക്കിന്റെ 50% വരെ പലിശ ഇളവ് (50 ലക്ഷം രൂപ വരെ);
- സ്കെയിൽഅപ് ചെയ്യുന്നതിനുള്ള വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം (ഒരു സംരംഭത്തിന് ഒരു ലക്ഷം രൂപ വരെ);

- തിരഞ്ഞെടുത്ത ഓരോ സംരംഭങ്ങൾക്കും അവരുടെ വിവിധ സ്കെയിലിംഗ് അപ് അനുബന്ധ പ്രവർത്തനങ്ങളിൽ അവരെ സഹായിക്കാൻ വ്യവസായ വകുപ്പിൽനിന്ന് ഒരു ഉദ്യോഗസ്ഥന്റെ സഹായം നൽകാൻ നിയോഗിക്കും.

(ഡി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. കേരളത്തിലെ എം.എസ്.എം.ഇ.-കളിൽനിന്നും തിരഞ്ഞെടുത്ത 1000 എം.എസ്.എം.ഇ.-കളെ നാല് വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷം കോടി രൂപ വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുകയെന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽഅപ് മിഷൻ പദ്ധതി, മിഷൻ 1000 വിഭാവനം ചെയ്തിട്ടുള്ളത്. വസ്തുനിഷ്ഠവും സുതാര്യവുമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെയാണ് എം.എസ്.എം.ഇ.-കളെ സ്കെയിൽഅപ് സ്കീമിനായി തിരഞ്ഞെടുക്കുന്നത്. ഈ പദ്ധതിയിലേക്കുള്ള അപേക്ഷകൾ സ്വീകരിക്കാൻവേണ്ടി വ്യവസായ വകുപ്പ് ഒരു ഓൺലൈൻ പോർട്ടൽ തുടങ്ങുകയും അതിലൂടെ അപേക്ഷകൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ വിവിധ തലത്തിൽ പരിശോധിച്ച് സ്റ്റേറ്റ് ലെവൽ അപ്രൂവൽ കമ്മിറ്റി (എസ്.എൽ.എ.സി.)-യുടെ അംഗീകാരത്തിനായി സമർപ്പിക്കും. ഇതുവരെ ലഭിച്ച അപേക്ഷകളിൽ 361 അപേക്ഷകൾ എസ്.എൽ.എ.സി.-യുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും അവയിൽനിന്നും 60 മാർക്കിന് മുകളിൽ സ്കോർ ചെയ്ത 213 അപേക്ഷകരെ മിഷൻ 1000 പദ്ധതിയിലേക്ക് തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ടി സംരംഭങ്ങളിൽ 20 സംരംഭങ്ങൾ വിശദമായ സ്കെയിൽഅപ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 10 സംരംഭങ്ങൾ ഓൺലൈൻ പോർട്ടൽ (https://mission1000.industry.kerala.gov.in) മുഖേന പ്രോജക്ട് റിപ്പോർട്ട് അംഗീകാരം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് റിപ്പോർട്ടുകൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിനും ആയതുപ്രകാരം ആനുകൂല്യം നല്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സി.എം.ആർ.എൽ. കമ്പനിയിൽ കെ.എസ്.ഐ.ഡി.സി.ക്ക് ഓഹരി

7(*187) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കരിമണൽ ഖനനവുമായി ബന്ധപ്പെട്ട സി.എം.ആർ.എൽ. കമ്പനിയിൽ കെ.എസ്.ഐ.ഡി.സി.-ക്ക് എത്ര ശതമാനം ഓഹരിയുണ്ടെന്ന് വ്യക്തമാക്കാമോ; സർക്കാരിന്റെ ഓഹരിയുള്ള പ്രസ്തുത കമ്പനിക്ക് സർക്കാർ ചട്ടങ്ങളും നിബന്ധനകളും ബാധകമാണോ; വിശദാംശം ലഭ്യമാക്കുമോ?

സി.എം.ആർ.എൽ. കമ്പനിയിൽ കെ.എസ്.ഐ.ഡി.സി.-ക്ക് 13.41% ഓഹരിയുണ്ട്. സി.എം.ആർ.എൽ. എന്ന കമ്പനി സർക്കാർ കമ്പനിയല്ല.

(ബി) എക്സാലോജിക് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡിന് എന്ത് സേവനം ലഭ്യമാക്കിയതിനാണ് സി.എം.ആർ.എൽ. കമ്പനി പണം നൽകിയതെന്ന് വിശദമാക്കാമോ; സി.എം.ആർ.എൽ. കമ്പനി എക്സാലോജിക് സൊല്യൂഷനെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം വിശദമാക്കാമോ; പ്രസ്തുത കമ്പനി എക്സാലോജിക് സൊല്യൂഷൻ പ്രൈവറ്റ്

ലിമിറ്റഡുമായി എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിരുന്നോ; എങ്കിൽ കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സി.എം.ആർ.എൽ. നടപ്പാക്കിയ കരാറുകളുടെ വിശദാംശങ്ങളോ പകർപ്പോ സർക്കാരിൽ ലഭ്യമല്ല.

(സി) എക്സാലോജിക് കമ്പനിയുമായി സി.എം.ആർ.എൽ. നടത്തിയ ഇടപാടുകളുടെ പേരിൽ കെ.എസ്.ഐ.ഡി.സി. ഉദ്യോഗസ്ഥരെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ചോദ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ചോദ്യം ചെയ്തത് ഏത് ഇടപാടുമായി ബന്ധപ്പെട്ടാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഇല്ല.

വിഴിഞ്ഞം തുറമുഖത്തിനുള്ള സുരക്ഷാ അംഗീകാരം

8(*188) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എം. എം. മണി:
ശ്രീ. വി. ജോയി:

ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) ലോക മറൈൻ ഭൂപടത്തിൽ തലസ്ഥാന നഗരിയെ അടയാളപ്പെടുത്തുന്നതിനായി വിഴിഞ്ഞം തുറമുഖത്തിന് ഇതിനകം വിവിധ അംഗീകാരങ്ങൾ നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വിഴിഞ്ഞം തുറമുഖം പ്രവർത്തനക്ഷമമാക്കുന്നതിനായി ചുവടെപ്പറയുന്ന അനുമതികളും അംഗീകാരങ്ങളും നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ട്:

1) ISPS Code Compliance Certificate - തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള ഇന്റർനാഷനൽ ഷിപ് ആൻഡ് പോർട്ട് ഫെസിലിറ്റി സെക്യൂരിറ്റി കോഡ് (ഐ.എസ്.പി.എസ്. കോഡ്) കേന്ദ്ര ഷിപ്പിങ് മന്ത്രാലയത്തിൽനിന്നും 25-09-2024-ന് ലഭിച്ചിട്ടുണ്ട്. ഇതിന്റെ കാലാവധി 25-03-2029 വരെയാണ്.

2) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 7a പ്രകാരമുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൻപ്രകാരം

വിഴിഞ്ഞം തുറമുഖത്ത് കണ്ടെയ്നർ ഉൾപ്പെടെയുള്ള ചരക്കുകൾ കയറ്റിറക്കുമതി ചെയ്യുന്നതിനുള്ള കസ്റ്റംസ് പോർട്ടായി പ്രഖ്യാപിച്ചുകൊണ്ട് 2024 ജൂൺ 24-ന് സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആൻഡ് കസ്റ്റംസ് (സി.ബിഐ.സി.) ഉത്തരവ് നൽകിയിട്ടുണ്ട്.

3) കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 8 പ്രകാരം, തുറമുഖത്തിലെ ലാൻഡിങ് ഏരിയയുടെയും കസ്റ്റംസ് ഏരിയയുടെയും പരിധി നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം 2024 ജൂൺ 24-ന് സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആൻഡ് കസ്റ്റംസ് (സി.ബിഐ.സി.) നൽകിയിട്ടുണ്ട്.

4) കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 45-നേൽ തത്വത്തിൽ അംഗീകാരം ലഭിച്ചു; കസ്റ്റംസ് ഏരിയ റഗുലേഷൻ 2009-ലെ ചട്ടം 5 പ്രകാരം കാർഗോ കൈകാര്യം ചെയ്യുന്നതിനുള്ള അംഗീകാരവും ലഭിച്ചിട്ടുണ്ട്.

5) കസ്റ്റംസ് വകുപ്പിൽനിന്നും അന്താരാഷ്ട്ര ചരക്ക് ഗതാഗതം സാധ്യമാക്കുന്നതിന് വിഴിഞ്ഞം തുറമുഖത്തിന്റെ സവിശേഷ തിരിച്ചറിയൽ രേഖയായ ലൊക്കേഷൻ കോഡ് (IN NYY1) 2024 ജൂൺ 21-ന് ലഭ്യമായിട്ടുണ്ട്.

6) നാവിഗേഷണൽ സേഫ്റ്റി ഇൻ പോർട്ട് കമ്മിറ്റി (എൻ.എസ്.പി.സി.)- യുടെ ഇടക്കാല ക്ലിയറൻസ് 28-03-2024-ന് ലഭ്യമായിട്ടുണ്ട്. സ്ഥിരാംഗീകാരം ഉടൻതന്നെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

7) വിഴിഞ്ഞം തുറമുഖത്തിന്റെ നാവിഗേഷൻ ചാർട്ട് കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഹൈഡ്രോഗ്രാഫിക് ഓഫീസ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഇന്റർനാഷണൽ ഷിപ് ആൻഡ് പോർട്ട് ഫെസിലിറ്റി സെക്യൂരിറ്റി കോഡ് അംഗീകാരം നേടിയെടുക്കാൻ വിഴിഞ്ഞം തുറമുഖത്തിന് കഴിഞ്ഞിട്ടുണ്ടോ; പ്രസ്തുത സുരക്ഷാ അംഗീകാരം ലഭ്യമായതോടെ തുറമുഖത്ത് ആരംഭിക്കാൻ സാധിക്കുന്ന വിവിധ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായുള്ള ഐ.എസ്.പി.എസ്. കംപ്ലയൻസ് സർട്ടിഫിക്കറ്റ് കേന്ദ്ര ഷിപ്പിങ് മന്ത്രാലയത്തിൽനിന്നും 25-09-2024-ന് ലഭിച്ചിട്ടുണ്ട്. ഇതിന്റെ കാലാവധി 25-03-2029 വരെയാണ്. ഐ.എസ്.പി.എസ്.

കോഡുപ്രകാരം ആവശ്യമായ നിബന്ധനകൾ വിഴിഞ്ഞം തുറമുഖം പാലിക്കുന്നുണ്ടെന്നും, അംഗീകരിച്ച തുറമുഖ സുരക്ഷാ പ്ലാൻ അനുസരിച്ചായിരിക്കും തുറമുഖ സൗകര്യങ്ങളുടെ പ്രവർത്തനമെന്നും ടി സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നു. കണ്ടെയ്നർ കപ്പലുകൾക്കും മറ്റ് ചരക്ക് കപ്പലുകൾക്കും വിഴിഞ്ഞം തുറമുഖത്തിലെത്തി ചരക്കുനീക്കം നടത്തുന്നതിനായുള്ള സുരക്ഷാ പ്ലാൻ ഉൾപ്പെടെയുള്ള അംഗീകാരമാണ് ഇതുവഴി ലഭിച്ചിട്ടുള്ളത്.

(സി) ഈ അംഗീകാരങ്ങൾ നേടിയെടുക്കുന്നതിനായി നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും അംഗീകാരങ്ങളും അനുമതികളും നേടിയെടുക്കുന്നതിനായി കൺസഷണയറായ കരാർ കമ്പനിയും (എ.വി.പി.പി.എൽ.) സംസ്ഥാന സർക്കാരും ആവശ്യമായ നടപടി സ്വീകരിച്ചിരുന്നു. വിവിധ അപേക്ഷകൾ അതത് വകുപ്പുകളിലേക്ക് കൺസഷണയർ സമർപ്പിച്ചിരുന്നു. ഇതുസംബന്ധിച്ച് നടന്ന വിവിധ വിലയിരുത്തൽ യോഗങ്ങളിലും തുറമുഖ സൗകര്യങ്ങളുടെ സൈറ്റ്

പരിശോധനയിലും കൺസഷണയറുടെയും സർക്കാരിന്റെ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുത്ത് ആവശ്യമായ വിശദീകരണങ്ങളും ആവശ്യപ്പെട്ട അധിക രേഖകളും നൽകുകയുണ്ടായി. അപേക്ഷകൾ തീർപ്പാക്കി, ത്വരിതഗതിയിൽ അംഗീകാരങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ അനന്തര നടപടി സർക്കാരിന്റെ വിവിധ തലങ്ങളിൽനിന്നും സ്വീകരിക്കുകയുമുണ്ടായി.

കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിലെ ക്രമക്കേടുകൾ

9(*189) ശ്രീ. പി. കെ. ബഷീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കൊല്ലം ചവറയിലെ കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ

വാങ്ങുന്നതിൽ ക്രമക്കേടുകൾ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

2012-13 കാലത്ത് മഗ്നീഷ്യം ഇറക്കുമതി സംബന്ധിച്ച് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയെങ്കിലും തുടർനടപടി ആവശ്യമില്ലെന്ന് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. പ്രോഡക്ട് ബാഗ് വാങ്ങിയതിലുള്ള അഴിമതി ആരോപണത്തിൻമേൽ വകുപ്പുതല എൻക്വയറി നടത്തി റിപ്പോർട്ട് തയ്യാറാക്കിവരുന്നു. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ 05-10-2024-ൽ മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) കമ്പനിയിൽനിന്നും പുറന്തള്ളുന്ന അയൺ ഓക്സൈഡ് മൂലമുള്ള മലിനീകരണം തടയാനുള്ള പദ്ധതിയുടെ കരാർ ആർക്കാണ് നൽകിയത്; പ്രസ്തുത കരാർ തുകയിൽ വർധനവ് വരുത്തിയതിന്റെ കാരണം വ്യക്തമാക്കുമോ?

കെ.എം.എം.എൽ.-ലെ നിലവിലെ ആസിഡ് റിക്കവറി പ്ലാന്റിന്റെ നവീകരണത്തിനായി ആഗോള ഇ-ടെൻഡർ ക്ഷണിച്ചപ്പോൾ M/s Indrox Pvt. Ltd.-ന്റെ സിംഗിൾ ഓഫർ മാത്രമേ ലഭിച്ചിരുന്നുള്ളൂ. അതിനാൽ 30-09-2019-ന് റീടെൻഡർ വിളിച്ചു. M/s Indrox Pvt. Ltd.-ന്റെ സിംഗിൾ ഓഫർ മാത്രമായിരുന്നു റീടെണ്ടറിൽ ലഭിച്ചത്. M/s Indrox Pvt. Ltd. സമർപ്പിച്ച ടെൻഡർ തുക 33.5 കോടി രൂപ+ജി.എസ്.ടി. ആയിരുന്നു. സർക്കാർ നിർദ്ദേശിച്ച പ്രകാരം കമ്പനി റീ-ടെൻഡർ വിളിച്ചു. 05-06-2021-ന് ആഗോള ഇ-ടെൻഡർ പ്രസിദ്ധീകരിച്ചു. M/s Indrox Pvt. Ltd., M/s Samrox എന്നീ കമ്പനികളുടെ ടെൻഡർ ലഭിച്ചെങ്കിലും വാണിജ്യ സാങ്കേതിക പരിശോധനയിൽ M/s Samrox പരാജയപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ M/s Indrox Pvt. Ltd.-ന്റെ ഓഫർ തിരഞ്ഞെടുക്കപ്പെട്ടു. എന്നാൽ M/s Indrox Pvt. Ltd. സമർപ്പിച്ച ടെൻഡർ തുക 38.34 കോടി രൂപ+ജി.എസ്.ടി ആയി വർധിച്ചിരുന്നു. M/s Indrox Pvt. Ltd.-ന്റെ ഓഫറിന്റെ കോസ്റ്റ് എസ്കലേഷൻ സംബന്ധിച്ച് പഠനം നടത്തുന്നതിന് FEDO-യെ ചുമതലപ്പെടുത്തി. FEDO-യുടെ പഠനത്തിൽ M/s Indrox Pvt. Ltd.-ന്റെ ഓഫർ പരിഗണിക്കാവുന്നതാണെന്നും

ഇനിയും റീ-ടെൻഡറിങ്ങിന് പോയാൽ പദ്ധതി ചെലവ് വർധിക്കുമെന്നും ശിപാർശ ചെയ്തിരുന്നു. 26-05-2024-ലെ സ.ഉ.(കൈ) നം.27/2024/വ്യവ. ഉത്തരവുപ്രകാരം കെ.എം.എം.എൽ.-ലെ നിലവിലെ ആസിഡ് റിക്കവറി പ്ലാന്റിന്റെ നവീകരണവും മൂന്ന് മാസത്തെ ഓപ്പറേഷനും മെയിന്റനൻസും ഉൾപ്പെട്ട പദ്ധതിക്ക് മൂന്നാമത്തെ ടെൻഡറിൽ യോഗ്യരായ M/s Indrox Pvt. Ltd.-ന്റെ സിംഗിൾ ബിഡ് അംഗീകരിച്ച് പദ്ധതി ചെലവ് 39.54 കോടി രൂപ+ ജി.എസ്.ടി.യും വരുന്ന പദ്ധതി പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുള്ളതാണ്.

(സി) ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രസ്തുത സ്ഥാപനം കെടുകാര്യസ്ഥതയും ഉൽപാദനക്കുറവുംമൂലം നഷ്ടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കെ.എം.എം.എൽ. ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. അർധവാർഷിക കണക്കുപ്രകാരം ഈ സാമ്പത്തിക വർഷം കമ്പനിക്ക് 24.57 കോടി രൂപ (PBT)-യുടെ ലാഭം കണക്കാക്കിയിട്ടുണ്ട്.

(ഡി) ഈ സ്ഥാപനത്തിലെ അഴിമതികളെക്കുറിച്ച് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കമ്പനിയുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തുന്നുണ്ട്. കമ്പനിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ/ ആരോപണങ്ങൾ സംബന്ധിച്ച് വിജിലൻസ്/വകുപ്പുതല അന്വേഷണങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതി ഉല്പാദന മേഖലയിൽ സ്വയംപര്യാപ്തത

10(*190) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉല്പാദന മേഖലയിൽ സ്വയംപര്യാപ്തത നേടുന്നതിനായി പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്ന വികസന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

സംസ്ഥാനത്ത് ആഭ്യന്തര ഉത്പാദനശേഷി വർധിപ്പിക്കുന്നതിന്, ജലവൈദ്യുതി പദ്ധതികൾ, സോളാർ, കാറ്റാടിപ്പാടങ്ങൾ തുടങ്ങിയ വിവിധ സാധ്യതകൾ ആരായുന്നുണ്ട്. സൗരോർജ നിലയങ്ങളുടെ പ്രധാന ന്യൂനത ഊർജ ആവശ്യകത കൂടിയ സമയം ഇവയുടെ ലഭ്യത ഉറപ്പുവരുത്താൻ സാധിക്കില്ല എന്നതാണ്. ഇതിനായി സംസ്ഥാനത്ത് സംഭരണശേഷിയുള്ള ജലവൈദ്യുത നിലയങ്ങളും പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങളും ആവശ്യമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്. ഈ പ്രശ്നം ഒരുപരിധിവരെ പരിഹരിക്കുന്നതിന് സംസ്ഥാനത്ത് ബാറ്ററി സ്റ്റോറേജ് സംവിധാനങ്ങൾ നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. 2030-ഓടുകൂടി 10000MW-ന്റെ സ്ഥാപിതശേഷി കേരളത്തിൽ ഉണ്ടാക്കാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് 227.536MW-ന്റെ വിവിധ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സാധ്യതാ പഠനങ്ങൾ നടത്തിവരുന്ന മറ്റ് പദ്ധതികളും വിഭാവനം ചെയ്യുന്നുണ്ട്. നിർമ്മാണം പുരോഗമിക്കുന്നതും പുതിയ പദ്ധതികളും ഉൾപ്പെടെ വൻകിട/ചെറുകിട ജല വൈദ്യുത പദ്ധതികൾ മുഖേന 1582MW അധിക ഉൽപാദന ശേഷി 2030-ഓടുകൂടി

ലക്ഷ്യമിടുന്നു. അധികമായി വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് പുരപ്പുറ സൗരനിലയങ്ങൾ, സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിംഗ് സോളാർ, കാറ്റാടി നിലയങ്ങൾ എന്നീ പുനരുപയോഗ ഊർജ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വൈദ്യുതി ഉൽപാദന മേഖലയിൽ സ്വയംപര്യാപ്തത നേടുന്നതിനായി പുനരുപയോഗ ഊർജോല്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിനായി പുതിയ കാറ്റാടി ഊർജപദ്ധതികളും സൗരോർജ പദ്ധതികളും വികസിപ്പിക്കുന്നതിനുള്ള പദ്ധതി നിർദേശം കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് 'സൗര'. 'സൗര' പദ്ധതിയുടെ കീഴിൽ ഫേസ് ഒന്നിലും രണ്ടിലുമായി 203.34 മെഗാവാട്ടിന്റെ 49402 നിലയങ്ങൾ കമ്മീഷൻ ചെയ്തു. കൂടാതെ MNRE DBT സ്കീം, പ്രധാനമന്ത്രി സൂര്യഘർ യോജന, പി.എം. കുസും, സോളാർ സിറ്റി, ഡാം ടോപ്, കനാൽ ടോപ്, ഗ്രൗണ്ട് ടോപ്, വിവിധ ഗവൺമെന്റ് കെട്ടിടങ്ങളിലെ പുരപ്പുറ സോളാർ, ഫ്ലോട്ടിങ് സോളാർ തുടങ്ങി വിവിധ നിലയങ്ങളിലായി 30-08-2024 വരെ ആകെ 170638

നിലയങ്ങൾ സ്ഥാപിച്ചതുവഴി 1215.68MW സൗരോർജം സോളാർ പദ്ധതിയുടെ ഭാഗമായി ഗ്രിഡിലേക്ക് കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ കേന്ദ്ര നവപുനരുപയോഗ മന്ത്രാലയത്തിന്റെ കീഴിൽ നടക്കുന്ന പ്രധാനമന്ത്രി സൂര്യഘർ പദ്ധതിയും മറ്റ് സ്വകാര്യ ഗാർഹിക, വാണിജ്യ സോളാർ പദ്ധതികളും ഉൾപ്പെടെ പ്രതിമാസം ഏകദേശം 30 മെഗാവാട്ട് വൈദ്യുതി ഗ്രിഡിലേക്ക് കൂട്ടിചേർക്കപ്പെടുന്നുണ്ട്.

വൈദ്യുതി ഉത്പാദന മേഖലയിൽ സ്വയംപര്യാപ്തത നേടുന്നതിനുവേണ്ടി താഴെപ്പറയുന്ന ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

40MW സ്ഥാപിത ശേഷിയുള്ള തോട്ടിയാർ, 60MW സ്ഥാപിത ശേഷിയുള്ള പള്ളിവാസൽ എക്സ്റ്റൻഷൻ എന്നീ ജലവൈദ്യുത പദ്ധതികളുടെ കമ്മീഷനിങ് ഉടൻ നടത്തുന്നതാണ്. കൂടാതെ 127.50MW മൊത്തം സ്ഥാപിത ശേഷിയുള്ള എട്ട് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ 7.5MW അധിക സ്ഥാപിതശേഷി ലഭ്യമാക്കുന്നതിനായി നിലവിലുള്ള കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ

പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 92MW മൊത്തം സ്ഥാപിതശേഷിയുള്ള 13 ചെറുകിട ജലവൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങളുടെ (സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ളവ) വിവിധ ഘട്ടങ്ങളിലാണ്. ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800MW/ 1301Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450MW/834.16Mu), ലക്ഷ്മി ജല വൈദ്യുത പദ്ധതി (240MW/347Mu) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ഡാമുകളിൽനിന്നും പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പ് ചെയ്ത് വൈദ്യുതി ഉത്പാദനം വർധിപ്പിക്കുന്നതിനായി പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ നടപ്പിലാക്കുന്നതിനായി മൊത്തം 3330 മെഗാവാട്ട് ശേഷിയുള്ള 10 സൈറ്റുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ രണ്ട് പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാരിന്റെ തത്വത്തിലുള്ള അനുമതി ലഭ്യമായിട്ടുണ്ട്.

കൂടാതെ വിവിധ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ/ഡി.പി.ആർ. തയ്യാറാക്കൽ പ്രവൃത്തികളും നടന്നുവരുന്നു.

ഇ.എം.സി.-യിൽ പ്രവർത്തിക്കുന്ന എസ്.എച്ച്.പി. സെൽ മുഖാന്തരം ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം സ്വകാര്യ-തദ്ദേശസ്വയംഭരണ-സഹകരണ മേഖല എന്നിവയുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ഇതിനായി നിലവിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതി നയം പുതുക്കുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

നിലവിൽ എട്ട് പദ്ധതികളിൽനിന്ന് 54.1MW ശേഷി ഈ ചെറുകിട ജലവൈദ്യുത മേഖലയിലൂടെ കൈവരിച്ച് കഴിഞ്ഞു. നിരവധി പദ്ധതികൾ തുടർന്നുവരുന്നു. സ്വകാര്യ സംരംഭകർ കണ്ടെത്തിയ പുതിയ പദ്ധതികൾക്കുള്ള അപേക്ഷകളും ഇ.എം.സി.-യിൽ ലഭിക്കുന്നുണ്ട്. പ്രളയത്തിൽ നശിച്ചുപോയ പാമ്പുംകയം പദ്ധതിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും നടന്നുവരുന്നു.

വൈദ്യുതി ഉല്പാദന മേഖലയിൽ സ്വയംപര്യാപ്തത നേടുന്നതിനായി അനെർട്ട് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

- സർക്കാർ/പൊതുസ്ഥാപനങ്ങളിൽ സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡിപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പിലാക്കുന്നു. (10% സംസ്ഥാന ധനസഹായത്തോടെ).
- റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് റെസ്കോ (RESCO) മോഡൽ പദ്ധതി. സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് റെസ്കോ ആയി സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. കണ്ണൂർ തലശ്ശേരിയിലെ റബ്കോയിൽ 350kW സൗരോർജ പവർ പ്ലാന്റും എറണാകുളം ജില്ലയിലെ ഇരുമ്പനത്തുള്ള ട്രാക്കോ കേബിൾ കമ്പനിയിൽ 500KW സൗരോർജ പവർ പ്ലാന്റും സ്ഥാപിച്ചു. ഇതുകൂടാതെ കാർഷിക സർവകലാശാലയുടെ കീഴിലുള്ള നാല് സ്ഥാപനങ്ങളിൽ (കാർഷിക കോളേജ് വെള്ളായണി 150KW; കാർഷിക കോളേജ് പടന്നക്കാട് 100KW; കാർഷിക യൂണിവേഴ്സിറ്റി, തൃശ്ശൂർ 250KW; കേളപ്പജി അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് കോളേജ്, മലപ്പുറം 100KW) ആകെ 600KW ശേഷിയുള്ള സൗരോർജ്ജ

പവർ പ്ലാന്റുകൾ അനെർട്ട് റെസ്കോ ആയി നടപ്പിലാക്കുന്ന പദ്ധതിയുടെ പ്രതിഷ്ഠാപനം പൂർത്തിയായി.

- ഗാർഹിക സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതി ആയ 'പി.എം. സൂര്യഘർ' പ്രചരിപ്പിക്കുന്നു.

- അനെർട്ടിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/ബി.പി.എൽ. വീടുകളിൽ 2kW വീതം ശേഷിയുള്ള സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.

- മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയായ 'പുനർഗേഹം' പദ്ധതിയിൽ സ്ഥാപിച്ച വീടുകളിൽ 2KW വീതം ശേഷിയുള്ള സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

- സ്മാർട്ട്സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ പവർപ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.

- സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡിപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.

- പച്ചക്കറികൾ, പഴങ്ങൾ എന്നിവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

- പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ്/ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡിപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.
- വിദൂര ആദിവാസി കോളനികളിൽ വിൻഡ് സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

(ബി) പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; ഇതിനായി സ്വകാര്യ-സഹകരണ മേഖലകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് നയപരിപാടി രൂപീകരിച്ചിട്ടുണ്ടോ?

പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലുണ്ട്. ഇതിനായി ടി പദ്ധതികൾ പി.പി.പി. മോഡൽ വഴി നടപ്പിലാക്കാൻ 02-08-2024-ലെ ബോർഡ് ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

കേരളത്തിൽ സാധ്യമായ പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികൾ കെ.എസ്.ഇ.ബി.എൽ.-ന്റെ ഡാമുകൾ ഉപയോഗിച്ച് കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലുള്ള പദ്ധതികൾ കൂടാതെ ഇ.എം.സി.-യുടെ നേതൃത്വത്തിൽ പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ വികസിപ്പിക്കുന്നതിനുള്ള

പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇ.എം.സി. തയ്യാറാക്കിയ കരട് പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികൾ നയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) സംസ്ഥാനത്ത് ഫ്ലോട്ടിങ് സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; അറിയിക്കുമോ?

കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള എട്ട് ജലാശയങ്ങളിലും വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള രണ്ട് ജലാശയങ്ങളിലും ഫ്ലോട്ടിങ് സൗരോർജ പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ടി താരിഫ് അധിഷ്ഠിത ദർഘാസുകൾ കെ.എസ്.ഇ.ബി.എൽ. ക്ഷണിച്ചെങ്കിലും ഉയർന്ന താരിഫാണ് ലഭിച്ചത്. തുടർന്ന് കേരളത്തിലെ എല്ലാ ജലസ്രോതസ്സുകളിലും ഫ്ലോട്ടിങ് സോളാർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രാഥമിക പഠനം നടത്തുന്നതിനും ഫ്ലോട്ടിങ് സോളാർ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ജലസംഭരണികൾ കണ്ടെത്തുന്നതിനുമായി കേരള സർക്കാർ അനെർട്ടിനെ ചുമതലപ്പെടുത്തി. കൂടാതെ വെസ്റ്റ് കല്ലട വില്ലേജിൽ എൻ.എച്ച്.പി.സി. നടപ്പിലാക്കുന്ന 50MW

ഫ്ലോട്ടിങ് സോളാർ പദ്ധതി വഴി ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നതിലേക്കായി കെ.എസ്.ഇ.ബി.എൽ.-ഉം എൻ.എച്ച്.പി.സി.-യും തമ്മിലുള്ള കരട് വൈദ്യുതി വാങ്ങൽ കരാർ 10-07-2024-ൽ ഒപ്പുവച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഫ്ലോട്ടിങ് സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ അനെർട്ട് പരിശോധിച്ചുവരുന്നുണ്ട്. ലോകബാങ്കിന്റെ ഒരു പദ്ധതിയുടെ ഭാഗമായി മൂന്ന് ഡാമുകളിൽ (കല്ലട, പോത്തുണ്ടി, കാരാപ്പുഴ അണക്കെട്ടുകൾ) ഫ്ലോട്ടിങ് സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ സംബന്ധിച്ച് വിശദമായ പഠനം നടന്നുവരുന്നുണ്ട്. ഇവയിൽ യഥാക്രമം 133, 25, 38 മെഗാവാട്ട് എന്നിങ്ങനെ ശേഷിയുള്ള ഫ്ലോട്ടിങ് സൗരോർജ നിലയങ്ങൾ സ്ഥാപിക്കാൻ സാധ്യത കാണുന്നുവെന്നാണ് പ്രാഥമിക പഠനങ്ങളിൽ കാണുന്നത്. ഫ്ലോട്ടിങ് സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗരേഖയുടെ കരട് തയ്യാറായിട്ടുണ്ട്. താൽപര്യം പ്രകടിപ്പിക്കുന്ന സ്വകാര്യ സംരംഭകർക്ക് വേഗത്തിൽ പദ്ധതി

നടപ്പാക്കാനുതകുന്ന സിംഗിൾ വിൻഡോ സംവിധാനവും ഇതോടൊപ്പം തയ്യാറാക്കാനുദ്ദേശിക്കുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം

11(*191) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു+

തുറമുഖത്തിനായുള്ള 220KV സബ്സ്റ്റേഷൻ, 33KV സബ്സ്റ്റേഷൻ, പോർട്ട് ഓപ്പറേഷൻ കെട്ടിടം, ഗേറ്റ് കോംപ്ലക്സ്, സെക്യൂരിറ്റി ബിൽഡിംഗ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനത്തിൽ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കുമോ?

ആർബിട്രേഷൻ നടപടി ഒത്തുതീർപ്പായതിന്റെ വ്യവസ്ഥപ്രകാരം AVPPL 2028 ഡിസംബറിന് മുമ്പുതന്നെ തുറമുഖത്തിന്റെ 2, 3, 4 ഘട്ടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. തുടർഘട്ടങ്ങൾ പൂർത്തിയാകുമ്പോൾ ആകെ 2000m നീളത്തിൽ ബെർത്തും പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ പുലിമുട്ടിന്റെ നീളവും റിക്ലമേഷൻ പ്രവൃത്തികളും ആവശ്യമായ യന്ത്രോപകരണങ്ങളുടെ സ്ഥാപിക്കലും പൂർത്തീകരിക്കും. ടി ഘടകങ്ങൾ പൂർത്തീകരിക്കുന്നതോടുകൂടി തുറമുഖത്തിന്റെ ശേഷി 3 million TEU ആയി ഉയരുന്നതാണ്. തുടർഘട്ടങ്ങളുടെ പദ്ധതിച്ചെലവായി ഏകദേശം 9500 കോടി രൂപയാണ് AVPPL കണക്കാക്കിയിട്ടുള്ളത്. ടി തുക പൂർണ്ണമായും AVPPL വഹിക്കുന്നതുമാണ്. തുടർഘട്ടങ്ങൾക്കുള്ള പാരിസ്ഥിതികാഘാത പഠനങ്ങൾ നടത്തി കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് മുമ്പാകെ പബ്ലിക് ഹിയറിങ് 2024 ജൂൺ 19-ന് നടത്തുകയും ചെയ്തിട്ടുണ്ട്. പബ്ലിക് ഹിയറിങ്ങിൽ ഉന്നയിച്ച ആവശ്യങ്ങളും പരാതികളുംകൂടി പരിഗണിച്ച്

തയ്യാറാക്കിയ കരട് ഇ.ഐ.എ. റിപ്പോർട്ട് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് (KCZMA) സമർപ്പിച്ചിട്ടുണ്ട്. KCZMA-യുടെ ശിപാർശയോടെ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് തുടർഘട്ടങ്ങളുടെ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കും.

(സി) തുറമുഖവികസനത്തോടൊപ്പം അനുബന്ധ റോഡുകളുടെയും റെയിൽവേ-ദേശീയപാത എന്നിവയുടെയും വികസനം സംബന്ധിച്ച രൂപരേഖകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനത്തോടൊപ്പം റെയിൽ-റോഡ് കണക്ടിവിറ്റികളുടെ വികസനം അത്യന്താപേക്ഷിതമാണ്. ഇവ സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

<u>തുറമുഖത്തേക്കുള്ള റോഡ് കണക്ടിവിറ്റി സംബന്ധിച്ച്</u>

തുറമുഖത്തെ എൻ.എച്ച്.66-മായി ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം AVVPL-ന്റെ ചുമതലയാണ്. രണ്ട് കി.മീ. നീളമുള്ള ഈ അപ്രോച്ച് റോഡിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. എന്നാൽ ടി അപ്രോച്ച്

റോഡ് എൻ.എച്ച്. 66-മായി യോജിക്കുന്ന ജങ്ഷന്റെ (ഇന്റർസെക്ഷൻ) ഡിസൈൻ എൻ.എച്ച്.എ.ഐ. അംഗീകരിച്ചെങ്കിലും ഇറമുഖത്തിലെ ചരക്കുനീക്കവും ഔട്ടർ റിംഗ് റോഡിൽനിന്നുള്ള ചരക്കുനീക്കവും കണക്കിലെടുത്ത് എൻ.എച്ച്.എ.ഐ. അംഗീകരിച്ച ഡിസൈൻ പുനഃപരിശോധിച്ച് വരികയാണ്. എൻ.എച്ച്.എ.ഐ. നിർദേശിച്ച പുതിയ ഡിസൈൻപ്രകാരം അധികമായി ഭൂമി ഏറ്റെടുക്കേണ്ടിവരും. അധികഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക വഹിക്കുന്നത് സംബന്ധിച്ചും സമയബന്ധിതമായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചും എൻ.എച്ച്.എ.ഐ.-യുമായി ചർച്ചചെയ്ത് അടിയന്തരമായി ഒരു തീരുമാനത്തിൽ എത്തിച്ചേരേണ്ടതുണ്ട്. പുതുക്കിയ ഡിസൈൻപ്രകാരം ജങ്ഷൻ നിർമ്മാണം നടപ്പിലാക്കുന്നതിൽ കാലതാമസമുണ്ടാകുമെന്നതിനാൽ, ഇറമുഖം പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് റോഡ് മുഖാന്തരമുള്ള ചരക്ക് നീക്കം പ്രാവർത്തികമാക്കാനായി താൽക്കാലിക സംവിധാനങ്ങൾ ക്രമീകരിക്കുന്നതിനായി എൻ.എച്ച്.എ.ഐ.-യുമായുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. താത്കാലിക റോഡ് കണക്ടിവിറ്റിക്കുള്ള ശുപരേഖ എൻ.എച്ച്.എ.ഐ.-യുടെ

അംഗീകാരത്തിനായി 09-09-2024-ൽ സമർപ്പിക്കുകയുണ്ടായി. ഇത് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് എൻ.എച്ച്.66-മായുള്ള താത്കാലിക റോഡ് കണക്ടിവിറ്റി സാധ്യമാകുന്നതാണ്.

തുറമുഖത്തേയ്ക്കുള്ള റെയിൽ കണക്ടിവിറ്റി സംബന്ധിച്ച്

കൺസഷൻ എഗ്രിമെന്റ് പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന റെയിൽപ്പാത സ്ഥാപിക്കേണ്ടത് 2022 മേയ് മാസത്തിലായിരുന്നു. AVPPL-മായുള്ള പുതിയ സെറ്റിൽമെന്റ് കരാർപ്രകാരം റെയിൽപ്പാത സ്ഥാപിക്കേണ്ട അവസാന തീയതി ദീർഘിപ്പിക്കുന്നതിന് തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്.

കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.സി.എൽ.)-നെയാണ് റെയിൽപ്പാത സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. കെ.ആർ.സി.എൽ. തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം 10.7 കി.മീ. ദൈർഘ്യമുള്ള ഒരു റെയിൽപ്പാതയാണ് വിഭാവനം ചെയ്തിട്ടുള്ളത്. തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ടി പാതയുടെ 9.02 കി.മീ. ദൂരവും ടണലിലൂടെയാണ് കടന്നുപോകുന്നത്.

ബാലരാമപുരം, പള്ളിച്ചൽ, അതിയന്നൂർ വില്ലേജുകളിൽപ്പെട്ട 4.697 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ അന്തിമഘട്ടത്തിലാണ്. വിഴിഞ്ഞം വില്ലേജിൽപ്പെട്ട 0.829 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നത് പുരോഗമിച്ചുവരുന്നു. 5.526 ഹെക്ടർ സ്ഥലമേറ്റെടുക്കൽ (198 കോടി രൂപ) ഉൾപ്പെടെ 1482.92 കോടി രൂപയാണ് റെയിൽപ്പാതയ്ക്കുള്ള ആകെ പദ്ധതിച്ചെലവായി കണക്കാക്കിയിട്ടുള്ളത്. കെ.ആർ.സി.എൽ. തയ്യാറാക്കിയ ഡി.പി.ആർ. ദക്ഷിണ റെയിൽവേയുടെ അംഗീകാരം 2022 മാർച്ചിൽ ലഭിച്ചു. കൂടാതെ, പദ്ധതിക്ക് കേന്ദ്രമന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതിയും ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ ഡി.പി.ആർ.-ന് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളായ പ്രധാൻമന്ത്രി ഗതിശക്തി, സ്കീം ഫോർ സ്പെഷ്യൽ അസിസ്റ്റൻസ് ടു സ്റ്റേറ്റ്സ് ഫോർ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ്, സാഗർമാല, റെയിൽ സാഗർ തുടങ്ങിയവയിലൂടെ റെയിൽ കണക്ടിവിറ്റി പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തിന്റെ ഗേറ്റ്വേ കണ്ടെയ്നർ ട്രാഫിക്കിന്റെ സാധ്യത കണക്കിലെടുത്ത്

ഒരു കണ്ടെയ്നർ റെയിൽ ടെർമിനൽ (സി.ആർ.ടി.) തിരുവനന്തപുരത്ത് വിഴിഞ്ഞത്തോടടുത്ത് നിലവിലെ റെയിൽപാതയോട് ചേർന്ന് ഉടൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സംബന്ധിച്ച ചർച്ചകൾ ദക്ഷിണ റെയിൽവേയുമായി ഇപ്പോൾ നടന്നുവരുന്നു. റെയിൽ കണക്ടിവിറ്റി സ്ഥാപിക്കുന്നതുവരെ സി.ആർ.ടി. മുഖാന്തരം റെയിൽ ചരക്കുനീക്കം ഇതുവഴി സാധ്യമാകുന്നതാണ്. സി.ആർ.ടി.യുടെ നിർമ്മാണം റെയിൽവേ ഏറ്റെടുത്ത് ചെയ്യുന്നതിനുള്ള പ്രാരംഭ ചർച്ചയും ഇപ്പോൾ നടന്നുവരുന്നു.

(ഡി) പ്രസ്തുത ആവശ്യത്തിലേക്കായി ധനകാര്യപാക്കേജ് അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എം.പി.-മാരുടെ സംയുക്തസംഘം ഇതുസംബന്ധിച്ച് കേന്ദ്രസർക്കാരിൽ ഇടപെടൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളായ പ്രധാൻമന്ത്രി ഗതിശക്തി, സ്കീം ഫോർ സ്പെഷ്യൽ അസിസ്റ്റൻസ് ടു സ്റ്റേറ്റ്സ് ഫോർ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ്, സാഗർമാല, റെയിൽ സാഗർ

തുടങ്ങിയവയിലൂടെ റെയിൽ കണക്ടിവിറ്റി പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്.

ഒരാൾക്ക് ഒരു പെൻഷൻ മാത്രമായി നിജപ്പെടുത്തിയ ഉത്തരവ്

12(*192) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്ന ഒരാൾക്ക് ഒരു പെൻഷൻ മാത്രമായി നിജപ്പെടുത്തി ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

23-09-2020-ലെ സ.ഉ.(എം.എസ്.) നം.97/2020/ധന പ്രകാരം, 06-02-2017-നുമുൻപ് സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങിവരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ

നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്. 06-02-2017 മുതൽ ഏതെങ്കിലും ഒരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ) മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. തനത് ഫണ്ടുപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാപെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതാണ്. 06-07-2018-നുമുമ്പ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടവർക്ക് ലഭിച്ചുവന്നിരുന്ന ഉയർന്ന നിരക്കിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും ലഭിക്കുന്നതാണ്. എന്നാൽ 22-09-2022-ലെ സ.ഉ.(എം.എസ്.) നം.162/2022/ധന ഉത്തരവുപ്രകാരം കേരള പ്രവാസി ക്ഷേമനിധി ബോർഡ്, കേരള മദ്രസ അധ്യാപക ക്ഷേമനിധി ബോർഡ്, കേരള അഡ്വക്കേറ്റ്സ് ക്ലാർക്സ് ക്ഷേമനിധി കമ്മിറ്റി, കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് എന്നീ തനത് ഫണ്ട് ബോർഡുകളിൽനിന്നും പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

അർഹരായ വ്യക്തികൾക്ക് മാത്രമേ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നുള്ളുവെന്ന് ഉറപ്പുവരുത്തുന്നതിനും ഒരേ വ്യക്തികൾതന്നെ സർക്കാർ ധനസഹായത്തോടെ ഒന്നിലധികം പെൻഷനുകൾ കൈപ്പറ്റുന്നത് തടയുന്നതിനും വേണ്ടിയാണ് ടി നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത നടപടിമൂലം നിയമപരമായി ക്ഷേമനിധിയിലേക്ക് അംശദായം അടച്ച വ്യക്തികൾക്ക് ക്ഷേമനിധി പെൻഷൻ നിഷേധിക്കുന്ന സാഹചര്യമുണ്ടോയെന്ന് വിശദമാക്കുമോ;

(സി) നിയമസഭ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ ക്ഷേമനിധി പെൻഷനുകൾ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ നിജപ്പെടുത്തിയ നടപടി നിയമപരമായി നിലനിൽക്കുന്നതാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി&സി) ആക്ടിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ ഉത്തരവിലൂടെ നിജപ്പെടുത്തുന്ന വിഷയം നിലവിൽ പരിശോധനയിലാണ്. അർഹരായ എല്ലാവർക്കും ഒരു ക്ഷേമപെൻഷനെങ്കിലും ഉറപ്പുവരുത്തുക എന്നതാണ് സർക്കാർ നയം.

എന്നാൽ അനുവദിക്കപ്പെടുന്ന ബോർഡ് പെൻഷന് പുറമെ മറ്റ് ബോർഡ് പെൻഷനുകൾ കൈപ്പറ്റുവാൻ പാടില്ലെന്ന് ക്ഷേമനിധി ബോർഡുകളുടെ ആക്ടിൽ/ബൈലായിൽ, വ്യവസ്ഥ ചെയ്യാത്തതിനാൽ ഇത് പലവിധ പരാതികൾക്കും വഴിതെളിച്ചിട്ടുണ്ട്. ഈ അപാകത പരിഹരിക്കുന്നതിനായി ബോർഡ് പെൻഷൻ അനുവദിക്കപ്പെടുന്ന ഒരാൾ മറ്റൊരു ക്ഷേമനിധി ബോർഡ് പെൻഷൻ കൈപ്പറ്റുവാൻ പാടില്ലെന്ന വ്യവസ്ഥ ഉൾപ്പെടുത്തി എല്ലാ ക്ഷേമനിധി ബോർഡുകളുടെയും ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

വൈദ്യുതി മേഖലയുടെ സമഗ്ര വികസനം

13(*193) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയുടെ സമഗ്രവികസനവുമായി ബന്ധപ്പെട്ട് ഊർജ കേരള മിഷനിലുൾപ്പെടുത്തി വിതരണ ശൃംഖലയുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കേരളത്തിലെ വൈദ്യുതി വിതരണരംഗം ലോകോത്തര നിലവാരത്തിൽ എത്തിക്കുകയെന്ന ലക്ഷ്യവുമായി ദ്യുതി, കേരളത്തിലേക്കുള്ള വൈദ്യുത ഇറക്കുമതിശേഷി വർധിപ്പിക്കുന്നതിനോടൊപ്പം സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന വൈദ്യുതി എല്ലായിടത്തും സുഗമമായി എത്തിക്കാനാകുംവിധം പ്രസരണശൃംഖല ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യവുമായി ട്രാൻസ്ഗ്രിഡ് 2.0, കേരളത്തിന്റെ ഗ്രിഡിൽ 1000MW സൗരോർജം കൂട്ടിച്ചേർക്കുവാനായി സൗര, ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറച്ച് കൊണ്ടുവരുന്നതിനോടൊപ്പം ഊർജക്ഷമത കൂടിയ എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിച്ച് കേരളത്തിലെ ഫിലമെന്റ് ബൾബുകൾ നിഷ്കാസനം ചെയ്യുന്നത് വിഭാവനം ചെയ്യുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതി, കേരളത്തിൽ വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നത് മുന്നിൽകണ്ട് ഇ-സേഫ് പദ്ധതി എന്നിങ്ങനെ അഞ്ച് ഫ്ലാഗ്ഷിപ്പ്

പദ്ധതികളടങ്ങുന്ന ഊർജ കേരള മിഷൻ എന്ന ഒരു മഹത്തായ പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിച്ച ഊർജ കേരള മിഷനിൽ ഉൾപ്പെടുത്തി വിതരണ ശൃംഖലയുടെ വികസനത്തിനായി 2018 മുതൽ 2022 ജൂൺ വരെ നടപ്പിലാക്കിയ പദ്ധതിയാണ് ദ്യുതി 1. ദ്യുതി പദ്ധതിയിൽ, ലൈൻ നിർമ്മാണം, സ്റ്റാൻഡേർഡൈസേഷൻ പ്രവൃത്തികൾ, ട്രാൻസ്ഫോർമർ നിർമ്മാണം ഉൾപ്പെടെയുള്ള വികസന പ്രവൃത്തികൾക്കായി 3732.03 കോടി രൂപയും കേടായ മീറ്ററുകൾ മാറ്റിവയ്ക്കുന്നതിനായി 204.27 കോടി രൂപയും തുടർ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി 50 കോടി രൂപയും SCADA പ്രവൃത്തികൾക്ക് 50 കോടി രൂപയും ഉൾപ്പെടെ 4036.30 കോടി രൂപയുടെ പദ്ധതി രേഖയാണ് തയ്യാറാക്കിയിരുന്നത്. ആഗോള നിലവാരത്തിൽ തടസ്സരഹിതമായി, ഗുണമേന്മയേറിയ വൈദ്യുതി ഉപഭോക്താക്കൾക്ക് എത്തിച്ച് വൈദ്യുതി വിതരണരംഗം കാര്യക്ഷമമാക്കുന്നതിന് നടപ്പിലാക്കിയ "ദ്യുതി 1" പദ്ധതിയിലുൾപ്പെടുത്തി എച്ച്.ടി. ലൈൻ/ഭൂഗർഭ കേബിൾ നിർമ്മാണം, എൽ.ടി. ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ

സ്ഥാപിക്കൽ/ശേഷി വർധിപ്പിക്കൽ, ലൈനിന്റെ സ്ഥാപിതശേഷി കൂട്ടുന്ന പ്രവൃത്തികൾ, എച്ച്.ടി. ലൈനും എൽ.ടി. ലൈനും റീ-കണ്ടക്ടറിങ് നടത്തുന്ന പ്രവൃത്തികൾ, ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും മറ്റു പ്രതിഷ്ഠാപനങ്ങളുടെയും സ്റ്റാൻഡേർഡൈസേഷൻ പ്രവൃത്തികൾ, വിതരണ നഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ തുടങ്ങിയവ നടപ്പിലാക്കിയിരുന്നു. 2018, 2019 വർഷങ്ങളിലെ മഹാപ്രളയങ്ങൾ, കോവിഡ്-19 ന്റെ ഭാഗമായി ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗൺ എന്നിവകാരണം 2018-ൽ ആരംഭിച്ച് 2022-ൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്ന ദ്യുതി 1 പദ്ധതിയിൽ ഉദ്ദേശിച്ച പുരോഗതി കൈവരിക്കാനായില്ലെങ്കിലും ഈ പദ്ധതിയിൽ 3765 കോടി രൂപയുടെ പ്രവൃത്തികൾ (ലൈൻ നിർമ്മാണം/ട്രാൻസ്ഫോർമർ സ്ഥാപിക്കൽ തുടങ്ങിയ വികസന പ്രവൃത്തികൾ, കേടായ മീറ്ററുകൾ മാറ്റിസ്ഥാപിക്കൽ തുടങ്ങിയവയ്ക്കായി) പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ 2018-2022 കാലയളവിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ തുടർച്ചയായി വൈദ്യുതീകരണത്തിനായി 73.6 കോടി രൂപയും ചെലവഴിച്ചിട്ടു. നിലവിലുള്ള ദ്യുതി 1 പദ്ധതിയുടെ തുടർച്ചയായി വിതരണരംഗം കൂടുതൽ

ആധുനികവത്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി അടുത്ത അഞ്ച് വർഷത്തേക്കുള്ള (2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ) പദ്ധതി രൂപരേഖ (ദ്യുതി 2.0) കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ദ്യുതി 2.0 ൽ 4717 കോടി രൂപയുടെ പ്രവൃത്തികളാണ് 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പിലാക്കാനായി തീരുമാനിച്ചിട്ടുള്ളത്. വൈദ്യുതി വിതരണ മേഖലയുടെ നവീകരണം ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. ഇപ്പോൾ നടപ്പിലാക്കുന്ന മറ്റു പദ്ധതി RDSS ആണ്. ഇതുകൂടാതെ മലപ്പുറം (411 കോടി രൂപ), കാസർഗോഡ് (394 കോടി രൂപ), ഇടുക്കി (218 കോടി രൂപ) ജില്ലകളിലെ വിതരണ മേഖലയുടെ വികസനത്തിനായി ദ്യുതി 2.0 പദ്ധതിയിൽ 1023.04 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജും കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതിശേഷി വർധിപ്പിക്കുന്നതിനോടൊപ്പം പ്രസരണശൃംഖല ശക്തിപ്പെടുത്തുന്നതിനായി

നടപ്പിലാക്കിയ "ട്രാൻസ്ഗ്രിഡ് 2.0" പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വൈദ്യുതി പ്രസരണരംഗത്ത് ഊർജ കേരള മിഷന്റെ ഭാഗമായി പ്രഖ്യാപിച്ച വൻകിട പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. വൈദ്യുതി ഇറക്കുമതിശേഷി വർദ്ധിപ്പിക്കുന്നതിനും ലഭ്യമായ വൈദ്യുതി സംസ്ഥാനത്തുടനീളം സുഗമമായി എത്തിക്കുന്നതിനും സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖല ശക്തിപ്പെടുത്തുവാനും പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്നു. 5200 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് പദ്ധതി കിഫ്ബി ഫണ്ടിങ് വഴി നടപ്പിലാക്കാൻ കെ.എസ്.ഇ.ബി.എൽ.-നെ പദ്ധതിയുടെ ഇംപ്ലിമെന്റിങ് ഏജൻസി മാത്രമായാണ് വിഭാവനം ചെയ്തിരുന്നത്. ഇതുപ്രകാരം ത്രികക്ഷി കരാർ ഉണ്ടാക്കിയിരുന്നതുമാണ്. എന്നാൽ പിന്നീട് ഈ പദ്ധതി നടപ്പിലാക്കാൻ ചെലവഴിച്ച തുകകൾ സർക്കാർ ഉത്തരവുപ്രകാരം കിഫ്ബിയിൽനിന്നും കെ.എസ്.ഇ.ബി.എൽ.-നുള്ള ലോണാക്കി മാറ്റുകയായിരുന്നു. ഇതിൻപ്രകാരം

കെ.എസ്.ഇ.ബി.എൽ.-ഉം കിഫ്ബിയുമായി ലോൺ എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. കിഫ്ബിയും ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. വൈദ്യുതി ഇറക്കുമതി വർധിപ്പിക്കുന്നതിനും ലഭ്യമായ വൈദ്യുതി സംസ്ഥാനത്തുടനീളം സുഗമമായി എത്തിക്കുന്നതിനും സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖല ശക്തിപ്പെടുത്തുവാനും നടപ്പിലാക്കുന്ന പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. ഒന്നാം ഘട്ടം (2017-2022), രണ്ടാം ഘട്ടം (2019-2026), ഗ്രീൻ കോറിഡോർ പാക്കേജ് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി 400KV യുടെ മൂന്ന് സബ്സ്റ്റേഷനുകളും, 220KV യുടെ 22 സബ്സ്റ്റേഷനുകളും, ഒരു 110KV കെ.വി. സബ്സ്റ്റേഷനും 3770 സർക്യൂട്ട് കി.മീ. ഹൈവോൾട്ടേജ് ലൈനുകളുമാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒന്നാംഘട്ടത്തിൽ 2711 കോടി രൂപയുടെയും രണ്ടാംഘട്ടത്തിൽ 1458 കോടി രൂപയുടെയും ഗ്രീൻ കോറിഡോർ പദ്ധതികൾ ഉൾപ്പെടെ 3630 കോടി രൂപയുടെ പദ്ധതികളാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനോടകം 2718 കോടി രൂപയുടെ പദ്ധതികൾ

പൂർത്തിയായിക്കഴിഞ്ഞു. ഈ പദ്ധതിയിൽ രണ്ട് ഘട്ടങ്ങളിലുമായി ഇതിനോടകം ഒരു 400 കെ.വി. സബ്സ്റ്റേഷനും (കോട്ടയം) പതിനൊന്ന് 220 കെ.വി. സബ്സ്റ്റേഷനുകളും (മഞ്ചേരി, ചാലക്കുടി, കോതമംഗലം, ആലുവ, കല്പാർ, കുന്നമംഗലം, ചിത്തിരപുരം, ഏറ്റുമാനൂർ, വിഴിഞ്ഞം തലശ്ശേരി, കുന്നംകുളം) 1943 സർക്യൂട്ട് കി.മീ ഇ.എച്ച്.ടി. ലൈനുകളും (400 കെ.വി – 179 സർക്യൂട്ട് കി.മീ, 220 കെ.വി – 916 സർക്യൂട്ട് കി.മീ, 110 കെ.വി – 848 സർക്യൂട്ട് കി.മീ.) നിർമ്മാണം പൂർത്തിയാക്കി.

(സി) ഊർജനഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾക്കും ഉപ-പ്രസരണ, വിതരണ രംഗം നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

15-03-2022-ൽ കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ച ആർ.ഡി.എസ്.എസ്.-ന്റെ ഒന്നാംഘട്ട പദ്ധതിയിൽ ഊർജ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾക്കായി 2226.15 കോടി രൂപയാണ് (സ്കാഡാ, ഐ.ടി./ഒ.ടി. ഉൾപ്പെടെ) കെ.എസ്.ഇ.ബി.എൽ.-ന് അനുവദിക്കപ്പെട്ടത്. 20-05-2024-ന് നടന്ന 34-ാമത് ആർ.ഡി.എസ്.എസ്. മോണിറ്ററിങ് കമ്മിറ്റി

മീറ്റിംഗിൽ വിതരണ പ്രവർത്തനങ്ങളുടെ ഡി.പി.ആർ.-ന്റെ പുതുക്കിയ യൂണിറ്റ് നിരക്കുകൾ അംഗീകരിക്കപ്പെടുകയും അതനുസരിച്ച് കെ.എസ്.ഇ.ബി.എൽ.-ന്റെ ഊർജ നഷ്ടം കുറയ്ക്കുന്നതിനുള്ള പദ്ധതി തുക 2226.15 കോടി രൂപയിൽ നിന്നും 2880.1 കോടി രൂപയായി വർദ്ധിക്കുകയും ചെയ്തു. ഈ പദ്ധതികൾ 2026-2027-ഓടുകൂടി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെ റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്ന കേന്ദ്ര സർക്കാർ പദ്ധതിയാണ്. പദ്ധതി പൂർത്തീകരിക്കുമ്പോൾ വിതരണ മേഖലയിലെ സാങ്കേതികവും വാണിജ്യപരവുമായ നഷ്ടം കുറയ്ക്കുവാനും ACS-ARR ഗ്യാപ് ഇല്ലാതാക്കുന്നതിനും ലക്ഷ്യമിട്ട് ആവിഷ്കരിച്ച പദ്ധതിയാണ് ആർ.ഡി.എസ്.എസ്. KSEBL സമർപ്പിച്ച പദ്ധതി രൂപരേഖയ്ക്കും പ്രവർത്തന പദ്ധതിക്കും 15-03-2022-ന് നടന്ന മോണിറ്ററിങ് കമ്മിറ്റി യോഗത്തിൽ അംഗീകാരം ലഭിച്ചു. വിതരണ മേഖലയിലെ ഊർജ നഷ്ടം കുറയ്ക്കുന്ന പദ്ധതിക്ക് 20-05-2024-ലെ മോണിറ്ററിങ് കമ്മിറ്റി യോഗത്തിൽ അനുവദിച്ച

വർധനയും കണക്കിലെടുത്ത് മൊത്തം 2880 കോടി രൂപയുടെ പദ്ധതിക്കാണ് അംഗീകാരം ലഭിച്ചത്. പ്രോജക്ടിന്റെ സൺസെറ്റ് പിരീഡ് 31-03-2026 ആണ്.

<u>ഉപ-പ്രസരണ ശൃംഖല</u>

ഊർജനഷ്ടം കുറയ്ക്കുന്നതിനും ഉപ-പ്രസരണ ശൃംഖല നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി ആർ.ഡി.എസ്.എസ്. എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ആർ.ഡി.എസ്.എസ്. പദ്ധതിക്ക് കീഴിലുള്ള ഉപ-പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒന്നാംഘട്ടത്തിൽ അംഗീകാരം ലഭിച്ച 189 കോടി രൂപയുടെ പ്രവൃത്തികൾ പ്രസരണ വിഭാഗത്തിന് കീഴിൽ നടപ്പാക്കിവരികയാണ്. രണ്ടാംഘട്ടത്തിൽ, 944.6 കോടി രൂപയുടെ ആധുനികവൽക്കരണ നിർദേശങ്ങളും 2562.14 കോടി രൂപയുടെ അധിക നിർദേശങ്ങളും കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന് സമർപ്പിച്ച് അംഗീകാരത്തിനായി കാത്തിരിക്കുന്നു. ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുവേണ്ടി നിലവിലുള്ള 465.253 കിലോമീറ്റർ 33KV ഓവർഹെഡ് ലൈനുകൾ കവേർഡ് കണ്ടക്ടറും ഭൂഗർഭ

കേബിളും ഉപയോഗിച്ച് നവീകരിക്കുന്ന പ്രവൃത്തികൾ ടെൻഡർ വിളിച്ച് 199 കോടി രൂപയ്ക്ക് കരാർ നൽകി നടപ്പിലാക്കിവരുന്നു. മൊത്തം 47 പ്രവൃത്തികളിൽ രണ്ട് ലൈനുകളുടെ റീ-കണ്ടക്ടറിംഗ് ജോലികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. നിലവിൽ, മൊത്തം 38.5% സാമ്പത്തിക പുരോഗതിയും 10.7% ഭൗതികപുരോഗതിയും കൈവരിച്ചിട്ടുണ്ട്. പദ്ധതി 2025 മാർച്ച് 31 നകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി പ്രസിദ്ധപ്പെടുത്തുന്ന ഇലക്ട്രിക് പവർ സർവേയിൽ പ്രതിപാദിച്ചിരിക്കുന്ന ലോഡ് വർധനവിനനുസരിച്ച് കെ.എസ്.ഇ.ബി.എൽ. പ്രവൃത്തികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഊർജരംഗത്ത് ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കാൻ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് ആഭ്യന്തര ഉത്പാദനശേഷി വർദ്ധിപ്പിക്കുന്നതിന്, ജലവൈദ്യുതി പദ്ധതികൾ, സോളാർ, കാറ്റാടിപ്പാടങ്ങൾ തുടങ്ങിയ വിവിധ സാധ്യതകൾ ആരായുന്നുണ്ട്. സൗരോർജ നിലയങ്ങളുടെയും കാറ്റാടി

പാടങ്ങളുടെയും പ്രധാന ന്യൂനത ഊർജ ആവശ്യകത കൂടിയ സമയം ഇവയുടെ ലഭ്യത ഉറപ്പുവരുത്താൻ സാധിക്കില്ല എന്നതാണ്. ഇതിനായി സംസ്ഥാനത്ത് സംഭരണശേഷിയുള്ള ജലവൈദ്യുത നിലയങ്ങളും പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങളും ആവശ്യമാണ് എന്നാണ് വിലയിരുത്തിയിട്ടുള്ളത്. ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുന്നതിന് സംസ്ഥാനത്ത് ബാറ്ററി സ്റ്റോറേജ് സംവിധാനങ്ങൾ നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. 2030-ഓടുകൂടി 10000 MW-ന്റെ സ്ഥാപിതശേഷി സാധ്യമാക്കാനാണ് ശ്രമിക്കുന്നത്. സംസ്ഥാനത്ത് 227.536 MW ന്റെ വിവിധ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സാധ്യതാ പഠനങ്ങൾ നടത്തിവരുന്ന മറ്റ് പദ്ധതികളും വിഭാവനം ചെയ്യുന്നുണ്ട്. നിർമ്മാണം പുരോഗമിക്കുന്നതും പുതിയ പദ്ധതികളും ഉൾപ്പടെ വൻകിട/ചെറുകിട ജലവൈദ്യുത പദ്ധതികൾ മുഖേന 1582MW അധിക ഉല്പാദന ശേഷി 2030-ഓടുകൂടി ലക്ഷ്യമിടുന്നു. അധികമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് പുരപ്പുറ സൗരനിലയങ്ങൾ, സോളാർപാർക്ക്, സ്വകാര്യ സംരംഭകർ,

ഫ്ലോട്ടിങ് സോളാർ, കാറ്റാടി നിലയങ്ങൾ എന്നീ പുനരുപയോഗ ഊർജ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഊർജരംഗത്ത് ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

40MW സ്ഥാപിത ശേഷിയുള്ള തോട്ടിയാർ, 60MW സ്ഥാപിത ശേഷിയുള്ള പള്ളിവാസൽ എക്സ്റ്റൻഷൻ, 36KW സ്ഥാപിത ശേഷിയുള്ള പൊരിങ്ങൽക്കുത്ത് മൈക്രോ എന്നീ ജലവൈദ്യുത പദ്ധതികളുടെ കമ്മീഷനിങ് ഉടൻ നടത്തുന്നതാണ്. കൂടാതെ 127.50MW മൊത്തം സ്ഥാപിത ശേഷിയുള്ള എട്ട് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ 7.5MW അധിക സ്ഥാപിത ശേഷി ലഭ്യമാക്കുന്നതിനായി നിലവിലുള്ള കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ (3X25MW) പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആകെ 92MW സ്ഥാപിത ശേഷിയുള്ള 13 ചെറുകിട ജലവൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായിട്ടുള്ള

പ്രവർത്തനങ്ങളുടെ (സ്ഥലമേറ്റെടുപ്പ് ഉൾപ്പടെയുള്ളവ) വിവിധ ഘട്ടങ്ങളിലാണ്.

ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800MW/1301Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450MW/834.16Mu), ലക്ഷ്മി ജല വൈദ്യുത പദ്ധതി (240MW/347Mu) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ഡാമുകളിൽനിന്നും പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പ് ചെയ്ത് വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ നടപ്പിലാക്കുന്നതിനായി മൊത്തം 3330 മെഗാവാട്ട് ശേഷിയുള്ള പത്ത് സൈറ്റുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ രണ്ട് പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ വിവിധ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ/ഡി.പി.ആർ. തയ്യാറാക്കൽ പ്രവൃത്തികളും നടന്നുവരുന്നു.

ഇലക്ട്രിക് പവർ സർവേയിൽ പ്രതിപാദിച്ചിരിക്കുന്ന ലോഡ് വർദ്ധനവിനനുസരിച്ച് കെ.എസ്.ഇ.ബി.എൽ. പ്രസരണ മേഖലയിൽ വിവിധ പ്രവൃത്തികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

2022 മുതൽ 2027 വരെയുള്ള കാലയളവിലെ ലോഡ് വർധനവ് മുന്നിൽക്കണ്ട് പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി CAPEX പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളതും അത് ഘട്ടംഘട്ടമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്. കൂടാതെ കഴിഞ്ഞ വർഷത്തെ ലോഡ് വർധനവ് പരിഗണിച്ച്, പ്രസരണ ശൃംഖലയുടെ അപര്യാപ്തതയെക്കുറിച്ച് വിശദമായി പഠനം നടത്തുകയും പ്രസരണ ശൃംഖല വിപുലീകരിക്കാനുള്ള പദ്ധതികൾ ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

2026-27-ൽ 7000MW-ഉം 2031-32-ൽ 10000MW-ഉം ഡിമാൻഡ് മുന്നിൽക്കണ്ട് പ്രസരണ മേഖലയിലെ ഹ്രസ്വകാല പദ്ധതികളെല്ലാംതന്നെ 2027-നുമുമ്പ് തീർക്കാനും ദീർഘകാല പദ്ധതികൾ 2032-നുമുൻപായി തീർക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള സബ്സ്റ്റേഷനുകളുടെ

ശേഷി വർദ്ധിപ്പിക്കുന്നത് കൂടാതെ പുതിയതായി 122 സബ്സ്റ്റേഷനുകൾ വിവിധ വോൾട്ടേജുകളിൽ ഹ്രസ്വകാല ദീർഘകാലാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി പ്രസിദ്ധപ്പെടുത്തുന്ന ഇലക്ട്രിക് പവർ സർവേയിൽ പ്രതിപാദിച്ചിരിക്കുന്ന ലോഡ് വർദ്ധനവിനനുസരിച്ചാണ് കെ.എസ്.ഇ.ബി.എൽ. ഓരോ വർഷത്തെയും പ്രവൃത്തികൾ പ്രധാനമായും ആസൂത്രണം ചെയ്തുവന്നിരുന്നത്. കേരളത്തിലെ പീക്ക് ഇലക്ട്രിസിറ്റി ഡിമാൻഡിൽ 5% വർദ്ധനവാണ് 20-ാമത്തെ ഇലക്ട്രിക് പവർ സർവേയിൽ പ്രവചിച്ചിരുന്നത്. ഇതനുസരിച്ച്, 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പിലാക്കുന്ന ദ്യുതി 2.0 പദ്ധതിയുടെ രൂപരേഖ കെ.എസ്.ഇ.ബി.എൽ. 2021-ൽ തയ്യാറാക്കുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിരുന്നു. 2021-ൽ തയ്യാറാക്കിയ ദ്യുതി 2.0 പദ്ധതിയിൽ പുതിയ ലൈൻ നിർമ്മാണം, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ലൈനുകളുടെ ശേഷിവർദ്ധിപ്പിക്കൽ, ലൈനുകളുടെ റീകണ്ടക്ടറിങ് എന്നിവയ്ക്കായി 4016.10 കോടി രൂപയുടെ പ്രവൃത്തികളാണ്

2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പിലാക്കാനായി ആസൂത്രണം ചെയ്തിരിക്കുന്നത്. 2024 ഏപ്രിൽ, മേയ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ ശക്തമായ ഉഷ്ണതരംഗംമൂലം ക്രമാതീതവും അപ്രതീക്ഷിതവുമായ ലോഡ് വർദ്ധനവ് കെ.എസ്.ഇ.ബി.എൽ. ശൃംഖലയിൽ (ഫീഡറുകളിലും ട്രാൻസ്ഫോർമറുകളിലും) ഉണ്ടാവുകയും ചെയ്തു. എയർ കണ്ടീഷണറുകളുടെയും വൈദ്യുതി വാഹനങ്ങളുടെയും എണ്ണത്തിലുണ്ടായ വർദ്ധനവും ഡിമാൻഡ് കൂടാൻ പ്രധാനമായും കാരണമായി. 2021-ൽ ആസൂത്രണം ചെയ്ത ദ്യുതി 2.0 ന്റെ പദ്ധതി തുക 4717 കോടി രൂപയായി വർദ്ധിപ്പിച്ചിരുന്നെങ്കിലും സംസ്ഥാനത്തുണ്ടായ ശക്തമായ ഉഷ്ണതരംഗംമൂലം ക്രമാതീതവും അപ്രതീക്ഷിതവുമായുണ്ടായ ലോഡ് വർദ്ധനവ് കേരളത്തിലെ ചില പ്രദേശങ്ങളിലെ ഊർജാവശ്യകത നിറവേറ്റാൻ ദ്യുതി 2.0 പദ്ധതി പര്യാപ്തമല്ലാത്ത സ്ഥിതിവിശേഷമുണ്ടാക്കി. പ്രധാനമായും കാസർഗോഡ്, മലപ്പുറം, ഇടുക്കി തുടങ്ങിയ മൂന്ന് ജില്ലകളാണ് ഇങ്ങനെ കണ്ടെത്തിയത്. ഈ ജില്ലകൾക്കായി ദ്യുതി 2.0 പദ്ധതിയിൽ 2024-25 മുതൽ 2026-27 വരെ നടപ്പിലാക്കാനായി 1023.04 കോടി രൂപയുടെ

ഒരു സ്പെഷ്യൽ പാക്കേജിന് കെ.എസ്.ഇ.ബി.എൽ. അംഗീകാരം നൽകുകയുണ്ടായി. ഇതുകൂടാതെ അടുത്ത വേനൽക്കാലത്തെ ഉപഭോഗത്തിലുണ്ടായേക്കാവുന്ന വർദ്ധനവ് മുന്നിൽക്കണ്ട് അതിനാനുപാതികമായി വിതരണ ശൃംഖലയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള പ്രവൃത്തികൾ മറ്റ് ഇലക്ട്രിക്കൽ സർക്കിളുകൾക്ക് കീഴിൽ നടപ്പിലാക്കുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിൽ ദ്യുതി 2.0 പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള തുകയുടെ നിശ്ചിത ശതമാനം 2024-25 സാമ്പത്തിക വർഷത്തിലേക്ക് അനുവദിക്കുന്നത് കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലാണ്.

മൺപാത്ര നിർമ്മാണമേഖലയിലെ പ്രതിസന്ധി

14(*194) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൺപാത്ര നിർമ്മാണമേഖല കടുത്ത പ്രതിസന്ധി നേരിടുന്ന വിഷയം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കളിമണ്ണിന്റെ ലഭ്യതക്കുറവാണ് ഈ മേഖല അനുഭവിക്കുന്ന വലിയ പ്രതിസന്ധി. കൂടാതെ കളിമണ്ണ് കൊണ്ടുപോകുന്നതിനുള്ള നിയമപരമായ പ്രശ്നങ്ങൾ, യന്ത്രവൽക്കരണത്തിന്റെ അഭാവം, വിപണന സൗകര്യങ്ങളുടെ കുറവ്, ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള കളിമൺ പാത്രങ്ങളുടെ വരവ് തുടങ്ങിയ പ്രശ്നങ്ങളും ഈ മേഖലയിലെ തൊഴിലാളികൾ നേരിടുന്നുണ്ട്.

(ബി) അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കുറവും ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ള പാത്രങ്ങളുടെ വരവും ഉൾപ്പെടെ ഈ മേഖലയിൽ സൃഷ്ടിച്ചിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തുനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉൽപന്നങ്ങളുടെ നിർമ്മാണം, ആധുനികവൽക്കരണത്തിനും വൈവിധ്യവൽക്കരണത്തിനുമുള്ള ധനസഹായം പിന്നാക്ക വിഭാഗ വികസന

വകുപ്പ്, മൺപാത്ര നിർമ്മാണ വിപണനക്ഷേമ കോർപ്പറേഷൻ എന്നിവയിലൂടെ ലഭ്യമാക്കുന്നതിന് സർക്കാർ നടപടികൾ എടുത്തിട്ടുണ്ട്. കളിമണ്ണ് അടക്കമുള്ള അസംസ്കൃത വിഭവങ്ങളുടെ ലഭ്യത പ്രധാന പ്രശ്നമാണ്.

2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 106(5) പ്രകാരം പരമ്പരാഗത മൺപാത്ര തൊഴിലാളികൾക്കും, അവരുടെ സഹകരണ സംഘങ്ങൾക്കും അതത് ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജരോ അധികാരപ്പെട്ട മറ്റ് ഉദ്യോഗസ്ഥരോ നൽകുന്ന തിരിച്ചറിയൽ കാർഡ് ഹാജരാക്കുന്നപക്ഷം ഒരു വർഷത്തേക്ക് 50 ടൺ കളിമണ്ണ് റോയൽറ്റി ഒടുക്കാതെ ഖനനം ചെയ്ത് കൊണ്ടുപോകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്പെഷ്യൽ ട്രാൻസിറ്റ് പാസ്സ് നൽകുന്നതാണ്. കൂടാതെ വ്യവസായ വകുപ്പിന്റെ "ആശ" പോലുള്ള പദ്ധതിയിൽ ആർട്ടിസാൻ കാർഡ് ഉള്ളതിനാൽത്തന്നെ ഈ വിഭാഗത്തിന് ആനുകൂല്യം ലഭ്യമാക്കുന്നുണ്ട്. ഈ വിഭാഗങ്ങളുടെ സാമൂഹ്യ വിദ്യാഭ്യാസ അവസ്ഥ വളരെ പിന്നാക്കമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പിന്നാക്ക

വിഭാഗ വികസന വകുപ്പ് മുഖേന ടി വിഭാഗങ്ങൾക്കായി പ്രത്യേകം രണ്ട് പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് ആധുനിക രീതികളിലുള്ള ഉൽപന്ന നിർമ്മാണത്തെക്കുറിച്ച് പരിശീലനം നൽകാനും, ആധുനികീകരണത്തിനും യന്ത്രവൽക്കരണത്തിനും വർക്ക് ഷെഡ്ഡുകളുടെയും ചിമ്മിനികളുടെയും നിർമ്മാണത്തിനും നവീകരണത്തിനും ആവശ്യമായ സാമ്പത്തിക സഹായം നൽകാനുമാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കവിയാത്ത ഓരോ ഗുണഭോക്താവിനും രണ്ട് തവണകളിലായി പരമാവധി 50,000/- രൂപ വീതം നൽകുന്നു.

പിന്നാക്ക വിഭാഗങ്ങളിലെ ദുർബല വിഭാഗങ്ങളായ പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുടെ സമഗ്ര പുരോഗതിക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് കുംഭാര നഗർ അടിസ്ഥാന സൗകര്യ വികസന പദ്ധതി. നഗർ/സങ്കേതത്തിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് പദ്ധതി പ്രധാനമായും ഊന്നൽ നൽകുന്നത്.

പൊതുവായ വർക്ക്ഷെഡ്, പൊതുവായ മണ്ണരയ്ക്കുന്ന യന്ത്രം, പൊതുചൂള, പൊതുമാർക്കറ്റ്, മൊബൈൽ വിപണന യൂണിറ്റ്, മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമുള്ള സൗകര്യം, കമ്മ്യൂണിറ്റി ഹാൾ, ഗ്രന്ഥശാല. നഗറുകളിലേക്കുള്ള റോഡ്, നടപ്പാത, മണ്ണ് സംരക്ഷണം, കുടിവെള്ള സൗകര്യങ്ങൾ, വൈദ്യുതി എന്നിവയ്ക്കാണ് തുക അനുവദിക്കുന്നത്.

(സി) മൺപാത്ര നിർമ്മാണം പരമ്പരാഗത വ്യവസായമായി അംഗീകരിക്കുന്നതിനും മൺപാത്ര വിപണനത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഈ മേഖലയിലുള്ള സംരംഭകർക്ക് വിപണനത്തിനുള്ള സഹായം നൽകുന്നതിന് കേരള സ്റ്റേറ്റ് പോട്ടറി മാനുഫാക്ചറിങ് മാർക്കറ്റിങ് ആൻഡ് വെൽഫെയർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.പി.എം.എം.ഡബ്ല്യു.ഡി.സി) മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ പരിശീലനങ്ങൾ, ഉത്പന്ന പ്രദർശനം/വിപണന മേളകൾ എന്നിവ നടപ്പിലാക്കുന്നുണ്ട്.

വൈദ്യുതി നിരക്ക് കുറയ്ക്കുന്നതിന് നടപടി

15(*195) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവൈദ്യുത നിലയങ്ങളുടെ ഉല്പാദനശേഷി വർദ്ധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പുറത്തുനിന്ന് വാങ്ങുന്ന വൈദ്യുതിയുടെ അളവ് കുറഞ്ഞിട്ടുണ്ടോ; എങ്കിൽ വൈദ്യുതി നിരക്ക് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) മുഴുവൻ ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ് കുറയുന്ന രീതിയിൽ വൈദ്യുതി നിരക്കിൽ കുറവ് വരുത്താൻ നടപടി സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കുമോ?

(എ&ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലവൈദ്യുത നിലയങ്ങളുടെ ഉത്പാദന ശേഷിയിൽ 100.71MU-ന്റെ വർധനവുണ്ടായിട്ടുണ്ട്. അങ്ങനെ ജലവൈദ്യുത പദ്ധതിയുടെ സ്ഥാപിതശേഷി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2141.82MW-ൽനിന്നും

2183.82MW ആയിട്ടുണ്ട്. ഇതുകൂടാതെ ഉടൻതന്നെ 40MW തോട്ടിയാറും, 60MW പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീമും കമ്മീഷൻ ചെയ്യും. നമ്മുടെ ഉപഭോഗം വർഷംതോറും 5% കൂടിവരികയാണ്. എന്നാൽ വൈദ്യുതി ഉപഭോഗത്തിലുണ്ടായ വർധനവ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 2023-24 സാമ്പത്തിക വർഷത്തിൽ 12% ആയിരുന്നു. ഇതിന് നമ്മുടെ സ്ഥാപിതശേഷി പര്യാപ്തമാകുന്നില്ല. കൂടാതെ ജലസംഭരണികളിൽ ആവശ്യത്തിന് ജലമുണ്ടാകാറില്ല. ഈ രണ്ട് സാഹചര്യങ്ങളിലും വൈദ്യുതി പുറത്തുനിന്നും വാങ്ങേണ്ടിവരുന്നു. ഇത് ഏകദേശം മൊത്തം ഉപഭോഗത്തിന്റെ ഏകദേശം 70% ആണ്.

സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും പാരിസ്ഥിതികാഘാത പഠനം, സ്ഥലം ഏറ്റെടുക്കൽ, വനംവകുപ്പിന്റെ അനുമതി ലഭ്യമാക്കൽ എന്നിവയ്ക്കായുള്ള നടപടിക്രമങ്ങൾ പാലിച്ച് പദ്ധതി പൂർത്തിയാക്കുന്നതിന് 5 മുതൽ 7 വർഷമെങ്കിലും ആവശ്യമായി വരുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന് ഏകദേശം 1500MW പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകളുണ്ട്.

ഇതിൽ ഗവൺമെന്റ് എടുത്തിട്ടുള്ള നയം പരമാവധി സ്ഥാപിതശേഷി വർദ്ധിപ്പിക്കുക എന്നുള്ളതാണ്. പകൽ സമയത്തെ വൈദ്യുതി നിരക്ക് കുറയ്ക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

സഹകരണ സംരക്ഷണ നിധി

16(*196) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

സഹകരണ മേഖലയിലെ വായ്പാ സംഘങ്ങളെ സഹായിക്കുന്നതിന് സഹകരണ സംരക്ഷണനിധി എത്രത്തോളം സഹായകമാണെന്നും മറ്റെന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കുമോ?

അസാധാരണ സാഹചര്യം നിമിത്തം ദുർബലമായതോ സുഷുപ്താവസ്ഥയിലായതോ ആയ സംഘങ്ങൾ പുനരുദ്ധരിപ്പിക്കുന്നതിനായി

പദ്ധതിയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി സാമ്പത്തിക സഹായം നൽകുന്നതിനുവേണ്ടി സഹകരണ പുനരുദ്ധാരണ ഫണ്ട് പദ്ധതി രൂപീകരിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി സഹകരണ മേഖലയിലും കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിലും സഹകരണ സംഘങ്ങളുടെ സംഭാവനകൾ തുടർന്നും ഉറപ്പാക്കുന്നതിനും സഹകരണ സംഘങ്ങളുടെ പ്രവർത്തനക്ഷമതയും സുസ്ഥിരതയും പുനഃസ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു. പദ്ധതി പ്രകാരം സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നത് ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായാണ്:

i. കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത സംഘങ്ങൾക്ക് ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ടായിരിക്കും;

ii. പ്രവർത്തന വൈകല്യം, പ്രവർത്തന മൂലധനത്തിന്റെ അഭാവം എന്നിവമൂലം ബുദ്ധിമുട്ട് നേരിടുന്ന സംഘം ടി പദ്ധതിയിൽ നിന്നുള്ള ധനസഹായത്തിനായി ഒരു പുനരുദ്ധാരണ പദ്ധതി തയ്യാറാക്കി ജില്ലാതല സമിതിയുടെ ശിപാർശ സഹിതം സഹകരണസംഘം രജിസ്ട്രാർ മുഖേന സംസ്ഥാന ഉന്നതതല കമ്മിറ്റിക്ക്

സമർപ്പിക്കേണ്ടതാണ്. ഉന്നതതല സമിതി പദ്ധതി റിപ്പോർട്ടിന്മേൽ ശാസ്ത്രീയ വിശകലനം നടത്തി പുനരുദ്ധാരണ നിർദ്ദേശത്തിന്മേൽ അന്തിമ തീരുമാനമെടുക്കുന്നതാണ്;

iii. ദുർബലമായതോ പ്രവർത്തനരഹിതമായതോ എന്നാൽ പ്രവർത്തന സ്ഥിരത നേടാൻ കഴിവുള്ളതോ ആയ സംഘങ്ങളെയാണ് പുനരുദ്ധാരണത്തിനായി പരിഗണിക്കുന്നത്. സംഘങ്ങളുടെ പുനരുദ്ധാരണം ശാസ്ത്രീയമായ സമീപനം സ്വീകരിച്ചാണ് നടപ്പാക്കുന്നത്;

iv. ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന ധനസഹായം തിരിച്ചടയ്ക്കുന്നതിന് രണ്ട് വർഷം മോറട്ടോറിയം അനുവദിക്കുന്നതാണ്. തിരിച്ചടവ് കാലാവധി അഞ്ച് വർഷം മുതൽ പത്ത് വർഷം വരെയായിരിക്കും;

v. കാലാകാലങ്ങളിൽ തിരിച്ചടവ് തവണകളും പലിശ നിരക്കുകളും നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന ഉന്നതതല കമ്മിറ്റിക്കായിരിക്കും. പുനരുദ്ധാരണ നിർദ്ദേശം അംഗീകരിച്ചശേഷം പദ്ധതി നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും താലൂക്കുതലത്തിലും നിരീക്ഷണ സംവിധാനവും ഏർപ്പെടുത്തുന്നതിന് വ്യവസ്ഥയുണ്ട്.

കാസ്പ് പദ്ധതി

17(*197) ശ്രീ. ഐ. ബി. സതീഷ്:
ഡോ. കെ. ടി. ജലീൽ:

ശ്രീമതി ഒ. എസ്. അംബിക:

ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാമേഖലയിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം "സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും" എന്ന ധനാഭ്യർഥനയ്ക്ക് കീഴിൽ ഉപധനാഭ്യർഥന ഉൾപ്പെടെ ബജറ്റിൽ അനുവദിച്ച തുക സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു:

വർഷം	**ബജറ്റിൽ വകയിരുത്തിയ തുക (ഉപധനാഭ്യർഥന ഉൾപ്പെടെ) (തുക കോടിയിൽ)**
2021-22	10911.69
2022-23	15282.50
2023-24	12442.88
2024-25	13157.52

(ബി) പൊതുജനങ്ങളുടെ ആരോഗ്യ സുരക്ഷ ലക്ഷ്യമിട്ട് നടപ്പാക്കുന്ന കാസ്പ് പദ്ധതിക്കായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുക എത്രയാണെന്ന് വിശദമാക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കുള്ള (കാസ്പ്) സംസ്ഥാന സർക്കാർ വിഹിതമായി നടപ്പ് സാമ്പത്തിക വർഷം ഇതുവരെ 678.54 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) കാസ്പ് പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം, പ്രീമിയം തുക, സർക്കാർ പ്രീമിയം അടയ്ക്കുന്ന കുടുംബങ്ങളുടെ എണ്ണം എന്നിവ തരംതിരിച്ച് വ്യക്തമാക്കുമോ?

കാസ്പ് പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം ചുവടെ നൽകിയിരിക്കുന്നു:

- ആയുഷ്മാൻ ഭാരത്- പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജന (പി.എം.ജെ.എ.വൈ)/കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (AB-PMJAY-KASP) പ്രകാരം എൻറോൾ ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം - 72,29,495;

- AB-PMJAY-KASP പ്രകാരം എൻറോൾ ചെയ്ത കുടുംബങ്ങളുടെ എണ്ണം - 41,99,233;
- കേന്ദ്ര സഹായമുള്ള കുടുംബങ്ങൾ - 23,97,610;
- സംസ്ഥാന സഹായമുള്ള കുടുംബങ്ങൾ - 18,01,623.

പ്രസ്തുത പദ്ധതി അഷ്വറൻസ് മോഡിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതിനാൽ ആശുപത്രികളിൽ പ്രവേശിക്കുന്ന ഗുണഭോക്താക്കളുടെ ചികിത്സാ തുക സംസ്ഥാന സർക്കാർ സ്റ്റേറ്റ് ഏജൻസി വഴി നേരിട്ട് തീർപ്പാക്കുന്നു. പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഇൻഷ്വറൻസ് സേവനദാതാവിനെ ചുമതലപ്പെടുത്തിയിട്ടില്ല.

(ഡി) കാരുണ്യ ആരോഗ്യ സുരക്ഷാ പരിധിയിൽ ഉൾപ്പെടാത്തതും വരുമാനം മൂന്ന് ലക്ഷത്തിൽ താഴെയുള്ളതുമായ കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷയ്ക്കായി മറ്റേതെങ്കിലും സ്കീം നിലവിലുണ്ടോ; വിശദമാക്കുമോ?

കാരുണ്യ ആരോഗ്യ ബെനവലന്റ് ഫണ്ട് - സംസ്ഥാനത്ത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ അംഗങ്ങളായ നിശ്ചിത രോഗികൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിന് 2011-12 സാമ്പത്തിക വർഷം മുതൽ നിലവിൽവന്ന

കാരുണ്യ ആരോഗ്യ ബെനവലന്റ് ഫണ്ടുണ്ട്. രണ്ട് ലക്ഷം രൂപയാണ് ഈ പദ്ധതി മുഖേന നൽകിവരുന്ന ചികിത്സാ ആനുകൂല്യം. കൂടാതെ വൃക്ക സംബന്ധമായ രോഗങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ അധിക ചികിത്സാ ആനുകൂല്യവും നൽകിവരുന്നുണ്ട്.

സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി

18(*198) ശ്രീ. സജീവ് ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇന്റേണൽ ഓഡിറ്റ്, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്, എ.ജി. ഓഡിറ്റ് എന്നിവയിലൂടെ കമ്പനിയുടെ പ്രവർത്തനം വിലയിരുത്തിവരുന്നു.

(ബി) നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിക്ക് നൽകേണ്ട തുകയിൽ സർക്കാർ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

നടപ്പ് സാമ്പത്തിക വർഷം കമ്പനിയുടെ ബജറ്റ് വിഹിതമായ 10,729 കോടി രൂപയിൽനിന്ന് നാളിതുവരെ 6,500 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

(സി) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി കമ്പനി എടുക്കുന്ന വായ്പ സർക്കാരിന്റെ ബാധ്യതയായിട്ടാണോ വ്യവസ്ഥ ചെയ്യുന്നത്; വ്യക്തമാക്കുമോ?

കമ്പനി എടുക്കുന്ന വായ്പ സർക്കാരിന്റെ ബാധ്യതയായിട്ടല്ല വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ മറ്റ് സർക്കാർ കമ്പനികളുടേതുപോലെ വായ്പയെടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകിവരുന്നു.

(ഡി) സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക മുഴുവനായി വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ ബഹു. മുഖ്യമന്ത്രി ചട്ടം 300 പ്രകാരം "പണഞെരുക്കം കാരണമുണ്ടായ

സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക, ഗുണഭോക്താക്കൾക്ക് 2024-25 സാമ്പത്തിക വർഷം രണ്ട് ഗഡുക്കളും, 2025-26 സാമ്പത്തിക വർഷം മൂന്ന് ഗഡുക്കളും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു" എന്ന് പ്രസ്താവിച്ചിരുന്നു. ഓണത്തോടനുബന്ധിച്ച് 2024 സെപ്റ്റംബർ മാസത്തിൽ 10-09-2024-ലെ സ.ഉ.(സാധാ)നം.6908/2024/ധന., 11-09-2024–ലെ സ.ഉ. (സാധാ)നം.6922/2024/ധന. എന്നീ ഉത്തരവുകൾ പ്രകാരം സെപ്റ്റംബർ മാസത്തിൽ ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ചതിനോടൊപ്പം ഒരു ഗഡു കുടിശ്ശികയും അനുവദിച്ച് വിതരണം നടത്തിയിട്ടുള്ളതാണ്. 2024-25 സാമ്പത്തിക വർഷത്തിൽ ഒരു മാസത്തെ കുടിശ്ശിക കൂടിയാണ് ഇനി അനുവദിക്കാനുള്ളത്. ആയത് ഈ സാമ്പത്തിക വർഷത്തിൽതന്നെ അനുവദിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്യുമെന്ന് പ്രസ്താവിച്ച മൂന്ന് ഗഡുക്കൾ വിതരണം ചെയ്യുന്നതിനുള്ള നടപടി 2025-26 സാമ്പത്തിക വർഷത്തിൽ സ്വീകരിക്കുന്നതാണ്.

ജി.എസ്.ടി. രജിസ്ട്രേഷനുള്ള നടപടിക്രമങ്ങൾ

19(*199) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. സംബന്ധിച്ച് കേരളം നടത്തിയ പഠനത്തിലൂടെ കണ്ടെത്തിയ വസ്തുതകൾ ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ഫലപ്രദമായി അവതരിപ്പിക്കുന്നതിനും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും സാധിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

ജി.എസ്.ടി. സംബന്ധിച്ച് കേരളം നടത്തിയ പഠനത്തിലൂടെ കണ്ടെത്തിയ വസ്തുതകൾ ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ഫലപ്രദമായി അവതരിപ്പിക്കുന്നതിനും പ്രശ്നങ്ങൾക്ക് ഒരുപരിധിവരെ പരിഹാരം കാണുന്നതിനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ആവശ്യങ്ങളാണ് ജി.എസ്.ടി. കൗൺസിലിൽ പ്രധാനമായും ഉന്നയിച്ചിട്ടുള്ളത്. ഒരുപരിധിവരെ അതിൽ

വിജയിക്കുകയും ചെയ്തിട്ടുണ്ട്. ഐ.ജി.എസ്.ടി. സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് കൃത്യത ഉറപ്പുവരുത്തണമെന്ന് സംസ്ഥാനം പല ജി.എസ്.ടി. കൗൺസിൽ യോഗങ്ങളിലും ആവശ്യപ്പെട്ടിട്ടുണ്ട്. ഓൺലൈൻ വ്യാപാര മേഖലയിൽ പ്ലേസ് ഓഫ് സപ്ലൈ കൃത്യമായി രേഖപ്പെടുത്താത്തത് കാരണം സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വരുമാനം കൃത്യമായി ലഭിക്കുന്നില്ലെന്ന വിഷയം സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിക്കുകയുണ്ടായി. ജി.എസ്.ടി. കൗൺസിൽ ഈ വിഷയം ചർച്ച ചെയ്യുകയും ഇലക്ട്രോണിക് കോമേഴ്സ് ഓപ്പറേറ്റർമാർ അവരുടെ പ്ലാറ്റ്ഫോം വഴി നടത്തുന്ന ഇടപാടുകൾ ഏത് സംസ്ഥാനത്തേക്കാണ് പോയതെന്ന് കൃത്യമായി അവർ ഫയൽ ചെയ്യുന്ന ജി.എസ്.ടി.ആർ.-8 എന്ന റിട്ടേണിൽ കാണിക്കണമെന്ന ഭേദഗതി ചട്ടങ്ങളിൽ കൊണ്ടുവരികയും ചെയ്തു. ഇതുമൂലം സംസ്ഥാനങ്ങൾക്ക് ഓൺലൈൻ വ്യാപാരം കൃത്യമായി ട്രാക്ക് ചെയ്യുന്നതിനും നികുതി വരുമാനം ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നതാണ്.

സ്വർണ്ണം, വിലകൂടിയ രത്നങ്ങൾ എന്നിവയുടെ ചരക്ക് നീക്കങ്ങൾക്ക് ഇ-വേ ബിൽ ബാധകമാക്കണമെന്ന കേരളത്തിന്റെ ആവശ്യം പരിഗണിച്ച്

കേന്ദ്ര-സംസ്ഥാന ചരക്കു സേവന നികുതി ചട്ടങ്ങളിൽ ഭേദഗതികൾ കൊണ്ടുവരാനും സംസ്ഥാനങ്ങൾക്കകത്തുള്ള ചരക്കുനീക്കങ്ങൾക്ക് ഇത് പ്രയോഗത്തിലാക്കാനും തീരുമാനമെടുക്കുകയുണ്ടായി. ജി.എസ്.ടി. സംവിധാനത്തിലെ ഓൺലൈൻ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ദുരുപയോഗപ്പെടുത്തിക്കൊണ്ട് വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുകൾ നേടുകയും അതുവഴി കോടികളുടെ തെറ്റായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ കൈമാറ്റം നടക്കുകയും അതുവഴി നികുതി വെട്ടിപ്പ് നടക്കുന്നുവെന്ന് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം കണ്ടെത്തുകയും ചെയ്തിരുന്നു. തുടർന്ന് വ്യാജ രജിസ്ട്രേഷനുകൾ തടയുന്നതിനായി രജിസ്ട്രേഷൻ നടപടിക്രമങ്ങളിൽ ശക്തമായ നിയമം കൊണ്ടുവരണമെന്ന് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബയോമെട്രിക് ആധാർ ഓതന്റിക്കേഷൻ നിർബന്ധമാക്കുവാൻ തീരുമാനമെടുക്കുകയും ആയത് എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും കഴിഞ്ഞു. കേരളം ഇത് 2024 ഒക്ടോബർ 8-ന് നടപ്പിലാക്കുകയും ചെയ്തു.

ഇതുവഴി ഇനിമുതൽ ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കുന്നതിന് വകുപ്പ് സജ്ജീകരിച്ചിട്ടുള്ള ആധാർ ഓതന്റിക്കേഷൻ കിയോസ്കുകൾ സന്ദർശിച്ച് അവരുടെ ബയോമെട്രിക് വിവരങ്ങൾ സമർപ്പിക്കേണ്ടതുണ്ട്.

നികുതിവെട്ടിപ്പ് തടയുന്നതിനായി നടപ്പിലാക്കിയ ഇ-ഇൻവോയ്സിങിന്റെ പരിധി കുറച്ചുകൊണ്ടുവരണമെന്നും ബിസിനസ്-ടു-കസ്റ്റമർ ഇടപാടുകൾക്കും ഇത് ബാധകമാക്കണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുള്ള തീരുമാനം ഇക്കഴിഞ്ഞ 54-ാമത് ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ സ്വീകരിച്ചിട്ടുണ്ട്. ബിസിനസ്-ടു-കസ്റ്റമർ ഇ-ഇൻവോയ്സിങ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ കൗൺസിൽ യോഗത്തിൽ കേരളം സന്നദ്ധത അറിയിക്കുകയും അത് അംഗീകരിക്കുകയും ചെയ്തു.

(ബി) സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകളുടെ ഫലമായി രാജ്യവ്യാപകമായി ജി.എസ്.ടി. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ കുറ്റമറ്റതാക്കുന്നതിന് ജി.എസ്.ടി. കൗൺസിൽ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ നടത്തിയ ഇടപെടലുകളുടെ ഫലമായി രാജ്യവ്യാപകമായി ജി.എസ്.ടി. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ കുറ്റമറ്റതാക്കുന്നതിന് ജി.എസ്.ടി. കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. ജി.എസ്.ടി. സംവിധാനത്തിലെ ഓൺലൈൻ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ദുരുപയോഗപ്പെടുത്തിക്കൊണ്ട് വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുകൾ നേടുകയും അതുവഴി കോടികളുടെ തെറ്റായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ കൈമാറ്റം നടക്കുകയും അതുവഴി നികുതി വെട്ടിപ്പ് നടക്കുന്നുവെന്ന് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം കണ്ടെത്തുകയും ചെയ്തിരുന്നു. തുടർന്ന് വ്യാജ രജിസ്ട്രേഷനുകൾ തടയുന്നതിനായി രജിസ്ട്രേഷൻ നടപടിക്രമങ്ങളിൽ ശക്തമായ നിയമം കൊണ്ടുവരണമെന്ന് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബയോമെട്രിക് ആധാർ ഓതന്റിക്കേഷൻ നിർബന്ധമാക്കുവാൻ തീരുമാനമെടുക്കുകയും ആയത് എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും കഴിഞ്ഞു. കേരളം ഇത് 2024 ഒക്ടോബർ 8-ന്

നടപ്പിലാക്കുകയും ചെയ്യ. ഇതുവഴി ഇനിമുതൽ ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കുന്നതിന് വകുപ്പ് സജ്ജീകരിച്ചിട്ടുള്ള ആധാർ ഓതന്റിക്കേഷൻ കിയോസ്കുകൾ സന്ദർശിച്ച് അവരുടെ ബയോമെട്രിക് വിവരങ്ങൾ സമർപ്പിക്കേണ്ടതുണ്ട്.

(സി) ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ സംസ്ഥാനം നടത്തിയ ഇടപെടലിലൂടെ ഓൺലൈൻ വ്യാപാര മേഖലയിലെ നികുതി കുറവ് പരിശോധിക്കാനും പരിഹരിക്കാനും കേന്ദ്രസർക്കാർ തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ഓൺലൈൻ വ്യാപാര മേഖലയിൽ പ്ലേസ് ഓഫ് സപ്ലൈ കൃത്യമായി രേഖപ്പെടുത്താത്തത് കാരണം സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വരുമാനം കൃത്യമായി ലഭിക്കുന്നില്ലെന്ന വിഷയം, സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിക്കുകയുണ്ടായി. ജി.എസ്.ടി. കൗൺസിൽ ഈ വിഷയം ചർച്ച ചെയ്യുകയും ഇലക്ട്രോണിക് കോമേഴ്സ് ഓപ്പറേറ്റർമാർ വഴി നടത്തുന്ന ഇടപാടുകൾ ഏത് സംസ്ഥാനത്തേക്കാണ് പോയതെന്ന് കൃത്യമായി അവർ ഫയൽ ചെയ്യുന്ന ജി.എസ്.ടി.ആർ.-8 എന്ന

റിട്ടേണിൽ കാണിക്കണമെന്ന ഭേദഗതി ചട്ടങ്ങളിൽ കൊണ്ടുവരികയും ചെയ്തു. ഇതുമൂലം സംസ്ഥാനങ്ങൾക്ക് ഓൺലൈൻ വ്യാപാരം കൃത്യമായി ട്രാക്ക് ചെയ്യുന്നതിനും നികുതി വരുമാനം ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നതാണ്.

(ഡി) ജി.എസ്.ടി. സമാഹരണ പ്രവർത്തനങ്ങൾ കൂടുതൽ സമഗ്രവും ശാസ്ത്രീയവുമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ജി.എസ്.ടി. സമാഹരണ പ്രവർത്തനങ്ങൾ കൂടുതൽ സമഗ്രവും കാര്യക്ഷമവുമാക്കുന്നതിനായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് സമഗ്രമായി പുനഃസംഘടിപ്പിച്ചു. ഇതിലൂടെ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ പ്രൊഫഷണലൈസേഷനും സുതാര്യതയും കൈവന്നു. വകുപ്പിന്റെ പുനഃസംഘടനയിലൂടെ ടാക്സ്പെയർ സർവീസസ്, ഓഡിറ്റ്, ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ രൂപീകരിച്ചു. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ശാസ്ത്രീയമായ രീതിയിൽ പരിശീലനം നൽകിവരുന്നു. ജി.എസ്.ടി. വിവരങ്ങൾ വിശകലനം ചെയ്യുന്നതിനായി ഒരു അനലിറ്റിക് വിഭാഗം രൂപീകരിച്ചു. വിവിധ സ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന വാണിജ്യ

വിവരങ്ങൾ ഡാറ്റ അനലിറ്റിക്സിലൂടെ വിശദമായി വിശകലനം ചെയ്യുന്നു. നിർമ്മിതബുദ്ധിയുടെ സഹായത്തോടെ വ്യാപാര സംബന്ധമായ വിവരങ്ങൾ വിശകലനം ചെയ്യുന്ന Business Intelligence & Fraud Analytics (BIFA) സാങ്കേതികവിദ്യ അനാലിസിസ് പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചുവരുന്നു. ANPR സിസ്റ്റം ഉപയോഗിച്ച് സംസ്ഥാനത്തിന്റെ പ്രധാന അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ക്യാമറകളിൽനിന്നും അതുവഴി കടന്നുപോകുന്ന വാഹനങ്ങളുടെ നമ്പർ പ്ലേറ്റ് പരിശോധിച്ച് വാഹനത്തിൽ സാധുവായ ഇ-വേ ബിൽ ഉണ്ടോയെന്ന് ഇ-വേ ബിൽ പോർട്ടൽ വഴി മനസ്സിലാക്കി ഇല്ലാത്തപക്ഷം ആ പ്രദേശത്തെ എൻഫോഴ്സ്മെന്റ് സ്ക്വാഡിന് മൊബൈൽ ആപ്പ് വഴി അലർട്ട് നൽകുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

ടാക്സ്പെയർ സർവീസസ് നികുതിദായകർ റിട്ടേണുകളിൽ കാണിച്ചിരിക്കുന്ന നികുതി ബാധ്യതയുടെ ആധികാരികത സൂക്ഷ്മ പരിശോധനയിലൂടെ വിലയിരുത്തി നടപടികൾ സ്വീകരിച്ചുകൊണ്ട് തനത് നികുതി വരുമാനം കണ്ടെത്തി സർക്കാരിലേക്ക് ലഭ്യമാക്കുന്നു. ഓഡിറ്റ്

വിഭാഗം നികുതിദായകരെ പല പരാമീറ്ററുകൾ ഉപയോഗപ്പെടുത്തി റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് ഓഡിറ്റിനായി തിരഞ്ഞെടുക്കുകയും ആ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതി അടവായിട്ടുണ്ടോയെന്ന് പരിശോധിച്ച് നികുതി ചോർച്ച ഒഴിവാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. ഇന്റലിജൻസ് വിഭാഗം വിവരസാങ്കേതിക വിദ്യയുടെയും, ലഭ്യമാകുന്ന രഹസ്യ വിവരങ്ങളുടെയും അപഗ്രഥനത്തിന്റെ അടിസ്ഥാനത്തിൽ നികുതി വെട്ടിപ്പിന്റെ വ്യാപ്തിയും ആധികാരികതയും ഉറപ്പുവരുത്തി സേർച്ച്/ഇൻസ്പെക്ഷൻ മുതലായ നടപടികളിലൂടെ പിഴയും പലിശയും ഉൾപ്പെടെയുള്ള നികുതി വസൂലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. അനിവാര്യ ഘട്ടങ്ങളിൽ നികുതി വെട്ടിപ്പുകാരെ അറസ്റ്റ് ചെയ്ത് ക്രിമിനൽ നടപടിക്രമങ്ങൾക്ക് വിധേയമാക്കുകയും ചെയ്യുന്നു. എൻഫോഴ്സ്മെന്റ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും 24 മണിക്കൂറും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പട്രോളിംഗ് നടത്തി ചരക്ക് വാഹനങ്ങളുടെ

പരിശോധനയിലൂടെ നികുതി വരുമാനം ഉറപ്പുവരുത്തുകയും നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ കൃത്യമായ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

ഉത്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിലെ സ്വീകാര്യത

20(*200) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. വി. ജോയി:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മിക്കുന്ന ഉത്പന്നങ്ങൾക്കും നൽകുന്ന സേവനങ്ങൾക്കും ആഗോള ഗുണനിലവാരം ഉറപ്പുവരുത്തി അതിലൂടെ അന്താരാഷ്ട്ര വിപണിയിൽ സ്വീകാര്യത നേടിയെടുക്കുന്നതിന് സംരംഭകരെ പ്രാപ്തരാക്കുന്നതിനായി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്, കേരളത്തിൽ നിർമ്മിക്കുന്ന ഉത്പന്നങ്ങൾ, നൽകുന്ന സേവനങ്ങൾ എന്നിവയ്ക്ക് ഒരു ആഗോള ഗുണനിലവാരം കൊണ്ടുവരികയും

അതുവഴി ഈ ഉത്പന്നങ്ങൾക്ക്/സേവനങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ വിപണന സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ കേരള സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ബ്രാൻഡ്. ഉയർന്ന ഗുണനിലവാരം, ധാർമ്മികത, ഉത്തരവാദിത്വപരമായ വ്യാവസായിക രീതികൾ എന്നിവ പാലിച്ചുകൊണ്ട് കേരളത്തിലെ സംരംഭകർ നിർമ്മിക്കുന്ന ഉത്പന്നങ്ങളെയും നൽകുന്ന സേവനങ്ങളെയും ആഗോള വിപണിയിലെ ഉപഭോക്താക്കൾക്ക് പരിചയപ്പെടുത്തുകയും, ഇതിലൂടെ കേരളത്തിലെ വ്യവസായങ്ങൾക്ക് പൊതുവായി ഒരു സ്വത്വം സൃഷ്ടിച്ചെടുക്കുകയുമാണ് കേരള ബ്രാൻഡ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഗുണമേന്മ, ധാർമ്മികത, ഉത്തരവാദിത്വ വ്യാവസായിക സമ്പ്രദായങ്ങൾ എന്നിവയിൽ കേരളത്തിന്റെ പ്രതിബദ്ധത ഇത് പ്രകടമാക്കുകയും സംസ്ഥാനത്തെ തദ്ദേശീയ ഉൽപന്നങ്ങൾക്ക് സവിശേഷമായ ഐഡന്റിറ്റി സൃഷ്ടിച്ചുകൊണ്ട് ആഗോള വിപണിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് കേരളത്തിലെ സംരംഭങ്ങളെ പ്രാപ്തരാക്കുകയും ചെയ്യും.

(ബി) ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ബ്രാൻഡിംഗ് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

എല്ലാ മേഖലയിൽനിന്നുമുള്ള ഉത്പന്നങ്ങൾ പാലിക്കേണ്ട പൊതുവായ (ജനറൽ) മാനദണ്ഡങ്ങൾ ഉണ്ടാവും, അതത് മേഖലയ്ക്കുള്ള പ്രത്യേക (സെക്ടർ സ്പെസിഫിക്) മാനദണ്ഡങ്ങളും ഉണ്ടാവും. അതുകൂടാതെ ഗുണനിലവാരം, ധാർമ്മികത, ഉത്തരവാദിത്വ വ്യവസായം എന്നിവ ഉറപ്പാക്കുന്ന ഒരു ചെക്ക്ലിസ്റ്റ് ഉണ്ടാവും. കേരള ബ്രാൻഡിന് കീഴിൽ വിപണനം ചെയ്യുന്ന ഉത്പന്നങ്ങളും സേവനങ്ങളും വിപണിയിൽ നിലവിലുള്ള ഗുണനിലവാര മാനദണ്ഡങ്ങൾക്ക് അനുസൃതമായിരിക്കണം.

ഏതൊരു വകുപ്പിനും/ഏജൻസിക്കും ആ വകുപ്പിന്റെ മേഖലകളുമായി ബന്ധപ്പെട്ട ഉത്പന്നങ്ങൾ/സേവനങ്ങൾ കേരള ബ്രാൻഡിന് കീഴിൽ അവതരിപ്പിക്കാൻ കഴിയും. ബന്ധപ്പെട്ട വകുപ്പ്/വകുപ്പുകൾ നിർദേശിക്കുന്ന ഉത്പന്നങ്ങൾ/സേവനങ്ങൾക്കായുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല

കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകും. കേരള ബ്രാൻഡിന് പരിഗണിക്കപ്പെടുന്ന ഉത്പന്നങ്ങൾ/സേവനങ്ങൾ, വിപണിയിൽ നിലവിലുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നവ ആയിരിക്കണം. കേരള ബ്രാൻഡിനുള്ള അപേക്ഷകൾ ഒരു താലൂക്കുതല സെലക്ഷൻ കമ്മിറ്റി പരിഗണിക്കുകയും അതത് ഉത്പന്നത്തിന്/സേവനത്തിന് സംസ്ഥാനതല കമ്മിറ്റി അംഗീകരിച്ചിട്ടുള്ള മാനദണ്ഡത്തെ അടിസ്ഥാനമാക്കി കേരള ബ്രാൻഡ് നൽകുകയും ചെയ്യും.

(സി) മാനദണ്ഡങ്ങൾ പൂർത്തീകരിച്ച് ബ്രാൻഡ് സർട്ടിഫിക്കേഷൻ നേടുന്ന ഉത്പന്നങ്ങൾക്കും സേവനങ്ങൾക്കും ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

- ആഭ്യന്തര, അന്തർദേശീയ തലങ്ങളിൽ "മെയ്ഡ് ഇൻ കേരള" എന്ന തനതായ ബ്രാൻഡ് നാമത്തിൽ അവരുടെ ഉത്പന്നങ്ങളോ സേവനങ്ങളോ വിപണനം ചെയ്യാൻ കഴിയും.
- ഉയർന്ന നിലവാരമുള്ള സർട്ടിഫിക്കേഷനുകൾ നേടുന്നതിനുള്ള സാമ്പത്തിക സഹായം, അത് കയറ്റുമതി മെച്ചപ്പെടുത്തുന്നതിന് കൂടുതൽ സഹായിക്കും.

- അന്താരാഷ്ട്ര വ്യാപാര മേളകളിലും മാർക്കറ്റിംഗ് എക്സ്പോകളിലും പ്രദർശിപ്പിക്കുന്നതിനായി തിരഞ്ഞെടുക്കാവുന്ന ഉത്പന്നങ്ങളുടെ/ സേവനങ്ങളുടെ പട്ടികയിൽ പരിഗണിക്കപ്പെടും.

സാമൂഹ്യക്ഷേമ രംഗത്ത് സഹകരണമേഖലയുടെ ഇടപെടൽ

21(*201) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ രംഗത്ത് സഹകരണമേഖലയുടെ ഇടപെടൽ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

സാമൂഹ്യക്ഷേമ രംഗത്ത് സഹകരണമേഖല ശക്തമായ ഇടപെടലുകൾ നടത്തിവരുന്നു. അതിന്റെ ഭാഗമായി സഹകരണ വകുപ്പ് നിരവധി പദ്ധതികൾ നടത്തി വരുന്നു. ആയത് ചുവടെ ചേർക്കുന്നു:-

i) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി: കേരള സഹകരണ നിയമം പ്രകാരം രജിസ്റ്റർ ചെയ്ത പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കിനില്ക്കുന്ന ബാധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി. ഈ പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മരണാനന്തര/ചികിത്സാ ധനസഹായമായി 36,574 വായ്പകളിലായി 327.12 കോടി രൂപയുടെ ധനസഹായം അനുവദിച്ച് നല്കിയിട്ടുണ്ട്.

ii) അശരണരായ സഹകാരികൾക്കുള്ള ആശ്വാസനിധി: അശരണരായ സഹകാരികൾക്കുള്ള ആശ്വാസനിധി എന്ന പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 387 അപേക്ഷകളിലായി 1,02,80,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

iii) കേരള സഹകരണ അംഗ സമാശ്വാസ നിധി പദ്ധതി: സഹകരണ സംഘങ്ങളിലെ ഗുരുതര രോഗം ബാധിച്ച അംഗങ്ങൾക്ക് ധനസഹായം നൽകുന്നതിനായി കേരള സഹകരണ അംഗ സമാശ്വാസനിധി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതി പ്രകാരം സംസ്ഥാനത്താകെ 39837 ഗുണഭോക്താക്കൾക്കായി ആകെ 83,33,95,000/- രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

iv) പുനർജനി പദ്ധതി: സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയംപര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളായി മാറ്റുന്നതിനായി പുനർജനി പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതി മുഖാന്തരം ആകെ 28 സംഘങ്ങൾക്ക് നാളിതുവരെ ധനസഹായം നൽകിയിട്ടുണ്ട്.

v) പാലിയേറ്റീവ് കെയർ പദ്ധതി:- കേരള സർക്കാർ സഹകരണ വകുപ്പ് രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ എന്ന ഉദ്ദേശ്യത്തോടെ സഹകരണ

ആശ്രുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

vi) കെയർ ഹോം പദ്ധതി: 2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതിയാണിത്. സംസ്ഥാനത്തൊട്ടാകെ 2093 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടമായി 2018-ലും 2019-ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിന് പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. 40 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ആദ്യ ഭവനസമുച്ചയം തൃശ്ശൂർ ജില്ലയിലെ പഴയന്നൂരിൽ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക്

കൈമാറിയിട്ടുണ്ട്. പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഭവനസമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

vii) "മുറ്റത്തെ മുല്ല": കുടുംബശ്രീയുമായി സഹകരിച്ചുകൊണ്ട് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി ഗ്രാമീണ മേഖലയിൽ സമൂഹത്തിന്റെ താഴെതട്ടിലുള്ള കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും ഒരു പരിധിവരെ മോചിപ്പിക്കുന്നതിന് സഹായകരമായിട്ടുണ്ട്. ടി പദ്ധതി 14 ജില്ലകളിലും വിജയകരമായി നടപ്പിലാക്കി വരുന്നു.

viii) സ്നേഹതീരം വായ്പാ പദ്ധതി: ഒരു പൈലറ്റ് പ്രോജക്ടായി കോട്ടയം ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ തീരദേശ ജില്ലകളിലെയും ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മേഖലകളിലെയും മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ അനുവദിച്ച് അവരെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിൽനിന്നും

മോചിപ്പിക്കുകയെന്ന ലക്ഷ്യമാണ് പദ്ധതിക്കുള്ളത്. പ്രസ്തുത പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു.

ix) അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി: ഈ പദ്ധതി പ്രകാരം പെരിന്തൽമണ്ണ ഇ.എം.എസ്. ആശുപത്രിയുമായി സഹകരിച്ച് 2017-2022 കാലയളവിൽ അട്ടപ്പാടി മേഖലയിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സൗജന്യമായി സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കുന്ന പ്രവർത്തനം നടത്തി. ഗർഭിണികളായ സ്ത്രീകൾക്കും ശിശുക്കൾക്കും പ്രത്യേക പരിചരണവും പോഷകാഹാരവും ലഭ്യമാക്കുന്നതിനും അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും ഊന്നൽ നൽകിയാണ് ടി പദ്ധതി നടപ്പിലാക്കിയത്. ഔട്ട്പേഷ്യന്റ്, ഇൻപേഷ്യന്റ്, ഇൻവെസ്റ്റിഗേഷൻ എന്നീ വിഭാഗങ്ങളിലായി 6924 പേർക്ക് ടി പദ്ധതി പ്രകാരം പ്രയോജനം ലഭിച്ചിട്ടുണ്ട്.

x) "സഹകരണം സൗഹൃദം": കേരള സംസ്ഥാന സഹകരണ ബാങ്ക്/അർബൻ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന "സഹകരണം സൗഹൃദം" എന്ന പേരിൽ

ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം നാളിതുവരെ 519 വായ്പകളിലായി 4.30 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

xi) സഹായ ഹസ്തം വായ്പാ പദ്ധതി: പ്രാഥമിക സഹകരണ ബാങ്ക്/സംഘങ്ങൾ മുഖേന ചെറുകിട, വഴിയോര കച്ചവടം, ചെറുസംരംഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനായി ആട്ടോറിക്ഷ വാങ്ങാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്കായി വായ്പാ വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതിയാണ് സഹായ ഹസ്തം വായ്പാ പദ്ധതി. നാളിതുവരെ 6643 വായ്പകളിലായി 13.49 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന സഹകരണ ബാങ്ക്, മത്സ്യ വിപണനവുമായി ബന്ധപ്പെടുന്ന വനിതകൾക്ക് KB SAF എന്ന പേരിൽ വായ്പാ പദ്ധതി, തെരുവ് കച്ചവടക്കാർക്ക് PMSVA Nidhi എന്ന പേരിൽ വായ്പാ പദ്ധതി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന തൊഴിലന്വേഷകർക്കായി

ഗവൺമെന്റ് സബ്സിഡിയോടുകൂടി KB – Navajeevan എന്ന വായ്പാ പദ്ധതി, സർക്കാർ സബ്സിഡിയോടുകൂടി PMEGP എംപ്ലോയ്മെന്റ് ജനറേഷൻ വായ്പാ പദ്ധതി, സർക്കാർ സബ്സിഡിയോടുകൂടി മൈക്രോ ഫുഡ് പ്രോസസിംഗ് മേഖലയിൽ PMFME വായ്പാ പദ്ധതി എന്നിവ നൽകിവരുന്നു.

സാമൂഹ്യ ക്ഷേമം ലക്ഷ്യമിട്ട് ചുവടെ പറയുന്ന പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് ആരംഭിച്ചിട്ടുണ്ട്:

i) സംസ്ഥാനത്ത് യുവജനങ്ങളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെ ഒന്നാംഘട്ട 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 32 യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. ടി സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സംഘങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ നൽകുന്നതിനും ജില്ലാതലത്തിൽ നോഡൽ ആഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ii) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങളുടെ ഉന്നമനത്തിനായി സർക്കാരിന്റെ രണ്ടാം 100 ദിന പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലകളിലും യുവ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു.

iii) കേരളത്തിലെ സമസ്ത മേഖലയിലുമുള്ള കലാകാരന്മാരെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ തൊഴിൽ, സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുകയും ക്ഷേമത്തിനായി പ്രവർത്തിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കലാകാരന്മാരുടെ സംഘം രൂപീകരിച്ചു.

iv) ഗിഗ്/ഓൺലൈൻ പ്ലാറ്റ് ഫോം മേഖലയിൽ ജോലി ചെയ്യുന്നവരുടെ ക്ഷേമത്തിനായി കേരള സ്റ്റേറ്റ് ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആൻഡ് ഗിഗ് വർക്കേഴ്സ് വെൽഫെയർ ഫെഡറൽ സഹകരണ സംഘം (ShopCosFed) എന്ന പേരിൽ സംഘം രൂപീകരിച്ചു.

v) സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുതകുംവിധം സഹകരണമേഖലയെ ശക്തിപ്പെടുത്തുന്നതിനായി, സംസ്ഥാനത്തെ

ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസ ഉന്നമനം, സാമ്പത്തിക പുരോഗതി, തൊഴിൽലഭ്യത എന്നിവ ലക്ഷ്യമാക്കി സംസ്ഥാനത്തെ സഹകരണ വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാർക്കായി കോട്ടയം ജില്ല ആസ്ഥാനമായി സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയാക്കി കേരള സംസ്ഥാന ഡിഫറന്റ്ലി ഏബിൾഡ് സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്.

കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ സമൂഹത്തിന് പൊതുവിൽ പ്രയോജനപ്പെടുന്ന പദ്ധതികൾ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോടുകൂടി താൽകാലിക സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്തിവരുന്നു. ഉത്സവകാല സബ്സിഡി വിപണികളിലൂടെയും സാധാരണ സമയങ്ങളിൽ

പൊതുകമ്പോളത്തേക്കാൾ വിലക്കുറവിലും അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൺസ്യൂമർ ഫെഡ് സ്വീകരിച്ചുവരുന്നുണ്ട്.

നീതി മെഡിക്കൽ സ്റ്റോറുകൾ വഴി നിലവിൽ 16% മുതൽ 85% വരെ വിലക്കിഴിവിലാണ് മരുന്നുകൾ ഉപഭോക്താക്കൾക്ക് നൽകിവരുന്നത്. കൂടാതെ എല്ലാ വർഷവും സ്റ്റുഡന്റ്സ് മാർക്കറ്റുകൾ നടത്തിവരുന്നു.

(ബി) പ്രകൃതിദുരന്തങ്ങൾ, മഹാമാരി തുടങ്ങിയ അടിയന്തര സാഹചര്യങ്ങളിൽ വരുമാനം നിലച്ചുപോകുന്ന കുടുംബങ്ങളുടെ അതിജീവനത്തിനായി ഒരു പ്രത്യേക നിക്ഷേപം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലൂടെ സ്വരൂപിച്ചെടുക്കുന്നതിനായി സഹകരണ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പ്രകൃതി ദുരന്തങ്ങളിലും മഹാമാരിയിലും സമാനമായ മറ്റ് അടിയന്തര സാഹചര്യങ്ങളിലും വരുമാനം നിലച്ചുപോകുന്ന കുടുംബങ്ങളെ അത്തരം അടിയന്തര സാഹചര്യങ്ങളെ അതിജീവിക്കാൻ പ്രാപ്തമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, അംഗങ്ങൾക്കും ഇടപാടുകാർക്കുംവേണ്ടി നടപ്പാക്കുന്ന ഒരു പ്രത്യേക

നിക്ഷേപ പദ്ധതിയാണ് “കുടുംബത്തിന് ഒരു കരുതൽ ധനം” എന്ന നിക്ഷേപ പദ്ധതി. സർക്കാരിന്റെ മൂന്നാം നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടമായി പാലക്കാട് ജില്ലയിൽ പൈലറ്റ് പ്രോജക്ടായി “കുടുംബത്തിന് ഒരു കരുതൽ ധനം” എന്ന നിക്ഷേപ പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിയിലെ ചുരുങ്ങിയ നിക്ഷേപം 25000/- രൂപയും പരമാവധി നിക്ഷേപം മൂന്ന് ലക്ഷം രൂപയും ആയിരിക്കുന്നതാണ്. ടി നിക്ഷേപ പദ്ധതിയുടെ ചുരുങ്ങിയ കാലാവധി അഞ്ച് വർഷവും കൂടിയ കാലാവധി പത്ത് വർഷവുമായിരിക്കും. ആവശ്യമെങ്കിൽ കാലാവധിക്കുശേഷവും ഈ പദ്ധതിയിൽ പുനർ നിക്ഷേപം നടത്താവുന്നതാണ്. ഈ പദ്ധതി പ്രകാരമുള്ള നിക്ഷേപങ്ങൾ പ്രകൃതിദുരന്തം, മഹാമാരി, കുടുംബത്തിലുണ്ടാകുന്ന മഹാരോഗങ്ങൾ, മരണം, വിവാഹം തുടങ്ങിയ അത്യാവശ്യ സന്ദർഭങ്ങളിലെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി മാത്രമേ വിനിയോഗിക്കാവൂ. ദൈനംദിന കാര്യങ്ങളുമായി ബന്ധപ്പെട്ടോ ഏതെങ്കിലും ആഘോഷങ്ങളുമായി ബന്ധപ്പെട്ടോ ഉണ്ടാകുന്ന സാമ്പത്തിക ആവശ്യങ്ങൾക്ക് ഈ തുക പിൻവലിക്കാവുന്നതല്ല. പാലക്കാട് ജില്ലയിലെ 32

സർവീസ് സഹകരണ ബാങ്കുകളിൽ 269 അക്കൗണ്ടുകളിലായി 2,05,45,933/- രൂപയുടെ നിക്ഷേപം സ്വീകരിച്ചിട്ടുണ്ട്.

(സി) പിന്നാക്ക, പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ചികിത്സയും ആരോഗ്യസംരക്ഷണവും സഹകരണമേഖലയിലൂടെ പ്രദാനം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സമഗ്ര ആരോഗ്യ പരിപാലനം ഉറപ്പുവരുത്തുന്നതിനായി സഹകരണ ആശുപത്രികൾക്ക് ഗ്രാന്റ്, ഓഹരി ഇനങ്ങളിൽ ധനസഹായം നൽകുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുകയും ടി പദ്ധതിയുടെ പൈലറ്റ് പ്രോജക്ടായി അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി, പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുമായി സഹകരിച്ച് 2017-2022 കാലയളവിൽ ഈ പദ്ധതി വിജയകരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

അട്ടപ്പാടി മേഖലയിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പദ്ധതി കാലയളവിൽ സൗജന്യമായി സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ,

പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയിൽ ലഭ്യമാക്കുന്ന പ്രവർത്തനങ്ങളാണ് ടി പദ്ധതിയിലൂടെ നിർവഹിച്ചത്. ഗർഭിണികളായ സ്ത്രീകൾക്കും ശിശുക്കൾക്കും പ്രത്യേക പരിചരണവും പോഷകാഹാരവും ലഭ്യമാക്കുന്നതിനും അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും ഊന്നൽ നൽകിയാണ് ടി പദ്ധതി നടപ്പിലാക്കിയത്. ഔട്ട്പേഷ്യന്റ്, ഇൻപേഷ്യന്റ്, ഇൻവെസ്റ്റിഗേഷൻ എന്നീ വിഭാഗങ്ങളിലായി 6924 പേർക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ഡി) നിരാലംബരും അശരണരുമായ സഹകാരികളുടെ ചികിത്സാ സഹായത്തിനും ക്ഷേമത്തിനുമായി നടപ്പിലാക്കിയ ആശ്വാസനിധി എന്ന പദ്ധതി കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

അശരണരായ സഹകാരികൾക്കുള്ള ആശ്വാസനിധി പദ്ധതി പ്രകാരം വാർഷിക വരുമാനം 36,000/- രൂപയിൽ താഴെയുള്ളവരും നിരാലംബരുമായ സഹകാരികൾക്ക് രോഗശുശ്രൂഷയ്ക്കും ചികിത്സയ്ക്കുമായി പരമാവധി 50,000/- രൂപയും സഹകാരികൾ മരണപ്പെട്ടുപോയിട്ടുണ്ടെങ്കിൽ അവരുടെ ആശ്രിതർക്ക് പരമാവധി 25,000/- രൂപയും ധനസഹായം

നൽകുന്നതിനുമാണ് ടി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ടി പദ്ധതി കാലോചിതമായി പരിഷ്കരിച്ച് വാർഷിക വരുമാന പരിധി 3,00,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി പദ്ധതി പ്രകാരം 387 അപേക്ഷകളിലായി 1,02,80,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതികളും

22(*202) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ധനകാര്യ മാനേജ്മെന്റിലെ വീഴ്ചകൾമൂലം പതിനാലാം പഞ്ചവത്സര പദ്ധതിയും മൂന്ന് വാർഷികപദ്ധതികളും അനിശ്ചിതത്വത്തിലായതായി പറയുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

കേന്ദ്രസർക്കാർ ആസൂത്രണ കമ്മീഷൻ പിരിച്ചുവിടുകയും പഞ്ചവത്സരപദ്ധതികൾ അവസാനിപ്പിക്കുകയും ചെയ്തുവെങ്കിലും കേരള

സർക്കാർ ആസൂത്രണ പ്രക്രിയയുമായി മുന്നോട്ട് പോവുകയാണ് ചെയ്യുന്നത്. ഇതിന്റെ ഭാഗമായി പതിനാലാം പഞ്ചവത്സര പദ്ധതിക്ക് തുടക്കം കുറിക്കുകയും (2022-27) വാർഷിക പദ്ധതികൾ കൃത്യമായി നടപ്പിലാക്കി വരികയും ചെയ്യുന്നു.

പൊതുനിക്ഷേപം (ആരോഗ്യം, സ്കൂൾ വിദ്യാഭ്യാസം, പാർപ്പിടം), സാമൂഹ്യക്ഷേമം, സാമൂഹിക നീതി, ലിംഗ നീതി എന്നീ മേഖലകളിൽ കേരളം ആർജിച്ച കരുത്ത് പടുത്തുയർത്തുക, മാനവശേഷി ഉപയോഗപ്പെടുത്തി പൊതുവിജ്ഞാന സമൂഹം കെട്ടിപ്പടുക്കുകയും സമ്പദ്‌വ്യവസ്ഥയിലെ ഉല്പാദനശക്തികളുടെ വളർച്ച വേഗത്തിലാക്കുകയും ചെയ്യുക, ശാസ്ത്രം, സാങ്കേതികവിദ്യ, അത്യാധുനിക നിപുണതകൾ, കൃഷി, വ്യവസായം, പശ്ചാത്തല സൗകര്യ വികസനം, വിവരസാങ്കേതിക വിദ്യ, വിനോദസഞ്ചാരം, ചെറുകിട വ്യാപാരം എന്നിവ ഉൾപ്പെടുന്ന വരുമാനദായക സേവനങ്ങളുടെ വളർച്ച മെച്ചപ്പെടുത്തുക, ആധുനികവും തൊഴിൽദായകവുമായ സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുക, ഉന്നത വിദ്യാഭ്യാസം ആധുനികവൽക്കരിക്കുക, അതിദാരിദ്ര്യം ഇല്ലാതാക്കുക,

മാലിന്യനിർമ്മാർജനത്തിന് സമഗ്രവും നൂതനവുമായ സമ്പ്രദായങ്ങൾ സ്ഥാപിക്കുക, വളർച്ചയുടെ ചാലകശക്തിയാകാൻ പ്രാദേശിക സർക്കാരുകളെ സഹായിക്കുക, എല്ലാവരെയും ഉൾക്കൊള്ളുന്ന വികസന നയം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളായി കരട് സമീപന രേഖയിൽ വ്യക്തമാക്കിയിരിക്കുന്നത്.

(ബി) പതിനാലാം പഞ്ചവത്സര പദ്ധതി ആരംഭിച്ച് മൂന്ന് വർഷമായിട്ടും അടങ്കൽ തുക തീരുമാനിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഈ കാലയളവിൽ ഓരോ വാർഷിക പദ്ധതിയിലും താൽക്കാലിക അടങ്കൽ തുകയെത്ര, ചെലവഴിച്ച തുകയെത്ര എന്ന് വ്യക്തമാക്കുമോ; ഏതൊക്കെ സാമ്പത്തിക വർഷങ്ങളിലെ അടങ്കൽ തുകയിലാണ് കുറവ് വരുത്തിയതെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

പഞ്ചവത്സര പദ്ധതി ഒരു വിഷൻ ഡോക്യുമെന്റായാണ് തയ്യാറാക്കുന്നത്. ഓരോ മേഖലയിലും അടുത്ത അഞ്ചുവർഷം ഊന്നൽ നൽകേണ്ട കാര്യങ്ങളാണ് ഇതിൽ പ്രതിപാദിക്കുന്നത്. വാർഷിക

പദ്ധതിയിൽ അടങ്കൽ തുക വകയിരുത്തുന്നുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ മൂന്ന് വാർഷിക പദ്ധതിയിൽ വകയിരുത്തിയ വിഹിതവും ചെലവും ചുവടെ പട്ടികയായി ചേർക്കുന്നു:

വർഷം	ബജറ്റ് വിഹിതം	ചെലവ് (തുക കോടിയിൽ)
2022-23	30,370.00	37241.48
2023-24	30,370.00	*24799.63
2024-25	30,370.00	*10536.10 (10-10-2024 വരെ)

*പ്ലാൻസ്പേസിലെ താത്കാലിക കണക്കുകൾ പ്രകാരം

(സി) പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതികളും കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതികളും കാര്യക്ഷമമായി നടപ്പാക്കുന്നത് വിലയിരുത്തുന്നതിനായി അവലോകന യോഗങ്ങൾ നടത്തുകയും പ്രസ്തുത യോഗത്തിൽ പദ്ധതി നടപ്പിലാക്കുമ്പോഴുള്ള പ്രശ്നങ്ങൾ അവതരിപ്പിക്കുകയും അത് പരിഹരിക്കുന്നതിനായി വേണ്ട നിർദ്ദേശങ്ങൾ

നൽകുകയും ചെയ്യുന്നു. കൂടാതെ പ്ലാൻസ്പേസ് മുഖേന ഓൺലൈനായി പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് മാസ്റ്റർ പ്ലാൻ

23(*203) ശ്രീമതി സി. കെ. ആശ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. സി.സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി അവയെ മത്സരക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ വികസന സാധ്യതകളും നിലവിലുള്ള സ്ഥിതിഗതികളും

വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തുമുൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്കനുയോജ്യമായ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിശദമായ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള നവീകരണ വിപുലീകരണ പദ്ധതികൾ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും നിലവിലെ ഉൽപന്നങ്ങളുടെ ഭാവി വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ കമ്പോളവും വിലയിരുത്തി വിപുലീകരണ പദ്ധതികളും ആഗോള വിപണന സാധ്യതകളുള്ള നൂതന ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിധ്യവത്കരണ പദ്ധതികളുമാണ് കമ്പനികൾ ആവിഷ്കരിച്ചിരിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക ആസൂത്രണ പദ്ധതികൾ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതി രൂപരേഖകളുടെയും ആക്ഷൻ

പ്ലാനിന്റെയും അടിസ്ഥാനത്തിലാണ് നടപ്പിലാക്കുക. ഓരോ പദ്ധതിയുടെയും വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) വിലയിരുത്തിയതിനുശേഷം സർക്കാർ അംഗീകരിച്ച് നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വികസന പദ്ധതികൾ സർക്കാർ ധനസഹായത്തോടെയും അല്ലാതെയും നടപ്പിലാക്കിവരുന്നത്. നടപ്പ് സാമ്പത്തിക വർഷം (2024-25) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 279.10 കോടി രൂപ സർക്കാർ വാർഷിക ആസൂത്രണ പദ്ധതിയിൽ വകയിരുത്തി അനുവദിച്ചുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി ലാഭകരമാക്കുന്നതിന്റെ ഭാഗമായി ഓരോ സ്ഥാപനങ്ങളുടെയും 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബിസിനസ്സ് പ്ലാനും എം.ഒ.യു.വും ഇതിനോടകം തയ്യാറാക്കി നടപ്പിലാക്കിവരുന്നു. ഇതിന്റെ പുരോഗതി മാസംതോറും അവലോകനം ചെയ്യുന്നതിനായി ഒരു ഇന്റർനെറ്റ് അധിഷ്ഠിത മോണിറ്ററിങ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പ്രവർത്തന

അവലോകനത്തെ അടിസ്ഥാനമാക്കി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. സർക്കാരിന്റെ പ്ലാൻ പദ്ധതികൾക്കുപുറമെ ബാങ്കുകൾ, മറ്റ് ധനകാര്യസ്ഥാപനങ്ങൾ എന്നിവയിൽനിന്ന് ധനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി വിഭാവനം ചെയ്ത പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ ഏറ്റെടുത്ത് പൊതുമേഖലയിൽ നിലനിർത്തുന്നതിനുള്ള ബദൽ വികസനനയം സംസ്ഥാനം സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ച് പ്രവർത്തനം ശക്തിപ്പെടുത്തി മത്സരക്ഷമമാക്കുന്നതോടൊപ്പം കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ ഏറ്റെടുത്ത് പൊതുമേഖലയിൽ പ്രവർത്തിപ്പിച്ചുവരുന്ന ഒരു

ബദൽ വികസന മാതൃക സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു:

a) സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റിഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനർ നാമകരണം ചെയ്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി 2022 ജനുവരി 1-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2022 നവംബർ മുതൽ വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉൽപാദനം നടന്നുവരികയാണ്.

b) കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ഭെൽ-ഇ.എം.ൽ. കമ്പനി സംസ്ഥാനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച്.ഇ.എൽ.-ന് ഭെൽ-ഇ.എം.ൽ.-ൽ ഉണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ. എന്ന് പുനഃനാമകരണം ചെയ്ത്

പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റി 01-04-2022 മുതൽ പ്രവർത്തനം ആരംഭിച്ചു.

മേല്പറഞ്ഞവ കൂടാതെ കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റ്, ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് എന്നിവ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചെങ്കിലും കേന്ദ്ര സർക്കാരിൽനിന്നും അനുകൂലമായ നിലപാട് ലഭ്യമായിട്ടില്ല.

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ മൂലധനം ഉറപ്പുവരുത്തുന്നതിനും ദീർഘകാല പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമായി റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്കനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികൾ നടപ്പിലാക്കിവരികയാണ്. പ്രസ്തുത പദ്ധതികൾ നടത്തുന്നതിനുള്ള ധനസഹായം നൽകുന്നതിൽ ബാങ്കുകൾ/മറ്റ് ധനകാര്യ സ്ഥാപനങ്ങൾ

കാണിക്കുന്ന വിമുഖത കണക്കിലെടുത്ത് നിലവിലുള്ള സർക്കാർ ധനസഹായങ്ങൾക്കുപുറമെ ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ സർക്കാർ ധനകാര്യ സ്ഥാപനങ്ങൾക്ക് കൈമാറി റിവോൾവിംഗ് ഫണ്ട് രൂപീകരിച്ച് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സ്ഥാപനങ്ങളെ സ്വയംപര്യാപ്തമാക്കി ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രവർത്തന പുരോഗതി ഉറപ്പുവരുത്തുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(ഡി) ശാസ്ത്ര-സാങ്കേതിക വ്യവസായ വിപണന രംഗത്തുണ്ടായ മാറ്റങ്ങൾക്കും പ്രവർത്തനമേഖലയ്ക്കും അനുസൃതമായി ഓരോ പൊതുമേഖലാ സ്ഥാപനത്തിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്കനുയോജ്യമായ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിശദമായ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള നവീകരണ വിപുലീകരണ പദ്ധതികൾ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. ഓരോ സ്ഥാപനത്തിന്റെയും

പ്രവർത്തനമേഖലയ്ക്കനുയോജ്യമായ പദ്ധതികളും നിലവിലെ ഉൽപന്നങ്ങളുടെ ഭാവി വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ കമ്പോളവും വിലയിരുത്തി വിപുലീകരണ പദ്ധതികളും ആഗോള വിപണന സാധ്യതകളുള്ള നൂതന ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിധ്യവത്കരണ പദ്ധതികളുമാണ് കമ്പനികൾ ആവിഷ്കരിച്ചിരിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക ആസൂത്രണ പദ്ധതികൾ മാസ്റ്റർ പ്ലാനിൽ വിഭാവന ചെയ്തിട്ടുള്ള പദ്ധതി രൂപരേഖകളുടെയും ആക്ഷൻ പ്ലാനിന്റെയും അടിസ്ഥാനത്തിലാണ് നടപ്പിലാക്കുക. ഓരോ പദ്ധതിയുടെയും വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) വിലയിരുത്തിയതിനുശേഷം സർക്കാർ അംഗീകരിച്ച് നൽകുന്നതിന്റെ അടിസ്ഥാത്തിലാണ് സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വികസന പദ്ധതികൾ സർക്കാർ ധനസഹായത്തോടെയും അല്ലാതെയും നടപ്പിലാക്കിവരുന്നത്. നടപ്പ് സാമ്പത്തിക വർഷം (2024-25) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ

നവീകരണ വിപുലീകരണ പദ്ധതികൾക്കായി 279.10 കോടി രൂപ സർക്കാർ വാർഷിക ആസൂത്രണ പദ്ധതിയിൽ വകയിരുത്തി അനുവദിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി ലാഭകരമാക്കുന്നതിന്റെ ഭാഗമായി ഓരോ സ്ഥാപനങ്ങളുടെയും 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബിസിനസ്സ് പ്ലാനും എം.ഒ.യു.വും ഇതിനോടകം തയ്യാറാക്കി നടപ്പിലാക്കിവരുന്നു. ഇതിന്റെ പുരോഗതി മാസംതോറും അവലോകനം ചെയ്യുന്നതിനായി ഒരു ഇന്റർനെറ്റ് അധിഷ്ഠിത മോണിറ്ററിങ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പ്രവർത്തന അവലോകനത്തെ അടിസ്ഥാനമാക്കി നിർദ്ദേശങ്ങൾ നൽകിവരുന്നു.

സർക്കാരിന്റെ പ്ലാൻ പദ്ധതികൾക്ക് പുറമെ ബാങ്കുകൾ, മറ്റ് ധനകാര്യസ്ഥാപനങ്ങൾ എന്നിവയിൽനിന്ന് ധനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി വിഭാവനം ചെയ്ത പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം

24(*204) <u>ശ്രീ. പി. ബാലചന്ദ്രൻ</u>:

ശ്രീ. വി. ശശി:

ശ്രീ. മുഹമ്മദ് മുഹസിൻ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായക സ്വാധീനമാണ് കാലാകാലങ്ങളായി സഹകരണ സംഘങ്ങൾക്കുള്ളതെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേരള മോഡൽ വികസന മാതൃകയുടെ നട്ടെല്ലാണ് ഇവിടത്തെ സഹകരണ പ്രസ്ഥാനങ്ങൾ. അടിസ്ഥാന വികസന മേഖലയിൽ കേരളം കൈവരിച്ച വലിയ നേട്ടങ്ങൾക്ക് പിന്നിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് നിർണ്ണായക പങ്കുണ്ട്. കേരളത്തിലെ നവോത്ഥാന മുന്നേറ്റത്തിന്റെയും സ്വാതന്ത്ര്യ സമരത്തിന്റെയും കർഷക പുരോഗമന പ്രസ്ഥാനത്തിന്റെയും പ്രവർത്തനഫലമായാണ് സഹകരണ പ്രസ്ഥാനങ്ങൾക്ക് ശക്തമായ വേരോട്ടം ലഭിച്ചത്. സാധാരണക്കാർക്ക് ജോലി നൽകി ഉയർന്ന ജീവിത നിലവാരം പ്രദാനം ചെയ്യുവാനും സഹകരണ തത്വങ്ങളിൽ നിലയുറപ്പിച്ച്

ആഗോള മുതലാളിത്ത ശക്തികൾക്ക് ഒരു ബദലായി പ്രവർത്തിക്കുവാനും കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ സമ്പദ്ഘടനയുടെ പുരോഗതിക്കായി സഹകരണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു:

- കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ 14 ജില്ലാ സഹകരണ ബാങ്കുകളെയും ലയിപ്പിച്ച് "കേരള ബാങ്ക്" എന്ന ബ്രാൻഡ് നാമത്തിൽ ഒരൊറ്റ സ്ഥാപനമായി മാറ്റുകയും കാർഷിക-വ്യാവസായിക മേഖലകളുടെ വളർച്ചക്കായി വിവിധതരം വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു. കേരളാ ബാങ്കിൽ ഏറ്റവും ആധുനികമായ ഏകീകൃത സോഫ്റ്റ്വെയർ പ്രവർത്തനം തുടങ്ങിയതിനെ തുടർന്ന് ഡിജിറ്റൽ ബാങ്കിംഗ്, യു.പി.ഐ., മൊബൈൽ ബാങ്കിങ് തുടങ്ങിയ ആധുനിക സേവനങ്ങൾ മിതമായ നിരക്കിൽ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിന് കഴിഞ്ഞു.
- കേരളത്തിലെ കാർഷിക മേഖലയിലെ അടിസ്ഥാന വികസനത്തിനുതകുന്ന വായ്പാ പദ്ധതികൾ, ഗ്രാമീണ മേഖലയിലെ കാർഷിക വികസനത്തിനായുള്ള വായ്പാ പദ്ധതികൾ എന്നിവ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ നടപ്പിലാക്കിവരുന്നു.

- കേരളത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായക ഘടകമായ കാർഷിക മേഖലയുടെ പുരോഗതിക്കായി കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിനായി സംസ്ഥാനത്ത് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ പ്രവർത്തിക്കുന്നു.

- നിർമ്മാണ രംഗത്ത് ദേശീയപാതയുടെയും മറ്റും കരാറുകൾ വരെ എടുക്കാൻ പ്രാപ്തിയുള്ള സംസ്ഥാനത്തെ സഹകരണ സ്ഥാപനമാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം. പ്രസ്തുത സഹകരണ സംഘം ഇരുപതിനായിരത്തിൽപരം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന നിലയിലേയ്ക്കും വൈവിധ്യവൽക്കരണത്തിലേയ്ക്കും വളർന്നുവെന്നത് സഹകരണ മേഖലയുടെ സാധ്യതകളിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്.

- സഹകരണ ഉൽപന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിനായി സഹകരണ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന ഗുണനിലവാരമുള്ള വിവിധങ്ങളായ 450-ൽ പരം ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി 'coopkerala' എന്ന ഏകീകൃത ബ്രാൻഡിംഗിൽ കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുത്തിട്ടുണ്ട്.

- സഹകരണ മേഖലയിലെ തിരഞ്ഞെടുത്ത 100 ഗുണമേന്മയുള്ള ഉൽപന്നങ്ങൾ, ഒറ്റ ബ്രാൻഡിന് കീഴിലാക്കി പൊതുവേദി മാർക്കോടെ ഇ-കോമേഴ്സ് പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ടുവരുന്ന പദ്ധതിയാണ് ഇ-കോമേഴ്സ് പ്ലാറ്റ്ഫോം പദ്ധതി.

- സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും സംരക്ഷിച്ച് സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘുവായ്പാ പദ്ധതി നടപ്പിലാക്കി.

- കേരളത്തിലെ തീരദേശ ജില്ലകളിലെയും ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മേഖലകളിലെയും മത്സ്യത്തൊഴിലാളികൾക്ക് വായ്പ നൽകുന്നതിനായി സ്നേഹതീരം വായ്പാ പദ്ധതി നടപ്പിലാക്കിവരുന്നു.

- പ്രാഥമിക സഹകരണ ബാങ്ക്/സംഘങ്ങൾ മുഖേന ചെറുകിട, വഴിയോര കച്ചവടം, ചെറുസംരംഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് വായ്പ നൽകുന്നതിനുമായി 'സഹായ ഹസ്തം' എന്ന വായ്പാ പദ്ധതി നടപ്പിലാക്കിവരുന്നു.

- കേരള സംസ്ഥാന സഹകരണ ബാങ്ക്/അർബൻ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന "സഹകരണം സൗഹൃദം" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

- പാലക്കാട് ജില്ലയിലെ നെൽകർഷകരെ സംരക്ഷിക്കുവാൻ ജില്ലയിൽ ഉൽപാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംസ്കരിച്ച് അരിയാക്കി മാറ്റി

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സർക്കാർ നിയന്ത്രണത്തിൽ പൊതുമാർക്കറ്റിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടെ, പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസ്സസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം പ്രവർത്തിച്ചുവരുന്നു. പാലക്കാട് ഒഴികെയുള്ള 13 ജില്ലകളിൽ പ്രവർത്തന പരിധിയായി കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം എന്ന സഹകരണ സംഘവും രൂപീകരിച്ചിട്ടുണ്ട്.

- എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയംപര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയായ പുനർജനി പദ്ധതി നടപ്പിലാക്കി.

- കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി, 2022-23 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ് ഇൻ ടെക്നോളജി ഡ്രൈവൺ അഗ്രികൾച്ചർ (Co-operative Initiative in Technology Driven Agriculture (CITA)).

- സഹകരണ സ്ഥാപനങ്ങൾ ഉൽപാദിപ്പിക്കുന്ന വിവിധ ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിലൂടെ വിദേശവ്യാപാരം വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു.

(ബി) രാജ്യത്തെ ആകെ സഹകരണനിക്ഷേപത്തിന്റെ എഴുപത് ശതമാനത്തിലധികം കേരളത്തിലാണെന്നത് സംസ്ഥാനത്തിന്റെ സഹകരണ മേഖലയുടെ വിശ്വാസ്യത ഉയർത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

രാജ്യത്ത് സഹകരണ നിക്ഷേപത്തിന്റെ എഴുപത് ശതമാനത്തിലധികം കേരളത്തിലാണെന്നുള്ളത് സംസ്ഥാനത്തെ സഹകരണ മേഖലയുടെ വിശ്വാസ്യതയും സുതാര്യതയും ഉയർത്തുന്നതിന് സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

കേരള സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾ, സർവീസ് സഹകരണ ബാങ്കുകൾ, ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, മറ്റ് വായ്പാ സഹകരണ സംഘങ്ങൾ, അംഗങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് “സഹകരണ നിക്ഷേപം നവകേരള നിർമ്മിതിക്കായി”

എന്ന മുദ്രാവാക്യത്തോടെ നടത്തിയ 44-ാമത് നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ഫലമായി 23263.73495 കോടി രൂപയുടെ പുതിയ നിക്ഷേപം സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്. ഇത് സഹകരണ മേഖലയുടെ വിശ്വാസ്യത ഉയർന്നതിന്റെ പ്രധാന തെളിവാണ്.

(സി) വെല്ലുവിളികളെയെല്ലാം അതിജീവിച്ച് പൂർണ്ണമായ സാമ്പത്തിക സുരക്ഷിതത്വം നിക്ഷേപകർക്ക് ഉറപ്പുനൽകാൻ സംസ്ഥാനത്തിന്റെ സഹകരണ മേഖലയെ സജ്ജമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പൂർണ്ണമായ സാമ്പത്തിക സുരക്ഷിതത്വം നിക്ഷേപകർക്ക് ഉറപ്പുനൽകുന്നതിനായി സംസ്ഥാനത്തിന്റെ സഹകരണ മേഖലയെ സജ്ജമാക്കുന്നതിന്റെ ഭാഗമായി നിക്ഷേപ ഗ്യാരന്റി പദ്ധതി-2018, കേരള സഹകരണ പുനരുദ്ധാരണ നിധി പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കേരള ബാങ്കിലെ നിക്ഷേപങ്ങൾക്ക് 5 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്.

1) <u>കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി-2018</u>

1969-ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും നിക്ഷേപ ഗ്യാരന്റി സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപം തിരികെ നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി -2018. കൂടാതെ ഒരു സംഘം വിവിധ കാരണങ്ങളാൽ തകർച്ചയിലേയ്ക്ക് പോകുന്നുവെന്ന് സഹകരണ വകുപ്പ് കണ്ടെത്തി, സംഘത്തിന്റെ അപേക്ഷയും അംഗീകരിച്ച തിരിച്ചടവ് ഷെഡ്യൂൾ, പുനരുദ്ധാരണ പാക്കേജ് എന്നിവയും സഹിതം സഹകരണ സംഘം രജിസ്ട്രാർ ശിപാർശ ചെയ്ത് നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ സമർപ്പിക്കുന്ന മുറയ്ക്ക് സംഘത്തിന്റെ സെക്യൂരിറ്റികൾ/ആസ്തികൾ ഈടായി സ്വീകരിച്ചുകൊണ്ട് നിക്ഷേപകർക്ക് നിക്ഷേപം മടക്കി നൽകുന്നതിലേയ്ക്കായി നിശ്ചിത തുക ടി സംഘത്തിന് വായ്പയായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി, 2018-ന്റെ സ്കീമീൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

2) കേരള സഹകരണ പുനരുദ്ധാരണ നിധി പദ്ധതി

സഹകരണ മേഖലയിലെ വായ്പാ സംഘങ്ങളെ സഹായിക്കുന്നതിനായി സംസ്ഥാന സഹകരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് കേരള സഹകരണ പുനരുദ്ധാരണ നിധി പദ്ധതി. ടി പദ്ധതിയുടെ ലക്ഷ്യം "അസാധാരണ സാഹചര്യങ്ങൾമൂലം പ്രവർത്തനരഹിതമായ അവസ്ഥയിലുള്ളതോ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ ആയ സഹകരണ സംഘങ്ങൾക്ക് പദ്ധതിയിൽ പരാമർശിക്കുന്ന ഉപാധികൾക്കും നിബന്ധനകൾക്കുമനുസൃതമായി സാമ്പത്തിക സഹായം നൽകുക" എന്നതാണ്. ടി പദ്ധതി പ്രകാരം സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നത് ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായാണ്:

i) കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത സംഘങ്ങൾക്ക് ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും.

ii) പ്രവർത്തന വൈകല്യം, പ്രവർത്തന മൂലധനത്തിന്റെ അഭാവം എന്നിവമൂലം ബുദ്ധിമുട്ട് നേരിടുന്ന സംഘം ടി പദ്ധതിയിൽ നിന്നുള്ള ധനസഹായത്തിനായി ഒരു പുനരുദ്ധാരണ പദ്ധതി തയ്യാറാക്കി

സഹകരണസംഘം രജിസ്ട്രാർ മുഖേന സംസ്ഥാന ഉന്നതതല കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

iii) ദുർബലമായതോ പ്രവർത്തനരഹിതമായതോ എന്നാൽ പ്രവർത്തന സ്ഥിരത നേടാൻ കഴിവുള്ളതോ ആയ സംഘങ്ങളെയാണ് പുനരുദ്ധാരണത്തിനായി പരിഗണിക്കുന്നത്.

iv) ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന ധനസഹായം തിരിച്ചടയ്ക്കുന്നതിന് 2 വർഷം മൊറട്ടോറിയം അനുവദിക്കുന്നതാണ്. തിരിച്ചടവ് കാലാവധി 5 വർഷം മുതൽ 10 വർഷം വരെ ആയിരിക്കും.

v) കാലാകാലങ്ങളിൽ തിരിച്ചടവ് തവണകളും പലിശ നിരക്കുകളും നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന ഉന്നതതല കമ്മിറ്റിക്കായിരിക്കും.

3) കേരളാ ബാങ്കിലെ നിക്ഷേപങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ

ഇതര ഷെഡ്യൂൾഡ് ബാങ്കുകളുടേതിന് സമാനമായ രീതിയിൽ കേരള ബാങ്കിന്റെ നിക്ഷേപകർക്ക് DICGC-യുടെ 5 ലക്ഷം രൂപ വരെയുള്ള ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ട്. ഇതും നിക്ഷേപകർക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് വളരെയധികം സഹായമാണ്.

(ഡി) എപ്പോഴും നിക്ഷേപം തിരികെ കൊടുക്കാൻ കഴിയുന്ന തരത്തിൽ എല്ലാ സഹകരണസംഘങ്ങളും ആവശ്യമായ ലിക്വിഡിറ്റി ഉറപ്പാക്കിയിട്ടുണ്ടോ; സഹകരണ ബാങ്കുകളിലെ നിക്ഷേപത്തിന് സുരക്ഷിതത്വം ഉറപ്പുവരുത്താനായി നിക്ഷേപ ഗ്യാരന്റി ബോർഡും സഹകരണ പുനരുദ്ധാരണ നിധിയും രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സഹകരണസംഘങ്ങൾ ലിക്വിഡിറ്റി ഉറപ്പുവരുത്തുന്നതിലേയ്ക്കായി തരളധനം സൂക്ഷിക്കേണ്ടത് സംബന്ധിച്ച് 1969-ലെ കേരള സഹകരണ സംഘം ചട്ടത്തിലെ ചട്ടം 63 പ്രകാരം, 1949-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്തതും നിക്ഷേപം പ്രവർത്തന മൂലധനത്തിന്റെ ഭാഗമായിട്ടുള്ളതുമായ സഹകരണ സംഘങ്ങൾ, സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി തരളധനം സൂക്ഷിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം നിക്ഷേപം സ്വീകരിക്കുന്ന എല്ലാ സഹകരണ സംഘങ്ങളും കാലാവധി പൂർത്തിയായ സ്ഥിരനിക്ഷേപം തിരികെ നൽകുന്നതിന് 100 ശതമാനവും മൊത്തം ഡിമാന്റിന്റെയും ബാധ്യതകളുടെയും 20 ശതമാനവും തരളധനം

സൂക്ഷിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ചട്ടത്തിലെ വ്യവസ്ഥകൾക്കനുസൃതമായി തരളധനം സൂക്ഷിക്കുന്നതിന് നിക്ഷേപം സ്വീകരിക്കുന്ന എല്ലാ സംഘങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സംഘങ്ങളിൽ ആഡിറ്റ് നടത്തുന്ന അവസരങ്ങളിൽ ആഡിറ്റർമാർ തരളധനം സൂക്ഷിക്കാത്ത സംഘങ്ങളുടെ ആഡിറ്റ് സർട്ടിഫിക്കറ്റിൽ ടി വിവരം ന്യൂനതയായി ഉൾപ്പെടുത്തുകയും ആയത് പരിഹരിക്കുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

1969-ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും നിക്ഷേപ ഗ്യാരന്റി സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപം തിരികെ നൽകുന്നതിനായി സഹകരണ വകുപ്പ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി-2018 നടപ്പിലാക്കിയിട്ടുണ്ട്. ലിക്വിഡേറ്റ് ചെയ്ത സംഘത്തിലെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായിട്ടാണ് തുക നൽകുന്നത്.

ഒരു സംഘം വിവിധ കാരണങ്ങളാൽ തകർച്ചയിലേയ്ക്ക് പോകുന്നുവെന്ന് സഹകരണ വകുപ്പ് കണ്ടെത്തുന്ന സാഹചര്യത്തിൽ, സംഘത്തിന്റെ അപേക്ഷ അംഗീകരിച്ച് തിരിച്ചടവ് ഷെഡ്യൂൾ, പുനരുദ്ധാരണ പാക്കേജ് എന്നിവ സഹിതം സഹകരണ സംഘം രജിസ്ട്രാർ ശിപാർശ ചെയ്ത് നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ സമർപ്പിക്കുന്ന മുറയ്ക്ക് സംഘത്തിന്റെ സെക്യൂരിറ്റികൾ/ ആസ്തികൾ ഈടായി സ്വീകരിച്ചുകൊണ്ട് നിക്ഷേപകർക്ക് നിക്ഷേപം മടക്കിനൽകുന്ന ആവശ്യത്തിലേയ്ക്കായി നിശ്ചിത തുക ടി സംഘത്തിന് വായ്പയായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി 2018-ന്റെ സ്കീമിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

സഹകരണ മേഖലയിലെ വായ്പാ സംഘങ്ങളെ സഹായിക്കുന്നതിനായി കേരള സഹകരണ പുനരുദ്ധാരണ നിധി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. "അസാധാരണ സാഹചര്യങ്ങൾമൂലം പ്രവർത്തനരഹിതമായ അവസ്ഥയിലുള്ളതോ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ ആയ സഹകരണ സംഘങ്ങൾക്ക് പദ്ധതിയിൽ പരാമർശിക്കുന്ന ഉപാധികൾക്കും

നിബന്ധനകൾക്കും അനുസൃതമായി സാമ്പത്തിക സഹായം നൽകുക" എന്നതാണ് ടി പദ്ധതിയുടെ ലക്ഷ്യം.

ഇ-കൊമേഴ്സ് പോർട്ടൽ മുഖേനയുള്ള വിപണനം

25(*205) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ഈ സർക്കാരിന്റെ കാലയളവിൽ നേടിയെടുത്ത പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക സാമ്പത്തിക, പ്രവർത്തന പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ, ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ.) വകുപ്പ് വർഷം തോറും "A Review of Public Enterprises in Kerala" എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന റിപ്പോർട്ട്, സംസ്ഥാനത്തെ

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് ഒരു അവലോകനം നൽകുന്നു. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ മേഖല തിരിച്ചുള്ള പ്രകടനങ്ങൾ വിശകലനം ചെയ്യുന്നതിനുപുറമേ, ഓരോ സംരംഭത്തിന്റെയും ലക്ഷ്യങ്ങളെക്കുറിച്ചും തൊഴിൽ, ഫിസിക്കൽ പെർഫോമൻസ് എന്നിവയെ സംബന്ധിച്ചും റിപ്പോർട്ട് വിശദീകരിക്കുന്നു.

2022-23 ലെ "A Review of Public Enterprises in Kerala" പ്രകാരം 2021-22 കാലഘട്ടത്തിൽ 127416 പേർക്ക് ജോലി നൽകിയിരുന്നെങ്കിൽ 2022-23 കാലയളവിൽ കാഷ്വൽ/കരാർ ജീവനക്കാർ ഉൾപ്പെടെ വ്യത്യസ്ത വിഭാഗങ്ങളിലായി 129982 പേർക്ക് പൊതുമേഖലാസ്ഥാപനങ്ങൾ ജോലി നൽകിയിട്ടുണ്ട്. 2022-23 വർഷാവസാനം പ്രവർത്തനക്ഷമമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം പെയ്ഡ്അപ് ക്യാപിറ്റലിൽ മുൻ വർഷത്തേക്കാൾ 22.49% വർദ്ധനവുണ്ടായിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ മൊത്തം നിക്ഷേപം (സാമ്പത്തിക) 90948.14 കോടി രൂപയാണ്. മുൻ വർഷത്തേക്കാൾ 11.54% വർദ്ധനവുണ്ടായിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ

പൊതുമേഖലാസ്ഥാപനങ്ങൾ നേടിയ നെറ്റ് ടേൺഓവർ (റവന്യൂ) 2021-22 വർഷത്തിലെ 37405.00 കോടി രൂപയിൽ നിന്ന് 40774.07 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട് (മുൻ വർഷത്തേക്കാൾ 9% വർദ്ധനവ്). 2022-23 കാലയളവിൽ 67 പൊതുമേഖലാസ്ഥാപനങ്ങൾ നേടിയ പ്രവർത്തന ലാഭം 23.46 ശതമാനം വർധിച്ച് മുൻ വർഷത്തെ 1643.03 കോടി രൂപയിൽ നിന്നും 2028.53 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. 2021-22-ലെ 855.02 കോടി രൂപയിൽ നിന്ന് 2022-23 കാലയളവിൽ 57 പൊതുമേഖലാസ്ഥാപനങ്ങൾ നേടിയ മൊത്തം ലാഭം 889.15 കോടി രൂപയാണ്. 2022-23 സാമ്പത്തിക വർഷത്തിൽ നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം മുൻ വർഷത്തെ 66-ൽനിന്നും 59-ലേക്ക് കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ, പൊതുമേഖലാസ്ഥാപനങ്ങൾ നികുതികളും തീരുവകളും വഴി സംസ്ഥാന ഖജനാവിലേക്ക് 16863.94 കോടി രൂപ സംഭാവന ചെയ്തിട്ടുണ്ട്. 2021-22-നെ അപേക്ഷിച്ച് 26.23% വർദ്ധനവുണ്ടായിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ, പൊതുമേഖലാസ്ഥാപനങ്ങൾ നികുതികളും തീരുവകളും വഴി

കേന്ദ്ര ഖജനാവിലേക്ക് 970.54 കോടി രൂപ സംഭാവന ചെയ്തിട്ടുണ്ട്. 2021-22 നെ അപേക്ഷിച്ച് 7.76% വർദ്ധനവുണ്ടായിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ, 14 പൊതുമേഖലാസ്ഥാപനങ്ങൾ കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി പ്രവർത്തനങ്ങൾക്കായി മൊത്തം 15.57 കോടി രൂപ ചെലവഴിച്ചു, 2021-22-ൽ ഇത് 8.13 കോടി രൂപയായിരുന്നു.

2022-23-ലെ "A Review of Public Enterprises in Kerala"-യിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതി സംബന്ധിച്ചിട്ടുള്ള റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.[+]

(ബി) ഈ മേഖലയിൽ പുരോഗതി നേടുന്നതിനായി സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ വിശദീകരിക്കുമോ?

പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിച്ച് നിലനിർത്തുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മത്സരക്ഷമത ഉറപ്പുവരുത്തുന്നതിനുമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓരോ സ്ഥാപനത്തിനും ഹ്രസ്വ/ഇടക്കാല/ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

29-10-2022-ലെ ധനകാര്യ വകുപ്പിന്റെ ജി.ഒ.(പി)നം.131/2022/ഫിൻ. ഉത്തരവ് പ്രകാരം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിലുള്ളതുപോലെ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലും മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിങ് (എം.ഒ.യു.) സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും പരിശീലന പരിപാടി ആരംഭിക്കുകയും 2023-24 വർഷത്തിൽ ഒന്നാംഘട്ട പരിശീലനം പൂർത്തിയായിട്ടുമുണ്ട്.

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി ലാഭകരമാക്കുന്നതിന്റെ ഭാഗമായി ഓരോ സ്ഥാപനങ്ങളുടെയും 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബിസിനസ്സ് പ്ലാനും എം.ഒ.യു.വും ഇതിനോടകം തയ്യാറാക്കി നടപ്പിലാക്കിവരുന്നു. ഇത് നടപ്പിലാക്കുന്നതിന്റെ പുരോഗതി മാസംതോറും അവലോകനം ചെയ്യുന്നതിനായി ഒരു ഇന്റർനെറ്റ് അധിഷ്ഠിത മോണിറ്ററിങ് സംവിധാനം ബി.പി.ടി. മുഖേന

നടപ്പിലാക്കിയിട്ടുണ്ട്. മേൽ ഉത്തരവുപ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പൊതുവായ ഒരു ശമ്പള പരിഷ്കരണ ചട്ടക്കൂട് നിഷ്കർഷിച്ച് അവയെ എ, ബി, സി, ഡി എന്നിങ്ങനെ നാല് വർഗ്ഗം/പട്ടിക തിരിച്ച് വർഗ്ഗീകരണം നടത്താൻ തീരുമാനമെടുത്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ 45 പൊതുമേഖലാ സ്ഥാപനങ്ങളുടെ വർഗ്ഗീകരണം പൂർത്തിയായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്.

ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ (ബി.പി.ടി.) പൊതുമേഖലാ സ്ഥാപനങ്ങളുടെ നൈപുണ്യ വികസനത്തിനുള്ള പരിശീലന പരിപാടികളും നടത്തുന്നുണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ 2024-25 വർഷത്തേക്കുള്ള ബജറ്റ് നിർദേശത്തിൽ തിരഞ്ഞെടുത്ത പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് വിശദമായ പഠനം നിർദേശിച്ചിട്ടുണ്ട്. വ്യവസായ വകുപ്പ് പൊതുമേഖലാ സ്ഥാപനങ്ങൾക്കായി മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. വ്യവസായ

വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഹ്രസ്വകാല, ഇടത്തരം, ദീർഘകാല പദ്ധതികൾ വിഭാവനം ചെയ്യുന്നു. ദീർഘകാല വായ്പകളുടെ പുനഃക്രമീകരണവും മാസ്റ്റർപ്ലാനുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നടപ്പ് സാമ്പത്തികവർഷം (2024-25) വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 279.10 കോടി രൂപ സർക്കാർ വാർഷിക ആസൂത്രണ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ബി.പി.റ്റി. മുഖേന എല്ലാ മാസവും റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനങ്ങൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി പി.എസ്.സി. മുഖേനയല്ലാതെയുള്ള നിയമനങ്ങൾ നടത്തുന്നതിന് കേരള സ്റ്റേറ്റ് പബ്ലിക് എന്റർപ്രൈസസ് (സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ്)

ബോർഡ് (KPESRB) രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയും മാനേജിംഗ് ഡയറക്ടർമാരുടെ നിയമനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുകയും മറ്റു തസ്തികകളിലേക്കുള്ള നിയമന പ്രക്രിയകൾ പുരോഗമിക്കുകയും ചെയ്യുന്നു.

വ്യവസായവകുപ്പിന് കീഴിലുള്ള കമ്പനികളുടെ ഡയറക്ടർ ബോർഡുകൾ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പനികളുടെ വിവിധ മേഖലകളിൽ പ്രാവീണ്യം ലഭിച്ചവരുടെ ഒരു പാനൽ തയ്യാറാക്കി ഇൻഡിപെൻഡന്റ് ഡയറക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

ടെക്സ്റ്റൈൽ മേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പൊതുമേഖലയിലും സഹകരണമേഖലയിലുമുള്ള സ്പിന്നിംഗ് മില്ലുകൾക്ക് വിളവെടുപ്പ് സമയത്ത് വിലക്കുറവിൽ ഗുണമേന്മയുള്ള പഞ്ഞിവാങ്ങുന്നതിനും പഞ്ഞിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി കോട്ടൺ ബോർഡ് രൂപീകരിക്കുകയും ഇതിനായി എൻ.സി.ഡി.സി.യിൽ നിന്ന് 70 കോടി രൂപ ലഭ്യമാക്കുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്.

പൊതുമേഖലാസ്ഥാപനങ്ങളുടെ ആവശ്യം കഴിഞ്ഞ് അധികമുള്ള ഭൂമി വ്യാവസായികാവശ്യത്തിനായി ഉപയോഗിക്കുന്നതിനുള്ള നടപടി

സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കേന്ദ്ര പെട്രോളിയം കമ്പനികളുമായി ചേർന്ന് ഫ്യൂവൽ പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ഇതിനകം സ്വീകരിച്ചു. മൂന്ന് പെട്രോൾ പമ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അധികഭ്രമിയിൽ സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷന് ഗോഡൗൺ സ്ഥാപിക്കുന്നതിനുള്ള സാധ്യതകളും പരിശോധിച്ചുവരികയാണ്.

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കൂടുതൽ മത്സരക്ഷമമാക്കുകയെന്ന സർക്കാരിന്റെ ബദൽ വികസന നയത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡും സംയുക്തസംരംഭമായ ഭെൽ-ഇ.എം.എൽ.-ഉം ഏറ്റെടുത്ത് സംസ്ഥാനസർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളാക്കി യഥാക്രമം കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കെൽ-ഇ.എം.എൽ. എന്ന് പുനർ നാമകരണം ചെയ്ത് പ്രവർത്തനം പുനരാരംഭിച്ച് പ്രവർത്തനപുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

പരമ്പരാഗത മേഖലയുടെ വികസനത്തിന്റെ ഭാഗമായി ഉൽപന്നങ്ങളുടെ വിപണനത്തിനായി ഒ.എൻ.ഡി.സി.യുടെ സഹകരണത്തോടെ ഇ-

കൊമേഴ്സ് പോർട്ടൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ വ്യവസായ വകുപ്പിന്റെ അധീനതയിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങളുടെ വിപണനത്തിനായി ബി.പി.ടി.യുടെ നേതൃത്വത്തിൽ കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ "kshoppe.in" എന്ന പേരിൽ ഇ-കൊമേഴ്സ് പോർട്ടൽ ആരംഭിച്ച് പ്രവർത്തനം തുടർന്നുവരുന്നു.

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾ ഓൺലൈനായി വിപണനം ചെയ്യുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഇ-കൊമേഴ്സ് പോർട്ടലിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ കൂടുതൽ ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

(സി&ഡി) വ്യവസായ വകുപ്പിന്റെ അധീനതയിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപന്നങ്ങളുടെ വിപണനത്തിനായി ബി.പി.ടി.യുടെ നേതൃത്വത്തിൽ കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ "kshoppe.in" എന്ന പേരിൽ ഇ-കൊമേഴ്സ് പോർട്ടൽ

ആരംഭിച്ച് പ്രവർത്തനം തുടർന്നുവരുന്നു. നിലവിൽ 25 പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങളാണ് ഇ-കൊമേഴ്സ് പോർട്ടലിലൂടെ ഓൺലൈനായി വാങ്ങാൻ കഴിയുന്നത്. പ്രസ്തുത പോർട്ടലിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് ചുവടെ കൊടുത്തിരിക്കുന്ന സംവിധാനങ്ങളാണ് കെൽട്രോൺ ഒരുക്കിയിരിക്കുന്നത്:

ഉപഭോക്താക്കൾക്ക് ഓൺലൈനിൽ ഉൽപന്നങ്ങൾ തിരയുന്നതിനും ഓർഡർ നൽകുന്നതിനും സൗകര്യപ്രദമായ വെബ് പ്ലാറ്റ്ഫോമിന് പുറമേ ആൻഡ്രോയിഡ് അടിസ്ഥാനമായ മൊബൈൽ ആപ്ലിക്കേഷനും കെൽട്രോൺ ലഭ്യമാക്കിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് അവർ തിരയുന്ന ഉൽപന്നങ്ങളുടെ പൂർണ്ണവിവരണം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഉപഭോക്താക്കൾക്ക് ഉൽപന്നങ്ങൾ വേഗത്തിൽ കണ്ടെത്താനുള്ള ഫിൽറ്ററിങ്/സോർട്ടിങ് സംവിധാനവും ലഭ്യമാണ്. രാജ്യത്തെ വിവിധയിടങ്ങളിൽ ഉപഭോക്താക്കൾക്ക് ഉൽപന്നങ്ങൾ എത്തിച്ചുനൽകുന്നതിന് ഇന്ത്യ പോസ്റ്റിനെയാണ് കെൽട്രോൺ വിതരണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. വിവിധ ബാങ്ക്/യു.പി.എ. പേമെന്റ്

സ്വീകരിക്കാവുന്ന പഞ്ചാബ് നാഷണൽ ബാങ്ക് വഴിയാണ് പേമെന്റ് ഗേറ്റ്വേ സംവിധാനം കെൽട്രോൺ ഒരുക്കിയിരിക്കുന്നത്. ഉപഭോക്താക്കൾക്ക് ഓർഡർ/ഡെലിവറി അപ്ഡേറ്റുകൾക്കായി എസ്.എം.എസ്. അറിയിപ്പുകൾ സജ്ജമാക്കിയിട്ടുണ്ട്. മികച്ച സേവനം നൽകുന്നതിനായി ഇ-കൊമേഴ്സ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പ്രതിജ്ഞാബദ്ധരായ പരിചയസമ്പത്തുള്ള മികച്ച ഐ.റ്റി. ടീമിനെ തന്നെയാണ് കെൽട്രോൺ പ്രവർത്തന ചുമതല ഏൽപ്പിച്ചിരിക്കുന്നത്. സമയബന്ധിതമായി പരാതി പരിഹാരത്തിനും അന്വേഷണത്തിനുമുതകുന്ന തരത്തിലുള്ള ഒരു പ്രൊഫഷണൽ കോൾ സെന്റർ ഉപഭോക്തൃ സേവനത്തിനായി കെൽട്രോൺ ഒരുക്കിയിട്ടുണ്ട്. അത്യാധുനിക സാങ്കേതിക മികവോടെ കെൽട്രോണിന്റെ ഡാറ്റ സെന്ററിലാണ് പോർട്ടൽ ഹോസ്റ്റ് ചെയ്തിരിക്കുന്നത്. kshoppe.in പോർട്ടൽ മുഖാന്തരവും മറ്റ് വിപണന സൈറ്റുകളായ ആമസോൺ, ഫ്ലിപ്കാർട്ട്, മീഷോ, പെപ്പർ ഫ്രൈ, ഷോപ്പിംഗ് കാർട്ട്, ഷോപ്സി, ഒ.എൻ.ഡി.സി., കേരള ഇ-മാർട്ട്, ഫേസ്ബുക്ക് മാർക്കറ്റിങ് എന്നിവ മുഖേനയും മിക്ക പൊതുമേഖലാസ്ഥാപനങ്ങളും തങ്ങളുടെ ഉൽപന്നങ്ങൾ

വിപണനം നടത്തിവരുന്നു. കൂടാതെ അതത് സ്ഥാപനങ്ങളുടെ വെബ്സൈറ്റിലൂടെയും വിപണനം നടത്തിവരുന്നു. നിലവിൽ ഓൺലൈൻ മുഖേന വിപണനം നടത്തുന്നതും ഓൺലൈൻ മുഖേന വിപണനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

ഓൺലൈൻ മുഖേന വിപണനത്തിലേർപ്പെടാത്ത, ഉൽപാദന വിപണന രംഗത്തുള്ള ശേഷിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങളുടെ വിപണനവും ഓൺലൈൻ മുഖേനയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വിവിധ വൈദ്യുതീകരണ പദ്ധതികൾ

26(*206) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി എത്തിക്കുന്നതിന് പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ?

2017-ഓടുകൂടി കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുമെന്ന, 2016 ജൂൺ മാസത്തിൽ നിയമസഭയിലെ കേരള ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ബൃഹത് പദ്ധതി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കുകയും ടി പദ്ധതിയുടെ ഉദ്ഘാടനം 29-05-2017-ന് കോഴിക്കോടുവച്ച് നടന്ന ചടങ്ങിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിക്കുകയും ചെയ്തിരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം 1,50,219 വൈദ്യുതി കണക്ഷനുകൾ നല്കിയിട്ടുണ്ട്.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റു പദ്ധതികൾ നിലവിലില്ലാത്തതിനാൽ 1000w വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ.

കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർവരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് 2018 മുതൽ നൽകിവരുന്നു. ലൈൻ വലിച്ച് പോസ്റ്റുകൾ സ്ഥാപിച്ച് കണക്ഷൻ നൽകേണ്ട അർഹതപ്പെട്ട കൂടുതൽ അപേക്ഷകൾ വരുന്നത് കെ.എസ്.ഇ.ബി.എൽ.-ന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ലൈൻ വലിച്ചുനൽകേണ്ട കണക്ഷനുകളുടെ ദൂരപരിധി 31-03-2022-ലെ ബോർഡ് ഉത്തരവ് പ്രകാരം 250 മീറ്ററായി കൂട്ടിയിട്ടുണ്ട്.

കെ.എസ്.ഇ.ബി.എൽ. വഴി വൈദ്യുതീകരിക്കാൻ സാധിക്കാത്ത ഇടുക്കി, വയനാട്, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിലെ 23 വിദൂര ആദിവാസി സങ്കേതങ്ങളിലെ 734 വീടുകളിൽ സൗരോർജം ഉപയോഗിച്ച് വൈദ്യുതീകരിക്കുന്നതിനുള്ള പദ്ധതി അനെർട്ട് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

Sl. No.	Name of District	Name of Panchayath	Name Of Habitation	No. of UE Households
1	IDUKKI	Edamalakkudy	Ambalaparakudy	12

2	IDUKKI	Edamalakkudy	Iruppukalkudy	33
3	IDUKKI	Edamalakkudy	Kavakkattukudy	23
4	IDUKKI	Edamalakkudy	Keezhilayampaarakudy	23
5	IDUKKI	Edamalakkudy	Keezhpathamkudy	33
6	IDUKKI	Edamalakkudy	Kudalloorkudy	23
7	IDUKKI	Edamalakkudy	Meenkuthikudy	54
8	IDUKKI	Edamalakkudy	Melppathamkudy	16
9	IDUKKI	Edamalakkudy	Mulakutharakudy	38
10	IDUKKI	Edamalakkudy	Nelmanalkudy	44
11	IDUKKI	Edamalakkudy	Nooradikudy	41
12	IDUKKI	Edamalakkudy	Paarakudy	13
13	IDUKKI	Edamalakkudy	Parappayarkudy	77
14	IDUKKI	Edamalakkudy	Perumkadavukudy	9
15	IDUKKI	Edamalakkudy	Thenpaara	7
16	IDUKKI	Edamalakkudy	Vellavarakudy	47
17	IDUKKI	Marayoor	Mulakamutty	21
18	WAYANAD	Muttil	Govindanpara	5
19	ERNAKULAM	Kuttampuzha	Kottakuthu	13
20	ERNAKULAM	Kuttampuzha	Njandukalam	17
21	ERNAKULAM	Kuttampuzha	Uriyampetty	89
22	ERNAKULAM	Kuttampuzha	Variyam, manikudy	43
23	PALAKKAD	Muthalamada	Poopara	53
	TOTAL			**734**

ബി.പി.എൽ./ലൈഫ് മിഷൻ കുടുംബങ്ങൾക്ക് സൗജന്യമായി സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു വൈദ്യുതി എത്തിക്കുന്ന പദ്ധതി അനെർട്ട് നടപ്പിലാക്കിവരുന്നു.

(ബി) സാമൂഹ്യ പ്രതിബദ്ധതയിലധിഷ്ഠിതമായി സർക്കാർ നടപ്പാക്കുന്ന വിവിധ വൈദ്യുതീകരണ പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിലേറിയശേഷം സാമൂഹ്യ പ്രതിബദ്ധതയിലധിഷ്ഠിതമായി നടപ്പിലാക്കിയ വൈദ്യുതീകരണ പദ്ധതികൾ പട്ടികവർഗ്ഗ നഗറുകളുടെ വൈദ്യുതീകരണവും അങ്കണവാടികളുടെ വൈദ്യുതീകരണവുമാണ്.

102 നഗറുകളിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 43 നഗറുകളിൽ 35 നഗറുകളുടെ വൈദ്യുതീകരണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ബാക്കിയുള്ള എട്ട് നഗറുകളുടെ വൈദ്യുതീകരണം കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് രണ്ട് മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടടെ അഭ്യർത്ഥന പ്രകാരം നിലവിൽ വൈദ്യുതീകരണം പൂർത്തിയാക്കാനുള്ള അങ്കണവാടികളിൽ 937 എണ്ണത്തിന് വൈദ്യുതി ലഭ്യമാക്കിയിരുന്നു. ഇവയിൽ 574 അങ്കണവാടികൾക്ക് ഒരു പോസ്റ്റ് ഉൾപ്പെടെയുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകുന്നതിനായി നാളിതുവരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനതുഫണ്ടിൽനിന്നും 22.16 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് ഹരിത ഊർജ സംവിധാനങ്ങൾ ഏർപ്പെടുത്തി അവരുടെ ജീവിത സാഹചര്യവും ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന മാതൃകാ പദ്ധതിയാണ് ഹരിത ഊർജ വരുമാന പദ്ധതി. ഈ പദ്ധതി പ്രകാരം അനെർട്ട് മുഖേന ഇതുവരെ 1700 ലൈഫ് മിഷൻ/ പുനർഗേഹം/ബി.പി.എൽ. വിഭാഗങ്ങളിലുള്ള വീടുകളിലായി 2

കിലോവാട്ട്/3 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ പ്ലാന്റുകൾ സൗജന്യമായി സ്ഥാപിച്ചുനൽകി.

(സി) ആദിവാസി ഗോത്ര പ്രദേശങ്ങളിലെ വൈദ്യുതീകരണ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ?

സംസ്ഥാനത്തെ പിന്നാക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി കോവിഡ് സമയത്ത് ഗവണ്മെന്റ് നിർദേശമനുസരിച്ച് കെ.എസ്.ഇ.ബി.എൽ., വൈദ്യുതി ലഭ്യമല്ലാത്ത 102 പട്ടികവർഗ്ഗ നഗറുകൾ കണ്ടെത്തിയിരുന്നു. 102 നഗറുകളിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 43 നഗറുകളിൽ 35 നഗറുകളുടെ വൈദ്യുതീകരണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ബാക്കിയുള്ള എട്ട് നഗറുകളുടെ വൈദ്യുതീകരണം റോഡ് ഉൾപ്പെടെയുള്ള സൗകര്യങ്ങളും കാലാവസ്ഥയും, പി.ഡബ്ല്യു.ഡി.യിൽനിന്നുമുള്ള അനുമതി തുടങ്ങിയവ ലഭ്യമാകുന്ന മുറയ്ക്ക് രണ്ട് മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. ആദിവാസി നഗറുകളുടെ വൈദ്യുതീകരണത്തിന്

22 കോടി രൂപ കെ.എസ്.ഇ.ബി.എൽ.ന്റെ തനത് ഫണ്ടിൽനിന്നാണ് കണ്ടെത്തിയത്.

കേന്ദ്ര സർക്കാർ നടപ്പാക്കുന്ന RDSS-ന്റെ PM-JANMAN പദ്ധതിയുടെ PVTG (Particularly Vulnerable Tribal Group) മിഷൻ പ്രകാരം PVTG ഗ്രാമങ്ങളിലും/ വാസസ്ഥാനങ്ങളിലും PVTG വീട്ടുകാർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സ് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം കേരളത്തിൽ 345 PVTG വീട്ടുകാരെ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇതിനായി 84.68 ലക്ഷം രൂപ അനുവദിച്ചു. RDSS മാനദണ്ഡപ്രകാരം സമ്പൂർണ വൈദ്യുതീകരണത്തിന് വീടൊന്നിന് 85000/- രൂപയും, ഭാഗിക വൈദ്യുതീകരണത്തിന് 42500/- രൂപയുമാണ് അനുവദിച്ചിരിക്കുന്നത്. നാളിതുവരെ 309 പേർക്ക് വൈദ്യുതി കണക്ഷൻ നൽകി.

പ്രാക്തന ഗോത്രവിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും സംയോജിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന PM JANMAN എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി

പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിലെ പറമ്പിക്കുളം ടൈഗർ റിസർവിനകത്തായി സ്ഥിതിചെയ്യുന്ന തേക്കടി അല്ലിമൂപ്പൻ, തേക്കടി അല്ലിമൂപ്പൻ അക്കരെ, കുരിയാർക്കുട്ടി, മലപ്പുറം ജില്ലയിലെ - മാഞ്ചീരി എന്നീ നാല് ആദിവാസി സമൂഹങ്ങളിൽ സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായുള്ള സാധ്യതാപഠനം അനെർട്ടിന്റെ നേതൃത്വത്തിൽ നടത്തി പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചു.

(ഡി) അങ്കണവാടികളെ ഊർജക്ഷമമാക്കുന്നതിനായി നടപ്പാക്കുന്ന അംഗൻജ്യോതി പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. കേരള സംസ്ഥാനത്തെ 2050-ഓടെ കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കാനാണ് സർക്കാർ പദ്ധതി ഇട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി സംയോജിത ശിശുവികസന പദ്ധതിയുടെ (ഐ.സി.ഡി.എസ്.) നിയന്ത്രണത്തിലുള്ള അങ്കണവാടികളെ സമ്പൂർണ്ണ ഊർജക്ഷമതയുള്ളതാക്കി മാറ്റുന്നതിന് ലക്ഷ്യം വച്ചുകൊണ്ടാണ് എനർജി മാനേജ്മെന്റ് സെന്റർ "അംഗൻ ജ്യോതി" എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നത്.

വിഴിഞ്ഞം തുറമുഖവികസനത്തോടനുബന്ധിച്ച് സാമൂഹ്യക്ഷേമ പദ്ധതികൾ

27(*207) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുന്നതിനായി വിഴിഞ്ഞം തുറമുഖവികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതോടൊപ്പംതന്നെ പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ഉന്നമനത്തിനായി നടപ്പാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികളുടെ നിർവഹണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. ജീവനോപാധി നഷ്ടമാകുന്നവരെ കണ്ടെത്താൻ റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ ലൈവ്‌ലിഹുഡ് ഇംപാക്ട് അപ്രൈസൽ കമ്മിറ്റി (എൽ.ഐ.എ.സി.)യെയും ഇതിന്മേലുയരുന്ന അപ്പീലുകൾ പരിഗണിച്ച് പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ എൽ.ഐ.എ.സി.

അപ്പീൽ കമ്മിറ്റിയെയും സർക്കാർ ചുമതലപ്പെടുത്തുകയുണ്ടായി. ടി കമ്മിറ്റി അംഗീകരിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിവിധ വിഭാഗങ്ങളിലായി നാളിതുവരെ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ആകെ 2702 പദ്ധതിബാധിതർക്ക് 107.14 കോടി രൂപ ജീവനോപാധി നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്.

വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളെ തുടർന്ന് തൊഴിലും വരുമാനവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കൈത്താങ്ങ് എന്ന നിലയിൽ പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ഉന്നമനത്തിനായി നിരവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ സർക്കാർ-VISL-കരാർ കമ്പനി എന്നിവർ ചേർന്ന് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രാദേശിക ജനവിഭാഗങ്ങളിൽ ജീവനോപാധി നഷ്ടമായവർക്കുള്ള നഷ്ടപരിഹാര വിതരണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിവരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണംമൂലം തൊഴിൽ നഷ്ടപ്പെട്ട തദ്ദേശീയരായ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ അർഹരായ ചിപ്പി/ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 12,50,000/- രൂപയും കരച്ചിപ്പിത്തൊഴിലാളികൾക്ക് 2,00,000/- രൂപയും ചിപ്പിക്കച്ചവടക്കാർക്ക് 1,00,000/- രൂപയും വീതം 262 പേർക്ക് 12.36 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി 916 പേർക്ക് 54.92 കോടി രൂപയും കട്ടമരത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 4,20,000/- രൂപ വീതം 48 പേർക്ക് 2.02 കോടി രൂപയും കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 1,00,000/- രൂപ വീതം 11 പേർക്ക് 00.11 കോടി രൂപയും വിതരണം ചെയ്തുകഴിഞ്ഞു. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റിപോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 31.57 കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയംസഹായ

സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി ബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 107.14 കോടി രൂപ ഇതിനകംതന്നെ വിതരണം ചെയ്യ കഴിഞ്ഞു.

(സി) ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിഴിഞ്ഞം പദ്ധതിപ്രദേശത്തെ ജനങ്ങൾക്ക് ഗുണകരമായിട്ടുണ്ടോ; വിശദമാക്കുമോ?

ആരോഗ്യം

നിലവിലെ വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ (സി.എച്ച്.സി.) 80 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇവിടെ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സ്റ്റാഫുകളെ നിയമിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ, പ്രദേശവാസികൾക്ക് ഉതകത്തക്കവിധത്തിൽ കോട്ടപ്പുറം ആരോഗ്യ ഉപകേന്ദ്രത്തോട് ചേർന്ന് തിരുവനന്തപുരം കോർപ്പറേഷൻ ഒരു ഹെൽത്ത് വെൽനെസ്സ് സെന്റർ സ്ഥാപിച്ചുകഴിഞ്ഞു. ഇതിനുപുറമേ വൃദ്ധജനങ്ങളുടെ

സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമായുള്ള നടപടി സ്വീകരിച്ചുവരുന്നു.

നൈപുണ്യ പരിശീലന കേന്ദ്രം (അസാപ്)

തുറമുഖ നിർമ്മാണ സമയത്ത് നേരിട്ടും അല്ലാതെയുമുണ്ടാകുന്ന തൊഴിലവസരങ്ങളിൽ യോഗ്യരായ തദ്ദേശീയരെയും കൺസഷണയറായ AVPPL പരിഗണിച്ചുവരുന്നുണ്ട്. തുറമുഖ നിർമ്മാണ പൂർത്തീകരണത്തിനുശേഷം തുറമുഖത്തിന്റെ പ്രവർത്തന കാലയളവിലും വലിയതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതാണ്. കൂടാതെ, തുറമുഖാനുബന്ധ വികസനം സാധ്യമാകുന്നതോടെ വിവിധ വ്യവസായ സംരംഭങ്ങളും അനുബന്ധ സ്ഥാപനങ്ങളും സ്ഥാപിക്കപ്പെടുകയും ഇതിലൂടെ തൊഴിൽ ലഭ്യതയിൽ വൻ വർധനവുണ്ടാവുകയും ചെയ്യും.

വിവിധ തൊഴിലുകളിൽ തൊഴിലന്വേഷകരുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനായി അസാപിന്റെ നൈപുണ്യ പരിശീലന കേന്ദ്രം VISL

ലഭ്യമാക്കിയ കോട്ടപ്പുറത്തെ സ്ഥലത്ത് സ്ഥാപിച്ചുകഴിഞ്ഞു. തുറമുഖാധിഷ്ഠിത കോഴ്സുകളുൾപ്പെടെയുള്ളവയിൽ ഇവിടെ പരിശീലനം നൽകുകയും പരിശീലനം പൂർത്തീകരിക്കുന്ന യോഗ്യരായവർക്ക് തുറമുഖത്തിൽ തൊഴിൽ ലഭ്യമാകുന്നതുമാണ്. ട്രക്ക് ഓപ്പറേറ്റർ തസ്തികയിൽ ആദ്യ ബാച്ചിൽ കോഴ്സ് പൂർത്തിയാക്കിയ 17 പേർക്കും ലാസ്കർ തസ്തികയിൽ കോഴ്സ് പൂർത്തിയാക്കിയ 24 പേർക്കും തുറമുഖത്തിൽ ജോലി നൽകിയിട്ടുണ്ട്. കൂടാതെ, തുറമുഖത്തിലേക്കായി ട്രക്ക് ഓപ്പറേറ്റർ കോഴ്സിന്റെ അടുത്ത ബാച്ചിലേക്കുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോഴ്സ് ഉടൻ ആരംഭിക്കുന്നതാണ്. നിലവിൽ ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് (നഴ്സിംഗ് അസിസ്റ്റന്റ്), ഡൊമസ്റ്റിക് ഡാറ്റ എൻട്രി ഓപ്പറേറ്റർ എന്നീ കോഴ്സുകൾ അസാപിൽ നടത്തി വരുന്നുണ്ട്. തുറമുഖാധിഷ്ഠിത കോഴ്സുകളുൾപ്പെടെയുള്ള മറ്റനവധി കോഴ്സുകൾ നടപ്പിലാക്കുന്നത് അസാപ് പരിഗണിച്ചുവരുന്നുണ്ട്.

ഫിഷറീസ് വകുപ്പിന്റെ കീഴിൽ പദ്ധതി പ്രദേശത്ത് സ്കൂളുകളിൽ വിദ്യാതീരം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(ഡി) ശുദ്ധജല വിതരണത്തിനും മാലിന്യ നിർമ്മാർജനത്തിനുമായുള്ള പദ്ധതികൾ നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശത്തെ കുടിവെള്ള വിതരണത്തിനും മാലിന്യ നിർമ്മാർജനത്തിനുമായി വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

കുടിവെള്ള പദ്ധതി

തുറമുഖ പദ്ധതിക്കായി 7.3 കോടി രൂപ ചെലവിൽ നിർമ്മിച്ച 3.3 ദശലക്ഷം ലിറ്ററിന്റെ പ്ലാന്റിനുപുറമേ പദ്ധതി പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി കഴിഞ്ഞ വർഷം 1.74 കോടി രൂപ ചെലവിൽ ടി പ്രദേശത്തെ ഭൂരിഭാഗം വീടുകളിലും (1000 ൽപ്പരം) ജലവിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു. ശേഷിക്കുന്ന വീടുകളുടെ സർവേ നടത്തി കണക്ഷനുകൾ നൽകുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നുണ്ട്.

ഖരമാലിന്യ സംസ്കരണ കേന്ദ്രം (എം.ആർ.എഫ്.)

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി പദ്ധതി പ്രദേശത്തെ അജൈവ

ഖരമാലിന്യങ്ങളുടെ നിർമ്മാർജനത്തിനായി ഒരു മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ (എം.ആർ.എഫ്.) സ്ഥാപിക്കുന്നതാണ്. HED-യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് എം.ആർ.എഫ്. സ്ഥാപിക്കുന്നതിനായി 1.04 കോടി രൂപയുടെ പദ്ധതി SEUF-ഉം ക്ലീൻ കേരള കമ്പനിയും ചേർന്ന് തയ്യാറാക്കുകയും ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലുമാണ്. എം.ആർ.എഫ്. നിർമ്മിക്കുന്നതിനുള്ള തുക VISL-ഉം AVPPL-ഉം തുല്യമായാണ് ചെലവിടുന്നത്. എം.ആർ.എഫ്.-ന്റെ പരിപാലനച്ചുമതല തിരുവനന്തപുരം കോർപ്പറേഷനാണ് നിർവഹിക്കുന്നത്. ടി ഖരമാലിന്യ സംസ്കരണ കേന്ദ്രം സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി വിഴിഞ്ഞം പ്രദേശത്തെ മാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാകുന്നതാണ്.

വൈദ്യുതലൈനുകൾ കവചിതമാക്കാൻ നടപടി

28(*208) ശ്രീ. എ. കെ. എം. അഷ്റഫ്:
ഡോ. എം. കെ. മുനീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:

ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കാറ്റത്തും മഴയത്തും വൈദ്യുതലൈൻ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുതടയാൻ കവചിത വൈദ്യുതലൈനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ടോ; അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി എവിടെയെങ്കിലും നടപ്പാക്കിയിട്ടുണ്ടോയെന്നും ഇത് സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലൈനുകളിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതുവഴിയും എ.ബി.സി/കവേർഡ് കണ്ടക്ടറുകൾ ഉപയോഗിക്കുന്നതുവഴിയും ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാവുന്നതാണ്. ഭൂഗർഭ കേബിളുകൾ, ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ (എ.ബി.സി.)/കവേർഡ് കണ്ടക്ടറുകൾ ഇവ സ്ഥാപിച്ചുകൊണ്ട് വൈദ്യുതി എത്തിക്കുന്നത് താരതമേന്യ ചെലവേറിയ

പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും ഘട്ടംഘട്ടമായി പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ നടത്താനാണ് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിരിക്കുന്നത്.

വിതരണ ശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമായി 2018 മുതൽ 2022 വരെ നടപ്പിലാക്കിയ ദ്യുതി 1 പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ വിവിധ ഇലക്ട്രിക്കൽ സർക്കിളുകൾക്ക് കീഴിലായി 117.33 കോടി രൂപ ചെലവഴിച്ച് 842 കി.മീ. ഹൈ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കണ്ടക്ടറുകളും (എച്ച്.റ്റി. എ.ബി.സി.) 168.04 കോടി രൂപ ചെലവഴിച്ച് 1749.6 കി.മീ. ലോ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കണ്ടക്ടറുകളും (എൽ.റ്റി. എ.ബി.സി.) 99.71 കോടി രൂപ ചെലവഴിച്ച് 581.86 കി.മീ. ഭൂഗർഭ കേബിളുകളും 6.51 കോടി രൂപ ചെലവഴിച്ച് 41.34 കി.മീ. കവേർഡ് കണ്ടക്ടറുകളും 42.06 കോടി രൂപ ചെലവഴിച്ച് 284.24 കി.മീ. ഹൈ ടെൻഷൻ ഓവർ ഹെഡ് ലൈനുകൾ മാറ്റി ഏരിയൽ ബഞ്ച്ഡ് കേബിൾ (എ.ബി.സി.) കണ്ടക്ടറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

2022-23 മുതൽ നടപ്പിലാക്കി വരുന്ന ദ്യുതി 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി പ്രധാനമായും 2245.98 കി.മീ. എച്ച്.റ്റി. ഏരിയൽ ബഞ്ച്ഡ് കേബിളും (എച്ച്.ടി. എ.ബി.സി.) 76.93 കി.മീ. എച്ച്.റ്റി. കവേർഡ് കണ്ടക്ടറും 795.44 കി.മീ. ഭൂഗർഭ കേബിളും 4075.52 കി.മീ. ലോ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കേബിൾ (എൽ.റ്റി. എ.ബി.സി.) ലൈനും നിർമ്മിക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ദ്യുതി 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 മുതൽ 2024-25 ഒക്ടോബർ 2024 വരെ 458 കി.മീ. എച്ച്.റ്റി. എ.ബി.സി. ലൈനും 4 കി.മീ. ഹൈ ടെൻഷൻ കവേർഡ് കണ്ടക്ടറും 70 കി.മീ. ഭൂഗർഭ കേബിളും 1185 കി.മീ. എൽ.റ്റി. എ.ബി.സി.യും 24 കി.മീ. എൽ.റ്റി. കവേർഡ് കണ്ടക്ടറും പുതുതായി നിർമ്മിക്കുകയും 136 കി.മീ. എച്ച്.റ്റി. ഓവർഷെഡ് ബെയർ ലൈൻ എ.ബി.സി. ആക്കി മാറ്റുകയും 6769 കി.മീ. എൽ.റ്റി. ഓവർഹെഡ് ബെയർ ലൈൻ എ.ബി.സി. ആക്കിമാറ്റുകയും ചെയ്തിട്ടുണ്ട്.

ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒരു പരിധിവരെ സ്പേസറുകൾ സ്ഥാപിച്ചും ഒഴിവാക്കാവുന്നതാണ്.

15-03-2022-ൽ കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ച ആർ.ഡി.എസ്.എസ്. പദ്ധതിക്ക്, 20-05-2024-ന് നടന്ന 34-മത് RDSS മോണിറ്ററിങ് കമ്മിറ്റിയിൽ അനുവദിക്കപ്പെട്ട പുതുക്കിയ സാങ്ഷൻ പ്രകാരം ഉപപ്രസരണ വിതരണ പ്രവർത്തനങ്ങളുടെ അംഗീകരിച്ച തുക 2880.1 കോടി രൂപയാണ്.

RDSS പദ്ധതിയിൽ നിലവിലുള്ള കാലപ്പഴക്കംവന്ന വൈദ്യുതി ലൈനുകൾ (11 കെ.വി/33 കെ.വി) മാറ്റി കവചിത ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്. അണ്ടർഗ്രൗണ്ട് കേബിളിന്റെ പ്രവൃത്തികളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) ഈ പദ്ധതിക്ക് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

2023-24 സാമ്പത്തിക വർഷത്തിൽ റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച കോസ്റ്റ് ഡാറ്റ പ്രകാരം ഒരു മീറ്റർ 11 കെ. വി. എ.ബി.സി. വലിക്കുന്നതിനുള്ള ശരാശരി ചെലവ് 2097 രൂപയായും ഒരു മീറ്റർ എൽ.റ്റി.

എ.ബി.സി വലിക്കുന്നതിനുള്ള ശരാശരി ചെലവ് 819 രൂപയായും 11 കെ.വി. യു.ജി. കേബിൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് റോഡ് റെസ്റ്റോറേഷൻ ചാർജ്ജും മറ്റ യൂട്ടിലിറ്റി ചാർജ്ജുകളും കൂടാതെ 2657 രൂപയായും നിശ്ചയിച്ചിട്ടുണ്ട്. വിതരണ മേഖലയിൽ നിലവിലുള്ള 11 കെ.വി. ഓവർഹെഡ് ലൈനുകൾ 60440 കി.മീ.ഉം എൽ.റ്റി. ഓവർഹെഡ് ലൈനുകൾ 303712 കി.മീ.യുമാണ്. നിലവിലെ നിരക്കനുസരിച്ച്, ഇപ്പോഴുള്ള 11 കെ.വി. ഓവർഹെഡ് ബെയർ ലൈനുകൾ ഏരിയൽ ബഞ്ച്ഡ് കേബിൾ (എ.ബി.സി.) ആക്കി മാറ്റുകയാണെങ്കിൽ ഏകദേശം 12,674 കോടി രൂപയും ഭൂഗർഭ കേബിളുകളാക്കി മാറ്റുകയാണെങ്കിൽ റോഡ് റെസ്റ്റോറേഷൻ ചാർജ്ജും മറ്റ യൂട്ടിലിറ്റി ചാർജ്ജുകളും കൂടാതെ ഏകദേശം 16,058 കോടി രൂപയും ചെലവ് വരുന്നതാണ്. നിലവിലെ എൽ.റ്റി. ഓവർഹെഡ് ബെയർ ലൈനുകൾ മാറ്റി ഏരിയൽ ബഞ്ച്ഡ് കേബിൾ (എ.ബി.സി.) ആക്കുകയാണെങ്കിൽ ഏകദേശം 24,874 കോടി രൂപ ചെലവ് വരുന്നതാണ്.

വ്യാവസായികരംഗത്ത് കെൽട്രോൺ നേടിയ പുരോഗതി

29(*209) ശ്രീ. കെ. വി. സുമേഷ്:
ഡോ. കെ. ടി. ജലീൽ:

ശ്രീ. കെ. എം. സച്ചിൻദേവ്:

ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ കെൽട്രോണിന് ഗുണകരമായിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനത്തിന്റെ ഭാഗമായി കെൽട്രോണിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിവിധ യൂണിറ്റുകളുടെ നിർമ്മാണ സൗകര്യങ്ങളുടെ നവീകരണത്തിനും വികസനത്തിനുമായി 2016-24 സാമ്പത്തിക വർഷത്തിൽ 29.5 കോടി രൂപ സർക്കാർ അനുവദിച്ചിരുന്നു. 2023-24 സാമ്പത്തിക വർഷം 630.76 കോടി രൂപയുടെ വില്പനയാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും 643.66 കോടി രൂപയുടെ വിൽപന കൈവരിച്ച് കെൽട്രോൺ മികച്ച പ്രവർത്തനം കാഴ്ചവച്ചു. 2022-23 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 256.47% വർദ്ധനവ് ഓർഡർബുക്കിങ്ങിലും 34.92.%

വർദ്ധനവ് വിറ്റുവരവിലും കൈവരിക്കാനായി. ഇലക്ട്രോണിക്സ് ഉൽപന്നങ്ങളുടെ നിർമ്മാണം, സിസ്റ്റം ഇന്റഗ്രേഷൻ, ഹാർഡ്വെയർ വില്പന, സോഫ്റ്റ്വെയർ ഡെവലപ്മെന്റ്, നെറ്റ്വർക്കിങ്, നൈപുണ്യ വികസനം എന്നിങ്ങനെ വിവിധ തലത്തിലുള്ളതും വൈവിധ്യവുമായ ബിസിനസ്സാണ് കെൽട്രോൺ നടത്തിവരുന്നത്. പ്രതിരോധം, സ്പെയ്സ്, പവർ ഇലക്ട്രോണിക്സ്, കൺട്രോൾ & ഇൻസ്ട്രുമെന്റേഷൻ, സൗരോർജം, ഐ.ടി., സുരക്ഷ നിരീക്ഷണം, ട്രാഫിക് എൻഫോഴ്സ്മെന്റ്, ഇന്റലിജന്റ് ട്രാൻസ്പോർട്ട് മാനേജ്മെന്റ്, സ്മാർട്ട്സിറ്റി എന്നീ മേഖലകളിലും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അതുപോലെ ട്രാഫിക് സിഗ്നലുകൾ, എൽ.ഇ.ഡി ലൈറ്റുകൾ, ഡിജിറ്റൽ ശ്രവണ സഹായികൾ എന്നിവയുടെ നിർമ്മാണവും കമ്പനി ചെയ്യുന്നുണ്ട്.

(ബി) പ്രതിരോധ മേഖലയിലും ബഹിരാകാശദൗത്യ മേഖലയിലും കെൽട്രോൺ നൽകിയിട്ടുള്ള സംഭാവനകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. പ്രതിരോധ മേഖലയിലും ബഹിരാകാശദൗത്യ മേഖലയിലും ആവശ്യമായ നിരവധി ഉൽപന്നങ്ങൾ കെൽട്രോൺ തദ്ദേശീയമായി

നിർമ്മിച്ചുനൽകിയിട്ടുണ്ട്. ഇതുമുഖേന ഏകദേശം 100 കോടി രൂപയുടെ വാർഷിക വിറ്റുവരവ് കെൽട്രോണിന് ലഭിക്കുന്നുണ്ട്. നാവികസേനയ്ക്കുവേണ്ടി എക്കോസൗണ്ടർ, ഇലക്ട്രോമാഗ്നെറ്റിക് ലോഗ്, ഡാറ്റ ഡിസ്ട്രിബ്യൂഷൻ യൂണിറ്റുകൾ, പവർ ആംപ്ലിഫയറുകൾ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ ഓർഡറിന്റെ അടിസ്ഥാനത്തിൽ കെൽട്രോൺ നിർമ്മിച്ച് നൽകുന്നുണ്ട്. സോണാർ അറെകൾക്കുവേണ്ടി കെൽട്രോൺ സ്വന്തമായി രൂപകല്പന ചെയ്ത ലോ ഫ്രീക്വൻസി പ്രോസസിംഗ് മോഡ്യൂളുകളാണ് ഉപയോഗിച്ചുവരുന്നത്. സബ്മറൈൻ കപ്പലുകൾക്കുവേണ്ട ഇ.എം. ലോഗ് നിർമ്മിച്ച് നൽകുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കും കെൽട്രോൺ തുടക്കംകുറിച്ചിട്ടുണ്ട്. ഇന്ത്യയുടെ ബഹിരാകാശ പദ്ധതിയുടെ ചരിത്രത്തിലുടനീളം ലോഞ്ച് വെഹിക്കിൾ നാവിഗേഷൻ ആൻഡ് ഗൈഡൻസ് കമ്പ്യൂട്ടറുകൾ (എൻ.ജി.സി. പാക്കേജുകൾ) ഉൾപ്പെടുന്ന എല്ലാ നിർണ്ണായക ഇലക്ട്രോണിക്സ് സബ്അസംബ്ലികളിലും അവയുടെ ടെസ്റ്റിങ്ങിലും കെൽട്രോണിന്റെ സംഭാവനയുണ്ട്. ബഹിരാകാശ വിക്ഷേപണ വാഹനങ്ങളുടെ ഭാഗമായ ഏവിയോണിക്സ് ഉപസംവിധാനങ്ങളുടെ അന്തിമ

പരീക്ഷണം നടത്തുന്നതിനുള്ള ടെസ്റ്റ് ആൻഡ് ഇവാലുവേഷൻ സൗകര്യം കെൽട്രോണിനുണ്ട്. ഗഗൻയാൻ ദൗത്യത്തിലും കെൽട്രോൺ പങ്കാളിയാണ്.

(സി) രാജ്യത്ത് ആദ്യമായി സൂപ്പർ കപ്പാസിറ്റർ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് തുടക്കം കുറിക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കണ്ണൂർ കല്യാശ്ശേരിയിലുള്ള കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിലാണ് സൂപ്പർ കപ്പാസിറ്റർ ഉൽപാദന കേന്ദ്രം സ്ഥാപിച്ചിരിക്കുന്നത്. 42 കോടി രൂപ മുതൽമുടക്കിൽ വിഭാവനം ചെയ്തിരിക്കുന്ന ഈ പദ്ധതിയുടെ ആദ്യഘട്ടം 18 കോടി രൂപ ചെലവിൽ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ഉദ്ഘാടനം 2024 ഒക്ടോബർ 1-ന് ബഹു. മുഖ്യമന്ത്രി നിർവഹിച്ചു. ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) കൺട്രോൾ ആൻഡ് ഇൻസ്ട്രുമെന്റേഷൻ മേഖലയിൽ കെൽട്രോൺ നേടിയിട്ടുള്ള പുരോഗതി വിവരിക്കാമോ; വിദേശ

രാജ്യങ്ങളുമായി ഈ മേഖലയിൽ സഹകരണത്തിനായി ധാരണയായിട്ടുണ്ടോ; വ്യക്തമാക്കുമോ?

രാജ്യത്തെ സുപ്രധാന പദ്ധതികളിൽ കൺട്രോൾ ആൻഡ് ഇൻസ്ട്രുമെന്റേഷൻ സംവിധാനങ്ങൾ നിർമ്മിച്ചുനൽകുന്നതിനുള്ള 13 കോടിയോളം രൂപയുടെ ഓർഡറുകൾ ഐ.എസ്.ആർ.ഒ., ഡിപ്പാർട്ട്മെന്റ് ഓഫ് അറ്റോമിക് എനർജി തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങളിൽനിന്നും കെൽട്രോണിന് ലഭിച്ചിട്ടുണ്ട്. അരുരിലുള്ള കെൽട്രോൺ യൂണിറ്റായ കെൽട്രോൺ കൺട്രോൾസാണ് ഓർഡറുകൾ പൂർത്തിയാക്കുന്നത്. തിരുവനന്തപുരത്തെ വലിയമലയിലെ ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റം സെന്ററിലെ (എൽ.പി.എസ്.സി.) ഐ.എൽ.എഫ്.സി. ഫെസിലിറ്റിയിലേക്കും ഗഗൻയാൻ സി.പി.സി.എസ്. ടെസ്റ്റ് ഫെസിലിറ്റിയിലേക്കും ആവശ്യമായ മെഷർമെന്റ് ആൻഡ് കമാന്റ് സിസ്റ്റം സ്ഥാപിക്കുന്നതിനും കമ്മീഷൻ ചെയ്യുന്നതിനുമായി 7.08 കോടി രൂപയുടെ രണ്ട് ഓർഡറുകൾ ഐ.എസ്.ആർ.ഒ.-യിൽനിന്നും ലഭിച്ചിട്ടുണ്ട്. കൺട്രോൾ ആൻഡ് ഇൻസ്ട്രുമെന്റേഷൻ മേഖലയിൽ സംയുക്ത പ്രവർത്തനങ്ങൾ

നടത്തുന്നതിനായി നോർവെ ആസ്ഥാനമായി പ്രവർത്തിക്കുന്ന എൽടോർക്ക് എന്ന വിദേശ സ്ഥാപനവുമായി സഹകരണ പത്രം 2024 സെപ്റ്റംബർ 25-ന് ഒപ്പിട്ടിട്ടുണ്ട്.

തോറിയം അധിഷ്ഠിത ആണവനിലയം

30(*210) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോറിയം അധിഷ്ഠിത ആണവനിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല.

(ബി) ഉണനിലവാരമുള്ള തോറിയം സംസ്ഥാനത്ത് ലഭ്യമാണെന്ന കാര്യം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ;

(സി) ഈ പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

(ബി&സി) ഉണ്ട്. കേരളത്തിൽ ആണവനിലയം സ്ഥാപിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഡി.ഡി.ഒ. പദവിയിലെ നിയന്ത്രണം

1 (2346) ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപന മേധാവികളുടെ ഡി.ഡി.ഒ. പദവിയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാനുണ്ടായ സാഹചര്യങ്ങൾ എന്താണെന്ന് വിശദമാക്കാമോ?

എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപന മേധാവികളുടെ ഡി.ഡി.ഒ. പദവിയിൽ പ്രത്യേകിച്ച് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. മറ്റെല്ലാ സ്പാർക്ക് ബില്ലുകളിലും ചെയ്യുന്നതുപോലെ 10/24 മുതലുള്ള മാസശമ്പള ബില്ലുകളിലും സ്പാർക്കിലെ ഓൺലൈൻ സംവിധാനത്തിലൂടെ

നിയന്ത്രണാധികാരികൾ കൗണ്ടർസൈൻ ചെയ്യണമെന്ന നിർദ്ദേശം 30-09-2024-ലെ സ.ഉ.(അച്ചടി) നം.85/2024/ധന.പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മാസബില്ലുകളുടെ ആധികാരികതയും കൃത്യതയും നിയന്ത്രണാധികാരികൾ മുൻകൂർ ഉറപ്പുവരുത്തുന്നതിനാണ് ഈ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി ഉത്തരവിറക്കിയിരിക്കുന്നത്.

വാസയോഗ്യമല്ലാത്ത വീടുകൾ റിപ്പയർ ചെയ്യുന്നതിനായി ബാങ്ക് വായ്പ

2 (2347) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ വാസയോഗ്യമല്ലാത്ത വീടുകൾ റിപ്പയർ ചെയ്യുന്നതിന് ബാങ്ക് വായ്പ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ അനുമതി ചോദിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പിനോട് അനുമതി ചോദിച്ചിട്ടുണ്ട്.

(ബി) ബാങ്ക് വായ്പയിലൂടെ വീട് റിപ്പയർ ചെയ്യുന്നതിനുള്ള ധനകാര്യ വകുപ്പിന്റെ എസ്.എഫ്.സി.-എ-2468950 ഫയൽ നമ്പർ പ്രകാരമുള്ള അപേക്ഷയിൽ അനുമതി ലഭിക്കാത്തത് കാരണം പ്രസ്തുത പദ്ധതി

സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

ഇക്കാര്യം ശ്രദ്ധയിൽപെട്ടിട്ടില്ല.

(സി) ധനകാര്യ വകുപ്പിന് പ്രത്യക്ഷമായ ബാധ്യത വരാതെ അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട പ്രസ്തുത പദ്ധതിക്ക് എത്രയുംവേഗം അനുമതി നൽകാൻ നടപടി സ്വീകരിക്കാമോ?

നടപടി സ്വീകരിച്ചുവരുന്നു.

ധനപ്രതിസന്ധി മറികടക്കുന്നതിനുള്ള ബദൽ മാർഗ്ഗങ്ങൾ

3 (2348) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നിലവിൽ നേരിടുന്ന ധനപ്രതിസന്ധിയുടെ പ്രധാനകാരണങ്ങൾ വിശദമാക്കാമോ?

പ്രകൃതിദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതിവിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാനത്തിന് നികുതി

വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തതും സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന ബ്രാൻഡിങ്/നെയ്മിങ് മാർഗ്ഗനിർദേശങ്ങൾ പാലിച്ചിട്ടില്ലെന്ന കാരണമുയർത്തി കേന്ദ്ര ധനകൈമാറ്റത്തിൽ കുറവ് വരുത്തിയതും സംസ്ഥാനത്ത് പണഞെരുക്കത്തിന് ഇടയാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും സർക്കാർ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചത് സ്ഥിതി കൂടുതൽ വഷളാക്കി.

സംസ്ഥാനത്തിന്റെ വരുമാനത്തിലെ ഭീമമായ കുറവ് തനത് വരുമാന വർധനവിലൂടെ നികത്തുവാൻ സാധ്യമല്ല. അതേസമയം, ചെലവുകളിന്മേൽ കേന്ദ്ര ധനകൈമാറ്റത്തിലെ കുറവിനാനുപാതികമായി വെട്ടിച്ചുരുക്കൽ

വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ഞെരുക്കത്തിന്റെ അടിസ്ഥാന കാരണം.

(ബി) പ്രതിസന്ധി മറികടക്കുന്നതിന് ബദൽ മാർഗ്ഗങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നല്കാമോ;

(സി) വികസന-ക്ഷേമ പ്രവർത്തനങ്ങൾ തടസ്സമില്ലാതെ മുന്നോട്ടുകൊണ്ടുപോകുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

(ബി&സി) നികുതി പിരിവ് ഊർജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും വികസന-ക്ഷേമ പ്രവർത്തനങ്ങൾ മുടക്കം കൂടാതെ നടത്താനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്.

ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകൾ

4 (2349) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിതകാലയളവിൽ റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനും ധനകമ്മി കുറയ്ക്കുന്നതിനും സമയബന്ധിത ലക്ഷ്യങ്ങൾ നിർദേശിച്ചുകൊണ്ടുള്ള ധനഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകളെല്ലാം പാലിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സമയബന്ധിത ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അവയിൽ നിറവേറ്റാൻ കഴിയാത്തവ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

(എ&ബി) സാമ്പത്തിക പ്രതിസന്ധികൾക്കും വെല്ലുവിളികൾക്കുമിടയിലും 2021-22-ലെ കോവിഡ് മഹാമാരി ഏൽപ്പിച്ച ആഘാതത്തിൽനിന്നും കേരളം ശക്തമായ തിരിച്ചുവരവിലൂടെ സ്ഥായിയായ വളർച്ച രേഖപ്പെടുത്തിയ വർഷമാണ് 2023-24. അസമത്വവും നീതീകരണമില്ലാത്തതുമായ കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധവും ഫെഡറലിസത്തിന്റെ നയങ്ങൾ യഥാവിധി നടപ്പിലാക്കുന്നതിലെ കേന്ദ്രസർക്കാരിന്റെ പരാജയവും ഇന്ന് സംസ്ഥാന സമ്പദ്ഘടനയെ

മുൻപുണ്ടായിട്ടില്ലാത്ത വിധത്തിലുള്ള ധനഞെരുക്കത്തിലേക്ക് നയിച്ചെങ്കിലും സംസ്ഥാന സർക്കാർ ജനക്ഷേമത്തിനും വരുമാന വളർച്ചയ്ക്കും ഊന്നൽ നൽകി ഒരു നവകേരളം നിർമ്മിക്കാനുള്ള ദൃഢനിശ്ചയവുമായി മുന്നേറുകയാണ്.

സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന നിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. ധനഞെരുക്കത്തിനിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടുവരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻ വർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥയ്ക്ക് അകത്തുനിന്നും പുറത്തുനിന്നുമുണ്ടായ തടസ്സങ്ങളിൽനിന്നും മോചനംനേടി

പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കംകൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി, നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂകമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

അക്കൗണ്ടന്റ് ജനറലിന്റെ 2023-24 വർഷത്തെ ജേണൽ എൻട്രി കണക്കുകൾ അനുസരിച്ച് പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്ന ധനദ്യഢീകരണ പാതയ്ക്കുള്ളിൽതന്നെ സംസ്ഥാനത്തിന്റെ കടവും മൊത്ത ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള അനുപാതവും, ധനകമ്മിയും മൊത്ത ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള അനുപാതവും നിലനിർത്താൻ 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു:

(ശതമാനത്തിൽ)

ധന സൂചകങ്ങൾ	ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ച അനുപാതം	2023-24 സാമ്പത്തിക വർഷം സംസ്ഥാനം കൈവരിച്ച അനുപാതം (അക്കൗണ്ടന്റ് ജനറലിന്റെ 2023-24 വർഷത്തെ ജേണൽ എൻട്രി കണക്കുകൾ പ്രകാരം)
ധനകമ്മി/ ജി.എസ്. ഡി.പി	(-)3.5	(-)2.92
റവന്യൂകമ്മി/ ജി.എസ്. ഡി.പി	(+)1.2	(-)1.54
കടബാധ്യത/ജി. എസ്.ഡി.പി	33.70	33.38

ധനകാര്യ കമ്മിഷൻ നിഷ്കർഷിച്ചിട്ടുള്ള റവന്യൂമിച്ച സംസ്ഥാനമാകാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ലെങ്കിലും റവന്യൂ കമ്മി മുൻവർഷങ്ങളെ അപേക്ഷിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ കുറയ്ക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു കുറവും വരുത്തുന്നില്ലായെന്നതാണ് സംസ്ഥാനം റവന്യൂ കമ്മിയായി തുടരുന്നതിന് ഹേതുവാകുന്നത്.

(സി) സർക്കാർ ചെലവുകളെക്കുറിച്ചും ധനകാര്യ സ്ഥിതിയെക്കുറിച്ചുമുള്ള കേരള പൊതുചെലവ് അവലോകന സമിതിയുടെ എത്ര റിപ്പോർട്ടുകൾ ഇനിയും സർക്കാരിന് സമർപ്പിക്കാനുണ്ട്; വിശദമാക്കാമോ?

2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിലെ (2003-ലെ 29) ആറാം വകുപ്പ് പ്രകാരം സർക്കാർ പൊതുചെലവ് പുനഃപരിശോധന കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റിയെ ഗസറ്റ് നോട്ടിഫിക്കേഷൻ മുഖേന രൂപീകരിക്കേണ്ടതുണ്ട്. 16-09-2022-ലെ എസ്.ആർ.ഒ. നം.892/2022 പ്രകാരം രൂപീകരിച്ച ആറാം എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയാണ് സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ളത്. ഡോ. ഡി. നാരായണ ചെയർമാനും, ശ്രീ. എൻ. രാമലിംഗം, ശ്രീ. സിദ്ധിക്ക് റാബിയത്ത്, ശ്രീമതി. പി. എൽ. ബീന എന്നിവർ കമ്മിറ്റി അംഗങ്ങളുമാണ്. ആറാം എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ 2019-20, 2020-21 വർഷങ്ങളിലെ ഒന്നാമത്തെ റിപ്പോർട്ട് 2024 ജൂൺ മാസത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) ധനകമ്മി കുറച്ചുകൊണ്ടുവരുന്നതിനായി മുൻകാലങ്ങളിൽ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തെല്ലാം മാർഗനിർദേശങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

സാമ്പത്തിക പ്രതിസന്ധികൾക്കും വെല്ലുവിളികൾക്കുമിടയിലും 2021-22-ലെ കോവിഡ് മഹാമാരി ഏൽപ്പിച്ച ആഘാതത്തിൽനിന്നും കേരളം ശക്തമായ തിരിച്ചുവരവിലൂടെ സ്ഥായിയായ വളർച്ച രേഖപ്പെടുത്തിയ വർഷമാണ് 2023-24. അസമത്വവും നീതീകരണമില്ലാത്തതുമായ കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധവും ഫെഡറലിസത്തിന്റെ നയങ്ങൾ യഥാവിധി നടപ്പിലാക്കുന്നതിലെ കേന്ദ്രസർക്കാരിന്റെ പരാജയവും ഇന്ന് സംസ്ഥാനസമ്പദ്ഘടനയെ മുൻപുണ്ടായിട്ടില്ലാത്ത വിധത്തിലുള്ള ധനഞെരുക്കത്തിലേക്ക് നയിച്ചെങ്കിലും സംസ്ഥാന സർക്കാർ ജനക്ഷേമത്തിനും വരുമാന വളർച്ചയ്ക്കും ഊന്നൽനൽകി ഒരു നവകേരളം നിർമ്മിക്കാനുള്ള ദൃഢനിശ്ചയവുമായി മുന്നേറുകയാണ്.

സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ

ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. ധനഞെരുക്കത്തിനിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടുവരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻ വർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥയ്ക്ക് അകത്തുനിന്നും പുറത്തുനിന്നുമുണ്ടായ തടസ്സങ്ങളിൽനിന്നും മോചനംനേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി-നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂകമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും

കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

അക്കൗണ്ടന്റ് ജനറലിന്റെ 2023-24 വർഷത്തെ ജേണൽ എൻട്രി കണക്കുകൾ അനുസരിച്ച് പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്ന ധനദ്ധീകരണ പാതയ്ക്കുള്ളിൽത്തന്നെ സംസ്ഥാനത്തിന്റെ കടവും മൊത്ത ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള അനുപാതവും, ധനകമ്മിയും മൊത്ത ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള അനുപാതവും നിലനിർത്താൻ 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു:

(ശതമാനത്തിൽ)

ധന സൂചകങ്ങൾ	**ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ച അനുപാതം**	**2023-24 സാമ്പത്തിക വർഷം സംസ്ഥാനം കൈവരിച്ച അനുപാതം (അക്കൗണ്ടന്റ് ജനറലിന്റെ 2023-24 വർഷത്തെ ജേണൽ എൻട്രി കണക്കുകൾ പ്രകാരം)**
ധനകമ്മി/ ജി.എസ്. ഡി.പി	(-)3.5	(-)2.92
റവന്യൂകമ്മി/	(+)1.2	(-)1.54

ജി.എസ്. ഡി.പി		
കടബാധ്യത/ജി. എസ്.ഡി.പി	33.70	33.38

ധനകാര്യ കമ്മിഷൻ നിഷ്കർഷിച്ചിട്ടുള്ള റവന്യൂ മിച്ച സംസ്ഥാനമാകാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ലായെങ്കിലും റവന്യൂ കമ്മി മുൻ വർഷങ്ങളെ അപേക്ഷിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ കുറയ്ക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു കുറവും വരുത്തുന്നില്ലായെന്നതാണ് സംസ്ഥാനം റവന്യൂ കമ്മി ആയി തുടരുന്നതിന് ഹേതുവാകുന്നത്.

പദ്ധതി വിഹിതം

5 (2350) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024- 25 സാമ്പത്തികവർഷത്തെ പദ്ധതി വിഹിതം എത്ര കോടി രൂപയാണെന്നും എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്നും

വ്യക്തമാക്കുമോ; ഇതിൽ ഓരോ വകുപ്പിന്റെ പദ്ധതി വിഹിതവും ഇതുവരെ ചെലവഴിച്ച തുകയും വ്യക്തമാക്കുമോ?

2024-25 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി ധനാഭ്യർത്ഥനകൾക്കു കീഴിൽ കേന്ദ്രാവിഷ്കൃത പദ്ധതിയുൾപ്പെടെ പദ്ധതിയിനത്തിൽ ബജറ്റിൽ വകയിരുത്തിയിരുന്ന വിഹിതവും അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം ചെലവഴിക്കപ്പെട്ട തുകയും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി വിഹിതവും ഇതുവരെ ചെലവഴിച്ച തുകയും വ്യക്തമാക്കുമോ; പദ്ധതികൾക്കായുള്ള കേന്ദ്ര വിഹിതം എത്രയെന്നും ഇതുവരെ ലഭിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?

2024-25 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി അനുവദിച്ചത് 8532 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 2722.96 കോടി രൂപയാണ് ഇതിനോടകം പദ്ധതി വിഹിതത്തിൽ ചെലവഴിച്ചത്. 2024-25 സാമ്പത്തിക വർഷം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശസ്ഥാപന പദ്ധതികൾക്കായുള്ള കേന്ദ്ര വിഹിതം 2637.28 കോടി രൂപയും ഇതുവരെ ലഭിച്ച വിഹിതം 667 കോടി രൂപയുമാണ്.

വ്യാപാരികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

6 (2351) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപാരി ക്ഷേമനിധിയിൽ അംഗങ്ങളായിരുന്ന എത്ര വ്യാപാരികൾക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിൽ വ്യാപാരി ക്ഷേമനിധി അംഗങ്ങളായ 12442 പേർക്ക് സെപ്റ്റംബർ 2024-ൽ പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വ്യാപാരികളുടെ ആരോഗ്യ സംരക്ഷണത്തിനായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇക്കാര്യം പരിശോധിച്ചുവരുന്നു.

കാസർഗോഡ് വികസന പാക്കേജിൽ കരാറുകാർക്ക് നൽകാനുള്ള കുടിശിക

7(2352) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്ത കരാറുകാർക്ക് ബിൽ തുക നൽകാൻ ബാക്കിയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എത്രകാലമായി കുടിശ്ശിക നിലനിൽക്കുന്നു; പ്രവൃത്തിയും തുകയും വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രവൃത്തി പൂർത്തീകരിച്ച കരാറുകാർക്കും പ്രവൃത്തി തുടരുന്ന കരാറുകാർക്കും നൽകാനുള്ള തുക വേർതിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഓരോ വർഷവും കാസർഗോഡ് പാക്കേജിന് ബജറ്റിൽ തുക വകയിരുത്തുന്നുവെങ്കിലും കരാറുകാർക്ക് കുടിശ്ശിക വരാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

(എ-ഡി) കൃത്യമായ സമയക്രമം നിശ്ചയിച്ചാണ് കരാറുകാരുടെയും സപ്ലൈയർമാരുടെയും ബില്ലുകൾ ഇപ്പോൾ മാറി നൽകിവരുന്നത്. 2024

മേയ് മാസംവരെയുള്ള ബില്ലുകൾ മാറി നൽകിയിട്ടുണ്ട്. കൂടാതെ ബില്ലുകൾക്ക് ബി.ഡി.എസ്. സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. കാസർഗോഡ് വികസന പാക്കേജിലുൾപ്പെടുത്തിയ പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർക്കും മേൽവ്യവസ്ഥകൾക്ക് വിധേയമായി തുക അനുവദിച്ചുവരുന്നുണ്ട്. നടപ്പുസാമ്പത്തികവർഷം (2024-25) കാസർഗോഡ് വികസന പാക്കേജിന് 75 കോടി രൂപ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന ways and means നിയന്ത്രണങ്ങളുടെ ഭാഗമായി അലോട്ട്മെന്റിൽ സീലിങ് പരിധി ഏർപ്പെടുത്തിയിട്ടുണ്ട്. സീലിങ് വർധിപ്പിക്കുന്നതിനായി ശിപാർശ ലഭ്യമാകുന്ന സാഹചര്യത്തിൽ അത് പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

സർക്കാരിന്റെ ബാധ്യതയും തിരിച്ചടവും

8(2353) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടം തിരിച്ചടവ് ഇനത്തിൽ അടുത്ത 5 വർഷം എത്ര രൂപയുടെ ബാധ്യതയാണ് തിരിച്ചടയ്ക്കേണ്ടതായിട്ടുള്ളത്; ഏതെല്ലാം ഏജൻസികൾക്ക്, പ്രതിവർഷം എത്ര രൂപ വീതമാണ് തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത്; ഓരോന്നിന്റെയും പലിശ നിരക്ക് എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തിന്റെ പൊതുകടത്തിൽ ആഭ്യന്തര വിപണിയിൽനിന്നുള്ള വായ്പകളും വിദേശ വായ്പകളും ഉൾപ്പെടും. വിദേശ വായ്പകളുടെ തിരിച്ചടവിൽ കറൻസി എക്സ്ചേഞ്ച് റേറ്റിലുണ്ടാകുന്ന ഫ്ലക്ചുവേഷന് വിധേയമായി മാറ്റങ്ങൾ സംഭവിക്കും. അതുകൊണ്ട് ഓരോ കാലയളവിലെയും ആകെ തിരിച്ചടവ് തുക കൃത്യമായി തിട്ടപ്പെടുത്തുക പ്രായോഗികമല്ല. ഓരോ വായ്പയുടെയും തിരിച്ചടവ് കാലാവധിയും പലിശയും വ്യത്യസ്തമാണ്.

(ബി) കിഫ്ബി, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്നിവ കൂടാതെ ഏതെല്ലാം സ്ഥാപനങ്ങൾ സർക്കാർ ഗ്യാരന്റിയിൽ വായ്പ എടുത്തിട്ടുണ്ട്; ഈ സ്ഥാപനങ്ങൾ എല്ലാംകൂടി ചേർന്ന് ആകെ എത്ര രൂപ

വായ്പയായി കൈപ്പറ്റിയിട്ടുണ്ട്; അടുത്ത 5 വർഷം എത്ര രൂപയുടെ ബാധ്യതയാണ് ഈ സ്ഥാപനങ്ങൾ തിരിച്ചടയ്ക്കേണ്ടതായിട്ടുള്ളത്; ഏതെല്ലാം സ്ഥാപനങ്ങൾക്ക്, പ്രതിവർഷം എത്ര രൂപ വീതമാണ് തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത്; ഓരോന്നിന്റെയും പലിശ നിരക്ക് എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

സഹകരണ ബാങ്കുകളും സൊസൈറ്റികളും പൊതുമേഖലാ സ്ഥാപനങ്ങളും മറ്റ് സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളും സർക്കാർ ഗ്യാരന്റി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. സർക്കാർ നൽകുന്ന ഗ്യാരന്റി പൂർണ്ണമായും വിനിയോഗിച്ച് എല്ലാ സ്ഥാപനങ്ങളും വായ്പയെടുക്കാറില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങൾ ആവശ്യകതയ്ക്കനുസരിച്ചാണ് സർക്കാർ ഗ്യാരന്റി ഉപയോഗപ്പെടുത്താറുള്ളത്. 31-03-2023-ൽ ഔട്ട്സ്റ്റാൻഡിങ് ഗ്യാരന്റി 50374.49 കോടി രൂപയാണ്. ഗ്യാരന്റിയുടെ പിൻബലത്തിൽ സ്ഥാപനങ്ങളെടുക്കുന്ന വായ്പകളുടെ ടേംസ് ആൻഡ് കണ്ടീഷൻസ് ഓരോ വായ്പയ്ക്കും വ്യത്യസ്തമായിരിക്കും.

(സി) ഈ സ്ഥാപനങ്ങൾ ഓരോന്നിനും എത്ര രൂപയുടെ സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്; ഇതിൽ സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കുമെന്ന് വ്യക്തമാക്കപ്പെട്ട ബാധ്യത എത്രയാണ്; വ്യക്തമാക്കുമോ?

സർക്കാർ ഗ്യാരന്റിയിന്മേൽ വിവിധ സ്ഥാപനങ്ങളെടുക്കുന്ന വായ്പകളെ കണ്ടിജന്റ് ലയബിലിറ്റിയായി മാത്രമേ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. ഇതിന് കടകവിരുദ്ധമായ സമീപനം കേന്ദ്രസർക്കാർ സ്വീകരിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അത് സംസ്ഥാന സർക്കാർ അംഗീകരിക്കുന്നില്ല.

സർക്കാരിന്റെ വായ്പാപരിധി

9(2354) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് ഈ സാമ്പത്തിക വർഷമെടുക്കാവുന്ന പരമാവധി വായ്പയേക്കാൾ കൂടുതൽ തുക പലിശയിനത്തിൽ അടയ്ക്കേണ്ട സാഹചര്യം നിലവിലുണ്ടോയെന്ന് അറിയിക്കാമോ; വിവിധ ഇനങ്ങളിലായി

2024-25 സാമ്പത്തിക വർഷം മുതൽ സർക്കാർ അടയ്ക്കേണ്ട പലിശ സംബന്ധിച്ച വിവരങ്ങൾ നൽകാമോ?

സംസ്ഥാന സർക്കാരിന് ഈ സാമ്പത്തിക വർഷമെടുക്കാവുന്ന പരമാവധി വായ്പയേക്കാൾ കൂടുതൽ തുക പലിശയിനത്തിൽ അടയ്ക്കേണ്ട സാഹചര്യം നിലവിലില്ല. വിവിധ ഇനങ്ങളിലായി പലിശ കൊടുക്കലിന് 2024-25 സാമ്പത്തിക വർഷം സർക്കാർ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ നഷ്ടപരിഹാരമെന്ന നിലയിൽ എത്ര കോടി രൂപ ഏതെല്ലാം വർഷങ്ങളിലായി സർക്കാർ കേന്ദ്രത്തിൽനിന്നും വാങ്ങിയിട്ടുണ്ടെന്നും ഈ സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ കുടമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ മൊത്ത വായ്പാപരിധി നിശ്ചയിക്കാൻ 2022-23 മുതൽ കേന്ദ്ര സർക്കാർ മറ്റ് ഘടകങ്ങളോടൊപ്പം എൻ.പി.എസ്. വിഹിതവുംകൂടി കണക്കിലെടുക്കുന്നുണ്ട്. വിവിധ സാമ്പത്തിക വർഷങ്ങളിലായി എൻ.പി.എസ്. വിഹിതം അടച്ചതിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നഷ്ടപരിഹാരമായി കടമെടുക്കാൻ അനുവദിച്ച തുക ചുവടെ പട്ടികയായി ചേർക്കുന്നു:

(തുക കോടിയിൽ)

2022-23	1755.34
2023-24	1967.86
2024-25	1998.42

കിഫ്ബിയിൽ ജോലി ചെയ്യുന്ന വിരമിച്ച ഐ.എ.എസ്. ജീവനക്കാർ

10(2355) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിരമിച്ച എത്ര ഐ.എ.എസ്. ജീവനക്കാർ കിഫ്ബിയിൽ ജോലി ചെയ്യുന്നുണ്ട്; അവരുടെ പേരും അവർ എന്നുമുതലാണ് കിഫ്ബിയിൽ ജോലിചെയ്യാൻ തുടങ്ങിയതെന്നും വ്യക്തമാക്കുമോ; ഇവരുടെ പ്രതിമാസ ശമ്പളം/ഓണറേറിയം/വേജസ് എത്രയാണ്; അവർക്ക് നൽകുന്ന മറ്റ് ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

വിരമിച്ച രണ്ട് ഐ.എ.എസ്. ജീവനക്കാരാണ് നിലവിൽ കിഫ്ബിയിൽ ജോലിചെയ്യുന്നത്. അവരുടെ പേരും കിഫ്ബിയിൽനിന്ന്

നൽകുന്ന ശമ്പളം തുടങ്ങിയ മറ്റ് വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.[+]

(ബി) അവർക്ക് ഐ.എ.എസ്. തസ്തികയിൽനിന്ന് വിരമിച്ച വകയിലെ പെൻഷനും ഇക്കാലയളവിൽ ലഭിക്കുമോ; കിഫ്ബി സി.ഇ.ഒ. ശമ്പള ഇനത്തിൽ നാളിതുവരെ എത്ര തുക കൈപ്പറ്റിയിട്ടുണ്ട്; മറ്റ് ആനുകൂല്യങ്ങളായി നാളിതുവരെ എത്ര തുക കൈപ്പറ്റിയിട്ടുണ്ട്; വിശദമാക്കാമോ?

പ്രസ്തുത ഉദ്യോഗസ്ഥർക്ക് ഐ.എ.എസ്. തസ്തികയിൽനിന്ന് വിരമിച്ച വകയിലെ പെൻഷൻ ലഭിക്കും. കിഫ്ബി സി.ഇ.ഒ.ക്ക് 2018 ജനുവരി മുതൽ ശമ്പള ഇനത്തിൽ 2,66,19,704 രൂപയും മറ്റ് ആനുകൂല്യങ്ങളായി 7,04,000 രൂപയും നാളിതുവരെ (6 വർഷവും 9 മാസവും) കൈപ്പറ്റിയിട്ടുണ്ട്. കിഫ്ബി സി.ഇ.ഒ. എന്ന ജോലിക്കുപുറമേ ഈ ഉദ്യോഗസ്ഥൻ ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി എന്ന പദവിയും കെ-ഡിസ്കിന്റെ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ എന്ന പദവിയും വഹിക്കുന്നുണ്ട്. പ്രസ്തുത പദവികൾക്ക് പ്രതിഫലമൊന്നും കൈപ്പറ്റുന്നില്ല.

കിഫ്ബി ധനസഹായത്തോടെയുള്ള സ്റ്റേഡിയനിർമ്മാണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

11(2356) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയിരുന്ന കിറ്റ്കോ കാലതാമസം വരുത്തിയതുമൂലം അവരിൽനിന്ന് ഏതെങ്കിലും പ്രവൃത്തികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളുടെ എസ്.പി.വി.യായ കിറ്റ്കോയിൽനിന്നും 23 പ്രവൃത്തികൾ 14-10-2022-ലെ സ.ഉ.(സാധാ)നം.267/2022/S&YA പ്രകാരം സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏൽപ്പിച്ചിട്ടുണ്ട്. ടി പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇപ്രകാരം കിറ്റ്കോയിൽനിന്ന് ഏറ്റെടുത്ത എത്ര പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; നിലവിലെ സ്ഥിതി അറിയിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിറ്റ്കോയിൽനിന്നും ഏറ്റെടുത്ത മൂന്ന് പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ടി പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.+

(സി) വിവിധ ഘട്ടങ്ങളിൽ നിർമ്മാണം നിലച്ചുപോയ എത്ര പ്രവൃത്തികളാണ് കിറ്റ്കോയിൽനിന്ന് എസ്.കെ.എഫ്. ഏറ്റെടുത്തിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

വിവിധ ഘട്ടങ്ങളിൽ നിർമ്മാണം നിലച്ചുപോയ ആറ് പ്രവൃത്തികൾ കിറ്റ്കോയിൽനിന്നും സ്പോർട്സ് കേരള ഫൗണ്ടേഷൻ ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.+

ശ്രീരാമവർമ്മ മ്യൂസിക് കോളേജിന്റെ കെട്ടിട നിർമ്മാണം

12(2357) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മണ്ഡലത്തിലെ ശ്രീരാമവർമ്മ മ്യൂസിക് കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് കിഫ്ബി വഴി പത്ത് കോടി രൂപ അനുവദിച്ചിട്ടും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

പുതുതായി ആരംഭിക്കുന്ന ശ്രീരാമവർമ്മ മ്യൂസിക് കോളേജ് ഉൾപ്പെടെയുള്ള 12 കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനം കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നതിനായി 13-11-2017-ലെ സ.ഉ.(കൈ) നം.285/2017/ഉ.വി.വ, 19-06-2019-ലെ സ.ഉ. (കൈ) നം.173/2019/ഉ.വി.വ., 30-08-2019-ലെ സ.ഉ. (കൈ) നം.304/2019/ഉ.വി.വ. എന്നീ ഭരണാനുമതി ഉത്തരവുകൾ പ്രകാരം ആകെ 120 കോടി രൂപയും (ഒരു കോളേജിന് 10 കോടി രൂപ വീതം) ടി കോളേജുകൾക്ക് അത്യാവശ്യമെങ്കിൽ ഭൂമി ഏറ്റെടുക്കുന്നതിന് ആകെ 100 കോടി രൂപയും സർക്കാർ അനുവദിച്ചിരുന്നതും കിറ്റ്കോയെ പദ്ധതി നിർവഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിരുന്നതുമാണ്. എന്നാൽ, ശ്രീരാമവർമ്മ മ്യൂസിക് കോളേജിന് കിഫ്ബി ഫണ്ടുപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം കണ്ടെത്തിയിട്ടില്ലാത്തതിനാൽ, ടി പദ്ധതിയുടെ വിശദമായ പദ്ധതിരേഖ കിറ്റ്കോ കിഫ്ബിയുടെ അംഗീകാരത്തിനായി നാളിതുവരെ

ലഭ്യമാക്കിയിട്ടില്ല. കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലെ പദ്ധതികളുടെ അവലോകനത്തിനായി 14-06-2024-ൽ കിഫ്ബിയിൽ ചേർന്ന യോഗത്തിൽ നിർദേശിച്ചതിൻ പ്രകാരം പദ്ധതിക്ക് ഉചിതമായ സ്ഥലം കണ്ടെത്തി നൽകുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് കിറ്റ്കോ കത്ത് നൽകിയിട്ടുണ്ട്. ഉചിതമായ സ്ഥലം കണ്ടെത്തി കൈമാറുന്നത് സംബന്ധിച്ച നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കിറ്റ്കോയ്ക്ക് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി ലഭ്യമാക്കാവുന്നതും ആയത് കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമാണോയെന്ന് പരിശോധിച്ച്, തുടർന്നുവരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി/കിഫ് ബോർഡ് മുൻപാകെ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കി ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്. ടി ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി യഥാസമയം ആരംഭിച്ച് പൂർത്തിയാക്കുന്നതിന് ടെൻഡർ ഉൾപ്പെടെയുള്ള നടപടികൾ എസ്.പി.വി. ആയ കിറ്റ്കോയ്ക്ക് സ്വീകരിക്കാവുന്നതാണ്.

കിഫ്ബി പദ്ധതി

13(2358) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി മുഖേന എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

നാളിതുവരെ, കിഫ്ബി മുഖേന 86,283.14 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്.

(ബി) കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ച എത്ര പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ?

നാളിതുവരെ, കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളിൽ 18,423.50 കോടി രൂപയുടെ വിവിധ പദ്ധതി/പദ്ധതി ഘടകങ്ങൾ പൂർത്തിയായിട്ടുണ്ട്.

(സി) എത്ര കോടി രൂപ ഇതുവരെയായി കിഫ്ബിയിൽനിന്നും ഓരോ വകുപ്പിനും ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പദ്ധതികൾക്കായി 31-08-2024 വരെ ചെലവഴിച്ച തുകയുടെ വകുപ്പുതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണം

14(2359) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ച രണ്ട് പ്രീമെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണത്തിന്റെ നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) സാങ്കേതിക തടസ്സങ്ങൾ നീക്കി ഹോസ്റ്റലുകളുടെ നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) കോതമംഗലം നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകി നടപ്പാക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1) Construction of Post- Metric Hostel for Girls at Neriyamangalam: പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ 17-01-2018-ലെ നടപടിക്രമ ഉത്തരവുപ്രകാരം 5 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. എന്നാൽ, പദ്ധതിക്കായി നിശ്ചയിച്ച സ്ഥലത്ത് സ്ഥലവാസികളുടെ എതിർപ്പിനെ തുടർന്ന് പദ്ധതി നടപ്പിലാക്കാൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ പ്രസ്തുത സ്ഥലത്തോട് ചേർന്ന് ഒരു പുതിയ പ്ലോട്ട് ടി പദ്ധതിക്കായി കണ്ടെത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കികൊണ്ടിരിക്കുന്നതായി പദ്ധതിയുടെ നിർവഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (കെ.എസ്.സി.സി.) അറിയിച്ചിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ടി റിപ്പോർട്ട് പരിശോധിച്ച് നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി തൃപ്തികരമാണെങ്കിൽ പുതുക്കിയ ധനാനുമതി കിഫ്ബി നൽകുന്നതാണ്.

2) Construction of Pre-Metric Hostel for 100 Boys at Pinavoorkudi: പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ 20-09-2019-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 3.92 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. തുടർന്ന് 12-02-2021-ന് പദ്ധതിയുടെ നിർവഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, പദ്ധതിക്ക് സാങ്കേതികാനുമതി നൽകിയെങ്കിലും തുടർന്നുള്ള പരിശോധനയിൽ പദ്ധതിയുടെ ഡിസൈനിൽ മാറ്റങ്ങൾ ആവശ്യമുള്ളതായി കണ്ടെത്തി. ഡൈനാമിക് അനലൈസിസ് പ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയിട്ടുള്ള ഡിസൈൻ കെ.എസ്.സി.സി. കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി തൃപ്തികരമാണെങ്കിൽ പുതുക്കിയ ധനാനുമതി കിഫ്ബി നൽകുന്നതാണ്.

ഹൈമാസ്റ്റ് ലൈറ്റുകൾ പ്രവർത്തനം

15(2360) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുർ നിയോജകമണ്ഡലത്തിലെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സ്ഥാപിച്ച ഭൂരിഭാഗം ഹൈമാസ്റ്റ്, മിനിഹൈമാസ്റ്റ് ലൈറ്റുകളും പ്രവർത്തനരഹിതമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കാൻ ഹൈമാസ്റ്റ്, മിനിഹൈമാസ്റ്റ് ലൈറ്റുകളുടെ റിപ്പയറിങ് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതി പ്രകാരം അരുർ നിയോജകമണ്ഡലത്തിൽ സ്ഥാപിച്ചിട്ടുള്ള മിനിമാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റുകൾ പ്രവർത്തനരഹിതമാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും നിലവിൽ അരുർ നിയോജകമണ്ഡലത്തിൽ എം.എൽ.എ. എസ്.ഡി.എഫ്. ഫണ്ടുപയോഗിച്ച് ഹൈമാസ്റ്റ്/മിനിഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ലെന്നും ജില്ലാകളക്ടറേറ്റിൽ നിന്നും അറിയിച്ചിട്ടുണ്ട്. നിയോജകമണ്ഡല ആസ്തിവികസന പദ്ധതി/പ്രത്യേക വികസന പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം എം.എൽ.എ.-മാരുടെ ആസ്തി വികസന നിധി/പ്രത്യേക വികസനനിധി ഉപയോഗിച്ച്

സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ സംരക്ഷണവും തുടർപരിപാലനവും ഗുണഭോക്തൃ വകുപ്പിന്റെ/സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.

ചേലാട് സ്റ്റേഡിയം നിർമ്മാണം

16(2361) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ച ചേലാട് സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) സാങ്കേതിക തടസ്സങ്ങൾ നീക്കി നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) കോതമംഗലം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ച ചേലാട് സ്റ്റേഡിയത്തിന് 11-02-2020-ലെ ഉത്തരവ് പ്രകാരം 15.83 കോടി രൂപയുടെ ധനാനുമതിയും 20-03-2022-ലെ ഉത്തരവ് പ്രകാരം 17.14 കോടി രൂപയുടെ പുതുക്കിയ ധനാനുമതിയും കിഫ്ബി നൽകിയിരുന്നു. തുടർന്ന് ടി പദ്ധതിയുടെ നിർവഹണ

ഏജൻസിയായ കിറ്റ്കോ, പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുകയും ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ടി പദ്ധതി വിഭാവനം ചെയ്തിരിക്കുന്ന വസ്തു ലാൻഡ് കൺവർഷൻ ചെയ്യേണ്ടതിനാൽ ലാൻഡ് കൺവർഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി നിർവഹണ ഏജൻസിയുടെ ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ കിറ്റ്കോയ്ക്ക് കൈക്കൊള്ളാവുന്നതാണ്.

കിഫ്ബി മുഖേന പരസ്യത്തിന് ചെലവാക്കിയ തുക

17(2362) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി പരസ്യത്തിന് 2018 മുതൽ 2024 സെപ്തംബർ 30 വരെ ചെലവഴിച്ച തുക വർഷം തിരിച്ച് ലഭ്യമാക്കുമോ; പരസ്യം പ്രസിദ്ധീകരിച്ച സ്ഥാപനങ്ങൾക്ക് നൽകിയ തുക പ്രത്യേകം ലഭ്യമാക്കാമോ;

(ബി) നിലവിൽ പരസ്യ ഇനത്തിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് പണം നല്കാനുണ്ടെന്ന് സ്ഥാപനത്തിന്റെ പേര്, തുക എന്നിവ തരം തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) കിഫ്ബി വഴി പരസ്യത്തിന് 2018 മുതൽ 2024 സെപ്റ്റംബർ വരെ ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ നിലവിൽ പരസ്യ ഇനത്തിൽ പണം നൽകാനില്ല.

ചിറ്റൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

18(2363) ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ചതും പ്രവൃത്തി ആരംഭിക്കാത്തതുമായ റോഡ് നവീകരണ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

ചിറ്റൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ധനാനുമതി നൽകിയതും പ്രവൃത്തി ആരംഭിക്കാത്തതുമായ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. പുതുനഗരം - കിണാശ്ശേരി റോഡ്
2. മലയോര ഹൈവേ: ഗോപാലപുരം-നെടുമണി റീച്ച്1 (ഗോപാലപുരം - കന്നിമാരിമേട്)
3. മലയോര ഹൈവേ: ഗോപാലപുരം-നെടുമണി റീച്ച് 2 (കന്നിമാരിമേട്– നെടുമണി)
4. കരിമണ്ണ്– കൂലുക്കപ്പാറ - ഒഴലപ്പതി റോഡ്
5. പാറ - പൊള്ളാച്ചി റോഡ്

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും കാലതാമസം നേരിടുന്നതിനുള്ള കാരണവും വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

പുതുനഗരം – കിണാശ്ശേരി റോഡ്: പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി 13-03-2024-ലെ PWD004-129/APR-1/2024/KIIFB നമ്പർ നടപടിക്രമ ഉത്തരവുപ്രകാരം 35.65 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. റോഡ് വികസനത്തിന്റെ ഭാഗമായി 299.71 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ അനുമതി 03-09-2024-ലെ GO(Rt)No.2111/2024/RD നമ്പർ ഉത്തരവുപ്രകാരം ലഭിച്ചിട്ടുള്ളതും 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുമുണ്ട്.

മലയോര ഹൈവേ: ഗോപാലപുരം – നെടുമണി റീച്ച് (ഗോപാലപുരം – കന്നിമാരിമേട്): 05-04-2023-ലെ PWD013-49/TE-4/2023/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 73.21 കോടി രൂപയ്ക്ക് ധനാനുമതി നൽകിയ പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി.എൽ. യൂട്ടിലിറ്റി മാറ്റി സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികളുമായി സംയുക്ത സൈറ്റ് പരിശോധന പൂർത്തിയാക്കിയതായി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. കൂടാതെ മലയോര ഹൈവേ നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ 12 മീറ്റർ Right of Way ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ അതിർത്തി നിർണ്ണയിക്കുന്നതിന് റവന്യൂ വകുപ്പിന് കത്ത് നൽകിയിട്ടുള്ളതും റവന്യൂ സർവെ പുരോഗമിച്ച് വരുന്നതുമാണ്. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ടെൻഡർ ക്ഷണിച്ച് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയിലുൾപ്പെട്ട മൂന്ന് പാലങ്ങളുടെ പ്രവൃത്തിക്ക് ഭാഗികമായ സാങ്കേതികാനുമതി നൽകി ആയത് പ്രത്യേകമായി ടെൻഡർ ചെയ്യുന്നതിന് നിർവഹണ ഏജൻസി കിഫ്ബിയുടെ അനുമതി തേടിയിരുന്നെങ്കിലും ആവശ്യമായ Right of

Way ഉറപ്പുവരുത്തി മുഴുവൻ സ്കെച്ച് ഒരുമിച്ച് ടെൻഡർ ചെയ്യുന്നതിന് നിർവഹണ ഏജൻസിക്ക് കിഫ്ബി നിർദേശം നൽകിയിരുന്നു.

മലയോര ഹൈവേ: ഗോപാലപുരം – നെടുമണി റീച്ച് 2 (കന്നിമാരിമേട്–നെടുമണി): പ്രസ്തുത പ്രവൃത്തിക്ക് 30-03-2023-ലെ PWD013-50/TE-1/2023/KIIFB നമ്പർ നടപടിക്രമ ഉത്തരവുപ്രകാരം കിഫ്ബി 82.56 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. മലയോര ഹൈവേ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ 12 മീറ്റർ Right of Way ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ അതിർത്തി നിർണ്ണയിക്കുന്നതിന് റവന്യൂ വകുപ്പ് മുഖേന സർവെ നടപടികളും ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമിയേറ്റെടുക്കുന്നതിനുള്ള നടപടികളും പുരോഗമിച്ച് വരികയാണ്. പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി.എൽ. യൂട്ടിലിറ്റി മാറ്റി സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികളുമായി സംയുക്ത സൈറ്റ് പരിശോധന പൂർത്തിയാക്കിയതായി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

കരിമണ്ണ്– കുളുക്കപ്പാറ – ഒഴലപ്പതി റോഡ്: പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി 21-06-2018-ലെ PWD004-134-PA-01 നമ്പർ നടപടിക്രമ

ഉത്തരവുപ്രകാരം കിഫ്ബി 21.96 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത റോഡിൽ ട്രാഫിക് വളരെ കുറവായതിനാൽ നിലവിൽ പദ്ധതി തൽക്കാലത്തേയ്ക്ക് മാറ്റിവയ്ക്കുന്നതിന് കിഫ്ബി തീരുമാനമെടുത്തിട്ടുണ്ട്.

പാറ – പൊള്ളാച്ചി റോഡ്: പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടമായി ഭൂമിയേറ്റെടുക്കലിന് 17.65 കോടി രൂപയുടെ ധനാനുമതി നൽകുന്നതിന് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരം നൽകിയിരുന്നു. എന്നാൽ Right of Way സംബന്ധിച്ച് വ്യക്തത വരുത്തി നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. ആവശ്യമായ രേഖകൾ സമർപ്പിക്കാത്തതിനാൽ ഇതുസംബന്ധിച്ച ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തിയിലുൾപ്പെട്ട കൊഴിഞ്ഞാമ്പാറ ബൈപ്പാസിന്റെ അലൈൻമെന്റ് തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

(സി) ഓരോ പ്രവൃത്തിയും പൂർത്തിയാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

പുതുനഗരം – കിണാശ്ശേരി റോഡ്: ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ ക്ഷണിച്ച് പ്രവൃത്തി നിർവഹിക്കുന്നതിന് നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി.-ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

മലയോര ഹൈവേ: ഗോപാലപുരം– നെടുമണി റീച്ച് 1 (ഗോപാലപുരം–കന്നിമാരിമേട്): ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമിയേറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ആവശ്യമായ Right of Way ഉറപ്പുവരുത്തി പാലങ്ങളും റോഡുമുൾപ്പെടെയുള്ള മുഴുവൻ സ്കെച്ചും ഒരുമിച്ച് സാങ്കേതികാനുമതി നൽകി ടെൻഡർ ക്ഷണിച്ച് പ്രവൃത്തി നിർവഹിക്കുന്നതിന് നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി.-ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

മലയോര ഹൈവേ: ഗോപാലപുരം – നെടുമണി റീച്ച് 2 (കന്നിമാരിമേട്–നെടുമണി): ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമിയേറ്റെടുക്കുന്നതിനുള്ള

നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ ക്ഷണിച്ച് പ്രവൃത്തി നിർവഹിക്കുന്നതിന് നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി.-ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

കരിമണ്ണ്– കുളുക്കപ്പാറ – ഒഴലപ്പതി റോഡ്: പ്രസ്തുത റോഡിൽ ട്രാഫിക് വളരെ കുറവായതിനാൽ നിലവിൽ പദ്ധതി തൽക്കാലത്തേയ്ക്ക് മാറ്റിവയ്ക്കുന്നതിന് കിഫ്ബി തീരുമാനമെടുത്തിട്ടുണ്ട്.

പാറ – പൊള്ളാച്ചി റോഡ്: Right of Way സംബന്ധിച്ച് വ്യക്തത വരുത്തി നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി.-ക്ക് ആവശ്യമായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കിഫ്ബി നടപടി സ്വീകരിക്കുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ ഭൂമിയേറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി.-ക്ക് ആരംഭിക്കാവുന്നതാണ്. ഇപ്രകാരം സിവിൽ പ്രവൃത്തികൾക്കുള്ള പുതുക്കിയ ഡി.പി.ആർ നിർവഹണ ഏജൻസി കിഫ്ബിക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/

എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സിവിൽ പ്രവൃത്തികൾക്കുടി ഉൾപ്പെടുത്തിയ പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. തുടർന്ന് സാങ്കേതികാനുമതി നൽകി ടെൻഡർ ക്ഷണിച്ച് പ്രവൃത്തി നിർവഹിക്കുന്നതിന് നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി.-ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

കിഫ്ബി മുഖേന നടപ്പാക്കുന്ന വികസന പദ്ധതികൾ

19(2364) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പാക്കുന്ന വിവിധ വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വായ്പയെടുത്ത് നടപ്പാക്കുന്ന പല പദ്ധതികളും പാതിവഴിയിൽ നിലച്ചുപോയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

കിഫ്ബി ധനാനുമതി നൽകുന്ന പദ്ധതികളുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കി, കരാർ നൽകി, പ്രവൃത്തി ആരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ഉത്തരവാദിത്വം അതത് ഭരണവകുപ്പുകൾ ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവഹണ ഏജൻസികളുടേതാണ്. എന്നാലും കിഫ്ബിയിലൂടെ നടപ്പാക്കാനായി തിരഞ്ഞെടുത്തിട്ടുള്ള പദ്ധതികളിന്മേൽ അവയുടെ പൂർത്തീകരണം സാധ്യമാക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും തടസ്സങ്ങൾ ചർച്ച ചെയ്യുന്നതിനുമായി സർക്കാർ/ഭരണവകുപ്പ് തലങ്ങളിലും പദ്ധതി നിർവഹണ ഏജൻസി തലത്തിലും നിയമസഭാ സാമാജികരുടെ സാന്നിധ്യത്തിലും മറ്റും നിരവധി അവലോകന യോഗങ്ങൾ കിഫ്ബി നടത്തിവരുന്നുണ്ട്. പദ്ധതി നിർവഹണ ഏജൻസികൾ തിരഞ്ഞെടുക്കുന്ന കരാറുകാരുടെ പ്രശ്നങ്ങളാലും പദ്ധതി നടപ്പാക്കുന്നതിനുള്ള സ്ഥലം കൃത്യസമയത്ത് പൂർണ്ണമായും ലഭ്യമാക്കാനാവാത്തതിനാലും സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസുകൾ ലഭിക്കുന്നതിൽ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളാലും മറ്റും സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാതെ വരാം. ഇതിൽ കരാറുകാരന്റെ

പ്രശ്നം കാരണമോ, മറ്റ് സാങ്കേതിക കാരണങ്ങളാലോ പദ്ധതി നിർവഹണം വൈകാനിടയാകുന്ന സാഹചര്യങ്ങളിൽ സർക്കാർ മാർഗനിർദേശങ്ങളനുസരിച്ച് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിലോ, അല്ലാതെയോ കരാർ ടെർമിനേറ്റ് ചെയ്ത് പ്രവൃത്തി റീ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

(ബി) വികസന പദ്ധതികൾക്കായി വായ്പയെടുത്തിട്ടുള്ള തുക വിനിയോഗിക്കാതെ ഇപ്പോഴും പലിശ കൊടുത്തുകൊണ്ടിരിക്കുന്ന സാഹചര്യമുണ്ടോ; എങ്കിൽ അതിന്റെ കണക്കുകൾ വെളിപ്പെടുത്തുമോ?

പദ്ധതികൾക്കായുള്ള ധനസമാഹരണത്തിനായി വായ്പകൾ, ബോണ്ടുകൾ തുടങ്ങി വിവിധ സ്രോതസ്സുകളെ കിഫ്ബി ആശ്രയിക്കാറുണ്ട്. ഇതെല്ലാംതന്നെ ലഭ്യമാക്കുന്നത് ദീർഘകാലത്തെ നടപടിക്രമങ്ങളിലൂടെയാണ്. എൺപതിനായിരം കോടി രൂപയിൽപരം മതിപ്പുള്ള വൻകിട പദ്ധതികൾ നടപ്പാക്കുന്ന ഏജൻസി എന്ന നിലയിൽ കൃത്യസമയത്ത് ഫണ്ട് ഉറപ്പുവരുത്തുകയെന്നത് കിഫ്ബിയെ സംബന്ധിച്ച് വളരെ പ്രാധാന്യമുള്ള കാര്യമാണ്. കിഫ്ബി പദ്ധതികൾ ഏറ്റെടുക്കുന്ന

കോൺട്രാക്ട് ഏജൻസികൾ മികച്ച നിരക്കിൽ ടെൻഡറുകൾ ക്വാട്ട് ചെയ്യുന്നതിലുൾപ്പെടെ ഫണ്ടിന്റെ ലഭ്യത ഒരു പ്രധാന ഘടകമാണ്. നിലവിൽ അടുത്ത ആറുമാസത്തെ പദ്ധതി ചെലവുകൾക്കുള്ള തുക കിഫ്ബി ഉറപ്പുവരുത്തിവയ്ക്കാറുണ്ട്. ബാങ്കുകളിൽനിന്നും ലഭിക്കുന്ന വായ്പകൾ ഉറപ്പുവരുത്തിയശേഷം ആവശ്യാനുസരണം മാത്രമാണ് ലഭ്യമാക്കുന്നത്. എന്നാൽ ആഭ്യന്തര മാർക്കറ്റിൽനിന്നും കടപ്പത്രങ്ങളിലൂടെ ലഭ്യമാകുന്ന ഫണ്ടുകൾ ഒറ്റത്തവണയായി മാർക്കറ്റിൽനിന്നും സ്വീകരിക്കേണ്ടവയാണ്. ഇവയിൽ പദ്ധതി അധിഷ്ഠിതമായി ലഭ്യമാക്കുന്ന ഫണ്ടുകൾക്ക് പ്രസ്തുത പദ്ധതികളുടെ ബിൽ ലഭിക്കുന്ന മുറയ്ക്ക് മാത്രമെ ചെലവാക്കാൻ കഴിയൂയെന്ന സാങ്കേതികമായ പരിമിതിയുണ്ട്. അത്തരം ചില ഫണ്ടുകളൊഴികെ മറ്റ് വായ്പകൾക്കൊന്നും തുക വിനിയോഗിക്കാതെ പലിശ കൊടുക്കേണ്ട സാഹചര്യമില്ല.

(സി) വിവിധ ഏജൻസികളിൽനിന്നും കടമെടുത്ത തുക ന്യൂജനറേഷൻ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കിഫ്ബിയുടെ ആക്ട് പ്രകാരം രൂപീകരിച്ചിട്ടുള്ള ഫണ്ട് ട്രസ്റ്റി ആൻഡ് അഡ്വൈസറി കമ്മീഷന്റെ നിർദേശാനുസരണം ആറുമാസത്തേയ്ക്കുള്ള ചെലവുകൾക്കാവശ്യമായ തുക കിഫ്ബിയുടെ കൈവശം കരുതേണ്ടതാണ്. മാസംതോറുമുള്ള പദ്ധതി ചെലവുകളും പ്രവർത്തന ചെലവുകളും കിഴിച്ചുള്ള നീക്കിയിരിപ്പ് തുക കിഫ്ബിയുടെ ബോർഡിലെ ധനകാര്യ വിദഗ്ധരടങ്ങുന്ന ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റിയുടെ പോളിസി അനുശാസിക്കുംവിധം നിക്ഷേപം നടത്തിവരുന്നു.

അരൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

20(2365) ശ്രീമതി ദലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് അരൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ നിലവിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കിയെന്നും ബാക്കിയുള്ള പ്രവൃത്തികളുടെ നിലവിലെ നിർമ്മാണ പുരോഗതിയും വിശദമാക്കാമോ?

(എ&ബി) അത്തൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ കിഫ്ബി മുഖേന ധനാനുമതി നൽകിയിട്ടുള്ളതും അവയിൽ പൂർത്തിയാക്കിയ പദ്ധതികളുടെയും നിലവിലെ നിർമ്മാണപുരോഗതി ഉൾപ്പെടെയുള്ളവയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

പുനലൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

21(2366) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ അനുവദിക്കപ്പെട്ട കിഫ്ബി പ്രവൃത്തികളിൽ നിലവിൽ പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുനലൂർ നിയോജകമണ്ഡലത്തിലെ അനുവദിക്കപ്പെട്ട കിഫ്ബി പ്രവൃത്തികളിൽ നിലവിൽ പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും പദ്ധതി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്ന തീയതിയും അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പുതിയ കിഫ്ബി പ്രവൃത്തികൾ നിർദ്ദേശിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പുതിയ കിഫ്ബി പ്രവൃത്തികൾ നിർദ്ദേശിക്കുന്നതിന് പ്രസ്തുത പ്രവൃത്തി സംസ്ഥാന ബജറ്റിൽ പ്രഖ്യാപിക്കുകയോ ക്യാബിനറ്റിൽ അംഗീകാരം ലഭ്യമാക്കുകയോ വേണം.

(സി) മണ്ഡലത്തിലെ അഞ്ചൽ ബൈപ്പാസിന്റെ തുടർച്ചയ്ക്കായി കെ.ആർ.എഫ്.ബി.-യുടെ പ്രൊപ്പോസൽ കിഫ്ബിക്ക് ലഭിച്ചിട്ടുണ്ടോ; അതിന്മേൽ സ്വീകരിക്കാൻ കഴിയുന്ന തുടർനടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഞ്ചൽ ബൈപ്പാസിന്റെ തുടർച്ചയ്ക്കായി കെ.ആർ.എഫ്.ബി., കിഫ്ബിക്ക് പ്രൊപ്പോസൽ നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത പ്രൊപ്പോസൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിക്കപ്പെട്ടതല്ല. അതിനാൽ പ്രസ്തുത പ്രൊപ്പോസൽ നിലവിൽ കിഫ്ബിക്ക് പരിഗണിക്കാൻ കഴിയുന്നതല്ല.

കിഫ്ബി ധനസഹായം സംബന്ധിച്ച്

22(2367) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ സ്കൂൾ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തിയ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കില എസ്.പി.വി. ആയ മൂന്നുകോടി പദ്ധതിയിൽവരുന്ന ഷേണായി സ്മാരക ജി.എച്ച്.എസ്.എസ്. കണ്ടങ്കാളി, ജി.എച്ച്.എസ്.എസ്. വെള്ളൂർ, ഒരു കോടി പദ്ധതിയിൽവരുന്ന എ.കെ.എ.എസ്. ജി.വി.എച്ച്.എസ്.എസ്. പയ്യന്നൂർ എന്നിവിടങ്ങളിലെ കെട്ടിട നിർമ്മാണ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്നറിയിക്കാമോ?

1) ഷേണായി സ്മാരക ജി.എച്ച്.എസ്.എസ്. കണ്ടങ്കാളി- കിഫ്ബിയുടെ മൂന്നുകോടി പദ്ധതിയിലുൾപ്പെടുത്തിയ ടി സ്കൂളിന് 01-03-2021-ലെ ഉത്തരവ് നം.GED006-11/APR-1/2021/KIIFB പ്രകാരം 2,76,01,422/-രൂപയുടെ ധനാനുമതി നൽകിയിരുന്നു. തുടർന്ന് 07-06-2023-ലെ ഉത്തരവ് നം.GED006-11/APR-2/2023/KIIFB പ്രകാരം 3,82,09,330/- രൂപയുടെ പുതുക്കിയ ധനാനുമതിയും നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് പദ്ധതി നിർവഹണ ഏജൻസി സാങ്കേതികാനുമതി നൽകി പി.ഇ.ഡി. അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. തുടർന്ന് കിഫ്ബിയിൽനിന്നും പി.ഇ.ഡി. നിബന്ധനകൾക്കുവിധേയമായി അംഗീകാരം നൽകിയിരുന്നു. തുടർന്ന് പദ്ധതി നിർവഹണ ഏജൻസി ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ ടി പ്രവൃത്തിയുടെ ഫൗണ്ടേഷൻ സംബന്ധിച്ച് കിഫ്ബിയിൽനിന്നും നൽകിയ നിർദേശം 23-09-2024-ൽ കൂടിയ ടെക്നിക്കൽ കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും ടി കമ്മിറ്റിയുടെ തീരുമാനം പദ്ധതി നിർവഹണ ഏജൻസി 15-10-2024-ന്

കിഫ്ബിയെ അറിയിച്ചിട്ടുമുണ്ട്. ഇത് കിഫ്ബിയിൽ പരിശോധിച്ച് തീരുമാനം അറിയിക്കുന്ന മുറയ്ക്ക് കരാർ നൽകി പ്രവൃത്തി ആരംഭിക്കുന്നതാണ്.

2) ജി.എച്ച്.എസ്.എസ്. വെള്ളൂർ – കിഫ്ബിയുടെ മൂന്നുകോടി പദ്ധതിയിലുൾപ്പെടുത്തിയ ടി സ്കൂളിന് 24-09-2021-ലെ ഉത്തരവ് നം.GED006-26/APR-1/2021/KIIFB പ്രകാരം 2,96,37,949/- രൂപയുടെ ധനാനുമതി നൽകിയിരുന്നു. തുടർന്ന് 27-04-2023-ലെ ഉത്തരവ് നം.GED006-26/APR-2/2023/KIIFB പ്രകാരം 3,86,88,470/- രൂപയുടെ പുതുക്കിയ ധനാനുമതിയും നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് പദ്ധതി നിർവഹണ ഏജൻസി സാങ്കേതികാനുമതി ലഭ്യമാക്കുകയും ടി പദ്ധതിയുടെ പി.ഇ.ഡി അംഗീകാരത്തിനായി കിഫ്ബിയിൽ 04-10-2024-ന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കിഫ്ബിയിൽ പരിശോധിച്ചുവരികയാണ്. പി.ഇ.ഡി.-ക്ക് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവഹണ ഏജൻസി സ്വീകരിക്കുന്നതാണ്.

3) എ. കെ. എ. എസ്. ജി. വി. എച്ച്. എസ്. എസ്. പയ്യന്നൂർ – കിഫ്ബിയുടെ ഒരുകോടി പദ്ധതിയിലുൾപ്പെടുത്തിയ ടി സ്കൂളിന് 30-10-2020-ലെ ഉത്തരവ് നം.GED003- 27/PE-5-PAD/2020/KIIFB പ്രകാരം 98,65,932/- രൂപയുടെ ധനാനുമതി നൽകിയിരുന്നു. തുടർന്ന് 04-08-2023-ലെ ഉത്തരവ് നം.GED003-27/APR-2/2023/KIIF പ്രകാരം 1,27,32,180/-രൂപയുടെ പുതുക്കിയ ധനാനുമതിയും നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് പദ്ധതി നിർവഹണ ഏജൻസി സാങ്കേതികാനുമതി ലഭ്യമാക്കുകയും തുടർന്ന് ടി പദ്ധതിയുടെ പി.ഇ.ഡി.-ക്ക് കിഫ്ബിയിൽനിന്നും 15-10-2024-ന് അംഗീകാരം നൽകിയിട്ടുമുണ്ട്. തുടർന്ന് പദ്ധതി നിർവഹണ ഏജൻസിക്ക് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

(ബി) പദ്ധതി പ്രഖ്യാപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും വിവിധ സാങ്കേതിക പ്രശ്നങ്ങൾ കാരണം പദ്ധതി തുടങ്ങാൻ കഴിയാത്തത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിച്ച് പദ്ധതി തുടങ്ങാനാവശ്യമായ ഇടപെടൽ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുമോ; വ്യക്തമാക്കാമോ?

(ബി&സി) ഉണ്ട്. ഷേണായി സ്മാരക ജി.എച്ച്.എസ്.എസ്. കണ്ടങ്കാളി, ജി.എച്ച്.എസ്.എസ്. വെള്ളൂർ എന്നീ മൂന്നുകോടി രൂപയുടെ കിഫ്ബി പദ്ധതിയിലുൾപ്പെട്ട സ്കൂളുകളുടെ ആദ്യ പദ്ധതി നിർവഹണ ഏജൻസി 'കൈറ്റ്' ആയിരുന്നു. എന്നാൽ പിന്നീട് ടി പദ്ധതി നിർവഹണ ഏജൻസിയെ മാറ്റി ടി സ്കൂളുകൾ 'ഇൻകെൽ' എന്ന പദ്ധതി നിർവഹണ ഏജൻസിക്ക് നൽകിയിരുന്നു. അതിനുശേഷം 28-01-2021-ലെ സ.ഉ. (സാധാ)783/2021/Gedn. പ്രകാരം ഇൻകെലിനെ മാറ്റി കിലയെ പദ്ധതി നിർവഹണ ഏജൻസിയായി സർക്കാർ നിയോഗിച്ചു. ഇപ്രകാരം പദ്ധതി നിർവഹണ ഏജൻസികളുടെ മാറ്റവും കോവിഡ് തരംഗവും കാരണം പദ്ധതി മന്ദഗതിയിലായിട്ടുണ്ട്. എന്നാൽ പുതിയ പദ്ധതി നിർവഹണ ഏജൻസിയായ കില ടി പദ്ധതിയുടെ സാങ്കേതിക തടസ്സങ്ങൾ നീക്കി പദ്ധതി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി സ്കൂളുകളുടെ പ്രവൃത്തികൾ

അടിയന്തരമായി ആരംഭിക്കാൻ പദ്ധതി നിർവഹണ ഏജൻസിക്ക് കിഫ്ബി നിർദേശം നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ കിഫ്ബി പദ്ധതികൾ

23(2368) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പാലക്കാട് ജില്ലയിൽ പൂർത്തിയാക്കിയ കിഫ്ബി പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റശേഷം പാലക്കാട് ജില്ലയിൽ പൂർത്തിയാക്കിയ കിഫ്ബി പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത ജില്ലയിൽ ഈ സർക്കാർ പുതുതായി അംഗീകാരം നൽകിയ കിഫ്ബി പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റശേഷം പാലക്കാട് ജില്ലയിൽ പുതുതായി അംഗീകാരം നൽകിയ കിഫ്ബി പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത ജില്ലയിൽ ഇനിയും ഭരണാനുമതി നൽകുന്നതിനായി കിഫ്ബിയിൽ അവശേഷിക്കുന്ന പദ്ധതികളുടെ വിശദാംശം, അവയുടെ തുക സഹിതം ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിൽ ഇനി ധനാനുമതി നൽകുന്നതിനായി കിഫ്ബിയിൽ പരിഗണനയിലുള്ള പദ്ധതികളുടെ ഡി.പി.ആർ. തുക ഉൾപ്പെടെയുള്ളവയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

തൃശ്ശൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ച പദ്ധതികൾ

24(2369) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ചതും പൂർത്തിയാകാത്തതും ആരംഭിക്കാത്തതുമായ പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഓരോ പ്രവൃത്തിയും ആരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-ഡി) തൃശ്ശൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ധനാനുമതി നൽകിയ പദ്ധതികളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതും ആരംഭിക്കാത്തതുമായ പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ളവയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+ കിഫ്ബി അംഗീകാരം നൽകുന്ന പദ്ധതികളുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാർ നൽകി പ്രവൃത്തി ആരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ഉത്തരവാദിത്വം അതത് ഭരണവകുപ്പുകൾക്ക് കീഴിലുള്ള ബന്ധപ്പെട്ട പദ്ധതി നിർവഹണ ഏജൻസികളുടേതാണ്. എന്നിരുന്നാലും കിഫ്ബിയിലൂടെ നടപ്പാക്കാനായി തിരഞ്ഞെടുത്തിട്ടുള്ള പദ്ധതികളിന്മേൽ അവയുടെ പൂർത്തീകരണം സാധ്യമാക്കുന്നതിനും

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ത്വരിതപ്പെടുത്തുന്നതിനും തടസ്സങ്ങൾ ചർച്ച ചെയ്യുന്നതിനുമായി സർക്കാർ/ഭരണവകുപ്പ് തലങ്ങളിലും എസ്.പി.വി. തലത്തിലും കിഫ്ബി ആന്തരികമായും വിവിധ അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ട്.

ടെൻഡർ ബാലൻസ് തുക വിനിയോഗം

25(2370) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ടിലെ ടെൻഡർ ബാലൻസ് തുക പുതിയ പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നതിന് അനുമതി നൽകിയത് ഏതുവർഷം മുതലാണ്; ടെൻഡർ ബാലൻസ് തുക വിനിയോഗിക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗരേഖയായ 04-08-2018-ലെ സ.ഉ(അച്ചടി) നം.119/2018/ധന പ്രകാരം ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെൻഡർ അംഗീകരിച്ച് കഴിഞ്ഞിട്ടുണ്ടാകുന്ന ടെൻഡർ സേവിങ്സ്/ടെൻഡർ എക്സസ് ആ വർഷത്തെ പരമാവധി അഞ്ചുകോടി രൂപയിൽ കണക്കാക്കി കൂടുതൽ/കുറവ് വരുന്ന തുക

അടുത്തവർഷം അനുവദിച്ചിരിക്കുന്ന 5 കോടി രൂപയിൽ തട്ടിക്കിഴിക്കേണ്ടതാണ്. ഒരു സാമ്പത്തികവർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെൻഡർ സേവിങ്സ്/ടെൻഡർ എക്സസ് ഒരുമിച്ച് പരിഗണിക്കേണ്ടതാണ്. ഇപ്രകാരം ടെൻഡർ സേവിങ്സ്/ടെൻഡർ എക്സസ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ പ്രാബല്യമുണ്ട്. അതായത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18-നുകീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെൻഡർ സേവിങ്സ്/ടെൻഡർ എക്സസ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2018-19 ന കീഴിൽ പരിഗണിക്കാവുന്നതാണ്. ആസ്തി വികസന പദ്ധതിയുടെ മാർഗരേഖ പ്രകാരം ഒരുകോടി രൂപയിൽ കുറവുള്ള അനുവദനീയമായ പ്രവൃത്തികൾ ടെൻഡർ സേവിങ്സ് തുക ഉപയോഗിച്ച് നടപ്പാക്കുന്നതിന് സർക്കാരിന്റെ അനുവാദം ആവശ്യമില്ല. 17-12-2022-ലെ സ.ഉ(അ) നം. 145/202/ധന.നമ്പർ പ്രകാരം ടെൻഡർ സേവിങ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ താഴെപ്പറയുന്ന പ്രകാരം ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഒരു പ്രവൃത്തി പൂർത്തിയാക്കി അന്തിമ ബിൽ (FINAL BILL) തയ്യാറാക്കിക്കഴിഞ്ഞാൽ മാത്രമെ ആ പ്രവൃത്തിയുടെ

യഥാർഥ ചെലവ് മനസ്സിലാക്കാൻ കഴിയുവെന്നതിനാൽ ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ പൂർത്തിയാക്കുകയോ, ഉപേക്ഷിക്കുകയോ ചെയ്യുമ്പോഴുണ്ടാകുന്ന സേവിങ്സ് (Actual Savings) ഏതു സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്താൻ സാധിക്കുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെൻഡർ എക്സസിനുവേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. കൂടാതെ ഒരു സാമ്പത്തികവർഷത്തെ ടെൻഡർ സേവിങ്സ് തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 എന്ന നിബന്ധനയും 5 കോടി രൂപ എന്ന പരിധിയും നിഷ്കർഷിക്കേണ്ടതില്ല.

(ബി) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ പ്രസ്തുതവർഷം മുതൽ 2022-23 വർഷം വരെ ഓരോ വർഷവും എത്ര തുക ടെൻഡർ ബാലൻസുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ 2017-18 മുതൽ 2022-23 വർഷം വരെ ഓരോ വർഷവും ടെൻഡർ ബാലൻസുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

ആസ്തി വികസന ഫണ്ട് വെബ്പോർട്ടൽ പരിഷ്കരണം

26(2371) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടുപയോഗത്തിന്റെ വിവരങ്ങൾ വിശദമാക്കുന്നതും നിർദ്ദേശിച്ച പ്രവൃത്തികളുടെ സ്ഥിതിവിവരങ്ങൾ കാണുന്നതിനുമുള്ള വെബ്പോർട്ടൽ പരിഷ്കരിക്കുന്ന നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ഇതേ മാതൃകയിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി ഉപയോഗപ്പെടുത്തുന്നതിന്റെ വിവരങ്ങൾകൂടി ഉൾപ്പെടുത്തി വെബ്പോർട്ടൽ സംവിധാനം സജ്ജമാക്കുന്നതിനും നിർദ്ദേശിച്ച പ്രവൃത്തികളുടെ സ്ഥിതിവിവരങ്ങൾ ലോഗിൻ ചെയ്തു കാണുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയുടെ വെബ്പോർട്ടലായ www.ads2.kerala.gov.in-ന്റെ നവീകരണവും പ്രത്യേക വികസന നിധിക്കായി പുതിയ പോർട്ടൽ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയവും 2027999/NC-B3/38/2022-FIN എന്ന ഫയലിൽ പരിശോധനയിലാണ്. 09-11-2022-ലെ സ.ഉ (സാധാ)നം7580/2022/ധന നമ്പർ പ്രകാരം LAC-ADS, NABARD പോർട്ടലുകളുടെ നവീകരണത്തിനും പുതിയ എസ്.ഡി.എഫ്. പോർട്ടൽ ആരംഭിക്കുന്നതിനും National Informatics Centre (NIC)-നെ ചുമതലപ്പെടുത്തി ഭരണാനുമതിയും അതിലേക്ക് എൻ.ഐ.സി.-ക്ക് തുകയും അനുവദിച്ച് ഉത്തരവായിരുന്നു. നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയുടെ വെബ്പോർട്ടലായ www.ads2.kerala.gov.in-ന്റെ നവീകരണവും പ്രത്യേക വികസന നിധിക്കായി പുതിയ പോർട്ടൽ രൂപീകരിക്കുന്നതുമായും ബന്ധപ്പെട്ട് ജില്ലാതല ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങളും ആവശ്യങ്ങളും അറിയിക്കുന്നതിലേക്കായി ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 14-07-2023-ന് യോഗം ചേരുകയുണ്ടായി. യോഗത്തിൽ

പങ്കെടുത്ത ജില്ലാതല ഓഫീസർമാർ മുന്നോട്ടുവച്ച അഭിപ്രായങ്ങൾ/നിർദേശങ്ങൾ ക്രോഡീകരിച്ച് അതുസംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതിലേക്കായി എൻ.ഐ.സി. ഡയറക്ടർക്കും ഫിനാൻസ് (Information Systems) ഡയറക്ടർക്കും അറിയിപ്പ് നൽകുകയും ചെയ്തിരുന്നു. തുടർന്ന് ചുവടെചേർത്തിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചതായി എൻ.ഐ.സി. ഡയറക്ടറുടെ ഓഫീസിൽനിന്നും അറിയിച്ചിട്ടുണ്ട്.

Enhanced Architecture: The portal has been rebuilt from the ground up with a new architecture, significantly improving overall performance.

MLA to Seat Binding: A long-standing requirement, the MLA to Seat binding feature has now been implemented.

Revamped File Processing Module: The file processing system has been overhauled to streamline operations and improve efficiency.

eAnumathi Integration: Seamless integration with the eAnumathi system is now complete, enhancing data interoperability.

PRICE Integration Options: New functionality has been added to support optional integration with the PRICE system, catering to varied project needs.

SDF Project Management: SDF Projects can now be fully managed within the portal, expanding project handling capabilities.

Project Balance Tracking: A new feature captures and tracks project balance amounts, providing more accurate financial insights.

Digital Signature System: A secure digital signature system has been implemented, enabling document signing and authentication.

Screencast Video Guides: In-depth screencast videos are available to help users navigate and understand portal features.

LAC-wise Project Listing: The homepage now displays project listings by LAC, offering a broader perspective beyond the previous MLA-specific view.

Enhanced MLA Dashboard and Activities: The MLA dashboard has been upgraded with improved functionality and activity tracking, enriching the user experience.

തുടർന്ന് നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ വെബ് പോർട്ടലായ www.ads2.kerala.gov.in-ന്റെ നവീകരണവുമായി ബന്ധപ്പെട്ട് testing portal (http://ads2training.kerala.gov.on) October 16, 2024 മുതൽ ലഭ്യമാകുമെന്നും എൻ.ഐ.സി. അറിയിച്ചിട്ടുണ്ട്.

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ എസ്.ഡി.എഫ്.-ലെ ടെൻഡർ സേവിങ്സ് തുക

27(2372) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ എസ്.ഡി.എഫ്. മുഖേനയുള്ള പ്രവൃത്തികളുടെ ടെൻഡർ സേവിങ്സ് തുക കണക്കാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ 2017-18 മുതൽ 2023-24 വരെയുള്ള കാലയളവിലെ എസ്.ഡി.എഫ്. മുഖേനയുള്ള പ്രവൃത്തികളുടെ

ടെൻഡർ സേവിങ്സ് തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

28(2373) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതി മുഖേന ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ 2017-18 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ടെൻഡർ സേവിങ്സ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

2017-18 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡല ആസ്തി വികസന പദ്ധതി മുഖേന ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ടെൻഡർ സേവിംഗ്സ് **25,94,844/-** (ഇരുപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എണ്ണൂറ്റി നാൽപ്പത്തി നാല്രൂപ മാത്രം) രൂപയാണ്.

സാമ്പത്തിക വർഷം	ടെൻഡർ സേവിംഗ്സ്
2018-19	96,530/- (തൊണ്ണൂറാറായിരത്തി അഞ്ഞൂറ്റി മുപ്പത് രൂപ മാത്രം)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2019-20	9,58,314/- (ഒൻപത് ലക്ഷത്തി അൻപത്തി എട്ടായിരത്തി മുന്നൂറ്റി പതിനാല് രൂപ മാത്രം)
2020-21	15,40,000/- (പതിനഞ്ച് ലക്ഷത്തിനാൽപ്പതിനായിരം രൂപ മാത്രം)

വാമനപുരം നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലെ ടെൻഡർ സേവിങ്സ് തുക

29(2374) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തിലെ ടെൻഡർ സേവിങ്സ് തുക എത്രയാണെന്ന് വിശദമാക്കാമോ?

വിവരം ശേഖരിച്ചു വരുന്നു.

ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമമാക്കാൻ നടപടി

30(2375) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതികളുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട നിയമസഭാ സാമാജികർ പ്രത്യേക വികസന നിധിയുടെയും ആസ്തി വികസന പദ്ധതിയുടെയും മാർഗനിർദേശങ്ങൾ സംബന്ധിച്ച് ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയ നിർദേശങ്ങൾകൂടി പരിഗണിച്ചുകൊണ്ട് പൊതുജനോപകാരപ്രദവും മൂലധന സ്വഭാവമുള്ളതുമായ കൂടുതൽ പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കുന്ന തരത്തിൽ പ്രത്യേക വികസന നിധിയുടെയും ആസ്തി വികസന പദ്ധതിയുടെയും മാർഗനിർദേശങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കാനുള്ള നടപടി പുരോഗതിയിലാണ്.

(ബി) ഇതുസംബന്ധിച്ച് എം.എൽ.എ.-മാരിൽനിന്നും ലഭിച്ച നിർദേശങ്ങൾ പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ടോ?

ബഹുമാനപ്പെട്ട നിയമസഭാ സാമാജികർ പ്രത്യേക വികസന നിധിയുടെയും ആസ്തി വികസന പദ്ധതിയുടെയും മാർഗനിർദേശങ്ങൾ

സംബന്ധിച്ച് ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയ നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയും ആയത് ധനവകുപ്പിലെ വിവിധ വിംഗുകളിൽനിന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകൾ നടത്തിവരികയുമാണ്. ആയതു പൂർത്തിയാകുന്ന മുറയ്ക്ക് പരിഷ്കരണ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

(സി) ഇതനുസരിച്ച് ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് മാനദണ്ഡങ്ങൾ പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രത്യേക വികസന നിധിയുടെയും ആസ്തി വികസന പദ്ധതിയുടെയും മാർഗനിർദ്ദേശങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കാനുള്ള നടപടി പുരോഗതിയിലാണ്.

തൃശ്ശൂർ നിയോജകമണ്ഡലത്തിലെ ആസ്തി വികസന പ്രവൃത്തികൾ

31(2376) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിപ്രകാരം 2016-17 മുതൽ 2023-24 വരെ അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതികൾക്കും എത്ര തുക അനുവദിച്ചെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പൂർത്തീകരിച്ചെന്ന് അറിയിക്കുമോ;

(സി) പൂർത്തിയാക്കാത്ത പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും കാലതാമസത്തിനുള്ള കാരണവും വ്യക്തമാക്കുമോ?

(എ-സി) തൃശ്ശൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതി പ്രകാരം 2016-17 മുതൽ 2023-24 വരെ അനുവദിച്ച പ്രവൃത്തികൾ, തുക, അവയുടെ നിലവിലെ സ്ഥിതി, മറ്റു വിശദാംശങ്ങൾ എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

മണലൂർ നിയോജകമണ്ഡലത്തിലെ എസ്.ഡി.എഫ്. പ്രവൃത്തികൾ

32(2380) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) മണലൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രത്യേക വികസനനിധി (എസ്.ഡി.എഫ്.) പ്രകാരം 2023-24 വർഷത്തിൽ എം.എൽ.എ. ശിപാർശ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്നറിയിക്കുമോ; അതുസംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(എ-സി) മണലൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രത്യേക വികസന നിധി (എസ്.ഡി.എഫ്.) പ്രകാരം 2023-24 വർഷത്തിൽ എം.എൽ.എ. ശിപാർശ ചെയ്ത പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങളും ഉത്തരവുകളുടെ പകർപ്പുകളും അനുബന്ധമായി ചേർത്തിട്ടുണ്ട്+

എം.എൽ.എ. ആസ്തി വികസന പദ്ധതി

33(2381) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ എം.എൽ.എ. ആസ്തി വികസന പദ്ധതിപ്രകാരം മണലൂർ നിയോജകമണ്ഡലത്തിൽനിന്നും ശിപാർശ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വർഷം തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ഓരോ പ്രവൃത്തിയും നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ എന്തെല്ലാം?

(എ&ബി) 2021-22 മുതൽ നാളിതുവരെ എം.എൽ.എ. ആസ്തി വികസന പദ്ധതിപ്രകാരം മണലൂർ നിയോജകമണ്ഡലത്തിൽനിന്നും ശിപാർശ ചെയ്ത പ്രവൃത്തികൾ, അവയുടെ നിലവിലെ സ്ഥിതി, മറ്റു വിശദാംശങ്ങൾ എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

പതിനാറാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട്

34(2382) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പതിനാറാം ധനകാര്യ കമ്മീഷൻ അതിന്റെ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെയും സംസ്ഥാനങ്ങൾക്കുള്ള ധനവിഹിതം നിശ്ചയിക്കുന്നതിന്റെയും ഭാഗമായുള്ള പ്രവർത്തനം ആരംഭിച്ച പശ്ചാത്തലത്തിൽ കേരളം സന്ദർശിക്കുന്നത് സംബന്ധിച്ച അറിയിപ്പ് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേന്ദ്രത്തിൽനിന്നും ഭരണഘടനാപരമായി സംസ്ഥാനത്തിന് ലഭിക്കേണ്ട സാമ്പത്തിക പിന്തുണയും ആവശ്യങ്ങളും പതിനാറാം ധനകാര്യ കമ്മീഷനുമുമ്പാകെ സമർപ്പിക്കുന്നതിന് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്; ഇതിനായുള്ള എന്തെല്ലാം നടപടികളാണ് നടന്നുവരുന്നത്; വിശദമാക്കുമോ?

(എ-സി) 2026-31 കാലയളവിലേക്കുള്ള ധനകാര്യ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ മുന്നൊരുക്കങ്ങളുടെ ഭാഗമായി ചെയർമാൻ ഡോ. അരവിന്ദ് പനഗരിയുടെ നേതൃത്വത്തിൽ പതിനാറാം ധനകാര്യ കമ്മീഷന്റെ

വിവിധ സംസ്ഥാനങ്ങളിലേക്കുള്ള സന്ദർശനം ആരംഭിച്ചിട്ടുണ്ട്. 2024 ഡിസംബറിൽ കേരളം സന്ദർശിക്കുന്നത് സംബന്ധിച്ച സംസ്ഥാനത്തിന്റെ അഭിപ്രായം കമ്മീഷൻ തേടിയിട്ടുണ്ട്. ഭരണഘടനാപരമായി ലഭിക്കേണ്ട സാമ്പത്തിക സഹായങ്ങളും മറ്റ് ആവശ്യങ്ങളും സംബന്ധിച്ച് ധനകാര്യ കമ്മീഷനുമുമ്പാകെ സമർപ്പിക്കേണ്ട വിശദമായ മെമ്മോറാണ്ടം തയ്യാറാക്കുന്നതിലേക്കായി ഡോ. സി. പി. ചന്ദ്രശേഖറിന്റെ നേതൃത്വത്തിൽ ഒരു മെമ്മോറാണ്ടം ഡ്രാഫ്റ്റിങ് കമ്മിറ്റി രൂപീകരിച്ച് തയ്യാറാക്കിവരികയാണ്. ഇതിനുപുറമെ ധന ഫെഡറലിസവുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അവ ധനകാര്യ കമ്മീഷൻ മുമ്പാകെ അവതരിപ്പിക്കുന്നതിലേക്കുമായി അഞ്ച് സംസ്ഥാനങ്ങളിലെ മന്ത്രിമാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു കോൺക്ലേവ് 12-09-2024-ൽ തിരുവനന്തപുരത്ത് വച്ച് നടത്തുകയുണ്ടായി.

കേരളത്തിന് അർഹമായ കേന്ദ്രവിഹിതം

35(2383) ശ്രീ. പി. നന്ദകുമാർ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ഡി. കെ. മുരളി:

ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയോജിത വരുമാനത്തിന്റെ അർഹതപ്പെട്ട വിഹിതം ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിക്കുന്ന പൊതു ചെലവുകൾക്ക് ആനുപാതികമായിട്ടാണോ കേന്ദ്രത്തിൽനിന്നും വിഹിതം കേരളത്തിന് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) നിലവിലുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ 2021-26 കാലയളവിലേയ്ക്കുള്ള റിപ്പോർട്ട് പ്രകാരം 2018-19 വർഷം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയോജിത വരുമാനത്തിന്റെ 63 ശതമാനം കേന്ദ്രത്തിന് ലഭിച്ചപ്പോൾ 37 ശതമാനം മാത്രമാണ് സംസ്ഥാനങ്ങൾക്ക് ലഭിച്ചത്. എന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിക്കുന്ന പൊതുചെലവിന്റെ 62.4 ശതമാനവും സംസ്ഥാനങ്ങളാണ് വഹിച്ചത്.

(സി) 15-ാം ധനകാര്യ കമ്മീഷൻ ശിപാർശകൾ കേന്ദ്ര-സംസ്ഥാന സാമ്പത്തിക അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിന് എത്രത്തോളം സഹായകമാണെന്ന് വിശദമാക്കാമോ?

പതിനഞ്ചാം ധനകാര്യ കമ്മീഷൻ നികുതി വരുമാനത്തിന്റെ 41 ശതമാനം സംസ്ഥാനങ്ങൾക്കായി വിഭജിച്ചുനൽകണമെന്ന് ശിപാർശ ചെയ്തു. എന്നാൽ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതില്ലാത്ത സെസ്സുകളും സർചാർജ്ജുകളും മറ്റും ചുമത്തുന്നതുമൂലം സംസ്ഥാനങ്ങൾക്ക് വിഭജിച്ചുനൽകേണ്ട നികുതി വരുമാനത്തിൽ കുറവുണ്ടാവുകയും തൽഫലമായി സംസ്ഥാനങ്ങൾ സാമ്പത്തിക ഞെരുക്കത്തിലേയ്ക്ക് പോകുകയുമാണുണ്ടായത്. പതിനാലാം ധനകാര്യ കമ്മീഷനെ അപേക്ഷിച്ച് പതിനഞ്ചാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് ശിപാർശ ചെയ്ത നികുതി വിഹിതം ഗണ്യമായി കുറഞ്ഞതും (1.925 ശതമാനം) സാമ്പത്തിക അസന്തുലിതാവസ്ഥ വർധിക്കാൻ കാരണമായി.

(ഡി) പ്രസ്തുത ധനകാര്യ കമ്മീഷന്റെ അവാർഡുകൾക്കനുസരിച്ചുള്ള ധനവിഹിതം കേരളത്തിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ 2023-24 വരെ Health Sector Grant ഇനത്തിൽ ആകെ 411.36 കോടി രൂപയും ULB Grant ഇനത്തിൽ ആകെ 143.32 കോടി രൂപയും കേന്ദ്രത്തിൽനിന്നും ലഭിക്കാനുണ്ട്.

പരപ്പനങ്ങാടി എൽ.ബി.എസ് ഐ.ഐ.എസ്.ടി.

36(2384) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി എൽ.ബി.എസ്. ഐ.ഐ.എസ്.ടി. (ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി)-ക്ക് സ്ഥലം ലഭ്യമാക്കുന്നതിനാവശ്യമായ തുക അനുവദിക്കാത്തതിനാൽ ഈ സ്ഥാപനം നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തിന് സ്ഥലം ലഭ്യമാക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമാവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിലാണ് ഓരോ വർഷത്തെയും പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതും വിഹിതം വകയിരുത്തുന്നതും. പുതുക്കിയ ഭരണാനുമതി നിർദ്ദേശമനുസരിച്ച് പദ്ധതിയുടെ ആകെ ചെലവ് 186.62 കോടി രൂപയാണ്. എൽ.ബി.എസ്. ഐ.ഐ.എസ്.ടി.-ക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും സമഗ്രമായ ഭരണാനുമതി പുറപ്പെടുവിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സ്റ്റേറ്റ് പ്ലാനിങ് ബോർഡിന് സമർപ്പിക്കാനുള്ള നിർദ്ദേശം 21-02-2023-ൽ ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പിന് നൽകിയിട്ടുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നത് സ്റ്റേറ്റ് പ്ലാനിങ് ബോർഡാണ്. 2025-26 വർഷത്തെ ബഡ്ജറ്റിൽ പദ്ധതി ഉൾക്കൊള്ളിക്കുന്നതിന് പ്ലാനിങ് ബോർഡിന് പ്രൊപ്പോസൽ എൽ.ബി.എസ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഈ പ്രവൃത്തിക്ക് മുൻപ് 130 കോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കിയതിൽനിന്നും ഒരുകോടി രൂപ റിലീസ് ചെയ്തു നൽകിയതിൽ ബാക്കിയുള്ള 129 കോടി രൂപ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

പുതുക്കിയ ഭരണാനുമതി നിർദേശമനുസരിച്ച് പദ്ധതിയുടെ ആകെ ചെലവ് 186.62 കോടി രൂപയാണ്. എൽ.ബി.എസ്. ഐ.ഐ.എസ്.ടി.-ക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും സമഗ്രമായ ഭരണാനുമതി പുറപ്പെടുവിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സ്റ്റേറ്റ് പ്ലാനിങ് ബോർഡിന് സമർപ്പിക്കാനുള്ള നിർദേശം 21-02-2023-ൽ ഉന്നത വിദ്യാഭ്യാസ (ജെ)

വകുപ്പിന് നൽകിയിട്ടുണ്ട്. ആവശ്യമായ തുക വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പക്ഷം തുക അനുവദിക്കുന്നത് പരിഗണിക്കുന്നതാണ്.

(ഇ) പ്രസ്തുത തുക അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിലാണ് വാർഷിക പദ്ധതികൾക്ക് സ്റ്റേറ്റ് പ്ലാനിങ് ബോർഡ് തുക വകയിരുത്തുന്നത്. എൽ.ബി.എസ് ഐ.ഐ.എസ്.ടി-ക്ക് മതിയായ തുക വകയിരുത്തുന്നപക്ഷം തുക അനുവദിക്കുന്നതിന് തടസ്സങ്ങളൊന്നുമില്ല.

'ജൈവ വൈഫിൻ' നബാർഡ് പദ്ധതി

37(2385) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് പദ്ധതികളിൽ പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതും സമർപ്പിക്കുന്നതും എപ്പോഴെന്ന് വ്യക്തമാക്കാമോ?

എല്ലാവർഷവും ഡിസംബർ മാസത്തിന് മുന്നോടിയായി പ്രൊപ്പോസലുകൾ സമർപ്പിക്കാൻ വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നുണ്ട്.

ഓരോ സാമ്പത്തികവർഷവും നബാർഡ് പദ്ധതികൾ ക്ഷണിക്കുന്ന മുറയ്ക്കും വകുപ്പുകൾ ആയത് ലഭ്യമാക്കുന്ന മുറയ്ക്കും നബാർഡിന്റെ അംഗീകാരത്തിനായി നൽകുന്നു.

(ബി) ഇപ്രകാരം പദ്ധതികൾ യഥാസമയം തയ്യാറാക്കി സമർപ്പിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് ധനകാര്യ വകുപ്പ് നിർദേശം നൽകാറുണ്ടോ?

യഥാസമയം പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് ധനകാര്യ വകുപ്പ് കൃത്യമായി നിർദേശം നൽകിവരുന്നു.

(സി) നബാർഡിൽ പദ്ധതികൾ സമർപ്പിക്കേണ്ടത് സംബന്ധിച്ച് ജനപ്രതിനിധികൾക്ക് അറിയിപ്പ് നൽകാറുണ്ടോ?

നബാർഡ് പദ്ധതികൾ സമർപ്പിക്കേണ്ടത് സംബന്ധിച്ച് ജനപ്രതിനിധികൾക്ക് അറിയിപ്പ് നൽകാറില്ല. വകുപ്പുകൾക്ക് മാത്രമാണ് നിർദേശം നൽകുന്നത്.

(ഡി) എങ്കിൽ വൈപ്പിൻകരയുടെ നിലനിൽപ്പിനെ ബാധിക്കുന്നതും ഒരിക്കൽ നബാർഡ് തുക അനുവദിച്ചതും എന്നാൽ വിവിധ കാരണങ്ങളാൽ തുക നഷ്ടപ്പെട്ടതുമായ ജൈവ വൈപ്പിൻ പദ്ധതിയുടെ പ്രൊപ്പോസൽ നിരവധി നിർദേശങ്ങൾ നൽകിയിട്ടും സമയബന്ധിതമായി പുന:സമർപ്പിക്കപ്പെടാത്തതിന് കാരണം വ്യക്തമാക്കാമോ?

ടാഞ്ച 2020-ൽ നബാർഡിൽനിന്നും അംഗീകാരം ലഭിച്ച കൃഷി വകുപ്പിന്റെ ഒരു പദ്ധതിയാണ് 'ജൈവ വൈപ്പിൻ പദ്ധതി.' എന്നാൽ തീരദേശ നിയന്ത്രണ ഏജൻസിയിൽനിന്നും യഥാസമയം ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതിനാൽ നബാർഡ് പ്രസ്തുത പദ്ധതി ഒഴിവാക്കുകയായിരുന്നു. പ്രസ്തുത ടാഞ്ചയുടെ കാലാവധിക്കുശേഷം പദ്ധതി നാളിതുവരെയും പുന:സമർപ്പിച്ചിട്ടില്ല.

എയിഡഡ് വിദ്യാഭ്യാസ മേഖലയിലെ ശമ്പള ബില്ലുകൾക്ക് പുതിയ നിബന്ധന

38(2386) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രിൻസിപ്പൽമാരും പ്രധാന അധ്യാപകരും തയ്യാറാക്കുന്ന ശമ്പള ബില്ലുകൾ മേലധികാരികൾ കൗണ്ടർസൈൻ ചെയ്യണമെന്ന് ധനകാര്യ വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇത്തരം ഒരു ഉത്തരവ് ഇറക്കാനിടയാക്കിയ സാഹചര്യം വിശദമാക്കുമോ?

മറ്റെല്ലാ സ്പാർക്ക് ബില്ലുകളിലും ചെയ്യുന്നതുപോലെ ഒക്ടോബർ 2024 മുതലുള്ള മാസശമ്പള ബില്ലുകളിലും സ്പാർക്കിലെ ഓൺലൈൻ സംവിധാനത്തിലൂടെ നിയന്ത്രണാധികാരികൾ കൗണ്ടർസൈൻ ചെയ്യണമെന്ന നിർദ്ദേശം 30-09-2024-ലെ സ.ഉ. (അച്ചടി) നം.85/2024/ധന. പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.[+] മാസബില്ലുകളുടെ ആധികാരികതയും കൃത്യതയും നിയന്ത്രണാധികാരികൾ മുൻകൂർ ഉറപ്പുവരുത്തുന്നതിനാണ് ഈ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി ഉത്തരവിറക്കിയിരിക്കുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ഉത്തരവിറക്കുന്നതിനുമുമ്പ് വിദ്യാഭ്യാസ വകുപ്പുമായോ ജീവനക്കാരുടെ സംഘടനകളുമായോ എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ?

ഇല്ല.

(സി) പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതുമൂലം എയിഡഡ് വിദ്യാഭ്യാസ മേഖലയിൽ ശമ്പള വിതരണം വൈകാനും ജോലിഭാരം വർധിക്കാനുമിടയാകുമെന്നതിനാൽ ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

22-12-2020-ലെ സ.ഉ. (അച്ചടി) 163/2020/ധന. പ്രകാരം ത്രൈമാസ ക്രമത്തിൽ ഇത്തരം ബില്ലുകൾ നിയന്ത്രണാധികാരികൾ മാനുവലായി പരിശോധിച്ചുവരുന്നുണ്ട്. മുൻകൂറായി മാസംതോറും ഓൺലൈൻ സംവിധാനത്തിലൂടെ ഇക്കാര്യം ഉറപ്പുവരുത്തുന്നതിനുള്ള പുതിയ നിർദേശംമൂലം ജോലിഭാരം ലഘൂകരിക്കപ്പെടുകയാണ് ചെയ്യുന്നത്.

പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ സർക്കാർ വിഹിതം

39(2387) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ സർക്കാർ വിഹിതം വർധിപ്പിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനമായി വർധിപ്പിക്കാനാണുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമവശങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ വിശദമായി പരിശോധിച്ച് പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ട് പരിശോധിക്കുന്നതിനായി 02-11-2023-ലെ സ.ഉ. (ആ)110/2023/ധന. നമ്പർ പ്രകാരം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി എന്നിവരടങ്ങിയ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 2024-25 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ഒരു 'Assured' പെൻഷൻ സമ്പ്രദായം

നടപ്പാക്കുന്നതിന് പുതുക്കിയ സ്കീം രൂപീകരിക്കുമെന്നും മറ്റു സംസ്ഥാനങ്ങളിലെ പുതിയ പദ്ധതികൾകൂടി പഠിച്ച് സംസ്ഥാനത്ത് നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ യു.പി.എസ്. (Unified Pension Scheme) നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ആയത് സംബന്ധിച്ചും വിശദമായി പരിശോധിച്ച് ടി വിഷയത്തിൽ സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) പെൻഷൻ ഫണ്ടിലേക്കുള്ള വിഹിതം അതതുമാസം നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ജീവനക്കാരുടെ ശമ്പളത്തിൽനിന്നും ഈടാക്കുന്ന NPS വിഹിതവും സർക്കാർ വിഹിതവും ചേർന്ന തുക അതത് ദിവസംതന്നെ ഏജൻസി ബാങ്കിന് കൈമാറാൻ 19-02-2013-ലെ G.O.(P) No. 622/2013/FIN. പ്രകാരം ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള കുടിശ്ശിക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

40(2388) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏതെല്ലാം ഇനത്തിലുള്ള കുടിശ്ശികയാണ് നൽകാനുള്ളത്; ഇവ പൂർണ്ണമായി നൽകുന്നതിന് ആകെ എത്ര തുക ആവശ്യമുണ്ട്; പ്രസ്തുത കണക്കുകൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക ബില്ലുകൾ നാളിതുവരെ സ്പാർക്കിൽ പ്രോസസ്സ് ചെയ്യാത്തതിനാൽ ഈ ഇനത്തിൽ ആകെ എത്ര തുകയാണ് അനുവദിക്കാനുള്ളതെന്ന ആധികാരിക കണക്ക് ലഭ്യമല്ല. എന്നാൽ ശമ്പള പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിക്കുന്നതുവഴി പ്രതിവർഷം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യതയായി കണക്കാക്കിയിരിക്കുന്നത് 3572.13/- കോടി രൂപയാണ്. ഏകദേശം രണ്ട് വർഷത്തെ കുടിശ്ശിക ജീവനക്കാർക്ക് അനുവദിക്കാനുണ്ട്. സംസ്ഥാന സർവീസ് പെൻഷൻകാർക്ക് പതിനൊന്നാം പെൻഷൻ പരിഷ്കരണത്തിന്റെ

ഭാഗമായുള്ള കുടിശ്ശിക 4 തുല്യ ഗഡുക്കളായി വിതരണം ചെയ്യാനാണ് ഉത്തരവായിരുന്നത്. അതിൽ 3 ഗഡുക്കൾ ഇതിനോടകം പെൻഷൻകാർക്ക് വിതരണം ചെയ്തിട്ടുണ്ട്. പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ 4-ാമത്തെ ഗഡു മാത്രമാണ് അനുവദിക്കാനുള്ളത്. പ്രസ്തുത കുടിശ്ശിക അനുവദിക്കുന്നതിനായി ഏകദേശം 572.90 കോടി രൂപ ആവശ്യമായി വരുന്നതാണ്.

(ബി) 01-07-2024 മുതൽ സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ലഭിക്കേണ്ട പന്ത്രണ്ടാം ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

ശമ്പള പരിഷ്കരണം സർക്കാരിന്റെ നയപരമായ തീരുമാനമായതിനാൽ ഉചിതമായ സമയത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ് പതിവായി ചെയ്തുവരുന്നത്. തുടർന്നും സർക്കാർ കൂടിയാലോചനകളിലൂടെ ഉചിതമായ സമയത്ത് ഇതുസംബന്ധിച്ച തീരുമാനമെടുക്കുന്നതാണ്.

(സി) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള കുടിശ്ശിക നൽകുന്നതിനും പന്ത്രണ്ടാം ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനും

ആവശ്യമായ തുക നേടിയെടുക്കുന്നതിന് പതിനാറാം ധനകാര്യ കമ്മീഷന്റെ മുൻപാകെ ആവശ്യമായ ശിപാർശ സമർപ്പിക്കുമോ?

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള കുടിശ്ശിക നൽകുന്നതും പന്ത്രണ്ടാം ശമ്പള പരിഷ്കരണം നടപ്പാക്കുന്നതും പതിനാറാം ധനകാര്യ കമ്മീഷന്റെ മുൻപാകെ സംസ്ഥാനം സമർപ്പിക്കുന്ന മെമ്മോറാണ്ടത്തിലെ പരിഗണനാ വിഷയങ്ങളല്ല.

എയ്ഡഡ് അധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പള ബില്ലുകൾ പാസ്സാക്കുവാനുള്ള അധികാരം

41(2389) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെയും കോളേജുകളിലെയും അധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പള ബില്ലുകൾ പാസ്സാക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ സർക്കാർ പുതിയ നിബന്ധനകൾ കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

മറ്റെല്ലാ സ്പാർക്ക് ബില്ലുകളിലും ചെയ്യുന്നതുപോലെ ഒക്ടോബർ 2024 മുതലുള്ള മാസശമ്പള ബില്ലുകളിലും സ്പാർക്കിലെ ഓൺലൈൻ

സംവിധാനത്തിലൂടെ നിയന്ത്രണാധികാരികൾ കൗണ്ടർസൈൻ ചെയ്യണമെന്ന നിർദേശം 30-09-2024-ലെ സ.ഉ.(അച്ചടി)നം.85/2024/ധന. നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+ മാസ ബില്ലുകളുടെ ആധികാരികതയും കൃത്യതയും നിയന്ത്രണാധികാരികൾ മുൻകൂർ ഉറപ്പുവരുത്തുന്നതിനാണ് ഈ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി ഉത്തരവിറക്കിയിരിക്കുന്നത്.

(ബി) ഇതുമൂലം ഓഫീസുകളിൽ അമിത ജോലിഭാരവും ശമ്പള വിതരണം വൈകുന്നതിനും കാരണമാകുമെന്നത് പരിശോധിച്ചിട്ടുണ്ടോ?

22-12-2020-ലെ സ.ഉ. (അച്ചടി) 163/2020/ധന. പ്രകാരം ത്രൈമാസ ക്രമത്തിൽ ഇത്തരം ബില്ലുകൾ നിയന്ത്രണാധികാരികൾ മാനുവലായി പരിശോധിച്ചുവരുന്നുണ്ട്. മുൻകൂറായി മാസംതോറും ഓൺലൈൻ സംവിധാനത്തിലൂടെ ഇക്കാര്യം ഉറപ്പുവരുത്തുന്നതിനുള്ള പുതിയ നിർദേശംമൂലം ജോലിഭാരം ലഘൂകരിക്കപ്പെടുകയാണ് ചെയ്യുന്നത്.

(സി) പ്രധാന അധ്യാപകർക്കും പ്രിൻസിപ്പൽമാർക്കും ശമ്പള ബില്ലുകൾ പാസ്സാക്കി നേരിട്ട് ട്രഷറിയിൽ ഏൽപ്പിക്കുന്ന 2020 മുതൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിലുണ്ടായിരുന്ന സംവിധാനം പുനഃസ്ഥാപിക്കുമോയെന്ന് വ്യക്തമാക്കുമോ?

പരിശോധിക്കുന്നതാണ്.

സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത

42(2390) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്ക് എത്ര ഗഡു ക്ഷാമബത്ത കുടിശ്ശികയുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത ക്ഷാമബത്ത അനുവദിക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രി 10-07-2024-ൽ നിയമസഭയിൽ ചട്ടം 300 പ്രകാരം പ്രഖ്യാപനം നടത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രി 10-07-2024-ൽ നിയമസഭയിൽ ചട്ടം 300 പ്രകാരം പ്രഖ്യാപനം നടത്തിയിരുന്നു.

(ബി) പ്രസ്തുത പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഒരു

സാമ്പത്തികവർഷം രണ്ട് ഗഡു അനുവദിക്കുമെന്ന് പ്രഖ്യാപിച്ചത് കുടിശ്ശികയിലെ രണ്ട് ഗഡു എന്നാണോയെന്നും വെളിപ്പെടുത്തുമോ?

അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. ജീവനക്കാർക്ക് ക്ഷാമബത്ത/ഡി.ആർ/ശമ്പളപരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് വിശദമായ സർക്കാർ ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണെന്നും 2024-25 സാമ്പത്തികവർഷം മുതൽ പ്രതിവർഷം രണ്ട് ഗഡു ഡി.എ. അനുവദിക്കുമെന്നുമാണ് പ്രഖ്യാപിച്ചിട്ടുള്ളത്.

(സി) അപ്രകാരമാണെങ്കിൽ ഈ സാമ്പത്തിക വർഷം മുതൽ ജീവനക്കാർക്ക് ന്യായമായും ലഭിക്കേണ്ട രണ്ട് ഗഡുവും കുടിശ്ശികയിലെ രണ്ട് ഗഡുവും ചേർത്ത് ആകെ നാല് ഗഡു ക്ഷാമബത്തയാണോ അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇപ്രകാരം ക്ഷാമബത്ത കുടിശ്ശിക നിവാരണം നടത്താനാണോ തീരുമാനിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

പദ്ധതി/പദ്ധതിയേതര ചെലവുകൾ

43(2391) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയുള്ള ബജറ്റിൽ പദ്ധതി/പദ്ധതിയേതര ചെലവുകൾക്കായി ലക്ഷ്യമിട്ട തുകയും ചെലവഴിച്ച തുകയും ശതമാനവും സംബന്ധിച്ച കണക്കുകൾ വകുപ്പ് അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ?

2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ വിവിധ വകുപ്പുകൾക്കായി ധനാഭ്യർഥനകൾക്ക് കീഴിൽ പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) ഓരോ വകുപ്പിലും മേൽപറഞ്ഞ കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ലക്ഷ്യം കൈവരിക്കാൻ കേന്ദ്രത്തിൽനിന്നും ലഭിച്ച തുക എത്രയാണ്; പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രത്തിൽനിന്ന് 2021-22, 2022-23, 2023-24 (നാളിതുവരെ) ലഭ്യമായ തുകയുടെ വിവരങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര ഫണ്ട് ലഭിച്ചതിന്റെ വിശദാംശം (തുക കോടിയിൽ)	
സാമ്പത്തിക വർഷം	**കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക**
2021-22	3801.00
2022-23	4587.79
2023-24	3918.87

കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ലഭ്യമാകുന്ന തുകകൾ അതത് സാമ്പത്തിക വർഷത്തിൽ വിനിയോഗിച്ചില്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെ റീവാലിഡേഷൻ അനുമതിയോടെ വകുപ്പുകൾക്ക് തൊട്ടടുത്ത വർഷത്തിൽ വിനിയോഗിക്കാവുന്നതാണ്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച തുക ലാപ്സാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

2021-22 സാമ്പത്തിക വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി കേന്ദ്രം SNA സംവിധാനം ആവിഷ്കരിച്ചു. ആയതുപ്രകാരം പദ്ധതികൾക്കായി കേന്ദ്രം അനുവദിക്കുന്ന തുകയും ആയതിന്റെ സംസ്ഥാന വിഹിതവും ഉൾപ്പെടെയുള്ള തുകയാണ് പദ്ധതി നിർവഹണ വകുപ്പിന്റെ SNA അക്കൗണ്ടിലേക്ക് മാറി നൽകുന്നത്. പദ്ധതി നിർവഹണ വകുപ്പുകൾ പദ്ധതികൾക്കായി പണം ചെലവഴിക്കുന്നത് പ്രസ്തുത SNA അക്കൗണ്ട് മുഖേനയാണ്. SNA അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ 75% ചെലവഴിക്കുന്ന മുറയ്ക്ക് മാത്രമേ കേന്ദ്രം തുടർന്നും ഫണ്ട് അനുവദിക്കുകയുള്ളൂ. കൂടാതെ അതത് സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുന്ന തുകയുടെ വിനിയോഗ സാക്ഷ്യപത്രം കേന്ദ്രത്തിന് സമയബന്ധിതമായി സമർപ്പിക്കേണ്ടതുമുണ്ട്. ആയതിനാൽ തുക ലാപ്സാകുന്ന സ്ഥിതി നിലവിലില്ല.

പുതിയ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ

44(2393) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബജറ്റിൽ 50 പുതിയ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ എത്ര ബ്രാഞ്ചുകൾ ആരംഭിച്ചിട്ടുണ്ട്?

പുതിയ ബ്രാഞ്ചുകൾ ആരംഭിച്ചിട്ടില്ല.

(ബി) പുതിയ ബ്രാഞ്ചുകൾ ആരംഭിച്ചതിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ.-യിൽനിന്ന് പി.എസ്.സി.-യിലേക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്തില്ലെങ്കിൽ ഏതൊക്കെ തസ്തികകളിൽ, എത്ര ഒഴിവുകൾ, എപ്പോൾ റിപ്പോർട്ട് ചെയ്യുമെന്ന് വ്യക്തമാക്കുമോ?

(ബി&സി) ബാധകമല്ല.

(ഡി) ഈ സാമ്പത്തിക വർഷം പുതുതായി എത്ര ബ്രാഞ്ചുകൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

രണ്ട് ശാഖകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. സാധ്യതാ പരിശോധനയുടെ അടിസ്ഥാനത്തിൽ

അനുയോജ്യമായ ഇടങ്ങളിൽ ശാഖകൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

തൃശ്ശൂർ നിയോജകമണ്ഡലത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തി അനുമതി നൽകിയിട്ടുള്ള പദ്ധതികൾ

45(2394) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്കാണ് 2016-2017 മുതൽ 2024-2025 വരെയുള്ള കാലയളവിൽ ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കിഫ്ബി ധനാനുമതി നൽകുന്ന പദ്ധതികളുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കി, കരാർ നൽകി, പ്രവൃത്തി ആരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ഉത്തരവാദിത്വം അതത് ഭരണവകുപ്പുകൾ ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവഹണ ഏജൻസികളുടേതാണ്. എന്നാലും കിഫ്ബിയിലൂടെ നടപ്പാക്കാനായി തിരഞ്ഞെടുത്തിട്ടുള്ള പദ്ധതികളിന്മേൽ അവയുടെ പൂർത്തീകരണം സാധ്യമാക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും തടസ്സങ്ങൾ ചർച്ച ചെയ്യുന്നതിനുമായി

സർക്കാർ/ഭരണ വകുപ്പുതലങ്ങളിലും പദ്ധതി നിർവഹണ ഏജൻസി തലത്തിലും നിയമസഭാ സാമാജികരുടെ സാന്നിധ്യത്തിലും മറ്റും നിരവധി അവലോകന യോഗങ്ങൾ കിഫ്ബി നടത്തിവരുന്നുണ്ട്. പദ്ധതി നിർവഹണ ഏജൻസികൾ തിരഞ്ഞെടുക്കുന്ന കരാറുകാരുടെ പ്രശ്നങ്ങളാലും പദ്ധതി നടപ്പാക്കുന്നതിനുള്ള സ്ഥലം കൃത്യസമയത്ത് പൂർണ്ണമായും ലഭ്യമാക്കാനാവാത്തതിനാലും സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസുകൾ ലഭിക്കുന്നതിൽ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളാലും മറ്റും സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാതെവരാം. ഇതിൽ കരാറുകാരന്റെ പ്രശ്നം കാരണമോ മറ്റ് സാങ്കേതിക കാരണങ്ങളാലോ പദ്ധതി നിർവഹണം വൈകാനിടയാകുന്ന സാഹചര്യങ്ങളിൽ സർക്കാർ മാർഗനിർദേശങ്ങളനുസരിച്ച് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിലോ അല്ലാതെയോ കരാർ ടെർമിനേറ്റ് ചെയ്ത് പ്രവൃത്തി റീ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ?

പദ്ധതികൾക്കായുള്ള ധനസമാഹരണത്തിനായി വായ്പകൾ, ബോണ്ടുകൾ തുടങ്ങി വിവിധ സ്രോതസ്സുകളെ കിഫ്ബി ആശ്രയിക്കാറുണ്ട്. ഇവയെല്ലാംതന്നെ ലഭ്യമാക്കുന്നത് ദീർഘകാലത്തെ നടപടിക്രമങ്ങളിലൂടെയാണ്. എൺപതിനായിരം കോടി രൂപയിൽപരം മതിപ്പുള്ള വൻകിട പദ്ധതികൾ നടപ്പാക്കുന്ന ഏജൻസിയെന്ന നിലയിൽ കൃത്യസമയത്ത് ഫണ്ട് ഉറപ്പുവരുത്തുകയെന്നത് കിഫ്ബിയെ സംബന്ധിച്ച് വളരെ പ്രാധാന്യമുള്ള കാര്യമാണ്. കിഫ്ബി പദ്ധതികൾ ഏറ്റെടുക്കുന്ന കോൺട്രാക്ട് ഏജൻസികൾ മികച്ച നിരക്കിൽ ടെൻഡറുകൾ ക്വാട്ട് ചെയ്യുന്നതിലുൾപ്പെടെ ഫണ്ടിന്റെ ലഭ്യത ഒരു പ്രധാന ഘടകമാണ്.

നിലവിൽ അടുത്ത ആറുമാസത്തെ പദ്ധതി ചെലവുകൾക്കുള്ള തുക കിഫ്ബി ഉറപ്പുവരുത്തിവയ്ക്കാറുണ്ട്. ബാങ്കുകളിൽനിന്നും ലഭിക്കുന്ന വായ്പകൾ ഉറപ്പുവരുത്തിയശേഷം ആവശ്യാനുസരണം മാത്രമാണ് ലഭ്യമാക്കുന്നത്.

എന്നാൽ ആഭ്യന്തര മാർക്കറ്റിൽനിന്നും കടപ്പത്രങ്ങളിലൂടെ ലഭ്യമാകുന്ന ഫണ്ടുകൾ ഒറ്റത്തവണയായി മാർക്കറ്റിൽനിന്നും സ്വീകരിക്കേണ്ടവയാണ്. ഇവയിൽ പദ്ധതി അധിഷ്ഠിതമായി ലഭ്യമാക്കുന്ന ഫണ്ടുകൾക്ക് പ്രസ്തുത പദ്ധതികളുടെ ബിൽ ലഭിക്കുന്ന മുറയ്ക്ക് മാത്രമെ ചെലവാക്കാൻ കഴിയൂവെന്ന സാങ്കേതികമായ പരിമിതിയുമുണ്ട്. അത്തരം ചില ഫണ്ടുകളൊഴികെ മറ്റ് വായ്പകൾക്കൊന്നും തുക വിനിയോഗിക്കാതെ പലിശ കൊടുക്കേണ്ട സാഹചര്യമില്ല.

കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്

46(2395) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷൻ നൽകാൻ രൂപീകരിച്ച കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് സർക്കാർ എത്ര തുകയാണ് നൽകേണ്ടതെന്ന് അറിയിക്കാമോ; പെൻഷൻ കമ്പനിയുടെ ബാധ്യത എത്രയാണെന്ന് വ്യക്തമാക്കാമോ?

നടപ്പ് സാമ്പത്തികവർഷം കമ്പനിയുടെ ബജറ്റ് വിഹിതമായ 10,729 കോടി രൂപയിൽനിന്ന് നാളിതുവരെ 6,500 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് നിലവിൽ 13,150.62 കോടി രൂപ വായ്പ ബാധ്യതയുണ്ട്.

(ബി) ഏതെല്ലാം സ്ഥലങ്ങളിൽനിന്നാണ് പെൻഷൻ കമ്പനി വായ്പയെടുത്തിരിക്കുന്നതെന്ന് അറിയിക്കാമോ; വായ്പാതുകയും പലിശ നിരക്കും എത്രയാണെന്ന് വ്യക്തമാക്കുമോ; നിലവിൽ എത്ര മാസത്തെ ക്ഷേമ പെൻഷൻ കുടിശ്ശികയായി നിലനിൽക്കുന്നു; വിശദവിവരം നൽകുമോ?

കമ്പനി കെ.എസ്.എഫ്.ഇ., കെ.എസ്.ബി.സി., പെൻഷൻ വിതരണത്തിന് ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കെ.എഫ്.സി. എന്നിവിടങ്ങളിൽനിന്ന് 8.50% മുതൽ 9.55% വരെയുള്ള പലിശ നിരക്കിൽ ആകെ 13,150.62 കോടി രൂപ വായ്പ എടുത്തിട്ടുണ്ട്. 5 മാസത്തെ ക്ഷേമ പെൻഷൻ കുടിശ്ശികയിൽ ഒരു

മാസത്തേത് ഓണത്തോടനുബന്ധിച്ച് 2024 സെപ്റ്റംബർ മാസത്തിൽ വിതരണം ചെയ്തിരുന്നു.

സഹകരണ ബാങ്കുകൾ വഴിയുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ

47(2396) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സഹകരണ ബാങ്കുകൾ വഴി വീടുകളിലെത്തിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം നടത്തുന്നവർക്കായുള്ള ഇൻസെന്റീവ് ഒരു വീടിന് എത്ര രൂപയാണ് നൽകിവരുന്നതെന്നും ഈയിനത്തിൽ എത്രപേരെ വിതരണം നടത്താൻ നിയോഗിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റ് വായ്പാ സംഘങ്ങൾ എന്നിവ വഴി സാമൂഹ്യ സുരക്ഷാ പെൻഷൻ വീടുകളിൽ നേരിട്ട് വിതരണം ചെയ്യുന്നതിന് ഒരു ഗുണഭോക്താവിന് 30/- രൂപ നിരക്കിലാണ് ഇൻസെന്റീവ് ഇനത്തിൽ അനുവദിക്കുന്നത്. ഈയിനത്തിൽ സുരക്ഷാ പെൻഷൻ

വീടുകളിൽ നേരിട്ട് വിതരണം നടത്തുന്നതിനായി 10082 പേരെ നിയോഗിച്ചിട്ടുണ്ട്.

(ബി) ഈ ഇനത്തിൽ നൽകിയ ഇൻസെന്റീവ് തുക എത്രയാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ?

സാമൂഹ്യ സുരക്ഷാ പെൻഷൻ വീടുകളിൽ നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള ഇൻസെന്റീവ് തുകയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	ഇൻസെന്റീവ് തുക
2016-17	117959400
2017-18	441962600
2018-19	284248800
2019-20	298861650
2020-21	506197300
2021-22	1181949150
2023-24	1176582600
2024-25	341190540

(സി) പ്രസ്തുത ഇനത്തിൽ കുടിശ്ശിക നൽകാനുണ്ടെങ്കിൽ ഏതു കാലയളവുമുതൽ നൽകാനുണ്ടെന്നും കുടിശ്ശിക നൽകാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

2024 മാർച്ച്, ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ എന്നീ മാസങ്ങളിൽ വിതരണംചെയ്ത സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട ഇൻസെന്റീവ് തുക 13-09-2024-ലെ സ.ഉ.(സാധാ)നം.7000/2024-ധന. ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. 2024 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിതരണംചെയ്ത സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട ഇൻസെന്റീവ് തുകയാണ് ഇനി അനുവദിക്കാനുള്ളത്. അതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

സാമൂഹ്യക്ഷേമ പെൻഷൻ

48(2397) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ എട്ട് വർഷത്തിനിടെ സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിനായി എത്ര കോടി രൂപയാണ് സർക്കാർ നൽകിയിട്ടുള്ളതെന്ന്

വ്യക്തമാക്കുമോ?

സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനായി 2016 മേയ് മുതൽ 2024 മേയ് വരെയുള്ള എട്ട് വർഷ കാലയളവിൽ ആകെ 58806.87 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകൾ നൽകുന്നതിനായി കഴിഞ്ഞ എട്ട് വർഷ കാലയളവിൽ 12326,01,00,800/- രൂപയും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കഴിഞ്ഞ എട്ട് വർഷത്തിനിടെ കായിക യുവജനക്ഷേമം വകുപ്പുമുഖേന സർക്കസ് പെൻഷൻ നൽകുന്നതിനായി 13,62,00,000/- രൂപയും അവശ കായികതാര പെൻഷൻ നൽകുന്നതിനായി 92,49,244/- രൂപയും സാംസ്കാരിക വകുപ്പുമുഖേനയുള്ള കലാകാര പെൻഷൻ നൽകുന്നതിനായി 41,87,02,097/- രൂപയും അവശകലാകാര പെൻഷൻ നൽകുന്നതിനായി 2,40,35,200/- രൂപയും ചെലവഴിച്ചിട്ടുണ്ട്. തൊഴിലും നൈപുണ്യവും വകുപ്പുമുഖേനയുള്ള മരംകയറ്റ തൊഴിലാളി പെൻഷൻ നൽകുന്നതിനായി 19,05,99,990/- രൂപയും പിന്നാക്ക വിഭാഗ വികസന വകുപ്പുമുഖേനയുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിശ്വകർമ്മ പെൻഷൻ നൽകുന്നതിനായി 3,02,72,248/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

സാമ്പത്തിക പ്രതിസന്ധി

49(2398) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണമില്ലാത്തതിനാൽ പദ്ധതികൾ വെട്ടിക്കുറയ്ക്കുകയും ട്രഷറി നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തതുകാരണം സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 1127 പദ്ധതികൾ തുടങ്ങാതിരിക്കുകയോ, വൈകുകയോ ചെയ്യുന്നതായി പറയപ്പെടുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സാമ്പത്തിക പ്രതിസന്ധിമൂലം പല പദ്ധതികളിലും ധനകാര്യവകുപ്പ് അനാവശ്യ എതിർപ്പുകൾ ഉന്നയിക്കുന്നതായി വിമർശനം ഉയർന്നിട്ടുള്ളതിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ?

(എ&ബി) കേന്ദ്ര ധനകൈമാറ്റത്തിൽ വന്ന ഇടിവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിലുണ്ടായിട്ടുള്ള കുറവും സംസ്ഥാനത്ത് ധന ഞെരുക്കം

സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ വിവിധ ക്ഷേമ പദ്ധതികളിലെ കുടിശ്ശിക, മറ്റ് ആനുകൂല്യങ്ങൾ എന്നിവ സർക്കാരിന് സമയബന്ധിതമായി കൊടുത്തു തീർക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം നടത്തുന്നതിനുള്ള മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. തുടർ പ്രോജക്ടുകളുൾപ്പെടെയുള്ള പദ്ധതികളുടെ അനിവാര്യത പരിശോധിച്ച് മുൻഗണന നിശ്ചയിച്ച് ക്രമീകരിക്കുന്നതിനാണ് ഈ സാമ്പത്തിക വർഷത്തെ പദ്ധതി ക്രമീകരണത്തിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ മുൻഗണന നിശ്ചയിച്ച് പദ്ധതികളെ ക്രമീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഭരണ വകുപ്പുകൾക്കുണ്ട്. അതിനാൽ പദ്ധതികളിൽ ധനകാര്യ വകുപ്പ് അനാവശ്യമായി എതിർപ്പുന്നയിക്കുന്ന സാഹചര്യം ഉടലെടുക്കുന്നില്ല.

(സി) മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിലൂടെ പദ്ധതി പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നികുതി പിരിവ് ഊർജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും വികസന ക്ഷേമ പ്രവർത്തനങ്ങൾ മുടക്കംകൂടാതെ നടത്താനാണ് സർക്കാർ ശ്രമിച്ചുവരുന്നത്.

സംസ്ഥാനത്തിന്റെ ധനസ്ഥിതി

50(2399) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കടക്കമുള്ള ഫണ്ട് ആഭ്യന്തര വരുമാനവും തനത് നികുതി വരുമാനവുംകൊണ്ട് കണ്ടെത്താൻ സാധിക്കാതെ എല്ലാം കേന്ദ്രസർക്കാരിൽനിന്നും ലഭിക്കേണ്ട തുകയെയും കടമെടുപ്പിനെയും മാത്രം ആശ്രയിച്ച് മുന്നോട്ടുപോകാൻ കഴിയുമോയെന്ന് ധനകാര്യ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ?

സാമ്പത്തിക പ്രതിസന്ധികൾക്കും വെല്ലുവിളികൾക്കുമിടയിലും 2021-22-ലെ കോവിഡ് മഹാമാരി ഏൽപ്പിച്ച ആഘാതത്തിൽനിന്നും കേരളം

ശക്തമായ തിരിച്ചുവരവിലൂടെ സ്ഥായിയായ വളർച്ച രേഖപ്പെടുത്തിയ വർഷമാണ് 2023-24. അസമത്വവും നീതീകരണമില്ലാത്ത കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധവും ഫെഡറലിസത്തിന്റെ നയങ്ങൾ യഥാവിധി നടപ്പാക്കുന്നതിലെ കേന്ദ്രസർക്കാരിന്റെ പരാജയവും ഇന്ന് സംസ്ഥാന സമ്പദ്ഘടനയെ മുൻപുണ്ടായിട്ടില്ലാത്ത വിധത്തിലുള്ള സാമ്പത്തിക ഞെരുക്കത്തിലേക്ക് നയിച്ചെങ്കിലും സംസ്ഥാന സർക്കാർ ജനക്ഷേമത്തിനും വരുമാന വളർച്ചക്കും ഊന്നൽ നൽകി ഒരു നവകേരളം നിർമ്മിക്കാനുള്ള ദൃഢനിശ്ചയവുമായി മുന്നേറുകയാണ്. കേരളം മാനവ വിഭവശേഷി വികസനത്തിനും ജനങ്ങളുടെ വരുമാന വർധനവിനും ജീവനോപാധിയിലും നടത്തിയ നിക്ഷേപത്തിന്റെ പ്രതിഫലനമാണ് സംസ്ഥാനത്തിനുലഭിച്ച അംഗീകാരങ്ങൾ. നീതി ആയോഗിന്റെ 2023-ലെ മൾട്ടി ഡൈമെൻഷണൽ പോവർട്ടി ഇൻഡക്സ് അനുസരിച്ച്, കേരളമാണ് രാജ്യത്തെ ഏറ്റവും മികച്ച പ്രകടനം (0.002 ശതമാനം) കാഴ്ചവച്ച സംസ്ഥാനം. ഉയർന്ന പ്രതിശീർഷ മൊത്ത ആഭ്യന്തര വരുമാനമുള്ള ആദ്യ പത്ത് സംസ്ഥാനങ്ങളിൽ കേരളവുമുണ്ട്. സംസ്ഥാനത്തിന്റെ പ്രതിശീർഷ വരുമാനം 2022-23 ൽ 6.06

ശതമാനം വർധിച്ച് 1,74,214 രൂപയായി. ഇത് ദേശീയ ശരാശരിയായ 1,15,746 രൂപയേക്കാൾ കൂടുതലാണ്. സംസ്ഥാന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ 2023-24 സാമ്പത്തിക വർഷത്തെ അഡ്വാൻസ് കണക്കുകൾ പ്രകാരം സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപാദനം തനതുവിലയിൽ 12.24 ശതമാനവും സ്ഥിര വിലയിൽ 6.92 ശതമാനവും വളർച്ചയാണ് കൈവരിച്ചത്. സാമൂഹ്യക്ഷേമ വികസനച്ചെലവുകളിൽ സർക്കാർ കാണിക്കുന്ന പ്രാധാന്യം ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര വരുമാനം യഥാക്രമം 58340.52 കോടി രൂപയും 10462.51 കോടി രൂപയുമായിരുന്നത് 2022-23 സാമ്പത്തിക വർഷത്തിൽ യഥാക്രമം 71968.16 കോടി രൂപയും 15117.96 കോടി രൂപയുമായും 2023-24 സാമ്പത്തിക വർഷത്തിൽ യഥാക്രമം 74329.01 കോടി രൂപയും 16345.96 കോടി രൂപയുമായും ഉയർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും സംസ്ഥാനത്തിന് ലഭിച്ചുവരുന്ന കേന്ദ്ര ധനകൈമാറ്റത്തിൽ വന്ന ഭീമമായ കുറവും വിവിധ

കാരണങ്ങളുയർത്തി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്ര സർക്കാർ വരുത്തിവരുന്ന വെട്ടിക്കുറവും കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ വ്യവസ്ഥ സംസ്ഥാനങ്ങൾക്ക് കൂടുതൽ സാമ്പത്തിക ബാധ്യത വരുത്തുന്ന രീതിയിൽ പുനഃക്രമീകരിച്ചതും ബ്രാൻഡിംഗിന്റെ പേരിൽ ചില കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ഫണ്ട് തടഞ്ഞുവയ്ക്കുന്നതും ചരക്ക് സേവന നികുതിയിലെ റവന്യൂ പങ്കിടൽ അനുപാതം സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട വിഹിതം ലഭിക്കത്തക്കവിധം പുനഃനിശ്ചയിക്കാത്തതും അടിക്കടിയുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളും സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഗണ്യമായ ഇടിവിന് ഹേതുവായിട്ടുണ്ട്. തൽഫലമായി സംസ്ഥാനത്ത് കഴിഞ്ഞ കുറച്ചുകാലങ്ങളായി പണഞെരുക്കം ഉടലെടുത്തിട്ടുണ്ട്. എന്നാൽ വിവിധ ക്ഷേമ പദ്ധതികളിലെ കുടിശ്ശിക, മറ്റ് ആനുകൂല്യങ്ങൾ എന്നിവ സർക്കാരിന് സമയബന്ധിതമായി കൊടുത്ത് തീർക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം നടത്തുന്നതിനുള്ള മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട പദ്ധതികളെ ബന്ധപ്പെട്ട വകുപ്പുകൾക്ക് മുൻഗണന നിശ്ചയിച്ച് പദ്ധതി വിഹിതത്തിൽ പുനഃക്രമീകരണം നടത്താവുന്നതാണ്. നബാർഡ് ധനസഹായം, വിദേശ വായ്പാ പദ്ധതികൾ, കേന്ദ്ര സഹായം എന്നിവ ഉപയോഗിച്ചുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ തടസ്സമില്ലാതെ നടപ്പാക്കുന്നുമുണ്ട്.

(ബി) കൊറോണ വ്യാപനത്തിന്റെ ഭാഗമായി ലോകമെമ്പാടും ധനസ്ഥിതി മോശമായെങ്കിലും നിലവിൽ അതെല്ലാം തരണം ചെയ്യാൻ ലോക രാജ്യങ്ങൾക്കും ഇന്ത്യയിലെ ഭൂരിപക്ഷം സംസ്ഥാനങ്ങൾക്കും കഴിഞ്ഞ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും അർഹമായ ആനുകൂല്യങ്ങൾ നൽകാതെയും വികസന/ ക്ഷേമ പ്രവർത്തനങ്ങൾ നടത്താതെയും മുന്നോട്ടുപോകുന്നതിന്റെ കാരണം ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ?

2024-25 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതുപോലെ 2024 മാർച്ച് മാസംമുതൽ നാളിതുവരെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ മുടക്കം കൂടാതെ അതത് മാസം വിതരണം ചെയ്തുവരുന്നു.

സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക ഗുണഭോക്താക്കൾക്ക് 2024-25 സാമ്പത്തിക വർഷത്തിൽ രണ്ടു ഗഡുക്കളും 2025-26-ൽ മൂന്നു ഗഡുക്കളും വിതരണം ചെയ്യുമെന്ന് പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 പ്രകാരം പ്രസ്താവിച്ചിരുന്നു. ഓണത്തോടനുബന്ധിച്ച് 2024 സെപ്റ്റംബർ മാസത്തിൽ ഒരുമാസത്തെ സാമൂഹ്യ സുരക്ഷ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ചതിനോടൊപ്പം ഒരുഗഡു കുടിശ്ശികയും അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കോവിഡ് കാലത്തെ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും മെച്ചപ്പെട്ട ശമ്പള പരിഷ്കരണം നടപ്പാക്കുകയും ഡി.എ. ഉറപ്പാക്കുകയും ഡി.എ. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ 2021-22 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽത്തന്നെ പണമായി നൽകുകയും ചെയ്തു. പക്ഷേ, കേന്ദ്രത്തിന്റെ പ്രതികൂല സമീപനം കാരണം കേരളം നേരിട്ട അസാധാരണമായ പണഞെരുക്കം ശമ്പള-പെൻഷൻ പരിഷ്കരണ കുടിശ്ശികകൾ, ജീവനക്കാർക്കുള്ള ക്ഷാമബത്ത, പെൻഷൻകാർക്കുള്ള ഡിയർനെസ്സ് റിലീഫ്

എന്നിവയുടെ വിതരണത്തിൽ കുടിശ്ശിക വരാൻ ഇടയാക്കിയിട്ടുണ്ട്. ഈ കുടിശ്ശിക നിവാരണം ചെയ്യണമെന്ന് സർക്കാർ ലക്ഷ്യമിടുന്നു. ജീവനക്കാർക്കും പെൻഷൻകാർക്കും ഒരുഗഡു ഡി.എ./ഡി.ആർ. ഏപ്രിൽ 2024-ൽ വിതരണം ചെയ്തിട്ടുണ്ട്.

കേന്ദ്ര-സംസ്ഥാനങ്ങളുടെ പൊതുകടം

51(2400) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ധനമന്ത്രാലയത്തിന്റെ 2024 ജൂണിൽ അവസാനിക്കുന്ന പാദത്തിലെ റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ട് പ്രകാരം കേന്ദ്ര സർക്കാരിന്റെ പൊതുകടം എത്രയാണ്; വിശദമാക്കുമോ?

കേന്ദ്ര സർക്കാർ 2024 ജൂലൈ മാസം അവതരിപ്പിച്ച ബജറ്റ് പ്രകാരം 2022-23, 2023-24 (RE), 2024-25 (BE) വർഷങ്ങളിലെ കേന്ദ്ര സർക്കാരിന്റെ പൊതുകടം യഥാക്രമം 13566889.05 കോടി രൂപ, 15199526.44 കോടി രൂപ, 16657852.01 കോടി രൂപ എന്നിങ്ങനെയാണ്.

(ബി) ജി.ഡി.പി.-യുടെ എത്ര ശതമാനമാണ് പ്രസ്തുത റിപ്പോർട്ട് പ്രകാരം കേന്ദ്ര സർക്കാർ കടമെടുത്തിട്ടുള്ളത്; വ്യക്തമാക്കുമോ?

2022-23, 2023-24, 2024-25 എന്നീ വർഷങ്ങളിലെ ജി.ഡി.പി. തുകയായ 2,69,49,646 കോടി രൂപ, 2,95,35,667 കോടി രൂപ, 3,26,36,912 കോടി രൂപ എന്നിവയുടെ യഥാക്രമം 50.34%, 51.46%, 51.04% ശതമാനമാണ് കേന്ദ്ര സർക്കാർ കടമെടുത്തിട്ടുള്ളത്.

(സി) ഇതുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം ജി.എസ്.ഡി.പി.-യുടെ എത്ര ശതമാനമാണ്; വിശദമാക്കുമോ?

2022-23, 2023-24, 2024-25 (BE) എന്നീ വർഷങ്ങളിലെ സംസ്ഥാനത്തിന്റെ പൊതുകടം സംസ്ഥാന ജി.എസ്.ഡി.പി.-യുടെ യഥാക്രമം 22.75%, 22.82%, 23.33% എന്നിവയാണ്.

(ഡി) കേന്ദ്ര-സംസ്ഥാനങ്ങളുടെ പൊതുകടത്തിന്റെ വർധനനിരക്ക് താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തിന്റെ വളർച്ചാനിരക്ക് എത്ര; വിശദമാക്കുമോ?

മേൽകണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ വളർച്ചാ നിരക്ക് 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 8.19%, 12.60% എന്നിവയാണ്. പ്രസ്തുത വർഷങ്ങളിൽ കേന്ദ്ര സർക്കാരിന്റെ പൊതുകടത്തിന്റെ വളർച്ചാ നിരക്ക് 13.99%, 12.03% എന്നിവയാണ്.

സ്റ്റോർ പർച്ചേസിങ്ങുമായി ബന്ധപ്പെട്ട പരിഷ്കാരം

52(2401) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റോർ പർച്ചേസിങ്ങുമായി ബന്ധപ്പെട്ട് പുതിയ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

സ്റ്റോർ പർച്ചേസിങ്ങുമായി ബന്ധപ്പെട്ട് പുതിയ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിനുള്ള ആലോചനകളൊന്നും നിലവിലില്ല.

ദന്തൽ യൂണിറ്റ് തുടങ്ങുന്നതിനായി തസ്തിക

53(2402) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ആർദ്രം' മാനദണ്ഡപ്രകാരം സംസ്ഥാനത്തെ താലൂക്കാശുപത്രികളിൽ ഒരു ദന്തൽ സർജൻ, ഒരു ദന്തൽ ഹൈജീനിസ്റ്റ്, ഒരു ദന്തൽ മെക്കാനിക്ക് എന്നീ തസ്തികകളോടുകൂടിയ ദന്തൽ വിങ് മൈനർ സ്പെഷ്യാലിറ്റിയായി ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 07-07-2018-ലെ സ.ഉ.(സാധാ) നം.2198/2018/ആ.കു.വ പ്രകാരം 'ആർദ്രം' പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള താലൂക്കാശുപത്രികളിൽ Separate dental and Physical Medicine departments with adequate facilities ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 'ആർദ്രം' ഗൈഡ്ലൈനിൽ ദന്തൽ സർജൻ-1, ദന്തൽ ഹൈജീനിസ്റ്റ്-1, ദന്തൽ മെക്കാനിക്ക്-1 എന്നീ തസ്തികകൾ മൈനർ സ്പെഷ്യാലിറ്റിയിൽ ഉണ്ടായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) ദന്തൽ യൂണിറ്റ് നിലവിലില്ലാത്തതിനാൽ അത് തുടങ്ങുന്നതിന് ഭരണാനുമതി നൽകി ആരോഗ്യ വകുപ്പ് ഉത്തരവിറക്കിയ അഞ്ച് താലൂക്കാശുപത്രികളിൽ തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ടി ധനകാര്യ

വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിലെ സ്ഥിതി അറിയിക്കുമോ;

(സി) പ്രസ്തുത ഫയലിൻമേൽ തീരുമാനമെടുക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; ഭരണാനുമതി ലഭിച്ച സാഹചര്യത്തിൽ തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) ആരോഗ്യ വകുപ്പിന് കീഴിൽ ഭരണാനുമതി ലഭിച്ച TH Bedadka, TH Mangalpady, TH Kondotty, TH Kattappana, TH Pathanapuram എന്നീ അഞ്ച് താലൂക്കാശുപത്രികളിൽ ദന്തൽ വിങ് തുടങ്ങുന്നതിന് അസിസ്റ്റന്റ് ദന്തൽ സർജൻ (5), ദന്തൽ ഹൈജീനിസ്റ്റ് (5), ദന്തൽ മെക്കാനിക്ക് (5) എന്നീ 15 തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ഭരണവകുപ്പിന്റെ ശിപാർശ ധനകാര്യ വകുപ്പ് പരിശോധിക്കുകയും ആയത് തൽക്കാലത്തേക്കയ്ക്ക് മാറ്റിവച്ചിരിക്കുകയുമാണ്. പ്രസ്തുത ശിപാർശ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിച്ച ക്ഷാമബത്ത കുടിശ്ശിക

54(2403) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിച്ച ക്ഷാമബത്ത കുടിശ്ശികയിൽ കാലാവധി കഴിഞ്ഞവ പിൻവലിക്കുന്നതിന് വിലക്കേർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിലക്കേർപ്പെടുത്താനുള്ള കാരണം വ്യക്തമാക്കുമോ?

(എ&ബി) സർക്കാർ നിലവിൽ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിച്ച ക്ഷാമബത്ത കുടിശ്ശിക ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ അനുവദിക്കേണ്ടതില്ലെന്ന് അക്കൗണ്ടന്റ് ജനറൽ മാനേജർ (സ്പാർക്ക്), യൂണിവേഴ്സിറ്റി രജിസ്ട്രാർമാർ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ എന്നിവർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത തുക എന്നത്തേയ്ക്ക് പിൻവലിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

പ്രസ്തുത തുക പിൻവലിക്കാൻ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

എയ്ഡഡ് സ്കൂളുകളിലെയും കോളേജുകളിലെയും ശമ്പള ബില്ലുകൾ മാറ്റി നൽകുന്ന നടപടി

55(2404) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെയും കോളേജുകളിലെയും ശമ്പള ബില്ലുകൾ ട്രഷറിയിൽ നേരിട്ടുനൽകി പാസ്സാക്കാൻ സ്ഥാപന മേധാവിമാർക്കുണ്ടായിരുന്ന അധികാരം ധനകാര്യ വകുപ്പ് റദ്ദാക്കുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ?

അതെ.

(ബി) ഈ അധികാരം റദ്ദാക്കാനിടയായ സാഹചര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; ഈ സ്ഥാപനങ്ങളിലെ ശമ്പളം മാറുന്നതിന് പകരം ഒരുക്കിയിരിക്കുന്ന സംവിധാനം എന്താണെന്ന് അറിയിക്കുമോ?

22-12-2020-ലെ G.O.(P.)163/2020/ധന. പ്രകാരം ത്രൈമാസ ക്രമത്തിൽ ശമ്പള ബില്ലുകൾ നിയന്ത്രണാധികാരികൾ മാനുവലായി പരിശോധിച്ചുവരുന്നുണ്ട്. എന്നാൽ മാസംതോറുമുള്ള ഈ ബില്ലുകളുടെ കൃത്യത ഉറപ്പുവരുത്താനുള്ള നിർദേശങ്ങളോ സംവിധാനമോ നിലവിലുണ്ടായിരുന്നില്ല. ആകയാൽ മാസ ബില്ലുകളുടെ ആധികാരികതയും കൃത്യതയും നിയന്ത്രണാധികാരികൾ മുൻകൂറായി ഉറപ്പുവരുത്തി നൽകുന്നതിനുള്ള സ്പാർക്കിലെ ഓൺലൈൻ സംവിധാനമാണ് ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്നത്.

(സി) ഈ തീരുമാനം നടപ്പാക്കുന്നതിലൂടെ സർക്കാരിനുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

മാസംതോറുമുള്ള ബില്ലുകളുടെ ആധികാരികതയും കൃത്യതയും മുൻകൂറായി അതായത്, ബില്ലുകൾ എൻകാഷ് ചെയ്യുന്നതിനുമുമ്പുതന്നെ

ഉറപ്പുവരുത്താൻ നിയന്ത്രണാധികാരികൾക്ക് ഈ സംവിധാനത്തിലൂടെ സാധ്യമാകുന്നതാണ്.

(ഡി) ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളം മാറിക്കൊടുക്കേണ്ട ചുമതലകൂടി വരുന്നതോടെ ഉദ്യോഗസ്ഥർക്ക് അധിക ജോലിഭാരമുണ്ടാകുന്നതുമൂലം ശമ്പളവിതരണം യഥാസമയം നടക്കാതിരിക്കാൻ സാധ്യതയുണ്ടെന്ന സർവീസ് സംഘടനകളുടെ ആശങ്ക പരിശോധിക്കുകയുണ്ടായോ?

22-12-2020-ലെ G.O.(P.)163/2020/ധന. പ്രകാരം എല്ലാ ബില്ലുകളും യഥാസമയം ഓൺലൈനിൽ മുൻകൂറായും മാസശമ്പള ബില്ലുകൾ മാത്രം ത്രൈമാസ ക്രമത്തിൽ മാന്വലായും നിയന്ത്രണാധികാരികൾ പരിശോധിച്ചുവരുന്നുണ്ട്. ആകയാൽ ഇത്തരം ബില്ലുകൾകൂടി മുൻകൂറായി ഓൺലൈൻ സംവിധാനത്തിലൂടെ പരിശോധിക്കുന്നതിനാൽ ജോലിഭാരം ലഘൂകരിക്കുകയാണ് ചെയ്യുന്നത്.

(ഇ) ഈ തീരുമാനത്തിനെതിരെ സർവീസ് സംഘടനകൾ എതിർപ്പ് അറിയിച്ചിട്ടുണ്ടോ; എങ്കിൽ ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. എല്ലാ കൗണ്ടർസൈനിങ് അതോറിറ്റികളും സമയബന്ധിതമായി ഇത്തരം മാസശമ്പള ബില്ലുകൾ ഓൺലൈനിലൂടെ അംഗീകരിച്ച് നൽകണമെന്നും ഇക്കാര്യത്തിലെ വീഴ്ച ഗൗരവമായിക്കണ്ട് നടപടി സ്വീകരിക്കണമെന്നുള്ള നിർദ്ദേശം നൽകാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് 05-10-2024-ലെ 2720416/SPK-A4/12/2024/Fin നമ്പർ കത്തുപ്രകാരം സർക്കാർ അറിയിപ്പ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ ജീവനക്കാരുടെ സേവന വേതന സോഫ്റ്റ്വെയർ

56(2405) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതു സർവീസിലെ ഏകദേശം മുപ്പത്തയ്യായിരം വരുന്ന ജീവനക്കാരുടെ സേവന വേതന കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും ശമ്പള വിതരണത്തിനുമായി സ്പാർക്ക്

മാതൃകയിൽ ഒരു ഏകീകൃത സോഫ്റ്റ്വെയർ ആവിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടർ നൽകിയ ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത 3 പ്രൊപ്പോസലുകൾ പരിഗണിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഈ വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ധനകാര്യ വകുപ്പിൽ ലഭിച്ച എൽ.എസ്.ജി.ഡി-ഇആർഎ 3/84/2022-എൽ.എസ്.ജി.ഡി എന്ന ഫയലിന്മേൽ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടിക്രമങ്ങളുടെ ഫയൽ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള എല്ലാവിഭാഗം ഉദ്യോഗസ്ഥരെയും സ്പാർക്ക് അധിഷ്ഠിത ശമ്പളവിതരണ സംവിധാനത്തിൽ കൊണ്ടുവരുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19-05-2022-ലെ ശിപാർശ ധനകാര്യ വകുപ്പിൽ 2138684/Dev-5/168/2022-Fin നം. ഫയലിൽ വിശദമായി

പരിശോധിക്കുകയും ശേഷം ചുവടെ കാണുംപ്രകാരം മറുപടി നൽകുകയും ചെയ്യ.

ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാരുടെയും പഞ്ചായത്ത് വകുപ്പിലെ ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് ജീവനക്കാരുടെയും മുനിസിപ്പാലിറ്റി, മുൻസിപ്പൽ കോർപ്പറേഷൻ ജീവനക്കാരുടെയും ശമ്പളത്തിന് തത്തുല്യമായ തുക അതത് സ്ഥാപനങ്ങളുടെ ജനറൽ പർപ്പസ് ഫണ്ടിൽനിന്നും കുറവ് വരുത്തി തുക ട്രഷറിയിൽ നിക്ഷേപിച്ച് സ്പാർക്ക് മുഖാന്തരം മാറുന്നത് നിലവിലുള്ള സ്ഥാപനങ്ങളുടെ എണ്ണത്തിലെ വൈപുല്യവും ശമ്പളച്ചെലവിലെ ഏകീകൃത രൂപമില്ലായ്മയും കണക്കിലെടുത്താൽ ശമ്പളവിതരണവും ജനറൽ പർപ്പസ് ഫണ്ട് വിതരണവും കൂടുതൽ സങ്കീർണ്ണമാകുകയും അതിന്റെ നടപടിക്രമങ്ങൾക്ക് താമസം നേരിടുകയും ചെയ്യും. ഒപ്പം ആയിരത്തിലധികം വരുന്ന പ്രസ്തുത സ്ഥാപനങ്ങളുടെ ജനറൽ പർപ്പസ് ഫണ്ടിൽനിന്നും കുറവ് വരുത്തി യഥാസമയം ശമ്പള വിതരണം നടത്തലും ആയതു ഉറപ്പാക്കലും പ്രായോഗികമായ ഒന്നല്ല. മുഴുവൻ ജീവനക്കാരുടെയും ശമ്പളച്ചെലവ് സ്പാർക്ക്

വഴി മാറുന്ന രീതി അവലംബിച്ചാൽ കാലക്രമേണ ശമ്പള വിതരണച്ചുമതല സർക്കാരിൽ നിക്ഷിപ്തമാകുകയും ആനുപാതിക കിഴിവ് ഉറപ്പുവരുത്താൻ കഴിഞ്ഞില്ലെങ്കിൽ ആയത് സർക്കാരിന്റെ ഒരു വലിയ ആവർത്തന ബാധ്യതയായി തീരുകയുംചെയ്യും. സംസ്ഥാന കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും നേരിട്ടല്ലാതെ തനത് ഫണ്ടിൽനിന്നോ ധനസഹായത്തിൽ നിന്നോ ശമ്പളം നൽകുന്ന സ്ഥാപനങ്ങളുടെ ശമ്പള വിതരണത്തിനാണ് ജി-സ്പാർക്ക് സംവിധാനം രൂപപ്പെടുത്തിയിട്ടുള്ളതെന്നതിനാൽ എല്ലാ ജീവനക്കാരെയും സ്പാർക്ക് സംവിധാനത്തിലേയ്ക്ക് മാറ്റണമെന്ന പ്രൊപ്പോസൽ പരിഗണിക്കാൻ കഴിയുന്നതല്ല.

(സി) സർക്കാരിന്റെ സുപ്രധാന നയമായ വകുപ്പ് സംയോജനത്തിന്റെ കാതലായ ഭാഗമായ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥയുടെ ഏകീകരണം നാളിതുവരെ നടപ്പാക്കാൻ സാധിക്കാത്ത കാര്യം ഗൗരവമായി പരിശോധിക്കുമോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പ് പ്രൊപ്പോസൽ ലഭ്യമാക്കുമ്പോൾ പരിശോധിക്കുന്നതാണ്.

സംസ്ഥാനത്തുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം

57(2407) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പുത്തൻ നയങ്ങൾ കാരണം സംസ്ഥാനത്തുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനായി എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് ജി.എസ്.ടി. ഉൾപ്പെടെ വിവിധയിനങ്ങളിലായി ലഭിക്കേണ്ട കുടിശ്ശികകളുടെ വിശദാംശം തരംതിരിച്ച് ലഭ്യമാക്കുമോ?

(എ&ബി) കഴിഞ്ഞ കുറച്ചുകാലങ്ങളായി സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ച് പോരുന്നുണ്ടെന്നത് ഒരു വസ്തുതയാണ്. പ്രകൃതിദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽവന്ന കുറവ്,

കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തതും സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding/naming മാർഗനിർദേശങ്ങൾ പാലിച്ചിട്ടില്ലെന്ന കാരണമുയർത്തി കേന്ദ്ര ധന കൈമാറ്റത്തിൽ കുറവ് വരുത്തിയതുമാണ് മേൽ പ്രതിപാദിത സാമ്പത്തിക ഞെരുക്കത്തിന് പ്രധാനമായും ഇടയാക്കിയിട്ടുള്ളത്. കേന്ദ്രസർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങളെടുത്ത വായ്പകളും സർക്കാർ കടമായി കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചത് സ്ഥിതി കൂടുതൽ വഷളാക്കി. സംസ്ഥാനത്തിന്റെ വരുമാനത്തിലെ ഭീമമായ കുറവ് തനത് വരുമാന വർധനവിലൂടെ നികത്താൻ സാധ്യമല്ല. അതേസമയം ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുകയും പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ അടിസ്ഥാന കാരണം. നികുതി പിരിവ്

ഊർജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും വികസന ക്ഷേമ പ്രവർത്തനങ്ങൾ മുടക്കംകൂടാതെ നടത്താനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding/naming മാർഗനിർദേശങ്ങൾ പാലിച്ചിട്ടില്ലെന്നതടക്കമുള്ള പല കാരണങ്ങളാൽ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട വിഹിതങ്ങൾ കൃത്യമായി ലഭ്യമാകാത്ത സാഹചര്യം നിലവിലുണ്ട്.

ചട്ടം 300 പ്രസ്താവനയിന്മേലുള്ള നടപടി

58(2408) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കഴിഞ്ഞ ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിന്റെ ഭാഗമായി നൽകേണ്ട കുടിശ്ശിക, ഡി.എ./ഡി.ആർ. കുടിശ്ശിക മുതലായവ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 പ്രകാരം നിയമസഭയിൽ നൽകിയ

ഉറപ്പ് പാലിക്കുന്നതിനായി ധനകാര്യ വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ജീവനക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സർക്കാർ അനുഭാവപൂർവമായ നിലപാട് സ്വീകരിക്കുന്നതാണ്. സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നൽകാനുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക, ഡി.എ./ഡി.ആർ. കുടിശ്ശിക എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച ഫയൽ പരിശോധനയിലാണ്. സംസ്ഥാന സർവീസ് പെൻഷൻകാർക്ക് പതിനൊന്നാം പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായുള്ള കുടിശ്ശിക 4 തുല്യ ഗഡുക്കളായി വിതരണം ചെയ്യാനാണ് ഉത്തരവായിരുന്നത്. അതിൽ 3 ഗഡുക്കൾ ഇതിനോടകം പെൻഷൻകാർക്ക് വിതരണം ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 പ്രകാരം നിയമസഭയിൽ അവതരിപ്പിച്ച പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ 4-ാമത്തെ ഗഡു ഈ സാമ്പത്തിക വർഷംതന്നെ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) മേൽ ഉറപ്പ് നടപ്പാക്കുന്നതിന് എത്ര രൂപ ആവശ്യമായി വരുമെന്ന് ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക ബില്ലുകൾ നാളിതുവരെ സ്പാർക്കിൽ പ്രോസസ്സ് ചെയ്യാത്തതിനാൽ ഈ ഇനത്തിൽ ആകെ എത്ര തുകയാണ് അനുവദിക്കാനുള്ളതെന്ന ആധികാരിക കണക്ക് ലഭ്യമല്ല. എന്നാൽ ശമ്പള പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിക്കുന്നതുവഴി പ്രതിവർഷം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യതയായി കണക്കാക്കിയിരിക്കുന്നത് 3572.13 കോടി രൂപയാണ്. സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ക്ഷാമബത്ത/ക്ഷാമാശ്വാസ കുടിശ്ശിക ഇനത്തിൽ തുക നൽകാനുണ്ട്. പതിനൊന്നാം പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ നാലാമത്തെ ഗഡു അനുവദിക്കുന്നതിനായി ഏകദേശം 572.90 കോടി രൂപ ആവശ്യമായി വരുന്നതാണ്.

ഫാമിലി പെൻഷൻ

59(2409) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാരീരിക വൈകല്യമോ മാനസിക വെല്ലുവിളിയോ നേരിടുന്നവർക്ക് മാതാപിതാക്കളുടെ ഫാമിലി പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ടോ; വിശദമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് ധനകാര്യ (പെൻഷൻ) വകുപ്പ് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മാതാപിതാക്കളുടെ കുടുംബപെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് മാർഗനിർദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 22-07-2024-ലെ സ.ഉ.(അ)നം.59/2024/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ധനകാര്യ പെൻഷൻ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) മുൻകാലങ്ങളിൽ പെൻഷൻ ലഭിക്കേണ്ടവർക്ക് വരുമാന പരിധിയും പ്രായപരിധിയും നിശ്ചയിച്ചിരുന്നോയെന്നും ഇപ്പോൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എപ്രകാരമാണ് നിജപ്പെടുത്തിയിരിക്കുന്നതെന്നും ഇത്തരത്തിൽ വരുമാന പരിധി നിശ്ചയിക്കാനുണ്ടായ സാഹചര്യമെന്തെന്നും വിശദമാക്കുമോ?

മാനസിക വൈകല്യമുള്ള മക്കൾക്ക് കുടുംബ പെൻഷൻ അനുവദിക്കുന്നതിനായി 09-10-2003-ലെ G.O.(P.) NO.526/2003/Fin-ൽ അനുബന്ധമായി ചേർത്തിട്ടുള്ള നിശ്ചിത മാതൃകയിലുള്ള മെഡിക്കൽ ബോർഡിൽനിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണെന്ന് കെ.എസ്.ആർ ഭാഗം III-ൽ വ്യവസ്ഥചെയ്യുന്നു. കെ.എസ്.ആർ ഭാഗം III ചട്ടം 90(7) clause (iv) പ്രകാരം ഭിന്നശേഷിക്കാരുടെ മക്കൾക്ക് സ്വന്തമായി വരുമാനം ആർജിക്കാൻ മാർഗങ്ങളൊന്നുമില്ലെന്ന് സമർഥിക്കുന്നതിനാണ് ഇപ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത്. കുടുംബ പെൻഷന്റെ ആനുകൂല്യം വരുമാനരഹിതരായ ഭിന്നശേഷിക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തുകയെന്ന ഉദ്ദേശ്യപ്രകാരമാണ് പ്രസ്തുത മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് സർക്കാർ നിഷ്കർഷിക്കുന്നത്. സാമൂഹ്യനീതി വകുപ്പിൽനിന്നുള്ള 22-06-2023-ലെ ബി3/5/2023/സാ.നി.വ സർക്കുലർ പ്രകാരം ഭിന്നശേഷിക്കാർക്കായുള്ള ഏകീകൃത തിരിച്ചറിയൽ

കാർഡ് (UDID- Unique Disability Identity Card) സർക്കാർ ആനുകൂല്യങ്ങൾക്കുള്ള ആധികാരിക രേഖയായി അംഗീകരിച്ചുകൊണ്ട് നിർദേശം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ UDID കാർഡ് ഭിന്നശേഷിക്കാർക്ക് കുടുംബപെൻഷൻ അനുവദിക്കുന്നതിനുള്ള ആധികാരിക രേഖയായി അംഗീകരിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിക്കുകയും ഈ അവസരത്തിൽ ഭിന്നശേഷിക്കാരുടെ അവകാശ നിയമം 2016 റൂൾ 24 (1)g വ്യവസ്ഥ (Further rule 24(1)(g) stipulates that disability pension to persons with disabilities subject to such income ceiling as may be notified) കൂടി കണക്കിലെടുത്ത് സർക്കാർ ജീവനക്കാരുടെ ആശ്രിതരായ ശാരീരിക വൈകല്യമുള്ള/മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് കുടുംബ പെൻഷൻ അനുവദിക്കുന്നതിന് മാർഗനിർദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 22-07-2024-ലെ സ.ഉ.(അ)നം.59/2024/ധന. ഉത്തരവ് പുറപ്പെടുവിച്ചത്.

(സി) ഫാമിലി പെൻഷൻ ലഭിക്കുന്നതിനായി 25 വയസ്സിനുമേലുള്ള അവിവാഹിതരായ പെൺമക്കൾക്ക് എപ്രകാരമാണ് വരുമാനപരിധി

നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇത് പരിഷ്കരിച്ചതിന്റെ വിവരങ്ങൾ നൽകാമോ?

28-04-2015-ലെ സ.ഉ. (പി) നം. 155/2016/ധന. പ്രകാരം 25 വയസ്സിനുമുകളിലുള്ള അവിവാഹിതയായ പെൺമക്കൾ/മാതാപിതാക്കൾ എന്നിവർക്ക് കുടുംബ പെൻഷന് അർഹത നേടുന്നതിനുള്ള വരുമാനപരിധി പ്രതിവർഷം 30,000 രൂപയായിരുന്നു. ആയത് പരിഷ്കരിച്ച ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 30% എന്ന നിലയിലാണ് പരിഷ്കരിച്ചിരിക്കുന്നത്. 8500- 13210 എന്ന സ്കെയിലിന്റെ മിനിമത്തിന്റെ 30 ശതമാനത്തിന്റെ വാർഷിക നിരക്ക് 8500 X 30/100 X 12 =30600 Rounded to 30000/-. 28-04-2015-ലെ സ.ഉ. (പി) നം.155/2016/ധന. എന്ന ഉത്തരവിനുശേഷം രണ്ട് പെൻഷൻ റിവിഷനുകൾ നടക്കുകയുണ്ടായി. (1) 20-01-2016-ലെ സ.ഉ.(പി)നം.07/2016/ധന. (2). 10-02-2021-ലെ സ.ഉ. (പി) നം 27/2021/ധന.

20-01-2016-ലെ സ.ഉ(പി)നം.07/2016/ധന എന്ന ഉത്തരവുപ്രകാരം പരിഷ്കരിച്ച ശമ്പള സ്കെയിലിന്റെ മിനിമം 16,500 ആണ്. ആയത് പ്രകാരം

കുടുംബ പെൻഷന്റെ പ്രതിവർഷ വരുമാന പരിധി 60,000 (16500 X 30 X 12 = 59400 rounded to 60,000/-) രൂപയാക്കി 01-08-2021 മുതൽ 21-09-2021-ലെ സ.ഉ.(അ)നം.127/2021/ധന. ഉത്തരവ് പ്രകാരം വർധിപ്പിച്ചത്.

(ഡി) ശാരീരിക വൈകല്യമോ മാനസിക വെല്ലുവിളിയോ നേരിടുന്നവർക്കും 25 വയസ്സിനുമേലുള്ള അവിവാഹിതരായ പെൺമക്കൾക്കും മാതാപിതാക്കളുടെ ഫാമിലി പെൻഷൻ ലഭിക്കുന്നതിനായി നിശ്ചയിക്കപ്പെട്ട വരുമാനപരിധി വളരെ കുറവാണെന്നതിനാൽ ആയത് പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാമോ?

ഭിന്നശേഷി പെൻഷനുൾപ്പെടെയുള്ള വിവിധ സാമൂഹ്യക്ഷേമ പെൻഷനായ 1600/- പ്രതിമാസം നൽകുന്നതിലേക്കായി നിലവിലെ വരുമാന പരിധി G.O.(Ms)No.97/2020/Fin. ഉത്തരവുപ്രകാരം ഒരു ലക്ഷം രൂപയാണ്. ടി സാഹചര്യം കണക്കിലെടുത്തും അനർഹരായവർ കുടുംബ പെൻഷൻ കൈപ്പറ്റുന്നത് തടയുന്നതിനുമാണ് ജീവിതകാലം മുഴുവൻ നൽകേണ്ട കുടുംബപെൻഷൻ അനുവദിക്കുന്നതിലേക്കായി സർക്കാർ നിലവിൽ ഈ വ്യവസ്ഥ കൊണ്ടുവന്നത്. വിവിധ മേഖലകളിൽനിന്നും

പ്രസ്തുത ഉത്തരവിലെ വരുമാന പരിധി വ്യവസ്ഥയ്ക്കെതിരെ നിവേദനങ്ങൾ സർക്കാരിൽ ലഭ്യമായിട്ടുള്ളതിനെത്തുടർന്ന് കുടുംബപെൻഷൻ അനുവദിക്കുന്നതിന് 60,000/- രൂപയായി വാർഷിക വരുമാനപരിധി നിശ്ചയിച്ചത് പുന:പരിശോധിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

ധനകാര്യ വകുപ്പിൽ തീർപ്പാക്കാനുള്ള ഫയലുകൾ

60(2410) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധനകാര്യ വകുപ്പിൽ എത്ര ഫയലുകൾ തീർപ്പാക്കാനുണ്ട്?

വിവിധ ഭരണ വകുപ്പുകളിൽനിന്ന് ലഭിച്ചതുൾപ്പെടെ 10-10-2024 വരെ ഇ-ഓഫീസ് രേഖകൾപ്രകാരം ധനകാര്യ വകുപ്പിൽ 26257 ഫയലുകൾ തീർപ്പാക്കാനുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് ധനകാര്യ വകുപ്പിന്റെ തലപ്പത്തുണ്ടായിരുന്ന അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ

സെക്രട്ടറി റാങ്കിലുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥർ ആരൊക്കെയായിരുന്നു; ഓരോരുത്തരുടെയും കാലയളവ് എത്രയായിരുന്നു?

ഈ സർക്കാരിന്റെ കാലത്ത് ധനകാര്യ വകുപ്പിന്റെ തലപ്പത്തുണ്ടായിരുന്ന അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി റാങ്കിലുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഈ സർക്കാർ അധികാരമേറ്റപ്പോൾ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. രാജേഷ് കുമാർ സിങ്, ഐ.എ.എസ്., 2022 സെപ്റ്റംബർ 22 വരെ തുടർന്നു.

ശ്രീ. ബിശ്വനാഥ് സിൻഹ, ഐ.എ.എസ്., 2022 സെപ്റ്റംബർ 23 മുതൽ 2023 ജൂൺ 30 വരെ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്നു.

ധനകാര്യ വ്യയം സെക്രട്ടറിയായിരുന്ന ശ്രീ. സഞ്ജയ് കൗൾ, ഐ.എ.എസ്., 2023 ജൂലൈ 1 മുതൽ ജൂലൈ 31 വരെ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നു.

ശ്രീ. രബീന്ദ്ര കുമാർ അഗർവാൾ, ഐ.എ.എസ്., 2023 ആഗസ്റ്റ് 1 മുതൽ 2024 ആഗസ്റ്റ് 17 വരെ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്നു.

നിലവിൽ ഡോ. എ. ജയതിലക്, ഐ.എ.എസ്., ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചുവരുന്നു.

(സി) ഇവരുടെ പെട്ടെന്നുള്ള സ്ഥലമാറ്റം ധനകാര്യ വകുപ്പിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപെട്ടിട്ടില്ല.

കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പുത്തൂർ ചെനക്കൽ ബൈപ്പാസ് റോഡ് നിർമ്മാണം

61(2411) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പുത്തൂർ ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാംഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപ്പാസ് മൂന്നാംഘട്ട നിർമ്മാണ പ്രവൃത്തിക്കായി പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധന പൂർത്തിയായിട്ടുണ്ടോ; പരിശോധന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പ്രസ്തുത പ്രൊപ്പോസലിന്മേൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട തുടർനടപടികൾ ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു.

ചാപ്പനങ്ങാടി-ഇന്ത്യനൂർ റോഡിലെ ഡ്രെയിനേജ് നിർമ്മാണം

62(2412) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ചാപ്പനങ്ങാടി-ഇന്ത്യനൂർ റോഡിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനുള്ള ഡ്രെയിനേജ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രൊപ്പോസലിന്മേൽ (ഫയൽ നമ്പർ

ഐ.എൻ.ഡി.&പി.ഡബ്ല്യു.ബി1/367/2023) ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ അടിയന്തരപ്രാധാന്യം കണക്കിലെടുത്ത് മതിയായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) 05-01-2021-ലെ G.O.(Rt)No.11/2021/PWD മുഖേന 40 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച "Resurfacing works to Chappanangadi-Indianoor-Kottakkal road 3/630 to 5/000" എന്ന പ്രവൃത്തിയും 30-09-2020-ലെ G.O.(Rt)No.796/2020/PWD മുഖേന 35 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച "Improvements and Providing BC overlay works to Chappanangadi-Indianoor-Kottakkal road b/n km 5/000 to 6/000 in Kottakkal LAC" എന്ന പ്രവൃത്തിയും സംയോജിപ്പിച്ച് 75 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി "Chappanangadi Indianoor Kottakkal Road-Providing Drainage and BM&BC Works-to Chappanangadi-Indianoor-Kottakkal road in between km 3/630 to 6/000" എന്ന പ്രവൃത്തിക്ക് ലഭ്യമാക്കണമെന്ന ഭരണ വകുപ്പ് പ്രൊപ്പോസൽ ധനകാര്യ വകുപ്പ്

പരിശോധിക്കുകയും അവാർഡ് ചെയ്ത പ്രവൃത്തികൾ ക്ലോസ് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. "Resurfacing works to Chappanangadi-Indianoor-Kottakkal road 3/630 to 5/000", "Improvements and Providing BC overlay works to Chappanangadi - Indianoor - Kottakkal road b/n km 5/000 to 6/000 in Kottakkal LAC" എന്നീ പ്രവൃത്തികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് നിലവിലെ കരാറുകാരന്റെ ഭാഗത്തുനിന്നും കരാർ ലംഘനമുണ്ടായിട്ടില്ലെന്നും കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ച കൊണ്ടല്ല പ്രസ്തുത പ്രവൃത്തികൾ നിർവഹിക്കാത്തതെന്നും ചീഫ് എഞ്ചിനീയർ ഉറപ്പാക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായിമാത്രം പ്രസ്തുത പ്രവൃത്തികൾ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിലല്ലാതെ റദ്ദ് ചെയ്ത് 12-06-2024-ലെ G.O. (Rt)No.571/2024/PWD പ്രകാരം ഉത്തരവായിട്ടുണ്ടെന്ന് ഭരണ വകുപ്പ് അറിയിക്കുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ, "Chappanangadi Indianoor-Kottakkal Road - Providing Drainage and BM&BC Works - to Chappangadi-Indianoor - Kottakkal road in between km 3/630 to 6/000"

എന്ന പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്ന ഭരണ വകുപ്പ് ശിപാർശ വീണ്ടും ധനകാര്യ വകുപ്പിന്റെ I&PW-B1/367/2023-FIN(E2628531) നമ്പർ ഫയലിൽ പരിശോധനയിലാണ്.

നെയ്യാറ്റിൻകര ടൗൺ മാർക്കറ്റ് നവീകരണം

63(2413) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ടൗൺ മാർക്കറ്റ് നവീകരണത്തിന് തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എത്ര തുകയുടെ ഡി.പി.ആർ. ആണ് നൽകിയതെന്ന് വിശദമാക്കാമോ;

(ബി) ആയതിന് കിഫ്ബി ഭരണാനുമതി നൽകാൻ ഏതെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) നെയ്യാറ്റിൻകര ഫിഷ് മാർക്കറ്റ് നവീകരണത്തിനായി പദ്ധതി നിർവഹണ ഏജൻസിയായ തീരദേശ വികസന കോർപ്പറേഷൻ 4.79 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.)

കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളത് പരിശോധിച്ച് 4.04 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. തുടർന്ന് ഡി.എസ്.ആർ. റേറ്റ് 2016-ൽനിന്നും 2018-ലേക്ക് മാറിയ സാഹചര്യത്തിൽ തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന്മേൽ 4.78 കോടി രൂപയുടെ പുതുക്കിയ ധനാനുമതിയും നൽകിയിരുന്നു. ടി പദ്ധതി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ തീരദേശ വികസന കോർപ്പറേഷൻ സ്വീകരിച്ചുവരികയും ചെയ്യുന്നു.

കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

64(2414) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാൻ ബാക്കിയുള്ളതുമായ പദ്ധതികൾ ഏതൊക്കെയാണെന്നും അവയ്ക്ക് അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന മുഴുവൻ പദ്ധതികളുടെയും നിലവിലെ പുരോഗതി സംബന്ധിച്ച വിശദവിവരം പദ്ധതിതിരിച്ച് ലഭ്യമാക്കുമോ;

(സി) പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾക്ക് തടസ്സങ്ങളെന്തെങ്കിലുമുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കുമോ?

(എ-സി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ധനാനുമതി നൽകിയ (പ്രവൃത്തി പൂർത്തീകരിച്ചതും പൂർത്തീകരിക്കാൻ ബാക്കിയുള്ളതുമായ പദ്ധതികൾ) പദ്ധതികളുടെ നിലവിലെ സ്ഥിതി, അനുവദിച്ച തുക, പദ്ധതി പൂർത്തീകരിക്കുന്നതിന് പ്രതീക്ഷിക്കുന്ന കാലയളവ് ഉൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.[+] കിഫ്ബി അംഗീകാരം നൽകുന്ന പദ്ധതികളുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാർ നൽകി പ്രവൃത്തിയാരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ഉത്തരവാദിത്വം അതത് ഭരണവകുപ്പുകൾക്ക് കീഴിലുള്ള ബന്ധപ്പെട്ട പദ്ധതി നിർവഹണ ഏജൻസികളുടേതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിരുന്നാലും കിഫ്ബിയിലൂടെ നടപ്പിലാക്കുവാനായി തിരഞ്ഞെടുത്തിട്ടുള്ള പദ്ധതികളിന്മേൽ അവയുടെ പൂർത്തീകരണം സാധ്യമാക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും തടസ്സങ്ങൾ ചർച്ച ചെയ്യുന്നതിനുമായി സർക്കാർ/ഭരണവകുപ്പ് തലങ്ങളിലും എസ്.പി.വി. തലത്തിലും കിഫ്ബി ആന്തരികമായും വിവിധ അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

65(2415) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കിഫ്ബി മുഖേനയുള്ള പദ്ധതികൾ നിലവിൽ നിർവഹണത്തിന്റെ ഏത് ഘട്ടങ്ങളിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാകുമെന്ന് വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ധനാനുമതി നൽകിയ പദ്ധതികളുടെ നിലവിലെ നിർമ്മാണ പുരോഗതി, പദ്ധതി പൂർത്തിയാക്കാൻ പ്രതീക്ഷിക്കുന്ന തീയതി എന്നിവ ഉൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

വടക്കാഞ്ചേരി ഗവൺമെന്റ് ബോയ്സ് എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം

66(2416) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് കിറ്റ്കോയെ നിർവഹണ ഏജൻസിയാക്കി നടപ്പിലാക്കുന്ന ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന വടക്കാഞ്ചേരി ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണത്തിന് 12-10-2017-ലെ സർക്കാർ ഉത്തരവ് നം.APR3/137/2017/KIIFB പ്രകാരം 4,86,00,000/- രൂപയുടെ ധനാനുമതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ ആദ്യ നിർവഹണ ഏജൻസിയായ കൈറ്റ് പ്രവൃത്തി ടെൻഡർ ചെയ്ത് കരാറുകാരനെ ഏല്പിച്ചെങ്കിലും സ്കൂൾ നിർമ്മാണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കാത്തതിനാൽ ടി കരാറുകാരനെ ടെർമിനേറ്റ് ചെയ്യുകയുണ്ടായി. തുടർന്ന്, പദ്ധതി നിർവഹണ ഏജൻസിയായ കൈറ്റിനെ മാറ്റി കിറ്റ്കോയെ ടി സ്കൂളിലെ ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾ നിർവഹിക്കാൻ സർക്കാർ നിയോഗിച്ചു. 06-07-2023-ലെ ഉത്തരവ് നം.GED005-25/APR-2/2023/KIIFB പ്രകാരം ടി സ്കൂളിന്റെ ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്ക് 4,50,39,258/- രൂപയുടെ ധനാനുമതി നൽകിയിരുന്നു. പുതിയ പദ്ധതി നിർവഹണ ഏജൻസിയായ കിറ്റ്കോ പ്രസ്തുത പദ്ധതിയുടെ ബാക്കി പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ ചെയ്യുകയും ടി പ്രവൃത്തിയുടെ ടെക്നിക്കൽ ബിഡ് 16-08-2024-ന് പരിശോധിക്കുകയും ടെക്നിക്കൽ ഇവാല്യുവേഷൻ പൂർത്തിയാക്കിയശേഷം അധിക പ്രമാണങ്ങൾ ബിഡ്ഡർമാരിൽനിന്നും ആവശ്യപ്പെടുകയും ചെയ്തു. 04-09-2024-ന് പ്രമാണങ്ങൾ അന്തിമമാക്കുകയും തുടർന്ന് ടെൻഡർ അക്സെപ്റ്റൻസ്

കമ്മിറ്റിയിൽനിന്നും അംഗീകാരം ലഭിച്ചശേഷം 11-09-2024 ന് പദ്ധതി നിർവഹണ ഏജൻസി പ്രൈസ് ബിഡ്ഡുകൾ തുറന്ന് പരിശോധിക്കുകയും ചെയ്തു. സമർപ്പിച്ച റേറ്റ് കുറയ്ക്കുന്നതിനായി L1 ബിഡ്ഡറുമായി പദ്ധതി നിർവഹണ ഏജൻസി ചർച്ച നടത്തിവരികയാണ്. ആയത് പൂർത്തിയാക്കി കരാർ അംഗീകരിച്ച് നൽകുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയും.

ആലുവ-മൂന്നാർ റോഡ് നിർമ്മാണം

67(2417) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി പദ്ധതിയായ ആലുവ-മൂന്നാർ റോഡ് നാലുവരിപ്പാത ആക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആലുവ-മൂന്നാർ റോഡ് വികസനത്തിന് 10-07-2017-ലെ സർക്കാർ ഉത്തരവ് നം. GO.(Rt) No. 942/2017/PWD പ്രകാരം തത്വത്തിൽ 10 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. കെ.ആർ.എഫ്.ബി. ആണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി. പദ്ധതിക്കായി

സ്ഥലമേറ്റെടുക്കുന്നതിന് 20-03-2022-ലെ ഉത്തരവ് നം. PWD015-73/TE-1/2022/KIIFB പ്രകാരം 653.06 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികളുടെ ഭാഗമായി 07-12-2023-ന് റവന്യൂ ബി ഓർഡർ ലഭിക്കുകയും ലാൻഡ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ, കിഫ്ബി യൂണിറ്റ് 2, അങ്കമാലിയെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ 95% പൂർത്തിയാക്കിയതായി കെ.ആർ.എഫ്.ബി. അറിയിച്ചിട്ടുണ്ട്.

അതിർത്തി കല്ലിടാനുള്ള സ്ഥലങ്ങൾ

ചെറുകുന്നം (പെരുമ്പാവൂർ LAC), ISRO-(ആലുവ നിയോജകമണ്ഡലം), തങ്കളം ജങ്ഷൻ-(കോതമംഗലം നിയോജകമണ്ഡലം), തടിയിട്ടപറമ്പ് പള്ളി-(കുന്നത്തുനാട് നിയോജകമണ്ഡലം), നെല്ലിക്കുന്നത്ത് പള്ളി-(കോതമംഗലം നിയോജകമണ്ഡലം) എന്നീ ഭാഗങ്ങളിൽ റീ-അലൈൻമെന്റിൽ അന്തിമ തീരുമാനം ആയതിനുശേഷം അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതാണെന്ന് കെ.ആർ.എഫ്.ബി. അറിയിച്ചിട്ടുണ്ട്.

മറ്റു വിഷയങ്ങൾ: –

ചെറുകുന്നം റീ-അലൈൻമെന്റിനെതിരെ ഫയൽ ചെയ്ത WP(C) No.5353/2024 കേസിൽ 04-10-2024-ന് കുന്നത്തുനാട് താലൂക്ക് സർവെയറുമായി നിലവിലുള്ള റോഡിന്റെ പുറമ്പോക്ക് അളക്കുന്നതിന് മുന്നോടിയായുള്ള സംയുക്ത സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. ISRO-യുടെ APEP പ്ലാന്റിൽ ഇംപാക്ടുണ്ടാക്കാത്തവിധം അലൈൻമെന്റ് പുനഃപരിശോധിക്കുവാൻ പൊതുമരാമത്ത് വകുപ്പുസെക്രട്ടറിയുടെ 29-08-2024-ലെ D.O.No.G2/123/2024-PWD കത്തുപ്രകാരം തുടർനടപടി സ്വീകരിച്ചുവരുന്നു. തങ്കളം ജങ്ഷൻ ഭാഗത്ത് പൊതുജനപ്രതിഷേധം കാരണം അതിർത്തി കല്ലുകൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. കോതമംഗലം ബൈപ്പാസ് ഭാഗത്തെ റീ-അലൈൻമെന്റിനെതിരെ ഫയൽ ചെയ്ത കേസിൽ 03-10-2024-ന് കളക്ടറുടെ നിർദ്ദേശപ്രകാരം കിഫ്ബി, കെ.ആർ.എഫ്.ബി., സ്പെഷ്യൽ തഹസിൽദാർ കിഫ്ബി യൂണിറ്റ്-2 അങ്കമാലി, പരാതിക്കാർ എന്നിവരുടെ സാന്നിധ്യത്തിൽ സംയുക്ത പരിശോധന നടത്തി. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

68(2418) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ഏതൊക്കെ കിഫ്ബി പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കാനുണ്ടെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിയുടെയും പേരുവിവരവും നൽകാനുള്ള തുകയെത്രയെന്നും വിശദമാക്കാമോ?

കിഫ്ബിയിൽ സമർപ്പിച്ച പദ്ധതികളിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ധനാനുമതി നൽകാനായി കിഫ്ബിയുടെ പരിഗണനയിലുള്ള പദ്ധതികളുടെ പേരും ഡി.പി.ആർ. തുകയും ഉൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

69(2419) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോന്നിന്റെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) ഇവയിൽ ഇതുവരെ ആരംഭിക്കാത്ത പദ്ധതികളുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

(എ-സി) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ധനാനുമതി നൽകിയ പദ്ധതികളുടെയും അവയിൽ ആരംഭിക്കാത്തതുമായ പദ്ധതികളുടെയും നിലവിലെ സ്ഥിതിയുൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

കേന്ദ്രത്തിൽനിന്നുള്ള പുതിയ നികുതി നിർദ്ദേശങ്ങൾ

70(2420) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സാമ്പത്തിക വർഷം മുതൽ എന്തെല്ലാം പുതിയ നികുതി നിർദേശങ്ങളാണ് സംസ്ഥാനത്ത് നടപ്പിലാക്കാൻ കേന്ദ്രം അറിയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2024 സാമ്പത്തിക വർഷത്തിലേക്കായി രണ്ട് ഫിനാൻസ് ആക്ടുകൾ കേന്ദ്ര സർക്കാർ പാസ്സാക്കിയിട്ടുണ്ട്. 15-02-2024-ൽ പാസ്സാക്കിയ ഒന്നാമത്തെ ഫിനാൻസ് ആക്ടുപ്രകാരം ജി.എസ്.ടി. കൗൺസിൽ നിർദേശിച്ചതനുസരിച്ച് കേന്ദ്ര ചരക്ക് സേവന നികുതി നിയമത്തിലെ വകുപ്പ് 2, 20 എന്നിവയിൽ ഭേദഗതികൾ വരുത്തുകയും 122 എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കുകയും ചെയ്തു. ഈ ഭേദഗതികളുടെ പ്രാബല്യ തീയതി പിന്നീട് വിജ്ഞാപനം ചെയ്യുമെന്നായിരുന്നു ഫിനാൻസ് ആക്ടിൽ പറഞ്ഞിരുന്നത്. പിന്നീട് 06-08-2024-ലെ കേന്ദ്ര വിജ്ഞാപനം 16/2024 പ്രകാരം കേന്ദ്ര ചരക്ക് സേവന നികുതി നിയമത്തിലെ വകുപ്പ് 2, 20 എന്നിവയിലെ ഭേദഗതികൾക്ക് 01-04-2025 മുതലും 122 എ വകുപ്പിന് 01-10-2024 മുതലും പ്രാബല്യം നൽകുകയുണ്ടായി. 16-08-2024-ൽ പാസ്സാക്കിയ രണ്ടാമത്തെ ഫിനാൻസ് ആക്ട് പ്രകാരം കേന്ദ്ര ചരക്ക് സേവന നികുതി നിയമത്തിലെ

വകുപ്പ് 9, 10, 13, 16, 17, 21, 30, 31, 35, 39, 49, 50, 51, 54, 61, 62, 63, 64, 65, 66, 70, 73, 74, 75, 104, 107, 109, 112, 122, 127, 140, 171, ഷെഡ്യൂൾ 3 എന്നിവയിൽ ഭേദഗതികൾ വരുത്തുകയും 11 എ, 74 എ, 128 എ എന്നീ പുതിയ വകുപ്പുകൾ കൂട്ടിച്ചേർക്കുകയും ചെയ്തു. പിന്നീട് 27-09-2024-ലെ കേന്ദ്ര വിജ്ഞാപനം 17/2024 - കേന്ദ്ര നികുതി പ്രകാരം വകുപ്പ് 16, 109, 171 എന്നിവയിലെ ഭേദഗതികൾക്ക് 27-09-2024 മുതലും മറ്റുള്ള ഭേദഗതികൾക്ക് 01-11-2024 മുതലും പ്രാബല്യം നൽകി. ജി.എസ്.ടി. കൗൺസിൽ നിർദേശം അനുസരിച്ച് കേന്ദ്ര സർക്കാർ കേന്ദ്ര ചരക്ക് സേവന നികുതി നിയമത്തിൽ വരുത്തിയ ഭേദഗതികൾക്കനുസൃതമായ ഭേദഗതികൾ സംസ്ഥാന ചരക്ക് സേവന നികുതി നിയമത്തിലും വരുത്തിയിട്ടുണ്ട്.

(ബി) 2024 ഒക്ടോബർ 1 മുതൽ കേന്ദ്രം നിർദേശിച്ച നികുതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കേന്ദ്ര ചരക്ക് സേവന നികുതി നിയമത്തിലെ പുതുതായി ചേർത്ത വകുപ്പ് 122 എ-യ്ക്ക് 06-08-2024-ലെ കേന്ദ്ര വിജ്ഞാപനം 16/2024-കേന്ദ്ര

നികുതി പ്രകാരം 2024 ഒക്ടോബർ 1 മുതൽ പ്രാബല്യം നൽകുകയുണ്ടായി. 27-09-2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ്, 2024 പ്രകാരം ഈ ഭേദഗതികൾ സംസ്ഥാന ചരക്ക് സേവന നികുതി നിയമത്തിൽ വരുത്തുകയും പിന്നീട് കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) നിയമം, 2024 പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

(സി) കേന്ദ്ര ബഡ്ജറ്റ് പ്രഖ്യാപിക്കുന്നതിനുമുമ്പ് സംസ്ഥാന ബഡ്ജറ്റ് പ്രഖ്യാപിച്ചതുമൂലമാണ് നികുതി നിർദ്ദേശം സംബന്ധിച്ച് ഇത്തരമൊരു പ്രതിസന്ധി സംജാതമായതെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

എ, ബി പിരിവുകൾക്കുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ പ്രതിസന്ധി സംജാതമായി എന്ന് കരുതുന്നില്ല.

എറണാകുളം ജില്ലയിലെ സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം

71(2422) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ വകുപ്പ് ആരംഭിച്ച സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം നടപ്പാക്കിയ എറണാകുളം ജില്ലയിലെ വിദ്യാലയങ്ങൾ ഏതെല്ലാമെന്ന്

വ്യക്തമാക്കാമോ?

ധനകാര്യ (ദേശീയ സമ്പാദ്യ പദ്ധതി) വകുപ്പ് എറണാകുളം ജില്ലാ കാര്യാലയം ജില്ലയിൽ 100 സ്കൂളുകളിൽ പദ്ധതിയാരംഭിച്ചു. സ്കൂളിന്റെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) വിദ്യാർഥികളിൽ സമ്പാദ്യശീലം വളർത്തുന്ന പ്രസ്തുത പദ്ധതി മറ്റ് വിദ്യാലയങ്ങളിൽ നടപ്പാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പ്, സംസ്ഥാന ട്രഷറി വകുപ്പ്, ധനകാര്യ (ദേശീയ സമ്പാദ്യ പദ്ധതി) വകുപ്പ് എന്നിവ സംയുക്തമായി വിദ്യാർഥികൾക്കായി ആരംഭിച്ചിട്ടുള്ള നിക്ഷേപ പദ്ധതിയാണ് സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം. ഇത് നിലവിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലുമാണ് നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്ത് 1200-ഓളം സ്കൂളുകളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. എറണാകുളത്തിനുപുറമെ കണ്ണൂർ, വയനാട്, കോട്ടയം, ഇടുക്കി, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ പദ്ധതി വ്യാപകമാക്കിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിപുലീകരിക്കുന്നതിനായി സ്കീം സംബന്ധിച്ച് വിദ്യാർഥികളിലും അധ്യാപകരിലും രക്ഷകർത്താക്കളിലും അവബോധം സൃഷ്ടിക്കുന്നതിനായി പത്ര-ശ്രവ്യ മാധ്യമങ്ങളിലും പരസ്യവും ബോധവൽക്കരണവും നടത്തിവരുന്നു. കൂടാതെ അധ്യാപകർക്കായി ഓൺലൈൻ മുഖേന സ്കീം നടപ്പാക്കുന്നത് സംബന്ധിച്ച് പരിശീലന പരിപാടികളും വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്നു. ഇത് പൂർത്തിയാകുന്നതോടുകൂടി എല്ലാ ജില്ലകളിലും ഒരുപോലെ പദ്ധതി വ്യാപകമാക്കാൻ കഴിയും.

(സി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി ആരംഭിച്ച വിദ്യാലയങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ 6 സ്കൂളുകളിൽ പദ്ധതിയാരംഭിച്ചു. പ്രസ്തുത സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

ജി.എസ്.ടി. ഇന്റലിജൻസിന്റെ റെയ്ഡ്

72(2423) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആക്രി കച്ചവടത്തിന്റെ മറവിൽ നടത്തിയ തട്ടിപ്പ് സംബന്ധിച്ച് സംസ്ഥാന ജി.എസ്.ടി. ഇന്റലിജൻസ് 2024-ൽ നടത്തിയ റെയ്ഡിന്റെ ഭാഗമായി എത്ര രൂപ നികുതിയായും പിഴയായും ഈടാക്കി; വ്യക്തമാക്കുമോ?

ആക്രി കച്ചവടവുമായി ബന്ധപ്പെട്ട് സംസ്ഥാന ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം 2024-ൽ നടത്തിയ പരിശോധനകളുടെ ഭാഗമായി 1.56 കോടി രൂപ ഈടാക്കിയിട്ടുണ്ട്.

ജി.എസ്.ടി. വകുപ്പിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റം

73(2424) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റ ഉത്തരവ് അവസാനമായി പുറപ്പെടുവിച്ച തീയതി തസ്തിക തിരിച്ച് ലഭ്യമാക്കാമോ; 2024 കലണ്ടർ വർഷം ഗസറ്റഡ് ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിനായി സെലക്ട് ലിസ്റ്റ് തയ്യാറാക്കിയ തീയതിയും അത് ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതിയും അറിയിക്കാമോ; ജി.എസ്.ടി.

വകുപ്പിൽ ജീവനക്കാരുടെ സ്ഥാനക്കയറ്റ ഉത്തരവുകൾ അകാരണമായി വൈകിപ്പിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഓരോ കലണ്ടർ വർഷവും സ്ഥാനക്കയറ്റത്തിനുള്ള ലിസ്റ്റ് ജനുവരി 1 മുതൽ ലഭ്യമാക്കത്തക്ക രീതിയിൽ മുൻകൂട്ടി തയ്യാറാക്കുവാൻ സാധിക്കുമോ; സ്ഥാനക്കയറ്റം അകാരണമായി വൈകുന്നതുമൂലം പല ജീവനക്കാരും കോടതി വിധിയിലൂടെ ശമ്പളമടക്കമുള്ള ആനുകൂല്യങ്ങൾ മുൻകാലപ്രാബല്യത്തോടെ നേടിയെടുക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ ഒരു ഉയർന്ന തസ്തികയിൽ സേവനം ചെയ്യാതെ തന്നെ ശമ്പളം നൽകേണ്ടിവരുന്നത് സർക്കാരിന് വൻ ബാധ്യത വരുത്തിവയ്ക്കുന്നതിനാൽ വകുപ്പിലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിലും സമയബന്ധിത പ്രൊമോഷൻ നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ച വരുത്തുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാനും സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത ബന്ധപ്പെട്ടവരിൽനിന്ന് ഈടാക്കുവാനും സാധിക്കുമോ; വിശദമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ലക്കി ബിൽ ആപ്പ് പദ്ധതി

74(2425) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വകുപ്പ് നടപ്പിലാക്കിയ ലക്കി ബിൽ ആപ്പ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ലക്കി ബിൽ പദ്ധതിപ്രകാരം മാസംതോറുമുള്ള ക്യാഷ് പ്രൈസ് വിജയികളെ 2023 മാർച്ച് വരെയും ദിവസേനയും ആഴ്ചയുമുള്ള ഗിഫ്റ്റ് പാക്കേജ് വിജയികളെ 2023 ആഗസ്റ്റ് വരെയും നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്തിട്ടുണ്ട്. ഇവർക്കുള്ള സമ്മാനവിതരണം പൂർത്തിയായിവരുന്നു.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കിയതുവഴി സർക്കാരിന് എത്ര രൂപ ചെലവ് വന്നിട്ടുണ്ടെന്നും പദ്ധതി കാരണമുണ്ടായ നേട്ടങ്ങൾ എന്തൊക്കെയെന്നും അറിയിക്കുമോ?

ലക്കി ബിൽ ആപ്പ് ഡെവലപ് ചെയ്യുന്നതിനുവേണ്ടി 32.5 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ആപ്പിന്റെ പ്രചാരണത്തിന് ആകെ

2,17,96,361 രൂപ ചെലവഴിച്ചു. 2024 ഒക്ടോബർ 10 വരെയുള്ള കണക്കുപ്രകാരം 4,33,95,987/- രൂപ സമ്മാനങ്ങൾ വിതരണം ചെയ്യുന്നതിലേക്കായി ചെലവഴിച്ചിട്ടുണ്ട്. ലക്കി ബിൽ ആപ്പ് ഇതുവരെ 134529 പേർ ഡൗൺലോഡ് ചെയ്തിട്ടുണ്ട്. ആപ്പ് മുഖേന ഉപഭോക്താക്കൾ 2166626 ബില്ലുകൾ അപ്ലോഡ് ചെയ്തിട്ടുണ്ട്. ലക്കി ബിൽ ആപ്പ് വഴി പൊതുജനങ്ങൾക്കിടയിൽ ജി.എസ്.ടി. സംബന്ധിച്ച അവബോധം സൃഷ്ടിക്കാനും അതിലൂടെ കൂടുതൽ കാര്യക്ഷമമായ നികുതി സംവിധാനം സംസ്ഥാനത്ത് കെട്ടിപ്പടുക്കാനും ആയിട്ടുണ്ട്.

(സി) ലക്കി ബിൽ ആപ്പ് പദ്ധതി കൊണ്ട് സംസ്ഥാനത്ത് എത്ര നികുതി വെട്ടിപ്പു കേസുകൾ കണ്ടെത്തിയെന്നും അതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്നും വ്യക്തമാക്കുമോ?

ലക്കി ബിൽ ആപ്പ് വഴി സമാഹരിച്ച ബില്ലുകൾ നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിന് ഉപയോഗപ്പെടുത്തുന്നുണ്ട്. നികുതി വെട്ടിപ്പ് കണ്ടെത്തുന്നത് അനേകം സ്രോതസ്സുകൾ ഒന്നിച്ചുചേർത്താണ്. ലക്കി ബില്ലിൽ അപ്ലോഡ് ചെയ്ത ബില്ലുകൾ ഉപയോഗിക്കുന്നത് ഇതിൽ

ഒന്നുമാത്രമാണ്. ആയതിനാൽ ഈ പദ്ധതിയിലൂടെ എത്ര നികുതി വെട്ടിപ്പ് കണ്ടെത്തിയെന്ന് തരം തിരിച്ചെടുക്കുവാൻ കഴിയില്ല.

സംസ്ഥാന ജി. എസ്. ടി. വകുപ്പിലെ നിയമന പ്രശ്നങ്ങൾ

75(2427) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ കരാറടിസ്ഥാനത്തിൽ നിയമിക്കുന്ന ഇന്റലിജൻസ് ഇൻവെസ്റ്റിഗേഷൻ മേധാവിക്ക് നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന യോഗ്യത എന്തെല്ലാമാണ് എന്നറിയിക്കാമോ; ഇതിലേക്കായി അപേക്ഷ സമർപ്പിച്ചവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ കരാറടിസ്ഥാനത്തിൽ ഇന്റലിജൻസ് ഇൻവെസ്റ്റിഗേഷൻ മേധാവിയെ നിയമിക്കുന്ന നടപടി സ്വീകരിച്ചിട്ടില്ല.

(ബി) അപേക്ഷ സമർപ്പിച്ചവരിൽ വിരമിച്ച ജി.എസ്.ടി. വകുപ്പ് ജീവനക്കാരുണ്ടോ എന്നറിയിക്കാമോ;

(സി) പ്രസ്തുത പോസ്റ്റിൽ അപേക്ഷ സമർപ്പിച്ചവരിൽ സർവീസ് കാലയളവിൽ കൈക്കൂലി വാങ്ങിയതിനും അനധികൃത സ്വത്ത് സമ്പാദനത്തിനും സസ്പെൻഷനും വിജിലൻസ് നടപടികളും നേരിടുന്നവർ അപേക്ഷ സമർപ്പിച്ച കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

(ബി & സി) ഉത്തരം 'എ'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ വ്യാജ ബിരുദ സർട്ടിഫിക്കറ്റ് ഹാജരാക്കി സ്ഥാനക്കയറ്റം നേടിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട് എന്നറിയിക്കാമോ?

സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിൽ (1) എസ്. ബി. അനിൽ ശങ്കർ, ഓഡിറ്റ് ഓഫീസർ എറണാകുളം (2) ശ്രീ. എസ്. വി. ശിശിർ, ഡെപ്യൂട്ടി കമ്മീഷണർ, പ്രോസിക്യൂഷൻ ഡിവിഷൻ കമ്മീഷണറേറ്റ് തിരുവനന്തപുരം (3) പി. ബി. വേണുഗോപാൽ, റിട്ടയേർഡ് അഡീഷണൽ ലോ ഓഫീസർ, കോട്ടയം (4) ശ്രീമതി പ്രീതി കുര്യാക്കോസ്, ഇന്റലിജൻസ് ഓഫീസർ, കോട്ടയം എന്നിവരുടെ ബിരുദത്തിന്റെയും വകുപ്പുതല പരീക്ഷകളുടെയും സർട്ടിഫിക്കറ്റുകൾ വ്യാജമാണെന്ന ആരോപണത്തിന്മേൽ

വി.ഇ 03/2024/സി.ആർ.ഇ. നമ്പരായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മദ്ധ്യമേഖല എറണാകുളം ഓഫീസിൽ ഒരു വിജിലൻസ് അന്വേഷണം നടത്തി വരുന്നു. പ്രസ്തുത അന്വേഷണം പൂർത്തിയായിട്ടില്ല.

(ഇ) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് എം.ജി. യൂണിവേഴ്സിറ്റി രജിസ്ട്രാർ, കോട്ടയം ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ 2003-ൽ നൽകിയ പരാതിയിലും ജി.എസ്.ടി. വകുപ്പ് കൊച്ചി സിറ്റി പോലീസിൽ നൽകിയ പരാതിയിലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ ഇൻസ്പെക്ടർ കേഡറിൽ സ്ഥാനക്കയറ്റം നേടുന്നതിന് എസ്. ബി. അനിൽ ശങ്കർ എന്നയാൾ 1169 S 1998, 10211 A 1992, 10211 A 1993 എന്നീ രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തിയ എം. ജി. യൂണിവേഴ്സിറ്റിയുടെ പേരിലെ വ്യാജ ബി.കോം ബിരുദ സർട്ടിഫിക്കറ്റ് അസ്സലാണെന്ന വ്യാജേന ഹാജരാക്കി നിയമവിരുദ്ധമായി സ്ഥാനക്കയറ്റം നേടിയ കാര്യത്തിന് 24-09-2024-ൽ എറണാകുളം സൗത്ത് ഡിവിഷൻ ജി.എസ്.ടി. ഡിപ്പാർട്ടുമെന്റ് ഓഫീസിലെ ഡെപ്യൂട്ടി

കമ്മീഷണറായ അനിൽ കുമാർ കെ. എസ്. എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ ക്രൈം 1465/2024 U/S 406, 468, 471 IPC പ്രകാരം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

ഇതുസംബന്ധിച്ച് കോട്ടയം ഗാന്ധിനഗർ പോലീസ് സ്റ്റേഷൻ പരിധിയിൽ കുറ്റകൃത്യം നടന്നതായി വെളിവായിട്ടില്ലാത്തതിനാൽ ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

വ്യാജ ബിരുദ സർട്ടിഫിക്കറ്റ് ഹാജരാക്കി സ്ഥാനക്കയറ്റം നേടിയ ഉദ്യോഗസ്ഥർ

76(2428) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ വ്യാജ ബിരുദ സർട്ടിഫിക്കറ്റ് ഹാജരാക്കി ഉദ്യോഗസ്ഥർ സ്ഥാനക്കയറ്റം നേടിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ അത്തരത്തിൽ സ്ഥാനക്കയറ്റം നേടിയിട്ടുണ്ട്.

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങളും അത്തരം കേസുകളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള എഫ്.ഐ.ആർ.-കളുടെ വിവരവും ലഭ്യമാക്കാമോ; എഫ്.ഐ.ആർ. നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ?

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ ബിരുദത്തിന്റെയും വകുപ്പുതല പരീക്ഷകളുടെയും സർട്ടിഫിക്കറ്റുകൾ വ്യാജമാണെന്ന ആരോപണത്തിന്മേൽ വി.ഇ.03/2024/സി.ആർ.ഇ. നമ്പരായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മധ്യമേഖല എറണാകുളം ഓഫീസിൽ ഒരു വിജിലൻസ് അന്വേഷണം നടത്തിവരുന്നു. അന്വേഷണം പൂർത്തിയായിട്ടില്ല.

ജി.എസ്.ടി. വകുപ്പിൽ ഇന്റലിജൻസ് ഇൻവെസ്റ്റിഗേഷൻ മേധാവി നിയമനം

77(2429) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ കരാറടിസ്ഥാനത്തിൽ നിയമിക്കുന്ന ഇന്റലിജൻസ് ഇൻവെസ്റ്റിഗേഷൻ മേധാവിക്ക്

നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന യോഗ്യത എന്തെല്ലാമാണെന്ന് അറിയിക്കാമോ?

സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ കരാറടിസ്ഥാനത്തിൽ ഇന്റലിജൻസ് ഇൻവെസ്റ്റിഗേഷൻ മേധാവിയെ നിയമിക്കുന്ന നടപടി സ്വീകരിച്ചിട്ടില്ല.

(ബി) വകുപ്പിൽ കരാറടിസ്ഥാനത്തിൽ ഇന്റലിജൻസ് ഇൻവസ്റ്റിഗേഷൻ മേധാവിയെ നിയമിക്കുന്നതിലേക്കായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ അപേക്ഷ സമർപ്പിച്ചവരുടെ പേര് വിവരം, യോഗ്യത എന്നിവ അറിയിക്കാമോ;

(സി) അപേക്ഷ സമർപ്പിച്ചവരിൽ വിരമിച്ച ജി.എസ്.ടി. വകുപ്പ് ജീവനക്കാരുണ്ടോയെന്നും സർവീസ് കാലയളവിൽ കൈക്കൂലി വാങ്ങിയതിനും അനധികൃത സ്വത്ത് സമ്പാദനത്തിനും സസ്പെൻഷൻ, വിജിലൻസ് നടപടികൾ തുടങ്ങിയവ നേരിട്ടവർ ഉൾപ്പെട്ടിട്ടുണ്ടോയെന്നും അറിയിക്കാമോ?

(ബി & സി) ഉത്തരം 'എ'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

ജി.എസ്.ടി. വകുപ്പ് പുനഃസംഘടന

78(2430) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പ് പുനഃസംഘടനയുടെ ഭാഗമായി കരാറടിസ്ഥാനത്തിൽ നിയമിക്കുന്ന ഇന്റലിജൻസ് ഇൻവെസ്റ്റിഗേഷൻ മേധാവിക്ക് നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന യോഗ്യത എന്തെല്ലാമാണെന്നും ഇതിലേക്കായി അപേക്ഷ സമർപ്പിച്ചവരുടെ പേരുവിവരങ്ങളും അപേക്ഷ സമർപ്പിച്ചവരിൽ വിരമിച്ച ജി.എസ്.ടി. വകുപ്പ് ജീവനക്കാരുണ്ടോയെന്നും വ്യക്തമാക്കുമോ?

സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ കരാറടിസ്ഥാനത്തിൽ ഇന്റലിജൻസ് ഇൻവെസ്റ്റിഗേഷൻ മേധാവിയെ നിയമിക്കുന്ന നടപടി സ്വീകരിച്ചിട്ടില്ല.

(ബി) ഇത്തരത്തിൽ അപേക്ഷ സമർപ്പിച്ചവരിൽ സർവീസ് കാലയളവിൽ കൈക്കൂലി വാങ്ങിയതിന് സസ്പെൻഷൻ നടപടികൾ നേരിട്ടവരോ അനധികൃത സ്വത്ത് സമ്പാദനത്തിന് വിജിലൻസ് അന്വേഷണം നേരിടുന്നവരോ ഉൾപ്പെട്ടതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം 'എ'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

ജി.എസ്.ടി. വകുപ്പിലെ കരാർ നിയമനങ്ങൾ

79(2431) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വകുപ്പിൽ സീനിയർ ഡാറ്റ അനലിസ്റ്റ്, ഡാറ്റ അനലിസ്റ്റ് തുടങ്ങിയ തസ്തികകളിൽ കരാർ നിയമനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ നിയമനങ്ങളിലൂടെ നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇത്തരം നിയമനങ്ങൾ സർവീസ് ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പുനഃസംഘടനയെത്തുടർന്ന് 15-07-2024-ലെ സ.ഉ.(കൈ)നം.42/2024/ നികുതി ഉത്തരവുപ്രകാരം വകുപ്പിലെ ടാക്സ് റിസർച്ച് ആൻഡ് പോളിസി സെൽ വിഭാഗത്തിൽ സീനിയർ ഡാറ്റ അനലിസ്റ്റ്/സീനിയർ സയന്റിസ്റ്റ്

(3 തസ്തികകൾ), ഡാറ്റ അനലിസ്റ്റ്/സയന്റിസ്റ്റ് (3 തസ്തികകൾ) എന്നിവയിലും ഇന്റലിജൻസ് ഹെഡ്ക്വാർട്ടേഴ്സ് വിഭാഗത്തിൽ സീനിയർ ഇൻവെസ്റ്റിഗേറ്റർ (3 തസ്തികകൾ) തസ്തികയിലും നിയമനം നടത്തുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സീനിയർ ഡാറ്റ അനലിസ്റ്റ്/സീനിയർ സയന്റിസ്റ്റ്, ഡാറ്റ അനലിസ്റ്റ്/സയന്റിസ്റ്റ് തസ്തികകളിൽ, വിരമിച്ച ഉദ്യോഗസ്ഥർ/സ്വകാര്യ ഉദ്യോഗസ്ഥർ എന്നിവരെ ഹ്രസ്വകാല കരാറടിസ്ഥാനത്തിൽ, നിലവിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരിൽനിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എന്നീ മാർഗങ്ങളിലൂടെയും സീനിയർ ഇൻവെസ്റ്റിഗേറ്റർ തസ്തികയിൽ യോഗ്യരായ വിരമിച്ച ഉദ്യോഗസ്ഥരെ ഹ്രസ്വകാല കരാറടിസ്ഥാനത്തിൽ, നിലവിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരിൽനിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എന്നീ മാർഗങ്ങളിലൂടെയും നിയമനം നടത്തണമെന്നാണ് ഉത്തരവായിട്ടുള്ളത്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ ശക്തവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായാണ് ഇന്റലിജൻസ് ഹെഡ്ക്വാർട്ടേഴ്സ് വിഭാഗത്തിൽ അനുവദിക്കപ്പെട്ട സീനിയർ ഇൻവെസ്റ്റിഗേറ്റർ (3 തസ്തികകൾ)

തസ്തികയിൽ ഹ്രസ്വകാല കരാറടിസ്ഥാനത്തിൽ യോഗ്യരായ വിരമിച്ച ഉദ്യോഗസ്ഥരെയോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരെയോ നിയമിക്കണമെന്ന് ഉത്തരവായിട്ടുള്ളത്. വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഇതിലൂടെ നികുതിച്ചോർച്ച തടയുന്നതിനും നികുതിപിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ലക്ഷ്യമിട്ടാണ് പ്രസ്തുത തസ്തികകൾക്ക് അനുമതി നൽകിയിട്ടുള്ളത്.

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച വീഡിയോഗ്രാഫർമാരുടെ വേതനം

80(2434) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ കാസർഗോഡ് ജില്ലയിൽ വിവിധ സ്ഥാനുകളിലും തിരഞ്ഞെടുപ്പ് ദിവസം ബൂത്തുകളിലും വീഡിയോ ചിത്രീകരിച്ച എത്ര വീഡിയോഗ്രാഫർമാരാണുള്ളതെന്ന് വ്യക്തമാക്കാമോ?

349 പേർ.

(ബി) ഇവർ ജോലി ചെയ്ത കാലയളവ് എത്ര മാസമാണെന്നും പ്രസ്തുത കാലയളവിൽ ഇവർ എത്ര ഡ്യൂട്ടി ചെയ്തുവെന്നും ആ വകയിൽ എത്ര രൂപ ഇവർക്ക് നൽകാനുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഈ തുക ഇവർക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുവരെ നൽകാതിരിക്കാനുള്ള കാരണം എന്താണെന്ന് അറിയിക്കാമോ?

(ബി & സി) തിരഞ്ഞെടുപ്പ് വിജ്ഞാപനം വന്ന 2024 മാർച്ച് 16 മുതൽ തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തീകരിച്ച 2024 ജൂൺ 6 വരെയുള്ള കാലയളവിലാണ് വീഡിയോഗ്രാഫർമാർ ജോലി ചെയ്തത്. പ്രസ്തുത കാലയളവിൽ ഇവർ 2781 ഡ്യൂട്ടി ചെയ്തിട്ടുണ്ട്. നിലവിൽ ഒരു തുകയും വീഡിയോഗ്രാഫർമാർക്ക് നൽകുവാൻ ബാക്കിയില്ല.

(ഡി) ഫുൾ ഡ്യൂട്ടി സർട്ടിഫിക്കറ്റുകൾ ഇവർ ഹാജരാക്കിയിട്ടുണ്ടോയെന്നും കാസർഗോഡ് ജില്ലയിൽ ഇതിനുള്ള ഫണ്ട് വകയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ഫുൾ ഡ്യൂട്ടി സർട്ടിഫിക്കറ്റുകൾ അവർ ഹാജരാക്കിയിട്ടുണ്ട്. നിലവിൽ ഒരു തുകയും കാസർഗോഡ് ജില്ലയിൽ ഉൾപ്പെടെ വീഡിയോഗ്രാഫർമാർക്ക് നൽകുവാൻ ബാക്കിയില്ല.

(ഇ) തിരഞ്ഞെടുപ്പ് കാലത്ത് സേവനം ചെയ്ത വീഡിയോഗ്രാഫർമാർക്ക് വേതനം കിട്ടാതിരിക്കാനുള്ള കാരണം ട്രഷറി നിയന്ത്രണമാണ് എന്നത് ശരിയാണോ; സംസ്ഥാനത്ത് ഈ പ്രശ്നം നിലനിൽക്കുന്ന മറ്റ് ജില്ലകൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

തിരഞ്ഞെടുപ്പ് കാലത്ത് സേവനം ചെയ്ത വീഡിയോഗ്രാഫർമാർക്ക് വേതനം എല്ലാ ജില്ലയിലും വിതരണം ചെയ്തിട്ടുണ്ട്.

വെഞ്ഞാറമൂട് പുതിയ സബ് ട്രഷറി

81(2435) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ വെഞ്ഞാറമൂട് കേന്ദ്രമാക്കി പുതിയ സബ് ട്രഷറി അനുവദിക്കുന്നതിനായി ലഭിച്ച ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) വെഞ്ഞാറമൂട് പുതിയ സബ് ട്രഷറി അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

(എ&ബി) ട്രഷറി വകുപ്പ് പൂർണ്ണമായും ഐ.എഫ്.എം.എസ്. (Integrated Financial Management System)-ന്റെ കീഴിൽ വിജയകരമായി പ്രവർത്തിച്ചുവരികയാണ്. നിലവിൽ ട്രഷറിയിലെ എല്ലാ സേവിങ്സ് ബാങ്ക് സംവിധാനവും കോർ ബാങ്കിംഗിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ ഈ സംവിധാനം ഉപയോഗിച്ച് നിലവിൽ ഏത് ട്രഷറിയിൽനിന്നും ഇടപാടുകൾ നടത്താവുന്നതാണ്. ഇപ്രകാരം ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ട്രഷറി ഇടപാടുകൾ ഏതു ട്രഷറിയുടെ കീഴിലും നടത്താവുന്നതിനാലും വിഭവ സമാഹരണത്തിന് കടുത്ത പ്രതിസന്ധി നേരിടുന്ന നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അധിക

ബാധ്യതകൾ ഏറ്റെടുക്കാൻ സർക്കാരിന് കഴിയാത്തതിനാലും പുതിയ ട്രഷറികൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

ട്രഷറികളുടെ കെട്ടിട നിർമ്മാണം

82(2436) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെർപുളശ്ശേരി, ഷൊർണ്ണൂർ ട്രഷറികളുടെ കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ; നിർമ്മാണം പൂർത്തിയാക്കി എന്നത്തേക്ക് ട്രഷറികളുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ചെർപുളശ്ശേരി ജില്ലാ ട്രഷറി കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖേന നടന്നുവരികയാണ്. നിലവിൽ ആറ് മാസത്തിനുള്ളിൽതന്നെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഷൊർണ്ണൂർ സബ് ട്രഷറി നിർമ്മാണത്തിനായി ട്രഷറി വകുപ്പിന്റെ പേരിൽ സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമാകുന്നമുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടുകളിലെ അപാകതകൾ

83(2437) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടുകളിൽ അപാകതകളുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; അറിയിക്കുമോ?

സംസ്ഥാനത്തെ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടുകളിൽ, ചില അക്കൗണ്ട് ഉടമകളുടെ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്താതെ അവശേഷിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. പ്രധാനമായും ഇവ കണ്ടെത്തിയിരിക്കുന്നത് ഐ.എഫ്.എം.എസ്. (Integrated Financial Management System) നടപ്പിൽ വരുന്നതിനുമുൻപ് ആരംഭിച്ച ടി.എസ്.ബി., പി.ടി.എസ്.ബി. അക്കൗണ്ടുകളിലും കൂടാതെ ഇ.ടി.എസ്.ബി. അക്കൗണ്ടുകളിലുമാണ്. ഇത്തരത്തിലുള്ളവ കണ്ടെത്തി അക്കൗണ്ട് ഉടമകളെ ബന്ധപ്പെട്ട് കൃത്യമായ തിരിച്ചറിയൽ രേഖകൾ ഉൾപ്പെടെയുള്ള കെ.വൈ.സി. വിവരങ്ങൾ പുതിയതായി ശേഖരിച്ച് ട്രഷറി സിസ്റ്റത്തിൽ അപ്ഡേറ്റ്

ചെയ്യുന്നതിനുള്ള നടപടികൾ എല്ലാ ട്രഷറികളിലും അടിയന്തരപ്രാധാന്യത്തോടെ ചെയ്യുവരുന്നു.

(ബി) ട്രഷറി സേവിങ്സ് അക്കൗണ്ട് തുടങ്ങുന്നതിനുള്ള മാർഗനിർദേശങ്ങൾ എന്തെല്ലാമാണ്; അവ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ; വ്യക്തമാക്കുമോ?

ട്രഷറികളിൽ പ്രധാനമായും രണ്ട് വിഭാഗത്തിലുള്ള അക്കൗണ്ടുകളാണ് ആരംഭിക്കുവാൻ കഴിയുന്നത്. വ്യക്തിഗത അക്കൗണ്ടുകളും (Individual), വ്യക്തിഗത അക്കൗണ്ടുകൾ അല്ലാത്തവയും (Institutional). ഇൻസ്റ്റിറ്റ്യൂഷണൽ വിഭാഗത്തിലുള്ള അക്കൗണ്ടുകൾ ആരംഭിക്കുന്നത് സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിലാണ്. വ്യക്തിഗത അക്കൗണ്ടുകളിൽ സ്ഥിരനിക്ഷേപ അക്കൗണ്ടുകളും പെൻഷൻ കൈപ്പറ്റുന്നതിനായുള്ള പി.ടി.എസ്.ബി. അക്കൗണ്ടുകളും സാധാരണ ടി.എസ്.ബി. അക്കൗണ്ടുകളും ഉൾപ്പെടുന്നു. വ്യക്തിഗത അക്കൗണ്ടുകളില്ലാത്ത ഒരാൾക്ക് പുതിയതായി അക്കൗണ്ട് തുടങ്ങുന്നതിനായി ആദ്യം കസ്റ്റമർ ഐ.ഡി. നൽകേണ്ടതായുണ്ട്. കസ്റ്റമർ ഐ.ഡി. നമ്പർ ലഭിക്കുന്നതിനായി ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള

കെ.വൈ.സി. (Know Your Customer) അപേക്ഷ ഫോമിനൊപ്പം സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖകളുടെ പകർപ്പും (Aadhaar/PAN/Election ID തുടങ്ങിയവ) ആറ് മാസത്തിനുള്ളിലെടുത്ത ഒരു പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ കൂടി അപേക്ഷകൻ ട്രഷറികളിൽ ഹാജരാക്കേണ്ടതാണ്. കെ.വൈ.സി. രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം ആദ്യം കസ്റ്റമർ ഐ.ഡി. നമ്പർ നൽകുകയും തുടർന്ന് പ്രസ്തുത കസ്റ്റമർ ഐ.ഡി.-യുടെ അടിസ്ഥാനത്തിൽ ആവശ്യമായ അക്കൗണ്ടുകൾ ട്രഷറികളിൽ ആരംഭിക്കാനും കഴിയുന്നതാണ്. നിലവിലെ ചട്ടങ്ങൾപ്രകാരം ഒരു ഇടപാടുകാരന് ട്രഷറിയിൽ ഒരു ടി.എസ്.ബി. അക്കൗണ്ടും ഒരു പി.ടി.എസ്.ബി. അക്കൗണ്ടും ഒന്നിലധികം സ്ഥിരനിക്ഷേപ അക്കൗണ്ടുകളും ആരംഭിക്കുവാൻ കഴിയുന്നതാണ്. അക്കൗണ്ട് ആരംഭിച്ചശേഷം ഇടപാടുകാർ സമർപ്പിക്കുന്ന തിരിച്ചറിയൽ രേഖകളുടെ വിവരങ്ങൾ ട്രഷറി രേഖകളിൽ അപ്ഡേറ്റ് ചെയ്യുകയും ഫോട്ടോ, ഒപ്പ് തുടങ്ങിയവ സ്കാൻ ചെയ്ത് ട്രഷറി രേഖകളിൽ ഉൾപ്പെടുത്തുകയും ചെയ്തുവരുന്നു. ഇതോടൊപ്പം ഓരോ അക്കൗണ്ടിന്റെയും നോമിനിയുടെ വിവരങ്ങൾകൂടി

അക്കൗണ്ട് തുടങ്ങുന്ന സമയത്തുതന്നെ പ്രത്യേക ഫോമുകളിൽ രേഖപ്പെടുത്തി സ്വീകരിക്കുകയും ട്രഷറി രേഖകളിൽ അപ്ഡേറ്റ് ചെയ്യുകയും ചെയ്തുവരുന്നു. അക്കൗണ്ടന്റ് ജനറൽ ഉൾപ്പെടെയുള്ള വിവിധ ഓഡിറ്റ് ഏജൻസികളുടെ പരിശോധനകളിലും ട്രഷറി വകുപ്പിന്റെതന്നെ ആഭ്യന്തര പരിശോധനകളിലും ഇത്തരം വിവരങ്ങൾ പരിശോധനകൾക്ക് വിധേയമാക്കാറുണ്ട്. പരിശോധനകളിൽ കണ്ടെത്തുന്ന അപാകതകൾ അതത് ട്രഷറികൾക്ക് തുടർനടപടികൾക്കായി കൈമാറുകയും സ്വീകരിക്കുന്ന നടപടികളുടെ വിലയിരുത്തലുകൾ ജില്ലാ ട്രഷറി തലത്തിലും മേഖലാ ഡെപ്യൂട്ടി ഡയറക്ടർ തലത്തിലും ഡയറക്ടറേറ്റ് തലത്തിലും നടത്താറുമുണ്ട്.

(സി) നിഷ്ക്രിയ അക്കൗണ്ടുകളിലെ തുക റവന്യൂ അക്കൗണ്ടുകളിലേക്ക് മാറ്റാറുണ്ടോ; കഴിഞ്ഞ അഞ്ചുവർഷത്തിൽ അധികമായ നിഷ്ക്രിയമായ അക്കൗണ്ടുകളുടെ വിശദാംശം നൽകുമോ?

ട്രഷറികളിൽ അഞ്ച് സാമ്പത്തിക വർഷമോ അതിൽ കൂടുതൽ വർഷമോ ഇടപാടുകളില്ലാതെ നിലനിൽക്കുന്ന ടി.എസ്.ബി. അക്കൗണ്ടുകളും മൂന്ന് സാമ്പത്തിക വർഷമോ അതിൽ കൂടുതൽ വർഷമോ ഇടപാടുകളില്ലാതെ

നിലനിൽക്കുന്ന പി.ടി.എസ്.ബി. അക്കൗണ്ടുകളും നിർജീവ അക്കൗണ്ടുകളായി കണക്കാക്കുന്നതാണ്. വ്യക്തിഗത സ്ഥിരനിക്ഷേപങ്ങളും വിവിധ ആവശ്യങ്ങൾക്കായി നടത്തിയിട്ടുള്ള സെക്യൂരിറ്റി നിക്ഷേപങ്ങളും നിലവിലുള്ള ചട്ടങ്ങളനുസരിച്ച് നിർജീവ അക്കൗണ്ടുകളായി കണക്കാക്കുവാൻ കഴിയില്ല. ഇത്തരം നിർജീവ അക്കൗണ്ടുകളിലെ നീക്കിയിരുപ്പ് തുക, കേരള ട്രഷറി കോഡ് വാല്യം 2, അനുബന്ധം 3 ചട്ടം 40 അനുസരിച്ച് സർക്കാരിന്റെ റവന്യൂ ഡിപ്പോസിറ്റിൽ അതത് ട്രഷറി ഓഫീസർമാർ അടവാക്കേണ്ടതാണ്. കൂടാതെ ഇതുസംബന്ധിച്ചുള്ള നിർദ്ദേശം എല്ലാ സാമ്പത്തിക വർഷാരംഭങ്ങളിലും ട്രഷറികൾക്ക് നൽകുന്നുണ്ട്. ആയതുപ്രകാരമുള്ള നടപടികൾ എല്ലാ ട്രഷറികളും എല്ലാ സാമ്പത്തിക വർഷാരംഭത്തിലും സ്വീകരിച്ചുവരുന്നുമുണ്ട്. അക്കൗണ്ട് വിവരങ്ങളിലെ അവ്യക്തതമൂലമോ അക്കൗണ്ട് ഉടമയുടെ അപൂർണ്ണമായ വിവരങ്ങൾമൂലമോ ഇടപാടുകൾ താൽകാലികമായി നിർത്തിവച്ചിരിക്കുന്ന അക്കൗണ്ടുകൾ ഒഴികെയുള്ളവയെല്ലാം നടപ്പുസാമ്പത്തിക വർഷവും പരിശോധിക്കുകയും റവന്യൂ ശീർഷകത്തിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. എല്ലാ ട്രഷറികളും

ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നുമുണ്ട്. ഇത്തരത്തിലുള്ളവ പരിശോധിച്ച് വിവരങ്ങൾ അപ്ഡേറ്റ് ചെയ്തശേഷം തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശവും എല്ലാ ട്രഷറികൾക്കും നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ നിലവിലുള്ള ചട്ടപ്രകാരം നിഷ്ക്രിയമായി കണക്കാക്കാൻ കഴിയുന്ന അക്കൗണ്ടുകൾ ഇപ്പോൾ ട്രഷറികളിൽ അവശേഷിക്കുന്നതായി കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.

(ഡി) ട്രഷറി അക്കൗണ്ടുകളിലെ അപാകതകൾ പരിഹരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ട്രഷറി അക്കൗണ്ടുകളിലെ അപാകതകൾ പരിഹരിക്കുന്നതിനും അവയുടെ വിശ്വാസ്യത സംരക്ഷിക്കുന്നതിനും ഇടപാടുകളിലെ സുതാര്യത ഉറപ്പാക്കുന്നതിനുമുള്ള അടിയന്തര പരിഹാരനടപടികൾ കാലാകാലങ്ങളിൽ സ്വീകരിച്ചുവരാറുണ്ട്. കൂടാതെ നിലവിലും ഇപ്രകാരമുള്ള നടപടികൾ ഇതിനോടകംതന്നെ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ട്രഷറി ആപ്ലിക്കേഷനുകളിലെ സുരക്ഷാ പഴുതുകൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ട്രഷറി അക്കൗണ്ടുകൾ മുഖേനയുള്ള ട്രഷറി

ഇടപാടുകളുടെ സുരക്ഷിതത്വത്തിനും സുതാര്യതയ്ക്കുമായി ട്രഷറി ആപ്ലിക്കേഷനുകളിൽ ഇതിനോടകം പ്രാബല്യത്തിൽവന്നതും ഉടൻ വരുത്തുവാനുദ്ദേശിക്കുന്നതുമായ നടപടികൾ ചുവടെച്ചേർക്കുന്നു.

- ട്രഷറി അക്കൗണ്ടുകളിൽനിന്നും പണം പിൻവലിക്കപ്പെടുമ്പോഴും പുതിയതായി ചെക്ക് ബുക്ക് അനുവദിച്ചു നൽകുമ്പോഴും പ്രസ്തുത വിവരം എസ്.എം.എസ്. മുഖേന അക്കൗണ്ട് ഉടമയുടെ കെ.വൈ.സി.-യിൽ രേഖപ്പെടുത്തിയിട്ടുള്ള മൊബൈൽ നമ്പറിലേക്ക് അറിയിക്കുന്ന സംവിധാനം.
- ഇടപാടുകാരുടെ മൊബൈലിലേക്കുവരുന്ന ഒ.ടി.പി.-യുടെ അടിസ്ഥാനത്തിൽ മാത്രം പുതിയ ചെക്ക് ബുക്ക് ഇഷ്യൂ ചെയ്യുന്ന സംവിധാനം.
- എല്ലാ അക്കൗണ്ടുടമകൾക്കും ആധാറധിഷ്ഠിതമായ ഇ-കെ.വൈ.സി. ഉറപ്പാക്കുന്നതിനുള്ള സംവിധാനം.

- ചട്ടപ്രകാരമുള്ള കാലാവധിയിൽ ഇടപാടുകൾ നടത്താത്ത അക്കൗണ്ടുകൾ കണ്ടെത്തുന്നതിനും കാലാവധിക്കുശേഷം അവയിലെ ഇടപാടുകൾ മരവിപ്പിക്കുന്നതിനുമുള്ള സംവിധാനം.
- ഇടപാടുകാരുടെ രജിസ്റ്റേർഡ് മൊബൈൽ നമ്പർ, അക്കൗണ്ട് നമ്പർ, കെ.വൈ.സി.- വിവരങ്ങൾ തുടങ്ങിയവ അപ്ഡേറ്റ് ചെയ്യുന്നതിന് Multi Factor Authentication നിർബന്ധമാക്കുന്ന സംവിധാനം.

ലോട്ടറി വിൽപനയിലൂടെ ലഭ്യമാകുന്ന വരുമാനം

84(2438) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ ലോട്ടറി വിൽപനയിലൂടെ എത്ര രൂപ സമാഹരിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

12,529.26 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(ബി) 2023-24 സാമ്പത്തിക വർഷം ലോട്ടറി എടുത്തവർക്ക് സമ്മാനത്തുകയായി നൽകിയിട്ടുള്ള ആകെ തുക എത്രയാണെന്ന് അറിയിക്കാമോ?

7094.03 കോടി രൂപ സമ്മാനത്തുകയായി നൽകിയിട്ടുണ്ട്.

(സി) സമ്മാനത്തുകയുടെ നികുതിയിനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടുള്ള വരുമാനം എത്രയാണെന്ന് അറിയിക്കാമോ?

സമ്മാനത്തുകയിൽ ഇൻകം ടാക്സ് ആക്ട്, 1961 പ്രകാരം ആദായനികുതി മാത്രമാണ് ഈടാക്കുന്നത്. ആയതിൽനിന്ന് സംസ്ഥാന സർക്കാരിന് വരുമാനം ലഭിക്കുന്നില്ല.

(ഡി) ലോട്ടറി വിൽപനയിലൂടെ ലഭ്യമാകുന്ന വരുമാനം എപ്രകാരമാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ലോട്ടറി വിൽപനയിൽനിന്നുള്ള പ്രതിദിന വരുമാനം അതത് ദിവസം സർക്കാർ ഖജനാവിലേക്ക് ഒടുക്കുകയാണ് ചെയ്യുന്നത്. ടി തുക സംസ്ഥാനത്തിന്റെ പൊതു ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നു.

(ഇ) സംസ്ഥാനത്ത് ലോട്ടറി വിൽപനക്കായി നിലവിൽ എത്ര ഏജൻസികളുണ്ടെന്നും ഓരോ ഏജൻസിയും 2023 ഏപ്രിൽ 1 മുതൽ 2024 സെപ്റ്റംബർ 30 വരെ ലോട്ടറി വകുപ്പിൽനിന്ന് എത്ര രൂപക്കുള്ള ലോട്ടറി

ടിക്കറ്റുകൾ കൈപ്പറ്റിയിട്ടുണ്ടെന്നുമുള്ള വിവരം ഏജൻസി തിരിച്ച് ലഭ്യമാക്കാമോ?

ഭാഗ്യക്കുറി വകുപ്പിൽ 14 ജില്ലാ ഓഫീസിലും കൂടി ആകെ 37,680 ആക്ടീവ് രജിസ്റ്റേർഡ് ഏജന്റുമാരാണ് നിലവിലുള്ളത്. ഓരോ ഏജൻസിയും 2023 ഏപ്രിൽ 1 മുതൽ 2024 സെപ്റ്റംബർ 30 വരെ ലോട്ടറി വകുപ്പിൽനിന്നും എത്ര രൂപക്കുള്ള ടിക്കറ്റുകൾ കൈപ്പറ്റിയിട്ടുണ്ടെന്ന ഏജൻസി തിരിച്ചുള്ള വിവരം ക്രോഡീകരിച്ചുവരുന്നു.

(എഫ്) ലോട്ടറി ഓഫീസുകളിൽനിന്ന് ഏജൻസികൾക്ക് പ്രതിദിനം ഒന്നിലധികം തവണ ടിക്കറ്റുകൾ ലഭ്യമാക്കാറുണ്ടോയെന്ന് അറിയിക്കാമോ?

ലോട്ടറി ഓഫീസുകളിൽനിന്ന് ഏജൻസികൾ ഡിമാൻഡ് ഫോമിൽ ആവശ്യപ്പെടുന്നപക്ഷം പ്രതിദിനം ഒന്നിലധികം തവണ ടിക്കറ്റ് ലഭ്യമാക്കാറുണ്ട്.

(ജി) 2023 ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെ ലോട്ടറി വകുപ്പിൽനിന്നും എത്ര രൂപയുടെ ലോട്ടറി ടിക്കറ്റുകൾ വിൽപനക്കായി

വ്യക്തികൾ കൈപ്പറ്റിയിട്ടുണ്ടെന്നുള്ള വിവരം ഏജൻസി തിരിച്ച് ലഭ്യമാക്കാമോ?

2023 ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെ എത്ര രൂപയുടെ ലോട്ടറി ടിക്കറ്റുകൾ വിൽപനയ്ക്കായി വ്യക്തികൾ കൈപ്പറ്റിയിട്ടുണ്ടെന്നുള്ള വിവരം ക്രോഡീകരിച്ചുവരുന്നു.

ലോട്ടറി പരസ്യം

85(2439) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന 2021 മേയ് മുതൽ 2024 സെപ്റ്റംബർ 30 വരെ സംസ്ഥാന ലോട്ടറി വകുപ്പ്, ലോട്ടറി നറുക്കെടുപ്പുമായി ബന്ധമില്ലാത്ത പരസ്യങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പരസ്യം പ്രസിദ്ധീകരിച്ച സ്ഥാപനങ്ങൾ, അവർക്ക് നൽകിയ തുക എന്നിവ സംബന്ധിച്ച വിശദാംശം പ്രത്യേകം ലഭ്യമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്ന 2021 മേയ് മുതൽ 2024 സെപ്റ്റംബർ 30 വരെ ലോട്ടറി നറുക്കെടുപ്പുമായി ബന്ധമില്ലാത്ത പരസ്യങ്ങൾക്കായി 2,14,105.51/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സൊസൈറ്റി തട്ടിപ്പ്

86(2440) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സൊസൈറ്റി തട്ടിപ്പുമായി ബന്ധപ്പെട്ടുള്ള അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സൊസൈറ്റി സഹകരണ വകുപ്പിനുകീഴിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്ഥാപനമാകയാൽ ഈ തട്ടിപ്പുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചിറയിൻകീഴ് അസിസ്റ്റന്റ് രജിസ്ട്രാർ ജനറൽ അന്വേഷണം നടത്തി 27-10-2015-ന് ജില്ലാ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുൻപാകെ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികൾക്ക് കേരള സഹകരണ നിയമം 68(2)-ാം വകുപ്പുപ്രകാരം സർചാർജ് ഉത്തരവ് നൽകിയിരുന്നു. തുടർന്ന് അന്വേഷണ നടപടികളെ ചോദ്യം ചെയ്ത് സർചാർജ് ഉത്തരവിലുൾപ്പെട്ട കക്ഷികൾ ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയും സർചാർജ് ഉത്തരവിന്മേലുള്ള തുടർനടപടി ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തട്ടിപ്പ് പുറത്തുവന്നശേഷം സംഘത്തിന്റെ അഭ്യർഥന പരിഗണിച്ചോ സർക്കാർ നിർദേശപ്രകാരമോ കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സൊസൈറ്റിക്ക് കെ.എസ്.എഫ്.ഇ. വായ്പ നൽകിയിട്ടുണ്ടോ; എങ്കിൽ വായ്പ നൽകിയ തീയതി, വായ്പാ തുക, പലിശനിരക്ക് എന്നിവ വ്യക്തമാക്കാമോ?

16-09-2017-ലെ സ.ഉ.(കൈ)നം.34/2017/സഹ. നമ്പർ ഉത്തരവുപ്രകാരം കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘത്തിന് 15 കോടി രൂപ രണ്ട് തുല്യ ഗഡുക്കളായി 4% വാർഷിക പലിശനിരക്കിൽ അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം ആദ്യ ഗഡുവായി 7.5 കോടി രൂപ 03-03-2018-ന് സംഘത്തിന് വായ്പയായി നൽകിയിട്ടുണ്ട്.

(സി) സാമ്പത്തിക തട്ടിപ്പ് നടത്തിയ ഈ സംഘത്തിനെ പുനരുജ്ജീവിപ്പിക്കുന്നതിനായി കെ.എസ്.എഫ്.ഇ. നൽകിയ വായ്പയ്ക്ക് ഉത്തരവാദികളായ ഏതെങ്കിലും കെ.എസ്.എഫ്.ഇ. ജീവനക്കാർ നിലവിൽ കമ്പനി സർവീസിലുണ്ടോ; എങ്കിൽ അവരുടെ പേരും നിലവിലെ തസ്തികയും വ്യക്തമാക്കാമോ?

കെ.എസ്.എഫ്.ഇ. സ്റ്റാഫ് സൊസൈറ്റിക്ക് നൽകിയ വായ്പ തിരിച്ചടയ്ക്കുവാനുള്ള ചുമതല ടി സഹകരണ സംഘത്തിനാണ്. ടി വായ്പ തിരിച്ചടയ്ക്കുവാനുള്ള ബാധ്യത ഏതെങ്കിലും പ്രത്യേക ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമല്ല.

(ഡി) പ്രസ്തുത സഹകരണ സംഘത്തിന്റെ പുനരുദ്ധാരണത്തിന് കെ.എസ്.എഫ്.ഇ. വായ്പയായി നൽകിയ തുകയിൽ നാളിതുവരെ എത്ര തുക തിരിച്ചടവായി ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കെ.എസ്.എഫ്.ഇ. സഹകരണ സംഘത്തിന്റെ പുനരുദ്ധാരണത്തിന് കെ.എസ്.എഫ്.ഇ. വായ്പയായി നൽകിയ തുകയിൽ നാളിതുവരെ പലിശയോ മുതലോ തിരിച്ചടവായി ലഭിച്ചിട്ടില്ല.

(ഇ) കെ.എസ്.എഫ്.ഇ.-ക്ക് സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുന്ന കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് അവരുടെമേൽ ചുമത്തപ്പെട്ട ബാധ്യത തീർപ്പാക്കാതിരുന്നാൽ വിരമിക്കൽ ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കാറുണ്ടോ; വിശദമാക്കാമോ?

കെ.എസ്.എഫ്.ഇ.-ക്ക് സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുന്ന കെ.എസ്.എഫ്.ഇ. ജീവനക്കാർ കമ്പനിക്ക് ബാധ്യത വരുത്തിവച്ചതായി അന്വേഷണത്തിലൂടെ ബോധ്യപ്പെട്ടാൽ അത്തരം ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കാറുണ്ട്.

(എഫ്) കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സൊസൈറ്റി തട്ടിപ്പിന്റെ ബാധ്യത നികത്തുവാൻ കെ.എസ്.എഫ്.ഇ. നൽകിയ വായ്പാതുക കൈപ്പറ്റിയ സൊസൈറ്റി ഭാരവാഹികളായ കെ.എസ്.എഫ്.ഇ. ജീവനക്കാർ വിരമിക്കുന്ന വേളയിൽ വായ്പാ തിരിച്ചടവ് പൂർത്തിയാക്കിയില്ലെങ്കിൽ ഈ സാമ്പത്തിക ബാധ്യത അവരുടെ മേൽ ചുമത്തപ്പെടുമോ; എങ്കിൽ അവരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ ബാധിക്കപ്പെടുമോയെന്ന് വ്യക്തമാക്കാമോ?

കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സൊസൈറ്റി തട്ടിപ്പിന്റെ ബാധ്യത നികത്തുവാൻ കെ.എസ്.എഫ്.ഇ. നൽകിയ വായ്പാ തുക തിരിച്ചടയ്ക്കുവാനുള്ള ചുമതല പ്രസ്തുത സഹകരണ സംഘത്തിനാണ്. ഈ വായ്പ തിരിച്ചടയ്ക്കുവാനുള്ള ബാധ്യത ഏതെങ്കിലും പ്രത്യേക ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമല്ല.

കെ.എസ്.എഫ്.ഇ. നൽകിവരുന്ന ഇളവുകൾ

87(2441) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ.-യിൽനിന്നും ചിട്ടി, ലോൺ എന്നീ ഇനങ്ങളിൽ കൈപ്പറ്റിയ തുക തിരിച്ചടക്കുന്നതിന് പ്രയാസം നേരിടുന്നവർക്ക് നിലവിൽ നൽകിവരുന്ന ഇളവുകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

കെ.എസ്.എഫ്.ഇ.-യിൽ റവന്യൂ റിക്കവറി നടപടി നേരിടുന്ന അക്കൗണ്ടുകളിലും കെ.എസ്.എഫ്.ഇ.-യുടെ ശാഖകളിൽ വിളിച്ചെടുത്തിട്ടുള്ള ചിട്ടി അക്കൗണ്ടുകളിലും വായ്പാ അക്കൗണ്ടുകളിലും നിബന്ധനകൾക്ക് വിധേയമായി കുടിശ്ശിക തീയതി (30-09-2023) അടിസ്ഥാനമാക്കി 01-08-2024 മുതൽ 30-09-2024 വരെ ഒറ്റത്തവണത്തീർപ്പാക്കൽ പദ്ധതി "ആശ്വാസ് 2024" എന്ന പേരിൽ നടപ്പാക്കിയിരുന്നു. ഈ പദ്ധതിപ്രകാരം കുടിശ്ശിക ആരംഭിച്ച വർഷത്തെ അടിസ്ഥാനപ്പെടുത്തി ആർ.ആർ./നോൺ-ആർ.ആർ. അക്കൗണ്ടുകളിലെ കുടിശ്ശികക്കാർക്ക് അനുവദിച്ച വിവിധ നിരക്കിലുള്ള പലിശയിളവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.[+] നിലവിൽ ഇളവ് പദ്ധതികളൊന്നും പ്രാബല്യത്തിലില്ല.

കെ.എസ്.എഫ്.ഇ. ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

88(2442) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവെന്ന് വിശദമാക്കാമോ?

(എ&ബി) കെ.എസ്.എഫ്.ഇ.-യിൽ വിവിധ തസ്തികകളിലെ ഒഴിവുകൾ കണക്കാക്കുന്നത് മാർച്ച് 31, സെപ്റ്റംബർ 30 പ്രകാരമുള്ള ബിസിനസ് അവലോകനം അനുസരിച്ചാണ്. 2024 മാർച്ച് 31-ലെ അവലോകനപ്രകാരമുള്ള 228 പുതിയ ഒഴിവുകൾ ഇതിനകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. 2024 സെപ്റ്റംബർ 30 ആധാരമാക്കിയുള്ള ബിസിനസ് അവലോകനം നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.എഫ്.ഇ.-യിലെ ഒഴിവുകൾ

89(2443) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിലെ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ 2024 സെപ്റ്റംബർ മുതൽ 2025 ഡിസംബർ 31 വരെയുണ്ടാകുന്ന ഒഴിവുകളുടെ എണ്ണം ലഭ്യമാക്കാമോ?

കെ.എസ്.എഫ്.ഇ-യിൽ വിവിധ തസ്തികകളിലെ ഒഴിവുകൾ കണക്കാക്കുന്നത് മാർച്ച് 31, സെപ്റ്റംബർ 30 പ്രകാരമുള്ള ബിസിനസ് അവലോകനം അനുസരിച്ചാണ്. 2024 മാർച്ച് 31-ലെ അവലോകനപ്രകാരമുള്ള 228 പുതിയ ഒഴിവുകൾ ഇതിനകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. 2024 സെപ്റ്റംബർ 30 ആധാരമാക്കിയുള്ള ബിസിനസ് അവലോകനം നടത്തുന്നതിനായുള്ള നടപടികൾ തുടർന്നുവരികയാണ്.

(ബി) കെ.എസ്.എഫ്.ഇ.-യിലെ ഒഴിവുകൾ പി.എസ്.സി.-ലേക്ക് റിപ്പോർട്ട് ചെയ്യുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; ഇതിന്റെ ചുമതല ആർക്കാണെന്ന് അറിയിക്കുമോ?

കെ.എസ്.എഫ്.ഇ.-യിലെ ജൂനിയർ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി. വഴിയാണ് നടത്തുന്നത്. ഈ തസ്തികകളിലേക്കുള്ള ഒഴിവുകൾ കണക്കാക്കുന്നത് മാർച്ച് 31, സെപ്റ്റംബർ 30 പ്രകാരമുള്ള ബിസിനസ് അവലോകനം അനുസരിച്ചാണ്. ഒഴിവുകൾ കണക്കാക്കിയശേഷം ഉടൻതന്നെ പി.എസ്.സി.-ലേക്ക് റിപ്പോർട്ട് ചെയ്യുന്ന രീതിയാണ് അവലംബിക്കുന്നത്. ഇതിന്റെ ചുമതല വഹിക്കുന്നത് കെ.എസ്.എഫ്.ഇ. മാനേജിങ് ഡയറക്ടറാണ്.

(സി) ഓരോ മാസവും കെ.എസ്.എഫ്.ഇ.-യിൽ റിട്ടയർമെന്റ്, വിടുതൽ, പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുക എന്നിവയുടെ ഭാഗമായുണ്ടാകുന്ന ഒഴിവുകൾ അതത് മാസംതന്നെ പി.എസ്.സി.-ലേക്ക് റിപ്പോർട്ട് ചെയ്യാറുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

ഇല്ല. കെ.എസ്.എഫ്.ഇ.-യിൽ വിവിധ തസ്തികകളിലെ ഒഴിവുകൾ കണക്കാക്കുന്നത് മാർച്ച് 31, സെപ്റ്റംബർ 30 പ്രകാരമുള്ള ബിസിനസ് അവലോകനം അനുസരിച്ചാണ്.

പ്രവാസി മലയാളികൾക്കായി കെ.എസ്.എഫ്.ഇ. ആരംഭിക്കുന്ന പുതിയ പദ്ധതികൾ

90(2444) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്കായി കെ.എസ്.എഫ്.ഇ. ആരംഭിക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പ്രവാസി മലയാളികൾക്കായി ആരംഭിക്കുന്ന നൂതന നിക്ഷേപ പദ്ധതിയാണ് KSFE DUO. ഈ പദ്ധതിപ്രകാരം പ്രവാസിയുടെ നിക്ഷേപങ്ങൾ ചിട്ടിയുമായി ബന്ധിപ്പിച്ച് ഉയർന്ന പലിശനിരക്ക് നൽകുന്നതാണ്.

(ബി) പ്രവാസി മലയാളികൾക്കായി ഓൺലൈൻ പണമിടപാടിനുള്ള സൗകര്യം കെ.എസ്.എഫ്.ഇ. ഒരുക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

പ്രവാസി മലയാളികൾക്കായി ചിട്ടിയിൽ ഓൺലൈനായി പണമടക്കാനുള്ള സൗകര്യം കെ.എസ്.എഫ്.ഇ. ഒരുക്കിയിട്ടുണ്ട്.

സ്വകാര്യ ആശുപത്രികളിലെ മെഡിസെപ്

91(2445) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയിലുൾപ്പെട്ട പെൻഷൻകാർക്ക് സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടിയശേഷം ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കാതിരിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ അർഹരായവർക്ക് ചെലവായ തുക മെഡിസെപിൽനിന്ന് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഇല്ല. മെഡിസെപ് പദ്ധതിയിലുൾപ്പെട്ട പെൻഷൻകാർക്ക് പദ്ധതിയിൽ എംപാനൽ ചെയ്തിരിക്കുന്ന സ്വകാര്യ ആശുപത്രികളിൽനിന്നും മെഡിസെപ് പദ്ധതിപ്രകാരമുള്ള ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ട്. വാഹനാപകടം, ഹൃദയാഘാതം, പക്ഷാഘാതം തുടങ്ങി അടിയന്തര സാഹചര്യങ്ങളിൽ പദ്ധതിയിലുൾപ്പെടാത്ത ആശുപത്രികളിൽ ചെയ്യുന്ന ചികിത്സയ്ക്ക് പാക്കേജുപ്രകാരമുള്ള തുക അപേക്ഷ ലഭിക്കുന്നമുറയ്ക്ക് ഇൻഷുറൻസ് കമ്പനി റീഇംപേഴ്സ് ചെയ്ത് നൽകിവരികയാണ്.

മെഡിസെപ് പദ്ധതി

92(2447) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് ആനുകൂല്യം എല്ലാ ആശുപത്രിയിലേക്കും വ്യാപിപ്പിക്കാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ?

മെഡിസെപ് പദ്ധതിയിൽ ഇൻഷ്വറൻസ് കമ്പനിയാണ് ആശുപത്രികളെ എംപാനൽ ചെയ്യുന്നത്. 23-06-2022-ലെ ജി.ഒ.(പി) നം.70/2022/ധന. ഉത്തരവിലെ അനുബന്ധം 1-ൽ നിഷ്കർച്ചിരിക്കുന്ന പാക്കേജ് നിരക്കുകൾ അപര്യാപ്തമായതിനാൽ പല സ്വകാര്യ ആശുപത്രികളും മെഡിസെപ്പിൽ ചേരുന്നതിൽ വിമുഖത കാണിക്കുന്നതിനാലാണ് മെഡിസെപ് ആനുകൂല്യം എല്ലാ ആശുപത്രിയിലേക്കും വ്യാപിപ്പിക്കാൻ പ്രധാനമായും സാങ്കേതിക തടസ്സമായിട്ടുള്ളതെന്ന് ടി ആശുപത്രികളുമായുള്ള ചർച്ചകളിൽനിന്നും വ്യക്തമായിട്ടുണ്ട്.

(ബി) മെഡിസെപ് അനുവദിച്ചുവരാൻ താമസിക്കുന്നതിനാൽ പല ഹോസ്പിറ്റലുകളിലും ഡിസ്ചാർജ് ചെയ്തതിനുശേഷം ക്യാഷ് അടച്ചുപോകാൻ

രോഗിയെ നിർബന്ധിതമാക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

മെഡിസെപ് നടത്തിപ്പുമായി ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ ഒപ്പുവച്ച ധാരണപത്രം (MoU) പ്രകാരം ആശുപത്രിയിൽ അഡ്മിറ്റായി ചികിത്സ തേടുന്ന ഗുണഭോക്താക്കൾക്ക് ആശുപത്രി ബില്ല് സമർപ്പിക്കുന്നമുറയ്ക്ക് സമയബന്ധിതമായിതന്നെ ഇൻഷ്വറൻസ് തുക അനുവദിച്ചുനൽകേണ്ടതാണ്. ഇൻഷ്വറൻസ് ക്ലെയിം അനുവദിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക തടസ്സംമൂലം കാലതാമസമുണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ഉടൻതന്നെ അത് പരിഹരിക്കുന്നതിന് ഇൻഷ്വറൻസ് കമ്പനിക്ക് നിർദേശം നൽകുകയും ആയത് പരിഹരിച്ച് ക്ലെയിം അപ്രൂവ് ചെയ്യുകയും ചെയ്യുന്നു.

(സി) ആവശ്യമുള്ളവർക്ക് മാത്രം മെഡിസെപ്പിൽ ചേരാൻ അനുവാദം നൽകുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; ഇതിന് നിയമതടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അധ്യാപക-അനധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവർക്കും അവരുടെ ആശ്രിതർക്കും നിർബന്ധിതാടിസ്ഥാനത്തിൽ ആരംഭിച്ച പദ്ധതിയായതിനാൽ ഗുണഭോക്താക്കളാരെയും മെഡിസെപ് പദ്ധതിയിൽനിന്നും ഒഴിവാക്കുവാൻ നിർവാഹമില്ല. കൂടാതെ പദ്ധതിക്കായി സർക്കാർ മുൻകൂറായി ഇൻഷ്വറൻസ് കമ്പനിക്ക് പ്രീമിയം നൽകിവരികയും ചെയ്യുന്ന സാഹചര്യത്തിൽ ആവശ്യമുള്ളവർക്ക് മാത്രം മെഡിസെപ്പിൽ ചേരാൻ അനുവാദം നൽകുന്നത് പദ്ധതിയുടെ നടത്തിപ്പിനെത്തന്നെ കാര്യക്ഷമമായി ബാധിക്കുന്നതാണ്.

(ഡി) മെഡിസെപ്പുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കാൻ വൈകുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

മെഡിസെപ് ഗുണഭോക്താക്കളുടെ സംശയങ്ങൾ പരിഹരിക്കുന്നതിന് മെഡിസെപ് വെബ് പോർട്ടൽ, മൊബൈൽ ആപ്ലിക്കേഷൻ എന്നിവ

സജ്ജമാക്കുകയും മെഡിസെപ് ഹാൻഡ് ബുക്ക് പബ്ലിഷ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഗുണഭോക്താക്കളുടെ പരാതികൾ മെഡിസെപ് വെബ്സൈറ്റിലെ ഗ്രീവൻസ് ലിങ്കിലെ ലെവൽ-I, ലെവൽ-2 ഗ്രീവൻസ് ഫയലിങ് മെനു മുഖേന സമർപ്പിക്കാവുന്നതും അതിൽ തൃപ്തികരമല്ലെങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിന് ജില്ലകൾതോറും ജില്ലാ കളക്ടർ കൺവീനർമാരായ ജില്ലാതല പരാതി പരിഹാര സെൽ രൂപീകരിച്ചിട്ടുണ്ട്. ജില്ലാതല കമ്മിറ്റിയുടെ തീരുമാനത്തിൽ തൃപ്തരല്ലെങ്കിൽ അഡീഷണൽ സെക്രട്ടറി, ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പ് കൺവീനറായ സംസ്ഥാനതല പരാതി പരിഹാര കമ്മിറ്റിയിലും പ്രസ്തുത കമ്മിറ്റിയുടെ തീരുമാനത്തിൽ തൃപ്തരല്ലെങ്കിൽ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായ അപ്പലേറ്റ് അതോറിറ്റിയിലും പരാതി സമർപ്പിക്കുവാനുള്ള സംവിധാനം മെഡിസെപ് പോർട്ടലിൽ ലഭ്യമാണ്. ത്രിതല ഓൺലൈൻ പരാതി പരിഹാര സംവിധാനവും സജ്ജമാക്കിയിട്ടുണ്ട്. എല്ലാ തലങ്ങളിലും പരാതികൾ പരിഹരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള

സമയപരിധിക്കുതന്നെ പരാതികൾ പരിശോധിച്ച് തീരുമാനങ്ങൾ കൈക്കൊണ്ടുവരികയും ചെയ്യുന്നു.

(ഇ) മെഡിസെപ്പുമായി ബന്ധപ്പെട്ട് ഇതുവരെ ആകെ എത്ര പരാതികൾ ലഭിച്ചുവെന്നും എത്ര പരാതികൾക്ക് പരിഹാരം കണ്ടുവെന്നും വ്യക്തമാക്കാമോ?

മെഡിസെപ്പുമായി ബന്ധപ്പെട്ട് നാളിതുവരെ ലഭിച്ച് തീർപ്പാക്കപ്പെട്ട പരാതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

പാലക്കാട് ജില്ലയിലെ മെഡിസെപ് പദ്ധതി

93(2448) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിപ്രകാരം പാലക്കാട് ജില്ലയിൽ നിലവിൽ ഏതെല്ലാം ആശുപത്രികളിൽ ഏതെല്ലാം രോഗങ്ങൾക്കാണ് ക്യാഷ് ഇൗടാക്കാതെയുള്ള ചികിത്സ ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ?

മെഡിസെപ് ഇൻഷ്വറൻസ് പദ്ധതിയിൽ നിലവിൽ പാലക്കാട് ജില്ലയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികളും ടി ആശുപത്രികളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെട്ട ചികിത്സാ വിഭാഗങ്ങളും മെഡിസെപ് വെബ്സൈറ്റിലെ ഹോസ്പിറ്റൽസ് എന്ന മെനുവിൽ ലഭ്യമാണ്. മെഡിസെപ് പദ്ധതിയിൽ എംപാനൽ ചെയ്തിരിക്കുന്ന എല്ലാ ആശുപത്രികളിലും ക്യാഷ്ലെസ്സ് ചികിത്സ ലഭ്യമാണ്.

(ബി) തുടക്കത്തിൽ മെഡിസെപ് പദ്ധതിയിലുണ്ടായിരുന്ന ഏതെങ്കിലും ആശുപത്രികൾ പദ്ധതിയിൽനിന്ന് പിൻമാറിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. തിരുവനന്തപുരം ജൂബിലി മെമ്മോറിയൽ ആശുപത്രിയും ആലുവ രാജഗിരി ആശുപത്രിയും മെഡിസെപ് പദ്ധതിയിൽനിന്ന് പിന്മാറിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽനിന്ന് പിൻമാറിയ ആശുപത്രികളെ വീണ്ടും ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ടി ആശുപത്രികളെ വീണ്ടും പദ്ധതിയിലുൾപ്പെടുത്തുന്നതിന് ഇൻഷ്വറൻസ് കമ്പനിക്ക് കത്ത് മുഖാന്തരവും വിവിധ അവലോകന

യോഗങ്ങളിലും സർക്കാർ നിർദേശവും നൽകിയതനുസരിച്ച് ഇൻഷ്വറൻസ് കമ്പനി ആശുപത്രികളെ സമീപിക്കുകയും ചെയ്തിട്ടുണ്ട്.

താമരശ്ശേരി താലൂക്കിൽ ലീഗൽ സർവീസ് അതോറിറ്റി കമ്മിറ്റി

94(2449) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി നിലവിൽവന്ന താമരശ്ശേരി താലൂക്കിൽ ലീഗൽ സർവീസ് അതോറിറ്റി കമ്മിറ്റി നിലവിലില്ലാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അതോറിറ്റി രൂപീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) താമരശ്ശേരി താലൂക്കിൽ പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

താമരശ്ശേരി താലൂക്കിൽ പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിന് ധനകാര്യ വകുപ്പിൽനിന്നും അനുമതി ലഭിക്കുന്നമുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) ലീഗൽ സർവീസ് കമ്മിറ്റി നൽകുന്ന സേവനങ്ങൾ വിശദമാക്കുമോ?

1987-ലെ ലീഗൽ സർവീസസ് അതോറിറ്റീസ് ആക്ടുപ്രകാരം താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റികൾ നൽകുന്ന പ്രധാന സേവനങ്ങൾ താഴെപ്പറയുന്നവയാണ്.

1. താലൂക്കിലെ നിയമ സേവനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

2. സമൂഹത്തിലെ ദുർബലവിഭാഗങ്ങൾക്ക് സൗജന്യ നിയമസഹായം നൽകുന്നു.

3. നിയമ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു.

4. കേസുകൾ പരിഹരിക്കുന്നതിന് ലോക് അദാലത്തുകൾ നടത്തുന്നു.

5. സംസ്ഥാന അതോറിറ്റിയുടെ അംഗീകാരത്തോടെ നിയമ ബോധവൽക്കരണ ക്യാമ്പുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നു.

6. ജില്ലാ അതോറിറ്റി സമയാസമയം ഏൽപ്പിക്കുന്ന ചുമതലകൾ നിർവഹിക്കുന്നു.

അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോർട്ട് അനുവദിക്കുന്നത് സംബന്ധിച്ച്

95(2450) ശ്രീമതി സി. കെ. ആശ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കത്ത് പുതിയ അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതി അനുവദിക്കുന്നതിലെടുത്ത നടപടികൾ വ്യക്തമാക്കാമോ;

(ബി) പുതിയ കോടതി അനുവദിക്കുന്നത് സംബന്ധിച്ച് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് കോടതികൾ സ്ഥാപിക്കുന്നതിനായി സർക്കാർ അംഗീകാരം നൽകിയ മുൻഗണനാ പട്ടികയ്ക്ക് തുടർച്ചയായി ഇനം നം.12 ആയി വൈക്കത്ത് ഒരു ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതി രൂപീകരിക്കുന്നതിനുള്ള ഹൈക്കോടതിയുടെ ശിപാർശ ലഭ്യമായിട്ടുണ്ട്. നിലവിൽ മറ്റ് നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല.

പള്ളിപ്പുറം ബാങ്കിന്റെ ഗഹാനുകൾ പുതുക്കുന്നത് സംബന്ധിച്ച്

96(2451) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡ് അവകാശവാദമുന്നയിക്കുന്ന ചെറായി, മുനമ്പം പ്രദേശങ്ങളിലെ സാധാരണക്കാരായ ജനവിഭാഗങ്ങളുടെ വസ്തുക്കൾ ഈടായി നൽകിയതിന്റെയടിസ്ഥാനത്തിൽ വായ്പയനുവദിച്ച വൈപ്പിൻ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം സർവീസ് സഹകരണ ബാങ്കിന്റെ ഗഹാനുകൾ പുതുക്കുവാൻ കുഴപ്പിള്ളി സബ് രജിസ്ട്രാർ തയ്യാറാകാത്തതിനാൽ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) സഹകരണ സംഘം രജിസ്ട്രാറുടെ 46/2007 നമ്പർ സർക്കുലർ പ്രകാരം ഒരു തവണ രജിസ്റ്റർ ചെയ്ത ഗഹാൻ ഉള്ളപക്ഷം തുടർച്ച പണയാധാരങ്ങൾ രജിസ്റ്റർ ചെയ്യാതെ വായ്പ പുതുക്കി നൽകുവാൻ സാധിക്കുമോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത വായ്പകൾ ടി സർക്കുലറിന്റെ അടിസ്ഥാനത്തിൽ പുതുക്കുവാൻ അനുവാദം നൽകുമോയെന്ന് അറിയിക്കാമോ?

(ബി&സി) വായ്പ ബാധ്യത നിലവിലെ ഗഹാൻപ്രകാരം അധികരിക്കാത്തപക്ഷം തുടർച്ച പണയാധാരങ്ങൾ രജിസ്റ്റർ ചെയ്തനൽകേണ്ടതില്ല.

(ഡി) പള്ളിപ്പുറം സർവീസ് സഹകരണ ബാങ്ക് നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഗഹാൻ രജിസ്റ്റർ ചെയ്ത് ലഭ്യമാക്കുന്നതിനോ സർക്കുലർപ്രകാരം വായ്പ പുതുക്കി ലഭ്യമാക്കുന്നതിനോ ബാങ്ക് നേരിട്ടും എം.എൽ.എ. മുഖാന്തരവും സമർപ്പിക്കപ്പെട്ട കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

ശ്രീ. നാസർ മനയിൽ ഫയൽ ചെയ്ത WP(C) No. 36063/2022 കേസിലെ 19-01-2023-ലെ ഇടക്കാല ഉത്തരവിൽ, പള്ളിപ്പുറം സർവീസ് സഹകരണ ബാങ്ക് വഖഫ് ഭൂമികൾ ഈടുവച്ച് നൽകിയ വായ്പകളിൽ തൽസ്ഥിതി തുടരുവാനും നിലവിൽ കൈവശമിരിക്കുന്ന ഭൂമിയുടെ പോക്കുവരവ് ചെയ്തനൽകുന്നതിനും കരം അടയ്ക്കുന്നതിനും റവന്യൂ

അധികാരികളോട് വഖഫിന്റെ അധീനതയിലിരുന്ന ഭൂമിയെന്ന നിലയിൽ തടസ്സം നിൽക്കരുതെന്നും നിർദേശിച്ചിട്ടുണ്ട്. വഖഫ് ഭൂമിയുടെ ഈടിന്മേൽ നൽകുന്ന വായ്പകൾ തിരിച്ചടയ്ക്കാതെ കുടിശ്ശികയാകുന്ന വേളയിൽ വസ്തു ലേലം ചെയ്ത് ബാങ്കിന് ഈടാക്കിയെടുക്കാൻ കഴിയാത്ത സാഹചര്യമുള്ളതിനാൽ ആയത് പരിഹരിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

ഗാല പദ്ധതിയിൽ ഷൊർണ്ണൂർ നഗരസഭയിൽ ആരംഭിക്കുന്ന ബഹുനില വ്യവസായ സമുച്ചയനിർമ്മാണ നടപടി

97(2452) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ ഗാല പദ്ധതിയിലുൾപ്പെടുത്തി ഷൊർണ്ണൂർ നഗരസഭയിൽ ആരംഭിക്കുന്ന ബഹുനില വ്യവസായ സമുച്ചയനിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

നടപടി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഗാല നിർമ്മാണ പദ്ധതിയുടെ വർക്ക് ഓർഡർ രണ്ടാഴ്ചയ്ക്കുള്ളിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നു.

മലപ്പുറം സ്പിന്നിങ് മിൽ ജീവനക്കാരുടെ ശമ്പള വർധനവ്

98(2453) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സ്പിന്നിങ് മില്ലിലെ സ്റ്റാഫ്, ഓഫീസർ എന്നിവരുടെ ശമ്പളം വർധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഈ മാനദണ്ഡപ്രകാരം തൊഴിലാളികൾക്ക് ശമ്പളം വർധിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേക്ക് നടപ്പാക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

ഉണ്ട്. മലപ്പുറം സ്പിന്നിങ് മില്ലിലെ സ്റ്റാഫ്, ഓഫീസർ എന്നിവരുടെ ശമ്പളം വർധിപ്പിച്ചുകൊണ്ട് 16-03-2024-ൽ മിൽ രജിസ്ട്രാറായ കൈത്തറി ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മിൽ തൊഴിലാളികളുടെ ശമ്പള വർധനവ് സംബന്ധിച്ച് ഇൻഡസ്ട്രിയൽ റിലേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്നതാണ്.

(ബി) സർക്കാരുമായി ദീർഘകാല കരാറിൽ ഏർപ്പെട്ടിട്ടുള്ള നാലുവർഷം കാലാവധി പൂർത്തിയാക്കിയ സ്പിന്നിങ് മില്ലുകളിലെ ജീവനക്കാരുടെ ശമ്പള

വർധനവ് സംബന്ധിച്ച് ചർച്ച ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടനെ നടത്താനുദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്ത് ദീർഘകാല കരാറിലേർപ്പെട്ടിട്ടുള്ളതും നാലുവർഷം കാലാവധി പൂർത്തിയാക്കിയിട്ടുള്ളതുമായ സ്പിന്നിങ് മില്ലുകളിൽ കെ.കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിങ് മില്ലിൽ ദീർഘകാല കരാറിനായുള്ള ചർച്ച നടന്നുവരുന്നു. ലേ-ഓഫിലായിരിക്കുന്ന സീതാറാം ടെക്സ്റ്റൈൽസ്, കോട്ടയം ടെക്സ്റ്റൈൽസ് എന്നിവിടങ്ങളിൽ ഇതുസംബന്ധിച്ച ചർച്ചകൾ ആരംഭിച്ചിട്ടില്ല. കണ്ണൂർ സഹകരണ സ്പിന്നിങ് മില്ലിൽ പുതിയ കരാർ ചെയ്യുന്നതിനായുള്ള ധാരണയായിട്ടുണ്ട്. പുതിയ ദീർഘകാല കരാർ സംബന്ധിച്ച ചർച്ചകൾ സംസ്ഥാനതല വ്യവസായ ബന്ധ സമിതി (IRC)-യുടെ പരിഗണനയിലാണ്.

(സി) സംസ്ഥാനത്തെ സ്പിന്നിങ് മില്ലുകളിൽ ഗ്രാറ്റുവിറ്റിയും പി.എഫ്. കുടിശ്ശികയും നൽകാനുണ്ടോ; എങ്കിൽ നൽകാനുള്ള സ്ഥാപനത്തിന്റെ പേരും നൽകാനുള്ള തുകയും ഇനംതിരിച്ച് വിശദമാക്കാമോ?

ഉണ്ട്. ഇതുസംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) സംസ്ഥാനത്തെ സ്പിന്നിങ് മില്ലുകളിൽ കോടതിവിധിപ്രകാരം ഗ്രാറ്റുവിറ്റി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾ എത്രപേർക്ക് നൽകിയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. തൃശ്ശൂർ സഹകരണ സ്പിന്നിങ് മില്ലിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ 10 പേർക്കും സീതാറാം ടെക്സ്റ്റൈൽസിൽ 2 പേർക്കും ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകിയിട്ടുണ്ട്. കൂടാതെ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റ് മില്ലുകളായ കോട്ടയം ടെക്സ്റ്റൈൽസിൽനിന്നും വിരമിച്ച 7 പേർക്ക് പൂർണ്ണമായും പ്രഭാറാം മിൽസിൽനിന്നുള്ള 4 പേർക്കും എടരിക്കോട് ടെക്സ്റ്റൈൽസിൽനിന്നുള്ള 11 പേർക്കും ഭാഗികമായും കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഗ്രാറ്റുവിറ്റി നൽകിയിട്ടുണ്ട്.

കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ സൂപ്പർ കപ്പാസിറ്റർ നിർമ്മാണം

99(2454) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ

വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി രാജ്യത്തെ ആദ്യത്തെ സൂപ്പർ കപ്പാസിറ്റർ നിർമ്മാണ കേന്ദ്രം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. സൂപ്പർ കപ്പാസിറ്റർ ഉൽപാദന കേന്ദ്രത്തിന്റെ ഒന്നാംഘട്ട പൂർത്തീകരണ ഉദ്ഘാടനം 2024, ഒക്ടോബർ 1-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിച്ചു. 42 കോടി രൂപ മുതൽമുടക്കിൽ വിഭാവനം ചെയ്തിരിക്കുന്ന ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ചെലവ് 18 കോടി രൂപയാണ്. പ്രതിദിനം 2000 സൂപ്പർ കപ്പാസിറ്റർ ഉൽപാദനശേഷി ലക്ഷ്യമിടുന്ന ഈ പദ്ധതിയിൽ 4 കോടി രൂപ ചെലവിൽ നിർമ്മിച്ച ഡ്രൈറൂമുകളും വിദേശത്തുനിന്നും ഇറക്കുമതി ചെയ്തവയുൾപ്പെടെ 11-ൽപരം മെഷിനറികളും ഉൾപ്പെടുന്നു. നാലാം വർഷത്തോടെ 22 കോടി രൂപയുടെ വാർഷിക വിറ്റുവരവ് പ്രതീക്ഷിക്കുന്നു. ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ കേന്ദ്ര സർക്കാർ ഗവേഷണ സ്ഥാപനങ്ങളായ CMET, NMPL (DRDO) എന്നിവയും സഹകരിക്കുന്നുണ്ട്.

മെഡിക്കൽ ഉപകരണ വ്യവസായം

100(2455) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മെഡിക്കൽ ഉപകരണ വ്യവസായ രംഗത്ത് എത്ര സംരംഭങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്; ഈ വ്യവസായ രംഗത്തിന്റെ വളർച്ചക്കായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

സംസ്ഥാനത്ത് മെഡിക്കൽ ഉപകരണ വ്യവസായരംഗത്ത് 101 സംരംഭങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. മെഡിക്കൽ ഉപകരണ നിർമ്മാണം ഉൾപ്പെടെയുള്ള വ്യവസായരംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി വ്യവസായ നയം, 2023 സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. കേരളത്തിനിണങ്ങുന്ന മേഖലകളിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ധ്യമുള്ള മാനവവിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ

വ്യവസായവൽകരണം സാധ്യമാക്കാനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. നാലാം വ്യവസായ വിപ്ലവം തുറന്നുതരുന്ന വിപുലമായ സാധ്യതകളെ സമർഥമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ടുവയ്ക്കുന്നു. വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 22 മുൻഗണനാ മേഖലകളിലൊന്നാണ് മെഡിക്കൽ ഉപകരണനിർമ്മാണം. സംസ്ഥാനത്തെ മികച്ച മനുഷ്യവിഭവശേഷിയും ഭ്രമിശാസ്ത്രപരമായ പ്രത്യേകതയും മെഡിക്കൽ അനുബന്ധ വ്യവസായത്തിന് അനുയോജ്യമാണ്. താഴെപ്പറയുന്ന കാര്യങ്ങൾ ഈ മേഖലയുമായി ബന്ധപ്പെട്ട് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അടിസ്ഥാന സൗകര്യം

- മെഡ്സ് പാർക്കിൽ മെഡിക്കൽ അനുബന്ധ ഉപകരണങ്ങളുടെ രൂപകല്പനയ്ക്കും നിർമ്മാണത്തിനും സൗകര്യമുണ്ടായിരിക്കും. ഇത് പങ്കിട്ടുപയോഗിക്കാൻ കഴിയുന്ന സംവിധാനമൊരുക്കും.
- അക്കാദമിക-ഗവേഷണ സ്ഥാപനങ്ങൾ, വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, ഹെൽത്ത് കെയർ സ്ഥാപനങ്ങൾ, സർക്കാർ

എന്നിവയ്ക്കിടയിൽ അറിവ് പങ്കിടുന്ന ഒരു ആവാസവ്യവസ്ഥയെ പരിപോഷിപ്പിച്ചുകൊണ്ട് കേരളത്തിലെ മെഡിക്കൽ ഉപകരണ നിർമ്മാണവും സാങ്കേതികവിദ്യയും ത്വരിതപ്പെടുത്തുന്നതിനായി ഒരു 'മെഡിക്കൽ ടെക് ഇന്നൊവേഷൻ പാർക്ക്' കെ.എസ്.ഐ.ഡി.സി.-യുടെ ബയോ 360 ലൈഫ് സയൻസസ് പാർക്കിൽ സ്ഥാപിക്കും.

- മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ ഹൈ ടെമ്പറേച്ചർ പ്ലാസ്റ്റിക്, മെഡിക്കൽ ഗ്രേഡ് സിലിക്കൺ റബ്ബർ, മൈക്രോ ഫ്ളൂയിഡ്, മെഡിക്കൽ അലോയ് തുടങ്ങിയവ വാങ്ങുന്നതിന് ഓൺലൈൻ സംവിധാനമൊരുക്കും.
- നിർമ്മിക്കപ്പെടുന്ന മെഡിക്കൽ ഉപകരണങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്ക് മെഡ്സ് പാർക്കിൽ സൗകര്യമൊരുക്കും.

നിക്ഷേപ പ്രോത്സാഹനം

ഇവിടെ നിർമ്മിക്കുന്ന മെഡിക്കൽ ഉപകരണങ്ങളുടെ നിലവാരമുറപ്പാക്കുന്നതിന് കരസ്ഥമാക്കേണ്ട വിവിധ സർട്ടിഫിക്കറ്റുകൾക്ക്

വേണ്ടിവരുന്ന ചെലവിന്റെ അമ്പത് ശതമാനം തിരികെ നൽകും. ഒറ്റത്തവണ മാത്രം നൽകുന്ന ഈ തുക പരമാവധി 25 ലക്ഷം രൂപയായിരിക്കും.

ഗവേഷണവും വികസനവും

- അക്കാദമിക സ്ഥാപനങ്ങളും മെഡിക്കൽ അനുബന്ധ ഉപകരണ നിർമ്മാണരംഗത്തെ വ്യവസായങ്ങളും തമ്മിൽ നടത്തുന്ന ഗവേഷണ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി പ്രത്യേക ഫണ്ട് നീക്കിവയ്ക്കും. മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുകയും നിലവാര സർട്ടിഫിക്കറ്റ് നേടാൻ സഹായിക്കുകയും മെഡിക്കൽ ഉപകരണങ്ങളുടെ സുരക്ഷാ പരിശോധന നടത്തുകയും ചെയ്യുന്ന അക്കാദമിക സ്ഥാപനങ്ങളിലും ഗവേഷണ സ്ഥാപനങ്ങളിലും ഇതിനുവേണ്ടി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കും.
- ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ നേടുന്നതിന് ഈടായി ബൗദ്ധിക സ്വത്തവകാശ രേഖ സമർപ്പിക്കാവുന്നതാണ്.

മെഡിക്കൽ ഉപകരണ വ്യവസായങ്ങൾക്കുവേണ്ട ഗവേഷണ-വികസന പിന്തുണ നൽകാനും പരിശോധന, മൂല്യനിർണ്ണയം എന്നിവ പോലുള്ള മുഴുവൻ

സേവനങ്ങളും നൽകുന്നതിനായി കേരള ലൈഫ്സയൻസസ് ഇൻഡസ്ട്രീസ് പാർക്ക് പ്രൈവറ്റ് ലിമിറ്റഡ് (കെ.എൽ.ഐ.പി.എൽ.)-ൽ 9 ഏക്കർ സ്ഥലത്ത് ഒരു പുതിയ മെഡിക്കൽ ഉപകരണ പാർക്കിന്റെ നിർമ്മാണപ്രവർത്തനം നടന്നുവരുന്നു. കൂടാതെ, അക്യുബിറ്റ്സ് ഇൻവെന്റ് പ്രൈവറ്റ് ലിമിറ്റഡിനും ഓർത്തോനെക്സ് ഇന്നൊവേഷൻസ് പ്രൈവറ്റ് ലിമിറ്റഡിനും നിലവിൽ മെഡിക്കൽ ഉപകരണ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി കെ.എൽ.ഐ.പി.എൽ.-ൽ സ്ഥലം അനുവദിച്ചിട്ടുണ്ട്.

ഹൈടെക് ലാബുകൾ

101(2456) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിലെ ഗവൺമെന്റ് മിഡിൽ സ്കൂളുകൾ, ഹൈസ്കൂളുകൾ, ഹയർ സെക്കൻഡറി സ്കൂളുകൾ എന്നിവിടങ്ങളിൽ സമഗ്രശിക്ഷ ഐ.സി.ടി. ആൻഡ് ഡിജിറ്റൽ ഇനിഷ്യേറ്റീവ് പ്രകാരം ഹൈടെക് ലാബുകളൊരുക്കുന്നതിന് 02-01-2024-ന് ക്ഷണിച്ച ടെൻഡർ

നടപടിപ്രകാരം കെൽട്രോണിന് ടെൻഡർ ലഭിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

02-01-2024-ന് ക്ഷണിച്ച ടെൻഡറിൽ കെൽട്രോൺ പങ്കെടുത്തിട്ടില്ല.

(ബി) പ്രസ്തുത ടെൻഡർ എത്ര കോടി രൂപയുടേതാണെന്ന് വ്യക്തമാക്കാമോ;

(സി) കെൽട്രോൺ നേരിട്ടാണോ ഇതിന്റെ സപ്ലൈയും ഇൻസ്റ്റലേഷനും മെയിന്റനൻസും നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) തമിഴ്നാട് ഗവൺമെന്റ് സബ് ചെയ്യുന്നതിന് പ്രത്യേകമായ ലിസ്റ്റ് സമർപ്പിച്ചിട്ടുണ്ടോ; ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(ബി-ഡി) ബാധകമല്ല.

എടരിക്കോട് കെ.ഇ.എൽ. യൂണിറ്റ് ലാഭകരമാക്കുന്നതിനുള്ള നടപടികൾ

102(2457) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ എടരിക്കോട് കെ.ഇ.എൽ. യൂണിറ്റ് കൂടുതൽ ലാഭകരമാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

ഉണ്ട്. എടരിക്കോട് കെ.ഇ.എൽ. യൂണിറ്റിലെ ഉൽപാദനമേഖലയുടെചെലവ് കുറയ്ക്കുന്നതിനായി ഉൽപന്നങ്ങളുടെ ഡിസൈൻ നവീകരിച്ചിട്ടുണ്ട്. കൂടാതെ പുതിയ പാനൽ നിർമ്മാതാക്കളെ കണ്ടെത്തിയും അവിദഗ്ധ തൊഴിലാളികൾക്കാവശ്യമായ പരിശീലനം നൽകിയും യൂണിറ്റിന്റെ ഉൽപാദനക്ഷമത വർധിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ട്. അനെർട്ട് മുഖേന ഒരു സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പഠനം നടത്തിയിട്ടുണ്ട്. ഇതിലൂടെ ലഭിക്കുന്ന അധിക വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന് നൽകി യൂണിറ്റിന്റെ ചെലവ് കുറയ്ക്കുവാനാണ് ലക്ഷ്യമിടുന്നത്. എടരിക്കോട് യൂണിറ്റിനെ വടക്കൻ കേരളത്തിലെ ട്രാൻസ്ഫോർമറുകളുടെ ഒരു റിപ്പയർ ഹബ്ബാക്കി മാറ്റുവാനുള്ള ഒരു പദ്ധതിയും കമ്പനി വിഭാവനം ചെയ്യുന്നുണ്ട്.

(ബി) സ്ഥാപനത്തിൽ ഉൽപാദിപ്പിക്കുന്ന പ്രോഡക്ടുകൾ എന്തെല്ലാമാണെന്നും ഒരു വർഷത്തിൽ എത്ര വീതം ഉൽപാദിപ്പിക്കുന്നുണ്ടെന്നതും സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

കെൽ-ന്റെ എടരിക്കോട് യൂണിറ്റിൽ കാസ്റ്റ് റെസിൻ ട്രാൻസ്ഫോർമർ, ഫ്യൂസ് യൂണിറ്റുകൾ, ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ മുതലായവയാണ് പ്രധാനമായും ഉൽപാദിപ്പിക്കുന്നത്. കഴിഞ്ഞ ഒരു വർഷത്തിൽ 17 കാസ്റ്റ് റെസിൻ ട്രാൻസ്ഫോർമറുകളും 2180 ഫ്യൂസ് യൂണിറ്റുകളും 225 ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് കൺട്രോളറുകളും ഉൽപാദിപ്പിച്ചിട്ടുണ്ട്.

ഓട്ടോമോട്ടീവ് ടെക്നോളജി ഹബ്ബിന്റെ രൂപീകരണം

103(2458) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. ആൻസലൻ:
ശ്രീമതി ദെലീമ:
ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾക്കനുസൃതമായി പ്രത്യേക വ്യവസായങ്ങളുടെ ഹബ്ബുകളാക്കി മാറ്റുവാൻ സാധിക്കുമോയെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പരിശോധിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തിന്റേയും സവിശേഷ സാഹചര്യം ഉൾക്കൊണ്ടുകൊണ്ടാണ് കെ.എസ്.ഐ.ഡി.സി., കിൻഫ്ര എന്നീ സ്ഥാപനങ്ങൾ പാർക്കുകൾ രൂപകല്പന ചെയ്ത് നടപ്പിലാക്കിവരുന്നത്.

(ബി) ഇതിന്റെയടിസ്ഥാനത്തിൽ ഓട്ടോമോട്ടീവ് ടെക്നോളജി ഹബ്ബ് രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഓട്ടോമോട്ടീവ് മേഖലയിലെ ലോകോത്തര സർവീസ് പ്രൊവൈഡേഴ്സായ ഡി-സ്പേസ് കേരളത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ബി.എം.ഡബ്ല്യൂ.-വിന്റെ സർവീസ് പ്രൊവൈഡറായ ആക്സിയ ടെക്നോളജീസിന്റെ ഗ്ലോബൽ സെന്ററും ടാറ്റാ എലക്സിയുടെ ടെക്നോളജി ഡെവലപ്മെന്റ് സെന്ററും തിരുവനന്തപുരത്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം പ്രമുഖ കമ്പനികൾ ഗവേഷണ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിലുള്ള കേന്ദ്രങ്ങൾ ആരംഭിക്കുന്നതിലൂടെ തിരുവനന്തപുരം ഒരു ഓട്ടോമോട്ടീവ് ഹബ്ബാകുന്നതിനുള്ള സാധ്യത കൂടുതലാണ്.

(സി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാധ്യതകൾ പരിഗണിച്ച് അന്താരാഷ്ട്ര ബ്രാൻഡുകളിലുള്ള വാഹനങ്ങളുടെ നിർമ്മാണത്തിനായുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി മുൻനിര വാഹന നിർമ്മാതാക്കളുമായി

കൂടിയാലോചന നടന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി സർക്കാർ മുൻകൈയെടുക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെട്ടുള്ള വ്യവസായ വികസന സാധ്യതകളെക്കുറിച്ച് പരിശോധിച്ചുവരുന്നു. ആഗോളതലത്തിൽ അറിയപ്പെടുന്ന ഓട്ടോമോട്ടീവ് ബ്രാൻഡുകൾക്ക് പ്രാപ്തമാകുന്ന ഒരു ഇക്കോസിസ്റ്റം ഉറപ്പാക്കുന്നതിനാൽ തിരുവനന്തപുരത്തെ പ്രവർത്തനകേന്ദ്രമായി തിരഞ്ഞെടുക്കുന്നുണ്ട്. കൂടാതെ ഓട്ടോമോട്ടീവ് രംഗത്തെ സാങ്കേതിക മികവിനുള്ള മുൻനിര ലക്ഷ്യസ്ഥാനമായി കേരളത്തെ മാറ്റുന്നതിന് വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ "കേരള ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റ്" സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ വ്യവസായ സ്ഥാപനങ്ങൾ

104(2459) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ആറാലുംമൂട് കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡ്, കൊറ്റാമത്തുള്ള കെൽപാം, കാരോടുള്ള പവർലൂം

എന്നീ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് 2024-25 സാമ്പത്തിക വർഷത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഓരോ സ്ഥാപനത്തിനും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

ആറാലുംമൂടുള്ള കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് 2024-25 സാമ്പത്തിക വർഷത്തിൽ പ്രവർത്തനമൂലധനമായി 3 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും 1.67 കോടി രൂപ റിലീസ് ചെയ്തുനൽകുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ കഴിഞ്ഞ സാമ്പത്തികവർഷം എൻ.പി.എ. കുടിശ്ശിക തീർപ്പാക്കുന്നതിനായി അനുവദിച്ച 88 ലക്ഷം രൂപ ഇ-ലെഡ്ജർ മുഖേന ഈ വർഷം റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. കൊറ്റാമത്തുള്ള കെൽപാമിന് ഈ സാമ്പത്തികവർഷം പദ്ധതി വിഹിതമായി 65 ലക്ഷം രൂപയ്ക്കും പ്രവർത്തനമൂലധനമായി 50 ലക്ഷം രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽനിന്നും ആകെ 90 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. ഇതുകൂടാതെ കഴിഞ്ഞ സാമ്പത്തികവർഷം കെൽപാമിന് ഭരണാനുമതി നൽകിയ തുകയിൽ 14.95 ലക്ഷം രൂപയും ഈ സാമ്പത്തിക വർഷം റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. ടെക്സ്ഫെഡിന്റെ മെമ്പർ പവർലൂം

സൊസൈറ്റിയായ നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർലൂം വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 2024-25 സാമ്പത്തിക വർഷത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 15 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ഇതിൽ 5 ലക്ഷം രൂപ കൈത്തറി ടെക്സ്റ്റൈൽസ് ഡയറക്ടർക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

മലപ്പുറം നിയോജകമണ്ഡലത്തിൽ വ്യവസായ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ

105(2460) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റശേഷം മലപ്പുറം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് നടപ്പാക്കുന്ന 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി പ്രകാരം മലപ്പുറം നിയോജകമണ്ഡലത്തിൽ എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും എത്ര രൂക ധനസഹായമായി ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) നിലവിലെ സർക്കാർ അധികാരമേറ്റശേഷം മലപ്പുറം നിയോജകമണ്ഡലത്തിൽ എത്ര ചെറുകിട സംരംഭകർക്ക് അനുമതിയും സഹായവും ലഭ്യമായിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ?

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പുനലൂർ താലൂക്കിൽ പ്രവർത്തിക്കുന്ന കൈത്തറി, കയർ, കശുവണ്ടി പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനം

106(2461) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ സർക്കാർ, സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കൈത്തറി, കയർ, പരമ്പരാഗത വ്യവസായങ്ങൾ, കശുവണ്ടി ഫാക്ടറികൾ എന്നിവയുടെ പേര്, സ്ഥലം, ഉടമസ്ഥന്റെ പേര്, പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ?

പുനലൂർ താലൂക്കിൽ സർക്കാർ, സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കൈത്തറി, കയർ വ്യവസായ യൂണിറ്റുകളില്ല. കേരള ഖാദി ഗ്രാമ വ്യവസായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബോർഡിന്റെ കീഴിലുള്ള ഒരു ഖാദി ഉൽപാദന യൂണിറ്റ് നെട്ടയം, അഞ്ചലിൽ പ്രവർത്തിച്ചുവരുന്നു. ടി യൂണിറ്റിൽ 13 തൊഴിലാളികളാണുള്ളത്. കൂടാതെ പുനലൂരിൽ ഒരു ഖാദി ഉൽപാദന യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ടി യൂണിറ്റിന്റെ ഡയറക്ടർ ശ്രീ. വർഗ്ഗീസ് എബ്രഹാമാണ്. ടി യൂണിറ്റിൽ ചർക്കയുടെ ഉടമസ്ഥതയും വേതനം നൽകുന്നതും ഖാദി ബോർഡിൽനിന്നുമാണ്. ടി യൂണിറ്റിൽ 3 തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ട്. പരമ്പരാഗത വ്യവസായങ്ങൾ, കശുവണ്ടി എന്നിവയിലെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പുനലൂർ താലൂക്കിൽ സർക്കാർ, സ്വകാര്യ മേഖലകളിലായി പ്രവർത്തിച്ചുകൊണ്ടിരുന്ന എത്ര കൈത്തറി, കയർ, പരമ്പരാഗത വ്യവസായങ്ങൾ, കശുവണ്ടി ഫാക്ടറികൾ എന്നിവ കഴിഞ്ഞ 15 വർഷത്തിനുള്ളിൽ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; അവയുടെ വിശദവിവരങ്ങളും ആരുടെയൊക്കെ ഉടമസ്ഥതയിലാണെന്നതും വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൈത്തറി മേഖലയിൽ കുളത്തുപ്പുഴ പട്ടിക വർഗ HWICS Ltd. No.Q.H. 20 എന്ന കൈത്തറി യൂണിറ്റ് പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ട്. കശുവണ്ടി ഫാക്ടറിയുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പുനലൂർ താലൂക്കിൽ പൂട്ടിപ്പോയ കൈത്തറി, കയർ, പരമ്പരാഗത വ്യവസായങ്ങൾ, കശുവണ്ടി ഫാക്ടറികൾ തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളിൽ ഇനി പുനരുജ്ജീവനത്തിന് സാധ്യതയുള്ള എത്ര വ്യവസായങ്ങളുണ്ടെന്ന് വിശദമാക്കാമോ; പുനരുജ്ജീവനത്തിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കുളത്തുപ്പുഴ പട്ടികവർഗ HWICS Ltd No.Q.H 20 എന്ന കൈത്തറി യൂണിറ്റിൽ പെയ്ഡ് സെക്രട്ടറിയെ നിയമിച്ച് പ്രവർത്തനം പുനരുജ്ജീപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുവെന്ന് കൈത്തറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) കടക്കെണിയിലായി ബാങ്ക് വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാതെ ഫാക്ടറികൾ അടച്ചുപൂട്ടേണ്ടിവന്ന സ്വകാര്യ വ്യവസായികൾക്ക് വായ്പയിന്മേലുള്ള പലിശയിളവ് ഉൾപ്പെടെയുള്ള ധനകാര്യ സഹായങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉറപ്പുവരുത്തുന്നതിന് സഹായകരമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കശുവണ്ടി മേഖലയിൽ 08-06-2023-ലെ സ.ഉ. (സാധാ) നം.542/2023/ID പ്രകാരം 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതി സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) സംസ്കരണ ചെലവ് കുറയ്ക്കാൻ സഹായകരമായ നിലയിൽ തൊഴിലാളി സംഘടനകളുമായി ചർച്ചചെയ്ത് തൊഴിലവസരങ്ങൾ നഷ്ടമാകാത്തതരത്തിൽ യന്ത്രവൽകൃത ക്രമീകരണങ്ങൾ ഏർപ്പെടുത്തി ഫാക്ടറികളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; കശുവണ്ടി ഫാക്ടറികൾക്കായി തോട്ടണ്ടി ലഭ്യത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

കശുവണ്ടി വികസന കോർപ്പറേഷനിൽ തൊഴിലവസരങ്ങൾ നഷ്ടമാകാത്ത തരത്തിൽ ഷെല്ലിങിൽ പാർഷ്യൽ മെക്കനൈസേഷൻ നടപ്പിലാക്കിയിട്ടുള്ളതാണ്. കോർപ്പറേഷനിലാവശ്യമായ തോട്ടണ്ടിയുടെ ലഭ്യത കാഷ്യു ബോർഡ് മുഖാന്തരം ഉറപ്പുവരുത്തുന്നതിനുള്ള നടപടി

സ്വീകരിച്ചിട്ടുണ്ട്. കാപ്പെക്സിന്റെ കീഴിലുള്ള ഫാക്ടറികളിൽ തൊഴിലവസരങ്ങൾ നഷ്ടമാകാത്തതരത്തിൽ നിയന്ത്രിത യന്ത്രവൽകരണം നടത്തിയിട്ടുണ്ട്. സർക്കാർ വർഷാവർഷം അനുവദിക്കുന്ന പദ്ധതി ആനുകൂല്യം വിനിയോഗിച്ച് അത്യാവശ്യ യന്ത്രവൽക്കരണങ്ങൾ കാപ്പെക്സ് നടപ്പിലാക്കിവരുന്നു. ടി ആവശ്യങ്ങൾക്കായി 2022-23-ൽ 115.50 ലക്ഷം രൂപയും 2023-24-ൽ 66.80 ലക്ഷം രൂപയും 2024-25-ൽ ഇതുവരെ 28.70 ലക്ഷം രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. കേരള കാഷ്യൂ ബോർഡ് സംഭരിച്ചുനൽകുന്ന തോട്ടണ്ടി ഉപയോഗിച്ചാണ് കാപ്പെക്സ് ഫാക്ടറികൾ പ്രവർത്തിക്കുന്നത്. ലഭ്യമാകുന്ന തോട്ടണ്ടി വിനിയോഗിച്ച് പരമാവധി തൊഴിലവസരങ്ങൾ കാപ്പെക്സ് നൽകിവരുന്നു. 2023-24-ൽ 155-ഉം 2024-25-ൽ ഇതുവരെ 101-ഉം തൊഴിൽ ദിനങ്ങൾ കാപ്പെക്സ് നൽകിയിട്ടുണ്ട്.

ഇലക്ട്രോണിക് വ്യവസായ ഹബ്ബ്

107(2462) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇലക്ട്രോണിക് വ്യവസായത്തിന്റെ ഹബ്ബായി സംസ്ഥാനത്തെ മാറ്റുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ; ഇതിന്റെ ഭാഗമായി കെൽട്രോണിനെ പുനരുദ്ധരിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

വ്യവസായ വകുപ്പിനുകീഴിലുള്ള കിൻഫ്ര, പൊതുമേഖലാ സ്ഥാപനങ്ങളായ കെൽട്രോൺ, കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് (കെ.സി.സി.എൽ.), കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് (കെ.ഇ.സി.എൽ.) എന്നിവയിലൂടെ സംസ്ഥാനത്തെ ഇലക്ട്രോണിക്സ് വ്യവസായരംഗത്തെ ഹബ്ബാക്കി മാറ്റുവാൻ വിവിധ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ ഇലക്ട്രോണിക് വികസനത്തിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ കാക്കനാട് കിൻഫ്ര, മിനിസ്ട്രി ഓഫ് ഇലക്ട്രോണിക് ആൻഡ് ഐ.ടി., ഗവൺമെന്റ് ഓഫ് ഇന്ത്യയും ചേർന്ന് 66 ഏക്കർ സ്ഥലത്ത് ഇലക്ട്രോണിക് മാനുഫാക്ചറിങ് ക്ലസ്റ്റർ നിർമ്മിച്ചിട്ടുണ്ട്. മെഡിക്കൽ എക്വിപ്മെന്റ് നിർമ്മാണ യൂണിറ്റായ Agappe Diagonostics Ltd. ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മറ്റ് 11 യൂണിറ്റുകൾ നിർമ്മാണഘട്ടത്തിലാണ്.

"ഇലക്ട്രോണിക് പാക്കേജ് ടെസ്റ്റിങ് ഫെസിലിറ്റി" പദ്ധതി, സൂപ്പർ കപ്പാസിറ്റർ നിർമ്മാണം, സെമികണ്ടക്ടർ ഫാബ് & ഹൈടെക് പാർക്ക്, ഔട്ട്സോഴ്സ്ഡ് സെമി കണ്ടക്ടേഴ്സ് അസംബ്ലി ആൻഡ് ടെസ്റ്റിങ് ഫെസിലിറ്റി (OSAT) & പ്രിന്റഡ് സർക്യൂട്ട് ബോർഡ് (PCB) മാനുഫാക്ചറിങ് തുടങ്ങിയ വിവിധ പദ്ധതികളാണ് കെൽട്രോൺ/കെ.സി.സി.എൽ. എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ ലക്ഷ്യമിടുന്നത്. കെൽട്രോണിന് 2023-24 സാമ്പത്തികവർഷം 20 കോടി രൂപയും 2024-25 സാമ്പത്തിക വർഷം 19 കോടി രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ കെ.സി.സി.എൽ.-നും കെ.ഇ.സി.എൽ.-നും വിവിധ പദ്ധതികൾക്കായി പ്രത്യേകം ബജറ്റ് വിഹിതവും അനുവദിച്ചിരുന്നു. മേൽപ്പറഞ്ഞ ബജറ്റ് വിഹിതം ഉപയോഗിച്ച് വിവിധ തരത്തിലുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങളും ആധുനികവത്കരണങ്ങളും നടത്തുകയും തന്മൂലം കെൽട്രോണിന്റെ വിറ്റുവരവ് വർധിക്കുകയും ചെയ്തിട്ടുണ്ട്. കെൽട്രോണിന്റെ കരകുളം സെന്ററിനെ പവർ ഇലക്ട്രോണിക്സ് ഹബ്ബിന്റെ ഭാഗമാക്കാനുള്ള പദ്ധതിയുടെ ആദ്യ ചുവടുവയ്പ്പായി സോളാർ പവർ കൺട്രോൾ, 5 KVA/10

KVA UPS എന്നിവയുടെ വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉൽപാദനത്തിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. സി-ഡാക്കിന്റെ സാങ്കേതിക സഹായത്തോടുകൂടി സബ്മറൈൻ പവർ സപ്ലൈ, സോളാർ PCUs എന്നിവ വികസിപ്പിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരികയാണ്. ഇതുകൂടാതെ ലിഥിയം അയോൺ ബാറ്ററി അസംബ്ലി യൂണിറ്റ്/EV വെഹിക്കിൾ ചാർജേഴ്സ് എന്നിവ ഇതിന്റെ ഭാഗമായി പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സംരംഭകവർഷം പദ്ധതിയിലൂടെ തൊഴിലവസരങ്ങൾ

108(2463) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം വ്യവസായരംഗത്ത് ഏതെല്ലാം കാര്യങ്ങളിൽ സംസ്ഥാനത്തിന് മുന്നേറ്റമുണ്ടായിട്ടുണ്ടെന്നും വ്യവസായ സൗഹൃദ സംസ്ഥാനമാക്കിമാറ്റുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ മേഖലയിൽ ഉൽപാദനവും തൊഴിലും വർധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്കാവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്നൊരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കി നൽകിയും വ്യവസായം തുടങ്ങാനാവശ്യമായ അനുമതി സമയബന്ധിതമായി നൽകാൻ സഹായിക്കുകയും ചെയ്യുകവഴി കേരളത്തെ രാജ്യത്തിലെതന്നെ ഏറ്റവും മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയിരിക്കുന്നു. കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018 നടപ്പിലാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാതരത്തിലുമുള്ള ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ

ലഭ്യമാക്കുന്നതിന് കെ-സ്വിഫ്റ്റ് സോഫ്റ്റ്വെയർ നിലവിലുണ്ട്. 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമസഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽവരികയും ചെയ്തു. ഈ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽനിന്ന് പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധനയില്ലാതെ ഉടൻതന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് മൂന്നുവർഷം കാലാവധിയുള്ള കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. മൂന്ന് വർഷത്തിനുശേഷം 6 മാസത്തിനകം അനുമതി സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെയടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ അപ്രകാരമുള്ള കൈപ്പറ്റ് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പർ അതിൽ

വ്യക്തമാക്കിയിട്ടുള്ള കാലയളവിലേക്ക് മാത്രം കെട്ടിടത്തിന് നൽകപ്പെട്ട താൽക്കാലിക നമ്പരായി കരുതപ്പെടുന്നതാണ്. സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കോൾ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ സേവനങ്ങളും മറ്റ് വിവരങ്ങളും സംരംഭകരിലെത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പേജ് തുറന്ന് സജീവമായി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനം നിലവിൽവന്നിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി എം.എസ്.എം.ഇ. ക്ലിനിക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനുകീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും

എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 എന്റർപ്രൈസസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ച് പ്രവർത്തനം നടന്നുവരുന്നു. ജില്ലാ-താലൂക്ക്-തദ്ദേശ സ്ഥാപനതലങ്ങളിലുള്ള ഈ സംവിധാനങ്ങൾ കൂടുതൽ നിക്ഷേപകരെ കണ്ടെത്തുന്നതിന് സഹായകരമാകുന്നുണ്ട്. സംരംഭകർക്ക് വിവിധ വകുപ്പുകളിൽനിന്നുള്ള അനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2022-ലെ 19-ാം നമ്പർ ആക്ട് പ്രകാരം 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട്, 1999 (2000-ലെ നിയമം 5)-ന്റെ ഭേദഗതിവഴി നിലവിൽ വന്നിട്ടുള്ളതാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ഈ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന

പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടി രൂപയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്കുകൾ സ്ഥാപിച്ചു. എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 5 വർഷത്തേക്ക് 6% പലിശ സബ്സിഡി നൽകിക്കൊണ്ട് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ-അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം

ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെയും ചെറുകിട വ്യാപാരികളെയും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്ക് പ്രവേശനം നേടുന്നതിന് സഹായിക്കുന്നതിനായി ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സുമായി (ONDC) MoU ഒപ്പുവച്ചു. ONDC നെറ്റ്വർക്കിലേക്ക് പ്രോഡക്ടുകൾ ഓൺബോർഡ് ചെയ്യുന്നതിനുള്ള മാർഗനിർദേശവും പിന്തുണയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾവഴി നൽകിവരുന്നു. 2022-23 സാമ്പത്തിക വർഷം മുതൽ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടത്തിവരുന്ന കാമ്പയിനായ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ഒക്ടോബർ 10 വരെയുള്ള ദിവസത്തെ കാലയളവിൽ സംസ്ഥാനത്ത് ആകെ 304331 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതുവഴി 19716.72 കോടി രൂപയുടെ നിക്ഷേപവും 646872 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിനനുസൃതമായി

വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ.) മിനിമം ഇൻഷ്വറൻസ് പരിരക്ഷ നൽകാൻവേണ്ടി എം.എസ്.എം.ഇ. ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എം.എസ്.എം.ഇ.-കൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടികാണാൻ കഴിയാത്ത അപകട സാധ്യതകളിൽനിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. എം.എസ്.എം.ഇ. നൽകുന്ന വാർഷിക ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 50 ശതമാനംവരെ (പരമാവധി 5000 രൂപ) റീഇംബേഴ്സ്മെന്റായി നൽകുന്ന ഈ പദ്ധതി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേനയാണ് നടപ്പിലാകുന്നത്. താൽപര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 'ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപന്നം' (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപന്നങ്ങളുടെ മൂല്യവർധനയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കുന്നു.

പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 456 തദ്ദേശ സ്ഥാപനങ്ങൾ ഉൽപന്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിന് വ്യവസായ വകുപ്പ് നടപ്പാക്കിവരുന്ന സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേക്കും പൊതുജനങ്ങളിലേക്കും നേരിട്ടെത്തിക്കുവാൻ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും എന്റർപ്രണർഷിപ് ഫെസിലിറ്റേഷൻ കാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ എം.എസ്.എം.ഇ.-കളിൽനിന്നും തിരഞ്ഞെടുത്ത 1000 എം.എസ്.എം.ഇ.-കളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി രൂപ വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുകയെന്ന ലക്ഷ്യത്തോടെ കേരള സർക്കാരിന്റെ സ്കെയിൽ അപ് മിഷൻ പദ്ധതി, മിഷൻ 1000 എന്നീ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യപടിയായി ഇതുവരെ 213 സംരംഭങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. തിരഞ്ഞെടുത്ത സംരംഭങ്ങളിൽനിന്നും ആനുകൂല്യത്തിനായി അപേക്ഷകൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് സംരംഭകർക്ക് അനുകൂലമായ ഒരു

വ്യാവസായിക ഇക്കോസിസ്റ്റമുണ്ടാക്കുന്നതിന് സർക്കാർ ക്രിയാത്മക നടപടികളാണ് കൈക്കൊണ്ടുവരുന്നത്. വ്യവസായരംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തിന്റെ ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടും അതിന്റെ അന്തർലീനമായ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ഒരു ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച് യാഥാർഥ്യബോധത്തോടെ 01-04-2023-ലെ സ.ഉ. (കൈ) നം28/2023/ID പ്രകാരം വ്യവസായ നയം, 2023 സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവത്കരണം സാധ്യമാക്കാനും പുതിയ വ്യവസായനയം ലക്ഷ്യമിടുന്നു. നാലാം വ്യവസായ വിപ്ലവം

തുറന്നുതരുന്ന വിപുലമായ സാധ്യതകളെ സമർഥമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ടുവയ്ക്കുന്നു.

വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ഡെവലപ്മെന്റ് ഏരിയ/പ്ലോട്ടിലേക്കുള്ള അലോട്ട്മെന്റ്, കൈമാറ്റംചെയ്യൽ, പട്ടയം നൽകൽ എന്നിവ സുഗമമാക്കുന്നതിലേക്കായി 2023-ൽ പുതിയ ലാൻഡ് റൂൾ (11/12/2023-ലെ ജി.ഒ. (പി.) നം 309/2023 /ആർ.ഡി.) നിലവിൽവന്നു. വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ബഹുനില വ്യവസായ സമുച്ചയങ്ങളുടെ അലോട്ട്മെന്റ് സുഗമമാക്കുന്നതിലേക്കായി 2023-ൽ പുതിയ ഗാല (റൂൾ ജി. ഒ. (ആർ.ടി.) നം. 1058/2023/ഐ.ഡി. 13-10-2023) നിലവിൽവന്നു. ആലപ്പുഴ ജില്ലയിൽ പുന്നപ്രയിൽ ഒരു ബഹുനില വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽപ്പാടത്ത് രണ്ട് ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മാണം പൂർത്തീകരിച്ചു. വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യമെന്ന കുറവ് പരിഹരിച്ച് വ്യവസായ വികസനത്തിന് കുതിപ്പ്

നൽകാൻ പാകത്തിലും സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യവും ആയതിനൊപ്പം വ്യവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം നേടുന്നതിനും സർക്കാർ പ്രായോഗികതലത്തിൽ പരിഷ്കരിച്ച നയത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതിയാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി. ഈ പദ്ധതിക്ക് വൻ സ്വീകാര്യതയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. കുറഞ്ഞത് പത്ത് ഏക്കർ സ്ഥലമുള്ള Entity (i.e Companies, Co-operatives, charitable societies, partnerships, consortium of MSMEs), Family എന്നിവർക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റിനും കുറഞ്ഞത് അഞ്ച് ഏക്കർ സ്ഥലമുള്ളവർക്ക് സ്റ്റാന്റേർഡ് ഡിസൈൻ ഫാക്ടറി (SDF) സ്ഥാപിക്കുന്നതിനും അപേക്ഷിക്കാവുന്നതാണ്. എസ്.ഡി.എഫ്. സ്ഥാപിക്കുന്നതിന് Entity, ഫാമിലിക്കുപുറമെ വ്യക്തികൾക്കുംകൂടി അപേക്ഷിക്കാവുന്നതാണ്. സ്വന്തമായി സ്ഥലമുള്ളവർക്കും 30 വർഷമോ അതിലധികമോ കാലാവധിയുള്ള ലീസിനെടുത്ത ഭൂമിയുള്ളവർക്കും ഡെവലപ്പർ പെർമിറ്റിനായി അപേക്ഷിക്കാവുന്നതാണ്. ഓരോ പ്രൈവറ്റ് വ്യവസായ എസ്റ്റേറ്റുകളിൽ പ്രത്യേകം ഏകജാലക ക്ലിയറൻസ് ബോർഡ്

രൂപീകരിക്കുന്നതാണ്. പ്രൈവറ്റ് വ്യവസായ എസ്റ്റേറ്റുകളിൽ ബിൽഡിങ് പെർമിറ്റ് നൽകുന്നത് ഈ ഏകജാലക ക്ലിയറൻസ് ബോർഡാണ്. സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ വൈദ്യുതി, ജലം, റോഡ്, ഡ്രെയിനേജ്, ETP/CETP തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ, ലബോറട്ടറി, ടെസ്റ്റിങ് സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതുസൗകര്യങ്ങളും ഒരുക്കുന്നതിന് ഡെവലപ്പർക്ക് ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്. ഡെവലപ്പർ പെർമിറ്റ് ലഭിച്ചിട്ടുള്ള പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ അടിസ്ഥാനസൗകര്യ വികസനം പൂർത്തിയാക്കുന്നമുറയ്ക്ക് റീ-ഇംബേഴ്സ്മെന്റായിട്ടാണ് തുക അനുവദിക്കുന്നത്. ടി പദ്ധതിയിൽ നാളിതുവരെ 30 സ്വകാര്യ എസ്റ്റേറ്റുകൾക്ക് ഡെവലപ്പർ പെർമിറ്റ് നൽകിയിട്ടുണ്ട്. സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി കാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതുവഴി വിദ്യാർഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും വ്യവസായ

സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി. കോളേജ് കാമ്പസുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ആയതിന്റെ പദ്ധതി മാർഗരേഖ 29-2-24-ലെ സ.ഉ. (കൈ) നമ്പർ 16/2024/ID പ്രകാരം നിലവിൽ വന്നിട്ടുണ്ട്. കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള സർക്കാർ/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.-കൾ മുതലായവ) കാമ്പസ് വ്യവസായ പാർക്കിനായി അപേക്ഷിക്കാം. Standard Design Factory (SDF) സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ് ആവശ്യമായിവരുന്നത്. 30 വർഷത്തേക്കാണ് ഡെവലപ്പർ പെർമിറ്റ് അനുവദിക്കുക. കാമ്പസ് വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് അനുമതി ലഭിക്കുന്ന വ്യവസായ ഭൂമിക്ക് Kerala Single Window

Clearance Board, Industrial Township Area Development Act 1999-ന്റെ പരിധിയിൽവരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കും.

(ബി) വ്യവസായ വകുപ്പിന്റെ സംരംഭകവർഷം പദ്ധതിയിലൂടെ ഇതുവരെ എത്ര പുതിയ സംരംഭങ്ങൾ ആരംഭിക്കാനായിട്ടുണ്ടെന്നും എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും എത്രപേരുടെ നിക്ഷേപം ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കാമോ?

2022-23 സാമ്പത്തികവർഷം മുതൽ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടത്തിവരുന്ന സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ഒക്ടോബർ 10 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് ആകെ 304331 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതുവഴി 19716.72 കോടി രൂപയുടെ നിക്ഷേപവും 646872 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

വിരുപ്പാക്ക വില്ലേജ് – സഹകരണ സ്പിന്നിങ് മിൽ ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി

109(2464) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ വിരുപ്പാക്ക വില്ലേജിൽ സ്ഥിതി ചെയ്യുന്ന തൃശ്ശൂർ സഹകരണ സ്പിന്നിങ് മിൽ ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി, പ്രവർത്തന സ്ഥിതി, തുറന്നുപ്രവർത്തിക്കാനുള്ള സാധ്യത എന്നിവ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ 1969-ലെ സംസ്ഥാന സഹകരണ നിയമം വകുപ്പ് 65 പ്രകാരം തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ഡെപ്യൂട്ടി രജിസ്ട്രാറെ ചുമതലപ്പെടുത്തിയതനുസരിച്ച് പ്രസ്തുത അന്വേഷണ റിപ്പോർട്ട് ഡെപ്യൂട്ടി രജിസ്ട്രാർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തൃശ്ശൂർ സഹകരണ സ്പിന്നിങ് മിൽ ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി, പ്രവർത്തന സ്ഥിതി, തുറന്നുപ്രവർത്തിക്കാനുള്ള സാധ്യത എന്നിവ സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 65 പ്രകാരം നടത്തിയ അന്വേഷണ റിപ്പോർട്ട് തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ഡെപ്യൂട്ടി രജിസ്ട്രാർ

സമർപ്പിച്ചിട്ടുണ്ട്. ഓരോ വർഷവും പ്രവർത്തനമൂലധനമായി സർക്കാരിൽനിന്നും ലഭിച്ചിരുന്ന ഫണ്ട് വിനിയോഗിച്ചാണ് മില്ലിന്റെ പ്രവർത്തനം മുന്നോട്ടുപോയിരുന്നത്. പ്രവർത്തനം ആരംഭിച്ചതുമുതൽ നഷ്ടത്തിൽ മാത്രം പ്രവർത്തിച്ചിട്ടുള്ളതും ഇപ്പോൾ ലേ ഓഫിലായിലിരിക്കുന്നതുമായ തൃശ്ശൂർ സഹകരണ സ്പിന്നിങ് മിൽ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് 5 കോടി രൂപ ആവശ്യമായി വരുമെന്നാണ് റിപ്പോർട്ടിൽ പരാമർശിക്കുന്നത്. പ്രസ്തുത തുക ലഭ്യമാക്കി മിൽ തുറന്നുപ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ അല്ലാത്തപക്ഷം മിൽ സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യാവുന്നതാണെന്നാണ് അന്വേഷണ റിപ്പോർട്ട് പ്രകാരം ലഭ്യമായ ശിപാർശ. എന്നാൽ, തൃശ്ശൂർ സഹകരണ സ്പിന്നിങ് മില്ലിന്റെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് 13-08-2024, 17-08-2024 എന്നീ തീയതികളിൽ ചേർന്ന സർക്കാർതല യോഗങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ മില്ലിന്റെ പ്രവർത്തനങ്ങൾ മിനിമം തലത്തിൽ പുനരാരംഭിക്കുന്നത് സംബന്ധിച്ചും മില്ലിന്റെ ഭാഗമായി നിലവിൽ

ഉപയോഗമില്ലാതെ കിടക്കുന്ന 5 ഏക്കറോളം സ്ഥലം ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ചും പ്രൊപ്പോസൽ സമർപ്പിക്കുവാൻ Board of Public Sector Transformation (ബി.പി.റ്റി.)-യോട് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇല്ലങ്കിൽ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

ബാധകമല്ല.

സംസ്ഥാനത്തെ ഇലക്ട്രോണിക്സ് വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുന്നതിന് നടപടി

110(2465) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇലക്ട്രോണിക്സ് അനുബന്ധ വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. വ്യവസായ വകുപ്പിനുകീഴിലുള്ള കിൻഫ്ര, കെൽട്രോൺ, അതിന്റെ സബ്സിഡിയറി കമ്പനികളായ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ്

ലിമിറ്റഡ് (കെ.സി.സി.എൽ.), കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് (കെ.ഇ.സി.എൽ.) എന്നിവയിലൂടെ കേരളത്തെ ഇലക്ട്രോണിക് അനുബന്ധ വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുവാൻ താഴെപ്പറയും പ്രകാരം വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

1) ഇലക്ട്രോണിക് മാനുഫാക്ചറിങ് ക്ലസ്റ്റർ

കേരളത്തിന്റെ ഇലക്ട്രോണിക്സ് വികസനത്തിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ കാക്കനാട് കിൻഫ്രയും മിനിസ്ട്രി ഓഫ് ഇലക്ട്രോണിക്സ് ആൻഡ് ഐ.ടി.-യും ഗവൺമെന്റ് ഓഫ് ഇന്ത്യയും ചേർന്ന് 66 ഏക്കർ സ്ഥലത്ത് ഇലക്ട്രോണിക് മാനുഫാക്ചറിങ് ക്ലസ്റ്റർ നിർമ്മിച്ചിട്ടുണ്ട്. മെഡിക്കൽ എക്വിപ്മെന്റ് നിർമ്മാണ യൂണിറ്റായ Agappe Diagonostics Ltd. ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മറ്റ് 11 യൂണിറ്റുകൾ നിർമ്മാണഘട്ടത്തിലാണ്.

2) ഇലക്ട്രോണിക് പാക്കേജ് ടെസ്റ്റിങ് ഫെസിലിറ്റി

ഈ പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം (ഫ്ലാഗ്ഷിപ് പദ്ധതി) 20 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ

ഡി.പി.ആർ., ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷന്റെ പരിഗണനയിലാണ്. ഡിഫെൻസ് വ്യാവസായിക ആവശ്യങ്ങൾക്കായുള്ള ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്ന NABL Accreditation Lab കേരളത്തിൽ ഇപ്പോൾ നിലവിലില്ല. ഇത് സ്ഥാപിക്കുന്നതിലൂടെ NABL Accreditation Lab-ന്റെ അഭാവം പരിഹരിക്കുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

3) സൂപ്പർകപ്പാസിറ്റർ നിർമ്മാണം

ഐ.എസ്.ആർ.ഒ.-യുടെ സഹകരണത്തോടെ കെ.സി.സി.എൽ.-ൽ സൂപ്പർകപ്പാസിറ്റർ പ്ലാന്റിന്റെ ആദ്യഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്.

4) മാസ്റ്റർ പ്ലാൻ പദ്ധതികൾ

സംസ്ഥാനത്ത് നിലവിലുള്ള ഇലക്ട്രോണിക്സ് മേഖലയിലെ മാനുഫാക്ചറിങ് കമ്പനികൾക്ക് സഹായകമാകുംവിധം പാസ്സീവ് ഇലക്ട്രോണിക്സ് കംപോണന്റ്സ് ആവശ്യമുള്ള സെറാമിക് ചിപ്പ് കപ്പാസിറ്ററുകൾ, സെറാമിക് ചിപ്പ് ഇൻഡക്ടേർസ്, സെറാമിക് ചിപ്പ് റെസിസ്റ്റേർസ് എന്നിവ രൂപീകരിക്കാൻ വേണ്ടിയുള്ള പദ്ധതിയുടെ

മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഇലക്ട്രോണിക്സ് സെമി കണ്ടക്ടർ ഫാബ് & ഹൈടെക് പാർക്ക് നിർമ്മിക്കുന്നതിന്റെ ഭാഗമായി ഒരു സെമികണ്ടക്ടർ ഡിസൈൻ & ട്രെയിനിങ് ഇക്കോസിസ്റ്റം സ്ഥാപിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. ഈ ഉദ്യമത്തിലൂടെ പുതിയ ഉൽപന്നങ്ങളുടെ ഡിസൈനിങ്ങിനും വികസനത്തിനുമായി തദ്ദേശീയമായ കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ സാധിക്കും. ഡിഫെൻസ് ഇലക്ട്രോണിക്സ്, സ്പേസ് ഇലക്ട്രോണിക്സ്, ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം ഇലക്ട്രോണിക്സ്, പവർ ഇലക്ട്രോണിക്സ് എന്നീ മേഖലകളിൽ കെൽട്രോൺ വളരെ മുമ്പുതന്നെ ചുവടുറപ്പിക്കുകയും ഈ മേഖലകളിൽ ഐ.എസ്.ആർ.ഒ. പോലുള്ള സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ധാരാളം ഓർഡറുകൾ നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ലക്ഷ്യം നേടിയെടുക്കുന്നതിനായി ആരംഭിച്ചിട്ടുള്ള പശ്ചാത്തലസൗകര്യ വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ഇ.എം.സി. സ്കീമിലുൾപ്പെടുത്തിയിട്ടുള്ള ഇലക്ട്രോണിക് മാനുഫാക്ചറിങ് ക്ലസ്റ്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അടിസ്ഥാനസൗകര്യ വികസനത്തിനായി 20.63 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനോടകംതന്നെ 12 യൂണിറ്റുകൾക്ക് സ്ഥലം അനുവദിച്ച് കഴിഞ്ഞു. 11 യൂണിറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടത്തിലാണ്. കേരള സർക്കാർ 2016-24 വർഷങ്ങളിൽ പ്ലാൻ ഫണ്ട് മുഖാന്തരം കെൽട്രോണിന് നൽകിയ 29.5 കോടി രൂപ ഉപയോഗപ്പെടുത്തി കെൽട്രോൺ യൂണിറ്റുകൾ നവീകരിക്കുകയും ഡിഫെൻസ്, പവർ ഇലക്ട്രോണിക്സ്, സ്പേസ് ഇലക്ട്രോണിക്സ്, മെഡിക്കൽ ഇലക്ട്രോണിക്സ് എന്നീ മേഖലകളിൽ പുതിയ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങളൊരുക്കുകയും ചെയ്തു. ഇതോടൊപ്പം റിസർച്ച് ആൻഡ് ഡെവലപ്മെന്റും ശക്തിപ്പെടുത്തിയിട്ടുണ്ട്. ഡിഫെൻസ് ഓഫ്സെറ്റ് പ്രോഗ്രാമിന്റെ ഭാഗമായുള്ള എയർ ക്രാഫ്റ്റ് ഇലക്ട്രോണിക്സ് ഉൽപാദനം, സോഫ്റ്റ്വെയർ ടെസ്റ്റിങ് എന്നീ മേഖലകളിലേക്കുള്ള ചുവടുവയ്പ്പിന്റെ ആദ്യപടിയായി AS 9100 certification നേടുന്നതിനുള്ള പ്രവൃത്തികൾ തുടങ്ങി.

കൂടാതെ, കെൽട്രോണിന്റെ കരകുളം സെന്ററിനെ പവർ ഇലക്ട്രോണിക്സ് ഹബ്ബിന്റെ ഭാഗമാക്കാനുള്ള പദ്ധതിയുടെ ആദ്യ ചുവടുവയ്പ്പായി സോളാർ പവർ കൺട്രോൾ, 5 KVA/10 KVA UPS എന്നിവയുടെ വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉൽപാദനത്തിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. സി-ഡാക്കിന്റെ സാങ്കേതിക സഹായത്തോടുകൂടി Modular UPS System, Solar PCU's എന്നിവ വികസിപ്പിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരികയാണ്. ഇതുകൂടാതെ Li-ion Battery Assembly Unit/EV Vehicle Chargers എന്നിവ ഇതിന്റെ ഭാഗമായി പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കെ.സി.സി.എൽ.-ൽ സൂപ്പർകപ്പാസിറ്റർ നിർമ്മാണത്തിനുള്ള പശ്ചാത്തലസൗകര്യം (ഒന്നാംഘട്ടം) ഒരുക്കിയിട്ടുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട് കൂടുതൽ നിക്ഷേപം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

വ്യവസായ വകുപ്പിന്റെ കീഴിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ 2030 വരെയുള്ള കാലഘട്ടത്തിലേക്കുള്ള വികസനം ലക്ഷ്യമിട്ട് ഷോർട്ട് ടേം, മിഡ് ടേം, ലോങ് ടേം പദ്ധതികൾ ആസൂത്രണം

ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇലക്ട്രോണിക്സ് വ്യവസായരംഗത്ത് പ്രവർത്തിക്കുന്ന കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് (കെ.സി.സി.എൽ.), കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് (കെ.ഇ.സി.എൽ.), കെൽട്രോൺ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിലും മാസ്റ്റർ പ്ലാൻ പദ്ധതികളിലൂടെ വിവിധ തരത്തിലുള്ള വികസന പ്രവർത്തനങ്ങളും തദ്വാര കൂടുതൽ നിക്ഷേപങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്.

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ മിനി വ്യവസായ എസ്റ്റേറ്റ്

111(2466) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച രണ്ട് ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച രണ്ട് ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. സ്ഥലമെടുപ്പിന് ഭരണാനുമതി ലഭിക്കുകയും ഭൂമിയേറ്റെടുക്കൽ നടപടികൾക്കായി ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കുന്നതിനായി LARR ആക്ട് 2013 പ്രകാരം 19(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുമുമ്പ് നഷ്ടപരിഹാരതുക ഇനത്തിൽ 3842126 രൂപ സംഘം അടയ്ക്കേണ്ടതുണ്ട്. പ്രസ്തുത ഭൂമിയേറ്റെടുത്തുകൊണ്ട് 19(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് 06-04-2024-ലെ ജി.ഒ.(പി) നം. 108/2024/ആർ.ഡി. ഉത്തരവ് പ്രകാരം ദീർഘിപ്പിച്ച 6 മാസ കാലാവധി 09-10-2024-ന് അവസാനിച്ചതിനെ തുടർന്ന് ആയത് 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി ജില്ലാ കളക്ടർക്ക് സംഘം കത്ത് നൽകിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ വ്യവസായ എസ്റ്റേറ്റ്

112(2467) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പുരോഗമിക്കുന്ന വ്യവസായ എസ്റ്റേറ്റിന്റെ ഒന്നാംഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ഒന്നാംഘട്ടത്തിൽ ആഭ്യന്തര റോഡ്, ഡ്രെയിനേജ്, കൾവെർട്ട്, റീട്ടെയിനിങ് വാൾ, റോഡ് മാർക്കിങ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) രണ്ടാംഘട്ട പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(സി) വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ടുകൾ സംരംഭകർക്ക് അനുവദിക്കുന്നതിന് എന്തെല്ലാം നടപടിയാണ് പൂർത്തീകരിക്കേണ്ടത്; വിശദമാക്കുമോ?

അപ്രോച്ച് റോഡ് നിർമ്മാണം, എസ്റ്റേറ്റിലേക്കുള്ള ജലലഭ്യത ഉറപ്പാക്കുന്നതിനുള്ള വാട്ടർ അതോറിറ്റിയുമായി ചേർന്നുള്ള പ്രവൃത്തികൾ,

വൈദ്യുതി ഉറപ്പാക്കുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായുള്ള പ്രവൃത്തികൾ എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

എസ്റ്റേറ്റ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളും സമയബന്ധിതമായി നടന്നുവരുന്നു.

കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിന്റെ വിവിധ പദ്ധതികൾ

113(2468) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ കാസർഗോഡ് ഇൻഡസ്ട്രിയൽ സ്പേസിൽ ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി നിർമ്മിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ കിൻഫ്ര ഒരു ചെറുകിട വ്യവസായ പാർക്ക് സ്ഥാപിച്ചിട്ടുണ്ട്.

ഇവിടെ 70 വ്യവസായ സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പാർക്കിന്റെ വിപുലീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ താഴെ സൂചിപ്പിക്കുന്നു.

സംരംഭക സഹായ പദ്ധതി: വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പാക്കിവരുന്ന ഏറ്റവും പ്രചാരമുള്ളതും ആകർഷകവുമായ പദ്ധതിയാണ് സംരംഭക സഹായ പദ്ധതി. കേരളത്തിലെ ഉൽപാദന മേഖലയിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരനിക്ഷേപത്തിനനുസരിച്ച് സാമ്പത്തിക സഹായം നൽകാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിക്ഷേപകന്റെ വിഭാഗം, ഉൽപാദന മേഖല, സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ല എന്നിവയനുസരിച്ച് സ്ഥിര നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ 2021 മാർച്ച് മുതൽ 2024 ഒക്ടോബർ വരെ 151 യൂണിറ്റുകൾക്കായി 700.93 ലക്ഷം രൂപ സംരംഭക സഹായ പദ്ധതി പ്രകാരം സബ്സിഡി അനുവദിച്ചിട്ടുണ്ട്.

പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി: പഴയ ആർ.ഇ.ജി.പി.-യും പി.എം.ആർ.വൈ. സ്കീമും ലയിപ്പിച്ചുകൊണ്ടുള്ള പി.എം.ഇ.ജി.പി. കേന്ദ്ര സർക്കാരിന്റെ ക്രെഡിറ്റ് ലിങ്ക്ഡ് സ്കീമാണ്. കെ.വി.ഐ.സി., സ്റ്റേറ്റ് ഖാദി ബോർഡുവഴി ഗ്രാമീണ മേഖലകളിലും ജില്ലാ വ്യവസായ കേന്ദ്രങ്ങൾവഴി ഗ്രാമ-നഗര പ്രദേശങ്ങളിലുമാണ് പദ്ധതി നടപ്പാക്കുന്നത്.

നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി: വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കിവരുന്ന ഒരു വായ്പാബന്ധിത പദ്ധതിയാണ് നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി. കേരളത്തിലെ ഉൽപാദന മേഖലയിലും ജോബ് വർക്ക് മേഖലയിലും മൂല്യ വർധനയുള്ള സേവന മേഖലയിലും പ്രവർത്തിക്കുന്ന നാനോ യൂണിറ്റുകൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

ഒരു കുടുംബം ഒരു സംരംഭം പദ്ധതി: ഉൽപാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ പുതിയ സംരംഭങ്ങൾക്കും 10 ലക്ഷം രൂപ വരെയുള്ള ലോൺ തുകയ്ക്ക് (ടേം ലോൺ അല്ലെങ്കിൽ പ്രവർത്തന മൂലധന വായ്പ), അഞ്ച് വർഷത്തേക്ക് 6% പലിശയിളവിന് അർഹതയുണ്ട്. 2023 മാർച്ച് മുതൽ 2024

ഓക്ടോബർ വരെ 117 കുടുംബങ്ങൾക്ക് ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം സഹായം അനുവദിച്ചിട്ടുണ്ട്.

പി.എം.എഫ്.ഇ.എം. പദ്ധതി: മൈക്രോ ഫുഡ് പ്രോസസ്സിംഗ് സംരംഭങ്ങൾ നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും ഈ സംരംഭങ്ങളുടെ നവീകരണത്തിനും പിന്തുണ നൽകുന്നതിനുള്ള ഫുഡ് പ്രോസസ്സിങ് മന്ത്രാലയത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയാണ് Formalization of Micro Food Processing Enterprises.

നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശയിളവ് പദ്ധതി: നാനോ ഗാർഹിക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ആരംഭിച്ച പദ്ധതിയാണിത്. മൂലധന വായ്പയെടുത്ത നാനോ ഗാർഹിക സംരംഭങ്ങൾക്ക് അവർ അടച്ച പലിശയുടെ ഒരുഭാഗം തിരികെ നൽകുന്ന പദ്ധതിയാണിത്. ഉൽപാദന, സേവന, ജോബ് വർക്ക് മേഖലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് ഈ പദ്ധതിയിൽ അപേക്ഷിക്കാം.

നൈപുണ്യ സംരംഭ വികസന സൊസൈറ്റികൾക്കുള്ള സഹായം: കേരളത്തിൽ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിദഗ്ധ

തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ നേടിക്കൊടുക്കുക, അവിദഗ്ധ തൊഴിലാളികളെ നൈപുണ്യ വികസന പരിശീലനത്തിലൂടെ ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധരാക്കി മാറ്റുക, തൊഴിലാളികൾക്കാവശ്യമുള്ള തൊഴിലുപകരണങ്ങൾ ലഭ്യമാക്കുക, സമൂഹത്തിന് മികച്ച തൊഴിൽ സൗഹൃദാന്തരീക്ഷം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്തെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും അതിർത്തിക്കുള്ളിൽ ഒന്നോ അതിലധികമോ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുകയും അതിനനുസരിച്ച് വ്യത്യസ്ത തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നവർ ലക്ഷ്യപ്രാപ്തിക്കായി മുന്നോട്ടുവരികയും ചെയ്യു. ഇത്തരം സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുകയെന്ന ലക്ഷ്യത്തോടെ വ്യവസായ വകുപ്പിന് കീഴിൽ ഒരു ധനസഹായ പദ്ധതി സർക്കാർ ആവിഷ്കരിച്ചിരിക്കുന്നു.

കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി: കരകൗശല മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്ന കരകൗശല മേഖലയിലെ വിദഗ്ധർക്ക് ഒറ്റത്തവണ സഹായം (ഗ്രാന്റ്) നൽകാനായി ആവിഷ്കരിച്ചിട്ടുള്ള

പദ്ധതിയാണിത്. സംരംഭം ആരംഭിച്ച ശേഷമാണ് ഗ്രാന്റ് ലഭ്യമാക്കുന്നത്. കേന്ദ്ര സർക്കാരിലെ കരകൗശല വികസന കമ്മീഷണറുടെ ഓഫീസിലോ കേരളാ സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ്സ് അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (സുരഭി), കേരളാ സ്റ്റേറ്റ് ബാംബൂ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ബി.സി.), കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ), ഹാൻഡിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (എച്ച്.ഡി.സി.കെ.), കേരളാ സ്റ്റേറ്റ് പാമിറ പ്രോഡക്ട് ഡെവലപ്മെന്റ് ആൻഡ് വർക്കേഴ്സ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ് (കെൽപാം) എന്നിവിടങ്ങളിലോ രജിസ്റ്റർ ചെയ്തിട്ടുള്ള കരകൗശല വിദഗ്ധരെയാണ് ഈ പദ്ധതിയിൽ കരകൗശല വിദഗ്ധരായി കണക്കാക്കപ്പെടുന്നത്.

<u>എം.എസ്.എം.ഇ. സ്കെയിൽ അപ്പ് മിഷൻ (മിഷൻ 1000):</u> കേരളത്തിലെ എം.എസ്.എം.ഇ.-കളിൽനിന്നും തിരഞ്ഞെടുത്ത 1000 എം.എസ്.എം.ഇ.-കളെ 100 കോടി രൂപ വിറ്റുവരവുള്ള യൂണിറ്റുകളായി 4 വർഷത്തിനുള്ളിൽ ഉയർത്തിക്കൊണ്ടുവരാനുള്ള പദ്ധതി.

എം.എസ്.എം.ഇ. ഇൻഷ്വറൻസ് പദ്ധതി: സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിനനുസൃതമായി വ്യവസായ വാണിജ്യ വകുപ്പ്, സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ.) ഇൻഷ്വറൻസ് പരിരക്ഷ നൽകാൻവേണ്ടി എം.എസ്.എം.ഇ. ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ഉൽപന്നം: പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (ഇക്കോസിസ്റ്റം) സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.

കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്: വ്യവസായ ആവശ്യത്തിനായി സ്ഥലലഭ്യതയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി സർക്കാർ ആവിഷ്കരിക്കുന്ന പുതിയ പദ്ധതിയാണ് കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി.

സ്റ്റാർട്ടപ്പുകൾക്ക് മാനുഫാക്ചറിങ് പ്രവർത്തനങ്ങൾക്കായുള്ള സഹായ പദ്ധതി: ഉൽപാദന മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നല്കുക, പ്രാരംഭഘട്ടത്തിൽതന്നെ ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതി പ്രകാരം യോഗ്യമായ പദ്ധതി ചെലവിന്റെ 75% ഒരു യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ വരെ സബ്സിഡിയായി നല്കുന്നു.

തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി: 2023-24 സാമ്പത്തിക വർഷം 31-3-2023 വരെ നിലവിലുണ്ടായിരുന്ന "തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളുടെ പുനരധിവാസവും പുനരുജ്ജീവനവും", "പ്രവർത്തനരഹിതമായ യൂണിറ്റുകൾ/കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ പുനരധിവാസവും പുനരുജ്ജീവനവും" എന്നീ രണ്ട് പദ്ധതികൾ സംയോജിപ്പിച്ച് "തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കൾ, പ്രവർത്തനരഹിതമായ എം.എസ്.എം.ഇ.-കൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ

പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി" എന്ന പേരിൽ പുതിയ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2022 മാർച്ച് മുതൽ 2024 ഒക്ടോബർ വരെ 3 യൂണിറ്റുകൾക്കായി 16.78 ലക്ഷം രൂപ കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി പ്രകാരം സഹായം അനുവദിച്ചിട്ടുണ്ട്.

സംരംഭകത്വ വികസന ക്ലബ്: യുവജനങ്ങൾക്കിടയിൽ സംരംഭക സംസ്കാരം വളർത്തിയെടുക്കാനും അവർക്കുവേണ്ട നൈപുണ്യവും സങ്കേതവും ആത്മവിശ്വാസവും നൽകി അവരെ പുത്തൻ തലമുറയുടെ സംരംഭകത്വത്തിന്റെ ദീപശിഖാ വാഹകരാക്കാനും ഉദ്ദേശിച്ച് സ്കൂളുകളിലും കോളേജുകളിലും സംരംഭകത്വ വികസന ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സംരംഭകത്വ ഗുണങ്ങൾ വളർത്തിയെടുക്കാനും വ്യവസായ മേഖലയ്ക്ക് ഉണർവ് പകരാനും ഒളിഞ്ഞുകിടക്കുന്ന സംരംഭക ഗുണങ്ങളെ പരിപോഷിപ്പിക്കാനും വിജയിച്ച സംരംഭകരുടെ മനോഭാവവും ഗുണങ്ങളും മൂല്യവും നൈപുണ്യവും ഇ.ഡി. ക്ലബ് അംഗങ്ങൾക്ക് പരിചയപ്പെടുത്താനും ഒക്കെയുള്ള പരിപാടികൾ നടത്തുന്നതിന് ഇ.ഡി. ക്ലബ്ബുകൾക്ക് 20000 രൂപ വരെ ധനസഹായം

നൽകിവരുന്നു. ജില്ലയിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 35 ഇ.ഡി. ക്ലബുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വ്യവസായ എസ്റ്റേറ്റുകൾ: ജില്ലയിലെ വ്യവസായ എസ്റ്റേറ്റുകളായ അനന്തപുരം, ചട്ടഞ്ചാൽ എന്നിവിടങ്ങളിൽ അടിസ്ഥാനസൗകര്യം പൂർത്തിയാക്കി പ്രസ്തുത എസ്റ്റേറ്റുകളിൽ വിവിധ വ്യവസായ സംരംഭങ്ങൾ നടന്നുവരുന്നു. കൂടാതെ ജില്ലയിൽ 5 മിനി വ്യവസായ എസ്റ്റേറ്റുകളിലായി 54 വ്യവസായ ഷെഡ്ഡുകൾ സംരംഭകർക്ക് നൽകിയിട്ടുണ്ട്. പുതുതായി ജില്ലയിൽ ആരംഭിച്ച മടിക്കൈ വ്യവസായ പാർക്കിന്റെ അടിസ്ഥാനസൗകര്യ വികസന പ്രവൃത്തി നടന്നുവരുന്നു. പ്രസ്തുത വ്യവസായ എസ്റ്റേറ്റിൽ സംരംഭകർക്ക് ഭൂമി അളന്ന് നൽകാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ടി വ്യവസായ പാർക്കിൽ സംരംഭങ്ങളുടെ പ്രവർത്തനം പെട്ടെന്നുതന്നെ ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

സ്വകാര്യ വ്യവസായ പാർക്ക്: ജില്ലയിൽ സ്വകാര്യ മേഖലയിൽ ആരംഭിക്കുന്ന ഒരു വ്യവസായ പാർക്കിന് അനുമതി ലഭ്യമായിട്ടുണ്ട്.

കൈത്തറി & ടെക്സ്റ്റൈൽസ്: കൈത്തറി ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ജില്ലയിലെ കൈത്തറി, ടെക്സ്റ്റൈൽസ് മേഖലയിലെ സംരംഭകർക്ക് നൽകിവരുന്നു.

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ

114(2469) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മാസം മുതൽ നാളിതുവരെ കുറ്റ്യാടി നിയോജകമണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി ആരംഭിച്ച വ്യവസായ സംരംഭങ്ങൾ എത്രയെണ്ണമുണ്ടെന്ന് വിശദാംശങ്ങൾ സഹിതം അറിയിക്കാമോ?

2021 ജൂൺ മാസം മുതൽ നാളിതുവരെ കുറ്റ്യാടി നിയോജകമണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി 2272 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംരംഭങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായി 4790 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

ബയോകണക്ട് 2.0 കോൺക്ലേവ്

115(2470) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീമതി ദെലീമ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് സയൻസ് മേഖലയിൽ കൂടുതൽ നിക്ഷേപവും തൊഴിലവസരങ്ങളും ഉറപ്പാക്കുന്നതിനായി നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. ലൈഫ് സയൻസ് മേഖലയിൽ കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിനുവേണ്ടി വ്യവസായ വകുപ്പ് നടത്തുന്ന വിവിധ റോഡ്ഷോകളിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് കെ.എസ്.ഐ.ഡി.സി. ഭാഗമാകാറുണ്ട്. ചെന്നൈയിലും ബാംഗ്ലൂരിലും

നടത്തിയ റോഡ്ഷോകളിൽ പങ്കെടുക്കുകയും വരുന്ന മാസങ്ങളിൽ മുംബൈ, ഡൽഹി എന്നീ നഗരങ്ങളിലും റോഡ്ഷോ ഉണ്ടായിരിക്കുന്നതുമാണ്. റോഡ്ഷോയുടെ ഭാഗമായി അതത് മേഖലയിലെ വ്യവസായികളെ നേരിട്ട് കണ്ട് ചർച്ച നടത്തി വ്യവസായങ്ങളെ കേരളത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്. ഇതോടൊപ്പം നിലവിലെ കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രിയൽ പാർക്കിന്റെ ഭാഗമായ ബയോ 360 ലൈഫ് സയൻസ് പാർക്കിന്റെ അടിസ്ഥാനസൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. പ്രസ്തുത പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നമുറയ്ക്ക് കൂടുതൽ വ്യവസായങ്ങളെ പാർക്കിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനവും നടന്നുവരുന്നു.

(ബി) പ്രസ്തുത മേഖലയിലെ നൂതന ആശയങ്ങൾ പൊതുസമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നതിനും ഇതുസംബന്ധിച്ച ചർച്ചകളിലൂടെ നിക്ഷേപ സമാഹരണം ത്വരിതപ്പെടുത്തുന്നതിനുമായി ബയോകണക്ട് 2.0 കോൺക്ലേവിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ മേഖലയിൽ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളും 2032 ആകുമ്പോൾ ഈ മേഖലയിൽ എത്ര നിക്ഷേപമുണ്ടാകുമെന്നാണ് വിലയിരുത്തുന്നതെന്നുമുള്ള വിശദാംശം ലഭ്യമാകുമോ?

(ബി&സി) 2024 സെപ്റ്റംബറിൽ തിരുവനന്തപുരത്തുവച്ച് നടന്ന ബയോകണക്ട് 2.0-യുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം സംസ്ഥാനത്തെ ആഗോളതലത്തിൽ ലൈഫ് സയൻസ് ഇൻഡസ്ട്രിയൽ മേഖലയിൽ ഷോകേസ് ചെയ്യുകയും അതേത്തുടർന്ന് പ്രസ്തുത മേഖലയിൽ കൂടുതൽ നിക്ഷേപം കൊണ്ടുവരികയും ചെയ്യുകയെന്നതാണ്. ബയോകണക്ട് 2.0-യിൽ ഇന്ത്യയിൽനിന്നും വിദേശത്തുനിന്നുമായും 29 കമ്പനികളും 10 റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സ്ഥാപനങ്ങളും 13 ഇൻക്യുബേറ്റേർസ്/ഗവൺമെന്റ് സ്ഥാപനങ്ങളും നേരിട്ട് പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ പങ്കെടുത്ത മുഴുവൻ കമ്പനികളുമായും തുടർചർച്ചകൾ നടത്തുകയും ചെയ്യുന്നതാണ്. R&D മേഖലയിലെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബയോ 360 ലൈഫ് സയൻസ് പാർക്കിൽ CSIR-NIIST-ന്റെ പുതിയ ഒരു സംരംഭവും ആരംഭിക്കുന്നുണ്ട്. ലൈഫ് സയൻസ് മേഖലയിൽ കൂടുതൽ

നിക്ഷേപം ആകർഷിക്കുന്നതിന്റെ ഭാഗമായി റോഡ്ഷോകളും ബയോകണക്ട് ഇൻഡസ്ട്രിയൽ കോൺക്ലേവും വരുംവർഷങ്ങളിലും തുടർച്ചയായി നടത്താൻ പ്ലാൻ ചെയ്യുകയും ആയതിന്റെ ഭാഗമായി വരുംവർഷങ്ങളിൽ ഗണ്യമായ നിക്ഷേപ വർധനവ് സംസ്ഥാനത്തുണ്ടാവുന്നതുമാണ്.

റിസർവ് ബാങ്കിന്റെ ട്രേഡ് റിസീവബിൾ ഇലക്ട്രോണിക് ഡിസ്കൗണ്ട് സിസ്റ്റം നടപ്പാക്കൽ

116(2471) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൽപന്നങ്ങൾ കടമായി കൊടുക്കുമ്പോൾ പണം തിരികെ കിട്ടാനുള്ള താമസം കാരണം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ സാമ്പത്തിക ഞെരുക്കം നേരിടുന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിനായി റിസർവ് ബാങ്ക് ട്രേഡ് റിസീവബിൾ ഇലക്ട്രോണിക് ഡിസ്കൗണ്ട് സിസ്റ്റം (ട്രേഡ്സ്) നടപ്പിലാക്കിയിട്ടുണ്ടോ?

രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ (എം.എസ്എം.ഇ.) പ്രധാന പങ്കുവഹിക്കുന്നു. വർഷങ്ങളായി ഈ മേഖലയ്ക്ക് മതിയായ ധനസഹായം ലഭിക്കുന്നതിൽ തടസ്സങ്ങൾ നേരിടുന്നുണ്ട്. ഇതിന്റെ പ്രധാന കാരണം അവരുടെ വ്യാപാരത്തിൽനിന്ന് ലഭിക്കുന്ന തുക ലിക്വിഡ് ഫണ്ടുകളാക്കി മാറ്റാനുള്ള അവരുടെ കഴിവിന്റെ അപര്യാപ്തതയാണ്. ഇന്ത്യ ഉടനീളമുള്ള എം.എസ്എം.ഇ.-കൾ നേരിടുന്ന ഈ പ്രശ്നം പരിഹരിക്കുന്നതിന് ട്രേഡ് റിസീവബിൾസ് ഡിസ്കൗണ്ടിങ് സിസ്റ്റം (ടി.ആർ.ഇ.ഡി.എസ്.) രൂപപ്പെടുത്തിയിട്ടുണ്ട്. ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ ഉൽപന്നങ്ങൾ കടമായി കൊടുക്കുമ്പോൾ പണം യഥാസമയം തിരികെ കിട്ടാനുള്ള കാലതാമസം ഒഴിവാക്കുവാൻ ഒന്നിലധികം ഫിനാൻസിയർമാർ മുഖേന സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ (എം.എസ്എം.ഇ.) വ്യാപാരം ലഭിക്കുന്നതിനുള്ള ധനസഹായം/കിഴിവ് സുഗമമാക്കുന്നതിനുള്ള റിസർവ് ബാങ്ക് ഏർപ്പെടുത്തിയ ഒരു ഇലക്ട്രോണിക് പ്ലാറ്റ്ഫോമാണ് TreDS. 16-5-2022-ലെ G.O. (MS) No.40/2022/ID പ്രകാരം സംസ്ഥാന സർക്കാരിന് കീഴിലുള്ള

പൊതുമേഖലാ സ്ഥാപനങ്ങൾ/കമ്പനികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുതലായവയ്ക്കും TreDS-ൽ പങ്കെടുക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(സി) എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും എം.എസ്.എം.ഇ.-കളും ട്രേഡ്സ് പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യുന്നതിന് പ്രോത്സാഹന നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പൊതുമേഖലാ സ്ഥാപനങ്ങൾ, കമ്പനികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാരിന് കീഴിലുള്ള എല്ലാ സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ/സൊസൈറ്റികൾ എന്നിവയുൾപ്പെടുന്ന എല്ലാ അപെക്സ് കോ-ഓപ്പറേറ്റീവുകൾക്കും എം.എസ്.എം.ഇ.-കളുടെ ബില്ലുകൾ തീർപ്പാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള ട്രേഡ്സിൽ പങ്കെടുക്കുന്നതിനുള്ള അനുമതി നൽകി കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വിവിധ ഫൈനാൻസിയർമാർ മുഖേന ലഭിക്കുന്ന തുക പണമാക്കി മാറ്റി പ്രവർത്തന മൂലധനമാക്കി ഉപയോഗിക്കുവാൻ എം.എസ്.എം.ഇ.-കൾക്ക് സൗകര്യമൊരുക്കാൻ സജ്ജീകരിച്ച ഓൺലൈൻ

പ്ലാറ്റ്ഫോമാണ് ട്രേഡ്സ്. കൃത്യസമയത്ത് ലഭിക്കേണ്ട തുകകൾ എൻകാഷ് ചെയ്യുക, ക്രെഡിറ്റ് റിസ്ക് പരമാവധി ഇല്ലാതാക്കുക എന്നിവയാണ് ഈ പ്ലാറ്റ്ഫോമിന്റെ പ്രധാന ലക്ഷ്യം. പൊതുമേഖലാ സ്ഥാപനങ്ങളെ ട്രേഡ്സ് പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായുള്ള ശില്പശാല ബി.പി.ടി.-യുമായി സഹകരിച്ചുകൊണ്ട് സംഘടിപ്പിച്ചിരുന്നു. തുടർന്നും ഇത്തരം ശില്പശാലകൾ സംഘടിപ്പിക്കുന്നതാണ്. കേരളീയത്തിന്റെ ഭാഗമായി എം.എസ്.എം.ഇ.-കൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ട്രേഡ്സിന്റെ സങ്കീർണ്ണതകളെയും നേട്ടങ്ങളെയും കുറിച്ച് സമഗ്രമായ ധാരണ നൽകുന്നതിനായി ഒരു ശില്പശാല നടത്തിയിട്ടുണ്ട്. നിലവിൽ വ്യവസായ വകുപ്പിനുകീഴിലുള്ള 10 പൊതുമേഖലാ സ്ഥാപനങ്ങൾ ട്രേഡ്സിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളെക്കൂടി ട്രേഡ്സ് പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പാലക്കാട് വ്യവസായ ഇടനാഴി

117(2472) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായ പാലക്കാട് വ്യവസായ ഇടനാഴി പദ്ധതി (കിൻഫ്ര മുഖേന) എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായ പാലക്കാട് പദ്ധതി പുതുശ്ശേരി സെൻട്രൽ, പുതുശ്ശേരി വെസ്റ്റ്, കണ്ണമ്പ്ര എന്നിവിടങ്ങളിലായി 1710 ഏക്കർ വ്യാപിച്ചുകിടക്കുന്ന പദ്ധതിയാണ്. പാലക്കാട് സംയോജിത മാനുഫാക്ചറിങ് ക്ലസ്റ്ററിനായുള്ള ഡി.പി.ആർ. തയ്യാറാക്കി. ഐ.എം.സി. പാലക്കാടിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി 2026 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇ.പി.സി. കരാറിന്റെ ആഗോള ടെൻഡറുകൾ അടുത്ത മാർച്ച് മാസത്തോടെ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്തിന്റെ നയത്തിനനുസൃതമായി ആവശ്യമുള്ളിടത്ത് പ്രോത്സാഹനങ്ങളും ഇളവുകളും നൽകും. വാട്ടർ ട്രാൻസ്മിഷൻ നെറ്റ്വർക്ക്, വാട്ടർ ഡിസ്ട്രിബ്യൂഷൻ നെറ്റ്വർക്ക്, റീസൈക്കിൾഡ് വാട്ടർ നെറ്റ്വർക്ക്, ഡ്രെയിനേജ് നെറ്റ്വർക്ക്, ഇന്റേണൽ റോഡ്സ്, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, പവർ സപ്ലൈ നെറ്റ്വർക്ക് എന്നീ

അടിസ്ഥാനസൗകര്യങ്ങൾ 1710 ഏക്കർ ഡെവലപ് ചെയ്യാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. പാലക്കാട് ഇൻഡസ്ട്രിയൽ സ്മാർട്ട് സിറ്റിക്കുവേണ്ടി 2024 ഓഗസ്റ്റ് 28-ന് 3806 കോടി രൂപയ്ക്ക് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം ലഭിച്ചു. ഇതെത്തുടർന്ന് എൻ.ഐ.സി.ഡി.സി.-യും കേരള സർക്കാരും തമ്മിലുള്ള ഏകോപനത്തിനായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആൻഡ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റും (NICDIT) കേരള സർക്കാരും 50:50 ഇക്വിറ്റി പങ്കാളിത്തത്തോടെ "The Kerala Industrial Corridor Development Corporation Limited" (KICDC) എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിച്ചു. കൊച്ചി-ബെംഗളൂരു വ്യാവസായിക ഇടനാഴി (കെ.ബി.ഐ.സി.) നടപ്പാക്കുന്നതിനുള്ള എല്ലാ ഭാവി പ്രവർത്തനങ്ങളും ഈ സ്ഥാപനം ഏകോപിപ്പിക്കും. എൻ.ഐ.സി.ഡി.സി.-യുടെ ഫണ്ട് അലോക്കേഷന്റെ അടിസ്ഥാനത്തിൽ ഭൂമി ഗവൺമെന്റ് ഓഫ് കേരള ഇക്വിറ്റിയായി എസ്.പി.വി.-ക്ക് കൈമാറും. ആദ്യഘട്ടം 2027-ഓടുകൂടി പൂർത്തീകരിക്കാനും രണ്ടാംഘട്ടം 2030-ഓടുകൂടി

പൂർത്തീകരിക്കാനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഫണ്ട് ലഭിക്കുന്നമുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതിനുള്ള എല്ലാ അടിസ്ഥാന പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്.

കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി

118(2473) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയിൽ വ്യവസായ പാർക്ക് പദ്ധതിക്കായി കണ്ണമ്പ്രയിൽ ഭൂവുടമകളിൽനിന്നും എത്ര ഏക്കർ ഭൂമിയാണ് നിലവിൽ ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കൊച്ചി-ബെംഗളൂരു വ്യവസായ പദ്ധതിയുടെ ഭാഗമായി കണ്ണമ്പ്രയിൽ 313 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. അതിൽ 299.43 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ബാക്കിയുള്ള 13 ഏക്കർ ഭൂമിയേറ്റെടുക്കൽ പുരോഗമിച്ചുവരികയാണ്. ഡിസംബർ 2024-നകം ഭൂമിയേറ്റെടുക്കൽ നടപടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വ്യവസായ പാർക്ക്

119(2474) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി എടക്കുന്നം വില്ലേജിലെ ബ്ലോക്ക് നമ്പർ 07, എരുമേലി നോർത്ത് വില്ലേജിലെ ബ്ലോക്ക് നമ്പർ 026, എരുമേലി സൗത്ത് വില്ലേജിലെ ബ്ലോക്ക് നമ്പർ 027 എന്നിവിടങ്ങളിലായി കിൻഫ്ര കണ്ടെത്തിയ 150 ഏക്കറോളം ഭൂമിയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടി ഏതുഘട്ടത്തിലാണ്; നടപടി ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിലെ വെള്ളൂരിൽ കേരള റബ്ബർ ലിമിറ്റഡിനുകീഴിൽ റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നതിനാലും ഒരു ജില്ലയിൽ രണ്ട് റബ്ബർ പാർക്കുകൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ലാത്തതിനാലും പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ റബ്ബർ

അധിഷ്ഠിത വ്യവസായ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തുടർനടപടി കിൻഫ്ര സ്വീകരിച്ചിട്ടില്ല.

കോളേജുകളിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി

120(2475) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളേജുകളിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടിയുടെ പുരോഗതി വിശദമാക്കുമോ?

സംസ്ഥാനത്ത് കോളേജുകളിൽ കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടറുടെ വെബ്പോർട്ടൽ നിലവിൽ വന്നിട്ടുള്ളതാണ്. കാമ്പസ് വ്യവസായപാർക്കുകൾ ആരംഭിക്കുന്നതിന് തയ്യാറാകുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപേക്ഷകൾ വെബ്പോർട്ടലിലൂടെ സ്വീകരിച്ചുവരുന്നു.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ വലിയവെളിച്ചത്ത് പ്രവർത്തിക്കുന്ന സ്ഥലസൗകര്യമുള്ള കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ (ഐ.എച്ച്.ആർ.ഡി.) വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കൂത്തുപറമ്പ് വലിയവെളിച്ചത്ത് പ്രവർത്തിക്കുന്ന കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ (ഐ.എച്ച്.ആർ.ഡി.) നിന്നും കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള അപേക്ഷ വ്യവസായ വകുപ്പിൽ ലഭ്യമായിട്ടില്ല. ഓൺലൈനായി അപേക്ഷ ലഭ്യമാകുന്നമുറയ്ക്ക് നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരം പരിശോധിച്ച് മാത്രമെ തുടർനടപടി സ്വീകരിക്കുവാൻ കഴിയൂ.

(സി) വ്യവസായ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും പ്രസ്തുത കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടി എന്താണ്; ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം ഉപയോഗപ്പെടുത്തി കാമ്പസ്

വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള മാർഗരേഖ 29-2-2024-ലെ സ.ഉ. (കൈ) നം. 16/2024/വ്യവ. പ്രകാരം വ്യവസായ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിരാക്ഷേപസാക്ഷ്യപത്രം നൽകുന്നതിനും കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സംരംഭങ്ങളിൽ വിദ്യാർഥികൾക്ക് ഇന്റേൺഷിപ്പിനുള്ള അവസരങ്ങൾ നൽകുന്നതിനും കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കിലെ പ്രവർത്തനങ്ങളിൽ ഫാക്കൽറ്റികളെ ഉൾപ്പെടുത്തുന്നതിനുമുള്ള മാനദണ്ഡങ്ങൾ 29-07-2024-ലെ G.O.(Rt) No. 949/2024/HEDN നമ്പർ ഉത്തരവ് പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിന് ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്നതിനായി വ്യവസായ വകുപ്പ് തയ്യാറാക്കിയ വെബ്പോർട്ടൽ മുഖേന ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം സഹിതം വ്യവസായ വാണിജ്യ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കുറഞ്ഞത് അഞ്ചേക്കർ ഭൂമിയുള്ള സർക്കാർ/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്

(ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.-കൾ മുതലായവ) കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കിനായി അപേക്ഷിക്കാം. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ് ആവശ്യമായി വരുന്നത്. 30 വർഷത്തേക്കാണ് ഡെവലപ്പർ പെർമിറ്റ് അനുവദിക്കുക. കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് ഡെവലപ്പർ പെർമിറ്റ് ലഭിക്കുന്ന വ്യവസായ ഭൂമിക്ക് 1999-ലെ "കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് നിയമത്തിന്റെ" പരിധിയിൽവരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കും. കാമ്പസ് വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി Ecologically Sensitive Area (ESA), Coastal Regulation Zone (CRZ), Plantation, Kerala Conservation of Paddy Land & Wet Land Act 2008 എന്നീ വിഭാഗത്തിൽപ്പെടുന്നവ ആയിരിക്കരുത്. പ്രസ്തുത എസ്റ്റേറ്റുകളിൽ RED category ഒഴികെയുള്ള വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കാവുന്നതാണ്. ഈ പദ്ധതി പ്രകാരം ലഭിക്കുന്ന ഓൺലൈൻ

അപേക്ഷകൾ, പദ്ധതി മാർഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നവയാണോയെന്ന് പരിശോധിക്കേണ്ടതും സ്ഥലം അനുയോജ്യമാണോയെന്ന് കണ്ടെത്തി ശിപാർശ ചെയ്യേണ്ടതും ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മറ്റിയാണ്. തുടർന്ന് സർക്കാർ തലത്തിൽ 8 വകുപ്പ് സെക്രട്ടറിമാരടങ്ങുന്ന ഉന്നതതലസമിതി പരിശോധിച്ച് ഡെവലപ്പർ പെർമിറ്റ് അനുവദിക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നു. കാമ്പസ് വ്യവസായ പാർക്കിലെ പൊതുസൗകര്യങ്ങളായ റോഡ്, വൈദ്യുതി, ഡ്രെയിനേജ്, ETP/CETP, laboratory, testing and certification facilities എന്നിവ ഒരുക്കുന്നതിന് ഡെവലപ്പർ ആയിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന് ഏക്കറിന് 20 ലക്ഷം രൂപ നിരക്കിൽ പരമാവധി 1.5 കോടി രൂപ വരെ ഒരു എസ്റ്റേറ്റിനും, Standard Design Factory (SDF) സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണമുൾപ്പെടെ അടിസ്ഥാനസൗകര്യമൊരുക്കുന്നതിന് പരമാവധി 1.5 കോടി രൂപ സർക്കാർ ധനസഹായം നൽകുന്നതാണ്. എസ്റ്റേറ്റുകളിലെ അടിസ്ഥാനസൗകര്യവികസനം പൂർത്തിയാക്കുന്നമുറയ്ക്ക് റീ-ഇംബേഴ്സ്മെന്റ് ആയിട്ടാണ് തുക അനുവദിക്കുന്നത്.

തൃശൂർ നിയോജകമണ്ഡലത്തിലെ കണ്ണമ്പ്ര വ്യവസായ പാർക്ക്

121(2476) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായ കണ്ണമ്പ്ര വ്യവസായ പാർക്കിൽ ഏതെല്ലാം വ്യവസായങ്ങൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി പുതുശ്ശേരി സെൻട്രൽ, പുതുശ്ശേരി വെസ്റ്റ്, കണ്ണമ്പ്ര എന്നിവിടങ്ങളിലായി 1710 ഏക്കർ വ്യാപിച്ചുകിടക്കുന്ന പദ്ധതിയാണ്. നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആൻഡ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റും (NICDIT) കേരള സർക്കാരും 50:50 ഇക്വിറ്റി പങ്കാളിത്തത്തോടെ "The Kerala Industrial Corridor Development Corporation Limited" (KICDC) എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിച്ചു. എൻ.ഐ.സി.ഡി.സി. നിയമിച്ച കൺസൾട്ടന്റ് മാർക്കറ്റ് അസെസ്സ്മെന്റ് സ്റ്റഡീസും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കിയിട്ടുണ്ട്. ഇതുപ്രകാരം കണ്ണമ്പ്രയിൽ ആകെ 313 ഏക്കറിൽ 54.21% ഭൂമി (169.67 ഏക്കർ) വ്യാവസായിക ആവശ്യങ്ങൾക്കും

ഇതിൽ 107.34 ഏക്കർ ഫുഡ്സ് & ബിവറേജസ് മേഖലയ്ക്കും 20.1 ഏക്കർ നോൺ-മെറ്റാലിക് മിനറൽ ഉൽപന്നങ്ങൾക്കും 30.67 ഏക്കർ റബ്ബർ, പ്ലാസ്റ്റിക് ഉൽപന്നങ്ങൾക്കും 11.56 ഏക്കർ റീസൈക്കിൾ ഉൽപന്നങ്ങൾക്കും വിനിയോഗിക്കും. കൂടാതെ, 40.38 ഏക്കർ റോഡുകൾക്കും 4.66 ഏക്കർ പാർപ്പിട ആവശ്യങ്ങൾക്കും 2.94 ഏക്കർ വാണിജ്യ ആവശ്യങ്ങൾക്കും 4.72 ഏക്കർ അടിസ്ഥാനസൗകര്യങ്ങൾക്കും ഉപയോഗിക്കും.

സമഗ്ര ലോജിസ്റ്റിക് പാർക്ക് നയം

122(2477) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക മേഖലയിൽ ഈ സർക്കാർ ഒരു സമഗ്ര ലോജിസ്റ്റിക് പാർക്ക് നയത്തിന് അന്തിമരൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ലോജിസ്റ്റിക് ശൃംഖലയിൽ വ്യാവസായിക ഉൽപാദന കേന്ദ്രങ്ങളെയും ഉപഭോഗ കേന്ദ്രങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന സുപ്രധാന കണ്ണികളാണ് ലോജിസ്റ്റിക് പാർക്കുകൾ. കസ്റ്റംസ് ക്ലിയറൻസ്, കണ്ടെയ്നർ ഗതാഗതം, വെയർഹൗസിങ്, സ്റ്റോറേജ്, പാക്കിങ്, ലേബലിങ് മുതലായ ഒട്ടനവധി സേവനങ്ങൾ ലോജിസ്റ്റിക് പാർക്കുകളിലൂടെ ലഭ്യമാക്കാൻ സാധിക്കുന്നതാണ്. വ്യാവസായിക വികസനത്തിന് ഇത്തരത്തിൽ കാര്യക്ഷമമായ ലോജിസ്റ്റിക് പാർക്കുകളുടെ ഒരു ശൃംഖല അത്യാവശ്യമാണെന്ന ഉത്തമ ബോധ്യത്തോടെയാണ് ലോജിസ്റ്റിക് മേഖലയെ ഒരു മുൻഗണനാമേഖലയായി സർക്കാർ 2023-ലെ സംസ്ഥാന വ്യവസായ നയത്തിലൂടെ പ്രഖ്യാപിച്ചത്. ഇതിന് ചുവടുപിടിച്ച് ഒരു ഉപനയമായി 'കേരള ലോജിസ്റ്റിക് പാർക്ക് പോളിസി' തയ്യാറാക്കിയിട്ടുണ്ട്. ഇതുപ്രകാരം കുറഞ്ഞത് പത്ത് ഏക്കർ ഭൂമിയിൽ ലോജിസ്റ്റിക്സ് പാർക്കുകളും അഞ്ച് മുതൽ പത്ത് വരെ ഏക്കർ ഭൂമിയിൽ മിനി ലോജിസ്റ്റിക്സ് പാർക്കുകളും നിർമ്മിക്കാൻ പ്രോത്സാഹനം നല്കുന്നതാണ്. പൂർണ്ണമായും സ്വകാര്യ മേഖലയിലോ അല്ലെങ്കിൽ പൊതുസ്വകാര്യ പങ്കാളിത്തത്തോടെയോ

സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ലോജിസ്റ്റിക്സ് പാർക്കുകളുടെ പ്രധാന ഘടകങ്ങൾ (കോർ കംപോണന്റ്സ്) വികസിപ്പിക്കുന്നതിനും ഭൂമിയും ഭൂവികസനവും ഒഴികെയുള്ള മറ്റ് അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നിക്ഷേപ സബ്സിഡിയും പ്രസ്തുത നയം വിഭാവനം ചെയ്യുന്നു. കൂടാതെ, ലോജിസ്റ്റിക്സ് പാർക്കോ മിനി ലോജിസ്റ്റിക്സ് പാർക്കോ സ്ഥാപിക്കുന്നതിന് വിലകൊടുത്തുവാങ്ങുകയോ ദീർഘകാലത്തേക്ക് പാട്ടത്തിലെടുക്കുകയോ ചെയ്യുന്ന ഭൂമിയ്ക്ക് വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള ഇളവുകളായ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ചാർജ്ജുകളും ഒഴിവാക്കുന്നതും ലോജിസ്റ്റിക്സ് പാർക്ക് നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ലോജിസ്റ്റിക് പാർക്ക് നയപരിപാടി പ്രായോഗികതലത്തിലെത്തുന്നതോടുകൂടി ഏതെല്ലാം തരത്തിലുള്ള നേട്ടങ്ങളുണ്ടാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ?

ദേശീയ-സംസ്ഥാന സമ്പദ്വ്യവസ്ഥയിൽ സുപ്രധാനമായ സ്ഥാനം വഹിക്കുന്ന മേഖലകളിൽ ഒന്നാണ് ലോജിസ്റ്റിക് മേഖല. ഉൽപാദന കേന്ദ്രങ്ങളിൽനിന്നും വിപണികളിലേക്കും ഉപഭോക്താക്കളിലേക്കും

ഉൽപന്നങ്ങളുടെ വേഗത്തിലുള്ളതും കാര്യക്ഷമവുമായ ചലനം ഉറപ്പാക്കിക്കൊണ്ട് ഈ മേഖല നിരവധി നിക്ഷേപ സാധ്യതകളുള്ള ഒരു നെറ്റ്‌വർക്കായാണ് പ്രവർത്തിക്കുന്നത്. അതിനോടൊപ്പം ഓൺലൈൻ വാണിജ്യം ശ്രദ്ധയാകർഷിക്കുന്ന ഈ കാലഘട്ടത്തിൽ ലോജിസ്റ്റിക് മേഖല വിദേശ നിക്ഷേപമുൾപ്പെടെ നിരവധി നിക്ഷേപ അവസരങ്ങൾകൂടി അധികമായി വാഗ്ദാനം ചെയ്യുന്നു. കൂടാതെ, വലിയ തോതിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഒരു മേഖലകൂടിയാണ് ലോജിസ്റ്റിക്സ് മേഖല. സംസ്ഥാനത്തിന്റെ വിപുലമായ റോഡ് ശൃംഖല, റെയിൽ, തുറമുഖം, ജലപാത ഗതാഗതത്തിന്റെ നേട്ടങ്ങൾ, വിഴിഞ്ഞം, കൊച്ചി തുടങ്ങിയ അന്താരാഷ്ട്ര തുറമുഖങ്ങളുടെ സാന്നിധ്യം എന്നിങ്ങനെ നിലവിലുള്ള മെച്ചപ്പെട്ട സാഹചര്യങ്ങളോട് യോജിച്ചുകൊണ്ട് പ്രസ്തുത സംവിധാനങ്ങളുടെ മുന്നോട്ടുള്ള വികസനവും മുന്നിൽകണ്ടാണ് കേരള ലോജിസ്റ്റിക്സ് പാർക്ക് പോളിസി, 2024 രൂപീകരിച്ചിരിക്കുന്നത്. ഇതുവഴി പൊതു സ്വകാര്യ പങ്കാളിത്തത്തിലും പൂർണ്ണമായും സ്വകാര്യമേഖലയിലെ പാർക്ക് എന്ന നിലയിലും കേരളത്തിൽ ലോജിസ്റ്റിക്സ്/മിനി ലോജിസ്റ്റിക്സ് പാർക്കുകൾ ആരംഭിക്കാൻ

സാധിക്കുന്നതാണ്. ആയതിനാൽ പ്രസ്തുത നയം പ്രായോഗികതലത്തിൽ എത്തുന്നതോടുകൂടി സംസ്ഥാനത്തിന്റെ ലോജിസ്റ്റിക് മേഖലയുടെ സാധ്യതകളെ കൂടുതൽ ശക്തിപ്പെടുത്താനും അതുവഴി കൂടുതൽ നിക്ഷേപ സാധ്യതകളും തൊഴിലവസരങ്ങളും സൃഷ്ടിക്കാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലോജിസ്റ്റിക്സ് പാർക്ക് നയപ്രകാരം ചീഫ് സെക്രട്ടറി നേതൃത്വം നൽകുന്ന ഒരു ലോജിസ്റ്റിക്സ് കോർഡിനേഷൻ കമ്മിറ്റിയും രൂപീകരിക്കുന്നതാണ്. ലോജിസ്റ്റിക്സ് മേഖലയിൽ ആവശ്യമായ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളാനുള്ള അധികാരം ഈ കമ്മറ്റിക്കുമേൽ നിക്ഷിപ്തമായിരിക്കും. അതോടൊപ്പം വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സംസ്ഥാന ലോജിസ്റ്റിക്സ് സെല്ലും നയം വിഭാവനം ചെയ്യുന്നു. ഈ സംവിധാനമായിരിക്കും ലോജിസ്റ്റിക്സ് ആക്ഷൻ പ്ലാൻ നടപ്പിലാക്കുക. ഇതിനുപുറമെ നഗരതലത്തിൽ ലോജിസ്റ്റിക്സ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി സിറ്റി ലോജിസ്റ്റിക്സ് കോ-ഓർഡിനേഷൻ കമ്മിറ്റികളും പ്രത്യേകമായി രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകളും നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലോജിസ്റ്റിക്സ്

പാർക്കുകൾക്കും മിനി ലോജിസ്റ്റിക്സ് പാർക്കുകൾക്കുമായി ഏകജാലക ക്ലിയറൻസ് സംവിധാനം രൂപീകരിക്കാനും നയത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇത്തരത്തിൽ സർക്കാർ തലത്തിൽ വിവിധ സംവിധാനങ്ങൾ ഒരുക്കുന്നതിലൂടെ ലോജിസ്റ്റിക്ക് മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകി അവയ്ക്ക് പരിഹാരം കാണാനും അതുവഴി സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള അടിസ്ഥാനസൗകര്യ വികസനത്തിൽ മെച്ചമുണ്ടാക്കാനും സാധിക്കുന്നതാണ്.

(സി) ഇതിന്റെ ഭാഗമായി ഒരു ലോജിസ്റ്റിക് ടൗൺഷിപ്പ് വികസിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

'കേരള ലോജിസ്റ്റിക് പാർക്ക് പോളിസി' 2024 പ്രകാരം, കുറഞ്ഞത് പത്ത് ഏക്കർ ഭൂമിയിൽ ലോജിസ്റ്റിക്സ് പാർക്കുകളും അഞ്ചുമുതൽ പത്തുവരെ ഏക്കർ ഭൂമിയിൽ മിനി ലോജിസ്റ്റിക്സ് പാർക്കുകളും നിർമ്മിക്കുന്നതിനാണ് സർക്കാർ പ്രോത്സാഹനം നല്കുന്നത്.

കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ

123(2478) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വ്യവസായ ആവശ്യങ്ങൾക്കായി സ്ഥലലഭ്യതയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തുടനീളമുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം ഉപയോഗപ്പെടുത്തി കാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള മാർഗരേഖ വ്യവസായ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരമുള്ള അപേക്ഷ സമർപ്പിക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടറുടെ പ്രത്യേക വെബ്പോർട്ടൽ നിലവിൽ വന്നിട്ടുള്ളതുമാണ്. കാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് തയ്യാറാകുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപേക്ഷകൾ വെബ്പോർട്ടലിലൂടെ സ്വീകരിച്ചുവരുന്നു.

(ബി) സ്വകാര്യമേഖലയിലെ കോളേജുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമവും വ്യക്തമാക്കുമോ?

കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിരാക്ഷേപസാക്ഷ്യപത്രം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ 29-07-2024-ലെ G.O.(Rt) No. 949/2024/HEDN നമ്പർ ഉത്തരവ് പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള സർക്കാർ/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.-കൾ മുതലായവ) കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കിനായി അപേക്ഷിക്കാം. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ് ആവശ്യമായി വരുന്നത്. 30 വർഷത്തേക്കാണ് ഡെവലപ്പർ പെർമിറ്റ് അനുവദിക്കുക. കാമ്പസ് വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ഭൂമി Ecologically Sensitive Area (ESA), Coastal Regulation Zone (CRZ), Plantation, Kerala

Conservation of Paddy Land & Wet Land Act 2008 എന്നീ വിഭാഗത്തിൽപ്പെടുന്നവ ആയിരിക്കരുത്. പ്രസ്തുത എസ്റ്റേറ്റുകളിൽ RED category ഒഴികെയുള്ള വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കാവുന്നതാണ്. കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിന് ഓൺലൈനായി ലഭ്യമാകുന്ന അപേക്ഷകൾ, പദ്ധതിമാർഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നവയാണോയെന്ന് പരിശോധിക്കുന്നതും സ്ഥലം അനുയോജ്യമാണോയെന്ന് കണ്ടെത്തി ശിപാർശ ചെയ്യുന്നതും ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മറ്റിയാണ്. തുടർന്ന് സർക്കാർ തലത്തിൽ 8 വകുപ്പ് സെക്രട്ടറിമാരടങ്ങുന്ന ഉന്നതതലസമിതി പരിശോധിച്ച് ഡെവലപ്പർ പെർമിറ്റ് അനുവദിക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നു.

(സി) ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് കോളേജുകൾക്ക് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ?

കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് ഡെവലപ്പർ പെർമിറ്റ് ലഭിക്കുന്ന വ്യവസായ ഭൂമിക്ക് 1999-ലെ "കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ

ഡെവലപ്മെന്റ് നിയമത്തിന്റെ" പരിധിയിൽവരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കും. കാമ്പസ് വ്യവസായ പാർക്കിലെ പൊതുസൗകര്യങ്ങളായ റോഡ്, വൈദ്യുതി, ഡ്രെയിനേജ്, ETP/CETP, laboratory, testing and certification facilities എന്നിവ ഒരുക്കുന്നതിന് ഡെവലപ്പർ ആയിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന് ഏക്കറിന് 20 ലക്ഷം രൂപ നിരക്കിൽ പരമാവധി 1.5 കോടി രൂപ വരെ ഒരു എസ്റ്റേറ്റിനും സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണമുൾപ്പെടെ അടിസ്ഥാനസൗകര്യമൊരുക്കുന്നതിന് പരമാവധി 1.5 കോടി രൂപ സർക്കാർ ധനസഹായം നൽകുന്നതാണ്. എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യവികസനം പൂർത്തിയാക്കുന്നമുറയ്ക്ക് റീ-ഇംബേഴ്സ്മെന്റായിട്ടാണ് തുക അനുവദിക്കുന്നത്.

കാമ്പസ് വ്യവസായ പാർക്ക് പദ്ധതിയുടെ മാനദണ്ഡം

124(2479) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാമ്പസ് വ്യവസായ പാർക്ക് പദ്ധതിയിൽ സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്നതിന് മാനദണ്ഡം തയ്യാറാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; അറിയിക്കാമോ?

കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി മാർഗരേഖ 29-02-2024-ലെ സ.ഉ. (കൈ) നമ്പർ 16/2024/ID പ്രകാരം വ്യവസായ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിരാക്ഷേപസാക്ഷ്യപത്രം നൽകുന്നതിനും കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സംരംഭങ്ങളിൽ വിദ്യാർഥികൾക്ക് ഇന്റേൺഷിപ്പിനുള്ള അവസരങ്ങൾ നൽകുന്നതിനും കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കിലെ പ്രവർത്തനങ്ങളിൽ ഫാക്കൽറ്റികളെ ഉൾപ്പെടുത്തുന്നതിനുമുള്ള മാനദണ്ഡങ്ങൾ 29-07-2024-ലെ G.O.(Rt)No. 949/2024/HEDN പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങളുള്ള കാമ്പസുകൾ കേന്ദ്രീകരിച്ച് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ആരംഭിക്കാൻ സാധിക്കുമോ; വ്യക്തമാക്കാമോ?

കുറഞ്ഞത് രണ്ടേക്കർ ഭൂമിയുള്ള സർക്കാർ/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.-കൾ മുതലായവ) സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) സ്ഥാപിക്കുന്നതിന് വെബ്പോർട്ടൽ മുഖേന വ്യവസായ വാണിജ്യ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

തിരുവനന്തപുരം ജില്ലയിൽ സംരംഭക സഹായ പദ്ധതി

125(2480) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ വന്നശേഷം സംരംഭക സഹായ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ എത്ര പ്രോജക്ടുകൾക്ക് സഹായം നൽകിയിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ വന്നശേഷം സംരംഭക സഹായ പദ്ധതി പ്രകാരം 212 പ്രോജക്ടുകൾക്ക് സഹായം നൽകിയിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

ആലത്തൂർ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിലുള്ള സ്ഥലങ്ങൾ

126(2481) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ എവിടെയെല്ലാം സ്ഥലങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങളുടെ വിസ്തൃതി എത്രയാണെന്നും അവിടെ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുവെന്നതിന്റെയും വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത വകുപ്പിനുകീഴിൽ സ്ഥാപനങ്ങളൊന്നുമില്ലാതെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

(എ-സി) ആലത്തൂർ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിൽ ഭൂമിയില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യവസായ മേഖലയിലെ പുനരുജ്ജീവന പാക്കേജുകളോട് ബാങ്കുകളുടെ സമീപനം

127(2482) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയുടെ പുനരുജ്ജീവനത്തിനായി സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്ന പാക്കേജുകളോട് ബാങ്കുകൾ പൂർണ്ണമായും അനുകൂല നിലപാട് സ്വീകരിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നാൽ വ്യവസായ സംരംഭകരുമായി ബന്ധപ്പെട്ട് ബാങ്കുകൾ സഹകരിക്കാതെവരുന്നതായുള്ള ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപെടുന്ന അവസരങ്ങളിൽ ബന്ധപ്പെട്ട ബാങ്കേഴ്സ് കമ്മിറ്റിയിൽ വിഷയം അവതരിപ്പിച്ച് പ്രശ്നപരിഹാരം തേടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനം പ്രഖ്യാപിക്കുന്ന പുനരുജ്ജീവന പാക്കേജുകൾ പൂർണ്ണമായും ഫലപ്രദമാകുന്നതിന് ബാങ്കുകളുടെ സമീപനത്തിൽ

മാറ്റമുണ്ടാകണമെന്നകാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

സംസ്ഥാനം പ്രഖ്യാപിക്കുന്ന പുനരുജ്ജീവന പാക്കേജുകൾ പൂർണ്ണമായും ഫലപ്രദമാകുന്നതിന് ബാങ്കുകളുടെ പൂർണ്ണമായ സഹകരണം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗുകളിൽ ആവശ്യപ്പെടാറുണ്ട്. ഇക്കാര്യത്തിൽ അനുകൂല സമീപനം ബാങ്കുകൾ സ്വീകരിച്ചുവരുന്നുണ്ട്.

ഇ-കൊമേഴ്സ് പോർട്ടൽ

128(2483) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇ-കൊമേഴ്സ് പോർട്ടലായ 'കെ-ഷോപ്പി'-യിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ എത്ര ഉൽപന്നങ്ങളാണ് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഇ-കൊമേഴ്സ് പോർട്ടലായ 'കെ-ഷോപ്പി'-യിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ 467 ഉൽപന്നങ്ങളാണ് നിലവിൽ ലഭ്യമാക്കിയിട്ടുള്ളത്.

കേരള ബ്രാൻഡിങ്ങിലൂടെ ആഗോള വിപണി

129(2484) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മിക്കുന്ന ഉൽപന്നങ്ങൾക്ക് ആഗോള ഗുണനിലവാരം കൊണ്ടുവരാനും അതുവഴി വിപണനസാധ്യത വർധിപ്പിക്കുവാനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേരളത്തിൽ നിർമ്മിക്കുന്ന ഉൽപന്നങ്ങൾ, നൽകുന്ന സേവനങ്ങൾ എന്നിവയ്ക്ക് ഒരു ആഗോള ഗുണനിലവാരം കൊണ്ടുവരികയും അതുവഴി ഈ ഉൽപന്നങ്ങൾക്ക്/സേവനങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിലുള്ള വിപണന സാധ്യത കൂട്ടുകയുമെന്ന ലക്ഷ്യത്തോടെ കേരള സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ബ്രാൻഡ്. ഉയർന്ന ഗുണനിലവാരം, ധാർമ്മികത, ഉത്തരവാദിത്വപരമായ വ്യാവസായിക രീതികൾ എന്നിവ പാലിച്ചുകൊണ്ട് കേരളത്തിലെ സംരംഭകർ നിർമ്മിക്കുന്ന ഉൽപന്നങ്ങളെയും/നൽകുന്ന സേവനങ്ങളെയും ആഗോള വിപണിയിലെ

ഉപഭോക്താക്കൾക്ക് പരിചയപ്പെടുത്തുകയും ഇതിലൂടെ കേരളത്തിലെ വ്യവസായങ്ങൾക്ക് പൊതുവായി ഒരു സ്വത്വം സൃഷ്ടിച്ചെടുക്കുകയുമാണ് കേരള ബ്രാൻഡുകൊണ്ട് ഉദ്ദേശിക്കുന്നത്. ഗുണമേന്മ, ധാർമ്മികത, ഉത്തരവാദിത്വ വ്യാവസായിക സമ്പ്രദായങ്ങൾ എന്നിവയിൽ കേരളത്തിന്റെ പ്രതിബദ്ധത ഇത് പ്രകടമാക്കുകയും സംസ്ഥാനത്തെ തദ്ദേശീയ ഉൽപന്നങ്ങൾക്ക് സവിശേഷമായ ഐഡന്റിറ്റി സൃഷ്ടിച്ചുകൊണ്ട് ആഗോള വിപണിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് കേരളത്തിലെ സംരംഭങ്ങളെ പ്രാപ്തരാക്കുകയും ചെയ്യും.

(ബി) കേരള ബ്രാൻഡിങിലൂടെ വിപണിയും ഗുണനിലവാരവും ഉറപ്പാക്കി ഉൽപാദകനെയും ഉപഭോക്താവിനെയും സഹായിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഏതൊരു വകുപ്പിനും/ഏജൻസിക്കും ആ വകുപ്പിന്റെ മേഖലകളുമായി ബന്ധപ്പെട്ട ഉൽപന്നങ്ങൾ/സേവനങ്ങൾ കേരള ബ്രാൻഡിന് കീഴിൽ അവതരിപ്പിക്കാൻ കഴിയും. ബന്ധപ്പെട്ട വകുപ്പ്/വകുപ്പുകൾ നിർദേശിക്കുന്ന ഉൽപന്നങ്ങൾ/സേവനങ്ങൾക്കായുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകും. കേരള ബ്രാൻഡിന് പരിഗണിക്കപ്പെടുന്ന ഉൽപന്നങ്ങൾ/സേവനങ്ങൾ, വിപണിയിൽ നിലവിലുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നവയായിരിക്കണം. കേരള ബ്രാൻഡിനുള്ള അപേക്ഷകൾ ഒരു താലൂക്കുതല സെലക്ഷൻ കമ്മിറ്റി പരിഗണിക്കുകയും അതത് ഉൽപന്നത്തിന്/സേവനത്തിന് സംസ്ഥാനതല കമ്മിറ്റി അംഗീകരിച്ചിട്ടുള്ള മാനദണ്ഡത്തെ അടിസ്ഥാനമാക്കി കേരള ബ്രാൻഡ് നൽകുകയും ചെയ്യും. കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ ലഭിക്കുന്ന ഉൽപന്നങ്ങൾ അല്ലെങ്കിൽ സേവനങ്ങൾക്ക് ഇനിപ്പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കും.

1. ആഭ്യന്തര, അന്തർദേശീയ തലങ്ങളിൽ "മെയ്ഡ് ഇൻ കേരള" എന്ന തനതായ ബ്രാൻഡ് നാമത്തിൽ അവരുടെ ഉൽപന്നങ്ങളോ സേവനങ്ങളോ വിപണനം ചെയ്യാൻ കഴിയും.

2. ഉയർന്ന നിലവാരമുള്ള സർട്ടിഫിക്കേഷനുകൾ നേടുന്നതിനുള്ള സാമ്പത്തിക സഹായം, അത് കയറ്റുമതി മെച്ചപ്പെടുത്തുന്നതിന് കൂടുതൽ സഹായിക്കും.

അന്താരാഷ്ട്ര വ്യാപാര മേളകളിലും മാർക്കറ്റിങ് എക്സ്പോകളിലും പ്രദർശിപ്പിക്കുന്ന ഉൽപന്നങ്ങളുടെ/സേവനങ്ങളുടെ പട്ടികയിൽ പരിഗണിക്കപ്പെടും.

(സി) സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന എല്ലാ ഉൽപന്നങ്ങളെയും കേരള ബ്രാൻഡിങിലേക്ക് കൊണ്ടുവരുന്നതിനായി പ്രോട്ടോക്കോളുകൾ രൂപപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; കേരള ബ്രാൻഡിങിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ?

ഉണ്ട്. എല്ലാ മേഖലയിൽനിന്നുള്ള ഉൽപന്നങ്ങൾക്കും പാലിക്കേണ്ട പൊതുവായ (ജനറൽ) മാനദണ്ഡങ്ങളുണ്ടാവും. അതത് മേഖലയ്ക്കുള്ള പ്രത്യേക (സെക്ടർ സ്പെസിഫിക്) മാനദണ്ഡങ്ങളുമുണ്ടാവും. അതുകൂടാതെ കേരള ബ്രാൻഡിന്റെ ഗുണനിലവാരം, ധാർമ്മികത, ഉത്തരവാദിത്വ വ്യവസായം എന്നിവ ഉറപ്പാക്കുന്ന ഒരു ചെക്ക് ലിസ്റ്റുണ്ടാവും. കേരള ബ്രാൻഡിന് കീഴിൽ

വിപണനം ചെയ്യുന്ന ഉൽപന്നങ്ങളും സേവനങ്ങളും വിപണിയിൽ നിലവിലുള്ള ഗുണനിലവാര മാനദണ്ഡങ്ങൾക്ക് അനുസൃതമായിരിക്കണം.

(ഡി) പരമ്പരാഗത വ്യവസായം, കാർഷിക മൂല്യവർധിത വ്യവസായങ്ങൾ എന്നീ മേഖലകളുടെ നവീകരണത്തിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ മേഖലകളിൽ കേരള ബ്രാൻഡിങ്ങിലൂടെ പുതിയ ഉൽപന്നങ്ങൾ അവതരിപ്പിക്കുന്നതിനുള്ള സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

പരമ്പരാഗത വ്യവസായമായ കരകൗശല, കശുവണ്ടി, ബാംബൂ മേഖലകളിൽ ഗുണമേന്മയുള്ള ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനും ഈ മേഖലയുടെ നവീകരണത്തിനും വിവിധതരം പദ്ധതികൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്.

കരകൗശല മേഖലയിൽ "ആശാ പദ്ധതി" ഏർപ്പെടുത്തിയതുവഴിയും ഈ മേഖലയിലെ വിദഗ്ധരെ തിരഞ്ഞെടുത്ത് അവാർഡുകൾ

നൽകുന്നതുവഴിയും മേഖല ആധുനികവൽക്കരിക്കുന്നതിനും ഗുണമേന്മയുള്ള ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനും കഴിഞ്ഞു.

ബാംബൂ മേഖലയിൽ ഉൽപന്നങ്ങളുടെ വിപണനത്തിനും പ്രചാരണത്തിനുമായി ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചും K-bip വഴി ഉൽപന്ന വൈവിധ്യവൽക്കരണത്തിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും പരിശീലനം നൽകുകവഴിയും ഈ മേഖലയിൽ പുതിയ ഗുണമേന്മയുള്ള ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനും ഈ മേഖലയുടെ നവീകരണത്തിനും വഴികൾ തുറന്നിട്ടു.

കശുവണ്ടി മേഖലയിൽ

(1) ചെറുകിട ഇടത്തരം ഫാക്ടറികൾക്ക് നവീകരണത്തിനായി മൂലധനഗ്രാന്റും പലിശ സബ്സിഡിയും പുതിയ സാങ്കേതിക വിദ്യ നടപ്പാക്കുന്നതിനും Scheme for capital grants and interest subvention to small and medium cashew factory units for rebuilding lost livelihood എന്ന പദ്ധതിയിൽ 40% ജനറൽ വിഭാഗത്തിനും 50% SC/ST/Women/Youth/ Differently abled വിഭാഗങ്ങൾക്കും അനുവദിക്കുന്നു.

(2) സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേൽപ്പ് പദ്ധതി പ്രകാരം കശുവണ്ടി വ്യവസായ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി മാനേജ്മെന്റ്/അക്കാദമിക രംഗത്തെ വിദഗ്ധരുൾപ്പെടുന്ന അഞ്ചംഗ സമിതി കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി 2022-23-ലെ ബജറ്റിൽ 30.00 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ച് നടപ്പാക്കിവരുന്നു.

കാർഷിക മൂല്യവർധിത വ്യവസായ മേഖലകളുടെ നവീകരണത്തിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും ചുവടെച്ചേർക്കുന്ന പദ്ധതികൾ പ്രയോജനപ്പെടുത്താവുന്നതാണ്.

1. സ്കെയിൽ അപ് മിഷൻ പദ്ധതി, മിഷൻ 1000

കേരളത്തിലെ എം.എസ്.എം.ഇ.-കളിൽനിന്നും തിരഞ്ഞെടുത്ത 1000 എം.എസ്.എം.ഇ.-കളെ നാല് വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷം കോടി രൂപ വിറ്റുവരവുള്ള ബിസിനസ്സുകളായി ഉയർത്തുകയെന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ് മിഷൻ പദ്ധതി, മിഷൻ 1000 വിഭാവനം ചെയ്തിട്ടുള്ളത്. സ്കെയിൽ അപ് മിഷനിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് എം.എസ്.എം.ഇ.-കൾക്ക് ആവശ്യമായ മുൻകൂർ യോഗ്യതകൾ താഴെപ്പറയുന്നു.

i. UDYAM രജിസ്ട്രേഷനോടുകൂടി കേരളത്തിൽ രജിസ്റ്റർ ചെയ്തവയായിരിക്കണം.
ii. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തനം പൂർത്തീകരിച്ചിരിക്കണം.
iii. ഉൽപാദന മേഖലയിലോ സേവന മേഖലയിലോ ഉള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവയായിരിക്കണം.

2. പ്രധാനമന്ത്രിയുടെ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽകരണ പദ്ധതി (പി.എം.എഫ്.എം.ഇ. പദ്ധതി): വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Minsters Formalization of Micro Food Processing Enterprises) പദ്ധതിവഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാ

ബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതി പ്രകാരമുള്ള സ്ഥിര മൂലധനത്തിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്സിഡി. ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ആവശ്യമായ സഹായ സഹകരണങ്ങൾക്ക് നോഡൽ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ പദ്ധതി നിർവഹണത്തിൽ ജില്ലാ നോഡൽ പോയിന്റായി പ്രവർത്തിക്കുന്നു. ഗ്രണഭോക്താക്കൾക്ക് ഹാൻഡ് ഹോൾഡിങ് പിന്തുണ ലഭ്യമാക്കുന്നതിനായി ജില്ലാ തലത്തിൽ റിസോഴ്സ് പേഴ്സൺസിനെ (ഡി.ആർ.പി.) നിയമിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനും ബാങ്ക് വായ്പയെടുക്കുന്നതിനും FSSAI-യുടെ ഭക്ഷ്യ മാനദണ്ഡങ്ങളും ഉദ്യോഗ് ആധാർ, ജി.എസ്.ടി. തുടങ്ങിയുള്ള ആവശ്യമായ രജിസ്ട്രേഷനും ലൈസൻസുകളും നേടുന്നതിനും ഈ റിസോഴ്സ് പേഴ്സൺ വ്യക്തിഗത യൂണിറ്റുകൾക്കും സംഘങ്ങൾക്കും ഹാൻഡ് ഹോൾഡിങ് പിന്തുണ നൽകുന്നതാണ്. പ്രസ്തുത പദ്ധതി പ്രകാരം ആരംഭിക്കുന്ന സംരംഭങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങളും ധനസഹായങ്ങളും താഴെപ്പറയുന്നു.

1. വ്യക്തിഗത സംരംഭങ്ങൾക്കുള്ള ക്രെഡിറ്റ് ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി പദ്ധതി പ്രകാരമുള്ള സ്ഥിര മൂലധനത്തിന്റെ 35% പരമാവധി പരിധി 10 ലക്ഷം രൂപ.

2. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPOs)/പ്രൊഡ്യൂസർ കോ-ഓപ്പറേറ്റീവ്സ്.

3. പദ്ധതി പ്രകാരമുള്ള സ്ഥിര മൂലധനത്തിന്റെ 35% ക്രെഡിറ്റ്-ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി.

4. സ്വയം സഹായ ഗ്രൂപ്പുകൾ (സ്വയം സഹായ സംഘങ്ങൾ) പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്വാശ്രയസംഘത്തിലെ ഓരോ അംഗത്തിനും 40,000 രൂപ ഈ പദ്ധതി പ്രകാരം നൽകും.

5. വ്യക്തിഗത എസ്.എച്ച്.ജി. അംഗത്തിനുള്ള പിന്തുണയും സ്വാശ്രയ തലത്തിലുള്ള ഫെഡറേഷന് മൂലധന നിക്ഷേപത്തിനുള്ള പിന്തുണയും ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് @ 35%, പരമാവധി തുക 10 ലക്ഷം രൂപ.

6. പൊതു ഇൻഫ്രാസ്ട്രക്ചറിനുള്ള സഹായം - എഫ്.പി.ഒ.-കൾ, സ്വാശ്രയസംഘങ്ങൾ, സഹകരണസംഘങ്ങൾ, ഏതെങ്കിലും സർക്കാർ ഏജൻസി അല്ലെങ്കിൽ സ്വകാര്യ സംരംഭങ്ങൾ എന്നിവയ്ക്ക് 35% ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് പരമാവധി 3 കോടി രൂപ നൽകുന്നു. പദ്ധതി ചെലവ് 10 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

7. ബ്രാൻഡിങ്, മാർക്കറ്റിങ് എന്നിവയ്ക്കുള്ള സഹായം - എഫ്.പി.ഒ.-കൾ/സ്വാശ്രയ സംഘങ്ങൾ/സഹകരണ സംഘങ്ങൾ അല്ലെങ്കിൽ മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസുകളുടെ എസ്.പി.വി. എന്നിവയ്ക്കാണ് സഹായം നൽകുന്നത്. പദ്ധതി ചെലവിന്റെ 50% ആണ് പരമാവധി സഹായം.

3. <u>കേരളാ ബ്രാൻഡ്:</u> കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ-അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കേരള ബ്രാൻഡ്. ടി പദ്ധതിയുടെ പൊതുവായ നിർദേശങ്ങൾക്ക് 02-06-2023-ലെ G.O. (Ms) No.37/2023/ID

പ്രകാരം സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആദ്യഘട്ടമായി വെളിച്ചെണ്ണയാണ് കേരള ബ്രാൻഡ് നൽകുന്നതിന് തിരഞ്ഞെടുത്തിരിക്കുന്നത്. വെളിച്ചെണ്ണ നിർമ്മാണ സ്ഥാപനങ്ങൾക്ക് കേരള ബ്രാൻഡ് നൽകുന്നതിന് അവ പാലിക്കേണ്ട മാനദണ്ഡങ്ങൾ സംസ്ഥാന തലത്തിൽ അംഗീകരിച്ച് 07-12-2023-ലെ G.O (Rt) No. 1237/2023/ID പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മേഖലകളിൽ കേരള ബ്രാൻഡിങ്ങിലൂടെ പുതിയ ഉൽപന്നങ്ങൾ അവതരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

റോബോട്ടിക് സാങ്കേതികവിദ്യയുടെ ഹബ്ബ്

130(2485) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോബോട്ടിക് സാങ്കേതികവിദ്യയുടെ ഹബ്ബായി സംസ്ഥാനത്തെ മാറ്റാൻ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി നടത്തിയ ജനറേറ്റീവ് എ.ഐ. അന്താരാഷ്ട്ര കോൺഫറൻസ് പ്രയോജനപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ സംരംഭകരെ ഈ മേഖലയുമായി ബന്ധിപ്പിക്കാൻ സ്വീകരിച്ച നടപടി വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തിന്റെ വ്യവസായനയം ആരോഗ്യം, കൃഷി, വ്യവസായ ഓട്ടോമേഷൻ തുടങ്ങിയ രംഗങ്ങളിൽ റോബോട്ടിക് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താൻ പര്യാപ്തമാണോ; വിശദമാക്കുമോ?

(എ-ഡി) വ്യവസായ നയത്തിൽ രേഖപ്പെടുത്തിയിട്ടുള്ള 22 മുൻഗണന മേഖലയിൽ പ്രധാനപ്പെട്ട ഒന്നാണ് "റോബോട്ടിക്സ്" മേഖല. ഈ മേഖലയുടെ വളർച്ചക്ക് ഊന്നൽ നൽകുന്നതിന്റെ ഭാഗമായി 2024 ഓഗസ്റ്റ് മാസത്തിൽ കൊച്ചിയിൽ സർക്കാർ അന്താരാഷ്ട്ര റോബോട്ടിക് റൗണ്ട് ടേബിൾ സംഗമം സംഘടിപ്പിച്ചു. 190-ലധികം കമ്പനിയുടെയും സ്റ്റാർട്ടപ്പുകളുടെയും പ്രതിനിധികളായ 700-ൽ പരം ഡെലിഗേറ്റുകൾ ഈ പരിപാടിയിൽ പങ്കെടുത്തു. കൂടാതെ 31 എക്സിബിഷൻ സ്റ്റാളുകളും സന്ദർശകർക്ക്

പ്രദർശനത്തിനായി ഒരുക്കിയിരുന്നു. നിലവിലെ പുതിയ വ്യവസായ നയത്തിൽ നിർമ്മിത ബുദ്ധിയെ മുൻഗണനാ മേഖലയായി പരിഗണിക്കുന്നതിനാൽ ആഗോള തലത്തിൽ ഈ മേഖലയുടെ വളർച്ചയെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്ന ലക്ഷ്യത്തോടെ കേരള സർക്കാർ കൊച്ചിയിൽ അന്താരാഷ്ട്ര എ.ഐ. കോൺക്ലേവ് സംഘടിപ്പിച്ചു. ഇതിലൂടെ വ്യവസായവുമായി ബന്ധപ്പെട്ട ചർച്ചകളും ഇൻവെസ്റ്റർ പിച്ച് മീറ്റിങ്ങുകളും എക്സിബിഷനുകളും നടന്നു. ഈ പരിപാടികൾ വൻകിട സ്ഥാപനങ്ങളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിൽ ഗണ്യമായ സംഭാവന നൽകുമെന്ന് സർക്കാർ കരുതുന്നു. ഇത്തരത്തിലുള്ള പരിപാടികൾ കേരളത്തിൽ നിക്ഷേപവും സാമ്പത്തിക വളർച്ചയും പ്രോത്സാഹിപ്പിക്കാൻ സഹായകമായ അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട്. റോബോട്ടിക്സ് മേഖലയുടെ ഉന്നമനത്തിന് പ്രചോദനം നൽകുന്നതിനായി സംസ്ഥാനത്തെ ആദ്യ റോബോട്ടിക്സ് പാർക്ക് സ്വകാര്യ മേഖലയുടെ സഹകരണത്തോടെ സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ സ്റ്റാർട്ടപ്പ്/സീഡ് ഫണ്ട് മുഖേനയുള്ള വായ്പാ സഹായവും വാഗ്ദാനം ചെയ്തിട്ടുണ്ട്. റോബോട്ടിക് കോൺക്ലേവ്, റോബോട്ടിക്സ്

രംഗത്തെ ആധുനിക സാങ്കേതികവിദ്യകളെ പ്രദർശിപ്പിക്കാൻ മികച്ച വേദിയായി മാറുകയും ചെയ്തു. വ്യവസായ നയത്തിൽ ഉദ്ധരിച്ചിട്ടുള്ള 18 ആനുകൂല്യങ്ങളും ഈ മേഖലയിലും ബാധകമാണെന്ന് സർക്കാർ വ്യക്തമാക്കി. വ്യവസായ നയത്തിൽ ഊന്നിയുള്ള തുടർപ്രവർത്തനങ്ങൾ കേരളത്തെ രാജ്യത്തിന്റെ പ്രധാന റോബോട്ടിക് ഹബ്ബായി മാറ്റുമെന്ന് പ്രതീക്ഷിക്കുന്നു. 2023-ലെ വ്യവസായ നയം, ആരോഗ്യം, കൃഷി, വ്യവസായ ഓട്ടോമേഷൻ തുടങ്ങിയ മേഖലയിലെ റോബോട്ടിക് സാങ്കേതിക വിദ്യയുടെ പ്രയോജനപ്പെടുത്തലിന് പര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. പ്രസ്തുത നടപടികൾ റോബോട്ടിക്സ് മേഖലയുടെ വിപുലമായ വികസനത്തിനും നിക്ഷേപത്തിനും വഴിതെളിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വ്യവസായങ്ങളും പ്രായോഗിക ഗവേഷണ സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണം

131(2486) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായങ്ങളും പ്രായോഗിക ഗവേഷണ സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണം ദുർബലമായിത്തീരുന്നത് സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ;

(ബി) എങ്കിൽ ഇതുപരിഹരിക്കാൻ സർക്കാർ എന്തെങ്കിലും പദ്ധതികൾ രൂപപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഉദ്ദേശ്യത്തോടെ രൂപപ്പെടുത്തിയ പദ്ധതികളും അവയുടെ പുരോഗതിയും വ്യക്തമാക്കാമോ?

(എ-സി) വ്യവസായങ്ങളും പ്രായോഗിക ഗവേഷണ സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുക സർക്കാരിന്റെ പ്രധാന ലക്ഷ്യമാണ്. സാങ്കേതിക സർവകലാശാലയുമായി സഹകരിച്ച് സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ഇതനുസരിച്ച് വിവിധ സംരംഭങ്ങളുമായി ബന്ധപ്പെട്ട് സാങ്കേതികതലത്തിലും മാനേജ്മെന്റ് തലത്തിലും പരിഹരിക്കേണ്ട കാര്യങ്ങൾ കണ്ടെത്തുകയും സാങ്കേതിക സർവകലാശാലവഴി പ്രൊഫഷണൽ വിദ്യാർഥികൾക്ക് ഇന്റേൺഷിപ്പിന്റെ ഭാഗമായി അവ

നൽകിക്കൊണ്ട് ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഇതിന്റെ ഭാഗമായി വിദ്യാർഥികൾക്ക് ഗവേഷണം നടത്തുന്നതിന് ഗ്രാന്റ് അനുവദിച്ചുവരുന്നു. ഗവേഷണ പരിപാടിയിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ വിദ്യാർഥിക്കും പരമാവധി 6 മാസത്തേയ്ക്ക് പ്രതിമാസം 10,000 രൂപ ഗ്രാന്റ് അനുവദിക്കുന്നതാണ്. ആദ്യപടിയായി സാങ്കേതിക സർവകലാശാലയുമായി ചേർന്ന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. വ്യവസായശാലകളുടെ നേതൃത്വത്തിൽ സെന്റർ ഫോർ എക്സലൻസസ് സർവകലാശാലകളിൽ ആരംഭിക്കുന്നുണ്ട്. ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതാണ്.

കാസർഗോഡ് ചെങ്കൽ വ്യവസായ മേഖല

132(2487) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചെങ്കൽ വ്യവസായ മേഖലയിൽ സ്തംഭനാവസ്ഥ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്

പരിഹരിക്കാൻ സർക്കാർ നടത്തിയ ഇടപെടലുകളും ശ്രമങ്ങളും വിശദമാക്കാമോ?

ഉണ്ട്. കാസർഗോഡ് ഉൾപ്പെടെയുള്ള ജില്ലകളിലെ ചെങ്കൽ മേഖല അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി കേരള സംസ്ഥാന ചെങ്കൽ ഉൽപാദക മേഖലയിൽനിന്നും ആറ് അംഗങ്ങളും അഞ്ച് ജിയോളജി ഉദ്യോഗസ്ഥരുമടങ്ങുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. ടി കമ്മിറ്റി സമർപ്പിച്ച ശിപാർശകളിൽ കൂടുതൽ ശാസ്ത്രീയ പഠനത്തിനുവേണ്ടി 12-07-2024-ലെ സ.ഉ.(സാധാ)നം.592/2024/വ്യവസായം ഉത്തരവ് പ്രകാരം മൈനിംഗ് & ജിയോളജി ഡയറക്ടർ അധ്യക്ഷനായി ഒരു വിദഗ്ധ കമ്മിറ്റിയെ രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി നൽകിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയുമാണ്.

(ബി) നിയമപരമായി ഖനനാനുമതി ലഭിച്ച എത്ര ചെങ്കൽ ക്വാറികൾ കാസർഗോഡ് ജില്ലയിലുണ്ടെന്ന് വ്യക്തമാക്കാമോ; ഈ ക്വാറികളിൽനിന്ന്

ലഭ്യമാകുന്ന ചെങ്കല്ലുകൾമാത്രം ജില്ലയിലെ ആവശ്യങ്ങൾക്ക് മതിയാകുമോയെന്ന് വ്യക്തമാക്കുമോ?

ജില്ലയിൽ ഖനനാനുമതിയുള്ള ചെങ്കൽ ക്വാറികൾ നിലവിലില്ല.

(സി) നിയമപ്രകാരം ഖനനാനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ഖനനാനുമതിക്കായി പുതുതായി എത്ര അപേക്ഷകൾ കാസർഗോഡ് ജില്ലയിൽ ലഭിച്ചിട്ടുണ്ടെന്നും ഈ അപേക്ഷകൾ തീർപ്പാകാതെ എത്രകാലമായി തുടരുന്നുവെന്നും വ്യക്തമാക്കാമോ?

ചെങ്കൽ ഖനനത്തിനായുള്ള അപേക്ഷ സ്ഥലം ഒരു ഹെക്ടറിൽ താഴെയാണെങ്കിൽ ക്വാറിയിങ് പെർമിറ്റിനും ഒരു ഹെക്ടറിന് മുകളിലാണെങ്കിൽ ക്വാറിയിങ് ലീസിനുമാണ് അപേക്ഷിക്കേണ്ടത്. ചെങ്കൽ ക്വാറികൾക്ക് ക്വാറിയിങ് പെർമിറ്റ് ലഭിക്കുന്നതിനായാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ 2015-ലെ കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 4-ൽ പരാമർശിച്ചിട്ടുള്ള ഫോറം എ-യിലുള്ള അപേക്ഷയും 1000 രൂപ ഫീസടച്ച രസീതും വില്ലേജ് ഓഫീസിൽനിന്നും ലഭിച്ച സർവെ മാപ്പ്, കൈവശാവകാശ സർട്ടിഫിക്കറ്റ്, (മറ്റ് ഏതെങ്കിലും വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള

ഭൂമിയാണെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം), ഡീമാർക്കേഷൻ സർട്ടിഫിക്കറ്റ്, ഖനനാനുമതിക്കായി അപേക്ഷിച്ച സ്ഥലം മറ്റാവശ്യങ്ങൾക്ക് പതിച്ചുനല്കിയതല്ലെന്ന് സൂചിപ്പിച്ചുകൊണ്ടുള്ള നോൺ അസൈൻമെന്റ് സർട്ടിഫിക്കറ്റ്, ഭൂവുടമയുടെ നോട്ടറി സാക്ഷ്യപ്പെടുത്തിയ 200 രൂപ മുദ്രപത്രത്തിലുള്ള സമ്മതപത്രം, ജനറൽ അഫിഡവിറ്റ്, അപേക്ഷകരുടെയും ഉടമയുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ ആധാർ കാർഡിന്റെ പകർപ്പ്, കമ്പനിയാണെങ്കിൽ മെമ്മോറാണ്ടം ഓഫ് ആർട്ടിക്കിൾസ് ആൻഡ് അസോസിയേഷൻ റെസല്യൂഷൻ, പാർട്ണർഷിപ് ആണെങ്കിൽ പാർട്ണർഷിപ് ഡീഡ് തുടങ്ങിയവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ രേഖകൾ വകുപ്പിന്റെ ജില്ലാ ഓഫീസിൽ ഹാജരാക്കുമ്പോൾ ബന്ധപ്പെട്ട ജില്ലാ ആഫീസിൽനിന്നും അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ച് സ്ഥലപരിശോധന നടത്തി പെർമിറ്റ് അനുവദിക്കുന്നതിന്റെ ആദ്യപടിയായി അംഗീകരിച്ച മൈനിങ് പ്ലാനുമുൾപ്പടെ മറ്റ് വകുപ്പുകൾ അനുവദിക്കുന്ന സ്റ്റാറ്റ്യൂട്ടറി ലൈസൻസുകൾ ഹാജരാക്കുന്നതിനായുള്ള കെ.എം.എം.സി. ചട്ടം 8 പ്രകാരമുള്ള ലെറ്റർ ഓഫ്

ഇൻഡന്റ് (Letter of intent - LOI) അനുവദിക്കുകയും ചെയ്യുന്നു. ലെറ്റർ ഓഫ് ഇൻഡന്റ് പ്രകാരം ആവശ്യപ്പെട്ട എല്ലാ രേഖകളും 2023-ലെ കെ.എം.എം.സി. ഭേദഗതി ചട്ട പ്രകാരം വസ്തു ഉടമ അപേക്ഷകൻ അല്ലെങ്കിൽ വസ്തു ഉടമയുമായുള്ള കരാർ രജിസ്ട്രേഷൻ വകുപ്പിൽ രജിസ്റ്റർ ചെയ്തതിന്റെ പകർപ്പ് എന്നിവ ഹാജരാക്കുന്നമുറയ്ക്ക് ജില്ലാ ഓഫീസിൽനിന്നുതന്നെ പെർമിറ്റ് അനുവദിക്കുന്നു. മൂവ്മെന്റ് പെർമിറ്റ് അനുവദിക്കുന്നതിനുമുമ്പായി സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കനുസരിച്ച് ബാങ്ക് ഗ്യാരന്റിയും റോയൽറ്റിയും അപേക്ഷകൻ ഒടുക്കേണ്ടതായിട്ടുണ്ട്. ക്വാറിയിങ് ലീസിനാണെങ്കിൽ 2015-ലെ കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 27-ൽ പരാമർശിച്ചിരിക്കുന്ന ഫോറം ബി-യിലുള്ള അപേക്ഷയോടൊപ്പം അപേക്ഷാ ഫീസായി 10,000 രൂപയും തഹസിൽദാറിൽനിന്നുള്ള സർവെ സ്കെച്ചും ഇൻകം ടാക്സ് അഫിഡവിറ്റ്/ ലേറ്റസ്റ്റ് ഫയൽ ചെയ്തതിന്റെ പകർപ്പ് എന്നിവകൂടി ക്വാറിയിങ് പെർമിറ്റിനായുള്ള അപേക്ഷയ്ക്ക് സമർപ്പിക്കേണ്ട രേഖകൾക്ക് പുറമെ അപേക്ഷകൻ ഹാജരാക്കേണ്ടതായിട്ടുണ്ട്. ലീസിനായി അപേക്ഷകൾ ജില്ലാ ഓഫീസിൽനിന്നും പരിശോധന നടത്തി വകുപ്പിന്റെ ആസ്ഥാന

കാര്യാലയത്തിലേക്ക് അയക്കുകയും അവിടെനിന്നും ലെറ്റർ ഓഫ് ഇൻഡന്റും തുടർന്ന് ലീസും അനുവദിക്കുന്നതാണ്. 2023-24 സാമ്പത്തികവർഷം മുതൽ ഇതുവരെ ചെങ്കൽ ഖനനാനുമതിക്കായി 13 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 10 എണ്ണത്തിന് ലെറ്റർ ഓഫ് ഇൻഡന്റ് അനുവദിച്ചിട്ടുണ്ട്. ബാക്കി 3 എണ്ണം അപാകത പരിഹരിക്കുന്നതിന് അപേക്ഷകന് നിർദേശം നൽകിയിട്ടുണ്ട്.

(ഡി) ചെങ്കൽ ക്വാറികൾക്ക് പെർമിറ്റ് അനുവദിക്കുന്നതിൽ നിയമങ്ങൾ കർശനമാക്കിയും വലിയ തുക പിഴ ചുമത്തിയും ക്വാറി ഉടമകളെയും തൊഴിലാളികളെയും ബുദ്ധിമുട്ടിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ചെങ്കൽ മേഖലയിലെ വിശിഷ്യാ നിർമ്മാണ മേഖലയിലെ സ്തംഭനാവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഇല്ല. ചെങ്കൽ മേഖലയിലെ വിവിധ വിഷയങ്ങളെ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി രൂപീകരിച്ച വിദഗ്ധ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ഇ) പരിശോധനയ്ക്കിടെ പിടിക്കപ്പെട്ട വാഹനങ്ങൾ ഇപ്പോൾ എത്ര ദിവസത്തിനകമാണ് നടപടി പൂർത്തിയാക്കി വിട്ടുനൽകുന്നതെന്നും അത് വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

2015-ലെ കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 108 പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് അനധികൃത കടത്തിന് കസ്റ്റഡിയിലെടുക്കുന്ന വാഹനങ്ങളുടെ ഉടമ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി പിഴ ഒടുക്കുന്നപക്ഷം അപ്പോൾതന്നെ നടപടി പൂർത്തിയാക്കി വാഹനം വിട്ടുനൽകാറുണ്ട്.

(എഫ്) കാസർഗോഡ് ജില്ലയിൽ ചെങ്കൽ ക്വാറികളായ ഭൂമിയുടെ അഭാവമുള്ളതിനാൽ മറ്റാവശ്യങ്ങൾക്ക് പട്ടയം നൽകിയ ഭൂമിയിൽ ചെങ്കൽ ക്വാറികൾ നടത്താൻ അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ?

ഇത്തരം ഒരു പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

സ്കിൽ ഡെവലപ്മെന്റ് പ്രവർത്തനങ്ങൾക്ക് ലഭിച്ച കേന്ദ്ര സാമ്പത്തികസഹായം

133(2488) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ മുഖേന സ്കിൽ ഡെവലപ്മെന്റ് പ്രവർത്തനങ്ങൾക്കായി 2016 മുതൽ നാളിതുവരെ കേന്ദ്രസർക്കാരിൽനിന്നും കേരളത്തിന് ലഭിച്ച സാമ്പത്തിക സഹായത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

പട്ടികജാതി-പട്ടികവർഗ മേഖലയിലെ സംരംഭകരുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പട്ടികജാതി-പട്ടികവർഗ ഹബ്ബ് പദ്ധതിക്കായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന് കേന്ദ്ര സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മന്ത്രാലയം മുഖേന 15,00,000 രൂപ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഫണ്ടിൽനിന്നും ഓരോ വർഷവും ചെലവഴിച്ച തുകയുടെ കണക്ക് ലഭ്യമാക്കുമോ?

മേൽസൂചിപ്പിച്ച ഫണ്ടുകൂടി ഉൾപ്പെടുത്തി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ പട്ടികജാതി-പട്ടികവർഗ മേഖലയിലെ സംരംഭകരുടെ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾക്കായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

വർഷം	ചെലവാക്കിയ തുക
2018-2019	12,14,141 രൂപ
2019-2020	6,60,259 രൂപ
2020-2021	7,85,620 രൂപ
2021-2022	3,26,480 രൂപ
ആകെ	29,86,500 രൂപ

(സി) പ്രസ്തുത ഫണ്ടുപയോഗിച്ച് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പ്രസ്തുത ഫണ്ടുപയോഗിച്ച് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെച്ചേർക്കുന്നു.

2018 -2019

കൊച്ചിയിലെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് നടന്ന ഭക്ഷ്യ സംസ്കരണ മേഖലയിലെ നൈപുണ്യ വികസന പരിശീലന പരിപാടി (2018 ഡിസംബർ 10 മുതൽ 15 വരെ). എന്റർപ്രണർഷിപ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുമായി സഹകരിച്ച് കൊച്ചിയിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റിൽവച്ച് സംഘടിപ്പിച്ച മുള മേഖലയിലെ നൈപുണ്യ, സംരംഭകത്വ വികസന പരിശീലന പരിപാടി

(2018 ഡിസംബർ 17 മുതൽ 21 വരെ). ദലിത് ഇന്ത്യൻ ചേംബർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുടെ കേരള ചാപ്റ്റർ മുഖേന (2019 മാർച്ച് 9-10) ഇടുക്കിയിലെ തേക്കടിയിൽ നടന്ന ഉൽപന്ന പരിശീലന പരിപാടി.

2019 -2020

കൈത്തറി മേഖലയിലെ നൈപുണ്യ വികസന പരിശീലന പരിപാടി 2019 ഡിസംബർ 17 മുതൽ 2020 മാർച്ച് 17 വരെ തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. നാച്വറൽ സിൽക്ക് കൊക്കൂൺ ക്രാഫ്റ്റ് പരിശീലനം - 2020 മാർച്ച് 9 മുതൽ 15 വരെ കൊച്ചിയിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ് ഡെവലപ്മെന്റിൽവച്ച് നടത്തി.

2020 -2021

നൈപുണ്യ വികസന പരിശീലന പരിപാടി - 2021 ജനുവരി 13 മുതൽ 26 വരെ (സംരംഭകത്വ & നൈപുണ്യ വികസന സൊസൈറ്റി, അരുവിക്കര, തിരുവനന്തപുരം). നൈപുണ്യ വികസനവും വസ്ത്ര ഡിസൈനിങ് പരിശീലനവും - 2021 ഫെബ്രുവരി 12 മുതൽ മാർച്ച് 1 വരെ 14 ദിവസം (തണൽ സാംസ്കാരിക സമിതി, തിരുവനന്തപുരം).

2021 -2022

2021 ജൂലൈ 29 മുതൽ ഓഗസ്റ്റ് 18 വരെ 14 ദിവസത്തെ സ്കിൽ ഡെവലപ്മെന്റ് ആൻഡ് ഗാർമെന്റ് ഡിസൈനിങ് പരിശീലനം തിരുവനന്തപുരം, കോവളത്ത് വെള്ളാറിൽ സംഘടിപ്പിച്ചു. (തണൽ സാംസ്കാരിക സമിതി, തിരുവനന്തപുരം).

(ഡി) കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (കെ.എ.എസ്.ഇ.), കേരള സ്റ്റാർട്ടപ്പ് മിഷൻ എന്നീ സ്ഥാപനങ്ങൾ വഴി 2016 മുതൽ നാളിതുവരെ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) ഇതിനായി പ്രസ്തുത കാലയളവിൽ എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(എഫ്) പരിശീലനം പൂർത്തിയാക്കിയ എത്ര പേർ പ്രസ്തുത കാലയളവിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

(ഡി-എഫ്) കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ്, കേരള സ്റ്റാർട്ടപ്പ് മിഷൻ എന്നീ സ്ഥാപനങ്ങൾ വഴി വ്യവസായ വകുപ്പ് പരിശീലനം നൽകിയിട്ടില്ല.

വ്യവസായരംഗത്തെ വളർച്ച

134(2489) ശ്രീ. മാണി. സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ രംഗത്ത് വലിയ വളർച്ചയുണ്ടെന്ന അവകാശവാദം നിലനിൽക്കുമ്പോഴും 2022-23 കാലയളവിൽ രാജ്യത്തിന്റെ ജി.ഡി.പി.-യിലേക്കുള്ള സംസ്ഥാന വിഹിതമായ 3.8 ശതമാനത്തിൽനിന്നും മാറ്റമില്ലാത്ത വളർച്ചയാണ് 2023-24 കാലഘട്ടത്തിലും രേഖപ്പെടുത്തിയിരിക്കുന്നതെന്ന പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക സമിതിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വ്യവസായരംഗത്ത് വലിയ വളർച്ച കൈവരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ മേഖലകളിൽ വളരെയധികം നേട്ടങ്ങളാണ് നാളിതുവരെയായി കേരളം കൈവരിച്ചിട്ടുള്ളത്. കഴിഞ്ഞ 5 വർഷക്കാലയളവിൽ (2018-19 മുതൽ 2022-23 വരെ) കേരളത്തിലേക്കുമാത്രം ആകർഷിച്ച നിക്ഷേപം ഏകദേശം 91,573 കോടി രൂപയുടേതാണെന്ന് ദേശീയതലത്തിൽ എം.എസ്.എം.ഇ. എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ നടത്തിയ പഠനമായ 'സ്റ്റഡി ഓൺ ഇൻവെസ്റ്റ്മെന്റ് ഗ്രോത്ത് ആൻഡ് ഡെവലപ്മെന്റ്' എന്ന റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു. കൂടാതെ 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ 33,815 കോടി രൂപയുടെ നിക്ഷേപ പദ്ധതികൾ സംസ്ഥാനത്ത് പൂർത്തിയായതായും പഠനം പറയുന്നു. മാത്രമല്ല, കേരള സർക്കാർ നടപ്പിലാക്കിയ സംരംഭക വർഷം പദ്ധതിയിലൂടെ നാളിതുവരെ ആകെ 305319 സംരംഭങ്ങൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുകയും അതുവഴി 19797.14 കോടി രൂപ നിക്ഷേപവും 6,49,436 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ വ്യാവസായികരംഗത്തും ആഭ്യന്തര

ഉൽപാദനരംഗത്തുമുണ്ടായിട്ടുള്ള വളർച്ച രാജ്യത്തിന്റെ ജി.ഡി.പി.-യിലേക്ക് ഗണ്യമായി സംഭാവന നൽകിയെന്ന് വിലയിരുത്തിയിട്ടുണ്ട്. കേരളത്തിന്റെ ആപേക്ഷിക പ്രതിശീർഷ വരുമാനം ദേശീയ ശരാശരിയുടെ 152.5 ശതമാനമാണെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. സംരംഭകരംഗത്ത് വളർച്ച കൈവരിക്കാൻ വിവിധ നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉൽപാദനവും തൊഴിലും വർധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്കാവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കി നൽകിയും വ്യവസായം തുടങ്ങാനാവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകാൻ സഹായിക്കുകയും ചെയ്യുകവഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ

സംസ്ഥാനമാക്കി മാറ്റിയിരിക്കുന്നു. കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018 നടപ്പിലാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് കെ-സിഫ്റ്റ് സോഫ്റ്റ്വെയർ നിലവിലുണ്ട്. 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമസഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽവരികയും ചെയ്തു. ഈ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽനിന്ന് പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധനയില്ലാതെ ഉടൻതന്നെ ജില്ലാ ഏകജാലക

ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്നുവർഷം കാലാവധിയുണ്ട്. മൂന്നുവർഷത്തിനുശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ അപ്രകാരമുള്ള കൈപ്പറ്റ് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പർ അതിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിലേക്ക് മാത്രം കെട്ടിടത്തിന് നൽകപ്പെട്ട താൽക്കാലിക നമ്പരായി കരുതപ്പെടുന്നതാണ്. സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സേവനങ്ങളും മറ്റ് വിവരങ്ങളും സംരംഭകരിലെത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പേജ് പ്രവർത്തനം

ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി എം.എസ്.എം.ഇ ക്ലിനിക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനുകീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 എന്റർപ്രൈസസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ച് പ്രവർത്തനം നടന്നുവരുന്നു. ജില്ലാ-താലൂക്ക്-തദ്ദേശ സ്ഥാപന തലങ്ങളിലുള്ള ഈ സംവിധാനങ്ങൾ കൂടുതൽ നിക്ഷേപകരെ കണ്ടെത്തുന്നതിന് സഹായകരമാകുന്നുണ്ട്. സംരംഭകർക്ക് വിവിധ വകുപ്പുകളിൽനിന്നുള്ള അനുമതികൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ

പരിഹരിക്കുന്നതിനായി 2022-ലെ 19 നമ്പർ ആക്ട് പ്രകാരം 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ് ഏരിയ ഡെവലപ്മെന്റ് ആക്ട്, 1999 (2000-ലെ നിയമം 5)-ന്റെ ഭേദഗതിവഴി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ഈ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്കുകൾ സ്ഥാപിച്ചു. എല്ലാ

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 5 വർഷത്തേക്ക് 6% പലിശ സബ്സിഡി നൽകിക്കൊണ്ട് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ ഒരു കുടുംബം ഒരു സംരംഭം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ-അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിനും സഹായിക്കുന്നതിനായി "കേരള ബ്രാൻഡ്" സംവിധാനം ആരംഭിച്ചിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെയും ചെറുകിട വ്യാപാരികളെയും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്ക് പ്രവേശനം നേടുന്നതിന് സഹായിക്കുന്നതിനായി ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സുമായി (ONDC) MoU ഒപ്പുവച്ചു. ഒ.എൻ.ഡി.സി. നെറ്റ്വർക്കിലേക്ക് പ്രോഡക്ടുകൾ ഓൺബോർഡ് ചെയ്യുന്നതിനുള്ള മാർഗനിർദേശവും പിന്തുണയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾവഴി നൽകിവരുന്നു. സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമായി വ്യവസായ വാണിജ്യ വകുപ്പ്, സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം

സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ.) മിനിമം ഇൻഷ്വറൻസ് പരിരക്ഷ നൽകാൻവേണ്ടി എം.എസ്.എം.ഇ. ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എം.എസ്.എം.ഇ.-കൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന മുൻകൂട്ടികാണാൻ കഴിയാത്ത അപകടസാധ്യതകളിൽനിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. എം.എസ്.എം.ഇ. നൽകുന്ന വാർഷിക ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 50 ശതമാനം വരെ (പരമാവധി 5000 രൂപ) റീ-ഇംബേഴ്സമെന്റായി നൽകുന്ന ഈ പദ്ധതി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേനയാണ് നടപ്പിലാക്കുന്നത്. താൽപര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കുവാനും പ്രസ്തുത ഉൽപന്നങ്ങളുടെ മൂല്യവർധനയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കുന്നു. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 456 തദ്ദേശ സ്ഥാപനങ്ങൾ ഉൽപന്നങ്ങൾ

കണ്ടെത്തിയിട്ടുണ്ട്. കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിന് വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേക്കും പൊതുജനങ്ങളിലേക്കും നേരിട്ടെത്തിക്കുവാൻ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തദ്ദേശസ്ഥാപനങ്ങളിലും എന്റർപ്രണർഷിപ് ഫെസിലിറ്റേഷൻ കാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ എം.എസ്.എം.ഇ.-കളിൽനിന്നും തിരഞ്ഞെടുത്ത 1000 എം.എസ്.എം.ഇ.-കളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുകയെന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതി, മിഷൻ 1000 എന്നീ പദ്ധതികൾ ആരംഭിച്ചിട്ടുള്ളത്. ആദ്യപടിയായി ഇതുവരെ 213 സംരംഭങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. തിരഞ്ഞെടുത്ത സംരംഭങ്ങളിൽനിന്നും ആനുകൂല്യത്തിനായി അപേക്ഷകൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് സംരംഭകർക്ക് അനുകൂലമായ ഒരു വ്യാവസായിക ഇക്കോസിസ്റ്റമുണ്ടാക്കുന്നതിന് സർക്കാർ ക്രിയാത്മകമായ നടപടികളാണ് കൈക്കൊണ്ടുവരുന്നത്. വ്യവസായരംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തിന്റെ ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടും അതിന്റെ അന്തർലീനമായ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ഒരു ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച് യാഥാർത്ഥ്യബോധത്തോടെ വ്യവസായ നയം, 2023 [01-04-2023 സ.ഉ. (കൈ) നം. 28/2023/ID] സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവത്കരണം സാധ്യമാക്കാനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. നാലാം വ്യവസായ വിപ്ലവം

ഉറന്നുതരുന്ന വിപുലമായ സാധ്യതകളെ സമർഥമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ടുവയ്ക്കുന്നു. വ്യവസായ വികസനത്തിൽ രാജ്യത്ത് ഉന്നത സ്ഥാനത്തേക്ക് സംസ്ഥാനത്തെ എത്തിക്കുന്നതിനായി വിവിധ സ്വയംതൊഴിൽ പദ്ധതികളിലൂടെ ആനുകൂല്യം നൽകിവരുന്നു. വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെച്ചേർക്കുന്നു.

1. സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.)

2. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻമണി ഗ്രാന്റ് പദ്ധതി

3. ഒരു കുടുംബം ഒരു സംരംഭം പദ്ധതി.

4. നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം.

5. മാനുഫാക്ചറിങ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി.

6. തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി (Scheme for revival of MSMEs with stressed asset, Defunct MSME units and cashew processing units).

സംസ്ഥാനത്ത് വിവിധ മേഖലകളുൾക്കൊള്ളുന്ന 31 വ്യവസായ പാർക്കുകൾ കിൻഫ്ര വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ഇതുവരെ ഏറ്റെടുത്ത ഭൂമിയിൽ 3438.23 ഏക്കർ ഭൂമിയും വിവിധ സംരംഭകർക്ക് കിൻഫ്ര അനുവദിച്ചു. 1407707.01 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ബഹുനില ഫാക്ടറി കെട്ടിടങ്ങളിലെ (SDF) 1163750.42 ചതുരശ്ര അടി അനുവദിച്ചു. കിൻഫ്ര നടത്തിയ വിവിധ അലോട്ട്മെന്റുകൾ മുഖേന 70000-ഓളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും 6000-ത്തോളം കോടി രൂപയുടെ സ്വകാര്യ നിക്ഷേപങ്ങൾ കേരളത്തിലെത്തിക്കുവാനും കഴിഞ്ഞു. 2021 ഏപ്രിൽ മുതൽ 2024 സെപ്റ്റംബർ വരെ കിൻഫ്ര 462 യൂണിറ്റുകൾക്കായി 236 ഏക്കർ ഭൂമിയും 5.85 ലക്ഷം ചതുരശ്ര അടി ബഹുനില കെട്ടിടസമുച്ചയവും ആണ് അലോട്ട്മെന്റ് നടത്തിയത്. ഇതുമുഖേന 28094-ഓളം തൊഴിലവസരങ്ങൾ

സൃഷ്ടിക്കുവാനും 2287-ഓളം കോടി രൂപയുടെ സ്വകാര്യ നിക്ഷേപങ്ങൾ കേരളത്തിലെത്തിക്കുവാനും കഴിഞ്ഞു.

കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി സ്ഥലമേറ്റെടുക്കൽ:

വ്യവസായവത്കരണവും വ്യവസായ പുരോഗതിയും കൈവരിക്കാനായുള്ള ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ പ്രത്യേക പദ്ധതിയാണിത്. സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കുന്നതിന്റെ ചുമതല കിൻഫ്രയ്ക്കാണ്. പാലക്കാടിൽ (ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിന്) 1450-ഓളം ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. കേന്ദ്ര സർക്കാർ 28-08-2024-ന് 3806 കോടി രൂപയ്ക്ക് പാലക്കാടുള്ള ഇന്റഗ്രേറ്റഡ് മാനുഫാക്ചറിങ് ക്ലസ്റ്ററിന് കേന്ദ്ര കാബിനറ്റ് അംഗീകാരം നൽകി. സി.സി.ഇ.എ. അംഗീകാരത്തിനുപുറമെ തുടർന്നുള്ള നടപടിക്രമങ്ങൾ പ്രാപ്തമാക്കുന്നതിന് ഗവൺമെന്റ് ഓഫ് ഇന്ത്യയും ഗവൺമെന്റ് ഓഫ് കേരളയും തമ്മിലുള്ള പ്രവർത്തനങ്ങളുടെ ഏകോപനം വേഗത്തിലാക്കാൻ സംസ്ഥാനം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. പാലക്കാട് നോഡിൽ 10,000 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്.

22000-ഓളം നേരിട്ടും 80000 പരോക്ഷവുമായ തൊഴിൽ അവസരങ്ങളാണ് പ്രതീക്ഷിക്കുന്നത്.

- പ്രമുഖ കമ്പനികളുടെ വ്യവസായ നിക്ഷേപം: ഈ കാലയളവിൽ പ്രമുഖ സ്ഥാപനങ്ങളായ ടി.സി.എസ്., ടാറ്റ എലക്സി, വി-ഗാർഡ്, അഗാപ്പെ ഡയഗ്നോസ്റ്റിക്സ്, ഹൈകോൺ, വിൻ-വിഷ് ടെക്നോളജീസ്, ട്രാൻസ് ഏഷ്യൻ ഷിപ്പിംഗ് കോ, ജോളി കോട്സ്, ഡി-സ്പേസ്, ജെൻറോബോട്ടിക്സ് എന്നിവർക്ക് അലോട്ട്മെന്റ് കൊടുക്കാൻ സാധിച്ചു.
- അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, 1.2 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഒരു റെഡി ടു മൂവ് ഇൻ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി പൂർത്തീകരിച്ച് ഐ.ടി/ഐ.ടി.ഇ.എസ്. വ്യവസായങ്ങൾക്കായി ഉദ്ഘാടനം ചെയ്തു.
- കിൻഫ്ര സ്പൈസസ് പാർക്ക് ഒന്നാംഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കി 2023 ഒക്ടോബർ 14-ന് പാർക്ക് ഉദ്ഘാടനം ചെയ്തു. 80% ഭൂമിയും അനുവദിച്ചുകഴിഞ്ഞു.

- ഇന്റർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെന്റർ, (IECC) കാക്കനാട്, കൊച്ചി-എക്സിബിഷൻ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

- കിൻഫ്ര ഫിലിം & വീഡിയോ പാർക്കിലെ എസ്.ഇ.ഇസഡ്.-ൽ ഏകദേശം രണ്ട് ലക്ഷം ചതുരശ്ര അടി ബിൽറ്റ് അപ്പ് ഏരിയയിൽ ഒമ്പത് നിലകളിലായി ഒരു അത്യാധുനിക ഐ.ടി. കെട്ടിടം (ഘട്ടം-I) പൂർത്തീകരിച്ചു. പ്രമുഖ എം.എൻ.സി. കമ്പനിയായ ടാറ്റ എലക്സിക്ക് കെട്ടിടം പൂർണ്ണമായും അനുവദിച്ചു.

- മലപ്പുറം, കാക്കഞ്ചേരി, കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിൽ 1 ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് ഏരിയയിൽ ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (നിയോസ്പേസ് II) പൂർത്തിയായി. ഐ.ടി/ഐ.ടി.ഇ.എസ്. വ്യവസായങ്ങൾക്കായി പൂർണ്ണമായും അനുവദിച്ചിരിക്കുന്നു.

- ഗ്രാഫീനിന് അനുകൂലമായ ഒരു സംസ്ഥാന ആവാസവ്യവസ്ഥ വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സംസ്ഥാന സർക്കാർ ഒരു

കേരള ഗ്രാഫീൻ നയം ആവിഷ്കരിച്ചിട്ടുണ്ട്. ഗ്രാഫീൻ പാർക്ക് പൈലറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി (GPPF) സ്ഥാപിക്കുന്നതിനായി ഒറ്റപ്പാലത്തെ കിൻഫ്ര ഡിഫൻസ് പാർക്കിൽ ബിൽറ്റ്-അപ്പ് ഏരിയകളും സ്ഥലവും ഏറ്റെടുക്കുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള (DUK) താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഗ്രാഫീൻ പാർക്കിനായി ഏകദേശം 60000 ചതുരശ്ര അടി ബിൽറ്റ്-അപ്പ് ഏരിയയും അലോട്ട് ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 10 ഏക്കറോളം സ്ഥലം നിർദ്ദിഷ്ട പദ്ധതിക്കായി മാറ്റിവച്ചിരിക്കുന്നു.

(ബി) സംസ്ഥാനത്തെ മൊത്ത ആഭ്യന്തര ഉൽപാദനം ഓരോ വർഷവും മെച്ചപ്പെട്ടുവരുമ്പോഴും അത് ദേശീയതലത്തിൽ പ്രതിഫലിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

2022-23 സാമ്പത്തിക വർഷത്തിൽ കേരളം ദേശീയ ശരാശരിയെ മറികടന്ന് 6.6 ശതമാനം ജി.ഡി.പി. വളർച്ച കൈവരിച്ചതായി കേരള പ്ലാനിങ് ബോർഡിന്റെ പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

സംരംഭക വർഷം പദ്ധതി

135(2490) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി ഏറനാട് നിയോജകമണ്ഡലത്തിൽ ഏതെങ്കിലും വ്യവസായ സംരംഭം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി ഏറനാട് നിയോജകമണ്ഡലത്തിൽ 1595 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപയുടെ മുതൽമുടക്ക് സംസ്ഥാനത്തുണ്ടായിട്ടുണ്ടെന്നും ഇതുവഴി എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷം മുതൽ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടത്തിവരുന്ന കാമ്പയിനായ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ഒക്ടോബർ 10 വരെയുള്ള ദിവസത്തെ കാലയളവിൽ സംസ്ഥാനത്ത് ആകെ 304551 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതുവഴി

19,724.13 കോടി രൂപയുടെ നിക്ഷേപവും 647269 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെച്ചേർക്കുന്നു.

ക്രമ നമ്പർ	ജില്ല	ആരംഭിച്ച സംരംഭങ്ങൾ	ആകെ നിക്ഷേപം (കോടി രൂപയിൽ)	തൊഴിലവസരങ്ങൾ
1	തിരുവനന്തപുരം	31908	1809.4	63885
2	കൊല്ലം	25627	1497.28	52664
3	പത്തനംതിട്ട	11182	548.23	22642
4	ആലപ്പുഴ	24091	1210.06	47462
5	കോട്ടയം	17673	1097.11	35599
6	ഇടുക്കി	9398	622.16	19622
7	എറണാകുളം	31013	2819.01	75007
8	തൃശ്ശൂർ	28925	1670.08	60305
9	പാലക്കാട്	26884	1687.6	59709
10	മലപ്പുറം	28039	1927.25	64879
11	കോഴിക്കോട്	26672	1853.39	57355
12	വയനാട്	8320	581.5	17792
13	കണ്ണൂർ	23844	1666	48453
14	കാസർഗോഡ്	10975	735.06	21895
	ആകെ	3,04,551	19,724.13	6,47,269

കരകൗശല മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾ

136(2491) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നല്കിവരുന്നതെന്ന് വിശദമാക്കാമോ?

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ സഹായം നൽകാനും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം നടപ്പാക്കുന്ന ആശ (കരകൗശല തൊഴിലാളികൾക്ക് സഹായം) പദ്ധതി നടപ്പിലാക്കിവരുന്നു. ഉദ്യം രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കരകൗശല യൂണിറ്റുകൾക്ക് പരമാവധി 2 ലക്ഷം രൂപ സ്ഥിരാസ്തി ആർജിക്കുന്നതിന് ചെലവായ തുകയുടെ 40% പൊതുവിഭാഗങ്ങൾക്കും പരമാവധി 3 ലക്ഷം രൂപ സ്ഥിരാസ്തി ആർജിക്കുന്നതിന് ചെലവായ തുകയുടെ 50% സ്ത്രീകൾ/പട്ടികജാതി/

പട്ടികവർഗക്കാർ/യുവതീയുവാക്കൾ എന്നീ പ്രത്യേക വിഭാഗങ്ങളിൽപ്പെട്ടവർക്കും സബ്സിഡി നൽകുന്ന പദ്ധതി പ്രകാരം സഹായം നൽകിവരുന്നു. 2024-25 സാമ്പത്തിക വർഷം 30 ലക്ഷം രൂപയുടെ ഭരണാനുമതി ആശ പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്. ആയതിൽ 6,00,000 രൂപ ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. NBCFDC Channelizing agency ആയി 1998-99 കാലയളവിൽ രജിസ്റ്റർ ചെയ്ത് കുടിൽ വ്യവസായ മേഖലയിൽ ആർട്ടിസാൻമാർക്ക് ചെറുകിട യൂണിറ്റുകൾ ആരംഭിക്കുന്നതിന് കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ) വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കിവരുന്നുണ്ട്. നാളിതുവരെ 12.5 കോടി രൂപ ആർട്ടിസാന്മാരുടെ ഇടയിൽ വിതരണം ചെയ്യാനും രണ്ടായിരത്തോളം ആർട്ടിസാൻ യൂണിറ്റുകൾ തുടങ്ങുവാനും പതിനായിരത്തോളം തൊഴിലാളികൾക്ക് ജീവിതമാർഗം ലഭ്യമാക്കാനും കോർപ്പറേഷന് സാധിച്ചിട്ടുണ്ട്. പ്രസ്തുത വായ്പകൾ ഉപയോഗിച്ച് ചെറുകിട യന്ത്രങ്ങളും കൈകൊണ്ട് ഉപയോഗിക്കുന്ന ഉപകരണങ്ങളും ആർട്ടിസാന്മാർക്ക് ലഭ്യമാക്കാൻ കാഡ്കോയ്ക്ക് സാധിച്ചിട്ടുണ്ട്. കേരള

ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ 1990-91 മുതൽ സംസ്ഥാന സർക്കാരിന്റെ Rate contract, Accreditation, Civil contract license എന്നിവയ്ക്ക് അർഹമാകുകയും അതുവഴി ഒരു വർഷം ശരാശരി ഒരുലക്ഷത്തോളം തൊഴിൽ ദിനങ്ങൾ കാഡ്കോ മുഖാന്തരം ആർട്ടിസാന്മാർക്ക് ലഭ്യമാക്കിയിട്ടുമുണ്ട്. കഴിഞ്ഞ 5 വർഷം ആർട്ടിസാൻമാർക്ക് 873804 തൊഴിൽ ദിനങ്ങൾ കാഡ്കോ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കഴിഞ്ഞ 5 വർഷമായി NBCFDC-യിൽനിന്ന് ലഭ്യമായ 7.2 കോടി രൂപ ഉപയോഗപ്പെടുത്തി ആർട്ടിസാൻ ലോണുകൾ നൽകുകവഴി 268 ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കുവാനും അതുവഴി 1340 പേർക്ക് തൊഴിൽ ലഭ്യമാക്കാനും കാഡ്കോ മുഖാന്തരം സാധിച്ചിട്ടുണ്ട്. പരമ്പരാഗത മരപ്പണിക്കാർക്ക് ആധുനിക തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 130 ടൂൾ കിറ്റുകൾ കാഡ്കോ വിതരണത്തിന് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കരകൗശലമേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി നിരവധി പ്രവർത്തനങ്ങൾ കരകൗശല വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്നുണ്ട്. സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി

കരകൗശല വികസന കോർപ്പറേഷൻ കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കിവരുന്നു. കരകൗശല മേഖലയിൽ പുതിയ ഉൽപന്നങ്ങളുടെ ഡിസൈനുകൾ സൃഷ്ടിക്കുക, പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ഉൽപാദനവും വിപണനവും വർധിപ്പിക്കുക എന്നീ പ്രവർത്തനങ്ങളും കോർപ്പറേഷൻ നടത്തിവരുന്നു. പ്രധാൻമന്ത്രി വിശ്വകർമ്മ പദ്ധതിയനുസരിച്ച് എല്ലാ ജില്ലകളിലും ഡി.ഐ.സി.-യും MoMSME വഴിയും ട്രെയിനിങ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും 18 തരം കൈത്തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കുവേണ്ടിയുള്ള രജിസ്ട്രേഷൻ ക്യാമ്പുകളും സംസ്ഥാനതലത്തിൽ കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലെ ഉദ്യോഗസ്ഥർക്കുവേണ്ടിയുള്ള ട്രെയിനിങുകളും നടത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 50613 ആർട്ടിസാന്മാർ രജിസ്റ്റർ ചെയ്യുകയും അതിൽ നാളിതുവരെ 19137 ആർട്ടിസാന്മാർ മൂന്ന് തരത്തിലുള്ള പരിശോധന കഴിഞ്ഞ് ആനുകൂല്യങ്ങൾക്കുള്ള അർഹത നേടുകയും ചെയ്തു. 2391 പേർക്ക് ട്രെയിനിങ് കഴിയുകയും 760 പേർക്ക് 7,39,84,000 രൂപ ലോൺ കൊടുത്തിട്ടുമുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരകൗശല മേഖലയിൽ പുതുതായി എത്ര സംരംഭകർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

ആർട്ടിസാൻമാരുടെ വാർഡ് തിരിച്ചുള്ള സമഗ്ര വിവരശേഖരണം, കാഡ്കോയുടെ നേതൃത്വത്തിൽ ആർട്ടിസാൻസ് ലേബർ ഡാറ്റ ബാങ്ക് എന്ന പേരിൽ തുടങ്ങിക്കഴിഞ്ഞു. 19612 ആർട്ടിസാന്മാർ പ്രസ്തുത വിവരശേഖരണത്തിൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വാർഡ് തലത്തിലുള്ള ആർട്ടിസാന്മാരെ ന്യായമായ വേതന വ്യവസ്ഥകളോടെ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനും അതുവഴി അവരവരുടെ താമസസ്ഥലത്തിന് അടുത്തുതന്നെയുള്ള തൊഴിൽ ലഭ്യത പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതിയായാണ് വിഭാവനം ചെയ്തിട്ടുള്ളത്.

സമഗ്ര വാണിജ്യനയം

137(2492) ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ-ചില്ലറ വ്യാപാര മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. സംസ്ഥാനത്തെ വാണിജ്യ വ്യാപാര മേഖലയ്ക്കാവശ്യമായ കൈത്താങ്ങ് നൽകി മേഖലയുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനുകീഴിൽ ഒരു പ്രത്യേക വാണിജ്യ വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ശേഷിവികസനം, സാങ്കേതികവിദ്യ ഏറ്റെടുക്കൽ, ക്ലസ്റ്റർ വികസനം എന്നിവയ്ക്ക് കൈത്താങ്ങ് നൽകുക, കേരളത്തിലെ ബിസിനസുകാർക്കും സംരംഭകർക്കും ദേശീയ-അന്തർദേശീയ വിപണികൾ പര്യവേക്ഷണം ചെയ്യാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക, സംസ്ഥാനത്തിന് മത്സരാധിഷ്ഠിത നേട്ടമുള്ള മേഖലകളിലെ കയറ്റുമതി ത്വരിതപ്പെടുത്തുന്നതിനാവശ്യമായ പിന്തുണാനടപടികൾ തിരിച്ചറിഞ്ഞു സ്വീകരിക്കുക, ചില്ലറ വില്പന സംരംഭങ്ങളുടെ വികസനത്തിനായി നയങ്ങൾ രൂപീകരിക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് വാണിജ്യ വിഭാഗം പ്രവർത്തിക്കുക. വ്യവസായ

വാണിജ്യ ഡയറക്ടറേറ്റുവഴി നിലവിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ വാണിജ്യ ചില്ലറ വ്യാപാര മേഖലയുടെ സമഗ്ര പുരോഗതിക്കുടി ലക്ഷ്യമിട്ടുള്ളവയാണ്. ഈ പദ്ധതികളിലും പ്രവർത്തനങ്ങളിലും വാണിജ്യ ചില്ലറ വ്യാപാര മേഖലയിലെ സംരംഭങ്ങളും ഭാഗമായിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം മുതൽ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റുവഴി നടത്തിവരുന്ന കാമ്പയിനായ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ഒക്ടോബർ 10 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് ആകെ 304807 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതിൽ 135787 സംരംഭങ്ങൾ ചില്ലറ വ്യാപാര മേഖലയിൽ നിന്നുള്ളവയാണ്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റുവഴി നടപ്പിലാക്കുന്ന താഴെപ്പറയുന്ന പദ്ധതികളും സേവനങ്ങളും വ്യാപാര മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കും ലഭ്യമാക്കുന്നുണ്ട്.

1. <u>എന്റർപ്രണർഷിപ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവിന്റെ സേവനം:</u>

സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കും സംരംഭകർക്കും ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് വ്യവസായ

വാണിജ്യ വകുപ്പ് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പ്രൊഫഷണൽ യോഗ്യതയുള്ള എക്സിക്യൂട്ടീവുകളെ നിയമിച്ചിട്ടുണ്ട്. ലൈസൻസ്, ലോൺ, സബ്സിഡി തുടങ്ങി ഒരു സംരംഭം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും പൊതുജനങ്ങൾക്ക് ഈ എക്സിക്യൂട്ടീവുമാരുടെ സേവനം തേടാവുന്നതാണ്.

2. ഹെൽപ് ഡെസ്ക്: സംസ്ഥാനത്തെ 1034 തദ്ദേശ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്കുകൾ നിലവിലുണ്ട്. ഈ ഹെൽപ് ഡെസ്ക്കുകൾ വഴി പൊതുജനങ്ങൾക്ക് അവരുടെ സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങളും അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളിലും എന്റർപ്രണർഷിപ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുമാരുടെ സേവനം പ്രയോജനപ്പെടുത്താം.

3. എം.എസ്.എം.ഇ-ഫെസിലിറ്റേഷൻ സെന്റർ: താലൂക്ക് വ്യവസായ ഓഫീസുകളെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്കാവശ്യമായ സഹായങ്ങളും ഉപദേശവും നൽകാൻ സജ്ജമായ എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കുന്നതിന്റെ ഭാഗമായി പ്രൊഫഷണൽ

യോഗ്യതയുള്ള റിസോഴ്സ് പേഴ്സൺമാരെ തിരഞ്ഞെടുത്ത് മതിയായ പരിശീലനം നല്കി നിയമിച്ചിട്ടുണ്ട്.

4. ബാങ്ക് വായ്പയിന്മേൽ പലിശ സബ്സിഡി: ബാങ്ക് വായ്പയെടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് പലിശയിന്മേൽ സഹായം ലഭ്യമാക്കുന്നതിനുള്ള പ്രത്യേക പദ്ധതി. ഉൽപാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ പുതിയ സംരംഭങ്ങൾക്കും 10 ലക്ഷം രൂപ വരെയുള്ള ലോൺ തുകയ്ക്ക് (Term loan and/or Working Capital loan) അഞ്ച് വർഷത്തേക്ക് 6% പലിശയിളവിന് അർഹതയുണ്ട്. 1-4-2022-നോ അതിനുശേഷമോ പ്രവർത്തനമാരംഭിച്ച എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളും ഈ പദ്ധതിക്ക് കീഴിൽ സഹായത്തിന് അർഹരാണ്.

5. എം.എസ്.എം.ഇ. ഇൻഷ്വറൻസ് പദ്ധതി:- ഉത്പാദന-സേവന-വ്യാപാര മേഖലകളിൽപ്പെട്ട സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി. 2023 ഏപ്രിൽ ഒന്നിനുശേഷം ഇൻഷ്വർ ചെയ്തിട്ടുള്ള സംരംഭങ്ങളുടെ വാർഷിക പ്രീമിയത്തിന്റെ 50% തുക (പരമാവധി 5000 രൂപ) സബ്സിഡി നൽകുന്നു.

6. വ്യവസായ നയം 2023: വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി കേരള സർക്കാർ പുതിയ വ്യവസായ നയം രൂപീകരിക്കുകയുണ്ടായി. 'സൺറൈസ്' വിഭാഗത്തിലെ ഉയർന്ന മുൻഗണനയുള്ള വ്യവസായങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അവരുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിന് സാമ്പത്തിക സഹായ ഇൻസെന്റീവുകളും പിന്തുണയും നൽകാനാണ് നയം ലക്ഷ്യമിടുന്നത്. ചില്ലറ വ്യാപാര മേഖലയുൾപ്പെടെ 22 മുൻഗണനാ മേഖലകൾ തിരഞ്ഞെടുക്കുകയും അവയിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതുമാണ് പുതിയ വ്യവസായ നയം.

(ബി) ഇതിന്റെ ഭാഗമായി സമഗ്ര വാണിജ്യനയം രൂപീകരിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കേരളത്തിലെ വാണിജ്യ ചില്ലറ വ്യാപാര മേഖലയ്ക്കായി സമഗ്രമായ നയങ്ങൾ രൂപീകരിക്കുന്നതിന് ബന്ധപ്പെട്ടവരിൽനിന്ന് നിർണ്ണായക ഉൾക്കാഴ്ചകളും നിർദേശങ്ങളും ശേഖരിക്കുകയെന്ന ഉദ്ദേശ്യത്തോടെ 2024 ഓഗസ്റ്റ് 5-ാം തീയതി ചില്ലറ വ്യാപാര മേഖലയിലെ

വിവിധ അസോസിയേഷൻ പ്രതിനിധികളുമായും ബഹുരാഷ്ട്ര കമ്പനികളുമായും ബഹുമാനപ്പെട്ട നിയമ, വ്യവസായ, കയർ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചർച്ചകൾ നടത്തിയിരുന്നു. വിവിധ ബഹുരാഷ്ട്ര കമ്പനികളുടെ പ്രതിനിധികൾ, ജോയിന്റ് ഡയറക്ടർ ഫോറിൻ ട്രേഡ്, ഫെഡറേഷൻ ഓഫ് ഇന്ത്യൻ എക്സ്പോർട്ടേഴ്സ് ഓർഗനൈസേഷൻ, ടീ ബോർഡ്, കോഫി ബോർഡ്, റബ്ബർ ബോർഡ്, കാർഷിക സംസ്കരിച്ച ഭക്ഷ്യ ഉൽപന്നങ്ങളുടെ കയറ്റുമതി വികസന അതോറിറ്റി (APEDA), സമുദ്രോൽപന്ന കയറ്റുമതി വികസന അതോറിറ്റി (MPEDA), കയർ ബോർഡ്, കശുവണ്ടി കയറ്റുമതി പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ, നാളികേര വികസന ബോർഡ്, സ്പൈസസ് ബോർഡ്, എഫ്.ഐ.സി.സി.ഐ., സി.ഐ.ഐ. തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവരുമായി ചർച്ചകൾ നടത്തിയിരുന്നു.

(സി) അതിവേഗം വളരുന്ന ആഗോള ഇ-കോമേഴ്സ് കമ്പനികൾ ചെറുകിട വ്യാപാര മേഖലയിൽ ഉയർത്തുന്ന ഭീഷണി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ചെറുകിട വ്യാപാര മേഖലയുൾപ്പെടെയുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം നേടുന്നതിനും വ്യാവസായിക യൂണിറ്റുകളുടെ ഉൽപന്നങ്ങൾ ബ്രാന്റ് ചെയ്ത വിപണന നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന വിവിധ വ്യാപാര മേളകൾ സംഘടിപ്പിക്കുകയും ദേശീയ-അന്തർദേശീയ തലങ്ങളിൽ നടക്കുന്ന വ്യാപാര മേളകളിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകൾക്ക് പങ്കെടുക്കുവാനുള്ള അവസരം ഒരുക്കിക്കൊടുക്കുകയും ചെയ്യുന്നു. കൂടാതെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം നേടുന്നതിനുമായി കേന്ദ്രീകൃത ഓൺലൈൻ പ്ലാറ്റ്ഫോമായ ബി 2 ബി ബിസിനസ്സ് പോർട്ടൽ പ്രവർത്തിച്ചുവരുന്നു. സൂക്ഷ്മ- ചെറുകിട-ഇടത്തരം സംരംഭങ്ങളെയും ചെറുകിട വ്യാപാരികളെയും ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് പ്രവേശനം നേടുന്നതിന് സഹായിക്കുകവഴി അവർക്ക് പുതിയ വിപണി അവസരങ്ങൾ സൃഷ്ടിക്കുകയും അതുവഴി ഡിജിറ്റൽ കോമേഴ്സ് മേഖലയിലെ വൻകിട പ്ലാറ്റ്ഫോമുകളുടെ

കുത്തകകൾ കുറയ്ക്കുകയെന്നതാണ് ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സ് (ONDC) എന്ന പ്ലാറ്റ്ഫോം ലക്ഷ്യമിടുന്നത്. ഒ.എൻ.ഡി.സി. പ്രോഗ്രാമിനോടുള്ള സർക്കാരിന്റെ പ്രതിബദ്ധത ഉറപ്പിക്കുന്നതിനായി കേരള സർക്കാരും ഒ.എൻ.ഡി.സി.-യും തമ്മിലുള്ള ഒരു ധാരണാപത്രം (MoU) 2023 ജൂൺ 23-ന് ഒപ്പുവച്ചിട്ടുണ്ട്. കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉൽപന്നങ്ങൾ ഒ.എൻ.ഡി.സി. പ്ലാറ്റ്ഫോമിൽ onboard ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ഒ.എൻ.ഡി.സി.-യുമായി ചേർന്ന് സ്വീകരിച്ചുവരുന്നു.

(ഡി) വാണിജ്യ-ചില്ലറ വ്യാപാര മേഖലയിലുണ്ടാകുന്ന പുരോഗതിക്ക് നിദാനമായി ചരക്കുനീക്കം സുഗമമാക്കുന്നതിനായി സംവിധാനങ്ങൾ ഒരുക്കുന്നതിന് നയരൂപീകരണം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ ലോജിസ്റ്റിക് സാഹചര്യം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ വെയർഹൗസുകളും ലോജിസ്റ്റിക് സേവനങ്ങളും സുഗമമാക്കുന്നതിനും വ്യവസായ വാണിജ്യ വകുപ്പ് ഒരു കരട് ലോജിസ്റ്റിക് പാർക്ക് നയം തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത നയം

പരസ്യപ്പെടുത്തുകയും ബന്ധപ്പെട്ടവരിൽനിന്ന് നിർദേശങ്ങൾ ക്ഷണിക്കുകയും ചെയ്തു. ലഭിച്ച സാധുവായ നിർദേശങ്ങൾ ഉൾപ്പെടുത്തിയശേഷം ലോജിസ്റ്റിക് പാർക്ക് നയത്തിന്റെ കരട് തയ്യാറായിട്ടുണ്ട്. ലോജിസ്റ്റിക് പാർക്കുകളുടെ കരട് നയത്തിൽ ലോജിസ്റ്റിക് പാർക്കുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനങ്ങൾ നിർദേശിച്ചിട്ടുണ്ട്. ഇതുകൂടാതെ ഇത്തരം പാർക്കുകൾക്ക് വിജ്ഞാപനം ചെയ്ത ഇൻഡസ്ട്രിയൽ പാർക്കുകളുടെ പദവി നൽകാനും നിർദേശിച്ചിട്ടുണ്ട്. ഇത് ലോജിസ്റ്റിക് പാർക്കുകളിൽ ഏകജാലക ക്ലിയറൻസ് ബോർഡുകൾ രൂപീകരിക്കാൻ പ്രാപ്തമാക്കും.

ക്വാറികളിൽനിന്നുള്ള റോയൽറ്റി

138(2493) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ ഒരു വർഷം ക്വാറികളിൽനിന്നുള്ള റോയൽറ്റി ഇനത്തിൽ എത്ര രൂപ സർക്കാരിന് പിരിഞ്ഞ് കിട്ടിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

മൈനിങ് & ജിയോളജി വകുപ്പിന് കഴിഞ്ഞ ഒരു വർഷം (2023-24) വിവിധയിനം ധാതുക്കളിൽനിന്നും റോയൽറ്റി ഇനത്തിൽ പിരിഞ്ഞുകിട്ടിയ തുക ജില്ലതിരിച്ച് ചുവടെച്ചേർക്കുന്നു.

ജില്ല	റോയൽറ്റി ഇനത്തിൽ പിരിഞ്ഞുകിട്ടിയ തുക
തിരുവനന്തപുരം	25,43,42,210
കൊല്ലം	29,02,88,440
പത്തനംതിട്ട	21,76,94,530
ആലപ്പുഴ	2,39,10,277
കോട്ടയം	20,43,38,276
ഇടുക്കി	7,08,69,196
എറണാകുളം	24,07,94,781
തൃശ്ശൂർ	15,27,77,463
പാലക്കാട്	31,21,82,592
മലപ്പുറം	41,19,37,681
കോഴിക്കോട്	20,84,18,668
വയനാട്	2,96,44,369
കണ്ണൂർ	18,93,13,184
കാസർഗോഡ്	5,91,70,457
ഡയറക്ടറേറ്റ്	28,98,577
ആകെ	266,85,80,701

യുവ വീവ് പദ്ധതി

139(2494) ശ്രീ. ആന്റണി രാജു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കൈത്തറി വ്യവസായ സഹകരണസംഘങ്ങളുടെ ആധുനികീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്ത് കൈത്തറി മേഖലയുടെ ആധുനികവൽക്കരണം ലക്ഷ്യമാക്കികൊണ്ട് "കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനവും" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പരമ്പരാഗത രീതികൾക്ക് മാറ്റംവരുത്താതെ കൈത്തറി വ്യവസായ സഹകരണ സംഘങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും ആധുനികവൽക്കരിക്കുവാനും ഈ പദ്ധതിയിലൂടെ സാധിക്കുന്നു. പ്രസ്തുത പദ്ധതിയിൻകീഴിൽ ചുവടെച്ചേർക്കുന്ന ഘടകങ്ങൾക്ക് ധനസഹായം അനുവദിക്കുന്നു.

1. തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും തറികളുടെ ഭാഗിക അറ്റകുറ്റപ്പണികൾക്കുമുള്ള ധനസഹായം.

2. സാങ്കേതിക വിദ്യ ഉയർത്തലും പുതിയ സാങ്കേതിക വിദ്യ കൈമാറ്റം ചെയ്യുന്നതിനുമുള്ള പദ്ധതി.

3. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ വർക്ക് ഷെഡുകളുടെ നവീകരണം.

4. വ്യക്തിഗത വർക്ക്ഷെഡ് നവീകരണം.

5. കൈത്തറി സഹകരണ സംഘങ്ങളിലെ ഡൈഹൗസ് നവീകരണം.

6. ഒരു വീട്ടിൽ ഒരു തറി.

7. വനിത നെയ്ത്തുകാർക്ക് റസ്റ്റ് റൂം/സ്റ്റോറേജ് നിർമ്മാണവും ടോയ്ലറ്റ് നവീകരണവും

2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രസ്തുത പദ്ധതിക്കായി 500 ലക്ഷം രൂപ വകയിരുത്തുകയും 150 ലക്ഷം രൂപ വിവിധ ഘടകങ്ങൾക്കായി സംഘങ്ങൾക്ക് അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. കൈത്തറി സഹകരണ സംഘങ്ങളുടെ ഉൽപന്നങ്ങളായ കൈത്തറി വസ്ത്രങ്ങളിൽ കാലിക പ്രസക്തമായ ഡിസൈനുകൾ രൂപീകരിച്ച് നവീകരിച്ച ഉൽപന്നങ്ങൾ രൂപപ്പെടുത്തുന്നതിനായി ഡിസൈൻ മേഖലയിലെ പ്രമുഖ

സ്ഥാപനങ്ങളായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (NIFT), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (NID) എന്നിവയുടെ സഹകരണത്തോടെ സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. നാഷണൽ ഹാന്റ്ലൂം ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ (NHDP) സ്മാൾ ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം (SCDP) പ്രകാരം സംസ്ഥാനത്ത് 12 ക്ലസ്റ്ററുകളിൽ ഉൾപ്പെട്ടിട്ടുള്ള നെയ്ത്തുസംഘങ്ങൾക്കും അതിലെ തൊഴിലാളികൾക്കും തറികൾ, തറി അനുബന്ധ ഉപകരണങ്ങൾ വാർപ്പ്/ക്ലോത്ത് ബീമുകൾ, വ്യക്തിഗത പണിശാലകൾ, കോമൺ വർക്ക് ഷെഡ്, വ്യക്തിഗത ലൈറ്റിങ് യൂണിറ്റുകൾ, കോമൺ ലൈറ്റിങ് യൂണിറ്റ്, കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങുന്നതിനും/സ്ഥാപിക്കുന്നതിനും ഫണ്ടുകൾ അനുവദിച്ചുവരുന്നുണ്ട്. കൂടാതെ, കൈത്തറി ഉൽപന്നങ്ങളിലേയ്ക്ക് പുതിയ തലമുറയെ ആകർഷിക്കത്തക്കവണ്ണം പുതിയ ഡിസൈനുകൾ ഉൽപാദിപ്പിക്കുന്നതിന് ഡിസൈനർമാരുടെ സേവനവും നൽകിവരുന്നു.

(ബി) കൈത്തറി മേഖലയിൽ മൂല്യവർധിത ഉൽപന്നങ്ങളുടെ

പ്രോത്സാഹനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

കൈത്തറി മേഖലയിൽ മൂല്യവർധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനത്തിനായി കേരള കൈത്തറി ബ്രാൻഡിങ് എന്ന ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനുവേണ്ടി 'ക' എന്ന ഒരു ലോഗോ പ്രകാശനം ചെയ്യുകയുണ്ടായി. ഇത്തരത്തിൽ കേരളത്തിലെ കൈത്തറി മേഖലയിൽ ഉൽപാദിപ്പിക്കുന്ന എല്ലാ തുണിത്തരങ്ങളും ബ്രാൻഡ് ചെയ്യുന്നതിന് വേണ്ടിയുള്ള രജിസ്ട്രേഷൻ നടപടികൾ നടന്നുവരുന്നു.

(സി) യുവതലമുറയെ കൈത്തറി മേഖലയിലേക്ക് ആകർഷിക്കുവാനുള്ള 'യുവ വീവ്' പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ചുള്ള വിവരങ്ങൾ നൽകാമോ?

കൈത്തറി നെയ്ത്ത് വ്യവസായ രംഗത്ത് തൊഴിൽരഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയാണ് യുവ വീവ് പദ്ധതി. 18-നും 40-നും മദ്ധ്യേ പ്രായമുള്ള യുവതീയുവാക്കളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ പദ്ധതിയിൽ അംഗമാകുന്നവർക്ക് ആദ്യ 3 മാസം 200 രൂപ സ്റ്റൈപന്റോടുകൂടി കൈത്തറി നെയ്ത്ത് പരിശീലനം

നൽകുകയും പരിശീലനം പൂർത്തിയാക്കുന്നവർക്ക് അടുത്ത 3 മാസത്തേക്ക് 125 രൂപ വേജ് സപ്പോർട്ട് ഇനത്തിൽ അനുവദിച്ചുനൽകുകയും ചെയ്യുന്നു. പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം 20 പേർ അടങ്ങുന്ന ബാച്ചുകളായാണ് സൗജന്യ പരിശീലനം നൽകിവരുന്നത്. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ള യുവതീയുവാക്കളെ കുടുംബശ്രീ മിഷൻ മുഖേനയാണ് പരിശീലനത്തിനായി തിരഞ്ഞെടുക്കുന്നത്. ഇതുസംബന്ധിച്ച അപേക്ഷ ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ മുഖേന കൈത്തറി വസ്ത്ര ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. പദ്ധതി പ്രകാരം 5 വർഷത്തോളം നെയ്ത്ത് പ്രവൃത്തിയെടുക്കുന്ന വ്യക്തിക്ക് കൈത്തറി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ മുഖേനയുള്ള ആനുകൂല്യത്തിന് അർഹതയുണ്ട്. നടപ്പുസാമ്പത്തിക വർഷം 75 ലക്ഷം രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. ഈ തുകയിൽനിന്നും നാളിതുവരെ 21.18 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) കൈത്തറി മേഖലയിലെ റിവൈവൽ, റീഫോം & റീ-സ്ട്രക്ചറിങ് പാക്കേജിനോടനുബന്ധിച്ച് ആവിഷ്കരിച്ച പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

കൈത്തറി മേഖലയിലെ റിവൈവൽ, റീഫോം & റീസ്ട്രക്ചറിങ് പാക്കേജ് പദ്ധതി പ്രകാരം പ്രാഥമിക/അപ്പെക്സ് കൈത്തറി സഹകരണ സംഘങ്ങൾ, വ്യക്തിഗത നെയ്ത്തുകാർ എന്നിവരുടെ നെയ്ത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളൽ, കുറഞ്ഞ പലിശയിൽ പുനർവായ്പ ലഭ്യമാക്കൽ, സംഘങ്ങളുടെ പുനരുദ്ധാരണം എന്നിവയ്ക്കാണ് സഹായം നൽകിയത്. ഈ പദ്ധതിയുടെ ഭാഗമായുള്ള കമ്പ്യൂട്ടറൈസേഷൻ പദ്ധതി പ്രകാരം 302 സംഘങ്ങളിൽ കമ്പ്യൂട്ടർ, സോഫ്റ്റ്വെയർ എന്നിവ ഇൻസ്റ്റാൾ ചെയ്യുകയും ഓരോ സംഘത്തിലെയും ഒരാൾക്കെങ്കിലും ടാലി സോഫ്റ്റ്വെയർ സംബന്ധിച്ച് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ആർ.ആർ.ആർ. പാക്കേജിനോടനുബന്ധിച്ച് മറ്റ് പദ്ധതികൾ നിലവിൽ വന്നിട്ടില്ല.

ടെക്സ്ഫെഡിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സ്പിന്നിങ് മില്ലുകളുടെ നവീകരണം

140(2495) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടെക്സ്ഫെഡിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സ്പിന്നിങ് മില്ലുകളുടെ നവീകരണത്തിനും ആധുനികീകരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്ത് ടെക്സ്ഫെഡിനുകീഴിൽ പ്രവർത്തിച്ചുവരുന്ന സഹകരണ സ്പിന്നിങ് മില്ലുകളുടെ പുനരുജ്ജീവിപ്പിക്കൽ പദ്ധതിക്കായി 9.85 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിൽ 7 സഹകരണ സ്പിന്നിങ് മില്ലുകൾക്ക് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിലേക്കായി 835 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും 3 മില്ലുകൾക്കായി 269.80 ലക്ഷം രൂപയ്ക്ക് റിലീസ് അനുമതി നൽകിയിട്ടുമുണ്ട്. കൂടാതെ, സഹകരണ സ്പിന്നിങ് മില്ലുകളുടെ ആധുനികവൽക്കരണത്തിനായി (പ്രൊഡക്റ്റ് ഡെവലപ്മെന്റ്) ഈ സാമ്പത്തിക വർഷം 70 ലക്ഷം രൂപയ്ക്കും റിലീസ് അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ സ്പിന്നിങ് മില്ലുകളുടെ തുടർച്ചയായ

പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത വസ്തുവായ പരുത്തിയുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനായി പരുത്തി അതിന്റെ വിളവെടുപ്പ് സീസണിൽതന്നെ അധിക അളവിൽ (BULK PURCHASE) ന്യായമായ വിലയിൽ വാങ്ങുന്നതിനായി സർക്കാർ കോട്ടൺ ബോർഡ് രൂപീകരിച്ചു. കോട്ടൺ ബോർഡ് മുഖേന കോട്ടൺ വാങ്ങുന്നതിലേക്കായി നടപ്പ് സാമ്പത്തിക വർഷം 3 കോടി രൂപയ്ക്ക് റിലീസ് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ സ്പിന്നിങ് മില്ലുകൾക്ക് സീസൺ കാലത്തുതന്നെ പരുത്തി വാങ്ങുന്നതിലേക്കായി വർക്കിങ് ക്യാപിറ്റൽ ഇനത്തിൽ എൻ.സി.ഡി.സി. ധനസഹായത്തോടുകൂടി 70 കോടി രൂപയ്ക്ക് റിലീസ് അനുമതി നൽകുകയും കോട്ടൺ വാങ്ങുന്നതിന് ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സ്പിന്നിങ് മില്ലുകളിലെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കാൻ ശ്രമിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്തെ സ്പിന്നിങ് മില്ലുകളുടെ ഉൽപന്നങ്ങളുടെ ഓൺലൈൻ വില്പനയ്ക്കായി ഒരു കോമൺ പ്ലാറ്റ്ഫോം രൂപീകരിക്കുന്നതിനായുള്ള ചർച്ച നടന്നുവരുന്നു.

നെയ്ത്ത് സഹകരണ സ്ഥാപനങ്ങൾ സംരക്ഷിക്കാനുള്ള നടപടി

141(2496) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്ത്ത് സഹകരണ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കൈത്തറി നെയ്ത്ത് സഹകരണ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനായി ചുവടെച്ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാർ ഓഹരി പങ്കാളിത്തം
2. ഹാന്റക്സ്/ഹാൻവീവിലെ സർക്കാർ ഓഹരി പങ്കാളിത്തം

3. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി

4. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ

5. കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ (യുവ വീവ് പദ്ധതി)

6. നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി

7. അംശദാന സമ്പാദ്യ പദ്ധതി

8. കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

9. വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി

10. കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനവും

11. പരിശീലനവും വൈദഗ്ധ്യശേഷി വികസന പരിപാടിയും

12. ദേശീയ കൈത്തറി വികസന പരിപാടി (എൻ.എച്ച്.ഡി.പി.)

13.കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ആരോഗ്യ പരിപാടി.

(ബി) സംസ്ഥാനത്ത് എത്ര നെയ്ത്ത് സഹകരണ സംഘങ്ങളാണ് പ്രവർത്തിക്കുന്നതെന്നും റിബേറ്റിനത്തിൽ എത്ര തുകയാണ് കുടിശ്ശികയായി സഹകരണ സംഘങ്ങൾക്ക് ലഭിക്കാനുള്ളതെന്നും വ്യക്തമാക്കാമോ;

(സി) റിബേറ്റിനത്തിൽ നൽകുവാനുള്ള തുക അടിയന്തരമായി നൽകുവാനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) സംസ്ഥാനത്ത് 292 നെയ്ത്ത് സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഹാൻവീവ്, ഹാന്റക്സ്, പ്രാഥമിക നെയ്ത്ത് സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് റിബേറ്റ് നൽകുന്നതിനായി 2024-25 സാമ്പത്തിക വർഷം 10 കോടി രൂപ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 2,99,99,504 രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. റിബേറ്റ് ഇനത്തിൽ കുടിശ്ശികയായിട്ടുള്ള 114 ലക്ഷം രൂപ അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

എടരിക്കോട് ടെക്സ്റ്റൈൽസ് വീണ്ടും തുറന്ന് പ്രവർത്തിക്കുന്നതിന് നടപടി

142(2497) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ അടച്ചുപൂട്ടിയ എടരിക്കോട് ടെക്സ്റ്റൈൽസ് വീണ്ടും തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

എടരിക്കോട് ടെക്സ്റ്റൈൽസ് തുടർച്ചയായ പ്രവർത്തനമൂലധന ശോഷണത്താലുണ്ടായ കനത്ത നഷ്ടത്താൽ വൈദ്യുതി ചാർജ് അടയ്ക്കാൻ സാധിക്കാതെ വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെട്ട് 2023 ഡിസംബർ മുതൽ ലേ ഓഫിലാണ്. നിലവിലെ കാലപ്പഴക്കമുള്ള മെഷീനുകൾ ഉയർന്ന ഉൽപാദന ചെലവിന് കാരണമാകുന്നതിനാൽ മിൽ നേരിടുന്ന മൂലധനശോഷണം പരിഹരിക്കുന്നതിന് ഓപ്പൺ എൻഡ് സ്പിന്നിങ് പോലെയുള്ള മറ്റ് രീതികൾ നടപ്പാക്കിക്കൊണ്ട് മിൽ തുറന്നുപ്രവർത്തിപ്പിക്കാൻ സാധിക്കുമോയെന്ന് പരിശോധിച്ചുവരുന്നു.

(ബി) ഈ സ്ഥാപനത്തിലെ ജീവനക്കാർക്കുള്ള ശമ്പളവും ആനുകൂല്യങ്ങളും മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പ്രവർത്തന മൂലധന ശോഷണത്തിലുണ്ടായ കനത്ത നഷ്ടത്താൽ എടരിക്കോട് ടെക്സ്റ്റൈൽസിന് നിലവിൽ ഏകദേശം 23.24 കോടിയോളം രൂപ വിവിധ ഇനങ്ങളിലായി കുടിശ്ശികയുണ്ട്. 115 ജീവനക്കാർക്കായി ആകെ 366.34 ലക്ഷം രൂപ ഗ്രാറ്റുവിറ്റി ഇനത്തിലും 649.85 ലക്ഷം രൂപ പി.എഫ്. ഇനത്തിലും 91.30 ലക്ഷം രൂപ ഇ.എസ്.ഐ. ഇനത്തിലും 225 ലക്ഷം രൂപ ശമ്പള–വേതന ഇനത്തിലും 892.62 ലക്ഷം രൂപ വൈദ്യുത ചാർജ് ഇനത്തിലും 98.92 ലക്ഷം രൂപ അസംസ്കൃത വസ്തുക്കൾ വാങ്ങിയ ഇനത്തിലും കുടിശ്ശികയുണ്ട്.

(സി) ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

ഫെബ്രുവരി 2023 മുതൽ ആറ് മാസത്തോളം ലേ ഓഫിലായിരുന്ന സ്ഥാപനം സർക്കാരിന്റെ സഹായത്തിനാൽ 2023 സെപ്റ്റംബറിൽ പ്രവർത്തനം പുനരാരംഭിച്ചുവെങ്കിലും പ്രതിസന്ധിയെത്തുടർന്ന് 2023 ഡിസംബർ മുതൽ വീണ്ടും ലേ ഓഫിലാണ്. 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽനിന്നും കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മുഖാന്തരം 2023 ഫെബ്രുവരി, 2023 സെപ്റ്റംബർ മുതൽ 2023 ഡിസംബർ വരെയുള്ള മാസങ്ങളിലെ ശമ്പള കുടിശ്ശിക, ഓണത്തോടനുബന്ധിച്ച് ബോണസ്, അറ്റൻസ് ഇൻസെന്റീവ് എന്നിവ ജീവനക്കാർക്ക് നൽകിയിരുന്നു.

കുന്നത്തറ ടെക്സ്റ്റൈൽസിനടുത്തുള്ള ഭൂമിയുടെയും മറ്റ് വസ്തുക്കളുടെയും ലേലം തടയാൻ നടപടി

143(2498) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നത്തറ ടെക്സ്റ്റൈൽസിന്റെ സ്റ്റേറ്റ് ഹൈവേക്ക് അടുത്തുള്ള ഭൂമിയും മറ്റ് വസ്തുക്കളും ലേലം ചെയ്ത് വിറ്റുപോകുന്നത് തടയാൻ നടപടി

സ്വീകരിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

അടച്ചുപൂട്ടിയ കുന്നത്തറ ടെക്സ്റ്റൈൽസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിനാൽ ലിക്വിഡേഷനിലാണ്. സ്ഥാപനത്തിന്റെ ആസ്തികൾ ഏറ്റെടുത്ത് വിൽക്കുന്നതിന് ബഹുമാനപ്പെട്ട കോടതി ഒഫിഷ്യൽ ലിക്വിഡേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അടച്ചുപൂട്ടിയ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ സ്ഥലത്തിന്റെയും യന്ത്രസാമഗ്രികളുടെയും വില 12.80 കോടി രൂപയാണെന്ന് 24-11-2017-ലെ കത്ത് പ്രകാരം സർക്കാർ ഒഫീഷ്യൽ ലിക്വിഡേറ്ററെ അറിയിച്ചിരുന്നു. എന്നാൽ ഒഫീഷ്യൽ ലിക്വിഡേറ്റർ നം.147/24 ആയി സമർപ്പിച്ച റിപ്പോർട്ടിനോടൊപ്പം Annexure A ആയി നൽകിയ e-auction നോട്ടീസ് പ്രകാരം സ്ഥാപനത്തിന്റെ 4.7179 ഹെക്ടർ (11 ഏക്കർ 65 സെന്റ്) സ്ഥലത്തിനും കെട്ടിടത്തിനുമുള്ള upset price നിശ്ചയിച്ചിട്ടുള്ളത് 4,08,27,700 (നാല് കോടി എട്ട് ലക്ഷത്തി ഇരുപത്തി ഏഴായിരത്തിഎഴുന്നൂറ്) രൂപയും Plant & Machinery-യുടെ upset Price 16,76,000 (പതിനാറ് ലക്ഷത്തി എഴുപത്തി ആറായിരം) രൂപയുമാണെന്ന്

അറിയിച്ച സാഹചര്യത്തിൽ ഒഫിഷ്യൽ ലിക്വിഡേറ്റർ നിശ്ചയിച്ച upset price കുറവായതിനാൽ സർക്കാരിനുള്ള എതിർപ്പ് അഡ്വക്കേറ്റ് ജനറൽ മുഖേന ബഹുമാനപ്പെട്ട കോടതിയെ അറിയിക്കുന്നതിന് സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുണ്ട്.

ഹാൻവീവ്-ഹാന്റക്സ് പുനഃസംഘടന

144(2499) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാൻവീവ്-ഹാന്റക്സ് എന്നിവ പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഇവയുടെ വിപണന ശൃംഖല വർദ്ധിപ്പിക്കാൻ എന്തൊക്കെ പുതിയ സംരംഭങ്ങളാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കാമോ?

ഹാൻവീവിന്റെ വിപണന ശൃംഖല വർധിപ്പിക്കുന്നതിന്റെ ഭാഗമായി ചുവടെച്ചേർക്കുന്ന കാര്യങ്ങൾ ചെയ്തുവരുന്നു.

മൂല്യവർധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന്റെ ഭാഗമായി proud-e എന്ന പേരിൽ ഗിഫ്റ്റ് ബോക്സ് വിപണിയിൽ ഇറക്കിയിരുന്നു. ഉപഭോക്താക്കളെ ആകർഷിക്കുന്നതിന്റെ ഭാഗമായി ഉൽപന്നങ്ങൾക്ക്

ആകർഷകമായ പാക്കിങ് സംവിധാനം നടപ്പിലാക്കി. കൂടാതെ റെഡിമെയ്ഡ് ഷർട്ടുകളും കുഞ്ഞുടുപ്പുകളും, ഷർട്ടിങ്/സ്യൂട്ടിങ് എന്നിവയുൾപ്പെടുത്തി പുതിയ കോംബോ പായ്ക്കും ചുരിദാറും നിർമ്മിച്ച് വിപണനം ആരംഭിച്ചു. വില്പന വർധിപ്പിക്കുന്നതിനായി സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള വിപണന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. പുതിയ വിപണന തന്ത്രത്തിന്റെ ഭാഗമായി സാമൂഹിക മാധ്യമങ്ങൾ മുഖേന പരസ്യം നൽകി വില്പന വർധിപ്പിക്കുന്നതിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ കീഴിലുള്ള ഷോറൂമുകൾ നവീകരിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. പൊതുമേഖലാ സഹകരണ സ്ഥാപനങ്ങളുമായി കൈകോർത്ത് ഉൽപന്നങ്ങൾ പരസ്പരം കൈമാറി വിപണനം ചെയ്യുന്നതിനുള്ള നടപടി ഹാൻവീവ് കൈക്കൊണ്ടിട്ടുണ്ട്. ഹാൻവീവിന്റെ ഉൽപന്നങ്ങൾ ഓൺലൈനായി വിപണനം ചെയ്യുന്നതിനായി കോർപ്പറേഷന്റെ വെബ്സൈറ്റായ www.hanveev.com-ലൂടെ കൈത്തറി ഉൽപന്നങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ഓൺലൈൻ മാർക്കറ്റിങ് സംവിധാനമായ കെ-

ഷോപ്പിയിലൂടെ ഹാൻവീവ് ഉൽപന്നങ്ങൾ ഉപഭോക്താക്കൾക്ക് ഓൺലൈനായി ഓർഡർ ചെയ്യുന്നതിനുള്ള സംവിധാനവും ലഭ്യമാണ്.

ഹാന്റ്ക്സിന്റെ വിപണന ശൃംഖല വിപുലീകരിക്കുന്നതിന് കേരളത്തിലുടനീളമുള്ള 72 ഷോറൂമുകൾക്കുപുറമേ പ്രളയം, കോവിഡ് എന്നിവയെ തുടർന്ന് അടച്ചുപൂട്ടിയ കോഴഞ്ചേരിയിലുള്ള വില്പനശാല നവീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ മാർക്കറ്റിങ് വിപുലപ്പെടുത്തുന്നതിന് e-commerce platform വഴിയും സംസ്ഥാന സർക്കാരിന്റെ കെ-ഷോപ്പി വഴിയും ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിന് സജ്ജമാക്കിയിട്ടുണ്ട്. കൈത്തറി മേഖലയിലെ ഉൽപന്നങ്ങൾക്ക് പുറമെ കൈത്തറി ഉൽപന്നങ്ങൾ ഉപയോഗിച്ച് മൂല്യവർധിത ഉൽപന്നങ്ങളായ ലിനൻ മുണ്ട്, കമാൻഡോ ഷർട്ടുകൾ, ലേഡീസ് കുർത്തികൾ, കുട്ടികൾക്കായുള്ള വസ്ത്രങ്ങൾ തുടങ്ങിയവയും വിപണിയിൽ ഇറക്കിയിട്ടുണ്ട്.

കയർ തൊഴിലാളി ക്ഷേമം

145(2500) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ തൊഴിലാളി പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ?

76636 പേർക്ക് സംസ്ഥാനത്ത് കയർ തൊഴിലാളി പെൻഷൻ ലഭിക്കുന്നുണ്ട്.

(ബി) കേരള കയർത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ എത്ര തൊഴിലാളികൾ അംഗത്വം നേടിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

കേരള കയർത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ 87604 തൊഴിലാളികൾ അംഗത്വം നേടിയിട്ടുണ്ട്.

(സി) കയർ മേഖലയിൽ പുതുതലമുറ സംരംഭകരെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

സംരംഭകർക്കാവശ്യമായ പരിശീലനവും നൈപുണ്യ വികസന പദ്ധതികളും നടത്തിവരുന്നു. ഇൻവെസ്റ്റ് സബ്സിഡി നൽകുന്നതിന് പദ്ധതി നിലവിലുണ്ട്.

കയറുൽപാദനം വർധിപ്പിക്കാൻ നടപടി

146(2501) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ആകുമ്പോഴേക്കും കയറുൽപാദനം 70000 ടൺ ഉയർത്തുമെന്ന പ്രഖ്യാപനം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദവിവരം ലഭ്യമാക്കാമോ?

കയറും കയറുൽപന്നങ്ങളും വിപണിമൂല്യമില്ലാതെ കയർഫെഡ്ഡിന്റെയും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെയും ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്നത് പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ഇതിനെത്തുടർന്ന് വിദഗ്ധ സമിതിയുടെ ശിപാർശകൂടി പരിഗണിച്ച് കെട്ടിക്കിടക്കുന്ന കയറും കയറുൽപന്നങ്ങളും ഡിസ്കൗണ്ട് അനുവദിച്ച് വിറ്റഴിക്കുകയും കയർ ഫെഡ്ഡിന്റെയും കയർ കോർപ്പറേഷന്റെയും വാടക ഗോഡൗണുകൾ ഒഴിവാക്കുകയും ചെയ്തു. തുടർന്ന്, ഗുണമേന്മയും വിപണിയുടെ ആവശ്യവും മുൻനിർത്തിയുള്ള ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിന് യന്ത്രസാമഗ്രികളുടെ അറ്റകുറ്റപണികൾ യഥാസമയം ഏറ്റെടുത്ത് നടത്തിയും

തൊഴിലാളികൾക്കാവശ്യമായ നൈപുണ്യ വികസന പരിശീലനങ്ങൾ നൽകിയും കയർ ഉൽപാദനത്തിൽ കാര്യക്ഷമമായ പുരോഗതി കൈവരിക്കുന്നതിനുള്ള പദ്ധതിയാവിഷ്കരിച്ച് നടപ്പാക്കുന്നതിന് കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിങ് കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി നടപ്പുവർഷം 1.47 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും 74 ലക്ഷം രൂപ കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിങ് കമ്പനിക്ക് അനുവദിച്ച് നൽകുകയും ചെയ്തു.

(ബി) കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച വിദഗ്ധ സമിതിയുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച വിദഗ്ധ സമിതിയുടെ ഇടക്കാല റിപ്പോർട്ട് പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടി ചുവടെ ചേർക്കുന്നു.

സംസ്ഥാനത്ത് കയർ മേഖലയിൽ പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികളുടെയും സെൻസസ് പൂർത്തീകരിച്ചിട്ടുണ്ട്. ഇൻകം സപ്പോർട്ട്

പദ്ധതിയിലുള്ള കൂലിവിഹിതം കയർ തൊഴിലാളികൾക്ക് ആധാർ ലിങ്ക്ഡ് ബാങ്ക് അക്കൗണ്ടുകൾ വഴി നേരിട്ട് നൽകുന്ന രീതിയിൽ പരിഷ്കരിച്ചു.

2023-24 സാമ്പത്തികവർഷം 300 സ്ത്രീകൾക്ക് സ്റ്റൈപന്റോടുകൂടി ഇ-റാട്ട്, ഓട്ടോമാറ്റിക് സ്പിന്നിങ് മെഷിൻ, ഫ്രെയിം മാറ്റ് എന്നിവയിലുള്ള പരിശീലനം ഇതിനോടകം നൽകിയിട്ടുണ്ട്.

മെഷിനറികളുടെ മെയിന്റനൻസ് സമയോചിതമായി നടത്തിക്കൊടുക്കാനും സ്പെയർ പാർട്ടുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനുമായി ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് നടപ്പാക്കുന്നതിന് കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിങ് കമ്പനിക്ക് 4.48 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തൊഴിലാളികൾക്കാവശ്യമായ നൈപുണ്യ വികസന പരിശീലനങ്ങൾ ലഭ്യമാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 1.47 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

നവീന ഡിസൈനുകളിൽ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകി വരുന്നു. വിപണിമൂല്യമുള്ള ഉൽപന്നങ്ങൾ

ഉൽപാദിപ്പിക്കുന്നതിനായി പരിശീലന പരിപാടി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്. ആദ്യ രണ്ട് ബാച്ച് ട്രെയിനിങ് പൂർത്തീകരിച്ച് ഉൽപന്നങ്ങൾ നിർമ്മിച്ച് തുടങ്ങിയിട്ടുണ്ട്. കൂടാതെ ഉൽപന്ന വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ ഭോപ്പാലുമായി ചേർന്ന് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ പരിശീലന പരിപാടികൾ നടപ്പാക്കിവരുന്നു.

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

പരമ്പരാഗത കയർ തൊഴിലാളികളെ വിപണിമൂല്യമുള്ള കയർ ഉൽപന്നങ്ങൾ നവീന ഡിസൈനുകളിൽ ഉൽപാദിപ്പിക്കുന്നതിന് ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ പരിശീലനം സംഘടിപ്പിച്ചു. 50 പേർ വീതമുള്ള 3 ബാച്ച്

പരിശീലനം പൂർത്തീകരിച്ചു. ജില്ലയിൽ കയർ മേഖലയിൽ പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികളുടെയും സെൻസസ് പൂർത്തീകരിച്ചിട്ടുണ്ട്. മംഗളം സി.വി.സി.എസ്. 483, ചിങ്ങോലി നോർത്ത് സി.വി.സി.എസ്. 207, പ്രിയദർശിനി വനിതാ സി.വി.സി.എസ്. A935, തണ്ണീർമുക്കം സി.വി.സി.എസ്. 88, കഞ്ഞിക്കുഴി CM&MCS 74 എന്നീ കയർ സംഘങ്ങളിൽ ഉൽപാദനക്ഷമത ഫലപ്രദമായി വർധിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിങ് കമ്പനി നടത്തിയിട്ടുണ്ട്.

കയർ മേഖലയിലെ വികസനം

147(2502) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനുമായി ചേർന്നുണ്ടാക്കിയ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ കയർ മേഖലയിലെ പുതിയ ഡിസൈനുകളും

ഉൽപന്നങ്ങളും നിർമ്മിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനുമായി ചേർന്നുണ്ടാക്കിയ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ, കൂടുതൽ ആകർഷകവും വിദേശ വിപണിക്കനുസൃതവുമായ ഡിസൈനുകളിലുള്ള കയറുൽപന്നങ്ങൾ നിർമ്മിക്കുന്നത് ആരംഭിച്ചിട്ടുണ്ട്. എൻ.ഐ.ഡി. ഡിസൈൻ ചെയ്ത് കമ്പനി നിർമ്മിച്ച ഉൽപന്നങ്ങൾക്ക് വിദേശ വിപണിയിൽ കൂടുതൽ ഡിമാൻഡുണ്ട്. കൂടാതെ മാർക്കറ്റിൽ ഡിമാൻഡുള്ള പുതിയ പ്രോഡക്ടുകൾ ഡിസൈൻ ചെയ്ത് അവ നിർമ്മിക്കുന്നതിനുള്ള ട്രെയിനിംഗും നിലവിൽ നൽകിവരുന്നുണ്ട്.

(ബി) കയർ വ്യവസായത്തിന്റെ കരവിരുതിനും വൈവിധ്യത്തിനും ഊന്നൽ നൽകി കയർ കേരള ബ്രാൻഡ് ചെയ്യുന്നതിന് അമ്പലപ്പുഴയിലെ കയർ മ്യൂസിയങ്ങൾ മുഖേന എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിവരം ലഭ്യമാക്കാമോ?

മുസിരിസ് പ്രോജക്ട് ലിമിറ്റഡിനാണ് കയർ മ്യൂസിയത്തിന്റെ നിർമ്മാണ ചുമതല. ടൂറിസം വകുപ്പും കിഫ്ബിയും സംയുക്തമായി പദ്ധതി അവലോകനം ചെയ്തുവരുന്നു. കയർ കോർപ്പറേഷനും കയർഫെഡും മാറ്റ്സ് ആൻഡ് മാറ്റിങ്സ് സംഘങ്ങളും കയർ മ്യൂസിയത്തിന്റെ പ്രവർത്തനത്തിൽ പങ്കാളികളാണ്. മ്യൂസിയത്തിന്റെ സിവിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തിയായിവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര കയർ ഭൂവസ്ത്രമാണ് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കയർ കോർപ്പറേഷൻ, കയർഫെഡ്, FOMIL (Foam Mattings (India) Ltd.) എന്നീ സ്ഥാപനങ്ങൾ വഴി ആകെ 189 ലക്ഷം ചതുരശ്രമീറ്റർ കയർ ഭൂവസ്ത്രം വിതരണം ചെയ്തിട്ടുണ്ട്.

(ഡി) കയർ ഭൂവസ്ത്രത്തിന്റെ വിപണന സാധ്യതകൾ വിപുലീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കയർ ഭൂവസ്ത്രത്തിന്റെ ആഭ്യന്തരവിപണിയുമായി ബന്ധപ്പെട്ട് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കയർ ഭൂവസ്ത്രവിതരണവും കാര്യക്ഷമമായി നടപ്പാക്കി വരുന്നു. കൂടുതൽ പഞ്ചായത്തുകളിലേക്ക് ഭൂവസ്ത്രവിതരണം വ്യാപിപ്പിക്കുന്നതിനും പ്രകൃതിയോട് ഏറ്റവും ഇണങ്ങുന്ന രീതിയിലുള്ള ഭൂവസ്ത്രത്തിന്റെ ഉപയോഗ സാധ്യതകൾ തൃതല പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥരിലേക്ക് എത്തിക്കുന്നതിനുമായി കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിച്ചിരുന്നു. ഇതോടൊപ്പംതന്നെ കേരളത്തിലെ വിവിധ സർവകലാശാലകൾ, സോയിൽ കൺസർവേഷൻ വകുപ്പ്, കെ.എസ്.ഇ.ബി.എൽ., മൈനിങ് ആൻഡ് ജിയോളജി വകുപ്പ്, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് മണ്ണ്, ജല

സംരക്ഷണ പ്രവൃത്തികൾ ഭ്രവസ്തും ഉപയോഗിച്ച് നടപ്പാക്കി വരുന്നുണ്ട്. നോർത്ത്-ഈസ്റ്റേൺ സംസ്ഥാനങ്ങളിലെ വിവിധ സർക്കാർ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു വിപുലമായ സെമിനാർ 2023 ഏപ്രിൽ 24, 25, 26 തീയതികളിലായി ആലപ്പുഴയിൽ വച്ച് സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി ഒഡീഷയിലെ ഒരു അയൺ ഓർ മൈനിങ് സ്ഥാപനവുമായി കയർ ഭ്രവസ്തും ഒരു പൈലറ്റ് പ്രോജക്ടായി നടപ്പാക്കുന്നതിന് ധാരണയാകുകയും 50 ലക്ഷം രൂപയുടെ ഒരു പൈലറ്റ് പ്രോജക്ട് 2024 മാർച്ച് മാസം പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ ഒഡീഷ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒഡീഷ മൈനിങ് കോർപ്പറേഷന്റെ ഏകദേശം 6 ഹെക്ടർ വിസ്തീർണ്ണമുള്ള മൈനുകളിൽ ഭ്രവസ്തും വിതാനം ചെയ്യുന്നതിനുള്ള ഓർഡർ കയർ കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്.

മേവെള്ളൂർ പമ്പിങ് സ്റ്റേഷനിലേക്ക് പുതിയ വൈദ്യുത ലൈൻ

148(2503) ശ്രീമതി സി. കെ. ആശ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിലെ ആവശ്യത്തിലേക്കുള്ള കുടിവെള്ളം പമ്പ് ചെയ്യുന്ന മേവെള്ളൂർ പമ്പിങ് സ്റ്റേഷനിലേക്ക് പുതിയ വൈദ്യുതിലൈൻ വലിക്കുന്നതിന് എത്ര തുകയ്ക്കാണ് ഭരണാനുമതി നൽകിയിരിക്കുന്നത്; അറിയിക്കാമോ;

(ബി) പ്രസ്തുത നടപടികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(സി) പ്രസ്തുത വൈദ്യുതിലൈൻ പിറവം സബ്സ്റ്റേഷനിൽനിന്നും വലിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; ഇതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

(എ-സി) മേവെള്ളൂർ കുടിവെള്ള പദ്ധതിക്ക് 110 കെ.വി. കുറവിലങ്ങാട് സബ്സ്റ്റേഷനിൽനിന്നും 21 കിലോമീറ്റർ എച്ച്.ടി. എ.ബി.സി. ഉപയോഗിച്ച് ഫീഡർ സ്ഥാപിച്ച് സപ്ലൈ നൽകുന്നതിനുള്ള 5,12,80,000/- (5.1280 കോടി) രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ ഈ പദ്ധതി നടപ്പാക്കിയാലും പൂർണ്ണമായ പ്രശ്നപരിഹാരമാകില്ലെന്ന് ബോധ്യപ്പെട്ടതിനാൽ 110 കെ.വി., പിറവം സബ്സ്റ്റേഷനിൽനിന്നും കളമ്പുക്കാവ് വാട്ടർ അതോറിറ്റി പ്ലാന്റിലേക്ക് നിലവിലുള്ള 11 കെ.വി. അണ്ടർ

ഗ്രൗണ്ട് കേബിൾ ഫീഡറിൽനിന്നും ടാപ്പ് ചെയ്ത് 150 മീറ്റർ കവേർഡ് കണ്ടക്ടർ ഉപയോഗിച്ച്, റിവർ ക്രോസ് ചെയ്ത് ലൈൻ വലിച്ചതിനുശേഷം 800 മീറ്റർ അണ്ടർ ഗ്രൗണ്ട് കേബിൾകൂടി സ്ഥാപിച്ച് മേവെള്ളൂർ വാട്ടർ പ്ലാന്റിലേക്ക് സപ്ലൈ എത്തിക്കുന്ന വിധത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. റിവർക്രോസ് ചെയ്യുന്നതിനുവേണ്ടി ആവശ്യമായ 16 മീറ്റർ നീളമുള്ള ലാറ്റിസ് പോൾ (lattice pole) നിലവിൽ ലഭ്യമല്ലാത്തതിനാൽ അവ ഡിസൈൻ ചെയ്യുന്ന ജോലി ചെയ്തുവരുന്നു. ഒരാഴ്ചയ്ക്കകം ഡിസൈൻ പൂർത്തിയാക്കി എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതാണ്.

ആലത്തൂർ നിയോജകമണ്ഡലത്തിൽ വൈദ്യുത കണക്ഷൻ അനുവദിക്കുന്നതിന് നടപടി

149(2504) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഴക്കഞ്ചേരി പാലക്കുഴി പ്രദേശത്ത് താമസിക്കുന്ന പത്ത് കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കണമെന്നാവശ്യപ്പെട്ട് ആലത്തൂർ എം.എൽ.എ. 24-06-2021-ന്

നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഴക്കഞ്ചേരി പാലക്കുഴി പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് വൈദ്യുതി നൽകുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വനംവകുപ്പിന്റെ അനുമതിക്കായി 2017-ൽ ഓൺലൈനായി അപേക്ഷ സമർപ്പിച്ചിരുന്നു. 24-06-2021-ൽ ആലത്തൂർ എം.എൽ.എ., ശ്രീ. കെ. ഡി. പ്രസേനൻ നൽകിയ കത്തിനെത്തുടർന്ന് നിരവധി തവണ വനം വകുപ്പുമായി ബന്ധപ്പെട്ടുവെങ്കിലും നാളിതുവരെ വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് വൈദ്യുതി നൽകുന്നതിന് വനം വകുപ്പ് ഉന്നയിക്കുന്ന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പ്രസ്തുത കുടുംബങ്ങൾ വനം കൈയേറി അനധികൃതമായി താമസിക്കുന്നവരാണെന്നും അനുമതി നൽകാൻ കഴിയില്ലെന്നും വനം വകുപ്പിൽനിന്നും അറിയിച്ചിട്ടുണ്ട്.

(സി) വനം വകുപ്പുമായി ചർച്ച ചെയ്ത് പ്രസ്തുത കുടുംബങ്ങൾക്ക് ഉടൻ വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വനം വകുപ്പിൽനിന്നും അനുമതി ലഭിക്കുന്നമുറയ്ക്ക് പ്രസ്തുത കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കുന്ന നടപടി സ്വീകരിക്കുന്നതാണ്.

പ്രസരണ ലൈനുകൾ സ്ഥാപിക്കുമ്പോൾ സ്ഥലം ഉടമകൾക്കുള്ള നഷ്ടപരിഹാരം

150(2505) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത പ്രസരണ ലൈനുകൾ സ്ഥാപിക്കുമ്പോൾ സ്ഥലം ഉടമകൾക്ക് നഷ്ടപരിഹാര തുക നൽകുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദവിവരം ലഭ്യമാക്കാമോ?

നിലവിലെ നിയമപ്രകാരം വൈദ്യുത പ്രസരണ ലൈനുകൾ സ്ഥാപിക്കുമ്പോൾ ടവർ സ്ഥാപിക്കുന്ന സ്ഥലത്തിന് (ടവർ കാലുകൾക്കുള്ളിൽ വരുന്നത്) ഭൂമിയുടെ ന്യായവിലയുടെ 85 ശതമാനവും പ്രസരണ ലൈൻ കടന്നുപോകുന്ന ഇടനാഴിക്ക് (ലൈനിനുതാഴെയുള്ള നിശ്ചിത വിസ്തീർണ്ണത്തിന്) ഭൂമിയുടെ ന്യായവിലയുടെ 15 ശതമാനവും നൽകി വരുന്നു.

കൂടാതെ, നഗരപരിധിയിലൂടെയാണ് ലൈൻ കടന്നുപോകുന്നതെങ്കിൽ ലൈൻ കടന്നുപോകുന്ന ഇടനാഴിക്ക് ഭൂമിയുടെ ന്യായവിലയുടെ 15 ശതമാനം അധികമായും നൽകിവരുന്നു. ലൈൻ നിർമ്മിക്കുന്നതുമൂലമുണ്ടാകുന്ന വിളകളുടെയും മരങ്ങളുടെയും നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരത്തുകയും ഇതിനുപുറമെ നൽകാറുണ്ട്.

(ബി) 66, 110 കെ.വി. പ്രസരണ ലൈനുകൾ കടന്നുപോകുന്ന ഭാഗത്ത് വീടുകൾ വയ്ക്കുന്നതിനായി എൻ.ഒ.സി. ലഭിക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ സമർപ്പിച്ച അപേക്ഷകളിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പുതുക്കിയ നിബന്ധനകൾ ഉൾപ്പെട്ട സർക്കുലർ വരുന്നതിനുമുമ്പുള്ള എൻ.ഒ.സി. അപേക്ഷകൾ തീർപ്പാക്കാൻ വൈകുന്നതുകാരണം ജനങ്ങൾ ബുദ്ധിമുട്ടുന്നത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

(ബി&സി) 66, 110 കെ.വി. പ്രസരണ ലൈനുകൾ കടന്നുപോകുന്ന ഭാഗത്ത് വീടുകൾ വയ്ക്കാനുള്ള അനുമതിക്കായുള്ള ശിപാർശ നൽകുക

മാത്രമാണ് കെ.എസ്.ഇ.ബി.എൽ. ചെയ്യുന്നത്. സെൻട്രൽ ഇലക്ട്രിസിറ്റി മാനദണ്ഡങ്ങൾ പ്രകാരം ഇതിനായുള്ള അനുമതി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുമാണ് ലഭ്യമാകുന്നത്.

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിങ്ങ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023-ലെ റെഗുലേഷൻ 63 (1) (clearance of buildings at lines of voltage exceeding 650 V - (1) an overhead line shall not cross over an existing building as far as possible and no building shall be constructed under an existing over head line) പ്രകാരം വൈദ്യുതി ലൈനിനടിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുവാദമില്ല. ലൈനിനടിയിൽ വ്യാപകമായ രീതിയിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നത് വൈദ്യുതി സുരക്ഷാ പ്രശ്നങ്ങൾക്കിടയാക്കും. പ്രസ്തുത റെഗുലേഷന്റെ റെഗുലേഷൻ 136 പ്രകാരം സർക്കാരിന് ടി വ്യവസ്ഥയിൽ വ്യതിയാനം വരുത്താൻ അധികാരമുണ്ട്. അതിലേക്കുള്ള പ്രൊപ്പോസൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതിനായുള്ള ഓരോ അപേക്ഷയും പ്രത്യേകമായി പരിശോധിച്ച്

കാര്യകാരണ സഹിതം വ്യതിയാനം അനുവദിക്കാനോ നിരസിക്കാനോ സർക്കാരിന് അധികാരമുണ്ട്. പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ഇതുസംബന്ധിച്ച് പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

വൈദ്യുതി തകരാർമൂലം ചികിത്സാ സംവിധാനങ്ങൾ നിലച്ച സംഭവം

151(2506) ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ വൈദ്യുതി തകരാർമൂലം ചികിത്സാ സംവിധാനങ്ങൾ മണിക്കൂറുകളോളം നിലച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ വൈദ്യുതി തകരാർമൂലം ചികിത്സാ സംവിധാനങ്ങൾ മണിക്കൂറുകളോളം നിലച്ച സംഭവം സർക്കാർ ഗൗരവത്തോടെ കാണുന്നു. 29-09-2024 ഞായറാഴ്ച വൈകിട്ട് 2 മുതൽ 5

മണി വരെ വൈദ്യുതി മുടങ്ങുമെന്നും മതിയായ ജനറേറ്റർ സജ്ജീകരണം ഒരുക്കണമെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥർ ആശുപത്രി അധികൃതരെ അറിയിച്ചിരുന്നു. അറ്റകുറ്റപ്പണികൾ കഴിഞ്ഞ് വൈകിട്ട് 5.42-ന് വൈദ്യുതി പുനഃസ്ഥാപിക്കുകയും ചെയ്തിരുന്നു. ആശുപത്രിയിൽ വൈദ്യുതി നിലച്ച വിഷയം സംബന്ധിച്ച് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.[+] റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) എസ്.എ.ടി. ആശുപത്രിയിൽ വൈദ്യുതി അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വീഴ്ചവന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

എസ്.എ.ടി. ആശുപത്രിയിലെ വൈദ്യുത അറ്റകുറ്റപ്പണികൾ നടത്തുന്ന ചുമതല പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിനാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എസ്.ഇ.ബി.എൽ. പ്രതിഷ്ഠാപനങ്ങളിലെ അറ്റകുറ്റപ്പണികൾ മുൻകൂർ അറിയിപ്പ് നൽകി സമയബന്ധിതമായി ചെയ്തുവരുന്നു.

(സി) ആശുപത്രികളിലും മറ്റും വൈദ്യുതി സേവനം നിലച്ച് അത്യാഹിതങ്ങളുണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; ആശുപത്രികളുമായി ബന്ധപ്പെട്ട വൈദ്യുതി സേവനങ്ങൾ നൽകാൻ പ്രത്യേക മാർഗരേഖ നടപ്പാക്കുമോ; വിശദാംശം നൽകുമോ?

എസ്.എ.ടി. ആശുപത്രിയിലേക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വൈദ്യുതി നൽകുന്നതിൽ യാതൊരു വീഴ്ചയുമുണ്ടായിട്ടില്ല. എന്നിരുന്നാലും ആശുപത്രി അധികൃതരുമായി ബന്ധപ്പെട്ട് പ്രത്യേക മാർഗരേഖ നടപ്പാക്കുന്നകാര്യം പരിഗണിക്കാവുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. വിഷയം നിലിവിൽ സർക്കാർ പരിശോധിച്ചുവരുന്നു.

സോളാർ ഗ്രിഡ് ടൈ ഇൻവെർട്ടറുകൾക്കും പാനലുകൾക്കും ബി.ഐ.എസ്. രജിസ്ട്രേഷൻ

152(2507) ശ്രീ. സനീഷ്കുമാർ ജോസഫ്:

ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കുന്ന സോളാർ ഗ്രിഡ് ടൈ ഇൻവെർട്ടറുകൾക്കും പാനലുകൾക്കും ബി.ഐ.എസ്. രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കുന്ന ഗ്രിഡ് ബന്ധിത സൗരോർജ നിലയങ്ങളിൽ ഉപയോഗിക്കുന്ന ഇൻവെർട്ടർ, സോളാർ പാനൽ എന്നിവയ്ക്ക് ബി.ഐ.എസ്. രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) ഉപഭോക്താക്കൾ കുറഞ്ഞ വിലയ്ക്ക് വിപണിയിൽ ലഭ്യമാകുന്ന, രജിസ്ട്രേഷൻ മുദ്ര പതിക്കാത്ത ഇൻവെർട്ടറുകൾ കൂടുതലായി ഉപയോഗിക്കുന്നത് സുരക്ഷാ പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ടോ; വിശദാംശം നൽകുമോ?

സൗരോർജ നിലയങ്ങളിൽ ബി.ഐ.എസ്. രജിസ്ട്രേഷനുള്ള ഇൻവെർട്ടറും സോളാർ പാനലുമാണ് ഉപയോഗിക്കുന്നത്.

(സി) ഇക്കാര്യത്തിൽ ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽതന്നെ സൗരോർജ നിലയങ്ങളിൽ ബി.ഐ.എസ്. രജിസ്ട്രേഷനുള്ള ഇൻവെർട്ടറും സോളാർ പാനലുമാണ് ഉപയോഗിക്കേണ്ടത് എന്നുള്ള നിർദേശങ്ങൾ നൽകിയിട്ടുള്ളതാണ്.

ഫ്ലോട്ടിങ് സോളാർ സ്ഥാപിക്കുന്നതിനും വിതരണ-പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും നടപടി

153(2508) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളിൽ ഫ്ലോട്ടിങ് സോളാർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായി; വിശദാംശം ലഭ്യമാക്കുമോ?

കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള 8 ജലാശയങ്ങളിലും വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള 2 ജലാശയങ്ങളിലും ഫ്ലോട്ടിങ് സൗരോർജ പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ടി താരിഫധിഷ്ഠിത ദർഘാസുകൾ കെ.എസ്.ഇ.ബി.എൽ. ക്ഷണിച്ചെങ്കിലും ഉയർന്ന താരിഫാണ് ലഭിച്ചത്. തുടർന്ന് കേരളത്തിലെ എല്ലാ ജലസ്രോതസ്സുകളിലും ഫ്ലോട്ടിങ് സോളാർ

സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രാഥമിക പഠനം നടത്തുന്നതിനും ഫ്ലോട്ടിങ് സോളാർ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ജലസംഭരണികൾ കണ്ടെത്തുന്നതിനുമായി കേരള സർക്കാർ അനെർട്ടിനെ ചുമതലപ്പെടുത്തി. കൂടാതെ വെസ്റ്റ് കല്ലട വില്ലേജിൽ എൻ.എച്ച്.പി.സി. നടപ്പാക്കുന്ന 50 MW ഫ്ലോട്ടിങ് സോളാർ പദ്ധതി വഴി ഉൽപാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നതിലേക്കായി കെ.എസ്.ഇ.ബി.എൽ.-ഉം എൻ.എച്ച്.പി.സി.-യും തമ്മിലുള്ള കരട് വൈദ്യുതി വാങ്ങൽ കരാർ 10-07-2024-ൽ ഒപ്പുവച്ചിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അനെർട്ട് മുഖേന സംസ്ഥാനത്ത് ഫ്ലോട്ടിങ് സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നുണ്ട്. ലോക ബാങ്കിന്റെ ഒരു പദ്ധതിയുടെ ഭാഗമായി മൂന്ന് ഡാമുകളിൽ (കല്ലട, പോത്തുണ്ടി, കാരാപ്പുഴ അണക്കെട്ടുകൾ) ഫ്ലോട്ടിങ് സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ സംബന്ധിച്ച് വിശദമായ പഠനം നടന്നുവരുന്നുണ്ട്. ഇവയിൽ യഥാക്രമം 133, 25, 38 മെഗാവാട്ട് എന്നിങ്ങനെ ശേഷിയുള്ള ഫ്ലോട്ടിങ് സൗരോർജ നിലയങ്ങൾ സ്ഥാപിക്കാൻ സാധ്യത

കാണുന്നുവെന്നാണ് പ്രാഥമിക പഠനങ്ങളിൽ കാണുന്നത്. ഫ്ലോട്ടിങ് സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള കരട് നയം തയ്യാറാക്കിയിട്ടുണ്ട്. അന്തിമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) വൈദ്യുതിയുടെ വിതരണ-പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുവേണ്ടി നടപ്പാക്കിയ പദ്ധതികൾ വ്യക്തമാക്കാമോ; വിതരണ-പ്രസരണ നഷ്ടം ഏറ്റവും കുറഞ്ഞ തോതിൽ നിലനിർത്തുന്നതിൽ രാജ്യത്ത് ഒന്നാമതായി മാറാൻ സംസ്ഥാനത്തിന് എത്ര വർഷത്തിനുള്ളിൽ കഴിയുമെന്ന് വ്യക്തമാക്കാമോ?

പ്രസരണനഷ്ടം കുറയ്ക്കുന്നതിന് വിവിധ പദ്ധതികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പാക്കി വരുന്നു. പുതിയ സബ്സ്റ്റേഷനുകളുടെയും പ്രസരണ ലൈനുകളുടെയും നിർമ്മാണം, നിലവിലെ വൈദ്യുതി ലൈനുകളുടെയും സബ്സ്റ്റേഷനുകളുടെയും ശേഷി ഉയർന്ന വോൾട്ടതയിലേക്ക് ഉയർത്തൽ, നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കൽ തുടങ്ങിയ വിവിധ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കി വരുന്നു. ഇതിനായി അഞ്ച് വർഷത്തേക്കുള്ള (2022-27) സമഗ്രമായ മാസ്റ്റർപ്ലാൻ

തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഉൾപെട്ടിട്ടുള്ള വിവിധ പദ്ധതികൾ വാർഷിക പദ്ധതികളിൽ ഉൾപെടുത്തി നടപ്പാക്കി വരുന്നു. കൂടാതെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുമായി നിലവിലുള്ള 66 കെ.വി. സബ്സ്റ്റേഷനുകളും ലൈനുകളും ആവശ്യകതയ്ക്കനുസരിച്ച് 110 കെ.വി.-യായി ശേഷി വർധിപ്പിക്കുന്നുണ്ട്. 2022-24 കാലയളവിൽ പുതിയതായി നാല് 110 കെ.വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. പത്ത് 66 കെ.വി. സബ്സ്റ്റേഷനുകളുടെ ശേഷി 110 കെ.വി.-യായി വർധിപ്പിച്ചു. കൂടാതെ 43 കി.മീ. 110 കെ.വി. ലൈനും പൂർത്തിയാക്കി. പുറമെനിന്നും ലഭ്യമാകുന്നതും ആഭ്യന്തരമായി ഉൽപാദിപ്പിക്കുന്നതുമായ വൈദ്യുതി, പ്രസരണനഷ്ടം കുറച്ച് സംസ്ഥാനത്തുടനീളമെത്തിക്കുന്നതിന് വിഭാവനം ചെയ്ത വൻകിട പദ്ധതിയാണ് 'ട്രാൻസ്ഗ്രിഡ് 2.0.' ഒന്നാം ഘട്ടം (2017-2022), രണ്ടാം ഘട്ടം (2019-2026), ഗ്രീൻ കോറിഡോർ പാക്കേജ് എന്നിങ്ങനെ മൂന്നുവിഭാഗങ്ങളിലായി 400 കെ.വി.-യുടെ മൂന്ന് സബ്സ്റ്റേഷനുകളും 220 കെ.വി.-യുടെ 22 സബ്സ്റ്റേഷനുകളും ഒരു 110 കെ.വി. സബ്സ്റ്റേഷനും 3770 സർക്യൂട്ട് കി.മീ. എക്സ്ട്രാ ഹൈവോൾട്ടേജ്

ലൈനുകളുമാണ് ഇതിൽ ഉൾപെടുത്തിയിട്ടുള്ളത്. ഇതിനോടകം ഈ പദ്ധതിയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷനും പതിനൊന്ന് 220 കെ.വി. സബ്സ്റ്റേഷനുകളും 1943 സർക്യൂട്ട് കി.മീ. ഇ.എച്ച്.റ്റി. ലൈനുകളും (400 കെ.വി. – 179 സർക്യൂട്ട് കി.മീ., 220 കെ.വി.–916 സർക്യൂട്ട് കി.മീ., 110 കെ.വി.–848 സർക്യൂട്ട് കി.മീ.) നിർമ്മാണം പൂർത്തിയാക്കി. ഈ പദ്ധതി പൂർണ്ണമായും നടപ്പാക്കുകവഴി പ്രതിവർഷം 521 ദശലക്ഷം യൂണിറ്റ് വൈദ്യുതി പ്രസരണനഷ്ടം ഒഴിവാക്കാൻ കഴിയുന്നതാണ്. ഇതിനുപുറമെ 2032 വരെയുള്ള വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും പ്രസരണനഷ്ടം കുറയ്ക്കുന്നതിനുമായി ദീർഘകാലാടിസ്ഥാനത്തിൽ 88 സബ്സ്റ്റേഷനുകളും (400 കെ.വി.-5 എണ്ണം, 220 കെ.വി.-14 എണ്ണം, 110 കെ.വി.-69 എണ്ണം) 3429 കി.മീ. ഇ.എച്ച്.റ്റി. ലൈനുകളും നിർമ്മിക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. വൈദ്യുതി വിതരണനഷ്ടം കുറയ്ക്കുന്നതിന് കവചിത ചാലകങ്ങൾ ഉപയോഗിച്ചുള്ള ലൈനുകളുടെ നിർമ്മാണം, ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും സ്റ്റാൻഡേർഡൈസേഷൻ പ്രവൃത്തികൾ, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച്

എച്ച്.റ്റി./എൽ.റ്റി. അനുപാതം വർധിപ്പിക്കൽ, ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികളുടെ റീ-കണ്ടക്ടറിങ് പ്രവൃത്തികൾ, ലൈൻ കൺവെർഷൻ പ്രവൃത്തികൾ, സ്റ്റാർ റേറ്റഡ് ട്രാൻസ്ഫോർമറുകളുടെ ഉപഭോഗം തുടങ്ങിയ ആധുനികവൽക്കരണ പ്രവൃത്തികളാണ് കെ.എസ്.ഇ.ബി.എൽ. നടപ്പാക്കിവരുന്നത്. ഇത്തരം പ്രവൃത്തികൾക്ക് 2018 മുതൽ 2022 വരെ നടപ്പാക്കിയ 'ദ്യുതി-1' ൽ പ്രത്യേക പ്രാധാന്യം നൽകിയിരുന്നു. 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ കെ.എസ്.ഇ.ബി.എൽ. നടപ്പാക്കുന്ന 'ദ്യുതി-2', കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ഡി.എസ്.എസ്. എന്നിവയിലും ഊർജനഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസരണ-വിതരണ നഷ്ടം 2017-18-ൽ 13.07 ശതമാനത്തിൽനിന്ന് 2023-24-ൽ 9.7 ശതമാനമായി കുറച്ചിട്ടുണ്ട്. വിതരണനഷ്ടം കുറയ്ക്കുന്നതിന് മുന്നോടിയായുള്ള ഊർജ ഓഡിറ്റിനുവേണ്ടി ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിലുള്ള 11 കെ.വി. ഫീഡറുകളിൽ ബോർഡർ മീറ്ററുകൾ സ്ഥാപിക്കുന്നതിനും എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിലും

'ഡി.റ്റി.ആർ.' മീറ്ററുകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും ആർ.ഡി.എസ്.എസ്.-ൽ ഉൾപെടുത്തിയിട്ടുണ്ട്.

ദേശീയ എനർജി എഫിഷ്യൻസി പെർഫോർമൻസ് അവാർഡ്

154(2509) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:

ശ്രീമതി യു. പ്രതിഭ:

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:

ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ എനർജി എഫിഷ്യൻസി പെർഫോർമൻസ് അവാർഡിൽ ദേശീയ ഊർജക്ഷമതാ സൂചികയുടെ അടിസ്ഥാനത്തിൽ കേരളം ഉയർന്ന സ്ഥാനം കൈവരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

2023-ൽ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി പ്രസിദ്ധീകരിച്ച സംസ്ഥാനതല ഊർജ കാര്യക്ഷമതാ സൂചികയിൽ (SEEI) കേരളത്തിന് 77.5 പോയിന്റുകളോടെ രണ്ടാം സ്ഥാനം ലഭിക്കുകയുണ്ടായി. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും വിവിധ മേഖലകളിലെ ഊർജ സംരക്ഷണ

പ്രവർത്തനങ്ങൾ പരിശോധിച്ച് സംസ്ഥാനതല ഊർജ കാര്യക്ഷമത സൂചിക (SEEI) പ്രസിദ്ധീകരിച്ചുവരുന്നു. കാർഷിക രംഗം, വൈദ്യുത വിതരണരംഗം, ഗതാഗതം, വ്യാവസായികരംഗം, വൻകിട കെട്ടിടങ്ങൾ, ഗാർഹികം എന്നീ മേഖലകളിലെ ഊർജകാര്യക്ഷമത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളും, ഈ മേഖലയിലെ ഊർജകാര്യക്ഷമത വർധിപ്പിക്കുന്നതിനായി സർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങളുടെ ധനസഹായത്തോടെ നടത്തിവരുന്ന പദ്ധതികളും പ്രവർത്തനങ്ങളും കണക്കിലെടുത്താണ് കേരളത്തിന് പുരസ്കാരം ലഭിച്ചത്.

(ബി) ഇതിനടിസ്ഥാനമായി ഈ മേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഇ.എം.സി. ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന താഴെക്കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ കണക്കിലെടുത്താണ് അവാർഡ് ലഭ്യമായിട്ടുള്ളത്.

(a) കേരളത്തിലെ അങ്കണവാടികളെ ഊർജകാര്യക്ഷമമാക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ

നടപ്പാക്കുന്ന "അംഗൻ ജ്യോതി" പദ്ധതിയുടെ ഭാഗമായി കഴക്കൂട്ടം, ചിറ്റൂർ നിയോജകമണ്ഡലത്തിലെ 424 അങ്കണവാടികൾക്ക് വൈദ്യുത പാചക ഉപകരണങ്ങൾ വിതരണം ചെയ്തു. കാർബൺ ബഹിർഗമനമില്ലാത്തതും വേഗത്തിലുള്ള പാചകം ഉറപ്പുവരുത്തുന്നതുമായ വൈദ്യുത ഇൻഡക്ഷൻ കുക്കർ, ഇഡ്ഡലി കുക്കർ, പ്രഷർ കുക്കർ, മിൽക്ക് കുക്കർ, ഇൻഡക്ഷൻ കുക്കറുകളിൽ ഉപയോഗിക്കാവുന്ന പാത്രങ്ങൾ എന്നിവയാണ് വിതരണം ചെയ്തത്. കൂടുതൽ അങ്കണവാടികളിലും ഈ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഇ.എം.സി. നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി തിരഞ്ഞെടുത്ത 91 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 2387 അങ്കണവാടികളിലും പ്രസ്തുത പാചക ഉപകരണങ്ങൾ നൽകി കഴിഞ്ഞിട്ടുണ്ട്.

(b) സർക്കാർ സ്ഥാപനങ്ങളെ ഊർജകാര്യക്ഷമമാക്കാൻ വിഭാവനം ചെയ്ത പദ്ധതിയാണ് "ഊർജയാൻ". പദ്ധതിയുടെ ഭാഗമായി ഊർജ ഓഡിറ്റ് നടത്തുകയും ഊർജകാര്യക്ഷമത കുറഞ്ഞ വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജകാര്യക്ഷമത കൂടിയ ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതി

സെക്രട്ടേറിയറ്റ് അനെക്സ് 1 കെട്ടിടം ഉൾപ്പെടെ 2 സർക്കാർ സ്ഥാപനങ്ങളിൽ 2023-24 സാമ്പത്തിക വർഷം പൂർത്തീകരിച്ചു. പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ 12 നിയോജകമണ്ഡലങ്ങളിലെ 111 സർക്കാർ കെട്ടിടങ്ങളുടെയും പാലക്കാട് ജില്ലയിലെ 33 സർക്കാർ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെയും ഊർജ ഓഡിറ്റ് പൂർത്തീകരിച്ച് തിരഞ്ഞെടുത്ത 20 സർക്കാർ കെട്ടിടങ്ങളിലെ ഊർജകാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജകാര്യക്ഷമത കൂടിയത് സ്ഥാപിച്ചു. കൂടാതെ 250 സർക്കാർ കെട്ടിടങ്ങളുടെ ഊർജ ഓഡിറ്റ് പൂർത്തീകരിച്ച് ഊർജ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(c) സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ ഊർജകാര്യക്ഷമമാക്കുന്നതിനായി ഇ.എം.സി. വിഭാവനം ചെയ്ത് നടത്തിവരുന്ന പദ്ധതിയാണ് "ചൈതന്യം". ടി പദ്ധതിയുടെ ഭാഗമായി 25 ആരോഗ്യ കേന്ദ്രങ്ങളിലെ ഊർജകാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജകാര്യക്ഷമത കൂടിയ ബി.ഇ.ഇ. സ്റ്റാർ റേറ്റഡ് ഫാനുകളും എൽ.ഇ.ഡി. ബൾബുകളും മാറ്റി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ 31 സർക്കാർ

ആരോഗ്യകേന്ദ്രങ്ങൾ ഊർജകാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

(d) സ്കൂൾ വിദ്യാർഥികൾക്കും അധ്യാപകർക്കുമായി നടത്തിവരുന്ന ശില്പശാല പരമ്പരയാണ് "ഉണർവ്". ടി പദ്ധതിയുടെ ഭാഗമായി 2023-24 സാമ്പത്തിക വർഷം 64 സ്കൂളുകളിൽനിന്നുള്ള 4400-ൽ പരം വിദ്യാർഥികൾക്ക് ഊർജ സംരക്ഷണ ബോധവൽക്കരണ ശില്പശാലകൾ സംഘടിപ്പിച്ചു. 2024-25 വർഷം 64 സ്കൂളുകളിൽനിന്നുള്ള 4400-ൽ പരം വിദ്യാർഥികൾക്ക് ഊർജ സംരക്ഷണ ബോധവൽക്കരണ ശില്പശാലകൾ സംഘടിപ്പിച്ചു.

(e) കാർഷിക മേഖലയെ ഊർജകാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കും കൃഷിക്കാർക്കും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. പദ്ധതിയുടെ ഭാഗമായി പാലക്കാട് എരുത്തേൻപതിയിലെ ഇന്റഗ്രേറ്റഡ് സീഡ് ഡെവലപ്മെന്റ് ഫാമിൽ ഊർജകാര്യക്ഷമത കുറഞ്ഞ പമ്പുസെറ്റുകൾ മാറ്റി ഊർജകാര്യക്ഷമമായ 5 എച്ച്.പി. ശേഷിയുള്ള 3 പമ്പ് സെറ്റുകൾ സ്ഥാപിച്ചു.

കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ ഡീ-വാട്ടറിങ് പമ്പിങ് കാര്യക്ഷമമാക്കുന്നതിനുവേണ്ടി 5 സ്ഥലങ്ങളിൽ നിലവിലുള്ള പെട്ടിയും പറയും മാറ്റി ഊർജകാര്യക്ഷമമായ വെർട്ടിക്കൽ ആക്സിസ് ടർബയിൻ പമ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. 30 എച്ച്.പി. ശേഷിയുള്ള 2 പമ്പുകളും 25 എച്ച്.പി. ശേഷിയുള്ള 2 പമ്പുകളും 20 എച്ച്.പി. ശേഷിയുള്ള ഒരു പമ്പുമാണ് സ്ഥാപിച്ചത്. 'കാലാവസ്ഥ അതിജീവനശേഷിയും ഊർജകാര്യക്ഷമതയും കാർഷിക മേഖലയിൽ' എന്ന വിഷയത്തിൽ 14 ജില്ലകളിലും ശില്പശാലകൾ സംഘടിപ്പിക്കുകയും ബന്ധപ്പെട്ട വകുപ്പുകളിൽനിന്നായി 1900-ൽ പരം ഉദ്യോഗസ്ഥർ പങ്കെടുക്കുകയും ചെയ്തു. വിവിധ കർഷക സംഘങ്ങളുടെ സഹകരണത്തോടെ സംഘടിപ്പിച്ച 32 ബോധവൽക്കണ പരിപാടികളിലായി 1300-ൽ പരം കർഷകർ പങ്കെടുക്കുകയും ചെയ്തു.

(f) കേരളത്തിൽ വാണിജ്യ കെട്ടിടങ്ങളിൽ ഊർജ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സർക്കാർ കേരള എനർജി കൺസർവേഷൻ ബിൽഡിങ് കോഡ് റൂൾസ് 2017 വിജ്ഞാപനം ചെയ്യുകയും ഈ നിയമത്തിന്റെ വ്യവസ്ഥകൾ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഉൾപെടുത്തുകയും

ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട്, തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനുമായി (കില) ചേർന്ന്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിടനിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കും (സീനിയർ ക്ലാർക്ക്/ക്ലാർക്ക്) ഫ്രണ്ട് ഓഫീസ് ഉദ്യോഗസ്ഥർക്കുമായി പരിശീലന പരിപാടികൾ ഇ.എം.സി. സംഘടിപ്പിച്ചു. 2023-24 സാമ്പത്തിക വർഷത്തിൽ 25 ബാച്ചുകളിലായി ക്രമീകരിച്ച പരിശീലന പരിപാടികളിൽ വിവിധ തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളിൽനിന്നായി 2004 ഉദ്യോഗസ്ഥർ പങ്കെടുത്തു. കൂടാതെ കെട്ടിട മേഖലയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണലുകൾക്കായി സംഘടിപ്പിച്ച 17 പരിശീലന പരിപാടികളിലായി 500-ൽപരം ആളുകൾ പങ്കെടുത്തു.

(g) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ (എം.എസ്.എം.ഇ.) കാര്യക്ഷമമായ പ്രവർത്തനത്തിനായി എനർജി എഫിഷ്യൻസി സർവെ നടത്തി ചെറുകിട ഉപഭോക്താക്കളിൽ ഊർജ ഉപയോഗം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഇ.എം.സി. നടത്തിവരുന്നുണ്ട്.

ഇതുവഴി എം.എസ്.എം.ഇ. യൂണിറ്റുകളിൽ ഊർജ സംരക്ഷണത്തിന് സാധ്യതയുള്ള മേഖലകളുടെ ഒരു അവലോകനം നടത്താനും ഊർജ സംരക്ഷണത്തിനായി ഊർജകാര്യക്ഷമമായ സാങ്കേതികവിദ്യകൾ സ്വീകരിക്കാനും കഴിയും. ഇതിന്റെ ഭാഗമായി കേരളത്തിലെ 4 എം.എസ്.എം.ഇ. ക്ലസ്റ്ററുകളിൽ ഊർജസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. തൃശ്ശൂരിലെ ഫർണിച്ചർ ക്ലസ്റ്റർ, കോട്ടയത്തുള്ള റബ്ബർ ക്ലസ്റ്റർ, എറണാകുളത്തെ പ്ലാസ്റ്റിക് ക്ലസ്റ്റർ, പാലക്കാടുള്ള കാർഷിക ഉപകരണങ്ങളുടെ ക്ലസ്റ്റർ എന്നിവയാണവ. മേൽപ്പറഞ്ഞ എം.എസ്.എം.ഇ. ക്ലസ്റ്ററുകളിലെ തിരഞ്ഞെടുത്ത യൂണിറ്റുകളിൽ എനർജി ഓഡിറ്റ് നടത്തുകയും ഓഡിറ്റ് റിപ്പോർട്ടിൽ ഊർജകാര്യക്ഷമത കൈവരിക്കാൻ നിർദേശിച്ചിരിക്കുന്ന മാർഗങ്ങൾ നടപ്പാക്കാൻവേണ്ട സാങ്കേതിക/സാമ്പത്തിക സഹായങ്ങൾ ഇ.എം.സി. നൽകുകയും ചെയ്യും.

(h) കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെയും നീതി ആയോഗിന്റെയും ആഭിമുഖ്യത്തിൽ രാജ്യത്താകമാനം നടന്നുവരുന്ന LiFE (Lifestyle for Environment)

കാമ്പയിനിന്റെ ഭാഗമായി ഇ.എം.സി.-യുടെ നേതൃത്വത്തിൽ കേരളത്തിൽ 431 ശില്പശാലകൾ പൂർത്തീകരിച്ചു.

(i) ബി.ഇ.ഇ. സ്റ്റാൻഡേർഡ്സ് ആൻഡ് ലേബലിങ് പ്രോഗ്രാമിന്റെ നിയമങ്ങളെയും ഗുണമേന്മകളെയും കുറിച്ച് വ്യാപാരികളെയും വിദ്യാർഥികളെയും ഉപഭോക്താക്കളെയും ബോധവാന്മാരാക്കുന്നതിനുവേണ്ടി എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ 'സ്റ്റാൻഡേർഡ്സ് ആൻഡ് ലേബലിങ്' എന്ന വിഷയത്തിൽ ശില്പശാലകൾ സംഘടിപ്പിച്ചു. ഗാർഹിക മേഖലയിലെ ഉപഭോക്താക്കൾക്കായി 45 ശില്പശാലകളും വ്യപാരികൾക്കായി 14 ശില്പശാലകളും വിദ്യാർഥികൾക്കായി 14 ശില്പശാലകളും സംഘടിപ്പിച്ചു.

ഊർജസംരക്ഷണ പ്രവൃത്തികൾ നടപ്പാക്കിയതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ.-ന് 2015, 2019, 2021, 2023 എന്നീ വർഷങ്ങളിൽ സംസ്ഥാന ഊർജസംരക്ഷണ പുരസ്കാരം ലഭിച്ചിട്ടുണ്ട്. ഊർജസംരക്ഷണവുമായി ബന്ധപ്പെട്ട പുരസ്കാരങ്ങൾ നൽകുന്നതിന് ഊർജ സംരക്ഷണവും പരിപാലനവുമാണ് പ്രധാനമായും വിശകലനം ചെയ്യുന്നത്.

ഊർജകാര്യക്ഷമതയും ഊർജ സംരക്ഷണവും വർധിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പാക്കിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1."ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിങ് പ്രോഗ്രാം" (DELP) പദ്ധതി

2. ഫിലമെന്റ് രഹിത കേരളം (FFK)പദ്ധതി

3. ഹൈ വോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്.) പദ്ധതി

4 ഊർജനഷ്ടം കുറയ്ക്കുന്നതിനായി ട്രാൻസ്ഫോർമറുകളുടെ നവീകരണം

5. വിവിധ സ്ഥാപനങ്ങളിൽ "എനർജി ഓഡിറ്റിങ്"

(സി) വൈദ്യുതി ഉൽപാദന, പ്രസരണ, വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

വൈദ്യുതി പ്രസരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായും ഭാവിയിലെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുവേണ്ടിയും വൈദ്യുതി പ്രസരണ മേഖലയിൽ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു.

Transgrid 2.0 പദ്ധതികൾ

നാഷണൽ ഇലക്ട്രിസിറ്റി പോളിസിയും ഇലക്ട്രിസിറ്റി ആക്ട് 2003-ഉം അനുശാസിക്കുന്ന പ്രകാരം പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനായി ഏകദേശം 6500 കോടി രൂപയുടെ വിവിധ പദ്ധതികൾ ഒന്നാം ഘട്ടം, രണ്ടാം ഘട്ടം, ഗ്രീൻ കോറിഡോർ പാക്കേജ് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി നടപ്പാക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. 400 കെ.വി.-യുടെ മൂന്ന് സബ്സ്റ്റേഷനുകളും 220 കെ.വി.-യുടെ 22 സബ്സ്റ്റേഷനുകളും ഒരു 110 കെ.വി. സബ്സ്റ്റേഷനും 3770 സർക്യൂട്ട് കി.മീ. എക്സ്ട്രാ ഹൈവോൾട്ടേജ് ലൈനുകളുമാണ് പ്രധാനമായി ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

രണ്ട് ഘട്ടങ്ങളിലുമായി ഇതിനോടകം ഒരു 400 കെ.വി. സബ്സ്റ്റേഷനും (കോട്ടയം), പതിനൊന്ന് 220 കെ.വി. സബ്സ്റ്റേഷനുകളും (മഞ്ചേരി, ചാലക്കുടി, കോതമംഗലം, ആലുവ, കല്പാർ, കുന്നമംഗലം, ചിത്തിരപുരം, ഏറ്റുമാനൂർ, വിഴിഞ്ഞം, തലശ്ശേരി, കുന്നംകുളം) 1943 സർക്യൂട്ട് കി.മീ. ഇ.എച്ച്.റ്റി. ലൈനുകളും (400 കെ.വി. 179 സർക്യൂട്ട് കി.മീ., 220 കെ.വി. - 916 സർക്യൂട്ട് കി.മീ., 110 കെ.വി. - 848 സർക്യൂട്ട് കി.മീ.) നിർമ്മാണം പൂർത്തിയാക്കി. മറ്റുള്ള പദ്ധതികളുടെ നിർമ്മാണം വിവിധഘട്ടങ്ങളിലാണ്.

ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിലെ ഹരിതോർജ പദ്ധതികളിൽനിന്നുള്ള വൈദ്യുതിയുടെ സുഗമമായ പ്രസരണത്തിനുവേണ്ടി ഈ മേഖലയിൽ മൂന്ന് ഹരിതോർജ ഇടനാഴി പദ്ധതികൾ (അട്ടപ്പാടി ഗ്രീൻ കോറിഡോർ, രാമക്കൽമേട് ഗ്രീൻ കോറിഡോർ, നോർത്ത് ഗ്രീൻ കോറിഡോർ എന്നിവ) 1458 കോടി രൂപയ്ക്ക്, ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി വഴി നടപ്പാക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്.

തനത് പദ്ധതികൾ

2022–27 കാലയളവിലുള്ള വാർഷിക പദ്ധതികളിൽ ഉൾപ്പെട്ട പ്രസരണ ശൃംഖല വികസന പദ്ധതികൾക്ക് റെഗുലേറ്ററി കമ്മീഷന്റെ 25-06-2022-ലെ ഉത്തരവ് പ്രകാരം ഇടക്കാല അനുമതി നൽകിയിരുന്നു. അന്തിമ അനുമതി ഉടൻ ലഭിക്കുമെന്ന് കരുതുന്നു. 2022-23-ലും 2023-24-ലും 2024-25-ലും ഉൾപെടുത്തിയിട്ടുള്ള പദ്ധതികൾ ആരംഭിക്കുകയും അവയിൽ ചിലതെല്ലാം പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്.

33 കെ.വി. ഔട്ട്ഡോർ സബ്സ്റ്റേഷനുകളെ വിദൂര നിയന്ത്രിത സംവിധാനത്തോടെ ഇൻഡോർ സബ്സ്റ്റേഷനുകളാക്കി മാറ്റുന്നതിനുള്ള

വിശദമായ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി, 33 കെ.വി. NIT Calicut ഇൻഡോർ സബ്സ്റ്റേഷൻ 06-08-2024-ൽ കമ്മീഷൻ ചെയ്ത്, 30-08-2024-ൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റൈസ്ഡ് സബ്സ്റ്റേഷനുകളായ (യു.എസ്.എസ്.) 33 കെ.വി. വെണ്ണിയൂർ സബ്സ്റ്റേഷന്റെയും 33 കെ.വി. കുന്നംപുറം സബ്സ്റ്റേഷന്റെയും നിർമ്മാണം നടന്നുവരുന്നു. 33 കെ.വി. തൃശ്ശൂർ മെഡിക്കൽ കോളേജ് യു.എസ്.എസ്. സബ്സ്റ്റേഷന്റെ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്.

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി പ്രസിദ്ധപ്പെടുത്തുന്ന ഇലക്ട്രിക് പവർ സർവെ പ്രകാരമുള്ള ലോഡ് വർധനവനുസരിച്ച് പുതിയ സബ്സ്റ്റേഷനുകളുടെയും പ്രസരണ ലൈനുകളുടെയും നിർമ്മാണം, നിലവിലെ വൈദ്യുതി ലൈനുകളുടെയും സബ്സ്റ്റേഷനുകളുടെയും ശേഷി മെച്ചപ്പെടുത്തൽ, താഴ്ന്ന വോൾട്ടതയിലുള്ള സബ്സ്റ്റേഷനുകളും ലൈനുകളും ഉയർന്ന വോൾട്ടതയിലേക്ക് ഉയർത്തൽ മുതലായ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നടപ്പാക്കുന്നുണ്ട്. കഴിഞ്ഞ വേനൽകാലത്ത് സംസ്ഥാനത്ത് അനുഭവപ്പെട്ട ക്രമാതീതമായ ലോഡ് വർധനവ് കണക്കിലെടുത്ത് പ്രസരണ

വിഭാഗത്തിനുകീഴിൽ നിലവിൽ 75 ശതമാനത്തിൽ കൂടുതൽ ലോഡുള്ള ട്രാൻസ്ഫോർമറുകളുടെയും ഫീഡറുകളുടെയും ശേഷി വർധിപ്പിക്കുന്നതിനും പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനുംവേണ്ടിയുള്ള നടപടി പുരോഗമിക്കുന്നു. കൂടാതെ, അടുത്ത പത്ത് വർഷത്തേക്കുള്ള വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് ലക്ഷ്യമിട്ട് പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിനുള്ള അധിക പദ്ധതികളുടെ പഠനം നടന്നുവരുന്നു. ഇതോടൊപ്പം, സംസ്ഥാനത്തെവിടെയുമുള്ള പുനരുപയോഗ ഊർജസ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതിയുടെ സുഗമമായ പ്രസരണത്തിനും വൈദ്യുതി ഗ്രിഡ്ലിലേക്ക് എത്തിക്കുന്നതിനുമുള്ള പ്രസരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും നടപ്പാക്കുന്നു. സബ്സ്റ്റേഷൻ ഓട്ടോമേഷൻ സിസ്റ്റം, SCADA, മെച്ചപ്പെട്ട മീറ്ററിങ്, പ്രൊട്ടക്ഷൻ മുതലായ നൂതന സംവിധാനങ്ങളോടുകൂടിയ ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനുകളും നാരോ ബേസ്ഡ് ടവേഴ്സ് (Narrow based towers), കൂടുതൽ പ്രസരണശേഷിയുള്ള ചാലകങ്ങൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പുതിയ ലൈനുകളും ഉപയോഗപ്പെടുത്തിയാണ് ഈ പദ്ധതികൾ നടപ്പാക്കുന്നത്.

ആർ.ഡി.എസ്.എസ്. പദ്ധതികൾ

ഊർജനഷ്ടം കുറയ്ക്കുന്നതിനും ഉപപ്രസരണ ശൃംഖല നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ഡി.എസ്.എസ്.-നുകീഴിൽ ഒന്നാംഘട്ടത്തിൽ പ്രസരണ വിഭാഗത്തിന് അംഗീകാരം ലഭിച്ച 189 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പാക്കിവരികയാണ്. രണ്ടാംഘട്ടത്തിൽ, 944.6 കോടി രൂപയുടെ ആധുനികവൽക്കരണ നിർദേശങ്ങളും 2562.14 കോടി രൂപയുടെ അധിക നിർദേശങ്ങളും കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന് സമർപ്പിച്ച് അംഗീകാരത്തിനായി കാത്തിരിക്കുന്നു. വൈദ്യുതി ഉൽപാദന സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ചെറുതും വലുതുമായ നിരവധി ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം, പര്യവേക്ഷണം, വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കൽ തുടങ്ങിയ ജോലികൾ നടന്നുവരുന്നു. സൗരോർജ ഉൽപാദനം കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനായി ഊർജ ശേഖരണത്തിനുതകുന്ന പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളും അനുബന്ധമായി വികസിപ്പിച്ച് വരുന്നുണ്ട്. പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ സാധ്യതാ പഠന

റിപ്പോർട്ട്/പ്രാരംഭ പഠന റിപ്പോർട്ട്/വിശദമായ പഠന റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്ന ജോലികളും ഊർജിതമായി നടന്നുവരുന്നു. 40 MW സ്ഥാപിതശേഷിയുള്ള തോട്ടിയാർ, 60 MW സ്ഥാപിതശേഷിയുള്ള പള്ളിവാസൽ എക്സ്റ്റൻഷൻ, 36 KW സ്ഥാപിതശേഷിയുള്ള പൊരിങ്ങൽക്കുത്ത് മൈക്രോ എന്നീ ജലവൈദ്യുത പദ്ധതികളുടെ കമ്മീഷനിങ് ഉടൻ നടത്തുന്നതാണ്. കൂടാതെ 7.50 MW അധിക സ്ഥാപിതശേഷി ലഭ്യമാക്കുന്നതിനായി നിലവിലുള്ള കുറ്റ്യാടി ജലവൈദ്യുത പദ്ധതി(2x25 MW)-യുടെ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ 127.50 MW മൊത്തം സ്ഥാപിതശേഷിയുള്ള 8 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ 92 MW മൊത്തം സ്ഥാപിതശേഷിയുള്ള 13 ചെറുകിട ജല വൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങൾ (സ്ഥലമേറ്റെടുപ്പ് ഉൾപെടെയുള്ള) വിവിധ ഘട്ടങ്ങളിലാണ്. ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/1301 Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450 MW/834.16 Mu), ലക്ഷ്മി ജല

വൈദ്യുത പദ്ധതി (240 MW/347 Mu) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാവശ്യമായ അനുമതി ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുമുള്ള നടപടി പുരോഗമിക്കുന്നു. കൂടാതെ ഡാമുകളിൽനിന്നും പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പ് ചെയ്ത് വൈദ്യുതി ഉൽപാദനം വർധിപ്പിക്കുന്നതിനും പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ നടപ്പാക്കുന്നതിനുമായി മൊത്തം 3330 മെഗാവാട്ട് ശേഷിയുള്ള 10 സൈറ്റുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ രണ്ട് പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാരിന്റെ തത്വത്തിലുള്ള അനുമതി ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളുടെ പര്യവേക്ഷണവും പ്രാരംഭ പഠന റിപ്പോർട്ടും തയ്യാറായിവരുന്നു. കൂടാതെ വിവിധ പദ്ധതികളുടെ പര്യവേക്ഷണവും വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കൽ പ്രവൃത്തികളും നടന്നുവരുന്നു. വൈദ്യുതി വിതരണ മേഖലയുടെ നവീകരണം ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. ഇപ്പോൾ നടപ്പാക്കുന്ന പദ്ധതികൾ ദ്യുതി 2-ഉം ആർ.ഡി.എസ്.എസ്.-ഉം ആണ്. ദ്യുതി 1 പദ്ധതിയുടെ തുടർച്ചയായി വിതരണരംഗം കൂടുതൽ ആധുനികവൽക്കരിക്കാനും ഗ്രണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി

2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ കെ.എസ്.ഇ.ബി.എൽ. നടപ്പാക്കുന്ന പദ്ധതിയാണ് ദ്യുതി 2. ദ്യുതി 2.0-ൽ 4717 കോടി രൂപയുടെ പ്രവൃത്തികളാണ് 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പാക്കാനായി തീരുമാനിച്ചിട്ടുള്ളത്. ദ്യുതി 2.0 പദ്ധതിയിൽ ഉൾപെടുത്തി പ്രധാനമായും 2242 കി.മീ. High Tension Over Head (HT OH) ലൈനും 2246 കി.മീ. High Tension Aerial Bunched Cable (HT ABC) - ഉം 77 കി.മീ. covered conductor-ഉം 795 കി.മീ. ഭൂഗർഭ കേബിളും 858 കി.മീ. Low Tension Over Head (LT OH) ലൈനും 4076 കി.മീ. Low Tension Aerial Bunched Cable (LT ABC)-ഉം നിർമ്മിക്കാനും 4373 ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിക്കാനും 1769 ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കാനുമാണ് ഡി.പി.ആർ. തയ്യാറാക്കിയിരിക്കുന്നത്. അതോടൊപ്പം 3671 fault pass detector സ്ഥാപിക്കാനും 5752 കി.മീ. പഴയ എച്ച്.റ്റി. ലൈനുകളും 28645 കി.മീ പഴയ എൽ.റ്റി. ലൈനുകളും മാറ്റി പുതിയത് വലിക്കാനും 2637 കി.മീ. എൽ.റ്റി. സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കി മാറ്റാനും ലക്ഷ്യമിട്ടിട്ടുണ്ട്. 2022-23 മുതൽ നാളിതുവരെ 1255

കോടി രൂപയുടെ പ്രവൃത്തികൾ ദ്യുതി 2 പദ്ധതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ മലപ്പുറം (411 കോടി രൂപ), കാസർഗോഡ് (394 കോടി രൂപ), ഇടുക്കി (218 കോടി രൂപ) ജില്ലകളിലെ വിതരണ മേഖലയുടെ വികസനത്തിനായി ആകെ 1023 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജും കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത മേഖലകളിൽ പ്രളയ പ്രതിരോധ നിർമ്മാണ പ്രവർത്തനങ്ങൾ ആവിഷ്കരിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ?

പ്രസരണ വിഭാഗത്തിനുകീഴിൽ കുട്ടനാട് ഫ്ലഡ് റെസിലിയൻസ് പാക്കേജിന്റെ ഭാഗമായ 66 കെ.വി. കുട്ടനാട് സബ്സ്റ്റേഷന്റെ ശേഷി 110 കെ.വി. ആക്കി ഉയർത്തുന്ന പ്രവൃത്തി, കാവാലത്ത് 110 കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ (ജി.ഐ.എസ്.) നിർമ്മാണം, കിടങ്ങറയിൽ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ 53.33 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ മൂന്ന് പദ്ധതികളുടെയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. 2022-23 മുതൽ 2026-27 വരെ

കെ.എസ്.ഇ.ബി.എൽ. നടപ്പാക്കുന്ന ദ്യുതി 2 പദ്ധതിയിൽ പ്രളയ പ്രതിരോധശേഷിയുള്ള പ്രതിഷ്ഠാപനങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2018-ലെയും 2019-ലെയും പ്രളയത്തിലെ ഫ്ലഡ് ലെവൽ രേഖപ്പെടുത്തുകയും ഇതനുസരിച്ച് ട്രാൻസ്ഫോർമറുകൾ ഉൾപ്പെടെയുള്ള പ്രതിഷ്ഠാപനങ്ങൾ ഉയർത്തി സ്ഥാപിക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ നടപ്പാക്കി വരികയും ചെയ്യുന്നു.

വൈദ്യുതി കുടിശ്ശിക ഈടാക്കാൻ നടപടി

155(2510) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിലും നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും വൈദ്യുതി കുടിശ്ശികയിനത്തിൽ വൻ തുക അടയ്ക്കാനുള്ള സർക്കാർ ഓഫീസുകളും പൊതുമേഖലാ സ്ഥാപനങ്ങളും ഏതൊക്കെയാണെന്നും എത്ര തുക കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കാമോ?

മുൻ സർക്കാരിന്റെ കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും വൻ കുടിശ്ശിക വരുത്തിയ സംസ്ഥാന സർക്കാർ സ്ഥാപനം

പോലീസ് വകുപ്പും സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള വാട്ടർ അതോറിറ്റിയുമാണ്. 12-03-2024-ലെ ഊർജ വകുപ്പിന്റെ സർക്കാർ ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ 31-10-2023 വരെയുള്ള വൈദ്യുതി കുടിശ്ശിക തുകയായ 2068.07 കോടി രൂപ (ഒറ്റത്തവണത്തീർപ്പാക്കൽ പദ്ധതി 2023 പ്രകാരമുള്ള പലിശ തുക ഉൾപ്പെടെ) 2024-25 സാമ്പത്തിക വർഷം മുതൽ 206.80 കോടി രൂപ വീതം പത്ത് തുല്യ വാർഷിക ഗഡുക്കളായി കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, കേരള വാട്ടർ അതോറിറ്റി ഒഴികെയുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതു സ്ഥാപനങ്ങൾ എന്നിവയുടെ 31-10-2023 വരെയുള്ള കുടിശ്ശിക തുകയായ 534.84 കോടി രൂപ (ഒറ്റത്തവണത്തീർപ്പാക്കൽ പദ്ധതി 2023 പ്രകാരമുള്ള പലിശ തുക ഉൾപ്പെടെ) കെ.എസ്.ഇ.ബി.എൽ. ഡ്യൂട്ടി ഇനത്തിൽ 31-10-2023 വരെ സർക്കാരിന് നൽകാനുള്ള 145.48 കോടി രൂപ, 11/2023 മുതൽ 03/2024 വരെ ഡ്യൂട്ടി ഇനത്തിൽ നൽകാനുള്ള 420 കോടി രൂപ (പ്രൊവിഷണൽ തുക) പോലീസ് വകുപ്പിന് നൽകാനുള്ള 280.04 കോടി

രൂപ എന്നിവയുമായി തട്ടിക്കിഴിക്കുന്നതിനായുള്ള അനുമതി 12-03-2024-ലെ ധനകാര്യ വകുപ്പിന്റെ സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം 31-10-2023 വരെയുള്ള കുടിശ്ശിക തീർപ്പാക്കിയതിനുശേഷം 31-08-2024 വരെ കെ.എസ്.ഇ.ബി.എൽ.-ന് കുടിശ്ശികയിനത്തിൽ സംസ്ഥാന സർക്കാർ ഓഫീസുകളിൽനിന്നും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും 605.25 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട് (ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ പ്രകാരം). പ്രസ്തുത തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കുടിശ്ശിക പിരിച്ചെടുക്കുന്നതിലേക്കായി സപ്ലൈ കോഡ് 2014 റെഗുലേഷൻ 138, 139 പ്രകാരം കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങൾക്ക് (കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകൾ, പോലീസ്, ഗവൺമെന്റ് ആശുപത്രികൾ, കൃഷിഭവൻ ഉപഭോക്താക്കൾ എന്നിവ ഒഴികെ) കുടിശ്ശിക നോട്ടീസുകൾ നൽകുകയും തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തുവരുന്നു. ഇതുകൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമം നടത്തിവരുന്നു. കുടിശ്ശിക വരുത്തുന്ന സർക്കാർ സ്ഥാപനങ്ങളായ ആശുപത്രികൾ, പോലീസ്, പമ്പ് ഹൗസുകൾ, കൃഷിഭവൻ ഉപഭോക്താക്കൾ എന്നിവയുടെ കണക്ഷൻ വിച്ഛേദിക്കാൻ ഗവൺമെന്റ് കമ്പനിയായ വൈദ്യുതി ബോർഡ് ലിമിറ്റഡിന് പരിമിതിയുള്ളതിനാൽ ഇത്തരം കുടിശ്ശികകൾ സർക്കാർ ഇടപെടലിൽക്കൂടി കാലാകാലങ്ങളിൽ തീർപ്പാക്കിവരുന്നു. 14-01-2019-ലെ ഊർജ വകുപ്പിന്റെ സർക്കാർ ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ 30-09-2018 വരെയുള്ള വൈദ്യുതി കുടിശ്ശിക തുകയായ 1326.69 കോടി രൂപ (6% പലിശ ഉൾപ്പെടെ) 331.67 കോടി രൂപ വീതമുള്ള 4 ഗഡുക്കളായി 2019-20 മുതൽ 4 വർഷമായി തീർപ്പാക്കുകയുണ്ടായി. 12-03-2024-ലെ ഊർജ വകുപ്പിന്റെ ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ 31-10-2023 വരെയുള്ള വൈദ്യുതി കുടിശ്ശികയും 12-03-2024-

ലെ ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുസ്ഥാപനങ്ങൾ എന്നിവയുടെ 31-10-2023 വരെയുള്ള കുടിശ്ശികയും തീർപ്പാക്കിയിട്ടുണ്ട്. 01-11-2023 മുതലുള്ള വാട്ടർ അതോറ്റിയുടെ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിന് Escrow account തുടങ്ങുന്നതിനായി 30-10-2023-ലെ ധനകാര്യ വകുപ്പിന്റെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ടെങ്കിലും കേരള വാട്ടർ അതോറിറ്റി നാളിതുവരെ Escrow account ആരംഭിച്ചിട്ടില്ല. Escrow account ആരംഭിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടറെ കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ തലത്തിലും ഇതുസംബന്ധിച്ച നടപടി നടത്തിവരുന്നു. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിൽ കുടിശ്ശിക പിരിവ് നടത്തുന്നതിന് പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. കുടിശ്ശിക തുകയുടെ പലിശയിൽ ഇളവ് നൽകിക്കൊണ്ട് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) നടപ്പാക്കി കുടിശ്ശിക പിരിവിന് നടപടി

എടുക്കുന്നുണ്ട്. കൂടാതെ, കുടിശ്ശികയുള്ള ഉപഭോക്താക്കളുടെ വൈദ്യുതി വിച്ഛേദിക്കുകയും കുടിശ്ശിക പിരിവിനായി റവന്യൂ റിക്കവറി നടപടി നടത്തുകയും ചെയ്യുന്നു. ഈ നടപടി വഴി വൈദ്യുതി ബോർഡ് കുടിശ്ശിക പിരിവിൽ ശ്രദ്ധേയമായ പുരോഗതി കൈവരിക്കാൻ ഉദ്ദേശിക്കുന്നു.

സ്മാർട്ട് മീറ്ററുകൾക്കുള്ള ടെൻഡർ

156(2511) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ചാണ്ടി ഉമ്മൻ:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1.37 കോടിയോളം ഉപഭോക്തൃമീറ്ററുകൾ എ.എം.ഐ.-യുടെ കീഴിൽ കൊണ്ടുവരാനുള്ളപ്പോൾ മൊത്തം ആവശ്യകതയുടെ ഏകദേശം 2% മാത്രമായ 3 ലക്ഷം മീറ്ററുകൾക്കുമാത്രം ടെൻഡർ ക്ഷണിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

ടോട്ടക്സ് അടിസ്ഥാനത്തിൽ സ്മാർട്ട് മീറ്റർ നടപ്പാക്കാനുള്ള കേന്ദ്ര സർക്കാർ പദ്ധതിക്കെതിരെ വലിയ തോതിൽ പ്രതിഷേധം ഉയർന്നുവന്നിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം

പരിശോധിക്കുകയും ജനങ്ങൾക്ക് ഉയർന്ന രീതിയിലുള്ള അധിക ബാധ്യതയുണ്ടാകുന്നുണ്ടെന്ന് ബോധ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 37 ലക്ഷം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനുള്ള ടോട്ടക്സ് ടെൻഡർ സർക്കാർ നിർദേശപ്രകാരം റദ്ദാക്കി (15-05-2023-ന് ടെൻഡർ തുറന്നപ്പോൾ ഏറ്റവും കുറഞ്ഞ ബിഡ് പി.എ.സി.-യുടെ 44.8% മുകളിൽ ആയിരുന്നു). മറ്റ് പല മേഖലകളിലുമുള്ളതുപോലെ സ്മാർട്ട് മീറ്ററിന്റെ കാര്യത്തിലും കേരളം ബദൽ സമീപനം സ്വീകരിക്കണമെന്ന ആവശ്യമുയർന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബഹു. വൈദ്യുതി വകുപ്പുമന്ത്രി കൂടി പങ്കെടുത്ത് 25-08-2023-ന് നടന്ന ഉന്നതതല യോഗത്തിൽ ടോട്ടക്സ് അടിസ്ഥാനത്തിൽ അല്ലാതെ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കാനും ആദ്യഘട്ടത്തിൽ 3 ലക്ഷം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനും തീരുമാനിച്ചു. ഇതിന് അനുബന്ധമായി സ്ഥാപനത്തിന് പുറത്തുനിന്നുള്ള വിദഗ്ധർ ഉൾപ്പെടുന്ന ഐ.ടി. ഉപദേശക സമിതി രൂപീകരിക്കുകയും 3 ലക്ഷം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള രേഖകൾ തയ്യാറാക്കുകയും ചെയ്തു. 2021-ലെ കേന്ദ്ര ഊർജ മന്ത്രാലയം ഇറക്കിയ ഓഫീസ് മെമ്മോറാണ്ടം

പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മുൻഗണനാ മാനദണ്ഡം പ്രകാരമാണ് ആദ്യഘട്ടമെന്ന നിലയിൽ സർക്കാർ സ്ഥാപനങ്ങൾ, സിസ്റ്റം മീറ്ററുകൾ, എച്ച്.റ്റി. ഉപഭോക്താക്കൾ എന്നിവ ഉൾപ്പെടുന്ന 3 ലക്ഷം മീറ്ററുകൾ സ്മാർട്ട് മീറ്ററുകളാക്കാനുള്ള തീരുമാനം കൈക്കൊണ്ടത്. ഇതിന്റെയടിസ്ഥാനത്തിലാണ് ഇപ്പോൾ 3 ലക്ഷം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനുള്ള ടെൻഡർ വിളിച്ചിരിക്കുന്നത്.

(ബി) എ.എം.ഐ. പൂർണ്ണതോതിൽ നടപ്പാക്കാൻ കാലതാമസം നേരിടുകയാണെങ്കിൽ സാങ്കേതിക മികവിൽ കേരളം മറ്റ് സംസ്ഥാനങ്ങളെക്കാൾ പിറകിലാകുമെന്നതിനാൽ സാമ്പത്തിക ബാധ്യതയുണ്ടാകാൻ സാധ്യതയുണ്ടോ; വിശദമാക്കുമോ?

കേരളം ഘട്ടംഘട്ടമായി സ്മാർട്ട് മീറ്റർ സ്ഥാപിക്കാനുള്ള നടപടികളുമായാണ് മുന്നോട്ടുപോകുന്നത്. ഈ നടപടി കൊണ്ട് കേരളം സാങ്കേതിക മികവിൽ പിറകോട്ട് പോവുകയോ അധിക സാമ്പത്തിക ബാധ്യത സൃഷ്ടിക്കുകയോ ചെയ്യുന്ന സാഹചര്യമില്ല.

വൈദ്യുതി ഉപഭോക്താക്കളുടെ അവകാശങ്ങൾ

157(2512) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുമായി ബന്ധപ്പെട്ട് ഉപഭോക്താക്കൾക്കുള്ള അവകാശങ്ങൾ എന്തെല്ലാമാണെന്നും ഇവ പൊതുജനങ്ങളെ അറിയിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

വൈദ്യുതിയുമായി ബന്ധപ്പെട്ട് ഉപഭോക്താക്കൾക്കുള്ള അവകാശങ്ങൾ എന്തെല്ലാമെന്ന് അനുബന്ധമായി ചേർക്കുന്നു.+ ഇവ പൊതുജനങ്ങളെ അറിയിക്കാനായി സേവനാവകാശ നിയമ പ്രകാരം കെ.എസ്.ഇ.ബി.എൽ.-നുകീഴിൽ പ്രവർത്തിക്കുന്ന എല്ലാ സെക്ഷൻ ഓഫീസുകളിലും കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ കാര്യാലയങ്ങളിലും പ്രത്യേകം തയ്യാറാക്കിയ ബോർഡുകളിൽ പ്രസ്തുത കാര്യാലയം പ്രദാനം ചെയ്യുന്ന സേവനങ്ങൾ, അവയ്ക്കുവേണ്ടി വരുന്ന നിശ്ചിത സമയപരിധി, അവ നടപ്പാക്കേണ്ട നിയുക്ത ഉദ്യോഗസ്ഥർ, ഒന്നും രണ്ടും അപ്പീൽ അധികാരികളെ സംബന്ധിക്കുന്ന പൂർണ്ണ വിവരങ്ങൾ എന്നിവ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ ഓരോ സേവനവും ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രേഖകളെ സംബന്ധിക്കുന്ന വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബോർഡുകൾ കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ സെക്ഷൻ ഓഫീസുകളിലും പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെടുന്ന തരത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. വൈദ്യുതിയുമായി ബന്ധപ്പെട്ട സേവനങ്ങൾക്ക് ഉപഭോക്താക്കൾക്കുള്ള അവകാശങ്ങൾ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള "സ്റ്റാൻഡേർഡ്സ് ഓഫ് പെർഫോർമൻസ് ഓഫ് ഡിസ്ട്രിബ്യൂഷൻ ലൈസൻസീസ് റെഗുലേഷൻസ് 2015"-ൽ പ്രതിപാദിക്കുന്നു. ഇതിൽ വൈദ്യുതി തടസ്സമുണ്ടായാൽ അത് പുനഃസ്ഥാപിക്കാനുള്ള സമയപരിധികൾ, ഉപഭോക്താവിന് നൽകുന്ന വൈദ്യുതിയുടെ നിലവാരത്തിന്റെ പരിധികൾ, ഉപഭോക്താവിന് ലഭ്യമാകുന്ന സേവനങ്ങൾ പൂർത്തീകരിക്കാനുള്ള സമയപരിധി തുടങ്ങിയവ പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത രേഖ അനുബന്ധമായി ചേർക്കുന്നു.[+] ഇവ പൊതുജനങ്ങളെ അറിയിക്കാൻ കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ സെക്ഷൻ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി.എൽ.-ന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത അവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ പരിഹാരം ലഭിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്; വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.-നുകീഴിൽ പ്രവർത്തിക്കുന്ന എല്ലാ സെക്ഷൻ ഓഫീസുകളിലും കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ കാര്യാലയങ്ങളിലും പ്രത്യേകം തയ്യാറാക്കിയ ബോർഡുകളിൽ പ്രസ്തുത കാര്യാലയം പ്രദാനം ചെയ്യുന്ന സേവനങ്ങൾ, അവയ്ക്കുവേണ്ടി വരുന്ന നിശ്ചിത സമയപരിധി, അവ നടപ്പാക്കേണ്ട നിയുക്ത ഉദ്യോഗസ്ഥർ, ഒന്നും രണ്ടും അപ്പീൽ അധികാരികളെ സംബന്ധിക്കുന്ന പൂർണ്ണ വിവരങ്ങൾ എന്നിവ പ്രദർശിപ്പിച്ചിട്ടുണ്ട്. ഉപഭോക്താവിന് ഏതെങ്കിലും തരത്തിലുള്ള അവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ മേൽ സൂചിപ്പിച്ചവർക്ക് പരാതി നൽകാവുന്നതാണ്. കൂടാതെ നിശ്ചിത സമയത്തിനുള്ളിൽ സേവനദാതാവ് തീരുമാനമെടുക്കാത്തപക്ഷം പരാതി പരിഹാര ഫോറത്തിലും തുടർന്ന് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനും പരാതി നൽകി പരിഹാരം തേടാവുന്നതാണ്. ഉപഭോക്താവിന് ഉറപ്പുനൽകിയിട്ടുള്ള സേവന നിലവാരത്തിന്റെ ലംഘനമുണ്ടാകുന്ന അവസരത്തിൽ ഉപഭോക്താവിന് "സ്റ്റാൻഡേർഡ്സ്

ഓഫ് പെർഫോർമൻസ്" 2015-ലെ ഫോറം 'എ' പൂരിപ്പിച്ച് ബന്ധപ്പെട്ട ഓഫീസർക്ക് സേവനനിലവാര ലംഘനം നടന്ന് 30 ദിവസത്തിനകം നൽകാവുന്നതാണ്. സേവനങ്ങളിൽ വീഴ്ചയുണ്ടായെന്ന് കണ്ടെത്തുന്നമുറയ്ക്ക് ഉപഭോക്താവിന് 30 ദിവസത്തിനകം നഷ്ടപരിഹാരത്തുക നൽകുന്നതാണ്.

(സി) ഈ സർക്കാർ വന്നതിനുശേഷം വൈദ്യുതി മേഖലയിൽ നടപ്പാക്കിയിട്ടുള്ള പരിഷ്കാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി മേഖലയിൽ നടപ്പാക്കിയിട്ടുള്ള പ്രധാന പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു:

വൈദ്യുതി വിതരണ മേഖലയിൽ നടപ്പാക്കിയ ദ്യുതി 1, 2 ഉൾപ്പെടെയുള്ള പ്രവൃത്തികൾ

ദ്യുതി 1 പദ്ധതി

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്തെ വൈദ്യുതി മേഖലയെ ലോകോത്തരമാക്കുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ച ഊർജ കേരള മിഷനിൽ ഉൾപ്പെടുത്തി വിതരണ ശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമായി 2018-19 മുതൽ 2022-23 വരെ നടപ്പാക്കി വരുന്ന

പദ്ധതിയാണ് ദ്യുതി 1. ആഗോള നിലവാരത്തിൽ തടസ്സരഹിതമായി, ഗുണമേന്മയേറിയ വൈദ്യുതി അപകടരഹിതമായി ഉപഭോക്താക്കൾക്ക് എത്തിച്ച് വൈദ്യുതി വിതരണ രംഗം കാര്യക്ഷമമാക്കുന്നതിന് നടപ്പാക്കുന്ന "ദ്യുതി 1" പദ്ധതിയിൽ ഉൾപ്പെടുത്തി എച്ച്.റ്റി. ലൈൻ/ഭൂഗർഭ കേബിൾ നിർമ്മാണം, എൽ.റ്റി. ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ശേഷി വർധിപ്പിക്കൽ, ലൈനിന്റെ സ്ഥാപിതശേഷി കൂട്ടുന്ന പ്രവൃത്തികൾ, എച്ച്.റ്റി. ലൈൻ റീ കണ്ടക്ടറിങ് നടത്തുന്ന പ്രവൃത്തികൾ, ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും മറ്റ് പ്രതിഷ്ഠാപനങ്ങളുടെയും സ്റ്റാൻഡേഡൈസേഷൻ പ്രവൃത്തികൾ, വിതരണ നഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ തുടങ്ങിയവ നടപ്പാക്കിയിരുന്നു. 2018-ൽ ആരംഭിച്ച് 2022-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരുന്ന ദ്യുതി 1 പദ്ധതിയിൽ, 2018, 2019 വർഷങ്ങളിലെ മഹാപ്രളയങ്ങൾ, കോവിഡ് 19-ന്റെ ഭാഗമായി ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗൺ എന്നിവ കാരണം 2021-22-ൽ പൂർത്തീകരിക്കാൻ സാധിച്ചില്ല. അതിനാൽ 2022-23 വരെ പ്രസ്തുത പദ്ധതി

പൂർത്തീകരിക്കാൻ സമയം അനുവദിച്ചിരുന്നു. ഈ പദ്ധതിയിൽ 3765 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ദ്യുതി 2 പദ്ധതി

നിലവിലുള്ള ദ്യുതി 1 പദ്ധതിയുടെ തുടർച്ചയായി വിതരണ രംഗം കൂടുതൽ ആധുനികവൽക്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി അടുത്ത 5 വർഷത്തേക്കുള്ള (2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ) പദ്ധതി രൂപരേഖ (ദ്യുതി 2.0) കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ദ്യുതി 2.0-ൽ 4717 കോടി രൂപയുടെ പ്രവൃത്തികളാണ് 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പാക്കാനായി തീരുമാനിച്ചിട്ടുള്ളത്. അതോടൊപ്പം സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പുവരുത്തുന്നതിനായി 100 കോടി രൂപയും വൈദ്യുതി കമ്പികൾ (എൽ.റ്റി. ലൈനുകൾ) പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്പേസറുകൾ സ്ഥാപിക്കുന്നതിനായി 50 കോടി രൂപയും 2022-23, 2026-27 കാലയളവുകളിലേക്കായി വകയിരുത്തിയിട്ടുണ്ട്. ദ്യുതി 2.0 പദ്ധതിയിലുൾപ്പെടുത്തി പ്രധാനമായും 2242

കി.മീ. എച്ച്.റ്റി. OH ലൈനും 2246 കി.മീ. എച്ച്.റ്റി. ABC ലൈനും 77 കി.മീ. covered conductor-ഉം 795 കി.മീ. ഭൂഗർഭ കേബിളും 858 കി.മീ. എൽ.റ്റി. OH ലൈനും 4076 കി.മീ. എൽ.റ്റി. ABC ലൈനും നിർമ്മിക്കാനും 4373 ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിക്കാനും 1769 ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കാനുമാണ് ഡി.പി.ആർ. തയ്യാറാക്കിയിരിക്കുന്നത്. അതോടൊപ്പം 3671 fault pass indicator സ്ഥാപിക്കാനും 5752 കി.മീ. പഴയ എച്ച്.റ്റി. ലൈനുകളും 28645 കി.മീ. പഴയ എൽ.റ്റി. ലൈനുകളും മാറ്റി പുതിയത് വലിക്കാനും 2637 കി.മീ. എൽ.റ്റി. സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കി മാറ്റാനും ലക്ഷ്യമിട്ടിട്ടുണ്ട്. വിതരണരംഗം കൂടുതൽ ആധുനികവൽക്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി 2021-22 മുതൽ 2024-25 ആഗസ്റ്റ് വരെ വിതരണ മേഖലയിൽ ദ്യുതി 1, 2 ഉൾപ്പെടെയുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പ്രധാനമായും 5260 കി.മീ. 11 കെ.വി. ലൈനും 13703 കി.മീ. എൽ.റ്റി. ലൈനും പുതുതായി നിർമ്മിക്കുകയും അപ്ഗ്രഡേഷൻ ഉൾപ്പെടെ 7943 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 40842 കി.മീ. എൽ.റ്റി. ലൈനും 2034 കി.മീ. 11 കെ.വി. OH ലൈനും റീ-കണ്ടക്ടറിങ്

നടത്തുകയും 4372 കി.മീ. എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഇക്കാലയളവിൽ 1291816 സർവീസ് കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

എൽ.റ്റി. വൈദ്യുതി ലൈനുകളിൽ സ്പേസറുകൾ സ്ഥാപിക്കുന്നതിനുള്ള കർമ്മ പദ്ധതി

വൈദ്യുതി കമ്പികൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനും സുരക്ഷിതവും സുസ്ഥിരവുമായ വൈദ്യുതി ലഭ്യമാക്കുന്നതിനുമായി 3 ലക്ഷം കിലോമീറ്റർ ലോ ടെൻഷൻ വിതരണ ലൈനുകളിൽ സ്പേസറുകൾ ഘട്ടംഘട്ടമായി സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിക്കുകയും ഇതിന്റെ ഭാഗമായി 2021-22 മുതൽ 2023-24 കാലയളവിലായി 213 ലക്ഷം സ്പേസറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

വൈദ്യുതി സംബന്ധിയായ പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള നൂതന സംവിധാനങ്ങൾ

നിലവിൽ വൈദ്യുതി സംബന്ധിയായ പരാതികൾ രേഖപ്പെടുത്താൻ ക്ലൗഡ് ടെലിഫോണി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കസ്റ്റമർ കെയർ

മേഖലയിൽ നടപ്പാക്കിയിട്ടുണ്ട്. ഇതുപയോഗിച്ച് സ്വയമേവ രജിസ്റ്റർ ചെയ്യുന്ന പരാതികളും സേവനങ്ങളും അപ്പപ്പോൾതന്നെ ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ ഓൺലൈനായി എത്തുന്നു. ഇത് പരാതിപരിഹാരം വേഗത്തിലാക്കാൻ സഹായിക്കുന്നു.

സേവനം വാതിൽപ്പടിയിൽ (Service at Door Steps)

പൊതുജനങ്ങൾക്ക് വൈദ്യുതി സംബന്ധമായ മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന് 'സേവനം വാതിൽപ്പടിയിൽ' (Service at Door Steps) എന്ന പദ്ധതി 2021 ഫെബ്രുവരി മാസത്തിൽ ആരംഭിക്കുകയും ജൂലൈ 2021 മുതൽ എല്ലാ സെക്ഷനുകളിലേക്കും വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കാനും ഉടമസ്ഥാവകാശമാറ്റം, കണക്ടഡ് ലോഡ്, താരിഫ് മാറ്റം, ഫേസ് മാറ്റം, വൈദ്യുതി ലൈൻ, മീറ്റർ മാറ്റി സ്ഥാപിക്കുക തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതിനും സേവനം ആവശ്യമുള്ള വ്യക്തിയുടെ പേരും ഫോൺ നമ്പറും ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലോ 1912 എന്ന കസ്റ്റമർ കെയർ നമ്പറിലോ ഓൺലൈൻ വഴിയോ രജിസ്റ്റർ ചെയ്താൽ ഉപഭോക്താവിന്റെ വീട്ടിൽ ജീവനക്കാർ നേരിട്ടുപോയി

രേഖകൾ കൈപ്പറ്റുകയും ചെയ്യും. ഇതിനായി ജീവനക്കാർക്കുള്ള മൊബൈൽ ആപ്പ് നിലവിലുണ്ട്. ഈ ആപ്പ് ഉപയോഗിച്ച് ജീവനക്കാർക്ക് സേവനം ആവശ്യമുള്ള വ്യക്തിയുടെ സ്ഥലത്തുപോയി ആവശ്യമായ രേഖകൾ പരിശോധിക്കാനും സ്ഥല പരിശോധന നടത്തി ലഭ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഉടൻതന്നെ കേന്ദ്രീകൃത സെർവർ കംപ്യൂട്ടറിൽ രേഖപ്പെടുത്താനും കഴിയും. ഇത് ഉപയോഗിച്ച് സെക്ഷൻ ഓഫീസിൽനിന്ന് അനന്തരനടപടികളെടുക്കാൻ സാധിക്കും. തുടർന്ന് ഉപഭോക്താവ് നിശ്ചിത തുക ഒടുക്കി സേവനം ലഭ്യമാക്കാവുന്നതാണ്. നിലവിൽ പുതിയ കണക്ഷൻ കൊടുക്കുന്നതിൽ 37% അപേക്ഷകളും സേവനം വാതിൽപ്പടി പദ്ധതിയിൽക്കൂടിയാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. കെ.എസ്.ഇ.ബി.എൽ. ഓഫീസ് സന്ദർശിക്കാതെതന്നെ സേവനങ്ങൾ ലഭ്യമാക്കാൻ സേവനം വാതിൽപ്പടി പദ്ധതിയിലെ സേവനം ഉപഭോക്താക്കളെ സഹായിക്കുന്നു. ഫീൽഡ് സന്ദർശനങ്ങളിലൂടെയുള്ള വിവരശേഖരണവും വിവരങ്ങളുടെ കൃത്യത ഉറപ്പാക്കുന്നു. വയോജനങ്ങൾ കൂടുതലുള്ള കേരളം പോലെയുള്ള ഒരു

സംസ്ഥാനത്ത് ഇത്തരം 'സേവനം വാതിൽപ്പടിയിൽ' പദ്ധതി വൻ വിജയമായി തുടരുന്നു.

വിതരണ മേഖലയിലെ ഓഫീസുകൾക്കുവേണ്ടിയുള്ള പുതിയ കെട്ടിടങ്ങൾ

പോത്താനിക്കാട്, മറയൂർ, കുമളി, ഗിരിനഗർ, കാഞ്ഞിരപ്പള്ളി, രാമപുരം, ഐയ്മനം, മൂലമറ്റം, പുന്നയൂർക്കുളം, മുള്ളേരിയ, കണ്ണനെല്ലൂർ, നടത്തറ, പാതിരപ്പള്ളി, പുതുപ്പാടി, വള്ളിത്തോട്, അയ്യന്തോൾ, നല്ലോമ്പുഴ, തൃക്കരിപ്പൂർ, പരപ്പൂർ, കുമ്പാറ, മല്ലപ്പള്ളി, മതിലകം, ചെർപ്പുളശ്ശേരി, പാടിയോട്ടുചാൽ, പുത്തൂർ, കല്പൂർ എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾക്കുവേണ്ടിയും സബ് റീജിയണൽ സ്റ്റോർ, ഷൊർണ്ണൂർ ഓഫീസിനുവേണ്ടിയുമുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. ഇതോടൊപ്പം മണ്ണാർക്കാട് മിനി വൈദ്യുതി ഭവനം, കാസർഗോഡ് വൈദ്യുതി ഭവനം, പട്ടാമ്പി മിനി വൈദ്യുതി ഭവനം, പൊന്നാനി മിനി വൈദ്യുതി ഭവനം, ചെങ്ങന്നൂർ വൈദ്യുതി ഭവനം, ഇരിട്ടി ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് കെട്ടിടം, മങ്ങാട്ടുപറമ്പ് ടി.എം.ആർ. ഡിവിഷൻ ഓഫീസ് കെട്ടിടം എന്നിവയും 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

ആദിവാസി നഗറുകളുടെ വൈദ്യുതീകരണം

സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി ഗവൺമെന്റ് നിർദേശമനുസരിച്ച് കെ.എസ്.ഇ.ബി.എൽ. വൈദ്യുതി ലഭ്യമല്ലാത്ത 102 പട്ടികവർഗ നഗറുകൾ കണ്ടെത്തിയിരുന്നു. 24-11-2022-ലെ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെയും ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ, പിന്നോക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെയും സാന്നിധ്യത്തിൽ നടന്ന യോഗത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ഡി.എസ്.എസ്.-ൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമല്ലാത്ത 25 നഗറുകളുടെ വൈദ്യുതീകരണം പൂർത്തീകരിക്കാൻ തീരുമാനിച്ചിരുന്നെങ്കിലും ആർ.ഡി.എസ്.എസ്. പദ്ധതിയുടെ നിലവിലെ മാർഗരേഖ പ്രകാരം ഫണ്ട് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെയും ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ, പിന്നോക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെയും സാന്നിധ്യത്തിൽ 06-02-2023-ന് നടന്ന മീറ്റിംഗിൽ ചർച്ച ചെയ്യുകയും 25 നഗറുകളുടെ

വൈദ്യുതീകരണത്തിനാവശ്യമായ തുകയുടെ 20% ടൈബൽ വകുപ്പും ബാക്കി 80% തുക കെ.എസ്.ഇ.ബി.എൽ.-ഉം വഹിക്കാൻ തീരുമാനിച്ചു. 102 നഗറുകളിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 43 നഗറുകളിൽ 35 നഗറുകളുടെ വൈദ്യുതീകരണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ബാക്കിയുള്ള 8 നഗറുകളുടെ വൈദ്യുതീകരണം കാലാവസ്ഥ അനുകൂലമാകുന്നമുറയ്ക്ക് രണ്ട് മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. ആദിവാസി നഗറുകളുടെ വൈദ്യുതീകരണത്തിന് 22 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടിൽനിന്നുമാണ് കണ്ടെത്തിയത്.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷമുള്ള തുടർ വൈദ്യുതീകരണം

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകാൻ മറ്റ് പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ 1000w വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് നൽകി

വന്നിരുന്നു. ലൈൻ വലിച്ച് കണക്ഷൻ നൽകേണ്ട അർഹതപ്പെട്ട കൂടുതൽ അപേക്ഷകൾ വരുന്നത് കെ.എസ്.ഇ.ബി.എൽ.-ന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ലൈൻ വലിച്ച് നൽകേണ്ട കണക്ഷനുകളുടെ ദൂരപരിധി 31-03-2022-ലെ ബോർഡ് ഉത്തരവ് പ്രകാരം 250 മീറ്ററായി കൂട്ടിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 74.03 കോടി രൂപ ചെലവഴിച്ച് 64855 ബി.പി.എൽ. വൈദ്യുതി കണക്ഷനുകൾ കെ.എസ്.ഇ.ബി.എൽ. നൽകിയിട്ടുണ്ട്. 2022-27 കാലയളവിലേക്കായി 100 കോടി രൂപ Multi Year Plan-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അങ്കണവാടികളുടെ വൈദ്യുതീകരണം

സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ അഭ്യർഥന പ്രകാരം നിലവിൽ വൈദ്യുതീകരണം പൂർത്തിയാക്കാനുള്ള അങ്കണവാടികളിൽ 937 എണ്ണത്തിന് വൈദ്യുതി ലഭ്യമാക്കി. ഇവയിൽ 574 അങ്കണവാടികൾക്ക് ഒരു പോസ്റ്റ് ഉൾപ്പെടെയുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി

നൽകുന്നതിനായി നാളിതുവരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനത് ഫണ്ടിൽനിന്നും 22.16 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

ഇന്ത്യാ ഗവൺമെന്റിന്റെ യൂണിവേഴ്സൽ സർവീസ് ഒബ്ലിഗേഷൻ ഫണ്ടിന് (യു.എസ്.ഒ.എഫ്.) കീഴിൽ കേരള സംസ്ഥാനത്തെ അൺകവേർഡ് വില്ലേജുകളിൽ 4G മൊബൈൽ സേവനങ്ങൾക്കുള്ള പ്രൊവിഷൻ – പുതിയ ബി.ടി.എസ്.-ലേക്ക് വൈദ്യുതി വിതരണം

യൂണിവേഴ്സൽ സർവീസ് ഒബ്ലിഗേഷൻ ഫണ്ടിന് (യു.എസ്.ഒ.എഫ്.) കീഴിൽ, ഇന്ത്യയിലെ 24705 ഗ്രാമങ്ങളിലേക്ക് 4G കണക്റ്റിവിറ്റി നൽകുന്നതിനുള്ള ഒരു പ്രോജക്ട് ഗവൺമെന്റ് ഓഫ് ഇന്ത്യ ബി.എസ്.എൻ.എൽ. വഴി നടപ്പാക്കുന്നു. കേരളത്തിലെ നാനൂറോളം ആദിവാസി ഗ്രാമങ്ങളെ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പുതിയ സൈറ്റുകളിലേക്ക് വൈദ്യുതി വിതരണം ലഭിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ഉം ബി.എസ്.എൻ.എൽ. ഉദ്യോഗസ്ഥരും സംയുക്ത പരിശോധനകൾ സംഘടിപ്പിച്ചിരുന്നു. ഈ ഗ്രാമങ്ങളിൽ ബി.എസ്.എൻ.എൽ. സ്ഥാപിക്കുന്ന ടവറുകൾക്കുവേണ്ട വൈദ്യുതി കണക്ഷൻ നൽകുന്നതിന് കെ.എസ്.ഇ.ബി.എൽ. വേണ്ടനടപടികൾ സ്വീകരിച്ചുവരുന്നു.

കണക്ടഡ് ലോഡ് സ്വമേധയാ വെളിപ്പെടുത്തൽ പദ്ധതി

കാര്യക്ഷമമായ നെറ്റ്വർക്ക് ആസൂത്രണത്തിനായി ഓരോ ട്രാൻസ്ഫോർമറിനും കീഴിലുള്ള ശരിയായ ലോഡ് മനസ്സിലാക്കാൻ സ്വയം പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ എൽ.റ്റി. ഉപഭോക്താക്കൾക്കും കണക്ടഡ് ലോഡ് പരിഷ്കരിക്കാനുള്ള സൗകര്യം കെ.എസ്.ഇ.ബി.എൽ. നൽകിയിരുന്നു. എന്നാൽ പ്രസ്തുത ലക്ഷ്യം പൂർണ്ണമായി കൈവരിക്കാനായില്ല. സാമൂഹ്യ മാധ്യമങ്ങൾ വഴിയും സെക്ഷൻ ഓഫീസുകൾ വഴിയും വേണ്ടത്ര പ്രചാരണം നൽകിയെങ്കിലും ഒരു ചെറിയ ശതമാനം ഉപഭോക്താക്കൾ മാത്രമെ ഈ സൗകര്യം ഉപയോഗപ്പെടുത്തിയുള്ളൂ. ഉപഭോക്താക്കളുടെ ശരിയായ കണക്ടഡ് ലോഡ് അറിയാത്തത് ഈ വേനൽക്കാലത്ത് കെ.എസ്.ഇ.ബി.എൽ.-ന്റെ നെറ്റ്വർക്ക് പ്ലാനിംഗിനെ ഒരു പരിധിവരെ ബാധിച്ചിട്ടുണ്ട്.

കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

കാലാകാലങ്ങളിൽ കെ.എസ്.ഇ.ആർ.സി.-യുടെ അനുമതിയോടുകൂടി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച്

ഉപഭോക്താക്കളിൽനിന്നും കെ.എസ്.ഇ.ബി.എൽ. കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിച്ചിരുന്നു. കെ.എസ്.ഇ.ആർ.സി.-യുടെ അനുമതിക്കനുസൃതമായി പലിശയിനത്തിൽ ഇളവുകൾ നൽകിയും ആവശ്യമെങ്കിൽ പലിശത്തുകയ്ക്ക് തവണകൾ അനുവദിച്ചും നിബന്ധനകൾക്ക് വിധേയമായി കുടിശ്ശിക മുതലിനുതന്നെ തവണകൾ നൽകിയും ഉപഭോക്താക്കൾക്ക് പരമാവധി പ്രയോജനപ്പെടത്തക്കവിധവും പരമാവധി കുടിശ്ശിക പിരിച്ചെടുക്കത്തക്ക വിധവുമാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി വരുന്നത്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കുംകൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ടായിരുന്നു. കുടിശ്ശിക പിരിച്ചെടുക്കാനായി 2021-ലും 2022-ലും കെ.എസ്.ഇ.ആർ.സി.-യുടെ അനുമതിയോടുകൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിരുന്നു. 2023-24 വർഷത്തെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 20-07-2023 മുതൽ 31-04-2024 വരെയാണ് പ്രാബല്യത്തിലുണ്ടായിരുന്നത്.

2023-24-ലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ എൽ.റ്റി. വിഭാഗത്തിലെ ഉപഭോക്താക്കളിൽനിന്ന് ഏകദേശം 410.31 കോടി രൂപയുടെയും എച്ച്.റ്റി. വിഭാഗത്തിലെ ഉപഭോക്താക്കളിൽനിന്ന് ഏകദേശം 847.77 കോടി രൂപയുടെയും കുടിശ്ശികയാണ് കെ.എസ്.ഇ.ബി.എൽ. പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്നത്. എൽ.റ്റി. ഉപഭോക്താക്കളുടെ കാര്യത്തിൽ 253.307 കോടി രൂപയും എച്ച്.റ്റി. ഉപഭോക്താക്കളുടെ കാര്യത്തിൽ 36.986 കോടി രൂപയുമാണ് കെ.എസ്.ഇ.ബി.എൽ. പിരിച്ചെടുത്തിട്ടുള്ളത്.

പീക്ക് ലോഡ് മാനേജ്മെന്റ്

2023 മാർച്ച് മാസത്തെ അപേക്ഷിച്ച് 2024 മാർച്ച് മാസത്തിൽ രാജ്യത്തൊട്ടാകെയുള്ള വൈദ്യുതി ഉപഭോഗം കേവലം 1.4 ശതമാനം മാത്രം വർധിച്ചപ്പോൾ കേരളത്തിലെ വൈദ്യുതി ഉപഭോഗം 12.79 ശതമാനമാണ് വർധിച്ചത്. 2023 ഏപ്രിൽ മാസത്തിൽ രാജ്യത്തെ വർധന 10.89 ശതമാനം ആയിരിക്കെ സംസ്ഥാനത്ത് അത് 15.62 ശതമാനമായി വർധിക്കുകയുണ്ടായി. ഇക്കാലയളവിൽ ഇന്ത്യയൊട്ടാകെ പീക്ക് ലോഡ് 3.8 ശതമാനം വർധനവ് രേഖപ്പെടുത്തിയപ്പോൾ സംസ്ഥാനത്തെ പീക്ക് ടൈം ഉപഭോഗത്തിൽ 12.38

ശതമാനമാണ് വർധനവുണ്ടായത്. പ്രസ്തുത സാഹചര്യങ്ങളെ നേരിടാൻ കെ.എസ്.ഇ.ബി.എൽ. യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവൃത്തികളാണ് നടപ്പാക്കിയത്. ഊർജ സംരക്ഷണ ക്ലാസ്സുകളും കേബിൾ ടി.വി./എഫ്.എം. എന്നിവയിൽ കൂടിയുള്ള പ്രചാരണങ്ങളും വീടുകളും ഫാക്ടറികളും മറ്റ് സ്ഥാപനങ്ങളും കേന്ദ്രീകരിച്ചുള്ള ഊർജ സംരക്ഷണ കാമ്പയിനുകളും വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ വഴിയുള്ള പ്രചാരണങ്ങളും സെക്ഷൻ ഓഫീസ് വഴി ഊർജ സംരക്ഷണ നോട്ടീസുകളുടെ വിതരണവും ഡിമാൻഡ് സൈഡ് മാനേജ്മെന്റിന്റെ ഭാഗമായി നടത്തിവന്നിരുന്നു. പീക്ക് സമയത്തെ ഉപഭോഗം നിയന്ത്രിക്കാൻ എച്ച്.റ്റി./ഇ.എച്ച്.റ്റി. ഉപഭോക്താക്കളോടും പൊതുമേഖലാ സ്ഥാപനങ്ങളോടും വാട്ടർ അതോറിറ്റിയോടും കെ.എസ്.ഇ.ബി.എൽ. അഭ്യർഥിച്ചിരുന്നു. കൂടാതെ വാണിജ്യ സ്ഥാപനങ്ങളിലെ പരസ്യബോർഡുകളിലെ ലൈറ്റുകളും മറ്റ് അലങ്കാര ദീപങ്ങളും ഒഴിവാക്കാൻ കെ.എസ്.ഇ.ബി.എൽ. അഭ്യർഥിക്കുകയും ഇതിന്റെ ഭാഗമായി ഉപഭോക്താക്കൾ കെ.എസ്.ഇ.ബി.എൽ.-മായി സഹകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ട്രാൻസ്ഫോർമറുകളുടെ ശേഷി കൂട്ടിയും ലോഡ് റീ

അറേഞ്ച് ചെയ്യും മേൽപ്പറഞ്ഞ വിവിധങ്ങളായ ഡിമാൻഡ് സൈഡ് മാനേജ്മെന്റ് പ്രവൃത്തികൾ നടപ്പാക്കിയും ഉഷ്ണതരംഗംമൂലമുണ്ടായ ഉയർന്ന വൈദ്യുതി ഉപഭോഗത്തെ തുടർന്നുള്ള പ്രതിസന്ധിയെ ഒരു പരിധി വരെ നിയന്ത്രണത്തിലാക്കാൻ കെ.എസ്.ഇ.ബി.എൽ.-ന് സാധിച്ചു. സംസ്ഥാനത്ത് പുരപ്പുറ സോളാർ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനായി വിതരണ രംഗത്തെ ട്രാൻസ്ഫോർമറുകളുടെ സോളാർ ഹീസിബിലിറ്റി 75 ശതമാനത്തിൽനിന്നും 90 ശതമാനമായി ഉയർത്തിയിട്ടുണ്ട്. 10 kW വരെയുള്ള സോളാർ പ്ലാന്റുകൾക്ക് ഡീംഡ് ഹീസിബിലിറ്റി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സോളാർ പ്ലാന്റുകൾ താമസംവിനാ എനർജൈസ് ചെയ്യുന്നതിനുവേണ്ടി നെറ്റ് മീറ്റർ കെ.എസ്.ഇ.ബി.എൽ. തന്നെ വാങ്ങി കൺസ്യൂമേഴ്സിന് നൽകുന്നുണ്ട്. ഇതുകൂടാതെ ഉപഭോക്താക്കൾക്ക് മീറ്റർ സ്വന്തമായി വാങ്ങി സ്ഥാപിക്കാവുന്നതുമാണ്. സംസ്ഥാനത്ത് എം.എൻ.ആർ.ഇ. പദ്ധതിയായ പ്രധാൻ മന്ത്രി സൂര്യ ഘർ യോജനയിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്ന വെൻഡേഴ്സിന്റെ എംപാനൽമെന്റ് നടപടിക്രമങ്ങൾ വേഗത്തിലാക്കിയിട്ടുണ്ട്.

ഇപ്പോൾ സംസ്ഥാനത്താകെ ഇതിനായി 859 വെണ്ടേഴ്സ് നിലവിലുണ്ട്. സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലെ സങ്കീർണ്ണതകൾ ലഘൂകരിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും സോളാർ വെണ്ടേഴ്സിനും കപ്പാസിറ്റി ബിൽഡിങ് ട്രെയിനിങ് പ്രോഗ്രാം നടത്തുന്നുണ്ട്.

വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുന്ന നടപടി

158(2513) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമമംഗലം ഗ്രാമപഞ്ചായത്തിലെ മെതിപാറ നമ്പർ 2 ലിഫ്റ്റ് ഇറിഗേഷനിലെ വൈദ്യുതി വിച്ഛേദിച്ചിരിക്കുന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. എല്ലാ മാസവും വൈദ്യുതി വിച്ഛേദന തീയതിക്ക് ശേഷവും കുടിശ്ശിക നിലനിൽക്കുന്ന ഉപഭോക്താക്കളുടെ വൈദ്യുതി വിച്ഛേദിക്കാനാണ് നിർദേശം നൽകി വരുന്നത്. കുടിശ്ശിക തുക കൂടുതലായതിനാലാണ്

മെതിപാറ നമ്പർ 2 ലിഫ്റ്റ് ഇറിഗേഷനിലെ വൈദ്യുതി കണക്ഷൻ 20-05-2024-ൽ വിച്ഛേദിച്ചത്.

(ബി) പ്രസ്തുത കണക്ഷൻ പുനഃസ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

പ്രസ്തുത മൈനർ ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കണമെന്ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി 19152/VIP/M(WR)/2024 നമ്പരായുള്ള കത്ത് മുഖേന ആവശ്യപ്പെടുകയും ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം, ടി പദ്ധതിയുടെ വൈദ്യുതി കണക്ഷൻ 04-10-2024-നകം പുനഃസ്ഥാപിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഭീമമായ കുടിശ്ശിക കാരണമാണോ വൈദ്യുതി വിച്ഛേദിച്ചിരിക്കുന്നത്; എങ്കിൽ ഇത്രയും കുടിശ്ശിക ആകാനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഭീമമായ കുടിശ്ശിക കാരണമാണ് പ്രസ്തുത പദ്ധതിയുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചത്. സാധാരണഗതിയിൽ വൈദ്യുതി കുടിശ്ശികയുള്ള,

കുടിവെള്ള പദ്ധതികൾ ഒഴികെയുള്ള അത്യാവശ്യ സേവനങ്ങൾ അല്ലാത്തതും കോടതിയിൽ വ്യവഹാരങ്ങളില്ലാത്തതുമായ ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡിപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകുകയും ചെയ്താണ് കുടിശ്ശിക കെ.എസ്.ഇ.ബി.എൽ. ഈടാക്കി വരുന്നത്. എന്നാൽ വൈദ്യുതി ചാർജ് കുടിശ്ശിക ക്രമാതീതമായി വർധിച്ചതോടെ, അനന്തരനടപടികൾ സ്വീകരിക്കാൻ ബോർഡ് നിർബന്ധിതമാകുകയും, കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസുകൾ നൽകുകയും കുടിശ്ശിക പിരിവ് ഊർജിതമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കണക്ഷനിൽ കുടിശ്ശികയായി നിൽക്കുന്ന തുക നിയമപ്രകാരം അടയ്ക്കേണ്ടതാണ്. യഥാസമയം കറണ്ട് ചാർജ് അടയ്ക്കാതെ വന്നതിനാലാണ് കുടിശ്ശിക നിലനിൽക്കുന്നത്. പഴയകാല കുടിശ്ശികയും അതിന്റെ പലിശയും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ഭീമമായ കുടിശ്ശിക

കാരണമാണ് വൈദ്യുതി വിച്ഛേദിച്ചിരുന്നെങ്കിലും വകുപ്പുതല നിർദേശപ്രകാരം വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുകയാണുണ്ടായത്. പ്രതിമാസ വൈദ്യുതി ചാർജ് ഒടുക്കാത്തത് കാരണമാണ് കുടിശ്ശികയായത്. വൈദ്യുത ചാർജ് പ്രതിമാസംതന്നെ ഒടുക്കാൻ വകുപ്പുതല ചർച്ചയിൽ ധാരണയായിട്ടുണ്ട്.

(ഡി) വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം കർഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.-ൽ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് കൃഷി ആവശ്യം ഉൾപ്പെടെയുള്ള വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നതാകയാൽ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഇല്ലായ്മയാണ് ഇത്തരത്തിലുള്ള പ്രതിസന്ധിക്ക് കാരണമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രതിസന്ധികൾ മറികടക്കുന്നതിനായി വകുപ്പുതലത്തിൽ ഏകോപനം

നടത്തി പ്രതിസന്ധി പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഇല്ല. വൈദ്യുതി ചാർജ് കുടിശ്ശിക ക്രമാതീതമായി വർധിച്ചതോടെ നടപടികൾ സ്വീകരിക്കാൻ ബോർഡ് നിർബന്ധിതമാകുകയും കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസുകൾ നൽകുകയും കുടിശ്ശിക പിരിവ് ഊർജിതമാക്കുകയും ചെയ്തിട്ടുണ്ട്. ഉപഭോക്താക്കൾക്ക് കുടിശ്ശികയായി നിൽക്കുന്ന തുക നിയമപ്രകാരം അടയ്ക്കേണ്ടതാണ്. യഥാസമയം ഉപഭോക്താക്കൾ കറണ്ട് ചാർജ് അടയ്ക്കാതെ വന്നതിനാലാണ് കുടിശ്ശിക നിലനിൽക്കുന്നത്. വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങളും മറ്റും പരിഹരിക്കുന്നതിന് നിലവിൽ സർക്കാരിൽ സംവിധാനമുണ്ട്. അത് മുഖേന വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങൾക്ക് പരിഹാരം കണ്ടുവരുന്നു. കൂടാതെ വിവിധ വകുപ്പുകൾ തമ്മിലുള്ള പ്രശ്നങ്ങൾ/പ്രതിസന്ധികൾ മന്ത്രിതല യോഗങ്ങളിൽ അഭിസംബോധന ചെയ്യുകയും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയുംകൂടി ചെയ്തുവരുന്നുണ്ട്.

കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ വൈദ്യുത നവീകരണ പ്രവൃത്തികൾ

159(2514) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ വിവിധ ഇലക്ട്രിക്കൽ സെക്ഷനുകൾക്കുകീഴിൽ ഈ വർഷം നടപ്പാക്കിയതും ഇനി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ നവീകരണ പ്രവർത്തനങ്ങളുടെയും വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെയും വിശദാംശം ഇലക്ട്രിക്കൽ സെക്ഷൻ തിരിച്ച് ലഭ്യമാക്കുമോ?

കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ വിവിധ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കീഴിൽ ഈ വർഷം നടപ്പാക്കിയതും ഇനി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ നവീകരണ പ്രവർത്തനങ്ങളുടെയും വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെയും വിശദാംശം താഴെ ചേർക്കുന്നു.

കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ തിരൂർ ഇലക്ട്രിക്കൽ സർക്കിളിനുകീഴിൽ വരുന്നതായ കുന്നുംപുറം ഇലക്ട്രിക്കൽ സെക്ഷനിൽ ഈ വർഷം നടന്നുകൊണ്ടിരിക്കുന്ന നവീകരണ പ്രവർത്തനങ്ങളുടെയും

വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രവൃത്തി	സ്കീം	വർഷം	തുക
11 kV ലൈൻ -ACSR റീ-കണ്ടക്ടറിങ് - 5 KM (തറയിട്ടാൽ മുതൽ തോട്ടശേരിയറ വരെ)	ദ്യുതി 2	2024-25	40,11,037
ട്രാൻസ്ഫോർമർ എൻഹാൻസ്മെന്റ് 100 kVA to 160 kVA (കരുവാൻകല്ല്)	മലപ്പുറം പാക്കേജ്	2024-25	4,85,123
11 kV ലൈൻ ഇന്റർ ലിങ്കിങ് - 1 KM. (എസ്കാല കോട്ടശ്ശേരി)	മലപ്പുറം പാക്കേജ്	2025-26	28,78,110
എച്ച്.റ്റി. ലൈൻ റീ-കണ്ടക്ടറിങ് - 3 KM. (കൊണ്ടോട്ടി ഫീഡർ)	മലപ്പുറം പാക്കേജ്	2026-27	56,53,334

കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ മഞ്ചേരി ഇലക്ട്രിക്കൽ സർക്കിളിനുകീഴിൽ വിവിധ ഇലക്ട്രിക്കൽ സെക്ഷനുകളിൽ ഈ വർഷം നടപ്പാക്കിയതും ഇനി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ നവീകരണ പ്രവർത്തനങ്ങളുടെയും വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെയും വിശദാംശം സെക്ഷൻ തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

കെ.എസ്.ഇ.ബി.എൽ. കാഷ്യർ തസ്തികയിലെ ഒഴിവുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

160(2515) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ കാഷ്യർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പുനഃസംഘടനാ നടപടി ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. അവ പൂർത്തിയാകുന്നമുറയ്ക്ക് മാത്രമെ നിലവിലെ തസ്തികകളുടെ അംഗീകൃത എണ്ണം തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. അത് പൂർത്തീകരിക്കുന്നമുറയ്ക്ക് പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കുമെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

അടിവാരം സബ്സ്റ്റേഷൻ

161(2516) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിവാരം സബ്സ്റ്റേഷൻ പദ്ധതിയുടെ സ്ഥലമെടുപ്പ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

അടിവാരം 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി LARR Act, 2013 പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് 13-08-2024-ന് കെ.എസ്.ഇ.ബി.എൽ. ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

സബ്സ്റ്റേഷൻ നിർമ്മാണ പ്രവൃത്തികൾ തുടങ്ങുന്നതിനുള്ള ദർഘാസ് ക്ഷണിച്ചിട്ടുള്ളതാണ്. ഒക്ടോബർ അവസാനവാരത്തോടെ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സ്മാർട്ട് മീറ്റർ

162(2517) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടോട്ടക്സ് രീതിയിൽ എ.എം.ഐ. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനെക്കുറിച്ച് പഠിക്കാൻ സർക്കാർ നിയമിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശകൾ എന്തെല്ലാമായിരുന്നു?

ടോട്ടക്സ് രീതിയിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠിക്കാൻ സർക്കാർ നിശ്ചയിച്ച വിദഗ്ധ സമിതിയോട് മൂന്ന് ടേംസ് ഓഫ് റഫറൻസുകൾ സംബന്ധിച്ച് അഭിപ്രായം പറയാനാണ് സർക്കാർ ആവശ്യപ്പെട്ടത്. സമിതി സമർപ്പിച്ച റിപ്പോർട്ടിലെ വിദഗ്ധ സമിതിയുടെ അഭിപ്രായങ്ങൾ അടങ്ങിയ Executive Summary അനുബന്ധമായി ചേർക്കുന്നു.[+]

(ബി) മേൽപറഞ്ഞ ശിപാർശകളുണ്ടായിരുന്നിട്ടും സർക്കാർ ടോട്ടക്സ് മോഡൽ ഉപേക്ഷിച്ച് കാപെക്സ് മോഡൽ പദ്ധതിയിലേയ്ക്ക് മാറാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മൂന്നാമത്തെ ToR പ്രകാരമാണ് ടോട്ടക്സ് പദ്ധതി സംബന്ധിച്ച് വിദഗ്ധ സമിതി ശിപാർശ നൽകിയത്. അത് ഇപ്രകാരമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിതരണ നഷ്ടത്തിനും നവീകരണ പ്രവർത്തനങ്ങൾക്കുമുള്ള സബ്സിഡി നഷ്ടപ്പെടുമെങ്കിൽ, ഒരു ടെൻഡറിങ് പ്രക്രിയയിലൂടെ തിരഞ്ഞെടുത്ത AMISP മുഖേന കെ.എസ്.ഇ.ബി.എൽ. ടോട്ടക്സ് മോഡിൽ ആദ്യഘട്ടം നടപ്പാക്കണമെന്ന് കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. എന്നാൽ, ടോട്ടക്സ് അടിസ്ഥാനത്തിൽ സ്മാർട്ട് മീറ്റർ നടപ്പാക്കിയില്ലെങ്കിലും വിതരണ നഷ്ടത്തിനും നവീകരണ പ്രവർത്തനങ്ങൾക്കുമുള്ള സബ്സിഡി ലഭിക്കുമെന്ന് ഊർജ മന്ത്രാലയം പിന്നീട് വ്യക്തത വരുത്തിയിരുന്നു. അതിനാൽ, വിദഗ്ധ സമിതിയുടെ അഭിപ്രായത്തിന് വിരുദ്ധമാണ് ബദൽ മാതൃകയെന്ന് പറയാനാകില്ല. ടോട്ടക്സ് ടെൻഡർ പ്രകാരം ഏറ്റവും കുറഞ്ഞ ബിഡ് പി.എ.സി.-യുടെ 44.8% മുകളിലായിരുന്നു. ഇത് സാധാരണ ഉപഭോക്താക്കൾക്ക് ഉയർന്ന സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്ന ആക്ഷേപമുണ്ടായി. അതിനാൽ, ചെലവ് കുറഞ്ഞ രീതിയിൽ ഈ പദ്ധതി നടപ്പാക്കാനുള്ള ബദൽ മാതൃകയുമായി മുന്നോട്ടുപോകാനും ആദ്യഘട്ടത്തിൽ സാധാരണ ഉപഭോക്താക്കളെ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിൽനിന്ന് ഒഴിവാക്കാനുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 25-08-

2023-ന് നടന്ന യോഗം തീരുമാനിച്ചത്. ടോട്ടക്സ് ടെൻഡർ പ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് കരാറുകാരനാണ്. ഇതുകൂടാതെ സ്മാർട്ട് മീറ്റർ പദ്ധതിയിലെ ഡാറ്റ സൂക്ഷിക്കുന്നത് ക്ലൗഡിലാണ്. എന്നാൽ, ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ബദൽ മാതൃക പ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി കെ.എസ്.ഇ.ബി.എൽ. ഏറ്റെടുക്കാനും ഡാറ്റ സൂക്ഷിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന്റെ ഡാറ്റ സെന്ററർതന്നെ ഉപയോഗിക്കാനും ഈ യോഗത്തിൽ തീരുമാനിച്ചിരുന്നു. വിവിധ തലങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഫീഡർ/ബോർഡർ മീറ്ററുകൾ, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ മീറ്ററുകൾ, സർക്കാർ ഉപഭോക്താക്കൾ, എച്ച്.റ്റി. ഉപഭോക്താക്കൾ എന്നിവർക്കായി മൂന്ന് ലക്ഷം സ്മാർട്ട് മീറ്ററുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഫണ്ട് ഉപയോഗിച്ച് കാപെക്സ് അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ രീതിയിൽ ടോട്ടക്സ് പദ്ധതിയെക്കാൾ ചെലവ് കുറയുന്ന രീതിയിലാണ് ബദൽ മാതൃക പ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന്റെ ആദ്യഘട്ടം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

കെ.എസ്.ഇ.ബി.എൽ. പുനഃസംഘടന

163(2518) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.എൽ. പുനഃസംഘടനാ പ്രവർത്തനങ്ങളുടെ (ചർച്ചകൾക്ക്) തുടർനടപടികൾ ഏത് വരെയായെന്നും അത് എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് നൽകിയ പഠന റിപ്പോർട്ടിലെ പുനഃസംഘടനാ ശിപാർശയിന്മേൽ കെ.എസ്.ഇ.ബി.എൽ. തുടർനടപടികൾ സ്വീകരിക്കുകയും വിവിധ തലത്തിലുള്ള പഠനങ്ങൾക്കും ചർച്ചകൾക്കുംശേഷം റിപ്പോർട്ടിന്റെ കരട്, 24-03-2023-ന് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് പ്രകാരം കെ.എസ്.ഇ.ബി.എൽ.-ൽ ആവശ്യമായ ജീവനക്കാരുടെ എണ്ണം 32235 ആയിരുന്നു. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദേശിച്ച പ്രകാരം കെ.എസ്.ഇ.ബി.എൽ.-ലെ ജീവനക്കാരുടെ എണ്ണം 30321 ആയി നിശ്ചയിക്കാൻ സർക്കാർ തത്വത്തിൽ സമ്മതിച്ചതായി 19-01-

2024-ലെ കത്ത് പ്രകാരം കെ.എസ്.ഇ.ബി.എൽ.-നെ അറിയിക്കുകയുണ്ടായി. പുതിയ സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്താനുള്ള ബോർഡിന്റെ ആധുനികവൽക്കരണ ശ്രമങ്ങൾ കണക്കിലെടുത്ത്, ജീവനക്കാരുടെ പ്രാതിനിധ്യം യാഥാർഥ്യബോധത്തോടെ വിലയിരുത്താൻ ശ്രമിക്കണമെന്നും പ്രായോഗിക സമീപനം ഇക്കാര്യത്തിൽ പ്രസക്തമാണെന്നും കത്തിൽ നിർദേശിച്ചിരുന്നു. അതനുസരിച്ച്, ചെയർമാൻ & മാനേജിങ് ഡയറക്ടറുടെ നിർദേശാനുസരണം, ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.), എല്ലാ തസ്തികകളുടെയും ആകെ അംഗസംഖ്യ 30321 ആയി നിശ്ചയിച്ചുകൊണ്ട് കരട് നിർദേശം സമർപ്പിച്ചിരുന്നു. തുടർന്ന് 02-03-2024-ലെ ഉത്തരവ് പ്രകാരം, ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) ചെയർപേഴ്സണായും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) കൺവീനറായും ഒരു കമ്മിറ്റി കെ.എസ്.ഇ.ബി. ലിമിറ്റഡ് രൂപീകരിക്കുകയും ട്രേഡ് യൂണിയനുകളുമായും അസോസിയേഷനുകളുമായും ചർച്ച ചെയ്യുന്നതിന് മുൻപ്, ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) സമർപ്പിച്ച കരട് നിർദേശങ്ങൾ പ്രകാരമുള്ള സ്റ്റാഫ് ഫിക്സേഷൻ വിശദമായി പരിശോധിക്കാനും പുതിയ റിപ്പോർട്ട്

സമർപ്പിക്കാനും ആവശ്യപ്പെട്ടിരുന്നു. ഇതുപ്രകാരം തുടർനടപടികളും ട്രേഡ് യൂണിയനുകളുമായുള്ള ചർച്ചയും പുരോഗമിച്ചുവരികയാണ്.

കെ.എസ്.ഇ.ബി.എൽ.-ലെ ഉന്നത ഉദ്യോഗസ്ഥരുടെ ഒഴിവുകൾ

164(2519) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ൽ വൈദ്യുതി വാങ്ങൽ ഉൾപ്പെടെയുള്ള പ്രധാന തീരുമാനങ്ങൾ എടുക്കേണ്ട ഉദ്യോഗസ്ഥരുടെ ഒഴിവുകൾ നിലവിലുണ്ടോ;

(ബി) യഥാസമയം സ്ഥാനക്കയറ്റം നൽകാത്തതുമൂലമാണോ പ്രസ്തുത ഒഴിവുകൾ സംജാതമായിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) വൈദ്യുതി ബോർഡിൽ വിവിധ തസ്തികകളുടെ എണ്ണം 30321 ആയി നിജപ്പെടുത്തണമെന്ന കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 14-07-2022-ലെ നിർദേശവും തുടർന്ന് ഊർജ വകുപ്പിന്റെ

19-01-2024-ലെ കത്തിലെ നിർദേശപ്രകാരവും ആകെ തസ്തികകളുടെ എണ്ണം 30321 ആയി ക്രമപ്പെടുത്തുന്നതിനായി ഒരു കമ്മിറ്റി കെ.എസ്.ഇ.ബി. ലിമിറ്റഡ് രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി മേൽ വിഷയത്തിന്മേലുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുകയും, അത് വിവിധ തലങ്ങളിൽ ചർച്ച ചെയ്തുവരികയുമാണ്. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ റീ-സ്ട്രക്ചറിങ് എത്രയുംപെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടി നടന്നുകൊണ്ടിരിക്കുകയാണ്. അത് പൂർത്തീകരിക്കുന്നമുറയ്ക്ക് പ്രസ്തുത തസ്തികയിലെ ഒഴിവുകൾ കണ്ടെത്തി തുടർനടപടി സ്വീകരിക്കുന്നതായിരിക്കും.

വൈദ്യുതിക്ഷാമവും വിലവർധനയും

165(2520) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരക്ക് വർധനവ് എന്ന ഒറ്റമൂലിക്ക് പകരം വരവും ചെലവും തമ്മിലുള്ള അന്തരം പരിഹരിക്കാൻ മറ്റ് മാർഗങ്ങൾ തേടുന്നതിൽ വൈദ്യുതി

ബോർഡ് പരാജയപ്പെടുന്നുവെന്ന് റെഗുലേറ്ററി കമ്മീഷൻ അഭിപ്രായപ്പെടുകയുണ്ടായോ?

ഇല്ല. എന്നാൽ കാര്യക്ഷമത വർധിപ്പിച്ചും ചെലവ് കുറഞ്ഞ വൈദ്യുതി പരമാവധി ഉൽപാദിപ്പിച്ചും മത്സരാധിഷ്ഠിത ടെൻഡർ വഴി കുറഞ്ഞ ചെലവിൽ വൈദ്യുതി വാങ്ങിച്ചും, കൂടാതെ പകൽ സമയത്ത് ലഭ്യമാകുന്ന ചെലവ് കുറഞ്ഞ വൈദ്യുതി സംഭരിച്ച് ഉപയോഗിക്കാവുന്ന Battery Energy Storage System (BESS) സ്ഥാപിക്കുകയും ഇത് മുഖേന പീക്ക് സമയത്ത് വാങ്ങിക്കുന്ന അധിക വൈദ്യുതി വാങ്ങൽ പരമാവധി കുറച്ചും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ചെലവുകൾ കുറയ്ക്കണമെന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ കെ.എസ്.ഇ.ബി.എൽ.-ന് നിർദേശം നൽകിയിട്ടുണ്ട്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള Multiyear tariff ഉത്തരവിലെ റവന്യൂ കമ്മി നികത്തുന്നതിനാണ് താരിഫ് പരിഷ്കരിക്കുന്നത്. റവന്യൂ കമ്മി എന്നത് വരവും ചെലവും തമ്മിലുള്ള അന്തരമാണ്. വൈദ്യുതി വാങ്ങൽ ചെലവിനുപുറമെ പ്രവർത്തന പരിപാലന ചെലവുകൾ, മൂലധന

നിക്ഷേപത്തിനുള്ള ചെലവുകൾ, പലിശ ചെലവുകൾ, ആഭ്യന്തര ഉൽപാദന ചെലവുകൾ എന്നിവയാണ് പ്രധാന ചെലവിനങ്ങൾ. വൈദ്യുതി ചാർജിൽനിന്നുള്ള വരുമാനം മാത്രമെ കെ.എസ്.ഇ.ബി. ലിമിറ്റഡിനുള്ളൂ. ചെലവിനങ്ങളാകട്ടെ, വ്യക്തമായ ചട്ടങ്ങൾ പ്രകാരം കമ്മീഷൻ നിർണ്ണയിക്കുന്നതുമാണ്. ടി മാനദണ്ഡപ്രകാരം മാത്രമെ ചെലവ് അംഗീകരിക്കപ്പെടുന്നുള്ളൂ. ചെലവുകൾ പരമാവധി കുറച്ച് ഉപഭോക്താക്കൾക്ക് താങ്ങാവുന്ന നിരക്കിൽ വൈദ്യുതി നൽകുന്നതിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഒരളവ് വരെ വിജയിച്ചിട്ടുണ്ട്. 2022-23-ൽ ഒരു യൂണിറ്റ് വൈദ്യുതി വാങ്ങുന്നതിന് 5.32 രൂപ ചെലവായെങ്കിൽ 2023-24-ൽ 5.08 രൂപ മാത്രമാണ് ചെലവായത്. കൂടാതെ മറ്റൊരു പ്രധാനപ്പെട്ട ചെലവിനമായ employee cost-ൽ 2022-23-നെ അപേക്ഷിച്ച് 2023-24-ൽ 200 കോടിയോളം രൂപ കുറവായിട്ടുണ്ട്. ഇപ്രകാരം സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ച് വൈദ്യുതി ചാർജ് വർധനവിന്റെ ഭാരം ലഘൂകരിക്കുകയാണ് ചെയ്യുന്നത്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച സഞ്ചിത റവന്യൂ കമ്മി 6400 കോടി

രൂപയും സഞ്ചിത പ്രവർത്തന നഷ്ടം 11,000 കോടി രൂപയുമാണ്. ഇത്തരമൊരു സാഹചര്യത്തിൽ വൈദ്യുതി ചാർജ് വർധനവ് പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുകയില്ല.

(ബി) വൈദ്യുതി വാങ്ങുന്നതിനുള്ള ചെലവിനെക്കാൾ അധികമാണോ നിലവിൽ സംസ്ഥാനത്ത് വൈദ്യുതി വിതരണം ചെയ്യുന്നതിനുള്ള ചെലവ്?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ, വൈദ്യുതി വാങ്ങുന്ന ചെലവിനെക്കാൾ അധികമല്ല വൈദ്യുതി വിതരണം ചെയ്യുന്നതിനുള്ള ചെലവ്. 2022-23-ലെ കമ്മീഷൻ അംഗീകരിച്ച ട്രൂ അപ്പ് ഉത്തരവ് പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വൈദ്യുതി വാങ്ങൽ ചെലവ് 12,932 കോടി രൂപയും (ആഭ്യന്തര ഉൽപാദന ചെലവും പ്രസരണ ചാർജും ഉൾപ്പെടെ) വൈദ്യുതി വിതരണം ചെയ്യുന്നതിനുള്ള ചെലവ് 6332 കോടി രൂപയും ആകുന്നുവെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. ഇവ രണ്ടുമാണ് ഒരു ഉപഭോക്താവിന് വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രധാന ചെലവുകൾ.

(സി) സംസ്ഥാനത്തെ വൈദ്യുതി ബോർഡിൽ ജീവനക്കാരുടെ എണ്ണം മറ്റ് സംസ്ഥാനങ്ങളിലേതുമായി താരതമ്യപ്പെടുത്തുമ്പോൾ അധികമാണോ;

എങ്കിൽ ബോർഡിൽ എത്ര അധിക ജീവനക്കാരുണ്ടെന്നാണ് കമ്മീഷൻ കണക്കാക്കിയിട്ടുള്ളത്?

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 14-07-2022-ലെ ഉത്തരവുപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 30321 ജീവനക്കാർക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. നിലവിൽ 27671 ജീവനക്കാരാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിലുള്ളത്. രാജ്യത്തെ പ്രധാന സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ജീവനക്കാരുടെ എണ്ണം അധികമല്ല. ജീവനക്കാരുടെ എണ്ണം, ഉപഭോക്താക്കളുടെ എണ്ണം, ഉപഭോക്താക്കൾക്ക് വിൽക്കുന്ന വൈദ്യുതിയുടെ അളവ്, ഉപഭോക്താക്കൾക്ക് നൽകുന്ന സേവനങ്ങളുടെ നിലവാരം, ഭൂമിശാസ്ത്രപരമായ പ്രത്യേകത എന്നിവയെ ആശ്രയിച്ചിരിക്കുന്നു. സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി താരിഫ് നിർണ്ണയിക്കുന്നതിനുവേണ്ടി കണക്കാക്കുന്ന Operation& Maintenance (ജീവനക്കാരുടെ ശമ്പള ചെലവ് ഉൾപ്പെടെ) കണക്കാക്കുന്നത് കമ്മീഷൻ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡപ്രകാരമാണ്. ടി മാനദണ്ഡങ്ങൾക്കുള്ളിൽ മാത്രമെ ചെലവുകൾ അംഗീകരിക്കുകയുള്ളൂ.

(ഡി) സംസ്ഥാനത്ത് ആവശ്യമുള്ള വൈദ്യുതിയുടെ മൂന്നിലൊന്നിൽ താഴെയാണോ സംസ്ഥാനത്തെ നിലവിലെ ഉൽപാദനം; വ്യക്തമാക്കുമോ; വൈദ്യുതോപഭോഗം കൂടുതലുള്ള സമയത്ത് പുറത്തുനിന്നും വലിയ വില കൊടുത്ത് വൈദ്യുതി വാങ്ങുന്നതിനുപകരം വൈദ്യുതോൽപാദനം കഴിയാവുന്നത്ര കൂട്ടുന്നതാണ് വൈദ്യുതിക്ഷാമവും വില വർധനവും പരിഹരിക്കുന്നതിന് സഹായകമാകുകയെന്ന് വിലയിരുത്തിയിട്ടുണ്ടോ; താരതമ്യേന ചെലവ് കുറഞ്ഞ പുതിയ ജലവൈദ്യുത പദ്ധതികൾ തുടങ്ങുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത്, 2024 ഒക്ടോബർ മാസത്തെ ശരാശരി ഉപഭോഗം 85 ദശലക്ഷം യൂണിറ്റ് ആകുന്നു. എന്നാൽ ശരാശരി വൈദ്യുതോൽപാദനം ഏകദേശം 20 ദശലക്ഷം യൂണിറ്റ് ആകുന്നു. അതായത് ജലവൈദ്യുതോൽപാദനം ആകെ ഉപഭോഗത്തിന്റെ നാലിലൊന്നിൽ താഴെ മാത്രമാണ്. സംസ്ഥാനത്തെ വൈദ്യുത ഉൽപാദനം, വൈദ്യുതി നിലയങ്ങളുടെ ശേഷിയെയും ജലലഭ്യതയെയും ആശ്രയിച്ചിരിക്കുന്നതിനാൽ ജലവൈദ്യുതോൽപാദനത്തിന് പരിമിതികളുണ്ട്. വൈദ്യുതിക്ഷാമവും

വിലവർധനവും പരിഹരിക്കുന്നതിന്, സംസ്ഥാനത്തെ നിലവിലെ വൈദ്യുതി നിലയങ്ങൾ ഉപയോഗിച്ച് വൈദ്യുതോൽപാദനം പരമാവധി കൂട്ടിയാൽ സാധിക്കുകയില്ല. താരതമ്യേന ചെലവുകുറഞ്ഞ പുതിയ ജലവൈദ്യുത പദ്ധതികൾ തുടങ്ങുന്നതിന് നിലവിലുള്ള തടസ്സങ്ങൾ ചുവടെ ചേർക്കുന്നു:

ജലവൈദ്യുത പദ്ധതികൾ പരിസ്ഥിതി സൗഹൃദവും ദീർഘകാലം നിലനിൽക്കുന്നവയുമാണ്. കേരളത്തിലെ ഭൂപ്രകൃതിയും സമൃദ്ധമായ ജലസമ്പത്തും പരിഗണിക്കുമ്പോൾ ഏറ്റവും പ്രായോഗികമായവയാണ് ജലവൈദ്യുത നിലയങ്ങൾ. എന്നാൽ കേരളത്തിലെ കൂടിയ ജനസാന്ദ്രത, വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങൾ, വനഭൂമിയുടെ വിസ്തൃതിയിലുള്ള കുറവ്, പരിസ്ഥിതി പ്രശ്നങ്ങൾ ഉന്നയിച്ചുള്ള ജനങ്ങളുടെ എതിർപ്പ് എന്നിവയാണ് പ്രധാനമായും പുതിയ ജലവൈദ്യുത പദ്ധതികൾ തുടങ്ങുന്നതിന് നിലവിലുള്ള പ്രധാന തടസ്സങ്ങൾ. കൂടാതെ, പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനാവശ്യമായ അനുമതി ലഭിക്കുന്നതിന് വനം, പരിസ്ഥിതി വകുപ്പുകളിൽനിന്നും കാലതാമസം നേരിടുന്നുമുണ്ട്.

(ഇ) പുരപ്പുറ സൗരോർജ പദ്ധതിയും കാറ്റാടി വൈദ്യുത പദ്ധതികളും കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

സംസ്ഥാനത്ത് പുരപ്പുറ സോളാർ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനായി വിതരണ രംഗത്തെ ട്രാൻസ്ഫോർമറുകളുടെ സോളാർ ഹീസിബിലിറ്റി 75 ശതമാനത്തിൽനിന്നും 90 ശതമാനമായി ഉയർത്തിയിട്ടുണ്ട്. 10 kW വരെയുള്ള സോളാർ പ്ലാന്റുകൾക്ക് ഡീംഡ് ഹീസിബിലിറ്റി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സോളാർ പ്ലാന്റുകൾ യഥാസമയം എനർജൈസ് ചെയ്യുന്നതിനുവേണ്ടി നെറ്റ് മീറ്റർ കെ.എസ്.ഇ.ബി.എൽ. തന്നെ വാങ്ങി കൺസ്യൂമേഴ്സിന് നൽകുന്നുണ്ട്. ഇതുകൂടാതെ ഉപഭോക്താക്കൾക്ക് മീറ്റർ സ്വന്തമായി വാങ്ങി സ്ഥാപിക്കാവുന്നതുമാണ്. സംസ്ഥാനത്ത് എം.എൻ.ആർ.ഇ. പദ്ധതിയായ പ്രധാൻ മന്ത്രി സൂര്യ ഘർ യോജനയിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്ന വെൻഡേഴ്സിന്റെ എംപാനൽമെന്റ് നടപടിക്രമങ്ങൾ വേഗത്തിലാക്കിയിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്താകെ ഇതിനായി 859 വെണ്ടേഴ്സ് നിലവിലുണ്ട്.

സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലെ സങ്കീർണ്ണതകൾ ലഘൂകരിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും സോളാർ വെൻഡേഴ്സിനും കപ്പാസിറ്റി ബിൽഡിങ് ട്രെയിനിങ് പ്രോഗ്രാം നടത്തുന്നുണ്ട്. ഇപ്പോൾ നടപ്പാക്കി വരുന്ന പ്രധാൻ മന്ത്രി സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജനയിൽ 30-09-2024 വരെ 30290 പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ കാര്യത്തിൽ ദേശീയതലത്തിൽ കേരളം മൂന്നാം സ്ഥാനത്താണ്. സംസ്ഥാനത്ത് പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയ പുരപ്പുറ സോളാർ പദ്ധതിയുടെ കീഴിൽ ഫേസ് ഒന്നിലും രണ്ടിലുമായി 203.34 മെഗാവാട്ടിന്റെ 49402 നിലയങ്ങൾ കമ്മീഷൻ ചെയ്തു. കൂടാതെ എം.എൻ.ആർ.ഇ. DBT സ്കീം, പ്രധാൻ മന്ത്രി സൂര്യ ഘർ യോജന, പി.എം. കുസും, സോളാർ സിറ്റി, ഡാം ടോപ്, കനാൽ ടോപ്, ഗ്രൗണ്ട് ടോപ്, വിവിധ ഗവൺമെന്റ് കെട്ടിടങ്ങളിലെ പുരപ്പുറ സോളാർ, ഫ്ലോട്ടിങ് സോളാർ തുടങ്ങി വിവിധ നിലയങ്ങളിലായി 30-08-2024 വരെ ആകെ 170638 നിലയങ്ങൾ സ്ഥാപിച്ചതുവഴി 1215.68 MW സൗരോർജം സോളാർ പദ്ധതിയുടെ ഭാഗമായി ഗ്രിഡിലേക്ക് കൂട്ടിച്ചേർക്കാൻ

കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ കെ.എസ്.ഇ.ബി.എൽ. വഴി കേന്ദ്ര നവ പുനരുപയോഗ മന്ത്രാലയത്തിന്റെ കീഴിൽ നടക്കുന്ന പ്രധാൻ മന്ത്രി സൂര്യ ഘർ പദ്ധതിയും മറ്റ് സ്വകാര്യ ഗാർഹിക, വാണിജ്യ സോളാർ പദ്ധതികളും ഉൾപ്പെടെ പ്രതിമാസം ഏകദേശം 30 മെഗാവാട്ട് വൈദ്യുതി, ഗ്രിഡ്ലിലേക്ക് കൂട്ടിചേർക്കപ്പെടുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് കാറ്റാടി ഊർജ വികസനത്തിന് ഏറ്റവും അനുയോജ്യമായ സ്ഥലങ്ങളാണ് രാമക്കൽമേടും അട്ടപ്പാടിയും. രാമക്കൽമേട്, അട്ടപ്പാടി, മാൻകുത്തിമേട്, പാപ്പൻപാറ എന്നിവിടങ്ങളിൽനിന്ന് 350 മെഗാവാട്ട് കാറ്റാടി പദ്ധതികൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി നിർദേശം കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിൽ ഓഫ്ഷോർ കാറ്റാടി പദ്ധതികളും കാറ്റിന്റെ വേഗത കൂടിയ സ്ഥലങ്ങളിൽ പുതിയ കാറ്റാടി പദ്ധതികളും സ്ഥാപിക്കുന്നതിനുള്ള സാധ്യത NIWE-യിൽ നിന്ന് തേടിയിട്ടുണ്ട്. ഇതിനുപുറമെ, കെ.എസ്.ഇ.ബി.എൽ.-ഉം സ്വകാര്യ കക്ഷികളും അവരുടെ പരിസരത്ത് മൈക്രോ വിൻഡ് പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതയും പരിശോധിച്ചുവരികയാണ്.

കെ.എസ്.ഇ.ബി.എൽ. ജീവനക്കാരന് ചികിത്സാ ധനസഹായം

166(2521) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എലത്തൂർ ട്രെയിൻ തീവയ്പ് സംഭവത്തിൽ ഗുരുതരമായി പൊള്ളലേറ്റ കെ.എസ്.ഇ.ബി.എൽ. എക്സിക്യൂട്ടീവ് എഞ്ചിനീയർ ജ്യോതീന്ദ്രനാഥിന് ചികിത്സാ ധനസഹായം നൽകുന്നതിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ടിയാന് പ്രസ്തുത ചികിത്സയ്ക്കായി ചെലവാക്കേണ്ടിവന്ന മുഴുവൻ തുകയും പ്രതിപൂരണം ചെയ്ത് കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) കണ്ണൂർ എക്സ്പ്രസ് ട്രെയിൻ തീവയ്പിൽ പരിക്കുപറ്റിയ കെ.എസ്.ഇ.ബി.എൽ. ശ്രീകണ്ഠാപുരം ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. ജ്യോതീന്ദ്രനാഥിന് ചികിത്സാധനസഹായത്തിനുള്ള അപേക്ഷയൊന്നും നിലവിൽ ലഭിച്ചിട്ടില്ലായെന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്. എന്നാൽ ടിയാന് ചികിത്സാധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട്

അദ്ദേഹത്തിന്റെ ഭാര്യയായ ശ്രീമതി ദീപ ചന്ദ്രശേഖരൻ നൽകിയ അപേക്ഷ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ മുഖേന സർക്കാരിൽ ലഭിച്ചിട്ടുണ്ട്. അത് സർക്കാർ പരിശോധിച്ചുവരുന്നു.

വൈദ്യുതി നിരക്കിലെ വർധനവ്

167(2522) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്ക് വർധനവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ നടത്തിയ തെളിവെടുപ്പിൽ പൊതുജനങ്ങളിൽനിന്ന് ഉയർന്നുവന്ന പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്തെല്ലാമാണ്; ഇതിൽ ഏതൊക്കെ ആവശ്യങ്ങൾ പരിഗണിക്കുന്നതിനാണ് കമ്മീഷൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ?

സംസ്ഥാനത്ത് 01-07-2024 മുതൽ 31-03-2027 വരെയുള്ള കാലയളവിലേക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിൽനിന്നും മറ്റുള്ള വിതരണ ലൈസൻസികളിൽനിന്നും വൈദ്യുതി വാങ്ങി ഉപയോഗിക്കുന്ന ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് പരിഷ്കരിക്കുന്നതിനുള്ള അപേക്ഷ

കെ.എസ്.ഇ.ബി. ലിമിറ്റഡ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷനിന്മേൽ വൈദ്യുതി ഉപഭോക്താക്കളുടെയും മറ്റ് തൽപ്പരകക്ഷികളുടെയും അഭിപ്രായങ്ങൾ നേരിട്ട് തേടുന്നതിന് 03-09-2024-ൽ കോഴിക്കോട്, 04-09-2024-ൽ പാലക്കാട്, 05-09-2024-ൽ എറണാകുളം, 11-09-2024-ൽ തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽവച്ച് കമ്മീഷൻ പൊതുതെളിവെടുപ്പ് നടത്തുകയുണ്ടായി. ടി പൊതുതെളിവെടുപ്പുകളിൽനിന്നും ലഭിച്ച നിർദ്ദേശങ്ങളനുസരിച്ച് താഴെപ്പറയുന്ന തുടർനടപടി കൈക്കൊള്ളുന്നതിന് വൈദ്യുതി ബോർഡിലെ ഉദ്യോഗസ്ഥരോട് പൊതുതെളിവെടുപ്പ് വേളയിൽതന്നെ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

1. എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി ബിൽ മലയാളത്തിൽതന്നെ നൽകേണ്ടതാണ്. ആവശ്യപ്പെടുന്ന ഉപഭോക്താക്കൾക്ക് ഇംഗ്ലീഷിലും വൈദ്യുതി ബിൽ നൽകേണ്ടതാണ്.
2. വൈദ്യുതി ബിൽ പ്രതിമാസം നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

3. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എല്ലാ സെക്ഷൻ ഓഫീസുകളിലും Call Recording Facility ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുക.

4. ഉപഭോക്താക്കളോട് മാന്യമായി സംസാരിക്കണമെന്ന് എല്ലാ ജീവനക്കാർക്കും നിർദേശം നൽകുക.

5. കഴിയുമെങ്കിൽ എല്ലാ മാസവും സെക്ഷൻ തലത്തിൽ അദാലത്ത് വിളിക്കുക. ഇതുസംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ നൽകുക.

6. ഉപഭോക്താക്കൾക്ക് പ്രാഥമികമായി അറിയേണ്ട വിവരങ്ങൾ (FAQ) വെബ്സൈറ്റിൽ നൽകുക.

7. സാധാരണ നടപടിക്രമങ്ങളും ബിൽ, ഫിക്സഡ് ചാർജ്, ഫ്യുവൽ ചാർജ് മുതലായ വിവരങ്ങൾ സംബന്ധിച്ചും അഞ്ച് മിനിറ്റിൽ കവിയാത്ത വീഡിയോ നിർമ്മിച്ച് വ്യാപകമായ പ്രചാരണം നൽകുക.

8. പീക്ക് സമയങ്ങളിലെ എനർജി ഡിമാൻഡ് ഉറപ്പാക്കുന്നതിന് Distributed Battery Energy Storage System (BESS) എത്രയുംപെട്ടെന്ന് നടപ്പാക്കുക.

(ബി) വൈദ്യുതി ചാർജ് മുടക്കം വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിനുമുമ്പ് ബോർഡ് പാലിച്ചിരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

റീഡിംഗുകൾ എടുത്ത് ഉപഭോക്താക്കൾക്ക് നൽകുന്ന ബിൽ ഒരു ഡിമാൻഡ് കം വിച്ഛേദന നോട്ടീസാണ്. അതിൽ പിഴ കൂടാതെ പണം ഒടുക്കുന്നതിനും പണം ഒടുക്കിയില്ലെങ്കിൽ വൈദ്യുതി വിച്ഛേദിക്കുന്ന തീയതികളും രേഖപ്പെടുത്തിയിട്ടുണ്ട്. നിയമപരമായി പാലിക്കേണ്ട നടപടിക്രമം മേൽ നോട്ടീസാണ്. ബിൽ നൽകുന്ന തീയതി തുടങ്ങി 25 ദിവസം കഴിഞ്ഞാണ് നിയമാനുസൃത വിച്ഛേദന ദിവസം. കെ.എസ്.ഇ.ബി ലിമിറ്റഡ്, ഇതിനുപുറമെ വിച്ഛേദനത്തിന് രണ്ടുദിവസം മുമ്പായി ഒരു മെസ്സേജും ഒരു ദിവസം മുമ്പായി ഒരു ശബ്ദ സന്ദേശവും നൽകുന്നുണ്ട്. വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തവർക്ക് വിശദമായ ബിൽ ഇ-മെയിൽ ആയും നൽകുന്നുണ്ട്. വൈദ്യുതി ചാർജ് മുടക്കം വരുത്തുന്ന എച്ച്.റ്റി./ഇ.എച്ച്.റ്റി. ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിന് മുമ്പ് കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 വകുപ്പ് 56 പ്രകാരം രേഖാമൂലം

ലൈസൻസി ഉപഭോക്താവിന് വിച്ഛേദിക്കൽ നോട്ടീസ് നൽകേണ്ടതാണ്. വിച്ഛേദനത്തിന്റെ കാരണം ഉപഭോക്താവിനെ അറിയിച്ചും നോട്ടീസ് കാലാവധിക്കുള്ളിൽ പിഴ തുക ഉൾപ്പെടെയുള്ള കുടിശ്ശിക ഒടുക്കണമെന്ന് നിർദേശിച്ചും 15 ദിവസത്തിൽ കുറയാതെ കാലാവധിയുള്ള വ്യക്തമായ നോട്ടീസ് ഉപഭോക്താവിന് നൽകേണ്ടതാണ്.

(സി) ഒരു വൈദ്യുതി ബിൽ മുടക്കം വന്നാൽ ഉടൻതന്നെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന നടപടികളിലേക്ക് പോകുന്ന സാഹചര്യത്തിൽ ശരാശരി വൈദ്യുതി ബില്ലിന്റെ മൂന്നിരട്ടി ഡിപ്പോസിറ്റായി വാങ്ങുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ദ്വൈമാസ ബില്ലിങ് നിലവിലുള്ള ഉപഭോക്താക്കൾക്കാണ് പ്രതിമാസ ബിൽ തുകയുടെ മൂന്നിരട്ടി ഡിപ്പോസിറ്റായി വാങ്ങിയിട്ടുള്ളത്. ദ്വൈമാസ വൈദ്യുതി ഉപഭോഗം കഴിഞ്ഞാണ് ബിൽ നൽകുന്നത്. അതിനുശേഷം 25 ദിവസം കഴിഞ്ഞാണ് വിച്ഛേദനം. ആ സമയത്ത് ഉപഭോക്താവ് തുക അടയ്ക്കാതെ വൈദ്യുതി വിച്ഛേദനം സംഭവിച്ചാൽ ഏകദേശം മൂന്ന് മാസം ഉപയോഗിച്ച വൈദ്യുതിയുടെ തുകയാണ് അപ്പോൾ ഒടുക്കാനായി

ബാക്കിയുണ്ടാകുക. ഇതിനാലാണ് ഇപ്രകാരം ഡിപ്പോസിറ്റ് ഈടാക്കാൻ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. പ്രതിമാസ ബിൽ ഒടുക്കുന്നവർക്ക് രണ്ട് മാസത്തെ ശരാശരി തുകയാണ് ഡിപ്പോസിറ്റായി ഈടാക്കുന്നത്.

(ഡി) 2025-ന് മുമ്പ് സ്മാർട്ട് മീറ്റർ നടപ്പാക്കണമെന്ന് കേന്ദ്രസർക്കാർ നിർദേശിച്ചിട്ടുണ്ടോ; കേന്ദ്രസർക്കാരിന്റെ നിർദേശം സംസ്ഥാനം അംഗീകരിക്കുകയുണ്ടായോ?

2025 മാർച്ചിനകം സ്മാർട്ട് മീറ്റർ നടപ്പാക്കണമെന്ന കേന്ദ്ര സർക്കാർ നിർദേശമുണ്ടെങ്കിലും നിലവിൽ വിവിധ സംസ്ഥാനങ്ങളിലെ പുരോഗതി പരിശോധിക്കുമ്പോൾ ഈ നിർദേശം നടപ്പാക്കുന്നത് പ്രായോഗികമല്ലെന്ന് കാണാവുന്നതാണ്. കേരളത്തിൽ ഘട്ടംഘട്ടമായി സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കാനും ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 2026 മാർച്ച് മാസത്തിനകം 3 ലക്ഷം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനുമാണ് തീരുമാനിച്ചിട്ടുള്ളത്.

(ഇ) സ്മാർട്ട് മീറ്റർ നടപ്പാക്കുന്നതോടെ മീറ്റർ റീഡർമാർ ആവശ്യമില്ലാത്ത സാഹചര്യമുണ്ടോ; എങ്കിൽ ഈ ജീവനക്കാരെ എപ്രകാരം പുനർവിന്യസിക്കാൻ കഴിയുമെന്നാണ് ബോർഡ് കരുതുന്നത്?

സ്മാർട്ട് മീറ്റർ പൂർണ്ണമായും നടപ്പാക്കിയ മേഖലകളിൽ മീറ്റർ റീഡർമാരുടെ ആവശ്യമുണ്ടാകില്ല. എന്നാൽ, ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ 3 ലക്ഷം മീറ്ററുകൾ മാത്രം സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. അതിനാൽ, ഈ ഘട്ടത്തിൽ ജീവനക്കാരെ പുനർവിന്യസിക്കുന്നത് സംബന്ധിച്ച് ആലോചിച്ചിട്ടില്ല.

(എഫ്) സംസ്ഥാനത്ത് സ്മാർട്ട് മീറ്റർ എന്നത്തേക്ക് നടപ്പാക്കാൻ കഴിയുമെന്നാണ് ബോർഡ് പ്രതീക്ഷിക്കുന്നത്; ഇത് നടപ്പാക്കുന്നതിലൂടെ എന്തൊക്കെ നേട്ടങ്ങളാണ് ഉപഭോക്താക്കൾക്കുണ്ടാകുന്നത്, വിശദമാക്കാമോ?

ആദ്യഘട്ടത്തിൽ 3 ലക്ഷം സ്മാർട്ട് മീറ്ററുകളാണ് സ്ഥാപിക്കുന്നത്. ഇത് 2026 മാർച്ചിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഘട്ടംഘട്ടമായി സ്മാർട്ട് മീറ്റർ വ്യാപനം കേരളത്തിൽ പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

രാജ്യം മുഴുവൻ സ്മാർട്ട് മീറ്റർ സ്ഥാപനം ഒരേ സമയത്ത് നടക്കുന്നതിനാൽ മൊത്തത്തിൽ പദ്ധതി വൈകുന്ന സാഹചര്യം നിലവിലുണ്ട്.

വൈദ്യുതി ഉപയോഗം സംബന്ധിച്ച് തത്സമയ ഡാറ്റ നൽകിക്കൊണ്ട് ആധുനിക ഊർജ മാനേജ്മെന്റിൽ സ്മാർട്ട് മീറ്ററുകൾ നിർണ്ണായക പങ്കുവഹിക്കുന്നു. ഉപഭോക്താക്കൾക്ക് അവരുടെ ഉപഭോഗ രീതികൾ കൂടുതൽ കൃത്യമായി നിരീക്ഷിക്കാൻ ഇവ അനുവദിക്കുന്നു. കൃത്രിമ ബുദ്ധി അടക്കം ഉപയോഗപ്പെടുത്തി ഉപഭോക്താക്കൾക്കും കെ.എസ്.ഇ.ബി.എൽ.-നും വേണ്ട തൽസമയ റിപ്പോർട്ടുകൾ ലഭ്യമാക്കാൻ ഈ പദ്ധതിക്ക് കഴിയും. ഊർജ സംരക്ഷണത്തിനും ചെലവ് ലാഭിക്കുന്നതിനുമുള്ള അവസരങ്ങൾ തിരിച്ചറിയാൻ ഇത് ഉപഭോക്താക്കളെ സഹായിക്കുന്നു. ഈ സാങ്കേതികവിദ്യ മാനുവൽ മീറ്റർ റീഡിംഗിന്റെ ആവശ്യകത ഇല്ലാതാക്കുകയും ഉപഭോക്താക്കൾക്ക് കൂടുതൽ കൃത്യവും വിശ്വസനീയവുമായ ബില്ലിങ് ഉറപ്പാക്കുകയും ചെയ്യുന്നു. കൂടാതെ, കൂടുതൽ സുസ്ഥിരമായ ഊർജം ഭാവിയിലേക്ക് സംഭാവന നൽകിക്കൊണ്ട് പുനരുപയോഗ ഊർജ സ്രോതസ്സുകളുടെ സംയോജനത്തെ സ്മാർട്ട് മീറ്ററുകൾ പിന്തുണയ്ക്കുന്നു.

കെ.എസ്.ഇ.ബി.എൽ. അസിസ്റ്റന്റ് ഗ്രേഡ്

168(2523) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2024 സെപ്റ്റംബർ മുതൽ 2025 ഡിസംബർ 31 വരെ കെ.എസ്.ഇ.ബി.എൽ. അസിസ്റ്റന്റ് ഗ്രേഡ് 2-ൽ ഉണ്ടാകുന്ന ഒഴിവുകളുടെ എണ്ണം ലഭ്യമാക്കാമോ ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നടന്നുവരുന്ന റീ-സ്ട്രക്ചറിങ് നടപടി പൂർത്തീകരിച്ചുകഴിഞ്ഞാൽ മാത്രമെ ഓരോ തസ്തികയിലും ആവശ്യമായ ജീവനക്കാരുടെ എണ്ണം കൃത്യമായി കണക്കാക്കാൻ കഴിയൂ. അതിനനുസരിച്ച് മാത്രമെ തസ്തികകളുടെ എണ്ണം നിർണ്ണയിക്കാനും ഒഴിവുകൾ കണ്ടെത്താനും കഴിയുകയുള്ളൂ.

കെ.എസ്.ഇ.ബി.എൽ. പ്രതിമാസ ബില്ലിങ്

169(2524) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.എൽ.-ൽ പ്രതിമാസ ബില്ലിങ് ഏർപ്പെടുത്തുന്ന പദ്ധതിയുടെ വിശദാംശവും ഗുണങ്ങളും വ്യക്തമാക്കുമോ?

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ചട്ടം 2(18) പ്രകാരം സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകുന്നതിനുള്ള കാലാവധി നിശ്ചയിക്കേണ്ടത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. നിലവിൽ സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് പ്രതിമാസ ബിൽ നൽകാനുള്ള (ഇപ്പോൾ ദ്വൈമാസ ബിൽ നൽകുന്ന ഉപഭോക്താക്കൾക്ക്) നിർദേശങ്ങൾ ഒന്നും ഇതുവരെ റെഗുലേറ്ററി കമ്മീഷൻ നൽകിയിട്ടില്ല. കെ.എസ്.ഇ.ബി. ലിമിറ്റഡ് സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് പരിഷ്കരണത്തിനായി സമർപ്പിച്ച നിർദേശങ്ങളിന്മേൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നടത്തിയ തെളിവെടുപ്പിൽ ഉപഭോക്താക്കൾക്ക് പ്രതിമാസ ബില്ലുകൾ നൽകണമെന്ന ആവശ്യം ഉൾപ്പെടെയുള്ള നിർദേശങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ നിർദേശങ്ങൾ എല്ലാം റെഗുലേറ്ററി കമ്മീഷൻ പരിഗണിച്ചാണ് താരിഫ്

ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. ദ്വൈമാസ ബില്ലിങ്ങിന് പകരം പ്രതിമാസ ബില്ലിങ് സമ്പ്രദായം ഏർപ്പെടുത്താനുള്ള സാധ്യത കെ.എസ്.ഇ.ബി.എൽ.-ഉം പരിശോധിക്കുന്നുണ്ട്.

സോളാർ മിച്ച വൈദ്യുതിക്ക് പണം

170(2525) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ മിച്ച വൈദ്യുതിക്ക് പണം നൽകാതെ വീണ്ടും ബില്ലടയ്ക്കാൻ കെ.എസ്.ഇ.ബി.എൽ. ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യം പരിശോധിക്കുമോ;

(ബി) സോളാർ ഉൽപാദകർ ആവശ്യമുള്ളതിനെക്കാൾ കൂടുതലായി വൈദ്യുതി ഉൽപാദിപ്പിച്ച് ഗ്രിഡ്ലിലേക്ക് നൽകുന്നതിന് യൂണിറ്റിന് 2 രൂപ 69 പൈസ നിരക്കിൽ ബോർഡ് നൽകുന്നതിനുപകരം അടുത്ത ബിൽ വീണ്ടും അടയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുന്നുവെന്ന ആക്ഷേപത്തെക്കുറിച്ച് അന്വേഷണം നടത്തുമോ; വ്യക്തമാക്കുമോ?

(എ&ബി) കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച RE and Net metering Regulations ഒന്നാം ഭേദഗതി പ്രകാരം, സോളാർ വൈദ്യുതി പ്രൊസ്യൂമർ ഉൽപാദിപ്പിച്ച് കെ.എസ്.ഇ.ബി.എൽ. ഗ്രിഡ്ലിലേക്ക് നൽകിയ അധിക വൈദ്യുതി സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ, അതായത് മാർച്ച് 31-ാം തീയതി വച്ച് സെറ്റിൽ ചെയ്യാൻ നിർദേശിച്ചിട്ടുണ്ട്. സെറ്റിൽമെന്റ് പ്രകാരം ലഭിക്കേണ്ട തുക റെഗുലേഷൻ അനുസരിച്ച് സെറ്റിൽമെന്റ് പീരിയഡ് കഴിഞ്ഞ് 30 ദിവസത്തിനകം പ്രൊസ്യൂമറിന്റെ അക്കൗണ്ടിലേക്ക് നൽകേണ്ടതാണ്. 2022-23 മുതൽ ഈ രീതിയിലാണ് സോളാർ വൈദ്യുതിയുടെ സെറ്റിൽമെന്റ് കണക്കാക്കുന്നത്. എന്നാൽ, പ്രസ്തുത കൺസ്യൂമർ ഉൽപാദിപ്പിച്ച സോളാർ വൈദ്യുതി, ഉപയോഗിച്ച വൈദ്യുതിയുമായി തട്ടിക്കിഴിച്ച് ബാക്കിവരുന്ന ഉപയോഗത്തിന്, നിലവിലുള്ള താരിഫ് പ്രകാരം മാസാമാസം അടയ്ക്കേണ്ടതാണ്.

ഗ്രിഡ്ഡിലേക്ക് നൽകിയ മിച്ച വൈദ്യുതിക്ക് 2022-2023 -ൽ യൂണിറ്റിന് 2 രൂപ 69 പൈസയും 2023-24-ൽ യൂണിറ്റിന് 3 രൂപ 15 പൈസയുമാണ് റെഗുലേറ്ററി കമ്മീഷൻ തീരുമാനിച്ചിരിക്കുന്നത്.

(സി) സോളാർ ഉൽപാദകർക്ക് പണം കിട്ടാൻ ഓരോ തവണയും അപേക്ഷിക്കേണ്ടി വരുന്നുവെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ പ്രത്യേകമായി അപേക്ഷ കൊടുക്കേണ്ടതില്ല. പ്രൊസ്യൂമറിന്റെ അക്കൗണ്ടിലേക്ക് പണം നൽകുകയാണ് ചെയ്യുന്നത്. നിലവിലുള്ള അക്കൗണ്ട് നമ്പറിൽ എന്തെങ്കിലും മാറ്റം വന്നിട്ടുണ്ടോ എന്ന് അന്വേഷിച്ചശേഷമാണ് പണം അക്കൗണ്ടിലേക്ക് മാറ്റുന്നത്.

(ഡി) നിലവിലെ ബില്ലിങ് സമ്പ്രദായം മാറ്റാനാണ് കെ.എസ്.ഇ.ബി.എൽ.-ന്റെ ശ്രമമെന്ന് ഉപഭോക്താക്കൾ ആരോപിക്കുന്നത് പരിശോധിക്കുമോ; സോളാർ ഉപഭോക്താക്കൾ ഉൽപാദിപ്പിച്ച വൈദ്യുതി എത്ര; ഓരോ മാസവും ഉപയോഗിച്ചത് എത്ര; മിച്ചം എത്ര; അതിനുള്ള വില

എത്ര എന്നിങ്ങനെ വേർതിരിച്ച് മലയാളത്തിൽ ബിൽ നൽകണമെന്ന ആവശ്യം പരിഗണിക്കുമോ?

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ച താരിഫ് പരിഷ്കരണ നിർദേശങ്ങളിൽ, വൈകുന്നേരം 6 മണി മുതൽ രാത്രി 10 മണി വരെ (ഒരു ദിവസത്തിൽ 4 മണിക്കൂർ നേരത്തേക്ക്) കെ.എസ്.ഇ.ബി. ലിമിറ്റഡിൽനിന്ന് എടുക്കുന്ന വൈദ്യുതിക്ക് (പകൽ സമയത്ത് കെ.എസ്.ഇ.ബി.എൽ. ഗ്രിഡ്ലിലേക്ക് നൽകുന്ന വൈദ്യുതിയുമായി അഡ്ജസ്റ്റ് ചെയ്യാതെ) കമ്മീഷൻ അംഗീകരിച്ച താരിഫ് പ്രകാരം വൈദ്യുതി ചാർജ് ഈടാക്കുന്നതിനുള്ള ശിപാർശ നൽകിയിട്ടുണ്ട്. എന്നാൽ മറ്റ് സമയക്രമങ്ങളിലെ (രാവിലെ ആറുമണി മുതൽ വൈകുന്നേരം 6 മണി വരെയും തുടർന്ന് രാത്രി 10 മണി മുതൽ പിറ്റേദിവസം ആറുമണി വരെയും) (ഒരു ദിവസത്തിൽ 20 മണിക്കൂർ നേരത്തേക്ക്) ബില്ലിങ് സംവിധാനത്തിൽ യാതൊരുവിധ മാറ്റങ്ങളും വരുത്താനുള്ള ശിപാർശ നൽകിയിട്ടില്ല. റെഗുലേറ്ററി കമ്മീഷൻ ഇതുസംബന്ധിച്ച് യാതൊരുവിധ ഉത്തരവുകളും നിലവിൽ പുറപ്പെടുവിച്ചിട്ടില്ല. നിലവിൽ, മീറ്റർ റീഡർമാർ

ഉപഭോക്താക്കൾക്കും സോളാർ ഉപഭോക്താക്കൾക്കും നൽകുന്ന ബില്ലുകൾ മലയാളത്തിലാണ്. സോളാർ ഉൽപാദിപ്പിച്ച വൈദ്യുതി, ഓരോ മാസവും ഉപയോഗിച്ച വൈദ്യുതി, മിച്ച വൈദ്യുതി എന്നിവ കാണിക്കുന്ന വിശദമായ ബില്ലുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വെബ്സൈറ്റിൽ ഇംഗ്ലീഷിൽ ലഭ്യമാണ്. ഇത് മലയാളത്തിൽ നൽകാനുള്ള നിർദ്ദേശം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പരിഗണനയിലുണ്ട്.

സ്മാർട്ട് മീറ്റർ പദ്ധതി

171(2526) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാപ്പിറ്റൽ എക്സ്പെൻഡിച്ചർ (കാപെക്സ്) മാതൃകയിൽ സ്മാർട്ട് മീറ്റർ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ടോട്ടക്സ് അടിസ്ഥാനത്തിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര മാതൃകയ്ക്ക് ബദലായി കേരളത്തിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള മാതൃക തയ്യാറാക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

നേതൃത്വത്തിൽ 25-08-2023-ന് നടന്ന യോഗത്തിൽ നിർദേശിച്ചിരുന്നു. ഇതുപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സി.എം.ഡി., പ്രശസ്ത സ്ഥാപനങ്ങളിൽനിന്നുള്ള സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ഐ.ടി. ഉപദേശക സമിതി രൂപീകരിച്ച് സ്മാർട്ട് മീറ്റർ മേഖലയിലെ വിവിധ ഒ.ഇ.എം. കമ്പനികളുടെ പങ്കാളിത്തത്തോടെ ശിൽപശാല നടത്തി. വിവിധ തലങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഫീഡർ/ബോർഡർ മീറ്ററുകൾ, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ മീറ്ററുകൾ, സർക്കാർ ഉപഭോക്താക്കൾ, എച്ച്.റ്റി. ഉപഭോക്താക്കൾ എന്നിവർക്കായി 3 ലക്ഷം സ്മാർട്ട് മീറ്ററുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഫണ്ട് ഉപയോഗിച്ച് കാപെക്സ് അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ നടപ്പാക്കാൻ തീരുമാനിച്ചു. 06-11-2023-ൽ നടന്ന യോഗത്തിൽ (National conference of Power and New & Renewable Energy) ബദൽ മാതൃകയുമായി കെ.എസ്.ഇ.ബി.എൽ.-ന് മുന്നോട്ടുപോകാമെന്ന് കേന്ദ്ര ഊർജ വകുപ്പ് സെക്രട്ടറി അറിയിച്ചു. ഇതുപ്രകാരം രണ്ട് പാക്കേജായി സ്മാർട്ട് മീറ്ററും മൂന്നാമത്തെ പാക്കേജായി കെ.എസ്.ഇ.ബി.എൽ. ഡാറ്റ സെന്ററിന്റെ നവീകരണവും നടപ്പാക്കാൻ

ധാരണയായി. ഡാറ്റ സെന്റർ നവീകരണത്തിന് ആർ.ഡി.എസ്.എസ്. പദ്ധതി പ്രകാരം ലഭിക്കുന്ന 60% ഗ്രാന്റ് ഉപയോഗപ്പെടുത്തും. 23-05-2024-ന് ചേർന്ന കെ.എസ്.ഇ.ബി.എൽ.-ന്റെ ഫുൾ ബോർഡ് യോഗം ബദൽ മാതൃക പ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള ആദ്യഘട്ട പദ്ധതിക്ക് 277 കോടി രൂപയുടെ ഭരണാനുമതി നൽകി. മേൽ തീരുമാനപ്രകാരം രണ്ട് പാക്കേജുകളും ടെൻഡർ ചെയ്തിട്ടുണ്ട്. പാക്കേജ്-1 ടെൻഡർ രേഖകൾ 30-07-2024-ലും, പാക്കേജ്-2 ടെൻഡർ രേഖകൾ 01-08-2024-ലും കേരള ഇ-ടെൻഡർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 2026 മാർച്ച് മാസത്തിൽ പ്രവൃത്തി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിരിക്കുന്നു.

പള്ളിവാസൽ, തോട്ടിയാർ ജലവൈദ്യുത പദ്ധതികൾ

172(2527) ശ്രീ. എം. എം. മണി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എ. രാജ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ ജലവൈദ്യുത പദ്ധതിയുടെ വിപുലീകരണ പദ്ധതികൾ പൂർത്തീകരിക്കാറായിട്ടുണ്ടോ; പ്രസ്തുത വിപുലീകരണ പദ്ധതിയുടെ മെക്കാനിക്കൽ സ്പിന്നിങ് വിജയകരമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പള്ളിവാസൽ വിപുലീകരണ പദ്ധതി ഗ്രിഡ്ഡുമായി ബന്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; ഈ പദ്ധതിയിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാൻ സാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം ജലവൈദ്യുത പദ്ധതിയുടെ രണ്ട് മെഷീനുകളുടെയും (2x30MW) മെക്കാനിക്കൽ സ്പിന്നിങ് പൂർത്തിയായിട്ടുണ്ട്. 2024 ഒക്ടോബർ 19-നുള്ളിൽ ഗ്രിഡ്ഡുമായി ബന്ധിപ്പിച്ച് വൈദ്യുതി ഉൽപാദനം ആരംഭിക്കാൻ ലക്ഷ്യമിട്ട് പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയിൽ 30 MW വീതമുള്ള 2 മെഷീനുകളാണുള്ളത്. ആകെ 60 MW വൈദ്യുതി ഉൽപാദിപ്പിക്കാൻ

സാധിക്കും. കമ്മീഷനിംഗുമായി ബന്ധപ്പെട്ട് പവർ ഹൗസിന് സമീപത്തെ 220 KV switchyard 05-10-2024- ന് ചാർജ് ചെയ്തിട്ടുണ്ട്.

(സി) തോട്ടിയാർ പദ്ധതി പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. തോട്ടിയാർ ജലവൈദ്യുത പദ്ധതിയിൽ 30 MW, 10 MW എന്നീ രണ്ട് ജനറേറ്ററുകളാണുള്ളത്. യൂണിറ്റ് #1 (10 MW) 10-07-2024-ന് പരീക്ഷണാടിസ്ഥാനത്തിൽ ഗ്രിഡ്സുമായി ബന്ധിപ്പിച്ചു. കമ്മീഷനിങ് പ്രവൃത്തികൾ പൂർത്തീകരിച്ച് പൂർണ്ണശേഷിയിൽ പ്രവർത്തിച്ചുവരുന്നു. യൂണിറ്റ് #2 (30 MW) ജനറേറ്ററിന്റെ മെക്കാനിക്കൽ സ്പിന്നിങ് 29-08-2024-ന് വിജയകരമായി പൂർത്തീകരിച്ചു. പ്രസ്തുത ജനറേറ്റർ 30-09-2024-ന് ഗ്രിഡ്സുമായി ബന്ധിപ്പിച്ച് കമ്മീഷൻ ചെയ്തു.

സ്മാർട്ട് മീറ്റർ പദ്ധതി

173(2528) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് മീറ്റർ പദ്ധതി നടത്തിപ്പിൽ ടോട്ടക്സ് മോഡലിൽ പദ്ധതി നടപ്പാക്കാൻ ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക ശരാശരി എത്ര രൂപയാണെന്നും ടോട്ടക്സ് മോഡലിൽ 37 ലക്ഷം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനുള്ള ടെൻഡർ വഴി ലഭിച്ച ഏറ്റവും കുറഞ്ഞ നിരക്ക് ശരാശരി ഒരു സ്മാർട്ട് മീറ്ററിന് എത്രയാണെന്നും വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ ആർ.ഡി.എസ്.എസ്. പദ്ധതിയുടെ ഭാഗമായി സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന്റെ ആദ്യഘട്ടമായി 37 ലക്ഷം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാൻ 01-04-2023-ന് ടെൻഡർ ചെയ്തിരുന്നു. 15-05-2023-ന് ടെൻഡർ തുറന്നപ്പോൾ ഏറ്റവും കുറഞ്ഞ ബിഡ് പി.എ.സി.-യുടെ 44.8% മുകളിൽ (3475 കോടി രൂപയുടേത്) ആയിരുന്നു. ഇതുപ്രകാരം വിവിധതരം മീറ്ററുകൾക്ക് കേന്ദ്ര സർക്കാർ സബ്സിഡി കുറവ് വരുത്തിയതിനുശേഷമുള്ള വില താഴെ കൊടുക്കുന്നു.

1	സിംഗിൾ ഫേസ് സ്മാർട്ട് മീറ്റർ	7401.87 രൂപ
2	ത്രീ ഫേസ് സ്മാർട്ട് മീറ്റർ	9680.37 രൂപ
3	ത്രീ ഫേസ് എൽ.റ്റി. സി.റ്റി. സ്മാർട്ട് മീറ്റർ	26,319/- രൂപ

4	ത്രീ ഫേസ് സി.റ്റി. പി.റ്റി. സ്മാർട്ട് മീറ്റർ (എച്ച്.റ്റി. ഉപഭോക്താക്കൾക്ക്)	26,671.47 രൂപ
5	ത്രീ ഫേസ് എൽ.റ്റി. സി.റ്റി. സ്മാർട്ട് മീറ്റർ (ട്രാൻസ്ഫോർമർ മീറ്റർ)	26,319/- രൂപ
6	ത്രീ ഫേസ് സി.റ്റി.പി.റ്റി. സ്മാർട്ട് മീറ്റർ (ഫീഡർ ബൗണ്ടറി മീറ്റർ)	26,802.60 രൂപ

(ബി) കാപെക്സ് മോഡലിൽ പ്രസ്തുത പദ്ധതി നടപ്പാക്കാൻ വിളിച്ച ടെൻഡർ തുകയുടെ അടങ്കൽ പ്രകാരം എസ്റ്റിമേറ്റ് തുക ഒരു സ്മാർട്ട് മീറ്ററിന് എത്ര രൂപയാണെന്ന് വെളിപ്പെടുത്തുമോ?

കാപെക്സ് അടിസ്ഥാനത്തിൽ ബദൽ മാതൃക പ്രകാരം സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുമ്പോൾ ടോട്ടക്സ് പദ്ധതിയിൽനിന്ന് വിഭിന്നമായി 3 ലക്ഷം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 2 പാക്കേജ് ആയാണ് നടപ്പാക്കുന്നത്. പാക്കേജ്-1 സ്മാർട്ട് മീറ്റർ ആശയവിനിമയ ശൃംഖല, അനുബന്ധ സോഫ്റ്റ്വെയർ; പാക്കേജ്-2 എം.ഡി.എം.എസ്. സോഫ്റ്റ്വെയർ, ഇന്റഗ്രേഷൻ എന്നിവയാണ്. മൂന്നാമത്തെ പാക്കേജായി ഡാറ്റ സെന്ററിന്റെ നവീകരണവും നടപ്പാക്കും. ഡാറ്റ സെന്റർ നവീകരണത്തിന്

ആർ.ഡി.എസ്.എസ്. പദ്ധതി പ്രകാരം 60% ഗ്രാന്റ് ലഭിക്കും. ടോട്ടക്സ് പദ്ധതിയിൽ മീറ്റർ സ്ഥാപിക്കുന്നത് കരാറുകാരനാണെങ്കിൽ ബദൽ മാതൃകയിൽ കെ.എസ്.ഇ.ബി.എൽ. ആണ് മീറ്റർ സ്ഥാപിക്കുക. ഈ രീതിയിൽ വിഭജിച്ച് ചെലവ് കുറച്ച് നടപ്പാക്കുന്നതിനാൽ നേരിട്ടുള്ള വിലതാരതമ്യം പ്രായോഗികമല്ല. എസ്റ്റിമേറ്റ് പ്രകാരം വിവിധ മീറ്ററുകൾക്ക് ടാക്സ് കൂടാതെയുള്ള നിരക്കുകൾ താഴെ കൊടുക്കുന്നു.

1.	സിംഗിൾ ഫേസ് സ്മാർട്ട് മീറ്റർ	3,500/- രൂപ
2.	ത്രീ ഫേസ് സ്മാർട്ട് മീറ്റർ	4,000/- രൂപ
3.	ത്രീ ഫേസ് എൽ.റ്റി. സി.റ്റി. സ്മാർട്ട് മീറ്റർ	5,000/- രൂപ
4.	ത്രീ ഫേസ് സി.റ്റി.പി.റ്റി. സ്മാർട്ട് മീറ്റർ (എച്ച്.റ്റി. ഉപഭോക്താക്കൾക്ക്)	9,000/- രൂപ
5.	ത്രീ ഫേസ് എൽ.റ്റി.സി.റ്റി. സ്മാർട്ട് മീറ്റർ (ട്രാൻസ്ഫോർമർ മീറ്റർ)	10,000/- രൂപ
6.	ത്രീ ഫേസ് സി.റ്റി.പി.റ്റി. സ്മാർട്ട് മീറ്റർ (ഫീഡർ ബൗണ്ടറി മീറ്റർ)	15,000/- രൂപ

(സി) കാപെക്സ് മോഡൽ എസ്റ്റിമേറ്റ് തുക ടോട്ടക്സ് മോഡലിന്റേതിനെക്കാൾ ഉയർന്നതാകാനുള്ള കാരണം വിശദീകരിക്കുമോ?

ആദ്യഘട്ടത്തിൽ സ്ഥാപിക്കുന്ന സ്മാർട്ട് മീറ്ററുകൾ ഭൂരിഭാഗവും സങ്കീർണ്ണമായ സാങ്കേതികവിദ്യയിലധിഷ്ഠിതമായ വില കൂടിയ സിസ്റ്റം മീറ്ററുകളാണ്. വ്യത്യസ്ത വിഭാഗം മീറ്ററുകളെ അവയുടെ വില സഹിതം താരതമ്യം ചെയ്യുമ്പോൾ കാപെക്സ് മോഡൽ എസ്റ്റിമേറ്റ് തുക ടോട്ടക്സ് മോഡലിനെക്കാൾ കുറവാണ്.

നിർമ്മാണത്തിലുള്ള ജലവൈദ്യുത പദ്ധതികൾ

174(2529) ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ വിപുലീകരണ വൈദ്യുത പദ്ധതിയും തോട്ടിയാർ പദ്ധതിയും എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും ഈ പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്നും അറിയിക്കുമോ?

പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം പദ്ധതിയുടെ രണ്ട് മെഷീനുകളുടെയും (2x30MW) മെക്കാനിക്കൽ സ്പിന്നിങ് പൂർത്തിയായിട്ടുണ്ട്. 2024 ഒക്ടോബർ 19-നുള്ളിൽ ഗ്രിഡ്ഡുമായി ബന്ധിപ്പിച്ച് വൈദ്യുതി ഉൽപാദനം ആരംഭിക്കാൻ ലക്ഷ്യമിട്ട് പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയിൽ 30 MW വീതമുള്ള 2 മെഷീനുകളാണുള്ളത്. ഈ പദ്ധതിയിലൂടെ സ്ഥാപിതശേഷി 60 MW വർധിപ്പിക്കാനും, പ്രതിവർഷം 164.9 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാനും കഴിയും. തോട്ടിയാർ ജലവൈദ്യുത പദ്ധതിയിൽ 30 MW, 10 MW എന്നീ രണ്ട് ജനറേറ്ററുകളാണുള്ളത്. യൂണിറ്റ് #1 (10 MW) 10-07-2024-ന് പരീക്ഷണാടിസ്ഥാനത്തിൽ ഗ്രിഡ്ഡുമായി ബന്ധിപ്പിച്ചു. കമ്മീഷനിങ് പ്രവൃത്തികൾ പൂർത്തീകരിച്ച് പൂർണ്ണശേഷിയിൽ പ്രവർത്തിച്ചുവരുന്നു. യൂണിറ്റ് #2 (30 MW) ജനറേറ്ററിന്റെ മെക്കാനിക്കൽ സ്പിന്നിങ് 29-08-2024-ന് വിജയകരമായി പൂർത്തീകരിച്ചു. പ്രസ്തുത ജനറേറ്റർ 30-09-2024-ന് ഗ്രിഡ്ഡുമായി ബന്ധിപ്പിച്ചു. ഈ പദ്ധതിയിലൂടെ സ്ഥാപിതശേഷി 40 MW വർധിപ്പിക്കാനും പ്രതിവർഷം 99 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാനും കഴിയും.

(ബി) പണി പൂർത്തിയാക്കാനുള്ള ഇടത്തരം ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

പണി പൂർത്തിയാക്കാനുള്ള ഇടത്തരം ജലവൈദ്യുത പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1.ഭൂതത്താൻകെട്ട് (3x8 MW)

പദ്ധതിയുടെ ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികൾ 86.61% പൂർത്തീകരിച്ചു. ചൈനയിൽനിന്നും സാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിനായി കെ.എസ്.ഇ.ബി.എൽ., M/s. Sree Saravana Engineering Bhavani Private Ltd., M/s. Hunan Zhaoyang Generating Equipment Co. Ltd, China എന്നിവർ ചേർന്ന് ഒരു ത്രികക്ഷി കരാർ 27-04-2022-ൽ ഒപ്പിട്ടു. പേമെന്റ് നടത്തുന്നതിന് കെ.എസ്.ഇ.ബി.എൽ. Letter of Credit open ചെയ്യേണ്ടതുണ്ട്. ഇതുസംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ, കേരള-യിൽനിന്ന് നിയമോപദേശം തേടുകയും അത് ലഭ്യമായതനുസരിച്ച് പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

2. പഴശ്ശിസാഗർ (3x2.5 MW)

25-01-2021-ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s. Kirloskar Brothers Ltd. എന്ന കമ്പനിക്ക് അവാർഡ് ചെയ്തു. ഡ്രായിങ് അപ്രൂവൽ പുരോഗമിക്കുന്നു. ചില യന്ത്രഭാഗങ്ങൾ സപ്ലൈ ചെയ്തു. എന്നാൽ സിവിൽ നിർമ്മാണ പ്രവൃത്തികൾ മുടങ്ങികിടക്കുന്നതുകാരണം യാതൊരു E&M പ്രവൃത്തികളും നിർവഹിക്കാൻ കഴിയാത്ത അവസ്ഥയാണ്.

3. ചിന്നാർ SHEP (2x12 MW) Phase II

പ്രസ്തുത പദ്ധതിയുടെ സിവിൽ & ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ കോൺട്രാക്ട് M/s. PGCCPL-Aryacon-Flovel കൺസോർഷ്യത്തിന് 116.65 കോടി രൂപയ്ക്ക് 09-06-2022-ൽ നൽകി. ഡ്രായിങ് അപ്രൂവൽ പുരോഗമിക്കുന്നു. പദ്ധതി 02/2025-ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

4. ഒലീക്കൽ (2x2.5 MW)

പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ വർക്ക് ഓർഡർ 08-06-2023-ന് M/s. Kirloskar Brothers Limited-ന് നൽകി. 27-06-2023-ന് agreement execute ചെയ്തു. ഡ്രായിങ് അപ്രൂവൽ നടപടികൾ പുരോഗമിക്കുന്നു. പദ്ധതി 06/2025-ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

5. പൂവരംതോട് (2x1.5 MW)

പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ വർക്ക് ഓർഡർ 08-06-2023-ന് M/s Kirloskar Brothers Limited-ന് നൽകി. 27-06-2023-ന് agreement execute ചെയ്തു. ഡ്രായിങ് അപ്രൂവൽ നടപടി പുരോഗമിക്കുന്നു. പദ്ധതി 06/2025-ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

6. മാങ്കുളം (40MW)

E&M പ്രവൃത്തികൾക്കായുള്ള ടെൻഡർ 15-03-2024-ന് പ്രസിദ്ധീകരിച്ചു. കൂടുതൽ കമ്പനികൾ പങ്കെടുക്കണമെന്ന ഉദ്ദേശ്യത്തോടെ പുതുക്കിയ ടെൻഡർ വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് ടെൻഡർ തയ്യാറാക്കിയത്. കമ്പനികൾ ഉന്നയിച്ച ചോദ്യങ്ങൾ വിശകലനം നടത്തി കമ്പനികൾക്കുള്ള മറുപടി പ്രസിദ്ധീകരിച്ചു. 2024 സെപ്റ്റംബർ മാസം 24-ന് ടെൻഡർ തുറന്നു.

ടെൻഡറിന്റെ മൂല്യനിർണ്ണയം പുരോഗമിക്കുന്നു. ഡിസംബർ 2024-ഓടെ ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികൾക്കുള്ള കരാർ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പദ്ധതി ഡിസംബർ 2026-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

പുനലൂർ നിയോജകമണ്ഡലത്തിലെ വിവിധ പദ്ധതികൾ

175(2530) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിന്റെ വിവിധ വിഭാഗങ്ങളുടെ കീഴിൽ വിവിധ പദ്ധതികളിലായി പുനലൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചതും, എന്നാൽ 2021 മാർച്ചിന് മുൻപ് പൂർത്തിയാക്കാൻ കഴിയാത്തതുമായ വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെയും അവയിൽ ഇപ്പോഴും നിർവഹണത്തിലുള്ള പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ അനുവദിച്ച സോളാർ പദ്ധതികളെല്ലാംതന്നെ 2021 മാർച്ചിന് മുൻപ് പൂർത്തീകരിച്ചിട്ടുണ്ട്. പുനലൂർ

നിയോജകമണ്ഡലത്തിൽ പ്രസരണ വിഭാഗത്തിന് കീഴിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചതും, 2021 മാർച്ചിന് മുൻപ് പൂർത്തിയാക്കാൻ കഴിയാത്തതുമായ പദ്ധതികളൊന്നുംതന്നെയില്ല. വൈദ്യുതി ബോർഡിലെ വിതരണ വിഭാഗത്തിന്റെ കീഴിൽ വിവിധ പദ്ധതികളിലായി പുനലൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചതും, 2021 മാർച്ചിന് മുൻപായി പൂർത്തീകരിക്കാൻ കഴിയാത്തതും, എന്നാൽ അതിനുശേഷം പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തി (KIIFB – ഫണ്ടഡ് പ്രോജക്ട്)	എസ്റ്റിമേറ്റ് തുക	സ്റ്റാറ്റസ്
Shifting lines and poles from Kulathupuzha to Bharathipuram in favour of AE, PWD Anchal ES Kulathupuzha	₹1,72,22,480/-	പ്രവൃത്തി മാർച്ച് 2022-ന് പൂർത്തീകരിച്ചു
Shifting lines and poles from Ambalakkadavu to Arippa in favour of AE, PWD Anchal ES Kulathupuzha	₹1,86,13,861/-	പ്രവൃത്തി മാർച്ച് 2022-ന് പൂർത്തീകരിച്ചു

(ബി) ഈ സർക്കാർ അധികാരത്തിർ വന്നശേഷം പുനലൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ

വിശദാംശവും ഓരോ പ്രവൃത്തിയുടെയും പേര്, അനുവദിച്ച തുക, പദ്ധതി നിർവഹണ ഏജൻസി എന്നീ വിവരങ്ങളും ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശവും നടപ്പിലുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ; നിലവിൽ നടപ്പിലുള്ള പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

(ബി & സി) **കെ.എസ്.ഇ.ബി.എൽ. -** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനലൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ചതും പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെചേർക്കുന്നു.

Sl. No.	Institution	Capacity	Amount	Agency
1	Govt. Polytechnic College, Punalur	50 kW	18,88,000/-	TATA
2	Govt. Polytechnic Hostel, Punalur	34 kW	12,83,840/-	TATA
3	66 kV Sub Station, Thenmala	30 kW	11,32,800/-	WAAREE
4	K Mony Edappalayam, Thenmala	4 kW	1,71,840/-	TATA

	Total	118 kW	44,76,480/-	

കൂടാതെ 1,67,340/- (ഒരു ലക്ഷത്തി അറുപത്തി ഏഴായിരത്തി മുന്നൂറ്റി നാൽപ്പത്) രൂപ ചെലവഴിച്ച് 6 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടുണ്ട്.

പുനലൂർ നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ പ്രസരണ വിഭാഗത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രവൃത്തികളുടെ പേര്	അനുവദിച്ച തുക	പദ്ധതി നിർവഹണ ഏജൻസി
1.	66kV തെന്മല സബ്സ്റ്റേഷനിലെ 66/11kV, 6.3 MVA ട്രാൻസ്ഫോർമറിന്റെ ശേഷി 10 MVA ആക്കി ഉയർത്തുന്ന പ്രവൃത്തി	11.50 ലക്ഷം	കെ.എസ്.ഇ.ബി.എൽ.
2.	110kV പുനലൂർ സബ്സ്റ്റേഷനിൽ നിന്നും 110kV ഭൂഗർഭ കേബിൾ ഉപയോഗിച്ച് നിർദിഷ്ട പുനലൂർ ട്രാക്ഷൻ സബ്സ്റ്റേഷനിലേക്ക്	2875 ലക്ഷം	റെയിൽവേയ്ക്കുവേണ്ടി കെ.എസ്.ഇ.ബി.എൽ. (ഡിപ്പോസിറ്റ് വർക്ക്)

	110kV വൈദ്യുതി എത്തിക്കുന്ന പദ്ധതി		

66 kV തെന്മല സബ്സ്റ്റേഷനിലെ 66/11kV, 6.3 MVA ട്രാൻസ്ഫോർമറിന്റെ ശേഷി 10 MVA ആക്കി ഉയർത്തുന്ന പ്രവൃത്തി 13-06-2024-ൽ പൂർത്തീകരിച്ചു.

നിലവിൽ നടപ്പിലുള്ള പ്രവൃത്തികൾ

110 kV പുനലൂർ സബ്സ്റ്റേഷനിൽനിന്നും 110 kV ഭൂഗർഭ കേബിൾ ഉപയോഗിച്ച് നിർദിഷ്ട പുനലൂർ ട്രാക്ഷൻ സബ്സ്റ്റേഷനിലേക്ക് 110 kV വൈദ്യുതി എത്തിക്കുന്ന 28.75 കോടി രൂപയുടെ പദ്ധതി ഡിപ്പോസിറ്റ് വർക്കായി ചെയ്തുവരുന്നു. പദ്ധതി 31-12-2024-ൽ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം വിതരണ വിഭാഗത്തിൽ പുനലൂർ നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന ദൃതി, കേന്ദ്ര ഗവൺമെന്റിന്റെ ആർ.ഡി.എസ്.എസ്. പദ്ധതി, ഫണ്ടഡ് പ്രോജക്ടുകളായ KIIFB, MLA, MP,

PPS, KDS തുടങ്ങിയ പദ്ധതികളിലൂടെ അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

അനെർട്ട് – പുനലൂരിലുള്ള ലൈഫ് മിഷൻ ഫ്ലാറ്റിൽ പൊതു ആവശ്യത്തിനായി 20 കിലോവാട്ട് ശേഷിയുള്ള സൗരോർജ നിലയം അനെർട്ട് മുഖേന സ്ഥാപിച്ചു. ഇതിനായി സംസ്ഥാന സർക്കാർ 13,97,240/- രൂപ വിനിയോഗിച്ചു.

അഞ്ചൽ, കരവാളൂർ, തെന്മല എന്നിവിടങ്ങളിലായി യഥാക്രമം 3 കിലോവാട്ട്, 5 കിലോവാട്ട്, 2 കിലോവാട്ട് എന്നിങ്ങനെ ശേഷിയുള്ള സൗരോർജ നിലയങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചു. ഇതിനായി 1,62,257/- രൂപ കേന്ദ്ര സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ ഡിപ്പോസിറ്റ് പ്രവൃത്തിയായി വിവിധ സൈറ്റുകളിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ പവർ പ്ലാന്റുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പുനലൂർ നിയോജകമണ്ഡലത്തിൽ പൂർത്തിയാകാൻ പദ്ധതികളൊന്നുമില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) നിയോജകമണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ/പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ?

നിയോജകമണ്ഡലത്തിൽ സൗരോർജവുമായി ബന്ധപ്പെട്ട് പ്രധാൻ മന്ത്രി സൂര്യ ഘർ സബ്സിഡി പദ്ധതി അല്ലാതെ മറ്റ് പദ്ധതികളൊന്നും നിലവിലില്ല.

പ്രസരണ വിഭാഗത്തിൽ പുനലൂർ നിയോജകമണ്ഡലത്തിൽ പുതുതായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടിൽ 5 പ്രവൃത്തികളും ആർ.ഡി.എസ്.എസ്. പദ്ധതിക്ക് കീഴിൽ 3 പ്രവൃത്തികളും നടപ്പാക്കാനുദ്ദേശിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I. <u>കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ</u>

1. ഇടമൺ സബ്സ്റ്റേഷനിൽ പുതിയ 400 kV GIS സബ്സ്റ്റേഷന്റെ നിർമ്മാണം (പദ്ധതി തുക: 403 കോടി രൂപ)
2. 220kV ഇടമൺ സബ്സ്റ്റേഷനിൽ നിലവിലുള്ള 1x200 MVA ട്രാൻസ്ഫോർമറിന്റെ ശേഷി 2x200 MVA ആക്കി ഉയർത്തുന്ന പ്രവൃത്തി. (പദ്ധതി തുക: 8.45 കോടി രൂപ)

3. 110 kV പുനലൂർ സബ്സ്റ്റേഷനിൽ നിലവിലുള്ള 2x12.5 MVA ട്രാൻസ്ഫോർമറുകളുടെ ശേഷി 2x20 MVA ആക്കി ഉയർത്തുന്ന പ്രവൃത്തി. (പദ്ധതി തുക: 4.20 കോടി രൂപ)
4. 110 kV ഇടമൺ-അമ്പലപ്പുറം - കുണ്ടറ ഫീഡർ - നിലവിലുള്ള സിംഗിൾ സർക്യൂട്ട് ലൈൻ, ഡബിൾ സർക്യൂട്ട് ആക്കി മാറ്റുന്ന പ്രവൃത്തി (പദ്ധതി തുക: 35 കോടി രൂപ)
5. 110 kV ഇടമൺ-പുനലൂർ ഫീഡറുകളുടെ നിലവിലുള്ള ACSR Wolf കണ്ടക്ടർ മാറ്റി ACSR Panther കണ്ടക്ടർ ആക്കുന്ന പ്രവൃത്തി. (പദ്ധതി തുക: 0.86 കോടി രൂപ)

II. <u>ആർ.ഡി.എസ്.എസ്. പദ്ധതിക്ക് കീഴിലുള്ള പ്രവൃത്തികൾ</u>

1. 110 kV ആയൂർ സബ്സ്റ്റേഷനിൽ പുതിയതായി രണ്ട് 110 kv ബേകൾ, രണ്ട് 16 MVA, 110/33 kV ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, നാല് 33 kV ഫീഡർ ബേകൾ സ്ഥാപിക്കുന്ന പ്രവൃത്തി (പദ്ധതി തുക: 10.65 കോടി രൂപ)
2. 66 kV തെന്മല സബ്സ്റ്റേഷനിൽ പുതിയതായി ഒരു 11 kV ഫീഡർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തി. (പദ്ധതി തുക: 0.17 കോടി രൂപ)
3. 110 kV അഞ്ചൽ സബ്സ്റ്റേഷനിൽ പുതിയതായി രണ്ട് 11 kV ഫീഡർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തി (പദ്ധതി തുക: 0.34 കോടി രൂപ)

വിതരണ വിഭാഗത്തിൽ പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും നിലവിൽ നടപ്പാക്കികൊണ്ടിരിക്കുന്നതും പുതുതായി

നടപ്പാക്കാനുദ്ദേശിക്കുന്നതുമായ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.+

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ഇലക്ട്രിക് ചാർജിങ് സ്റ്റേഷനുകൾ

176(2531) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ എട്ട് പഞ്ചായത്തുകളിലായി എത്ര ഇലക്ട്രിക് ചാർജിങ് സ്റ്റേഷനുകൾ നിലവിലുണ്ടെന്ന് സ്ഥലത്തിന്റെ പേര് സഹിതം അറിയിക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലായി കെ.എസ്.ഇ.ബി.എൽ. ആറ് (6) പോൾ മൗണ്ടഡ് ചാർജ് പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.	നാളോം കോരോൾ
2.	ആയഞ്ചേരി തെരു
3.	തീക്കുനി (പൂമുഖം)
4.	അരൂർ
5.	ചേരപുരം
6.	അമ്പലക്കുളങ്ങര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിലും നിലവിലെ ചാർജിങ് സ്റ്റേഷനുകൾ മതിയാകാത്ത അവസ്ഥയിലും കുറ്റ്യാടി, കക്കട്ടിൽ, ആയഞ്ചേരി, വില്യാപ്പള്ളി, തീക്കുനി, പുറമേരി, വട്ടോളി എന്നീ ടൗണുകളിൽ ചാർജിങ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ?

പുതുതായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ നിലവിലില്ല. കെ.എസ്.ഇ.ബി.എൽ.-ന്റെ ചാർജിങ് ശൃംഖല സ്ഥാപിതമായതിനെത്തുടർന്ന് സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങളുടെ എണ്ണം ഗണ്യമായി വർധിക്കുകയും സ്വകാര്യ മേഖലയിൽ ധാരാളം ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിതമാകുകയും ചെയ്യുന്നുണ്ട്. നിലവിൽ 700-ൽ പരം കെ.എസ്.ഇ.ബി.എൽ. ഇതര ചാർജിങ് സ്റ്റേഷനുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടുള്ള പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളിൽ പാർക്കിംഗിനുള്ള സ്ഥലലഭ്യതക്കുറവ് തുടങ്ങിയ കാരണങ്ങളാൽ ചാർജിംഗിന് ബുദ്ധിമുട്ടുള്ള സ്ഥലങ്ങൾ പരിശോധിച്ച്

ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അനുമതിയോടെ കൂടുതൽ അനുയോജ്യമായ സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടിയും കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരുന്നു. ഇലക്ട്രിക് കാറുകൾക്ക് വേണ്ടിയുള്ള ഡി.സി. ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ പ്രധാനമായും ആവശ്യമായി വരുന്നത് ദീർഘദൂര യാത്രകളിലാണ്. പ്രസ്തുത നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ദേശീയപാത, മറ്റ് സംസ്ഥാന പാതകൾ എന്നിവിടങ്ങളിൽ കഫറ്റേരിയ, വാഷ്റൂം സംവിധാനത്തോടുകൂടിയ 105 sq.m. (10mx8m, 5mx5m) സർക്കാർ അധീനതയിലുള്ള സ്ഥലം 10 വർഷത്തെ ലീസ് റെന്റിന് നൽകിയാൽ മൂന്ന് കാറുകൾ ഒരേ സമയം ചാർജ് ചെയ്യുന്നതിനുള്ള DC ഫാസ്റ്റ് ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സംവിധാനം അനെർട്ട് മുഖേന സജ്ജമാക്കാൻ കഴിയുന്നതാണ്.

അങ്കൺ ജ്യോതി പദ്ധതി

177(2532) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം അങ്കണവാടികളിലാണ് അങ്കൺ ജ്യോതി പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

നിലവിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ അങ്കണവാടികളിൽ അങ്കൺ ജ്യോതി പദ്ധതി നടപ്പാക്കിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി നിയോജകമണ്ഡലത്തിലെ എല്ലാ അങ്കണവാടികളിലും നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരള സംസ്ഥാനത്തെ 2050-ഓടെ കാർബൺ നൃട്രൽ സംസ്ഥാനമാക്കാനാണ് സർക്കാർ പദ്ധതിയിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി സംയോജിത ശിശുവികസന പദ്ധതിയുടെ (ഐ.സി.ഡി.എസ്.) നിയന്ത്രണത്തിലുള്ള അങ്കണവാടികളെ സമ്പൂർണ്ണ ഊർജക്ഷമതയുള്ളതാക്കി മാറ്റുന്നത് ലക്ഷ്യംവച്ചുകൊണ്ടാണ് എനർജി മാനേജ്മെന്റ് സെന്റർ "അങ്കൺ ജ്യോതി" എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നത്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് സംസ്ഥാനത്തെ എല്ലാ അങ്കണവാടികളിലും എനർജി മാനേജ്മെന്റ് സെന്റർ

വഴി അങ്കൺ ജ്യോതി പദ്ധതി വ്യാപിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്.

വൈദ്യുതി വിതരണത്തിലെ പ്രശ്നങ്ങൾ

178(2533) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും ശേഷിയിലുമധികമായുള്ള വൈദ്യുതി ഉപയോഗംമൂലം കഴിഞ്ഞ വേനൽക്കാലത്ത് വൈദ്യുതിവിതരണ സംവിധാനം തകരാറിലായതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

വൈദ്യുതി ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും ശേഷിയിലുമധികമായുള്ള വൈദ്യുതി ഉപയോഗംമൂലം കഴിഞ്ഞ വേനൽകാലത്ത് വൈദ്യുതി വിതരണത്തിൽ പ്രശ്നങ്ങളുണ്ടായതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) വൈദ്യുതി ഉപഭോഗം കൂടിവരുന്ന സാഹചര്യത്തിൽ വൈദ്യുതി വിതരണ ശൃംഖലയുടെ ശേഷി വർധിപ്പിക്കുന്നത് അടിയന്തരമായി പരിഗണിക്കുമോ?

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി പ്രസിദ്ധപ്പെടുത്തുന്ന ഇലക്ട്രിക് പവർ സർവേയിൽ പ്രതിപാദിച്ചിരിക്കുന്ന ലോഡ് വർധനവിനനുസരിച്ചാണ് കെ.എസ്.ഇ.ബി.എൽ. ഓരോ വർഷത്തെയും പ്രവൃത്തികൾ പ്രധാനമായും ആസൂത്രണം ചെയ്തുവന്നിരുന്നത്. കേരളത്തിലെ പീക്ക് ഇലക്ട്രിസിറ്റി ഡിമാൻഡിൽ 5% വർധനവാണ് 20-ാമത്തെ ഇലക്ട്രിക് പവർ സർവെയിൽ പ്രവചിച്ചിരുന്നത്. ഇതനുസരിച്ച്, 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പാക്കുന്ന ദ്യുതി 2.0 പദ്ധതിയുടെ രൂപരേഖ കെ.എസ്.ഇ.ബി.എൽ. 2021-ൽ തയ്യാറാക്കുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിരുന്നു. 2021-ൽ തയ്യാറാക്കിയ ദ്യുതി-2 പദ്ധതിയിൽ പുതിയ ലൈൻ നിർമ്മാണം, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ലൈനുകളുടെ ശേഷി വർധിപ്പിക്കൽ, ലൈനുകളുടെ റീ കണ്ടക്ടറിങ് എന്നിവയ്ക്കായി 4016.10 കോടി രൂപയുടെ പ്രവൃത്തികളാണ് 2022-23

സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പാക്കാനായി ആസൂത്രണം ചെയ്തിരുന്നത്. 2024 ഏപ്രിൽ, മേയ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ ശക്തമായ ഉഷ്ണതരംഗംമൂലം ക്രമാതീതവും അപ്രതീക്ഷിതവുമായ ലോഡ് വർധനവ് കെ.എസ്.ഇ.ബി.എൽ. ശൃംഖലയിൽ (ഫീഡറുകളിലും ട്രാൻസ്ഫോർമറുകളിലും) ഉണ്ടാകുകയും ചെയ്തു. എയർ കണ്ടീഷണറുകളുടെയും വൈദ്യുതി വാഹനങ്ങളുടെയും എണ്ണത്തിലുണ്ടായ വർധനവും ഡിമാൻഡ് കൂടാൻ പ്രധാനമായും കാരണമായി. 2021-ൽ ആസൂത്രണം ചെയ്ത ദ്യുതി 2-ന്റെ പദ്ധതി തുക 4717 കോടി രൂപയായി വർധിപ്പിച്ചിരുന്നെങ്കിലും, സംസ്ഥാനത്തുണ്ടായ ശക്തമായ ഉഷ്ണതരംഗംമൂലം ക്രമാതീതവും അപ്രതീക്ഷിതവുമായുണ്ടായ ലോഡ് വർധനവ് കേരളത്തിലെ ചില പ്രദേശങ്ങളിലെ ഊർജാവശ്യകത നിറവേറ്റാൻ ദ്യുതി-2 പദ്ധതി പര്യാപ്തമല്ലാത്ത സ്ഥിതിവിശേഷമുണ്ടാക്കി. പ്രധാനമായിട്ടും കാസർഗോഡ്, മലപ്പുറം, ഇടുക്കി തുടങ്ങിയ മൂന്ന് ജില്ലകളാണ് ഇങ്ങനെ കണ്ടെത്തിയത്. ഈ ജില്ലകൾക്കായി ദ്യുതി 2.0 പദ്ധതിയിൽ 2024-25 മുതൽ 2026-27 വരെ നടപ്പാക്കാനായി 1023.04 കോടി രൂപയുടെ ഒരു സ്പെഷ്യൽ പാക്കേജിന്

കെ.എസ്.ഇ.ബി.എൽ. അംഗീകാരം നൽകുകയുണ്ടായി. ഇതുകൂടാതെ അടുത്ത വേനൽക്കാലത്തെ ഉപഭോഗത്തിലുണ്ടായേക്കാവുന്ന വർധനവ് മുന്നിൽകണ്ട് അതിനാനുപാതികമായി വിതരണ ശൃംഖലയുടെ ശേഷി വർധിപ്പിക്കുന്നതിനായുള്ള പ്രവൃത്തികൾ മറ്റ് ഇലക്ട്രിക്കൽ സർക്കിളുകൾക്കു കീഴിൽ നടപ്പാക്കുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിൽ ദ്യുതി-2 പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള തുകയുടെ നിശ്ചിത ശതമാനം 2024-25 സാമ്പത്തിക വർഷത്തിലേക്ക് അനുവദിക്കുന്നത് കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലാണ്.

(സി) വീടുകളിലെയും സ്ഥാപനങ്ങളിലെയും കണക്റ്റഡ് ലോഡിന് ആനുപാതികമല്ലാതെ വൈദ്യുതി ബിൽ ലഭ്യമാകുന്ന ഉപഭോക്താക്കളുടെ കണക്റ്റഡ് ലോഡ് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; കണക്ഷൻ നൽകിയ സമയത്തെക്കാൾ കണക്റ്റഡ് ലോഡ് വർധനയുണ്ടായിട്ടുണ്ടെങ്കിൽ അത് സ്വമേധയാ റിപ്പോർട്ട് ചെയ്യാൻ ഉപഭോക്താക്കൾക്ക് അവസരം നൽകുമോ;

(ഡി) ശരാശരി വൈദ്യുതി ബിൽ ഒരു പരിധിയിൽ കൂടി നിൽക്കുകയും യഥാർഥ കണക്റ്റഡ് ലോഡ് പ്രകാരം ത്രീഫേസ് കണക്ഷൻ എടുക്കേണ്ടവർ സിംഗിൾഫേസ് കണക്ഷനിൽതന്നെ തുടരുന്നതും കണ്ടുപിടിക്കാൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) മീറ്റർ റീഡിങ് എടുക്കുന്ന വേളയിൽ മീറ്റർ റീഡർമാർ റീഡിംഗിലോ മറ്റോ അപാകതകൾ ശ്രദ്ധയിൽപ്പെടുമ്പോൾതന്നെ അത് സെക്ഷൻ ഓഫീസിൽ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്താറുണ്ട്. രേഖപ്പെടുത്തുന്ന ഈ അപാകതകൾ ഉൾപ്പെടെ പരിശോധിക്കാനായി ഇലക്ട്രിക്കൽ സെക്ഷൻ തലത്തിലും സബ് ഡിവിഷൻ തലത്തിലും ഡിവിഷൻ തലത്തിലും സർക്കിൾ തലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് കെ.എസ്.ഇ.ബി.എൽ. പരിശോധനകൾ നടത്തുകയും ഇത് പരിഹരിക്കാനുള്ള നടപടികളെടുത്തുവരികയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ ആന്റി പവർ തെഫ്റ്റ് വിഭാഗവും പരിശോധനകൾ നടത്തി വരുന്നു. ഇതിൽ കണക്റ്റഡ് ലോഡിലുള്ള വ്യതിയാനങ്ങളും പരിശോധിക്കാറുണ്ട്. കണക്ഷൻ നൽകിയ സമയത്തെക്കാൾ കണക്റ്റഡ് ലോഡ് വർധനവുണ്ടായിട്ടുണ്ടെങ്കിൽ

ഉപഭോക്താക്കൾക്ക് ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ അപേക്ഷ സമർപ്പിച്ച് കണക്ടഡ് ലോഡ് ക്രമീകരിക്കാവുന്നതാണ്. യഥാർഥ കണക്ടഡ് ലോഡ് പ്രകാരം 3 ഫേസ് കണക്ഷൻ എടുക്കേണ്ടവർ 1 ഫേസ് കണക്ഷനായി നിലനിർത്തുന്നതും പരിശോധനയിൽ കണ്ടെത്തുന്നുണ്ട്. കാര്യക്ഷമമായ നെറ്റ്വർക്ക് ആസൂത്രണത്തിനായി ഓരോ ട്രാൻസ്ഫോർമറിലും കീഴിലുള്ള ശരിയായ ലോഡ് മനസ്സിലാക്കാൻ സ്വയം പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ എൽ.റ്റി. ഉപഭോക്താക്കൾക്കും കണക്ടഡ് ലോഡ് പരിഷ്കരിക്കാനുള്ള സൗകര്യം 2024 മാർച്ച് 31 വരെ കെ.എസ്.ഇ.ബി.എൽ. നൽകിയിരുന്നു.

വൈദ്യുതി ചാർജ് വർധന

179(2534) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി ബോർഡ് ഗാർഹിക വൈദ്യുതി നിരക്ക് എത്ര തവണ വർധിപ്പിച്ചു; വർധിപ്പിച്ച തീയതിയും നിരക്കും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രണ്ട് തവണ ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് വർധിപ്പിച്ചിട്ടുണ്ട്. 2022, 2023 എന്നീ വർഷങ്ങളിലാണ് താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത്. 26-06-2022-ലും 01-11-2023-ലും ആണ് ടി വർധനവുകൾ പ്രാബല്യത്തിൽവന്നത്. നിരക്കുകളിൽ എനർജി ചാർജിലുണ്ടായ വർധനവും ഫിക്സഡ് ചാർജിലുണ്ടായ വർധനവും അനുബന്ധമായി ചേർക്കുന്നു.+

(ബി) യൂണിറ്റിന്റെ വിലയ്ക്കുപുറമെ മറ്റെന്തൊക്കെ ചാർജുകളാണ് ഗാർഹിക വൈദ്യുതി ഉപഭോക്താക്കളിൽനിന്നും കെ.എസ്.ഇ.ബി.എൽ. ഈടാക്കുന്നത്; വ്യക്തമാക്കാമോ?

എനർജി ചാർജിനുപുറമെ ഫിക്സഡ് ചാർജ്, ഫ്യൂവൽ സർചാർജ്, മീറ്റർ റെന്റ് എന്നിവ ഗാർഹിക ഉപഭോക്താക്കളിൽനിന്നും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച നിരക്കിൽ ഈടാക്കി വരുന്നു. ഇതിനുപുറമെ നിലവിലുള്ള നിരക്കിലുള്ള ഇലക്ട്രിസിറ്റി ഡ്യൂട്ടി, മീറ്റർ റെന്റിന് മേലുള്ള ജി.എസ്.ടി. എന്നിവയും ഈടാക്കിവരുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വൈദ്യുതി ബോർഡ് ചാർജ് വർധന ആവശ്യം ഉന്നയിച്ചുകൊണ്ട് ഏറ്റവും ഒടുവിൽ റെഗുലേറ്ററി കമ്മീഷന് നൽകിയ മെമ്മോറാണ്ടത്തിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ, കെ.എസ്.ഇ.ബി. ലിമിറ്റഡ് 2024-25 മുതൽ 2026-27 വരെയുള്ള കാലയളവിലേക്ക് താരിഫ് പരിഷ്കരിക്കുന്നതിനുള്ള നിർദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. നിർദേശങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

കാർഷിക മേഖലയിൽ സോളാർ പദ്ധതി

180(2535) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക മേഖലയിൽ സോളാർ പദ്ധതി വ്യാപിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സൗരോർജ ഉൽപാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് 'പ്രധാൻ മന്ത്രി കുസും പദ്ധതി (PM KUSUM)'.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

PM KUSUM Component - C (IPS- Individual Pump Solarisation- വ്യക്തിഗത പമ്പുകളുടെ സൗരോർജവൽക്കരണം)

വൈദ്യുത കണക്ഷനുള്ള കൃഷിയിടങ്ങളിലെ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന 1 എച്ച്.പി. മുതൽ 7.5 എച്ച്.പി. വരെയുള്ള പമ്പുകൾ സൗരോർജത്തിൽ പ്രവർത്തിക്കുന്ന പമ്പുകളായി മാറ്റി അതിൽനിന്ന് ഉൽപാദിപ്പിക്കുന്ന അധിക വൈദ്യുതി കർഷകർക്ക് കെ.എസ്.ഇ.ബി.എൽ.-ന് വിൽക്കാൻ സഹായിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി അനെർട്ടാണ് നടപ്പാക്കുന്നത്. ഇതിൻപ്രകാരം ആവശ്യമായ പദ്ധതി തുകയുടെ 30% കേന്ദ്ര സബ്സിഡിയും 30% സംസ്ഥാന സബ്സിഡിയും ആകുന്നു. ശേഷിക്കുന്ന 40% ഉപഭോക്തൃപങ്കാളിത്ത തുകയാകുന്നു. ഈ പദ്ധതി പ്രകാരം സ്ഥാപിക്കപ്പെടുന്ന ഉപകരണങ്ങൾക്ക് കമ്മീഷൻ തീയതി തുടങ്ങി 5 വർഷം വാറന്റി നൽകുന്നതാണ്. പി.എം.-കുസും പദ്ധതി C പ്രകാരം കേരളത്തിന് 100 കാർഷിക പമ്പുകൾ സോളാറിലേക്ക് മാറ്റാനാണ് കേന്ദ്ര സർക്കാർ തുടക്കത്തിൽ അനുമതി നൽകിയത്. ഇതിൽ 68 എണ്ണം (343 kWp) പമ്പുകൾ സൗരോർജവൽക്കരിച്ച് കഴിഞ്ഞു. ഇതിലൂടെ പ്രതിവർഷം ഏകദേശം 4.5 ലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഈ

പദ്ധതിയുടെ പ്രസക്തി അനെർട്ട് പഠിക്കുകയും പദ്ധതിയുടെ പ്രയോജനം കേരളത്തിലെ കൂടുതൽ കർഷകരിലേക്ക് എത്തിക്കുക എന്ന ലക്ഷ്യവുമായി കേന്ദ്ര സർക്കാരിൽനിന്നും പി.എം.-കുസും കംപോണേന്റ് C-ക്കായി 45000 അധിക പമ്പുകൾക്ക് അംഗീകാരം നേടിയെടുത്തു. ഇതിൽ ആദ്യഘട്ട കേന്ദ്ര അനുമതി ലഭിച്ച 9348 പമ്പുകളിൽ 5955 പമ്പുകളുടെ നിർമ്മാണ പ്രവൃത്തികൾ നബാർഡ് ആർ.ഐ.ഡി.എഫ്. ലോൺ ഉപയോഗിച്ച് നടപ്പാക്കിവരുന്നു. ഇത്രയും പമ്പുകൾക്ക് സംസ്ഥാന വിഹിതവും കർഷക വിഹിതവും നബാർഡ് (ആർ.ഐ.ഡി.എഫ്.) ലോൺ വഴിയാണ് കണ്ടെത്തുന്നത്. 7 വർഷമാണ് ലോൺ തിരിച്ചടവ് കാലാവധി പ്രതീക്ഷിക്കുന്നത്. ബാക്കി 3393 പമ്പുകളുടെ സൗരോർജവൽക്കരണത്തിനായുള്ള തുകയ്ക്കുവേണ്ടി ഡി.പി.ആർ. നബാർഡിന്റെ പരിഗണനയിലാണ്. നിലവിൽ 1824 എണ്ണം പമ്പുകളുടെ സൗരോർജവൽക്കരണത്തിനുള്ള വർക്ക് ഓർഡർ നൽകി കഴിഞ്ഞു. ഇതിൽ ആയിരത്തോളം എണ്ണത്തിന്റെ സൗരോർജവൽക്കരണം പൂർത്തിയായി. കൃഷിഭവനുകളിൽനിന്നും സൗജന്യ കാർഷിക കണക്ഷൻ ലഭിച്ചിട്ടുള്ള

കർഷകരെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് കർഷകർക്ക് യാതൊരുവിധ സാമ്പത്തിക ബാധ്യതയുമില്ലാതെയാണ് നടപ്പിൽ വരുത്തുന്നത്. കേരളത്തിൽ ആകെ, വൈദ്യുതിയിൽ പ്രവർത്തിക്കുന്ന കാർഷിക പമ്പുകൾ ഏകദേശം 4.5 ലക്ഷത്തോളം വരും. 1 ലക്ഷത്തോളം പമ്പുകൾ ഈ പദ്ധതി വഴി സോളാറിലേക്ക് പരിവർത്തനം ചെയ്യാൻ അനെർട്ട് ലക്ഷ്യമിടുന്നു. ഈ പദ്ധതിയിലൂടെ ഒരു ലക്ഷം പമ്പുകൾ സൗരോർജവൽക്കരിക്കുമ്പോൾ ഏകദേശം 570 MU അധിക ഊർജം ഉൽപാദിപ്പിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിൽ കർഷകന്റെ ഉപയോഗത്തിനുശേഷം 425.7 MU ഊർജം കെ.എസ്.ഇ.ബി.എൽ.-ന് വിൽക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കോൾ പടവുകളിൽ സോളാർ പ്ലാന്റുകൾ

181(2536) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കോൾ പടവുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

കേന്ദ്ര അനുമതി ലഭിച്ച 9348 പമ്പുകളിൽ 5955 പമ്പുകളുടെ സൗരോർജവൽക്കരണം നബാർഡ് ആർ.ഐ.ഡി.എഫ്. ലോൺ ഉപയോഗിച്ച് നടപ്പാക്കി വരുന്നതിൽ കോൾ പാടങ്ങളിലെ ഉയർന്ന ശേഷിയുള്ള പമ്പുകളും ഉൾപ്പെടുന്നു. 20 എച്ച്.പി. മുതൽ 100 എച്ച്.പി. വരെ ഉയർന്ന ശേഷിയുള്ള പമ്പുകളാണ് ഇതിൽ ഉൾപ്പെടുന്നത്. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കോൾ പടവുകളിൽ വിവിധ പാടശേഖര സമിതികളുടെ കീഴിലുള്ള പമ്പുകളുടെ സൗരോർജവൽക്കരണം നടത്തുന്നതിനുള്ള ഫീസിബിലിറ്റി പഠനം നടത്തുന്നതിനായി M/s. Suntastic Engineering Pvt. Ltd. എന്ന ഏജൻസിയെ അനെർട്ട് ചുമതലപ്പെടുത്തിയിരുന്നു. 100 സൈറ്റുകളിൽ സൗരോർജനിലയം സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 3 സൈറ്റുകളിൽ സൗരോർജനിലയം സ്ഥാപിക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഈ സൈറ്റുകളിൽ 2024 നവംബർ, ഡിസംബർ മാസത്തോടുകൂടി നിർമ്മാണ പ്രവൃത്തികൾ തുടങ്ങുന്നതാണ്.

ഗാർഹിക സൗരോർജ പ്ലാന്റുകൾ

182(2537) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ സബ്സിഡി പദ്ധതികളിലൂടെ സംസ്ഥാനത്താകെ എത്ര ഗാർഹിക സൗരോർജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡി പദ്ധതികളിലൂടെ കെ.എസ്.ഇ.ബി.എൽ. മുഖേന (സൗര പി.എം. സൂര്യഘർ) സംസ്ഥാനത്താകെ 84301 വീടുകളിൽ (അനെർട്ട് മുഖേന 2625 വീടുകളിലേത് ഉൾപ്പെടെ) ഗാർഹിക സൗരോർജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഗാർഹിക സൗരോർജ പ്ലാന്റുകൾ മുഖേന നടപ്പ് സാമ്പത്തിക വർഷം എത്ര യൂണിറ്റ് വൈദ്യുതി കെ.എസ്.ഇ.ബി. എൽ. ഗ്രിഡ്ലിലേക്ക് ലഭിച്ചിട്ടുണ്ട്; സെക്ഷൻ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗാർഹിക സൗരോർജ പ്ലാന്റുകൾ മുഖേന നടപ്പുസാമ്പത്തിക വർഷം ഏകദേശം 420 മില്യൺ യൂണിറ്റ് വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ഗ്രിഡ്ലിലേക്ക് ലഭിച്ചിട്ടുണ്ട്. സെക്ഷൻ തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ഗാർഹിക സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഗുണഭോക്താവും കെ.എസ്.ഇ.ബി.എൽ.-ഉം തമ്മിലുള്ള ധാരണാപത്രത്തിലെ നിബന്ധനകൾ എന്തെല്ലാമാണെന്നും പ്രസ്തുത നിബന്ധനകൾ പ്രകാരം പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ നൽകുന്ന സെക്യൂരിറ്റി ഡിപ്പോസിറ്റ് തുക തിരികെ ഗുണഭോക്താവിന് നൽകുന്നതിന്റെ നടപടിക്രമം എന്താണെന്നും വ്യക്തമാക്കാമോ?

ഗാർഹിക സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ഉം ഗുണഭോക്താവും തമ്മിലുള്ള ധാരണാപത്രത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ പ്ലാന്റ് സ്ഥാപിക്കാനായി സെക്യൂരിറ്റി ഡിപ്പോസിറ്റ് ഈടാക്കുന്നില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വൈദ്യുത ചാർജ് വർധിപ്പിച്ചു; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ രണ്ടുതവണ താരിഫ് നിരക്കുകൾ വർധിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	വർധനവ് നടപ്പിൽ വരുത്തിയ തീയതി	ശരാശരി വർധനവ് യൂണിറ്റിന്	വർധനവ് ശതമാനത്തിൽ
2022-23	2022 ജൂൺ 26 മുതൽ	20 പൈസ മുതൽ 30 പൈസ വരെ	ശരാശരി 6.6%
2023-24	2023 നവംബർ 01 മുതൽ	10 പൈസ മുതൽ 22 പൈസ വരെ	ശരാശരി 3.3%

2022-23-ൽ 760 കോടി രൂപയുടെയും 2023-24-ൽ ഏകദേശം 220 കോടി രൂപയുടെയും അധിക വരുമാനം താരിഫ് പരിഷ്കരണത്തിലൂടെ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിച്ചിരുന്നു.

(ഇ) ഗാർഹിക സൗരോർജ പ്ലാന്റുകൾ മുഖേന കെ.എസ്.ഇ.ബി.എൽ, ഗ്രിഡ്ലിലേക്ക് നൽകുന്ന വൈദ്യുതിയുടെ തുക വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; നിലവിൽ ഇത്തരത്തിൽ ഗ്രിഡ്ലിലേക്ക് ഗ്രണഭോക്താക്കൾ

നൽകുന്ന വൈദ്യുതിക്ക് യൂണിറ്റിന് വകയിരുത്തിയ തുക മടക്കി നൽകുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച റിന്യൂവബിൾ എനർജി ആൻഡ് നെറ്റ് മീറ്ററിങ് റെഗുലേഷന് വിധേയമായിട്ടാണ് ഗാർഹിക സൗരോർജ ഉപഭോക്താക്കൾ ഗ്രിഡ്ലിലേക്ക് നൽകുന്ന വൈദ്യുതിക്ക് തുക നിശ്ചയിക്കുന്നത്. സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ റെഗുലേഷന് വിധേയമായിട്ടാണ് ഈ തുക മടക്കി നൽകുന്നതും. സമയബന്ധിതമായി ഈ തുക തിരിച്ച് നൽകുന്നതിനായി കെ.എസ്.ഇ.ബി.എൽ. നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രിഡ്ലിലേക്ക് ഗുണഭോക്താക്കൾ നൽകുന്ന വൈദ്യുതിക്ക് യൂണിറ്റിന് വകയിരുത്തിയ തുക മടക്കി നൽകുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

പുരപ്പുറ സോളാർ പദ്ധതി

183(2538) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സോളാർ പദ്ധതി ആലപ്പുഴ നിയോജകമണ്ഡലത്തിൽ വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പുരപ്പുറ സോളാർ പദ്ധതി നിയോജകമണ്ഡലങ്ങൾക്കതീതമായി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. സർക്കാർ കെട്ടിടങ്ങളിൽ സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡിപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് ഏറ്റെടുത്ത് നടപ്പാക്കുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിന് 10% ധനസഹായം അനെർട്ട് നൽകുന്നുണ്ട്. നിലവിൽ പി.എം. സൂര്യഘർ പദ്ധതി വഴി മാത്രമാണ് ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡിയോടുകൂടി പുരപ്പുറ സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച് നൽകുന്നത്. ഈ പദ്ധതിപ്രകാരം റെസിഡൻഷ്യൽ റൂഫ്ടോപ്പ് സോളാറിനുള്ള കേന്ദ്ര സാമ്പത്തിക സഹായം (CFA) - 2 kW സിസ്റ്റങ്ങൾക്ക് സിസ്റ്റം ചെലവിന്റെ 60 ശതമാനവും 2 മുതൽ 3 kW വരെ ശേഷിയുള്ള സിസ്റ്റങ്ങൾക്ക് അധിക സിസ്റ്റം ചെലവിന്റെ 40 ശതമാനവും നൽകുന്നു. കേന്ദ്ര സാമ്പത്തിക സഹായം (CFA) 3 kW ആയി

പരിമിതപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 1 kW സിസ്റ്റത്തിന് 30,000 രൂപയും 2 kW സിസ്റ്റങ്ങൾക്ക് 60,000 രൂപയും 3 kW അല്ലെങ്കിൽ ഉയർന്ന സിസ്റ്റങ്ങൾക്ക് 78,000 രൂപയുമാണ് സബ്സിഡി നൽകുന്നത്. നിലവിൽ 3 kW വരെയുള്ള റെസിഡൻഷ്യൽ RTS സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് ഏകദേശം 7% ഈടില്ലാത്ത കുറഞ്ഞ പലിശ വായ്പ ലഭ്യമാണ്.

സ്കീമിന് കീഴിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് https://psmuryaghar.gov.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യാം. സംസ്ഥാനത്ത് പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കുന്നതിനായി വിതരണ രംഗത്തെ ട്രാൻസ്ഫോർമറുകളുടെ സോളാർ ഫീസിബിലിറ്റി 75 ശതമാനത്തിൽനിന്നും 90 ശതമാനമായി ഉയർത്തിയിട്ടുണ്ട്. 10 kW വരെയുള്ള സോളാർ പ്ലാന്റുകൾക്ക് ഡീംഡ് ഫീസിബിലിറ്റി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്ന വെണ്ടേഴ്സിന്റെ എംപാനൽമെന്റ് നടപടിക്രമങ്ങൾ വേഗത്തിലാക്കിയിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്താകെ ഇതിനായി 859 വെണ്ടേഴ്സ് നിലവിലുണ്ട്. സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലെ സങ്കീർണ്ണതകൾ

ലഘൂകരിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും സോളാർ വെണ്ടേഴ്സിനും കപ്പാസിറ്റി ബിൽഡിങ് ട്രെയിനിങ് പ്രോഗ്രാം നടത്തുന്നുണ്ട്. ഇപ്പോൾ നടപ്പാക്കിവരുന്ന പ്രധാൻ മന്ത്രി സൂര്യഘർ മുഫ്ത് ബിജ്‌ലി യോജനയിൽ 30-09-2024 വരെ 30290 പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ കാര്യത്തിൽ ദേശീയതലത്തിൽ കേരളം മൂന്നാം സ്ഥാനത്താണ്. ആലപ്പുഴ നിയോജകമണ്ഡലത്തിൽ മാത്രമായി ഇതുവരെ 'സൗര' പദ്ധതിയിലും 'പ്രധാൻ മന്ത്രി സൂര്യഘർ' പദ്ധതിയിലും ഉൾപ്പടെ 1732 സോളാർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ഉചിതമായ ആനുകൂല്യങ്ങൾ നൽകി പദ്ധതിയുടെ ഉപഭോക്താക്കളാക്കാനുള്ള നടപടികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

എം.എൻ.ആർ.ഇ. സബ്സിഡിക്കുപുറമെ മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതൊന്നും ഇപ്പോൾ പരിഗണനയിലില്ല. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് സൗജന്യമായി സൗരോർജ പ്ലാന്റുകൾ സ്ഥാപിച്ച് നൽകി അവരുടെ ജീവിത സാഹചര്യവും ഒപ്പം

വരുമാനവും മെച്ചപ്പെടുത്തുന്നതിനായി അനെർട്ട് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് 'ഹരിത ഊർജ വരുമാന പദ്ധതി'. ആലപ്പുഴ ജില്ലയിലുള്ള 163 ലൈഫ് മിഷൻ/പുനർഗേഹം പദ്ധതി പ്രകാരം ലഭിച്ച വീടുകളിൽ സൗജന്യമായി 2 കിലോവാട്ട് വീതം ശേഷിയുള്ള പവർ പ്ലാന്റുകൾ സ്ഥാപിച്ച് നൽകി. ഈ പദ്ധതിക്കായി സംസ്ഥാന വിഹിതമായി ആകെ 1,72,49,312/- രൂപയും കേന്ദ്ര വിഹിതമായി ആകെ 47,55,688/- രൂപയും ചെലവഴിച്ചു. പദ്ധതി കൂടുതൽ കുടുംബങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു.

പുരപ്പുറ സോളാർ പദ്ധതിയുടെ പ്രോത്സാഹനം

184(2539) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സോളാർ പദ്ധതിയിലൂടെ ഉൽപാദിപ്പിച്ച അധിക വൈദ്യുതിക്ക് ഉപഭോക്താവിന് പണം തിരികെ നൽകുന്നത് നിലവിൽ ഏത് മാസമാണ്; ആദ്യഘട്ടത്തിൽ അത് ഏത് മാസത്തിലായിരുന്നു

നൽകിയിരുന്നത്; ഇപ്രകാരം തുക തിരികെ നൽകുന്ന മാസത്തിൽ മാറ്റം വരുത്താനുണ്ടായ സാഹചര്യം എന്തായിരുന്നു; ഉപഭോക്താവിന് ഇതിലൂടെ വരുമാനത്തിൽ കുറവോ അധികബാധ്യതയോ ഉണ്ടായിട്ടുണ്ടോ; ഇതിലൂടെ കെ.എസ്.ഇ.ബി.എൽ.-ന് ഉണ്ടായ ലാഭം എത്രയാണ്; വിശദമാക്കാമോ?

കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച റെഗുലേഷൻ പ്രകാരം (RE and Netmetering Regulations 2020 dated 5-6-2020) സോളാർ വൈദ്യുതി പ്രൊസ്യൂമർ ഉൽപാദിപ്പിച്ച് കെ.എസ്.ഇ.ബി.എൽ. ഗ്രിഡ്ലിലേക്ക് നൽകിയ അധിക വൈദ്യുതിക്ക് സെപ്റ്റംബർ 30-ാം തീയതി വച്ചാണ് സെറ്റിൽമെന്റ് കണക്കാക്കിയിരുന്നത്. എന്നാൽ, 15-07-2022-ൽ കമ്മീഷൻ പുറപ്പെടുവിച്ച പ്രസ്തുത റെഗുലേഷന്റെ ഒന്നാം ഭേദഗതി പ്രകാരം സോളാർ വൈദ്യുതി പ്രൊസ്യൂമർ ഉൽപാദിപ്പിച്ച് കെ.എസ്.ഇ.ബി. എൽ. ഗ്രിഡ്ലിലേക്ക് നൽകിയ അധിക വൈദ്യുതി സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ, അതായത് മാർച്ച് 31-ാം തീയതി വച്ച് സെറ്റിൽ ചെയ്യാൻ നിർദേശിച്ചിട്ടുണ്ട്. ഈ ഭേദഗതി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പൊതു തെളിവെടുപ്പ് നടത്തി,

ഉപഭോക്താക്കളിൽനിന്നും നിർദേശങ്ങൾ സ്വീകരിച്ചാണ് പുറപ്പെടുവിച്ചിട്ടുള്ളത്. സെറ്റിൽമെന്റ് പ്രകാരം ലഭിക്കേണ്ട തുക റെഗുലേഷൻ അനുസരിച്ച് സെറ്റിൽമെന്റ് പീരിയഡ് കഴിഞ്ഞ് 30 ദിവസത്തിനകം പ്രൊസ്യൂമറിന്റെ അക്കൗണ്ടിലേക്ക് നൽകേണ്ടതാണ്. 2022-23 മുതൽ ഈ രീതിയിലാണ് സോളാർ വൈദ്യുതിയുടെ സെറ്റിൽമെന്റ് കണക്കാക്കുന്നത്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിരക്ക് നിശ്ചയിച്ച് കഴിഞ്ഞ് 30 ദിവസത്തിനകം സോളാർ വൈദ്യുതി പ്രൊസ്യൂമറിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന് പണം തിരികെ നൽകിയിട്ടുണ്ട്. സെറ്റിൽമെന്റ് പീരിയഡ് മാറ്റിയതുകൊണ്ട് ഉപഭോക്താവിന് വരുമാനത്തിൽ കുറവോ അധിക ബാധ്യതയോ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. ഇതിലൂടെ കെ.എസ്.ഇ.ബി.എൽ.-ന് ലാഭമുണ്ടായതായും ശ്രദ്ധയിൽപെട്ടിട്ടില്ല.

(ബി) ഒരു ഉപഭോക്താവ് സോളാർ പ്ലാന്റ് മുഖേന ഉൽപാദിപ്പിക്കുന്ന വൈദ്യുതി, ബോർഡിന്റെ വൈദ്യുതി എന്നിവയുടെ ഉപഭോഗം തമ്മിലുള്ള വ്യത്യാസം കണക്കാക്കി സോളാർ വൈദ്യുതിക്ക് വില നിശ്ചയിക്കുന്നതിൽ

ആദ്യ ഘട്ടത്തിലെയും നിലവിൽ പ്രാവർത്തികമാക്കിയിരിക്കുന്നതുമായ മാനദണ്ഡങ്ങൾ തമ്മിലുള്ള വ്യത്യാസം വിശദമാക്കാമോ?

ഒരു ഉപഭോക്താവ്, സോളാർ പ്ലാന്റ് മുഖേന ഉൽപാദിപ്പിക്കുന്ന വൈദ്യുതി, ബോർഡിന്റെ വൈദ്യുതി എന്നിവയുടെ ഉപയോഗം തമ്മിലുള്ള വ്യത്യാസം കണക്കാക്കി തുടർന്ന് മിച്ചം വരുന്ന വൈദ്യുതി സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ സെറ്റിൽ ചെയ്യുന്നതാണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ് അത് സെറ്റിൽ ചെയ്യുന്നതിനുള്ള മാനദണ്ഡവും നിരക്കും നിശ്ചയിക്കുന്നത്. സെറ്റിൽമെന്റ് നിരക്ക് നിശ്ചയിക്കുന്ന മാനദണ്ഡത്തിൽ വ്യത്യാസം വന്നിട്ടില്ല. സെറ്റിൽമെന്റ് തീയതിക്ക് വ്യത്യാസം വന്നിട്ടുണ്ട്.

(സി) തുക തിരിച്ചുനൽകുന്ന മാസം മാറ്റം വരുത്തിയതിലൂടെ പ്രസ്തുത പദ്ധതിയിലേക്ക് കൂടുതൽ ആളുകൾ പങ്കാളികളാകാതെ മാറിനിൽക്കുന്ന അവസ്ഥയ്ക്ക് പരിഹാരമായി ആനുകൂല്യങ്ങൾ വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കെ.എസ്.ഇ.ആർ.സി. നെറ്റ് മീറ്ററിങ് റെഗുലേഷൻ ഭേദഗതി 1 പ്രകാരമാണ് സെറ്റിൽമെന്റ് കാലയളവിൽ മാറ്റം വരുത്തിയത്. ഉപഭോക്താവിന് ലഭ്യമാക്കുന്ന തുകയിൽ മാറ്റമില്ല. ഈ മാറ്റംമൂലം പ്ലാന്റുകൾ സ്ഥാപിക്കാൻ ഉപഭോക്താക്കൾ മടിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

(ഡി) പകൽ ഉൽപാദിപ്പിക്കുന്ന സോളാർ വൈദ്യുതി കേന്ദ്രീകൃത ഗ്രിഡിൽ ശേഖരിച്ചുവയ്ക്കുന്നതിനും രാത്രിയിൽ അത് ഉപയോഗിക്കുന്നതിനുമുള്ള കേന്ദ്രസർക്കാർ പദ്ധതി സംബന്ധിച്ച അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; അത് നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; അറിയിക്കാമോ?

പകൽ ഉൽപാദിപ്പിക്കുന്ന സോളാർ വൈദ്യുതി സ്റ്റോറേജ് സംവിധാനത്തിൽ ശേഖരിച്ചുവയ്ക്കുന്നതിനും രാത്രിയിൽ അത് ഉപയോഗിക്കുന്നതിനുമുള്ള മാർഗനിർദേശങ്ങൾ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ സ്റ്റോറേജ് സംവിധാനങ്ങൾ ഏർപ്പെടുത്തുക വഴി പകൽ സമയത്ത് ലഭ്യമാകുന്ന സൗരോർജ വൈദ്യുതി സംഭരിച്ച് വൈദ്യുത ആവശ്യകത കൂടുതലായ പീക്ക് സമയത്ത് ഉപയോഗിക്കാൻ കഴിയും. പമ്പ്ഡ് സ്റ്റോറേജ് സ്റ്റേഷനുകൾ, ബാറ്ററി

എനർജി സ്റ്റോറേജ് സിസ്റ്റം (BESS) എന്നിവ സ്ഥാപിച്ച് ഈ പ്രതിസന്ധി ലഘൂകരിക്കാൻ കഴിയും. പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങൾ സ്ഥാപിക്കാൻ കൂടുതൽ സമയം വേണ്ടി വരുമെന്നതിനാൽ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുകയും 1000 മെഗാവാട്ട് സ്റ്റോറേജ് സ്ഥാപിക്കുന്നതിൽ തുടക്കമെന്ന നിലയിൽ 270 മെഗാവാട്ട് സ്ഥാപിക്കുന്നതിനുള്ള തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. BESS നിലയങ്ങൾ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ (SECI)-യുമായി സഹകരിച്ച് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി ചെലവേറിയതായതിനാൽ കേന്ദ്ര ഗവൺമെന്റിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭ്യമാക്കാനുള്ള ശ്രമം നടത്തിവരുന്നു.

സോളാർ പ്ലാന്റ്

185(2540) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ചാണ്ടി ഉമ്മൻ:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ പ്ലാന്റ് അപേക്ഷ ഫീസ് തിരികെ കൊടുക്കാനുള്ളത് പ്രൊസ്യൂമേഴ്സിന്റെ ബില്ലിൽ അഡ്ജസ്റ്റ് ചെയ്യുന്നതിന് പകരം സോളാർ പ്ലാന്റ് കമ്മീഷൻ ചെയ്ത് 10 ദിവസത്തിനുള്ളിൽ അവരുടെ അക്കൗണ്ടിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

അപേക്ഷാ ഫീസ് തിരികെ കൊടുക്കുന്നതല്ല. എന്നാൽ രജിസ്ട്രേഷൻ ഫീസിന്റെ 80% നിശ്ചിത സമയത്തിനുള്ളിൽ പ്ലാന്റ് സ്ഥാപിച്ചവർക്ക് തിരികെ കൊടുക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് നിലവിൽ ബില്ലിൽ അഡ്ജസ്റ്റ് ചെയ്യുന്നില്ല. പ്രൊസ്യൂമേഴ്സിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തന്നെയാണ് രജിസ്ട്രേഷൻ ഫീസ് നൽകുന്നത്.

(ബി) പ്രൊസ്യൂമേഴ്സിന് സോളാർ എനർജി സെറ്റിൽമെന്റ് തുക നൽകുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; കെ.എസ്.ഇ.ആർ.സി. ഇറക്കിയ റെഗുലേഷൻ പ്രകാരം ഈ തുക സെറ്റിൽമെന്റ് തീയതി മുതൽ ഒരു മാസത്തിനകം കൊടുത്തുതീർക്കണമെന്നും അതുകഴിഞ്ഞാൽ നിയമ പ്രകാരമുള്ള ബാങ്ക് പലിശ നൽകണമെന്നുമുള്ള വ്യവസ്ഥ നിലവിൽ

പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള പുനരുപയോഗ റെഗുലേഷൻ ഒന്നാം ഭേദഗതി പ്രകാരം സാമ്പത്തിക വർഷാവസാനം സോളാർ ഉപഭോക്താക്കൾ ഗ്രിഡ്ഡിലേക്ക് നൽകിയ അധിക വൈദ്യുതി സെറ്റിൽ ചെയ്യേണ്ടതുണ്ട്. സെറ്റിൽമെന്റ് തുക തുടർന്ന് ഒരുമാസത്തിനുള്ളിൽ സോളാർ ഉപഭോക്താക്കൾക്ക് നൽകേണ്ടതാണ്. ഇതിൽ വീഴ്ച വരുന്നപക്ഷം പലിശ സഹിതം കെ.എസ്.ഇ.ബി.എൽ. പണം നൽകേണ്ടതുണ്ട്.

(സി) സോളാർ ജനറേഷൻ ഡ്യൂട്ടി 01-04-2024 മുതൽ പിൻവലിച്ചതായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും 2024 സെപ്റ്റംബർ മുതൽക്കാണ് കെ.എസ്.ഇ.ബി.എൽ. ഡ്യൂട്ടി പിരിക്കുന്നത് നിർത്തലാക്കിയതെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കേരള സർക്കാരിന്റെ ഫിനാൻസ് ബിൽ 2024 പ്രകാരം സ്വന്തം ആവശ്യത്തിനുവേണ്ടി വൈദ്യുതി ഉൽപാദിപ്പിക്കുന്ന

ഉപഭോക്താക്കളിൽനിന്നും ഇലക്ട്രിസിറ്റി ജനറേഷൻ ഡ്യൂട്ടിയായി ഒരു യൂണിറ്റിന് 1.2 പൈസയിൽനിന്നും 15 പൈസയായി നിരക്ക് വർധിപ്പിച്ചിരുന്നു. പ്രസ്തുത നിരക്ക് വർധനവ് സർക്കാരിന്റെതന്നെ ഫിനാൻസ് ആക്ട് 2024 പ്രകാരം സൗരോർജം വഴി വൈദ്യുതി ഉൽപാദിപ്പിക്കുന്നവർക്ക് ബാധകമല്ലാതാക്കിയിട്ടുണ്ട്. അതിനാൽ സൗരോർജം വഴി വൈദ്യുതി ഉൽപാദിപ്പിക്കുന്നവർ ഇലക്ട്രിസിറ്റി ജനറേഷൻ ഡ്യൂട്ടി നൽകേണ്ടതില്ല.

(ഡി) 2024 ഏപ്രിൽ മുതൽ ആഗസ്റ്റ് മാസം വരെയുള്ള കാലയളവിൽ കെ.എസ്.ഇ.ബി.എൽ. വൈദ്യുതി ബില്ലിൽ ഈടാക്കിയ ജനറേഷൻ ഡ്യൂട്ടി തിരികെ നൽകാനും ആ തുക 2024 ഒക്ടോബർ മാസം മുതലുള്ള വൈദ്യുതി ബില്ലിൽ കുറവ് ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഫിനാൻസ് ആക്ട് 2024 പ്രകാരം ബാധകമല്ലാത്തതിനാൽ സൗരോർജം വഴി വൈദ്യുതി ഉൽപാദിപ്പിക്കുന്ന ഉപഭോക്താക്കളിൽനിന്നും ജനറേഷൻ ഡ്യൂട്ടി പിരിക്കുന്നത് ഒഴിവാക്കാനും പിരിച്ച തുക ഉപഭോക്താക്കൾക്ക് തിരികെ നൽകാനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതി മോഷണ കേസുകൾ

186(2541) ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണങ്ങൾ കണ്ടെത്തുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും നിലവിലെ സംവിധാനം എന്തെല്ലാമാണ്; വിശദമാക്കുമോ?

വൈദ്യുതി മോഷണം കണ്ടെത്തുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ. ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സംവിധാനം നിലവിലുണ്ട്. ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ (APTS) ഘടന ഇപ്രകാരമാണ്. തിരുവനന്തപുരവും കോഴിക്കോടും ആസ്ഥാനമാക്കി രണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കീഴിൽ മേഖല ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു. വൈദ്യുതി ദുരുപയോഗ പരിശോധനകൾ നടത്തുന്നതിനായി ഓരോ മേഖലയുടെയും അധികാരപരിധിയിൽ വരുന്ന എല്ലാ ജില്ലകൾക്കും ഓരോ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ ജില്ലാതല ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് (APTS) പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് ആകെ 14 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകളാണ് പ്രവർത്തിച്ചുവരുന്നത്. ഓരോ സ്ക്വാഡും അവരുടെ പരിധിയിൽവരുന്ന സെക്ഷനുകളിൽ പരിശോധന നടത്തുകയും അധിക വൈദ്യുതി ഉപയോഗിക്കുന്ന എൽ.റ്റി./എച്ച്.റ്റി./ഇ.എച്ച്.റ്റി. ഉപഭോക്താക്കളുടെ വൈദ്യുതി ഉപയോഗം നിരന്തരം നിരീക്ഷിക്കുകയും മാസംതോറും 14 സ്ക്വാഡുകളെയും ഒരു ഇലക്ട്രിക്കൽ സർക്കിളിന്റെ കീഴിൽ പരിശോധന നടത്തിക്കുകയും വൈദ്യുതി മോഷണം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ കൃത്യമായ പരിശോധന നടത്തിയും വൈദ്യുതി മോഷണം കണ്ടെത്താറുണ്ട്. ഇത്തരത്തിൽ കണ്ടെത്തുന്ന വൈദ്യുതി മോഷണ കേസുകളിൽ ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 135 പ്രകാരം തുടർനടപടി സ്വീകരിച്ചുവരുന്നു.

(ബി) വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട കേസുകളുടെ ക്വാട്ട തികയ്ക്കുന്നതിനുവേണ്ടി ആന്റി പവർ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട് വിവിധ കോടതികളിലായി നിലനിൽക്കുന്ന കേസുകൾ കോടതിക്ക് പുറത്ത് തീർപ്പാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

(ബി&സി) ഇല്ല.

തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ സബ്സ്റ്റേഷൻ

187(2542) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ സബ്സ്റ്റേഷൻ എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകും; വിശദമാക്കാമോ?

തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം 2024 ഡിസംബർ മാസത്തിൽ പൂർത്തീകരിച്ച്, കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

വെന്നിയൂർ 33 കെ.വി. സബ്സ്റ്റേഷൻ 2024 ഡിസംബർ മാസത്തിൽ കമ്മീഷൻ ചെയ്യുന്നതിനായി നിലവിൽ തടസ്സങ്ങളൊന്നുമില്ല.

(സി) പ്രസ്തുത പദ്ധതിയിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ വിശദ വിവരം ലഭ്യമാക്കാമോ?

വെന്നിയൂർ 33 കെ.വി. സബ്സ്റ്റേഷൻ പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഉപകരണങ്ങൾ സ്ഥാപിച്ച്, ടെസ്റ്റ് ചെയ്ത്, കമ്മീഷൻ ചെയ്യുന്ന പ്രവൃത്തി.

2. നിർദിഷ്ട സബ്സ്റ്റേഷനിലേക്കുള്ള ലൈനിന്റെ പൂർത്തീകരണ പ്രവൃത്തി.

3. ട്രാൻസ്ഫോർമറുകൾ കമ്മീഷൻ ചെയ്യുന്ന പ്രവൃത്തി.

4. സബ്സ്റ്റേഷന്റെ അനുബന്ധ ബിൽഡിങ് നിർമ്മിക്കുന്ന പ്രവൃത്തി.

5. സബ്സ്റ്റേഷന്റെ റോഡ് നിർമ്മിക്കുന്ന പ്രവൃത്തി.

സബ്സ്റ്റേഷൻ നിർമ്മാണം

188(2543) ശ്രീമതി സി. കെ. ആശ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിലെ ബ്രഹ്മമംഗലം, ഉദയനാപുരം എന്നിവിടങ്ങളിലെ പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ?

പ്രസ്തുത സബ്സ്റ്റേഷനുകളുടെ നിർമ്മാണം നിലവിൽ ആരംഭിച്ചിട്ടില്ല.

(ബി) പ്രസ്തുത സബ്സ്റ്റേഷനുകളുടെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

വൈക്കം നിയോജകമണ്ഡലത്തിലെ ബ്രഹ്മമംഗലത്ത് 5 MVA 33/11 kV കപ്പാസിറ്റിയിൽ ഒരു യൂണിറ്റൈസ്ഡ് സബ്സ്റ്റേഷൻ ആർ.ഡി.എസ്.എസ്. ഫേസ് 2 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉദയനാപുരത്തിന് അടുത്ത് സ്ഥിതി ചെയ്യുന്ന ചെമ്പ് ഭാഗത്ത് 2x5 MVA 33/11 kV കപ്പാസിറ്റിയിൽ ഒരു 33 kV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായുള്ള സാങ്കേതിക പഠനം നടത്തിയിട്ടുണ്ട്. മാറിയ ലോഡ് സാഹചര്യം പരിഗണിച്ചും, പ്രദേശത്ത് പ്രസരണ മേഖലയിൽ ഇതിനകം ആസൂത്രണം ചെയ്തിട്ടുള്ള മറ്റ് പ്രവൃത്തികൾ കണക്കിലെടുത്തും പ്രസ്തുത സബ്സ്റ്റേഷന്റെ പുതിയ സാങ്കേതിക പഠനം

നടത്തി തീരുമാനമെടുക്കുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിരിക്കുന്നു.

കെ.എസ്.ഇ.ബി. എൽ. സബ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളിലെ ഒഴിവുകൾ

189(2544) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ഇ.ബി.എൽ. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളിലെ എത്ര ഒഴിവുകളാണ് കേരള പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും അതിൽ എത്ര നിയമനങ്ങളാണ് നടന്നിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ 217 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ 217 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) കെ.എസ്.ഇ.ബി.എൽ. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളുടെ ഡയറക്ട്, ഇൻ സർവീസ് റിക്രൂട്ട്മെന്റ് കാറ്റഗറികളിൽ എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ?

ഏറ്റവും മിതമായ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ എണ്ണം 30321-ലേയ്ക്ക് നിജപ്പെടുത്തണമെന്ന കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെയും സംസ്ഥാന സർക്കാരിന്റെയും നിർദ്ദേശമനുസരിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പുനഃസംഘടനാ നടപടി ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. അവ പൂർത്തിയാകുന്നമുറയ്ക്ക് മാത്രമെ നിലവിലെ തസ്തികകളുടെ അംഗീകൃത എണ്ണം തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. അത് പൂർത്തീകരിക്കുന്നമുറയ്ക്ക് പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്.

(സി) കെ.എസ്.ഇ.ബി.എൽ. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകാൻ യോഗ്യരായ എത്ര പേർ നിലവിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയുടെ ഫീഡർ തസ്തികകളിലുണ്ടെന്ന് വിശദമാക്കാമോ?

കെ.എസ്.ഇ.ബി ലിമിറ്റഡിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ സ്ഥാനക്കയറ്റം നൽകാൻ യോഗ്യരായ ഫീഡർ തസ്തികയിലുള്ള ജീവനക്കാരുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) കെ.എസ്.ഇ.ബി.എൽ. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് ഇൻ സർവീസ് റിക്രൂട്ട്മെന്റ് വഴി നിയമനം നൽകാൻ മതിയായ വിദ്യാഭ്യാസ യോഗ്യതയുള്ള എത്ര പേരാണ് പ്രസ്തുത തസ്തികയുടെ താഴെയുള്ള തസ്തികകളിൽ നിലവിലുള്ളതെന്ന് വിശദമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ സ്ഥാനക്കയറ്റം നൽകാൻ യോഗ്യരായ ഫീഡർ തസ്തികയിലുള്ള ജീവനക്കാരുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ഇ) 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസി ആക്ട് പ്രകാരം കഴിഞ്ഞ അഞ്ച് വർഷത്തിൽ കെ.എസ്.ഇ.ബി.എൽ.-ൽനിന്ന് ഏതൊക്കെ തസ്തികകളിൽ, എത്ര ഒഴിവുകൾ വീതം ഏതൊക്കെ തീയതികളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണവും തീയതിയും അനുബന്ധമായി ചേർത്തിട്ടുണ്ട്.+

കെ.എസ്.ഇ.ബി.എൽ.-ലെ ഒഴിവുകൾ നികത്തുന്നതിന് നടപടി

190(2545) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ൽ എഞ്ചിനീയർമാരുടെയും വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും എത്ര ഒഴിവുകൾ നിലനിൽക്കുന്നുണ്ട്; പ്രസ്തുത ഒഴിവുകളിലേക്കുള്ള നിയമനങ്ങൾ സമയബന്ധിതമായി നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) റീ-സ്റ്റക്ചറിങ് കാരണം ഈ ഒഴിവുകൾ നികത്തുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; വിശദമാക്കാമോ?

(എ&ബി) വൈദ്യുതി ബോർഡിൽ വിവിധ തസ്തികകളുടെ എണ്ണം 30321 ആയി നിജപ്പെടുത്തണമെന്ന കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 14-07-2022-ലെ നിർദ്ദേശവും തുടർന്ന് ഊർജ വകുപ്പിന്റെ 19-01-2024-ലെ കത്തിലെ നിർദ്ദേശപ്രകാരവും ആകെ തസ്തികകളുടെ എണ്ണം 30321 ആയി ക്രമപ്പെടുത്തുന്നതിനായി ഒരു കമ്മിറ്റി കെ.എസ്.ഇ.ബി. ലിമിറ്റഡ് രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി മേൽവിഷയത്തിന്മേലുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുകയും, അത് വിവിധ തലത്തിൽ ചർച്ച ചെയ്തുവരികയുമാണ്. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ റീ-സ്ട്രക്ചറിങ് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടി നടന്നുകൊണ്ടിരിക്കുകയാണ്. അത് പൂർത്തീകരിക്കുന്നമുറയ്ക്ക് പ്രസ്തുത തസ്തികയിലെ ഒഴിവുകൾ കണ്ടെത്തി തുടർനടപടി സ്വീകരിക്കുന്നതായിരിക്കും.

മല്ലപ്പള്ളി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണം

191(2546) ശ്രീ. മാത്യൂ ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണ ചുമതല വൈദ്യുതി ബോർഡ് ഏറ്റെടുത്തശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) മല്ലപ്പള്ളി താലൂക്ക് ആശുപത്രിയുടെ വികസനത്തിനായുള്ള എസ്.പി.വി. ആയി കെ.എസ്.ഇ.ബി.എൽ.-നെ ചുമതലപ്പെടുത്തിയതിനെതുടർന്ന് പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിനുള്ള മാസ്റ്റർ പ്ലാനുൾപ്പെടെ ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തു. അതിന് 28-05-2019-ലെ സർക്കാർ ഉത്തരവ് പ്രകാരം 38,25,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. തുടർന്ന് ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബിയുടെ അപ്രൈസൽ നടപടിക്രമങ്ങൾക്കുശേഷം 30-11-2020-ൽ 34.54 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ

ലഭിക്കുകയും ചെയ്തു. എന്നാൽ തുടർന്ന് നടപ്പാക്കാൻ തീരുമാനിച്ച ഗൃഹ-3 സ്റ്റാർ റേറ്റിങ് ലഭിക്കുന്നതിനുള്ള ജോലികളും കിഫ്ബിയുടെ ഡിസൈൻ റിവ്യൂ നടപടിക്രമങ്ങളും കിഫ്ബിയുടെ നിർദേശങ്ങൾക്കനുസരിച്ച് പൂർത്തിയാക്കുകയും പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തു. അതിനോടൊപ്പം പുതുക്കിയ ജി.എസ്.ടി. നിരക്കും ഡി.എസ്.ആർ. റിവിഷനും ഉൾപ്പെടെയുള്ള റിവൈസ്ഡ് പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ. കിഫ്ബിയിൽ സമർപ്പിക്കുകയും അതിൻപ്രകാരം 47,16,69,793/- രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി 13-04-2023-ൽ കിഫ്ബിയിൽനിന്നും ലഭിച്ചു. ഇതിൻമേൽ 47,16,69,793/- രൂപയുടെ പുതുക്കിയ ഭരണാനുമതി സർക്കാർ 26-08-2023-ൽ നൽകുകയുണ്ടായി. തുടർന്ന് പദ്ധതിക്കാവശ്യമായ സ്റ്റാറ്റ്യൂട്ടറി അനുമതികൾ എടുക്കുകയും കെ.എസ്.ഇ.ബി.എൽ. 04-07-2023-ന് സാങ്കേതികാനുമതി നൽകി, 06-07-2023-ന് ടെൻഡർ ക്ഷണിക്കുകയും ചെയ്തു. തുടർന്ന് 05-09-2023-ന് ബിഡ് ഓപ്പൺ ചെയ്യുകയും ടെൻഡർ ഇവാല്യുവേഷൻ നടപടികൾ പൂർത്തിയാക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി M/s

ULCCS-നെ തിരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ M/s ULCCS-ന് 19-03-2020-ലെ സർക്കാർ ഉത്തരവ് പ്രകാരം ടെൻഡർ തുകയ്ക്ക് ഇളവ് നൽകിയതിനെതിരെ (10% പ്രൈസ് പ്രീഫറൻസ്) മറ്റ് കരാറുകാരനായ M/s ക്ലൗ ഹോംസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതി ഇടക്കാല ഉത്തരവ് പ്രകാരം കോടതിയുടെ അനുമതിയില്ലാതെ തുടർനടപടികൾ എടുക്കരുതെന്ന് ഉത്തരവാകുകയും ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതി കേസിന്റെ അടുത്ത ഹിയറിങ് 12-11-2024-ന് പോസ്റ്റ് ചെയ്തിരിക്കുകയാണ്. അതിനാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ വിധിക്കനുസരിച്ച് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

സ്വാഫ് സംവിധാനത്തിലെ ആസൂത്രണമില്ലായ്മ

192(2547) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമുള്ളപ്പോൾ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വൈദ്യുതി സ്വീകരിക്കുകയും അവർക്ക് ആവശ്യമുള്ളപ്പോൾ മടക്കി നൽകുകയും ചെയ്യുന്ന സ്വാപ്പ് സംവിധാനത്തിൽ ഫലപ്രദമായ ആസൂത്രണം നടക്കുന്നില്ലായെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഡാമുകളിൽ അധികമായി സംഭരിക്കുന്ന ജലം വൈദ്യുത ഉൽപാദനത്തിൽ പ്രയോജനപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ?

(എ&ബി) ഈ വർഷത്തേക്കും അടുത്ത വർഷത്തെ വേനൽ കാലത്തേക്കുമുള്ള വൈദ്യുതി ആവശ്യകത നിറവേറ്റാനായി ഫലപ്രദമായ ആസൂത്രണത്തിലൂടെ നിരവധി കൈമാറ്റ കരാറുകളിൽ കെ.എസ്.ഇ.ബി.എൽ. ഏർപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വൈദ്യുതി ആവശ്യകതയുടെ ഏകദേശം 30% താഴെ മാത്രമാണ് ആഭ്യന്തര ഉൽപാദനത്തിലൂടെ നിറവേറ്റുന്നത്. മഴയുടെ ലഭ്യത, അടുത്ത ജലവർഷത്തിന്റെ (ജൂൺ മുതൽ മേയ് വരെയുള്ള കാലയളവ്) തുടക്കമായ ജൂൺ മാസം ഒന്നാം തീയതിയിലെ റിസർവോയറുകളിലെ കരുതൽ ശേഖരം, ഉൽപാദന കേന്ദ്രങ്ങളുടെശേഷി എന്നിവ കണക്കിലെടുത്താണ് ഓരോ ജലവർഷത്തിന്റെയും തുടക്കത്തിൽ

ഉൽപാദനത്തിന്റെ അളവ് ആസൂത്രണം ചെയ്യുന്നത്. കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതി, വിവിധ ദീർഘകാല/ഹ്രസ്വ കാല/കൈമാറ്റ കരാറുകൾ (swapping) എന്നിവവഴി ഉറപ്പാക്കിയിട്ടുള്ള വൈദ്യുതി, ആഭ്യന്തര വൈദ്യുതി ഉൽപാദനം എന്നിവയുടെ അടിസ്ഥാനത്തിൽ ലഭ്യമായ വൈദ്യുതിയുടെ അളവും പ്രതീക്ഷിക്കുന്ന ഉപഭോഗവും തുലനം ചെയ്ത് (Load Generation Balance) അതിന്റെയടിസ്ഥാനത്തിൽ കൃത്യമായ ആസൂത്രണത്തിലൂടെയാണ് വൈദ്യുതി ആവശ്യകത നിറവേറ്റിവരുന്നത്. ഇതിന്റെയടിസ്ഥാനത്തിൽ ഈ വർഷവും അടുത്ത വർഷത്തെ (2025) വേനൽക്കാലം വരെയുമുള്ള അധിക ആവശ്യകത നിറവേറ്റാനായി കെ.എസ്.ഇ.ബി.എൽ. വിവിധ കൈമാറ്റ (swapping) കരാറുകളിൽ ഏർപ്പെടുകയുണ്ടായി. ഈ വർഷം അനുകൂലമായ കാലവർഷം ലഭ്യമായതുമൂലം ഡാമുകളിലെ സംഭരണശേഷി കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടതായിരുന്നു. ഈ അനുകൂല സാഹചര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് 2024 മേയ് അവസാനം മുതൽതന്നെ വൈദ്യുതി കൈമാറ്റ കരാറുകളിൽ കെ.എസ്.ഇ.ബി.എൽ. ഏർപ്പെടുകയുണ്ടായി. കൈമാറ്റം ചെയ്ത വൈദ്യുതി 2024 ഡിസംബർ മുതൽ

അടുത്തവർഷം (2025) വൈദ്യുതി അധികം ആവശ്യമുള്ള മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലേക്ക് ഉൾപ്പെടെ തിരികെ ലഭ്യമാവുന്നതാണ്. ഏർപ്പെട്ടിട്ടുള്ള കൈമാറ്റ (swapping) കരാറുകളുടെ വിശദവിവരങ്ങൾ ചുവടെച്ചേർക്കുന്നു.

ക്രമ നമ്പർ	വൈദ്യുതി ലഭ്യമാവുന്ന മാസം	വൈദ്യുതി വിഹിതം(MW)/ ദിവസത്തിൽ ലഭ്യമാവുന്ന സമയം	കരാറിൽ ഏർപ്പെട്ടിട്ടുള്ള കമ്പനി
1	നവംബർ 2024	100 (0-19 hrs) 200 (19-24 hrs)	MPPMCL
2	ഡിസംബർ 2024 & ജനുവരി 2025	200 (0-2 hrs) (18-24 hrs)	Manikaran Power Ltd.
3	മാർച്ച് 2025 (March 16-March 31)	40 MW (0-24 hrs)	Manikaran Power Ltd.
4	ഏപ്രിൽ 2025 (April 1-15)	308 MW(0-2 hrs)95 MW (02-20 hrs) 308 MW (20-24 hrs)	Manikaran Power Ltd.
		200 MW (0-6 hrs) (22-24 hrs)	PSPCL
		80 MW (0-24 hrs)	Manikaran Power
5	മേയ് 2025	80 MW (0-24 hrs)	Manikaran Power

ഇതുകൂടാതെ 2025 ജനുവരി മുതൽ മേയ് വരെയുള്ള മാസങ്ങളിലേക്ക് കൂടുതൽ കൈമാറ്റ കരാറുകളിൽ ഏർപ്പെടാനുള്ള ടെൻഡർ നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലുമാണ്. ആവശ്യമുള്ളപ്പോൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വൈദ്യുതി സ്വീകരിക്കുകയും അവർക്ക് ആവശ്യമുള്ളപ്പോൾ മടക്കി നൽകുകയും ചെയ്യുന്ന സ്വാപ്പ് സംവിധാനം വളരെ ഫലപ്രദമായാണ് കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിവരുന്നത്. കാലാവസ്ഥാ പ്രവചനത്തെയും കഴിഞ്ഞ 10 വർഷത്തെ ഉപഭോഗ പ്രവണതയെയും അടിസ്ഥാനമാക്കി ഓരോ സീസണിലെ പീക്ക് സമയത്തെ വൈദ്യുതി ആവശ്യകതയും ലഭ്യതയും മുൻകൂട്ടി കണക്കാക്കി കുറവ് നികത്തുന്നതിനായി നടപടി സ്വീകരിക്കാറുണ്ട്. ഇതുകൂടാതെ കാലവർഷം സജീവമാകുന്ന ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് അനുഭവപ്പെടാവുന്ന വൈദ്യുതി ആവശ്യകതയിലെ കുറവും ജലവൈദ്യുത നിലയങ്ങളിൽനിന്നും പ്രതീക്ഷിക്കുന്ന അധിക ഉൽപാദനവും കണക്കാക്കി വൈദ്യുതി ലഭ്യതയിൽ ഉണ്ടായേക്കാവുന്ന വർധനവ് മറ്റ് സംസ്ഥാനങ്ങളുമായി സ്വാപ്പ് കരാറുകളിൽ ഏർപ്പെട്ട് വേനൽക്കാലത്ത്

സംസ്ഥാനത്തിന് തിരിച്ച് ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുകയുണ്ടായി. ഉപഭോഗത്തിലുണ്ടാകുന്ന തൽസമയ വ്യതിയാനങ്ങൾമൂലമുണ്ടാകുന്ന അധിക വൈദ്യുതി ആവശ്യകത പവർ എക്സ്ചേഞ്ച് വഴി അതത് സമയങ്ങളിൽ വാങ്ങുകയാണ് ചെയ്യുന്നത്. പവർ മാർക്കറ്റിലെ ക്ലിയറിങ്ങ് വളരെ അസ്ഥിരമായതിനാൽ സ്വാപ്പ് സംവിധാനത്തിലൂടെ കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വേനൽക്കാലത്തേക്ക് തരപ്പെടുത്തുന്നു. തന്മൂലം ശരാശരി പവർ പർച്ചേസ് തുക നന്നായി കുറയ്ക്കാൻ സാധിക്കുന്നു. 2024 വേനൽക്കാലത്തുള്ള അധിക വൈദ്യുതി ആവശ്യകത നേരിടുന്നതിന്റെ ഭാഗമായി ബി.എസ്.ഇ.എസ്. യമുന പവർ ലിമിറ്റഡ്, പഞ്ചാബ് സ്റ്റേറ്റ് പവർ കോർപ്പറേഷൻ ലിമിറ്റഡ്, ഉത്തർപ്രദേശ് പവർ കോർപ്പറേഷൻ ലിമിറ്റഡ് എന്നിവയുമായി സ്വാപ്പ് സംവിധാനത്തിലൂടെ കരാറിൽ ഏർപ്പെട്ടത് മുഖേന ലോഡ് ഷെഡിങ്ങ് നടപ്പിലാക്കാതെതന്നെ ഉയർന്ന വൈദ്യുത ആവശ്യകത നിറവേറ്റാൻ കഴിഞ്ഞു. ഇപ്രകാരം 2024 വേനൽകാലത്തുള്ള അധിക വൈദ്യുതി ആവശ്യകത നേരിടുന്നതിന്റെ ഭാഗമായി 844.649 Mu വൈദ്യുതി വിവിധ

സ്വാപ്പ് കരാറുകൾവഴി ലഭ്യമാക്കാൻ കഴിഞ്ഞു. ഇത് മുൻവർഷങ്ങളെ അപേക്ഷിച്ച് 7 മടങ്ങ് അധികമാണ്. ഇങ്ങനെ ലഭ്യമാക്കിയ അധിക വൈദ്യുതി 2024 ജൂലൈ മുതൽ സെപ്റ്റംബർ മാസത്തോടുകൂടി കൊടുത്തുതീർക്കുകയുണ്ടായി. പഞ്ചാബ് സ്റ്റേറ്റ് പവർ കോർപ്പറേഷൻ ലിമിറ്റഡുമായി മുൻകൂർ സ്വാപ്പ് സംവിധാനത്തിലൂടെ കരാറിൽ ഏർപ്പെട്ടത് മുഖേന വേനൽ മഴ ശക്തമായിരുന്ന 2024 മേയ് മാസത്തിലും കാലവർഷം ശക്തമായിരുന്ന ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലും ഉൽപാദിപ്പിച്ച അധിക വൈദ്യുതി പഞ്ചാബ് സ്റ്റേറ്റ് പവർ കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂറായി നൽകി, 2025 വേനൽ കാലത്തെ വൈദ്യുതി ആവശ്യകത നേരിടുന്നതിനായി പഞ്ചാബ് സ്റ്റേറ്റ് പവർ കോർപ്പറേഷൻ ലിമിറ്റഡിൽനിന്ന് കെ.എസ്.ഇ.ബി.എൽ-ലേക്ക് തിരികെ ലഭ്യമാക്കുന്ന രീതിയിലുമാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഡാമുകളിൽ സംഭരിക്കുന്ന ജലം കൃത്യമായ ആസൂത്രണത്തിലൂടെ വൈദ്യുത ഉൽപാദനത്തിന് പ്രയോജനപ്പെടുത്തുന്നു. പ്രധാനപ്പെട്ട ഡാമുകളിലേക്കുള്ള നീരൊഴുക്ക് മാസാടിസ്ഥാനത്തിൽ മുൻ വർഷങ്ങളിലെ തോത് കണക്കിലെടുത്ത് മുൻകൂട്ടി പ്രതീക്ഷിക്കുന്നു. ഒരു

വർഷത്തെ ആവശ്യകതയും ലഭ്യതയും കണക്കാക്കുകയും ജലവൈദ്യുത സ്രോതസ്സുകളിൽനിന്നുള്ള ഉൽപാദനം ഫലപ്രദമായി നടപ്പാക്കുകയും ചെയ്തുവരുന്നുണ്ട്. ദിവസാടിസ്ഥാനത്തിൽ എല്ലാ പ്രധാനപ്പെട്ട ഡാമുകളുടേയും സംഭരണം നിരീക്ഷിക്കുകയും റൂൾലെവൽ ലിമിറ്റ് വിട്ടുപോകാതെ നോക്കി കൃത്യമായ ആസൂത്രണത്തിലൂടെ ജലത്തിന്റെ സ്പിൽ ഒഴിവാക്കുകയും ചെയ്യുന്നു.

(സി) സ്വാപ്പ് പദ്ധതിയിലൂടെ സ്വീകരിക്കുന്ന വൈദ്യുതി കൃത്യസമയത്ത് മടക്കി നൽകാൻ കഴിയുന്നുണ്ടോ; ഇപ്രകാരം നൽകാതിരിക്കുന്നതിന് പിഴ നൽകേണ്ടി വന്നിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കൈമാറ്റ (swapping) കരാറുകൾവഴി സ്വീകരിക്കുന്ന വൈദ്യുതി കരാർ പ്രകാരം കൃത്യസമയത്തുതന്നെ തിരികെ നൽകിവരുന്നുണ്ട്. സ്വാപ്പ് പദ്ധതിയിലൂടെ സ്വീകരിക്കുന്ന വൈദ്യുതി കൃത്യസമയത്ത് മടക്കി നൽകാൻ കഴിയാറുണ്ട്. അതിനാൽതന്നെ ഇപ്രകാരം നൽകാതിരിക്കുന്നതിന് പിഴ നൽകേണ്ടി വന്നിട്ടില്ല. 2024 വേനൽക്കാലത്തുള്ള അധിക വൈദ്യുതി ആവശ്യകത നേരിടുന്നതിന്റെ ഭാഗമായി ബി.എസ്.ഇ.എസ്. യമുന പവർ ലിമിറ്റഡ്, പഞ്ചാബ് സ്റ്റേറ്റ് പവർ കോർപ്പറേഷൻ ലിമിറ്റഡ്, ഉത്തർപ്രദേശ്

പവർ കോർപ്പറേഷൻ ലിമിറ്റഡ് എന്നിവയുമായി സ്വാപ്പ് സംവിധാനത്തിലൂടെ കരാറിൽ ഏർപ്പെട്ടത് മുഖേന ലഭിച്ച വൈദ്യുതി 2024 ജൂൺ മുതൽ സെപ്റ്റംബർ മാസം വരെയുള്ള കാലയളവിൽ തിരികെ നൽകുകയുണ്ടായി.

കെ.എസ്.ഇ.ബി.എൽ.-ന്റെ ഡാമുകളുമായി ബന്ധപ്പെടുത്തി വിനോദസഞ്ചാരികളെ ആകർഷിക്കാൻ നടപടികൾ

193(2548) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.എൽ.-ന്റെ ഡാമുകളുമായി ബന്ധപ്പെടുത്തി വിനോദസഞ്ചാരികളെ ആകർഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പരിപാടികളാണ് നടത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിന് കീഴിലുള്ള അണക്കെട്ടുകളിൽ ടൂറിസം പദ്ധതികൾ നടപ്പാക്കുന്ന സ്ഥാപനമാണ് കേരള ഹൈഡൽ ടൂറിസം സെന്റർ. ടൂറിസം വികസനത്തിന്റെ ഭാഗമായി താഴെപ്പറയുന്ന വികസന പ്രവർത്തനങ്ങൾ സെന്ററുകളിൽ നടപ്പാക്കിയിട്ടുണ്ട്.

•മൂന്നാർ ഹൈഡൽ പാർക്കിൽ ഇല്യൂമിനേഷൻ ലൈറ്റുകൾ സ്ഥാപിച്ചു.

•മൂന്നാർ ഹൈഡൽ പാർക്കിൽ ഗാർഡൻ ആർച്ച് ഗാർഡൻ സ്റ്റാന്റുകൾ സ്ഥാപിക്കുകയും പൂന്തോട്ടങ്ങൾ മനോഹരമാക്കുകയും ചെയ്തു.

•കുട്ടികളുടെ പാർക്കുകൾ കൂടുതൽ കളി ഉപകരണങ്ങൾ കൊണ്ട് വിപുലമാക്കി.

•ബോട്ടിങ് സെന്ററുകളിലേയ്ക്ക് കൂടുതൽ സ്പീഡ് ബോട്ടുകളും പെഡൽ ബോട്ടുകളും വാങ്ങി.

•ഇടുക്കി യൂണിറ്റിലേയ്ക്ക് പുതിയ 8 ബഗ്ഗി കാറുകൾ വാങ്ങി.

•സെന്ററുകളിലെ പൊളിഞ്ഞ റോഡുകളും പാർക്കിങ് ഏരിയയും വൃത്തിയാക്കുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തു.

•അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായുള്ള കൂടുതൽ ജോലികൾക്ക് നിലവിൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

ഗ്രീൻ ഹൈഡ്രജൻ ഉൽപാദനം

194(2549) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ഹൈഡ്രജൻ ഉൽപാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അനെർട്ട് സമർപ്പിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ?

ഗ്രീൻ ഹൈഡ്രജൻ ഉൽപാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അനെർട്ട് നടപ്പാക്കുന്ന സംസ്ഥാന പദ്ധതിയാണ് 'ഗ്രീൻ ഹൈഡ്രജൻ ഹബ്ബ്'. ഈ വർഷം 80 ലക്ഷം രൂപ ഈ പദ്ധതിക്ക് പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ഹൈഡ്രജൻ വാലി പദ്ധതിക്ക് വിശദമായ പദ്ധതിരേഖ തയ്യാറാക്കി സമർപ്പിക്കാൻ കേരളം താൽപര്യം അറിയിക്കുകയും കേരളം ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുകയും ചെയ്തിരുന്നു. തുടർന്ന് കേരളം തയ്യാറാക്കി സമർപ്പിച്ച വിശദമായ പദ്ധതിരേഖ നാല് സംസ്ഥാനങ്ങളടങ്ങുന്ന അന്തിമ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. അന്തിമ അനുമതിക്കായി കാത്തിരിക്കുന്നു. കൊച്ചി, തിരുവനന്തപുരം, ആലപ്പുഴ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് പൈലറ്റ് പ്രോജക്ടുകളാണ് ഈ പദ്ധതിയിൽ ആദ്യഘട്ടത്തിൽ നടപ്പാക്കുക. ഫണ്ട് ലഭിക്കാൻ ഇതിനായി സെക്ഷൻ 8 പ്രകാരമുള്ള (ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന) ഒരു കമ്പനി രജിസ്റ്റർ ചെയ്യണമെന്ന് അറിയിച്ചിട്ടുണ്ട്. കമ്പനി രജിസ്റ്റർ ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു. എൻ.ഐ.ഐ.എസ്.ടി., സി-ഡാക്, ടെറി തുടങ്ങിയ ഗവേഷണ

സ്ഥാപനങ്ങൾ; ഐ.ഐ.റ്റി. പാലക്കാട്, ഐസർ തിരുവനന്തപുരം എന്നിങ്ങനെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ; ആക്സിയോമെക്സ്, ഗ്രീൻസ്റ്റാറ്റ് തുടങ്ങിയ സ്വകാര്യ സ്ഥാപനങ്ങൾ; ടി.സി.സി., കൊച്ചിൻ ഷിപ്യാഡ്, കൊച്ചി മെട്രോ, കെ.എസ്.ആർ.ടി.സി., ജലഗതാഗത വകുപ്പ് എന്നിങ്ങനെ പൊതുമേഖലാ സ്ഥാപനങ്ങൾ പൈലറ്റ് ഘട്ടത്തിലും ബി.പി.സി.എൽ., എഫ്.എ.സി.റ്റി., കൊച്ചിൻ പോർട്ട് അതോറിറ്റി, വിഴിഞ്ഞം പോർട്ട് തുടങ്ങിയവർ 'സ്കെയിലിങ്-അപ്' ഘട്ടത്തിലും പദ്ധതിയിൽ പങ്കാളികളാകും. ഏകദേശം 133 കോടി രൂപയാണ് പൈലറ്റ് ഘട്ടത്തിൽ ചെലവ് കണക്കാക്കിയിട്ടുള്ളത്. 53 കോടി രൂപ ഡി.എസ്.ടി.-യിൽനിന്ന് പ്രതീക്ഷിക്കുന്നു. അനെർട്ട് കേന്ദ്രസർക്കാർ സ്ഥാപനമായ ARAI-ക്ക് (കേന്ദ്ര റോഡ് ഗതാഗത ദേശീയപാത മന്ത്രാലയത്തിന് കീഴിലുള്ളത്) സമർപ്പിച്ച ഹരിത ഹൈഡ്രജൻ ട്രക്കുകൾ ഓടിക്കാനുള്ള പദ്ധതി നിർദേശത്തിന് (57 കോടി രൂപ മതിപ്പ് ചെലവ്) അനുമതി ലഭിച്ചിട്ടുണ്ട്. ബി.പി.സി.എൽ., കെ.എസ്.ആർ.ടി.സി., അശോക് ലെലാൻഡ്, ഗ്രീൻസ്റ്റാറ്റ് തുടങ്ങിയവർ ഇതിൽ പങ്കാളികളാണ്. അനെർട്ട്

യുണിഡോയ്ക്ക് (ഐക്യരാഷ്ട്ര സഭയുടെ യുണൈറ്റഡ് നേഷൻസ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഓർഗനൈസേഷൻ) സമർപ്പിച്ച ജൈവമാത്രയിൽ (biomass-water hyacinth, ആഫ്രിക്കൻ പായൽ) നിന്ന് ഹൈഡ്രജൻ ഉൽപാദിപ്പിക്കാനുള്ള പദ്ധതി നിർദേശം (41 കോടി രൂപ മതിപ്പ് ചെലവ്) ആദ്യഘട്ട പരിശോധനകൾ തരണം ചെയ്തിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്.

(ബി) വാണിജ്യാടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള സാധ്യതകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

വാണിജ്യാടിസ്ഥാനത്തിൽ ഹരിത ഹൈഡ്രജൻ പദ്ധതികൾ ഉടൻ നടപ്പാക്കാൻ സാധിക്കുമെന്ന് കരുതുന്നില്ല. ഹൈഡ്രജൻ വാലി പദ്ധതി അഞ്ച് വർഷത്തിനുശേഷം അതിന്റെ ശേഷി വർധിപ്പിച്ചുകൊണ്ട് വാണിജ്യാടിസ്ഥാനത്തിലേക്ക് മാറ്റാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചി ഹൈഡ്രജൻ ഹബ്ബ് എന്ന വാണിജ്യാടിസ്ഥാനത്തിലുള്ള ഒരു ബൃഹത് പദ്ധതിക്കായി കേരള സർക്കാരും ജർമ്മൻ വികസന ഏജൻസിയും (GIZ) ചേർന്ന് പഠിച്ച് ഒരു റോഡ്മാപ്പ് തയ്യാറാക്കിയിട്ടുണ്ട്. വൻകിട ഹൈഡ്രജൻ

ഉപഭോക്താക്കളായ റിഫൈനറി, വളം നിർമ്മാണം തുടങ്ങിയ വ്യവസായങ്ങളെയും കയറ്റുമതിയെയും ലക്ഷ്യമിട്ടാണ് ഇത്. ഈ വ്യവസായങ്ങൾ ഇപ്പോൾ ഉപയോഗിക്കുന്ന ഗ്രേ ഹൈഡ്രജന്റെ അളവ് ഘട്ടംഘട്ടമായി കുറച്ച് ഹരിത ഹൈഡ്രജനിലേക്ക് മാറുകയാണ് ഇതിൽ ഒരു പ്രധാന ലക്ഷ്യം. ഇത് ഒരു ദീർഘകാല പദ്ധതിയാണ്. കൂടാതെ, വാണിജ്യാടിസ്ഥാനത്തിൽ ഹരിത ഹൈഡ്രജൻ/അമോണിയ ഉൽപാദിപ്പിക്കുന്ന അഞ്ചോളം വൻകിട പദ്ധതികൾക്കുള്ള നിർദേശങ്ങൾ വിവിധ സ്വകാര്യ സംരംഭകരിൽനിന്ന് ലഭിച്ചിട്ടുണ്ട്. ഹരിത ഹൈഡ്രജൻ സംബന്ധിച്ച നയം പ്രഖ്യാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ കരട് തയ്യാറായിട്ടുണ്ട്. നയത്തിന്റെകൂടി അടിസ്ഥാനത്തിലാകും ഈ പദ്ധതികൾ സംബന്ധിച്ച് തീരുമാനമെടുക്കുക.

സഹകരണ വകുപ്പിലെ ഒഴിവുകൾ

195(2550) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫറിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഓൺലൈൻ ട്രാൻസ്ഫർ നടപ്പാക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ നിലവിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) സഹകരണ വകുപ്പിൽ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം ഓൺലൈൻ സമ്പ്രദായം മുഖേന നടപ്പാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 04-06-2023-ലെ സ.ഉ.(കൈ)നം.8/2023/സഹ. നമ്പർ ഉത്തരവുപ്രകാരം അംഗീകരിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ സ്ഥലംമാറ്റം നടപ്പാക്കുന്നതിനായി സ്പാർക്ക് മുഖേന ജീവനക്കാരിൽനിന്ന് അപേക്ഷ ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ വിഷയത്തിലുണ്ടായ വിവിധ നിയമ വിഷയങ്ങൾ പരിഗണിച്ച് സഹകരണ സംഘം രജിസ്ട്രാർ ജീവനക്കാരുടെ ഓൺലൈൻ കരട് സ്ഥലംമാറ്റ ഉത്തരവ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ഥലംമാറ്റ പട്ടിക സംബന്ധിച്ച് ജീവനക്കാരുടെ ആക്ഷേപങ്ങൾ ക്ഷണിച്ചിരുന്നു. ലഭ്യമായ ആക്ഷേപങ്ങൾ പരിശോധിച്ച്

തീർപ്പാക്കുന്നതിനായി ഇന്റേണൽ കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി ആക്ഷേപങ്ങൾ പരിശോധിച്ച് തുടർനടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്ന സഹകരണ വകുപ്പിലെ തസ്തികകളിലേക്ക് ഒഴിവുകൾക്കനുസരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ കഴിഞ്ഞ തവണത്തെ (2013) റാങ്ക് ലിസ്റ്റിൽനിന്നും എത്ര നിയമനം നടന്നിട്ടുണ്ടെന്ന് വിശദമാക്കുമോ?

ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ കഴിഞ്ഞ തവണത്തെ (2013) റാങ്ക് ലിസ്റ്റിൽനിന്നും 915 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ഡി) ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും എത്ര നിയമനം നടന്നിട്ടുണ്ടെന്ന് വിശദമാക്കുമോ?

ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും നേരിട്ടുള്ള നിയമനം മുഖേന 391 നിയമനങ്ങളും

വി.ഇ.ഒ. തസ്തികയിൽനിന്നും ബൈട്രാൻസ്ഫർ മുഖേന 197 നിയമനങ്ങളും ഉൾപ്പെടെ 24-08-2024 വരെ 588 നിയമനങ്ങൾ നടന്നിട്ടുണ്ട്.

സഹകരണ പെൻഷൻ ബോർഡ്

196(2551) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പെൻഷൻ ബോർഡിന്റെ നിക്ഷേപം കേരള ബാങ്കിൽനിന്നും ട്രഷറിയിലേക്ക് മാറ്റാൻ ആലോചിക്കുകയുണ്ടായോ; ഇപ്രകാരം നിക്ഷേപം മാറ്റുമ്പോൾ കേരള ബാങ്കിനും പെൻഷൻ ബോർഡിനും എത്ര രൂപയുടെ നഷ്ടം ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്?

കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിന്റെ നിക്ഷേപം കേരള സംസ്ഥാന സഹകരണ ബാങ്കിൽനിന്നും ട്രഷറിയിലേക്ക് മാറ്റുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

(ബി) അഡ്മിനിസ്ട്രേഷൻ ചാർജിനത്തിൽ കേരള ബാങ്കിൽനിന്നും പെൻഷൻ ബോർഡിലേക്ക് നിലവിൽ എത്ര കോടി രൂപയാണ് അടയ്ക്കാനുള്ളത്; ഈ തുക എന്നത്തേക്ക് അടയ്ക്കാനാകുമെന്നാണ് കരുതുന്നത്;

സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് ഭരണസമിതിയിൽ പെൻഷൻകാരുടെ പ്രതിനിധിയെ ഉൾപ്പെടുത്തുകയും പ്രതിപക്ഷ ട്രേഡ് യൂണിയനുകളിലെ പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ പ്രതിനിധിയെ ഉൾപ്പെടുത്താതിരിക്കുകയും ചെയ്യാനിടയായ സാഹചര്യമെന്താണെന്ന് വിശദമാക്കുമോ?

അഡ്മിനിസ്ട്രേഷൻ ചാർജിനത്തിൽ കേരള സംസ്ഥാന സഹകരണ ബാങ്കിൽനിന്നും പെൻഷൻ ബോർഡിലേക്ക് ലഭിക്കാനുള്ള തുക 22-06-2024-ലെ സ.ഉ.(സാധാ)നം.305/2024/സഹ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് പെൻഷൻ ബോർഡിലേക്ക് അടവാക്കാനുള്ള അഡ്മിനിസ്ട്രേറ്റീവ് ചാർജ് കുടിശ്ശിക അടവാക്കുന്നതിൽ തുടർനടപടികൾ സ്വീകരിക്കാൻ കേരള സംസ്ഥാന സഹകരണ ബാങ്ക് സി.ഇ.ഒ.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് ഭരണ സമിതിയിലേക്കുള്ള അംഗങ്ങളുടെ എണ്ണം പുനഃനിശ്ചയിച്ചുകൊണ്ടുള്ള പുതുക്കിയ ഉത്തരവ് പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങളിലെ

ജീവനക്കാരുടെ പ്രതിനിധികളായി മൂന്ന് പേരെയാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ വിവിധ സംഘടനാ പ്രാതിനിധ്യം പ്രത്യേകം നിഷ്കർഷിച്ചിട്ടില്ല.

(സി) സഹകരണ പെൻഷൻ ബോർഡ് ഓഫീസിൽ കമ്പ്യൂട്ടർവൽക്കരണം ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കുന്നത്; ഇതോടെ പെൻഷൻ ബോർഡ് ഓഫീസിലെ മുഴുവൻ ഫയൽ ജോലികളും കമ്പ്യൂട്ടർവൽക്കരിക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; കമ്പ്യൂട്ടർവൽക്കരണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദവിവരം നൽകുമോ?

സഹകരണ പെൻഷൻ ബോർഡിലെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കീഴിൽ പ്രവർത്തിക്കുന്ന UL-Technology Solutions (ULTS)-നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പെൻഷൻ ബോർഡിൽ സഹകരണ സംഘം ജീവനക്കാർക്കുള്ള അഡ്മിഷൻ മുതൽ പെൻഷൻ വിതരണം, പെൻഷൻ ഫണ്ട് റെമിറ്റൻസ്, ലൈഫ് സർട്ടിഫിക്കറ്റ് സബ്മിഷൻ

ഉൾപ്പെടെ സമ്പൂർണ്ണ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിക്കാൻ കഴിയുന്ന രീതിയിലാണ് സോഫ്റ്റ്വെയർ വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ എസ്റ്റാബ്ലിഷ്മെന്റ്, അക്കൗണ്ട്സ് ഉൾപ്പെടെയുള്ള പെൻഷൻ ബോർഡിലെ മറ്റ് ദൈനംദിന പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നുണ്ട്. നിലവിൽ 31-01-2025-ഓടുകൂടി ടി പ്രവർത്തനത്തിനാവശ്യമായ സോഫ്റ്റ്വെയർ ഡെവലപ്മെന്റ് ആൻഡ് ടെസ്റ്റിങ് പൂർത്തിയാക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്.

സഹകരണ ബാങ്കുകളിൽനിന്ന് വിരമിച്ച ജീവനക്കാരുടെ പെൻഷൻ

197(2552) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽനിന്ന് വിരമിച്ച ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ-സി) സഹകരണ പെൻഷൻ പദ്ധതി പുനഃക്രമീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധനയിലാണ്.

സഹകരണ ഓഡിറ്റ് ശക്തിപ്പെടുത്താൻ നടപടി

198(2553) ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് സംവിധാനം കാര്യക്ഷമമല്ലാത്തതുമൂലം സ്ഥാപനങ്ങളുടെ നടത്തിപ്പിൽ വീഴ്ചകളും അപാകതകളുമുള്ളതായി നിരന്തരം റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സഹകരണ മേഖലയുടെ വിശ്വാസ്യതയെത്തന്നെ പ്രതികൂലമായി ബാധിക്കുന്ന ഈ സാഹചര്യം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ;

(സി) സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ?

(എ-സി) സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേക്കായി സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് സർക്കാർ അംഗീകാരം നൽകുകയും എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് സംവിധാനം നടപ്പാക്കിവരികയും ചെയ്യുന്നു. ഓഡിറ്റ് സംവിധാനം ഫലപ്രദമാക്കുന്നതിനായി വകുപ്പിലെ എല്ലാ ഓഡിറ്റർമാർക്കും സംഘത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനങ്ങളും ഇടപാടുകളും മനസ്സിലാക്കുന്നതിനായി പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതിനുപുറമേ ജില്ലാതലത്തിൽ ഓഡിറ്റുമായി ബന്ധപ്പെട്ട് മാസ്റ്റേഴ്സ് ട്രെയിനർമാരെ

നിയോഗിക്കുന്നതിലേക്കായി ഓരോ ജില്ലയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് Accounting Standards, Audit in IT environment, Inventory Accounting, Special Report drafting and processing, Audit Planning and Procedures, Analysis of Financial Statement and Stock Verification, Auditing Standards എന്നീ വിഷയങ്ങളെ സംബന്ധിച്ച് വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം സഹകരണ നിയമ ഭേദഗതിപ്രകാരം സഹകരണ മേഖലയിലെ അക്കൗണ്ടിങ് Generally Accepted Accounting Principles-ലേക്ക് മാറുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്ക് ഒരു മോഡൽ അക്കൗണ്ടിങ് മാന്വൽ തയ്യാറാക്കുന്നതിനും ആയതിനുശേഷം ഓഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നതിനും അനുമതി നൽകി ഉത്തരവായിട്ടുണ്ട്. വസ്തു ഈടുകളുടെ സാമ്പിൾ തിരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്താൻ ഓഡിറ്റർമാർക്ക് നിർദേശം കൊടുത്തിട്ടുണ്ട്. ഓഡിറ്റ് MATRIX ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിങ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധചെലുത്താനുമുള്ള പരിശീലനം ഓഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ

കൊടുത്തു. ഓഡിറ്റ് MATRIX-ൽ ഓഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെട്ടിരിക്കും. ഓഡിറ്റ് MATRIX ഓഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിക്ക് സമർപ്പിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. Entry Meet, Exit meet, Draft Audit Memo, Audit para System, compliance register, para dropping എന്നിവ സഹകരണ ഓഡിറ്റ് ഡയറക്ടറുടെ സർക്കുലർ നമ്പർ 01/2023, 02/2023, 05/2023 എന്നീ സർക്കുലർ നിർദേശപ്രകാരം നടപ്പാക്കിയിട്ടുണ്ട്.

(ഡി) ഓഡിറ്റിങ്ങിൽ കണ്ടുപിടിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഓഡിറ്റിൽ കണ്ടെത്തുന്ന ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കൃത്യവിലോപം വരുത്തുന്ന സഹകരണ സംഘം ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കുമെതിരെ സഹകരണ നിയമത്തിലേയും ചട്ടത്തിലേയും വ്യവസ്ഥകൾപ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

ജൂനിയർ ഇൻസ്പെക്ടർ, ഓഡിറ്റർ തസ്തിക, മറ്റ് ഉയർന്ന തസ്തികകളിലെ ഒഴിവുകൾ

199(2554) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ കീഴിൽ ജൂനിയർ ഇൻസ്പെക്ടർ, ഓഡിറ്റർ തസ്തിക മുതൽ മുകളിലേക്കുള്ള തസ്തികകളിൽ എത്ര ഒഴിവുകൾ വീതമുണ്ടെന്ന് തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

സഹകരണ വകുപ്പിൽ ജൂനിയർ സഹകരണ ഇൻസ്പെക്ടർ /ഓഡിറ്റർ തസ്തിക മുതൽ മുകളിലേക്കുള്ള തസ്തികകളിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു.

തസ്തിക	ഒഴിവ്
ജൂനിയർ സഹകരണ ഇൻസ്പെക്ടർ/ഓഡിറ്റർ	21
സീനിയർ സഹകരണ ഇൻസ്പെക്ടർ/ഓഡിറ്റർ	18
സ്പെഷ്യൽ ഗ്രേഡ് സഹകരണ ഇൻസ്പെക്ടർ/ഓഡിറ്റർ	15
സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ/സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ	3
സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ/സഹകരണ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ	0

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ/സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ	0
സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ/സഹകരണ ഓഡിറ്റ് അഡീഷണൽ ഡയറക്ടർ	1

(ബി) ഒഴിവുകളുണ്ടെങ്കിൽ നിലവിലെ റാങ്ക് ലിസ്റ്റിൽനിന്ന് നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിലുണ്ടാകുന്ന ഒഴിവുകളിലേക്ക് ടി തസ്തികയിലെ നിലവിലെ റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സഹകരണ വകുപ്പിൽ ആറുമാസത്തിൽ അധികരിച്ച പ്രസവാവധി ഒഴികെയുള്ള അവധിയിൽ പ്രവേശിച്ച എത്ര പേരുണ്ടെന്ന് വിശദമാക്കുമോ?

സഹകരണ വകുപ്പിൽ ആറുമാസത്തിൽ അധികരിച്ച പ്രസവാവധി ഒഴികെ 4 ഇൻസ്പെക്ടർമാർ/ഓഡിറ്റർമാർ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ട്.

(ഡി) ആറുമാസത്തിൽ അധികരിച്ച് ഡെപ്യൂട്ടേഷനിൽ പോയവർ എത്രപേരുണ്ടെന്ന് വിശദമാക്കുമോ?

സഹകരണ വകുപ്പിൽനിന്നും 6 മാസത്തിൽ അധികരിച്ച് മറ്റ് ഡിപ്പാർട്ട്മെന്റുകളിലേക്ക് ഡെപ്യൂട്ടേഷനിൽ പോയവർ ആരുംതന്നെ ഇല്ല.

(ഇ) മേൽപ്പറഞ്ഞവയിൽ എത്ര ഒഴിവുകളുണ്ടെന്ന് പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

ജൂനിയർ സഹകരണ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിലെ 19 ഒഴിവുകൾ 19-09-2024-ൽ പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എഫ്) ടീം ഓഡിറ്റുമായി ബന്ധപ്പെട്ട എത്ര ഒഴിവുകളാണ് നിലവിൽ ടീമുകളിൽ ഉള്ളതെന്ന് തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ടാണ് ഇപ്പോൾ ടീം ഓഡിറ്റ് സംവിധാനം നടപ്പാക്കിവരുന്നത്.

യുവ സഹകരണ സംഘങ്ങൾ

200(2555) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ തൊഴിൽ നൽകുകയും സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്യുന്ന നിർമ്മാണ, സേവന

മേഖലകളിലേക്കുകൂടി സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുകയെന്ന ലക്ഷ്യത്തോടെ യുവ സഹകരണ സംഘങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സഹകരണ മേഖലയിലേക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവ സംരംഭകർക്കും സേവന ദാതാക്കൾക്കുമായി സംസ്ഥാനത്ത് യുവാക്കളുടെ സഹകരണ സംഘങ്ങൾ ആരംഭിക്കുമെന്ന സർക്കാരിന്റെ നയപ്രഖ്യാപനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 32 യുവ സഹകരണ സംഘങ്ങളും 14 പട്ടികജാതി/പട്ടികവർഗ സഹകരണ സംഘങ്ങളും 3 യുവ വനിതാ സഹകരണ സംഘങ്ങളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കൂടുതൽ തൊഴിൽ നൽകുകയും സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്യുന്ന നിർമ്മാണ സേവന മേഖലകളിലും യുവ സഹകരണ സംഘങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) യുവ സഹകരണ സംഘങ്ങളുടെ മാതൃകയിൽ യുവതികൾക്കായി യുവ വനിതാ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കോട്ടയം ജില്ലയിൽ കുമരകം ആസ്ഥാനമാക്കി കോട്ടയം താലൂക്ക് വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ കെ 1244, തൃശ്ശൂർ ജില്ലയിൽ കൊരട്ടി ആസ്ഥാനമാക്കി കൊരട്ടി യുവ വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 1566, കണ്ണൂർ ജില്ലയിൽ കണ്ണൂർ ജില്ലാ യുവ വനിതാ മൾട്ടി പർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി 2162 എന്നിങ്ങനെ 3 യുവ വനിത സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ആതുരസേവനമേഖലയിൽ സഹകരണ പ്രസ്ഥാനങ്ങളുടെ സംഭാവന

201(2556) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

ശ്രീ. പി. ടി. എ. റഹീം:

ശ്രീ. കെ. ഡി. പ്രസേനൻ:

ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ-ആതുരസേവന മേഖലകളിൽ സഹകരണ പ്രസ്ഥാനങ്ങളുടെ സംഭാവന വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിലയിരുത്തിയിട്ടുണ്ട്. ആരോഗ്യരംഗത്ത് സഹകരണ മേഖല ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികൾ ആരോഗ്യ മേഖലയെ ചൂഷണം ചെയ്യുന്ന സാഹചര്യത്തിലാണ് കുറഞ്ഞ ഫീസ് ഈടാക്കിക്കൊണ്ട് മിതമായ നിരക്കിൽ മരുന്നുകളും ആരോഗ്യ പരിരക്ഷയും നൽകുന്നതിന് ജനപങ്കാളിത്തത്തോടെ സഹകരണ ആശുപത്രികൾ രൂപീകരിച്ചിട്ടുള്ളത്. നിലവിൽ ചെറുതും വലുതുമായ 73 സഹകരണ ആശുപത്രികൾ കേരളത്തിലുടനീളം പ്രവർത്തിക്കുന്നുണ്ട്. ആതുര ശുശ്രൂഷാരംഗത്ത് മാത്രമല്ല മെഡിക്കൽ ലാബുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെല്ലാം സഹകരണ മേഖലയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ട്. കൂടാതെ സഹകരണ ആശുപത്രികളുടെ കീഴിൽ നഴ്സിംഗ് കോളേജും പാരാമെഡിക്കൽ കോഴ്സും നടത്തിവരുന്നുണ്ട്. ആശുപത്രി സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായ കേരള സഹകരണ ആശുപത്രി ഫെഡറേഷന്റെ നേതൃത്വത്തിൽ ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. സഹകരണ ആശുപത്രികൾ വഴി

പാലിയേറ്റീവ് കെയർ പദ്ധതി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിലേക്കായി സഹകരണ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്.

(ബി) സാമൂഹ്യനീതിയിലും തുല്യതയിലും അധിഷ്ഠിതമായ ചെലവ് കുറഞ്ഞ ആരോഗ്യ സംവിധാനങ്ങൾ പൊതുമേഖലയിലെന്നപോലെ സഹകരണ മേഖലയിലും സ്ഥാപിക്കുന്നതിന് സാധ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

സാധ്യമായിട്ടുണ്ട്. ആതുര സേവനരംഗത്ത് സ്വകാര്യ ആശുപത്രികളെ അപേക്ഷിച്ച് കുറഞ്ഞ ഫീസ് ഈടാക്കിക്കൊണ്ട് മിതമായ നിരക്കിൽ മരുന്നുകളും ആരോഗ്യ പരിരക്ഷയും നൽകുന്നു. ആതുര ശുശ്രൂഷരംഗത്ത് മാത്രമല്ല നീതി മെഡിക്കൽ സ്റ്റോറുകൾ, ആംബുലൻസ് സർവീസുകൾ, നീതി ലാബുകൾ, ആധുനിക സ്കാനിങ് സെന്ററുകൾ, ഇ.സി.ജി. തുടങ്ങി വ്യത്യസ്തമായ സേവനങ്ങൾ നൽകിവരുന്നു.

(സി) സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി സംബന്ധിച്ച് വിശദമാക്കുമോ?

കേരള സർക്കാരിന്റെ രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി 'ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ' എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ സഹകരണ വകുപ്പ് പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. വാർധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവരും നിരാശ്രയരുമായവർക്ക് ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്. ആലപ്പുഴ, വയനാട് ജില്ലകളിൽ ഒഴികെ നിലവിൽ 23 ആശുപത്രി സഹകരണ സംഘങ്ങൾ പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ടി പദ്ധതിയുടെ ഗുണഭോക്താക്കൾ ആകുന്നതിനായി നിശ്ചിത തുക സംഘത്തിൽ ഒടുക്കി രജിസ്റ്റർ ചെയ്യുന്നവർക്ക്, ചികിത്സാ ആവശ്യം അറിയിക്കുന്ന മുറയ്ക്ക് രോഗിയെ ബന്ധപ്പെട്ട സഹകരണ ആശുപത്രിയിൽ എത്തിച്ച് ആവശ്യമായ ചികിത്സ നൽകി തിരികെ വീടുകളിലെത്തിക്കുന്നു. തുടർ ചികിത്സ ആവശ്യമുള്ളപക്ഷം നിശ്ചിത

ഇടവേളകളിൽ താമസസ്ഥലത്തെത്തി ആവശ്യമായ രോഗനിർണ്ണയ പരിശോധനകൾ നടത്തുകയും മരുന്നുകൾ, ആംബുലൻസ് സൗകര്യം എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നു.

(ഡി) ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ സഹകരണരംഗത്തുണ്ടായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. സ്വകാര്യ മേഖലയെ അപേക്ഷിച്ച് സർക്കാർ ഫീസ് മാത്രം ഈടാക്കി സഹകരണ ആശുപത്രികൾ, ഹോസ്പിറ്റൽ ഫെഡറേഷൻ എന്നിവയുടെ കീഴിൽ വിവിധ തരം കോഴ്സുകൾ നടത്തിവരുന്നുണ്ട്. പ്രധാനമായും പാരാമെഡിക്കൽ കോഴ്സുകളും ബി.എസ്.സി. നഴ്സിങ്, എം.എസ്.സി. നഴ്സിങ്, ഫിസിയോതെറാപ്പി, ബി.എസ്.സി. മെഡിക്കൽ മൈക്രോബയോളജി, മാസ്റ്റർ ഓഫ് ഫിസിയോതെറാപ്പി, മെഡിക്കൽ ലാബ് ടെക്നോളജി, മറ്റ് ഡിപ്ലോമ കോഴ്സുകൾ തുടങ്ങി വിവിധതരം കോഴ്സുകൾ നടത്തിവരുന്നുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായി ഹോസ്പിറ്റൽഫെഡിന് കീഴിലുള്ള കോളേജുകൾ മുഖേന കുറഞ്ഞ ചെലവിൽ ഫിസിയോതെറാപ്പി

ക്ലിനിക്കുകൾ, കാൻസർ ഡിറ്റക്ഷൻ ക്യാമ്പുകൾ, ഡയബറ്റിക് ക്യാമ്പുകൾ, രക്തദാന ക്യാമ്പുകൾ എന്നിവ നടത്തിവരുന്നു. കോവിഡാനന്തര രോഗങ്ങൾ കണ്ടെത്തുന്നതിലേക്കായി ഹോസ്പിറ്റൽഫെഡിന്റെ കീഴിൽ സർവേ നടത്തി രോഗനിർണ്ണയം നടത്തിവരുന്നു. മേൽപറഞ്ഞ തരത്തിൽ ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ സഹകരണരംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

സഹകരണ വകുപ്പിലെ ഒഴിവുകൾ

202(2557) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ കീഴിൽ ജൂനിയർ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തിക മുതൽ മുകളിലേക്കുള്ള തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് തസ്തിക തിരിച്ച് വിവരം ലഭ്യമാക്കുമോ; പ്രസ്തുത ഒഴിവുകൾ നിലവിലെ റാങ്ക് ലിസ്റ്റിൽനിന്ന് നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

തസ്തിക	ഒഴിവ്
ജൂനിയർ സഹകരണ ഇൻസ്പെക്ടർ/ഓഡിറ്റർ	21
സീനിയർ സഹകരണ ഇൻസ്പെക്ടർ/ഓഡിറ്റർ	18
സ്പെഷ്യൽ ഗ്രേഡ് സഹകരണ ഇൻസ്പെക്ടർ/ഓഡിറ്റർ	15
സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ/സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ	3
സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ/സഹകരണ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ	0
സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ/സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ	0
സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ/സഹകരണ ഓഡിറ്റ് അഡീഷണൽ ഡയറക്ടർ	1

ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് ടി തസ്തികയിലെ നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത തസ്തികകളിൽനിന്നും ആറുമാസത്തിൽ അധികരിച്ച കാലയളവിലേക്ക് പ്രസവാവധി ഒഴികെയുള്ള അവധിയിലും അന്യത്രസേവനത്തിലും പ്രവേശിച്ചവരുടെ വിശദാംശം ലഭ്യമാക്കുമോ; മേൽപറഞ്ഞവയിൽ എത്രയെണ്ണം ഒഴിവുകളായി പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നറിയിക്കുമോ?

സഹകരണ വകുപ്പിൽ ആറുമാസങ്ങളിൽ അധികരിച്ച പ്രസവാവധി ഒഴികെ 4 ഇൻസ്പെക്ടർമാർ/ഓഡിറ്റർമാർ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ട്. സഹകരണ വകുപ്പിൽനിന്നും 6 മാസങ്ങളിൽ അധികരിച്ച് മറ്റ് ഡിപ്പാർട്ട്മെന്റുകളിലേക്ക് ഡെപ്യൂട്ടേഷനിൽ പോയവർ ആരുംതന്നെ ഇല്ല. ടി ഒഴിവുകൾ പുതിയ ഒഴിവുകളിലുൾപ്പെടുത്തി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ടീം ഓഡിറ്റുമായി ബന്ധപ്പെട്ട എത്ര ഒഴിവുകളാണ് നിലവിൽ ഉള്ളതെന്ന് തസ്തിക തിരിച്ച് ലഭ്യമാക്കുമോ?

നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ടാണ് ഇപ്പോൾ ടീം ഓഡിറ്റ് സംവിധാനം നടപ്പാക്കിവരുന്നത്.

(ഡി) സഹകരണ വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫറിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഓൺലൈൻ ട്രാൻസ്ഫർ കാരണം ജില്ലകളിൽ ഉണ്ടാകുന്ന ഒഴിവുകൾ നിലവിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നികത്തുമോ?

സഹകരണ വകുപ്പിൽ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം ഓൺലൈൻ സമ്പ്രദായം മുഖേന നടപ്പാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 04-06-2023-ലെ സ.ഉ.(കൈ)നം.8/2023/സഹ. നമ്പർ ഉത്തരവുപ്രകാരം അംഗീകരിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ സ്ഥലംമാറ്റം നടപ്പാക്കുന്നതിനായി സ്പാർക്ക് മുഖേന ജീവനക്കാരിൽനിന്ന് അപേക്ഷ ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ വിഷയത്തിലുണ്ടായ വിവിധ നിയമ വിഷയങ്ങൾ പരിഹരിച്ച് സഹകരണ സംഘം രജിസ്ട്രാർ ജീവനക്കാരുടെ ഓൺലൈൻ കരട് സ്ഥലംമാറ്റ ഉത്തരവ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ഥലംമാറ്റ പട്ടിക സംബന്ധിച്ച് ജീവനക്കാരുടെ ആക്ഷേപങ്ങൾ ക്ഷണിച്ചിരുന്നു. ലഭ്യമായ ആക്ഷേപങ്ങൾ പരിശോധിച്ച് തീർപ്പാക്കുന്നതിനായി ഇന്റേണൽ കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി ആക്ഷേപങ്ങൾ പരിശോധിച്ച് തുടർ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്ന സഹകരണ വകുപ്പിലെ തസ്തികകളിലേക്ക് ഒഴിവുകൾക്കനുസരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് 2013-ൽ നിലവിൽവന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും എത്ര നിയമനം നടന്നിരുന്നുവെന്നും നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്ര നിയമനം നടന്നുവെന്നും വ്യക്തമാക്കുമോ?

സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലേക്ക് 2013-ൽ നിലവിൽവന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും 915 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും 24-08-2024 വരെ 391 നേരിട്ടുള്ള നിയമനവും ഗ്രാമസേവകരിൽനിന്നുള്ള ബൈ ട്രാൻസ്ഫർ നിയമനം വഴി 197 നിയമനങ്ങളും നടത്തിയിട്ടുണ്ട്.

സഹകരണ വകുപ്പിനെ ശക്തിപ്പെടുത്താൻ നടപടി

203(2558) ശ്രീ കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

I) സമഗ്ര നിയമ ഭേദഗതി അംഗീകരിച്ചു

സംഘങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനും ഈ രംഗത്തെ ആശാസ്യമല്ലാത്ത പ്രവണതകൾ ഇല്ലാതാക്കുന്നതിനുമായി കേരള സഹകരണ സംഘം നിയമത്തിൽ സമഗ്ര ഭേദഗതി അംഗീകരിച്ച് നിയമം നടപ്പാക്കുന്നതിനുള്ള ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ട്.

ii) ഓഡിറ്റ് സുതാര്യമാക്കാൻ നടപടി സ്വീകരിച്ചു

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേക്കായി സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് സർക്കാർ അംഗീകാരം നൽകുകയും എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് സംവിധാനം നടപ്പാക്കിവരികയും ചെയ്യുന്നു. സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ എല്ലാ ഓഡിറ്റർമാർക്കും പരിശീലന

പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ജില്ലാതലത്തിൽ ഓഡിറ്റുമായി ബന്ധപ്പെട്ട് മാസ്റ്റേഴ്സ് ട്രെയിനർമാരെ നിയോഗിക്കുന്നതിലേക്കായി ഓരോ ജില്ലകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് Accounting Standards, Audit in IT environment, Inventory Accounting, Special Report drafting and processing, Audit Planning and Procedures, Analysis of Financial Statement and Stock Verification, Auditing Standards എന്നീ വിഷയങ്ങളെ സംബന്ധിച്ച് വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം സഹകരണ നിയമ ഭേദഗതിപ്രകാരം സഹകരണ മേഖലയിലെ അക്കൗണ്ടിങ് Generally Accepted Accounting Principles-ലേക്ക് മാറുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്ക് ഒരു മോഡൽ അക്കൗണ്ടിങ് മാന്വൽ തയ്യാറാക്കുന്നതിനും ആയതിനുശേഷം ഓഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നതിനും സഹകരണ ഓഡിറ്റ് ഡയറക്ടറുടെ അധ്യക്ഷതയിൽ സമിതി രൂപീകരിക്കുന്നതിന് 03-10-2024-ലെ സ.ഉ. (സാധാ)നം.502/2024/സഹ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഓഡിറ്റ് MATRIX-ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും

റിപ്പോർട്ടിങ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധചെലുത്താനുമുള്ള പരിശീലനം ഓഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നൽകിയിട്ടുണ്ട്. ഓഡിറ്റ് MATRIX-ൽ ഓഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെട്ടിരിക്കും. ഓഡിറ്റ് MATRIX ഓഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിക്ക് സമർപ്പിക്കുവാൻ നിഷ്കർഷിച്ചിട്ടുണ്ട്.

iii) ICDMS (Integrated Co-operative Department Management System)

സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതിപ്രകാരം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയ്ക്കുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക്/സഹകരണ സംഘങ്ങൾക്ക് തന്നെ നേരിട്ട് ഓൺലൈനായി സമർപ്പിക്കുന്നതിനും ആയതിനുള്ള ഫീസ് ട്രഷറി ഓൺലൈൻ പേമെന്റ് ഗേറ്റ്വേ വഴി ഒടുക്കുന്നതിനും ആയത് രജിസ്റ്റർ ചെയ്ത് നൽകുന്നതിനും ICDMS-ലൂടെ സൗകര്യം ഒരുക്കിയിട്ടുണ്ട്. സംസ്ഥാന/എൻ.സി.ഡി.സി. പദ്ധതികളിലുൾപ്പെടുത്തി സഹകരണ

സംഘങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം സംബന്ധിച്ച മുഴുവൻ വിവരങ്ങളും ലഭ്യമാക്കുന്നതിനും ധനസഹായം അനുവദിച്ചതിനുശേഷം ടി തുകയുടെ തിരിച്ചടവ് കൃത്യമായി മോണിറ്റർ ചെയ്യുന്നതിലേക്കുമായിട്ടാണ് ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്. സഹകരണ സംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് സോഫ്റ്റ്വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള മൊഡ്യൂളിന്റെ സോഫ്റ്റ്വെയർ ഡെവലപ്മെന്റ് നടപടി അന്തിമഘട്ടത്തിലാണ്. യൂസർ അക്സപ്റ്റൻസ് ടെസ്റ്റ് (UAT) നടപടികൾ പുരോഗമിക്കുന്നു.

iv) <u>സഹകരണ ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം</u>

സഹകരണസംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ്വെയർ വികസിപ്പിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

v). <u>Co-operative Audit Monitoring & Information System (CAMIS)</u>

സഹകരണ ഓഡിറ്റ് സുതാര്യവും കാര്യക്ഷമവും ആക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ

ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിങ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS-ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

vi) ഇ-ഓഫീസ്

സഹകരണ വകുപ്പിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫർമാറ്റിക് സെന്ററുമായി (എൻ.ഐ.സി.) ചേർന്ന് നടപ്പാക്കിവരുന്നു.

vii)വെബ്സൈറ്റ്

സഹകരണ വകുപ്പിന്റെ വെബ്സൈറ്റ് നവീകരണ പ്രവർത്തനങ്ങൾക്കായി സി-ഡിറ്റിനെ ചുമതലപ്പെടുത്തി, ആയത് പൂർത്തീകരിച്ചിട്ടുണ്ട്.

viii) ഓൺലൈൻ പൊതുസ്ഥലംമാറ്റം

സഹകരണ വകുപ്പിൽ ഓൺലൈൻ പൊതുസ്ഥലംമാറ്റം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ix) വകുപ്പിന്റെ പുനർവിന്യാസം

വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിന്റെ പുന:സംഘടനയ്ക്കും ഓഡിറ്റ് സംവിധാനം പരിഷ്കരിക്കുന്നതിനും സമർപ്പിച്ച പ്രൊപ്പോസലിന്മേൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പ്രവൃത്തി പഠനം നടത്തിവരുന്നു.

(ബി) പുതിയതായി രൂപീകരിച്ചിട്ടുള്ള താലൂക്കുകളിൽ ഓഡിറ്റ് വിഭാഗം ആഫീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

സഹകരണ വകുപ്പിന്റെ പുന:സംഘടന സംബന്ധിച്ച പ്രൊപ്പോസലിന്മേൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പ്രവൃത്തി പഠനം നടത്തി വരുന്നു.

(സി) അർബൻ ബാങ്കുകളിൽ ഒഴിഞ്ഞുകിടക്കുന്ന കൺകറന്റ് ഓഡിറ്റർമാരുടെ തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് അർബൻ ബാങ്കുകൾ ഭരണസമിതി തീരുമാനമെടുത്ത് സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ഡി) സഹകരണ വകുപ്പിൽ ജീവനക്കാരുടെ പ്രൊമോഷനുകൾ സമയബന്ധിതമായി നടപ്പാക്കുവാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

സഹകരണ വകുപ്പിലെ ജീവനക്കാരുടെ ഉദ്യോഗക്കയറ്റം കാലതാമസം കൂടാതെ സമയബന്ധിതമായി നടന്നുവരുന്നുണ്ട്.

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ നടപടി

204(2559) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സഹകരണ വകുപ്പ് മുഖേന എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പ്രാഥമിക സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നീതി സ്റ്റോറുകളിലൂടെ നിത്യോപയോഗ സാധനങ്ങൾ വിലക്കുറവിൽ വിറ്റഴിക്കുന്നുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട ഉത്സവ കാലങ്ങളിൽ ഉണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സർക്കാർ സബ്സിഡിയോടുകൂടി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോടുകൂടി താൽക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്തുന്നുണ്ട്. ഓണം വിപണിയിൽ ഇടപെട്ട് ആകെ 1507 ഓണച്ചന്തകൾ സംഘടിപ്പിച്ചിരുന്നു. ഉത്സവകാല സബ്സിഡി വിപണികളിലൂടെയും

സാധാരണ സമയങ്ങളിൽ പൊതു കമ്പോളത്തേക്കാൾ വിലക്കുറവിലും അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി കൺസ്യൂമർഫെഡ് സ്വീകരിച്ചുവരുന്നുണ്ട്.

റിസ്ക് ഫണ്ട്

205(2560) (ശ്രീ. മുരളി പെരുനെല്ലി): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത് തിരിച്ചടവ് പൂർത്തിയാകുന്നതിനുള്ളിൽ മരണം സംഭവിക്കുകയോ ഗുരുതരമായ അസുഖം ബാധിക്കുകയോ ചെയ്യുന്നതിനെത്തുടർന്ന് വായ്പ കുടിശ്ശികയാകുന്നവർക്ക് റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കേരള സഹകരണ നിയമം വകുപ്പ് 57 (ഡി) പ്രകാരം രൂപീകരിച്ച "കേരള സഹകരണ കടാശ്വാസ പദ്ധതി 2008" കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേനയാണ് നടപ്പാക്കിവരുന്നത്. കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽനിന്നും കാർഷിക, കാർഷികേതര

(സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കിനില്ക്കുന്ന ബാധ്യതയിൽനിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പാക്കുന്ന പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി/കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി. പ്രസ്തുത പദ്ധതിയുടെ ധനസഹായം അനുവദിച്ച് നല്കുന്നത് റിസ്ക് ഫണ്ട് നിയമാവലിക്ക് വിധേയമായിട്ടാണ്. സഹകരണ സംഘങ്ങളിൽനിന്ന് വായ്പ എടുത്തതിനുശേഷം മരണപ്പെടുന്നർക്ക് മരണാനന്തര സഹായം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

(l) <u>റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 7-റിസ്ക് ഫണ്ട് വിഹിതം</u>

വായ്പ എടുക്കുന്ന അംഗങ്ങളിൽനിന്നും സർക്കാർ ഉത്തരവുപ്രകാരമുള്ള, ബോർഡിന്റെ ബൈലോ വ്യവസ്ഥയ്ക്ക് വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം തുക (ഒരു വായ്പയ്ക്ക് മിനിമം 100/- രൂപയും പരമാവധി വിഹിതം 2000/-

രൂപയും) ആയതിന്റെ 18% ജി.എസ്.റ്റി.-യും ഈടാക്കുകയും പ്രസ്തുത തുക തൊട്ടടുത്ത മാസം 15-ാം തിയതിക്കുള്ളിൽ അടച്ചിരിക്കുകയും ചെയ്യുന്ന അംഗങ്ങൾക്കാണ് റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നത്.

(ii) റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 5

മരണപ്പെട്ടതോ/മാരകരോഗം പിടിപെട്ടതോ ആയ ആളിന്റെ പേരിലുള്ളതും മരണപ്പെട്ട/മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പക്കാരുടെ വായ്പകൾക്ക് മാത്രമാണ് മരണാനന്തര ആനുകൂല്യം/ ചികിത്സാ ധനസഹായം എന്നിവ ലഭിക്കുന്നത്.

(iii) റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 4 (ബി) കുടിശ്ശിക/കാലാവധി

വായ്പ കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടക്കേണ്ട തീയതി മുതൽ 6 മാസത്തിൽ അധികരിച്ചും വായ്പ കാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പ കാലാവധി തീരുന്ന തീയതിക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ

അധികരിച്ചും വായ്പ മുതലിൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ മണലൂർ മണ്ഡലത്തിൽനിന്നും റിസ്ക് ഫണ്ടിനായുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മണലൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന വിവിധ സഹകരണ സംഘങ്ങളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി ആകെ 176 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത അപേക്ഷകളിൽ റിസ്ക് ഫണ്ട് അനുവദിച്ചവ എത്രയെണ്ണമെന്നും അനുവദിച്ച തുക എത്രയെന്നും അറിയിക്കാമോ?

ബോർഡിൽ ലഭ്യമായ 176 അപേക്ഷകളിൽ 38 അപേക്ഷകളിലായി 38,64,866/- രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഡി) മണലൂർ മണ്ഡലത്തിൽനിന്ന് റിസ്ക് ഫണ്ടിനായുള്ള എത്ര അപേക്ഷകൾ ഇനി തീർപ്പാക്കാനുണ്ട്; വിശദാംശങ്ങൾ നൽകാമോ?

138 അപേക്ഷകളിൽ 15 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുണ്ട്. 48 അപേക്ഷകളിലുള്ള ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘത്തിന് അറിയിപ്പ് നൽകിയിട്ടുണ്ട്. 21 അപേക്ഷകളിൽ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നല്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള 54 പുതിയ അപേക്ഷകൾ പരിശോധിച്ചുവരുന്നു.

കേരള ബാങ്കിലെ സ്വർണ്ണ വായ്പയുടെ സബ്സിഡി

206(2561) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ നിന്നും സ്വർണ്ണത്തിന്റെ ഈടിന്മേൽ കൃഷി ആവശ്യങ്ങൾക്കായി സബ്സിഡിയോടെ നിലവിൽ വായ്പകൾ നൽകുന്നുണ്ടോ; എങ്കിൽ ഇപ്രകാരമുള്ള സ്കീമുകളുടെയും സബ്സിഡി നിരക്കുകളുടെയും വിശദാംശങ്ങൾ അറിയിക്കുമോ?

കാർഷിക ആവശ്യങ്ങൾക്കായി കിസാൻ ക്രെഡിറ്റ് കാർഡ് ഹ്രസ്വകാല കാർഷിക വായ്പയായി 7% നിരക്കിൽ ബാങ്കിൽനിന്നും

കർഷകർക്ക് നേരിട്ട് നൽകിവരുന്നു. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് 5.25% നിരക്കിൽ നൽകിവരുന്ന പ്രസ്തുത വായ്പ, സംഘങ്ങൾ 6% നിരക്കിലാണ് കർഷകർക്ക് നൽകുന്നത്. കൂടാതെ പ്രസ്തുത വായ്പ കാലാവധിക്കുള്ളിൽ അടയ്ക്കുന്നവർക്ക് കേന്ദ്രസർക്കാർ 3% പലിശ സബ്സിഡിയും നബാർഡ് വഴി നൽകിവരുന്നു. (ബി) നിലവിൽ സബ്സിഡി വിതരണം മുടങ്ങിയ സാഹചര്യമുണ്ടോ; എന്നുവരെയുള്ള വായ്പകൾക്ക് സബ്സിഡി നൽകിയെന്നും ഇനി എന്നുമുതലുള്ളവയ്ക്ക് നൽകാനുണ്ടെന്നും ഇതിനായി വേണ്ടിവരുന്ന ആകെ തുകയെത്രയെന്നും അറിയിക്കുമോ; സബ്സിഡി നൽകുന്നതിൽ ഇത്രയും കാലതാമസം നേരിടുന്നതിലെ സാഹചര്യം വെളിപ്പെടുത്തുമോ?

കേന്ദ്ര ഗവൺമെന്റ് 2022-23 വർഷം മുതലുള്ള സബ്സിഡി വിതരണം ചെയ്യുന്നതിന് പോർട്ടൽ സംവിധാനം കൊണ്ടുവന്ന 2023 ജൂലൈ മുതൽ കാലാവധിക്കുള്ളിൽ വായ്പ ക്ലോസ് ചെയ്യുന്നവർക്ക് മുൻകൂറായി നൽകിവന്നിരുന്ന 3% PRI (Prompt Repayment Incentive) നിർത്തിവച്ചിരുന്നു. ആധാർ നമ്പർ ഉപയോഗിച്ചാണ് ഓരോ അക്കൗണ്ടും പോർട്ടലിൽ upload

ചെയ്യേണ്ടിയിരുന്നത്. ഒരു വായ്പക്കാരൻ ഒന്നിൽ കൂടുതൽ ബാങ്കിൽനിന്നും KCC ഹ്രസ്വകാല കാർഷിക വായ്പ എടുക്കുകയാണെങ്കിൽ സബ്സിഡി ലഭിക്കാതെ വന്നാലുണ്ടാകുന്ന നഷ്ടം കണക്കാക്കിയാണ് മുൻകൂറായി സബ്സിഡി നൽകിവന്നത് നിർത്തിവച്ചത്. 2023 ജൂലൈ മുതൽ 2024 ജൂലൈ വരെ നിർത്തിവച്ചിരുന്ന സബ്സിഡി 2024 ജൂലൈ മുതൽ മുൻകൂറായി നൽകിവരുന്നു. 2021-22 സാമ്പത്തിക വർഷംവരെയുള്ള സബ്സിഡി മാത്രമെ കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ചിട്ടുള്ളൂ. 2022-23 സാമ്പത്തിക വർഷത്തെ സബ്സിഡിക്കായി 150 കോടി രൂപയും 2023-24 വർഷത്തേക്ക് 90 കോടി രൂപയുമാണ് സബ്സിഡിക്കായി ആവശ്യമായി വരുന്നത്.

(സി) മുടങ്ങിക്കിടക്കുന്ന സബ്സിഡി വിതരണം ചെയ്യുന്നതിനായി ഫണ്ട് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കുമോ; ഇവ അടിയന്തരമായി വിതരണം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

2023 ജൂലൈ മുതൽ മുടങ്ങിക്കിടന്നിരുന്ന സബ്സിഡി ബാങ്കിന്റെ ഭരണസമിതി തീരുമാനപ്രകാരം 01-10-2024 മുതൽ ബാങ്കിന്റെ suspense account-ൽനിന്ന് നൽകിവരുന്നു. പ്രസ്തുത തുക നിലവിൽ ബാങ്കിന്റെ suspense account-ൽനിന്ന് നൽകുകയും സബ്സിഡി കേന്ദ്രഗവൺമെന്റിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് ബാങ്കിന്റെ അക്കൗണ്ടിലേക്ക് തിരിച്ച് വരവുവയ്ക്കുകയുമാണ് ചെയ്തുവരുന്നത്.

കേരള ബാങ്ക്

207(2562) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിന്റെ വികസന പ്രക്രിയയിൽ കേരള ബാങ്കിന്റെ പങ്ക് കൂടുതൽ വിപുലമാക്കുന്നതിന് പ്രാഥമിക സംഘങ്ങളും തദ്ദേശസ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തന പുരോഗതിയും ശാക്തീകരണവും ലക്ഷ്യമിട്ട് താലൂക്ക്, ജില്ല, റീജിയണൽ തലങ്ങളിൽ ബാങ്ക്

ഭരണസമിതി അംഗങ്ങളുടെ നേതൃത്വത്തിൽ വെവ്വേറെ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രാഥമിക സംഘങ്ങളുടെ പ്രതിനിധികൾ, സർക്കാർ, നബാർഡ് പ്രതിനിധികൾ എന്നിവരെയും ടി കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള ബാങ്കും പ്രാഥമിക സംഘങ്ങളും തമ്മിൽ ഊഷ്മളമായ ബന്ധം നിലനിർത്തുന്നതിനും സംഘങ്ങളുടെ വിവിധ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുമാണ് മുഖ്യമായും ടി കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. കേരളാ ബാങ്കിന്റെ അംഗ സംഘങ്ങളായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ദുർബലമായതും പ്രവർത്തന മാന്ദ്യം സംഭവിച്ചതുമായ സഹകരണ സംഘങ്ങളെ പ്രവർത്തനോന്മുഖമാക്കി ലാഭത്തിലെത്തിക്കാനുള്ള കർമ്മ പദ്ധതി കേരള ബാങ്ക് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതുസംബന്ധിച്ച് ഒരു പുനരുദ്ധാരണ പദ്ധതിക്ക് കേരള ബാങ്കിന്റെ ഭരണസമിതി അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ദുർബലമായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ സഹായിക്കുന്നതിനായി KB PACS Development scheme എന്ന പേരിൽ ഒരു വായ്പാ പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. ഈ പുനരുദ്ധാരണ പദ്ധതിയുടെ

പ്രവർത്തനങ്ങളുടെ ഭാഗമായി കോവിഡ്, വെള്ളപ്പൊക്കം, കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ് എന്നിവ കനത്തതോതിൽ ആഘാതമുണ്ടാക്കിയ ഇടുക്കി ജില്ലയിലെ 20 സഹകരണ സംഘങ്ങളെ ഈ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തുകയും 15 സംഘങ്ങൾക്ക് വായ്പ സഹായമായി 89 കോടി രൂപ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലെ പ്രാഥമിക സഹകരണ സംഘങ്ങളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പാ സഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളുമായി ചേർന്ന് കേരളത്തിന്റെ സുസ്ഥിര വികസനത്തിന് സഹായകരമായ രീതിയിലുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് കേരള ബാങ്ക് സജ്ജമാണ്. നിലവിൽ ഇ.എം.എസ്. ഭവന പദ്ധതികളുൾപ്പെടെ വിവിധ പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തിവരുന്നു. തുടർന്നും തദ്ദേശ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന വിവിധ പദ്ധതികളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് ബാങ്ക് മുൻഗണന നൽകുന്നു.

സംസ്ഥാന കാർഷിക വികസന ബാങ്കിന്റെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയെ പിരിച്ചുവിട്ട നടപടി

208(2563) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക വികസന ബാങ്കിന്റെ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയെ പിരിച്ചുവിട്ട നടപടി ഹൈക്കോടതി സ്റ്റേ ചെയ്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഭരണസമിതിയെ പിരിച്ചുവിടുന്നതിനുമുമ്പായി നോട്ടീസ് നൽകിയിട്ടുണ്ടോ; ബാങ്ക് ഭരണസമിതിയെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയോഗിച്ചതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ചൂരൽമല, മുണ്ടക്കൈ പ്രദേശങ്ങളിലെ ഉരുൾപൊട്ടലിൽ കൃഷിയും ഭൂമിയും നഷ്ടപ്പെട്ട 42 പേർക്ക് 1.07 കോടി രൂപയുടെ വായ്പ എഴുതിത്തള്ളാനുള്ള നിർദേശം അംഗീകരിച്ച ഭരണസമിതിയെ നോട്ടീസ് പോലും നൽകാതെ പിരിച്ചുവിട്ടതിലൂടെ ദുരിതബാധിതർക്ക്

ആശ്വാസമാകേണ്ട പ്രസ്തുത നടപടി പ്രതിസന്ധിയിലാക്കിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്ത് തുടർനടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(ഡി) നാലുവർഷംകൂടി കാലാവധിയുള്ള ഭരണസമിതിയെ പിരിച്ചുവിട്ടതുപോലെയുള്ള ജനാധിപത്യവിരുദ്ധമായ പ്രവർത്തനങ്ങൾ സഹകരണ മേഖലയിൽ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-ഡി) 28-09-2024-ൽ സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിന്റെ വാർഷിക പൊതുയോഗം ചേർന്നപ്പോൾ നടപടികൾ പൂർത്തീകരിക്കാതെ ബാങ്ക് പ്രസിഡന്റും ചില മെമ്പർമാരും ഏകപക്ഷീയമായി യോഗം അവസാനിപ്പിച്ച് വേദി വിടുകയുണ്ടായി. സഹകരണ നിയമത്തിലെയും ചട്ടത്തിലെയും വ്യവസ്ഥകൾ പാലിക്കാതെ യോഗം ഏകപക്ഷീയമായി അവസാനിപ്പിച്ചത്, യോഗത്തിൽ പങ്കെടുത്ത സഹകരണ സംഘം രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന് നേരിട്ട് ബോധ്യപ്പെടുകയുണ്ടായി. കൂടാതെ വാർഷിക പൊതുയോഗത്തിൽ

നിയമപ്രകാരം പാസ്സാക്കേണ്ട വാർഷിക കണക്കുകളും ബജറ്റും അംഗീകാരിക്കാത്ത സാഹചര്യം ഉടലെടുക്കുകയും ചെയ്യ. ഇതുമൂലമുള്ള ഭരണസ്തംഭനം ഒഴിവാക്കുന്നതിനായി സഹകരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് രജിസ്ട്രാർ നടപടി സ്വീകരിച്ചത്. പ്രസ്തുത നടപടി ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

സഹകരണ ബാങ്കുകളിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ പരിഷ്കരണം

209(2564) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും റിട്ടയർ ചെയ്തവരുടെ പെൻഷൻ പരിഷ്കരിക്കുന്നതിനായി നിയോഗിച്ച രാജേന്ദ്രൻ നായർ കമ്മിറ്റി ശിപാർശകൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ; പെൻഷൻകാരുടെ സംഘടനകളുമായി ചർച്ച ചെയ്തശേഷം ശിപാർശകൾ എത്രയുംവേഗം നടപ്പാക്കുമോ?

സഹകരണ പെൻഷൻ പദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിന് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ

നിയോഗിച്ച സമിതി സംസ്ഥാന/ജില്ല സഹകരണ ബാങ്കുകളിൽനിന്നും റിട്ടയർ ചെയ്ത ജീവനക്കാരുടെ പെൻഷൻ പദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കേരള ബാങ്കിന്റെ ലാഭത്തിന്റെ 10% പെൻഷൻ ഫണ്ടിലേക്ക് വകയിരുത്തുവാനും പെൻഷൻകാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുവാനും നടപടി സ്വീകരിക്കുമോ?

ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

(സി) പെൻഷൻ ബോർഡിന് ലഭിക്കാനുള്ള തുക എത്രയാണെന്നും അത് ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദാംശം നൽകുമോ?

ജീവനക്കാർ വിരമിക്കുന്ന സാഹചര്യത്തിലാണ് പെൻഷൻ കുടശ്ശിക കണക്കാക്കുന്നത്. കുടിശ്ശിക ഈടാക്കുന്നതിന് പെൻഷൻ ഫണ്ട് സ്കീമിലെ വ്യവസ്ഥകൾപ്രകാരം നോട്ടീസ് നൽകി നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പെൻഷൻ ബോർഡിന്റെ ഓഡിറ്റ് റിപ്പോർട്ട് ഏതുവർഷംവരെ

പ്രസിദ്ധീകരിച്ചുവെന്നും ഓരോ സാമ്പത്തിക വർഷവും കഴിഞ്ഞാലുടൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

കേരള സംസ്ഥാന സഹകരണ പെൻഷൻ ബോർഡിന്റെ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനാവശ്യമായ രേഖകൾ സഹകരണ ഓഡിറ്റ് ഡയറക്ടറേറ്റിൽ സമർപ്പിച്ചിട്ടുണ്ട്. 2022-23 വർഷത്തെ ഓഡിറ്റ് പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. സഹകരണ പെൻഷൻ ബോർഡിൽ നിയമപ്രകാരമുള്ള ഓഡിറ്റുകൾ കൃത്യമായി നടക്കുന്നുണ്ടെന്നും ആയതിന്മേൽ ഫലപ്രദമായ തുടർനടപടി സ്വീകരിക്കുന്നുണ്ടെന്നും പെൻഷൻ ബോർഡ് ഉറപ്പുവരുത്തുന്നതിനും സഹകരണ പെൻഷൻ ബോർഡിലെ ഓഡിറ്റ് കൃത്യമായും സമയബന്ധിതമായും പൂർത്തീകരിക്കുന്നതിന് സഹകരണ ഓഡിറ്റ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സഹകരണ ബാങ്കുകൾ വഴി നൽകുന്ന വാഹന വായ്പ, ഗൃഹോപകരണ വായ്പ

210(2565) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ വഴി നൽകുന്ന വാഹന വായ്പ, ഗൃഹോപകരണ വായ്പ എന്നിവ ആൾ ജാമ്യത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി എത്ര രൂപവരെയാണ് അനുവദിക്കാവുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വായ്പകളുടെ തുക അപര്യാപ്തമായതിനാൽ ഇടപാടുകാർ മറ്റ് ബാങ്കുകളെ ആശ്രയിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വായ്പകളുടെ പരിധി ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

(എ&ബി) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽനിന്നും അംഗങ്ങൾക്ക് നൽകുന്ന വിവിധയിനം വായ്പകൾക്കുള്ള ഈടുകൾ സംബന്ധിച്ച് സഹകരണസംഘം രജിസ്ട്രാർ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കുകൾ,

ബാങ്കിങ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവ 50,000/- രൂപ വരെയുള്ള കാർഷികേതര വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിന്മേൽ വിതരണം ചെയ്യുന്നതാണ്. കൂടാതെ, സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും അംഗങ്ങൾക്ക് നൽകുന്ന വിവിധയിനം വായ്പകൾക്കുള്ള പരിധി വർധിപ്പിച്ചുകൊണ്ട് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലർപ്രകാരം വീട്ടുപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പയുടെ പരിധി 5 ലക്ഷം രൂപയും വാഹന വായ്പ (ലൈറ്റ് വെഹിക്കിൾ) 20 ലക്ഷം രൂപയും വാഹന വായ്പ (ഹെവി വെഹിക്കിൾ) 40 ലക്ഷം രൂപയും അനുവദിച്ചുവരുന്നു. എന്നാൽ ടി വായ്പകൾ മതിയായ വസ്തു ഈടിന്മേലോ, മതിയായ മറ്റ് ജാമ്യം ഉറപ്പുവരുത്തിയോ മാത്രമേ നൽകുകയുള്ളൂ.

സഹകരണബാങ്കുകളിലെ കുടിശികയുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

211(2566) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ദുരുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണബാങ്കുകളിലെ കുടിശ്ശികയുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് നിശ്ചിത തീയതിക്കുള്ളിൽ കുടിശ്ശിക തീർക്കണമെന്ന് നിഷ്കർഷിക്കാറുണ്ടോ?

നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള കാലാവധിക്കുള്ളിലാണ് ടി പദ്ധതിപ്രകാരമുള്ള വ്യവസ്ഥകളോടെ കുടിശ്ശിക തീർപ്പാക്കുന്നതിന് അവസരം ലഭിക്കുന്നത്. എന്നാൽ ടി പദ്ധതിയുടെ ഭാഗമായി നടത്തുന്ന അദാലത്തുകളിൽ വായ്പക്കാരനും സംഘവുമായുള്ള ധാരണയുടെ അടിസ്ഥാനത്തിൽ വായ്പക്കാരന്റെ സാഹചര്യം പരിഗണിച്ച് ഗഡുക്കളായും ആദ്യഗഡു പദ്ധതിക്കാലയളവിനുള്ളിൽ അടച്ച് തുടർന്ന് ഒന്നോ, രണ്ടോ ഗഡുക്കളായും തുക തിരിച്ചടയ്ക്കുന്നതിനുള്ള അവസരവും നൽകാറുണ്ട്.

(ബി) കുടിശ്ശികയായ ലോണുകൾ ഒറ്റത്തവണയായി തീർക്കുന്നവർക്ക് വർഷത്തിൽ എപ്പോൾ വേണമെങ്കിലും പ്രസ്തുത ലോൺ അടയ്ക്കുന്നതിനും ആനുകൂല്യം ലഭിക്കുന്നതിനും അവസരം ഉണ്ടാകുമോ?

നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സംബന്ധിച്ച സർക്കുലറിൽ കുടിശ്ശികയായ ലോണുകൾ ഒറ്റത്തവണയായി തീർക്കുന്നവർക്ക് വർഷത്തിൽ എപ്പോൾ വേണമെങ്കിലും പ്രസ്തുത ലോൺ അടയ്ക്കുന്നതിനും ആനുകൂല്യം ലഭിക്കുന്നതിനും സാധിക്കുമെന്ന നിർദ്ദേശം ഉൾപ്പെടുത്തിയിട്ടില്ല. കുടിശ്ശികയായ ലോണുകൾ ഒറ്റത്തവണയായി അടച്ചുതീർക്കുന്നവർക്ക് വർഷത്തിൽ എപ്പോൾ വേണമെങ്കിലും പ്രസ്തുത ലോൺ അടയ്ക്കുന്നതിനും ആനുകൂല്യം ലഭിക്കുന്നതിനും അവസരം നൽകുന്നത് വായ്പക്കാരിൽ കൃത്യമായി വായ്പ തിരിച്ചടവ് ശീലം കുറയ്ക്കുന്നതിനും വർഷത്തിൽ എപ്പോൾ വേണമെങ്കിലും വായ്പ തിരിച്ചടച്ച് നടപടികളിൽനിന്നും ഒഴിവാകാം എന്ന മനോഭാവം സൃഷ്ടിക്കുന്നതിനും ഇതുമൂലം സംഘങ്ങളുടെ സാമ്പത്തിക നഷ്ടത്തിനും കാരണമാകാം.

പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്വെയർ

212(2567) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ചാണ്ടി ഉമ്മൻ:

ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്വെയർ നിർമ്മിക്കുന്നതിനുള്ള കേന്ദ്രസർക്കാർ പദ്ധതിയിൽ പങ്കാളിയാകാതെ സംസ്ഥാനത്ത് പ്രത്യേക പദ്ധതി നടപ്പാക്കാനുള്ള കാരണം വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ രാജ്യത്തെ PACS-കൾക്ക് ഏകീകൃത സോഫ്റ്റ്വെയർ പദ്ധതി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുന്നതിന് വളരെ മുൻപേതന്നെ കേരളം സംസ്ഥാനത്തെ PACS-കളിൽ ഏകീകൃത സോഫ്റ്റ്വെയർ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുകയും RFP പ്രകാരമുള്ള ടെൻഡർ നടപടി ആരംഭിക്കുകയും ചെയ്തിരുന്നു. കേന്ദ്രം തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ്വെയർ കേരളത്തിലെ PACS-കളുടെ നിലവിലത്തെ പ്രവർത്തന വൈപുല്യത്തിനനുസരിച്ച് പര്യാപ്തമല്ല എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലും പ്രാഥമിക സംഘങ്ങളുടെ പ്രവർത്തന മേഖലയെ മുഴുവൻ ഉൾക്കൊള്ളുവാൻ കേന്ദ്ര സോഫ്റ്റ്വെയറിന് കഴിയില്ല എന്ന ബോധ്യത്തിന്റെ

അടിസ്ഥാനത്തിലുമാണ് കേന്ദ്രസർക്കാർ പദ്ധതിയിൽ പങ്കാളിയാകാതിരുന്നത്.

(ബി) സോഫ്റ്റ്വെയർ നിർമ്മാണത്തിന്റെ ചെലവ് പൂർണ്ണമായും കേന്ദ്രസർക്കാർ വഹിക്കുന്ന പ്രസ്തുത പദ്ധതിയിൽനിന്നും പിന്മാറി പ്രത്യേക സോഫ്റ്റ്വെയർ നിർമ്മിക്കുവാൻ തീരുമാനിച്ചതിലൂടെ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതായുള്ള ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ സഹകരണ സംഘങ്ങൾക്ക് എന്തെങ്കിലും സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

കേന്ദ്ര സോഫ്റ്റ്വെയർ പദ്ധതിയുടെ ഭാഗമായിവരുന്ന ഹാർഡ്വെയർ പ്രൊക്യൂർമെന്റ്, ഡിജിറ്റൈസേഷൻ, സിസ്റ്റം സപ്പോർട്ട്, ട്രെയിനിങ് എന്നിവയ്ക്ക് ചെലവാകുന്ന തുകയുടെ 40% സംസ്ഥാന സർക്കാർ വഹിക്കേണ്ട രീതിയിലാണ് കേന്ദ്ര സോഫ്റ്റ്വെയർ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ നടപ്പാക്കുന്നതിനായി SaaS മോഡൽ സോഫ്റ്റ്വെയറിനാണ്

ടെൻഡർ ക്ഷണിച്ചിട്ടുള്ളത്. ടെൻഡറിൽ പങ്കെടുത്ത് TCS സമർപ്പിച്ച ഫിനാൻഷ്യൽ ബിഡ് ഇതിനകം അംഗീകരിച്ച് കരാർ ഒപ്പിടുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) നിലവിൽ പല സഹകരണ സംഘങ്ങളും സ്വന്തമായി സോഫ്റ്റ്വെയറുകൾ ഉപയോഗിക്കുന്ന സാഹചര്യത്തിൽ അതുമാറ്റാതെതന്നെ കേന്ദ്ര പദ്ധതിയുടെ ഭാഗമാകാം എന്നിരിക്കെ വലിയ തുക ചെലവഴിച്ചുകൊണ്ട് പുതിയ സോഫ്റ്റ്വെയർ നിർമ്മിക്കുന്ന പദ്ധതി നടപ്പാക്കാനുള്ള തീരുമാനം പുന:പരിശോധിക്കുമോ; വിശദമാക്കുമോ?

കേന്ദ്ര സർക്കാർ നടപ്പാക്കുന്ന ഏകീകൃത സോഫ്റ്റ്വെയർ പദ്ധതിയുടെ ഭാഗമാകുന്ന സഹകരണ സംഘങ്ങൾ ടി പദ്ധതിപ്രകാരം കേന്ദ്ര സർക്കാർ ലഭ്യമാക്കുന്ന സോഫ്റ്റ്വെയർ സംവിധാനത്തിലേക്ക് മാറേണ്ടതുണ്ട്. കേന്ദ്ര പദ്ധതിയുടെ ഭാഗമാകുന്നതോടുകൂടി സംഘങ്ങൾ നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്വെയർ തുടർന്ന് ഉപയോഗിക്കാൻ സാധിക്കുന്നതല്ല.

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ സഹകരണ സംഘങ്ങൾ

213(2568) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2023-24 സാമ്പത്തിക വർഷം ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

1. അവണാകുഴി എസ്.സി.ബി.ക്ലിപ്തം നമ്പർ.2387

2. നെല്ലിമൂട് എസ്.സി.ബി.ക്ലിപ്തം നമ്പർ റ്റി.2639

3. നെയ്യാറ്റിൻകര മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.730

നേമം സഹകരണ സംഘം

214(2569) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ നേമം സഹകരണ സംഘത്തിൽ (T-3150) നടന്ന അഴിമതിയും അതിനെത്തുടർന്ന് നിക്ഷേപകർക്ക് നിക്ഷേപിച്ച തുക തിരികെ കിട്ടാൻ കഴിയാത്ത സാഹചര്യവും

ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ ഏതെല്ലാം തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അതേ സഹകരണ സംഘത്തിൽ ജാമ്യം നൽകിയിരുന്ന എഫ്.ഡി സർട്ടിഫിക്കറ്റ് ഉപയോഗിച്ചതന്നെ കെ.എസ്.എഫ്.ഇ. തിരുവനന്തപുരം അർബൺ റീജിയണിലെ വിവിധ ശാഖകളിൽനിന്നും അനധികൃതമായി ചിട്ടിയും ലോണും കൈക്കലാക്കിയതിനെ സംബന്ധിച്ച് അറിവുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രശ്നത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ?

(എ&ബി) തിരുവനന്തപുരം ജില്ലയിലെ നേമം സഹകരണ സംഘത്തിൽ (റ്റി. 3150) നിക്ഷേപകർക്ക് നിക്ഷേപിച്ച തുക തിരികെ നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. നിലവിൽ അന്വേഷണം നടന്നുവരുന്നു.

(സി) പ്രസ്തുത സഹകരണ സംഘത്തിന്റെ കഴിഞ്ഞ 5 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

നേമം സഹകരണ സംഘത്തിന്റെ 2018-19 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

കെ.എസ്.എഫ്.ഇ സ്റ്റാഫ് സഹകരണ സൊസൈറ്റി തട്ടിപ്പുമായി ബന്ധപ്പെട്ട അന്വേഷണം

215(2570) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സൊസൈറ്റി തട്ടിപ്പുമായി ബന്ധപ്പെട്ട സഹകരണ വകുപ്പ് മുഖേനയുള്ള അന്വേഷണം പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട്, ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികൾക്കെതിരെ തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ),

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള സഹകരണ നിയമം വകുപ്പ് 68(2) പ്രകാരം സർചാർജ് ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിനെതിരായി ബന്ധപ്പെട്ട കക്ഷികൾ സർക്കാരിലേക്ക് സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നടപടികളെ ചോദ്യം ചെയ്ത് സർചാർജ് ഉത്തരവിൽ ഉൾപ്പെട്ട കക്ഷികൾ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് പെറ്റീഷനുകളിൽ സർചാർജ് ഉത്തരവിൻമേലുള്ള തുടർനടപടികൾ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. സ്റ്റേ ഒഴിവാക്കുന്നതിനായും റിട്ട് പെറ്റീഷനുകൾ തീർപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികജാതി/പട്ടികവർഗ സഹകരണ സംഘങ്ങൾ

216(2571) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പ്രവർത്തിച്ചുവരുന്ന പട്ടികജാതി/പട്ടികവർഗ സഹകരണ സംഘങ്ങളുടെ എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

ലഭ്യമാക്കാം.

ക്രമ നം.	സംഘത്തിന്റെ പേര്	തദ്ദേശസ്വയംഭരണ സ്ഥാപനം	എണ്ണം
1	ആലത്തൂർ പട്ടികജാതി സേവന സഹകരണ സംഘം	ആലത്തൂർ	1
2	ആലത്തൂർ താലൂക്ക് പട്ടികജാതി അലക്കുതൊഴിലാളി സഹകരണ സംഘം	ആലത്തൂർ	1
3	കുഴൽമന്ദം ബ്ലോക്ക് പട്ടികജാതി മുള/ഈറ്റ തൊഴിലാളി സേവന സഹകരണ സംഘം	കുഴൽമന്ദം	1
4	കുഴൽമന്ദം പട്ടികജാതി സേവന സഹകരണ സംഘം	കുഴൽമന്ദം	1
5	ഡോ.അംബേദ്ക്കർ പട്ടികജാതി സേവന സഹകരണ സംഘം	എരിമയൂർ	1
6	കണ്ണമ്പ്ര പട്ടികജാതി സേവന സഹകരണ സംഘം	കണ്ണമ്പ്ര	1
7	കാവശ്ശേരി പട്ടികജാതി സേവന സഹകരണ സംഘം	കാവശ്ശേരി	1
8	കിഴക്കഞ്ചേരി പട്ടികജാതി സേവന സഹകരണ സംഘം	കിഴക്കഞ്ചേരി	1
9	കോട്ടായി പട്ടികജാതി സേവന സഹകരണ സംഘം	കോട്ടായി	1
10	മാത്തൂർ പട്ടികജാതി സേവന സഹകരണ സംഘം	മാത്തൂർ	1
11	കുത്തനൂർ പട്ടികജാതി സേവന സഹകരണ സംഘം	കുത്തനൂർ	
12	മേലാർക്കോട് പഞ്ചായത്ത് പട്ടികജാതി സേവന സഹകരണ സംഘം	മേലാർക്കോട്	1

13	പെരിങ്ങോട്ടുകുറുശ്ശി പട്ടികജാതി സേവന സഹകരണ സംഘം	പെരിങ്ങോട്ടുകുറുശ്ശി	1
14	പുതുക്കോട് പട്ടികജാതി സേവന സഹകരണ സംഘം	പുതുക്കോട്	1
15	തൃശൂർ പട്ടികജാതി സേവന സഹകരണ സംഘം	തൃശൂർ	1
16	തേങ്കുറുശ്ശി പഞ്ചായത്ത് പട്ടികജാതി സേവന സഹകരണ സംഘം	തേങ്കുറുശ്ശി	1
17	വടക്കഞ്ചേരി പട്ടികജാതി സേവന സഹകരണ സംഘം	വടക്കഞ്ചേരി	1
18	വണ്ടാഴി പട്ടികജാതി സേവന സഹകരണ സംഘം	വണ്ടാഴി	1
19	പട്ടിത്തറ ഹരിജൻ സഹകരണ സംഘം	പട്ടിത്തറ	1
20	നാഗലശ്ശേരി ജി.പി.എസ്.സി വനിത സഹകരണ സംഘം	നാഗലശ്ശേരി	1
21	കൊപ്പം ഹരിജൻ അഗ്രി ക്രെഡിറ്റ് സഹകരണ സംഘം	കൊപ്പം	1
22	ചാലിശ്ശേരി പട്ടികജാതി സേവന സഹകരണ സംഘം	ചാലിശ്ശേരി	1
23	കടമ്പഴിപ്പുറം പട്ടികജാതി സേവന സഹകരണ സംഘം	കടമ്പഴിപ്പുറം	1
24	കരിമ്പുഴ പട്ടികജാതി സേവന സഹകരണ സംഘം	കരിമ്പുഴ	1
25	ശ്രീകൃഷ്ണപുരം പട്ടികജാതി സേവന സഹകരണ സംഘം	ശ്രീകൃഷ്ണപുരം	1
26	വാണിയംകുളം പട്ടികജാതി സേവന സഹകരണ സംഘം	വാണിയംകുളം	1
27	ചെർപ്പുളശ്ശേരി പട്ടികജാതി സേവന	ചെർപ്പുളശ്ശേരി	1

	സഹകരണ സംഘം		
28	തിരുവാഴിയോട് പട്ടികജാതി സേവന സഹകരണ സംഘം	തിരുവാഴിയോട്	1
29	അനങ്ങനടി പട്ടികജാതി സേവന സഹകരണ സംഘം	അനങ്ങനടി	1
30	ഷൊർണ്ണൂർ പട്ടികജാതി സേവന സഹകരണ സംഘം	ഷൊർണ്ണൂർ (മുൻസിപ്പാലിറ്റി)	1
31	ചളവറ പട്ടികജാതി സേവന സഹകരണ സംഘം	ചളവറ	1
32	ചാത്തൻമാസ്റ്റർ സ്മാരക പട്ടികജാതി സേവന സഹകരണ സംഘം	പറളി	1
33	കേരളശ്ശേരി പട്ടികജാതി സേവന സഹകരണ സംഘം	കേരളശ്ശേരി	1
34	മങ്കര പഞ്ചായത്ത് പട്ടികജാതി സേവന സഹകരണ സംഘം	മങ്കര	1
35	പ്രിയദർശിനി പട്ടികജാതി സേവന സഹകരണ സംഘം	കോങ്ങാട്	1
36	പാലക്കാട് പട്ടികജാതി സഹകരണ സംഘം	പാലക്കാട് മുൻസിപ്പാലിറ്റി	1
37	പെരുവെമ്പ് പഞ്ചായത്ത് പട്ടികജാതി സേവന സഹകരണ സംഘം	പെരുവെമ്പ്	1
38	രാജീവ്ഗാന്ധി സ്മാരക പട്ടികജാതി സേവന സഹകരണ സംഘം	പുതുശ്ശേരി	1
39	അകത്തേത്തറ പഞ്ചായത്ത് പട്ടികജാതി സേവന സഹകരണ സംഘം	അകത്തേത്തറ	1
40	എലപ്പുള്ളി പട്ടികജാതി സേവന സഹകരണ സംഘം	എലപ്പുള്ളി	1
41	പിരായിരി പട്ടികജാതി സേവന	പിരായിരി	1

	സഹകരണ സംഘം		
42	മലമ്പുഴ പട്ടികവർഗ സേവന സഹകരണ സംഘം	മലമ്പുഴ	1
43	പെരുമാട്ടി പട്ടികജാതി സേവന സഹകരണ സംഘം	പെരുമാട്ടി	1
44	കൊടുവായൂർ പട്ടികജാതി സേവന സഹകരണ സംഘം	കൊടുവായൂർ	1
45	ചാത്തമംഗലം പട്ടികജാതി സേവന സഹകരണ സംഘം	നെന്മാറ	1
46	പുതുനഗരം പട്ടികജാതി സേവന സഹകരണ സംഘം	പുതുനഗരം	1
47	അയിലൂർ പട്ടികജാതി സേവന സഹകരണ സംഘം	അയിലൂർ	1
48	നല്ലേപ്പിള്ളി പട്ടികജാതി സേവന സഹകരണ സംഘം	നല്ലേപ്പിള്ളി	1
49	പട്ടഞ്ചേരി പട്ടികജാതി സേവന സഹകരണ സംഘം	പട്ടഞ്ചേരി	1
50	മഹാത്മാഗാന്ധി പട്ടികജാതി സേവന സഹകരണ സംഘം	ചിറ്റൂർ തത്തമംഗലം മുൻസിപ്പിലാറ്റി	1
51	പല്ലശ്ശന പട്ടികജാതി സേവന സഹകരണ സംഘം	പല്ലശ്ശന	1
52	വടവന്നൂർ പട്ടികജാതി സേവന സഹകരണ സംഘം	വടവന്നൂർ	1
53	തേക്കടി ഗിരിജൻ സഹകരണ സംഘം	മുതലമട	1
54	മുതലമട പട്ടികജാതി സേവന സഹകരണ സംഘം	മുതലമട	1
55	മൂങ്കിൽമട പട്ടികജാതി സേവന സഹകരണ സംഘം	വണ്ണാമട	1

56	കൊല്ലങ്കോട് പട്ടികജാതി സേവന സഹകരണ സംഘം	കൊല്ലങ്കോട്	1
57	കൊഴിഞ്ഞാമ്പാറ പട്ടികജാതി സേവന സഹകരണ സംഘം	കൊഴിഞ്ഞാമ്പാറ	1
58	എലവഞ്ചേരി പട്ടികജാതി സേവന സഹകരണ സംഘം	എലവഞ്ചേരി	1
59	അരിയൂർ പട്ടികജാതി സഹകരണ സംഘം	കോട്ടോപ്പാടം	1
60	അട്ടപ്പാടി പട്ടികജാതി പട്ടികവർഗ സഹകരണ സംഘം	അഗളി	1
61	കാരകുറുശ്ശി പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം	കാരകുറുശ്ശി	1
62	കുമരംപുത്തൂർ പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം	കുമരംപുത്തൂർ	1
63	മണ്ണാർക്കാട് പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം	മണ്ണാർക്കാട് മുൻസിപ്പാലിറ്റി	1
64	അലനല്ലൂർ പട്ടികജാതി സഹകരണ സംഘം	അലനല്ലൂർ	1
65	അട്ടപ്പാടി പട്ടികജാതി പട്ടികവർഗ സഹകരണ സംഘം	അഗളി	1
66	പൊറ്റശ്ശേരി പഞ്ചായത്ത് പട്ടികജാതി സേവന സഹകരണ സംഘം	കാഞ്ഞിരപ്പുഴ	1
67	തച്ചമ്പാറ പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം	തച്ചമ്പാറ	1
68	തച്ചനാട്ടുകര പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം	തച്ചനാട്ടുകര	1
69	കോട്ടത്തറ പട്ടിക വർഗ സഹകരണ സംഘം	ഷോളയൂർ	1
70	കുമ്പ പട്ടികവർഗ കോ-ഓപ്പറേറ്റീവ്	അഗളി	1

	സൊസൈറ്റി		
71	പുതൂർ പട്ടികവർഗ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	പുതൂർ	1
72	ഷോളയൂർ പട്ടികവർഗ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	ഷോളയൂർ	1
73	അഗളി പട്ടികവർഗ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	അഗളി	1
74	മണ്ണാർക്കാർ ബ്ലോക്ക് പട്ടികവർഗ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	കാഞ്ഞിരപ്പുഴ	1
75	മുക്കാലി പട്ടികവർഗ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	അഗളി	1
76	പറമ്പിക്കുളം പട്ടികവർഗ സഹകരണ സംഘം	മുതലമട	1
77	നെല്ലിയാമ്പതി പട്ടികവർഗ സഹകരണ സംഘം	നെല്ലിയാമ്പതി	1
78	പാലക്കാട് ജില്ലാ ട്രൈബൽ യുവജനസഹകരണ സംഘം	അഗളി	1
79	അട്ടപ്പാടി ട്രൈബൽ താലൂക്ക് പട്ടികവർഗ കായിക വികസന സഹകരണ സംഘം	പുതൂർ	1

(ബി) പ്രസ്തുത സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും പുനരുജ്ജീവനത്തിനും എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

പുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രവർത്തനരഹിതമായ പട്ടികജാതി പട്ടികവർഗ സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി/

അഡ്മിനിസ്ട്രേറ്റർമാരെ നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതികളിലുൾപ്പെടുത്തി താഴെപ്പറയുന്ന ഇനങ്ങളിൽ ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

1. മാനേജീരിയൽ സബ്സിഡി
2. കെട്ടിട പുനരുദ്ധാരണ ഗ്രാന്റ്
3. പ്രവർത്തന മൂലധന ഗ്രാന്റ്
4. സർക്കാർ ഓഹരി മൂലധനം
5. പുനരുദ്ധാരണം/വികസനത്തിനായി ധനസഹായം
6. സ്പെഷ്യൽ റിവൈവൽ ധനസഹായം
7. പുനർജനി പദ്ധതി

പുനർജനി പദ്ധതി- പുനർജനി പദ്ധതിപ്രകാരം പ്രവർത്തനക്ഷമമായ പട്ടികജാതി സഹകരണ സംഘങ്ങളെ സ്വയംപര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനായി പാലക്കാട്

ജില്ലയിലെ 7 പട്ടികജാതി/പട്ടികവർഗ സഹകരണ സംഘങ്ങൾക്ക് 1.74 കോടി രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്.

കടാശ്വാസ കമ്മീഷന്റെ തുക സഹകരണ സംഘങ്ങൾക്ക് അനുവദിക്കുന്നത്

217(2572) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടാശ്വാസ കമ്മീഷൻ അനുവദിച്ച തുക സഹകരണ സംഘങ്ങൾക്ക് നൽകാത്തതുമൂലം സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 700 കോടിയോളം രൂപ കടാശ്വാസ കമ്മീഷൻ അനുവദിച്ചുനൽകിയിട്ടും സഹകരണ സംഘങ്ങൾക്ക് സംസ്ഥാന സർക്കാർ തുക കൈമാറാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സഹകരണ സംഘങ്ങൾക്ക് തുക സമയബന്ധിതമായി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ-സി) ഒരോ ജില്ലയിലും സിറ്റിങ് നടത്തിയശേഷം കടാശ്വാസ കമ്മീഷൻ അവാർഡുചെയ്യുന്ന തുക സംബന്ധിച്ച പ്രൊപ്പോസൽ ബന്ധപ്പെട്ട വകുപ്പിൽ ലഭിക്കുന്നമുറയ്ക്ക് ആയത് സഹകരണ സംഘം രജിസ്ട്രാർ മുഖേന

പരിശോധന നടത്തി, ധനകാര്യ വകുപ്പിന്റെ അനുമതിയോടെ പ്രസ്തുത തുക അനുവദിക്കുകയും ചെയ്യുന്നു. തുടർന്ന് ടി തുക ഡയറക്ടറേറ്റ് മുഖേന സഹകരണ സംഘം രജിസ്ട്രാർക്ക് കൈമാറുകയും രജിസ്ട്രാർ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്യുകയുമാണ് ചെയ്തുവരുന്നത്. അപേക്ഷകളുടെ ആധിക്യവും അവാർഡ് ചെയ്യുന്ന അപേക്ഷകളുടെ എണ്ണത്തിലുള്ള വർധനവും കടാശ്വാസ വിതരണ നടപടി മന്ദഗതിയിലാകുന്നുണ്ട്. നിലവിൽ കടാശ്വാസ കമ്മീഷൻ സർക്കാരിലേക്ക് ശിപാർശ ചെയ്ത തുകയിൽ 10,03,63,827/- രൂപ കാർഷിക കടാശ്വാസമായി ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സാഗർ മാല പദ്ധതി

218(2573) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഗർമാല പദ്ധതിയിലുൾപ്പെടുത്തി എത്ര തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനാണ് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സാഗർമാല പദ്ധതിയിലുൾപ്പെടുത്തി കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ ആഴം വർധിപ്പിക്കുവാനും അധികമായി വാർഫ് നിർമ്മിക്കുവാനുമുള്ള പദ്ധതികളാണ് ധനസഹായത്തിനായി കേന്ദ്രസർക്കാരിന് മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്. പൊന്നാനിയിൽ ഒരു പുതിയ വാർഫ് നിർമ്മിക്കുന്ന പദ്ധതിയും സാഗർമാല പദ്ധതി വഴി ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ പാരിസ്ഥിതികാഘാത പഠനം നടത്തി സമർപ്പിക്കുവാൻ സാഗർമാല സെൽ അറിയിച്ചതിനെത്തുടർന്ന് ഇതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി മുഖേന ആലപ്പുഴയിൽ തുറമുഖം വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ആലപ്പുഴ തുറമുഖത്ത് ടൂറിസം വകുപ്പ് നിർമ്മിക്കാനുദ്ദേശിക്കുന്ന കടൽപ്പാലത്തിന് ലംബമായി ഒരു വാർഫ് നിർമ്മിക്കുന്ന പദ്ധതി

സാഗർമാല മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഭാവിയിൽ തുറമുഖ പദ്ധതിക്കായി ഈ വാർഫ് ഉപയോഗിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം

219(2574) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിനും ട്രയൽ റൺ വിജയകരമായി പൂർത്തിയാക്കുന്നതിനും സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ട്രയൽ റൺ ഉൾപ്പെടെയുള്ള തുറമുഖ പ്രവർത്തനം ആരംഭിക്കുന്നതിന് മുന്നോടിയായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും അംഗീകാരങ്ങളും അനുമതികളും നേടിയെടുക്കുന്നതിനായി കൺസഷണയറായ കരാർ കമ്പനിയും (AVPPL) സംസ്ഥാന സർക്കാരും

ആവശ്യമായ നടപടി സ്വീകരിച്ചിരുന്നു. വിവിധ അപേക്ഷകൾ അതത് വകുപ്പുകളിലേക്ക് കൺസഷണയർ സമർപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് നടന്ന വിവിധ വിലയിരുത്തൽ യോഗങ്ങളിലും തുറമുഖ സൗകര്യങ്ങളുടെ സൈറ്റ് പരിശോധനയിലും കൺസഷണയറുടെയും സർക്കാരിന്റെ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുത്ത് ആവശ്യമായ വിശദീകരണങ്ങളും ആവശ്യപ്പെട്ട അധിക രേഖകളും നൽകുകയുണ്ടായി. അപേക്ഷകൾ തീർപ്പാക്കി, ത്വരിതഗതിയിൽ അംഗീകാരങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ അനന്തര നടപടി സർക്കാരിന്റെ വിവിധ തലങ്ങളിൽ സ്വീകരിക്കുകയുമുണ്ടായി.

(ബി) നിർമ്മാണപ്രവർത്തനങ്ങളുടെ നാല് ഘട്ടങ്ങളിലായി പൂർത്തീകരിക്കുവാനുദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിന് മുന്നോടിയായുള്ള ട്രയൽ റണ്ണാണ് ഇപ്പോൾ പുരോഗമിക്കുന്നത്. ഒന്നാം ഘട്ടത്തിൽ 2.9 Km പുലിമുട്ട്, 800 m ബെർത്ത്, 63 ഹെക്ടർ റിക്ലമേഷൻ,

ആവശ്യമായ യന്ത്രോപകരണങ്ങൾ എന്നീ ഘടകങ്ങൾ പൂർത്തിയായിട്ടുണ്ട്. 1 മില്ല്യൻ TEU ആണ് തുറമുഖത്തിന്റെ ഒന്നാംഘട്ട ശേഷി. ആർബിട്രേഷൻ നടപടി ഒത്തുതീർപ്പായതിന്റെ വ്യവസ്ഥപ്രകാരം AVPPL 2028 ഡിസംബറിന് മുമ്പുതന്നെ തുറമുഖത്തിന്റെ 2, 3, 4 ഘട്ടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. തുടർഘട്ടങ്ങൾ കൂടി പൂർത്തിയാകുമ്പോൾ ആകെ 2000m നീളത്തിൽ ബെർത്തും അത് പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ പുലിമുട്ടിന്റെ നീളവും റിക്ലമേഷൻ പ്രവൃത്തികളും ആവശ്യമായ യന്ത്രോപകരണങ്ങളുടെ സ്ഥാപിക്കലും പൂർത്തീകരിക്കും. പ്രസ്തുത ഘടകങ്ങൾ പൂർത്തീകരിക്കുന്നതോടുകൂടി തുറമുഖത്തിന്റെ ശേഷി 3 മില്യൺ TEU ആയി ഉയരുന്നതാണ്. തുടർഘട്ടങ്ങളുടെ പദ്ധതിച്ചെലവായി ഏകദേശം 9500 കോടി രൂപയാണ് AVPPL കണക്കാക്കിയിട്ടുള്ളത്. പ്രസ്തുത തുക പൂർണ്ണമായും AVPPL വഹിക്കുന്നതുമാണ്. തുടർ ഘട്ടങ്ങൾക്കുള്ള പാരിസ്ഥിതികാഘാത പഠനങ്ങൾ നടത്തി, Kerala State Pollution Control Board മുമ്പാകെ പബ്ലിക് ഹിയറിങ് 2024 ജൂൺ 19-ന് നടത്തുകയും ചെയ്തിട്ടുണ്ട്. പബ്ലിക് ഹിയറിംഗിൽ ഉന്നയിച്ച ആവശ്യങ്ങളും

പരാതികളുംകൂടി പരിഗണിച്ച് തയ്യാറാക്കിയ കരട് EIA റിപ്പോർട്ട് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് (KCZMA) സമർപ്പിച്ചിട്ടുണ്ട്. KCZMA-യുടെ ശിപാർശയോടെ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് തുടർ ഘട്ടങ്ങളുടെ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കും.

മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ

220(2575) ശ്രീ കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. ആൻസലൻ:
ശ്രീ വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ പരിപാലനത്തിനും തുറമുഖത്തെത്തുന്ന യാനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും മാരിടൈം ബോർഡ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് കേരള മാരിടൈം ബോർഡിന്റെ കീഴിൽ നിലവിൽ വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ നാല് തുറമുഖങ്ങളാണ്

പ്രവർത്തനസജ്ജമായിട്ടുള്ളത്. യാനങ്ങൾ അടുപ്പിക്കുന്നതിനാവശ്യമായ ക്രെയിൻ, വാർഫ്, മറ്റ് യന്ത്രസാമഗ്രികൾ തുടങ്ങിയവ ഈ തുറമുഖങ്ങളിൽ ലഭ്യമാണ്. ഈ നാല് തുറമുഖങ്ങളിലും അന്താരാഷ്ട്ര കപ്പൽ അടുക്കുന്നതിനാവശ്യമായ ഐ.എസ്.പി.എസ്. കോഡ് ലഭ്യമായിട്ടുണ്ട്. വിഴിഞ്ഞം, ബേപ്പൂർ, കൊല്ലം തുറമുഖങ്ങൾക്ക് കസ്റ്റംസ് നോട്ടിഫൈഡ് ICP സ്റ്റാറ്റസും ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ഈ നാല് തുറമുഖങ്ങളിലും അന്താരാഷ്ട്ര ചരക്ക്/പാസഞ്ചർ കപ്പലുകൾ അടുക്കുന്നതിനനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ട്.

(ബി) വിഴിഞ്ഞം തുറമുഖത്തിന്റെ ഇന്നർ ആങ്കറേജിൽ ക്രൂ ചെയിഞ്ചിങ് സൗകര്യം നിലവിലുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഇന്നർ ആങ്കറേജിൽ ക്രൂ ചെയിഞ്ചിങ് നടത്തുന്നതിനാവശ്യമായ കേന്ദ്രാനുമതി വിഴിഞ്ഞം തുറമുഖത്തിന് ലഭ്യമായിട്ടുണ്ട്.

(സി) ഔട്ടർ ആങ്കറേജിലുള്ള ക്രൂ ചെയിഞ്ചിങ് സൗകര്യം പുനരാരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇതിനായി സംസ്ഥാനം നടത്തിയിട്ടുള്ള ഇടപെടലുകൾ സംബന്ധിച്ച് വിശദീകരിക്കുമോ?

ഇല്ല. ഔട്ടർ ആങ്കറേജിലുള്ള ക്രൂ ചെയ്ഞ്ചിങ് സൗകര്യം പുനരാരംഭിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട്, ബോർഡിന്റെ ഭാഗത്തുനിന്നും സർക്കാരിന്റെ ഭാഗത്തുനിന്നും മുഖ്യമന്ത്രിതലത്തിൽനിന്നും കേന്ദ്രസർക്കാരിന് കത്തുകൾ നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെയും അനുകൂല തീരുമാനം ഉണ്ടായിട്ടില്ല. ഔട്ടർ ആങ്കറേജിൽ ക്രൂ ചെയ്ഞ്ചിങ് പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്റ്റീമർ ഏജന്റ്സ് അസോസിയേഷൻ, വിഴിഞ്ഞം ഫയൽ ചെയ്ത ഒരു കേസ് ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ഡി) ഔട്ടർ ആങ്കറേജിൽ ക്രൂ ചെയിഞ്ചിങ് സൗകര്യം പുനരാരംഭിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളത്; ഇമിഗ്രേഷൻ ബ്യൂറോയുടെ തീരുമാനത്തിന് പിന്നിൽ നിയമപരമായ എന്തെങ്കിലും കാരണങ്ങൾ ഉള്ളതായി അറിയിച്ചിരുന്നോ; വിശദമാക്കുമോ?

ഔട്ടർ ആങ്കറേജിൽ ക്രൂ ചെയ്ഞ്ചിങ് സൗകര്യം കോവിഡ് സമയത്ത് നൽകിയ പ്രത്യേക അനുമതിയാണെന്നും അത് പുനരാരംഭിക്കുന്നത് വിസ നിയമങ്ങൾക്ക് വിരുദ്ധമാണെന്നുമാണ് കേന്ദ്രസർക്കാർ നിലപാട്.

വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിനുള്ള സാധ്യതകൾ

221(2576) ശ്രീ. എം. വിൻസെന്റ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തോടനുബന്ധിച്ച് വ്യവസായങ്ങൾക്കും അനുബന്ധ വികസനത്തിനുമുള്ള സാധ്യതകൾ കണ്ടെത്തുന്നതിനായി കൺസൾട്ടൻസിയെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ വ്യക്തമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തനക്ഷമമാകുന്നതോടുകൂടി പ്രസ്തുത പ്രദേശത്ത് നിരവധി വ്യവസായങ്ങൾക്കും അനുബന്ധ വികസനങ്ങൾക്കും സാധ്യതയുണ്ട്. ടി വികസന പദ്ധതികൾ നടപ്പാക്കുന്നതിനോടൊപ്പം വിഴിഞ്ഞത്തെയും സമീപ പ്രദേശങ്ങളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കൂടി കഴിയും. തുറമുഖത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന വിവിധ വികസന സാധ്യതകൾ പരിശോധിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതിലേക്കായി

അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു കൺസൾട്ടന്റിനെ ട്രാൻസാക്ഷൻ അഡ്വൈസറായി കണ്ടെത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിൻപ്രകാരം കൺസൾട്ടന്റിനെ കണ്ടെത്തുന്നതിനായുള്ള ടെൻഡർ നടപടി പുരോഗമിക്കുകയാണ്.

(ബി) ഏത് ഏജൻസിയെയാണ് കൺസൾട്ടൻസിയായി നിയോഗിച്ചിട്ടുള്ളതെന്നും എന്തൊക്കെ കാര്യങ്ങളാണ് പ്രസ്തുത കൺസൾട്ടൻസി പഠനവിധേയമാക്കുന്നതെന്നും വ്യക്തമാക്കുമോ; പ്രസ്തുത കൺസൾട്ടൻസി നടത്തുന്ന പഠനത്തിന് എന്ത തുക ചെലവ് വരുമെന്ന് വ്യക്തമാക്കാമോ?

കൺസൾട്ടന്റിനെ കണ്ടെത്തുന്നതിനായുള്ള ടെൻഡർ നടപടി പുരോഗമിക്കുകയാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തനക്ഷമമാകുന്നതോടുകൂടി ടി പ്രദേശത്ത് നിരവധി വ്യവസായങ്ങൾക്കും അനുബന്ധ വികസനങ്ങൾക്കും സാധ്യതയുണ്ട്. തുറമുഖത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന വിവിധ വികസന സാധ്യതകൾ പഠിച്ച് പദ്ധതികൾ തയ്യാറാക്കുവാനാണ് പ്രസ്തുത

കൺസൾട്ടൻസി കൊണ്ടുദ്ദേശിക്കുന്നത്. പ്രസ്തുത കൺസൾട്ടൻസി നടത്തുന്ന പഠനത്തിന് ചെലവാകുന്ന തുക ടെൻഡർ നടപടി പൂർത്തിയായതിനുശേഷം മാത്രമേ വ്യക്തമാകുകയുള്ളൂ.

(സി) വിഴിഞ്ഞം തുറമുഖത്തോടനുബന്ധിച്ചുള്ള വികസന പ്രവർത്തനങ്ങളിൽ പരിസ്ഥിതി സൗഹൃദ ഭ്രവിനിയോഗം ഉറപ്പാക്കുന്നതിനും സുസ്ഥിരവികസന മാതൃകകൾ പിന്തുടരുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

പരിശോധിക്കുന്നതാണ്.

തുറമുഖങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം

222(2577) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിനും ചരക്ക് നീക്കത്തിനും നിർണ്ണായക പങ്കുവഹിക്കാൻ കഴിയുന്നവിധം സംസ്ഥാനത്തെ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കപ്പൽ സർവീസ് വർധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കേരള മാരിടൈം ബോർഡിന് കീഴിലുള്ള നാല് നോൺ മേജർ തുറമുഖങ്ങൾ ചരക്കുനീക്കത്തിനും വിനോദസഞ്ചാര വികസനത്തിനും ഉതകുന്ന തരത്തിൽ സർവീസ് നടത്തുന്നതിന് അനുയോജ്യമാണ്. എന്നാൽ നിലവിലെ അവസ്ഥയിൽ ചരക്ക് നീക്കവും പാസഞ്ചർ കപ്പലുകളുടെ നീക്കവും ക്രൂയിസ് വെസലുകളുടെ ഓപ്പറേഷനും പരിമിതമായി മാത്രമേ നടക്കുന്നുള്ളൂ. ഇതിനെ പരിപോഷിപ്പിക്കുന്നതിനായി കേരള മാരിടൈം ബോർഡ് ചരക്ക് കപ്പൽ മേഖലയിലെ സർവീസ് പ്രൊവൈഡേഴ്സുമായും വ്യാപാര മേഖലയിലെ പ്രമുഖരുമായും ചർച്ച നടത്തി വരികയാണ്. നോൺ മേജർ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ചരക്ക് ഗതാഗതം പുനരാരംഭിക്കുന്നതിനായി 2023 ഒക്ടോബറിൽ മുംബൈയിൽ വച്ച് നടന്ന ഗ്ലോബൽ മാരിടൈം ഇന്ത്യ സമ്മിറ്റിൽ മുംബൈ ആസ്ഥാനമാക്കിയുള്ള ഒരു സ്ഥാപനം സമർപ്പിച്ച നിർദ്ദേശം കേരള മാരിടൈം ബോർഡിന്റെ പരിഗണനയിലാണ്.

(ബി) തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനും തുറമുഖ വകുപ്പിന് കീഴിലുള്ള സ്ഥലങ്ങളെ മറൈൻ, ടൂറിസം വികസന

പദ്ധതികൾക്ക് പ്രയോജനപ്പെടുത്തുന്നതിനുമായി തുറമുഖങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം പൂർത്തീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ കേരള മാരിടൈം ബോർഡിന് കീഴിലുള്ള നാല് തുറമുഖങ്ങളിലും തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനും മറൈൻ ടൂറിസം വികസന പദ്ധതികൾക്ക് പ്രയോജനപ്പെടുത്തുന്നതിനുമായുള്ള അടിസ്ഥാന സൗകര്യം നിലവിലുണ്ട്. തുറമുഖങ്ങളുടെ ആഴം വർധിപ്പിക്കുന്നതിനും ആവശ്യമെങ്കിൽ അഡീഷണൽ വാർഫുകൾ നിർമ്മിക്കുന്നതിനും കേരള മാരിടൈം ബോർഡ് നടപടി സ്വീകരിച്ചു വരുന്നു.

തുറുഖ വകുപ്പിന്റെ കീഴിലുള്ള കരിങ്കൽ ക്വാറി

223(2578) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിന്റെ കീഴിൽ മലപ്പുറം ജില്ലയിലെ പുളിക്കൽ ഗ്രാമപഞ്ചായത്തിൽ കരിങ്കൽ ക്വാറിക്കായി (പാറമട) ഉപയോഗിക്കുന്ന

സ്ഥലമുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ഏത്ര സ്ഥലമാണ് വകുപ്പിന്റെ കീഴിലുള്ളതെന്ന വിശദാംശം ലഭ്യമാക്കുമോ?

മലപ്പുറം ജില്ലയിലെ പുളിക്കൽ ഗ്രാമപഞ്ചായത്തിൽ കരിങ്കൽ ക്വാറിയായി ഉപയോഗിച്ചിരുന്ന സ്ഥലം നിലവിൽ ഹാർബർ എഞ്ചിനീയറിങ് വകുപ്പിന്റെ അധീനതയിലാണ്.

(ബി) നിലവിൽ ഇവിടെ കരിങ്കൽ ഖനനം നടത്തുന്നുണ്ടോ?

ഇല്ല.

(സി) ഈ ക്വാറി ലീസിന് എടുക്കുന്നതിനോ ഇവിടെനിന്ന് കരിങ്കൽ ഖനനം നടത്തുന്നതിനോ അനുമതി നൽകണമെന്നാവശ്യപ്പെട്ട് ആരെങ്കിലും വകുപ്പിനെ സമീപിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ വകുപ്പ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഈ സ്ഥലത്ത് കരിങ്കൽ ഖനനം നടത്തുന്നതിനുള്ള അനുമതിക്കായി കേരള മാരിടൈം ബോർഡിന് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്നതിനുള്ള അനുമതി ആവശ്യപ്പെട്ട് 2011-ൽ ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്. സ്ഥലം ഹാർബർ എഞ്ചിനീയറിങ്

വകുപ്പിന്റെ അധീനതയിൽ ആയതിനാൽ തുറമുഖ വകുപ്പിൽ നടപടി സ്വീകരിച്ചിട്ടില്ല.

യാത്രാകപ്പൽ സർവ്വീസ്

224(2579) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം തുറമുഖത്തുനിന്ന് യാത്രാകപ്പൽ സർവീസ് നടത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം തുറമുഖത്ത് യാത്രാകപ്പൽ അടുക്കുന്നതിനുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാണ്. കേരള മാരിടൈം ബോർഡ് മുൻകൈയെടുത്ത് സ്വകാര്യ സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റോഷ്വേ നിർമ്മാണം

225(2580) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ ഹിൽടോപ്പിൽനിന്നും ശബരിമല വരെ 2.7 കിലോമീറ്റർ റോപ്പ്വേ നിർമ്മാണം ഇക്കൊല്ലത്തെ മണ്ഡലകാലത്തിന് മുമ്പായി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) റോപ്പ്വേ നിർമ്മിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടി സ്വീകരിച്ച് വരുന്നുണ്ടെന്ന് വിശദമാക്കാമോ?

(എ&ബി) ശബരിമല റോപ്പ്വേ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ, നടത്തിപ്പ് എന്നിവ M/s Eighteenth Step Damodar Cable Car Pvt Ltd. എന്ന കമ്പനിക്ക് റവന്യൂ ഷെയർ അടിസ്ഥാനത്തിൽ കരാർ നൽകിയിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം ശബരിമല റോപ്പ്വേ പദ്ധതിക്കായി ജോയിന്റ് സർവേ പൂർത്തീകരിക്കുകയും ഇതുസംബന്ധിച്ച റിപ്പോർട്ടും രേഖാചിത്രവും പെരിയാർ ടൈഗർ റിസർവ് വെസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ ബഹു. ഹൈക്കോടതിയിൽ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ഫോറസ്റ്റ് & വൈൽഡ് ലൈഫ് ക്ലിയറൻസിന് അപേക്ഷിക്കുന്നതിനുള്ള അനുമതി ഹൈക്കോടതി നൽകുകയും ചെയ്തിട്ടുണ്ട്. റോപ്പ്വേ പദ്ധതിക്കായി

ഏറ്റെടുക്കേണ്ടിവരുന്ന വനഭൂമിക്കുപകരം ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച വിഷയം നിലവിൽ വനം വകുപ്പിന്റെ പരിശോധനയിലാണ്. പരിഹാരവനവൽകരണത്തിനുള്ള ഭൂമി സംബന്ധിച്ച സർക്കാർ ഉത്തരവ് റവന്യൂ വകുപ്പ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ശബരിമല റോപ്പ്വേ പദ്ധതിക്കായി തയ്യാറാക്കിയിട്ടുള്ള പുതിയ സർവെ സ്കെച്ച് അനുസരിച്ച് ആവശ്യമായ വനഭൂമി ഡൈവർട്ട് ചെയ്ത് ലഭിക്കുന്നതിനായി PARIVESH Portal-ൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്.

(സി) റോപ്പ്വേയുടെ നിർമ്മാണം പൂർത്തിയായാൽ ശാരീരിക ബുദ്ധിമുട്ടുള്ളവർക്ക് മുൻഗണന കൊടുത്തുകൊണ്ടുള്ള പ്രവർത്തനത്തിന് പ്രാധാന്യം നൽകുമോ?

പ്രധാനമായും ചരക്കുനീക്കത്തിനുവേണ്ടിയാണ് റോപ്പ്വേ സംവിധാനം ഏർപ്പെടുത്തുന്നത്. അത്യാവശ്യ ഘട്ടങ്ങളിൽ ശാരീരിക ബുദ്ധിമുട്ടുള്ളവരെ താഴെ എത്തിക്കുന്നതിന് EMERGENCY EVACUATION AMBULANCE സംവിധാനവും ഏർപ്പെടുത്തുന്നുണ്ട്.

(ഡി) നിലവിലെ ചരക്ക് നീക്കത്തിന് റോപ്പ്വേയുടെ നിർമ്മാണത്തോടെ ഗുണകരമായ മാറ്റം ഉണ്ടാകുമോ; ഉണ്ടെങ്കിൽ എങ്ങനെയായിരിക്കുമെന്ന് വിശദമാക്കാമോ?

റോപ്പ്വേ സ്ഥാപിക്കുന്നതോടെ നിലവിലുള്ള ചരക്ക് നീക്കത്തിന് ഗുണകരമായ മാറ്റമുണ്ടാകും. ഇപ്പോൾ ട്രാക്ടർ സംവിധാനമാണ് ഉപയോഗിച്ചുവരുന്നത്. റോപ്പ്വേ വരുന്നതോടെ ചരക്കുനീക്കം കൂടുതൽ കാര്യക്ഷമമാകുകയും ഒപ്പം അപകടങ്ങൾ ഒഴിവാക്കുവാനും സാധിക്കും.

(ഇ) ഇതിനുവേണ്ടി വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

റൈറ്റ്സ് (RITES) എന്ന സ്ഥാപനം തയ്യാറാക്കിയ "TECHNO FEASIBILITY REPORT"-ന്റെ അടിസ്ഥാനത്തിൽ താൽപ്പര്യപത്രം ക്ഷണിച്ച്, അതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത M/s Eighteenth Step Damodar Cable Car Pvt Ltd. എന്ന കമ്പനി ഇതുസംബന്ധിച്ച് വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരികയാണ്. ആയത് ഉടൻതന്നെ സമർപ്പിക്കാമെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്.

എരുമേലി മാസ്റ്റർപ്ലാൻ പദ്ധതിയുടെ പുരോഗതി

226(2581) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യത്തിന് ദുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ 10 കോടി രൂപ അനുവദിച്ചിട്ടുള്ള എരുമേലി മാസ്റ്റർപ്ലാൻ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

2023-24 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ എരുമേലി മാസ്റ്റർപ്ലാനിനുവേണ്ടി 10 കോടി രൂപ അധികമായി വകയിരുത്തുന്നതായി പ്രഖ്യാപിച്ചിരുന്നു. തുടർന്ന് എരുമേലി മാസ്റ്റർപ്ലാൻ വിഭാവനം ചെയ്യുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബഹു. ദേവസ്വം വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 06-06-2023-ന് യോഗം ചേരുകയും എരുമേലി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി ഒരു കൺസൾട്ടന്റ് സ്ഥാപനത്തെ കണ്ടെത്തുന്നതിന് താല്പര്യപത്രം ക്ഷണിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ആയതിന്റെ

അടിസ്ഥാനത്തിൽ താല്പര്യപത്രം ക്ഷണിച്ചതിൽ M/s Capital Engineering Consultancy Private Limited എന്ന സ്ഥാപനം ക്വട്ടേഷൻ സമർപ്പിച്ചിട്ടുണ്ട്.

ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ

227(2582) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ദേവസ്വം ബോർഡ് 2022-23, 2023-24 വർഷങ്ങളിലായി ഏതൊക്കെ ക്ഷേത്രങ്ങൾക്കാണ് വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; ഓരോ ക്ഷേത്രത്തിനും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ദേവസ്വം ബോർഡ് 2022-23, 2023-24 വർഷങ്ങളിലായി വികസന പ്രവർത്തനങ്ങക്ക് ഫണ്ട് അനുവദിച്ച ക്ഷേത്രങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

തൃക്കാരിയൂർ മഹാദേവക്ഷേത്ര നവീകരണം

228(2583) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തൃക്കാരിയൂർ മഹാദേവ ക്ഷേത്രത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡ് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷേത്രവുമായി ബന്ധപ്പെട്ട് പുതിയതായി നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

(എ&ബി) തൃക്കാരിയൂർ മഹാദേവ ക്ഷേത്രത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ചുവടെപ്പറയുന്ന പദ്ധതികൾ ദേവസ്വം ബോർഡ് നടപ്പാക്കാനുദ്ദേശിക്കുന്നതായി അറിയിച്ചിട്ടുണ്ട്.

i. ഊട്ടുപുരയുടെ നന്നാക്കലും പരിപാലനവും
ii. ഭജനമഠം, ദേവസ്വം ഓഫീസ് ബിൽഡിങ്, സ്റ്റോർ റൂം എന്നിവയുടെ നന്നാക്കലും പരിപാലനവും, ടോയ്‌ലറ്റ് നിർമ്മാണം
iii. Temple structures-ന്റെ നന്നാക്കലും പരിപാലനവും
iv. ആനക്കൊട്ടിലിന്റെ നന്നാക്കലും പരിപാലനവും

സമഗ്ര നിയമം

229(2584) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ ദേവസ്വം ബോർഡ് സമഗ്ര നിയമം നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

മലബാർ ദേവസ്വം ബോർഡ് സമഗ്ര നിയമം നടപ്പാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കാലാവധി

230(2585) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡ് ഭരണസമിതികളുടെ നിലവിലെ കാലാവധി അറിയിക്കാമോ?

തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വങ്ങളിൽ ബോർഡ് അംഗങ്ങളുടെ കാലാവധി നോമിനേഷൻ/ഇലക്ഷൻ തീയതി മുതൽ 2 വർഷവും ഗുരുവായൂർ ദേവസ്വത്തിൽ നോമിനേറ്റ് ചെയ്യപ്പെടുന്ന മാനേജിങ് കമ്മിറ്റി അംഗങ്ങളുടെ കാലാവധി നോമിനേഷൻ തീയതി മുതൽ 2 വർഷവും കൂടൽമാണിക്യം ദേവസ്വത്തിൽ നോമിനേറ്റ് ചെയ്യപ്പെടുന്ന മാനേജിങ് കമ്മിറ്റി അംഗങ്ങളുടെ കാലാവധി നോമിനേഷൻ തീയതി മുതൽ 3 വർഷവുമാണ്.

(ബി) ദേവസ്വം ബോർഡുകളുടെ കാലാവധി കുറയുന്നത് വികസനപ്രവർത്തനങ്ങൾക്കും പദ്ധതികളുടെ ആവിഷ്കരണത്തിലും തടസ്സമാകുന്നത് കണക്കിലെടുത്ത് ദേവസ്വം ബോർഡുകളുടെ കാലാവധി ഏകീകരിച്ച് ഉത്തരവാകുന്നതിന് നടപടി സ്വീകരിക്കാമോ?

ദേവസ്വം ബോർഡുകളുടെ കാലാവധി ഏകീകരിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകൾ നിലവിൽ പരിഗണനയിലില്ല.

ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർമാരായി വിരമിച്ചവരുടെ ആനുകൂല്യങ്ങൾ

231(2586) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർമാരായി വിരമിച്ചവരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദവിവരം നൽകാമോ?

മലബാർ ദേവസ്വം ബോർഡിൽ എക്സിക്യൂട്ടീവ് ഓഫീസർമാരായി വിരമിച്ചവരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നതിൽ നിലവിൽ തടസങ്ങളില്ല.

ദേവസ്വം ബോർഡ് ഹൈസ്കൂൾ കെട്ടിടത്തിലെ താത്കാലിക അഗ്നിരക്ഷാ നിലയത്തിന് തുടർ പ്രവർത്തനാനുമതി

232(2587) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമേലിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള അഗ്നിരക്ഷാ നിലയം സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

31-07-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 159/2015 പ്രകാരം തസ്തിക സൃഷ്ടിച്ച് ഭരണാനുമതി നൽകിയ എരുമേലി ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് എരുമേലി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ അഞ്ചാം വാർഡിൽ എരുമേലി തെക്കേ വില്ലേജിൽ സർവെ നം. 184/1, 185/1-ൽപ്പെട്ട 6.72 ആർ (16.598 സെന്റ്) സ്ഥലം സൗജന്യമായി വിട്ട് നൽകാമെന്ന് എരുമേലി ഗ്രാമപഞ്ചായത്ത്

അറിയിക്കുകയുണ്ടായതായും പ്രസ്തുത സ്ഥലം ഫയർ & റെസ്ക്യൂ വിഭാഗം പരിശോധിച്ച് അനുയോജ്യമാണെന്നുള്ള സാക്ഷ്യപത്രം എരുമേലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ടെന്നും ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി താലൂക്ക് സർവേയർ അളന്ന് തിട്ടപ്പെടുത്തി കല്ലിട്ട് തിരിച്ചിട്ടുള്ളതും സർവേയറുടെ റിപ്പോർട്ടും സ്കെച്ചും മറ്റ് രേഖകളും സഹിതം പ്രസ്തുത സ്ഥലം ഫയർ & റെസ്ക്യൂ വിഭാഗത്തിന് കൈമാറുന്ന നടപടി സ്വീകരിക്കുന്നതിനായി 13-07-2023-ൽ എരുമേലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉചിതമാർഗ്ഗേന തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ടെന്നും ഫയർ & റെസ്ക്യൂ ഡയറക്ടർ ജനറൽ അറിയിച്ചിട്ടുണ്ട്.

(ബി) എരുമേലിയിലെ അഗ്നിരക്ഷാ നിലയം പ്രവർത്തനം ആരംഭിക്കുംവരെ ശബരിമല തീർത്ഥാടനകാലയളവിൽ എരുമേലി ദേവസ്വം ബോർഡ് ഹൈസ്കൂൾ കെട്ടിടത്തിൽ താൽക്കാലികമായി പ്രവർത്തിക്കുന്ന അഗ്നിരക്ഷാ നിലയം തുടർന്ന് പ്രവർത്തിക്കുന്നതിന് ദേവസ്വം ബോർഡിന്റെ

അനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

സ്കൂൾ കെട്ടിടങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല എന്ന സർക്കാർ ഉത്തരവ്/ചട്ടങ്ങൾ നിലവിലുള്ള സാഹചര്യത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള എരുമേലി ഡി.ബി.എച്ച്.എസ്.-ൽ അഗ്നിരക്ഷാനിലയം പ്രവർത്തിക്കുന്നതിന് അനുമതി നൽകാൻ നിർവാഹമില്ല എന്ന വിവരം തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ശബരിമല തീർത്ഥാടന കാലയളവിൽ മാത്രം എരുമേലി ദേവസ്വംബോർഡ് ഹൈസ്കൂളിൽ താല്കാലിക അഗ്നിരക്ഷാ പ്രവർത്തനങ്ങൾ നടന്നുവരുന്നതായും ബോർഡ് അറിയിച്ചിട്ടുണ്ട്.

ദേവസ്വം വകുപ്പിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

233(2588) <u>ശ്രീ വി ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം വകുപ്പിന്റെ അധീനതയിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ?

ദേവസ്വം വകുപ്പിന്റെ അധീനതയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽ 22 എയ്ഡഡ് സ്കൂളുകളും 4 സി.ബി.എസ്.ഇ. സ്കൂളുകളും 4 എയ്ഡഡ് കോളേജുകളും ഒരു അൺഎയ്ഡഡ് കോളേജും നിലവിലുണ്ട്. ഗുരുവായൂർ ദേവസ്വത്തിന്റെ അധീനതയിൽ ഗുരുവായൂർ ദേവസ്വം ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഗുരുവായൂർ ദേവസ്വം ശ്രീകൃഷ്ണ ഹയർ സെക്കൻഡറി സ്കൂൾ, ഗുരുവായൂർ ദേവസ്വം ശ്രീകൃഷ്ണ കോളേജ് എന്നിങ്ങനെ 3 വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിലുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന്റെ അധീനതയിൽ ശ്രീകേരളവർമ്മ കോളേജ് തൃശ്ശൂർ, ശ്രീവിവേകാനന്ദ കോളേജ് കുന്നംകുളം, പാഠശാല സംസ്കൃത ഹൈസ്കൂൾ ചിറ്റൂർ എന്നിങ്ങനെ 3 വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിലുണ്ട്. കൂടൽമാണിക്യം ദേവസ്വം മാനേജിങ് കമ്മിറ്റിയുടെ അധീനതയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിലില്ല. മലബാർ ദേവസ്വം ബോർഡിന്റെ

നേരിട്ടുള്ള നിയന്ത്രണത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെങ്കിലും ബോർഡിന് കീഴിലെ ക്ഷേത്രങ്ങളുടെ നിയന്ത്രണത്തിൽ 12 വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ദേവസ്വം വകുപ്പിന്റെ അധീനതയിലുള്ള സ്കൂളുകൾ ഏതെങ്കിലും വിദ്യാർഥികളുടെ എണ്ണത്തിലെ കുറവ് കൊണ്ട് നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ അത് എവിടെയെല്ലാമെന്ന് വിശദമാക്കാമോ?

നിർത്തലാക്കിയിട്ടില്ല.

(സി) അടഞ്ഞുകിടക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് കേളേജുകൾ/പോളിടെക്നിക്കുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

അടഞ്ഞു കിടക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുംതന്നെയില്ല.

ദേവസ്വം ഭൂമി തിരികെ ലഭ്യമാക്കുന്നതിന് നടപടി

234(2589) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവസ്വം ഭൂമി, കൈയേറ്റങ്ങളിലൂടെ അന്യാധീനപ്പെട്ട് പോകുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമി കൈയേറ്റം ഒഴിവാക്കി അതത് ദേവസ്വങ്ങൾക്ക് തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് അറിയിക്കുമോ?

(എ&ബി) തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളിൽ ക്ഷേത്രഭൂമികൾ അന്യാധീനപ്പെട്ടുപോകാതിരിക്കാനും കൈയേറ്റ ഭൂമികൾ ഒഴിപ്പിക്കുന്നതിനുമുള്ള നടപടികൾ കേരള ലാൻഡ് കൺസർവൻസി ആക്ട് പ്രകാരം സ്വീകരിക്കുന്നതിനായി എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് അധികാരത്തോടുകൂടിയ സ്പെഷ്യൽ തഹസിൽദാർ തലവനായി ലാൻഡ് കൺസർവൻസി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. ഗുരുവായൂർ ദേവസ്വത്തിലും ഭൂമി സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഒരു തഹസിൽദാരെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ലാൻഡ് കൺസർവൻസി യൂണിറ്റ് നിലവിലില്ലാത്ത മലബാർ ദേവസ്വം,

കൂടൽമാണിക്യം ദേവസ്വങ്ങളിൽ ഭൂമി സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള നടപടി ജില്ലാ കളക്ടർമാർ മുഖേന സ്വീകരിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 2377, 2378, 2379, 2392, 2406, 2421, 2426, 2432, 2433, 2446 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമല്ല.)

അനുബന്ധം II

(1) ശ്രീമതി ശാന്തകുമാരി കെ., എം. എൽ. എ. ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

കേരള സംസ്ഥാനത്ത് അഡ്വക്കേറ്റ് ക്ലാർക്കുമാരുടെയും അവരുടെ കുടുംബത്തിന്റെയും ക്ഷേമത്തിനായി വിരമിക്കൽ ആനുകൂല്യം, മരണാനന്തരാനുകൂല്യം, സ്ഥിരമായ അവശത അനുഭവിക്കുന്നവർക്കുള്ള ആനുകൂല്യം, ചികിത്സാ ആനുകൂല്യം, ഉത്സവബത്ത, സ്കോളർഷിപ്പ്, പെൻഷൻ/കുടുംബ പെൻഷൻ, പ്ലസ് ടു എൻഡോവ്മെന്റ് തുടങ്ങിയവയാണ് അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി വിതരണം ചെയ്യുവരുന്നത്.

കൂടാതെ, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ ഏതെങ്കിലും രോഗം പകർച്ചവ്യാധിയായോ സാംക്രമികരോഗമായോ വിജ്ഞാപനം ചെയ്യപ്പെടുകയും അക്കാരണത്താൽ സർക്കാർ പൂർണ്ണ ലോക്ഡൗൺ പ്രഖ്യാപിക്കുകയും ചെയ്യുന്ന അവസരത്തിൽ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയിലെ അംഗങ്ങൾക്ക് തൊഴിൽ ചെയ്യാൻ സാധ്യമാകാത്ത സാഹചര്യമുണ്ടാകുമ്പോൾ അവർക്കായി പ്രത്യേക ധനസഹായം നൽകുന്നതിനും സമാശ്വാസമാകുന്നതിനും ഉതകുന്ന വിധത്തിൽ ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതാണ്. 2016-2021-ലെ സർക്കാരിന്റെ കാലത്ത് അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ ക്ഷേമനിധി ആനുകൂല്യങ്ങളിൽ ഗണ്യമായ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ വിരമിക്കൽ/മരണാനന്തര ആനുകൂല്യം പരമാവധി 3 ലക്ഷം രൂപയായിരുന്നത് 4 ലക്ഷം രൂപയായി സർക്കാർ വർദ്ധിപ്പിച്ചു. ക്ഷേമനിധിയിലെ അംഗത്വം 5 വർഷം പൂർത്തിയാകുന്നതിന് മുൻപ് മരണപ്പെടുന്ന അംഗങ്ങളുടെ ആശ്രിതർക്ക് നൽകി വന്നിരുന്ന ആനുകൂല്യം 30,000/- രൂപയിൽനിന്ന് 50,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതാണ്.

ക്ഷേമനിധിയിൽ 60 വയസ്സ് പൂർത്തിയായി പെൻഷന് അർഹത നേടുന്ന ഒരംഗം മരണപ്പെട്ടാൽ മാത്രമേ കുടുംബ പെൻഷൻ ലഭിക്കുമായിരുന്നുള്ളൂ. എന്നാൽ എട്ടുവർഷത്ത അംഗത്വം പൂർത്തിയാക്കിയിട്ടുള്ളതും അറുപത് വയസ്സ് പൂർത്തിയാകുന്നതിനുമുമ്പ് മരണപ്പെടുകയും ചെയ്യുന്ന ഏതൊരു അഡ്വക്കേറ്റ് ക്ലാർക്കിന്റെയും ഭാര്യയ്ക്കോ ഭർത്താവിനോ, പ്രായപൂർത്തിയായിട്ടില്ലാത്തതും സ്ഥിരവരുമാനമില്ലാത്തതുമായ മക്കൾക്കോ, പുനർവിവാഹിതരല്ലാത്തതും ഉപജീവനത്തിന് സ്ഥിരവരുമാനമില്ലാത്തവരുമായ വിധവകളായ പെൺമക്കൾക്കോ, അംഗവൈകല്യമുള്ള മക്കൾക്കോ, അംഗത്തെ ആശ്രയിച്ചു കഴിയുന്ന അമ്മ അല്ലെങ്കിൽ അച്ഛൻ എന്നിവർക്കോ, മുൻഗണനാക്രമത്തിൽ ബന്ധപ്പെട്ട അംഗത്തിന്റെ സേവന കാലത്തിനർഹമായ പെൻഷൻ തുകയുടെ 50 ശതമാനം കുടുംബ പെൻഷനായി ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണെന്ന് സർക്കാർ വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്. ക്ഷേമനിധി അംഗങ്ങൾ വിരമിക്കുമ്പോൾ അനുവദിച്ചുവന്ന പരമാവധി പെൻഷൻ തുക 600 രൂപയിൽനിന്ന് 2000 രൂപയായി സർക്കാർ വർധിപ്പിച്ച് നൽകിയിട്ടുണ്ട്. ക്ഷേമനിധിയിലെ അംഗങ്ങൾക്ക് ഓണക്കാലത്ത്

ഉത്സവബത്തയായി അനുവദിച്ചു വന്നിരുന്ന 500 രൂപ എന്നത് 1500 രൂപയായി സർക്കാർ വർധിപ്പിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം ക്ഷേമനിധി അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ എല്ലാംതന്നെ നല്ല രീതിയിൽ വർധിപ്പിച്ച് നൽകിയിട്ടുള്ളതാണെങ്കിലും ക്ഷേമനിധിയിലേക്കുള്ള വരുമാനം ആനുപാതികമായി വർധിക്കാത്തതിനാൽ ക്ഷേമനിധിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ക്ഷേമനിധിയിലേക്കുള്ള വരുമാനത്തിന്റെ മുഖ്യസ്രോതസ്സായ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പിന്റെ മൂല്യം വർദ്ധിപ്പിക്കുന്നതിനും ക്ഷേമനിധി അംഗങ്ങളുടെ വാർഷിക വരിസംഖ്യയുടെ വർദ്ധനവ് നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(2) ശ്രീ. എം. വിൻസെന്റ്, എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

കേരള സർക്കാർ, അദാനി തുറമുഖ കമ്പനിയെ ദർഘാസ് നടപടികളിലൂടെ തിരഞ്ഞെടുത്ത് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നിർമ്മിക്കുന്ന സംരംഭമാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. 2004 മുതൽ 2012 വരെയുള്ള കാലഘട്ടത്തിൽ നടത്തിയ വിവിധ സാങ്കേതിക

പഠനങ്ങളുടെ അടിസ്ഥാനത്തിൽ തുറമുഖ പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുകയും മാസ്റ്റർ പ്ലാനിന് അന്തിമരൂപം നൽകുകയും ചെയ്തു. ഈ ഡി.പി.ആർ.-ന്റെ അടിസ്ഥാനത്തിലാണ് തുറമുഖ നിർമ്മാണത്തിന് മുന്നോടിയായിട്ടുള്ള വിശദവും സമഗ്രവും ശാസ്ത്രീയവുമായുള്ള പാരിസ്ഥിതികാഘാത പഠനം (EIA) നടത്തിയത്. 2014 ജനുവരിയിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പദ്ധതിക്ക് പാരിസ്ഥിതികാനുമതി നൽകുകയുണ്ടായി. അതിനുശേഷമാണ് കേരള സർക്കാരിന്റെ സ്വപ്ന പദ്ധതിയായ ടി തുറമുഖ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചതും ദർഘാസ് ക്ഷണിച്ചതും തുടർന്ന് സ്വകാര്യ പങ്കാളിയെ തിരഞ്ഞെടുത്തതും 2015 ആഗസ്റ്റ് 17-ന് കൺസഷൻ കരാറിൽ ഒപ്പുവച്ച് പദ്ധതി നടപ്പിലാക്കി വരുന്നതും. ടി പ്രദേശത്ത് നിരവധി അടിസ്ഥാന സൗകര്യവികസന പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. ഫിഷറീസ്, കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി.എൽ., പി.ഡബ്ല്യു.ഡി. മുതലായ വകുപ്പുകൾ ഇതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് പ്രാവർത്തികമാക്കിവരുന്നു. തുറമുഖത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന വിവിധ വികസന സാധ്യതകൾ

പരിശോധിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിലേക്കായി അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസൾട്ടന്റിനെ ട്രാൻസാക്ഷൻ അഡ്വൈസറായി കണ്ടെത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിൻപ്രകാരം കൺസൾട്ടന്റിനെ കണ്ടെത്തുന്നതിനായുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുകയാണ്. ടി വികസനപദ്ധതികൾ നടപ്പിലാക്കുന്നതിനോടൊപ്പം വിഴിഞ്ഞത്തെയും സമീപപ്രദേശങ്ങളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും സാധിക്കുന്നതാണ്.

1) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം പൂർണ്ണമായി പ്രവർത്തനക്ഷമമാകുന്നതോടെ പോലീസിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതിന്റെ ഭാഗമായി ടി മേഖലയിലെ പോലീസ് സ്റ്റേഷനുകളുടെ ഭരണപരമായ മേൽനോട്ടം വഹിക്കുന്നതിന് വിഴിഞ്ഞം കേന്ദ്രമാക്കി ഒരു പുതിയ പോലീസ് സബ്ഡിവിഷൻ ആരംഭിക്കുന്ന വിഷയം തൽക്കാലം പരിഗണിക്കുന്നില്ല.

2) വിഴിഞ്ഞം, കോവളം, ബാലരാമപുരം, കാഞ്ഞിരംകുളം, പൂവാർ എന്നീ പോലീസ് സ്റ്റേഷനുകളിലുള്ള ക്രൈം കേസുകൾ വിചാരണയ്ക്കായി വിഴിഞ്ഞം

ഭാഗത്ത് ഒരു കോടതി സ്ഥാപിക്കുന്നതിനുള്ള വിഷയം നിലവിൽ പരിഗണനയിലില്ല.

3) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമാണത്തിന്റെ പ്രാരംഭഘട്ടത്തിൽ തന്നെ തുറമുഖത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ജില്ലാ ലേബർ ഓഫീസർ തസ്തികയിലുള്ള ഉദ്യോഗസ്ഥനെയും അനുബന്ധ സ്റ്റാഫിനെയും നിയമിച്ചുകൊണ്ട് തുറമുഖത്തിന്റെ പ്രവർത്തനത്തിനായുള്ള വകുപ്പിന്റെ സഹകരണം ഉറപ്പാക്കിയിട്ടുണ്ട്. തുടർന്ന് തുറമുഖത്തിന്റെ നിർമ്മാണം പുരോഗമിച്ചതോടെ ജില്ലാ ലേബർ ഓഫീസിനെ ഡെപ്യൂട്ടി ലേബർ കമ്മീഷണർ ഓഫീസായി ഉയർത്തി നിലവിൽ പ്രവർത്തിച്ചുവരുന്നു. ആയതുകൊണ്ടുതന്നെ നിർമ്മാണ വേളയിലുണ്ടായിട്ടുള്ള തൊഴിൽ പ്രശ്നങ്ങൾ യഥാസമയം പരിഹരിച്ച് നിർമ്മാണപ്രവർത്തനത്തെ ത്വരിതപ്പെടുത്തുന്നതിന് സഹായകരമായ പ്രവർത്തനവും തൊഴിൽ വകുപ്പ് നിർവഹിച്ചിട്ടുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം കമ്മീഷൻ ചെയ്ത് പ്രവർത്തനം ആരംഭിച്ച സാഹചര്യത്തിൽ തുറമുഖത്തിന്റെ പ്രവർത്തനം

സുഗമമാക്കുന്നതിനായി തൊഴിൽ വകുപ്പ് നടത്തിയിട്ടുള്ള മുന്നൊരുക്കത്തിന്റെ ഭാഗമായി വിവിധ തൊഴിൽ നിയമങ്ങൾപ്രകാരമുള്ള കൺസീലിയേഷൻ അധികാരി, അപ്പീൽ അധികാരി, ഇൻസ്പെക്ടർ, രജിസ്റ്ററിങ് അതോറിറ്റി മുതലായ ചുമതലകൾ നിർവഹിക്കുന്നതിനായി വിവിധ തസ്തികകളിലെ ഓഫീസർമാരെ നിയമിച്ചുകൊണ്ടും ജോയിന്റ് ലേബർ കമ്മീഷണർ റാങ്കിൽ കുറയാത്ത ഓഫീസറുടെ നിയന്ത്രണത്തിൽ തൊഴിൽ വകുപ്പ് പ്രവർത്തിക്കുന്നതിനായി നിലവിലെ വിഴിഞ്ഞം ഡെപ്യൂട്ടി ലേബർ കമ്മീഷണർ ഓഫീസ് അപ്ഗ്രേഡ് ചെയ്യുന്നതിനായുള്ള ശിപാർശ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

4) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള സാമൂഹിക പ്രതിബദ്ധതാപ്രവർത്തനങ്ങളുടെ ഭാഗമായി വിഴിഞ്ഞം വില്ലേജിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ കളിസ്ഥലം സ്ഥാപിക്കുന്നതാണ്. ഇതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് (HED)-ന്റെ ഉടമസ്ഥതയിലുള്ള സ്ഥലം അനുവദിച്ചിട്ടുണ്ട്. ടി സ്ഥലത്ത് കളിസ്ഥലം നിർമ്മിക്കുന്നതിനായി 1.75 കോടി രൂപയുടെ പദ്ധതി സ്പോർട്സ്

കേരള ഫൗണ്ടേഷൻ (SKF) തയ്യാറാക്കുകയും ആയതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ, വിഴിഞ്ഞം നോർത്ത് പ്രദേശത്തും ആധുനിക സൗകര്യങ്ങളോടുകൂടിയ കളിസ്ഥലം സ്ഥാപിക്കണമെന്ന് പ്രദേശവാസികളിൽനിന്നും ആവശ്യമുയരുകയും ആയത് പരിശോധിച്ചുവരികയും ചെയ്യുന്നു.

5) വിഴിഞ്ഞം കെ.എസ്.ആർ.ടി.സി. ഡിപ്പോ, 1 ഹെക്ടർ 23 ആർ 30 സ്ക്വയർ മീറ്റർ വസ്തുവിലാണ് പ്രവർത്തിച്ചുവരുന്നത്. ആയത് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6) വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ വിഴിഞ്ഞം, കോവളം കടൽത്തീരത്തെത്തുന്ന വിനോദസഞ്ചാരികളെ മുന്നിൽക്കണ്ട് വിനോദസഞ്ചാര വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 24-02-2023-ലെ സ.ഉ.(കൈ) നം. 10/2023/ടൂറിസം പ്രകാരം, ഡെവലപ്മെന്റ് ഓഫ് കോവളം ആൻഡ് അഡ്ജസെന്റ് ബീച്ചസ് എന്ന കിഫ്ബി പദ്ധതിക്ക് 93 കോടി രൂപയുടെ ഒന്നാം ഘട്ട ഭരണാനുമതി

നൽകിക്കൊണ്ടും വിശേഷാൽ ലക്ഷ്യോപാധി (SPV) ആയി M/s WAPCOS Ltd-നെ നിയമിച്ചുകൊണ്ടും ഉത്തരവായിരുന്നു. തുടർന്ന് 02-02-2024-ലെ സ.ഉ. (കൈ)നം. 2/2024 പ്രകാരം 91 കോടി 38 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിയും നൽകിയിരുന്നു. ഇതിനുപുറമേ അന്താരാഷ്ട്ര ടൂറിസം ഡെസ്റ്റിനേഷനായ കോവളം ബീച്ചിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് 09-07-2024-ലെ സ.ഉ.(സാധാ)നം.333/2024/ ടൂറിസം പ്രകാരം 3,66,83,104 (മൂന്ന് കോടി അറുപത്തിയാറ് ലക്ഷത്തി എൺപത്തി മൂവായിരത്തി നൂറ്റി നാല് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

7) നിലവിലുള്ള ആർദ്രം മാനദണ്ഡമനുസരിച്ച് ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി, ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രി, ബ്ലോക്കിന് കീഴിൽ ബ്ലോക്കുതല ആശുപത്രി, ഗ്രാമപഞ്ചായത്തിന് കീഴിൽ പ്രാഥമിക/ കുടുംബാരോഗ്യ കേന്ദ്രം എന്നിങ്ങനെ നിജപ്പെടുത്തി അവയെ നിശ്ചിത മാനദണ്ഡങ്ങളോടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയെന്നതാണ് സർക്കാരിന്റെ നയം.

ആയതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ നിലവിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയാണ് ജില്ലാ ആശുപത്രി നിലവാരത്തിലേക്ക് ഉയർത്തിക്കൊണ്ടിരിക്കുന്നത്. വിഴിഞ്ഞം തുറമുഖ വികസനത്തോടൊപ്പം അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുന്നതിന്റെ ഭാഗമായി പോർട്ട് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ വിഴിഞ്ഞത്ത് ഒരു കോസ്റ്റൽ സ്പെഷ്യാലിറ്റി ആശുപത്രി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. കാഴ്ച പരിശോധന, ദന്തൽ, പബ്ലിക് ഹെൽത്ത്, ഐ.പി., ഒ.പി, ഫാർമസി, ലാബ് മുതലായ സൗകര്യങ്ങൾ ടി സ്ഥാപനത്തിൽ ലഭ്യമാണ്. കൂടാതെ വിഴിഞ്ഞം സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽനിന്നും 30 കിലോമീറ്റർ ചുറ്റളവിൽ തിരുവനന്തപുരം, നെയ്യാറ്റിൻകര ജനറൽ ആശുപത്രികളും 34 കിലോമീറ്റർ ചുറ്റളവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജും സ്ഥിതി ചെയ്യുന്നു. പ്രസ്തുത ആശുപത്രികളിൽ വിവിധ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്. ഈ സാഹചര്യത്തിൽ വിഴിഞ്ഞം സാമൂഹികാരോഗ്യകേന്ദ്രത്തിനെ

ജില്ലാആശുപത്രി നിലവാരത്തിൽ ഉയർത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

8) തിരുവനന്തപുരം വിഴിഞ്ഞം മെട്രോ സർവീസ് പരിഗണനയിലില്ല.

9) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പ്രദേശത്തിന് സമീപമുള്ള റോഡുകളുടെ വികസനത്തിലും സർക്കാർ ശ്രദ്ധിക്കുന്നുണ്ട്. തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന 2 കി.മി നീളമുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. കൂടാതെ ഔട്ടർ റിങ് റോഡും വികസന ഇടനാഴിയും ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ (OAGC) പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുണ്ട്. OAGC പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മേൽനോട്ടം വഹിക്കുന്നത് (Capital Region Development Project (CRDP) ആണ്. കൂടാതെ, വിഴിഞ്ഞം - പൂവാർ തീരദേശ റോഡിന്റെ വികസനവും സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്.

10) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനും ചുറ്റുമുള്ള പ്രദേശങ്ങൾക്കുമായി നിലവിൽ ജലവിതരണം പ്രധാനമായും രണ്ടുപദ്ധതികളിൽ നിന്നുമാണ് നടത്തിവരുന്നത്. കേരള ജല അതോറിറ്റി

നിർമ്മാണം പൂർത്തീകരിച്ചതും നിലവിൽ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ നിയന്ത്രണത്തിലുമുള്ള 3.3 MLD 1 പ്ലാന്റ് പൂർണ്ണമായും വെള്ളായണി കാർഷിക സർവകലാശാലയുടെ സമീപമുള്ള കേരള ജലഅതോറിറ്റിയുടെ 21.9 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയിൽനിന്നും 5 എം.എൽ.ഡി. ജലവും വിഴിഞ്ഞം പ്രദേശത്തിനായി ഉപയോഗപ്പെടുത്തുന്നു. 21.9 എം.എൽ.ഡി. ശുദ്ധജല പ്ലാന്റിന്റെ സ്രോതസ്സ് വെള്ളായണി കായലാണ്. കല്ലിയൂർ, വെങ്ങാന്നൂർ പഞ്ചായത്തുകൾ, കോവളം ടൂറിസ്റ്റ് ഏരിയ, വിഴിഞ്ഞം എന്നീ ഭാഗങ്ങൾക്കായിട്ടാണ് മേൽ പദ്ധതി വിഭാവനം ചെയ്തനടപ്പിലാക്കിയത്. വിഴിഞ്ഞം പ്രദേശത്തിനായി ആഴാകുളം, മുക്കോല എന്നീ പ്രദേശങ്ങളിൽ രണ്ട് ഉപരിതല ജലസംഭരണികൾ ഈ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പ്രാവർത്തികമായപ്പോൾ തിരുവനന്തപുരം കോർപ്പറേഷന്റെ ചില വാർഡുകളിൽകൂടി മേൽപദ്ധതിയിൽനിന്നും ജലവിതരണം നടത്തേണ്ടതായിവന്നു. ആയത് വിഴിഞ്ഞം ഉൾപ്പെടെയുള്ള പദ്ധതി പ്രദേശങ്ങളിലെ ജലലഭ്യതയിൽ കുറവുവരാൻ കാരണമായിട്ടുണ്ട്.

ആയതിനാൽ വിഴിഞ്ഞം പ്രദേശത്ത് എല്ലാദിവസവും ജലവിതരണം നടത്തുവാൻ സാധിക്കുന്നില്ല. മേൽ പ്ലാന്റിൽനിന്നും ജലവിതരണം നടത്തിവരുന്ന തിരുവനന്തപുരം കോർപ്പറേഷനിലെ പ്രദേശങ്ങൾക്ക് തിരുവനന്തപുരം നഗര ശുദ്ധജലവിതരണ പദ്ധതിയിൽനിന്നും ജലം ലഭ്യമാക്കുന്നതിനായി അമൃത് 2.0 പദ്ധതിയിൽപ്പെടുത്തി 16 കോടി രൂപയുടെ പദ്ധതിക്ക് എസ്.എൽ.ടി.സി. അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കി നടപ്പിലാക്കിയാൽ അഞ്ച് എം.എൽ.ഡി.-യോളം ജലം വിഴിഞ്ഞം പ്രദേശത്തേക്ക് പ്രതിദിനം ലഭ്യമാകും. എന്നാൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പൂർണ്ണമായും പ്രവർത്തന സജ്ജമാകുമ്പോൾ അനുബന്ധമായ വികസനപദ്ധതി പ്രദേശത്ത് ശുദ്ധജല ക്ഷാമമുണ്ടാകുകയും ആയത് പദ്ധതി പ്രദേശത്തെ ശുദ്ധജല ആവശ്യകത പലമടങ്ങ് വർദ്ധിക്കുന്നതിന് കാരണമാകുകയും ചെയ്യും. പുതിയതായി 10 എം.എൽ.ഡി. ജലംകൂടി ആവശ്യമായി വരുമെന്നാണ് പ്രാഥമിക കണക്ക്. ഇതിനായി വെള്ളായണിയിൽ സ്ഥിതി ചെയ്യുന്ന 21.9 എം.എൽ.ഡി. ജലശുദ്ധീകരണശാലയ്ക്ക് സമീപം വേണ്ട നിർമ്മാണ

പ്രവർത്തനങ്ങൾ നടത്തി 10 എം.എൽ.ഡി. കൂടി ശേഷി വർധിപ്പിക്കുകയോ പുതുതായി 10 എം.എൽ.ഡി. പ്ലാന്റ് പണിത് നിലവിലുള്ള സംവിധാനമായി ബന്ധിപ്പിക്കുകയോ ചെയ്യാവുന്നതാണ്. ഇതിനായി വേണ്ട സ്ഥലം ഏറ്റെടുക്കുകയും നിലവിലെ വിതരണ ശൃംഖലകളും അനുബന്ധ സംവിധാനങ്ങളും നവീകരിക്കുകയും ചെയ്യേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഉത്തരവാകുന്ന മുറയ്ക്ക് സ്രോതസ്സിലെ ജലലഭ്യത ഉൾപ്പെടെയുള്ള വിശദമായ പഠനങ്ങൾ നടത്തി പദ്ധതിരേഖ തയ്യാറാക്കി തുടർപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാവുന്നതാണ്.

<u>വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട ജീവനോപാധി നഷ്ടപരിഹാരം സംബന്ധിച്ച വിവരങ്ങൾ</u>

തുറമുഖ നിർമ്മാണംമൂലം ജീവനോപാധി നഷ്ടപ്പെടുന്ന പ്രദേശവാസികളുടെ പരാതികൾ പരിഹരിക്കുന്നതിനും ജീവനോപാധി നഷ്ടപരിഹാരം നൽകുന്നതിനുമായി റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ Livelihood Impact Appraisal Committee (LIAC)-യെയും ഇതിന്മേലുയരുന്ന അപ്പീലുകൾ പരിഗണിച്ച് പരിശോധിക്കുന്നതിന് ജില്ലാകളക്ടർ തിരുവനന്തപുരം ചെയർമാനായ

അഞ്ചംഗ LIAC അപ്പീൽ കമ്മിറ്റിയെയും സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. EIA റിപ്പോർട്ടിൽ പുനരധിവാസത്തിനായി 8.564 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ, നാളിതുവരെ 107.14 കോടി രൂപ ജീവനോപാധി നഷ്ടപരിഹാര ഇനത്തിൽ സർക്കാർ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, പ്രദേശവാസികളുടെ പരാതികൾ പരിഹരിക്കുന്നതിനും പുനരധിവാസ ക്ഷേമപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനുമായി ജില്ലാകളക്ടർ അധ്യക്ഷനായ പ്രാദേശിക മോണിറ്ററിംഗ് കമ്മിറ്റിയും ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും നിലവിലുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണംമൂലം തൊഴിൽ നഷ്ടപ്പെട്ട തദ്ദേശീയരായ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ അർഹരായ ചിപ്പി/ ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 12,50,000 രൂപയും കരച്ചിപ്പിത്തൊഴിലാളികൾക്ക് 2,00,000 രൂപയും ചിപ്പിക്കച്ചവടക്കാർക്ക് 1,00,000 രൂപയും വീതം 262 പേർക്ക് 12.36 കോടി രൂപയും

കരമടിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി 916 പേർക്ക് 54.92 കോടി രൂപയും കട്ടമരത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 4,20,000 രൂപ വീതം 48 പേർക്ക് 2.02 കോടി രൂപയും കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 1,00,000 രൂപ വീതം 11 പേർക്ക് 0.11 കോടി രൂപയും വിതരണം ചെയ്തു കഴിഞ്ഞു. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റി പോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 31.57 കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി ബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 107.14 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തുകഴിഞ്ഞു.

<u>നൈപുണ്യ പരിശീലന കേന്ദ്രം (ASAP)</u>

ഇറമുഖ നിർമ്മാണ സമയത്ത് നേരിട്ടും അല്ലാതെയുമുണ്ടാകുന്ന തൊഴിലവസരങ്ങളിൽ യോഗ്യരായ തദ്ദേശീയരെയും കൺസഷണറായ

AVPPL പരിഗണിച്ചുവരുന്നുണ്ട്. തുറമുഖനിർമ്മാണ പൂർത്തീകരണത്തിനുശേഷം തുറമുഖത്തിന്റെ പ്രവർത്തനകാലയളവിലും വലിയതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതാണ്. കൂടാതെ തുറമുഖാനുബന്ധ വികസനം സാധ്യമാകുന്നതോടെ വിവിധ വ്യവസായ സംരംഭങ്ങളും അനുബന്ധ സ്ഥാപനങ്ങളും സ്ഥാപിക്കപ്പെടുകയും ഇതിലൂടെ തൊഴിൽ ലഭ്യതയിൽ വൻവർദ്ധനവുണ്ടാവുകയും ചെയ്യും. വിവിധ തൊഴിലുകളിൽ തൊഴിലന്വേഷകരുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനായി ASAP-ന്റെ നൈപുണ്യ പരിശീലനകേന്ദ്രം VISL ലഭ്യമാക്കിയ കോട്ടപ്പുറത്തെ സ്ഥലത്ത് സ്ഥാപിച്ചുകഴിഞ്ഞു. തുറമുഖാധിഷ്ഠിത കോഴ്സുകളുൾപ്പെടെയുള്ളവയിൽ ഇവിടെ പരിശീലനം നൽകുകയും പരിശീലനം പൂർത്തീകരിക്കുന്ന യോഗ്യരായവർക്ക് തുറമുഖത്തിൽ തൊഴിൽ ലഭ്യമാകുന്നതുമാണ്. ട്രക്ക് ഓപ്പറേറ്റർ തസ്തികയിൽ ആദ്യ ബാച്ചിൽ കോഴ്സ് പൂർത്തിയാക്കിയ 17 പേർക്കും ലാസ്കർ തസ്തികയിൽ കോഴ്സ് പൂർത്തിയാക്കിയ 24 പേർക്കും തുറമുഖത്ത് ജോലി നൽകിയിട്ടുണ്ട്. കൂടാതെ, തുറമുഖത്തിലേക്കായി ട്രക്ക് ഓപ്പറേറ്റർ കോഴ്സിന്റെ അടുത്ത ബാച്ചിലേക്കുള്ള

നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോഴ്സ് ഉടൻ ആരംഭിക്കുന്നതാണ്. നിലവിൽ ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് (നഴ്സിംഗ് അസിസ്റ്റന്റ്), ഡൊമസ്റ്റിക് ഡാറ്റ എൻട്രി ഓപ്പറേറ്റർ എന്നീ കോഴ്സുകൾ ASAP-ൽ നടത്തിവരുന്നുണ്ട്. തുറമുഖാധിഷ്ഠിത കോഴ്സുകളുൾപ്പെടെയുള്ള മറ്റനവധി കോഴ്സുകൾ നടപ്പിലാക്കുന്നത് ASAP പരിഗണിച്ചുവരുന്നുണ്ട്.

ഖരമാലിന്യ സംസ്കരണ കേന്ദ്രം (MRF)

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി പദ്ധതി പ്രദേശത്തെ അജൈവ ഖരമാലിന്യങ്ങളുടെ നിർമ്മാർജനത്തിനായി ഒരു മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ (MRF) സ്ഥാപിക്കുന്നതാണ്. HED-യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് MRF സ്ഥാപിക്കുന്നതിനായി 1.04 കോടി രൂപയുടെ പദ്ധതി SEUF-ഉം ക്ലീൻ കേരള കമ്പനിയും ചേർന്ന് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. MRF നിർമ്മിക്കുന്നതിനായുള്ള തുക VISL-ഉം AVPPL-ഉം തുല്യമായാണ് ചെലവിടുന്നത്. MRF-ന്റെ പരിപാലന ചുമതല

തിരുവനന്തപുരം കോർപ്പറേഷനാണ് നിർവഹിക്കുന്നത്. ടി ഖരമാലിന്യ സംസ്കരണ കേന്ദ്രം സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി വിഴിഞ്ഞം പ്രദേശത്തെ മാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം ഉണ്ടാകുന്നതാണ്.

നിലവിലെ മത്സ്യബന്ധന തുറമുഖ നവീകരണവും പുതിയ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണവും

നിലവിലെ മത്സ്യബന്ധന തുറമുഖം ആധുനികവൽക്കരിച്ച് ആവശ്യമായ സൗകര്യങ്ങളോടുകൂടിയും ആവശ്യമായ അധിക ഫിഷ് ലാൻഡിംഗ് സൗകര്യങ്ങളും ബർത്തുകളും അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കുവാനുള്ള പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, VISL എന്നിവർ ചേർന്ന് നടപ്പിലാക്കുന്നതാണ്. ഇതിനായി രണ്ട് പദ്ധതികൾ തയ്യാറാക്കി കേന്ദ്ര സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഫിഷ് ലാൻഡിംഗ് സെന്ററും തുറമുഖ സൗകര്യങ്ങളും കേന്ദ്ര സർക്കാർ സ്ഥാപനമായ CWPRS-ന്റെ പഠന റിപ്പോർട്ടിനനുസരണമായി ഗുണഭോക്താക്കളുമായി ചർച്ച നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

സീഫുഡ് പാർക്ക്

തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ കോട്ടപ്പുറത്ത് ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി VISL-ന്റെ സ്ഥലം മാറ്റിവച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

പദ്ധതി പ്രദേശത്ത് കരാർ കമ്പനിയുമായി ചേർന്ന് നടപ്പിലാക്കിവരുന്ന സാമൂഹികക്ഷേമ പ്രവർത്തനങ്ങൾ

1.പ്രാദേശിക അടിസ്ഥാന സൗകര്യവികസനവും പരിസ്ഥിതി ശുചീകരണവും

- ഗവൺമെന്റ് അയ്യൻകാളി സ്കൂൾ, വിഴിഞ്ഞം മാർക്കറ്റ്, ഹാർബർ, മതിപ്പുറം, കോട്ടപ്പുറം തുലവിള, ഓസാവിള എന്നിവിടങ്ങളിൽ ആകെ 500 ടോയ്ലറ്റ്, ബാത്ത്റൂം, യൂറിനൽ, ബാത്തിംഗ് ഫെസിലിറ്റി തുടങ്ങിയവ നിർമ്മിച്ചു.
- കോട്ടപ്പുറം മരിയൻനഗർ പൊതുകുളിയിടം നവീകരിച്ച് ഉപയോഗ യോഗ്യമാക്കി.

- വിഴിഞ്ഞം, ഹാർബർ, കോട്ടപ്പുറം വാർഡുകളിൽ മാലിന്യ സംസ്കരണത്തിനായി മൊത്തം 26 തുമ്പൂർമുഴി (കൂട്ടുവള പരിചരണം) എയ്റോബിക് ബിന്നുകൾ നിർമ്മിച്ചു.
- വിഴിഞ്ഞം വാർഡിൽ ആസാദ് ഗ്രന്ഥശാല നവീകരിച്ച് പ്രവർത്തനം ആരംഭിച്ചു.
- വിഴിഞ്ഞം മേഖലയിലെ 49 അങ്കണവാടികൾക്ക് വാട്ടർ പ്യൂരിഫയറുകളും കസേരകളും ലഭ്യമാക്കി.
- കോട്ടപ്പുറം വാർഡിൽ മരിയൻ നഗർ പ്രദേശത്ത് ഓട നിർമ്മിച്ചു.

2. <u>തൊഴിൽ നൈപുണ്യ വികസനവും സുസ്ഥിര ഉപജീവന വികസനവും</u>

- പദ്ധതി പ്രദേശത്തെ 600 സ്ത്രീകൾക്ക് നൽകിയ സ്വയംതൊഴിൽ പരിശീലനങ്ങളിൽനിന്ന് 17 ഗ്രൂപ്പ് സംരംഭങ്ങൾക്ക് തുടക്കം കുറിച്ചു.
- സ്വയം തൊഴിൽ ഗ്രൂപ്പുകൾക്കാവശ്യമായ പരിശീലനവും ഇതിനായുള്ള 25% തുക അദാനി കമ്പനിയും 25% തുക വിസിലും 40% തുക ബാങ്ക് ലോണായും ലഭ്യമാക്കുകയും 10% തുക ഗ്രണഭോക്തൃവിഹിതവുമാണ്.

- തൊഴിൽ നൈപുണ്യ പരിശീലനങ്ങളുടെ ഭാഗമായി നാളിതുവരെ 554 യുവതീയുവാക്കൾക്ക് പരിശീലനം നൽകുകയും വിവിധ മേഖലകളിലായി 234 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു.

3. ആരോഗ്യ പരിരക്ഷ

- പൊതുജനാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു മെഡിക്കൽ ടീം സൗജന്യ മരുന്നും ചികിത്സയും നൽകിക്കൊണ്ട് പ്രവർത്തിച്ചുവരുന്നു. നാളിതുവരെ 23732 പേർക്ക് ഈ യൂണിറ്റിന്റെ സേവനം ലഭ്യമായിട്ടുണ്ട്. കൂടാതെ കാൻസർ, നേത്രരോഗങ്ങൾ, ത്വക്ക് രോഗങ്ങൾ തുടങ്ങിയവയ്ക്ക് സ്പെഷ്യലൈസ്ഡ് മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നു.
- പദ്ധതി പ്രദേശത്തെ 49 അങ്കണവാടികൾ കേന്ദ്രീകരിച്ച് നടപ്പിലാക്കി വരുന്ന "സുപോഷൺ " പദ്ധതിയുടെ ഭാഗമായി പോഷണശോഷണം നേരിടുന്ന 268 കുട്ടികളുടെ പോഷണ ശോഷണവും ആയിരത്തിലധികം സ്ത്രീകളുടെ വിളർച്ചയും തടയുവാനും നിരവധി ആരോഗ്യ ബോധവൽക്കരണ പരിപാടികൾ നടത്തുവാനും കഴിഞ്ഞു.

- മാലിന്യസംസ്കരണ/ആരോഗ്യപ്രവർത്തങ്ങളുടെ ഭാഗമായി പദ്ധതി പ്രദേശത്ത് ബോധവൽക്കരണം, അടുക്കളതോട്ടങ്ങൾ എന്നിവയും പ്രോത്സാഹിച്ചിച്ചുവരുന്നു.
- 3 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പാലിയേറ്റീവ് കെയർ സെന്റർ കോട്ടപ്പുറത്ത് നിർമ്മിക്കും. ഇതിനായി കോട്ടപ്പുറം ഇടവകയുമായി AVPPL ഒരു MoU ഒപ്പിട്ടിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

4. <u>മേഖലയിലെ വിദ്യാഭ്യാസ സഹായങ്ങൾ</u>

- പ്രതിമാസ കുടുംബ വരുമാനം 10,000 രൂപയിൽ താഴെയുള്ള സമർത്ഥരായ 100 വിദ്യാർത്ഥികൾക്ക് എല്ലാവർഷവും വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകിവരുന്നു.
- ഇംഗ്ലീഷ് ഭാഷാ പരിശീലനം, കരിയർ ഗൈഡൻസ്, ഓപ്പൺ ഹൗസ്, ലിറ്ററേച്ചർ മീറ്റ് എന്നിവയിലൂടെ പ്രതിമാസം ആയിരത്തിലധികം കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു.

- വീട്ടമ്മമാരെ ഡിജിറ്റൽ സേവനങ്ങൾ പരിചയപ്പെടുത്തുന്ന പരിശീലനങ്ങളുടെ ഭാഗമായി പ്രതിവർഷം 1200 പേർക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലനങ്ങൾ നൽകുകയും ടെലിഫോൺ, വൈദ്യുതി, വെള്ളം തുടങ്ങിയവയുടെ ബിൽ പേമെന്റുകളും ബാങ്കിംഗ് സേവനങ്ങളും ഓൺലൈനായി ചെയ്യുവാൻ അവരെ പ്രാപ്തരാക്കുകയും ചെയ്തു.
- സ്മാർട്ട് ക്ലാസ് റൂമുകളായി ഉപയുക്തമാക്കാൻ കഴിയുന്ന രീതിയിൽ പദ്ധതി പ്രദേശത്തെ 9 സർക്കാർ വിദ്യാലയങ്ങളിലും 5 എയ്ഡഡ് സ്കൂളുകളിലുമുൾപ്പെടെ 14 വിദ്യാലയങ്ങൾക്ക് സ്മാർട്ട് ക്ലാസ്റൂം ഉപകരണങ്ങൾ നൽകുകയും ടീച്ചേഴ്സിന് പരിശീലനം നൽകുകയും ചെയ്തു.
- മുല്ലൂർ ഗവൺമെന്റ് യു.പി. സ്കൂളിലും ഹാർബർ ഏരിയ എൽ.പി. സ്കൂളിലും 10 ക്ലാസ് മുറികൾ വീതമുള്ള ഇരുനില സ്കൂൾ മന്ദിരങ്ങൾ നിർമ്മിച്ചുനൽകി.

- കോട്ടപ്പുറം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിന് ബാസ്കറ്റ്, ഫുട്ബോൾ, വോളിബോൾ എന്നിവ അടങ്ങിയ സ്കൂൾ പ്ലേഗ്രൗണ്ട് വികസിപ്പിച്ചുനൽകി.

5. മറ്റ് പ്രവർത്തനങ്ങൾ

- പോഷകാഹാരക്കുറവുള്ള 5 വയസ്സിന് താഴെയുള്ള കുട്ടികൾക്കും പ്രായപൂർത്തിയായ പെൺകുട്ടികളിലും വനിതകളിലുമുള്ള വിളർച്ച രോഗം മാറ്റുന്നതിനും അങ്കണവാടി മുഖേന പ്രത്യേക പോഷകാഹാര പദ്ധതി നടപ്പിലാക്കി.
- മാലിന്യ സംസ്കരണ സ്വഭാവ രൂപീകരണ പരിശീലനങ്ങളുടെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് തിരുവനന്തപുരം ജില്ലയിലെ 130 സ്കൂളുകളിൽ "സ്വച്ഛഗൃഹ' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു.

(3) ശ്രീ. ഇ. കെ. വിജയൻ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

കോഴിക്കോട് ജില്ലയുടെ വടക്കേ അറ്റത്തുള്ള വടകര താലൂക്കിന്റെ കിഴക്ക് വടക്കായി സ്ഥിതി ചെയ്യുന്ന വിലങ്ങാട് വില്ലേജ് കോഴിക്കോട്,

വയനാട്, കണ്ണൂർ എന്നീ മൂന്ന് ജില്ലകളുടെ അതിർത്തി പങ്കിടുന്ന മലയോര പ്രദേശമാണ്. ചെങ്കുത്തായ ചരുവും മേൽമണ്ണിന്റെ ഘനം ഒരു മീറ്ററിൽ താഴെയുള്ളതും അതിതീവ്രമഴയുമാണ് ഈ പ്രദേശത്ത് ഉരുൾപൊട്ടലുണ്ടാകാനുള്ള പ്രധാന കാരണങ്ങൾ. ഉരുൾപൊട്ടുന്നതിനുമുമ്പുള്ള 48 മണിക്കൂറിൽ 307 മില്ലിമീറ്റർ മഴയാണ് ഈ പ്രദേശത്ത് ലഭിച്ചിട്ടുള്ളത്.

ഉരുൾപൊട്ടൽ ദുരന്തത്തിൽ 11 കുടുംബങ്ങൾക്ക് പൂർണ്ണമായും ഭൂമിയും വീടും നഷ്ടപ്പെടുകയുമുണ്ടായി. 25 വീടുകൾ പൂർണ്ണമായും 9 വീടുകൾ ഭാഗികമായും തകർന്നു. മറ്റ് 9 കെട്ടിടങ്ങളും തകർന്നു. 1.24 ഹെക്ടർ പുരയിടം ഒലിച്ചുപോയി. 250 ഏക്കർ കൃഷിനാശമുണ്ടായി. 58.81 കോടി രൂപയുടെ വ്യക്തിഗത നഷ്ടവും 158 കോടി രൂപയുടെ പൊതുമുതൽ നഷ്ടവുമാണുണ്ടായത്.

30-07-2024-ൽ ഉരുൾപൊട്ടലുണ്ടായ വാണിമേൽ ഗ്രാമപഞ്ചായത്തിലെ 9, 10, 11 വാർഡുകളും നരിമറ്റ പഞ്ചായത്തിലെ മൂന്നാം വാർഡും 30-08-2024-ലെ സ.ഉ.(കൈ)നം.9/2024/ഡിഎംഡി പ്രകാരം ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പ്രദേശത്തെ ദുരന്തബാധിതർക്ക് വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപൊട്ടലിൽ

ദുരന്തബാധിതരായവർക്ക് അനുവദിക്കുന്ന എല്ലാ ധനസഹായങ്ങളും അനുവദിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. 10,000 രൂപ വീതം അടിയന്തര ധനസഹായമായി അനുവദിക്കുകയും അതിൽ SDRF-ന്റെ മാനദണ്ഡപ്രകാരമുള്ള 5,000 രൂപ 451 കുടുംബങ്ങൾക്ക് അനുവദിക്കുകയും ബാക്കിയുള്ള 5,000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ (CMDRF) നിന്ന് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

ജീവനോപാധി നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് സഹായധനമായി പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് 300 രൂപ വീതം 30 ദിവസത്തേയ്ക്ക് അനുവദിച്ചിരുന്നു. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ രണ്ട് വ്യക്തികൾക്കാണ് അനുവദിച്ചത്. ഇതുകൂടാതെ ആശുപത്രിയിൽ ദീർഘനാൾ ചികിത്സയിൽ കഴിയുന്ന രോഗിയുള്ള/കിടപ്പുരോഗികളുള്ള കുടുംബങ്ങളിൽ ഒരാൾക്കുകൂടി 300 രൂപ വീതം അധികമായി 30 ദിവസത്തേയ്ക്ക് അനുവദിക്കുന്നതിനും അനുമതി നൽകിയിരുന്നു. ആയത് പ്രകാരം ഒരു വ്യക്തിക്ക് 300 രൂപ വീതം 30 ദിവസത്തേയ്ക്ക് ഒരു കുടുംബത്തിലെ 2

വ്യക്തികൾക്ക് SDRF-ൽനിന്ന് അനുവദിക്കുന്നത് മുഴുവൻ കുടുംബങ്ങൾക്കും അനുവദിച്ചിട്ടുണ്ട്.

ക്യാമ്പുകളിൽ കഴിഞ്ഞിരുന്നവർക്ക് വാടക വീട്ടിലേയ്ക്ക് മാറി താമസിക്കുന്നതിന് ഒരു കുടുംബത്തിന് പ്രതിമാസ വാടക ആയി 6,000 രൂപ വീതം അനുവദിച്ചു. വിലങ്ങാട് ഉരുൾപൊട്ടലിൽ ദുരന്തബാധിതരായ 30 കുടുംബങ്ങൾക്കാണ് ഈ ആനുകൂല്യം അനുവദിക്കേണ്ടത്. ആയത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ദുരന്തത്തിൽ മരണപ്പെട്ടയാളുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് രണ്ട് ലക്ഷം രൂപയും സംസ്ഥാനദുരന്ത പ്രതികരണനിധിയിൽനിന്ന് നാല് ലക്ഷം രൂപയും ചേർത്ത് ആകെ 6 ലക്ഷം രൂപ അനുവദിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഉരുൾപൊട്ടലിൽ ജീവൻ പൊലിഞ്ഞ മാതൃ കളത്തിങ്കലിന്റെ ആശ്രിതന് SDRF-ൽനിന്നും 4,00,000 രൂപ നൽകിയിട്ടുണ്ട്. കൂടാതെ ഉരുൾപൊട്ടലിനോട് അനുബന്ധിച്ചുണ്ടായ വെള്ളക്കെട്ടിൽ വീണ് മരണപ്പെട്ട സഹൽ, അനീഷ് എന്നിവരുടെ

ആശ്രിതർക്കും തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

591 കുടുംബങ്ങൾക്ക് സൗജന്യ റേഷൻ അനുവദിക്കുകയും വിലങ്ങാട് ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട ദുരിതബാധിതർക്ക് നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകൾ തിരിച്ചെടുക്കുന്നതിനായി വിവിധ വകുപ്പുകളെ ചേർത്ത് 16-08-2024-ൽ വിലങ്ങാട് പാരിഷ് ഹാളിൽ വച്ച് സർട്ടിഫിക്കറ്റ് അദാലത്ത് നടത്തുകയും അദാലത്തിൽ 199 അപേക്ഷകൾ ലഭിച്ചതിൽ 105 സർട്ടിഫിക്കറ്റുകൾ പുനഃസ്ഥാപിച്ചുനൽകിയിട്ടുമുണ്ട്. വിലങ്ങാട് ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവർ അവശ്യസാധന സാമഗ്രികൾ ശേഖരിച്ചുസൂക്ഷിക്കുന്നതിനും ആയത് ക്യാമ്പുകളിൽ കഴിയുന്നവർക്കെത്തിക്കുന്ന നടപടികൾ ക്രോഡീകരിക്കുന്നതിനും ടി പ്രദേശത്തെ ദുരന്തനിവാരണവുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനും വടകര ആർ.ഡി.ഒ.-യെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

വിലങ്ങാട് ഉരുൾപൊട്ടലുണ്ടായ വാണിമേൽ ഗ്രാമപഞ്ചായത്തിലെ വിലങ്ങാടും അതിന്റെ സമീപപ്രദേശങ്ങളിലും ശാസ്ത്രീയ പഠനം നടത്താനും തുടർതാമസം സാധ്യമാകുമോയെന്ന കാര്യം പരിശോധിച്ച് വിശദ റിപ്പോർട്ട് സമർപ്പിക്കാനുമായി ജില്ലാ ജിയോളജിസ്റ്റ്, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, ജില്ലാ ഹൈഡ്രോളജിസ്റ്റ്, ഹസാർഡ് അനലിസ്റ്റ്, അസിസ്റ്റന്റ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം, അസിസ്റ്റന്റ് എഞ്ചിനീയർ വാണിമേൽ ഗ്രാമപഞ്ചായത്ത് എന്നിവരെയുൾപ്പെടുത്തി ഒരു വിദഗ്ധ സംഘത്തെ നിയോഗിച്ച് 02-08-2024-ൽ ഉത്തരവായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായാലുടൻ പുരധിവാസം സംബന്ധിച്ച വിഷയത്തിൽ തുടർ നടപടി കൈക്കൊള്ളുന്നതാണ്.

വിലങ്ങാട് ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ച കെട്ടിടങ്ങൾ/വീടുകൾ എന്നിവയിൽ തുടർവാസം സാധ്യമാകുമോയെന്നത് സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജിയോളജിസ്റ്റ്, വാർഡ് മെമ്പർ, തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ, പൊതുമരാമത്ത് കെട്ടിട വിഭാഗം എഞ്ചിനീയർ, വില്ലേജ് ഓഫീസർ

എന്നിവർ അടങ്ങുന്ന ആറംഗ Rapid Visual Screening (RVS) ടീമിനെ നിയോഗിച്ച് 13-08-2024-ൽ ഉത്തരവായിരുന്നെങ്കിലും പ്രസ്തുത സർവേ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കൂടുതൽ അംഗങ്ങൾ ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആറ് അംഗങ്ങൾ ഉൾക്കൊള്ളുന്ന നാല് ടീമുകളെ കൂടി ഉൾപ്പെടുത്തി നിയോഗിച്ചുകൊണ്ട് 16-08-2024-ൽ ഉത്തരവായിട്ടുണ്ട്. RVS ടീം പരിശോധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.

വിലങ്ങാട് ഉരുൾപൊട്ടൽ മേഖലയിൽ ദുരന്തവ്യാപ്തി കണക്കാക്കുന്നതിനായി ഡ്രോൺ ഇമേജിനേഷൻ സർവേ നടത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും ഡ്രോൺ സർവേ വിദഗ്ധരുമായും ഒരു യോഗം ചേർന്ന് സർവേയിൽ ശേഖരിച്ച വിവരങ്ങൾ ചർച്ച ചെയ്തതുമാണ്. ടി പ്രദേശത്ത് LIDAR സർവേ നടത്തുന്നതിനും NIT Calicut-നെ കൊണ്ട് സമഗ്ര പഠനം നടത്തുന്നതിനും ജില്ലാ ദുരന്തനിവാരണ അതോറിറ്റി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വീട്

നഷ്ടമായവർക്കും ഉരുൾപൊട്ടൽ ഭീഷണിമൂലം മാറേണ്ടിവന്നവർക്കും സുരക്ഷിതമായ സ്ഥലത്ത് ഉചിതമായ പുനരധിവാസം എത്രയും പെട്ടെന്ന് ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്. ദുരന്തബാധിതരുടെ കാർഷിക, ഗാർഹിക, വിദ്യാഭ്യാസ, വ്യക്തിഗത വായ്പകൾ എന്നിവയുടെ കാര്യത്തിൽ അനുഭാവപൂർണ്ണമായ സമീപനം കൈക്കൊള്ളുന്നതാണ്. കൃഷിനാശത്തിനുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വിലങ്ങാട് ഉന്നതികളിലുള്ള ആളുകളെല്ലാം സമതലപ്രദേശങ്ങളിലേയ്ക്ക് മാറാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പുനരധിവാസ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ചൂരൽമല ദുരന്തത്തിൽ ദുരിതബാധിതർക്ക് നൽകുന്ന എല്ലാ സഹായങ്ങളും വിലങ്ങാടും ലഭ്യമാക്കി നൽകുന്നുണ്ട്.

ഇത്തരത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്കും കന്നുകാലികൾ നഷ്ടപ്പെട്ടവർക്കും ജീവനോപാധികൾ നഷ്ടപ്പെട്ടവർക്കും സംസ്ഥാന ദുരന്ത

നിവാരണനിധിയിൽനിന്നും മാനദണ്ഡപ്രകാരമുള്ള ധനസഹായം അനുവദിക്കുന്നതിന് എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു അടിയന്തര യോഗം ചേരാവുന്നതാണ്.

(4) ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

നെയ്യാറ്റിൻകര താലൂക്കിലെ അഞ്ചുചങ്ങല പ്രദേശത്തെ മുഴുവൻ ആളുകൾക്കും പട്ടയം നൽകുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലുള്ളതാണ്. പാറശ്ശാല നിയോജകമണ്ഡലത്തിലെ കള്ളിക്കാട്, വാഴിച്ചൽ, അമ്പൂരി വില്ലേജ് പരിധിയിൽ ഉൾപ്പെടുന്ന അഞ്ചുചങ്ങല പ്രദേശത്ത്, വർഷങ്ങളായി ഭൂമി കൈവശം വച്ച് വീട് നിർമ്മിച്ച് താമസിച്ചുവരുന്ന 476 കുടുംബങ്ങൾക്ക് 1964-ലെ ഭൂപതിവ് ചട്ടപ്രകാരം പട്ടയം നൽകുന്നതിനായി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് 16-02-2016-ൽ സ.ഉ.(എം.എസ്.)118/2016/റവന്യൂ നമ്പറായി സർക്കാർ

ഉത്തരവായിരുന്നു. ഇതിൽ കള്ളിക്കാട് വില്ലേജിലെ 84.3 ഏക്കർ കണ്ടുകൃഷി ഭൂമി കൈവശം വച്ചിരുന്നവരും ഉൾപ്പെട്ടിരുന്നു. എന്നാൽ 26-02-2019-ലെ സ.ഉ. (കൈ) നം.77/2019/റവന്യൂ ഉത്തരവ് പ്രകാരം അഞ്ചുചങ്ങല ഉൾപ്പെട്ടുവരുന്ന സ്ഥലങ്ങളിലെ കൈവശക്കാർക്ക് പട്ടയം നൽകുന്ന ഭൂമിയുടെ വിസ്തീർണ്ണം പരമാവധി 15 സെന്റാക്കി നിജപ്പെടുത്തി. എന്നാൽ ഇതിനെതിരെ കണ്ടുകൃഷി ഭൂമി കൈവശംവച്ചിരുന്നവർ മുഴുവൻ കൈവശഭൂമിയും പതിച്ചു ലഭിക്കാൻ അർഹതയുണ്ടെന്ന് അവകാശപ്പെട്ടുകൊണ്ട് ബഹു. ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി. ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരം ഭൂമി കൈവശംവച്ചിരുന്ന മുഴുവൻ ആളുകൾക്കും കൈവശ ഭൂമി പതിച്ചു നൽകാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് ജി. ഒ. (എം.എസ്.) 47/2021 ആയി ഉത്തരവ് പുറപ്പെടുവിച്ചു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കണ്ടുകൃഷി ഭൂമി കൈവശം വച്ചിരുന്ന അർഹരായ മുഴുവൻ കൈവശക്കാർക്കും പട്ടയം വിതരണം ചെയ്തിട്ടുള്ളതാണ്.

ചാമവിളപ്പുറം കോളനി പട്ടയവുമായി ബന്ധപ്പെട്ട് 136 അപേക്ഷകളുണ്ടായിരുന്നതിൽ 132 അപേക്ഷകളിൽ പട്ടയം നൽകിക്കഴിഞ്ഞു. ബാക്കിയുള്ളവയിൽ 2 അപേക്ഷകൾ ഭൂമി പതിവ് കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനുള്ള ഘട്ടത്തിലാണ്. 2 അപേക്ഷകൾ 29-01-2020-ലെ ജി.ഒ. (എം.എസ്.)40/2021/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കേണ്ടതാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(5) <u>ശ്രീ. കെ. ആൻസലൻ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ</u>

കരമന-കളിയിക്കാവിള റോഡിന്റെ ബാലരാമപുരം-വഴിമുക്ക് റീച്ചിൽ അണ്ടർപാസ് നിർമ്മിക്കണമെന്ന നിർദ്ദേശമായിരുന്നു ആദ്യം മുന്നോട്ടുവച്ചത്. ഇതിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി 113.89 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. ദേശീയപാത 66 ബൈപ്പാസ് ഗതാഗതയോഗ്യമായ സാഹചര്യത്തിൽ ബാലരാമപുരം ജംഗ്ഷനിൽ ഗതാഗതക്കുരുക്കിന് കുറവ് വന്നിട്ടുണ്ടെന്നും അണ്ടർപാസിന് പകരം ജംഗ്ഷൻ നവീകരണം നടത്തിയാൽ മതിയെന്നും കിഫ്ബി ഉദ്യോഗസ്ഥർ

അറിയിച്ചു. ഇതേതുടർന്ന് പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കി വരികയാണ്. അണ്ടർപാസ് പദ്ധതി ഉപേക്ഷിച്ച സാഹചര്യത്തിൽ ജംഗ്ഷൻ നവീകരണത്തിനുള്ള സ്ഥലമേറ്റെടുക്കലിന് കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിക്കുന്നതിനായി വീണ്ടും അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വഴിമുക്ക്-കളിയിക്കാവിള റീച്ചിന്റെ നവീകരണത്തിന് 01-07-2023-ന് ഭരണാനുമതി നൽകി. കിഫ്ബിയുടെ ടെക്നിക്കൽ റിസോഴ്സ് സെന്റർ, പദ്ധതികൾക്കായുള്ള മുഴുവൻ ഭാഗത്തും 30.2 മീറ്റർ വീതിയിൽ റോഡ് നവീകരണം അല്ലെങ്കിൽ പ്രധാനഭാഗങ്ങളിൽ 30.2 മീറ്ററും മറ്റിടങ്ങളിൽ 23 മീറ്റർ വീതിയിലും നവീകരണം എന്നിങ്ങനെ രണ്ട് നിർദേശങ്ങൾ മുന്നോട്ടുവച്ചിരുന്നു. മുഴുവൻ ഭാഗത്തും 30.2 മീറ്റർ വീതിയിൽ തന്നെ നിർമ്മിക്കണമെന്ന ജനപ്രതിനിധികളുടെ അഭിപ്രായം കണക്കിലെടുത്ത് കെ.ആർ.എഫ്.ബി. - പി.എം.യു. കിഫ്ബിയിലേക്ക് നിർദേശം സമർപ്പിച്ചു. എന്നാൽ സർക്കാർ തലത്തിൽ തീരുമാനമെടുക്കണമെന്നാണ് കിഫ്ബി നിർദേശിച്ചത്. ഇതേതുടർന്ന് ജനപ്രതിനിധികളുമായി ഒന്നുകൂടി ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അടിയന്തരമായി എം.എൽ.എ.മാർ

ഉൾപ്പെടെയുള്ളവരുമായി ആലോചിച്ച് ഇക്കാര്യത്തിൽ ഒരു തീരുമാനത്തിലെത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനായി പ്രത്യേക യോഗം വിളിക്കാൻ വകുപ്പുസെക്രട്ടറിക്ക് നിർദേശം നൽകിയിട്ടുണ്ട്.

(6) ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

പേരാവൂർ നിയോജകമണ്ഡലത്തിൽ ആകെ 344.193 കി.മീ ദൈർഘ്യത്തിൽ പൊതുമരാമത്ത് റോഡുകൾ ഉണ്ട്. അതിൽ 184.057 കി.മീ ബി.എം.&ബി.സി. നിലവാരത്തിൽ ഉയർത്തിയിട്ടുണ്ട്. 129.576 കി.മീ റോഡുകൾ RC-1 ൽ (റണ്ണിംഗ് കോൺട്രാക്ട്) ഉൾപ്പെടുത്തി മെയിന്റനൻസ് വിഭാഗവും 49.150 കി.മീ റോഡുകൾ RC-2 ൽ ഉൾപ്പെടുത്തി നിരത്ത് വിഭാഗവും പരിപാലിച്ചുവരുന്നു. 20 കോടിയോളം രൂപയുടെ 7 പ്രവൃത്തികൾക്ക് നിരത്ത് വിഭാഗത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി പദ്ധതിയുടെ ഭാഗമായി മലയോരഹൈവേ ഉൾപ്പെടെ 4 റോഡുകൾ നവീകരിക്കാനാണ് പദ്ധതി തയ്യാറാക്കി വിവിധ ഘട്ടങ്ങളിൽ എത്തിനിൽക്കുന്നത്. ഈ 4 റോഡുകളും നിലവിൽ

ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തുന്ന എട്ടൂർ-പാലത്തുംകടവ് റോഡ് പേരാവൂർ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്നതാണ്. ഈ റോഡിന്റെ പ്രവൃത്തി അന്തിമഘട്ടത്തിൽ എത്തിക്കഴിഞ്ഞു.

മലയോര ഗ്രാമീണ മേഖലയിലെ ചില പൊതുമരാമത്ത് റോഡുകളിൽ കനത്ത മഴയും ഭാരവാഹനങ്ങളുടെ നിരന്തരയാത്രയും റോഡുകളെ ബാധിക്കുന്നതായി ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ റോഡുകളിൽ ഘട്ടംഘട്ടമായി പുനരുദ്ധാരണ പ്രവൃത്തികൾ നടത്താനാണ് ഉദ്ദേശിക്കുന്നത്. നോൺ പ്ലാൻ പദ്ധതികളിലെ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പ്രവൃത്തി നടത്താനാണ് ആലോചിക്കുന്നത്. ജെ.ജെ.എം. പ്രവൃത്തി പൂർത്തിയാക്കാത്തതുമൂലം റോഡുപണികൾ ആരംഭിക്കാൻ കഴിയാത്ത വിഷയത്തിൽ പ്രത്യേകമായി ഇടപെടാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(7) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ, എം.എൽ.എ.യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ</u>

ദേശീയപാത 66 വികസനത്തിന്റെ ഭാഗമായി കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ പനാത്ത്താഴം ചേവരമ്പലം ജങ്ഷനിൽ CWRDM റോഡുമായി ബന്ധപ്പെട്ട വിഷയത്തിൽ ദേശീയപാത അതോറിറ്റിയുമായി സംസാരിച്ചിരുന്നു. നിലവിലുള്ള എഗ്രിമെന്റ് പ്രകാരം മലാപ്പറമ്പ് ഭാഗത്ത് വെഹിക്കുലാർ ഓവർ പാസും (VOP) തൊണ്ടയാട് ഭാഗത്ത് ഫ്ലൈഓവറും നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ഇവ CWRDM റോഡ് ദേശീയപാതയുമായി സന്ധിക്കുന്ന സ്ഥലത്തുനിന്നും യഥാക്രമം 1.48 കിലോമീറ്ററും 1.255 കിലോമീറ്ററും അകലത്തിലാണ്. സർവീസ് റോഡുകളെ ഉപയോഗപ്പെടുത്തി ഏറ്റവും അടുത്ത ഗ്രേഡ് സെപ്പറേറ്ററിലൂടെ ദേശീയപാത മുറിച്ചുകടക്കാൻ കഴിയുമെന്ന നിർദേശമാണ് ദേശീയപാത അതോറിറ്റി നൽകുന്നത്. എന്നാൽ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഒന്നുകൂടി ദേശീയപാത അതോറിറ്റിയുമായി സംസാരിക്കാം.

(8) ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടി

മലയോര ഹൈവേയിൽ ഉൾപ്പെടുന്ന പെരിങ്ങമ്മല-വിതുര (കൊപ്പം) റോഡിന്റെ നിർമ്മാണത്തിന് 45.25 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും 47.98 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. വാമനപുരം നിയോജകമണ്ഡലത്തിൽ 7.45 കി.മീറ്ററും അരുവിക്കര നിയോജകമണ്ഡലത്തിൽ 2 കി.മീറ്റർ സ്ട്രെച്ചുമാണ് വികസിപ്പിക്കുന്നത്. 12 മീറ്റർ വീതിയിൽ ഡിസൈൻഡ് റോഡായി വികസിപ്പിക്കുകയാണ് ഈ പദ്ധതിയിലൂടെ ചെയ്യുന്നത്. നിലവിൽ 8 കി.മീറ്റർ DBM അടക്കം 70 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 2022-ൽ പൂർത്തിയാക്കേണ്ട പദ്ധതിയായിരുന്നുവെങ്കിലും സൗജന്യമായി ഭൂമി വിട്ടുകിട്ടലും കോടതി വ്യവഹാരവും പദ്ധതിയുടെ പൂർത്തീകരണത്തിനെ ബാധിച്ചിട്ടുണ്ട്. നിലവിൽ പദ്ധതി വേഗത്തിൽ പൂർത്തിയാക്കുന്നതിന് വകുപ്പ് ആവശ്യമായ ഇടപെടലുകൾ നടത്തുകയാണ്. 2024 ഡിസംബർ 31-നകം പ്രവൃത്തി പൂർത്തീകരിക്കണമെന്നാണ് കരാറുകാരന് നൽകിയ അന്ത്യശാസനം. ഈ കാലയളവിൽ പദ്ധതി പൂർത്തീകരിച്ചില്ലെങ്കിൽ കർശന നടപടി കരാർ കമ്പനിക്കെതിരെ കൈക്കൊള്ളും. മലയോരഹൈവേയുടെ

അലൈൻമെന്റിലുൾപ്പെട്ട തെന്നൂർ പാലത്തിന്റെ പുനർനിർമ്മാണത്തിന് 5.22 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ തുടരുകയാണ്. 11(1) നോട്ടിഫിക്കേഷനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(9) ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി നൽകിയ മറുപടി

വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതി രാജ്യത്ത് ഏറ്റവും മാതൃകാപരമായി നടന്നുവരുന്നത് കേരളത്തിലാണ്. ഇതര സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കർഷകർ ഉൽപാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംഭരിക്കുകയും മികച്ച വിലയായ 28 രൂപ 20 പൈസ കിലോഗ്രാമിന് നൽകുകയും ചെയ്യുന്നത് നമ്മുടെ സംസ്ഥാനത്താണ്. 2024-25 സീസണിലെ നെല്ല് സംഭരണം ആരംഭിക്കുന്നതിനുമുന്നോടിയായി 2024 ആഗസ്റ്റ് 25-ന് കർഷക രജിസ്ട്രേഷനായി സപ്ലൈകോ പാഡി പോർട്ടൽ (www.supplycopaddy.in) തുറന്നുനൽകിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് 68621 കർഷകർ 2024-25 സീസൺ നെല്ല് സംഭരണത്തിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുവരെ 42 മില്ലുടമകൾ നെല്ല് സംഭരണത്തിനായി സപ്ലൈകോയുമായി കരാറിൽ

ഏർപ്പെട്ടിട്ടുണ്ട്. നിലവിൽ കൊയ്ത്ത് ആരംഭിച്ച ആലപ്പുഴ, എറണാകുളം, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽനിന്ന് 2024 ആഗസ്റ്റ് 28 മുതൽ സംഭരണം തുടങ്ങിയിട്ടുമുണ്ട്. സംഭരിച്ച നെല്ല് സംസ്കരിച്ച് അരിയാക്കി റേഷൻകടകൾ മുഖേന വിതരണം ചെയ്തതിന്റെ കണക്ക് പ്രകാരമാണ് താങ്ങുവില ലഭിക്കാനുള്ള ക്ലെയിം കേന്ദ്രസർക്കാർ അനുവദിക്കുന്നത്. ഇതിന് 6 മുതൽ 8 മാസം വരെ സമയം എടുക്കാറുണ്ട്. ഈ കാലതാമസം ഒഴിവാക്കുന്നതിനാണ് സപ്ലൈകോയുമായി കരാറിലേർപ്പെട്ടിരിക്കുന്ന ബാങ്കുകൾ മുഖാന്തരം പി.ആർ.എസ്. വായ്പയായി നെല്ലിന്റെ വില കർഷകർക്ക് നൽകുന്ന സംവിധാനം ഒരുക്കിയിട്ടുള്ളത്. 2023-24 സംഭരണവർഷം വരെയുള്ള തുകകൾ പൂർണ്ണമായും ഇപ്രകാരം കർഷകർക്ക് നൽകിക്കഴിഞ്ഞിട്ടുണ്ട്.

പദ്ധതിയിൽ പങ്കെടുക്കുന്ന സംസ്ഥാനങ്ങളിലെ ഭക്ഷ്യ വകുപ്പ് സെക്രട്ടറിമാരുമായി 11-06-2021-ൽ കേന്ദ്ര ഭക്ഷ്യവകുപ്പ് സെക്രട്ടറി നടത്തിയ യോഗത്തിലെ തീരുമാനപ്രകാരം സ്റ്റേറ്റ് ഫുഡ് ഗ്രെയിൻ പ്രൊക്വയർമെന്റ് പോർട്ടലിലെ വിവരങ്ങളെല്ലാം സെൻട്രൽ ഫുഡ് ഗ്രെയിൻ പ്രൊക്വയർമെന്റ്

പോർട്ടലുമായി പങ്കുവച്ചുവരുന്നു. ഇപ്പോൾ ഈ പോർട്ടൽ പ്രധാനമന്ത്രിയുടെ ഓഫീസിലെ 'PRAYAS' പോർട്ടലുമായി സംയോജിപ്പിച്ചിരിക്കുന്നു. പദ്ധതിയുടെ ഓരോ ഘട്ടവും കേന്ദ്ര സർക്കാരിന് നേരിട്ട് നിരീക്ഷിക്കാൻ കഴിയുന്ന വിധത്തിലുള്ള സംവിധാനമാണ് ഇത്തരത്തിൽ ഒരുക്കിയിട്ടുള്ളത്. നെല്ല് സംസ്കരിക്കുന്ന മില്ലുകളുടെ വൈദ്യുതി ഉപയോഗം, മില്ലുകളിൽനിന്ന് അരി NFSA ഗോഡൗണുകളിലേക്കും അവിടെനിന്ന് റേഷൻകടകളിലേക്കും കൊണ്ടുപോകുന്ന വാഹനങ്ങളുടെ ട്രാക്കിംഗ് എന്നിവ കേന്ദ്ര നിബന്ധനപ്രകാരം നിലവിൽ നിരീക്ഷിക്കുന്നുണ്ട്. കർഷകന്റെ വിരലടയാളം പതിപ്പിച്ച് ആധാർ വെരിഫിക്കേഷൻ നടത്തണമെന്ന് കർശന നിർദേശവും കേന്ദ്രം നൽകിയിട്ടുണ്ട്. ഈ പ്രക്രിയയുടെ ഭാഗമായിട്ടാണ് സംഭരണ കേന്ദ്രങ്ങളിൽനിന്നും മില്ലുകളിലേക്ക് നെല്ല് കൊണ്ടുവരുന്ന പ്രവൃത്തിക്കൂടി ജിയോ ടാഗ് ചെയ്യുന്നതിനുള്ള കേന്ദ്രസർക്കാർ നിർദേശം. 2017-18 മുതൽ 2022-23 വരെ ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട 257.41 കോടി രൂപ ഈ പക്രിയ പൂർത്തിയാകാത്തതിനാൽ കേന്ദ്രം അനുവദിച്ചുനൽകിയിട്ടില്ല. എന്നാൽ കേരളത്തിൽ കേന്ദ്രം

നിഷ്കർഷിക്കുന്ന തരത്തിലുള്ള സംഭരണ കേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ പാടത്തിന്റെ അക്ഷാംശവും രേഖാംശവും രേഖപ്പെടുത്തിക്കൊണ്ടുമാത്രമേ ജിയോ ടാഗിംഗ് സാധ്യമാകുകയുള്ളൂ. ആ രീതിയിൽ ലോഡിംഗ് പോയിന്റ് രേഖപ്പെടുത്തിക്കൊണ്ടാണ് രജിസ്ട്രേഷൻ നടപടികൾ ഇപ്പോൾ നടന്നുവരുന്നത്. എന്നാൽ മുൻവർഷങ്ങളിലേതുപോലെതന്നെ നെല്ല് സംഭരിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. കർഷകർക്ക് ഇക്കാര്യത്തിൽ പ്രയാസങ്ങളൊന്നും ഉണ്ടാകുന്നതല്ല. ഈ സീസണിലെ സംഭരണവില നിശ്ചയിക്കുന്ന വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(10) ശ്രീ. ജി. സ്റ്റീഫൻ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

സംസ്ഥാനത്തെ റേഷൻവ്യാപാരികളുടെ വിവിധ ആവശ്യങ്ങൾക്ക് പരിഹാരം കാണുന്നതുമായി ബന്ധപ്പെട്ട് ഭക്ഷ്യ വകുപ്പുമന്ത്രിയെന്ന നിലയിൽ എന്റെ അധ്യക്ഷതയിൽ റേഷൻ വ്യാപാരി സംഘടനകളുമായി നിരവധി യോഗങ്ങൾ നടത്തിയിരുന്നു. പ്രസ്തുത യോഗതീരുമാനങ്ങളുടെ

അടിസ്ഥാനത്തിൽ, എൻ.എഫ്.എസ്.എ. നടപ്പിലാക്കിയ ശേഷമുള്ള റേഷൻവ്യാപാരികളുടെ സാമ്പത്തികവും നിയമപരവും ഭരണപരവുമായ പ്രശ്നങ്ങൾ പഠിക്കുന്നതിന് റേഷനിങ് കൺട്രോളർ, വിജിലൻസ് ഓഫീസർ, ലോ ഓഫീസർ എന്നിവരടങ്ങുന്ന മൂന്നംഗ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത മൂന്നംഗ സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർതലത്തിൽ പരിശോധിച്ചുവരികയാണ്. റേഷൻ വ്യാപാര മേഖലയിൽ നിലനിൽക്കുന്ന ചില പ്രധാന പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഈ സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. ഈ വിഷയങ്ങളിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വളരെ സംക്ഷിപ്തമായി ഇവിടെ അവതരിപ്പിക്കാം. 2018-ലാണ് അവസാനമായി റേഷൻ വ്യാപാരികളുടെ വേതന പരിഷ്കരണം നടത്തിയത്. ഒരു വർഷത്തിനകം വേതനം പരിഷ്കരിക്കാമെന്ന് സർക്കാർ വ്യാപാരികളെ അറിയിച്ചിട്ടുണ്ടായിരുന്നു. വ്യാപാരികളുടെ വേതനം കാലോചിതമായി പരിഷ്കരിക്കണമെന്നതന്നെയാണ് സർക്കാർ നിലപാട്. മൂന്നംഗ സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുമായി കൂടിയാലോചന നടത്തി വേതന പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

NFSA, Non-NFSA എന്നീ ഇനങ്ങളിലാണ് റേഷൻ വ്യാപാരികൾക്ക് പ്രതിമാസ കമ്മീഷൻ നൽകുന്നത്. Non-NFSA കമ്മീഷൻ പൂർണ്ണമായും സംസ്ഥാന സർക്കാരാണ് നൽകുന്നത്. എന്നാൽ NFSA കമ്മീഷനിൽ Central share, State share, Additional State share എന്നീ മൂന്ന് ഇനങ്ങളിലാണ് കമ്മീഷൻ അനുവദിക്കുന്നത്. ഇതിൽ Central share, State share, Non-NFSA (ബജറ്റ് വിഹിതം) എന്നിവ കൃത്യമായും താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് അനുവദിച്ചുനൽകാറുണ്ട്. എന്നാൽ NFSA കമ്മീഷനിൽ Additional State Share ഇനത്തിൽ അനുവദിച്ചുനൽകേണ്ടതായിട്ടുള്ള തുക കണക്കാക്കി (14.5 കോടി രൂപ) എല്ലാ മാസവും ധനകാര്യ വകുപ്പിൽനിന്നും അനുമതി വാങ്ങി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. അതിനുശേഷം സീലിംഗ് ലിമിറ്റ് എൻഹാൻസ് ചെയ്യുന്നതിനായി സിവിൽ സപ്ലൈസ് കമ്മീഷണർ ധനകാര്യ വകുപ്പിന്റെ അനുമതിക്കായി ബില്ല് സമർപ്പിക്കും. ഇതിനുശേഷം ട്രഷറിയിലേക്ക് പണം ലഭിക്കുന്നതിനായി വെയ്സ് & മീൻസിന്റെ

ക്ലിയറൻസിന് ഫയൽ സമർപ്പിക്കുന്നു. തുടർന്ന് പ്രസ്തുത തുക PFMS (SNA) അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ച ശേഷം മാത്രമേ NFSA കമ്മീഷൻ പൂർണ്ണമായും വിതരണത്തിനായി അതത് താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് അനുവദിച്ചുനൽകാൻ കഴിയൂ. വ്യാപാരി കമ്മീഷനുമായി ബന്ധപ്പെട്ട് സ്ഥിരമായി ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുമായി ധനകാര്യ/ഭക്ഷ്യ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്.

കോവിഡ് കാലത്ത് ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്ത ഇനത്തിൽ കമ്മീഷൻ തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് ഏകദേശം 54-ഓളം കേസുകളിലാണ് ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രസ്താവന നടത്തിയിട്ടുള്ളത്. പ്രസ്തുത കേസുകളിൽ കക്ഷികൾ ആയിട്ടുള്ള 12683 റേഷൻ കടകൾക്കാണ് കോവിഡ് കാലത്ത് വിതരണം നടത്തിയ കിറ്റിന്റെ കമ്മീഷൻ ഇനത്തിൽ തുക അനുവദിക്കുന്നതിനായി വിധി പുറപ്പെടുവിച്ചിട്ടുള്ളത്. വിധി പകർപ്പ് ലഭ്യമായ 40-ഓളം കേസുകളിൽ കക്ഷികളായിട്ടുള്ള റേഷൻ വ്യാപാരികൾക്ക് അർഹമായ തുകയുടെ 50% തുക

നൽകുന്നതിനായി സർക്കാരിൽനിന്നും 17,22,43,000/- (പതിനേഴുലക്ഷത്തി ഇരുപത്തിരണ്ടായിരത്തി നാൽപ്പത്തിമൂവായിരം) രൂപ അനുവദിച്ചുകൊണ്ട് 07-09-2004-ൽ ഉത്തരവ് നൽകിയിരുന്നു. എന്നാൽ പ്രസ്തുത കേസുകൾ കൂടാതെ 2024 സെപ്റ്റംബർ മാസം വിധി പുറപ്പെടുവിച്ചതുൾപ്പെടെ ഏകദേശം 14 കേസുകളിൽ കക്ഷികളായിട്ടുള്ള റേഷൻ വ്യാപാരികൾക്കും കമ്മീഷൻ തുക അനുവദിച്ചുനൽകേണ്ടതായുണ്ട്. ഇതുമായി ബന്ധപ്പെട്ട നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുന്നു.

മുൻകാലങ്ങളിൽ റേഷൻ വ്യാപാരികൾക്ക് ഉത്സവബത്ത അനുവദിച്ചിരുന്നില്ല. എന്നാൽ 2022, 2023 വർഷങ്ങളിൽ കിറ്റുവിതരണത്തിന്റെ ഓണറേറിയം എന്ന രീതിയിലാണ് റേഷൻ വ്യാപാരികൾക്ക് 1,000/- രൂപ വീതം അനുവദിച്ചുനൽകിയത്. 2024 ഓണം പ്രമാണിച്ച് റേഷൻ വ്യാപാരിക്ക് 1,000/- രൂപ വീതം ഉത്സവബത്ത അനുവദിക്കുന്ന വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

1998-ലെ റേഷൻ വ്യാപാരി ക്ഷേമനിധി ആക്ട് കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള കരട് പ്രൊപ്പോസൽ തയ്യാറായിട്ടുണ്ട്. അതിന്മേൽ

റേഷൻ വ്യാപാരി സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തി, വരുന്ന സഭാ സമ്മേളനത്തിൽ ബിൽ അവതരിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കെ.ടി.പി.ഡി.എസ്. ഓർഡർ 2021 കാലോചിതമായി പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട കരട് തയ്യാറായിട്ടുണ്ട്. കരട് പ്രൊപ്പോസലിന്മേൽ റേഷൻ വ്യാപാരി സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തി ആവശ്യമായ ഭേദഗതി വരുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

കേന്ദ്ര സർക്കാർ പ്രതിവർഷം അനുവദിക്കുന്ന മണ്ണെണ്ണയുടെ അളവിൽ വലിയതോതിലുള്ള വെട്ടിക്കുറവ് വരുത്തുകയാണ്. മുൻകാലങ്ങളിൽ അനുവദിച്ചുനൽകിയിരുന്നതിൽനിന്നും പത്തിലൊന്ന് വിഹിതം മാത്രമേ ഇപ്പോൾ അനുവദിച്ചുനൽകുന്നുള്ളൂ. നഷ്ടം സഹിച്ച് മൊത്തവ്യാപാരികൾ കുറഞ്ഞ അളവിൽ മണ്ണെണ്ണ വിട്ടെടുക്കാൻ തയ്യാറാകുന്നില്ല. അതുപോലെതന്നെ ഹോൾസെയിൽ ഡീലറിൽനിന്നും കുറഞ്ഞ അളവിൽ മണ്ണെണ്ണ വിട്ടെടുക്കാൻ റേഷൻകട ലൈസൻസികളും തയ്യാറാകുന്നില്ല. ഇതാണ് ഈ രംഗത്തെ പ്രതിസന്ധിക്ക് കാരണമായത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ഒരു വർഷം സംസ്ഥാനത്തിന് മണ്ണെണ്ണ ഒരു

പ്രാവശ്യമായി അനുവദിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര മന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. റേഷൻ വ്യാപാരികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ മുന്തിയ പരിഗണനയാണ് നൽകുന്നത്. തുടർന്നും ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

****